

Panchakarma

S. Parameswaran
Aramanoor

6/10

ക്ഷണനായ ശ്രീ വിഷ്ണുഭഗവാന്റെ പ്രത്യക്ഷസാന്നിദ്ധ്യമുള്ള ഒരു പു
ണ്യക്ഷേത്രമായിരുന്നു. ആ മംഗലപുരഗ്രാമത്തിൽ ഗർഗ്ഗവംശജനായി
"ശങ്കരകവി" എന്നൊരു പുണ്യപുരുഷൻ അവതരിച്ചു. ആ ശങ്കരക
വിക്ക് നാലു വേദവും സ്വാധീനമായിരുന്നതുകൊണ്ടും അന്യശാസ്ത്ര
വൈദഗ്ദ്ധ്യംകൊണ്ടും "ചതുർവ്വൈദ്യപൻ" എന്ന ബിരുദനാമം തത്ര
ത്യരായ ദ്വിജവര്യരാൽ പ്രദാനംചെയ്യപ്പെട്ടു. അദ്ദേഹം ഒടുവിൽ
സന്യാസാശ്രമം സ്വീകരിക്കയാണുചെയ്തതു്. ആ ശങ്കരകവിക്ക്
"മഹാസുഖൻ" എന്നൊരു പുത്രൻ ജനിച്ചിട്ടുണ്ടായിരുന്നു. ആ മഹാ
സുഖൻ ആയുർവേദശാസ്ത്രങ്ങളിൽ പ്രസിദ്ധവിദ്വാനും, ശുദ്ധചിത്ത
നും, കീർത്തിമാനും, ശിവഭക്തനും ആയിരുന്നു. അദ്ദേഹം പല വൈ
ദ്യഗ്രന്ഥങ്ങളും സ്വോപജ്ഞമായി നിർമ്മിച്ചിട്ടും ഉണ്ട്. ആ മഹാസു
ഖമഹാകവിയുടെ പുത്രനാണ് ചികിത്സാക്രമകല്പവല്ലിയുടെ നിർമ്മാ
താവായ കാശീനാഥൻ. വേദങ്ങളും വൈദ്യശാസ്ത്രങ്ങളും അദ്ദേഹം
സ്വപിതാവായ മഹാസുഖാചാര്യരിൽനിന്നാണ് പഠിച്ചിട്ടുള്ളതു്.
കാശീനാഥൻ ശിവഭക്തനും ഗുരുവിൽ വളരെ ഭക്തിബദ്ധമാനാലി
കൾ ഉള്ളയാളും ആയിരുന്നു എന്ന് അദ്ദേഹത്തിന്റെ ഈ കൃതിയിൽ
എല്ലാ സ്തബകങ്ങളുടെയും ആദിയിലും അവസാനത്തിലും ശിവവന്ദ
നവും ഗുരുവന്ദനവും പ്രയോഗിച്ചുകാണുന്നതുകൊണ്ടുതന്നെ സ്പഷ്ടമാ
കുന്നുണ്ട്. കാശിനാഥന്റെ ജീവിതകാലം എന്നാണെന്നുള്ളതിനെ
പ്പററി പ്രസ്തുത ഗ്രന്ഥത്തിൽനിന്നും ഒരു ലക്ഷ്യവും കണ്ടുകിട്ടാഞ്ഞതി
നാൽ അതിനെപ്പററി തൽക്കാലം ഒന്നും ഇവിടെ വിസ്തരിക്കുന്നില്ല.

പ്രകൃതഗ്രന്ഥവിചാരം.

ഇനിയും അദ്ദേഹത്തിന്റെ കൃതിയായ ചികിത്സാക്രമകല്പവല്ലി
യേയും ഇതര വൈദ്യഗ്രന്ഥങ്ങളേയും പററിയുള്ള താരതമ്യവിവേച
നമാണ് ചെയ്യേണ്ടതു്. ബാഹടാദികൾ ശസ്ത്രക്രിയ വസ്തിവിധി
മുതലായതും സകലരോഗങ്ങളുടെ നിദാനങ്ങൾ പറഞ്ഞുകഴിഞ്ഞതിനു
ശേഷം ചികിത്സയും ഈ ക്രമത്തിലാണ് സ്വഗ്രന്ഥങ്ങൾ നിർമ്മിച്ചി
ട്ടുള്ളതു്. ഭാവമിശ്രനും യോഗരത്നാകരത്താവും ബാഹടാദികളുടെ ക്രമത്തെ
വിട്ടു ഒരു രോഗത്തിന്റെ നിദാനം പറഞ്ഞുകഴിഞ്ഞാൽ ആ രോഗ
ത്തിന്റെ ചികിത്സയും അടുത്തുകാണിച്ച് നിദാനചികിത്സകളെ ഖ
ണ്ഡകലത്തിയാണ് പറഞ്ഞിരിക്കുന്നതു്. ഭൈഷജ്യരത്നാവലി, ചക്രദ
ത്തം മുതലായ ഗ്രന്ഥങ്ങൾ യോഗങ്ങളെമാത്രം കാണിക്കുന്നവയാണ്.
കാശിനാഥനാകട്ടെ മാധവനിദാനത്തിൽപോലും അദൃഷ്ടചരങ്ങളാ
യ രോഗലക്ഷണങ്ങൾകൂടി പ്രസ്തുതഗ്രന്ഥത്തിൽ കാണിച്ചിട്ടുണ്ട്. കാ

ശിനാഥൻ രോഗലക്ഷണങ്ങളും ചികിത്സകളും മാത്രം പ്രധാനമായി ഗണിച്ച് അവയെ ഭാവമിശ്രന്റെ രീതിയിൽ ലക്ഷണങ്ങളും ചികി ത്സകളും, നസ്യം മറെന്നം ഘൃതം തൈലംമുതലായവയും ഉടകലത്തി പ്രയോഗിച്ചിരിക്കയാണ്. സുശ്രുതം, ചരകം, ഭാവപ്രകാശം ഇവയും സ്വപിതാവിനാൽ നിമ്മിതങ്ങളായ വൈദ്യഗ്രന്ഥങ്ങളും പരിശോ ധിച്ച് അതിൽ ദൃഷ്ടഫലങ്ങളും പ്രയുക്തപ്രചാരങ്ങളും ആയ സകല യോഗരത്നങ്ങളേയും സംഗ്രഹിച്ച് ഏകമുക്താഹാരമായി നിമ്മിച്ചാ ണ് കാശിനാഥൻ സ്വകൃതിയായ ഈ ചികിത്സാക്രമകല്പവല്ലിയെ അ ലങ്കരിച്ചിട്ടുള്ളത്.

ഇനിയും നമുക്ക കാശിനാഥന്റെ കവിതാരീതിയെപ്പററിയും അല്പം ചിന്തിക്കാം. യോഗരത്നാകരം, ഭൈഷജ്യരത്നാവലി, ഭാവപ്ര കാശം, ചക്രദത്തം ഇവയിൽ ലക്ഷണശ്ലോകങ്ങളും യോഗങ്ങളും മററു ഗ്രന്ഥങ്ങളിൽനിന്ന് എടുത്ത് സ്വകൃതിയാക്കാതെ ആ രീതിയിൽ തന്നെയാണ് ചേത്തിരിക്കുന്നത്. കാശിനാഥൻ മററു ഗ്രന്ഥങ്ങളി ലെ ലക്ഷണങ്ങളും യോഗങ്ങളും എടുത്തു സ്വതന്ത്രകവിതയാക്കി നി മ്മിച്ചാണ് പ്രസ്തുത ഗ്രന്ഥത്തിൽ ചേത്തിട്ടുള്ളത്. അതിനായി ഒരു ഉദാഹരണംമാത്രം എടുത്തുകാണിക്കാം. വൈദ്യലക്ഷണത്തെപ്പററി യോഗരത്നാകരത്തിൽ—

ദക്ഷസ്തീർത്ഥാത്തശാസ്ത്രാർത്ഥോ ദൃഷ്ടകർമ്മാ ശുചിർഭിഷക്.

എന്ന ബാഹടാചാര്യകൃതമായ പദ്യത്തെത്തന്നെയാണ് ഉദാഹരിച്ചി രിക്കുന്നത്. കാശിനാഥൻ വൈദ്യലക്ഷണത്തെപ്പററി—

സമാധീതശാസ്ത്രഃ ശുചിഃ കർമ്മദക്ഷഃ
കുലീനോ ദയാലുഃ സുപീയൂഷപാണിഃ
പരസ്ത്രീങ്ഗിതജ്ഞഃ സ്പൃഹാലോഭൈർവിഹീനഃ
സ വൈദ്യോ വരിഷ്ഠഃ സുധീഭിഃ പ്രബോധ്യഃ.

എന്ന സ്വതന്ത്രകവിതയിൽതന്നെയാണ് നിമ്മിച്ചിരിക്കുന്നത്. കാ ശിനാഥന്റെ പ്രയോഗങ്ങളെപ്പററി നോക്കുന്നപക്ഷം പല സ്ഥല ങ്ങളിലും അദ്ദേഹം വ്യാകരണത്തെ ഗണിച്ചാണ് പ്രയോഗിച്ചിരിക്കു ന്നത്. നകാരാന്തമായ ശബ്ദത്തെ അകാരാന്തമാക്കിയും നകാരാ ന്തത്തിന് സമാസത്തിൽ ദീർഘം വരുത്തിയും വ്യഞ്ജനാന്തത്തിന് ഉപ സർഗ്ഗനിയമമില്ലാതെയും ബഹുശഃ എന്നുള്ളതുപോലെ "മുനിശഃ" എന്നും ഇങ്ങനെ നിരർഗ്ഗളമായി പ്രയോഗങ്ങളും പ്രയോഗിച്ചു

ദംഭാദ്രവൈർഭാവ്യ ച സംപ്ലവാരം
പുനഃപുനശ്ചൂർണ്യ തതസ്തു ഭക്ഷതഃ.

ഇവിടെ "ഭാവ്യ" എന്നും "ചൂർണ്യ" എന്നും ഉള്ള ല്യബന്തങ്ങൾക്ക ഉപസർഗ്ഗം ചേത്തുകാണുന്നില്ല. പല പ്രയോഗങ്ങളും വ്യാകരണ വിരുദ്ധങ്ങളായിട്ടുണ്ടെങ്കിലും ഇതും ഒരു ശാസ്ത്രമാകയാൽ അവയ്ക്കു ദോഷമില്ല എന്ന് ഒരുവിധം സമാധാനപ്പെടാം.

വ്യാഖ്യാനനിരൂപണം.

ഇനിയും പറയാനുള്ളത് ഈ ഗ്രന്ഥത്തിന്റെ ഭാഷാവ്യാഖ്യാന ത്തെപ്പററിയാണ്. ഈ ചികിത്സാക്രമകല്പവല്ലിക്ക് ഒരു വ്യാഖ്യാനം സംസ്കൃതത്തിലും വിശേഷിച്ചു ഭാഷയിലും ഇതുവരെ ഞാൻ കണ്ടി ട്ടില്ല. ഇതിന്റെ ഈ ഭാഷാവ്യാഖ്യാനം എഴുതിയത് ഏററുമ്മാനൂർ മി-കൃഷ്ണ നാശാനാണ്. ആശാൻ നാലഞ്ചു കൊല്ലംമുമ്പെ ഈ ഗ്രന്ഥത്തിന് ഒരു വ്യാഖ്യാനം എഴുതി വിദ്യാഭിവർദ്ധിനി പ്രെസ്സുടമസ്ഥനായ എം. മുത്തുസ്വാമിറെഡ്യാരവർകളുടെ കൈവശം ഏല്പിച്ചു. അതിനുശേഷം ഈ പുസ്തകത്തിന്റെ വ്യാഖ്യാനം അച്ചടിക്കാൻ ആരംഭിച്ചതു കഴി ഞ്ഞയാണ്ട അദ്യമാണ്. അന്ന് അവിടുത്തെ ഗ്രന്ഥപരിശോധകർ ആ യിരുന്നത് കാവുങ്ങൽ മി-നീലകണ്ഠപ്പിള്ളയായിരുന്നു. അദ്ദേഹം ഈ വ്യാഖ്യാനം പരിശോധിച്ചപ്പോൾ വ്യാഖ്യാനത്തിൽ ഉപേക്ഷ കൊണ്ടോ മറേറാ പലഭാഗവും തെററിപ്പോയിട്ടുണ്ട് എന്നു അഭിപ്രാ യപ്പെടുകയാൽ മി-മുത്തുസ്വാമിറെഡ്യാർ ഈ വ്യാഖ്യാനം പരിശോ ധിക്കുന്നതിനായി എന്നെ ഏല്പിച്ചു. ഞാൻ ആശാ ന്റെ കയ്യെഴുത്തുപ്രതിയും വാങ്ങിക്കൊണ്ടുപോയി പരിശോധനയും ആരംഭിച്ചു. എന്നാൽ ഇടയ്ക്കിടെ വല്ല അർത്ഥവ്യത്യാസവും പ്രമാദ ത്താൽ വന്നുപോയിട്ടുള്ളതുമാത്രം തിരുത്തിയാൽ മതി എന്നുദ്ദേശിച്ചാ ണ് ഞാൻ ഇക്കാര്യം ഏററത്. വ്യാഖ്യാനവും മൂലഗ്രന്ഥ വും ആയി പരിശോധിച്ചുനോക്കിയപ്പോൾ അർത്ഥവ്യത്യാസം വ ന്നിട്ടുള്ളതുകൂടാതെ പലഭാഗങ്ങൾ വിട്ടും ഗ്രന്ഥാന്തരങ്ങളിൽ നി ന്ന് പലതും ചേത്തും ഇരിക്കുന്നതായിട്ടാണ് കണ്ടത്. അതുകൊ ണ്ട് ആശാൻ എഴുതിയ വ്യാഖ്യാനത്തിൽ മൂലത്തിൽ നിന്നും വ്യത്യസ്ത ങ്ങളായ ഭാഗങ്ങൾ എല്ലാം പരിത്യജിച്ച് പരിശോധിച്ചു കൊടുക്കുക യാണ് ചെയ്തിട്ടുള്ളത്. അതിനുശേഷം ഞാൻ പരിശോധിച്ച ഭാഗം തന്നെയും എന്റെ സ്നേഹിതനായ മി-കാവുങ്ങൽ നീലകണ്ഠപ്പിള്ള യും ഞാനുംകൂടി വീണ്ടും പരിശോധിച്ചുമാണ് അച്ചടിച്ചിട്ടുള്ളത്,

ഗ്രന്ഥവിസ്താരംനിമിത്തം ഈ ഗ്രന്ഥത്തെ രണ്ടുഭാഗമാക്കി വ്യാഖ്യാനി
ച്ചാണ് അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതു്. എന്റെ വ്യാഖ്യാനത്തിൽ
തന്നെയും ചില്ലാ സ്ഖലിതങ്ങൾ വന്നിട്ടുണ്ടെന്ന് എനിക്കുതന്നെ
ബോദ്ധ്യമുണ്ട്. അതിനുള്ള പ്രധാന കാരണം ശുദ്ധമായ മൂലഗ്രന്ഥ
ത്തിന്റെ ദൌർല്ലഭ്യവും അപ്രസിദ്ധങ്ങളായ ചില ശബ്ദങ്ങളുടെ കാഠി
ന്യവും ആണ്. ഇതിന്റെ മൂലം കാശിയിൽ അച്ചടിച്ചതും വള
രെ ജീർണ്ണിച്ചതും അപഭ്രംശബഹുളവും ആയ നാഗരലിപിയിലുള്ള ഒ
രു പഴയ പുസ്തകമല്ലാതെ മറ്റൊരു ഗ്രന്ഥവും കിട്ടിയിട്ടില്ല. എന്നാ
ലും എന്നാൽകഴിയുന്നത്ര തെറ്റുകൾ ഞാൻ തീർത്തിട്ടുമുണ്ട്. ഇനിയും
ഇതിൽ വന്നിട്ടുള്ള പ്രമാദങ്ങളെ സജ്ജനങ്ങൾ ക്ഷമിക്കണമെന്നു
പ്രാർത്ഥിച്ചും ഈവിധമുള്ള പഴയ ഗ്രന്ഥങ്ങളെ മലയാളഭാഷയിൽ
വ്യാഖ്യാനിപ്പിച്ച് അച്ചടിക്കണമെന്നു സന്മനസ്സു തോന്നിയ ശ്രീമാൻ
മുത്തുസ്വാമിറെഡ്യാരവർകളോട് എനിക്കുള്ള നന്ദിയെ പ്രദർശിപ്പി
ച്ചും ഈ ലഘുവായ മുഖവുരയെ ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

എന്ന്, പരിശോധകൻ, ചേപ്പാട്ട് അച്യുതവാര്യർ. 2—22—107.

വിഷയാനുക്രമണിക.

വിഷയം.	വശം.
പ്രഥമസ്തബകം.	
വൈദ്യലക്ഷണം	1
സദ്വാതങ്കനിദാനം	2
യുക്തായുക്താഹാരപാനകഥനം	ടി
വാതാദിദോഷപരീക്ഷ	ടി
പിത്തപ്രധാനലക്ഷണം	3
കഫപ്രധാനലക്ഷണം	ടി
ചികിത്സാരംഭം	4
വാതപിത്തകഫാദികളിൽ ദൃഷ്ടഫലങ്ങളായ കഷായങ്ങൾ	5
ഗുളൂച്യാദികഷായം	6
പഞ്ചഭദ്രകഷായം	ടി
ക്ഷുദ്രാമൃതാദികഷായം	ടി
ഉദീച്യാദികഷായം	7
വൃശ്ചീരയാദി	ടി
കിരാതാമൃതാദികഷായം	ടി
ദ്രാക്ഷാപപ്പടകാദി	8
ദുരാലഭാദി	ടി
സുദർശനചൂർണ്ണം	10
നിരൂഹം	12
വസ്തി	13
ഉദ്വർത്തനം	ടി
ധൂപവിധി	ടി
ദീപവിധി	ടി
ജ്വരസ്ഥലാഘുലാക്ഷാദിതൈലം	14
മഹാലാക്ഷാദിതൈലം	ടി
ഷട്തക്രതൈലം	16
വാശാദിഘൃതം	ടി
നസ്യം	17
നവജ്വരാരിരസം	ടി
ജ്വരധൂമകേതുരസം	18
മഹാജ്വരാങ്കുശരസം	ടി
രസപ്പട്ടി	19
ആഹാരസാധനങ്ങൾ	22
ജ്വരപത്ഥ്യങ്ങൾ	ടി
മന്ത്രൌഷധിബന്ധനങ്ങൾ	
ജ്വരയന്ത്രം	24
ദ്വിതീയസ്തബകം.	
സന്നിപാതനാമലക്ഷണങ്ങൾ	26
ചിത്തഭ്രമലക്ഷണചികിത്സകൾ	29

വിഷയം.	വശം.
ശീതാങ്ഗലക്ഷണചികിത്സകൾ	30
താന്ത്രികലക്ഷണചികിത്സകൾ	31
അഞ്ജനം	32
കണ്ഠകലക്ഷണചികിത്സകൾ	34
ലേപനനസ്യങ്ങൾ	35
ഭഗ്നനേത്രലക്ഷണചികിത്സകൾ	36
രക്തഷ്ഠീവലക്ഷണം	37
രക്തഷ്ഠീവചികിത്സ	38
പ്രലാപലക്ഷണം	ടി
പ്രലാപചികിത്സ	39
ജിഹ്വകലക്ഷണചികിത്സകൾ	ടി
ധൂപാഭിന്യാസലക്ഷണം	40
നസ്യാഞ്ജനങ്ങൾ	41
സഞ്ജീവനീഗുളിക	43
ആനന്ദഭൈരവവടി	44
രസം	ടി
മറ്റൊരുരസം	45
ഉദ്ധൂളനവാലുകാസ്വേദങ്ങൾ	46
സന്നിപാതപരമാവധി	ടി
ജ്വരസാദ്ധ്യാസാദ്ധ്യങ്ങൾ	48
തൃതീയസ്തബകം.	
വിഷമജ്വരവുംസന്തതജ്വരവും	49
ഏകാഹികതാർത്തീയകചാതുർത്ഥികജ്വരങ്ങൾ	50
ജ്വരോപദ്രവങ്ങൾ	53
സന്തതജ്വരംഐകാഹികം ത്ര്യാഹികം ഇവയുടെചികിത്സ	55
ചാതുർത്ഥികജ്വരചികിത്സ	56
ജ്വരാരിരസം	57
മഹാജ്വരാരിരസം	58
രാമബാണം	ടി
ഭൂതാഭിഷംഗജ്വരചികിത്സ	ടി
ധൂപാഞ്ജനങ്ങൾ	59
യന്ത്രധാരണവിധി	ടി
മാഹേശ്വരധൂപം	61
വിഷമജ്വരത്തിനുസിദ്ധവിദ്യ	ടി
ശീതാദിജ്വരം	ടി
ദാഹാദിജ്വരം	62
ദാഹാദിജ്വരശമനലേപം	64
ദാഹജ്വരത്തിൽ ഉപദേശം	65

വിഷയം.	വശം.
ജീൎണ്ണജ്വരശമനത്തിന്	ടി
താലീസാദിപൊടി	66
രസരക്തമാംസധാതുഗത ജ്വരലക്ഷണം	67
മേദോഗതജ്വരലക്ഷണം	68
ശുക്ലധാതുഗതജ്വരലക്ഷണം	ടി
രസാദിധാതുഗതജ്വരചികിത്സ	ടി
സിതോപലാദ്യചൂൎണ്ണം	69
ബ്രഹ്മാസ്ത്രരസം	ടി
ജ്വരചികിത്സ	71
ജ്വരജമായ അരുചിയും ഛൎദ്ദിയും	ടി
ജ്വരജമായശ്വാസകാസങ്ങൾക്ക്	ടി
സൎവ്വാംഗസന്താപത്തിന്	72
തൃഡ്ദാഹചികിത്സ	ടി
ഛൎദ്ദിക്ക്	ടി
ജ്വരാതിസാരത്തിന്	73
ജ്വരത്തിലെ തൃഷ്ണദാഹത്തിന്	ടി
ജ്വരശോധനത്തിന്	74
ജ്വരത്തിൽ പാൽകൊടുക്കേണ്ടുന്നവിധി	75
ആഗന്തുകജ്വരനിദാനങ്ങൾ	ടി
ശ്രമജ്വരചികിത്സ	76
ശാപകാമക്രോധചികിത്സ	ടി
ജ്വരംവിട്ടാലുള്ള ലക്ഷണങ്ങൾ	ടി
ജ്വരത്തിന്റെ അസാദ്ധ്യത്വം	77
ചതുൎത്ഥസ്ഥാനകം.	
അതിസാരസാമാന്യലക്ഷണം	78
വാതജാതിസാരലക്ഷണചികിത്സകൾ	ടി
അതിസാരത്തിന് അനുപാനം	79
പിത്താതിസാരലക്ഷണചികിത്സകൾ	ടി
കഫാതിസാരലക്ഷണചികിത്സകൾ	80
പിത്തകഫാതിസാരലക്ഷണ ചികിത്സകൾ	81
സന്നിപാതാതിസാരലക്ഷണ ചികിത്സകൾ	ടി
അതിസാരസാമാന്യചികിത്സ	82
കഞ്ചടാദി	ടി
കുടജാദി	ടി
ഇന്ദ്രയവാദി ചൂൎണ്ണം	83
രക്താതിസാരലക്ഷണചികിത്സകൾ	ടി
രക്താതിസാരത്തിലെ ഉപദ്രവം	84
അന്നാതിസാരലക്ഷണചികിത്സകൾ	ടി
ഛൎദ്ദ്യതിസാരനിദാനം	ടി
ഛൎദ്ദ്യതിസാരചികിത്സ	85
തൃഷ്ണാതിസാരലക്ഷണചികിത്സകൾ	ടി
ശോഫാതിസാരലക്ഷണം	ടി

വിഷയം.	വശം.
ശോഫാതിസാരചികിത്സ	86
മലക്ഷയജാതിസാരം	ടി
ക്രിമിജാതിസാരലക്ഷണചികിത്സ	ടി
ജ്വരാതിസാരത്തിന്	87
അതിസാരോപദ്രവങ്ങൾ	ടി
ഗുദപാകചികിത്സ	ടി
ഗുദഭ്രംശത്തിന്	88
ഗുദപീഡയ്ക്ക്	ടി
പത്ഥ്യക്രമം	ടി
അതിസാരത്തിന്റെ അസാദ്ധ്യത്വം	89
ഗ്രഹണീനിദാനലക്ഷണങ്ങൾ	ടി
ഗ്രഹണീചികിത്സ	90
പത്ഥ്യാഹാരം	ടി
വാതാദിഗ്രഹണീലക്ഷണം	91
വാതാദിഗ്രഹണീചികിത്സ	92
വാതപിത്തഗ്രഹണീചികിത്സ	93
സന്നിപാതഗ്രഹണീചികിത്സ	ടി
ശതാവൎയ്യാദിഘൃതം	94
ജാതീഫലാദിചൂൎണ്ണം	ടി
ഗ്രഹണീകവാടരസം	95
ചപലഗ്രഹണീലക്ഷണചികിത്സ	96
സംഗ്രഹഗ്രഹണീലക്ഷണം	97
തച്ചികിത്സ	98
ഗ്രഹണ്യുപദ്രവങ്ങൾ	ടി
അൎശസ്സാമാന്യലക്ഷണം	99
വാതപിത്താൎശോനിദാനങ്ങൾ	ടി
കഫാൎശോനിദാനം	100
അൎശശ്ചികിത്സ	ടി
[illegible]ാദിചൂൎണ്ണം	101
ഏലാദിചൂൎണ്ണം	ടി
ലഘുസൂരണമോദകം	102
ബൃഹത്സൂരണമോദകം	103
[illegible]	104
[illegible]	ടി
പലാശക്ഷാരഘൃതം	105
തൈലധൂപാദികൾ	106
അൎശസ്സിനു തൈലം	ടി
രക്താൎശോലക്ഷണവും ചികിത്സയും	107
അൎശസ്സിനു ധൂപലേപങ്ങൾ	108
[illegible]	ടി
പത്ഥ്യാപത്ഥ്യങ്ങൾ	109
അൎശസ്സിന്റെ സാദ്ധ്യാസാദ്ധ്യങ്ങൾ	ടി
പഞ്ചമസ്ഥാനകം.	
മന്ദാഗ്നിനിദാനം	111
മന്ദാഗ്നിചികിത്സ	112

വിഷയം.	വശം.
അജമോദാദിചൂൎണ്ണം	ടി
വല്യഹിംഗ്വാദിചൂൎണ്ണം	ടി
തൃഷണാചൂൎണ്ണം	113
അത്യഗ്നിലക്ഷണചികിത്സകൾ	ടി
വിഷമാഗ്നിലക്ഷണചികിത്സകൾ	114
ഭസ്മാഗ്നിലക്ഷണം	ടി
ഭസ്മാഗ്നിചികിത്സ	115
വിദാൎയ്യാദിഘൃതം	116
അജീൎണ്ണലക്ഷണചികിത്സകൾ	ടി
അഗ്നിമുഖചൂൎണ്ണം	117
പത്ഥ്യം	ടി
രാജശേഖരവടി	ടി
രാക്ഷസരസം	118
ശംഖവടി	ടി
അജീൎണ്ണാരി	119
ശംഖദ്രാവം	120
മഹാശംഖദ്രാവകം	121
ആമാജീൎണ്ണലക്ഷണചികിത്സകൾ	123
കസ്തുംബുര്വ്വാദികഷായം	124
വിദഗ്ദ്ധാജീൎണ്ണലക്ഷണചികിത്സകൾ	ടി
വിഷ്ടബ്ധാജീൎണ്ണലക്ഷണം	ടി
വിഷ്ടബ്ധാജീൎണ്ണചികിത്സ	ടി
രസശേഷാജീൎണ്ണലക്ഷണചികിത്സകൾ	ടി
[illegible]ാജീൎണ്ണലക്ഷണചികിത്സകൾ	125
പ്രാക്‌വാസരാജീൎണ്ണലക്ഷണ ചികിത്സകൾ	126
വിഷമാജീൎണ്ണലക്ഷണം	ടി
തച്ചികിത്സ	127
അമൃതഹരീതകി	ടി
വാതാജീൎണ്ണലക്ഷണചികിത്സകൾ	128
പിത്താജീൎണ്ണലക്ഷണചികിത്സകൾ.	ടി
കഫാജീൎണ്ണലക്ഷണചികിത്സകൾ	129
വിഷൂചികാദിലക്ഷണം	ടി
വിഷൂചികോപദ്രവങ്ങൾ	130
അലസകം വിളംബിക ഇവയുടെ ലക്ഷണം	ടി
ഖല്ലീലക്ഷണം	131
ഉൽക്ലേശലക്ഷണം	ടി
വിഷൂചികാദികളുടെ ചികിത്സ	ടി
അജീൎണ്ണകണ്ടകരസം	132
വിഷൂചികയ്ക്കു അഞ്ജനം	ടി
അലസകചികിത്സ	ടി
ഫലത്രയാദി ഉദ്വൎത്തനം	ടി

വിഷയം.	വശം.
ദണ്ഡാലസകചികിത്സ	133
വിളംബിചികിത്സ	ടി
ഖല്ലീചികിത്സ	134
ശുദ്ധവിഷൂചികാചികിത്സ	ടി
ഉൽക്ലേശചികിത്സ	135
ഉദരലേപനം	ടി
വിഷൂചികോപദ്രവങ്ങൾ	ടി
അസാദ്ധ്യലക്ഷണം	ടി
വിഷൂചികാദികൾ ശമിച്ചാലുള്ള ലക്ഷണം	136
അജീൎണ്ണപ്രതിവിധികൾ	ടി
വേസവാരം	138
ഷഷ്ഠസ്ഥാനകം.	
ക്രിമിനിദാനം	142
പൂൎവ്വരൂപം	ടി
സാമാന്യരൂപം	ടി
പത്ഥ്യം	ടി
ക്രിമിചികിത്സ	ടി
വിളംഗകഷായം	ടി
നിംബാദിചൂൎണ്ണം	143
കീടമൎദ്ദരസം	ടി
ബാഹ്യക്രിമികൾ	ടി
ലിക്ഷാപ്രതിവിധി	144
ഈരുകളെ അകറ്റുന്നതിന്	145
എലിയെ അകറ്റുന്നതിന്	ടി
സൎപ്പം, തേൾ, എറുമ്പ് ഇവയെ അകറ്റുന്നതിന്	146
ശരീരത്തിലുള്ള ക്രിമികൾ	147
ക്രിമിചികിത്സ	148
രക്തജക്രിമിലക്ഷണചികിത്സകൾ	ടി
പുരീഷജക്രിമികൾ	ടി
ക്രിമിനാമങ്ങൾ	149
ക്രിമിചികിത്സ പിപ്പല്ല്യാദിചൂൎണ്ണം	ടി
സ്നായുകക്രിമികളും തച്ചികിത്സയും	150
കിഞ്ചുകക്രിമിലക്ഷണം	151
തച്ചികിത്സ	ടി
സൂചീമുഖക്രിമികൾ	ടി
തച്ചികിത്സ	152
സുരസാദി	ടി
ധാന്യാ[illegible]ക്രിമികൾ	ടി
തച്ചികിത്സ	ടി
നിംബപത്രാദിപാനം	153
ക്രിമ്യുപദ്രവചികിത്സകൾ	ടി
അസാദ്ധ്യക്രിമികൾ	154

വിഷയം.	വശം.
ക്രമികൾ നശിച്ചാലുള്ള ലക്ഷണം	ടി
സപ്തമസ്തബകം.	
പാണ്ഡുരോഗഭേദങ്ങൾ	155
പാണ്ഡുരോഗപൂർവ്വരൂപം	ടി
പാണ്ഡുനിദാനം	ടി
പാണ്ഡുപൂർവ്വരൂപനിദാനങ്ങൾ	ടി
പാണ്ഡുരോഗത്തിലെ പത്ഥ്യം	156
പാണ്ഡുചികിത്സ	ടി
പുനർന്നവവടി	157
വാതപിത്തജപാണ്ഡുവിന്ന്	158
ലോഹഗർഭരസം	ടി
കാമേശ്വരരസം	159
കാലവിദ്ധ്വംസനരസം	160
മണ്ണുതിന്നുന്നതിനാൽ ഉണ്ടാകുന്ന പാണ്ഡുവിന്റെ ലക്ഷണം	161
തച്ചികിത്സ വിലാദിഘൃതം	162
ആഗന്തുകപാണ്ഡുലക്ഷണചികിത്സകൾ	ടി
വിഷജപാണ്ഡുലക്ഷണചികിത്സ	[illegible]
ആമലക്യാദിലേഹ്യം	
പാണ്ഡുവിന്റെ ഉപദ്രവങ്ങൾ	[illegible]
ഉപദ്രവചികിത്സ	ടി
പാണ്ഡുവിന്റെ അസാദ്ധ്യത്വം	165
പാണ്ഡുരോഗവിമുക്തലക്ഷണം	ടി
കാമിലാനിദാനം	166
കാമിലാപൂർവ്വരൂപം	ടി
കാമിലാപൂർണ്ണരൂപം	ടി
കാമിലയിലെ പത്ഥ്യം	ടി
കാമിലാചികിത്സ	167
ആമലകാരിഷ്ടം	ടി
കുംഭകാമിലാസമ്പ്രാപ്തി	168
കോഷ്ഠകാമിലാലക്ഷണം	169
കോഷ്ഠകാമിലാചികിത്സ	ടി
മലകാമിലാലക്ഷണം	ടി
മലകാമിലാചികിത്സ	170
ഹലീമകലക്ഷണചികിത്സകൾ	ടി
പാനകീലക്ഷണചികിത്സ	171
ത്രിദോഷോത്ഥകാമിലാലക്ഷണം	172
ത്രിദോഷോത്ഥകാമിലാചികിത്സ	ടി
കാമിലോപദ്രവങ്ങൾ	173
കാമിലമാറിയാലുള്ള ലക്ഷണം	ടി
അഷ്ടമസ്തബകം.	
രക്തപിത്തനിദാനം	174
രക്തപിത്തപൂർവ്വരൂപം	175
രക്തപിത്തരൂപം	ടി
രക്തപിത്തോപദ്രവങ്ങൾ	176

വിഷയം.	വശം
രക്തപിത്തചികിത്സ	177
രക്തപിത്തത്തിലെ പത്ഥ്യങ്ങൾ	178
[illegible]ാദ്യംചൂർണ്ണം	ടി
വാശാപ്രയോഗം	179
വേറൊന്ന്	ടി
ഏലാവടി	180
വമനത്തിന്	181
[illegible]	ടി
മറ്റുയോഗങ്ങൾ	ടി
ദൂർവ്വാദിഘൃതം	182
വാശാഘൃതം	ടി
ലഘുശതാവരീഘൃതം	183
ബൃഹച്ഛതാവരീഘൃതം	ടി
ഖണ്ഡശാദ്യാവലേഹം	184
ഖണ്ഡകൂഷ്മാണ്ഡാവലേഹം	185
വേറൊരുഖണ്ഡകൂഷ്മാണ്ഡം	187
[illegible]ാവലേഹം	ടി
രക്തപിത്തഖണ്ഡനരസം	188
നവമസ്തബകം.	
ഗുല്മനിദാനം	190
ഗുല്മാവിന്റെപൂർവ്വരൂപം	ടി
ഗുല്മാവിലെസ്വരൂപങ്ങൾ	191
ഗുല്മാവിന്റെഅസാദ്ധ്യലക്ഷണങ്ങൾ	192
ഗുല്മാവിൽ ശീലിക്കേണ്ടവ	ടി
[illegible]ഗുല്മചികിത്സ	193
ജാതീഫലാദ്യംചൂർണ്ണം	ടി
ബൃഹല്ലവങ്ഗാദ്യംചൂർണ്ണം	194
താലീസാദ്യംചൂർണ്ണം	195
[illegible]ാദ്യംചൂർണ്ണം	196
[illegible]ലേപം	ടി
ദ്രാക്ഷാസവം	197
ശിവാഗുഡിക	198
വസന്തകുസുമാകരരസം	200
അമൃതേശ്വരരസം	202
മൃഗാങ്കരസം	ടി
ഹേമഗർഭപോട്ടലീരസം	203
ശംഖനാഭിരസം	ടി
രത്നഗർഭപോട്ടലീരസം	204
കാസശ്വാസോപദ്രവങ്ങൾ	205
ഉപദ്രവചികിത്സ	206
ദശമസ്തബകം.	
ഉരഃക്ഷതകാരണം	209
ഉരഃക്ഷതലക്ഷണം	210
ഉരഃക്ഷതപൂർണ്ണലക്ഷണം	ടി

വിഷയം.	വശം
ഉരഃക്ഷതചികിത്സ	211
ഏലാദിവടി	212
യഷ്ടീനാഗബലാദ്യംഘൃതം	213
മൃദ്വീകാദ്യംഘൃതം	ടി
രസരാജൻ	214
ഉരഃക്ഷതത്തിൽ ആചരിക്കേണ്ടത്	ടി
ഏകാദശസ്തബകം.	
കാസനിദാനം	215
കാസരോഗത്തിൽശീലിക്കേണ്ടവ	216
കണ്ടകാരികഷായം	ടി
കണ്ടകാരിചൂർണ്ണം	217
ക്ഷുദ്രാദികഷായം	ടി
ഭൂനിംബാദികഷായം	ടി
ലവംഗാദ്യംചൂർണ്ണം	ടി
മരിചാദിവടി	ടി
കനട്യാദിലേഹം	218
ഹരീതകീമോദകം	ടി
വാതജകാസലക്ഷണം	ടി
പാരിജാതാവലേഹം	219
പിത്തകാസലക്ഷണം	ടി
പിത്തകാസചികിത്സ	220
ബലാദികഷായം	
ശതാദിപഞ്ചമൂലകഷായം	ടി
ഘൃതം	ടി
കഫകാസലക്ഷണം	221
നവാംഗയൂഷം	222
വാതപിത്തജകാസലക്ഷണം	ടി
കഫവാതജകാസം	ടി
കഫവാതജകാസചികിത്സ	223
പിത്തകഫജകാസം	ടി
ത്രിദോഷജകാസം	ടി
കണ്ടകാര്യവലേഹം	224
കാസകർത്തരീവടിക	225
ദ്വാദശസ്തബകം.	
ഹിക്കാ (ഇക്കിൾ) നിദാനം	226
ഹിക്കയുടെ പൂർണ്ണലക്ഷണം	227
അന്നജയമളാലക്ഷണം	ടി
ക്ഷുദ്രാലക്ഷണം	228
ഗംഭീരാലക്ഷണം	ടി
മഹതീലക്ഷണം	ടി
ഹിക്കയുടെ അസാദ്ധ്യത്വം	229
ഹിക്കാചികിത്സ	ടി
നസ്യത്രയം	230
വേറെമൂന്നു നസ്യം	ടി
ശ്വാസചികിത്സ	232

വിഷയം.	വശം.
ശ്വാസഭേദങ്ങൾ	ടി
ശ്വാസപൂർവ്വരൂപം	ടി
ശ്വാസങ്ങളുടെ ലക്ഷണങ്ങൾ	ടി
മഹാശ്വാസലക്ഷണം	ടി
ഊർദ്ധ്വശ്വാസലക്ഷണം	233
ഛിന്നശ്വാസലക്ഷണം	ടി
തമകശ്വാസലക്ഷണം	234
പ്രതമകലക്ഷണം	235
ക്ഷുദ്രശ്വാസലക്ഷണം	ടി
ശ്വാസങ്ങളുടെ സാദ്ധ്യാസാദ്ധ്യങ്ങൾ	236
ശ്വാസങ്ങളുടെഉൽപത്തി	ടി
ശ്വാസചികിത്സ	ടി
കലത്ഥാദികഷായം	ടി
ദശമൂലാദികഷായം	237
ദേവദാർവ്വാദികഷായം	ടി
ഭാർങ്ഗ്യാദിചൂർണ്ണം	238
ശ്വാസകുഠാരരസം	ടി
സ്വരഭേദനിദാനം	239
വാതപിത്തജസ്വരഭേദലക്ഷണം	240
കഫസന്നിപാതജസ്വരഭേദം	ടി
ക്ഷയമേദോജസ്വരഭേദം	ടി
സ്വരഭേദത്തിന്റെ അസാദ്ധ്യത്വം	ടി
വാതജസ്വരഭേദചികിത്സ	241
പിത്തജസ്വരഭേദചികിത്സ	ടി
കഫജസ്വരഭേദചികിത്സ	242
ത്രിദോഷജസ്വരഭേദചികിത്സ	ടി
വേറൊരുയോഗം	ടി
ക്ഷയമേദോജസ്വരഭേദചികിത്സ	243
സാമാന്യചികിത്സ	ടി
ഗോരക്ഷനാഥവടി	243
ത്രയോദശസ്തബകം.	
അരോചകനിദാനം	244
അരോചകലക്ഷണം	245
അരോചകോപശമം	ടി
അരോചകചികിത്സ	ടി
ശിഖരിണി	246
ദാഡിമീചൂർണ്ണം	ടി
മുഖധാവനം	247
വാതജാരോചകലക്ഷണം	ടി
വാതജാരോചകചികിത്സ	248
കഫാരോചകം	ടി
വാതപിത്തജാരോചകം	249
കഫവാതജാരോചകം	ടി
പിത്തകഫജാരോചകം	250
സന്നിപാതജാരോചകം	251

വിഷയം.	വശം.
വേറൊരുയോഗം	252
ഭക്ഷ്യദോഷണം	ടി
അസാദ്ധ്യമായ ഭക്ഷ്യദോഷണം	ടി
ചതുർദ്ദശസ്തബകം.	
ഛർദ്ദിനിദാനം	253
ഛർദ്ദിയുടെ പൂർവ്വരൂപം	254
വാതജച്ഛർദ്ദി	ടി
പിത്തകഫജച്ഛർദ്ദി	255
സന്നിപാതജച്ഛർദ്ദി	256
ഛർദ്ദിയുടെ അസാദ്ധ്യലക്ഷണം	ടി
ആഗന്തുജച്ഛർദ്ദി	257
കൃമിജച്ഛർദ്ദിയുടെ വിശേഷലക്ഷണം	ടി
സാദ്ധ്യാസാദ്ധ്യലക്ഷണം	ടി
ഛർദ്ദിയുടെ ഉപദ്രവങ്ങൾ	258
വാതജച്ഛർദ്ദിചികിത്സ	ടി
വേറൊരുചികിത്സ	ടി
പിത്തജച്ഛർദ്ദിചികിത്സ	259
മുദ്ഗകഷായം	260
പപ്പടകപാഠം	ടി
കഫജച്ഛർദ്ദിചികിത്സ	261
ത്രിദോഷജച്ഛർദ്ദിചികിത്സ	ടി
ധാത്രീഫലാദിപാനകം	ടി
വേറൊരുപാനകം	262
ഏലാദിചൂർണ്ണം	ടി
സാമാന്യച്ഛർദ്ദിചികിത്സ	263
പഞ്ചദശസ്തബകം.	
തൃഷ്ണാനിദാനം	264
തൃഷ്ണാപൂർവ്വരൂപം	265
വാതപിത്തജതൃഷ്ണാലക്ഷണം	ടി
കഫം ക്ഷതം ക്ഷയം ഇവയാൽ ഉണ്ടാകുന്ന തൃഷ്ണാ	ടി
ക്ഷയജതൃഷ്ണാലക്ഷണം	266
ആമജതൃഷ്ണാലക്ഷണം	ടി
ഭക്തജതൃഷ്ണാലക്ഷണം	ടി
തൃഷ്ണയുടെ അസാദ്ധ്യലക്ഷണം	267
തൃഷ്ണാചികിത്സ	ടി
പിത്തജതൃഷ്ണാചികിത്സ	268
കഫജതൃഷ്ണാചികിത്സ.	ടി
തൃഷ്ണാസാമാന്യചികിത്സ	269
വടഫലപ്രരോഹഗുഡിക	270
ക്ഷതോദ്ഭവാദിതൃഷ്ണാചികിത്സ	ടി
ആമജതൃഷ്ണാചികിത്സ	ടി
ഷോഡശസ്തബകം	
മൂർച്ഛാനിദാനം	272
മൂർച്ഛാലക്ഷണം	ടി

വിഷയം.	വശം.
മൂർച്ഛാപൂർവ്വരൂപം	273
വാതജമൂർച്ഛാ	ടി
പിത്തകഫസന്നിപാതജമൂർച്ഛാ	274
രക്തജമൂർച്ഛാ	275
മദ്യജമൂർച്ഛാ	ടി
വിഷജമൂർച്ഛാ	ടി
മൂർച്ഛാഭേദങ്ങൾ	ടി
സന്ന്യാസവും മൂർച്ഛയും തമ്മിലുള്ള ഭേദം	276
സന്ന്യാസലക്ഷണം	ടി
അസാദ്ധ്യലക്ഷണം	277
മൂർച്ഛാചികിത്സ	ടി
മൂർച്ഛയിലെ പഥ്യങ്ങൾ	ടി
പാനാത്യയാദിനിദാനം	279
പ്രഥമമദവും മദ്ധ്യമമദവും	ടി
തൃതീയമദാവസ്ഥ	280
ചതുർത്ഥമദാവസ്ഥ	ടി
മദ്യവികാരഹേതു	ടി
വാതമദാത്യയം	281
പിത്തമദാത്യയം	ടി
കഫമദാത്യയം	282
സന്നിപാതമദാത്യയം	ടി
പരമദം	ടി
പാനാജീർണ്ണം	ടി
പാനവിഭ്രമം	283
അസാദ്ധ്യലക്ഷണം	ടി
പാനാത്യയാദികളുടെ ചികിത്സ	ടി
മദ്യപാനമാത്ര	284
മദ്യപാനവിശേഷവിധി	285
വാതപാനാത്യയചികിത്സ	286
പിത്തപാനാത്യയചികിത്സ	ടി
കഫപാനാത്യയചികിത്സ	ടി
അഷ്ടാംഗലവണം	287
ത്രിദോഷജമദാത്യയചികിത്സ	ടി
മദകരങ്ങളായ മറ്റുവസ്തുക്കൾ ഭക്ഷിച്ചാലുണ്ടാകുന്ന മദചികിത്സ	289
മദ്യജദാഹനിദാനവും ചികിത്സയും	290
വാതജദാഹലക്ഷണം	ടി
പിത്തജദാഹലക്ഷണം	ടി
തൃഷ്ണതടുത്താലുണ്ടാകുന്ന ദാഹം	291
ദാഹങ്ങളുടെ ക്രമേണയുള്ള ചികിത്സ	ടി
തൃഷ്ണ തടുത്താലുണ്ടാകുന്ന ദാഹത്തിന്റെ ചികിത്സ	ടി
രക്തം ... കോപജമായ ദാഹത്തിന്റെ ചികിത്സ	ടി
ദാഹങ്ങളുടെ സാമാന്യചികിത്സ	292

വിഷയം.	വശം.
കശാദ്യതൈലഘൃതങ്ങൾ	293
ഉന്മാദാധികാരം	ടി
വാതോന്മാദലക്ഷണം	295
പിത്തോന്മാദലക്ഷണം	ടി
കഫോന്മാദലക്ഷണം	296
സന്നിപാതോന്മാദലക്ഷണം	ടി
ആഗന്തുകോന്മാദം	ടി
ഉന്മാദചികിത്സ	297
ആഗന്തുകോന്മാദചികിത്സ	298
സാമാന്യചികിത്സ	ടി
ജലകല്യാണഘൃതം	299
സുമനാദിഘൃതം	300
പൈശാചികഘൃതം	ടി
വേറൊരുനസ്യം	301
ധൂപം	302
വേറൊന്ന്	ടി
സാരസ്വതചൂർണ്ണം	ടി
നസ്യം	303
വാരുണി	304
വിവിധോന്മാദപ്രതീകാരം	ടി
അപസ്മാരപ്രാഗ്രൂപം	305
അപസ്മാരചികിത്സ	306
പ്രലേപം	ടി
നസ്യവും അഞ്ജനവും	ടി
വേറൊരുയോഗം	307
വാതാപസ്മാരലക്ഷണം	ടി
വാതാപസ്മാരചികിത്സ	ടി
പിത്താപസ്മാരലക്ഷണചികിത്സകൾ	308
കഫാപസ്മാരലക്ഷണചികിത്സ	ടി
സപ്തദശസ്തബകം.	
വാതരോഗനിദാനം	309
വാതവ്യാധിയുടെ പൂർവ്വരൂപം	310
വാതരൂപം	311
വാതരോഗത്തിൽ ശീലിക്കേണ്ടവ	ടി
വാതസാമാന്യചികിത്സ	ടി
മഹാനാരായണതൈലം	ടി
നാരായണതൈലം	317
മഹാമാഷതൈലം	318
ലഘുമാഷതൈലം	319
ബലാദ്യംതൈലം	320
ഭൃംഗരാജതൈലം	321
വിഷഗർഭതൈലം	322
പ്രസാരണീതൈലം	323
വിജയഭൈരവതൈലം	324
വാതഗജാങ്കുശരസം	ടി

വിഷയം.	വശം.
രസോനാഷ്ടകം	325
വാതരോഗസമ്പ്രാപ്തി	ടി
സിരാഗ്രഹം	ടി
ജൃംഭാ	ടി
ഹനുഗ്രഹം	326
ഹനുഗ്രഹത്തിനു ചികിത്സ	ടി
ജിഹ്വാസ്തംഭം	327
രാസ്നാദികഷായം	ടി
മൂകവാതം	328
മൂകതാചികിത്സ	329
സാരസ്വതഘൃതം	ടി
മിന്മിനാദികൾ	ടി
മിന്മിനചികിത്സ	ടി
കല്യാണകാവലേഹം	ടി
ഗദ്ഗദലക്ഷണം	330
ഗദ്ഗദചികിത്സ	ടി
സാരസ്വതഘൃതം	ടി
പ്രലാപലക്ഷണം	ടി
പ്രലാപചികിത്സ	331
രസാജ്ഞാനവായു	ടി
രസാജ്ഞാനചികിത്സ	ടി
[illegible] ലക്ഷണചികിത്സകൾ	332
വേറൊരുധൂപം	ടി
അർദ്ദിതവാതം	ടി
അർദ്ദിതചികിത്സ	333
വാതാർദ്ദിതലക്ഷണവും ചികിത്സയും	ടി
വേറൊരുയോഗം	334
പിത്താർദ്ദിതലക്ഷണവും ചികിത്സയും	ടി
കഫാർദ്ദിതലക്ഷണം	ടി
കഫാർദ്ദിതചികിത്സ	335
മന്യാസ്തംഭചികിത്സ	ടി
വേറൊന്ന്.	ടി
ബാഹുശോഷം	336
ബാഹുശോഷചികിത്സ	ടി
അപബാഹുകം	ടി
തച്ചികിത്സ	ടി
വിശ്വാചികിത്സ	337
വിശ്വാചികിത്സ	ടി
വേറൊരുയോഗം	ടി
ഊർദ്ധ്വവാതം	ടി
ഊർദ്ധ്വവാതചികിത്സ	338
ആദ്ധ്മാനം	ടി
ആദ്ധ്മാനചികിത്സ	ടി
പ്രത്യാദ്ധ്മാനം	339
പ്രത്യാദ്ധ്മാനചികിത്സ	ടി

വിഷയം.	വശം.	വിഷയം.	വശം.
മഹാനാരാചരസം	ടി	അപതാനകം	360
അഷ്ഠീല	340	പക്ഷവാതം	361
അഷ്ഠീലാചികിത്സ	341	തച്ചികിത്സ	ടി
പ്രത്യഷ്ഠീല	ടി	മാഷാദികഷായം	ടി
മൂത്രാവരോധചികിത്സ	ടി	മാഷതൈലം	362
മൂത്രനിഗ്രഹം	342	സർവാംഗവാതം	ടി
മൂത്രനിഗ്രഹചികിത്സ	ടി	തച്ചികിത്സ	ടി
ഗൃധ്രസി	ടി	പിത്തയുക്തപ്രാണവായു	363
ഗൃധ്രസിചികിത്സ	343	തച്ചികിത്സ	ടി
വേറൊരുയോഗം	ടി	കഫയുക്തപ്രാണവായു ലക്ഷണചികിത്സകൾ	ടി
പഞ്ചശൂലിവായു	344		
പഞ്ചശൂലിവായുചികിത്സ	ടി	വേറൊരുയോഗം	ടി
പഥ്യാഗുല്ഗുലു	ടി	പിത്തയുക്തഉദാനവായു	364
മുടന്തുവാതം	345	കഫയുക്തഅപാനവായു ലക്ഷണചികിത്സകൾ	ടി
കളായഖഞ്ജം	346		
കളായഖഞ്ജചികിത്സ	ടി	കഫയുക്തസമാനവായു	365
പംഗുവാതം	347	തച്ചികിത്സ	ടി
പംഗുവാതചികിത്സ	ടി	പിത്തയുക്തസമാനവായു	366
ക്രോഷ്ടുകശീർഷം	348	[illegible]	ടി
തച്ചികിത്സ	ടി	കഫയുക്തഉദാനവായു	ടി
മറ്റൊരുയോഗം	ടി	പിത്തയുക്തവ്യാനവായു	367
ഖല്ലീവാതം	ടി	തച്ചികിത്സ	ടി
വേറൊരുയോഗം	349	കല്യാണഘൃതം	ടി
വാതകണ്ടകം	ടി	കഫയുക്തവ്യാനവായു	368
തച്ചികിത്സ	ടി	തച്ചികിത്സ	ടി
പാദദാഹം	ടി	രസഗതവാതം	ടി
തച്ചികിത്സ	350	രസഗതവാതചികിത്സ	369
പാദഹർഷം	ടി	രക്തഗതവാതം	ടി
തച്ചികിത്സ	ടി	തച്ചികിത്സ	ടി
ആക്ഷേപകവാതം	[illegible]	വേറൊരുയോഗം	370
തച്ചികിത്സ	ടി	മാംസഗതവാതം	ടി
ദണ്ഡകാക്ഷേപം	351	തച്ചികിത്സ	ടി
ദണ്ഡകാപതാനകം	352	മേദോഗതവാതം	372
തച്ചികിത്സ	ടി	പ്രസാരിണീതൈലം	ടി
[illegible]		അസ്ഥിഗതവാതം	373
അന്തരായാമം	353	കേതകീതൈലം	ടി
തച്ചികിത്സ	354	മജ്ജാഗതവാതം	ടി
ബാഹ്യായാമം	355	സപ്തവിംശതിഗുല്ഗുലു	374
വിഷ്ണുതൈലം	ടി	ശുക്ലഗതവാതം	ടി
ധനുസ്തംഭം	356	മന്ത്രം	375
പ്രസാരിണീതൈലം	ടി	സിദ്ധാർത്ഥകതൈലം	ടി
കുബ്ജവാതം	357	കോഷ്ഠഗതവാതം	376
കുബ്ജവാതചികിത്സ	358	ആമാശയഗതവാതം	377
കുബ്ജപ്രസാരിണീതൈലം	ടി	തച്ചികിത്സ	ടി
അപതന്ത്രവായു	359	വേറൊരുയോഗം	ടി

വിഷയം.	വശം.	വിഷയം.	വശം.
പക്വാശയഗതവായു	378	ഖണ്ഡകൂശ്മാണ്ഡം	ടി
തച്ചികിത്സ	ടി	പടോലാദ്യംഘൃതം	394
ഗുദഗതവായു	ടി	ചതുസ്തുല്യകയോഗം	ടി
തച്ചികിത്സ	379	നാളികേരാദിപാകം	ടി
ശ്രോത്രാദിഗതവാതം	ടി	രസാമൃതരസം	395
സിരാഗതവാതം	380	ത്രിഫലാദിലേഹം	ടി
തച്ചികിത്സ	381	ലീലാവിലാസരസം	396
സന്ധിഗതവാതം	ടി	താമ്രപാകരസം	ടി
തച്ചികിത്സ	ടി	ഊർദ്ധ്വാമ്ലപിത്തം	397
ഝിംഝിണീവാതം	ടി	തച്ചികിത്സ	398
തച്ചികിത്സ	382	അധോഗാമ്ലപിത്തം	ടി
കർണ്ണഗതവാതം	ടി	തച്ചികിത്സ	ടി
തച്ചികിത്സ	ടി	രസഗതമായ അമ്ലപിത്തം	399
വൃഷണവാതം	ടി	തച്ചികിത്സ	ടി
ഊർദ്ധ്വവാതം	383	വേറൊരുയോഗം	ടി
തച്ചികിത്സ	ടി	തദ്ഗതമായ അമ്ലപിത്തം	400
സുപ്തവാതം	ടി	തച്ചികിത്സ	ടി
തച്ചികിത്സ	ടി	വേറൊരുയോഗം	ടി
അംഗസങ്കോചം	ടി	വ്യാമ്ലാമ്ലപിത്തം	ടി
ഗർഭശോഷം	384	തച്ചികിത്സ.	401
ഗ്രീവാസ്തംഭം	ടി	ഖണ്ഡപിപ്പലി	ടി
ശീതവാതം	ടി	ശുണ്ഠീഖണ്ഡം	ടി
തച്ചികിത്സ.	ടി	വാതാമ്ലപിത്തം	402
സ്പർശവാതം	385	തച്ചികിത്സ	ടി
രസവടി	386	കഫാമ്ലപിത്തം	403
മണ്ഡലവാതം	ടി	തച്ചികിത്സ	ടി
തച്ചികിത്സ	ടി	പിപ്പലീഘൃതം	ടി
അസ്പർശവാതം	ടി	സംസൃഷ്ടാമ്ലപിത്തം	ടി
ഏകാംഗവാതം	387	തച്ചികിത്സ	404
തച്ചികിത്സ	ടി	ശ്ലേഷ്മപിത്തജമായ അമ്ലപിത്തം	ടി
പപ്പടീഗുല്ഗുലു	388	തച്ചികിത്സ	ടി
വേറൊരുതൈലം	ടി	വിദഗ്ദ്ധാമ്ലപിത്തം	405
അർദ്ധാംഗവാതം	ടി	ആമാന്നാമ്ലപിത്തം	ടി
താമ്രച്ഛവീരസം	389	തച്ചികിത്സ	ടി
ഭഗ്നവാതം	ടി	കണ്ഠഗാമ്ലപിത്തം	ടി
കമ്പവാതം	390	കണ്ഠദാഹത്തെ ഉണ്ടാക്കുന്ന അമ്ലപിത്തത്തിനു ചികിത്സ	406
ഹൂകവാതം	ടി		
ഇതിനുമന്ത്രം	ടി	ഛർദ്ദിയെ ഉണ്ടാക്കുന്ന അമ്ലപിത്തത്തിനുചികിത്സ	ടി
വാതോപദ്രവങ്ങൾ	ടി		
വാതത്തിന്റെ അസാദ്ധ്യത്വം	391	ശീതപിത്തലക്ഷണം	ടി
വാതരോഗംവിട്ടുമാറിയാലുള്ളലക്ഷണം	ടി	തച്ചികിത്സ	407
അഷ്ടാദശസ്തബകം.		വേറൊരുയോഗം	ടി
അമ്ലപിത്തനിദാനം	392	ഉദർദ്ദലക്ഷണചികിത്സകൾ	ടി
പൂർവ്വരൂപം	393	രാസ്നാദശഗന്ധാദി	408
അമ്ലപിത്തചികിത്സ	ടി	കോഠലക്ഷണചികിത്സകൾ	ടി

വിഷയം.	വശം.	വിഷയം.	വശം.
ഉൽക്കോഠം	409	രക്തപിത്താധികവാതരക്തം	428
തച്ചികിത്സ	ടി	തച്ചികിത്സ	ടി
പിത്തപ്രകോപം	410	വേറൊരുയോഗം	ടി
പിത്താധിക്യലക്ഷണചികിത്സകൾ	ടി	വാതകഫാധികവാതരക്തലക്ഷണം	ടി
പിത്താന്തകരസം	411	തച്ചികിത്സ	429
ശ്ലേഷ്മപിത്തോപദ്രവങ്ങൾ	412	വേറൊരുയോഗം	ടി
അസാദ്ധ്യലക്ഷണം	ടി	വാതരക്താധികവാതരക്തലക്ഷണം	ടി
ഏകോനവിംശസ്തബകം		തച്ചികിത്സ	ടി
കഫപൂർവ്വരൂപം	413	[illegible]കലേപം	430
കഫരോഗലക്ഷണം	ടി	പിത്തകഫരക്താധിക്യ വാതരക്തലക്ഷണം	431
കഫരോഗത്തിൽ ശീലിക്കേണ്ടവ	414		
കഫരോഗചികിത്സ	ടി	തച്ചികിത്സ	ടി
യവാനീയോഗം	ടി	വേറൊരുയോഗം	432
വേറൊരുയോഗം	415	കഫരക്തവാതാധിക വാതരക്തലക്ഷണം	ടി
മറെറാരുയോഗം	ടി		
അന്യയോഗം	ടി	തച്ചികിത്സ	ടി
അപരയോഗം	416	ഗുഡൂച്യാദിതൈലം	433
മന്ദാനലഭൈരവരസം	ടി	രക്തവാതപിത്താധിക	
കഫസംപ്രാപ്തി	417	വാതരക്തലക്ഷണം	ടി
പീനസം	ടി	തച്ചികിത്സ	434
വേറൊരുയോഗം	ടി	വേറൊരുയോഗം	ടി
പീനസോപദ്രവങ്ങൾ	ടി	സർവ്വമായവാതരക്തം	ടി
കഫരോഗംവിട്ടാലുള്ളലക്ഷണം	418	ഉത്താനവാതരക്തലക്ഷണം	435
വിംശസ്തബകം		ശതാവരീഘൃതം	ടി
വാതരക്തനിദാനം	ടി	ഗംഭീരവാതരക്തം	ടി
വാതരക്തപൂർവ്വരൂപം	419	തച്ചികിത്സ	ടി
വാതരക്തലക്ഷണം	420	ശർക്കരാസമഗുളിക	ടി
വാതരക്തത്തിൽ ശീലിക്കേണ്ടവ	ടി	[illegible]വടി	436
പത്ഥ്യം	ടി	വിസർപ്പവാതരക്തം	437
വാതരക്തചികിത്സ	421	വിസർപ്പവാതരക്തചികിത്സ	438
ലേപനം	ടി	പിണ്ഡതൈലം	ടി
ഗുളൂചിയോഗം	423	വാതരക്തോപദ്രവങ്ങൾ	ടി
മഞ്ജിഷ്ഠാദികഷായം	ടി	അസാദ്ധ്യസാദ്ധ്യത്വം	439
വേറൊരുയോഗം	ടി	വാതരക്തംവിട്ടാലുള്ളലക്ഷണം	ടി
താലകേശ്വരം	424	ഏകവിംശസ്തബകം.	
വാതരക്തസമ്പ്രാപ്തി	425	ആമവാതനിദാനം	440
വാതാധികവാതരക്തം	ടി	ആമവാതത്തിന്റെപൂർവ്വരൂപം	441
വേറൊരുയോഗം	ടി	ആമവാതത്തിൽ ശീലിക്കേണ്ടവ	442
പിത്താധിക്യമുള്ള വാതരക്തം	425	ആമവാതചികിത്സ	ടി
തച്ചികിത്സ	ടി	വേറൊരുയോഗം	443
വേറൊരുയോഗം	426	മറെറാരുയോഗം	ടി
കഫാധികവാതരക്തലക്ഷണം	ടി	അന്യയോഗം	ടി
വേറൊരുയോഗം	427	രാസ്നാദികഷായം	ടി
രക്താധികവാതരക്തം	ടി	അജമോദാദിചൂർണ്ണവുംഗുളികയും	444
തച്ചികിത്സ	ടി	[illegible]	445

വിഷയം	വശം.	വിഷയം.	വശം.
വാതാധികമായ ആമവാതം	446	തച്ചികിത്സ	ടി
പിപ്പല്യാദ്യചൂർണ്ണം	ടി	പാർശ്വശൂലം	469
പിത്താധികമായ ആമവാതം	447	തച്ചികിത്സ	ടി
ശുണ്ഠ്യാദികഷായം	ടി	വസ്തിശൂലം	ടി
കഫാധികമായ ആമവാതം	ടി	ഭസ്മവാസിവടി	ടി
തച്ചികിത്സ	ടി	ആമശൂല	470
വാതകഫാധികമായ ആമവാതം	448	മറെറാരുചികിത്സ	ടി
അന്യയോഗം	ടി	ഷഡാസ്യരസം	ടി
പിത്തകഫാധികമായ ആമവാതം	ടി	സാമവാതശൂല	471
തച്ചികിത്സ	ടി	സാമപിത്തശൂല	472
അന്യയോഗം	449	തൈലം	ടി
സന്നിപാതജമായ ആമവാതം	ടി	കഫശൂല	ടി
തച്ചികിത്സ	450	സാമകഫപിത്തശൂലം	473
ആമവാതത്തിനുതൈലം	451	തച്ചികിത്സ.	ടി
കടിവ്യഥയ്ക്ക്	ടി	ആമവാതകഫശൂലചികിത്സ	474
ഊരുസ്തംഭം	ടി	അന്യയോഗം	ടി.
ഊരുസ്തംഭത്തിൽ പത്ഥ്യം	[illegible]	സാമപിത്തകഫശൂലചികിത്സ	ടി
ഊരുസ്തംഭചികിത്സ	453	സാമപിത്തവാതശൂലചികിത്സ	ടി
വേറൊരുയോഗം	ടി	മൂത്രശൂല	475
ആമവാതത്തിലെ ഉപദ്രവങ്ങൾ	454	വിട്ശൂല	476
ആമവാതം വിട്ടാലുള്ളലക്ഷണം	ടി	തച്ചികിത്സ	ടി
ദ്വാവിംശസ്തബകം.		സാമദോഷശൂല	ടി
ശൂലരോഗനിദാനം	455	അന്യയോഗം	477
ശൂലലക്ഷണം	456	പ്ലീഹശൂല	ടി
ശൂലരോഗചികിത്സ	457	ബീജപൂരാദ്യംഘൃതം	478
മൃത്തികാസ്വേദം	ടി	അരവാത് ശൂല	ടി
വേറൊന്ന്	ടി	തച്ചികിത്സ	ടി
മറെറാരുയോഗം	ടി	രക്തശൂല	479
മറെറാരുസ്വേദം	458	അന്യചികിത്സ	ടി
ശൂലാന്തകരസം	ടി	പരിണാമശൂലം	480
ശൂലഗജകേസരി	459	വാതികപരിണാമശൂലം	481
ബഡവാനലരസം	460	തച്ചികിത്സ	ടി
അഗ്നികുമാരരസം	461	ശംബൂകവടി	ടി
വാതശൂലലക്ഷണം	462	പൈത്തികപരിണാമശൂലലക്ഷണം	482
തച്ചികിത്സ	ടി	തച്ചികിത്സ	ടി
വാതശൂലാന്തകരസം	463	കഫപരിണാമശൂലം	483
പിത്തശൂലലക്ഷണം	ടി	അന്യയോഗം	ടി
പിത്തശൂലരോഗചികിത്സ	464	വാതപിത്തപരിണാമശൂലം	ടി
കഫശൂലലക്ഷണം.	465	തച്ചികിത്സ	484
വാതപിത്തജശൂലം	466	വാതകഫജപരിണാമശൂലം	ടി
വാതകഫജശൂലം	ടി	തച്ചികിത്സ	ടി
പിത്തകഫജശൂലം	467	അന്യയോഗം	ടി
വേറൊരുയോഗം	ടി	കഫപിത്തജമായപരിണാമശൂല	485
സന്നിപാതജശൂലം	ടി	വേറൊരുയോഗം	ടി
ഹൃദയശൂലം	468	സന്നിപാതജശൂലം	ടി

വിഷയം.	വശം.
ചതുസ്സമലോഹം	486
അന്യദ്രവജശൂലം	ടി
തച്ചികിത്സ	487
വേറൊരുയോഗം	ടി
ഗുഡമണ്ഡൂരം	488
ശൂലത്തിന്റെ അസാദ്ധ്യത്വം	489
ശൂലംവിട്ടാലുള്ള ലക്ഷണം	ടി
ത്രയോവിംശസ്തബകം	
ഉദാവർത്തനിദാനം	490
ഉദാവർത്തപൂർവ്വരൂപം	ടി
ഉദാവർത്തലക്ഷണം	491
ഉദാവർത്തത്തിൽ ശീലിക്കേണ്ടത്	ടി
ഉദാവർത്തചികിത്സ	ടി
നാരാചചൂർണ്ണം	492
ഗുഡാഷ്ടകചൂർണ്ണം	493
മൂലകാദിഘൃതം	ടി
അപാനനിരോധജമായ ഉദാവർത്തം	ടി
മലരോധജമായ ഉദാവർത്തം	494
തച്ചികിത്സ	495
ഫലവർത്തി	ടി
മൂത്രനിരോധജമായ ഉദാവർത്തം	ടി
തച്ചികിത്സ	ടി
ജൃംഭാനിരോധജ [illegible]	496
തച്ചികിത്സ	ടി
വേറൊരുയോഗം	ടി
അശ്രുനിരോധജമായ ഉദാവർത്തം	497
തച്ചികിത്സ	ടി
ത്രികടുവർത്തി	ടി
ഇക്കിൾതടുത്താലുണ്ടാകുന്ന ഉദാവർത്തം	ടി
തച്ചികിത്സ	498
ഏമ്പക്കംതടുത്താലുണ്ടാകുന്ന ഉദാവർത്തം	ടി
തച്ചികിത്സ	ടി
ഛർദ്ദിതടുത്താലുണ്ടാകുന്ന ഉദാവർത്തം	499
തച്ചികിത്സ	ടി
ശുക്ലംതടുത്താലുണ്ടാകുന്ന ഉദാവർത്തം	ടി
തച്ചികിത്സ	ടി
വേറൊന്ന്	500
വിശപ്പുതടുത്താലുണ്ടാകുന്ന ഉദാവർത്തം	ടി
തൃഷ്ണതടുത്താലുണ്ടാകുന്ന ഉദാവർത്തം	ടി
ശ്വാസം നിദ്ര ഇവ തടുത്താലും ശ്രമം [illegible] ഉണ്ടാകുന്ന	501
ഉദാവർത്തം	
ആനാഹനിദാനം	502
ആനാഹരോഗചികിത്സ	ടി
[illegible]	503

വിഷയം.	വശം.
മലം [illegible] ആനാഹം	ടി
ഉദാവർത്തത്തിലുണ്ടാകുന്ന ഉപദ്രവങ്ങൾ	504
അസാദ്ധ്യലക്ഷണം	ടി
ഉദാവർത്തം മാറിയാലുള്ള ലക്ഷണം	ടി
ചതുർവിംശസ്തബകം	
ഗുല്മനിദാനം	505
ഗുല്മപൂർവ്വരൂപം	506
ഗുല്മത്തിൽ പത്ഥ്യാപത്ഥ്യം	ടി
ഗുല്മചികിത്സ	507
[illegible] രസം	ടി
[illegible]	ടി
വചാദിചൂർണ്ണം	509
[illegible] ഘൃതം	ടി
[illegible]	ടി
[illegible]	510
[illegible]	511
[illegible]	512
[illegible] ഗുടിക	ടി
വാതഗുല്മസംപ്രാപ്തി	513
[illegible]	514
പിത്തഗുല്മം	515
[illegible] ലക്ഷണവും	ടി
തച്ചികിത്സ	ടി
[illegible] ഘൃതം	516
വാതപിത്തജഗുല്മം	ടി
തച്ചികിത്സ	ടി
വേറൊന്ന്	517
വാതകഫജഗുല്മം	ടി
മിശ്രകസ്നേഹം	518
ഹിംഗുവചാദി	519
പിത്തകഫജഗുല്മം	520
ത്രിദോഷഗുല്മം	[illegible]
തച്ചികിത്സ	[illegible]
[illegible]	52[illegible]
വജ്രക്ഷാരം	52[illegible]
ആർത്തവഗുല്മം	52[illegible]
ഗുല്മോപദ്രവങ്ങൾ	[illegible]
ഗുല്മത്തിന്റെ അസാദ്ധ്യത്വം	52[illegible]
ഗുല്മം വിട്ടാലുള്ള ലക്ഷണം	
പഞ്ചവിംശസ്തബകം	
ഹൃദ്രോഗനിദാനം	525
ഹൃദ്രോഗസമ്പ്രാപ്തി	[illegible]
ഹൃദ്രോഗത്തിൽ ശീലിക്കേണ്ടവ	[illegible]
ഹൃദ്രോഗചികിത്സ	[illegible]5

വിഷയം.	വശം.
യഷ്ട്യാദിഘൃതം	527
ദശമൂലാദികഷായം	ടി
വാതഹൃദ്രോഗസംപ്രാപ്തി	528
അന്യയോഗം	ടി
പിത്തഹൃദ്രോഗം	529
തച്ചികിത്സ	ടി
രസം	ടി
കഫഹൃദ്രോഗം	530
ഏഷയാണ്ണവരസം	ടി
വാതപിത്തജഹൃദ്രോഗം	531
അന്യയോഗം	ടി
വാതകഫജഹൃദ്രോഗം	ടി

വിഷയം.	വശം.
തൈലം	532
പിത്തകഫജഹൃദ്രോഗം	ടി
ത്രിദോഷജഹൃദ്രോഗം	ടി
ക്രിമിജഹൃദ്രോഗം	533
ഉരോഗ്രഹനിദാനം	534
അന്യയോഗം	ടി
ഹൃദ്രോഗോപദ്രവങ്ങൾ	535
ഹൃദ്രോഗത്തിന്റെ അസാദ്ധ്യത്വം	536
ഹൃദ്രോഗംവിട്ടുമാറിയാലുള്ള ലക്ഷണം	ടി

പൂർവ്വാർദ്ധത്തിന്റെ വിഷയാനുക്രമണിക

സമാപ്തം.

ശ്രീഗണേശായ നമഃ.

ചികിത്സാക്രമകല്പവല്ലി.

"മന്ദാരമകരന്ദാ"ഖ്യ വ്യാഖ്യാസഹിതം.

നത്വാ ഗണേശം ഗിരിജാസമേതം
ശംഭും ച ധന്വന്തരിമാദിവൈദ്യം
കുര്വേ ചികിത്സാക്രമകല്പവല്ലീം
താതോദിതം ശാസ്ത്രമഹം വിലോക്യ

പ്രണമ്യ [illegible]മാദിവൈദ്യം
കാശീശ വൈദ്യാഗമകോവിദസ്യ
തനോമി "മന്ദാരമകരന്ദാ"ഖ്യാം
വ്യാഖ്യാം ചികിത്സാക്രമകല്പവല്ല്യാഃ.

ശ്രീ ഗണപതിയേയും പാർവ്വതീപരമേശ്വരന്മാരേയും ആദിവൈദ്യനായ ധന്വന്തരിയേയും ഞാൻ നമസ്കരിച്ചിട്ട് വൈദ്യതത്വജ്ഞനായ എന്റെ പിതാവിങ്കൽനിന്നു ഗ്രഹിച്ചിട്ടുള്ള ഉപദേശം അനുസരിച്ചു ചികിത്സാക്രമകല്പവല്ലിയെന്ന വൈദ്യശാസ്ത്രത്തെ രചിക്കുന്നു.

വൈദ്യലക്ഷണം.

സമാധീതശാസ്ത്രശ്ശുചിഃ കർമ്മദക്ഷഃ
കുലീനോ ദയാലുഃ സുപീയൂഷപാണിഃ
പരസ്യേംഗിതജ്ഞഃ സ്പൃഹാദ്വേഷഹീനഃ
സവൈദ്യോ വരിഷ്ഠഃ സുധീഭിഃ പ്രബോധ്യഃ.

സൽസമ്പ്രദായാനുസാരം ശാസ്ത്രങ്ങളെ അഭ്യസിച്ചവനും വമനം വസ്തി മുതലായ സകല ക്രിയകളിലും പാണ്ഡിത്യം സമ്പാദിച്ചവനും ഉത്തമകുലത്തിൽ ജനിച്ചവനും അന്യന്മാരുടെ അന്തർഗ്ഗതങ്ങളെ അറിയുന്നവനും ധനാദികളിൽ അശേഷം മനസ്സുവയ്ക്കാത്തവനും ബുദ്ധിയെ യുക്തരൂപമായി പ്രയോഗിക്കുന്നവനും കൈപ്പുണ്യമുള്ളവനുമായ ഒരുവൻ ഉത്തമവൈദ്യനാകുന്നു.

സപ്താതങ്കനിദാനം.

ജലസ്യാതി [illegible]ശനാച്ച
ദിവാസ്വപ്ന [illegible] ഭോജ്യപ്രസംഗാൽ
പുരീഷസ്യ മൂത്രസ്യ വാ ധാരണാച്ച
ഭവന്ത്യേവ ഷഡ്ഭിർന്നിമിത്തൈശ്ചരോഗാഃ.

അധികമായി വെള്ളം കുടിക്കുക, രാത്രി ഉറക്കമൊഴിയുകയും പകലുറങ്ങുകയും ചെയ്യുക, മാത്രയെ അതിക്രമിച്ചുള്ള അന്നപാനം, പ്രവൃത്ത്യന്മുഖങ്ങളായ മലമൂത്രാദി പതിന്നാലു വേഗങ്ങളെ തടയുക, ഇവ ആറും രോഗങ്ങളെ ജനിപ്പിക്കുന്നതിനു ഹേതുക്കളായിത്തീരും.

[illegible]കഥനം.

ക്ഷുധാതുരോ [illegible] പിബേദ്വാ
തൃഷാതുരോ [illegible]കതിചാന്നം
ജലോദരം [illegible]
തൃഷാതുര[illegible] ഗുല്മരുഗ്ണം.

x അനന്തരം യുക്തങ്ങളായും അയുക്തങ്ങളായും ഉള്ള ആഹാരങ്ങളെപ്പററി പറയുന്നു. [illegible] ക്ലേശിക്കുമ്പോൾ വെള്ളം കുടിക്കുന്നതും തണ്ണീർ[illegible] ക്ലേശിക്കുമ്പോൾ അന്നം ഭക്ഷിക്കുന്നതും അയുക്തമാകുന്നു. [illegible]ള്ളപ്പോൾ വെള്ളം കുടിക്കുന്നതുനിമിത്തം ജലോദരവും തണ്ണീർ[illegible]ള്ളപ്പോൾ അന്നം ഭക്ഷിക്കുന്നതുനിമിത്തം [illegible] സംഭവിക്കും.

വാത[illegible]ദോഷപരീക്ഷ.

ശിർഷേമുഖേ നേത്രയുഗേ ച കണ്ണേ
ഭ്രൂജേകരേ ജാനുയുഗേ ച പീഡാ
[illegible]
പ്രസൂനവന്നേത്രയുഗേ ച വായുഃ.

ജ്വരം മുതലായ സകല രോഗങ്ങളും ഏതു ദോഷം പ്രധാനമായിട്ടുണ്ടായതാണെന്നു അറിവാനുള്ള ഉപായത്തെ പറയുന്നു. തല മുഖം കണ്ണ് ചെവി കൈ [illegible] കാൽമുട്ടുകൾ ഇവററിൽ വേദന, രാത്രി ഉറക്കമില്ലാതിരിക്കുക, പകൽ ഉറങ്ങുക, വിടർന്ന പൂക്കളെപ്പോലെ കണ്ണു

കൾ വികസിച്ചിരിക്കുക, ഇവ ഒക്കെയും വാതപ്രധാന രോഗലക്ഷണമാകുന്നു.

പിത്തപ്രധാനലക്ഷണം.

[illegible] മൂത്രവിഡ്ദോഹ [illegible]-
ണ്യധയടി[illegible]പീതതപ്തവക്ത്രേ കടുതാ
വിരുചി തപന തൃഷ്ണാ ദാഹമോഹപ്രലാപ
ഭ്രമമദ[illegible]ർമായുരോഗഃപരീക്ഷ്യഃ.

നഖങ്ങൾ കണ്ണുകൾ മുഖം (വായ്ക്കുള്ളിൽ) മൂത്രം മലം തൊലി ഇവ മഞ്ഞളിച്ചിരിക്കുക എരിവു രസം വായിലുണ്ടാക എന്നിലും രുചിയില്ലായ്ക, ചൂട്, തണ്ണീർദാഹം [illegible] മോഹാലസ്യം പിച്ചുപറയുക സംഭ്രമം മദം ഛർദ്ദി മുതലായവ പിത്തപ്രധാനരോഗത്തിന്റെ ലക്ഷണങ്ങളാകുന്നു.

കഫപ്രധാനലക്ഷണം.

അധര[illegible]നാസാ
ചുലുചുലായ[illegible] ശൈത്യം
[illegible] മൂത്ര
വിരസതാരുചിതാ ചവലാസ്വാൽ.

ചുണ്ട് കഴുത്ത് പല്ലുകൾ നാക്ക് മൂക്ക് ഇവററിൽ ചുലുചുലാ തരിപ്പുണ്ടാവുക വിളർത്തിരിക്കുക കണ്ണുകളിൽ മലം ഉറയുക, അപ്രകാരം തൊലിയിലും മൂത്രത്തിലും മലം [illegible]. [illegible]വററിലും വെറുപ്പ് അരുചി ഇവ കഫപ്രധാനരോഗത്തിന്റെ ലക്ഷണമാകുന്നു.

ലക്ഷ്യേയസ്മിൻ [illegible] ലക്ഷ്യതേസ്മ
[illegible] ദോഷൈർജ്ജായമാനം ത്രിഭിർവാ
ജ്ഞേയോ വ്യാധിർദ്വന്ദ്വജസ്സന്നിപാത-
സ്തൈസ്തൈസ്ത്വോഷൈർല്ലക്ഷണൈശ്ചികിത്സ്യഃ.

രോഗങ്ങൾ ആസകലം വാതാദികളായ ദോഷങ്ങളുടെ ഏററക്കുറവുകൾനിമിത്തം ഉണ്ടാകുന്നവയാണ്. ആ വാതാദികളുടെ പ്രാധാന്യത്തെ അറിയുന്നതിനുള്ള [illegible] ഇവിടെ പറഞ്ഞു. ആ ലക്ഷണങ്ങൾ ലക്ഷ്യമായ രോഗിയിൽ നിശ്ചയമായി കാണുന്നതാകുന്നു. രണ്ടു ദോഷങ്ങൾ പ്രധാനങ്ങളായിരുന്നാൽ രണ്ടിന്റെയും മൂന്നുദോഷങ്ങളും പ്രധാനങ്ങളായിരുന്നാൽ മൂന്നിന്റെയും ലക്ഷണങ്ങൾ രോഗികളിൽ ഉണ്ടായിരിക്കും. ലക്ഷണജ്ഞനായ വൈദ്യൻ അവ ഓരോന്നും പരിശോധിച്ചു ഈ രോഗം വാതജമെന്നോ വാതപിത്തജമെന്നോ കഫപിത്തജമെന്നോ കഫവാതജമെന്നോ വാതപിത്ത

കഫജ്വരമെന്നോ നിശ്ചയിച്ചു അതാതിന്ന് വിധിച്ചിട്ടുള്ള വിധികളെ അനുസരിച്ചു ചികിത്സിച്ചുകൊള്ളണം.

അഥ ചികിത്സാരംഭഃ.

അനന്തരം ചികിത്സയെ പറവാൻ ആരംഭിക്കുന്നു.

ജ്വരൈക്യാ[illegible]
സ്തം[illegible] ചികിത്സാം നയന്തി
അതഃപൂർവ്വമേവ പ്രതികാരമസ്യ
വദാമഃസപമന്ത്യാ[illegible]കിലയിൽ.

അശേഷരോഗങ്ങൾക്കും നാനാവിധദോഷങ്ങൾ പ്രധാനനിമിത്തങ്ങളായിരിക്കുന്നതുപോലെ ജ്വരവും നിമിത്തമാകുന്നു. ജ്വരംകൂടാതെ യാതൊരു രോഗങ്ങളും ശരീരപീഡാകരങ്ങളായിത്തീരുകയില്ല. അതുകൊണ്ടാണ് ഒന്നാമത് ജ്വരപ്രതികാരവിധാനത്തിനു പൂർവ്വാചാര്യന്മാർ മുഖ്യമിട്ടത്. അതുപോലെ ഞാനും അറിവിനെയും അനുഭവത്തെയും അനുസരിച്ചു ജ്വരചികിത്സയെ ഒന്നാമതു പറയുന്നു.

മൂഢഃ പ്രാർത്ഥനയാമഃ ഹന്ത ജനാനേവം
നസേവ്യംനസേവ്യംശാസ്ത്രേഷ്വദാനി
യഥാചൌഷധം മൂഢവൈദ്യപ്രദിഷ്ടം
ശ്രുതജ്ഞേബോധിതംവ സ്തുദാമാനനീയം.

മഹാജനങ്ങളെ! നിങ്ങളെല്ലാവരോടും പിന്നെയും പിന്നെയും എനിക്കൊരപേക്ഷയുണ്ട്. അതു് ഇത്രമാത്രമാകുന്നു. ത്രികാലജ്ഞന്മാരും അതീന്ദ്രിയന്മാരുമായ [illegible] മഹർഷിമാരാൽ എന്തെല്ലാം സംഗതികൾ നിഷിദ്ധങ്ങളാണെന്ന് ശ്രുതികൾ പുരാണങ്ങൾ തന്ത്രങ്ങൾ മുതലായ ഗ്രന്ഥങ്ങളിൽ വിധിച്ചുവോ എന്തെല്ലാം അനുഷ്ഠിക്കത്തക്കവയാണെന്നു വിധിച്ചുവോ ആ വിധികൾ ആസകലം സംശയലേശംകൂടാതെ അതതു [illegible] അനുഷ്ഠിക്കേണ്ടവയാണ്. ഏതു് ആപൽകാലത്തിങ്കലും മനസ്സുകൾക്കു ചിതറിക്കാൻ പാടില്ലാത്തവണ്ണം വികാരങ്ങൾ നേരിട്ടാലും എന്തെല്ലാം നിഷിദ്ധങ്ങളാണെന്നു വിധിച്ചുവോ അവ സകലവും വർജ്ജിച്ചിരിക്കേണ്ടതാണ്. പിന്നെ ഒന്നു് പറവാനുള്ളതു് വേണ്ടിടത്തോളം ശാസ്ത്രജ്ഞാനവും സമർത്ഥന്മാരായ വൈദ്യന്മാരുടെ സന്നിധാനത്തിൽനിന്ന് ക്രിയാപാടവവും സമ്പാദിക്കാത്ത ഒരു വൈദ്യൻ ഉപദേശിച്ചതായാലും ഔഷധം ഉത്തമമാണെന്നു നിങ്ങൾക്കു തോന്നിയാൽ അതിനെ കൈക്കൊള്ളണമെന്നുള്ളതാണ്.

ജ്വരാദിതോ ലംഘനമേവ കാര്യം
തന്മധ്യതഃ പാചനമേവ ദേയം
ജ്വരാന്തതോ രേചനമേവ ദേയ-
മിത്യാഹ ധന്വന്തരിരാദിവൈദ്യഃ.

ജ്വരത്തിന്റെ ആദിയിൽ ലംഘനവും മദ്ധ്യത്തിങ്കൽ പാചനൗഷധങ്ങളും ജ്വരാവസാനത്തിൽ വിരേചനവും വിഹിതമാകുന്നു എന്ന് ആദിവൈദ്യനായ ധന്വന്തരിഭഗവാൻ പറയുന്നു.

ജ്വരനാശകരന്നലംഘനാ-
ന്നതുവാതരോഗസ്യ [illegible]മർദ്ദനാൽ
നകഫസ്യ ഛർദ്ദനാൽപരം
നപിത്തരോഗസ്യ പരം വിരേചനാൽ.

ലംഘനത്തേക്കാൾ ശ്രേഷ്ഠതരമായ ചികിത്സ ജ്വരത്തിനു വേറെ ഇല്ല. മർദ്ദനത്തേക്കാൾ ശ്രേഷ്ഠമായ ചികിത്സ വാതത്തിന് വേറെ ഇല്ല. കഫപ്രധാനരോഗത്തിങ്കൽ ഛർദ്ദിപ്പിക്കുന്നതിനേക്കാൾ പ്രധാനമായ ചികിത്സ മറ്റൊന്നും തന്നെയില്ല. പിത്തത്തിനു വിരേചനത്തേക്കാൾ പ്രധാനമായ ചികിത്സ വേറെയില്ല.

അഥ സാമാന്യതഃ സർവ്വജ്വരപാചനം.

സുരതരുചരത്രാവിശ്വാപാഠാമ്ലീ
യുഗശൃതമേതൽപ്രാതഃപീതം
ജ്വരബലശാന്ത്യൈ പൂർവൈഃ പ്രോക്തം
ശമയതിസർവ്വംദ്വന്ദ്വോദ്രേകം.

ദേവതാരം കൊടുവേലി ചുക്കു ചെറുവഴുതിന വെൺവഴുതിന ഇവകൊണ്ടുള്ള കഷായം പ്രാതഃകാലത്തിൽ കുടിച്ചാൽ ജ്വരത്തിന്റെ ശക്തിയെ കുറയ്ക്കുന്നതിന് വിശേഷമാണെന്നു പൂർവ്വാചാര്യന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതു് കേവലം ജ്വരശമനത്തിനു മാത്രമുള്ളതാണെന്നു ധരിക്കരുത്. ജ്വരത്തോടുകൂടിയുള്ള സർവ്വരോഗത്തിങ്കലും ഈ കഷായം വിശേഷിച്ചും നല്ലതാകുന്നു. എല്ലാ ജ്വരത്തിങ്കലും ഈ കഷായം പാചനത്തിനു പറ്റിയതാണ്.

വാതത്തിലും പിത്തത്തിലും കഫത്തിലും ദൃഷ്ടഫലങ്ങളായ
മൂന്നു കഷായങ്ങൾ.

[illegible]യുക്തം
ഭൂപിചുമന്ദസ്സകടുകരോഹിണീ
വാസകവിശാലജലധരയുക്ത-
ന്ത്വാശു [illegible].

ചെംകൊടിത്തൂവ വേററ് ചിററമൃത് [illegible] ഇവകൊണ്ടുള്ള

കഷായം വാതജ്വരത്തെ ശമിപ്പിക്കും. കിരിയാത്ത കടുകപ്പാലയരി പർപ്പടകപ്പുല്ല് ഇവകൊണ്ടുള്ള കഷായം പിത്തജ്വരത്തെ ശമിപ്പിക്കും. ചെറുകൊടിത്തൂവവേര് അതിവിടയം മുത്തങ്ങാ ഇവകൊണ്ടുള്ള കഷായം കഫജ്വരത്തെ ശമിപ്പിക്കും.

ഗുഡൂച്യാദികഷായം.

സ്യാദ്രക്തചന്ദനഗുഡൂചികയാ സമേതോ
നിംബാബ്ദധാന്യസഹിതസ്സമധുസ്സിപീതഃ
[illegible]ജ്വരനാശനായ
[illegible]പ്രദിഷ്ടഃ.

രക്തചന്ദനം ചിറ്റമൃത് വേപ്പിൻതൊലി കൊത്തമ്പാലരി ഇവകൊണ്ടു കഷായം. തേൻ മേമ്പൊടി. നെഞ്ചുകലിപ്പ് ചുട്ടുനീറൽ ഛർദ്ദി തണ്ണീർദാഹം [illegible] കൂടിയ ജ്വരത്തിങ്കൽ വളരെ നല്ലതാണ്.

[illegible]ഭദ്ര കഷായം.

[illegible]ഗുഡൂചീ
ഭൂനിംബവിശ്വാസഹിതഃ കഷായഃ
[illegible]
[illegible]മാതോഃ.

മുത്തങ്ങാ പർപ്പടകപ്പുല്ല് ചിറ്റമൃത് കിരിയാത്ത് അതിവിടയം ഇവകൊണ്ടുള്ള കഷായം പിത്താധികമായ വാതജ്വരത്തെ ശമിപ്പിക്കും.

ക്ഷുദ്രാമൃതാദികഷായം.

ക്ഷുദ്രാമൃതാ നാഗരപുഷ്കരൈശ്ച
കൈരാതകശ്ചാമരവല്ലികാ ച
സംകല്പ്യ പേയം സുഭിഷക്പ്രദിഷ്ട-
മഷ്ടജ്വരാണാം [illegible].

കണ്ടകാരിച്ചുണ്ട ചിറ്റമൃത് ചുക്ക പുഷ്കരമൂലം കിരിയാത്ത് ആകാശവള്ളി ഇവകൊണ്ടു കഷായം. എട്ടുവിധമുള്ള ജ്വരത്തെയും ഈ കഷായം ശമിപ്പിക്കും. ആകാശവല്ലിയെന്നുള്ള വ്യവഹാരത്തിന്ന വിഷയമായ ഔഷധത്തിന്ന ചിലദേശങ്ങളിൽ മുടില്ലാത്താളിയെന്നും മുരടില്ലാക്കൊടിയെന്നും ഭാഷയാകുന്നു.

ത്രിവൃത്സുരാഹ്വത്രിഫലാവിശാലാ
ചാരഗ്വധം തിക്തകരോഹിണീ ച

കഷായസ്തു മീഷാം ജ്വരനാശനഃസ്യാ-
ത്സ്യാദ്യാവശ്യകേ ന ച ഭേദനശ്ച.

ത്രികോൽപ്പക്കൊന്ന ദേവതാരം ത്രിഫല കാട്ടുവെള്ളരി കൊന്നത്തൊലി കിരിയാത്ത് കടുരോഹിണി ഇവകൊണ്ടുള്ള കഷായം ശുദ്ധിചെയ്ത ചവർക്കാരം അനുപാനമായി സേവിച്ചാൽ മലബന്ധത്തോടുകൂടിയ സകല ജ്വരങ്ങളും വിട്ടുപോകും.

ഉദീച്യാദികഷായം.

ഉദീച്യപർപ്പടോശീര ധാന്യചന്ദനവാരിഭിഃ
ദാഹജ്വരക്ഷയം യാതി നാത്ര കാര്യാ വിചാരണാ.

ഇരുവേലി പർപ്പടകപ്പുല്ല് രാമച്ചം കൊത്തമ്പാലരി ചന്ദനം ഇവകൊണ്ടു കഷായം. സർവ്വാംഗ സന്താപത്തോടുകൂടിയ ജ്വരത്തിങ്കൽ വളരെ നന്നു.

വൃശ്ചീവാദി.

വൃശ്ചീവയവചിഞ്ചാ ജലയഷ്ടിസവാലകം
ഏഭിശ്ശൃതംസുശീതന്തു കഷായംസർവ്വജ്വരാപഹം.

തേക്കിടരണ്ടും (തേറാംകൊട്ടക്കുരു എന്ന് തമിഴന്മാർ പറയും. ഒന്നു വലമ്പിരിയായും ഒന്നു ഇടമ്പിരിയായുമിരിക്കും ഇതിന്റെ കായ്) കൂവളവേരിലെത്തൊലി ഇരുവേലി ഇവകൊണ്ടുള്ള കഷായം മഞ്ഞിന്റെ സംയോഗംകൊണ്ടു നല്ലവണ്ണം തണുപ്പിച്ചു കൊടുത്താൽ സർവ്വജ്വരങ്ങളേയും ശമിപ്പിക്കും.

പീതപാദവം സൈന്ധവചൂർണ്ണയുക്തം
സുശൃംഗിവേരസ്യപലോന്മിതഞ്ച
ഭീരുജ്വരംതൂർണ്ണമപി ത്യജേദ്വൈ
വിചാരണാനാത്രനകാര്യ്യവശ്യം.

ഒരുപലം ചുക്കിട്ട് കുറുക്കിയെടുത്ത കഷായത്തിൽ ഇന്തുപ്പിന്റെ പൊടി അനുപാനമായി സേവിച്ചാൽ ഭയജന്യമായ ജ്വരം ശമിക്കും.

കിരാതാമൃതാദികഷായം.

കിരാതാമൃതനാഗരോദീച്യമുസ്തൈഃ
സ്ഥിരാപൃശ്നിപർണ്ണ്യാദിഭിർഗോക്ഷുരൈശ്ച
ബൃഹത്യാദ്വയേനാപിയുക്തംകഷായം
നിപീയാശുനാനാജ്വരംസന്ത്യജേദ്വൈ.

കിരിയാത്ത് ചിറ്റമൃത് ചുക്ക് ഇരുവേലി മുത്തങ്ങാക്കിഴങ്ങ്, ഓ

നിലവേര് മൂവിലവേര് ഞെരിഞ്ഞിൽ ചെറുവഴുതിനവേര് വെൺവഴുതിനവേര് ഇവകൊണ്ടുള്ള കഷായം ജ്വരശമനത്തിന് വളരെ നന്ന്.

രേണോശ്ച ശ്രുതംജലംശീതം തിക്തംപിത്തജ്വരംജയേൽ
വിശ്വാമുസ്തകയുക്തോ വാ കിംപുനശ്ചന്ദനേന ച.

പർപ്പടകപ്പുല്ലുകൊണ്ടുവെച്ച കഷായം തണുപ്പിച്ചു കൊടുത്താൽ അതികഠിനമായ പിത്തജ്വരവും ശമിക്കും. ശതാവരിയും മുത്തങ്ങാക്കിഴങ്ങും ചേർത്തു സേവിപ്പിച്ചാൽ അതികഠിനമായ പിത്തജ്വരത്തെ എത്രയും ശീഘ്രം ശമിപ്പിക്കും. ചന്ദനം കൂടിച്ചേർത്താൽ പിന്നെ പറവാനുണ്ടോ?

ദ്രാക്ഷാപർപ്പടകാദി.

ദ്രാക്ഷാപർപ്പടകാബ്ദനിംബമുസ്തകാശ്വാരനിരിക്താ
കഷായപൈത്തികം ... പീതോ ഹരേൽ
മൂർച്ഛാശോഷപ്രലാപതൃഷ്ണാഭ്രാന്തിപിത്തജ്വരാംശ്ച
ഘർമ്മംദാഹംശമയതി ഭാരതസ്യവാതാമയാംശ്ച.

മുന്തിരിങ്ങാ പർപ്പടകപ്പുല്ല് വേപ്പിൻതൊലി കടുക്കാത്തോട്, മുത്തങ്ങാക്കിഴങ്ങ് കിരിയാത്ത് ഇവകൊണ്ടുള്ള കഷായം സേവിച്ചാൽ ബോധക്കേട് മോഹാലസ്യം പിച്ചുപറക തണ്ണീർദ്ദാഹം ഭ്രമം പിത്തജ്വരം ഉഷ്ണം സർവ്വാംഗസന്താപം ഇവ എത്രയും ശീഘ്രം വിട്ടൊഴിയും. വാതകോപം ശമിപ്പിക്കുന്നതുമാണ് ഈ കഷായം.

ദുരാലഭാദി.

ദുരാലഭാപർപ്പടകകിരാതം
സപർപ്പടംവാസകരോഹിണീ ച
സശർക്കരസ്സ്വിന്നകഷായഃ
തൃട്ദാഹപിത്താസ്രനവജ്വരഘ്നഃ.

കൊടിത്തൂവവേര് കടുക്കാത്തോട് കിരിയാത്ത് പർപ്പടകപ്പുല്ല് ആടലോടകവേര് കൈപ്പൻപടവലത്തിൻഇല ഇവകൊണ്ടുള്ള കഷായം പഞ്ചസാര അനുപാനം. തണ്ണീർദാഹം സർവ്വാംഗസന്താപം രക്തപിത്തം നവജ്വരം ഇവ ശമിക്കും.

ജലദൈർജ്ജലദൈർന്നിദിഗ്ധൈർവ്വരിമൈശ്ച
ശൃംഗീസമേതൈശ്ച കൃതഃകഷായഃ
സദാസുഖോ ... സിതശ്ച
നിദാഘതൃഷ്ണാസ്രനവജ്വരഘ്നഃ.

ഇരുവേലി മുത്തങ്ങാക്കിഴങ്ങ് ചന്ദനം ചുക്ക ഇവകൊണ്ടുള്ള കഷായം ചൂട്ടനീറൽ തണ്ണീർദാഹം രക്തപിത്തം നവജ്വരം ഇവ ശമിക്കും.

ശൃംഗീകൃഷ്ണാകടുഫലംപൌഷ്കരൈശ്ച
ക്ഷൌദ്രേലേഹോ ... ക്ഷൌദ്രകൈശ്ചാവലീഢ്യ
ശ്ലേഷ്മാകോപശ്വാസകാസൈരുപേതം
ഹന്യാച്ഛീഘ്രംദാനവസ്സ്വംജ്വരംഹി.

കർക്കടകശൃംഗി തിപ്പലി കുമിഴിൻവേര് പുഷ്കരമൂലം ഇവപൊടിച്ച് തേൻചേർത്തു നക്കിയാൽ കഫകോപം ശ്വാസം കാസം ഇവറോട്ടുകൂടിയ ജ്വരം ശമിക്കും.

വ്യാഘ്രീദ്വയാമൃതലതാദികിരാതകൈശ്ച
ഭൂനിംബവാരിദയുതൈരഥശൃംഗവേരൈഃ
ഗോകണ്ടകൈസ്സനിദിഗ്ധികൈശ്രുതം ച
മായോപശോഭജ്ജ്വരനാശനംഹി.

ചെറുവഴുതിന വെൺവഴുതിന ഇരുവേലിൻവേര് അമൃത് കിരിയാത്ത് നിലവേപ്പ് മുത്തങ്ങാക്കിഴങ്ങ് ചുക്ക് ഞെരിഞ്ഞിൽ മൂവിലവേര് ഇവകൊണ്ടു കഷായം. വാതപിത്തജ്വരശമനത്തിന നല്ലതാകുന്നു.

ഛിന്നാസിംഹാസ്യവിശ്വാജലധരസശിവാ
കണ്ടകാരീദ്വയൈശ്ച
ദുസ്പർശേനാഥ ... ജലദയുതസമി
ശ്വാസകൈശ്ചാപിയുക്തഃ
ഛിന്നാദ്യംപർപ്പടാദ്യംഗദിതമിഹമുനയൻ
കാഥയോർദ്വന്ദ്വമേതത്
വാതശ്ലേഷ്മജ്വരഘ്നം ... ശമയതി
വൈദ്യവര്യൈഃപ്രദിഷ്ടം.

ചിററമൃത ആടലോടകവേര ചുക്ക മുത്തങ്ങാക്കിഴങ്ങ കടുക്കാ ചെറുവഴുതിനവേര കണ്ടകാരിച്ചുണ്ടവേര കൊടിത്തൂവവേര പർപ്പടകപ്പുല്ല് മുത്തങ്ങാക്കിഴങ്ങ പ്ലാശിൻതൊലി കൊടിത്തൂവവേര ചിററമൃതു തുടങ്ങി കൊടിത്തൂവവരെയുള്ള മരുന്നുകൾ ചേർത്ത് ഒരു കഷായം ഇതിനു ഛിന്നാദിയെന്നും, പർപ്പടകപ്പുല്ലുതുടങ്ങി കൊടിത്തൂവവരെയുള്ള മരുന്നുകൾചേർത്ത് മറെറാരുകഷായം ഇതിന് പർപ്പടകാദിയെന്നും നാമങ്ങളാകുന്നു. ഈ രണ്ടു കഷായങ്ങളും വാതകഫജ്വരത്തിൽ പ്രശസ്തങ്ങളാകുന്നുവെന്നു പുരാതനന്മാരായ വൈദ്യാഗമജ്ഞന്മാർ പറയുന്നു.

ക്ഷുദ്രാപടോലഭൂനിംബ മുസ്താതിക്തേന്ദ്രയവൈഃ
ശുണ്ഠീചന്ദനചിരിനാദ്യൈഃ ശ്ലേഷ്മപിത്തജ്വരം ജയേൽ.

കണ്ടകാരിച്ചുണ്ടവേര് പടവലത്തില കിരിയാത്തു മുത്തങ്ങാക്കിഴങ്ങു കടുകരോഹിണി കൊടകപ്പാലയരി ചുക്ക ചന്ദനം ചിററരത്ത ഇവ കൊണ്ടുള്ള കഷായം ശ്ലേഷ്മപിത്തജ്വരശമനമാകുന്നു.

കേവലം ജലസംഭൃതം ജലംപീതംപർപ്പടജം
നിയതംകരോതി സപ്താഹാത് പിത്തജ്വരവിനാശനം.

ഇരുവേലികൊണ്ടുള്ള കഷായം രണ്ടുപലം തുടച്ചയായിട്ട് ഏഴുദിവസം സേവിച്ചാൽ പിത്തജ്വരം ശമിക്കും.

വൃശ്ചികാർദ്രസംപീതം സിന്ധൂപനാസമന്വിതം
കഡൈകംസപ്താഹാത്സർവ്വജ്വരവിനാശകം.

തേക്കിടയിൽനിന്നെടുക്കുന്ന അർക്കം നീർതിപ്പലിപ്പൊടിചേർത്ത് ഏഴുദിവസം നാഴിവീതം സേവിച്ചാൽ സർവ്വജ്വരങ്ങളും ശമിക്കും.

ഭൂനിംബദ്രോണപുഷ്പാഭ്യാം സ്വരസാർദ്രകസംഭവഃ
സന്താപ്യ യസ്സംപീതഃ ശമ്യത്യു സർവ്വജ്വരാപഹഃ.

പച്ചക്കിരിയാത്തിന്റെയും തുമ്പപ്പൂവിന്റെയും രസത്തിൽ ഇഞ്ചിനീരുചേർത്ത് സേവിക്കുന്നതും ഇരുവേലിക്കൊത്തമല്ലി അരച്ചുകലക്കി ചൂടുപാലിൽ സേവിക്കുന്നതും ജ്വരശമനകരമാകുന്നു.

സുദർശനചൂർണ്ണം.

ഫലത്രയന്ദാരുനിശാവഹ്നിർ
വ്യാഘ്രീയുഗഞ്ചാഗ്നി ശഠീ ച നിംബം
സുരാഷ്ട്രജംസോമവനേന്ദ്രപുഷ്പം
പടോലകം പുഷ്കരഗ്രന്ഥിമൂർവി.

ദുരാലഭാപർപ്പടകോഗ്രഗന്ധാ
ബലായവാനീ തഗരംഹരിദ്രാ
വിഡംഗതാലീസകണാമധൂകാ
ത്വക്പത്മകോശീരകചന്ദനാഖ്യം.

പർണ്ണീചഭാർഗ്ഗീന്ദ്രയവാതസാരാശ്ച
ഭൂനിംബജീവർഷഭകാശ്ചവംശീ
ഷഡ്ഗ്രന്ഥിചവ്യാതിവിഷാ ചനിംബ
കാകോളികാ പത്രകജാതിപത്രീ.

താലീസപത്രാണി ച പുണ്ഡരീകം
സവത്സകം വാളകശിഗ്രുബീജം
സർവ്വാർദ്ധഭാഗേന കിരാതജേന
പുഷ്പേണ സംപേഷ്യ ച ചൂർണ്ണിതം തത്.

തിക്തായുതം ശീതജലൈശ്ച സേവ്യം
സുദർശനം ചൂർണ്ണമിദം ജ്വരാരിഃ
യേനൈകലാ ചൂർണ്ണമിദഞ്ച ഭക്തം
ജ്വരസ്സ സന്ത്യജ്യ വ്രജേച്ച ദൂരം.

ജ്വരാന്ത്രിദോഷോത്ഭവസർവ്വരാഗം
തച്ഛീതദാഹാദിയുതം നരാണാം
സർവ്വാംഗപീഡാ സഹിതാൻ സമസ്താൻ
ജ്വരാൻ വിനാശ്യാശുകരോതി പുഷ്ടിം.

പൃഥഗ്ദ്വന്ദ്വജാൻ സന്നിപാതോത്ഭവാംശ്ച
ജ്വരാൻപാർശ്വശൂലാദികാൻകാമലാം ച
ഭ്രമംമോഹതന്ദ്രാം വിനാശംനയേദ്വൈ
യഥാകൃഷ്ണഹസ്താദ്ഗതം സർവ്വശത്രൂൻ.

ചുക്ക പലം രണ്ട് കൊട്ടവേലിക്കിഴങ്ങു ചെറുവഴുതിന വെൺവഴുതിന കച്ചോലം വേപ്പിൻതൊലി സൌരാഷ്ട്രമൃത്തിക നല്ലമുളക് മേന്തോന്നിക്കിഴങ്ങു പടവലത്തില പുഷ്കരമൂലം അമൃത് കൊടിത്തൂവവേര് പപ്പടകപ്പുല്ല് വയമ്പു കുറുന്തോട്ടി ജീരകം തകരം മരമഞ്ഞൾത്തൊലി വിഴാലരി കാമ്പ് തിപ്പലി ദേവതാരം ഇലവർങ്ഗം പതുമുകം രാമച്ചം ചന്ദനം താലീസപത്രം കാട്ടുഴുന്നു കാട്ടുപയറു ചെറുതേക്ക കുടകപ്പാലരി നാൽക്കോൽപ്പക്കൊന്ന കിരിയാത്തു ജീവകം ഇടവകം കുവന്നൂറു ചെറുകച്ചോലം കാട്ടുമുളകിൻവേര് അതിവിടയം വലിയ വേപ്പിൻതൊലി കാർക്കോളിപച്ചില ജാതിപത്രി താലീസപത്രം താമരവളയം കുടകപ്പാലയരി ഇരുവേലി മുത്തങ്ങക്കരു ഇവ ഒരുപലംവീതം. ഇവയെക്കൂട്ടിയതിൽ പകുതി നിലവേപ്പിൻപൂവും കടുകരോഹിണിപ്പൊടിയുംകൂട്ടി അരച്ചു നേർപ്പിച്ചു നല്ലവണ്ണം തിളപ്പിച്ച് അറിയവെള്ളത്തിൽ മാത്ര അനുസരിച്ച് സേവിപ്പിക്കുക. ജ്വരത്തിങ്കൽ ഈ പൊടി അത്യത്ഭുതഫലപ്രദമാണ്. ദാഹാദിയെന്നും ശീതാദിയെന്നും ജ്വരം രണ്ടുതരത്തിലാണല്ലോ. ഈ പൊടി രണ്ടിലും ഉപയോഗിക്കത്തക്ക ഒന്നാണ്. സർവ്വാംഗപീഡയുണ്ടാക്കിക്കൊണ്ടിരിക്കുന്ന സർവ്വജ്വരങ്ങളിലും ഈ പൊടി എത്ര ശീഘ്രം ഫലിക്കുമെന്നു കണ്ടുതന്നെ അറിയേണ്ടതാണ്. രണ്ടു ദോഷങ്ങളിൽനിന്നുണ്ടായതായാലും മൂന്നു ദോഷങ്ങളിൽനിന്നുണ്ടായതായാലും ഈ പൊടി മതിയാകും. പാർശ്വശൂല

(വാരിപ്പുറങ്ങൾ പിളൎക്കുകയൊ ചെയ്യുന്ന തോന്നുക.) കാമല ഭ്രമം മൂൎച്ഛ തണ്ണ ഇവ യെല്ലാം ഈ ഔഷധം ശമിപ്പിക്കും. ശ്രീകൃഷ്ണഭഗവാന്റെ തൃക്കൈയിൽ ഇരിക്കുന്ന സുദൎശനചക്രം സകലദൈത്യസമേതം നേരിടുന്നശത്രുക്കളെ എന്നപോലെ ഏറ്റവുംവേഗത്തിൽ നാനാരോഗങ്ങളോടുകൂടി ഉത്ഭവിച്ചിരിക്കുന്ന ജ്വരങ്ങളെ ഈ സുദൎശനംശമിപ്പിക്കും.

ശൃംഗീശഠീവൽഗ്രുകപൎപ്പടശ്ച
ലജ്ജാലുകൈരാതിഭകണാകലിംഗം
ശക്രാബ്ദകം ക്ഷീരകരാജികശ്ച
ശ്യാമാമയം പദ്മകചൂൎവകോലം.
തിക്താമൃതാപത്മകതിക്തകശ്ച
പാഠാജമോദാളഗ്രഭാരങ്ഗ്യൌ
ത്രായന്തികാശിഗ്രുഫലാജമോദാ
ജന്ത്വഘ്നമുസ്താസഹിതംവിചൂൎണ്ണ്യ.
ശൃംഗ്യാദികംകിഞ്ചിദലകേനയുക്തം
ചൂൎണ്ണന്തുസൎവജ്വരനാശനംഹി
ദോഷത്രയോദ്ഭൂതസമസ്തരോഗാ-
ന്നാശംസമായാന്തിനിഷേവിതംതൽ.

ഇടവകം (ഇതു കിട്ടാത്ത ഔഷധമാകകൊണ്ടു പകരം അമൃതും പാൽമുതുക്കും ചേൎക്കാം എന്നുണ്ടു. ചിലർ കൎക്കടശൃംഗി ചേൎക്കുന്നു) കച്ചോലം കാൎക്കോലരി പൎപ്പടകപ്പുല്ലു മുക്കുററി അടപതിയൻകിഴങ്ങു അത്തിത്തിപ്പലി കടുകുരോഹിണി നീർമരുതിൻതൊലി മുത്തങ്ങാക്കിഴങ്ങു ജീരകം ചെറുകടുക ഇന്തുപ്പു കൊട്ടം കാട്ടുമുളക ചുക്കു കൊടുവേലി തിപ്പലിരണ്ടും [illegible] പാൽമുതുക്കം കിരിയാത്തു പാടത്താളിക്കിഴങ്ങു അയമോദകം ചെറുതേക്കു കടുക്കാ ബ്രഹ്മി മുരിങ്ങവേരിൻതൊലി നല്ലമുളക അയമോദകം കൃമിശത്രു വയമ്പു കുമിഴിവേരിൻതൊലി ഇവ പൊടിച്ചു നേൎപ്പിച്ച് മാത്രാനുസാരം ഉപയോഗിച്ചാൽ വാതം പിത്തം കഫം ഈ ദോഷങ്ങളിൽനിന്നുണ്ടായ സകലജ്വരങ്ങളും ജ്വരത്തോടുകൂടി ഉണ്ടായിട്ടുള്ള അന്യരോഗങ്ങളും ശമിക്കും.

നിരൂഹം.

ഉശീരമാഗധമന്വഥശ്ച
പൎണ്യശ്ചസ്രൂശ്ചാമധൂകയുക്താഃ
നിരൂഹഏഷാം ജ്വരനാശനഃസ്യാൽ
സത്യഞ്ചധന്വന്തരിണോദിതോഹ.

കാട്ടുഴുന്നു കാട്ടുപയറു കാട്ടുമുതിര ഇരുപ്പക്കാതൽ ഇവകൊണ്ടുള്ള

കഷായം ജ്വരശമനകാൎയ്യങ്ങളിൽവെച്ചു മുഖ്യതമമാണെന്നു ഭഗവാൻ ധന്വന്തരി അഭിപ്രായപ്പെട്ടിട്ടുണ്ടു.

അനന്തരം വസ്തി.

പ്രിയംഗുമുസ്താമദനാഃ കണ്ടകാരിയുഗേന ച
കല്ക്കസ്തുമധുസൎപ്പിൎഭ്യാം ജ്വരഘ്നോവസ്തിരുത്തമഃ.

ഞാഴൽപ്പൂവു മുത്തങ്ങാ മലങ്കാരയ്ക്കാ കണ്ടകാരി രണ്ടും ഇവററിന്റെ കല്ക്കം തേനും നെയ്യും ചേൎത്തു വേണ്ടവിധത്തിൽ വസ്തിചെയ്താൽ ജ്വരം ശമിക്കും. ഇതു ഉത്തമമായ ഒരു വിദ്യയാകുന്നു.

അനന്തരം ഉദ്വൎത്തനം.

സഹദേവീവചാദ്രോണനാകുലീഭിസ്തുകാരയേൽ
ദേഹോദ്വൎത്തനകംശ്രേഷ്ഠം സൎവജ്വരവിനാശനം.

മഞ്ഞക്കുറുന്തോട്ടിവേര് വയമ്പു ചെരത്ത വെളുത്തകണ്ടകാരിച്ചുണ്ട ഇവ പൊടിച്ചു ദേഹത്തു തേച്ചാൽ സകലജ്വരങ്ങൾക്കും ശമനം സിദ്ധിക്കും.

അനന്തരം ധൂപവിധി.

പലംകഷാശിവാവചായവാഹ്വവിശ്വസൎഷപാഃ
സനിംബപത്രകസ്മധൂപനാൽജ്വരോജഹാതിരോഗിണം.

ഗുഗ്ഗുലു കടുക്കാ വയമ്പു യവം കടുക വേപ്പിൻതൊലി നാകപ്പൂവു ഇവ പൊടിച്ചു നെയ്യിൽ നനച്ചു പുകച്ചു പുക ഏൽക്കുന്നതുകൊണ്ടു ജ്വരം ശമിക്കും.

അനന്തരം ദീപം.

വസാശ്യാമസൎപ്പോത്ഥവാഗന്ധഗോശൃംഗ
ധത്തൂരജഞ്ചാപിതൈലംശവസ്യ
വവസ്ത്രേണവൎത്തിൎവിധായാശുദീപേ
നിധ്യാച്ഛതാംതൈലതശ്ചാഗ്നിമധ്യാൽ
സമുദ്ദീപ്യവൎത്തിംതതോരോഗിശയ്യാ
സമീപേ നിധാനാൽതുദീപസ്യഭീതോ
ജ്വരസ്തംവിഹായാശുയാത്യേവനൂനം.

കരിമൂൎക്കൻപാമ്പിന്റെ വസയുതക്കിയത്തും ഗന്ധകവും പശുവിൻകൊമ്പും ഉമ്മത്തിൻകുരുവുംകൂടി അരച്ചു എണ്ണയിൽ കലക്കി കാച്ചി ശവത്തിന്റെ പുറത്തിട്ട വസ്ത്രഖണ്ഡംകൊണ്ടു തിരിതെറുത്തു വിളക്കിലിട്ടു മേൽപറഞ്ഞ എണ്ണയുമൊഴിച്ചു തീ കത്തിച്ചു രോഗി കി

രോന്നും മൂന്നു കഴഞ്ചുവീതം ഒരു ചൊറിയൻകിഴങ്ങു ചതകുപ്പ അസുരനഖം ഇവ ഒക്കെ കഷായനീർചേർത്തു അരച്ചുകൊള്ളണം. ചുത്തപ്പുളി വെപ്പുകാടി അരികാടി കോലരക്കിൻചായം തൈർ വെള്ളം, പശുവിൻപാൽ ഇവ ഓരോന്നും നാഴിടങ്ങഴിവീതം എണ്ണ ഇടങ്ങഴികന്നു. ഭൈരവദേവതയെ വഴിപോലെ പൂജിച്ചതിൽ പിന്നെ മേൽപറഞ്ഞവ ഒക്കെക്കൂടി ഒന്നിച്ചു ചെറുതീകൊണ്ടു പാകപ്പെടുത്തണം. ഈ തൈലത്തിന്റെ നാമം മഹാമാലാങ്ങാദിയെന്നാകുന്നു. വാതം രക്തപിത്തം വലാസരോഗം സകലവും. തണ്ണീർദാഹം ഉറക്കത്തിൽ പിച്ചുപറയുക. ഹാലുശോഷം ഇവയോടുകൂടിയ സകലജ്വരങ്ങൾ രാക്ഷസഗ്രഹപീഡ ഭൂതോപദ്രവം വെട്ടുകൊണ്ടം ബാലഗ്രഹപീഡ ശാകിനി ഡാകിനി മുതലായ സകല ബാധോപദ്രവങ്ങൾ ഇവ ഒക്കെ ഈ എണ്ണതേക്കുന്നതുകൊണ്ടു ശമിക്കും. ലോകക്ഷേമകാംക്ഷിയും അഹേതുകകൃപാനിധിയുമായ ഭഗവാൻ ഭൃഗുമഹർഷിയാൽ ഉപദേശിക്കപ്പെട്ടതാണ്. ഭൈരവപൂജ വഴിപോലെ നിർവഹിക്കാതെ ഈ എണ്ണയിൽനിന്നു മേൽപറയപ്പെട്ട ഗുണങ്ങൾ ലഭിക്കയുമില്ല.

ഷട്തക്രതൈലം.

കുഷ്ഠാബലാനാഗരചന്ദനാഭ്ര-
സ്ഥൗണേയധാന്യാമരദാരുരോഹിണീഭിഃ
മൂർവാസുരദ്രുനലദാംസമാംശ്ച
യഷ്ടിപ്രപുണ്ഡരീകാഞ്ജനരോഹിഷാംശ്ച
സർവൗഷധീഭിശ്ച ഗുരുക്രമയുക്ത്യാ
തൈലം പചേൽ ഷഡ്ഗുണിതക്രയുക്തം
ശീതാദിദോഷൈശ്ച യുതാൻസമസ്താൻ
ജ്വരാൻവിനാശ്യാശു കരോതിപുഷ്ടിം.

കരിഞ്ചീരകം കുറുന്തോട്ടി ചുക്കു ചന്ദനം കൊട്ടം കോലരക്ക് ചുവന്നകുന്നിവേരു ഇരുവേലി കട്ടുരോഹിണി പെരുംകുരുമ്പ ദേവതാരം രാമച്ചം എരട്ടിമധുരം കടൽനുര മുത്തങ്ങാക്കിഴങ്ങ് നാന്മുകപ്പുല്ല് ഇവ കല്ക്കം. എണ്ണയിൽ ആറിരട്ടി മോരിൽ അരച്ചുകലക്കി കാച്ചിയരിച്ചു തേച്ചാൽ ശീതാദിദോഷസമൂഹയുക്തമായ സകലജ്വരങ്ങളും ശമിക്കും. ഈ തൈലം ശരീരപുഷ്ടിയെ ഉണ്ടാക്കുന്നതിനും നല്ലതാണ്.

വാശാദിഘൃതം.

വാശാമൃതായാസകടോസ്ഥനീഭി-
ർഭാർങ്ഗ്യാചപഞ്ചാംഗുലിപത്രയൈശ്ച
കാഷ്ഠൈസ്ത്രിനിംബോദ്ഭവമാക്ഷികൈശ്ച
പ്രസ്ഥംപചേത്സർപ്പിഷമിതൈശ്ച സവൈഃ

സംപാചിതംവാസകമാദ്യമേതൽ
സർവ്വജ്വരാനീകവിനാശനഞ്ച
സോദ്ധ്യഞ്ചവൈ സ്യാഗ്നിബലാനുകൂലം
സർവഗ്രഹാപസ്മൃതിനാശകഞ്ച.

ആടലോടകവേരു അമൃത് കൊടിത്തൂവവേരു മുത്തങ്ങാക്കിഴങ്ങ് ചെറുതേക്ക് വെളുത്താവണക്കിൻവേരു ത്രിഫലത്തോട് കുമിഴിവേരിലത്തൊലി ഇവ കഷായം. വേപ്പിലനീരു നെയ്യ് ഇടങ്ങഴി ഒന്ന് കഷായത്തിന്റെ മരുന്നുകൾതന്നെ കല്ക്കംചേർത്തു കാച്ചിസേവിക്കുക. മാത്ര അഗ്നിബലം അനുസരിച്ചായിരിക്കണം.

കാക നസ്യം.

നരാണാംകേശഭ്യഃ പ്രഭവതിഹി തൈലേനസഹിതം
നിഷ്പിഷ്യാധോ ദൃഷദി വിധിവൽപിഷ്ടികാകസ്യ നിതരാം
തതോനസ്യംദത്വാജ്വരബലാനാഞ്ചാശുശമിതം
നരാണാംക്ഷീണാനാംഗ്രഹനിതപീഡാബാധിരേണ.

മനുഷ്യരുടെ തലനാരുകരിച്ചതും കാക്കയുടെ താഴത്തെച്ചുണ്ടുംകൂടി ചതച്ച് കാച്ചിയ തൈലംകൊണ്ട് നസ്യംചെയ്താൽ എത്ര ശക്തിയോടുകൂടിയ ജ്വരത്തിന്റെയും ബലം കുറയുകയും പൊള്ളറ്റു വിടുകയും ചെയ്യും.

നവജ്വരാരിരസം.

ബീജംഭവസ്യാദ്വിഫലീശതൂല്യാ
സശോധനം ടങ്കണശുദ്ധഗന്ധം
മീനസ്യപിത്തേനഭാവിതം വൈ
നവജ്വരാരിഃപ്രഥിതസ്സലോകേ.

ശോധിതവും മാരിതവുമായ രസവും ശുദ്ധഗന്ധകവും അഭ്രകവും കൂട്ടി അരച്ചു ഈയം, ചെമ്പിൻകാരം മേരുക്കു അങ്ങനെ പതുമുകം ഇവ നേർപ്പിച്ചു ഒക്കെക്കൂടി മത്സ്യത്തിന്റെ പിത്തത്തിൽ ഭാവനചെയ്ത് സംഗ്രഹിച്ചു മാത്രയനുസരിച്ചു സേവിപ്പിക്കുക. നവജ്വരാരിയെന്ന് ലോകപ്രസിദ്ധമായ ഈ രസം തരുണാവസ്ഥയിൽവച്ചുതന്നെ ജ്വരത്തെ ശമിപ്പിക്കും.

ഖണ്ഡംസമാനഞ്ചവദന്തി ചാത്ര
തത്ഭക്ഷണേവല്ലയുഗഞ്ചമാനം
തഥാനുപാനാർദ്രകജംരസംഹി
ത്രിരാത്രിതോ ഹംജ്വരനാശനേഷ്ടലം.

ആറു കുന്നിത്തൂക്കം ചൂല്ലെരെണ്ണയോട്ടകൂടിയും അത്രയും ഭക്ഷണത്തോടും മേൽപറഞ്ഞ നവജ്വരേഭസിംഹരസം അത്രയും അനുപാനമായിട്ട് ഇഞ്ചിനീരിലും മൂന്നുരാത്രി തെറ്റാതെ കൊടുത്താൽ സർവ്വജ്വരങ്ങളും ശമിക്കും.

ശാന്തേതാപേതക്രസ്യൂകതണ്ഡുലപഥ്യം
വൃന്താകംചാസ്യം തക്രയുക്തമന്നമേകം
പിത്താധിക്യേ മുദ്ഗ നിരോധം നിത്യം
താപോപായംകാലേയരസതദ്വിഷദ്ഗ്യം.

മൂന്നുദിവസം നവജ്വരേഭസിംഹരസം സേവിപ്പിച്ച് ജ്വരത്തിന്റെ ശക്തി വിട്ടാൽ പിത്താധിക്യമായ ജ്വരമാകുന്നുവെങ്കിൽ തലയിൽ തണുപ്പിച്ചവെള്ളംകൊണ്ട് ധാരചെയ്യണം. മോരും ചോറും തക്കാരിവഴുതിനക്കാച്ചെത്തുണ്ടാക്കുന്നതോറും പഥ്യം. ഔഷധരസവുംകൊണ്ട് മന്ദീഭവിച്ച ജ്വരത്തിന്റെ ചൂട് നിശ്ശേഷം വിട്ടുപോകും.

ജ്വരാരണ്യദാവാനലം.

ഭാഗാന്യാഭവസ്യാദ്വാദീജംവിമർദ്യ
തത്തുല്യസമംനിർഗ്ഗുണ്ഡീസിദ്ധേഷവനം
പ്രദേയംജ്വര വാർദ്ര ഗ്രാധാമകേതോ
ജ്വരാരണ്യദാവാനലോയംപ്രസിദ്ധഃ.

ശുദ്ധിചെയ്ത രസവും ഗന്ധകവും തമ്മിൽ ചേർത്തരച്ച് ഒന്നാക്കിയതിനുസമം പൊന്നുംകായവും ചായില്യവും കടൽനുരയും നല്ലവണ്ണം നേർപ്പിച്ചതും കൂട്ടിച്ചേർത്തു ഇഞ്ചിനീരിലരച്ച് ഗുളികയാക്കി ഇഞ്ചിനീരിൽ സേവിപ്പിക്കുക. ഇതു് ജ്വരാരണ്യദാവാനലൻ എന്നു പ്രസിദ്ധമായ മാത്രയാകുന്നു. 'ജ്വരാരണ്യദാവേരതായം ധൂമകേതുഃ' എന്നും പാഠം കാണുന്നു.

മഹാജ്വരാംകുശം.

സംശോധിതംവൈശിവയോശ്ചബീജം
ശാണപ്രമാണംനവിഷഞ്ചതദ്വൽ
ധത്തൂരകംനിസ്തുഷമേവകൃത്വാ
ശാണത്രയഞ്ചാർദ്ധിഗ്ഗുണംസമസ്താൽ
ഹേമാദികംരൌദ്രമരോവവൈഃ
ഖല്വേതുസംമർദ്ദ്യവിദധ്യാൽഗുളഞ്ജം
ജംബീരനീരേണചാർദ്രകസ്യ
ദേയംത്രിദോഷേ മഹാജ്വരേഷു
[illegible]

മേകാഹികേ വൈ വിഷമേപിശസ്തഃ
ജ്വരാംകുശോയംപ്രഥിതഃക്ഷിതൗതാ-
ജ്ജീർണ്ണജ്വരഞ്ചാപിവിനാശയേദ്യൽ.

ശുദ്ധിചെയ്ത രസവും ഗന്ധകവും വത്സനാഭവും തൊലികളഞ്ഞ ഉമ്മത്തിൻകുരുവും മുക്കാൽക്കഴഞ്ചുവീതം സ്വർണ്ണം വെള്ളി മുതലായ തൈജസദ്രവ്യങ്ങളുടെ ഭസ്മവും പൊൻനിറമുള്ള മാക്കീരക്കല്ലും എല്ലാററിലുംഇരട്ടിചെറുനാരങ്ങാനീരിൽ ചേർത്തരച്ച് രണ്ടുകുന്നിക്കുരുവിൻതൂക്കം ഗുളികയാക്കി നിഴലുണക്കി സൂക്ഷിച്ച് ഇഞ്ചിനീരിൽ കൊടുക്കുക. സന്നിപാതജ്വരത്തിലും മററു പലതരത്തിലുള്ള മഹാജ്വരത്തിങ്കലും നാലാംമുറപ്പനിയിലും മൂന്നാംമുറപ്പനിയിലും ദിവസംതോറുമുള്ള ശീതജ്വരത്തിലും വിഷമജ്വരത്തിങ്കലും ഈ ഗുളിക അത്ഭുതഫലപ്രദമാണ്. ജീർണ്ണജ്വരത്തിലും ഈ ഗുളിക ഉപയോഗിക്കാം. ഇതു് ജ്വരാംകുശമെന്ന് വൈദ്യലോകപ്രസിദ്ധമായ ഔഷധമാകുന്നു.

രസപർപ്പടി.

ജയാഭ്രംഗരാജ പ്രസൂനാതദവൈശ്ച
തഥാവഹ്നിമാനീതദവൈഃകാകമാച്യാഃ
ദ്രവൈശ്ശുംഭബീജസൂസംശോധ്യയത്നാൽ
തതോഗന്ധകംതത്സമംശോധ്യബുദ്ധ്യാ
തതസ്തദ്ദ്വയംഭൃംഗരാജദ്രവൈസ്തു
പുനർമ്മർദ്ദയിത്വാതിയാസദ്ധ്യാവാ
നിരീക്ഷ്യാഥതംകജ്ജലീഭൂതമസ്തും
അലാതേബദർയ്യാസ്തുസന്ദ്രാവയിത്വാ
തതസ്തുദ്ധ്രുമാദിനൈർവിശ്ലേഷിതേത്ര
ദ്രവീഭൂതമാലോക്യമാചാപ്രസൂനേ
മഹിഷ്യാഃപുരീഷസഹിതേസന്നിപാത്യ
പുനശ്ചാന്യപത്രംതദൂർദ്ധ്വംനിധായ
പ്രപീഡ്യാഥതാംപർപ്പടീംസംഗ്രഹിത്വാ
വിചൂർണ്ണ്യാഥഗുഞ്ജാമിതേയംപ്രദേയാ
സുബാഹുശ്ലീകഗുഞ്ജോദ്ധ്വകേനാപിദ്ധീരേ
സുഭഷ്ട്ടെയ്യഥാവ്യാധിയോഗൈശ്ചയുക്താ
പുരാവ്യാധിഭീതം ജഗത്സർവ്വമേവ
കൃപാവിഷ്ടചിത്ത ശ്ശിവസ്സന്നിരീക്ഷ്യ
കരോത്യാശ്രു രോഗോപഹന്ത്ര്യൈജനാനാം
രസൈനൈവപൂർവ്വാം ശുഭാംപർപ്പടീംഹി

ജ്വ

ഗുഞ്ജാപ്രമാണം പ്രഥമേഹ്നി ഭക്ഷ്യാ
ദിനേ ദിനേ രക്തികയാനുവൃദ്ധ്യാ.
ഏകാദശാഹാല്പ്രസിതാം വിഹായ
ഗുഞ്ജൈകമാത്രാം [illegible]
സന്ത്യജ്യ നിത്യം സ്വഗുരും ശിവം ച
വിപ്രാൻ പ്രസാദ്യാന്നസുഭോജനാദ്യൈഃ
സ്നാത്വാ ച ഹോമാദികമാന ധർമ്മാൻ
കൃത്വാ ജനോരോഗഗണൈർവ്വിമുക്തഃ.
അന്യാന്നപാനേ [illegible] ദ്രവ്യമേതി
ജലം വിമാനം ദശരക്തികാതഃ
ഊർദ്ധ്വം ന ദേയം ക്രമതഃ കദാപി
സദൈവ പഥ്യൈ [illegible] രസാർപ്പടീയം
ജയേൽ സമസ്താൻ ഗ്രഹണീഗദാംശ്ച
ശൂലാതിസാരൌ ച ജലോദരാംശ്ച
സകാമിലാ പാണ്ഡു മഹോദ്യരോഗാൻ
പ്ലീഹം തഥാ [illegible] ധ്രുവഞ്ച.

[illegible]
[illegible] ഭക്ഷയേൽ
[illegible] കൃതാം
[illegible] ഭവംവിനീം.
[illegible]

ഇതി രസപർപ്പടീരസഃ.

മഞ്ഞളിൻെറയോ ചെറുവന്നിയുടെയോ പൂവിൻെറ ചാറിലും കയ്യോന്നിപ്പൂവിൻെറ രസത്തിലും [illegible]കപ്പുവിൻെറ രസത്തിലും കരുന്തകാളി (മണത്തക്കാളി) ച്ചാററിലും ഏഴേഴുദിവസം ഇടവിടാതെ [illegible] സകല ദോഷങ്ങളുംപോക്കി ഒരു സ്ഫടികക്കുപ്പിയിൽ സൂക്ഷിക്കുക. സർവ്വദോഷമുക്തമായ ഗന്ധകം [illegible] രണ്ടുംകൂടി കയ്യോന്നിച്ചാറിൽ ഏഴുദിവസം അരയ്ക്കുക. [illegible] ഒരു പാത്രത്തിൽവച്ച് [illegible]. [illegible] പുകയ്ക്കാതെ സൂക്ഷിച്ചും ഇലന്തമരത്തിൻവിറകുകരികൊണ്ടെരിച്ചും [illegible]. അതെടുത്ത് ചുവന്ന ഇലക്കിക്കൊണ്ടിരുന്നാൽ ദ്രവമായിത്തീരും. ഇലവിൻപൂവ് നല്ല കട്ടിയുള്ള വാഴയിലവിൻപുറത്തിൽ ഒഴിക്കുക. ഇലവിൻപൂവ് നല്ല കട്ടിയുള്ള വാഴയിലയിൽ [illegible]. അതിൽനിന്ന സൂവാട്ടിയതിലാണ് [illegible]. അതിൽനിന്ന വാട്ടിയ വാഴയിലയിൽ കരക്കിച്ച [illegible] രസം മററൊരു വാട്ടിയ വാഴയിലയിൽ

[illegible] പരത്തിയുണ്ടാക്കിയ തടട്ടും അഴുക്കും ഇല്ലാത്ത [illegible] വീണ്ടും [illegible]ത്തിൽ ഒഴിച്ചു [illegible], അരക്കുന്നിയിട പൊരിച്ചയെടുത്ത് അരച്ച് ഒരു കുന്നിപ്രമാണം, [illegible] കൊട്ടകായത്തിൻപൊടിയും [illegible] ജീരകപ്പൊടിയും [illegible]ത്തിൻപൊടിയുംചേർത്ത സേവിപ്പിക്കുക. എല്ലാ മഹാരോഗങ്ങളെയും ഈ രസപർപ്പടി ശമിപ്പിക്കുമെന്ന്. ഈ ഔഷധംകൊടുത്ത് പരിശോധിച്ചവർക്കൊക്കെ അറിയാം. ഇതുണ്ടാക്കുന്നതിന സാമർത്ഥ്യമുള്ള ഗുരുക്കന്മാരുടെ [illegible] വക്കല്ലാതെ അന്യന്മാർക്ക [illegible]. ഒരു യുഗത്തിൽ മഹാവ്യാധിക്ലിഷ്ടമായ ലോകത്തെ [illegible]തിനുവേണ്ടി [illegible] വിദ്യയാണിധിയായ പരമശിവൻ സിദ്ധന്മാർക്ക് ഉപദേശിച്ച [illegible] ചെയ്യുത്. ഭൈരവാദിദേവതാപൂജ [illegible] ഉണ്ടാക്കിപരിചകൊള്ളണം. അല്ലാത്ത [illegible] ഉപയോഗയോഗ്യമായി വരികയുമുള്ളവരായിരുന്നാലും ഈ ഔഷധം ഉപയോഗയോഗ്യമായി [illegible]യില്ലെന്ന നിശ്ചയംതന്നെ. ഒരു കുന്നിപ്രമാണം ഒന്നാമത്തെ ദിവസം സേവിപ്പിക്കണം. [illegible] ദിവസംമുതൽ ഓരോ കുന്നിപ്രമാണം [illegible] ദിവസവും കൂട്ടിക്കൂട്ടിക്കൊള്ളണം. [illegible] കഴിഞ്ഞാൽ [illegible] ദിവസം സേവതാകപ്പാടെ കുറച്ചുകുറച്ച് [illegible] ദിവസം സേവിച്ചാൽ മതിയാകും. ഇങ്ങനെ [illegible] ദിവസം സേവിച്ചാൽ വിപ്പിക്കുക. [illegible] ഔഷധം സേവിച്ചയാൾ സേവിപ്പിച്ച സേവാവസാനത്തിങ്കൽ [illegible] ശിവനെയും പ്രദക്ഷിണനവൈദ്യനെയും [illegible] ചെയ്തിട്ട് [illegible] ശ്രുതസ്മാരാദികൾ [illegible] നിത്യനൈമിത്തികകർമ്മങ്ങളെ തെററാതെ തിസ്മൃതിവിശാരദന്മാരായും [illegible] ഉത്തമബ്രാഹ്മണരെക്കൊണ്ട് ഹോമം [illegible] ദാനധർമ്മാദികളെക്കൊണ്ട് തൃപ്തമാദികർമ്മങ്ങളെ ചെയ്യിച്ച [illegible] ഭാവിച്ചിരിക്കും കഴിച്ചുനന്മാരാക്കി യാത്രയാക്കി, [illegible] ദിവസം മുതലാണല്ലോ ഓരോ രക്തികാപ്രമാണം കൂട്ടിക്കൊള്ളണം. [illegible] മരുന്നിൻെറ മാണം കൂട്ടിക്കൂട്ടി ഉപയോഗിക്കേണ്ടത്. അന്നുമുതൽ [illegible] ജലം സേവിക്കണം. അണിവിരലും അനുപാനമായി മൂന്ന ചുള്ളകം ജലം സേവിക്കണം. അണിവിരലും [illegible] നീട്ടി കഴവിരലും ഉയർത്തിയും [illegible] എടുത്തയും പിടിച്ചാൽ ഉള്ളംകയ്യിൽ [illegible] പേരാകുന്നു. [illegible] ജലത്തിന്ന ചുള്ളകജലമെന്ന പേരാകുന്നു. [illegible] സകലവും സകല കാമിലകളും പാണ്ഡുരോഗഗ്രഹണിരോഗങ്ങൾ സകലവും സകല [illegible] ഈ ഔഷധം ശമിപ്പിക്കും. പ്ലീഹശമങ്ങളും മററുള്ള രോഗങ്ങളും ഈ ഔഷധം ശമിപ്പിക്കും. [illegible] ദൃഷ്ടിയിൽ നത്തിന്ന ഈ ഔഷധത്തെപ്പോലെ മററൊന്നും [illegible] ഈ ഔഷധം വിധിപോലെ സേവിക്കുന്നവൻ ആരുവപെട്ടിട്ടില്ല

ന്നതുവരെ രോഗശാന്തിക്കായി ജീവിക്കണമെന്നു ഈ യോഗത്തിൽ പറയുന്നതു സത്യമാണെന്നു ഗ്രന്ഥകാരനു ബോദ്ധ്യം വന്നു ശ്രുതിച്ചിട്ടുണ്ട്.

ലംഘനാകർമ്മംകൊണ്ടു ക്ഷീണനും ഭീരുവും പത്ഥ്യാഹാരത്തിൽ
അശക്തനുമായ രോഗിക്കു ക്ഷീണം പരിഹരിക്കുന്നതിനും
രോഗം ശമിപ്പിക്കുന്നതിനും ശരീരം പോഷിപ്പി-
ക്കുന്നതിനും ... ... വർദ്ധിക്കുന്നതിനുമുള്ള

ആ ഹാ ര സാ ധ ന ങ്ങ ൾ.

ഖർജ്ജൂരകൈർദ്രാക്ഷികഹാരഹൂരാ
പ്രിയാ ലവണൈ, ഫല ... ഗുണൈശ്ച
സ്യാത്തർപ്പണം ... കരാണാം
ക്ഷുധാതുരാണാം ജ്വരനാശനഞ്ച.

ഈത്തപ്പഴം താളിച്ചപ്പഴം വലിയ മുന്തിരിങ്ങാപ്പഴം സാധാരണയായുള്ള മുന്തിരിങ്ങ ... ഈവ ലംഘനകർമ്മംകൊണ്ടു ക്ഷീണിച്ച ജ്വരരോഗികൾക്കു നല്ലതാകുന്നു.

ജ്വരത്തിങ്കൽ ഉചിതങ്ങളായ പത്ഥ്യങ്ങൾ.

മുദ്ഗാന്നഷഷ്ടികശാലിയവകോലൈഃ
പടോലവൃന്താകമുദ്ഗചിപത്രൈഃ
പത്ഥ്യംന ... ബ്ഭിരു ചർഹിതായ
തദ്ദ്വയം ... ഗുണം ...

ചെറുപയർകൊണ്ടുണ്ടാക്കിയ അന്നം ചെന്നെല്ലിൻചോറു പഞ്ചകോലം പടവലം തകരയിലയുടെ ... അമ്പൂരിന്റെ ഇല ഇവ പത്ഥ്യങ്ങളാകുന്നു. രുചിക്കുതക്കവണ്ണം ഇവ കാരോന്നും പാകപ്പെടുത്തി കാരുണികന്മാരായ വൈദ്യന്മാർ രോഗികൾക്കു കൊടുക്കേണ്ടതാണ്.

പത്ഥ്യം ഭുക്ത്വാ ... ... പിതം വൈ
പീത്വാ തക്രം കിഞ്ചിദേവോദരസ്യ
വാമം പാണിം സംനിധായാഥ ചൈതാൻ
സ്മൃത്വാഗസ്ത്യം കുംഭകർണ്ണംശനിഞ്ച
കിഞ്ചിദ്ഗത്വാ പാദ ... പശ്ചാൽ
ശയ്യായാം ... വാമപാർശ്വേ ശയിതാൻ
ഹസ്തൗപാദൗസംപ്രസാര്യൈവ ...
കുർവ്വാദ്യത്താം ... ശുകഃ.

പത്ഥ്യങ്ങളായിട്ടുള്ള ആഹാരസാധനങ്ങളെ ഇന്തുപ്പുചേർത്തു ഭക്ഷിക്കുക. പിന്നെ അരന്നാഴികയിൽ കുറയാതെയും ഒരു നാഴികയിൽ കൂടാതെയും മോരു കുടിക്കുക. തന്റെ ഇടത്തുകൈ വയററത്തുവച്ചു അഗസ്ത്യമഹർഷി കുംഭകർണ്ണൻ ശനി ഇവരെ ഓരോരുത്തരെയും പ്രത്യേകം പ്രത്യേകം ധ്യാനിച്ചു കുറേ നടന്നു (നൂറു ചുവടിൽ കുറയരുതു.) ഇടത്തുപുറം ചരിഞ്ഞു കൈയും കാലും നിവർത്തി കിടന്നുകൊള്ളണം.

ഭുക്തദ്രവ്യാൽ പജലംപ്രദേയം
ഹിതേയ ... ഉവദന്തിധീരാഃ
ദേയംശൃതം ലംഘനയുങ്നരസ്യ-
ശീതന്തുതൽ പത്ഥ്യയുതസ്യജന്തോഃ.

ദ്രവസാധനങ്ങൾ ഭക്ഷിച്ചതിൽപ്പിന്നെ അല്പം ജലംകൂടി കൊടുക്കാം. അദ്രവദ്രവ്യങ്ങളാണെങ്കിൽ യഥേഷ്ടം ജലം കൊടുക്കാം. ലംഘനകർമ്മം ചെയ്തവനു പകുതി വററിച്ച ജലമാണു കൊടുക്കേണ്ടതു. പത്ഥ്യാചരണത്തിൽ കുറിക്കുന്നവനു തണുപ്പിച്ചജലംതന്നെ ഹിതമാകുന്നു. ഔഷധംകൊണ്ടുള്ള രോഗപ്രതിക്രിയകളെ പറഞ്ഞു. ഇനി മന്ത്രൗഷധബന്ധനങ്ങൾ കൊണ്ടുള്ള ചികിത്സകളെ പറയുന്നു.

അഹിർബ്ബുധ്നേർബ്രഹ്മവൃക്ഷാത്ഭവാച്ച
വൃന്തംയഥാ മൂലമാത്രം പ്രഗൃഹ്യ
ബദ്ധ്വാഹസ്തേ കങ്കണസ്യപ്രദേശേ
ഹന്യാത്സർവ്വാംസ്ത്രീൻജ്വരാംശ്ചാപ്യവശ്യം.

ദേവതാരുവൃക്ഷത്തിന്റെയും പ്ലാശുമരത്തിന്റെയും ഞെട്ടോടുകൂടിയമൊട്ടോ വേരോ ജ്യോതിഷത്തിൽ പറയുന്ന വിധിയനുസരിച്ചു എടുത്തു മണിബന്ധത്തിൽ കെട്ടിയാൽ സകലജ്വരങ്ങളും ശമിക്കും.

ഗോപാലയന്ത്രപ്രാസഹദേവികായാ
മൂലം ചകണ്ഠേഹിനിബദ്ധ്യയത്താൽ
ശ്മശാനജംയത്സഹദേവിമൂലം
ഹസ്തേനിബദ്ധംജ്വരനാശനംതൽ.


ഗോപാലയന്ത്രി എഴുതി മഞ്ഞക്കുറുന്തോട്ടിയുടെ വേരുംകൂടി ഒരു ശുദ്ധവസ്ത്രഖണ്ഡത്തിൽവച്ചു പൊതിഞ്ഞു കഴുത്തിൽ കെട്ടിയാൽ ജ്വരം ശമിക്കും. ചുടുകാട്ടിലുണ്ടായ മഞ്ഞക്കുറുന്തോട്ടിയുടെ വേരു മണിബന്ധത്തിൽ ധരിച്ചാലും മേൽപറഞ്ഞ ഫലം സിദ്ധിക്കും.

മൂലം തദ്വൽ ഭൃംഗകർവ്യാസ്തസപ്ത-
ഭിഃതന്തുഭിഃ പാണിമൂലേജ്വരഘ്നം
സൂത്രാവർത്താജ്ജാതമേവാത്രകണ്ഠേ
ദൂർവ്വാമൂലം ഹസ്തബദ്ധഞ്ചതദ്വൽ.

വെള്ളത്തനൊച്ചിയുടെ വേര് ഏഴിഴ ചുവന്ന ചരടുകൊണ്ടു ബന്ധിച്ചു കയ്യിൽ കെട്ടിയാൽ ജ്വരം ശമിക്കും. തൊഴുകണ്ണിയുടെ പൂവു് ചെവിയിലും കറുകവേരു മൈയിലും ചാർത്തിച്ചാൽ ജ്വരം ശമിക്കും.

അനന്തരം ജ്വരഘ്നമന്ത്രങ്ങളെ പറയുന്നു.

ഭോ! ജ്വരാത്മൻ ഓം ജ്വരത്രൈണ ഗജ്ജ ഗജ്ജ ക്ഷംദ ക്ഷംദഃ മുംച മുംച നരസ്യാഗ്രേ... (... എന്നും പാഠം കാണുന്നു.) ഏകാഹികം ദ്വ്യാഹികം ത്ര്യാഹികം ചാതുർത്ഥികം ഭൗതികം നിത്യജ്വരം ആഗന്തുകം ഠഠം ഫട് സ്വാഹാ കിംമുഞ്ച പാദമുഞ്ച അമുകസ്യ വിഷമജ്വരം നാശയതു. ഈ മന്ത്രം പുരശ്ചരണപൂർവ്വം 1000 ഉരു ജപിച്ച് ഒട്ടറിൽ പിന്നെ ഉരു ജ്വരരോഗിയുടെ ശിരസ്സിൽ കൈ വച്ചു ജപിക്കണം.



സ്വനാഗവല്ലീദലമദ്ധ്യഭാഗേ
ഷൾകോണയന്ത്രം സുവിലിഖ്യ യത്നാൽ
ചൂർണ്ണേന യദ്വൈ...

തന്മദ്ധ്യഭാഗേ ജ്വരിതസ്യ നാമ
ഓംകാരമേവാത്ര ദലേഷു സമ്യ-
ഗ്ഘ്രീംകാരമേവാഥ ദലാഗ്രകേഷു
സംപൂജ്യ ധൂപൈരഥ ദീപകാദ്യൈ-
സ്സംഭക്ഷണായൈവ ച ദാപയേത്തം
ദിനത്രയം തജ്ജ്വരിതേന ഭക്തം
സർവ്വാൻ ജ്വരാനാശു വിനാശയേദ്വൈ
അസാദ്ധ്യതാം സംസ്ഥിതമപ്യവശ്യം
സഹാപിശാന്തിം വിദധേജ്ജനസ്യ.

ഇതി ശ്രീഗുരുചരണാരവിന്ദമധുപകാശീനാഥകൃതായാം
ചികിത്സാക്രമകല്പവല്ല്യാം സാമാന്യജ്വരചികിത്സാ
നാമാഗമനാദിതഃ പ്രഥമസ്തബകഃ.

ഈ ഷട്കോണ ചക്രം കേട്ടുപാടും പൊട്ടലും നിറക്കേടുമില്ലാത്ത നല്ല ഒരു വെറ്റിലയുടെ മദ്ധ്യത്തിലെഴുതി രോഗിയുടെ നാമധേയം യന്ത്രമദ്ധ്യത്തിലുമെഴുതി ധൂപദീപങ്ങളെക്കൊണ്ടു പൂജിച്ചു മൂന്നുദിവസം ജ്വരരോഗിക്കു കൊടുത്തു ചവച്ചിറക്കിക്കണം. കൽചൂർണ്ണമ്പു കലക്കി മഷിപോലെയാക്കി അതുകൊണ്ടുവേണം യന്ത്രം എഴുതേണ്ടതു്. രോഗം അസാദ്ധ്യനിലയിലെത്തിയതായാലും ഈ കർമ്മംകൊണ്ടു സുഖത്തെപ്രാപിക്കുന്നതാണ്.

ശിവം ശിവം.

മന്ദാരമകരന്ദം എന്ന പ്രഥമസ്തബകവ്യാഖ്യാനം കഴിഞ്ഞു.

ചികിത്സാക്രമകല്പവല്ലി

ദ്വിതീയസ്തബകഃ.

താപസാമ്ലമധുരൈശ്ച ശീതളൈഃ
രൂക്ഷകൈർഗ്ഗുരുതരൈഃ കഷായകൈഃ
സ്നിഗ്ദ്ധകൈഃ പവനസംഭവൈഃ
ക്രോധകാമവനിതാതിസേവനൈഃ
വ്യായാമചിന്താഗ്രഹശോകശീതൈ-
രുഷ്ണൈശ്ച നീരാരാദിദോഷതോऽപി

മധുരചവർപ്പാസ്സശൈത്യാദിഭിഃ
പ്രായഃ പ്രകുപ്യന്തി ച സന്നിപാതാഃ

രാജികാദികൾ പുളി മധുരം ശൈത്യം രൂക്ഷത ചവർപ്പ് എരി
വ് ഇവ അധികമുള്ള ദ്രവ്യങ്ങളെ സേവിക്കുകകൊണ്ടും മാംസം മുത
ലായവ വിരുദ്ധസാധനങ്ങളുമായി ഭക്ഷിക്കുന്നതുകൊണ്ടും കോപം
കാമം സ്ത്രീസേവ വ്യായാമം ചിന്ത ഇവററിൻെറ ആധിക്യം കൊണ്ടും
ഭൂതഗ്രഹപീഡ ശോകം ശീതോഷ്ണങ്ങൾ മഞ്ഞ് ഇവകൊണ്ടും ഗ്രീ
ഷ്മം വസന്തം വർഷം ശരത്ത് ഈ ഋതുക്കളിൽ പ്രായേണ സന്നിപാ
തം ഉണ്ടാകും.

ത്രിദോഷസർപ്പഭക്ഷിതം ജ്വരാദിരസ്സ്ക്ഷയേൽ
സംഭ്രമസർവ്വവിട് ഗ്രതഃ പ്രപുഷ്യ ഏവ സർവ്വദാ
ത്രിദോഷവാരിവാരിധൌ ജനം നിമഗ്നമേവയ-
സ്സമൌഷധൈഃ പ്രകല്പ്യ പ്രാവമുത്രതസ്യതാരയേൽ
സദോമസ്ഥിതിരതഃ സുബുദ്ധിയുക്തമാനസൈർ
യതോനതരസമോസ്തിലോകേപിമിത്രബന്ധുരത്രവൈ.

ത്രിദോഷമാകുന്ന പെരുമ്പാമ്പു വിഴുങ്ങിയ പുരുഷനെ വീണ്ടെ
ടുക്കുവാൻ സർവ്വജ്ഞനായ ഗുരുവിന്നു മാത്രമേ കഴികയുള്ളൂ. അങ്ങനെ
യുള്ള ഗുരു ത്രികരണങ്ങളെക്കൊണ്ടും സർവ്വസമയവും ആരാധനീയ
നാകുന്നു. ത്രിദോഷമാകുന്ന കരയില്ലാത്ത സമുദ്രത്തിൽ എവിടെ
യോ മുങ്ങിപ്പോയ മനുഷ്യനെ കോരിയെടുത്തു സദൌഷധങ്ങ
ളാകുന്ന തോണിയിൽ കയററി കരയ്ക്കു കടത്തിയ മഹാത്മാവ് ഇഹ
പരബന്ധുവായ ഒരു മഹാനാകുന്നു. അദ്ദേഹത്തിന്നു തുല്യനായി ഒരു
ബന്ധു ഒരു ലോകത്തിലുമില്ലെന്നു നിശ്ചയം.

സന്നിപാതത്തിൻെറ നാമങ്ങളും
ലക്ഷണങ്ങളും ചികിത്സയും.

സന്ധികോന്തകോ രുഗ്ദാഹചിത്തവിഭ്രമ-
ശ്ശീതഗാത്രസ്തഥാ തന്ദ്രികം തതഃ
കണ്ഠകുബ്ജകഃ കർണ്ണകം തതോ
...ധിഭസ്യ പ്രോക്തതഃ
...ഭഗ്നനേത്രോ രക്തഷ്ഠീവീ തതഃ
...പ്രലാപീ സംസ്മൃതം തതഃ
...ചാരകസുശ്രുതാദിഭി
...ശ്ച ജിഹ്വകാത്രയോദശ.

...ന്തകം എന്നിത്യാദിയായി പതിമൂന്നു സന്നിപാത
...താദ്യാചാര്യന്മാരാൽ പറയപ്പെട്ടിരിക്കുന്നു.

സന്ധികത്തിൻെറ ലക്ഷണവും ചികിത്സയും.

കഫപ്രവൃദ്ധിർബലഹാനിജാഗരൌ
ഭ്രമസ്സശൂലസ്സകലാംഗപീഡനം
സുതപ്തദേഹം ബഹുവേദനാന്വിതം
സശോഷദാഹൈശ്ച യുതംഹിസന്ധികം.

അധികമായ കഫവർദ്ധനം ബലക്ഷയം ഉറക്കമില്ലായ്ക സംഭ്രമം
നൊമ്പരം സർവ്വാംഗങ്ങൾക്കും ഉപദ്രവം ശരീരം മുഴുക്കെ പലതരമുള്ള
പീഡ മെലിച്ചിൽ എരിച്ചിൽ ഇവയോടുകൂടിയിരിക്കുന്ന സന്നിപാതം
സന്ധികമെന്ന നാമത്തോടുകൂടിയതാകുന്നു.

സ്യാത്സന്ധികേലംഘനമേവതാവ-
ത്സ്വേദപ്രലേപാദിഷു രൂക്ഷകർമ്മ
കുല്മാഷപഞ്ചാംഗ്ലി ശൃതഞ്ച സിംധു
വിശ്വാഢ്യതംപത്ഥ്യ മഹോഷ്ണതോയം
യവാഗ്രസംഗാര്യ മൂലേനപൈചകേ
കുലത്ഥൈഃകണാദ്രോർത്ത്രവെസ്സിന്ധുയുക്തൈഃ
വദന്തിഹൈകേ ഗദംകാരവര്യാ-
സ്സുപത്ഥ്യം ത്രിദോഷോത്ഥരോഗാപഹന്തൈ്യ.

സന്ധികമെന്നു പേരോടുകൂടിയ സന്നിപാതത്തിങ്കൽ ലംഘനംത
ന്നെ പ്രധാനം. വിയർപ്പിക്കുക ഔഷധങ്ങളെ പുറത്തു പുരട്ടുക മുതലായ
രൂക്ഷകർമ്മങ്ങൾ പകുതി വേവിച്ച യവധാന്യവും വെള്ളത്താവണക്കിൻ
വേരുംകൊണ്ടുള്ള കഷായം ചതച്ച ഇന്തുപ്പും ചുക്കുപൊടിയും ചേർത്തു
കൊടുക്കുക ഇവ ഏററവും പത്ഥ്യമാണ്. പഞ്ചമൂലംകൊണ്ടുവച്ച ക
ഷായത്തിൽ കഞ്ഞിവച്ചു കൊടുക്കുന്നതു നന്നാണെന്നു ചിലർ അഭി
പ്രായപ്പെടുന്നു. പഴമുതിര തിപ്പലി ഇഞ്ചി ചാററു ഇന്തുപ്പു ഇവ ചേർത്തു
ണ്ടാക്കുന്ന കഞ്ഞിവെള്ളം പത്ഥ്യമാണെന്നു മററുചിലർ പറയുന്നു. ത്രി
ദോഷജ്വരങ്ങളുടെ ശമനത്തിന്നു ഇതൊക്കെ വളരെ നല്ലതാണെന്നു ഉ
ത്തമവൈദ്യന്മാരും പറയുന്നു. ഇവിടെ ഗദംകാര എന്നു പദച്ഛേദം.

ഗുഡൂചീശ്രീവൃദ്ധദാരുസ്സരാസ്നാ
ശിവാദക്ഷാത്രവെഷ്ഠാത്രിജാതൈഃഫലൈശ്ച
സവിശ്വംപുരേണാപിയുക്തംകഷായം
സുസേവ്യം ഗ്രഹേസന്ധികേനൈവപൂർവ്വം.

ചിററമൃതു കച്ചോലം മറിക്കുന്നി ദേവതാരം കടുക്കാ താന്നിക്കാ
നെല്ലിക്കാ ചുക്കു ഗുൽഗുലു ഇവകൊണ്ടുള്ള കഷായം സന്ധികസന്നി
പാതത്തിൽ വളരെ നന്ന്.

ശാഡ്വലഹസ്തേരണ്ഡ മൂലവിശ്വാ
രാസ്നാസുരാദ്യൈശ്ച ശിവാമൃതാഭിഃ
സമീരജാതാൻ സകലാമയാംശ്ച
ശൃതഃകഷായശ്ച നിഹന്ത്യവശ്യം.

വെളുത്താവണക്കിൻവേരു ചുക്ക ചിററരത്ത പുരാണമദ്യം മുത്ത
ങ്ങാക്കിഴങ്ങു കട്ടക്കാ ചിററമൃത്ത ഇവകൊണ്ടുള്ള കഷായം വാതപ്രധാ
നമായ സകല സന്നിപാതവും ശമിപ്പിക്കും.

കണാമൂലൈർവ്വാശാകലിതഃശിവാരാജതരുഭിഃ
ശൃതഃകഷായഃപീതോനദി ചനിയതഃസന്നിപാതഗദഃ
വിനശ്യേദ്വായോബല്ഗുബലകൃതേഃശ്ചാപ്രതിബലോ
യഥാമത്ത്യാദപിപ്രോന്നിദ്രഗ്രഹഗദ്ദാജൈത്രകഃജഡധീഃ.

തിപ്പലിമൂലം അടലോടകവേരു താന്നിവേരിൻതൊലി കട്ടക്കാ
കൊന്നവേരിൻതൊലി ഇവകൊണ്ടുള്ള കഷായം. സന്നിപാതാദികസന്നിപാത
ങ്ങൾ എത്ര ഭയങ്കരമായിരുന്നാലും മദ്യം ബ്രാഹ്മണനെ എന്നപോലെ
ഈ കഷായം നശിപ്പിക്കും.

ശതാവരീമുസ്തകപാഠമൂല
ദാരൈശ്ച വാസാ ധികാരൂറിശൈഃ
വഹ്ന്യാചതിക്താ പുഷ്കരാഭയാഭ്യാ
കച്ചൂരകൈശ്ചാപി കൃതഃകഷായഃ
മന്യാസ്തംഭേഷു തു വ്യപോഹതി കന്ന്യാം
സർവ്വാംഗോർദ്ധ്വരുപീഡാസുചാപി
ജാതാസുന്യാച്ചൂർത്തിത്ര്യക്തമേവ
പ്രാചീനൈസ്സദ്രോഗഹാരിപ്രമുഖൈഃ.

ശതാവരിക്കിഴങ്ങ് മുത്തങ്ങാക്കിഴങ്ങ് ദശമൂലം ചിററരത്ത ഓടൽ
മരത്തിന്റെ വേരിന്റെതൊലി ചുക്ക കൊടുവേലി കിയ്യാത്ത് ദേവതാ
രം കട്ടക്കാ ചെറുകച്ചോലത്തിൻകിഴങ്ങ് ഇവകൊണ്ടുള്ള കഷായം. മ
ന്യാസ്തംഭത്തോടുകൂടിയ സന്നിപാതം അതിഭയങ്കരമായിരുന്നാൽകൂടെ
ഈ കഷായം ശമിപ്പിക്കുമെന്ന് ആയുർവ്വേദാചാര്യന്മാർ ഐകകണ്ഠ്യേ
ന സമ്മതിക്കുന്നു.

നിർഗ്ഗുണ്ഡീ ദേവദാരിംബാപത്ര
ഏലാപുനർന്നവമേവയത്ര
ദോഷത്രയോദ്ഭ്രമിതൈരേവതത്ര
നിഹന്തി സന്ധിഗ്രഹസന്നിപാതം.

കരുനൊച്ചി കട്ടക്കാ വേപ്പില ഏലത്തരി ഗുൾഗുലു ഇവകൊണ്ടു

ള്ള ചുക ത്രിദോഷങ്ങൾ നിമിത്തമായ സന്ധിഗ്രഹസന്നിപാതം അതി
ഭയങ്കരമായിരുന്നാൽകൂടി ശമിപ്പിക്കും.

ചികിത്സായോഗ്യമല്ലാത്ത സന്നിപാതം.

ദാഹോഹിക്കാ ഹിംഗഭംഗൌ ശുചിശ്ച
മോഹസ്തേ ദോഷജ്ഞ ചേതൈർഭവന്തി
കാസസ്സദേഷ്ടാം ഗവർഗേഷുതാപ-
സ്സോന്മംഗ്ലരോയോഗന്തകാഖ്യോ ചികിത്സ്യഃ.

സർവ്വാംഗതാപം ഇക്കിൾ അംഗഭംഗം അരുചി മോഹാലസ്യം
കത്തിനോടു ചുമ സർവ്വാവയവങ്ങളും നീറുക ഇവറേറാടുകൂടിയ സ
ന്നിപാതം അന്തകസന്നിപാതമെന്ന അഭിധാനമുള്ളതും ചികിത്സി
പ്പാൻ യോഗ്യത ഇല്ലാത്തതുമാകുന്നു.

പീനശ്രോണിപയോധരാകൃശകടീഗംഭീരനാഭിഹ്രദാ
ശ്ശ്യാമലകന്തളാശശിമുഖീ രോമാവലീമണ്ഡിതാ
പ്രാപ്തായസ്യ ഭുജാന്തരാലമധുനാ ഭോഗൈരനിലംസിനീ
തസ്യാന്യന്നമഹൗഷധൈർന്നിദ്രാപ്രാണൈഃ കൃതംകാര്യഹോ.

മാംസളമായ അരക്കെട്ടും സ്തനങ്ങളും ഒതുങ്ങിയ അരയും കുഴി
ഞ്ഞ പൊക്കിൾകൊടിയും കരിവണ്ടിൻകാന്തി ചിന്തുന്ന കചഭാരവും
ചന്ദ്രനെപ്പോലെ മനോഹരമായിരിക്കുന്ന മുഖവും രോമാവലീശോഭിത
മായ ഉദരവും ഉള്ള സുന്ദരീരത്നം സർവ്വപ്രകാരേണയുള്ള സന്താപ
ത്തെ കളയുന്നതിൽ പര്യാപ്തയാകുന്നു. അങ്ങനെയുള്ള സുന്ദരിയുടെ
ആലിംഗനം ഒഴിച്ചു വേറൊരൗഷധവും പുരാതനപണ്ഡിതന്മാർ ഈ
രോഗശാന്തിക്ക് പര്യാപ്തമാണെന്ന് വിധിച്ചിട്ടില്ല. ഉണ്ടെന്നു പറയുന്ന
വരിലാണ് ആ വിധി കാണിക്കേണ്ടതാം.

ഊരുരോരുപീനവക്ഷോരുഹയുഗളമഥോകംബുകണ്ഠംധനർഭ്രൂ
യുക്തംവക്ത്രംശശാങ്കപ്രതിനിധി ചതഥാ തൽകലായുഗദന്തൈഃ
യസ്യാഃ കാപീഹദാഹജ്വര ശതനാലഭ്യതേപൂർവ്വപുണ്യൈഃ
കാവാദാഹജ്വരോദ്യം ശമയതി ചരദാഖൈർവഷ്ഠഃ പൗമദോശിം.

ചിത്തഭ്രമലക്ഷണവും ചികിത്സയും.

കദളിവാഴകൾപോലെയുള്ള തുടകളും വൃത്തോന്നതങ്ങളായ സ്ത
നങ്ങളും ശംഖസന്നിഭമായ കഴുത്തും വില്ലുകൾപോലെയുള്ള പുരിക
ക്കൊടികളോടുകൂടിയതും ചന്ദ്രതുല്യവുമായ മുഖവും ചന്ദ്രകലകളെന്ന
പോലെ ഉജ്ജ്വലങ്ങളായ നഖ പല്ലുകളും, യാതൊരു സുന്ദരിയ്ക്കു ഭവി
ക്കുന്നുവോ ആ സുന്ദരിയുടെ ആലിംഗനം ലഭിക്കുന്ന പുരുഷന്റെ ദാഹ
ജ്വരമെവിടെ? അവന്റെ പീഡകളെല്ലാംതന്നെ അതുകൊണ്ടു നശി
ക്കുന്നു.

ചിത്തഭ്രമലക്ഷണവും ചികിത്സയും.

പ്രലാപൻവികൃത[illegible]
മൃ[illegible]ചിൽ
[illegible]ചിദപ്യരിത്വെതി[illegible]ശ്ചിതം
വി[illegible]സ്യതി[illegible]

പിച്ചുപറയുക ബീഭത്സദർശനം ഹേതുവായിട്ടെന്നപോലെ മേലും കീഴും ഇടവും വലവും [illegible] ഒന്ന കളഞ്ഞുപോയതു തിരയുന്നവണ്ണം നോക്കുകയും മോറിക്കുകയും ഇടയിട പാട്ടുകയും [illegible] ഒറ്റക്കുടാതെ പൊട്ടിച്ചിരിക്കുകയും ചിത്തവിഭ്രമ[illegible]ങ്ങളാകുന്നു.

[illegible]ഹരീതകീ[illegible]മുസ്തകൈശ്ച
[illegible]ശിവ[illegible]
[illegible]
[illegible]ചിത്തഭ്രമ[illegible]

കടുക്ക പർപ്പടകപ്പുല്ല് മുത്തങ്ങ [illegible] കടുരോഹിണി നെല്ലിക്കാ മുന്തിരിങ്ങാ കിഴ്‌ന്നു [illegible] കൊന്നവേരിൻതൊലി ഇവകൊണ്ടു കഷായം. ചിത്തഭ്രമസന്നി[illegible] കൊടുക്കാനിന് ഈ കഷായം പട്ടരീയാകുന്നു. [illegible] വേപ്പുവള്ളി ചേർക്കുന്ന പതിവും ഉണ്ട്. [illegible] വൃദ്ധവൈദ്യമതം.

ദ്രാക്ഷാ ശിവാ [illegible]
ശമ്പാക മുസ്താ [illegible]
[illegible] കഷായഃ
ചിത്തഭ്രമ[illegible]

മുന്തിരിങ്ങാപ്പഴം കടുക്കാ പർപ്പടകപ്പുല്ല് ശംഖുപുഷ്പത്തിൻവേരു കൊന്നത്തൊലി മുത്തങ്ങാ, കടുകരോഹിണി ഇരുവേലി [illegible] ഇവകൊണ്ടു കഷായം. ചിത്തഭ്രമസന്നിപാതവറ്റത്തിന് ഇതും പട്ടരീയാകുന്നു.

ശീതാംഗലക്ഷണവും ചികിത്സയും.

[illegible] തൃഷ്ണാ
[illegible]
[illegible]നിതാന്തം
ത്രിജനിത [illegible] പീഡ്യതേ ശീതഗാത്രേ.

മഞ്ഞുകട്ടിയിൽ കൈവച്ചതുപോലെയുള്ള തോന്നൽ ശരീരത്തിങ്കൽ തൊട്ടാൽ ഉണ്ടാവുക. ഛർദ്ദി അതിസാരം തണ്ണീർദാഹം പുകച്ചിൽ കാസം ശ്വാസം ഇക്കിൾ ഇവയോടുകൂടിയുള്ള സന്നിപാതം ശീതാംഗമെന്ന പേരോടുകൂടിയതാകുന്നു. മരിക്കുന്നതിനും രോഗമുക്തി ലഭിക്കുന്നതിനും കാലവിളംബം ഉണ്ടാകയില്ല. എപ്പോഴും ഞരക്കവും മൂളലും ഉണ്ടായിരിക്കും. അനേകരോഗങ്ങളുടെ അകമ്പടിയോടുകൂടിയുള്ള ഒന്നാണിതു. ഇതും ചികിത്സായോഗ്യത ഇല്ലാത്ത ഒരു രോഗമാകുന്നു.

ശീതാംഗസ്യ ഭേഷജമേതദേവ
ശ്രീരാമ നാരായണ വാസുദേവ
ജല്പന്തഃ ശാന്തി [illegible]
[illegible]

ശീതാംഗസന്നിപാതം ചികിത്സയില്ലാത്ത ഒരു രോഗമാണെന്ന് മുൻപേ പറഞ്ഞുവല്ലോ. എങ്കിലും അതീന്ദ്രിയജ്ഞാനനിധികളായി അഹേതുകകൃപാനിധികളായ അസ്മന്മഹർഷികൾ ഇതിന് പ്രതിക്രിയ കണ്ടുപിടിച്ചിട്ടുണ്ട്. ശ്രീരാമ നാരായണ വാസുദേവ ഈ നാമങ്ങളെ രോഗിയും രോഗികളിൽ പ്രേമമുള്ള ജനങ്ങൾ നാലുപാടുമിരുന്നും ഇടവിടാതെ ജപിക്കുക. ജ്യോതിശ്ശാസ്ത്രത്തിലും കർമ്മവിപാകത്തിലും പറഞ്ഞിട്ടുള്ള മറ്റുദാനങ്ങളെ മടിക്കുടാതെ യഥാശക്തി ചെയ്യുക. ഇവകൊണ്ട് നിശ്ചയമായും സുഖം ലഭിക്കും.

അനന്തരം തന്ദ്രികലക്ഷണവും ചികിത്സയും.

വലാസസ്തന്ദ്രാർത്തി ജ്വരകസന തൃഷ്ണാകുലതനു-
സ്ത്വഥാശ്വാവാജീവ[illegible]കർണ്ണൗ[illegible]
ക്ലമശ്ചാരീസാര ശ്വസന[illegible]
[illegible] ഭവതി നിതരാം തന്ദ്രികഗദഃ.

കഫാധിക്യം മടി ശരീരപീഡ ജ്വരം ചുമ അസഹ്യമായ തണ്ണീർദാഹം വലിയ ഉണർവുകളോടുകൂടി നാക്കു കറുവാളിക്കുക, ശരീരം വെയിൽകൊണ്ടു വാടിയ തളിർപോലെ [illegible] അതിസരിക്കുക, ശ്വാസം വിടുന്നതിൽ വളരെ ക്ലേശമനുഭവിക്കുക ചെവി [illegible]ക തൊണ്ടയുള്ളിൽ അനവധി നെല്ലിന്റെ [illegible] [illegible] ന്നു തോന്നുക ഇവയൊക്കെ തന്ദ്രികസന്നിപാതത്തിന്റെ [illegible]കുന്നു.

[illegible]കാ നാഗര പുഷ്കരാണാം
ഭാർങ്ഗീ ശിവാ [illegible]
കഷായകോട്യന്തു നിഹന്തി തന്ദ്രാ
യുതം ത്രിദോഷം നനു ചിത്രമത്ര.

[illegible] ഷ്ടിക്കുക. [illegible]ള്ളതാണെന്ന് [illegible] ഐകകണ്ഠ്യ

ചെറുവഴുതിനവേര ചുക്ക പുഷ്കരമൂലം ചെറുതേക്ക കടുക്കാ അമൃത ഇവ കഷായം, തന്ദ്രികസന്നിപാതത്തെ ശമിപ്പിക്കുന്നതിൽ ഒരുത്തരും മില്ല.

നതം ശ്രുംഗികൃത്വാ ... ശാത്രിയുഗളം
ഗവാക്ഷ്യഃ ഗ്രവാസ്തി പ്രഭവസലിലേ നൈവസകലം
പ്രപിഷ്ടം നാസായാം ഗതമഥനിലീനായുർവശതോ
വിനാശം തന്ദ്രാന്താ ... നസ്യം പ്രകുരുതേ.

തകരം ചുക്ക കൊട്ടം കൂവ്വക തിപ്പലി മഞ്ഞൾരണ്ടും കാട്ടുവെള്ളരി വയമ്പ് ഇവ മൂത്രത്തിലരച്ച് സാരമെടുത്തു നസ്യംചെയ്താൽ മൃത്യുമുഖഗതമായ തന്ദ്രികാസന്നിപാതവും സുഖപ്പെടും.

അനന്തരം അഞ്ജനം.

ത്ര്യഗ്നിനാമ്പ്യ ... മനശ്ശിലായുതാ
വ്യഥലാലാ ച തുരംഗമസ്യാ...
ലവണോത്തമ മാഗധികാനചിതം
കൃതമേഭിസ്തന്ദ്രികാഞ്ജനം.

ചന്ദനം തിപ്പലി കുതിരവായിൽനിന്നുണ്ടാവുന്ന പത ഇന്തുപ്പ് തേൻ ഇവകൊണ്ടുള്ള അഞ്ജനം തന്ദ്രികസന്നിപാതത്തിങ്കൽ വളരെ ഫലമുള്ളതാകുന്നു.

മനശ്ശിലാമാഗധികാമധൂനി
ചന്ദ്രം ... തുരംഗമസ്യ
സസൈന്ധവം ... നാനി
തന്ദ്രാംസന്നിദ്രാഞ്ച വിനാശയന്തി.

മനയോല തിപ്പലി ... ഇന്തുപ്പ് തേൻ കുതിരവായിൽനിന്നുണ്ടായ പത ഇവകൊണ്ടുള്ള അഞ്ജനം ഉറക്കത്തോടുകൂടിയ തന്ദ്രികസന്നിപാതത്തിൽ വളരെ വിശേഷം.

കണാപത്ഥ്യാ ധാത്രീ ... ചിരിവിലാംസുലവണം
നിശാത്ര്യഗ്രം ശുണ്ഠീ ... ഫാസ്ഥിതാ ... ചാ
സമംപഥ്യാവാസ്തി പ്രഭവസലിലൈർ നേത്രകമലേ
നിയുക്തംചേത് ... വെള്ളവിഹിതദോഷാംശ്ചശമയേൽ.

തിപ്പലി കടുക്കാ നെല്ലിക്കാ നല്ലമുളക അവിത്തൊലി ഇന്തുപ്പ് മരമഞ്ഞൾ പെരുംകായം ചുക്ക താന്നിക്കായുടെ അകത്തുള്ള അണ്ടി വയമ്പ് കടുക്കാ ഇവ മനുഷ്യമൂത്രത്തിൽ അരച്ച് കണ്ണിലെഴുതിയാൽ തന്ദ്രികസന്നിപാതം ശമിക്കും.

കണ്ഠകുബ്ജലക്ഷണം.

ശിരോർത്തിഃകണ്ഠസ്യഗ്രഹണമഥ മോഹോവിലപനം
തഥോരസ്സോ ജാതാ ബഹുപവനപീഡാപിനിതരാം
ഹനുസ്തംഭോമൂർച്ഛാപരിതപനമുച്ചൈരപിയദാ
തദാസ്യാൽ കണ്ഠാദ്യംഗദിതമിഹകുബ്ജംതമപിവൈ.

സഹിപ്പാൻ നിർവ്വാഹമില്ലാത്തവിധമുള്ള തലവേദന തൊണ്ടയിൽ എന്തോ ഒന്നു തടഞ്ഞിരിക്കുന്നതുപോലെ തോന്നുക, മോഹം നിലവിളി നെഞ്ചുവേദന പലതരത്തിൽ ഉള്ള വാതോപദ്രവം ഹനുസ്തംഭം ബോധക്കേട് പരിതാപം ഇവ കണ്ഠകുബ്ജസന്നിപാതത്തിന്റെ ലക്ഷണങ്ങളാകുന്നു.

കടുത്രയൈരാത്രിയുഗാക്ഷകാഭ്യാം
തിക്താശിവാധാത്രിയുതൈർവിഭീതൈഃ
വാശാസമേതശ്ച കൃതഃ കഷായ-
സ്സ്യാൽ കണ്ഠകുബ്ജസ്യ വിനാശനായ.

ചുക്ക മുളക തിപ്പലി മഞ്ഞൾ മരമഞ്ഞൾ തൊട്ടുകാര കടുകരോഹിണി കടുക്കാ നെല്ലിക്കാ താന്നിക്കാ ആടലോടകവേര ഇവ കൊണ്ടുള്ള കഷായം കണ്ഠകുബ്ജസന്നിപാതത്തെ ശമിപ്പിക്കും.

ശൃംഗീതിക്താമാഗധീകട്ഫലൈശ്ച
വിശ്വാവ്യാഘ്രീയുഗ്മധാത്രീഫലൈശ്ച
വാശാഖ്യാഭ്യാം ചിത്രകൈഃ പുഷ്കരേണ
സാകം മുസ്താരേചകീവത്സകൈശ്ച.
കൃത്വാകഷായം ചവ്യഭ്രനിംബകൈശ്ച്യൈഃ
രാത്ര്യാം സദ്യഃ സംശ്രുതംതൽപ്രഭാതേ
ദേയം പാതും കണ്ഠകുബ്ജാപഹത്യൈ
സദ്വൈദ്യൈസ്സുശ്രുതാദ്യൈരിഹോക്തം.

കർക്കടകശൃംഗി കടുകരോഹിണി തിപ്പലി കുമിഴിൻവേര ചുക്ക ചെറുവഴുതിന വെൺവഴുതിന ഇവരണ്ടിൻവേര നെല്ലിക്കാ അത്തിതിപ്പലി? ചുക്ക... പുഷ്കരമൂലം മുത്തങ്ങാ ആടലോടകവേര താന്നിക്കാ കൊടുവേലിക്കിഴങ്ങ പുഷ്കരമൂലം മുത്തങ്ങാ കിഴങ്ങ കടുക്കാ കുടകപ്പാലരി കാട്ടുമുളകിൻവേര കിരിയാത്ത കൊട്ടം ഇവകൊണ്ട് രാത്രി കുറുക്കിയ കഷായം പ്രഭാതത്തിൽ സേവിപ്പിക്കുക. ഈ കഷായം കണ്ഠകുബ്ജസന്നിപാതശമനത്തിന് നല്ലതാണെന്ന് സുശ്രുതപ്രമുഖന്മാരായ സകല ആയുർവ്വേദാചാര്യന്മാരും ഐകകണ്ഠ്യേന സമ്മതിക്കുന്നു.

അനന്തരം നസ്യം.

കട്ഫലൈസ്തുംബിജലോത്ഭവൈശ്ച നസ്യം ഹ്യപാമാർഗ്ഗജബീജജം വാ
കണ്ഠായുതഞ്ചാപി നിഹന്തി കണ്ഠകബ്ജം ഹിചിത്രം നാഹികിഞ്ചിദത്ര.

ചുക്കു മുളക തിപ്പലി ഇവ പേച്ചുര ഇടിച്ചുപിഴിഞ്ഞ നീരിലോ കടലാടിഅരി തിപ്പലിപ്പൊടി ഇവ മാതളനാരങ്ങാ നീരിലോ ചേർത്തു നസ്യം ചെയ്താൽ കണ്ഠകബ്ജസന്നിപാതം ശമിക്കും.

കർണ്ണകലക്ഷണം.

ബാധിര്യ്യം കർണ്ണമൂലേ ശ്വയഥുരപി യദാ മൌലിദേശപ്രസേകഃ
കണ്ഠഗ്രാഹോങ്ഗപീഡാ പ്രലപനമപി വൈ ശ്വാസകമ്പാദയശ്ച
ആദൌ മദ്ധ്യേ തഥാന്തേ ക്രമതഇഹ ഗദോ സാദ്ധ്യസാദ്ധ്യോപസാദ്ധ്യോ
യത്രൈതേ കർണ്ണികം തം വിവിധബുധഗണാ കഷ്ടസാദ്ധ്യം വദന്തി.

ചെവികേൾക്കാതിരിക്കുക ചെവിയുടെ അടിബ്ഭാഗത്തു നീക്കെട്ടുണ്ടാക തല വിയർത്തൊലിക്കുക കഴുത്തിൽ ഒരാൾ അമർത്തിപിടിക്കുന്നപോലെയോ അല്ലെങ്കിൽ തൊണ്ടയിൽ എന്തോ ഘനമായ ഒന്നു തടഞ്ഞിരിക്കുന്നപോലെയോ തോന്നുക, സഹിപ്പാൻപാടില്ലാത്ത വണ്ണം ശരീരപീഡ ഉണ്ടായിരിക്കപിച്ചു പറയുക ശ്വാസം വിറ ഇവ ആദിയിൽ ഉണ്ടായാൽ ദീനം അസാദ്ധ്യവും, മദ്ധ്യത്തിലാണെങ്കിൽ സാദ്ധ്യവും, അന്ത്യത്തിൽ ആണെങ്കിൽ കൃഛ്റസാദ്ധ്യവും ഇങ്ങനെ മൂന്നുതരത്തിലാണ കർണ്ണകസന്നിപാതം. പല വിദ്വാന്മാർ ഈ രോഗത്തെ കഷ്ടസാദ്ധ്യമെന്നുതന്നെയാണ മിക്കവാറും തീർച്ചപ്പെടുത്തിയിട്ടുള്ളതു്.

കർണ്ണകചികിത്സ.

രാസ്നാവ്യാഘ്രീജലധരശിവാ പുഷ്കരൈശ്ചോഗ്രഗന്ധാ
ശൃംഗീഭാർങ്ഗീ ത്രികടുകയുതൈസ്തിക്തകാദ്യൈശ്ശൃതഞ്ച
ക്വാഥം പീത്വാ ത്രിജനിതമഹാകർണ്ണകഗ്രന്ഥിരോഗാ-
ന്മുക്തോ യദ്വൽസ്മൃതഹരപദോ ദുഷ്ടസംസാരപാശാൽ.

ചിററരത്ത ചെറുവഴുതിനവേരു മുത്തങ്ങാകിഴങ്ങു കടുക്കാ പുഷ്കരമൂലം വയമ്പു കൎക്കടശൃംഗി ചെറുതേക്കു ത്രികടുകം പടവലം ഇവ കഷായം. ഇതു സേവിച്ചാൽ സന്നിപാതരോഗങ്ങളിൽ എത്രയോ പ്രാധാന്യമുള്ളതായ കർണ്ണക സന്നിപാതരോഗത്തിൽനിന്നു്, "ദുഷ്ടസംസാരപാശത്തിൽനിന്നു് പരമശിവപാദസേവകനും ത്യാഗിയുമായ ഭക്തൻ എന്നപോലെ മുക്തനായിത്തീരും.

ത്രികടുത്രിഫലാദശാംഘ്രികൈഃ
കടുകാമാഗധികാസമന്വിതൈഃ

ധരണീപിചുമന്ദസംയുതൈ-
ശ്ശൃതമത്രൈവ നിഹന്തി കർണ്ണകം.

ത്രികടു ത്രിഫല ദശമൂലം കടുകരോഹിണി തിപ്പലി കിഴ്‌നാത്തു ഇവകൊണ്ടുള്ള കഷായം കർണ്ണകസന്നിപാതപ്രശമനമാകുന്നു.

ലേപനം.

രാത്രീവിശാലേംഗുദിസൈന്ധവാനി
കുഷ്ഠം സുരദ്രുശ്ച സുപേഷിതാനി
അർക്കസ്യദുഗ്ദ്ധേന തു ലേപിതാനി
ഗ്രന്ഥേർവിനാശായ ഭവന്തി തസ്യ.

മഞ്ഞൾ കാട്ടുവെള്ളരിവേരു ഓടൽമരത്തിൻവേരു ഇന്തുപ്പു കൊട്ടം ദേവതാരം ഇവ നല്ലവണ്ണം പൊടിച്ചു എരുക്കിൻപാലില രച്ചു പുരട്ടുക. കർണ്ണകസന്നിപാതത്തിലുണ്ടാകുന്ന നീരും ഗ്രന്ഥിയും ശമിക്കും.

അനലം കടുതുംബികാംഭികാ
ഗദകാസീസയുതാരുണാ തഥാ
ത്രിപയോയുതഭേരിതത്രവൈ
പരിലേപാദപി കർണ്ണകക്ഷയഃ.

കൊടുവേലിക്കിഴങ്ങു കടകപ്പാലവേരിൻതൊലി പാതിരിവേരിൻതൊലി കൊട്ടം അരേണുകം ചുവന്ന കുന്നിവേരു ഇവ കള്ളി എരുക്കു ചതുരക്കള്ളി ഇവ മൂന്നിൻെറയും പാലിലരച്ചുതേച്ചാൽ കർണ്ണകസന്നിപാതം ശമിക്കും. ഇതൊരുത്തമവിദ്യയാകുന്നു.

നസ്യം

കടുഷ്ണപാനീയകൃതഞ്ച നസ്യം
സസൈന്ധവം മാഗധികാസമേതം
കരോതി നാശം ത്വിഹ കർണ്ണമൂല-
സംജാതകഷ്ടസ്യ ന ചിത്രമത്ര.

കടുകരോഹിണി ചൂടുവെള്ളത്തിലരച്ചു ഇന്തുപ്പും തിപ്പലിപ്പൊടിയും ചേർത്തു നസ്യം ചെയ്താൽ കർണ്ണമൂലത്തിലുണ്ടായ വേദന ശമിക്കും.

ലേപനം.

ചക്രാംകദുഗ്ദ്ധഗ്രന്ഥിചിത്രകപുഷ്കരൈശ്ച
കാസീസകുഷ്ഠസഹിതൈർഘൃണജായയാ ച
ക്ലൃപ്തഃ പ്രലേപ ഇഹ സപ്തദിനാന്തരാളേ
ഗ്രന്ഥിം വിനാശയതി തത്ത്വിഹ നൈവ ചിന്താ.

തകരം എരിക്കിൻപാൽ ശക്കര കൊടുവേലി പുഷ്കരമൂലം അന്നഭേദി കൊട്ടം അതിവിടയം ഇവ അരച്ചു ലേപനംചെയ്താൽ ഏഴു ദിവസത്തിന്നകം ഗ്രന്ഥി ശമിക്കും.

ഭഗ്നനേത്രലക്ഷണം.

ജ്വരസ്യാതിവൃദ്ധിഃ സ്മൃതേശ്ചാതിഹാനിഃ
പ്രലാപോഭ്രമശ്ചാപി ശോഫശ്ച മോഹഃ
സദംഭായദാഭഗ്നദൃഷ്ടിർന്നരോയ-
സ്തദാഭഗ്നനേത്രസ്സ കൃച്ഛ്രേണസാധ്യഃ.

വലുതായ ജ്വരം ഓർമ്മ അശേഷമില്ലാതിരിക്കുക പിച്ചുപറയുക തലകറക്കം ശരീരത്തിൽ നീരുണ്ടായിരിക്കുക മോഹം (വിപരീതജ്ഞാനം). വിറയൽ (ഞെട്ടുക) കണ്ണിന്റെ കറുത്തമണി സ്തംഭിച്ചുപോവുകയോ മേല്പട്ട് മറയുകയോ മറ്റൊ ചെയ്യുക ഈ ലക്ഷണം ഭഗ്നനേത്രസന്നിപാതത്തിന്നുണ്ടാവും. ഇതു കൃച്ഛ്രസാധ്യമാകുന്നു.

ഭഗ്നനേത്രചികിത്സ.

നിശായുഗ്മം തിക്താ ജലധരശിവാനിംബമപി ച
കലിംഗം ധാത്ര്യാരഗ്വധഫലമിദം പടോലേനസഹിതം
ഷ്ഠതൈഷാംക്ഷൂദ്രായാ(?) ശ്ശൃതമപി നിപീതം പ്രശമയേ-
ത്ത്രിദോഷോത്ഥം ഭഗ്നാദൃഗഹിതമയനാന്താക്ഷമിതരാം.

മഞ്ഞൾരണ്ടും കടുകരോഹിണി മുത്തങ്ങാക്കിഴങ്ങു കടുക്കാ വേപ്പിൻതൊലി കടുകപ്പാലയരി നെല്ലിക്കാത്തോടു പടവലത്തിന്നില കണ്ടകാരിച്ചുണ്ടവേര ഇവകൊണ്ടു ചമച്ച കഷായം ത്രിദോഷപ്രധാനമായ ഭഗ്നനേത്രസന്നിപാതത്തെ ശമിപ്പിക്കും.

സ്യാദ്ഭഗ്നനേത്രാമയനാശനായ
ക്വാഥഃ പടോലാബ്ദസുരദ്രുനിംബൈഃ
തിക്താശിവാപാഠ്യയുതഃ കൃതോപി
ദോഷത്രയാരണ്യദവഃ പ്രസിദ്ധഃ.

പടവലത്തിന്നില മുത്തങ്ങാക്കിഴങ്ങു ദേവതാരം വേപ്പിൻതൊലി കടുകരോഹിണി കടുക്കാ കൊത്തമ്പാലരി ഇവകൊണ്ടുള്ള കഷായം ഭഗ്നനേത്രസന്നിപാതത്തെ നിശ്ശേഷം ശമിപ്പിക്കും. ഈ കഷായം ത്രിദോഷക്കാടിനെ ദഹിപ്പിക്കുന്ന പട്ടതീയാകുന്നു.

നസ്യത്തിന്.

മധൂകദ്രുനിംബകണാസമേതം
രസോനമാരീചകണാശിലാദിഃ

കണാഗദാഭ്യാമഥ മധൂകസാരൈഃ
സസൈന്ധവം ഹിംഗുയുതഞ്ച നസ്യം.

ഇരിപ്പക്കാതൽ കിരിയാത്തു തിപ്പലി ഇവയാൽ ലേഹനവും വെള്ളുള്ളി മുളകുപൊടി തിപ്പലി മനശ്ശില ഇവയാൽ അഞ്ജനവും തിപ്പലി കൊട്ടം ഇരുപ്പക്കാതൽ ഇന്തുപ്പ് കായം ഇവയാൽ നസ്യവും ചെയ്യുക. അടുത്തുതന്നെ ഇതു കാണിക്കുന്നുമുണ്ട്.

ലേഹമഞ്ജനനാവനയുക്തം രാമവേദമനോജ്ഞശരൈശ്ച
ഔഷധൈഃ ക്രമതഃ പരിബോദ്ധ്യം സന്നിപാതഹരമ്പരമേതത്.

ഇതിന്നുമുകളിൽ കാണിച്ച "മധൂകദ്രുനിംബാ" ഇത്യാദിയായ പദ്യംകൊണ്ടു ലേഹം അഞ്ജനം നസ്യം എന്നു മൂന്നുതരത്തിലുള്ള കർമ്മങ്ങളെ ചെയ്യുന്നതിനാണു ആചാര്യൻ ശാസിക്കുന്നത്. മധൂകദ്രുനിംബകണാനേത്യാദിയായ പാദത്തിൽ പറഞ്ഞിട്ടുള്ള ഇരിപ്പക്കാതൽ കിരിയാത്തു തിപ്പലി ഈ മൂന്നു ഔഷധങ്ങളെക്കൊണ്ടു ലേഹവും "രസോനമാരീചകണാശിലാദ്യൈഃ" എന്ന പാദത്തിൽ പറഞ്ഞിട്ടുള്ള വെള്ളുള്ളി മുളകുപൊടി തിപ്പലി മനശ്ശില ഈ നാലൗഷധങ്ങളെക്കൊണ്ടു അഞ്ജനവും "കണാഗദാഭ്യാമഥമധൂകസാരൈസ്സസൈന്ധവം ഹിംഗുയുതഞ്ച നസ്യം" എന്ന ഉത്തരാർദ്ധത്തിൽ പറഞ്ഞിട്ടുള്ള തിപ്പലി കൊട്ടം ഇരുപ്പക്കാതൽ ഇന്തുപ്പ് കായം ഈ അഞ്ചൗഷധങ്ങളെക്കൊണ്ടു നസ്യവും ചെയ്യണം. ഇവ മൂന്നും സന്നിപാതശമനമാകുന്നു.

മരീചോഗ്രഗന്ധാകണാശൃംഗിവേരൈ-
രസോനാശ്വഗന്ധാമധൂകദ്രുസാരൈഃ
ജലൈർമൂത്രഗൈസ്സിന്ധുയുക്തൈഃ പ്രപിഷ്ടം
വിനാശം നയേദ്ഭഗ്നനേത്രം തു നസ്യം.

നല്ലമുളകു വയമ്പു തിപ്പലി ചുക്ക് വെള്ളുള്ളി അമുക്കുരം ഇരുപ്പക്കാതൽ ഇവ പൊടിച്ചു നേർപ്പിച്ചു ഇന്തുപ്പുംചേർത്തു ആട്ടിൻമൂത്രത്തിൽ കലക്കി നസ്യംചെയ്താൽ ഭഗ്നനേത്രം എന്ന സന്നി ശമിക്കും.

രക്തഷ്ഠീവിലക്ഷണം.

ജ്വരസ്തൃഷ്ണാ ഛർദ്ദിഃ രുധിരവമിഭിശ്ചൈവ രസനാ
ഗദാശ്യാപാരക്താശ്രമദയുതശ്ചാപിദാഹഃ
തഥാ സംജ്ഞാനാശോ ഹ്യതിസരണമപീഹ ശ്വസനകം
തദാരക്തഷ്ഠീവീ യമഭവനമേതും ഝടിഗമിഷുഃ.

ജ്വരം തണ്ണീർദാഹം ഛർദ്ദി നാക്കിൽമുഴുക്കെ രക്തബിന്ദുക്കൾ

തുളിക്കുന്നതായി കാണുക നാക്കു തറയുമിളിച്ചു രക്തവർണ്ണത്തിലൊ കാണുക തളർച്ച മലം ഏറ്റിപ്പൊരിച്ചിൽ സംജ്ഞാ (ബോധ) ഹീനത്വം അതിസാരം ശ്വാസം ഈ ലക്ഷണങ്ങൾ രക്തഷ്ഠീവരോഗിയിൽ കണ്ടാൽ അതു ചികിത്സാസാദ്ധ്യമല്ല.

രക്തഷ്ഠീവചികിത്സ.

വാശാപപ്പടധന്വയാസഷഡഗ്രന്ഥീ ഭൂനിംബതിക്താക്തം
ക്വാഥം പീതമിദം പ്രഭാതസമയേ സദ്വൈദ്യദത്തം നൃഭിഃ
രക്തം ജാതമിഹൈവ വക്ത്രകമലേ ചിന്താമഹാദേഹിനോ
ദേഹാന്തർഗ്ഗതമാശു ശൈവശമയേ ഭൃദ്ധന്തമേവോദ്ഗതം.

ആടലോടകവേരിൻതൊലി പപ്പടകപ്പുല്ല് കൊടിത്തൂവവേര് താഴൽപൂവ് കിരിയാത്ത് കടുകരോഹിണി ഇവകൊണ്ടുള്ള കഷായം ഉത്തമവൈദ്യൻ പ്രഭാതത്തിൽ സിദ്ധമന്ത്രങ്ങളെ ജപിച്ചുകൊടുത്താൽ വായിൽ രക്തം വന്നുകൊണ്ടിരിക്കയായാലും, ദേഹിയുടെ ചിന്ത എന്നപോലെ അന്തർഭാഗത്തിൽ രക്തം വ്യാപരിച്ചുകൊണ്ടിരിക്കയായാലും, ഒരുപക്ഷേ അതു വർദ്ധിച്ചുനിലയിൽ എത്തിയിരിക്കയാണെങ്കിലും ശരി, നിശ്ശേഷം ശമിക്കുന്നതാണ്.

നളദപത്മകപർപ്പടകൈസ്സമൈർ
മധുകനിംബവൃഷോത്പലചന്ദനൈഃ
ശ്രുതമിദം ഹിമശീതസമന്വിതം
രുധിരമാസ്യഗമാശു വിനാശയേൽ.

രാമച്ചം പതുമുകം പപ്പടകപ്പുല്ല് ഇരട്ടിമധുരം വേപ്പിൻതൊലി ഇരുവേലി രക്തചന്ദനം ശതാവരിക്കിഴങ്ങു ഇവകൊണ്ടു വച്ച കഷായം വായിൽ രക്തം വന്നുകൊണ്ടിരിക്കുന്ന രക്തഷ്ഠീവ സന്നിപാതത്തെ ശമിപ്പിക്കും.

പ്രലാപലക്ഷണം.

കമ്പഃ പ്രവാസഃ പവമാനജാഡ്യം
വാക്യസ്യ ബാഹുല്യമഥപ്രലാപഃ
സംജ്ഞാപ്രണാശോ പ്യഥ ശംഖപീഡാ-
ശോഫപ്രലാപീയമമഭ്യുപൈതി.

വിറയൽ, ഇടവിടാതെ എഴുന്നേല്ക്കയും ഇരിക്കയും കിടക്കുകയും ഓട്ടുന്നതിനുത്സാഹിക്കയും ചെയ്യുക, ശരീരത്തിൽ നടന്നുകൊണ്ടിരിക്കുന്ന വാതവ്യാപാരങ്ങൾക്കു ഭംഗം, വളരെപ്പറയുക, പിച്ചുപറയുക ബോധഹീനത്വം ഇവ പ്രലാപലക്ഷണമാകുന്നു. ചെന്നികളിൽ അസഹ്യമായ പീഡയുണ്ടായിരിക്കുക നീരുവരിക ഇവ പ്രലാപസന്നിപാതത്തിങ്കൽ കണ്ടാൽ രോഗി യമപുരിയെ പ്രാപിക്കുകതന്നെ ചെയ്യും.

പ്രലാപചികിത്സ.

ത്രിദശതരുശിവാഭ്യാം ഹാരഹൂരാശ്വഗന്ധാ
നതദരവരപുഷ്പീ ഭൃംഗകേശീകിരാതൈഃ
ജലധരകടുകാഭ്യാം ഭാരതീരേണുയുക്തം
ശൃതമിദമിഹപീതം നാശയേദ്ദുഷ്പ്രലാപം.

ദേവതാരം കടുക്കാ മുന്തിരിങ്ങാപ്പഴം അമുക്കുരം തകരം ശംഖുപുഷ്പത്തിൻവേർ കാർകോലരി കിരിയാത്ത് മുത്തങ്ങാക്കിഴങ്ങു കടുരോഹിണി ബ്രഹ്മി അരേണുകം ഇവകൊണ്ടുള്ള കഷായം പ്രലാപകത്തെ ശമിപ്പിക്കും.

വാരിവാരിധരപപ്പടവിശ്വൈ-
ർവാശകന ദശമൂലസമേതൈഃ
ചന്ദനേനഹി ശൃതം ഹി പയോ ദ്യുത
പാനതഃ പ്രലപനഭ്രമഹന്തൃ.

ഇരുവേലി മുത്തങ്ങാക്കിഴങ്ങു പപ്പടകപ്പുല്ല് ചുക്കു ആടലോടകവേരിൻതൊലി ദശമൂലം ചന്ദനം ഇവകൊണ്ടുചമച്ച കഷായം പ്രലാപകത്തിലുണ്ടാകുന്ന ഭ്രമത്തിനു നല്ലതാണ്.

ജിഹ്വകലക്ഷണം.

ബാധിര്യം മൂകതാസ്യാച്ഛ്വസനകസനകൈ-
ർജിഹ്വകേ കണ്ടകൈർവ്വൈ
യുക്താ ജിഹ്വാ ത്വഥാസ്യാൽ ജ്വഹഠരഠിനതരൈ-
സ്തത്ര ചാപി ഘനാനം
നിദ്രാനാശോ ബലസ്യക്ഷയമിഹ ഗദിതഃ
കഷ്ടസാദ്ധ്യോനിതാന്തം
തസ്മാദ്വൈദ്യൈർവ്വരേണ്യൈരമൃതകര-
യുതൈസ്ത്വത്രതഃ സാദ്ധ്യ ഏഷഃ.

ചെവികേൾക്കാതിരിക്കുക മിണ്ടാതാവുക വായിൽക്കൂടെ മാത്രം ശ്വാസവും ചുമയും ഏല്ക്കുക അവധിയില്ലാതെയും വളരെ ഉറപ്പുള്ളതുകളായിട്ടു നാക്കിൽ മുള്ളുകൾപോലെ ഉണ്ടാവുക ഉറക്കമില്ലാതാവുക ബലക്ഷയം ഈ ലക്ഷണങ്ങൾ ജിഹ്വകസന്നിപാതത്തിനുണ്ടാകും. ഇതു വളരെ കഷ്ടസാദ്ധ്യമായ ഒരു രോഗമാകുന്നു. കൈപ്പുണ്യമുള്ള ഉത്തമവൈദ്യന്മാരുടെ അശ്രാന്തപരിശ്രമംകൊണ്ടു ചിലതിനു രക്ഷ ലഭിക്കയും ചെയ്യും.

ജിഹ്വകചികിത്സ.

ശിരീഷപത്ര്യാക്ഷപടോലനിംബ-
നിശാദ്വയൈഃ പപ്പടവിശ്വസിംഹീ

മുസ്താഗുഡൂചീസഹിതഃ കഷായഃ
സ്യാജ്ജിഹ്വകാഖ്യേ സന്നിപാതതുല്യഃ
യദ്രാജികാസൈന്ധവമാതുലുംഗ-
രസൈശ്ച മുക്തം കടുതൈലമേവ
ജിഹ്വാവിലിപ്തം തദേവ ജിഹ്വാം
സംശോധ്യ തൽകണ്ടകനാശകാരി.

വെണ്മേനിവാകത്തൊലി കടുക്കാത്തോട് താന്നിക്കാത്തോട് പടവലത്തിന്റില വേപ്പിൻതൊലി മഞ്ഞൾ രണ്ടും പുഷ്കരമൂലം ചുക്കു ചെറുവഴുതിനവേര് മുത്തങ്ങാ ചിററമൃത് ഇവകൊണ്ടുള്ള കഷായം ജിഹ്വകസന്നിപാതത്തെ ശമിപ്പിക്കും. ഇന്തുപ്പും കരിംകടുകുംകൂടി അരച്ച് മാതളപ്പഴച്ചാററിലും കടുകെണ്ണയിലും ചാലിച്ചു നാക്കിൽ തേച്ചാൽ ജിഹ്വാശോധനവും കണ്ടകനാശവും (നാക്കിലുള്ള മുള്ളുകളുടെനാശം) ക്ഷണേന സിദ്ധിക്കും.

ധൂപം.

മഹേന്ദ്രമാർത്താണ്ഡഫലത്രയൈശ്ച
നിർഗ്ഗുണ്ഡികാനിംബവചാശഠൈശ്ച
സിദ്ധാർത്ഥഭംഗാചിത്രവില്വപുഷ്പൈ-
ർമ്മധ്വാസവൈർദ്ധൂപനമത്ര ശസ്തം.

ഗ്രഹഗ്രസ്തേ ജന്തൗ ത്രിജനിതമഹാവ്യാളമുഖഗേ
തഥാ പ്രേതാദിഭ്യോ ഭയയുതേ ചൈവ മനുജേ
വരം ധൂപൈരേതൈർഭവശതാത്തസ്യ നിതരാം
യതസ്തന്ത്രേതന്ത്രേ ബഹുമതവിചാരേണ കഥിതം.

കടുകപ്പാല എരുക്കിൻവേര് ത്രിഫല കരിനൊച്ചിയില വേപ്പിൻതൊലി വയമ്പു കൊട്ടം കടുക കഞ്ചാവു പൂങ്ങിൻപൂവ് ഈ മരുന്നുകൾ ഉണക്കിപ്പൊടിച്ചു തേനിൽ കുഴച്ചു പുരാണമദ്യവും ചേർത്തു നെരുപ്പിൽഇട്ടു പുകയ്ക്കുക.

മനുഷ്യർ ദുഷ്ടഗ്രഹപീഡിതന്മാരായിരിക്കുമ്പോഴും വാതാദി ദോഷങ്ങളാകുന്ന വ്യാളങ്ങളുടെ വായിലകപ്പെടുന്ന അവസരത്തിലും പ്രേതോപദ്രവപീഡിതരാകുന്ന അവസരത്തിലും ഈ ധൂപം ശരണമായി ഭവിക്കുമെന്നുള്ളതിൽ സംശയമില്ല. പല തന്ത്രങ്ങളിലും വളരെ ശ്ലാഘിച്ചിട്ടുള്ള ഒരു ധൂപമാണിത്.

അഭിന്യാസലക്ഷണം.

അഭിന്യാസേ സ്നിഗ്ദ്ധം വദനമിഹ ദോഷത്രയകൃതേ
വിനാശോ നിദ്രായാഃ ശ്വസനകസനൗ ചാപ്യവിരതൗ

വചോഹാനിർഗ്ലാനിർഭവതി ബലനാശശ്ച നിയതം
മഹാമൃത്യോരാസ്യം ഗത ഇതി നസന്ദേഹകണികാ.

വാതാദികളായ മൂന്നു ദോഷങ്ങളുടേയും കോപംകൊണ്ടുണ്ടാകുന്ന ഒന്നാണ് അഭിന്യാസം. മുഖത്തിനു വളരെ സ്നിഗ്ദ്ധത ഉണ്ടായിരിക്കും. ഉറക്കം അശേഷം ഉണ്ടാവുകയില്ല. കാസവും ശ്വാസവും കലശലായി എപ്പോഴുമുണ്ടായിരിക്കും. വാഗ്വ്യാപാരം ഉണ്ടാവുകയില്ല. ശരീരത്തിനു തളച്ച അധികമായിരിക്കും. ക്ഷണംപ്രതി ബലം ക്ഷയിച്ചുതുടങ്ങും. അവൻ മൃത്യുമുഖഗതനാണെന്നു നിശ്ചയിക്കുന്നതിൽ തെററു വരികയില്ല.

അഭിന്യാസചികിത്സയിൽ ആദ്യം മുഖശോധനത്തിന്.

ബാൽഹീകവിശല്യാസഹിതം പ്രഭാതേ
പീതം ദ്രവം മാർക്കവജാതമേകം
തിക്താസമഞ്ചാപി കടുപ്രയുക്തം
വക്ത്രസ്യ ശുദ്ധിം പ്രകരോത്യവശ്യം.

കായവും ചുക്കും പൊടിച്ചു പുലർകാലത്തിൽ കയ്യോന്നിനീരിൽ സേവിക്കുകയോ പുത്തരിച്ചുണ്ടവേർ കടുകരോഹിണി ഇവയുടെ കഷായം കവിൾക്കൊൾകയോ ചെയ്താൽ മുഖശുദ്ധിയുണ്ടാകും.

നസ്യം.

കണോഷണാസൈന്ധവഭൃതകേശീ
മധൂകകോഷ്ണോദകകല്പിതൈർവാ
പൃഷന്തി ചതുരാദ്യഥവാഷ്ടബിന്ദൂ-
നാഘ്രായ രോഗോ ബോധയുതോ ഭവേദ്വൈ.

തിപ്പലി മുളകു ഇന്തുപ്പു ഇവ ഇരിപ്പക്കാതൽ വെന്ത വെള്ളവും കരിനൊച്ചിയില ഇടിച്ചുപിഴിഞ്ഞ നീരും ഒന്നിച്ചുചേർത്തതിൽ കലക്കി അതിൽനിന്നു നാലുമുതൽ എട്ടു തുള്ളിവരെ എടുത്തു നസ്യംചെയ്താൽ പഞ്ചേന്ദ്രിയജ്ഞാനശൂന്യനായിത്തീർന്ന രോഗി ഇന്ദ്രിയബോധമുള്ളവനായിത്തീരും. ഇരിപ്പക്കാതൽ മുതലായവകൊണ്ടുള്ള വെള്ളം ചെറുചൂടുള്ളതായിരിക്കണം.

അഞ്ജനം.

മണിമന്ഥരസോനകൈർവചാ
ശുകബീജാനികണാ ഹരിച്ച ഗോഃ
ജലപിഷ്ടമിദം മരീചിഭിഃ
കഫവായുജഡതാനാശനാഞ്ജനം.

ഇന്തുപ്പു വെള്ളുള്ളി വയമ്പു നെന്മേനിവാകയുടെ വിത്തു തിപ്പലി ഇവ നെയ്യിലും ഗോമൂത്രത്തിലും കർപ്പൂരതുളസിനീരിലും അരച്ചു കണ്ണിൽ അഞ്ജനമെഴുതിയാൽ കഫവാതജ്വരം ശമിക്കും.

കഷായം.

ശൃംഗീഭാർങ്ഗീപുഷ്കരൈർധന്വയാഷ
യുക്തോ വ്യാഘ്രീസംയുതഃ പീതഏവ
പ്രാതശ്ചാഭിന്യാസമുന്മൂല്യ നാശം
കർച്ചൂരാഢ്യഃ ശീഘ്രമേവ പ്രകുര്യാൽ.

കർക്കടശൃംഗി ചെറുതേക്ക പുഷ്കരമൂലം കൊടിത്തൂവ ചെറുവഴുതിന ഇവ ഓരോന്നിന്റെയും വേര്. ഇവകൊണ്ടുള്ള കഷായം കച്ചോലത്തിൻപൊടി അനുപാനമായി പ്രാതഃകാലത്തിൽ സേവിച്ചാൽ അഭിന്യാസം വളരെ വേഗം വിട്ടുപോകും.

ശടീനിശാകണാവ്യോഷൈഃ ശിവാപാഷണാരുണാദിഭിഃ
കരഞ്ജശൈവലബിലമൂലനിംബകണ്ടകാരികാഃ
സഭ്രമിനിംബകണ്ടകാഖ്യതം കഷായമുത്തമം
പിബന്നരസ്ത്രിദോഷതോ വിമുക്ത ഏവനാന്യഥാ.

കച്ചോലം മഞ്ഞൾ തിപ്പലി ആടലോടകവേര് കടുക്ക കുരുമുളക് ചുവന്നകന്നിവേര് പുംകിൻതൊലി കന്മദം കൂവളവേരിൻതൊലി വേപ്പിൻതൊലി കണ്ടകാരിവേര് കിയ്യാത്തു് മുളവേര് ഇവകൊണ്ടുള്ള കഷായം ത്രിദോഷപ്രഭവമായിരിക്കുന്ന അഭിന്യാസത്തെ ശമിപ്പിക്കും.

ഗന്ധർവ്വഹസ്തകമലാഫലവിശ്വപാഠാ-
വ്യാഘ്ര്യശ്മഭേദനഗുണോത്തമവാരിസിദ്ധം
ക്വാഥം പ്രപീതമിഹ സർവ്വഗദപ്രണാശി
തദ്വത്സശൂലമഥസർവ്വമദം നിഹന്തി.

വെളുത്താവണക്കിൻവേര് കൂവളവേരിൻതൊലി ചുക്ക പാടത്താളിക്കിഴങ്ങ് ചെറുവഴുതിനവേര് കല്ലൂർവഞ്ചി ഇന്തുപ്പ് ഇവകൊണ്ടുള്ള കഷായം അഭിന്യാസത്തെ ശമിപ്പിക്കും. ശൂല മദം മുതലായതും ശമിക്കും.

അഭിന്യാസസമ്പന്നദഷ്ടഃ പുമാൻയോ
ഹ്യനേകൈശ്ചയോഗൈർന്നനൈരുജ്യമേതി
തദാ ചാസ്യ പാദൗ ഹ്യഥോ വാ ലലാടം
സമാദാഹ്യനൈരുജ്യലക്ഷ്മീമുപൈതി.

അഭിന്യാസാഖ്യേ ഭൂഭൃത്സജലചരൈർഭക്ഷിതമതിഃ
പുമാൻനാനായോഗൈർയ്യദപിനഹിബോധം ചവിലഭേൽ
തദാസ്യാംഘ്രിദ്വന്ദ്വം ദഹിബഹുവൈദ്യൈശ്ച കഥിതം
ലലാടം ലോഹൈർവ്വാ വിരചിതശലാകാഗ്നിധമിതം.

അഭിന്യാസപീഡിതനായ പുരുഷന് അനേക വിധത്തിൽ വിധിച്ചിട്ടുള്ള ഔഷധങ്ങളിൽ ഒന്നുംതന്നെ രക്ഷയ്ക്കു പര്യാപ്തമായി തീരുകയില്ല എന്നു പ്രസിദ്ധമാണ്. ദൈവവശാൽ ചിലപ്പോൾ രക്ഷപ്രാപിച്ചെന്നുവരാം. ഇങ്ങനെയുള്ള ഭയങ്കരാവസ്ഥയിൽ പെട്ട രോഗിയെ രക്ഷിക്കുന്നതിന് ഒരുപായമുള്ളത് ഇവിടെ പറയാം. രോഗിയുടെ പാദങ്ങളേയും ലലാടത്തേയും ലോഹശലാകകളെക്കൊണ്ട് ദഹിപ്പിക്കുകയാകുന്നു ആ ഉപായം. മറ്റൊരു ചികിത്സകൊണ്ടും രക്ഷ ലഭിക്കയില്ലെന്നനിലയിലായതിൽ പിന്നെയാണ് ഇവിടെ പറഞ്ഞതരത്തിലുള്ള അഗ്നികർമ്മം ചെയ്യേണ്ടത്. എവിടെയാണ് അതുകൊണ്ടു സുഖം പ്രാപിച്ചതായി കേട്ടിട്ടുണ്ട്. അഗ്നികർമ്മം ചെയ്യേണ്ടതെന്നു ഉത്തമഗുരുക്കന്മാർ ചെയ്യുന്നതുകണ്ടു വഴിപോലെ മനസ്സിലാക്കി പ്രവർത്തിക്കണം.

സന്നിപാതങ്ങളൊക്കെ ത്രിദോഷത്തിൽനിന്നു ഉണ്ടാകുന്നതാകകൊണ്ടു എല്ലാവറ്റിനും സാമാന്യേന പറയുന്നതായ ചികിത്സകളെ ഇനി പറയുന്നു.

സഞ്ജീവനിഗുളിക.

വിഡംഗപഥ്യോഷകണാശിവാനാം
ശുണ്ഠ്യുഗ്രഗന്ധാമലകാക്ഷകാണാം
വിഷേണ ഭല്ലാതകസംയുതേന
സാകഞ്ചഗോമൂത്രസുഭാവിതാനാം
ഗുഞ്ജാപ്രമാണാർദ്രകസദ്രസേന
സംജീവനീയം ഗുഡികാ പ്രദേയാ
ഏകാഹ്യജീർണ്ണേതഥവാവിഷൂച്യാം
ദ്വേസർപ്പദഷ്ടേതഥ തിസ്രഏവ
താസ്സന്നിപാതേഷു ചതസ്രഏവ
ഭക്ത്യാസ്തു സംജീവനകാരിണീസാ
യഥാർത്ഥനാമ്നീച പുരാ ചകാര
ധന്വന്തരിസ്താഞ്ച കൃപാർദ്രദൃഷ്ട്യാ.

വിഴാലരി അമൃതു തിപ്പലി കടുക്കാ ചുക്ക വയമ്പു നെല്ലിക്കാ താന്നിക്കാ ഇവയും വത്സനാഭി ചേരിൻകുരു ഇവയും വെവ്വേറെ ഗോമൂത്രത്തിലരച്ചു ശുദ്ധിചെയ്ത് കുന്നിക്കുരുവിന്റെ അളവിൽ ഉരുട്ടി നിഴലുണക്കി സൂക്ഷിക്കുക. ഇഞ്ചിനീരിൽ ഈ ഗുളിക അജീർണ്ണത്തിൽ

ഒന്നും വിഷൂചികയിൽ രണ്ടും പാമ്പുകടിച്ചവനു മൂന്നും സന്നിപാതത്തിൽ നാലും കൊടുക്കണം. സംജീവനി എന്നു പ്രസിദ്ധമായ ഈ ഗുളിക അന്വർത്ഥനാമത്തോടുകൂടിയതും കരുണാശാലിയായ ധന്വന്തരിഭഗവാൻ ഉപദേശിച്ചതുമാണ്.

ആനന്ദഭൈരവവടിക.

വത്സനാഭി

ഗരളഹിംഗുലടങ്കണമാഷണനിംബു ക-
ദ്രവമരിചഷഡംശമിദം സമം
ബഹുവിമർദ്ദ്യഗുഡീപരികല്പിതാ
വിവിധരോഗഹരഃ പരിസേവനാൽ.

സ്വപ്നാനന്ദവടീ മനോഭവനദീ വ്യാധ്യൌഘഹാരി ദ്ധ്രുവം സിന്ധി
പാലേ മർദ്ദിതമുഷ്ണഭേഷജൈർ? ഗുഞ്ജാസമാ കല്പിതാ
അന്തേ ഭൈരവശങ്കസംയുതഹിതാ ഭീതിപ്രദാ രോഗിണാം
രോഗാണാം ച നിഹന്തി ദോഷനിചയം വാതാദ് സമ്പാദിതം.

വത്സനാഭി

പാമ്പിന്റെ വിഷം കാരം തിപ്പലി കുരുമുളക് ഇവ സമം എല്ലാം ചേർത്തരിൽ പകുതി ചുക്ക് ഇവ രണ്ടുദിവസം നാരങ്ങാനീരിൽ നല്ലവണ്ണം അരച്ച കുന്നിപ്രമാണം ഗുളികയുരുട്ടി നിഴലുണക്കി സൂക്ഷിക്കുക. അനേകരോഗങ്ങളെ ശമിപ്പിക്കുന്നതിന് ഈ ഗുളിക മതിയാകും. വാതാദിദോഷങ്ങൾ കലർന്നിരിക്കുന്ന ഉദരരോഗങ്ങളിൽ ഇതു വളരെ നന്ന്.

രസം.

ദശമൂലകഷായമിശ്രിതം ഭവബീജസ്യ ച ഭസ്മകം പരം
ദശപിപ്പലിചൂർണ്ണസംയുതം ത്രയജാതജ്വരനാശകാരകം.

വഴിപോലെ നീററിയെടുത്ത രസഭസ്മം പത്തുഭാഗം തിപ്പലിപ്പൊടിയോടുകൂടി ചേർത്തു ദശമൂലകഷായത്തിൽ അരച്ചു ഗുളികയാക്കി ദശമൂലകഷായത്തിൽ കൊടുക്കുക. സന്നിപാതജ്വരത്തിലും മററും വളരെ ഗുണപ്രദമായ ഒന്നാണ് ഈ ഗുളിക. രസം ഭസ്മമാക്കുന്ന ഉപദേശങ്ങൾ ഭാവപ്രകാശം രസരത്നമഞ്ജൂഷ രസരാജമഹോദധി മുതലായ ഗ്രന്ഥങ്ങളിൽ അവധികൂടാതെ കാണുന്നുവെങ്കിലും അവ ഒന്നൊഴിയാതെ സകലവും വൃഥാ ശ്രമത്തിനായിട്ടുള്ളവയാണെന്ന് ആ സംഗതിയിൽ അനേകകാലം ക്ലേശിച്ച ജനങ്ങൾക്ക് അറിയാം. രസം പലതരത്തിൽ സംസ്കരിക്കുന്നതിനു ഉപയോഗിക്കുന്ന ചെടികളുടെ രസത്തിൽനിന്ന് അഗ്നിപാകവശാൽ സിദ്ധിക്കുന്ന ഉപ്പുകളുടെ ഭസ്മത്തെയാണ് രസഭസ്മമായിട്ടു പലരും വ്യാമോഹിച്ച് ഉപയോഗിക്കുന്നത്. ആ ഉപ്പുകൾക്കും ചില ഗുണങ്ങളില്ലെന്നില്ല. ശുദ്ധമായ

രസഭസ്മം സിദ്ധയോഗികളിൽ നിന്നല്ലാതെ ലഭിക്കയില്ല. രസഭസ്മംകൊണ്ടു ജയിക്കാൻ നിവാഹമില്ലാത്ത രോഗങ്ങളൊന്നുംതന്നെ ഈ ഭൂമിയിലില്ല. എന്നു തത്ത്വവിത്തുകളുടെ സന്നിധിയിൽ ഉണർത്തിക്കണമെന്നില്ലല്ലോ. ജ്വരാദിശമനത്തിനു രസസാന്നിദ്ധ്യംകൊണ്ടു സിദ്ധിക്കുന്ന (ചെടികളുടെ രസങ്ങളിൽനിന്നു കിട്ടുന്ന) ഉപ്പുകൾ മതിയാകും.

മറെറാരു രസപ്രയോഗം.

ദൈത്യേന്ദ്രരുദ്രഭവം ബീജസമം വിമർദ്ദ്യ
ധൂർത്തസ്യ ബീജമഥ തദ്ഭവതൈലയുക്തം
തൽകാമിനീദ്രവവിധൂനനമേവ ലോകേ
ഖ്യാതം ത്രിദോഷഹരമത്ര ച വല്ലയുക്തം
മരീചാഹിവല്ലീ യുതം ശീതയുക്തേ
കണാഹിംഗുയുക്തം ച ശൂലേ തഥൈവ
പുരാണജ്വരേ കൃഷ്ണയായുങ് മധൂകം
കണാവിശ്വമാരീചജം ചൂർണ്ണമേവ
തഥാ ശ്വാസയുക്തേ ത്രിദോഷേ തു ദേയം
മധൂകേന യുക്തം തദർദ്ദ്രസ്യ വാരി
പ്രമേഹേ തു ദേയം സിതാസംയുതം തത്
തഥാ വാതദോഷേ രസോ നാഗ്യതദ്ധ്യാം
പ്രമേഹാബ്ധ്യഗസ്ത്യഃ പ്രസിദ്ധസ്തു ലോകേ
ബലിപ്രീതിദോ മാനവാനാം തഥാസ്തി
നിശായാഞ്ച ദുഗ്ദ്ധേന ചേൽ സേവിതോ വൈ
തദാ മാനിനീമാനവിധ്വംസകാരീ.

ശുദ്ധിചെയ്ത ഗന്ധകം, രസം, ഉമ്മത്തിൻകുരു, ഇവ എല്ലാംകൂടി മർദ്ദിച്ച് ഉമ്മത്തിൻകുരുവിന്റെ എണ്ണയിൽ കുഴച്ച് സ്ഫടം ചെയ്തു അമരിനീരിൽ സേവിച്ചാൽ ത്രിദോഷജ്വരശാന്തിയും കാമിനീമദം കളയത്തക്ക ധാതുബലവും ഉണ്ടാകും. ഈ രസഭസ്മം തന്നെ നല്ലമുളകിൻപൊടി ചേർത്ത് വെററിലനീററിൽ ചാലിച്ചു സേവിച്ചാൽ തുള്ളപ്പനി ശമിക്കും. തിപ്പലിപ്പൊടി, കായം ഇവയോടു ചേർത്തു സേവിച്ചാൽ ശൂല ഇല്ലാതാകും. തിപ്പലിപ്പൊടിയും ഇരിപ്പക്കാതലിൻപൊടിയും ചേർത്തു സേവിച്ചാൽ പുരാണജ്വരഹരമാണ്. തിപ്പലി, ചുക്ക്, നല്ലമുളക് ഇവയുടെ പൊടി ചേർത്തു ത്രിദോഷപ്രധാനമായ ഏതു രോഗത്തിലും കൊടുക്കാം. ഇരിപ്പക്കാതലിൻപൊടിയും പഞ്ചസാരയും ചേർത്തുവേണം പ്രമേഹരോഗത്തിൽ കൊടുക്കാൻ. വാതകോപത്തിൽ വെളുത്തുള്ളി അരത്ത് ഇവ കഷായം വെച്ച് അതി

ൽ ചേൎത്തു കൊടുക്കാം. ഈ രസം പ്രമേഹാബ്ധിക്ക് അഗസ്ത്യൻ തന്നെയെന്നാണ് ലോകപ്രസിദ്ധി. ഇതു കൂടാതെ ശക്തിയും ഇന്ദ്രിയങ്ങൾക്ക് സന്തോഷവും ഉണ്ടാകും. രാത്രിയിൽ തൈരിൽ സേവിച്ചാൽ നിശ്ചയമായും ധാതുബലം സിദ്ധിക്കും. ഇങ്ങനെ ഈ രസം അനുപാനഭേദത്താൽ പലവിധ രോഗങ്ങളെയും നശിപ്പിക്കും.

ഉപചൂൎണ്ണം.

മരിചപുഷ്കരമാഗധികാശിവാ
സരണിനിംബമഹൌഷധലോധ്രകൈഃ
മഗധകഃ ഫലദാരവികായുതൈ
സ്തനുവിലുപ്തമലശ്ച വിഭേഷിതം
സകടുകഞ്ചനിദിഗ്ധികശീലിതം
ജ്വരമിദൈരവചസ്വവിവൎദ്ധിതം
ചരകസുശ്രുതവാഗ്ഭടകൈരിദം
പരമപൂജനമത്രചൂൎണ്ണം.

കുരുമുളക് പുഷ്കരമൂലം തിപ്പലി കടുക്കാ പ്രസാരണി വേപ്പിൻതൊലി ചുക്ക് പാച്ചോററിത്തൊലി തിപ്പലി കുമിഴിൻവേരിൻതൊലി കൈപ്പൻപാവൽ ഇവ ഉണക്കിപ്പൊടിച്ച് കണ്ടിവെണ്ണയും കടുകിൻ പൊടിയും കൂട്ടിച്ചേൎത്തരച്ച് ശരീരത്തിൽ തിരുമ്മിപ്പിടിപ്പിച്ചാൽ വലുതായ ജ്വരങ്ങളും ശമിക്കും. ചരകസുശ്രുതവാഗ്ഭടാചാൎയ്യാദികൾക്ക് സമ്മതമായ ഒരു ചൂൎണ്ണമാണിത്.

വാലുകാസ്വേദം.

സാവാലുകാപോട്ടലഭൎജ്ജിതാ ച-
ത്താംകാഞ്ചികൈസ്സിച്യ ചവസ്ത്രബന്ധ
നിബദ്ധ്യതത്സ്വേദനതോനരാണാം
നശ്യന്തി വാതാശ്ചവലാസശൂലം.

ആററുമണൽ ഓട്ടിലിട്ടുവറുത്തു ചൂടോടുകൂടി വസ്ത്രഖണ്ഡത്തിൽ കെട്ടി അരിക്കാടിയിൽ മുക്കി സഹിക്കത്തക്ക ചൂടോടുകൂടി ശരീരത്തിൽ ഉഴിഞ്ഞ് വിയൎപ്പിച്ചാൽ വാതകഫോദ്ഭവ രോഗങ്ങളും കുത്തിനോവും ശമിക്കും.

സന്നിപാതങ്ങളുടെ പരമാവധികാലം.

സ്യാൽസപ്തദിനംവിംശതിശംഭനേത്ര
പക്ഷംതഥാവിംശതിബാണപൂൎണ്ണാ
സംഖ്യാദിനാനാഞ്ചദശത്രിയുക്തം

മാസത്രയഞ്ചാപിദിനാഷ്ടകംവൈ
ദിക്സംഖ്യയാ ചാപി ചതുൎദ്ദശേന
പക്ഷേണപക്ഷേണ ചസാവധികാദ്യാഃ
തിഷ്ഠന്തിസൎവേപിഹിസന്നിപാതാ
മൃത്യുസ്തദൂൎദ്ധ്വം പ്രവദന്തിവൈദ്യാഃ
സ്യാത്സന്ധികേവാസരസപ്തകഞ്ച
തഥാന്തകേദിക്പ്രമിതംദിനാനാം
രുഗ്ദാഹകേവിംശതിരേവചാത്ര
ചിത്തഭ്രമേ ചാപിദിനത്രയംവൈ
ശീതാംഗകേപക്ഷമിതഞ്ചപഞ്ച
പൂൎവ്വാതഥാവിംശതിരേവചാത്ര
തന്ദ്രായുതം ചാപിഹികണ്ഠകുബ്ജേ
ത്രയോദശാഹംഹ്യഥകൎണ്ണകാഖ്യേ
മാസത്രയഞ്ചാപ്യഥഭഗ്നനേത്രേ
ദിനാഷ്ടകംരക്തഷ്ഠീവനകേചപൂൎവ്വേ
ദശപ്രലാപേതു ചതുൎദ്ദശൈവ
വസുദ്വയംജിഹ്വകസന്നിപാതേ
പക്ഷന്ത്വഭിന്യാസകഏവസദ്വൈഃ
കൃതോവധിസ്സുശ്രുതവാഗ്ഭടാദ്യൈഃ
മൃത്യുസ്തദൂൎദ്ധ്വാഗമൃതാശിനോപി
ശങ്കാനകാൎയ്യാക്രമതോത്രവൈദ്യൈഃ

ഏഴ്, പത്ത്, ഇരുപതു, മൂന്ന്, പതിഞ്ച്, ഇരുപത്തഞ്ച്, പതിമൂന്നു ഇത്രയും ദിവസങ്ങളും മൂന്നുമാസവും എട്ടുദിവസവും പത്തുദിവസവും പതിനാലുദിവസവും പതിനഞ്ചുദിവസവും വീതം സന്ധികാദികളായ സന്നിപാതങ്ങൾക്ക് പരമാവധികാലമാകുന്നു. സന്ധികത്തിന് ഏഴുദിവസവും അന്തകസന്നിപാതത്തിന് പത്തുദിവസവും രുഗ്ദാഹത്തിന് ഇരുപതുദിവസവും ചിത്തഭ്രമസന്നിപാതത്തിന് മൂന്നുദിവസവും ശീതാംഗസന്നിപാതത്തിന് പതിനഞ്ചുദിവസവും തന്ദ്രികത്തിന് ഇരുപത്തഞ്ചുദിവസവും കണ്ഠകുബ്ജത്തിനു പതിമൂന്നുദിവസവും കൎണ്ണകത്തിന് മൂന്നുമാസവും ഭഗ്നനേത്രത്തിന് എട്ടുദിവസവും രക്തഷ്ഠീവനത്തിന് പത്തുദിവസവും പ്രലാപസന്നിപാതത്തിന് പതി[illegible] ദിവസവും ജിഹ്വകസന്നിപാതത്തിനു പതി[illegible] ദിവസവും അഭിന്യാസത്തിനു പതിനഞ്ചുദിവസവും പരമാവധികാലമാകുന്നു.

ഗ്രന്ഥാന്തരവചനം.

സന്ധികേ വാസരാസ്സപ്ത (൭ ദിവസം)
ചാന്തകേ ദശവാസരാഃ (൧൦ ദിവസം)
രുഗ്ദാഹേ വിംശതിർജ്ഞേയാ (൨൦ ദിവസം)
വഹ്ന്യഷ്ടൌ ചിത്തവിഭ്രമേ (൯ ദിവസം അല്ലെങ്കിൽ എട്ട്)
പക്ഷമേകന്തു ശീതാംഗേ (൧൫ ദിവസം)
തന്ദ്രികേ പഞ്ചവിംശതി (൨൫ ദിവസം)
വിജ്ഞേയാ വാസരാശ്ചൈവ
കണ്ഠകുബ്ജേ ത്രയോദശ (൧൩ ദിവസം)
കർണ്ണകേ ച ത്രയോമാസാഃ (൯൦ ദിവസം)
ഭഗ്നനേത്രേ ദിനാഷ്ടകം (൮ ദിവസം)
രക്തഷ്ഠീവിനി ദിഗ്ദസ്രാഃ (൧൦ ദിവസം)
പ്രലാപേ സ്യുശ്ചതുർദശ (൧൪ ദിവസം)
ജിഹ്വകേ ഷോഡശാഹാനി (൧൬ ദിവസം)
പക്ഷാഭിന്യാസലക്ഷണേ (൧൫ ദിവസം)
പരമായുരിദം പ്രോക്തം
ത്രിദോഷോത്ഥൽക്ഷണാദപി.

സന്നിപാതങ്ങൾ ഓരോന്നിൻെറയും പരമാവധികാലം മേൽ കാണിച്ചവിധമാകുന്നു ഗ്രന്ഥാന്തരത്തിലുള്ളത്. ഇങ്ങനെ കാലാവധി കാണിച്ചിട്ടുണ്ടെങ്കിലും പെട്ടെന്നു മരണം നേരിടുന്നതും അസാധാരണമല്ല.

സാദ്ധ്യാസാദ്ധ്യങ്ങൾ.

സന്ധികസ്തന്ദ്രികശ്ചൈവ
കർണ്ണകഃ കണ്ഠകുബ്ജകഃ
ജിഹ്വകശ്ചിത്തവിഭ്രംശഃ
ഷട് സാദ്ധ്യാസ്സപ്തമാരകാഃ.

പതിമൂന്നു സന്നിപാതങ്ങളിൽ സന്ധികം തന്ദ്രികം കർണ്ണകം കണ്ഠകുബ്ജം ജിഹ്വകം ചിത്തവിഭ്രംശം ഇവ ആറും സാദ്ധ്യങ്ങളും മററുള്ളവ ഏഴും അസാദ്ധ്യങ്ങളുമാകുന്നു.

ചികിത്സാക്രമകല്പവല്ലി
ദ്വിതീയസ്തബകം
മന്ദാരമകരന്ദാഖ്യവ്യാഖ്യാനം ച സമാപ്തം.

അഥ തൃതീയസ്തബകപ്രാരംഭഃ.

സദ്വൈദ്യവിദ്യൈകനിധിം പുരാണം
ധന്വന്തരിഞ്ചാമൃതകുംഭഹസ്തം
പ്രണമ്യ കുർവ്വേ വിഷശീതകാദേർ
ജീർണ്ണജ്വരാദേരപി തച്ചികിത്സാം.

അമൃതകുംഭത്തെ തൃക്കരതലത്തിൽ ധരിച്ചവനായും അതിപുരാതനനായും നിർദ്ദിഷ്ടമായ വൈദ്യവിദ്യയുടെ ഏകാശ്രയസ്ഥാനമായും ശോഭിക്കുന്ന ധന്വന്തരിഭഗവാനെ നമസ്കരിച്ചിട്ട് ശീതാദികളായ ജ്വരങ്ങളുടേയും ജീർണ്ണജ്വരം മുതലായവററിൻേറയും ലക്ഷണങ്ങളെയും ചികിത്സകളേയും പറയുന്നു.

വിഷമജ്വരം മുതലായവററിൻെറ
ലക്ഷണവും ചികിത്സയും.

അല്പോപി ദോഷോ ഹ്യഹിതസേവനാച്ച
ജ്വരം പ്രവിശ്യാഥ കരോതി ധാതൂൻ
സ ചോഷ്ണശീതാദിഭിരപ്യകാല-
കാലാഗമാദ്യൈർവ്വിഷമഃ പ്രസിദ്ധഃ.

അഹിതങ്ങളായ ആഹാരങ്ങളെ ഉൾക്കൊള്ളുന്നതുകൊണ്ടും അനുചിതങ്ങളായ ആചാരങ്ങളെ അനുഷ്ഠിക്കുന്നതുകൊണ്ടും (വിരുദ്ധാന്നഭക്ഷണവും ശ്രുതിസ്മൃതിനിഷിദ്ധങ്ങളായ കർമ്മങ്ങളുടെ അനുഷ്ഠാനവുംകൊണ്ട്) അത്യല്പങ്ങളായ ദോഷങ്ങളും ധാതുക്കളിൽ പ്രവേശിച്ചു ജ്വരമുണ്ടാക്കും. ആ ജ്വരം ഉഷ്ണം ശീതം മുതലായവകൊണ്ടും കാലവൈപരീത്യംകൊണ്ടും വിഷമജ്വരമെന്നു പ്രസിദ്ധമായ രോഗമായി പരിണമിക്കും. മഴയുണ്ടാകേണ്ട കാലത്തിൽ മഴയുണ്ടാകായ്ക, നേരെമറിച്ച് ആ കാലത്തിൽ കഠിനവെയിലുണ്ടാവുക ഇങ്ങനെയുള്ള കാലസ്ഥിതിയെയാണ് അകാലകാലാഗമമെന്നും കാലവൈപരീത്യമെന്നും വ്യവഹരിക്കുന്നത്.

സന്തതജ്വരലക്ഷണം.

യോ വാ സമസ്സപ്തദിനാന്തരാളേ
സ്ഥിതോ ദശാഹഞ്ച തഥാ രജന്യാം
യോ ദ്വാദശാഹഞ്ച ഭിഷഗ്വരിഷ്ഠൈ-
രുക്തസ്സവൈ സന്തതകാഭിധാനഃ.

ഏഴുപകൽ ഏററക്കുറവുണ്ടാകാതെ സമനിലയിൽ നിൽക്കുന്ന ജ്വ

രവും പത്തു പകലും പത്തു രാത്രിയും അപ്രകാരം ഇടവിടാതെ നില്ക്കുന്ന ജ്വരവും പന്ത്രണ്ടുദിവസം സമസ്ഥിതിയിൽ നില്ക്കുന്ന ജ്വരവും സന്തതജ്വരമെന്നു ഗ്രഹിച്ചുകൊള്ളണം.

ഏകാഹികം.

ഏകം ദിനം രാത്രിമഥാപിയസ്തു
ത്യക്ത്വാ പുനശ്ചാന്യദിനേഭ്യുപൈതി
ഏകാഹികന്തം പ്രവദന്തിവൈദ്യാഃ
ശ്രീസുശ്രുതാദ്യാശ്ചരകാദയശ്ച.

ഒരു പകലും ഒരു രാത്രിയും വരാതിരുന്ന് അതിന്റെ അടുത്ത ദിവസം വെളിപ്പെടുന്ന ജ്വരത്തെ സുശ്രുതാദ്യന്മാരായ ആചാര്യന്മാരും ചരകാദ്യന്മാരായ മഹർഷികളും ഏകാഹികമെന്നു പറയുന്നു.

താർത്തീയക ചാതുർത്ഥികജ്വരങ്ങൾ.

ദിനേതൃതീയേപ്രഭവേന്നപൂർവം
തൃതീയകശ്ചാപ്യ[illegible]
ദിനത്രയംത്യജ്യച യോഭവേദ്വൈ
ചാതുർത്ഥികന്തന്തു വദന്തിവൈദ്യാഃ.

രണ്ടുദിവസം വരാതിരുന്ന മൂന്നാമത്തെ ദിവസം വരുന്ന ജ്വരത്തെ താർത്തീയക (ത്ര്യാഹിക) ജ്വരമെന്നും മൂന്നുദിവസം വരാതിരുന്ന നാലാമത്തെ ദിവസം വരുന്ന ജ്വരത്തെ ചാതുർത്ഥികജ്വരമെന്നും പുരാതനാചാര്യന്മാർ പറയുന്നു.

ഏകാഹികം മുതലായി ചാതുർത്ഥികംവരെയുള്ള ജ്വരങ്ങൾ ഒന്നും രണ്ടും മൂന്നും ദിവസങ്ങൾ വിട്ടുവിട്ടുവരുന്നതു എന്തുകൊണ്ടാണെന്നു പറയുന്നു.

ത്യക്ത്വാദിനാനാഞ്ചയുഗംത്രയഞ്ച
ദിനംതഥൈകംഹ്യപിനസ്സമേതി
കിഞ്ചിച്ച കിഞ്ചിച്ച നിവിശ്യധാതു-
നാമാശയം പ്രാപ്യ ചദൃശ്യതേസഃ.

ഒരുദിവസം ജ്വരം വരാതിരുന്ന അതിന്റെ അടുത്തദിവസം വരിക രണ്ടുദിവസം വരാതിരുന്ന മൂന്നാമത്തെ ദിവസം വരിക മൂന്നുദിവസം വരാതിരുന്ന നാലാമത്തെ ദിവസം വരിക ഇങ്ങനെ മറഞ്ഞും തെളിഞ്ഞും ജ്വരം വരുന്ന പതിവുണ്ട്. ഇതിന്റെ ഹേതു എന്താണെന്നു ആചാര്യൻ പറയുന്നു. ആമാശയത്തിൽ പ്രവേശിച്ചിട്ട

ക്ക

ഓരോ ധാതുക്കളിൽക്കടന്ന് മന്ദംമന്ദം സഞ്ചരിച്ച് രസധാതുവരെ എത്തുന്നതിനു ഓരോ ജ്വരങ്ങൾക്കും ഓരോവിധം കാലദൈർഘ്യം വേണ്ടിവരും. ആ കാലദൈർഘ്യം അനുസരിച്ച് അതതു ജ്വരങ്ങളെ ഏകാഹികം ദ്വ്യാഹികമിത്യാദിയായി വ്യവഹരിക്കുന്നു.

തൃതീയക ജ്വരഭേദങ്ങൾ.

ഗ്രാഹീത്രികസ്യാപി വലാസമായു-
കൃതസ്ഥഥാവാതവലാസയോഗാൽ
പൃഷ്ഠസ്യശീർഷ്ണസ്തു കഫവാതപിത്താ-
ത്തൃതീയകഃസ്യാത്ത്രിവിധസ്തുലോകേ.

കഫപിത്തങ്ങൾ കോപിച്ചും വാതകഫങ്ങൾ കോപിച്ചും വാതപിത്തങ്ങൾ കോപിച്ചും ഇങ്ങനെ തൃതീയകജ്വരംമൂന്നു വിധത്തിൽ ഉണ്ടാകും. അതിൽ കഫപിത്തജ്വരത്തിനു മലബന്ധവും നട്ടെല്ലിനു വേദനയും വാതകഫജ്വരത്തിന് പൃഷ്ഠാസ്ഥിക്കു പീഡയും, വാതപിത്തങ്ങൾ കോപിച്ചുണ്ടാകുന്ന ജ്വരത്തിനു ശിരോവേദനയും ഉണ്ടായിരിക്കയും ചെയ്യും.

ഊർദ്ധ്വംപ്രഗൃഹ്യാശുഭവേച്ചവാതാ-
ന്മദ്ധ്യംപ്രഗൃഹ്യാശു ഭവേച്ചപിത്താൽ
അധഃ പ്രഗൃഹ്യാശുഭവേച്ച പൂർവം
കഫാത്മകം തം പ്രവദന്തി വൈദ്യാഃ.

ഊർദ്ധ്വാംഗത്തെ ആശ്രയസ്ഥാനമാക്കിക്കൊണ്ടുണ്ടാകുന്നതു വാതപ്രധാനവും മദ്ധ്യാംഗത്തെ ആശ്രയമാക്കിക്കൊണ്ടുണ്ടാകുന്നതു പിത്തപ്രധാനവും അധഃകായത്തെ ആശ്രയസ്ഥാനമാക്കിക്കൊണ്ടുണ്ടാകുന്നതു കഫപ്രധാനവുമാണെന്നാണ് വൈദ്യഗുരുക്കന്മാരുടെ അഭിപ്രായം.

സോയം ചതുർത്ഥശ്ച ഭവേദജസ്രം
ചേദ്വൈപരീത്യേനചവൈ സമേതി
കപാപീഹതംവൈ വിഷമം വദന്തി
വൈദ്യാശ്ചസർവേ ജ്വരശാസ്ത്രദൃഷ്ട്യാ.

ഈത്ര്യാഹികജ്വരം ചാതുർത്ഥികജ്വരമായി വരാം. അതു് എല്ലായ്പോഴും ഉണ്ടായിരിക്കുന്നതായും എല്ലായ്പോഴും ഇല്ലാതിരിക്കുന്നതായും സർവാംഗങ്ങളിൽ ഉണ്ടായിരിക്കുന്നതായും ഇല്ലാതിരിക്കുന്നതായും ഇങ്ങനെ അവസ്ഥാഭേദത്തോടുകൂടിക്കാണപ്പെടുകയും ചെയ്യും. ഇതിനെ വിഷമജ്വരമെന്നു ജ്വരശാസ്ത്രത്തെ അനുസരിച്ചു വൈദ്യന്മാർ വ്യവഹരിക്കുന്നു.

രഃ

പ്രാതസ്സ്യക്തോ മദ്ധ്യഭാഗേ ദിനസ്യ
സായംനോവാ [illegible] ത്രൈവസായം
[illegible]ാതസ്സിദ്ധ്യൽ [illegible] ശ്ലേഷ്മപ്രദേശേ
നാനാസ്ഥാനേ [illegible]ഷ്ടുഷ്ടേഷവാശ്യം.

പ്രാതഃകാലത്തിൽ ഇല്ലാതിരിക്കയും ദിവസമദ്ധ്യഭാഗത്തിൽ ഉണ്ടായിരിക്കയും സന്ധ്യാകാലത്തിൽ ഇല്ലാതിരിക്കയും പകലിൽ ഇല്ലാതിരുന്നിട്ട് സന്ധ്യാകാലത്തിൽ ആരംഭിക്കയും, ഇങ്ങനെ സമയം മാറി മാറി പ്രകാശിക്കുന്നത് വിഷമജ്വരത്തിന്റെ സ്വഭാവമാകുന്നു. ദ്വ്യാഹിക ത്ര്യാഹിക ചാതുർത്ഥികജ്വരങ്ങളിലും ഈ വിഷമജ്വരത്തിന്റെ [illegible]സസ്ഥാനം നെഞ്ചും മററു കഫസ്ഥാനങ്ങളുമാകുന്നു.

കേചിത്സന്തതകംവദന്തിവിഷമം യേമൂഢതാമാശ്രിതാ
നാന്യേശാസ്ത്ര[illegible]ശഃ ശ്രീസുശ്രുതാദ്യാശ്ചയേ
അന്യേഗ്ലാനിശിരോത്തികാർശ്യസഹി[illegible] വേഗേപിയാതേസതി
മാധുര്യംവദനേപിവാ [illegible] യേഷേവതേസന്തിവൈ.

വിഷമജ്വരമെന്ന അഭിധാനത്തോടുകൂടിയ മേൽപറഞ്ഞ ജ്വരത്തെ തത്വവിത്തുകളല്ലാത്ത ചിലർ സന്തതജ്വരമെന്നു പറയുന്നു. ശാസ്ത്രജ്ഞാനംകൊണ്ടും [illegible]കൊണ്ടും മൂലതിരസ്കരണിയെ ഭേദിച്ച പരതത്വത്തെ അറിഞ്ഞ [illegible]മാരായ ശ്രീസുശ്രുതാദ്യന്മാർ വിഷമജ്വരമെന്നുതന്നെ അതിനെ വ്യവഹരിക്കുന്നു. ജ്വരവേഗം ശമിച്ചതിനു ശേഷവും [illegible], തലവേദന, ദേഹം മെലിച്ചിൽ, വായ്ക്കുള്ളു മധുരരസം, [illegible]ങ്കിൽ രുചിയില്ലായ്ക, ഈ ഉപദ്രവങ്ങൾ കാണപ്പെടുന്നതാണ് [illegible] വിഷമജ്വരത്തിന്റെ ലക്ഷണമെന്നു മററു ചിലർ പറയുന്നു.

അനന്തരം വിഷമജ്വരത്തിന്റെ സാമാന്യലക്ഷണത്തെപ്പററി പറയുന്നു.

ജ്വരാശ്ച[illegible] പ്രസിദ്ധാ
യേസന്നിപാതേനസമുത്ഭവന്തി
യഥോല്ബണംതത്ര ച വൈചികിത്സാ
പാകംജ്വരാണാം ച വദാമി ചാഗ്രേ.

വാതപിത്തകഫങ്ങളാകുന്ന മൂന്നു ദോഷങ്ങളുടെയും [illegible]ഷമ്യം നിമിത്തം ഉണ്ടാകുന്നതാണല്ലോ സന്നിപാതജ്വരം. സന്നിപാതജമായ വിഷമജ്വരം വളരെ ഭയങ്കരമായ ഒന്നാണ്. എത്രയോ കരുക്കലോട്ടുകൂടി

ച്ചെയ്യുന്ന ചികിത്സകൊണ്ട് അ വിഷമജ്വരത്തിന്റെ ശമനം സിദ്ധിക്കയുള്ളൂ. വിഷമജ്വരങ്ങൾക്ക് പാകംസിദ്ധിക്കുന്നതിനുള്ള ഉത്തമങ്ങളായ ക്രമങ്ങളെ ഞാൻ ഇനിമേൽ വിശദമായി പറയാം.

വാതജ്വരസ്സപ്ത[illegible]ദിനൈസ്തഥൈവ-
മായൂത്ഭവോവൈ ദശരാത്രിതോഹി
ശ്ലേഷ്മോത്ഭവോ ദ്വാദശഭിർദിനൈശ്ച
ജ്വരോനിതാന്തം പരിപാകമേതി.

ഏഴുദിവസംകൊണ്ട് വാതപ്രധാനമായ വിഷമജ്വരത്തിനും പത്തുദിവസംകൊണ്ട് പിത്തപ്രധാനമായ വിഷമജ്വരത്തിനും പന്ത്രണ്ടുദിവസംകൊണ്ട് ശ്ലേഷ്മപ്രധാനമായ വിഷമജ്വരത്തിനും ഉത്തമഗുരുമുഖത്തിൽനിന്നു ശാസ്ത്രജ്ഞാനവും ചികിത്സാപാടവവും സമ്പാദിച്ച വൈദ്യന്റെ ചികിത്സകൊണ്ട് പരിപാകം സിദ്ധിക്കും.

ചികിത്സാസാദ്ധ്യമായിരുന്ന വിഷമജ്വരവും ചിലപ്പോൾ ദോഷശൈഥില്യം മുതലായവകൊണ്ട് അസാദ്ധ്യമെന്നുള്ള നിലയിലായിത്തീർന്നുവെന്നുവരാം. അതെന്തുകൊണ്ടാണെന്നു പറയുന്നു.

പിത്തോല്ബണോ വാതകഫൗസമൗ ച-
ത്തീക്ഷ്ണോമൃദുർവാഥ തദാജ്വരസ്സ്യാൽ
താരുണ്യയുക്തോ നഹികാപിശങ്കാ
തത്രൌഷധം വൈദ്യതല്പ്പണാദി.

പിത്തം അധികമായും വാതകഫങ്ങൾ സമസ്ഥിതിയിലുമായിരുന്നാൽ തീക്ഷ്ണമായിരിക്കുന്ന ജ്വരം മൃദുവായിട്ടോ തരുണജ്വരമായിട്ടോ ഭവിക്കും. ആ ജ്വരം നിമിത്തം അപായം സംഭവിക്കുമെന്നുള്ള ശങ്കയ്ക്കു അവകാശമില്ല. ആ ജ്വരത്തിനു മൃദുവായിട്ടുള്ള സന്തർപ്പണദ്രവ്യങ്ങൾതന്നെ ഔഷധമാകുന്നു.

അനന്തരം ജ്വരരോഗങ്ങളിലുണ്ടാകുന്ന
പത്തു ഉപദ്രവങ്ങൾ.

ശ്വാസോമൂർച്ഛാചർദ്ദ്യതീസാരതൃഷ്ണാ
ഹിക്കാകാസശ്ചാംഗഭംഗോരുചിശ്ച
വിഡ്ഗ്രാഹ[illegible]ദിങ്മിതാന്യേജ്വരാണാം
വിശ്ലിഷ്ടാസ്സ്യാഹചര്യാനിതാന്തം.

ശ്വാസം മോഹാലസ്യം ഛർദ്ദി അതിസാരം, തണ്ണീർദാഹം ഇക്കിൾ ചുമ ശരീരം തകർന്നുപോകുന്നുവെന്ന് തോന്നുക അരുചി മലബന്ധം ഇങ്ങിനെ പത്തു ഉപദ്രവങ്ങൾ ജ്വരചികിത്സാപ്രതിബന്ധങ്ങളായിട്ടു ഉണ്ടാകും. ഇവ ജ്വരസഹചാരികളായിട്ടുണ്ടാകുന്നവയ

അനന്തരംചെയ്യേണ്ട ചികിത്സകൾ ഇന്നിന്ന
വയാണെന്ന പറയുന്നു.

ശമനരേചനശോധനസാന്ത്വനൈഃ
ക്രമവിവൎദ്ധിതപിപ്പലികാസവൈഃ
ജ്വരവിനാശകരൈൎഘൃതസൈസ്തഥാ
വിഷമമാശുജയേച്ചവിധാനവിൽ.

വിഷമജ്വരം ദുശ്ചികിത്സ്യമായ ഒന്നാണെന്ന മുൻപേ പറഞ്ഞിട്ടുണ്ടല്ലൊ. ഒന്നാമതു വമനം ചെയ്യണം. പിന്നെ വിരേചനം ശോധനം ഇവ രണ്ടും കാൎയ്യമാകുന്നു. സാന്ത്വനങ്ങളായ ഉപക്രമങ്ങളാണ് ആരംഭത്തിൽ വിഹിതമായിരിക്കുന്നതു്. പിപ്പല്യാസവം മുതലായ ഔഷധങ്ങളും ജ്വരശമനകരങ്ങളായ രസാദികളും വിഷമജ്വരശമനത്തിന [illegible] ക്രമപ്രവൃ[illegible] [illegible] [illegible] ജ്വരരോഗികളെ വിരേചിപ്പിച്ചുപോകരുതെന്നുള്ളതും വിസ്മരിക്കരുതു്. അതൊക്കെ അഷ്ടാംഗഹൃദയം മുതലായ ശാസ്ത്രങ്ങളിൽനിന്ന അറിഞ്ഞുകൊള്ളണം.

ലാക്ഷാദിതൈലൈശ്ച മയൂരകാദേ-
ൎമ്മാംസൈസ്തഥാ ക്ഷീരനിഷേവണേന
ജ്വരാംകുശാദ്യൈരഥവാന്യയോഗൈ-
ൎവ്വിനാശമേതി ജ്വരമാശുഘോരം.

ലാക്ഷാദി മുതലായ ജ്വരശമനതൈലങ്ങൾ പുറമേ ഉപയോഗിക്കയും മയിൽ മുതലായ പക്ഷികളുടെ മാംസങ്ങളിൽനിന്നെടുക്കുന്ന രസവും പാലും സേവിക്കയും അഥവാ ജ്വരാംകുശം മുതലായ ശമനകരങ്ങളായ ഔഷധങ്ങൾ ഉപയോഗിക്കയും ചെയ്താൽ ക്ഷണേന ജ്വരശമനമുണ്ടാകും.

മുസ്താമലകാമൃതഷഡ്യൈഃ
കണയാവ്യാഘ്രിയുതശ്ശൃതോഹിയഃ
പരിപീതഇഹൈവ ഹന്തതാ
വിഷമംനാശയതിധ്രുവംഹിസഃ.

മുത്തങ്ങാക്കിഴങ്ങു നെല്ലിക്കാ അമൃതു ചുക്കു തിപ്പലി ചെറുവഴുതിനവേരു ഇവകൊണ്ടുള്ള കഷായം വിഷമജ്വരശമനത്തിന വിശേഷം.

സന്തതജ്വരത്തിന്ന്.

മുസ്താമൃതാനാഗരശാരിബാഭിഃ
കിരാതതിക്താസുപടോലകൈശ്ച
ശൃതംജലം നാശയതിജ്വരന്തം
യംസന്തതംവൈ ഭിഷജോവദന്തി.

മുത്തങ്ങാക്കിഴങ്ങു അമൃതു ചുക്കു നറുനീണ്ടിക്കിഴങ്ങു കിരിയാത്തു പടവലം ഇവകൊണ്ടുള്ള കഷായം സന്തതജ്വരശമനത്തിന്ന് വളരെ നല്ലതാണെന്നുള്ള വൈദ്യവിദഗ്ദ്ധജനാഭിപ്രായം ശ്രേഷ്ഠംതന്നെ.

ഐകാഹികജ്വരത്തിന്ന്.

ദ്രാക്ഷാപടോലാബ്ദശതാഹ്വനിംബ-
ഫലത്രയൈശ്ചാപികൃതഃകഷായഃ
ഐകാഹികഞ്ചാശുവിനാശയേദ്ദ്രാഗ്
ബലംയഥാദാരഗണോനിതാന്തം.

മുന്തിരിങ്ങാ പടവലത്തില മുത്തങ്ങാ ശതകുപ്പ വേപ്പിൻതൊലി ത്രിഫല ഇവകൊണ്ടുള്ള കഷായം ഐകാഹികജ്വരശമനകരമാകുന്നു.

ത്ര്യാഹികജ്വരത്തിന്ന്.

ജലദചന്ദനനിംബമഹൌഷധൈർ
നലദധാന്യമഹേന്ദ്രഫലത്രയൈഃ
അമൃതമുസ്തകഗോസ്തനികാദിഭിഃ
ശൃതമിദഞ്ച പടോലസമന്വിതം
സമധുശൎക്കരയാമലകൈൎയ്യുതം
ജ്വരബലഞ്ച തൃതീയദിനോത്ഭവം
വിശമയേദപിശംതനുതേതത-
ശ്ചരകസുശ്രുതവാഗ്ഭടകോദിതം.

മുത്തങ്ങ ചന്ദനം വേപ്പിൻതൊലി ചുക്കു രാമച്ചം കൊത്തമ്പാലരി കുടകപ്പാലയരി ത്രിഫല അമൃതു മുത്തങ്ങാക്കിഴങ്ങു മുന്തിരിങ്ങാ പടവലത്തില ഇവകൊണ്ടുള്ള കഷായം തേനും പഞ്ചസാരയും നെല്ലിക്കാപ്പൊടിയും അനുപാനമായി സേവിച്ചാൽ മൂന്നാംദിവസംതോറും വരുന്ന ജ്വരം ശമിക്കും. ഈ കഷായം ചരകസുശ്രുതന്മാരായ മഹൎഷിമാരും വാഗ്ഭടപ്രഭൃതികളായ ആചാൎയ്യന്മാരും ഒന്നുപോലെ ആദരിച്ചതാണ്.

ചാതുർത്ഥികജ്വരത്തിന്.

[illegible]

[illegible]

[illegible]

വിഷമേയേച്ച ചതുർത്ഥികജ്വരം.

[illegible] ചുക്ക് [illegible] തൊലി [illegible] തൊലി നെല്ലിക്കാപ്പൊടി തേൻ പ
കടുക്കാത്തൊട്ട ഇവ [illegible] കഷായം [illegible]
ഞ്ചസാര ഇവ അനുപാനം. ചാതുർത്ഥികജ്വരത്തിനു നന്ന്.

അശ്മന്താലം പരിപേഷ്യയത്താ-
ത്താമ്രന്യപത്രാണിവിലിപ്യതേന
ഭല്ലാതകൃത്താ [illegible] യോസ്ഥാനം
ഊർധ്വാംഗ്ധ്യസ്തോപിശരാവമദ്ധ്യേ
ദത്വാചസംമുദ്രിതമഗ്നിദശ്ധം
ശീതംസമുദ്ധൃത്യച വഹ്നിദൂരൈർഭൗ
സംമർദ്ദ്യ [illegible]
തൽപഞ്ചഗുഞ്ജാപ്രമിതംപ്രദേയം
തസ്യാനുപാനേദ്രകനീരമേവ
ജ്വരാംകുശോയഞ്ച മഹാനുഭാവഃ
ഏകാഹികംദ്വ്യാഹികമപ്യജസ്രം
താർത്തീയകംതുര്യദിനോത്ഭവഞ്ച
ധാതുപ്രവിഷ്ടംത്വതിവേഗയുക്തം
ജ്വരംനിഹന്ത്യാശുഖലേച്ഛശാന്തിം
സർവജ്വരാണാഞ്ച വിനാശകോടയം
ശത്രുസ്ഥഥാദൈവവിഷമജ്വരാണാം.

ഞെരിഞ്ഞാമ്പുളി പിഴിഞ്ഞെടുത്ത രസത്തിൽ അരച്ച് കഴ
ഞ്ചുപോലെയാക്കിയ താളകപിണ്ഡത്തിൽ ശുദ്ധിചെയ്ത ചെമ്പുത
കിട്ട അടിച്ച് വളരെ നേർത്ത പത്രമാക്കി നറുക്കിയ ശകലങ്ങൾ
വച്ച് [illegible] ഒരു ചട്ടിയിൽ നിറച്ച് അ
തിൽ ആ താളകപിണ്ഡം വെച്ച് അതിന്റെ മുകളിലും ചേരിൻകുരു
വിൻപൊടി നിറച്ച് [illegible] തമ്മിൽ യോജിക്കുന്ന മറെറാരു ച
ട്ടികൊണ്ടു മൂടി ശീലമൺ ചെയ്ത് തൊണ്ണൂറുനാഴിക തീയെരിച്ച് അ
റിയതിൽപിന്നെ [illegible] ഭസ്മമാക്കുക. ആ ഭസ്മത്തിൽനിന്നും അഞ്ചു കുന്നിക്ക
ക്കി പിന്നെയും ഭസ്മമാക്കുക. ആ ഭസ്മത്തിൽനിന്നും അഞ്ചു കുന്നിക്ക
[illegible] എടുത്ത് ഇഞ്ചിനീരിൽ കൊടുത്താൽ ഏകാഹികം

ദ്വ്യാഹികം ത്ര്യാഹികം ചാതുർത്ഥികം മുതലായ സകല ജ്വരങ്ങളും ശ
മിക്കും. ജ്വരാംകുശം എന്ന പ്രസിദ്ധമായ ഔഷധമാകുന്നു ഇത്.
ഞെരിഞ്ഞാമ്പുളി രസത്തിൽ താലകം അരയ്ക്കണമെന്നു പറഞ്ഞിട്ടുണ്ട
ല്ലോ. ഞെരിഞ്ഞാമ്പുളി [illegible] ദ്രാവിഡവൈദ്യന്മാർ ഉണ്ടാക്കുന്ന
നിർബന്ധം ഉണ്ട്. ഈ ഗുളിക [illegible] ഇവിടെപ്പറയാം. മനയോല
തിൽ ചില വിശേഷവിധികളുള്ളതുകൂടി ഇവിടെപ്പറയാം. മനയോല
മുപ്പതുനാഴിക മോരിലും മുപ്പതുനാഴിക നരപ്പുളിപ്പഴച്ചാറിലും ഇട്ടുവ
ച്ചിരുന്നതിൽ പിന്നെയാണ് മലയിൽനിന്നെടുത്ത ഞെരിഞ്ഞാമ്പുളി
രസത്തിൽ അരയ്ക്കുന്നത്. വളരെവിശേഷമായ ഔഷധമാണിത്. വി
ഷമജ്വരങ്ങളിലും മററുള്ള ജ്വരങ്ങളിലും അത്യത്ഭുതകരമായ ഈ ഔഷ
ധം ലോകാനുഗ്രഹജിജ്ഞാസുക്കളായ വൈദ്യന്മാർ എപ്പോഴും ഉണ്ടാക്കി
സൂക്ഷിച്ചുകൊള്ളണം. താളകം സാധാരണ കമ്പോളങ്ങളിൽ കിട്ടുന്ന
തുനന്നല്ല. മുറിച്ച സ്വർണ്ണംപോലെ ഘനവും സ്നിഗ്ദ്ധവുമായിരിക്കുന്ന
താണ് ഈ യോഗത്തിൽ ഉത്തമവൈദ്യന്മാർ ചേർക്കുന്നത്. അരയ്ക്കു
ന്നകാര്യത്തിൽ വിശേഷിച്ചു ദൃഷ്ടി ഉണ്ടായിരിക്കണം.

ജ്വരാരിരസം.

തുത്ഥാച്ചതാളം ദ്വിഗുണംപ്രഗൃഹ്യ
തസ്മാച്ചശംഖുകമഥോപിതദ്വർ
കന്യാദ്രവൈശ്ചാപിവിമർദ്യസമ്യഗ്
ഗോളംപ്രകൽപ്യാഥശരാവഗന്തം
അഗ്നൌവിപച്യാഥനിരീക്ഷ്യശീതം
ഗുഞ്ജാത്രയംതത്സിതയാപ്രദേയം
ക്ഷീരോദനം ശർക്കരയാസമേതം
പത്ഥ്യംതഥാചാത്രഭിഷക്പ്രദിഷ്ടം
നിഹന്തിസർവാൻ വിഷമജ്വരാംസ്തൽ
ജ്വരാരിനാമ്നാപ്രഥിതന്തുലോകേ
ജ്വരാരിണാസന്നിഹതേജ്വരേദ്യഥ
ദേയംപുനർദാഹശമായകിഞ്ചിൽ.

തുത്തുഭാഗം ഒന്ന്, താളകം ഭാഗം രണ്ട്, കക്കാത്തോട്ട ഭാഗം
നാല്, കററുവാഴനീരിൽ അരച്ച് വില്ലയാക്കി ചട്ടിയിൽവച്ച് നീററി
ഭസ്മമാക്കുക. ആറിയതിൽപിന്നെയെടുത്ത് മൂന്നു കുന്നിക്കുരുവിൻതൂക്കം
പഞ്ചസാരയിൽകൊടുക്കുക. പഞ്ചസാരചേർത്ത പാലും ചോറും പ
ത്ഥ്യം. വിഷമജ്വരം സകലവും ശമിക്കും. മററുള്ള സകല ജ്വരത്തിങ്ക
ലും നല്ല ഫലം ചെയ്യുന്നതാണ്. ജ്വരത്തിന്റെ ശക്തി ശമിച്ചതിന്
ശേഷവും ചൂടു നിശ്ശേഷം ഒഴിയുന്നതിനു ഒന്നുകൂടി കൊടുക്കണം.

മഹാജ്വരാരി രസം.

ശ്രീശംഭുബീജം ദ്വിഗുണഞ്ചഗന്ധം
ഭാഗത്രയം ചാപി മനശ്ശിലായാഃ
സമ്മർദ്യ വന്യാഗ്രാസംയുതം ത-
ത്താമ്രസ്യ സൂക്ഷ്മേ പുടകേ നിധായ
തദ്വാലുകായന്ത്രഗതഞ്ചയാമ-
ചതുഷ്ടയം പാച്യതതോതിശീതം
സഞ്ചൂർണ്യ ഗുഞ്ജാത്രയസമ്മിതം വൈ
സശർക്കരം വാർദ്രകനീരയുക്തം
മഹാജ്വരാരിഃ പ്രഥിതസ്തു ലോകേ
വിനാശയേദ്വൈ വിഷമജ്വരാന്യത്.

ശുദ്ധിചെയ്ത രസം ഭാഗം ഒന്ന്. ശുദ്ധിചെയ്ത ഗന്ധകം ഭാഗം രണ്ട്. ശുദ്ധിചെയ്ത മനശ്ശിലഭാഗം മൂന്ന്. കാട്ടുപാവലിന്റെയോ കറുവാഴയുടെയോ നീരിലരച്ച് അരിമുട്ടുവായിട്ടുള്ള ചെമ്പുതകിടുകൊണ്ടുള്ള മൂശയിൽ നിറച്ച് വാലുകായന്ത്രത്തിൽ ആക്കി നാലുയാമം തീയെരിച്ചു ആറിയതിൽ പിന്നെയെടുത്തു അരച്ച് നേർപ്പിച്ച് മൂന്നുകുന്നിയിടവീതം പഞ്ചസാരയോ ഇഞ്ചിനീരോ ചേർത്തു കൊടുക്കുക. മഹാജ്വരാരി എന്ന് വിശ്വവിശ്രുതമായ ഈ രസം സകല വിഷമജ്വരങ്ങളേയും ശമിപ്പിക്കും.

ശമനം.

രംഭാദ്രാവൈർഭാവിതം താലസിതയായുക്
പരമ്യദ്ഗുദ്ധംകൈതം ... സിതയാത്ര
മുദ്ഗാമാനം തദ്വിഷമഘ്നം പ്രഥിതം വൈ
യദ്വദ്ഭാനോരാമവിമുക്തോജ്വരശത്രുഃ.

ശുദ്ധിചെയ്ത താലകം വാഴമാണത്തിന്റെ നീരിൽ ഭാവനംചെയ്തു ഒരു ചെറുപയറുമണിയോളം എടുത്തു പഞ്ചസാരയിൽ ചേർത്ത് കൊടുക്കുക. വിഷമജ്വരശമനത്തിന് വളരെ വിശേഷം. ഈ ഗുളിക സേവിക്കുമ്പോൾ പാൽച്ചോറ് പഞ്ചസാരയും ചേർത്തു ഉണ്ണുക മാത്രമേ ചെയ്യാവൂ.

ഭൂതാഭിഷംഗജ്വരത്തിന്.

ഭൂതാഭിഷംഗം പ്രവദന്തി കേചിൽ
ജ്വരം തഥാന്യേ വിഷമം പുരാണം
തേഷാം മതേനാഥ വിധൂപനാദി
ബ്രുവേ തഥാ ചാഞ്ജനയന്ത്രമന്ത്രാൻ.

ഭൂതാഭിഷംഗം എന്ന് പേരോടുകൂടിയതായി ഒരു ജ്വരം ഉണ്ടെന്ന് ചിലർ പറയുന്നു. മറ്റു ചിലർ പുരാണവിഷമജ്വരമെന്നും വ്യവ

ഹരിക്കുന്നു. അവരുടെ മതമനുസരിച്ച് വിധൂപനം അഞ്ജനം യന്ത്ര
ധാരണം മന്ത്രപ്രയോഗം മുതലായവയാകുന്ന അതിന്റെ നിവാര
ണോപായങ്ങൾ. അവ ഓരോന്നും ഞാനിവിടെ വിശദമായി പറയാം.

ധൂപം.

മാഹിഷസർപ്പകുപ്പശിവാകൃതം
സപിചുമന്ദദലൈർധവംശജൈഃ
സഘൃതധൂപനമേതദുദീരിതം
വിഷമനാശകരഞ്ച പരം യതഃ.

പോത്തിൻകൊമ്പ് വെൺകടുക് കൊട്ടം മഞ്ഞൾ വേപ്പില
മുളം കർപ്പൂരം നെയ്യ് ഇവകൊണ്ടുള്ള പുക, വിഷമജ്വരശമനകരമാകുന്നു. പലതവണ ഈ പുക ഏൽപ്പിക്കണം.

അഞ്ജനം.

കണാജാൻകണാൻ വൈശിലാസൈന്ധവാഭ്യാം
നിഘൃഷ്യാഥ തന്നേത്രയോരഞ്ജനം സ്യാൽ
വിനാശായ ശീതജ്വരാണാം വിശേഷാൽ
നചൈവാത്ര ചിന്താ പുരാണൈഃ കൃതം യൽ.

തിപ്പലിപ്പൊടി കർപ്പൂരം ഇന്തുപ്പ് ഇവ അരച്ച് മഷിപോലെയാക്കി രണ്ടുകണ്ണിലും അഞ്ജനമെഴുതുക. ശീതജ്വരം ശമിക്കും. ശമിക്കുമോ ശമിക്കില്ലയോ എന്ന ശങ്കയ്ക്ക് അവകാശമില്ല. അനേകം പുരാതനാചാര്യന്മാർക്ക് സമ്മതമായ ഒരു പ്രയോഗമാണിത്.

അനന്തരം വനൗഷധിധാരണവിധിയെപ്പറ്റി പറയുന്നു.

അപാമാർഗ്ഗജാതാ ജടാ സപ്തസൂത്രൈ-
സ്സുരക്തൈതരവേർവാസരേ ചാപി കട്യാം
നിബദ്ധാഥ താർത്തീയകം നാശയേദ്വൈ
നചൈവാത്ര ചിന്താ കദാചിൽ കദാപി കാര്യാ.

കടലാടിയുടെ വേരു ഞായറാഴ്ച ദിവസം വിധിപ്രകാരം (പ്രദക്ഷിണാദികളോടുകൂടി) ഇരുമ്പുതൊടാതെ പറിച്ചെടുത്ത് ഏഴ് ചുവന്ന ചരടാൽ ബന്ധിച്ച് അരക്കെട്ടിൽ ധരിച്ചാൽ മൂന്നാംമുറപ്പനി ശമിക്കും. ഒരിടത്തും ഒരിക്കലും ഈ പ്രയോഗം നിഷ്ഫലമായിത്തീർന്നിട്ടില്ല. സംശയിക്കേണ്ടതില്ല.

അനന്തരം യന്ത്രധാരണത്തെപ്പറ്റി പറയുന്നു.

സ്വസ്തിശ്രീമൽകൌണപാനാമധീശോ
ലങ്കാപുര്യാം ഭീഷണോ രാവണോ വിഭൂവഃ
അജ്ഞാമേതാം ദാപയത്യേവ രേരേ
പാപാഃ ... സ്വസ്ഥാനം ... ശീഘ്രമേതി

സ്വീയം ... ജ്വരതാ-
പന്യൽകിഞ്ചിൽ ... രോഗവേത്തേ
അസ്ത്രാന്തദൈ ... സാഭിധേന
ഖഡ്ഗേനൈവാപച്ഛിദ്യ കൃന്തയാമി
ആജ്ഞാപാത്രം ... സദ്യഏവ
പശ്യന്നോ ... ദാസൈ
ഹ്രൌം ഹ്രാം ഹ്രഹ്ര സ്തർഫിദുഷ്ടസ്വഭാവ
ത്രാസം ... നാശം നയാമി.
വിഷമോഽയമിതി സ്വചേതസാ
ബഹുശാന്ത്യുപകാരിമാകൃതഃ
ഇഹ രേ ത്രിഭവാദൃശാ മയാ
ക്ഷണമാത്രാന്നിഹതാന ചാപരേ
അംഗവംഗകലിംഗേഷു സൌരാഷ്ട്രമഗധേഷു ച
വാരാണസ്യാഞ്ചായദൃത്തം തന്നസ്മരസി രേ ജ്വര!

ഈ മന്ത്രം എഴുതി രോഗിയുടെ കഴുത്തിൽ കെട്ടിയാൽ എല്ലാവിധത്തിലുള്ള വിഷമജ്വരങ്ങളും വിട്ടുപോകും.

അനന്തരം ചാതുർത്ഥികജ്വരത്തിൽ ചെയ്യേണ്ട
നസ്യത്തിന്റെ വിധി.

ശിരീഷപുഷ്പസ്വരസേന കല്ക്കയുക്തം
നിശാദ്വയഞ്ചാപി സമം വിചൂർണ്യ
ചാതുർത്ഥികം നസ്യമിദം പ്രയോജ്യ
തസ്മാദപി മുക്തിമുപൈതി ...

നെന്മേനിവാകപ്പൂ വരച്ചുണ്ടാക്കിയ കല്ക്കവും മഞ്ഞൾ രണ്ടുമരച്ചുണ്ടാക്കിയ കല്ക്കവും നല്ല പശുവിൻ നെയ്യിൽ കലക്കി നസ്യം ചെയ്താൽ നാലാംമുറപ്പനി വിട്ടുപോകും.

മറ്റൊരു നസ്യം.

അഗസ്ത്യപത്രസംഭവം രസം ച നസ്യവാന്നരോ
നസി പ്രഗൃഹ്യ തത്ര വിൽ പ്രസഹ്യ ദൈവ നാലികഃ
ജ്വരം ചതുർത്ഥവാസരപ്രഭൃതമപ്യസൌ ഹഠാ-
ന്നിഹന്തി സർവ്വ ... സഞ്ചയം ജലം യഥാ.

അകത്തിയില ഇടിച്ചുപിഴിഞ്ഞനീരുകൊണ്ട് കുഴലിൽക്കൂടെ നസ്യം ചെയ്താൽ നാലാമ്മുറപ്പനി വളരെ വേഗം വിട്ടൊഴിയും.

മാഹേശ്വരധൂപം.

ബിഡാലവിൾമാനവലോമശൃംഗം
വൃഷസ്യ സർപ്പസ്യ ച കഞ്ചുകഞ്ച
വംശസ്യ നിർമ്മാല്യമഥാത്ര ശംഭോർ-
മയൂരപിഞ്ഛഞ്ച വചായവാശ്ച.
ബാല്ഹീകസിദ്ധാർത്ഥകഭൂതകേശീ
മരീചസംജ്ഞം സമമാജമൂത്രൈഃ
സംപേഷ്യ പശ്ചാച്ച ഘൃതേന യുക്തൈർ
വിധൂപനം വൈ വിഷമാന്നിഹന്തി
ഡാകിന്യശ്ചാഥ ശാകിന്യോ വേതാളബ്രഹ്മരാക്ഷസാഃ
മാഹേശ്വരേണ ധൂപേന തേ സർവ്വേ യാന്തി സത്വരം.

പൂച്ചക്കാഷ്ഠം മനുഷ്യരുടെ തലമുടി കാളക്കൊമ്പിൻപൊടി പാമ്പിന്റെ തൊലി മുളന്തൊലി ശിവനിർമ്മാല്യം മയിൽപ്പീലി വയമ്പു യവം പെരുംകായം കടുക് കാർകോലരി വെള്ളുത്തരത്തിലുള്ള മുളകുകൾ ഇവ ഓരോന്നും സമമായെടുത്തു ആട്ടിൻമൂത്രത്തിലരച്ചു നെയ്യിൽ കുഴച്ചു പുകച്ചാൽ വിഷമജ്വരം ശമിക്കും. ഡാകിനി ശാകിനി വേതാളങ്ങൾ ബ്രഹ്മരാക്ഷസന്മാർ മുതലായ സകലഭൂതബാധകളും ഈ ധൂപംകൊണ്ടൊഴിഞ്ഞുപോകും. മാഹേശ്വരധൂപമെന്ന പ്രസിദ്ധമായ ഒരു ധൂപമാണിതു്.

വിഷമജ്വരശമനത്തിനു ഒരു സിദ്ധവിദ്യ.

വിഷമപീഡിതരോഗയുതസ്യ വൈ
ശിരസി ചാപി നിധായ കരം ഹരിഃ
പരിജപേദ്ധരിനാമസഹസ്രകം
സവിജയേച്ചതദാ വിഷമജ്വരം.

വിഷമജ്വരപീഡിതനായിരിക്കുന്ന രോഗിയുടെ ശിരസ്സിൽ ഹസ്തസ്പർശനം ചെയ്തുകൊണ്ടു വിഷ്ണുസഹസ്രനാമം ജപിച്ചാൽ വിഷമജ്വരം വിട്ടുപോകും. ഇതു വളരെ സാരമായ ഒരു പ്രയോഗമാകുന്നു.

ജ്വരത്തിന്റെ ആരംഭത്തിൽ അതിയായ ശൈത്യവും ഒടുവിൽ ചൂടും ഉണ്ടാകുന്നതിന്റെ കാരണത്തെപ്പറ്റി പറയുന്നു.

യദാ തു ജ്വരതഃ ശ്ലേഷ്മവാതൌ നരാണാം
തദാ ശീതകംപാദികം ദൃശ്യതേ ത്ര
തയോശ്ശാന്തയേ പിത്തമന്തേ പ്രവിഷ്ടം
തു ശീതജ്വരേ ദാഹയുക്തം കരോതി.

കഫവും വാതവും രസധാതുക്കളിൽ ഗമിക്കുമ്പോൾ കുളിരും വിറയലും ഉണ്ടാവും. അവ രണ്ടിനേയും ശമിപ്പിപ്പാനായിട്ട പിത്തം പിറകെ കടന്നുകൂട്ടും. അതുകൊണ്ടാണ ജ്വരത്തിന്റെ ആരംഭത്തിൽ അസാധ്യമായ ശൈത്യവും അവസാനത്തിൽ ചൂടുമുണ്ടാകുന്നതു്.

ആരംഭത്തിൽ ചൂടുനീറ്റവും അവസാനത്തിൽ കുളിരും വിറയലും ഉണ്ടാകുന്നതായി വേറെ ഒരു വിധം ശീതജ്വരവുമുണ്ടു്. അതിന്റെ കാരണത്തെപ്പററി പറയുന്നു. ഈ കാരണവ്യവഹാരങ്ങളുടെ പ്രയോജനം വലുതാകുന്നു. ആരംഭത്തിൽ കുളിരും വിറയലും അവസാനത്തിൽ ചൂടുനീററവും ഉണ്ടാകുന്ന രോഗങ്ങൾ കഫവാതങ്ങളും പിത്തവുമാണെന്ന മനസ്സിലാക്കിയാൽ ആരംഭാവസാനങ്ങളിൽ അതാതിന്റെ ശമനത്തിനു പര്യാപ്തമായ രസവിപാകങ്ങൾ ലഭിക്കുന്ന ഔഷധങ്ങളെ ഉപയോഗിച്ചു രോഗശമനം ലഭിക്കാമല്ലോ. ആ തത്വം ചിന്തിക്കാതെ ശീതജ്വരസാമാന്യപ്രതിക്രിയ ചെയ്താൽ അപൽക്കരമായി തീരും. ദാഹാദിയും ശീതാദിയും എന്നു രണ്ടുതരത്തിലാണല്ലോ ശീതജ്വരം. ശീതാദിക്കുള്ള ഔഷധം ഇന്നതാണെന്നും ദാഹാദിക്കുള്ളതു ഇന്നതാണെന്നും ഔഷധരസവിപാകങ്ങളെ ചിന്തചെയ്തു കഷായദ്രവ്യങ്ങളായ ഔഷധങ്ങളെ ഉപയോഗിച്ചുകൊള്ളണം. ദാഹാദിയായ ശീതജ്വരത്തിന്റെ കാരണം പറയാമെന്നു പ്രതിജ്ഞചെയ്തുകൊണ്ടാണല്ലോ ഇവിടത്തെ പുറപ്പാട്. അതുകൊണ്ടു ആ സംഗതിയെക്കുറിച്ചു പറയുന്നു.

ദാഹാദിയായ ശീതജ്വരത്തിന്റെ കാരണം ഇന്നതാണെന്ന പറയുന്നു.

യദാത്വഗ്ഗതംക്വാപി പിത്തംഭവേദ്വൈ
തദാദാഹഹൃദ്വാത്രപൂർവ്വംതതശ്ച
ദ്വയംശ്ലേഷ്മവാതാശ്ചശീതംകരാളം
സമുൽപാദയേദ്ദാഹനാശംവിധായ.

രസധാതുവിൽ ആദ്യം പിത്തം വ്യാപിക്കയാണെങ്കിൽ സഹിപ്പാൻപാടില്ലാത്തവണ്ണമുള്ള ചുട്ടുനീറൽ ആരംഭത്തിലുണ്ടാകും. ആ പിത്തത്തെ അനന്തരകാലത്തിൽ അവിടെ പ്രാപിക്കുന്ന കഫവാതങ്ങൾ ശമിപ്പിച്ചിട്ടു് തങ്ങളുടെ കാര്യമായ കുളിരും വിറയലും അവ രണ്ടുമുണ്ടാക്കും. വാതകഫങ്ങൾക്കു് ശീതത്വം സഹജമാണല്ലോ. പിത്തത്തിന്റെ ദാഹംപോലെ വാതകഫങ്ങളുടെ ശൈത്യവും അതിദുസ്സഹമായിരിക്കും.

ഉഭൗദാഹശീതാദികൗയൗതുലോകേ

ക്രിയാദാഹയുക്തേതുപിത്തോദിതൈവ
തഥാശീതകാദൗതുതുല്യാഗ്നിസേവാ.

ദാഹാദിയെന്നും ശീതാദിയെന്നും ശീതജ്വരം രണ്ടുതരത്തിലാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. അവററിൽ ദാഹാദിയായ ശീതജ്വരം കഷ്ടസാധ്യമായിട്ടുള്ളതാണു്. അതിനു പിത്തപ്രധാനമായിട്ടുള്ള ജ്വരത്തിൽ പറഞ്ഞിട്ടുള്ള ക്രിയ ഉത്തമമായിരിക്കും. ശീതാദിയാണെങ്കിൽ അഗ്നിതുല്യമായ ക്രിയയും ഹിതമായിരിക്കും.

ദേഹാർദ്ധഭാഗത്തിൽ ശീതവും അപരാർദ്ധഭാഗത്തിൽ ദാഹവും സംഭവിക്കുന്നതു് എന്തുകൊണ്ടാണെന്നു പറയുന്നു.

ദേഹേവിദഗ്ധേനരസേവലാസ-
പിത്തേസ്ഥിതേചാപിയദാഭവേതാം
തദാർദ്ധശീതംഹിപരംതഥോഷ്ണം
ദേഹാർദ്ധകഞ്ചാപിഭവേത്യവശ്യം.

അന്നരസം ശരീരത്തിൽ വിദഗ്ധമായിരിക്കുന്ന അവസരത്തിൽ കഫപിത്തങ്ങളുടെ വ്യാപ്തി ഏകകാലത്തിൽ ഭവിച്ചാൽ ഒരുഭാഗം ശീതമായിട്ടും മറെറാരുഭാഗം ഉഷ്ണമായിട്ടുമിരിക്കും.

നാഭ്യധസ്താദ്യദാശീതം തദാ പ്രാതർവിരേചയേൽ
വാമയേച്ചവിലോമ്യാഥ നാഭേരൂർദ്ധ്വഞ്ചശീതളം.

പൊക്കിൾക്കൊടിക്കു കീഴ്പ്പെട്ടുള്ള ഭാഗം ശീതമായിട്ടുള്ള ശീതജ്വരത്തിൽ പ്രാതഃകാലത്തിൽ വിരേചിപ്പിക്കയും പൊക്കിൾക്കൊടിക്കു മേൽപ്പെട്ടുള്ള ഭാഗം ശീതളമായിരിക്കുന്ന ശീതജ്വരത്തിൽ വമിപ്പിക്കയും വേണം.

ശരീരത്തിന്റെ സകലഭാഗവും ഉഷ്ണയുക്തമായും കൈകാലുകൾ മാത്രം തണുപ്പേറിയുമിരിക്കുന്ന ജ്വരത്തിന്റെ നിദാനം എന്താണെന്ന പറയുന്നു.

ശ്ലേഷ്മായദാ കായഗതശ്ചദുഷ്ടഃ
പിത്തംതദന്തേച യഥാസ്ഥിതംവൈ
തതോഷ്ണതാസ്യാദഖിലേപിഗാത്രേ
ശൈത്യംതദാവൈകരപാദയോശ്ച.

ശരീരഗതമായ കഫം എപ്പോൾ ദുഷ്ടമായിരിക്കുന്നുവോ അപ്പോൾ ആ കഫത്തിന്റെ പിറകേനില്ക്കുന്ന പിത്തം ദേഹം മുഴുക്കെ ചൂടുണ്ടാക്കും. ദുഷ്ടമായ കഫംനിമിത്തം കരപാദങ്ങൾ ശൈത്യമുള്ളതുകളായിട്ടു് തീരുകയുംചെയ്യും. അതിന്റെ ചികിത്സ താഴപ്പറയു

തുളസീദലനിർഗതം ജലം
മരിചചൂർണ്ണകൃതാദിഹൈമവലേപിതം
കരപാദഗതാന്തരദൈവത-
മഖിലം ശൈത്യമിദം ഹിനാശയേൽ.

തുളസി ഇടിച്ചുപിഴിഞ്ഞെടുത്ത വെള്ളം മുളകപൊടി കൂട്ടിച്ചേർത്തു് കൈകാലുകളിൽ തേച്ചു പിടിപ്പിച്ചാൽ അതുകളിൽ വ്യാപിച്ചിരുന്ന ശൈത്യം വിട്ടുപോകും.

സദി ചാപി നിശീതകേചാപിൽ
തദ്വദാ നാശ സമ്പ്രതം
ജ്വരസ്ഥിതശൈത്യമത്രവൈ
നാശിചിത്രം ച പുരാതനോദിതം.

തുളസി ഇടിച്ചുപിഴിഞ്ഞെടുത്ത നീരു സേവിപ്പിച്ചാൽ അപ്പോൾത്തന്നെ ജ്വരാഗമത്തിലുണ്ടാകുന്ന ശൈത്യം വിട്ടൊഴിഞ്ഞുപോകും.

അനന്തരം ശീതാർത്തിയുക്തമായിരിക്കുന്ന ഉപദ്രവത്തിനു ചെയ്യേണ്ടപ്രതിവിധി ഇന്നതാണെന്നുപറയുന്നു.

ക്ഷുദ്രാധാന്യമഹൌഷധാദാരുപുഷ്കരാരിക്ഷോത്രഭാർങ്ഗീന്ദ്രജം
മുസ്താപത്മകരക്തചന്ദനപടോലനിംബൈർവ്വസ്സനിംബൈരപി
കാഞ്ചവാപിവരാലപുഷ്കരദ്രവ്യൈഃ സംസാധിതം പായയേ-
ച്ഛീതാർത്തിജ്വരശാന്തയേപികഥിതം വൈദ്യൈഃപുരാണൈരപി.

കണ്ടകാരിച്ചുണ്ടവേര് കൊത്തമ്പാലരി ചുക്കു അകാശവള്ളി (മൂടില്ലാത്താളി) പുത്തരിച്ചുണ്ടവേര് കുടകപ്പാലയരി ദേവസഷ്പത്തിൻതൊലി മുത്തങ്ങ പതുമുകം രക്തചന്ദനം കിരിയാത്തു വേപ്പിൻതൊലി പടവലം, പുഷ്കരമൂലം അരേലോടകം ഇവകൊണ്ടുകഷായം. ശീതാർത്തിയോടുകൂടിയ ജ്വരത്തെ ശമിപ്പിക്കും.

മൃഗനാഭിവിലിപ്തപീവരസ്തനപാംകേരുഹകുഡ്മലാഞ്ചിതാ
യുവതീസമാഗമാദിഭിർന്നിതാബഹുശീതാർത്തിവിനാശതൂലികാ.

താമരമൊട്ടുകൾപോലെയിരിക്കുന്ന മുലകളിൽ കസ്തൂരി അരച്ചു തേച്ചുകൊണ്ടു് നവയുവതികളെ ഗാഢാലിംഗനം ചെയ്താൽ ബഹുപ്രകാരത്തിലുള്ള ശീതജ്വരങ്ങളും ശമിക്കും.

അനന്തരം തണ്ണീർദാഹത്തോടുകൂടിയ ദാഹാദി
ജ്വരശമനത്തിനു ലേപം.

ബദരാഡിഫലോദ്ഭവകല്പിതഫേനകൈ-
രഥചനിംബുരസീതസുപേഷിതൈഃ

ശിരസിലേപനതസ്തൃഷണാന്വിതം
ദവഥുരപ്യപരം വിലയം വ്രജേൽ.

ലന്തക്കുരു താളിമാതളത്തോടു പാച്ചോറ്റിത്തൊലി വിളാർമരത്തിൻകായ് ഇവ വടുകപ്പുളിനാരങ്ങായുടെനീരിൽ അരച്ചു് ശിരസ്സിൽ തളമിട്ടാൽ തണ്ണീർദാഹത്തോടുകൂടിയ ദാഹജ്വരം ശമിക്കും.

ദുശ്ചികിത്സ്യമായ ദാഹജ്വരത്തിൽ ചെയ്യേണ്ട ഉപദേശവിദ്യ.

കൃതപാചേദ്ബഹുലോഽപായാം സ്തൃഡ്ദാഹാദിനശാമ്യതി
തദാജലംമധുയുതം പീത്വാതച്ഛാന്തയേദ്ഗദീ.

വമനമേവ തദാ തു കരോതി യോ
ജയതി ദാഹതൃഷാദിഗണാംസ്തു സഃ
നഹിയദാ വമനന്തു ഭവേത്തദാ
മദനജാതഫലം മധുനാ പിബേൽ.

യാതൊരു ചികിത്സകൊണ്ടും ശമിക്കാത്ത തണ്ണീർദാഹത്തോടുകൂടിയ ദാഹജ്വരം തേൻചേർത്തു വെള്ളം സേവിപ്പിച്ചാൽ ശമിക്കും. വെള്ളം തിളപ്പിച്ചു നല്ലവണ്ണം ആറിയതിൽപിന്നെ തേൻ ചേർത്തു കൊള്ളണം.

ഛർദ്ദിപ്പിക്കുന്നതുതന്നെ തണ്ണീർദാഹത്തോടുകൂടിയ ജ്വരശമനോപായമാകുന്നു. സാധാരണങ്ങളായ ഔഷധങ്ങൾകൊണ്ടു ഛർദ്ദിച്ചില്ലെങ്കിൽ മലംകാരക്കാ തേൻചേർത്തു വിധിപ്രകാരം കൊടുത്തു ഛർദ്ദിപ്പിക്കണം.

അനന്തരം ജീർണ്ണജ്വരശമനത്തിന്.

പക്ഷാദേകാദൂർദ്ധ്വമത്രാപിനാശം
നോവാഗച്ഛേത്തംജ്വരംജീർണ്ണമാഹുഃ
നാശംമാംസസ്യാഥ വൈവർണ്ണ്യമത്ര
വേഗോമന്ദശ്ചാനുബന്ധനയുക്തഃ.

ആരംഭിച്ചു പതിനഞ്ചുദിവസംകഴിഞ്ഞിട്ടും ശമിക്കാതെ ഇരിക്കുന്ന ജ്വരത്തെ ജീർണ്ണജ്വരമെന്നു വ്യവഹരിക്കുന്നു. മാംസം ക്ഷയിക്കയും ശരീരത്തിനു വിവർണ്ണത്വം (വിളർച്ച) ഭവിക്കയും ചെയ്യുന്നതുകൂടാതെ മലമൂത്രങ്ങളുടെ ഗതിക്കും തടസ്സം നേരിടും.

പ്ലീഹാഗ്നിസാദേനയുതേതുജീർണ്ണ
ജ്വരേതുചരിന്നോരഭവഏകഏവ
സപിപ്പലീകസ്തുശൃതഃകഷായഃ
...പിപ്പലീകസ്തുഗുഡസ്തഥൈവ

നിദിഗ്ദ്ധികാനാഗരദേവവല്ലീ
പാഠാചോലി ചൂർണ്ണാന്വിതസൽകഷായഃ
ജീർണ്ണജ്വരാരോചകകാസയുക്ത
ശ്വാസം ശിരോർത്തിഞ്ച വിനാശയേദ്വൈ
ദ്രാക്ഷാമൃതാനാഗരനിംബശൃംഗീ
പാഠാശടീവാളകനീരദൈശ്ച
തിക്താധരാനിംബബദരാലഭാഭിർ
ധാന്യാകകോശീരകപുഷ്കരൈശ്ച.
ന്യാഗ്ലൃഗ്രായുതോ ഗോസ്തനികാസമേതൈഃ
ക്വാഥഃകൃതോ ലോഹിതചന്ദനാഢ്യഃ
ജീർണ്ണജ്വരാരോചകകാസയുക്താൻ
ശ്വാസാംസ്തഥാ വൈശ്വയഗുഞ്ചഹന്യാൽ.

പ്ലീഹ അഗ്നിമാന്ദ്യം ഇവയോട്ടുകൂടിയ ജീർണ്ണജ്വരത്തിൽ അമൃത തന്നെ കഷായംവച്ചോ തിപ്പലിപ്പൊടി മേമ്പൊടിചേർത്തോ തിപ്പലിപ്പൊടി ശക്കരയിൽ കുഴച്ചോ കൊടുത്താൽ മതിയാകും. ചെറുവഴുതിനവേര ചുക്ക തുളസിമുല്ല ഇവ കഷായംവച്ച തിപ്പലിപ്പൊടി മേമ്പൊടിചേർത്തു സേവിപ്പിച്ചാൽ ജീർണ്ണജ്വരത്തിൽ ഉണ്ടാകുന്ന അരുചി ചുമ ശ്വാസം തലവേദന ഇവയ്ക്കു ശമനം സിദ്ധിക്കും. മുന്തിരിങ്ങാപ്പഴം അമൃത ചുക്ക വേപ്പിൻതൊലി കൎക്കടകശൃംഗി പാടക്കിഴങ്ങു കച്ചോലം ഇരുവേലി മുത്തങ്ങാക്കിഴങ്ങു കടുകരോഹിണി കിരിയാത്ത കൊടിത്തുവവേര കൊത്തമ്പാലരി രാമച്ചം പുഷ്കരമൂലം ചെറുവഴുതിനവേര വലിയമുന്തിരിങ്ങാ രക്തചന്ദനം ഇവ കൊണ്ടുള്ള കഷായം അരുചി കാസം ശ്വാസം നീക്കേട്ടു ഇവയോടുകൂടിയ ജീർണ്ണജ്വരത്തിനു വിശേഷമാണു്.

താലീസാദി പൊടി.

താലീസാബ്ജജബീജജീരകയുതൈ
ശ്ശൃംഗീശിവാഗോസ്തനീ
ചാതുർജ്ജാതകടുത്രയാമരലതാ-
സന്തൈത്വശീരാദിഭിഃ
മുസ്താകൌമുദബീജചന്ദനശടീ-
വംശോത്ഭവൈവായുഗൈഃ
ക്ഌപ്തംശുഭ്രസിതാന്വിതം പ്രശമയേ-
ജ്ജീർണ്ണജ്വരാരോചകാൻ.
കാസശ്വാസശ്വയവൈദ്യനികരൈ-
ശ്ചൂർണ്ണംപുരാകല്പിതം

പിത്തശ്ലേഷ്മസമുത്ഭവാംശ്ചനിഖിലാൻ
വ്യാധീംശ്ചശാന്തിംനയേൽ
തസ്മാത്സേവ്യമിദം പ്രഭാതസമയേ
വൈദ്യേനദത്തന്തുവൈ
സന്ദീപ്യാഗ്നിമഥോഹി ഭോജനരുചിം
ദീർഘാം സമുൽപാദയേൽ.

താലീസപത്രം താമരയരി ജീരകം കൎക്കടകശൃംഗി കടുക്കാ മുന്തിരിങ്ങാ ഏലം ഇലവൎങ്ഗം പച്ചില നാഗപ്പൂവു ചുക്ക മുളക തിപ്പലി അകാശവള്ളി രാമച്ചം മുത്തങ്ങാ അമ്പൽക്കായുടെ അരി ചന്ദനം കച്ചോലം മുളയരി ചിററലം പേരേലം ഇവകൊണ്ടുള്ള പൊടി പഞ്ചസാരചേർത്തു സേവിച്ചാൽ ജീർണ്ണജ്വരം അരുചി ചുമ ശ്വാസം ഇവ ശമിക്കുന്നതുകൂടാതെ പിത്തകഫജാതങ്ങളായ സകല വ്യാധികളും ശമിക്കും. ഈ പൊടിതന്നെ രാവിലേ സേവിച്ചാൽ അഗ്നിബലം ഭക്ഷണത്തിനു രുചി ഇവ നീണ്ടുനിൽക്കയും ചെയ്യും.

രസധാതുഗതജ്വര ലക്ഷണം.

ഹൃദയവ്യഥനം ച ഗൌരവം സദനം ഛർദ്ദിയുതം ഹ്യരോചകം
രസധാതുഗതേജ്വിദംഹിവൈ നിയതം ദൈന്യയുതഞ്ച ലക്ഷണം.

ജ്വരം രസധാതുവിൽ വ്യാപിച്ചാൽ ഹൃദയവ്യഥ ശരീരഗൌരവം തളച്ച ഛർദ്ദി അരുചി ദീനത ഇവ ഉണ്ടാകും.

രക്തധാതുഗതജ്വരലക്ഷണം.

രുധിരസ്യ ച ഛർദ്ദനം ഭവേദപി ദാഹഃ പിടകോദ്ഗമോയദാ
ബഹുദാഹയുതഞ്ചവൈതദാ രുധിരേചാപിഗതേജ്വലക്ഷണം.

ജ്വരം രക്തധാതുവിൽ വ്യാപിച്ചാൽ രക്തം ഛർദ്ദിക്കുക ചുട്ടുനീററൽ കുരുക്കൾ പുറപ്പെടുക കൂടക്കൂടെ മോഹാലസ്യം ഇവ ഉണ്ടാകും.

മാംസധാതുഗതജ്വരലക്ഷണം.

രക്തഷ്ഠീവനമൂത്രകൃച്ഛ്രസഹിതാ പീഡാചതുഷ്ണാരുചിർ
ഗ്ലാനിർമ്മോഹസമന്വിതശ്ചദവഥു സ്തദ്വൽപ്രലാപോഭവേൽ
ഏതന്മാംസഗതജ്വരേശദഹരൈർവൈദ്യൈസ്സദാലക്ഷിതം
തസ്മാല്ലക്ഷണമേതദേവപിടകൈരാവേഷ്ടിതംയദ്വപുഃ.

ജ്വരം മാംസധാതുവിൽ വ്യാപിച്ചാൽ രക്തംതുപ്പുക മൂത്രംതടയുക തണ്ണീർദാഹം അരുചി തളൎച്ച മോഹാലസ്യം സർവ്വാംഗസന്താപം പിച്ചുപറയുക ഇവ സംഭവിക്കും. വിശേഷിച്ചും ദേഹത്തിലെങ്ങും പിടകങ്ങൾ ഉണ്ടായിരിക്കയും ചെയ്യും.

[illegible]

[illegible]

[illegible]

[illegible]

ഗാത്രക്ഷേപശ്വാസ[illegible]ശ്ചമജ്ജാ

സ്യാത്തേ ഹിക്കാശ്വാസകാസനംമർമ്മപീഡാംഗശൈത്യം.

ജ്വരം മേദസ്സിൽ വ്യാപിച്ചാൽ മൂർഛ വിയർപ്പ് പിച്ചുപറയുക ശരീരത്തിനു തളർച്ച [illegible] ജ്വരം അസ്ഥിയിൽ വ്യാപിച്ചാൽ അസ്ഥി [illegible] ഗാത്രക്ഷേപം ശ്വാസം കാസം ഇവ സംഭവിക്കും. ജ്വരം മജ്ജയിൽ വ്യാപിച്ചാൽ ഇക്കിൾ ശ്വാസം കാസം മർമ്മങ്ങളിൽ വേദന ദേഹശൈത്യം ഇവ ഉണ്ടാകും.

ശുക്ലധാതുഗതജ്വരലക്ഷണം.

ജ്വരേ ശുക്ലഗേ ശുക്ലമോക്ഷോ ജനാനാം

തഥൈവാഥശോഫോ[illegible] മേഹനസ്യാതേ

തദാ ഭേഷജം ജാഹ്നവീനീരമേവ

നമഃസ്സും ഭവേദ്യത്ര[illegible]ത്താതോഽസ്തി.

ജ്വരം ശുക്ലധാതുവിൽ വ്യാപിച്ചാൽ താനേ ശുക്ലം സ്രവിക്കുക നീക്കെട്ട് ഇവയുണ്ടാകും. ഈ [illegible] ദേഹത്തിൽ കടന്നുകൂടിക്കഴിഞ്ഞാൽ അതായത് ജ്വരം ശുക്ലഗതമായിക്കഴിഞ്ഞാൽ പിന്നെ ഗംഗാസ്നാനം മൃത്യുഞ്ജയഹോമം [illegible] സൽകർമ്മങ്ങൾ ചെയ്യുകയല്ലാതെ വേറെ ഭേഷജം ഒന്നുംതന്നെ ഇല്ല. ശുക്ലഗതജ്വരം അസാദ്ധ്യമാണ് എന്നഭാവം.

രസാദി ധാതുഗതജ്വരചികിത്സ.

രസസ്ഥംതുജ്വരംപ്രാജ്ഞോ[illegible] ജയേദ്വമനലംഘനൈഃ

അസൃഗ്ജാതംസിരാമോക്ഷസശീതളലേപനൈഃ

മാംസഗശ്ചതദാ പ്രാജ്ഞൈർ ജയേത്തീക്ഷ്ണവിരേചനൈഃ

മേദോഗംമേദോനാശകാരകൈശ്ചൗഷധൈഃ

അസ്ഥിഗേവാതശമനീക്രിയാ[illegible]ഭിഷഗ്വരൈഃ

വസ്തികർമ്മതഥാഭ്യംഗ[illegible]കമേവഹി.

രസധാതുഗതമായ ജ്വരത്തെ വമനലംഘനങ്ങൾകൊണ്ടും രക്തധാതുഗതമായ ജ്വരത്തെ സിരാവ്യധം (ഞരമ്പുകുത്തി രക്തമെടുക്കുക) ശീതളലേപനം ഇവകൊണ്ടും മാംസധാതുഗതമായ ജ്വരത്തെ തീക്ഷ്ണവിരേചനങ്ങൾകൊണ്ടും മേദോധാതുഗതമായ ജ്വരത്തെ മേദസ്സിനെ നശിപ്പിക്കുന്ന ഔഷധങ്ങൾകൊണ്ടും അസ്ഥിധാതുഗതമായ ജ്വരത്തെ വാതശമനക്രിയകളാവും വസ്തി, അഭ്യംഗസ്നാനം ശരീര

മർദ്ദനം (തിരുമ്മുക) ഇവയാലും പ്രാജ്ഞനായ വൈദ്യൻ ചികിത്സിച്ചു ശമിപ്പിക്കണം.

സിതോപലാദിചൂർണ്ണം.

വാംശീസിതാഭ്യാംഥകണാ തദർദ്ധാ

ത്രുടിസ്തദർദ്ധാച്ചഥ ത്വക്തദർദ്ധാ

സംചൂർണ്ണ്യതന്മാക്ഷികസംയുതഞ്ച

സിതോപലാദ്യംനിശദപ്രഹന്തി.

ക്ഷയംപാർശ്വശൂലാംശ്ച ജീർണ്ണജ്വരാൻവൈ

തഥാരക്തപിത്തംഗ്രഹശ്വാസകാസാൻ

തഥാചാഗ്നിമാന്ദ്യാരുചീ ദാഹപൂർവ്വാൻ

വിനാശം നയത്യാശു പുഷ്ടിം കരോതി.

കൂവനൂറ് ഭാഗം കണം. പഞ്ചസാര ഭാഗം അരം. തിപ്പലി ഭാഗം കാൽ. ചിറ്റേലം ഭാഗം അരയ്ക്കാൽ. ഇലവർങ്ഗം ഭാഗം മാകാണി. ഇവ എല്ലാംകൂടി പൊടിച്ചു ശീലപ്പൊടി എടുത്ത് തേനിൽ കുഴച്ചു സേവിക്കുക. സിതോപലാദ്യം എന്ന പേരോടുകൂടിയ ഈ ചൂർണ്ണം ക്ഷയം പാർശ്വശൂലം ജീർണ്ണജ്വരം രക്തപിത്തം ശ്വാസകാസങ്ങൾ അഗ്നിമാന്ദ്യം അരുചി ദാഹാദിജ്വരം ഇവയെ ശമിപ്പിക്കും. ശരീരപുഷ്ടിയേയും ഉണ്ടാക്കും.

ബ്രഹ്മാസ്ത്രരസം.

ശൗരിരജഃ ശുദ്ധമിഹ ത്രിഭാഗം

ഭാഗൈകമാനം ഭവബീജഭസ്മ

വിഷം തഥാ[illegible] സമമേവ ചാഥ

ത്രിഭിസ്സമംവൈ വിഷമത്രശുദ്ധം

സവൈസ്സമഞ്ചോഷണമത്ര ദത്വാ-

താവച്ഛിലായാം ച ശിലാസ്രുതേന

സംപേഷ്യ പശ്ചാച്ച നിധായ ചൈവ

വിധിം തഥാ ചാപി വദാമി ചാഗ്രേ

വരാഹപിത്തൈസ്തഥ കേകിപിത്തൈ-

സ്തതസ്തതഃ[illegible] പിത്തയുക്തം

പുനഃപുനർമ്മർദ്ദ്യ ചസപ്തവാരം

പൃഥക്പൃഥഗ്വൈ ക്രമതസ്തതസ്തു

പുനർല്ലാംഗലീദേവതാളീ ചകീലാ

തഥാ ചാർദ്രകം വൈപൃഥക്സർവ്വമേവ

പ്രപേഷ്യം പൃഥക്ദ്രാവമാസാദ്യ ദത്വാ

പുനർവ്വാപുനർ[illegible]ശുഷ്കം വിമർദ്ദ്യ

തദിതമംഭ്രവൈവരേകവിംശൽപ്രകാരം
പൃഥഗ് മർദ്ദിതം തദ്ദ്വിഗുഞ്ജഞ്ചനാസാ
പൃഥഗ്ഘ്യാശ്രുമൃഗ്ദം ജന്മേദ്വാഥ ഭുക്ത്വാ
തദാചരത്യുഗ്രസ്തീദധ്യോദനംവൈ
സവോദാദ്യാധിഹരോജനാനാം
സർവ്വജ്വരാണാഞ്ച വിനാശനഞ്ച
ബ്രഹ്മാസ്ത്രമേഷ പ്രഥിതസ്തു ലോകേ
മൃതം [illegible] ധ്രുവം നൽ
നൈതത്ഭക്ഷ്യം നസ്യമേവാത്രജംതുൻ
മൃത്യോരാസ്യേസംഗതാൻമോചയേദ്യൽ
ഏതന്ന സ്യംഗാദ്വ്യദധ്യോദനംഹി
ഭക്ഷ്യം കിഞ്ചിന്നാന്യദേവാത്രന്യനം
പാണൌ കൃതാചായസ്തു വൈദ്യാധിരാജോ
രാജ്ഞാം ഗോഷ്ഠീമദ്ധ്യഗസ്തത്രതിഷ്ഠൻ
കിഞ്ചിൽ കിഞ്ചിൽ പ്രത്യയം കാചികാലേ
ദത്വാ സമ്യക് മാന്യതാമേതിസദ്യഃ.

ശുദ്ധിചെയ്ത ഗന്ധകം ൩ ഭാഗം. രസഭസ്മം ൧ ഭാഗം. പാമ്പിൻ വിഷം ൧ ഭാഗം. ഇവ മൂന്നും കൂടിയിടത്തോളവും വത്സനാഭി. നാലിനും സമമായി നല്ലമുളകുപൊടിയും കനകവും. ഇവയെല്ലാംകൂടി കല്ലിൽവച്ചു മർദ്ദിച്ചു യോജിപ്പിച്ച് പന്നിയുടേയും മയിലിന്റേയും പോത്തിന്റേയും പിത്തങ്ങളിൽ ഓരോന്നിലും പ്രത്യേകം പ്രത്യേകം ഏഴേഴുദിവസം അരച്ച് പിന്നെ മേന്തോന്നിക്കിഴങ്ങ് ദേവതാളീഫലം കൊട്ടവേലിക്കിഴങ്ങ് ഇഞ്ചി ഇവയുടെ ഓരോന്നിന്റേയും നീരിൽ ൧൧ ദിവസംവീതം അരയ്ക്കണം. അരയ്ക്കുന്നതുതന്നെയും ഒരുതവണ അരച്ചാൽ വെയിലത്തുവച്ചു ഉണക്കിയതിനുശേഷം വേണം പിന്നീട് അരയ്ക്കുന്നത്. ഈ ഗുളികയ്ക്ക് ബ്രഹ്മാസ്ത്രം എന്നു പേർ പറയപ്പെടുന്നു. ഇതു രണ്ടു കുന്നിപ്രമാണം നസ്യം ചെയ്താൽ സന്ദിഗ്ദ്ധജീവിതമായ ജ്വരംകൂടിയും നിശ്ശേഷം ശമിക്കും. ഈ രസം ഉള്ളിൽ [illegible]ടക്കരുത്. നസ്യംചെയ്താൽ ഉറപാലും ചോറും മാത്രമേ ഭക്ഷി[illegible]ക്കാവൂ. സന്നിപാതജ്വരം മഹോദരം മുതലായ മഹാവ്യാധി[illegible]കൊണ്ടു നസ്യംചെയ്താൽ മാറുന്നതാണ്. ഈ ബ്രഹ്മാസ്ത്ര[illegible]യിൽ ഇരിപ്പുള്ള വൈദ്യൻ രാജസദസ്സിൽ ചെന്നാലും [illegible] അവരിൽ വിശ്വാസം ജനിപ്പിച്ചു ബഹുമാന്യനായി

ൾ[illegible]
ക്ഷ്ണ.
സ്സിനെ ൧.
[illegible]രത്തെ വാ[illegible]

ജ്വരചികിത്സ.

ജ്വരേഹിതംയത്തു സദൌഷധംസ്യാ
ത്തേനൈവസർവ്വാനപിവൈദ്യവര്യഃ
ജയേജ്ജ്വരോപദ്രവദുഷ്ടസംഘാ-
നുപദ്രവാന്നാശ്ചവിനാശനംയൽ.

വമിർമൂർച്ഛാദാഹാവതിസരണഹിക്കേ ചനിതരാം
ജ്വരേവൈദുസ്സാദ്ധ്യാസ്വഗദഹരൈരേശ്ചാപ്യഭിഹിതം
ശിവാ കടുരോഹിണ്യാനളദകൃതമാലൈരുപിശ്രുതഃ
സരേണുഃസംപീതശ്ശമയതിഹിമൂർച്ഛാം ജ്വരകൃതാം.

ജ്വരരോഗത്തിൽ ഹിതമായും ജ്വരത്തിലുണ്ടാകുന്ന ഛർദ്ദി, അതിസാരം, മോഹാലസ്യം മുതലായ ഉപദ്രവങ്ങളെ ശമിപ്പിക്കുന്നതായും ഇരിക്കുന്ന ദിവ്യൌഷധംകൊണ്ട് ശ്രേഷ്ഠനായ വൈദ്യൻ ജ്വരോപദ്രവങ്ങളെ ജയിക്കാം. ഛർദ്ദി, മോഹം, സർവ്വാംഗസന്താപം, അതിസാരം, ഇക്കിൾ ഇവയാണ് ജ്വരത്തിൽ ഉണ്ടാകുന്ന ദുസ്സാധ്യങ്ങളായ ഉപദ്രവങ്ങൾ. കടുക്ക കടുകുരോഹിണി മുന്തിരിങ്ങാപ്പഴം രാമച്ചം കൊന്നത്തൊലി പർപ്പടകപ്പുല്ല് ഇവ കഷായംവച്ച് സേവിച്ചാൽ ജ്വരത്തിലുണ്ടാകുന്ന ബോധക്കേട് ശമിക്കും.

ജ്വരത്തിലുണ്ടാകുന്ന അരുചിക്കും ഇക്കിളിനും.

സസൈന്ധവം കേസരമാതുളുംഗ
ഫലോദ്ഭവംവൈ വിരുചിം നിഹന്തി
സസൈന്ധവം ചാപി തഥൈവനീരം
നസ്യേന ഹിക്കാംച നിരാകരോതി.

താമരയല്ലിക്കഷായത്തിൽ ഇന്തുപ്പും മാതളനാരങ്ങയുടെ രസവും ചേർത്തു സേവിച്ചാൽ അരുചി ഇല്ലാതാകും. അതുപോലെ മാതളരസത്തിൽ ഇന്തുപ്പു ചേർത്തു നസ്യം ചെയ്താലും ഇക്കിൾ ശമിക്കും.

ജ്വരോദ്ഭവങ്ങളായ ശ്വാസകാസങ്ങൾക്ക്.

ശൃംഗീഗർദ്ദഭശാകപുഷ്കരശടീമുസ്താകണാഭേഷജൈർ-
ല്ലേഹോവൈമരിചാന്വിതഃപ്രശമയേച്ഛ്വാസംമധൂകാന്വിതഃ
വൈദേഹീചരണാന്വിതോടക്ഷസഹിതോവിശ്വാന്വിതോമാക്ഷി-
കൈർല്ലീഢഃകാസശമായ ചാഥ വിഹിതസ്സിംഹോമധൂകാന്വിതഃ. (കൈർ-

കർക്കടകശൃംഗി ചെറുതേക്ക് പുഷ്കരമൂലം കച്ചോലം മുത്തങ്ങാ തിപ്പലി ചുക്ക് നല്ലമുളക് ഇരിപ്പക്കാതൽ ഇവയെല്ലാംകൂടി പൊടിച്ച് ലേഹമാക്കി സേവിച്ചാൽ ജ്വരജമായ ശ്വാസം ശമിക്കും, കാട[illegible]

തിപ്പലിവേര് താന്നിക്കാ ചുക്ക് ഇവയോ, കണ്ടകാരിച്ചുണ്ട ഇരി[illegible]
ക്കാതൽ ഇവയോ, പൊടിച്ച് തേനിൽ കുഴച്ച് സേവിച്ചാൽ ജ്വ[illegible]
ത്തിലുണ്ടാകുന്ന കാസത്തിന് നന്ന്.

സർവ്വാംഗസന്താപത്തിന്.

വിദാരികാ ദാഡിമ ബീജപൂര ലോധ്രാന്വിതോമൃല്‌നികൃതഃപ്രലേപ[illegible]
വിനാശകഃ സ്യാത്സ്വദേഹിനാം [illegible] ഭ്രാന്തിഭവം ന ചിത്ര[illegible]

പാൽമുതക്ക്, താളിമാതളത്തൊലി, മാതളനാരങ്ങയുടെ അല്ലി[illegible]
പാച്ചോററിത്തൊലി, ഇവ അരച്ച് ശിരസ്സിൽ ഇട്ടാൽ ജ്വരജമാ[illegible]
സർവ്വാംഗസന്താപം ശമിക്കും. ചിത്ത ഭ്രാന്തിഭവമായവികാരം ശ[illegible]
ക്കുന്നതിൽ എന്നുള്ളതാകുന്നു.

തൃഡ്ദാഹചികിത്സ.

ശീതം പയോമധുയുതം ച നിപീയകണ്ഠ-
മാരഭ്യ ചാശു യദി തദ്വമനം വിദധ്യാൽ
പശ്ചാന്നൃണാം സപദി [illegible]ഗ്രശമാം-
സ്തൃഷ്ണപ്രകർഷശമനായ ച സംപ്രദദ്യാൽ.

കാച്ചിത്തണുത്ത പാലിൽ തേൻ ചേർത്ത് ആകണ്ഠം കുടിപ്പിച്ച[illegible]
ഛർദ്ദിപ്പിച്ചാൽ ജ്വരത്തിൽ ഉണ്ടാകുന്ന ചുട്ടനീററൽ ശമിക്കും. ഉട[illegible]
തന്നെ പേരാൽമൊട്ട് കഷായം വെച്ച് മലർപ്പൊടിയും തേനും ചേർ[illegible]
തണ്ണീർദാഹശമനത്തിന കൊടുക്കയും വേണം.

ഛർദ്ദിക്ക്.

മുസ്തചന്ദനവാളകനീരികാ
യദിചമാക്ഷികയാ [illegible]പിബേൽ
അഥ ഗുളൂചിരസം മധുനാന്വിതം
യദി പിബേദപി ഛർദ്ദിവിനാശനം.

മുത്തങ്ങ, ചന്ദനം, ഇരുവേലി [illegible] അരിവേര്, ഇവ കഷായ[illegible]
വച്ച് അതിൽ തേൻ ചേർത്തു [illegible]ലും, അമൃതിൻനീരിൽ തേ[illegible]
ചേർത്തു സേവിപ്പിച്ചാലും ജ്വരത്താലുള്ള ഛർദ്ദി ശമിക്കും.

ഛർദ്ദിക്ക വേറൊരു പ്രയോഗം.

സചന്ദനാ ശർക്കരയാ സമേതാ
വിൺമാക്ഷികാനാം മധുനാവലീഢാ
സഗൈരികാ വാ കടുകാവലീഢാ
ജ്വരോദ്ഭവച്ഛർദ്ദി ചയം നിഹന്യാൽ.

മാക്കീരക്കല്ല് ചന്ദനവുംകൂട്ടി പഞ്ചസാരയിൽ സേവിച്ചാലും
തേനിൽ സേവിച്ചാലും, കാവിമണ്ണ ചേർത്ത് കടുകരോഹിണിയും കൂട്ടി
തേനിൽകുഴച്ച് സേവിച്ചാലും ജ്വരജമായ ഛർദ്ദി എല്ലാം ശമിക്കും.

ജ്വരാതിസാരത്തിന്.

വത്സാദനീവത്സകഭൂമിനിംബ
വിശ്വാ വിഷാഭിശ്ച സനീരദൈശ്ച
ജ്വരാതിസാര പ്രശമായപേയഃ
കൃതഃ കഷായോ മധുസംയുതശ്ച.

ചിററമൃത്, കുടകപ്പാലയരി, കിരിയാത്ത്, ചുക്ക് അതിവിടയം
മുത്തങ്ങാക്കിഴങ്ങ് ഇവ കഷായം വെച്ച് അറിയാൽ തേൻ മേമ്പൊടി
ചേർത്തു സേവിക്കുക; ജ്വരാതിസാരം ശമിക്കും.

ജ്വരാതിസാരത്തിന വേറൊരുകഷായം.

അമൃതാതിവിഷാജലദേന്ദ്രയവാൻ
ധരണീപിചുമന്ദസുശുണ്ഠിയുതാൻ
പരിപേഷ്യശൃതാനപികോപിബേ-
ദതിസാരരിപൂൻ ജ്വരനാശകരാൻ.

ചിററമൃത് അതിവിടയം മുത്തങ്ങാക്കിഴങ്ങ് കുടകപ്പാലയരി കി
യ്യാത്ത് ചുക്ക് ഇവ ചതച്ചിട്ട് കഷായംവച്ചു തേൻ ചേർക്കാതെ സേ
വിച്ചാലും ജ്വരാതിസാരം ശമിക്കും. മുൻപറഞ്ഞ യോഗത്തിൽ തേൻ
ഉണ്ട്. ഈ യോഗത്തിൽ തേൻ ഇല്ല എന്നു ഭേദം.

തണ്ണീർദാഹത്തിന്.

രജതേന വിനിർമിതാ യദാ
ഗുഡികാ വൈമുഖേ പത്മധാരിതാ
നഹി തർഹി തൃഷാജ്വരേ നൃണാം
ബഹുബാധാം ച കദാപി സന്ദിശേൽ.

വെള്ളിഭസ്മം കൊണ്ടുണ്ടാക്കിയ ഗുളിക വായിൽ ഇട്ടുകൊണ്ടിരു
ന്നാൽ ജ്വരത്തിൽ ഉണ്ടാകുന്ന തണ്ണീർദാഹത്തിൻെറ പീഡ ഒരിക്ക
ലും സംഭവിക്കയില്ല.

തണ്ണീർ ദാഹത്തിന് വേറൊന്ന്.

ത്വക്പത്രകോശീരകചന്ദനൈലാ-
ചൂർണ്ണംസിതാ മാക്ഷിക സംയുതം ച
ലീഢംത്രിദോഷോദ്ഭവതൃഡ്വിനാശേ
സാക്ഷീകൃതം വൈ ബഹുവൈദ്യസംഘൈഃ.

ഇലവർങ്ങം പച്ചില രാമച്ചം ചന്ദനം ഏലത്തരി ഇവ പൊടിച്ച് പഞ്ചസാരയും തേനുംകൂടി ചേർത്ത് യോജിപ്പിച്ചു സേവിച്ചാൽ ത്രിദോഷകോപത്താൽ ഉണ്ടായ തണ്ണീർദാഹവും ശമിക്കും. ഇതു് പല വൈദ്യന്മാൎക്കും സമ്മതമായ സിദ്ധയോഗമാകുന്നു.

ജ്വരത്തിൽ ശോധനത്തിനു്.

സസൈന്ധവം പിപ്പലിചൂൎണ്ണയുക്തം
ജലംഹിപീത്വാ വമനഞ്ചകുൎയ്യാൽ
വിരേചനഞ്ച ത്രിഫലാകണാഭ്യാം
ശ്യാമാത്രിവൃൽകേസരമാക്ഷികൈശ്ച

സിതായുതൈശ്ശോധനമേതദേവ
ദേയഞ്ചമദ്ധ്യേfഹ്നിയദാജ്വരശ്ചേൽ
സംശോധനാർഹഞ്ച വിലോക്യപൂൎവ്വം
സാമജ്വരേക്വാപി നദേയമേവ.

വമനയോഗ്യനായവന്നു് തിപ്പലിപ്പൊടിയും ഇന്തുപ്പുംകൂടി ജലത്തിൽ ചേർത്തുകൊടുത്തു ഛർദ്ദിപ്പിക്കണം. വിരേചനയോഗ്യനായവന്നു് ത്രിഫല തിപ്പലിപ്പൊടി ഇവ കഷായംവച്ചു കൊടുത്തു വയറിളക്കണം. മദ്ധ്യാഹ്നത്തിൽ ജ്വരം വരുന്നവന്നു് നാകോല്പക്കൊന്ന തികോല്പക്കൊന്ന മാതളനാരങ്ങയുടെ അല്ലി, ഇവ കഷായംവച്ചു് തേനും പഞ്ചസാരയും ചേർത്തുകൊടുത്തു വിരേചിപ്പിക്കണം. ഈ വിരേചനൗഷധം പാകംവരാത്ത ജ്വരത്തിൽ കൊടുത്തുകൂടാ എന്നുള്ളതു് പ്രത്യേകം ഓൎമ്മിച്ചുകൊള്ളണം.

ജ്വരചികിത്സയിലെ കൃത്യാകൃത്യവിവേകം.

പക്വേ ദോഷേ ശോധനഞ്ചാപി കൃത്വാ
വാരം വാരം ചേൽ പ്രവൎത്തേന്മലംയൽ
തസ്യോപേക്ഷാ നൈവ കാൎയ്യാഭിഷഗ്ഭി-
രോദ്ധ്യം തദ്വൈചാതിസാരോക്തയോഗൈഃ.

ദോഷംപാകംവന്നാൽ ശോധനംചെയ്തു മലങ്ങളെ ബഹിഷ്കരിക്കണം. ശോധനം അധികമായി, ദിവസവും മലം പ്രവൎത്തിച്ചുകൊണ്ടിരിക്കയാണെങ്കിൽ വൈദ്യൻ ഉപേക്ഷവിചാരിക്കാതെ അതിസാരചികിത്സയിൽ പറഞ്ഞിരിക്കുന്ന യോഗങ്ങൾകൊണ്ടു് മലപ്രവൃത്തിയെ തടയണം. മലം അധികം പ്രവൎത്തിച്ചാൽ അതു് ദേഹത്തിനു് ഹാനികരമാണു്. "മലോ ചിതത്വാൽ ദേഹസ്യ ക്ഷയോവ്യാധേസ്സപീഡനം" എന്നു് ബാഹടാചാൎയ്യരും പറഞ്ഞിട്ടുണ്ടു്.

ക്ഷീണേനയാതേ മാനവേ വാ ജ്വരേണ
നോ വാ ദേയം ഛർദ്ദനം രേചനം വാ
കാമം ദുഗ്ദ്ധൈൎവ്വാ നിരൂഹൈശ്ചതസ്യ
കാൎയ്യാ ശുദ്ധിസ്സ്തന്മലം ചാതിപാത്യ.

ജ്വരരോഗി ക്ഷീണദേഹനായിരിക്കയാണെങ്കിൽ ഛർദ്ദിയോ വിരേചനമോ ചെയ്യാൻ പാടില്ല. എന്നാൽ ഒരുപ്രകാരം ക്ഷീണനായ ജ്വരരോഗിയുടെ മലത്തെ പാലുകൊടുത്തോ വസ്തിവെച്ചോ ഇളക്കി കളഞ്ഞുകൊള്ളണം.

പാൽകൊടുക്കേണ്ടവിധി.

പിത്താനിലാൎത്തേ ഹ്യതിസാരയുക്തേ
സുസംസ്കൃതം ശീതളമേവദുഗ്ദ്ധം
പീതം സുധാകല്പമഥോഹിതച്ച
താരുണ്യയുക്തേ സകഫേ വിഷംസ്യാൽ.

അതിസാരത്തോടുകൂടിയ വാതപിത്തജ്വരത്തിൽ അവയെ നശിപ്പിക്കുന്ന ഔഷധങ്ങൾ ഇട്ടുകാച്ചിയ പാൽ തണുത്തതിനുശേഷം കൊടുക്കണം. അതു് അമൃതതുല്യമാകുന്നു. കഫയുക്തമായ തരുണജ്വരത്തിൽ ശീതമായ പാൽ കൊടുത്താൽ അതു് വിഷതുല്യമായിത്തീരും.

പയഃശുണ്ഠീദ്രാക്ഷായുതമഥസപൊർജ്ജൂരകഘൃതം
സഖണ്ഡം സംസിദ്ധം യദിഹപിബതിസജ്ജാതമഥോ
തദാതൃഷ്ണാം തീവ്രാം ജയതിബലവീൎയ്യേ ചലഭതേ
നലോകേ ദുഗ്ദ്ധാദ്വാ പരമിഹപരംപൗഷ്ടികമലം.

ചുക്കു്, മുന്തിരിങ്ങാപ്പഴം ഇവയിട്ടുകാച്ചിയ പാലിൽ പൊർജ്ജൂരകഘൃതവും കല്ക്കണ്ടവും ചേർത്തു കുടിച്ചാൽ തീവ്രമായ തണ്ണീർദാഹം ശമിക്കും. ബലവും വീൎയ്യവും ഉണ്ടാകും. പാലിനേക്കാൾ പുഷ്ടികരമായി മറ്റൊന്നും ലോകത്തിൽ ഇല്ലെന്നുതന്നെ പറയാം.

ആഗന്തുകജ്വരനിദാനലക്ഷണങ്ങൾ.

ശ്രമാദ്യത്ര ശാപാഭിചാരാഭികാമ
പ്രകർഷാതിചിന്താതിശോകാദിജാതാഃ
ജ്വരാഃ ക്രോധഭൂതഗ്രഹാദ്യൈരനേകൈഃ
പ്രജാതാസ്തഥാഗന്തുകാ ഏവ സൎവ്വേ.

ശ്രമം, ശാപം, അഭിചാരം, കാമാധിക്യം, അതിചിന്ത, അതിശോകം, കോപം, ഭൂതഗ്രഹാദ്യാവേശം ഇവകൊണ്ടുണ്ടാക്കയും ഉണ്ടാകുന്ന ജ്വരങ്ങൾ ആഗന്തുകങ്ങളാകുന്നു.

ശ്രമജജ്വരചികിത്സ.

(?)അശ്വാത്ര്യാദ്ധ്വാരൂഢവ്യ ദുഗ്ദ്ധം സിതാഢ്യം
പീത്വാമർത്ത്യഃ പാദചാരീ സുഭോജ്യാം
നാഗാത്രുരേഖാ മൈഥുനമൌപിക്ഷൃത്വാ
ലോകാത്രൂഢ സ്വാപതഃ സൌഖ്യമേതി.

കുതിരസ്സവാരിയാൽ ക്ഷീണിച്ചവന്ന് പഞ്ചസാരചേർത്ത് പാൽ കൊടുക്കണം. പാദസഞ്ചാരശ്രമത്താൽ ക്ഷീണിച്ചവൻ ഇഷ്ടമായ ഭോജനം ചെയ്യണം. അനല്പ്പാത്തുകയറുക, സംഭോഗം ചെയ്യുക, സദസ്സിൽ പ്രസംഗിക്കുക മുതലായ ശ്രമത്താൽ ക്ഷീണിച്ചവൻ പാലുകുടിച്ചതിനുശേഷം ഉറങ്ങിയാൽ സൌഖ്യംപ്രാപിക്കും.

ശാപാഭിചാരജജ്വരചികിത്സ.

ശാപാഭിചാര പ്രഭവം പ്രബ്രുഗ
ഗ്രഹാദിഭിശ്ചാപി ബഹുപ്രവൃദ്ധഃ
ഹോമാദിഭിർമ്മന്ത്ര ജപൈശ്ച ദാനൈർ
വിശേഷതോജ്ജയ ഇതിപ്രവിജ്ഞാ.

ശാപം, അഭിചാരം, ഗ്രഹാദിപീഡ ഇവയാൽ പ്രവൃദ്ധമായ ജ്വരം, ഹോമം, മന്ത്രജപം, ദാനം ഇവയാൽ ജയിക്കപ്പെടണം.

കാമക്രോധാദിജജ്വരചികിത്സ.

ജ്വരം കാമജം ക്രോധമുൽപാദ്യ ശേഷം
തഥാ കോപജം കാമമുൽപാദ്യ യത്നാൽ
ഇഹഗ്രന്ഥഭൂയസ്ത്വ ഭീത്യാ നയദൈവ
തദേവാന്യതന്ത്രാദവിലോക്യാപകാര്യം.

കാമജമായ ജ്വരം കോപംകൊണ്ടും കോപജമായ ജ്വരം കാമംകൊണ്ടും പണിപ്പെട്ട ജയിക്കണം. ഇവിടെ ഗ്രന്ഥവിസ്തരഭയത്താൽ കാമകോപജജ്വരചികിത്സ പറയപ്പെടുന്നില്ല. അതിനെ അന്യശാസ്ത്രത്തിൽനിന്നും ഗ്രഹിച്ച് ചികിത്സിച്ചുകൊള്ളണം.

ജ്വരം വിട്ടാലുള്ള ലക്ഷണങ്ങൾ.

തനൗ ലഘുത്വം ക്ലമമോഹതാപ
ശാന്തിർമ്മുഖേപാക മഥോഹി ശീർഷേ
കണ്ഡുഃക്ഷുധാ സ്വേദസമുത്ഭവശ്ച
ജ്വരേഗതേ ചേന്ദ്രിയസൗഷ്ഠവംസ്യാൽ.

ദേഹത്തിന്ന ലാഘവമുണ്ടാകുക ക്ഷീണം മോഹം താപം ഇവ ശമിക്കുക മുഖപ്രസാദം തലചൊറിയുക വിശപ്പും വിയർപ്പും ഉണ്ടാവുക ഇന്ദ്രിയപാടവം ഇത്രയും ലക്ഷണങ്ങൾ കണ്ടാൽ ജ്വരം വിട്ടുമാറി എന്ന നിശ്ചയിക്കാം.

ജ്വരത്തിന്റെ അസാദ്ധ്യലക്ഷണം.


പ്രഹൃഷ്ടരോമാ ബഹുലോഹിതാക്ഷഃ
ശ്വസൻമുഖൈനൈവ ഹൃദാശിപാഗ്രം
സന്ധാരയൻഹിക്കതിയസ്തൃഷാർത്തോ
ജ്വരീയമംഗച്ഛതിശീഘ്രമേവ.

രോമാഞ്ചം ഉണ്ടാവുക കണ്ണുരണ്ടും നന്ന ചുവക്കുക വായിൽകൂടിത്തന്നെ ശ്വാസം വിടുക നിസ്സാരമായ ഏതെങ്കിലും നെഞ്ചത്തു തൊടീച്ചാൽതന്നെയും ഇക്കിൾ ഉണ്ടാവുക വലിയ തണ്ണീർദാഹം വരുക ഈ വികാരങ്ങളോടുകൂടിയ ജ്വരരോഗി ജീവിക്കുക എന്നത് അസാദ്ധ്യമാകുന്നു.

ജയതിജയതിവാണീ ശ്രീഗുരൂണാം മുഖസ്ഥാ
സകലസുപടുവിദ്യാ സൗഖ്യസംപൽപ്രദാത്രീ
ജയതിജയതിചാസ്മൽ ജന്മസാഫല്യകർത്ത്രീ
ഗുരുചരണസരോജോൽഭൂതധൂളേഃകൃപായാ.

ഇതു് ഗ്രന്ഥകാരകൃതമായ ഗുരുവന്ദനപദ്യമാണ്; അർത്ഥം:-എന്റെ ഗുരുപാദരുടെ മുഖത്തിൽ സ്ഥിതിചെയ്യുന്ന സരസ്വതി അത്യന്തം ജയിക്കുന്നു. സർവ്വസമ്പത്തുകളെയും സൌഖ്യത്തെയും പ്രദാനം ചെയ്യുന്ന സുസമർത്ഥമായ അവിടുത്തെ വിദ്യ വിജയിക്കുന്നു. ഞങ്ങളുടെ ജന്മസാഫല്യത്തെ ചെയ്യുന്ന ഗുരുപാദപത്മധൂളിയുടെ കൃപ യാതൊന്നോ അതു് വീണ്ടും വീണ്ടും ജയിക്കുന്നു.

ഇതി ചികിത്സാക്രമകല്പവല്ല്യാം,
മന്ദാരമകരന്ദാഖ്യവ്യാഖ്യാസഹിതോ
ജ്വരചികിത്സാപ്രതിപാദകഃ
തൃതീയസ്തബകഃ സമാപ്തഃ.



അഥ ചതുൎത്ഥസ്തബക പ്രാരംഭഃ.

അതിസാരം.

നത്വാ ഭവാനീതനയം ഗജാസ്യം
ശീതാംശുമൗലിഞ്ച ഗുരും സ്വകീയം
ബ്രൂമഃ പ്രതീകാരമഥാതിസാരാ-
തങ്കസ്യ തദ്വദ് ഗ്രഹണീഗദസ്യ.

പാൎവ്വതീപുത്രനായ ഗണപതിയേയും ശ്രീപരമേശ്വരനേയും അത്മഗുരുവിനേയും നമസ്കരിച്ച് ഞാൻ അതിസാരരോഗത്തിന്റേയും ഗ്രഹണീരോഗത്തിന്റേയും പ്രതിക്രിയയെ പറയുന്നു.

അതിസാരസാമാന്യലക്ഷണം.

വ്യസ്തൈസ്സമസ്തൈരപി ദോഷജാതൈഃ
ക്രോധാത്ഭയാച്ചാപി പുരീഷരോധാൽ
ബഹ്വന്നപാനാജ്ജഡഭോജനാച്ച
സ്യാന്മാനവാനാമതിസാരഷട്കം.

വാതപിത്തകഫങ്ങൾ പ്രത്യേകമായോ അവയിൽ രണ്ടെണ്ണമോ മൂന്നുംകൂടിയോ കോപിച്ചിട്ടും, കോപത്താലും ഭയത്താലും മലബന്ധത്താലും വളരെ അന്നപാനങ്ങൾ ഉപയോഗിക്കകൊണ്ടും തണുത്തവക ഭക്ഷിക്കുന്നതിനാലും ആറുവിധം അതിസാരരോഗം ഉണ്ടാകും. അവ അടുത്തുതന്നെ പറയപ്പെടും.

വാതജാതിസാരലക്ഷണം.

അരുണഫേനിലരൂക്ഷമലാന്വിതോ
ത്യജതി ചാപി സശബ്ദമിഹാതുരഃ
കിയദതീവരുജാല്പമഹാ[illegible]
വ്യഥ ച വായുവശാൽ മുഹുൎമ്മുഹുഃ.

ചിലപ്പോൾ അല്പവേദനയോടും ചിലപ്പോൾ വളരെവേദനയോടും ചുവന്നും പതയോടുകൂടിയും രൂക്ഷമായും സശബ്ദമായും ദഹിക്കാതെ വീണ്ടും വീണ്ടും കുറച്ചുകുറച്ചായി മലംപോകുന്നതു വായുജമായ അതിസാരമാകുന്നു.

വായുജാതിസാരചികിത്സ.

സൂതാന്മൃതാച്ചാപി ചതുൎഗ്ഗുണം ഹി
ബീജം ഭവാന്യാസ്സനിധായ ചൈലേ

ച...

സംപേഷ്യ തേനൈവ ച ചൂൎണ്ണിതായാ
വരാടികാമൂഷ്യ ച ടങ്കണേന
രോധം നിരുദ്ധ്യാഥ വിപാച്യ ശീതം
സ്യാല്ലോകനാഥാഭിധമേതദേവ
തദ്വദ്ഗുഞ്ജാമിതമേവ ദേയം
വാതാതിസാരേ മധുനാനുപാനൈഃ.

മാരിതമായ രസം ഭാഗം ൧. ശുദ്ധിചെയ്ത ഗന്ധകം ഭാഗം ൪. ഇവ എല്ലാംകൂടി ഗുളികക്കല്ലിൽ അരച്ചു യോജിപ്പിച്ച് ശുദ്ധിചെയ്ത കവിടിക്കകത്താക്കി പൊൻകാരംചേൎത്ത് ഒരു ചട്ടിക്കകത്തുവച്ചു മറെറാരു ചട്ടികൊണ്ടടച്ച് ശീലമൺചെയ്തു തീ എരിച്ചു ഭസ്മമാക്കി എടുത്തു തണുത്താൽ നാലു കുന്നിയിടവീതം തേൻ അനുപാനം ചേൎത്തു സേവിക്ക. ഇതു വാതാതിസാരനാശനമാണ്. ഇതിന്നു ലോകനാഥരസം എന്നു പേർ പറയുന്നു.

അതിസാരത്തിന്നു അനുപാനം.

ജലദവിശ്വവചാതിവിഷാദിവ
പ്രവേകാഷ്ടശൃതം ഹി ജലം നരഃ
അനുപിബന്നപി വാതസമുത്ഭവം
ജയതി ചാപ്യതിസാരബലം മഹൽ.

മുത്തങ്ങാക്കിഴങ്ങ് ചുക്ക് വയമ്പ് അതിവിടയം ദേവതാരം ഇവയിട്ടു കുറുക്കിയ ജലം ജീരകപ്പൊടി അനുപാനം ചേൎത്തു സേവിച്ചാൽ അത്യന്തം ബലവത്തായ വാതാതിസാരവും ശമിക്കും.

പിത്താതിസാരലക്ഷണം.

പിത്താൽപീതം ദ്രവ്യാസന്നിഭഞ്ച
രക്തം തദ്വൽപായുപാകേന യുക്തം
തൃഷ്ണാമൂൎച്ഛാദാഹയുക്തഞ്ച സാമം
ദൃശ്യം സമ്യഗ്രേചിതം ചാതിസാരേ.

പിത്താതിസാരത്തിൽ മലം മഞ്ഞനിറമായും പച്ചനിറത്തിലും ചുവന്നും ഇരിക്കും. ഗുദത്തിൽ ചുടിച്ചിലുണ്ടായിരിക്കും. തണ്ണീർദാഹം മോഹാലസ്യം സൎവ്വാംഗസന്താപം ഇവയും വയറിളകിപ്പോകുന്നതിൽ ദഹിക്കാതെയും കാണും.

പിത്താതിസാരചികിത്സ.

ശ്രീചക്രജലജാംഭോദ വാലുകാതിവിഷാശൃതഃ
ക്വാഥോ ഹന്യാദതീ[illegible] ...മമോ ...സമുത്ഭവം.

കൂവളത്തിൻവേരു, കടകപ്പാലയരി, താമരവളയം, മുത്തങ്ങാക്കിഴങ്ങ് ഏലാവാലുകം, അതിവിടയം ഇവയിട്ട കറുക്കിയ കഷായം സേവിച്ചാൽ ദാഹനക്കേടോടുകൂടിയ പിത്താതിസാരം ശമിക്കും.

കഫാതിസാരനിദാനം.

ശ്വേതം സ്നിഗ്ധം ഗൌരവാടോപകാഭ്യാം
യുക്തം തദ്വൽ പിച്ഛിലം ശീതളം ച
ശ്ലേഷ്മാകോപാന്മന്ദപീഡാസമേതം
ജ്ഞേയം സദ്ഭിഃ ക്ലിഷ്ടതോ നാതിവിന്നാ.

ശുഭ്രവർണ്ണമായും സ്നിഗ്ധമായും വയററിൽ കനത്തോടും അരുചിയോടും കൂടിയും വഴുവഴുപ്പുള്ളതായും തണുത്തും മന്ദവേദനയോടുകൂടി വയറിളകുന്നതു് കഫാതിസാരത്തിൻെറ ലക്ഷണമാകുന്നു.

കഫാതിസാരചികിത്സ.

ചവികാതിവിഷാമ്ബാല വിശ്വാശ്രീശദവത്സകൈഃ
ത്വക്പഥ്യാസഹിതഃ ക്വാഥഃ ശ്ലേഷ്മാതീസാരനാശനഃ

അത്തിത്തിപ്പലി അതിവിടയം ഇരുവേലി ചുക്ക് കൂവളത്തിൻവേരു് കൊട്ടം കടകപ്പാലയരി ഇലവർങ്ഗം കടുക്കാ ഇവകൊണ്ടുള്ള കഷായം കഫാതിസാരശമനമാണു്.

വാതപിത്താതിസാരലക്ഷണവും ചികിത്സയും.

പക്വാന്നദ്രവസന്നിഭം പ്രചുരതി
കഷ്ടോഷ്ണതീവ്രപ്രഭം
മൂത്രം ചാപിച വായുമായുജാതി
തീസാരകേ നിശ്ചിതം
വിഡ്ദാഹേന സമന്വിതാ ചബഹുധാ
പീഡാന്വിതാ തത്രവൈ
ദേയം ത്വണ്ഡുലവാരിചേന്ദ്രജ വചാ
ദേവദ്രുമുസ്താവിഷൈഃ.

വാതപിത്താതിസാരത്തിൽ മൂത്രം, നല്ലവണ്ണംവെന്ത ചോറിൻെറ കഞ്ഞിക്കു തുല്യമായും കഷായത്തെളിയുടെ നിറത്തിലും ഇരിക്കും. ഇതുകൂടാതെ മലത്തിനു് വലിയ ചൂട്ടം ബഹുവിധ ഉപദ്രവവും കാണുകയും ചെയ്യും. അതിനു് കടകപ്പാലയരി വയമ്പു് ദേവതാരം മുത്തങ്ങ അതിവിടയം ഇവ അരച്ചു് അരിക്കാടിയിൽ തിളപ്പിച്ചു കൊടുക്കണം.

വാതകഫാതിസാരലക്ഷണവും ചികിത്സയും.

നിത്യം ഗുഡ്ഗുഡശബ്ദസംഹിതസഹിതം
വാതേ ബലാസാന്വിതേ
പീഡാസന്ധിഷു മന്ദഗന്ധസഹിതാ
വിഡ്ഭ്രാന്തി മോഹക്ലമാഃ
ദേയശ്ചാത്രഭിഷഗ്വരൈശ്ചനിതരാം
വില്വാമ്ബുശുണ്ഠീതഥാ
പത്ഥ്യാചിത്രകവാളവത്സകാതിവിഷാ
തുല്യൈഃ കഷായഃശൃതഃ.

വാതകഫാതിസാരത്തിൽ മലം വെളിക്കു പോകുമ്പോൾ വയററിൽ ഗുഡുഗുഡ എന്ന ശബ്ദം ഉണ്ടാകും. സന്ധികളിൽ പീഡ മലത്തിനു് മന്ദഗന്ധത്വം തലകറക്കം മോഹാലസ്യം ക്ഷീണം ഇവയും കാണും. ഇതിനു് കൂവളത്തിൻവേരു് മുത്തങ്ങാക്കിഴങ്ങു് ചുക്കു്, ഇലവർങ്ഗം, കടുക്ക, കൊടുവേലിക്കിഴങ്ങു് (ശുദ്ധിചെയ്തു്) ഇരുവേലി കടകപ്പാലയരി അതിവിടയം ഇവ സമം എടുത്തു കഷായം വച്ചു കൊടുക്കണം.

പിത്തകഫാതിസാരലക്ഷണവും ചികിത്സയും.

സവേദനം പിച്ഛിലമന്ദവേഗ
ദ്രവംമലം പാടലമത്രദേഹം
ക്ഷുത്തൃഡ്യുതേ പിത്തബലാസജാതേ
മൂർവ്വാവിഷാവത്സകമോചനീരം.

വേദന മന്ദവേഗത വഴുവഴുപ്പു് ഇവയോടുകൂടി പാടലവർണ്ണത്തിൽ മലം ഇളകിപ്പോകുന്നതും വിശപ്പു് തണ്ണീർദാഹം ഇവയോടുകൂടി ഇരിക്കുന്നതും പിത്തകഫാതിസാരലക്ഷണമാകുന്നു. പെരുംകുരുമ്പവേരു അതിവിടയം കടകപ്പാലയരി മുത്തങ്ങാ ഇവ കഷായം വച്ചുകൊടുത്താൽ അതു ശമിക്കും.

സന്നിപാതജാതിസാരലക്ഷണവും ചികിത്സയും.

തന്ദ്രാമോഹതൃഷാസ്യശോഷദവഥുഃ
ശൂലാവലീദുസ്സഹോരു
തീസാരശ്ശിശ്രൂവ്യഝഭീതനിഘ്നൈർ-
ദുസ്സാദ്ധ്യഏവധ്രുവം
ദോഷാണാംത്രിതയോത്ഭവോപ്യതിബലോ
ലിംഗൈശ്ചസർവ്വൈർയ്യുതോ-
ദേയാചാത്രശിവാ ഗുഡേന സഹിതാ
മോല്ലാഹപ്രവിശ്വാസൃതാ.

മടി മോഹാലസ്യം തണ്ണീർദാഹം ഛർദ്ദി സർവ്വാംഗസന്താപം തീവ്രവേദന ഇവയാൽ ദുസ്സഹവും സന്നിപാതജവുമായ അതിസാരം ബാലന്മാർക്കോ വൃദ്ധന്മാർക്കോ ഭീരുക്കൾക്കോ ബാധിച്ചാൽ നിശ്ചയമായും അസാദ്ധ്യംതന്നെയാണ്. സന്നിപാതോദ്ഭവമായ അതിസാരം പ്രബലവും സകലദോഷലിംഗങ്ങളോടുകൂടിയതും ആയിരുന്നാൽ കടുക്ക മുത്തങ്ങ ചുക്ക് ഇവ കഷായംവച്ച് ശർക്കര മേമ്പൊടി ചേർത്തുകൊടുത്താൽ ശമിക്കും.

അതിസാരസാമാന്യ ചികിത്സ.

കഞ്ചടാദി.

കഞ്ചടാദാഡിമീജംബൂശൃംഗാടകാനാം
സുപത്രൈശ്ച വിശ്വാബ്ദബാർഹിഷ്ഠൈശ്ച
ശ്രീയുതംസുശൃതം വാരി[illegible]നിരുദ്ധ്യാൽ
പുനഃകോതിസാരം [illegible]

ചെറുചീര സമൂലം മാതളനാരങ്ങാത്തോട് ഞാവൽത്തൊലി കൊട്ടവേര് മുരിങ്ങവേരിൻതൊലി ചുക്ക മുത്തങ്ങ ഇരുവേലി കൂവളത്തിൻവേര് ഇവ ഗംഗാജലത്തിൽ കഷായംവച്ച് കൊടുത്താൽ അതിസാരം ശമിക്കും.

കുടജാദി.

കുടജാതിവിഷാമുസ്താ ബാലാമദാ
കുസുമൈശ്ചസദാഡിമരോധ്രയുതൈഃ
ശൃതനീരമിദം ഹ്യതിസാരഹരം
യദിലോഹിതചന്ദനയുക്തമഹോ.

കുടകപ്പാലയരി അതിവിടയം മുത്തങ്ങാക്കിഴങ്ങ് ഇരുവേലി താതിരിപ്പൂവ് മാതളത്തോട് പാച്ചോറ്റിത്തൊലി രക്തചന്ദനം ഇവ കൊണ്ടുള്ള കഷായം സർവാതിസാരത്തേയും ശമിപ്പിക്കും.

അമൃതാദി.

ഷവിശ്വാതിവിഷാ[illegible]
പ്വഷ്യനീരേണ [illegible]
തിസാരസ്യ ശമായ പീതാ-
ചകസ്യ ഗ്രഹണീഗദസ്യ.

[illegible] അതിവിടയം മുത്തങ്ങാക്കിഴങ്ങ് ഇവ ചതച്ചുകഷാ[illegible]ച്ചാൽ ആമാതിസാരം [illegible] ഗ്രഹണി ഇവ ശമിക്കും.

ഇന്ദ്രയവാദ്യം ചൂർണ്ണം.

മഹേന്ദ്രവിശ്വബില്വലോധ്രമോചചൂർണ്ണസംയുതം
ഗുഡംഗദഘ്നശാല്മലീപ്രഭൂതമപ്യഹോഹരാൽ
നിപീയതക്രസംയുതം നിഹന്തിചാപിസത്വരം
നരോതിസാരമുല്ബണം ന ചാസ്തി ചിത്രമത്രവൈ.

കുടകപ്പാലയരി ചുക്ക കൂവളത്തിൻവേര് പാച്ചോറ്റിത്തൊലി മുത്തങ്ങാക്കിഴങ്ങ് കൊട്ടം ഇലവിൻപശ ഇവ പൊടിച്ച് ശർക്കരയും ചേർത്ത് മോരിൽകലക്കി കുറുക്കി മുക്കടിപ്രമാണമാക്കി സേവിച്ചാൽ അതിസാരം ശമിക്കുന്നതിൽ എന്താശ്ചര്യമാണ്.

രക്താതിസാരലക്ഷണം.

പിത്താധികൃത്പിത്തസംവർദ്ധനൈ-
ദ്രക്തം തദൈവ രക്തപിത്തൌ പ്രകോപ്യ
കുര്യാന്നൃണാം രക്തപിത്താതിസാരം
രക്തസ്രാവം ലക്ഷണം തത്രലക്ഷ്യം.

പിത്തവർദ്ധനങ്ങളായ ഔഷധങ്ങളുടെ ഉപയോഗം നിമിത്തം പിത്തം വർദ്ധിക്കുമ്പോൾ പിത്തസഹചാരിയായ രക്തവും വർദ്ധിച്ച് രക്തപിത്തങ്ങൾ നിമിത്തം രക്താതിസാരം ഉണ്ടാകും. രക്തം അധികമായി സ്രവിക്കുന്നതാണ് അതിന്റെ ലക്ഷണം.

രക്താതിസാരചികിത്സ.

ജംബ്വാമ്രധാത്രീസുമനഃസമൂഹം
ശിലാസ്ഥമാപേഷ്യ ശിലാസുതേന
നിഷ്പീഡ്യവസ്ത്രേണരസംഘടോദ്ധേ
ജാജേവിപാച്യാഥ സഫ്ടവപീതഃ
രക്താതിസാരപ്രശമായനൂനം
മധുപ്രയുക്തോഹിതചൈവ ചാന്യൽ.
ഗുഡാന്വിതംബില്വമഥാപിഭക്തം
നാമാപിരക്തസ്യ നവിദ്രംസ്രുതസ്യാൽ.

ഞാവൽപൂവ് മാവിൻപൂവ് നെല്ലിയുടെപൂവ് ഇവ എല്ലാം കൂടി കല്ലിൽവച്ചു ചതച്ച് വസ്ത്രത്തിൽവച്ചു ഞെക്കി പിഴിഞ്ഞ് നീരെടുത്ത് ആട്ടിൻപാലിൽ ഒഴിച്ചു കുറുക്കി കന്മദവും തേനും ചേർത്ത് സേവിക്കുക. രക്താതിസാരം ശമിക്കും. ഇളയ കൂവളത്തിൻകായുടെ അകത്തെ മജ്ജ എടുത്തു ശർക്കര ചേർത്ത് ഭക്ഷിച്ചാൽ മലസ്രവണത്തിൽ രക്തത്തിന്റെ ലേശവും ഉണ്ടായിരിക്കയില്ല. (ഇതു രക്താതിസാരത്തിനു സിദ്ധൌഷധമാണ് എന്നു സാരം.)

രക്താതിസാരത്തിനു മറെറാരൌഷധം.

ഹൈയ്യംഗവീനം മധുനാന്വിതഞ്ച
സിതാസമേതം ച ഗവാം നരോയഃ
രക്താതിസാരഞ്ച ജയേദപി സോപി
ഭുനക്തി നിത്യം നാറി ചിത്രമത്ര.

പശുവിൻവെണ്ണ തേനും പഞ്ചസാരയും ചേൎത്തു തുടരെ സേവിച്ചാൽ എത്ര ഘോരമായ രക്താതിസാരവും നിശ്ചയമായും ശമിക്കും.

അന്നാതിസാരലക്ഷണം.

അന്നേ ജീൎണ്ണേ ദോഷസംഘാഃ പ്രവൃദ്ധാ
ധാതൂൻകോഷ്ഠേ ക്ഷോഭ്യ ... മലാംശ്ച
നാനാവൎണ്ണാൻ ... നേകശഃ സാരയന്തീ
യുക്തോ ശൂലൈ ... ജ്ജേ ... ചാതിസാരേ.

അന്നം ദഹിച്ചു ... ശേഷം വാതാദിദോഷങ്ങൾ വൎദ്ധിച്ചു കോഷ്ഠത്തിൽ ധാതുക്കളെ ... മലങ്ങളെയും ക്ഷോഭിപ്പിച്ചു മലങ്ങളെ പലനിറത്തിൽ അനേക ... പ്രാവശ്യം വേദനയോടുകൂടി അതിസരിപ്പിക്കുന്നു. ഇതിനെ അന്ന ... തിസാരം എന്നു പറയുന്നു.

... ന്നാതിസാരചികിത്സ.

ശ്രീവത്സ ... ശചാതിവിഷായവാന്യാ
ബാല് ഹരീ ... ചിത്രൈശ്ച ... കഷായഃ
അന്നാതി ... രപ്രശമായ ... ചീതാ-
ശ്ചിത്രാം ... ചാത്രൈവവദന്തി വൈദ്യാഃ.

കൂവളത്തിൻവേ ... കുടകപ്പാലയരി അതിവിടയം കുറാശാണി പെരുംകായം കൊട്ടുവേ ... ചിക്കിഴങ്ങു ഇവകൊണ്ടുള്ള കഷായം അന്നാതിസാരത്തെ ശമിപ്പിക്കും.

... ഛൎദ്ദ്യതിസാരലക്ഷണം.

സമാനവായുഃ ... പിതോ യദോൎദ്ധ്വം
മായുസ്തഥാധോ ... റിമലം നയേദ്വൈ
ബോദ്ധ്യസ്തദാ ... ൎദ്ദ്യതിസാരഏവ
പീഡാന്വിതഃ ... ൎദ്ദിസമേതഏവ.

സമാനവായു ... കോപിച്ചു മലത്തെ ഊൎദ്ധ്വഭാഗത്തിലേക്കും പിത്തം കോപിച്ചു മല ... ത്തെ അധോഭാഗത്തിലേക്കും പ്രവൎത്തിപ്പിക്കും. മൂത്രം ... പീഡയോടും ഛൎദ്ദി ... യോടുംകൂടിയ ഇതിനെ ഛൎദ്ദ്യതിസാരരോഗം എന്നു പറയുന്നു.

ഛൎദ്ദ്യതിസാരചികിത്സ.

ബില്വചൂതാസ്ഥിസംജാതം ചൂൎണ്ണം ശൎക്കരയാന്വിതം
അവലീഢം മധുയുതം ഛൎദ്ദ്യതീസാരനാശനം.

ഇളയ കൂവളത്തിൻകായുടെ അകത്തെ മജ്ജ, മാങ്ങയണ്ടിപ്പരിപ്പു ഇവ ഉണക്കി പൊടിച്ചു തേനും പഞ്ചസാരയും ചേൎത്തു സേവിച്ചാൽ ഛൎദ്ദിയും അതിസാരവും ശമിക്കും.

തൃഷ്ണാതിസാരലക്ഷണം.

തൃഷ്ണാനിരോധാൽ ബഹുതാപതോപി
മായുഃ പ്രകൃപ്യാഥമലം നരാണാം
സദ്രാവ്യപശ്ചാച്ച കരോത്യതിശ്യം
തൃഷ്ണാതിസാരം നിഗദന്തി വൈദ്യാഃ.

തണ്ണീർദാഹം തടുക്കുകനിമിത്തം ഉണ്ടായ ബഹുതാപത്താൽ പിത്തം കോപിച്ചു മലത്തെ ദ്രവമാക്കി തൃഷ്ണയേയും അതിസാരത്തേയും ചെയ്യുന്നു. അതിനെ തൃഷ്ണാതിസാരമെന്നു പറയുന്നു.

തൃഷ്ണാതിസാരചികിത്സ.

ജംബ്വാമ്രപത്രാണി വടാവരോഹ
മുശീരമേതാൻ സകലാൻ വിമൎദ്ദ്യ
തൃഷ്ണാതി സാരപ്രശമായ ... ന്ത്യാ-
ദ്രസം കഷായം തദഥവാപി ചൂൎണ്ണം.
ക്ഷൌദ്രാന്വിതം തണ്ഡുലവാരിയുക്തം
ജ്വരാതിസാരഞ്ചവമിം സമൂൎച്ഛാം
രക്തസ്രുതിം ഛൎദ്ദിതൃഷാദ്യനേകാൻ
വ്യാധിം സ്തഥാ ശീഘ്രതരം നിഹന്തി.

ഞാവൽതളിർ, മാവിൻതളിർ, പേരാലിൻമൊട്ടു, രാമച്ചം, ഇവ എല്ലാംകൂടി ചതച്ചെടുത്ത രസമൊ ഇവകൊണ്ടുള്ള കഷായമൊ ചൂൎണ്ണമൊ തേനും അരിക്കാടിയും ചേൎത്തു ഉപയോഗിച്ചാൽ തൃഷ്ണാതിസാരം, ജ്വരാതിസാരം മോഹയുക്തമായ ഛൎദ്ദി രക്തസ്രുതി ഇവയും ഛൎദ്ദി തൃഡാദികളായ മററു വ്യാധികളും അതിവേഗത്തിൽ ശമിക്കും.

ശോഫാതിസാരലക്ഷണം.

ശ്ലേഷ്മാനിലൌ വൎഷ്മണി സംസ്ഥിതൌ ച
ശോഫം സമുൽപാദ്യ തതശ്ച മായുഃ
സമാനവായോശ്ച സഹായമേത്യ
ശോഫാതിസാരം ജനയേദജസ്രം.

കഫവായുക്കൾ ശരീരത്തിൽ വ്യാപിച്ച് നീർക്കെട്ടുണ്ടാക്കിത്തീരുമ്പോൾ പിത്തം സമാനവായുവിന്റെ സ്ഥാനത്തെ പ്രാപിച്ചിട്ട് അഗ്നിയെ മന്ദിപ്പിച്ച് അതിസാരത്തെ ചെയ്യും. അതിനെ ശോഫാതിസാരം എന്നു പറയുന്നു.

ശോഫാതിസാരചികിത്സ.

ജന്ത്വഘ്നപാഠാതിവിഷാവിശാല-
ദേവദ്രുമുസ്താ മരിചൈശ്ച ശൃതസ്തു
ശോഫാതിസാരം ശമയേൽ കഷായോ
വഹ്നിശ്ച ധാ ചാഗ്നതിസംഘമേകഃ.

വിഴാലരി പാടക്കിഴങ്ങ് അതിവിടയം കുടകപ്പാലയരി ദേവതാരം മുത്തങ്ങ കുരുമുളക് ഇവകൊണ്ടുണ്ടാക്കിയ കഷായം ഏകനായവഹ്നി ഹോമദ്രവ്യസംഘത്തെ ഭക്ഷിക്കുന്നതുപോലെ ശോഫാതിസാരത്തെ ശമിപ്പിക്കും.

മലക്ഷയജാതിസാരം.

യോ ദീപ്തവഹ്നിശ്ച മലക്ഷയേऽപി
വിഷ്ടം സഫേനം വിസൃജേച്ച തത്ര
ദേയന്തുശുണ്ഠീസഹിതന്തുതക്രം
തൈലംഘൃതം വാഥപയോ ഗുഡംവാ.

ജഠരാഗ്നി അധികമായി ദീപിക്കനിമിത്തം മലക്ഷയം ഉണ്ടായിട്ട് പതയോടുകൂടിയ ജലംമാത്രം അതിസരിക്കും. അതിങ്കൽ ചുക്ക് മോരിൽകലക്കി കൊടുക്കയൊ അല്ലെങ്കിൽ തൈലം നെയ്യ് പാല് ശക്കര ഇവ കൊടുക്കയൊ ചെയ്താൽ മലക്ഷയജമായ പീഡ ശമിക്കും.

ക്രിമിജാതിസാരം.

യദാമാശയേ ചാഥ പക്വാശയേപി
പ്രവൃദ്ധംഹിശൂലം ച ഛർദ്ദിർഭവേച്ച
അപാനേതു കണ്ഡൂഃ പുരീഷേ ക്രിമീണാം
തദാ ദർശനം ജന്തുജാതാതിസാരേ.

ആമാശയത്തിലും പക്വാശയത്തിലും അത്യുഗ്രമായ വേദനയും ഛർദ്ദിയും ഗുദത്തിൽ ചൊറിച്ചിലും മലത്തിൽ ക്രിമികളുടെ ദർശനവും ഉണ്ടായാൽ ക്രിമിജാതിസാരമെന്ന് അറിയണം.

ക്രിമിജാതിസാര ചികിത്സ.

സുവച്ചലം വില്വഫലസ്യമജ്ജാ
വിഡംഗതിക്തേന്ദ്രയവാഹിബീജം

യവാനികാ ശുഭ്രതരാംബു ശുണ്ഠീ
ക്രിമ്യാതിസാരേ ച സതക്രമേതൽ.

തുവച്ചിലക്കാരം, കൂവളത്തിൻകായുടെ അകത്തെ മജ്ജ, വിഴാലരി പുത്തരിച്ചുണ്ടവേര് കുടകപ്പാലയരി മാതളനാരങ്ങയുടെ അകത്തെഅല്ലി കുറാശാണി ഇരുവേലി ചുക്ക് ഇവ എല്ലാംകൂടി ഉണക്കി പൊടിച്ച് മോരിൽ കലക്കി സേവിക്കുക. ക്രിമിജമായ അതിസാരം ശമിക്കും.

ജ്വരാതിസാരത്തിന്.

ഭൂനിംബവിശ്വാതിവിഷാഗുഡൂചീ
ധാന്യാംബുപാഠാരുണ ചന്ദനൈശ്ച
സവത്സകോശീരകവാളകൈശ്ച
ജ്വരാതിസാരപ്രശമായനീരം.

കിരിയാത്ത് ചുക്ക് അതിവിടയം അമൃത് കൊത്തമ്പാലയരി മുത്തങ്ങ പാടക്കിഴങ്ങ് രക്തചന്ദനം കുടകപ്പാലയരി രാമച്ചം ഇരുവേലി ഇവകൊണ്ടുള്ള കഷായം ജ്വരാതിസാരത്തെ ശമിപ്പിക്കും.

അതിസാരോപദ്രവങ്ങൾ.

ഗുദേദാഹഃപാകോ നിസൃതിരപിപായോശ്ചപതനം
ജ്വരച്ഛർദ്ദിശ്ശോഫസ്തൃഡതിഗുദപീഡാ ച നിതരാം
മഹാശൂലം ചാഥോ വിവിധവരവൈദ്യൈശ്ച കഥിതാ-
ഹ്യതീസാരേ ദൃഷ്ടാ ബഹവഇഹതൂപദ്രവഗണാഃ.

ഗുദത്തിൽചൂട് പഴുപ്പ് ഗുദം വെളിക്കുതള്ളുക ഗുദഭ്രംശം ജ്വരം ഛർദ്ദി ശോഫം തണ്ണീർദാഹത്താലുള്ള പീഡ മഹത്തായശൂലം, ഇങ്ങനെ അതിസാരത്തിൽ പല ഉപദ്രവങ്ങൾ ഉണ്ടാകും.

ഗുദദാഹപാകചികിത്സ.

യഷ്ടീപടോല മധുകൈസ്തു ശൃതംഹി ദാഹേ
നീരം ഹിതം ഹി ഗുദധാവന ശുദ്ധികാരീ
ഛാഗീപയശ്ചഗുദപാകയുതസ്യ ജന്തോഃ
ഖണ്ഡാനചിതം മധുയുതം പ്രപിബേൽ സുഖായ.

എരട്ടിമധുരം പടവലം ഇരിപ്പക്കാതൽ ഇവ കൊണ്ടുള്ള കഷായം ഗുദദാഹത്തിന് ഹിതമാണ്. ഗുദശുദ്ധിയും ഉണ്ടാകും. ഗുദപാകത്തിൽ ആട്ടിൻപാല് കൽക്കണ്ടവും തേനും ചേർത്തു സേവിച്ചാൽ സുഖം കിട്ടും.

ഗുദനിസ്സരണത്തിനും ഗുദഭ്രംശത്തിനും.

സഘൃതം കോലഗാംഗേരീം
വിശ്വാദധിയുതം ശൃതം
പേയം ഗുദസ്യതൗ ഭ്രംശേ
സചാണ്ഡം പത്മപത്രകം.

ലന്തപ്പഴം ഉഴരകത്തിൻവേര് ചുക്ക് ഇവ കഷായംവച്ച് തേനും തൈരും ചേർത്ത് സേവിക്കുക. ഗുദനിസ്സരണം ശമിക്കും. ഗുദഭ്രംശത്തിന് പുഷ്കരമൂലി കഷായംവച്ച് കല്ക്കണ്ടം ചേർത്ത് സേവിക്കണം.

ഗുദപീഡയ്ക്ക്.

തപ്തഗോധൂമചൂർണ്ണം സതൃണംഘൃതയുതം
ഗോളകീകൃത്യ പായോഃ
സ്വേദാൽ പീഡാവിനാശോ നിയതമിഹ
തഥാ മൂഷികോദ്ഭൂതമാംസൈഃ
ഭൈഷജ്യം ചാതിസാരാദ്യഖില ഗദഹരം
വർണ്ണിതം ചാഥവക്ഷ്യേ
പഥ്യം യദ്ദാതുദേയം നിഖിലഗദഹരൈഃ
സർവ്വതന്ത്രാൻവിലോക്യ.

ഗോതമ്പ് നാനുകല്ലുപ്പ് ഇവ പൊടിച്ച് നെയ്യുകൂട്ടി കുഴച്ച് ഉരുളയാക്കി ചൂട് പിടിപ്പിച്ച് ഗുദത്തിൽവച്ച് വിയർപ്പിച്ചാൽ ഗുദപീഡ നശിക്കും. അതുപോലെ എലിയുടെ മാംസവും ഉപയോഗിക്കാം. ഇങ്ങനെ അതിസാരം തുടങ്ങിയ അഖിലരോഗങ്ങളെയും ഹരിക്കുന്ന പല ചികിത്സകളും പറയപ്പെട്ടു. ഇനിയും പല ശാസ്ത്രങ്ങളിലും അതിസാരാദികൾക്കു ചെയ്യേണ്ട പഥ്യക്രമത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. അതിനെ അടുത്തുതന്നെ പറയാൻ ഭാവിക്കുന്നു.

പഥ്യക്രമം.

സർവ്വേഷ്വതീസാരഗദേഷു പഥ്യം
മസൂരയൂഷം ത്വഥ ലാജസക്തൂൻ
സമാക്ഷികം ഭക്തമഥോ യവാഗൂം
വദന്തി ഗോധൂമഭവാം ച വൈദ്യാഃ.

രണ്ടുതരത്തിലുള്ള ചണംപയറ് മലർപൊടി തേൻ ചേർത്ത് ചോറ് ഗോതമ്പുകഞ്ഞി ഇവ എല്ലാ അതിസാരരോഗങ്ങൾക്കും പത്ഥ്യമാണ്.

അതിസാരത്തിന്റെ അസാദ്ധ്യലക്ഷണം.

ഹിക്കാശ്വാസാസ്ഥിശൂലീ ദവഥുബഹുതൃഷാ-
കാസവൈരുച്യയുക്തഃ
ശ്വേതം കൃഷ്ണാരുണാഭം പലജലസദൃശം
പക്വജംബൂഫലാഭം
യോ വൈ മൂർച്ഛാസമേതോ ബഹുമലനിചയം
ചാല്പമല്പം സൃജേച്ച
സോ വൈ ഗംഗാതടസ്ഥഃ ശിവ! ശിവ! കഥയൻ
കാലദൂതാൻ ന പശ്യേൽ.

ഇക്കിൾ ശ്വാസം അസ്ഥിവേദന സർവ്വാംഗസന്താപം വലിയ തണ്ണീർദാഹം ചുമ അരുചി മോഹാലസ്യം ഇവയോടുകൂടിയ അതിസാരരോഗത്തിൽ വെളുത്തും കറുത്തും അരുണവർണ്ണമായും മാംസം കഴുകിയ വെള്ളത്തിനു തുല്യമായും ഞാവൽപഴത്തിന്റെ നിറത്തിലും അതിസരിക്കുക, വളരെ മലംപോവുക, അല്പാല്പം മലം പോവുക ഈ ലക്ഷണങ്ങൾ ഉണ്ടായാൽ ആ രോഗിക്ക് യാതൊരു ചികിത്സയും ചെയ്തിട്ട് ആവശ്യമില്ല. ഗംഗാതീരത്തിൽ ചെന്നിരുന്ന് ഭഗവന്നാമങ്ങളെ ഉച്ചരിച്ചാൽ അവന് ഒരു പക്ഷെ രോഗവിമുക്തി സിദ്ധിച്ചു എന്നു വന്നേക്കാം.

ഗ്രഹണീനിദാനം.

ഗതാതിസാരസ്യ വിനഷ്ടവഹ്നേഃ
കുപഥ്യസംസേവനലാലസസ്യ
അഥാന്യഥാ വാപി വിദൂഷിതാഗ്നേർ
വിദൂഷ്യ സദ്യോ ഗ്രഹണീഗദഃ സ്യാൽ.

അതിസാരാനന്തരം അഗ്നിമന്ദിച്ചിരിക്കുന്നവന് അപഥ്യസേവനത്താലും അമിതഭോജനം വിഷമഭോജനം മുതലായ മറ്റു ഹേതുക്കളാലും അഗ്നിക്ക് ദൂഷ്യം തട്ടിയിട്ട് മലങ്ങൾ ദുഷിച്ച് പെട്ടെന്ന് ഗ്രഹണീരോഗം ഉണ്ടാകും.

ഗ്രഹണീരോഗലക്ഷണം.

ആധ്മാനം പീതതാസ്യാദഖിലതനുഗതാ
രൂക്ഷതാ ചാപ്യവശ്യം
കോഷ്ഠേ ദാഹഃ ക്ഷുധായാമഥ ച യദി തദാ
രൂപമേവാഥവക്ഷ്യേ

ജാതായാം പാചിതസ്യാമിഹ സഥിമനരജ്ജൈർ-
ഭുജ്യതേ യത്തൂസവം
ഹ്യാമം പൈചവാഥപകാം ദ്രവമഥച ഛവനം
ചാനവേലം പതേത്തൽ.

വയറുവീപ്പ്, ദേഹമെല്ലാം മഞ്ഞവർണ്ണമാവുക, രൂക്ഷത, വിശ
പ്പുണ്ടെങ്കിലും കോപ്പുത്തിൽ ചൂട്ട വ്യാപിക്കുക, ഇവ ഗ്രഹണീരോഗ
ത്തിൻെറ ലക്ഷണമാണ്. ഇതുകൂടാതെ ഏതു സാധനമാണോ ഭ
ക്ഷിക്കുന്നത് അതെല്ലാം ദഹിക്കാതെയും ചിലപ്പോൾ ദഹിച്ചും ചി
ലപ്പോൾ വെള്ളമായും ഘനമായും വെളിക്കുപോകയും ചെയ്യും.

ഗ്രഹണീചികിത്സ.

കാദാശ്രിതാതംക്ഷയഞ്ചെവിദപാ-
നജീർണ്ണവദ്ദീപനപാചനൈശ്ച
സാമംനിരാമംച്യതിസാരവാധി
വിജ്ഞായതക്രാദിഭിരേവചാസ്യം.

ഗ്രഹണീരോഗത്തിൻെറ ആഗമനകാലത്തിൽ മററു രോഗങ്ങളു
ടെയും സംബന്ധം ഉണ്ടായിരിക്കും. സമർത്ഥനായ വൈദ്യൻ അവ
യേയും അറിഞ്ഞ് ദഹിക്കാതെ മലം ഇളകിപ്പോകുന്ന ഗ്രഹണീരോഗ
ത്തെ അജീർണ്ണചികിത്സയിൽ വിധിക്കുന്ന ദീപനപാചനൌഷധങ്ങ
ളെക്കൊണ്ടും ദഹിച്ചും ദഹിക്കാതെയും സരിക്കുന്നതിനെ അതിസാര
ചികിത്സയിൽ പറഞ്ഞിട്ടുള്ള മോരു മുതലായ ഔഷധങ്ങൾകൊണ്ടും
ഉപചരിക്കണം.

ഗ്രഹിണ്യാഃ പാചനംവൈദ്യൈ-
രതീസാരോക്തഭേഷജൈഃ
വാരിദാതിവിഷാക്ഞപൂഃ
കപാഥശ്ചാമസ്യനാശനഃ.

ഗ്രഹണിയിൽ പാചനകർമ്മം അതീസാരോക്തൌഷധങ്ങൾകൊ
ണ്ട് വൈദ്യന്മാരാൽ കർത്തവ്യമാണ്. മുത്തങ്ങാകിഴങ്ങ് അതിവിടയം
ഇവകൊണ്ടുള്ള കഷായവും ആമത്തെ ശമിപ്പിക്കും.

പത്ഥ്യാഹാരം.

മുദ്ഗയൂഷഞ്ചതക്രംച ധാന്യജീരകസംയുതം
സൈന്ധവേനാന്വിതം തദ്വദ്രസംപലസമുത്ഭവം.

ചെറുപയറിൻചാറ് മോര് ഇവ കൊത്തമ്പാലിർപൊടിയും

ജീരകപ്പൊടിയും ചേർത്തു സേവിക്കുന്നതും, മാംസരസം ഇന്തുപ്പ് ചേ
ർത്തുസേവിക്കുന്നതും ഗ്രഹണിയിൽ പത്ഥ്യമാകുന്നു.

ഏതദാമന്തുസംപാച്യ വിശബ്ദംസാരയേന്മലം
ലഘുനാംപഞ്ചമൂലേന പത്ഥ്യഞ്ചാത്രനിയോജയേൽ.

ലഘുപഞ്ചമൂലം (ഓരില മൂവില കറുത്തചുണ്ട വെളുത്തചുണ്ട
ഞെരിഞ്ഞിൽ) കൊണ്ടുള്ള കഷായം ഗ്രഹണീരോഗത്തിൽ സേവി
ച്ചാൽ ദഹനക്കേടില്ലാതായി മലം ശബ്ദമില്ലാതെ സരിക്കും.

ശ്രീദാഡിമീതക്രകപിത്ഥജീരൈ-
ശ്ചാംർശേരികാദ്യൈഃപ്രകല്പിതാച
ഭുക്തായവാഗ്രർ ഗ്രഹണീവികാരേ
സംപാച്യചാമം ശകൃദേവകുര്യാൽ.

കൂവളത്തിൻവേര് മാതളത്തോട് വ്ളാർമരത്തിൻകായ് ജീര
കം പുളിയാരില ഇവകൊണ്ടു മോർകഞ്ഞിവെച്ചു കുടിച്ചാൽ ഗ്രഹണീ
രോഗത്തിൽ ദഹനക്കേട്ട ശമിക്കും.

സുപത്ഥ്യസംസേവനമേവചാത്ര
യദ്ഭേഷജംവൈദിഷജോവദന്തി
അതോƨത്രപത്ഥ്യം പരിവർജ്ജ്യപൂർവം
ബ്രൂമഃപ്രതീകാരമതോƨത്ര കിഞ്ചിൽ.

ഗ്രഹണീരോഗത്തിൽ പ്രധാനമായ ഔഷധം പത്ഥ്യാചരണംത
ന്നെയാണ് എന്ന് വൈദ്യന്മാർ പറയുന്നു. അതിനാലാണ് ഇവിടെ
ആദ്യമായി പത്ഥ്യാചരണം പറയാൻ ഇടയായത്. ഇനിയും ലക്ഷ
ണങ്ങളും ചികിത്സയും അല്പമായി പറയുന്നു.

വാതാദിഗ്രഹണീലക്ഷണം.

വാതാദ്രൂക്ഷംഫേനിലംചിത്രവർണ്ണം
പീഡായുക്തം സൂചികാഭേദ്മാനയുക്തം
പിത്താൽജീർണ്ണം ഗന്ധവൃദ്ധ്ദാഹയുക്തം
ശ്ലേഷ്മാകോപാച്ഛർദ്ദിഹൃല്ലാസയുക്തം
കാസശ്വാസാരോചകൈസ്സംയുതംച
വാതാദീനാംവിട്പരീക്ഷ്യമേവ
ദ്വന്ദ്വൈർജ്ജാതേ ദ്വന്ദ്വജംലക്ഷണംസ്യാൽ
സർവൈർജ്ജാതേസംകരംലക്ഷണാനാം.

വാതഗ്രഹണിയിൽ ദേഹത്തിനു രൂക്ഷത ഉപദ്രവം കത്തിര
വയർവീപ്പ് ഇവയുണ്ടാകും. മലം പതയോടുകൂടിയും നാനാ

മായും ഇരിക്കും. പിത്തഗ്രഹണിയിൽ മലം ദഹിച്ചിരിക്കും. ദുർഗന്ധവും ഉണ്ടാകും. തണ്ണീർദ്ദാഹം സർവ്വാംഗസന്താപം ഇവയും കാണും. കഫഗ്രഹണിയിൽ ഛർദ്ദി നെഞ്ചുരുക്കം ചുമ ശ്വാസം അരുചി ഇവയുമുണ്ടായിരിക്കും. വാതാദികളുടെ ലക്ഷണങ്ങൾ ഈ രീതിയിലാണ്. ദ്വന്ദ്വജഗ്രഹണിയിൽ വാതാദികൾ ഈരണ്ടു ചേർന്നാലുള്ള ലക്ഷണം കാണും. സന്നിപാതഗ്രഹണിയിൽ എല്ലാലക്ഷണങ്ങളും ഇടകലർന്നിരിക്കും.

വാതഗ്രഹണീചികിത്സ.

ഗോപീശടീലവണപഞ്ചകശാരിബാഭിർ-
വഹ്ന്യാസമം പവനജേ ഗ്രഹണീവികാരേ
ചൂർണ്ണം ച തക്രപയസാ മധുനാഥവാപി
ദദ്യാന്നരായ വരവൈദ്യഗണൈശ്ചദേയം.

കറുത്തനറുനീണ്ടി കച്ചോലം അഞ്ചുവിധത്തിലുള്ള ഉപ്പ് വെളുത്തനറുനീണ്ടി കൊട്ടുവേലിക്കിഴങ്ങ് (ശുദ്ധിചെയ്തത്) ഇവ എല്ലാം കൂടി പൊടിച്ച് കാച്ചിയ പാലിലോ തേനിലോ തൈരിലോ. സേവിപ്പിച്ചാൽ വാതഗ്രഹണി ശമിക്കും.

പിത്തഗ്രഹണീചികിത്സ.

കുശകാശജലേക്ഷുജടാപ്രഭവം തുജലം
പരിസേവ്യ ച വേണുസമുദ്ഭവമൂലശൃതം
അപഹന്തി ച മായുഭവാം ഗ്രഹണീം ഹി യതോ
വരവൈദ്യഗണൈശ്ചപി ശാസ്ത്രപുരാകഥിതം.

കുശവേര് അററുദർഭവേര് ഇരുവേലി കരിമ്പിൻവേര് ജടാമാഞ്ചി മുളവേര് ഇവകൊണ്ടുള്ള കഷായം സേവിച്ചാൽ പിത്തഗ്രഹണി ശമിക്കും. ഈ യോഗം ഉത്തമവൈദ്യന്മാർ ആലോചിച്ചു നിശ്ചയിച്ചിട്ടുള്ളതാകുന്നു.

കഫഗ്രഹണീചികിത്സ.

വ്യാഘ്രീഗ്രന്ഥികചവ്യലോധ്രരജനീ
മോചാഹ്വചന്ദ്രോദ്ഭവാം
കൽക്കം ദാഡിമവഹ്നിസംയുതമലം പീതം-
വലാസോത്ഭവാം
ഹന്യാൽ ദുഷ്പ്രസഹാം മഹാഗ്രഹണികാം
മദ്യം യഥാ ശോകജാം
നേത്രാംബുപ്രഭവാം നദീമപി യഥാ
മംപാ ച്യവൈവസതചരം.

ചെറുവഴുതിനവേര് കാട്ടുതിപ്പലിവേര് കാട്ടുമുളകുകൊടിവേര് പാച്ചോററിത്തൊലി മഞ്ഞൾ മുത്തങ്ങാ തുളസിവേര് മാതളത്തോട് കൊട്ടുവേലിക്കിഴങ്ങ് ഇവ എല്ലാംകൂടി അരച്ചു പാനംചെയ്കയോ കഷായംവെച്ചു കുടിക്കയോ ചെയ്താൽ മദ്യപാനത്താൽ ശോകജമായ നേത്രാംബു നശിപ്പിക്കുന്നപോലെ കഫസംഭവമായ കഫഗ്രഹണി ശമിക്കും.

വാതപിത്തഗ്രഹണീചികിത്സ.

മുസ്താനാഗരധാന്യഹിംഗുതിവിഷാദീപ്യാകലിംഗോത്ഭവം
ചൂർണ്ണം ചാതിവിഷാഭയാസുമിളിതം സൌവർച്ചലേനാന്വിതം
ഭുക്തം തക്രസമന്വിതം ച ബഹുധാ പത്ഥ്യേപിതക്രംപിബേദ്
വായോർമ്മായു സമന്വിതാം ഗ്രഹണികാം സദ്യോനിഹന്തി ധ്രുവം.

മുത്തങ്ങാ ചുക്ക് കൊത്തമ്പാലയരി കായം അതിവിടയം അയമോദകം കുടകപ്പാലയരി ഇവയോ അതിവിടയം കടുക്കാ തുവർച്ചിലയുപ്പ് ഇവയോ പൊടിച്ച് മോരിൽ കലക്കി സേവിക്കുക. പഥ്യാന്നപാനത്തിലും മോരുതന്നെ കുടിക്കാം. എന്നാൽ വാതപിത്തഗ്രഹണി ശമിക്കും.

പിത്തകഫഗ്രഹണീചികിത്സ.

പാഠാവത്സകബീജവിശ്വഹരഭൃക്ചൂർണ്ണന്തു തപ്തോദകൈഃ
പീതം വാഥ കലിംഗനാഗഫലജൈഃ കല്കൈർഘൃതം സാധിതം
ഹന്യാന്മായുവലാസജാം ഗ്രഹണികാം ശ്രീരാമബാണോ യഥാ
ദൈത്യാനാം നികരം തഥാ ഹനുമതാ സന്ദഗ്ദ്ധലങ്കാഗതം.

പാടക്കിഴങ്ങ് കുടകപ്പാലയരി ചുക്ക് കൊട്ടുവേലിക്കിഴങ്ങ് ഇവ പൊടിച്ച് ചൂടുവെള്ളത്തിൽ കലക്കി സേവിക്കയൊ കുടകപ്പാലയരിയും ഭവ്യഫലവും കല്ക്കമായി കാച്ചിയ നെയ്യ് സേവിക്കുകയൊ ചെയ്താൽ, ശ്രീരാമബാണപ്രയോഗത്താൽ ഹനൂമാൻ ദഹിപ്പിച്ച ലങ്കയിലുള്ള രാക്ഷസന്മാർ നശിച്ചതുപോലെ പിത്തകഫഗ്രഹണി ശമിക്കും. (ഭവ്യഫലം എന്നത് കല്ക്കത്ത മുതലായ ദേശങ്ങളിൽ ഉണ്ടാകുന്ന ഒരു ഫലവിശേഷമാകുന്നു.)

സന്നിപാതഗ്രഹണീചികിത്സ.

അംബുദാതിവിഷാവില്വചൂർണ്ണം കുടജസംയുതം
മധുനാ വിലിഹൻ ജന്തുർഗ്രഹണീം ഹന്തി സർവ്വജാം.

മുത്തങ്ങ അതിവിടയം കൂവളത്തിൻകായുടെ മജ്ജ കുടകപ്പാലയരി ഇവ എല്ലാംകൂടി പൊടിച്ച് തേനിൽ കുഴച്ചു നക്കിയാൽ സന്നിപാതഗ്രഹണി ശമിക്കും.

ശതാവര്യാദിഘൃതം.

ശതാവരീ ശ്രീഫലചക്രമർദ്ദീ
പ്രിയംഗുപാഠോൽപലനാഗകേസരൈഃ
സ്ഥിരാസമംഗാതിവിഷാസമേതൈർ
നിദിഗ്ദ്ധികാ ചന്ദനസംയുതൈശ്ച.
കലിംഗനീരേണ സുപേഷിതൈശ്ച
ഘൃതം വിപക്വം [illegible]ചിതം
ഹന്ത്യാതിസാരം ഗ്രഹണീഭവം ച
ത്രിദോഷജാതം നഹി ചിത്രമത്ര.
പിത്താതിസാരം ഗ്രഹണീഗദം ച
തഥാർശാംസി സർവാണി വിനാശയേദ്വൈ
രക്തസ്രുതിം ചാപി വിനാശയേദ്ധി
ശതാവരീസാധിതമേതദേവ.

ശതാവരിക്കിഴങ്ങ് കൂവളത്തിൻകായുടെ അകത്തെ മജ്ജ കടകപ്പാലയരി ഇരട്ടിമധുരം ഞാഴൽപ്പൂവ് പാടക്കിഴങ്ങ് ചെങ്ങഴിനീർക്കിഴങ്ങ് തിപ്പലി മൂവിലവേര് ചെറുചുണ്ടവേര് അതിവിടയം ചെറുവഴുതിനവേര് ചന്ദനം ഇവയെല്ലാംകൂടി പൊടിച്ച് തണ്ണിമത്തങ്ങയുടെ നീരിൽ അരച്ച് നെയ് കാച്ചി സേവിച്ചാൽ സന്നിപാതഗ്രഹണി പിത്താതിസാരം സർവ്വവിധഗ്രഹണി അർശസ്സുകൾ രക്തംപോക്ക് ഇവ ശമിക്കും.

ജാതീഫലാദിചൂർണ്ണം.

ജാതീഫലൈലാനതചന്ദനൈശ്ച
ഭുജംഗപുഷ്പാമലജീരചിത്രൈഃ
താലീസപത്രാനിലദേവപുഷ്പൈഃ
കർപ്പൂരജന്തുഘ്നശതാവരീഭിഃ
സപത്രശൃംഗീമരിചൈസ്സമസ്തൈർ
ഭംഗാം സമാംശാം പരിഗൃഹ്യ പശ്ചാൽ
സർവൈസ്സമം ശുഭ്രതരം ച ഖണ്ഡം
സംമേല്യ ജാതീഫലചൂർണ്ണമേതൽ
കർഷപ്രമാണം മധുനാവലീഢം
വിനാശനം സ്യാദ് ഗ്രഹണീഗദസ്യ
സശ്വാസകാസാരുചിസംഘമേതൽ
ജാതീഫലാദ്യം ച നിരാകരോതി.

ജാതിക്ക ഏലത്തരി തകരം ചന്ദനം നാഗപ്പൂവ് നെല്ലിക്ക ജീ

രകം കൊട്ടുവേലിക്കിഴങ്ങ് താലീസപത്രം കടുക്ക എള്ള് ഇലവർങ്ഗം കർപ്പൂരം വിഴാലരി ശതാവരിക്കിഴങ്ങ് പച്ചില ചുക്ക് നല്ലമുളക് ഇവയ്ക്കുസമം കഞ്ചാവും എല്ലാററിനുംസമം കല്ക്കണ്ടവും ചേർത്തുപൊടിച്ച് ൧ കഴഞ്ചു പൊടിവീതം ദിവസവും തേനിൽകുഴച്ചുസേവിച്ചാൽ ഗ്രഹണീരോഗം ശമിക്കും. അതുകൂടാതെ ഈ ജാതീഫലചൂർണ്ണമാകുന്ന ഒരു മരുന്ന സേവിച്ചാൽതന്നെ ശ്വാസം കാസം അരുചി ഇവയും ശമിക്കും.

ഗ്രഹണീകവാടരസം.

മൃതാഭ്രസൂതൌ ബലിഗന്ധകൌ ച
തയോസ്സമാ ചാപി ജയാവചാ ച
ജയന്തികാഭൃംഗഭവദ്രവൈശ്ച
സർവം വിമർദ്ദ്യ പ്രദിനത്രയം തൽ
യാമാർദ്ധകം ലോഹവിനിർമ്മിതേഹി
പാത്രേതു സംസ്വേദ്യ സജീരകന്തു
സംപേഷ്യ തച്ഛാത്മലിജൈർദ്രവൈശ്ച
സമൈസ്തഥാ ചാതിവിഷാസമം ച
രംഭാദ്രവൈർഭാവ്യ ച സപ്തവാരം
പുനഃപുനഃ ചൂർണ്ണിതതസ്തു ഭക്തഃ
നിഷ്കാർദ്ധമാനോ മധുനാന്വിതശ്ച
ജന്തുഘ്നവിശ്വാനലവിശ്വവർണ്ണൈഃ
യുതശ്ച തപ്തോദകമേവ പശ്ചാ-
ദ്വൈദ്യൈസ്തു പാനാ സമുദാഹൃതം വൈ
രസഃ പ്രസിദ്ധോ ഗ്രഹണീകവാടോ
നാമാനുകൂല്യേന ഗുണാൻ വിദധ്യാൽ.

മൃതവും ശോധിതവും ആയ അഭ്രം രസം ഗന്ധകം പൊൻകാരം ഇവയും ഗന്ധകവും പൊൻകാരവുംകൂടി കൂടിയിടത്തോളവും കഞ്ചാവും വയമ്പും കൂടിചേർത്തു മഞ്ഞൾനീരിലും കയ്യോന്നിനീരിലും മൂന്നു ദിവസം അരച്ച് യാമാർദ്ധം ([illegible] നാഴിക) ഇരിമ്പുപാത്രത്തിൽ ഇട്ട് സ്വേദിപ്പിച്ച് ജീരകപ്പൊടി ഇലവിൻപശ കൊട്ടം അതിവിടയം ഇവയെല്ലാം സമാംശമായി ചേർത്തു കദളിവാഴമാണത്തിൻനീരിൽ ഏഴ്പ്രാവശ്യം ഭാവനചെയ്തു ഉണക്കിപ്പൊടിച്ച് അരക്കഴഞ്ചു പൊടിവീതം തേനിൽ കുഴച്ചു സേവിക്കുക. ഇതുകൂടാതെ വിഴാലരി ചുക്കു കൊടിവേലിക്കിഴങ്ങ് തിപ്പലി ഇവയുടെ പൊടിയുംചേർത്തു സേവിക്കാം. അപ്പോൾ ചൂട്ടുവെള്ളം അനുപാനമായി ഉപയോഗിക്കണം. ഗ്രഹണീകവാടം എന്ന പേരോടുകൂടിയ ഈ രസം അന്വർത്ഥമായ ഗുണത്തെ ചെയ്യും.

തച്ചികിത്സ.

ജയതിയൂഷമലംഹിമസംഭവം
യദിമഹൌഷധിവില്വ യുതം ശ്രുതം
പവനവേഗകൃതാംഹിതകൃട്ടമതോ
ഗ്രഹണികാംഗ്രഹശബ്ദയുതാമലം.

ചുക്ക കൂവളത്തിൻവേര ഇവ പൊടിച്ച പൊടി ചണംപയറിൽ ചാറിൽ കലക്കിതിളപ്പിച്ച സേവിച്ചാൽ വായുവേഗത്താലും ദഹനക്കേടിനാലും മററും ഉണ്ടാകുന്ന സംഗ്രഹഗ്രഹണി ശമിക്കും.

ഗ്രഹണ്യുപദ്രവങ്ങൾ.

ശൂലാധ്മാനവിഷൂചികാശ്വസനകൈ
സ്തന്ദ്രാതൃഷാദ്യൈര്യുതാ
ദോഷാണാംത്രിതയോത്ഭവാഗ്രഹണികാ
വൃദ്ധസ്യനിത്യംസ്ഫുടം
അന്യേഷാമപികാസസംയമിതാ [illegible]
ശ്വാസാന്വിതാ [illegible]
നിത്യാശ്രീയമധ്യമഷ്വപി നിയതാം
യാത്യേവസാനാത്മതാം.

ശൂലം വയറുവീർപ്പ് കുത്തിനോവ് ശ്വാസം മടി തണ്ണീർദാഹം ഇവയോടുകൂടിയ സന്നിപാതഗ്രഹണി വൃദ്ധന്നു തീർച്ചയായും അസാദ്ധ്യമാണ്. വൃദ്ധന്മാരല്ലാത്തവർക്ക് കാസം ദുർഗ്ഗന്ധമുണ്ടായിരിക്കുക ഇവയോടു കൂടിയതാണെങ്കിൽ അസാദ്ധ്യം തന്നെ. (സന്നിപാതഗ്രഹണി വൃദ്ധന്മാർക്കു തീർച്ചയായും അസാദ്ധ്യമാണ്. മററുള്ളവർക്ക് ഒരുപക്ഷെ സാദ്ധ്യമായി എന്നും വന്നേക്കാം എന്നു സാരം.)

അതിസാരഗ്രഹണീചികിത്സ കഴിഞ്ഞു.

അർശശ്ചികിത്സ.

നത്വാഭവം ഭീതിഹരം ജനാനാ-
മത്രൈവ ചാർശഃ പ്രശമായ കിഞ്ചിൽ
ബ്രൂമശ്ചികിത്സാം സ്വഗുരും ച തദ്വൽ
ഗ്രന്ഥസ്യഭൂയഃ കഥനേന ചാസ്യ.

ജനഭീതിഹരനായ ശ്രീപരമേശ്വരനേയും ഗുരുവിനേയും വന്ദിച്ച് ഇനിയും അർശോരോഗശമനങ്ങളായ ചില ചികിത്സകളെ [illegible]ത്തിൽ പറയുന്നു.

അർശസ്സാമാന്യലക്ഷണം.

ത്വങ്മാംസമേദാംസി വിദൂഷ്യദോഷാഃ
സ്ഥിത്വാഽപാനാദിഷു തേ നരാണാം
കുർവ്വന്തിമാംസാംകുരരൂപഭേദാ-
ന്യർശാംസി ദൌർന്നാമകനാമ്യനേകം.

വാതാദിദോഷങ്ങൾ ത്വക്ക് മാംസം മേദസ്സ് ഇവയെ ദുഷിപ്പിച്ച് അപാനാദി (ഗുദം മുതലായ) സ്ഥാനങ്ങളിൽചെന്ന് കോപിച്ച് അവിടെ ബഹുനാമകങ്ങളായ പലവിധത്തിലുള്ള മാംസാങ്കുരങ്ങളെ ഉണ്ടാക്കുന്നു. ഇതാണ് അർശസ്സ്.

ഗ്രഹണ്യതീസാര ഗുദാംകുരാണി
നിദാനഭൂതാനി പരസ്പരം സ്യുഃ
വിനഷ്ടവഹ്നേസ്തു ഭവന്തിയസ്മാ-
ദതഃപ്രദീപ്യാഗ്നി മഥോ ചികിത്സാ.

ഗ്രഹണി അതിസാരം അർശസ്സ് ഈ രോഗങ്ങൾക്കുള്ള കാരണങ്ങൾ പരസ്പരസമ്മിശ്രങ്ങളാണ്. ഇവ ഉണ്ടാകുന്നതുതന്നെ അഗ്നിമാന്ദ്യമുള്ളവനാണ്. അതിനാൽ ഇവനിൽ അഗ്നിദീപനമുണ്ടാക്കീട്ടാണ് ചികിത്സ ചെയ്യേണ്ടത്.

വാതാർശോനിദാനങ്ങൾ.

കഷായകടുതിക്താനി രൂക്ഷശീതലഘൂനി ച
അമിതാല്പാശനംതീക്ഷ്ണം മദ്യം മൈഥുനസേവനം
ലംഘനം ദേശകാലൌ ച ശീതോവ്യായാമകർമ്മ ച
ശോകവാതാതപസ്പർശോ ഹേതുർവാതാർശസാംമതഃ.

കയപ്പ് എരിവ് കൈപ്പ് രൂക്ഷം ശീതം ലഘു ഈ രീതിയിലുള്ള ഭോജ്യങ്ങളേയോ കണക്കിൽ കവിഞ്ഞോ നന്നാക്കുറവായിട്ടോ ഭക്ഷിക്കുക തീക്ഷ്ണമദ്യസേവ അമിതമായ മൈഥുനം പട്ടിണികിടക്കുക ദേശകാലവ്യത്യാസം അധികം തണുപ്പേൽക്കുക അധികം വ്യായാമം ചെയ്യു ദുഃഖം അനുഭവിക്കുക കാറേറൽക്കുക വെയിലേൽക്കുക ഇവയൊക്കെയും വാതാർശസ്സിന്റെ ഹേതുക്കളാണ്.

പിത്താർശോനിദാനങ്ങൾ.

കടൂഷ്ണലവണോഷ്ണാനി വ്യായാമാഗ്ന്യാതപപ്രഭാഃ
ദേശകാലാവശീതൌ ച ക്രോധോമദ്യമസൂയനം
വിദാഹിതീക്ഷ്ണമുഷ്ണഞ്ച സർവ്വംപാനാന്നഭേഷജം
പിത്തോല്ബണാനാംവിജ്ഞേയഃ പ്രകോപേഹേതുരർശസാം.

ചലദ്ഗ്രഹണീലക്ഷണം.

നിമ്നോന്നതായാംഭുവി പാദദാനാ-
[illegible]
സ്ഥാനാദപക്രാന്ത്യ ഗ്രഹണീ [illegible]
നിർഗ്ഗത്യ മാദ്ധ്യോൽപതിതസ്തതോവാ
ഉച്ചാലമേവാഥവിതനോതി സാ
വായുപ്രകോപാദഥ ജംഘപീഡാ
മന്ദാഗ്നിശൂലാനതിസാരകം വാ
കരോതി സാ വായുവശാച്ചലത്വാ.

പൊങ്ങിയും താണും ഇരിക്കുന്ന സ്ഥലത്തു കാലുവച്ചുകിടക്കുക വളരെ വഴിനടക്കുക വലിയ ഭാരമെടുക്ക മുതലായവയാൽ ഗ്രഹണീ യ സ്വസ്ഥാനത്തിൽനിന്നു താഴ്പോട്ടോ മേല്പോട്ടോ രണ്ടുവശത്തേക്കോ ഇളകിമാറി ഉരപ്പുണ്ടാക്കിവായുകോപംനിമിത്തം കണങ്കാലിനു പീഡ അഗ്നിമാന്ദ്യം വയററിൽവേദന അതിസാരം ഇവ സംഭവിച്ചേക്കാം. ഇതിനെയാണ് ചലദ്ഗ്രഹണി എന്നു പറയുന്നത്. ഇതു പ്രധാനമായി വായുകോപത്താലാണുണ്ടാകുന്നത്.

ചികിത്സ.

ഉത്താനസ്യ [illegible]-
[illegible]
[illegible]
[illegible]
[illegible]
തസ്യോപരിഷ്ടാദപിദീപമേകം
തസ്യോപരിഷ്ടാൽ സുമൃദ് അവാഹി
നിധായ [illegible]
യാമാർദ്ധകം യാമമഥോപി താവദ്
യാവദ്ഗദീനോ ഭജതേ തതസ്തു.
[illegible]
[illegible]
കരോതി [illegible] നിരീക്ഷ്യ തത്ര
ശരാവമേകം പരിബദ്ധ്യ [illegible]
[illegible]
[illegible]
സാദ്ധ്യാഹി ചലദ്ഗ്രഹണീ
ന ഭേഷജശതൈരപി

തസ്മാൽ പ്രയത്നതഃ കാര്യ-
മേതദേവദിനത്രയം.

ചലദ്ഗ്രഹണീബാധിതനായ പുരുഷനെ മലർത്തിക്കിടത്തി നാഭിയുടെ ചുററിനും എള്ളാട്ടി എടുത്ത പിണ്ണാക്ക് പൊത്തി പതുക്കെ തടവി അവിടെ ഒരംഗുലം ഉയരത്തിൽ പശുവിൻചാണകം പരത്തിവച്ച് അതിൻെറ മുകളിൽ ഒരു തിരികത്തിച്ചുവയ്ക്കുക. അതിനുശേഷം അതു കെടാതെ ഇരിക്കുന്നതിനായി ഒരു വട്ടികൊണ്ടു കമഴ്ത്തി അടയ്ക്കണം. ഇങ്ങനെ ഒരു യാമമോ അരയാമമോ രോഗിക്കു ബാധതട്ടാത്തവിധത്തിൽ ചെയ്യണം. ഇതു ചലിതനായ വായുവിൻെറ നിരോധത്തെ ആകർഷിച്ചെടുക്കാനുള്ള ഒരു വിദ്യയാണ്. ഇതിനാൽ വായു സ്വസ്ഥാനത്തിൽ പ്രാപിക്കയുംചെയ്യും. ദീപംമാററിയാലും ഒരുപാത്രം വയററത്തു ദൃഢമായി [illegible]. ഈ പ്രയോഗംകൊണ്ട് അല്പമെങ്കിലും വിശപ്പുണ്ടായാൽ ഉടൻ ത്രികടു(ചുക്കു മുളകു തിപ്പലി) പൊടിച്ച പൊടിയുംനെയ്യുംചേർത്തു കുഴച്ചു ചോറുകൊടുക്കുന്നതു നല്ലതാണ്. ഈവിധം മൂന്നുദിവസം ചെയ്യണം. ചലദ്ഗ്രഹണിതന്നെ അസാദ്ധ്യമാണ്. ഇതല്ലാതെ ഈ രോഗത്തിന് ഔഷധവും ഇല്ല. അതിനാൽ ഏതുവിധമെങ്കിലും മൂന്നുദിവസം ഈ ക്രിയ നടത്തണം.

സംഗ്രഹഗ്രഹണീലക്ഷണം.

പക്ഷാന്മാസാൽദശാഹാദ്വാ നിത്യം
കദാചിദ്വാപി സ്നിഗ്ദ്ധവിട്പ്രവൃത്തിഃ
കൂജന്നന്ത്രോദ ഭ്രമമാലസ്യമത്ര
പീഡാകാർശ്യംചൈതദാസഃ ഗ്രഹാഖ്യം
ഗ്രഹണീകാം പ്രവദന്തിമനീഷിണോ
ദ്രവമഥോപി ഘനം [illegible]
ശക്രദിവൈവ നിരീക്ഷ്യ [illegible]
നിശി തഥാ കടിവേദനയാ [illegible].

ഒരുപക്ഷത്തിലോ ഒരുമാസത്തിലോ പത്തുദിവസത്തിനകമോ ദിവസംതോറുമോ കൂടെക്കൂടെ മലം സ്നിഗ്ദ്ധമായി പ്രവർത്തിക്കും. ഇതു കൂടാതെ അന്ത്രകൂജനം വലിയ മടി വയററിൽ വേദന ദേഹകാർശ്യം പകൽ ഇളകിയോ ഘനമായോ മലംപോവുക രാത്രിയിൽ അരക്കെട്ടിൽ വേദന ഈ ലക്ഷണങ്ങളെല്ലാംകൂടി ഉണ്ടായിരുന്നാൽ അതിനെ സംഗ്രഹഗ്രഹണി എന്നു വൈദ്യന്മാർ പറയുന്നു.

എരിവു്, പുളി, ഉപ്പു്, ഉഷ്ണം ഇവയുള്ള പദാൎത്ഥങ്ങൾ ഉപയോഗിക്കുക, അതിവ്യായാമം, തീക്ഷ്ണമായ വെയിൽ കൊള്ളുക, ദേശകാലങ്ങൾ ഉഷ്ണമായിരിക്കുക, കോപം, മദ്യസേവ, അസൂയ ഇവ പുഴുക്കുണ്ടാക്കുന്നതും തീക്ഷ്ണവും ഉഷ്ണവും ആയ അന്നപാനൌഷധങ്ങളെ ശീലിക്കുക, ഇവയെല്ലാം പിത്താൎശസ്സിന്നു നിദാനങ്ങളാണു്.

കഫാൎശോനിദാനങ്ങൾ.

മധുരസ്നിഗ്ദ്ധശീതാനി ലവണാമ്ലഗുരൂണി ച
അവ്യായാമോദിവാസ്വപ്നഃ ശയ്യാസനസുഖേ രതിഃ
പ്രാഗ്വാതസേവാ ശീതൌ ച ദേശകാലാവചിന്തനം
ശ്ലൈഷ്മികാണാം സമുദ്ദിഷ്ടമേതല്ലക്ഷണമൎശസാം
ഹേതുലക്ഷണസംസൎഗ്ഗാദ്വിദ്യാദ് ദ്വന്ദ്വോല്ബണാനി ച
സൎവ്വോ ഹേതുസ്ത്രിദോഷാണാം സഹജൈൎല്ലക്ഷണൈസ്സമഃ.

മധുരങ്ങളും സ്നിഗ്ദ്ധശീതങ്ങളും ലവണങ്ങളും അമ്ലങ്ങളും ഗുരുക്കളും ആയ പദാൎത്ഥങ്ങളെ അധികം ഉപയോഗിക്കുക, വ്യായാമമില്ലാതിരിക്കുക, പകലുറങ്ങുക, എപ്പോഴും കിടക്കുകയോ ഇരിക്കുകയോ ചെയ്യുന്ന ശീലം, കിഴക്കൻകാറ്റേല്ക്കുക, തണുപ്പധികമുള്ള ദേശകാലങ്ങളെ ആശ്രയിക്കുക, അചിന്ത ഇവ കഫാൎശസ്സുണ്ടാകുന്നതിനുള്ള കാരണങ്ങളാണു്. ഈ രണ്ടു ദോഷങ്ങളുടെ ലക്ഷണങ്ങൾ കണ്ടാൽ ദ്വന്ദ്വാൎശസ്സുകളും മൂന്നു ദോഷങ്ങളുടെയും ലക്ഷണങ്ങൾ കണ്ടാൽ സന്നിപാതാൎശസ്സുകളും ആണെന്നു് അറിഞ്ഞുകൊള്ളണം.

അൎശസ്സുകളുടെ ചികിത്സ.

ജയേദ്വാതപ്രഭവാനി തൈലൈഃ
സ്വേദാദിഭിഃ പിത്തസമുദ്ഭവാനി
വിരേചനാദ്യൈഃ കഫജാനി വൈദ്യൈൎ-
നിവൎത്തിമിശ്രാണി ച മിശ്രയോഗൈഃ.

വാതാൎശസ്സുകളെ തൈലപ്രയോഗങ്ങൾകൊണ്ടും പിത്താൎശസ്സുകളെ സ്വേദാദിപ്രയോഗങ്ങൾകൊണ്ടും കഫാൎശസ്സുകളെ വിരേചനാദികൾകൊണ്ടും വൈദ്യൻ ജയിക്കണം. മിശ്രാൎശസ്സുകൾ സമ്മിശ്രപ്രയോഗങ്ങൾകൊണ്ടു ശമിക്കും.

തത്രാൎശസാം നാശനമത്ര വൈദ്യൈ-
ശ്ചതുൎഭിരേവം ചരകാദിഭിസ്തു
സദ്യോഭിജാതേഷു സഭൌഷധൈശ്ച
ചിരോദ്ഗതേ ക്ഷാരനിഷേവണൈശ്ച

ധൂപാദിഭിഃ പിത്തസമുദ്ഭവേഷു
സംസ്രാവതോ ദുൎബ്ബലമാംസളേഷു
ശസ്ത്രേണ കൃത്തം പൂൎണ്ണവചാരകൈശ്ച-
ന്മയാ ചകിത്സിതിൽ പരിലിഖ്യതേ ച.

വിചാരകുശലന്മാരായ ചരകാദിസിദ്ധവൈദ്യന്മാർ, സദ്യോജാതാൎശസ്സുകളെ (തൽക്ഷണമുണ്ടായവ) ഔഷധപ്രയോഗംകൊണ്ടും വളരെക്കാലമായി പഴകിയ അൎശസ്സുകളെ ക്ഷാരം സേവിച്ചും പിത്താൎശസ്സുകളെയും രക്താൎശസ്സുകളെയും ധൂപാദിപ്രയോഗങ്ങൾകൊണ്ടും മാംസോല്ബണങ്ങളായ (മാംസം വൎദ്ധിച്ചവ) അൎശസ്സുകളെ ശസ്ത്രക്രിയകൊണ്ടും നാലുവിധത്തിൽ ശമിപ്പിക്കാം എന്നു വിധിച്ചിട്ടുണ്ടു്. അതുതന്നെയാണു് ഇവിടെ അല്പമായി ഞാൻ പറയുന്നതും.

സവിഗ്രഹതക്രമിഹ പ്രശസ്തം
യവാനികാ വിശ്വയുതം ച പാനേ
യസ്മാൽ പ്രരോഹന്തി ന തക്രദഗ്ധാ
ധാരായ ഭാവഹനി വിദൎശിതാശ്ച.

മലബന്ധത്തോടുകൂടിയ അൎശോരോഗത്തിൽ അയമോദകവും ചുക്കുംകൂടി പൊടിച്ചു നാലൊന്നു വെള്ളംചേൎത്തു കലക്കിയെടുത്ത മോരിൽ ചേൎത്തു സേവിച്ചാൽ മാംസാങ്കുരങ്ങൾ നശിച്ചു വറുത്ത ധാന്യംപോലെ പിന്നെ മുളയ്ക്കുകയേ ഇല്ല. ഈ പ്രയോഗം നിത്യവും പരിശീലിക്കുന്നതു് അൎശസ്സിന്നു ബഹുവിശേഷമാണു്.

സൂരണാദി ചൂൎണ്ണം.

ലിപ്തം മൃദാ സൂരണകന്ദമഗ്നൌ
സംഭൎജ്ജ്യ വൈദ്യൈഃ പുടപാകവദ്ധി
ദുൎന്നാമനാശായ സതൈലമേവ
ദദ്യാൽ സുസിദ്ധം തദയുതം ലവണസദ്യഃ.

കാട്ടുചേന മണ്ണിൽ പൊതിഞ്ഞു് അഗ്നിയിൽ പുടപാകം ചെയ്തെടുത്തു് മണ്ണു പൊളിച്ചുകളഞ്ഞു് ചുട്ടുപ്പുചേൎത്തു് എണ്ണയിൽ കൂട്ടി സേവിക്കുക. അൎശസ്സു് ഉടൻ ശമിക്കും.

ഏലാദിചൂൎണ്ണം.

ഏലാത്വഗ് ദളനാഗകേസരയുതൈർ
മാരീചപാഞ്ചാലികാ-
ശുണ്ഠീഭിസ്തു വിശേഷശാസ്ത്രനിപുണൈ-
ൎവ്വൈദ്യൈഃ ക്രമാദ്വൎദ്ധിതൈഃ

ക്ഷേപ്യം ചൂൎണ്ണമിതം സിതാസമമഥോ
ഗുളം ച വാ മോദകം
അൎശാംസ്യഗ്നിവിനാശശൂലസദന
ശ്വാസാംശ്ച നാശം നയേൽ.

ഏലത്തരി ൧ കഴഞ്ച് ഇലവൎങ്ഗം ൨ കഴഞ്ച് പച്ചില ൩ [illegible] കഴഞ്ച് കുരുമുളക ൫ കഴഞ്ച് തിപ്പലി [illegible] ഴഞ്ച് നാഗപ്പൂവ് ൭ കഴഞ്ച് കരുമുളക ൭ കഴഞ്ച് ചുക്ക് ൭ കഴഞ്ച് ഇവ പൊടിച്ച് എല്ലാം കൂട്ടിയിടത്തോ[illegible] കഴഞ്ച് ചുക്ക് ൭ കഴഞ്ച് ഇതം പൊടിച്ച് എല്ലാം കൂട്ടിയിടത്തോ[illegible] ളവും പഞ്ചസാരയുംചേൎത്തു സേവിക്കുക. അൎശസ്സ് അഗ്നിമാന്ദ്യ[illegible] ഗുന്മം തളൎച്ച ശ്വാസം ഈ രോഗങ്ങൾ ശമിക്കും.

തിലഭല്ലാതശിവാഭി-
സ്തുല്യഗുഡേന ചസൂരണോദസാ
വഹ്നിയുതേനാൎശാംസിജയേൽ
തക്രയുതോ നാപിബഞ്ജരതഃ

എള്ള്, ചേരുക്കുരു, കടുക്ക, കൊട്ടുവേലിക്കിഴങ്ങ്, ഇവ സമ[illegible] പൊടിയും. . [illegible] എല്ലാംകൂട്ടിയിടത്തോളം [illegible] മോരിൽകലക്കി സേവിക്കുക. അൎശസ്സിന്ന സിദ്ധ[illegible] വയൊക്കയുംകൂടി മോരിൽകലക്കി സേവിക്കുക. [illegible] ഷധമാകുന്നു. ചേക്കുരു ചതച്ച് ചെമ്പാരി മുഴുവൻ കന്നംചാണ[illegible] ത്തിൻനീരിൽ ഇട്ടു വെച്ചിരുന്ന് പിറ്റേദിവസം പ്രഭാതത്തിൽ എ[illegible] ത്ത് വെയിലത്തുവെച്ച് ഉണക്കി [illegible] കന്നംചാണകത്തി[illegible] നീരിൽഇട്ട് അടുത്ത ദിവസവും വെയിലത്തുവെച്ച് ഉണക്കി ഗോമ[illegible] ത്രത്തിൽ ഇട്ടുവെച്ച് വെയിലത്തുവെച്ച് ഉണക്കിയാൽ ശുദ്ധിയാകു[illegible] ചേക്കുരുവിന് ഇതു കൂടാതെയും ശുദ്ധി പറയുന്നുണ്ട്. അതു വൈദ്യ[illegible] ന്മാരുടെ യുക്തിപോലെ എടുത്തുകൊള്ളണം.

ലഘുസൂരണമോദകം.

മരിച വിശ്വഹുതാശനസൂരണാൻ
ദ്വിഗുണിതക്രമതസ്ത്വ യഥോത്തരം
സമഗുഡേനയുതഃ പരിഭക്ഷിതോ
ദളിതദാൎശസിനാശകരഃ കണാൽ
ജ്വലനദീപന ശൂലവിദാരണോ
നിരുപമോജ്ജ്വരന്ധഗദാപഹഃ
ലഘുരയം പ്രഥിതസ്ത്വ വിശേഷതഃ
സകലസമ്മത സൂരണമോദകഃ.

നല്ലമുളക് പലം ൧. ചുക്ക് പലം ൨. കൊട്ടുവേലിക്കിഴങ്ങ് പ[illegible] ലം ൪. കാട്ടുചേന ൮ പലം ഇവ പൊടിച്ച് എല്ലാംകൂട്ടിയിടത്തോളവും [illegible]

ശൎക്കരയും ചേൎത്ത് സേവിക്കുക. അൎശസ്സുശമിക്കും. അഗ്നിദീപിക്കും. വയററിലുള്ള സകല രോഗങ്ങൾക്കും നന്ന്. വേദനകൾ നശിക്കും. ഇതു് വിശേഷപ്പെട്ട ലഘുസൂരണമോദകമാകുന്നു.

മഹാസൂരണമോദകം.

ഭാഗാഷ്ഷോഡശസൂരണാദഥതഥാ
ചാഷ്ടൌതു വഹ്നേസ്തഥാ
വിശ്വാദ്ധ്യാൎദ്ധമിതാ തഥൈവ മരിചം
താലീസകാരുഷ്കരൌ
പാഞ്ചാലീ ത്രിഫലാ വിഡംഗചവികാ-
ഭാഗാശ്ച വിശ്വാസമാഃ
ഭാഗൈശ്ചാഷ്ടഭിരേവ ചാത്രമുസലീ
ഭാഗൈസ്ത്രിസമാനാ തഥാ.

ഏലാ ത്വക്ക ച തഥൈവ സപ്തുലിതം
ശുദ്ധം ഗുഡം യോജയേ-
ദ്വൃക്ത്വാ ചാഥ കടാഹകോടി മരിചാൻ
സംബന്ധ്യ വാ മോദകാൻ
ഭുക്ത്വാ ച സ്വബലപ്രമാണ വിഹിതാൻ
കുംഭോത്ഭവേനൈവ വാ
ഭീമേനാഥ പുരാക്ഷുധാൎത്തമനസൌ
ഭുക്താൻനരോ നിശ്ചിതം.

ഭീമാഗസ്ത്യസമോ ഭവേച്ച ബഹുധാ
ഭോക്തും ഹി പാതും തഥാ
ദുൎന്നാമഗ്രഹണീ പ്രമേഹ ഭയയു-
ക്കാസക്ഷയശ്ലീപദാൻ
ജിത്വാതാനഭയോ ഭവേച്ച നിതരാം
വ്യാധ്യൈൎവിമുക്തഃ ക്ഷണാൽ
തുല്യഃസ്യാൽ പവനാത്മജേന ച തദാ
സംബലധീരാത്രോദ്ഭവഃ.

വിവിധ വൈദ്യകശാസ്ത്ര വിലോകനൈർ-
ബഹുവിചാൎയ്യ വിവിച്യ വിലേഖിതഃ
മഹദയം ഖലു സൂരണമോദകഃ
പരമതോ ലവണാദി നിരൂപ്യതേ.

കാട്ടുചേന പലം ൧൬. കൊട്ടുവേലിക്കിഴങ്ങു പലം ൮. ചുക്ക് [illegible] നല്ലമുളക് താലീസപത്രം ചേക്കുരു തിപ്പലി ത്രിഫല വിഴാലരി കാട്ട

തിപ്പലിവേര് ഇവ ഈരണ്ടു പലം വീതം. നിലപ്പനക്കിഴങ്ങ് ഏല ത്തരി എലവർഗം ഇവ പ-പ പലം വീതം പൊടിച്ച് ഇവ എല്ലാം കൂടി കൂടിയിടത്തോളവും ശർക്കര ചേർത്തു മോദകമാക്കി നെയ്യുപുരട്ടി മയക്കിയ പാത്രത്തിൽ ആക്കിവെച്ചു അഗ്നിബലമനുസരിച്ചു സേവിക്ക. അർശസ്സ് ഗ്രഹണി പ്രമേഹം കാസം ക്ഷയം ശ്ലീപദം(മന്ത്)ഈ രോഗങ്ങൾ ശമിക്കും. ഈ മോദകം അഗ്നിദീപനത്തിന്നായി ഭീമനും അഗസ്ത്യനും സേവിച്ചി-ട്ടുള്ളതാണ്. ഇതിന്റെ സേവകൊണ്ട് തിന്നുന്നരിലും കുടിക്കുന്നതിലും അവർക്ക് തുല്യന്മാരായും തീരും. ഇത് വളരെ വൈദ്യശാസ്ത്രജ്ഞന്മാരാൽ പ്രശംസിച്ചിട്ടുള്ള ബൃഹച്ചൂർണമോദകം എന്ന ദിവ്യൗഷധമാണ്. ഇനിയും ലവണാദിയോഗമാണ് പറയുന്നത്.

കല്യാണലവണം.

ഭല്ലാതദന്തീത്രിഫലാഗ്നിയുക്ത-
ത്രിവൃച്ചതുല്യം സകലം തതസ്തു
സസൈന്ധവം വൈ ദ്വിഗുണം സമസ്താൽ
കപാലപാത്രേ സകലം വിപാച്യ
മൃദ്വഗ്നിനാ ഗോമയജേന പശ്ചാൽ
ഭുക്തം തദർശഃക്ഷയകാസഹം സ്യാൽ
കല്യാണനാമ്നാലവണം പ്രസിദ്ധം
ശ്രീസുശ്രുതാദ്യൈഃ പരിവർണ്ണിതം ച.

ചേർക്കുരു നാഗദന്തിവേര് ത്രിഫല കൊടുവേലിക്കിഴങ്ങ് ത്രികോൽപ്പക്കൊന്ന ഇവ സമം. എല്ലാം കൂടിയതിലിരട്ടി ഇന്തുപ്പും ഇവ എല്ലാംകൂടി ഒരു കലത്തിൽ ഇട്ട് ആവിപോകാത്തവിധം വേറൊരു ചട്ടികൊണ്ട് അടച്ചു ശീലമൺചെയ്തു ചാണകവറളി ഇട്ട പതുക്കെ തീയെരിച്ച് ക്ഷാരമാകുമ്പോൾ വാങ്ങി അതിൽനിന്നും കറേശ്ശ എടുത്തു യുക്തമായ അനുപാനം ചേർത്തു സേവിക്കുക. ഈ ലവണത്തിന് സുശ്രുതാദികൾ കല്യാണലവണം എന്നു പേർപറയുന്നു.

ക്ഷാരം.

കദല്യപാമാർഗ്ഗപലാശജാതാൻ
ക്ഷാരാംസ്തഥാ ഷഡ്ഗുണനീരയുക്താൻ
സംപാച്യ തച്ഛാവഭവൈസ്തു മൂത്രൈഃ
സമാനവർണ്ണം ത്വവലോക്യ നീരം
സദ്വസ്ത്രപൂതം ച വിധായ ഭൂയഃ
കടാഹമദ്ധ്യേ ത്വനിധായ ചാഥ
പലാഷ്ടകം ശംഖഭവം ച ചൂർണ്ണം

പചേന്മിതാൻ യാനി പൃഥക് പൃഥക് സ്യുർ-
ദന്തീദ്രവം സാതിവിഷാകരഞ്ജാൻ
കൽക്കീകൃതാൻ വായ്വിഡംഗ സലീം ച തദ്വൽ
കംകുഷ്ഠബോൽഹിംഗുദിവാകരാംശ്ച്ചി-
ചിത്രാംസ്തഥാ ലാംഗലികാസമേതാൻ
തത്രൈവ സർവാംസ്തു നിപാത്യ ഭൂയഃ
സുസർജികാക്ഷാരയുതാൻ വിപാച്യ
സംഘട്ട്യ നംഘട്ട്യ ച കാഷ്ഠദണ്ഡേന
യാവൽ ഘനം ലേഹസമം ഭവേൽ തൽ
ഉത്താര്യ സംസ്ഥാപ്യസുഭാജനേഽഗ്നി
കാലേ തഥാ സ്വാഗ്നിബലം നിരീക്ഷ്യ
ഭുക്തേഽർശമന്ദാഗ്നിഭഗന്ദരാദീൻ
കഫോദരവ്യാധിഗണാൻ നിഹന്യാൽ
ന രക്തപിത്തേ ഽതിസൃതൗ കദാപി
ന നേത്രരോഗേ നതു ഗുർവ്വിണീനാം
ന വാശിശൂനാമതിജർജരാണാം
ന വാകൃശാനാം ന തഥാജ്വരേപി.

കദളിവാഴമാണം ചെറുകടലാടി പ്ലാശിൻതൊലി ഇവ ക്ഷാരമാക്കി അറിരട്ടി വെള്ളത്തിൽ കലക്കി കുറുക്കി ആട്ടിൻമൂത്രത്തിന്റെ നിറമായാൽ അത് വസ്ത്രത്തിൽ അരിച്ച് ഒരു പാത്രത്തിലാക്കി ശംഖിൻപൊടി പലം പ. നാഗദന്തിനീര് അതിവിടയം പുങ്കിൻതൊലി നിലപ്പനക്കിഴങ്ങ് കംകുട്ടാ (ശംഖപടിതാരം) കായം എരിക്കിൻവേര് കൊടുവേലിക്കിഴങ്ങ് മേത്തോന്നിക്കിഴങ്ങ് തുവച്ചിലക്കാരം ഇവ ഓരോ പലംവീതം. എല്ലാംകൂടി അരച്ചുകലക്കി ചട്ടുകം (മരക്കയിൽ)കൊണ്ട് ഇളക്കി ഇളക്കി ലേഹപാകമാകുമ്പോൾ വാങ്ങി ആറിയാൽ ഒരു ശുദ്ധപാത്രത്തിലാക്കി സൂക്ഷിച്ച് അഗ്നിബലം അനുസരിച്ച് സേവിക്കുക. അർശസ്സ് അഗ്നിമാന്ദ്യം ഭഗന്ദരം കഫം മഹോദരം ഇവ ശമിക്കും രക്തപിത്തം നേത്രരോഗം ഇവയുള്ളവർക്കും ഗർഭിണികൾക്കും ശിശുക്കൾക്കും വൃദ്ധന്മാർക്കും കൃശന്മാർക്കും ജ്വരമുള്ളവനും കൊടുക്കരുത്.

ഘൃതം.

പലാശഭസ്മാംബുഭിരവഭാഗ-
ത്രൈസ്തു സംപാച്യ കടുത്രയന്തു
തേനൈവസിദ്ധം ഘൃതമത്ര പീതം
ഹ്യർശാംസി നശ്യന്തി ചിരോത്ഥിതാനി.

ചുക്ക് മുളക് തിപ്പലി ഇവ [illegible] ഇരട്ടി പ്ലാശിൻഭസ്മം കലക്കിയ വെള്ളത്തിൽ അരച്ചുകലക്കി [illegible] നെയ്യ് കാച്ചി സേവിക്കുക. വളരെ പഴകിയ അർശസ്സും ശമിക്കും.

തൈലം.

[illegible]
കാസീസസജ്ജഗുഗ്ഗുലുപയോഭിരേവ
ഏലായുതൈഃ സാധിതതൈലമേതൽ
ദുർന്നാമനാശം ഹി കരോതി ലിപ്തം.

[illegible] കൊടുവേലിക്കിഴങ്ങ് ഇന്തുപ്പ് അന്നഭേദി വിഴാലരി ഇരുവേലി ഏലത്തരി ഇവ കല്ക്കമാക്കി കാച്ചിയ തൈലം പുരട്ടിയാൽ അർശോമാംസാങ്കുരങ്ങൾ ശമിക്കും.

ധൂപം.

വൃശ്ചീവജടാ [illegible]
ഭംഗാസമേതൈർഘൃതസംയുതൈശ്ച
ധൂപോർശനാശായ മതഃ പുരാണൈഃ
പീഡാഹരോഽന്യോ ന തതോസ്തി ലോകേ.

എലിച്ചെവിയൻ, മാഞ്ചി, കടുക്കാത്തോട്, ഗുൽഗുലു, കഞ്ചാവ്, ഇവ എല്ലാംകൂടി പൊടിച്ച് നെയ്യുംചേർത്തു ഒരു പാത്രത്തിലാക്കി പുക പുറത്തു പോകാതെ [illegible] ഒരു ചട്ടികൊണ്ടടച്ച് പുകയേല്പിക്കുക. സകലവിധ അർശസ്സുകളും ശമിക്കും. ഇതിൽ പരം പീഡാഹരമായി അർശസ്സിന് [illegible]മില്ല.

മറ്റൊരു ധൂപം.

സുസർപ്പനിർമ്മോകമനുഷ്യകേശൈഃ
[illegible]
[illegible]
ദുർന്നാമനാമാപി വിനാശയേദ്ധി.

പാമ്പിൻപടം, മനുഷ്യരുടെ തലമുടി, പോത്തിൻതോല്, എരിക്കിൻവേര്, [illegible] ഇവകൊണ്ടു പുകച്ചാൽ അർശോരോഗത്തിന്റെ പേരുകൂടിയും നശിക്കും.

തൈരു മുതലായവ.

തക്രം ചിത്രകമൂലത്വക് [illegible]
വിലിപ്യാഥ [illegible]

ഘൃതം തക്രദധ്യാദികം സർവ്വമേവ
പ്രപീതം തഥാർശോവിനാശേ സമർത്ഥം.

ശുദ്ധിചെയ്ത കൊടുവേലിക്കിഴങ്ങ് അരച്ച് ഒരുകുടത്തിൽ രണ്ടുമൂന്നുതവണ തേച്ച് ഉണക്കി ആ പാത്രത്തിൽ നെയ്യോ മോരോ തൈരോ ഒഴിച്ചുവെച്ചിരുന്നു സേവിച്ചാൽ അർശസ്സു ശമിക്കും.

അർശോവിശേഷങ്ങൾ (രക്താർശസ്സുകൾ.)

രക്തോല്ബണാ പായുസമുത്ഭവാശ്ച
കീലാ വടാരോഹകവിദ്രുമാഭാഃ
[illegible]
രക്തംസ്രവന്തീഹ ച ഭേകതുല്യാഃ.

ഗുദത്തിൽ [illegible] പേരാലിൻമൊട്ടോടും പവിഴത്തിനോടും ഭേകങ്ങളോടും തുല്യങ്ങളായും ഇരിക്കുന്ന മാംസകീലകങ്ങൾ ഉണ്ടാകുന്നു. ആ അങ്കുരങ്ങൾ മലബന്ധംനിമിത്തം അസഹ്യവേദനയുണ്ടാക്കുകയും രക്തം സ്രവിപ്പിക്കുകയും ചെയ്യും. ഇതിനെ ആണ് രക്താർശസ്സ് എന്നു പറയുന്നത്.

വർണ്ണോത്സാഹബലക്ഷയേന ച യുതാ ശ്യാവം ഘനം രൂക്ഷകം
സന്ത്യജ്യാഥ മലം [illegible] വായോർന്നചാധോഗതിം
കുർവ്വന്തി [illegible] വൈദ്യനികരൈ[illegible] ന രക്തസ്രുതിർ
ദുഷ്ടാസ്രേ പരിരുദ്ധിതേ [illegible] ശൂലാദയോ [illegible].

ദേഹത്തിന് നിറംമാററം ഉത്സാഹം ബലം ഇവയുടെ ക്ഷയംമുതലായവ രക്താർശസ്സിൽ സംഭവിക്കും. മലം ചിലപ്പോൾ കറുവാളിച്ചും ഘനമായും രൂക്ഷമായും വിസർജ്ജിക്കും. വായുവിന്റെ അധോഗമനത്തെ തടയും. ഈ രക്താർശസ്സുകളിൽ വൈദ്യൻ ദുഷ്ടരക്തം മുഴുവനും പോകാതെ പെട്ടെന്ന് വല്ല ഔഷധപ്രയോഗത്താലും രക്തംപോക്ക് തടയരുത്. ദുഷ്ടരക്തം തടഞ്ഞുനിർത്തിയാൽ അതുകൊണ്ട് ശൂലാദിരോഗങ്ങൾ ഉണ്ടാകും. ദുഷ്ടരക്തം മുഴുവനും സ്രവിച്ചുപോയതിനുശേഷം ഔഷധംകൊടുത്ത് ശമിപ്പിക്കണം. അല്ലെങ്കിൽ ശുദ്ധരക്തവും സ്രവിക്കുന്നതിനു ഇടയാകുന്നതാണ് എന്നു സാരം.

രക്താർശശ്ചികിത്സ.

ദുസ്പർശ [illegible] ചന്ദന [illegible]
ദാവീമഹൌഷധിനളാഥ [illegible] സനിംബൈഃ
അസ്രാർശനാശകര [illegible]
ക്വാഥ [illegible] വൈദ്യനികരൈഃ പരിവർണ്ണിതശ്ച.

കൊടിത്തൂവവേര് കയ്യൻപടവലം പുത്തരിച്ചുണ്ടവേര് ചന്ദനം ഇലവർങ്ഗം മരമഞ്ഞൾ ചുക്ക് ഓരെച്ചും വേപ്പിൻതൊലി ഇവ കൊണ്ടുള്ള കഷായം രക്താർശസ്സിനെ ശമിപ്പിക്കും.

അർശസ്സിന്റെ ധൂപം.

സസാർഷപൈഃ സജ്ജരസസ്യതൈലൈ-
ർദ്ധൂപോ വരോ വൈദ്യവരൈസ്തഥോക്തഃ
യഥാബ്ധിപാനേഘടജന്മഭൂമീ
രക്താർശസാം രക്തഹരഃ പ്രസിദ്ധഃ.

കട്ടക്ക് ചെഞ്ചല്യത്തിന്റെ എണ്ണയിൽ കുഴച്ച് പുകച്ചാൽ അഗസ്ത്യൻ അബ്ധിപാനത്താൽ ജലം വററിച്ചതുപോലെ രക്താർശസ്സിൽനിന്നും പുറപ്പെടുന്ന രക്തം വളരെ വേഗത്തിൽ ശമിക്കും.

പ്രലേപം.

ശിരീഷബീജാനിതിലാംഗലീകാ
ക്ഷാരശ്ച യോഗ്യശ്ശുഭസൈന്ധവാനാം
സ്നുഹീപയോഭിസ്സഹിതഃ പ്രലേപോ
ദ്ദുർന്നാമനാശായ ച സപ്തരാത്രം.

നെന്മേനിവാകയരി, മേന്തോന്നിക്കിഴങ്ങ് ചവൾക്കാരം തുവർച്ചിലക്കാരം വയമ്പു പത്തുമുകം ഉപ്പ് ഇവപൊടിച്ച് കള്ളിപ്പാലിൽ അരച്ചു തേച്ചാൽ ഏഴുദിവസത്തിനകം സകലവിധമായ അർശസ്സും ശമിക്കും.

രസം.

ശുദ്ധിബീജവിഷസൂക്ഷ്മഗന്ധകൈഃ
ശുദ്ധലോഹഹരഭസ്മനാപിതൈഃ
കണ്ടകാർദ്രജരസസ്യ പണ്ഡിതൈഃ
സപ്തവാരപരിഭാവിതൈരയം.

നിത്യോദിതോരസഃ പ്രോക്ത-
സ്സോർശസാം മദബന്ധഹൃൽ
മാഷമാത്രസ്സസർപ്പിസ്സ
ഗുദകീലഹരഃ പരം.

ശുദ്ധിചെയ്ത രസം വത്സനാഭി ഗന്ധകം ലോഹഭസ്മം കൊട്ടവേലിക്കിഴങ്ങ ഉറഞ്ചുന്ന ഏതകിൻ കായിറും കാട്ടുചേനക്കഷായത്തിലും ഇഞ്ചിനീരിലും പ്രത്യേകം ഏഴുപ്രാവശ്യം അരച്ചു നിഴലിലുണക്കി മാഷ (ഉഴുന്ന) പ്രമാണം ഗുളികളുരുട്ടി നെയ്യിൽ സേവിച്ചാൽ നിശ്ചയമായും എല്ലാ അർശസ്സുകളും ശമിക്കും.

തിലചർവ്വണശീലിനോ ജനാൻ
ഗുദകീലാഃ പലിതാസ്തദുൽഭവാഃ
നഗദാഃ പരിപീഡയന്തി വൈ
വിഷയാശ്ശങ്കരസേവിനോ യഥാ.

എള്ളു ദിവസവും ചവച്ചുതിന്നു ശീലിക്കുന്ന ജനങ്ങൾക്ക് ശ്രീപരമേശ്വരനെ സേവിക്കുന്നവർക്ക് വിഷയപീഡകൾ ശമിക്കുന്നപോലെ പഴകിയ അർശസ്സുകളും തദുൽഭവങ്ങളായ രോഗങ്ങളും ശമിക്കും.

പത്ഥ്യം.

മുദ്ഗഗോധൂമവാർത്താകശാലികന്ദപടോലകൈഃ
വാസ്തുകൈർജ്ജാംഗലൈഃ പത്ഥ്യമർശസാം നാശനം പരം.

ചെറുപയറ് കോതമ്പു വഴുതനങ്ങ ചെന്നെല്ലിൻഅരി ചേന പാവയ്ക്ക വാസ്തുച്ചീര ജാംഗലമാംസങ്ങൾ ഇവ അർശസ്സുകൾക്കു പത്ഥ്യവും അർശസ്സിനെ നശിപ്പിക്കുന്നതും ആകുന്നു.

അപത്ഥ്യം.

വേഗാവരോധകടുഭോജനയാനസേവാഃ
സ്ത്രീസേവനോൽകടമഹാസനസേവനഞ്ച
അർശോഗദവ്യഥിതദേഹയുതഃ കദാപി
സേവേതസദാപി ചപുമാൻനഹിസൗഖ്യമിച്ഛൻ.

മലമൂത്രാദികളുടെ വേഗം തടയുക, എരിവുള്ള പദാർത്ഥങ്ങൾ ഉപയോഗിക്കുക, അധികം വാഹനസഞ്ചാരം ചെയ്ക, സ്ത്രീസേവനം, ഉൽകടികാസനത്തിൽ ഇരിക്കുക ഇവയൊന്നും സൌഖ്യത്തെ ആഗ്രഹിക്കുന്ന അർശോരോഗി ഒരിക്കലും ആചരിക്കരുത്.

സാദ്ധ്യാസാദ്ധ്യാർശസ്സുകൾ.

അധോവലൌ സന്തി ചയേഹി സാദ്ധ്യാ
സ്തേഷ്ടന്നിവാരാഃ പ്രഥിതാംകുരാവൈ
യേമദ്ധ്യസംസ്ഥാസ്തതോർദ്ധ്വഗാസ്തു
സർവ്വേപ്യസാദ്ധ്യാഭിഷജാപ്രദിഷ്ടാഃ.

ഗുദത്തിനു മൂന്നു വലികളാണുള്ളത്. അവയിൽ ആദ്യത്തേവ

ലയിൽ (താഴത്തെ) ഉണ്ടാകുന്ന അർശസ്സുകൾ സാദ്ധ്യങ്ങളാണ്. അവതന്നെയും അതിസൂക്ഷ്മങ്ങളാണെങ്കിൽ യത്നസാദ്ധ്യങ്ങളാണ്. മദ്ധ്യവലിയിലോ അതിനു മേലുള്ള വലിയിലോ ഉണ്ടാകുന്ന എല്ലാ അർശസ്സുകളും അസാദ്ധ്യങ്ങൾതന്നെ.


വിവിധഭേഷജസേവനാദശാന്തിയേ
ത്വഗംഗശസ്ത്രാഗ്നിപാതപരായണൈഃ
സുലഘുഹസ്തജനൈശ്ചനിരാകൃതാ
നഹിഭവന്തിപുനരപിഗുദാങ്കുരാഃ.

മുൻപറഞ്ഞ വിവിധൌഷധങ്ങളുടെ സേവനത്താൽ ശമിക്കാതെ ഉപദ്രവകരങ്ങളായിത്തീരുന്ന ഗുദാങ്കുരങ്ങളെ ശസ്ത്രക്രിയയിൽ നല്ല കൈച്ചുറുക്കുള്ള വൈദ്യന്മാർ (ഡാക്ടറന്മാർ) നിശ്ശേഷം ഛേദിച്ചുകളഞ്ഞാൽ പിന്നെ ഒരിക്കലും ആ ഗുദാങ്കുരങ്ങളെ കണികാണാൻകൂടി കഴികയില്ല. "[illegible] ദോഷാഃ സ്ഥിതാന്യപരാണിച" എന്ന അഷ്ടാംഗഹൃദയത്തിലെ "ആദി" ശബ്ദംകൊണ്ടും ഗുദത്തിലല്ലാതെ ലിംഗാന്തർഭാഗം ജിഹ്വ നാഭി മുതലായ മറ്റുസ്ഥാനങ്ങളിലും മാംസാങ്കുരങ്ങൾ ഉണ്ടാകും എന്നു ധരിച്ചുകൊള്ളുന്നു. അവയെ വിസ്തരഭയത്താൽ ഇവിടെ വർണ്ണിക്കുന്നില്ല.

ഗുരുപദാബ്ജരജാംസിലസന്തുമേ
ശിരസിയൽകൃപയാപരിശോധിതഃ
ചരണചാപലമാവധിശിശോരഹം
നഹിബിഭേമിചദുർജ്ജനവാദതഃ.

ഞാൻ ഗുരുവിന്റെ കൃപനിമിത്തം, ശിശുവിന്റെ പാദചാപലംപോലെ ദുർജ്ജനാപവാദത്തിൽനിന്നു പേടിക്കുന്നില്ല. ഒരുപ്രകാരം ഇരിക്കുന്ന ഗുരുവിന്റെ പാദപങ്കജധൂളികൾ എന്റെ ശിരസ്സിൽ പരിലസിക്കട്ടെ.

ചതുർത്ഥസ്തബകം കഴിഞ്ഞു.



പഞ്ചമസ്തബകം.

ജയതിഗജാനനദേവോ നഗതനയാനന്ദവർദ്ധനസ്സോയം
യൽകൃപയാപ്യതിമന്ദോ വക്ഷ്യേഗ്നിമാന്ദ്യാദിപ്രതീകാരം.

പാർവ്വതിക്കു ആനന്ദവർദ്ധനനായ ഗണപതിയുടെ കൃപയാൽ മന്ദനാണെങ്കിലും ഞാൻ അഗ്നിമാന്ദ്യാദിരോഗത്തിനുള്ള പ്രതീകാരത്തെ പറയാൻ പോകുന്നു.

പുരുഷാർത്ഥചതുഷ്ടയംതനോരഖിലംലഭ്യത ഏവവിശ്രുതം
തദഹംവിദധേയഥാതഥാ നയഥാസ്യാജ്ജഠരാഗ്നിദൂഷിതാ.

ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന പുരുഷാർത്ഥചതുഷ്ടയം ദേഹംകൊണ്ടാണ് സാധിക്കേണ്ടത്. അത് അഗ്നിബലം ഉള്ള ദേഹത്തിന്നുമാത്രമേ സാദ്ധ്യമാകയുള്ളു. അതിനാൽ അഗ്നിമാന്ദ്യഹരമായ ചികിത്സയെത്തന്നെ പറയുന്നു.

വഹ്നിമൂലംബലംപുംസാം രേതോമൂലന്തുജീവിതം
തസ്മാൽസർവ്വപ്രയത്നേന വഹ്നിംശുക്ലഞ്ചരക്ഷയേൽ.

മനുഷ്യർക്ക് ജഠരാഗ്നിദീപ്തിമൂലം ബലവും ശുക്ലവൃദ്ധിമൂലം ജീവിതവും സ്ഥിതിചെയ്യുന്നു. അതിനാൽ ഏതുവിധേനയും ജഠരാഗ്നിയേയും ശുക്ലത്തേയും രക്ഷിക്കണം.

മന്ദാഗ്നിനിദാനം.

മിഥ്യാഹാരവിഹാരതോऽതികുപിതാ
ദോഷാഃകൃശാനുംഭൃശം
സംഛാദ്യാശുവികാരജാലമസകൃൽ
കുർവ്വന്തിരൂപംതതഃ
ദൌർബ്ബല്യം ഗമനാദിഷ്വപ്യതിതരാ
മുത്സാഹഹാനിഃ പരാ
ക്ഷുത്തൃഡ്ഢാനികരൈർവ്വികാരനിചയൈ-
ർഹാനിഃപ്രഭായാഃസ്ഫുടം.

വിരുദ്ധങ്ങളായ ആഹാരവിഹാരങ്ങളാൽ വാതാദിദോഷങ്ങൾ കോപിച്ച് ഏറ്റവും അഗ്നിയെ മന്ദിപ്പിച്ച് പലവിധം വികാരസമൂഹത്തെ ഉൽപാദിപ്പിക്കുന്നു. അതുനിമിത്തം ശരീരദൌർബ്ബല്യം, നടക്കുക മുതലായ കർമ്മങ്ങളിൽ ഉത്സാഹമില്ലായ്ക, വിശപ്പിനും തണ്ണീർ

ദാഹത്തിനും ഹാനികരങ്ങളായ വികാരങ്ങളാൽ പ്രഭാനാശം ഇവ സംഭവിക്കും.

മന്ദാഗ്നിയുടെ വിശേഷലക്ഷണം.

യത്രസ്വല്പംഭുജ്യമാനേന്നപാക-
മേതിപ്രായോഗൗരവംമൂർച്ഛനിദ്രാഭൗ
ഛർദ്ദിസ്സാദസ്സപ്രസേകസ്തഥൈവ
വൈദ്യൈരുക്തംലക്ഷണംമന്ദവഹ്നേഃ

അല്പം ഭുജിച്ചാലും ദഹിക്കാതിരിക്കുക, മിക്കവാറും സമയങ്ങളിൽ തലയ്ക്കും അടിവയററിലും കനമുണ്ടായിരിക്കുക, ഛർദ്ദി, തളർച്ച, വായിൽകൂടി വെള്ളംവരിക, ഇവ മന്ദാഗ്നിയുടെ ലക്ഷണമാകുന്നു.

മന്ദാഗ്നിചികിത്സ.

അജമോദാദിചൂർണ്ണം.

സാജമോദാലവണം കടുത്രയം
ഹിംഗുജീരകയുഗേന സംയുതം
ചൂർണ്ണിതംഘൃതയുതം യഥാശിതം
വഹ്നിമാന്ദ്യഹരണം തദാത്വവൈ.

അയമോദകം ഇന്തുപ്പ് ചുക്ക് മുളക് തിപ്പലി കായം ജീരകം കരിഞ്ജീരകം ഇവയെല്ലാംകൂടി പൊടിച്ച പൊടി നെയ്യിൽ കുഴച്ചു ചോറിൽകൂട്ടിയുണ്ടാൽ അഗ്നിമാന്ദ്യം ശമിക്കും.

വലിയ ഹിംഗ്വാദിചൂർണ്ണം.

ബോർച്ചികക്ഷാരയുഗാനലാഭിചകണാ
ചണ്ഡഗന്ധാജഗന്ധാ
പത്ഥ്യാകാശ്മീരപാഠാജരണയുഗകണാ
തിന്ത്രിണീദീർഘഗന്ധാഃ
വിശ്വാചവ്യാജമോദാസുരലവണഹപുഷാ
ഗ്രന്ഥിദീപ്യാഗ്ലജാതം
ചൂർണ്ണംസൗവർച്ചലാഢ്യംകരകയുതമലം
വിദ്ധ്യുത്തഞ്ചാഗ്നിമാന്ദ്യ.

ആദ്ധ്മാനഗുല്മാനലമാന്ദ്യഭാതാ
പ്ലീഹാമവാതശ്വസനാദയോന്യേ
ശൂലാസ്യവൈരസ്യവിബന്ധകാദ്യാ-
സ്സർവ്വേവിനശ്യന്തി നിഷേവിതേചേൽ.

കായം കാരം ചവക്കാരം കൊട്ടുവേലിക്കിഴങ്ങ് നല്ലമുളക് ചെറുതിപ്പലി കച്ചോലം അട്ടനാറിവേളവേര് കടുക്കാ പുഷ്കരമൂലിവേര് പാടക്കിഴങ്ങ് ജീരകം കരിഞ്ജീരകം വലിയതിപ്പലി പുളിവേരിൻതൊലി വയമ്പ് ചുക്ക് കാട്ടുമുളകുകൊടിവേര് അയമോദകം ഇന്തുപ്പ് അടയ്ക്കാമണിയൻവേര് കാട്ടുതിപ്പലിവേര് കുറാശാണി ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് തുവർച്ചിലക്കാരം മാതളനാരങ്ങാത്തോട് വിളയുപ്പ് ഇവ പൊടിച്ചപൊടി യുക്തമായ അനുപാനത്തിൽ സേവിച്ചാൽ വയറുവീർപ്പ് ഗുല്മം അഗ്നിമാന്ദ്യം പ്ലീഹോദരം നാക്കേട്ട് വായുകോപം വായുമുട്ടൽ ശൂല രസമറിയാൻവയ്യായ്ക മലബന്ധം മുതലായ സകല രോഗങ്ങളും ശമിക്കും.

ത്ര്യൂഷണചൂർണ്ണം.

ത്ര്യൂഷണജീരകയുഗ്മൈർഭാഗാംഷ്ടമാംശഹിംഗുസംയുക്തൈഃ
സൂലവണശ്ചൂർണ്ണംഘൃതാഢ്യഃ സംഭൃഷ്ടാജമോദസംയുക്തഃ
പ്രഥമഗ്രാസവിഭുക്തോ ജാഠരമഗ്നിംപ്രദീപയേത്യന്താൽ
വായുവിനാശേ പ്രഥിതോ ഹന്ത്യത്യുഗ്രഗുല്മാദീൻ.

ചുക്ക് മുളക് തിപ്പലി ജീരകം കരിഞ്ജീരകം കായം വറുത്ത അയമോദകം ഇവയെല്ലാംകൂടി പൊടിച്ച് ഇന്തുപ്പും നെയ്യുംചേർത്ത് ആദ്യം ഉണ്ണുന്ന ഉരുളയിൽകൂട്ടി ഉണ്ണുക. ഈ ചൂർണ്ണം ജഠരാഗ്നിയെ വർദ്ധിപ്പിക്കും. വായുവിനെ ശമിപ്പിക്കും. അത്യുഗ്രങ്ങളായ ഗുല്മാദിരോഗങ്ങളേയും ഹനിക്കും.

അത്യഗ്നിലക്ഷണം.

അനല്പമല്പം യദികിഞ്ചിദേവ ഭുക്തംഹിസദ്യഃ പരിപാകമേതി
തീക്ഷ്ണാഗ്നിരേഷപ്രഥിതഃ പ്രിയശ്ച ചികിത്സ്യപഥ്യാശ്ശു ബഹുപ്രവൃദ്ധഃ.

അല്പമായോ അനല്പമായോ എന്തെങ്കിലും ഭക്ഷിച്ചാൽ ഉടൻ ദഹിച്ചുപോകുന്നു. ഇത് അത്യഗ്നി എന്ന രോഗമാണ്. അതിവേഗത്തിൽ വർദ്ധിക്കാൻ ഇടയുള്ള ഈ രോഗം പെട്ടന്നുതന്നെ ചികിത്സിക്കണം.

അത്യഗ്നിചികിത്സ.

സിതായുതം പായസമേവവാപി
ഘൃതാന്വിതാവാകൃശരാ പലംവാ
സപൈഷ്ടികംസ്നിഗ്ദ്ധഗുഡാദികാനി
തഥാഗ്നിതൈക്ഷ്ണ്യേപ്രതിശീതളാനി.

പഞ്ചസാരചേർത്ത പായസമോ നെയ്ചേർത്ത എള്ളുചോറോ

മാംസരസമോ അരിമാവുകൊണ്ടുള്ള പലഹാരമോ സ്നിഗ്ദ്ധങ്ങളും ശീതളങ്ങളും ആയ ഗുഡാദികളോ അത്യഗ്നിയുള്ളവൻ ഉപയോഗിക്കണം.

വിഷമാഗ്നിലക്ഷണം.

മാത്രാശിതാകപാപി നപച്യതേ വൈ
ഭുക്താക്ഷണാൽ കദാപി വിപച്യതേ സാ
വഹ്നിസ്തു വൈദ്യൈർവിഷമസ്തു ദോക്തോ
ധന്വന്തരാദ്യൈർബഹുശോ വിവിച്യ
ആധ്മാനശൂലാന്ത്രവികൂജനാനി
ആനാഹ്യദാവർത്തയുതാനി ചാത്ര
ഭക്താനി കുക്ഷേരതിഗൗരവാദി-
യുക്തോതിസാരശ്ച പ്രവാഹികാ ച.

ഭക്ഷിച്ച അന്നം ചിലപ്പോൾ ദഹിക്കാതിരിക്കയും ചിലപ്പോൾ വളരെ വേഗം ദഹിക്കയും ചെയ്യുന്നതായ രോഗം വിഷമാഗ്നിയാകുന്നു. വിഷമാഗ്നിയിൽ വയറുവീർപ്പ് ശൂലം അന്ത്രകൂജനം ഉദാവർത്തം വയററിന്റെ ഘനം അതിസാരം മുക്കൽ മുതലായവ ഉണ്ടാകുമെന്നു പറയപ്പെട്ടിരിക്കുന്നു.

വിഷമാഗ്നിചികിത്സ.

രാസ്നാമാഗധികാശടീപ്രതിവിഷാ
ബാല്ഹീകസൗവർച്ചലൈർ
വിശ്വാജാജിയവാനിസംയുതം [illegible]
യുക്തം തച്ചൂർണ്ണം സ്മൃതം
ഭുക്താച്ച തസ്യ ഗുഡാനുപാനവിധിനാ
വഹ്നേസ്തു വൈഷമ്യഹൃ-
ച്ഛാസ്ത്രേഷ്വൈതൽ കഥിതം [illegible]
നിംബുദ്രവം ഹിംഗുനാ.

വെള്ളരത്ത തിപ്പലി കച്ചോലം അതിവിടയം കായം തുവർച്ചിലയുപ്പ് ചുക്ക് ഇന്തുപ്പ് തുളസിവേര് (ഇല) ഇവ എല്ലാംകൂടി പൊടിച്ച് ശർക്കരയിൽ കുഴച്ചു സേവിച്ചാൽ വിഷമാഗ്നി ശമിക്കും. മാതളനാരങ്ങാനീരിൽ തുവർച്ചിലയുപ്പും കായവും കൂടി ചേർത്തു സേവിച്ചാലും വിഷമാഗ്നി ശമിക്കും.

ഭസ്മാഗ്നിലക്ഷണം.

യദാ രൂക്ഷകടാദികേന്നേ പ്രഭുക്തേ
കഫക്ഷീണതാമേവ യാതോ നരസ്യ

തദാ മാരുതായോർബലം പ്രാപ്യ വഹ്നിഃ
ക്ഷണാദ്ഭസ്മസാദേവ കുര്യാൽ പ്രഭുക്തം.
അസൗ ഭസ്മകാഗ്നിസ്തു ദോഷോപേക്ഷിതോ വൈ
തദാ സർവധാതൂംശ്ച ഭസ്മൈവ സദ്യഃ
കരോത്യേവ തൃഡ്ദാഹമൂർച്ഛാദിഭിസ്തു
സഹാമയൈസ്സമേതോ ഹി വൈ സേദയുക്തൈഃ.

രൂക്ഷകടുക്കളായ അന്നങ്ങളുടെ പ്രകൃതിയാൽ കഫം ക്ഷയിച്ചിരിക്കുന്ന നരന്റെ അഗ്നി പിത്തവായുവിന്റെ ബലത്തെ പ്രാപിച്ച് ഭക്തത്തെ ക്ഷണത്തിൽ ഭസ്മസദൃശമാക്കും. ഇതു ഭസ്മകാഗ്നിയാണ്. ഈ രോഗം ചികിത്സിക്കാൻ താമസിച്ചാൽ തണ്ണീർദാഹം മൂർച്ഛ സ്വേദം ഇവയെ ഉൽപാദിപ്പിച്ച് അഗ്നി സകല ധാതുക്കളെയും ഭസ്മമാക്കും.

ഭസ്മകാഗ്നിചികിത്സ.

സുകോലജാസ്ഥിമജ്ജജം പിബേച്ച ചൂർണ്ണമുത്തമം
സുശീതവാരിസാധിതം നരോഗ്നിയസ്തു നിശ്ചിതം
തഥാ ചശ്രുതനീരജാനനിശ്ചിതൈസ്സിതൈസ്സതണ്ഡുലൈഃ
സുചരാഗിദുഗ്ദ്ധസാധിതം ഭുനക്തി യസ്തു പായസം
ജയേച്ച ഭസ്മകാഗ്നിവൃദ്ധിമന്യദേവ ചൗഷധം
വദാമി പാവിമാംസകം തദീയസർപ്പിസാധിതം
വദാമി പാചിമാനശാന്തിമേതി ചത്തദാതുവാമയേ-
അഭോ പിവാനശാന്തിമേതി [illegible]
ഹരീതകീസപിപ്പലീശൃതം [illegible].

ലന്തക്കുരുവിന്റെ അകത്തെ അസ്ഥിയും മജ്ജയും എടുത്തു അരച്ച് ഗംഗാജലത്തിൽ കലക്കി തിളപ്പിച്ച് കുറുക്കി കുടിക്കയോ ലന്തക്കുരുപ്പരിപ്പും താമരവളയവും ഉട്ടുവെന്ത ശുദ്ധജലത്തിൽ വേവിച്ച അരിയിൽ ആട്ടിൻപാൽ ചേർത്തു പാൽപായസമാക്കി കുടിക്കയോ ചെവിയാടിൻമാംസം അവിയാടിൻനെയ്യിൽ വറുത്തു ഭക്ഷിക്കയോ ചെയ്താൽ ഭസ്മകാഗ്നി ശമിക്കും. എന്നിട്ടും ശമിച്ചില്ലെങ്കിൽ കടുക്കയും തിപ്പലിയുംകൂടി കഷായംവച്ചുകൊടുത്തു ഛർദ്ദിപ്പിച്ച് പചിപ്പിക്കയോ ചെയ്യണം. ഇങ്ങനെ നാലുയോഗം ഇവിടെ കാണിക്കപ്പെട്ടു.

നാരീക്ഷീരേണ സംപേഷ്യ പിബേദൗദുംബരത്വചം
നാരീക്ഷീരേണ സംപേഷ്യ പിബേദത്യഗ്നിശാന്തയേ.
താഭ്യാം വാ പായസം സിദ്ധം പിബേദത്യഗ്നിശാന്തയേ.

അത്തിത്തൊലി മുലപ്പാലിൽ അരച്ചുകറുക്കി സേവിക്കയോ അതുരണ്ടുംകൂടി ചേർത്തു പാൽക്കഞ്ഞിയാക്കിക്കുടിക്കയോ ചെയ്താൽ അത്യഗ്നിയും ഭസ്മകാഗ്നിയും ശമിക്കും.

ളത്തിൽ സേവിക്ക. ശൂലം ഗുല്മം പാണ്ഡു ശോഫം വായു കഫജ്വരം ഇവശമിക്കും. ഇതിനു രാജശേഖരവടി എന്നു പേർ.

രക്ഷാസരസം.

ശസ്തിപാദപാദാംശപുത്രി ബലിഭതികപ്പകം
ദിനം വിമർദ്യ ... പുത്രരസം സമന്വിതം
തതോവിധായ വാലുകാഖ്യകേ സുവച്ചു പാചിതം
തദഷ്ടയാമമാത്രമം വിപാചയേൽ ഭിഷഗ്വരഃ
സുരക്തശാകദ്രവയുക്തഭാവിതം വിമർദ്ദയേൽ
പുനസ്തമാതുലുംഗനൈജർദ്രവൈവാശു ഭാവ്യതാമ്
രസോ ഭവേച്ച രാക്ഷസോഹി ശങ്കരേണ ഭാഷവേ
പ്രദത്തമുഗ്രഷോ പരേൽ പ്രണമ്യതം സമീക്ഷിതം
സുഗുഞ്ജകാപ്തസമ്മിതോ ബലാ നിരീക്ഷ്യവാ പുനഃ
കൃശാനുമാന്ദ്യജാഠരാമവാമശൂലഗുല്മകാഃ
വിനാശമേവ യാന്തി തേന ചിത്രമസ്തി പാത്രവാ
പ്രദാപയേച്ച ക്ഷേമിതോഹിപൌരുഷസ്യ വർദ്ധനഃ.

എരുക്കിൻവേരു് ശുദ്ധിചെയ്ത രസവും ഗന്ധകവും വെങ്കടുക്ക് ചുക്ക മുളക തിപ്പലി ഇവച്ചിവക്കാരം ഇവ എല്ലാംകൂടി പൊടിച്ച് ഒരു പകൽ മുഴുവൻ അമ്മിക്കല്ലിൽ അരച്ച് കല്ലുരലിൽ ഇട്ടു പൊടിച്ചു വാലുകായന്ത്രത്തിൽ എട്ടുയാമം പാകിച്ചു സ്ഥടമാക്കിയെടുത്ത് ചെഞ്ചീരയുടെ നീരിലും പാതിരിയും അരച്ച് പിന്നെ മാതളനാരങ്ങയുടെ നീരിലും അരച്ച് നിഴലുണക്കി ഉരുട്ടി ബലമനുസരിച്ച് എട്ടുകുന്നിയിടവരെ തേനിൽ കൊടുക്കുക. ഈ രക്ഷാസരസം ശ്രീപരമേശ്വരൻ സുബ്രഹ്മണ്യനുപദേശിച്ചു കൊടുത്തിട്ടുള്ളതാണ്. അതിനാൽ ഈ ഗുളിക കൊടുക്കുന്നതു് ശിവനെ നല്ലവണ്ണം മനസ്സിൽ ധ്യാനിച്ചുകൊണ്ടുവേണം. അഗ്നിമാന്ദ്യം ഉദരരോഗം ആമം (ദഹനക്കേട്) ശൂലം ഗുല്മം ഇവശമിക്കും. പൌരുഷം വർദ്ധിക്കും.

ശംഖവടി.

പലപരിമിതചിഞ്ചാക്ഷാരതുല്യം ചപഞ്ച
ലവണമപി ഗൃഹീത്വാ ക്ഷുദ്രനിംബൂദ്രവാഢ്യം
തദനു ച ശുഭപാത്രേ കാചലിപ്തേ വിപാചി
പലപരിമിതശംഖാന്യസ്യ വഹ്നൌ വിധായ
വിധിവദഥ ച ദത്വാ സപ്തവാരം ദ്രവേഷു
ദ്രവതി ച വിധിനൈവം ശംഖമിത്ഥം ദ്രവേണ
പുനരഥ പലമാനം ത്ര്യൂഷണം ഹിംഗുനൈവം
വിഷമിഥ ഗദിതം വൈ പാദശേഷൈവഭാഗാൽ?

പരിതുലിതമഥൈവ ശംഭബീജം ഭവാനീ-
പ്രഭവമഥ തഥൈവം ശുദ്ധമേവാത്രസർവ്വം
വിധിവദഥ ച ഖല്വേ മർദ്ദ്യകോലാസ്ഥിമാനാഃ
സകലവിധിവരിഷ്ഠോ വൈദ്യ ഏവാത്രവന്ദ്യഃ.

കൃതാപ്രദദ്യാ ദ്ഗദരോരഗൈരസ്യ
ഗദൈസ്തു സംപീഡിതമാനവായ
കല്യാണമിച്ഛൻ ജഠരാഗ്നിധാ ക്രമേണ
ശാസ്ത്രാജ്ഞയാ രോഗവിനാശനായ.

ഏഷാശംഖവടീതജീർണ്ണശമനീ ശൂലാമവാതാപഹാ ...സിനി
നാനാഗുല്മവിഷൂചികാഗ്നിശമനപ്ലീഹാമവിദ്വേഷിണീ
യേന്യേ ചോദരമദ്ധ്യലബ്ധനിലയാ രോഗാ യകൃൽപ്രിധഗ്രഹാ-
സ്താൻസർവ്വാനപിനാശയേച്ച നിതരാം ഭുക്താസുഭാഗ്യോദയാൽ.

കോൽപുളി ചുട്ടെടുത്ത ക്ഷാരം ഒ പലം. പഞ്ചലവണം ഓരോ പലം. എല്ലാംകൂടി എടുത്ത് ചെറുചീരയുടെ നീരും വട്ടകപ്പുളിനാരങ്ങയുടെ നീരുംകൂടി ചേർത്ത് ഉൾവശംപൂശിയ പാത്രത്തിലാക്കി ഒരുപലം ശംഖുപൊടിയും ഇട്ട് വയ്ക്കണം. ഇങ്ങനെ ഏഴുപ്രാവശ്യം ചെയ്തതുകൊണ്ട് ശംഖുപൊടി നല്ലവണ്ണം ദ്രവമാകും. അതിനുശേഷം ചുക്ക മുളക തിപ്പലി കായം ഇവ ഓരോപലം. ശുദ്ധിചെയ്ത വത്സനാഭി രസം ഗന്ധകം ഇവ പത്രണ്ടിലൊരുഭാഗം. എല്ലാംകൂടി ഗുളികക്കല്ലിൽവെച്ച് വിധിപ്രകാരം അരച്ച് ലന്തക്കുരുപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി ശാസ്ത്രജ്ഞനായ വൈദ്യൻ യുക്തമായ അനുപാനത്തിൽ സേവിപ്പിക്കേണം. ഈ ഔഷധത്തിനു "ശംഖവടി" എന്നു പേർ. ഈ ഗുളികസേവിച്ചാൽ ഉദരത്തിൽ ഉണ്ടാകുന്ന സകലരോഗങ്ങളും ശമിക്കും. അതുകൂടാതെ അജീർണ്ണം ശൂലം ഗുല്മം വിഷൂചിക അത്യഗ്നി പ്ലീഹ ദഹനക്കേട് യകൃത്ത് മലബന്ധം മുതലായ സകലവിധ രോഗങ്ങളും ശമിക്കും.

അജീർണ്ണാരി.

ദൈത്യേന്ദ്രസൂതൌ പലസമ്മിതൌ ച
പലത്രയം ഗൃഹ്യ ഹരീതകീനാം
തദേ ച ശുക്ലാഞ്ജനമേവ തദ്വൈ
സുസൈന്ധവസ്യാപിപലത്രയം ച
ചതുഃപലം വാ വിജയാം നിഗൃഹ്യ
സംമേള്യസർവ്വം ശുഭനിംബുനീരൈഃ
പുനഃപുനർമർദ്ദ്യ ച ധർമ്മകാലേ

സംശോഷ്യ സംശോഷ്യ ച സംപൂവാക
സിദ്ധസ്തജീർണ്ണാരിരയം പ്രസിദ്ധോ
ഭുക്തസ്തഥാ സ്വാഗ്നിബലം നിരീക്ഷ്യ
സമ്പാചയത്യാശു കരോതിവഹ്നി-
മജീർണ്ണദോഷം പരിഹൃത്യപൂർവം.

ആഹാരം ദ്വിഗുണം വിധായനിതരാം പുഷ്ടിംപരാം സന്ദിശേ-
ദാപാകം ജഠരാഗ്നിതസ്തു ബഹുധാ സംപാച്യസംരേചയേൽ
തസ്മാൽ സേവ്യതമയം പ്രഭാതസമയേവൈദ്യേറുദത്തഃക്ഷണാൽ
ശൂലപ്ലീഹമഹോദരാർത്തിശമനോ ഗുല്മാമവിദ്ധ്വംസനഃ.

ശുദ്ധിചെയ്ത ഗന്ധകവും രസവും അരപ്പലംവീതം. കടുക്കയു
ടെ പൊടി പലം നാല്. തിപ്പലി കുരുമുളക് ഇന്തുപ്പ് ഇവ നാ-നാ
പലം ഞെക്കിയെടുത്ത കഞ്ചാവുപലം ... ഇവ എല്ലാംകൂടി ഒരുമിച്ചു
ചേർത്തു മർദ്ദിച്ചു വട്ടപ്ലുള്ളി നാരങ്ങാനീരിൽ ഏഴ്പ്രാവശ്യം അരച്ച്
കൂടക്കുടെ വെയിലിൽ ഉണക്കി ഗുളികയാക്കി എടുക്കുക. അജീർണ്ണാരി
എന്നുവിഖ്യാതമായ ഈ രസം പ്രഭാതത്തിൽ അഗ്നിബലം അനുസ
രിച്ചു സേവിച്ചാൽ ദഹനശക്തിയുണ്ടാകും. അജീർണ്ണദോഷം ശമിച്ച്
നല്ല വിശപ്പും രുചിയും സിദ്ധിക്കും. ശൂലം പ്ലീഹ മഹോദരം ഗുല്മം
ദഹനക്കേട് ഈ രോഗങ്ങളും മാറും.

ശംഖദ്രാവം.

അപാമാർഗചിഞ്ചാസ്നുഹീ ഭാരജാതം
തിലാശ്വത്ഥജാതന്തു ഭസ്മപ്രഗൃഹ്യ
സുധാസ്രോതഗിദ്ധാരാശ്ച ദത്വാജലംചൈ
തദേവാശു വസ്ത്രേണപൂതംനിഗൃഹ്യ
പുനർമന്ദവഹ്നൌതു താവൽപ്രപാച്യം
നയാവദ്വ്രജേൽ തജ്ജലം ക്ഷാരമാത്രം.
തതസ്തൽസമം ... ക്ഷാരയുഗ്മം
സമുദ്രോത്ഥം ചാപി കാസീസയുക്തം
പരംസൈന്ധവാദ്യംഹിയൽ പഞ്ചകം തദ്
ദ്വിമാനന്തു നീരേണ വൈദ്യാധിരാജഃ.
സമഭേദ്യസർവന്തു കാചസ്യകുപ്യാം
ദിനൈസ്സപ്തഭിസ്സാധിതം ഭാഗ്യഭാഗാൽ
തതസ്തദ്ധൃതം വാരുണീയന്ത്രമധ്യാ-
ദ്ധൃതം ചാഗ്നിയോഗാൽ ഭൃശം റീതുല്യം
സപാരേജോ സൃജത്യേവ യന്ത്രാദതീക്ഷ്ണം

ഗുരൂണാം കൃപാദൃഷ്ടമാർഗ്ഗേണ തച്ച
നിഗൃഹ്യാശുതം കാചപാത്രേനിദധ്യാൽ
പ്രദേയം ? ഗഭീജാഠരാഗ്നിം വിലോക്യ
വരാടാശ്മ ലോഹാദികാനപ്യജസ്രം
വിസംദ്രാവയത്യേവകേട്ടന്യേവരാകാഃ.
മഹാജീർണ്ണശൂലാമവാതാദയശ്ച
യകൃദ്ഗുല്മസംസൃഷ്ടി സൂചീമുഖാശ്ച
വിനശ്യന്തി സർവേƨപി ശംഖദ്രവോƨയം
യദാ സേവിതോ വൈദ്യദത്തഃ ക്രമേണ.

ചെറുകാടി പുളിവേരിൻതൊലി കള്ളിപ്പാല ചുവന്ന എരുക്ക്
എള്ള് അരയാലിൻതൊലി ഇവ എല്ലാം ചുട്ടു ഭസ്മമാക്കി വെള്ള
ത്തിൽ കലക്കി ഇരട്ടപ്പുള്ള ഒരു വസ്ത്രത്തിൽ ഒഴിച്ച് അതിൽനി
ന്നും ഊറിവീഴുന്ന വെള്ളം എടുത്ത് ഒരു പാത്രത്തിലാക്കി പതുക്കെ
തീകത്തിച്ചു വററിച്ചു ക്ഷാരമാകുമ്പോൾ വാങ്ങി പൊൻകാരം ചവ
ക്കാരം തുവച്ചിലക്കാരം കടലുപ്പ് ശുദ്ധിചെയ്ത അന്നഭേദി ഇവ
ഓരോന്നും ക്ഷാരത്തിനു തുല്യവും ഇന്തുപ്പു തുടങ്ങിയ അഞ്ചുപ്പും ക്ഷാര
ത്തിലിരട്ടിയും വീതം വെള്ളത്തിൽകലക്കി എല്ലാംകൂടി യോജിപ്പിച്ച്
കാചകുപ്പിയിൽ (മണ്ണുകൊണ്ടുള്ള കുപ്പി) ആക്കി ഏഴുദിവസം
വച്ചിരുന്നു പുളിച്ചാൽ എടുത്തു ഗുരൂപദേശപ്രകാരം വാരുണീയന്ത്ര
ത്തിൽ ആക്കി വാററിച്ചെടുക്കുക. അതിനുശേഷം കാചപാത്രത്തിലാ
ക്കി വച്ചിരുന്നു രോഗിയുടെ അഗ്നിബലം അനുസരിച്ചു കൊടുക്കുക.
വലിയ അജീർണ്ണം ശൂലം ആമം വാതാദിരോഗങ്ങൾ യകൃത്ത് ഗുല്മം
ഇവയേയും സൂചീമുഖം മുതലായ സകലരോഗങ്ങളെയും ഈ ശംഖ
ദ്രാവകം ശമിപ്പിക്കും. ഈ ദ്രാവകത്തിൽ ശംഖ്, കല്ല് ലോഹം ഇ
വയിട്ടാൽപോലും ദ്രവിച്ചുപോകുന്നതാണ്.


മഹാശംഖദ്രാവകം.

അപാമാർഗാശ്വത്ഥപ്രഭാമഥ ചിഞ്ചാസ്നുഹിഭവം
പൃഥക്ചൈദ്യോ ഭസ്മപ്രഥമമഥ ഭസ്മാƨദപിതതഃ
പ്രഗൃഹ്യാഥോപശ്ചാദപി ച ലവണാന്യേവസുധിയഃ
തതസ്സർജ്ജികക്ഷാരം ലവണനിചയം ടങ്കണമപി
യവക്ഷാരം ലോണാഖ്യമഥ ജലധേഃ ഫേനസഹിത-
മഥോസോമക്ഷാരം വിഷമപി ച സൌരംസമശിലം
സതാലാം സൌരാഷ്ട്രീം വിഡമഥ ച കാസീസമലിയുക്
തതഃ പാഷാണോത്ഥം രജ ഇഹ ച ബാൽഹീകസഹിതം
സതാപ്യാം ഗോദന്താം വിധിവദഥ ശംഖേനസഹിതാം

തഥാ നാഭിപ്രായസ്സകല സമഭാഗൈകമിളിതം
നിധായാദൌ പലേചൂർണ്ണസയുതം ചാപി ബന്ധായ
വിശേഷാൽ സംഭാവ്യം പുനരപി പുനശ്ചാതപഗതം
തഥാചാസ്യ പ്രാപ്തിയ്യദിഹ ച തദാലുംഗജരസൈർ
വിഭാവ്യം തൽപശ്ചാദപി ച നിയതം ശുഷ്കമപി ച
ഘടീഗതേ ദത്വാ തദുപരി തദന്യാം ഗുരുതരാ-
മപാരാം സംസ്കൃത്യ പ്രഥമമഥ ശിക്ഷാവിധിബലാൽ
അധോവക്ത്രാംവക്ത്രേ വിധിവദപി സംയോജ്യ ച തതോ
ദൃഢാം മുദ്രാം കൃത്വാ തദനു ദഹനം ജ്വാല്യതദധഃ
തതഃ കിഞ്ചിൽ കാലാദപിസൃജതി ഘടീമർദ്ദഗതം
പ്രഭം തേജഃസ്ഥീയം തദപി ച സമാഗത്യ വിധിവൽ
ദ്വിഗുണം ഗുണൈകം തദനുശുഭവല്ലീദളധൃതം
പ്രദേയം ഭൈഷജ്യഗ്രഹണശുഭകാലേ തു ഭിഷജാ
തദാസന്നാ രോഗാസ്സകലമപി ...
വിനാശം ഗച്ഛന്ത്യഃ പശവ ഇവ ...

ചെറുകടലാടി അരയാലിൻതൊലി പുളിവേരിൻതൊലി കിളിപ്പാല ഇവയുടെ ഒക്കെ ഭസ്മം, വെവ്വേറെ എടുത്തു വെള്ളത്തിൽകലക്കിത്തെളിച്ചു അതിൽനിന്നും എടുക്കുന്ന ഉപ്പുകൾ മറ്റുള്ളഞ്ചുവിധ ഉപ്പുകൾ, തുവർച്ചിലക്കാരം പൊൻകാരം ചവൿക്കാരം ഉപ്പുകാരം കടൽനുര സോമക്ഷാരം വത്സനാഭി എരുക്കിൻവേര് കന്മദം താലീസപത്രം തുവരിമണ്ണ് വിളയുപ്പ് അന്നഭേദി ഗന്ധകം പാഷാണം കായം മാക്കീരക്കല്ല് ഹരിതാലം ശംഖ്, ഇവ എല്ലാം സമഭാഗമായി എടുത്ത് കഴിയുമ്മിയിലിട്ടു മർദ്ദിച്ച് പിന്നെ തൈരിഞ്ഞാമ്പുളിച്ചാറും ചേർത്ത് പല പ്രാവശ്യം അരച്ചു വെയിലത്തുവച്ചുണക്കുക. അപ്പോൾ അല്പസം ധാരാളം ഗുളികയിൽ പിടിക്കും. അതിനുശേഷം മാതളനാരങ്ങയുടെ നീരിൽ പലതവണ അരച്ച് ദ്രവപ്രായത്തിൽ ഒരു കലത്തിനുള്ളു വച്ചു വേറൊരു ചട്ടികൊണ്ടു ആവിപോകാത്തവിധം കമഴ്ത്തിഅടച്ചുശീലമൺചെയ്യരീയെരിക്കുക. കലത്തിൽനിന്നുംദ്രവം വെളിക്കുപോകുന്നതിന് ഒരു കുഴലുവെച്ചേക്കണം. ആ കുഴലിൽകൂടി വരുന്ന ജലം എടുത്തു സൂക്ഷിച്ചുവയ്ക്കുക. ഇതു മഹാശംഖദ്രാവകമാണ്. ഈ ദ്രാവകം ശുഭമുഹൂർത്തത്തിൽ ഒന്നോ രണ്ടോ തുള്ളിയിട്ടവിതം സമർത്ഥനായവൈദ്യൻ കൊടുക്കുക. ഉദരത്തിൽ ഉണ്ടാകുന്ന സകലവിധ രോഗങ്ങളും കൂപത്തിൽ(കിണററിൽ) വീണ പശുക്കളെപ്പോലെ നിശ്ചയമായും നശിക്കും. ഇതിൽ വിഷമുള്ള മരുന്നുകളെല്ലാം ശുദ്ധിചെയ്യേണ്ടതാണ്.

ശംഖദ്രാവകം വാററുവാനുള്ള യന്ത്രം.



അമാജീർണ്ണലക്ഷണം.

യദാ ഭുക്തമുദ്ഗാരമേവാവിദഗ്ധം
തഥാ ചാത്രഗണ്ഡാക്ഷികൂടോരുശോഫം
വിലോക്യോദരേ ഗൌരവം ചാപ്യുദാരം
തദാജീർണ്ണമുക്തം തു ധന്വന്തര്യാദ്യൈഃ.

ഭക്ഷണം കഴിച്ച അന്നം ദഹിക്കാതെയായാൽ പുളിച്ചുതികട്ടുക, കവിൾത്തടം കൺപോള ഈ ഭാഗങ്ങളിൽ നീര്, ഉദരത്തിനു ഘനം ഇവ ആമാജീർണ്ണത്തിന്റെ ലക്ഷണങ്ങളാണ്.

അമാജീർണ്ണചികിത്സ.

ശുണ്ഠീഗുഡാഢ്യാമഗദേ പ്രശസ്താ
ജീർണ്ണജ്വരേ മാഗധികാ ഗുഡാഢ്യാ
പത്ഥ്യാഗുഡാഢ്യാ ഗുദജേഷു ...
... വിബന്ധേഷു ച ദാഡിമീ ച.

അമാജീർണ്ണത്തിൽ ചുക്കും, അജീർണ്ണജ്വരത്തിൽ തിപ്പലിയും അർശസ്സിൽ കടുക്കയും മലബന്ധത്തിൽ മാതളനാരങ്ങയുടെ രസവും ശർക്കര ചേർത്തു സേവിക്കുന്നതു നല്ലതാണ്.

അന്യ ചികിത്സ.

വചാലവണസാധിതൈർജ്ജലൈശ്ചവാന്തിരിഷ്യതേ
വചാലവണമാഗധീ ജലൈസ്തഥാമശാതളൈഃ.

വയമ്പുകഷായത്തിൽ ഇന്തുപ്പു ചേർത്തു കൊടുത്തും, വയമ്പും തിപ്പലിയും കൂടി കഷായംവച്ച് തണുത്താൽ ഇന്തുപ്പു ചേർത്തു കൊടുത്തും, ഛർദ്ദിപ്പിക്കുന്നതു് ആമാജീർണ്ണത്തിനു വിശേഷമാണ്.

കുസ്തുംബുര്വ്വാദികഷായം.

കുസ്തുംബുരീനാഗരജഃകഷായഃ
പീത്വാമനാശഞ്ചവിധായസദ്യഃ
ശൂലസ്യശാന്തിം വിതനോത്യവശ്യം
വസ്തേശ്ചശുദ്ധിം ക്ഷണതോനരസ്യ.

കൊത്തമ്പാലരിയും ചുക്കുംകൂടി കഷായംവച്ചു സേവിച്ചാൽ ആമം ശൂലം ഇവ നശിക്കയും വസ്തിശുദ്ധി വരികയും ചെയ്യും.

വിദഗ്ദ്ധാജീർണ്ണലക്ഷണം.

വിദഗ്ദ്ധഭ്രമസ്വേദമൂർച്ഛാതൃഷശ്ച
സദാഹാസ്സ[illegible]
ഗദാഃ പിത്തജാഃ സർവ്വഏതേയദാസ്യു-
സ്തദാജീർണ്ണമുക്തം വിദഗ്ദ്ധാദികം തു.

ദഹിക്കായ്കയാൽ തലകറക്കം സ്വേദം മൂർച്ഛാ തണ്ണീർദാഹം സന്താപം പുകഞ്ഞുതികട്ടുക പുളിച്ചുതികട്ടുക ഇവയും പിത്തജങ്ങളായ സകല രോഗങ്ങളും ഉണ്ടാകുന്നതു്, വിദഗ്ദ്ധാജീർണ്ണലക്ഷണങ്ങളാണ്.

വിദഗ്ദ്ധാജീർണ്ണചികിത്സ.

വിദഗ്ദ്ധകാജീർണ്ണമഹോനിഹന്യാ-
ച്ഛീതാംബുപാനാൽത്വരിതംനരാണാം
സപ്താഹമാജാംബുവിഭാവിതാശ്ച
ദ്വിത്രിപ്രമാണാശ്ചണകാശ്ചഭുക്താഃ.

തലേദിവസം മൺകുടത്തിൽ കോരിവെച്ചിരുന്ന തണുത്ത വെള്ളം സേവിക്കയോ ആട്ടിൻമൂത്രത്തിനകത്തു് ഏഴുദിവസം ഭാവനം ചെയ്ത രണ്ടോ മൂന്നോ കടല സേവിക്കയോ ചെയ്താൽ വിദഗ്ദ്ധാജീർണ്ണം ശമിക്കും.

വിഷ്ടബ്ധാജീർണ്ണലക്ഷണം.

യത്രൈവനാധോഗമനം ച വായോ-
രാധ്മാനശൂലൌബഹുവാതപീഡാഃ

സ്തംഭോങ്ഗപീഡാബഹുമോഹയുക്താ
വിഷ്ടബ്ധപൂർവ്വം തു തദേവബോദ്ധ്യം.

അധോഭാഗത്തിലേക്കു വായുവിൻെറ ഗമനമില്ലായ്ക വയറുവീർപ്പ് ശൂലം പലപ്രകാരത്തിലുള്ള വാതോപദ്രവം സ്തംഭം ദേഹപീഡ മോഹാലസ്യം ഇവ വിഷ്ടബ്ധാജീർണ്ണലക്ഷണങ്ങളാണ്.

വിഷ്ടബ്ധാജീർണ്ണചികിത്സ.

വിഷ്ടബ്ധാജീർണ്ണകം ഹന്യാദഭയാ ലവണാന്വിതാ
ഗോധൂമവിദളാക്വാഥ സ്വേദനാദപിനശ്യതി.

കടുക്കാ കഷായംവച്ച് ഇന്തുപ്പു ചേർത്തു വയറു വിയർപ്പിക്കുകയോ ഗോതമ്പ് ത്രികോല്പക്കൊന്ന ഇവ കഷായംവച്ച് ആവിയേൽപ്പിക്കുകയോ ചെയ്താൽ വിഷ്ടബ്ധാജീർണ്ണം ശമിക്കും.

രസശേഷാജീർണ്ണലക്ഷണചികിത്സകൾ.

ശേഷോരസോന്നസ്യ ച ശത്രുഭാവാ-
ദശുദ്ധഏവോരസിഗൌരവം ച
തത്രൌഷധം ലംഘനമേവതദ്വൽ
സ്വാപോദിവാവാതാദിവർജ്ജനഞ്ച.

രസശേഷപ്രശാന്ത്യർത്ഥം നരസ്ത്ര്യൂഷണസൈന്ധവൈഃ
പ്രലിപ്യജഠരംഹിംഗുയുക്തൈഃ സുപ്യാദനന്തരം.

അന്നരസത്തിൻെറ ശേഷം പാകം വരായ്കയാൽ ശുദ്ധിവരാതെ ശത്രുഭാവത്തിൽ നിന്നിട്ടു നെഞ്ചിനു കനത്തെ ഉണ്ടാക്കുന്നതു് രസശേഷാജീർണ്ണലക്ഷണമാണ്. പട്ടിണി കിടക്കുക, പകലുറങ്ങുക, കാററൽക്കാതിരിക്കുക ഇവ അതിൻെറ ചികിത്സയാണ്. ഇതുകൂടാതെ ചുക്കു മുളകു തിപ്പലി ഇന്തുപ്പ് കായം ഇവ അരച്ചു വയററത്തു പുരട്ടിക്കൊണ്ട് ഉറങ്ങിയാലും രസശേഷാജീർണ്ണം ശമിക്കും.

ഭുക്താജീർണ്ണലക്ഷണചികിത്സകൾ.

ഭുക്തംയദാധ്മാനകരംനപാക-
മേത്യേവവൈ ഭോജനപൂർവ്വമേവ
ശ്രീസുശ്രുതാദ്യൈസ്തദജീർണ്ണമത്ര
ഭുക്താഭയാദിശ്യതാഹിതായ.

ഭോജനത്തിനുശേഷം വയറു വീർക്കുക ദാഹമില്ലാതിരിക്കുക ഇവ ഭുക്താജീർണ്ണത്തിൻെറ ലക്ഷണങ്ങളാണ്. ഇതിന്നു് കടുക്കാത്തോടും ചുക്കുംകൂടി വായിലിട്ടു ചവച്ചിറക്കണം.

പ്രാപ്തവാസരകാജീർണ്ണലക്ഷണം.

നിദ്രാക്ഷിഗാംഭീര്യ്യസമുദ്ഗാരഗൌരവ
ഹൃല്ലാസതൃഷ്ണാംഗവിഭംഗഭാരൈഃ
യുക്തം സദാദേഭോജനകാംക്ഷിനാന്ത-
സൈഥര്യ്യേണ്ണവൈവാസരപ്രാപ്തകംസ്യാൽ.

ഉറക്കം കണ്ണിനു കനംതോന്നുക കഴുത്തിൽ പുകച്ചിൽ നെഞ്ചുരവുക തണ്ണീർദ്ദാഹം നടുങ്ങിനോവുക രാവിലെ ഉണ്ടാൽ വൈകുന്നേരംവരെ കട്ടിയായിക്കിടക്കുക ഇവ പ്രാപ്തവാസരകാജീർണ്ണത്തിന്റെ ലക്ഷണങ്ങളാണ്.

പ്രാപ്തവാസരകാജീർണ്ണ ചികിത്സ.

ധാന്യതുഷോദശ്രുതാമ്ലോപചരേദ്യാ
വാസരപ്രാപ്തകമേവനിഹന്യാൽ
വാമനധാപി ചസൈന്ധവയുക്താ
ഹിംഗുയുതാമ്ബുപ്രേഷ്യസുഭക്താ
മന്ദാഗ്ന്യേതപ്പേദ്ഗുളികണയമന്യ
ഭുക്തംക്ഷണാദേവവിദഗ്ദ്ധതേ ച
ദ്രാക്ഷാസിതാവ്യ്യാം മധുനാസമേതാം
ലീഢ്വാശിവാം സ്വസ്ഥസുഖമേതിസദ്യഃ.

ഗോതമ്പിന്റെ ഉമിയുള്ള [illegible] ഒഴിച്ച് അതിനകത്തു കടുക്ക വേവിച്ചു ചവച്ചതിനകയോ തിപ്പലി ഇന്തുപ്പ് കായം ഇവ മുൻപറഞ്ഞ വെള്ളത്തിൽ അരച്ചുസേവിക്കയോ ചെയ്താൽ പ്രാപ്തവാസരകാജീർണ്ണം ശമിക്കും. ഭക്ഷണാനന്തരം പുളിച്ചുതികട്ടുകയും ഹൃദയവും കഴുത്തും പുകയുകയും ചെയ്യുന്ന വ്യാധിയിൽ കടുക്ക മുന്തിരിങ്ങാപ്പഴം ഇവ അരച്ചു പഞ്ചസാരയും തേനും ചേർത്തു സേവിക്കണം.

വിഷമാജീർണ്ണലക്ഷണം.

ഭുക്തോപരിഷ്ടാദജരേ ചപൂർവേ
ഭുക്തംയദാന്യത്തുതദേവകുര്യ്യാൽ
മൂർച്ഛാഭ്രമാഭ്യാം സഹിതം സകമ്പം
തൃഷ്ണായുതംവൈവിഷമംതദജീർണ്ണം.

ഉണ്ട അന്നം ദഹിക്കാതെ പിന്നെയും ഭക്ഷണം കഴിക്കുന്നതുകൊണ്ടു വലിയ ഉപദ്രവത്തോടുകൂടിയ അജീർണ്ണം ഉണ്ടാകും. മൂർച്ഛാഭ്രമം വിറയൽ തണ്ണീർദാഹം ഇവയും ഉണ്ടായിരിക്കും. വിഷമാജീർണ്ണമെന്നു പേരോടുകൂടിയ ഇതു് ഉടനെ ചികിത്സിക്കണം.

തച്ചികിത്സ.

തൽക്കാലേവമനംകുര്യ്യാദ്വിഷമാജീർണ്ണശാന്തയേ-
യാമൃതാഖ്യാശിവാഭുക്താ വിഷമാജീർണ്ണനാശിനീ.

വിഷമാജീർണ്ണത്തിനു തൽക്കാലം ചെയ്യേണ്ടതു ഛർദ്ദിപ്പിക്കയാണ്. ഇതുകൂടാതെ അമൃതഹരീതകിയും വളരെ വിശേഷമാണ്.

അമൃതഹരീതകി.

ഹരീതകീശതംഭിഷക്ക സുതക്രയുക്തപാത്രകേ
നിധായചാഥയുക്തിത സ്ഥദഷ്ടകൈർയവൈർപ്പൃഥക്
പൃഥക്പുനശ്ശലാകയാനിവാത്ത്യവാത്ത്യവാതതോ
വദാമ്യഥോവിധിംപുരാസ്ഥവൈദ്യവര്യകല്പിതം
യവാനികോഷണാപടൂനിപഞ്ചപഞ്ചകോലകം
സുജീരകാജമോജഹിംഗുസംയുതംതതോഷണം
പ്രപേഷ്യചുക്രഭാവിതംശിവാനിഷാദഗർഭകേ
നിധായമേല്യസേവയേത്പൃഥക്പൃഥക്തതഃപരം
ക്ഷാരദ്വയഞ്ചാപിവദന്തികേചൈകേ.
ദേയംശിവാബീജനിഷാദഗർഭേ
സേയംശിവാചാമൃതസംജ്ഞയൈവ
ലോകേപരാംഖ്യാതിമുപാഗതാപി.
വിഷമാജീർണ്ണശമനീസൂചികാരോഗനാശിനീ
വാതാസ്രദോഷിണീപൂർവൈരുക്താസോദരാർത്തിഹാ.

നൂറു കടുക്ക ഒരു പാത്രത്തിൽ ഇട്ടു മോരൊഴിച്ചു സേദിപ്പിച്ച്, കടുക്കായുടെ എട്ടിരട്ടി യവം കഷായംവെച്ചു നാലൊന്നാക്കി അതു രസവും ചേർത്തു വറ്റിച്ച് ഇരുമ്പുകമ്പികൊണ്ട് ആ കടുക്കാ മുഴുക്കെ കുത്തി വേറെ എടുത്ത് അതിൽ കുറാശാണി വലിയ തിപ്പലി അഞ്ചുകൂട്ടം ഉപ്പ് പഞ്ചകോലം (കാട്ടുതിപ്പലിവേരു കാട്ടുമുളകുകൊടിവേരു കൊടുവേലിക്കിഴങ്ങു ചുക്കു തിപ്പലി) ജീരകം അയമോദകം കായം കുരുമുളകു ഇവ എല്ലാംകൂടി പൊടിച്ചിട്ട് പുത്തൻപുളിയും ഒഴിച്ചു വെയിലത്തുവച്ചു വറ്റിച്ചു മുൻപിൽ എടുത്ത കടുക്കായുംകൂടി ഇട്ട് ഒരു ഭരണിയിലാക്കി സൂക്ഷിച്ചു വയ്ക്കുക. അതിൽനിന്നും ഓരോകടുക്കയും ഔഷധവുംകൂടി സേവിക്കുക. ചിലരുടെ അഭിപ്രായം ചവക്കാരവും തുവച്ചിലക്കാരവുംകൂടി ഭരണിയിൽ ഇടണം എന്നാണ്. ഈ അമൃതഹരീതകി വിഷമാജീർണ്ണം വിഷൂചിക വാതരക്തം മഹോദരം ഇവയെ ശമിപ്പിക്കും.

വാതാജീർണ്ണലക്ഷണം.

(?) ഉദ്ഗാരോവമനംഭ്രാന്തിശ്ശോഷസ്തൃട്പൂതിഗന്ധതാ
വിഷ്ടംഭോദ്ഗാരശൂന്യത്വാ പീഡാസോദ്വേഗവാതജേ.

ഏമ്പക്കം ഛർദ്ദി തലകറക്കം മെറിച്ചിൽ എരിപൊരിച്ചിൽ ദുർഗന്ധം മലബന്ധം വിയർപ്പ് തണ്ണീർദാഹം മുതലായ ഉപദ്രവങ്ങൾ വാതാജീർണ്ണലക്ഷണങ്ങളാണ്.

വാതാജീർണ്ണ ചികിത്സ

കാഞ്ചികംലവണംവാഥ ഗുഡംജംബീരപല്ലവം
അസാമേകതമംപീതം വാതാജീർണ്ണംവിനാശയേൽ.

ഉപ്പ് കാടിയിൽ സേവിക്കുകയോ ചെറുനാരകത്തില ഇടി... ച്ചുപിഴിഞ്ഞനീരിൽ ശർക്കരകലക്കി സേവിക്കയോ ചെയ്താൽ വാതാജീർണ്ണം ശമിക്കും.

പിത്താജീർണ്ണലക്ഷണം.

മൂർച്ഛാമുഖശോഷവാന്തിമൂശാന്തിദാഹതൃഷ്ണാ
ശൂലംതഥാ ചാതിസൃതിവിശേഷാൽ
സപാദഹസ്താദ്യഖിലാംഗദാഹ
സംകോചനംയദ് ബഹുധാ ചദൃഷ്ടം.

കൂടക്കൂടെ ഛർദ്ദി ശൂലം അതിസാരം വിശേഷിച്ചു കൈകാൽ മുതലായ എല്ലാ അംഗങ്ങളും കോച്ചുക ഇവയെല്ലാം പിത്താജീർണ്ണ ലക്ഷണമാകുന്നു.

പിത്താജീർണ്ണ ചികിത്സ.

ശീതാംബുപീതംമധുനാസമേതം
പിത്തോദ്ഭവം ചാപിനിഹന്ത്യജീർണ്ണം
ഭുക്താതഥാവാരസപർപ്പടീ ച
ജാതീഫലേനൈവ ചവല്ലമാനാ.

അനുപാനേ ച ശീതാംബു ദേയം പിത്തമഥോച്യതേ
ലാജചൂർണ്ണം ച മധുനാ പിത്താജീർണ്ണേ ച ശസ്യതേ.

തണുത്തവെള്ളം തേൻചേർത്തു സേവിക്കുന്നതും രസപർപ്പടി ജാതിക്കാചേർത്തു വല്ലപ്രമാണം സേവിക്കുന്നതും പിത്താജീർണ്ണശമനമാണ്. ഇതിൽ തണുത്തവെള്ളം അനുപാനം ചെയ്യണം. മലർപൊടി തേൻചേർത്തു സേവിക്കുന്നതും ഹിതമാണ്. (വല്ലം മൂന്നുകുന്നിപ്രമാണം.)

കഫാജീർണ്ണലക്ഷണം.

വാന്തിഭ്രാന്തിസ്വേദശൈത്യാംഗജാഡ്യേ-
ഷ്വൃഷ്ടിഃകായസ്ഥൂല്യതാമേതിയത്ര
പ്രോക്തംതദ്വൈശാസ്ത്രവൈദഗ്ധ്യവൈദ്യൈ-
സ്സമ്യക്കഫപ്രാബല്യാത്സോത്ഥമേവ.

ഛർദ്ദി തലകറക്കം സ്വേദം തണുപ്പ് അംഗത്തിനു ജഡത ശരീരം തടിപോലെയിരിക്കുക ഇവയെല്ലാം കഫാജീർണ്ണലക്ഷണമാണ്.

കഫാജീർണ്ണ ചികിത്സ.

വാമയേൽകഫജേജീർണ്ണേ ലംഘയേച്ചവിശേഷതഃ
ശ്വേതാപരാജിതാമൂലൈഃ കാഞ്ജികാകൈതസ്ഥഥാജഃയേൽ
ഈശ്വരീവില്വപർണ്ണീ ച ശംഖിനീ ചശിഖാതഥാ
അസാമേകൈകമൂലസ്യ ഭക്ഷണാദപിനശ്യതി.

കഫാജീർണ്ണത്തിൽ ഛർദ്ദിപ്പിച്ചതിനുശേഷം ലംഘനം ചെയ്യുന്നതു (പട്ടിണിയിടുക) വളരെ വിശേഷമാണ്. വെളുത്ത ശംഖുപുഷ്പത്തിന്റെ വേർ സമൂലം അരിക്കാടിയിൽ അരച്ചു വയറ്റിൽ തേച്ചാൽ കഫാജീർണ്ണം ശമിക്കും. ചിററരത്ത കൂവളത്തിൻവേർ കാട്ടുഴുന്ന് കാട്ടുപയർ ശംഖുപുഷ്പത്തിൻവേര് താമരക്കിഴങ്ങ് ഇവയിൽ ഏതെങ്കിലും ഒന്നു ചവച്ചുതിന്നുന്നതും നല്ലതാണ്.

വിഷൂചികാദികൾ.

ആഹാരവൈഷമ്യഭവാവിശേഷാ-
ദജീർണ്ണഭുക്താദപിയേഭവന്തി
തേവൈവിഷൂച്യാലസകേവിലംബീ
സാല്പാദിനാമ്നാകഥിതാഹിവൈദ്യൈഃ.

ആഹാരവൈഷമ്യത്താലും വിശേഷിച്ച് ദഹിക്കാതിരിക്കുമ്പോൾ എന്തെങ്കിലും ഭക്ഷിക്കയാലും വിഷൂചി അലസകം വിലംബി എന്ന രോഗങ്ങൾ ഉണ്ടാകുന്നു. ഇതിനെ വൈദ്യന്മാർ സാല്പ വിഷൂചി സാല്പാലസകം സാല്പവിളംബി എന്നു വ്യവഹരിക്കുന്നു.

വിഷൂചികാലക്ഷണം.

സൂചീസീവനതുല്യതോദനകരോവായുശ്ച യത്രോദരേ
മൂർച്ഛാശൂലവിദാഹതൃഡ്ഭ്രമഥുതദ്വൈവർണ്ണ്യഹൃദ്വേദനാഃ
ജൃംഭോദ്വേഷ്ടനമോഹകമ്പനശിരഃപീഡാതിസാരഭ്രമാ
യത്രൈതേ ച ഭവന്തിസാഹിസവിതുഃപുത്രാനുജാസൂചികാ.

സൂചി പഴുപ്പിച്ചു കുത്തുന്നതുപോലുള്ള വേദന വയററിലും സർവാംഗങ്ങളിലും ഉണ്ടാവുക, മോഹാലസ്യം ശൂലം ഉൾപ്പുഴുക്ക് തണ്ണീർദാഹം ഛർദ്ദി നിറക്കേട്ട് ഹൃദയവേദന കോട്ടുവാ വിടുക കാൽവണ്ണ ഉരുണ്ടുകേറുക മോഹം വിറയൽ തലവേദന അതിസാരം ശ്രമം ഈ ലക്ഷണങ്ങൾ കാണുന്ന വിസൂചിക യമസാദനിയെന്നുതന്നെ പറയും (അസാദ്ധ്യയാണ് എന്നസാരം.)

വിസൂചികോപദ്രവങ്ങൾ.

കമ്പോരതിർമ്മൂത്രാഘാതോ നിദ്രാഹാനിർവിമൂഢതാ
പഞ്ചോപദ്രവസംഘാതേ വിസൂച്യാ അതിദാരുണാഃ.

വിറയൽ അരതി മൂത്രരോധം നിദ്രാനാശം മൂഢത ഈ അഞ്ചു പദ്രവങ്ങൾ വിസൂചിയിങ്കൽ അതിഭയങ്കരങ്ങളാകുന്നു.

അലസകലക്ഷണം.

വാതദ്ധ്വോന്നിരോധശ്ച തൃഷ്ണോദ്ഗാരശ്ച യത്രവൈ
നാധോഗ്ഗമനംവായോർ ഭക്തംനൈവചപച്യതേ
തേനാസോലസകഃപ്രോക്ത സ്സദ്യഃപ്രാണഹരോഽപരഃ
ദണ്ഡകാലസകഃപ്രോക്തോ ലക്ഷണംതസ്യകഥ്യതേ
ഛർദ്ദ്യതിസാരോ തൈരന്യൈർദ്ദോഷൈരത്യുഗ്രവേദനാധിക്യാൽ
ദണ്ഡാലസകഃപ്രോക്തോ ഗാത്രസ്തംഭാദിഭിർല്ലിംഗൈഃ.

വാതരോധം മലബന്ധം തണ്ണീർദാഹം ഏമ്പക്കം വായു കീഴ്പ്പോട്ടും മേൽപ്പോട്ടും ഗമിക്കാതിരിക്കുക അന്നം ദഹിക്കാതിരിക്കുക ഇതു അലസകത്തിൻെറ ലക്ഷണമാണ്. ഇതുകൂടാതെ ദണ്ഡാലസകം എന്ന വേറൊരു രോഗമുണ്ട്. അതു ഉടൻതന്നെ പ്രാണനെ ഹരിക്കുന്നതാണ്. ഛർദ്ദി അതിസാരം ഇവനാലും ദോഷകോപങ്ങളാലും ഉള്ള വേദനാധിക്യവും ദേഹം സ്തംഭിച്ചു് വടിപോലെയായിത്തീരുന്നതുമാണ് ദണ്ഡാലസകം.

വിളംബികാലക്ഷണം.

ഭുക്തംദുഷ്ടംശ്ലേഷ്മവായുഃപ്രകോപാ-
ന്നോർദ്ധ്വംനാധോവാ പ്രവർത്തേച്ചയത്ര
സാവൈപ്രോക്താവൈദ്യനാഥൈർവിലംബി-
കായുർവ്വേദപൂർണ്ണദൃഷ്ട്യാപ്തബോധൈഃ.

കഫവായുക്കളുടെ കോപത്താൽ അന്നം ദുഷിച്ചു് മേൽപോട്ടും കീഴ്പോട്ടും പ്രവർത്തിക്കാതെയും ദഹിക്കാതെയും ഇരിക്കുന്നതിനെ ശാസ്ത്രജ്ഞന്മാരായ വൈദ്യന്മാർ വിലംബി എന്നുപറയുന്നു.

ഖല്ലീലക്ഷണം.

ജഠരേചമഹാൻശ്ശൂലോ ഹിക്കാസർവാംഗസന്ധിഷു
തോദസ്തമഃപ്രവേശശ്ച ഖല്ലീസൂച്യാസ്തുലക്ഷണം.

വയററിൽ വലിയവേദന ഇക്കിൾ എല്ലാ അംഗസന്ധികളിലും കുത്തിനോവു് കണ്ണിൽ ഇരുട്ടുകേറുക ഇവയെല്ലാം ഖല്ലീസൂചിയുടെ ലക്ഷണമാണ്.

വൃദ്ധവിസൂചികാലക്ഷണം.

മൂർച്ഛാതിസാരഭ്രമദാഹവാന്തി-
വൈവർണ്ണ്യഹൃല്ലാസസമസ്തപീഡാഃ
സശ്ശൂലജംഭാസ്സ്തൃഷോഭവന്തി
വൃദ്ധിംഗതായാംഹി വിസൂചികായാം.

വിസൂചിക വളരെ വർദ്ധിച്ചാൽ മൂർച്ഛ അതിസാരം തലകറക്കം സർവാംഗസന്താപം ഛർദ്ദി നിറംമാററം നെഞ്ചുരുക്കം ഹൃദയപീഡ, ശൂലം കോട്ടുവാ വിടുക തണ്ണീർദാഹം ഈ ലക്ഷണങ്ങൾ ഉണ്ടായിരിക്കും.

ഉൽക്ലേശലക്ഷണം.

ഉൽക്ലിശ്യമാർഗ്ഗദ്വയമേവദോഷാ
ബഹിഷ്ഠദാന്നംസമുപൈതിനൈവ
ഹൃദ്രോഗനിഷ്ഠീവനതൃഷ്പ്രസേക-
യുക്തംതദുൽക്ലേശമുദാഹരന്തി.

ഭക്ഷിക്കപ്പെട്ട അന്നം ദഹിക്കാതെ ദോഷവോടുകൂടി ഊർദ്ധ്വാധോമാർഗ്ഗങ്ങളെ തടുത്തു വെളിയിലേക്കു പുറപ്പെടായ്കനിമിത്തം ഹൃദ്രോഗം, നിഷ്ഠീവനം (തുപ്പുക) മൂക്കിലും വായിലുംകൂടി വെള്ളമൊലിക്കുക മുതലായവ ഉണ്ടാകും. അതിനെ ഉൽക്ലേശം എന്നു പറയുന്നു.

വിസൂചികാദികളുടെ ചികിത്സ.

അപാമാർഗ്ഗമൂലം ജലേപേഷ്യപീതം
വിസൂചീഹരംകാരവല്ലീമൂലാഢ്യം
സതൈലംചപീതം ഹ്യഥോവാർദ്രനീരൈ-
ർവ്വിടീയുക്തമുംജീവനീസംജ്ഞകായാഃ.

ചെറുകടലാടിവേരു വെള്ളത്തിൽ അരച്ചു കുടിക്കുക (൧) കൈപ്പൻപടവലത്തിൻെറ നീരും എണ്ണയും കൂടി സേവിക്കുക (൨) ജീവനീയവടി ഈരണ്ടു് ഇഞ്ചിനീരിൽ സേവിക്കുക (൩) ഈ മൂന്നു യോഗവും വിസൂചീഹരമാണ്.

അജീർണ്ണകണ്ടകരസം.

രസവിഷബലിമാനാം നിഷ്കനിഷ്പൈകമിത്ഥം
മരിചമപിസമാംശം പാരദാദേഃസമസ്താൽ
തദഖിലമപിചലേ കണ്ടകാരീഫലാനാം
ദ്രവയുതമഥമർദ്ദ്യ ഭാവകവിംശച്ഛവാരം.
ഗുഞ്ജാത്രയാംഞ്ച തദിദൈഹവള്ളകത-
മജീർണ്ണകണ്ടം ച വിഷൂചികാഘ്നം
നാശന്ത്യജീർണ്ണസ്യകരോത്യവശ്യ-
മഗ്നിസ്ഥദാരുസമൂഹകസ്യ

രസം വിഷം ഗന്ധകം ഇവ മുമ്മൂന്നുകഴഞ്ചുവീതം. എല്ലാം കൂടിയിടത്തോളം നല്ലമുളകിൻപൊടി ഒക്കെ ഒന്നിച്ച് കല്ലുരലിൽ ഇട്ടു മർദ്ദിച്ചു കണ്ടകാരിച്ചുണ്ടയുടെ കായിട്ടുവച്ചകഷായത്തിൽ ഏഴു ദിവസം അരച്ചു ഉണക്കി ഗുളികയാക്കി വയ്ക്കുക. ഇതു മൂന്നു കുന്നിയിടവീതം സേവിച്ചാൽ വിഷൂചിക അജീർണ്ണം ഇവ ശമിക്കും.

വിഷൂചികയ്ക്കു അഞ്ജനം.

മയൂരപത്രോഷണസപ്തിഗന്ധാ
കൃതാഞ്ജനേനാഞ്ജിതനേത്രപാത്രഃ
സുഖീഭവേന്നാ ബഹുശോപിദൃഷ്ടം
വിഷൂചികാഭീതികരൈർവിമുക്തഃ.

കടലാടി നല്ലമുളകു ഇവ കരിച്ചു മഷിയെടുത്തു കുതിരയുടെ വായിലെപ്പതയിൽ അഞ്ജനമെഴുതിയാൽ വിഷൂചിക ശമിക്കും. ഇതു വളരെ ഫലസിദ്ധികണ്ടിട്ടുള്ള ഒരു ഔഷധമാണ്.

അലസകചികിത്സ.

ഭല്ലാതമാക്ഷികമഹൌഷധസൈന്ധവാനാം
മല്ലേനചൈവപയസാ പരിപേഷിതാനാം
കല്കേനചൈവപരിസാധിതഹവ്യലേപ-
സ്സദ്യോനിഹന്തി ചസദാലസകസ്യദോഷം.

ചേക്കുരു മാക്കീരക്കല്ലു ചുക്ക ഇന്തുപ്പു ഞെരിഞ്ഞാമ്പുളിക്കിഴങ്ങിൻെറ നീരിൽഅരച്ചു കല്ക്കംചേർത്തു കാച്ചിയ നെയ്യ് ദേഹത്തിൽ തേച്ചാൽ അലസകദോഷം ശമിക്കും.

ഫലത്രയാദികമുദ്വർത്തനം.

ഫലത്രയാതപ്പൂരമാഗധീനാം
പൂതീകവിശ്വോഷണസംയുതാനാം

കരഞ്ജപാഠാസുരസോനയുക്ത-
മുദ്വർത്തനംവത്സസുമൂത്രപിഷ്ടം.
ഉദ്വർത്തനം പരംശ്രേഷ്ഠം
നിഹന്ത്യലസകംക്ഷണാൽ
നാത്രചിത്രംയതോവൈദ്യൈ-
രുക്തംശ്രീസുശ്രുതാദിഭിഃ.

ത്രിഫല ചേക്കുരു തിപ്പലി അവിത്തൊലി ചുക്ക നല്ലമുളകു പുങ്കിൻതൊലി പാടക്കിഴങ്ങു വെള്ളുത്തുള്ളി ഇവ കാളക്കുട്ടിയുടെ മൂത്രത്തിൽ അരച്ചു ഉദ്വർത്തനം (മേത്തു തിരുമ്മുക) ചെയ്താൽ അലസകം ക്ഷണേന ശമിക്കും. ഇതു സുശ്രുതാദികൾകൂടി സമ്മതിച്ചിരിക്കുന്ന ഒരു യോഗമാണ്.

ദണ്ഡാലസകചികിത്സ.

സൂച്യഗ്രഭാഗൈർന്നഖസന്ധിദാഹം
കൃത്വാപുനശ്ചാഗ്രശിരോവധശ്ച
ഛരിത്വാ ച ഛരിത്വാ ക്ഷുരകേണതത്ര
വിഷാന്വിതൈർവാ മരിചൈഃപ്രലിപ്യ
ഗന്ധസ്യധൂപേനചധൂപിതോപി
ജീവേന്നരിയേ ദ്വാഥസുഭേഷജേന
യദ്യസ്തിദണ്ഡാലസകേനരുദ്ധ
പരംതഥാഭേഷജമത്രചൈവ
വദന്തിസർവേ ഭിഷജാംഗണാശ്ച.

തീയിൽവെച്ചു പഴുപ്പിച്ച സൂചിയുടെ അഗ്രംകൊണ്ടു നഖങ്ങളുടെ സന്ധികൾതോറും കുത്തിദഹിപ്പിക്കുക. ഈ ക്രിയ പലർകൂടി ചെയ്തെങ്കിലേ സഫലമാകയുള്ളു. അതുപോലെ നെററി അവസാനിക്കയും ശിരസ്സ് ആരംഭിക്കയും ചെയ്യുന്ന സ്ഥാനത്തിൽ ക്ഷൗരകൻെറ കത്തികൊണ്ടു കീറി വത്സനാഭിയും നല്ലമുളകും അരച്ചുതേച്ചു ഒരു കുഴൽവഴി ഗന്ധകത്തിൻെറ പുക ഏൽപ്പിക്കുക. ജീവിക്കാനുള്ളതാണെങ്കിൽ ജീവിക്കും. അലസകത്തിനു വിധിച്ചിട്ടുള്ള ചികിത്സകൾ ഫലിച്ചില്ലെങ്കിൽ ഒടുവിൽ ഇതു ചെയ്യണം. ഇതിൽ കൂടുതലായി ദണ്ഡാലസകത്തിന് ഒരു മരുന്നും ഇല്ലെന്നാണ് എല്ലാ വൈദ്യന്മാരും പറഞ്ഞിരിക്കുന്നത്.

വിലംബീചികിത്സ.

ദഹനംപൂതിപിണ്യാകം ഭല്ലാതംമദസൈന്ധവൌ
ക്ഷാരദ്വയഞ്ചചവ്യഞ്ച പേഷ്യസംപാച്യലേപയേൽ
വിലംബീദൂരതോയാതി ഏതദുദ്വർത്തനംയദാ
വൈദ്യദത്തംപ്രയത്നേന ലേപിതംഗാത്രമണ്ഡലേ.

കൊട്ടുവേലിക്കിഴങ്ങു് നാന്മുകപ്പുല്ലു് [illegible] ചുക്കു കൊട്ടം ഇന്തുപ്പു ചവര്‍ക്കാരം തുവര്‍ച്ചിലക്കാരം കാട്ടുമുളകിന്‍വേരു ഇവ എല്ലാംകൂടി അരച്ചു തിളപ്പിച്ചു ദേഹത്തില്‍ [illegible] വിലംബി ശമിക്കും.

ഖല്ലീ ചികിത്സ.

സ്നുഹ്യര്‍ക്കധുത്തൂരജപത്രനീരം
പ്രസ്ഥത്രയംശിഗ്രുജപത്രജാതം
പ്രസ്ഥോന്മിതം [illegible]
[illegible]
ദേവദാരുവചസൈന്ധവകുഷ്ഠ[illegible]
കല്കസ്ത്വദശ്യൈസ്സുകാഞ്ജികാനാം
പലദ്വയഞ്ചാപി പൃഥക്പൃഥക് ച
നിഗദ്യ സര്‍വ്വംഗുരുവഹ്നിയോഗാല്‍
തൈലംപചേല്‍പ്രസ്ഥമിതംതദേവ
മഭ്യംഗതഃഖല്ലീവിഷൂചികാഘ്നം
അര്‍ക്കാദികംതൈലമിദംഹികുര്‍യ്യാല്‍
ക്ഷയംഹിപക്ഷഗ്രഹദുഷ്ടവായോഃ
ഖഞ്ജതാമാമവാതഞ്ചപാംഗുല്യംഗൃധ്രസീമപി
വിനാശയേദ്യാതവഹനി രോധിതോത്ഥാസം ചയാന്‍.

കള്ളിപ്പാല എരുക്കു ഉമ്മത്തു് ഇവയുടെ ഇല ഇടിച്ചുപിഴിഞ്ഞ നീരു് ൩ ഇടങ്ങഴി. (ഓരോന്നും പ്രത്യേകം) മുരിങ്ങയില ഇടിച്ചുപിഴിഞ്ഞനീരു ഇടങ്ങഴി. ഇന്തുപ്പു കൊട്ടം [illegible] കല്കം. തൈര്‍ പുളിയിലനീരു് കാടി ഇവ പ്രത്യേകം ഇരുനാഴിവീതം എല്ലാംകൂട്ടി ൧ ഇടങ്ങഴി എണ്ണ കാച്ചി പുരട്ടുക [illegible]. ഈ സ്നുഹ്യര്‍ക്കാദിതൈലം ഖല്ലി, വിഷൂചിക പക്ഷവധം ദുഷ്ടവായു ഇവയേയും ഖഞ്ജത ആമവാതം ഗൃധ്രസി മുതലായ വാതരോഗങ്ങളേയും ശമിപ്പിക്കും.

വൃദ്ധവിഷൂചികാ ചികിത്സ.

യോവൃദ്ധസൂചീശതപീഡിതഃസ്യാ
ന്നരസ്സനീരംലവണാന്വിതംഹി
പീത്വാവമന്‍ശംലഭതേന്യഥാത്ര
ഹൃദിസ്ഥിതംതന്മലമേവഹന്തി.

വൃദ്ധവിഷൂചിബാധിതനായ നരനെ ഉപ്പു് വെള്ളത്തില്‍ കലക്കിക്കൊടുത്തു് ഛര്‍ദ്ദിപ്പിച്ചാല്‍ സുഖംകിട്ടും. അല്ലെങ്കില്‍ ഹൃത്തിലുള്ള മലങ്ങള്‍ അവനെ ഹനിക്കും.

ഉല്‍ക്ലേശചികിത്സ[illegible]

ഉല്‍ക്ലേശനാശായചപുഷ്പനീരം
നീരംപിബേദ്വാജലദസ്യതദ്വല്‍
ജാതീഫലസ്യാപിചപൂര്‍വ്വവൈദ്യൈ-
ര്യോഗത്രയഞ്ചാനുമിതംഹിചാത്ര.

പനിനീരു സേവിക്കുക (൧) മുത്തങ്ങാക്കഷായം വ[illegible]ണ്ടാകുന്ന (൨) ജാതിക്കാ അരച്ചു പാനംചെയ്യുക (൩) ഈ മൂന്നു [illegible] ഉല്‍ക്ലേശനാശനമാണു്.

ഉദരലേപനം.

ബാല്‍ഹീകദാരുശഠഹൈമവതീശതാഹ്വാ
സിന്ധൂത്ഥകൈശ്ച ഖലു ചാമ്ലയുതൈഃ പ്രപേഷ്യ
കോഷ്ണഃ പ്രലേപ ഉദരേ [illegible]
തദ്വദ്വിനാശയതി ജാഠരപീഡമുഗ്രം.

കായം ദേവതാരം കൊട്ടം വെളുത്തവയമ്പു ചതകുപ്പ ഇന്തുപ്പു് ഇവ അമ്ലവര്‍ഗ്ഗത്തിലുള്‍പ്പെട്ട ഏതെങ്കിലും ദ്രവ്യത്തിന്റെ നീരില്‍ അരച്ചു് ഉദരത്തില്‍ തേക്കുക. ഉദരപീഡ എല്ലാം ശമിക്കും.

ഉപദ്രവങ്ങള്‍.

മൂര്‍ച്ഛാപ്രലാപവമഥുഭ്രമകമ്പമൂത്രാ-
ഘാതപ്രസേകവിരുചിപ്രമുഖാ[illegible]
നിദ്രാവിനാശസഹിതാശ്ച [illegible]
ജായന്തഎവ ബഹുധാത്ര വി[illegible].

മോഹാലസ്യം പിച്ചുപറയുക ഛര്‍ദ്ദി തലകറക്കം വിറയല്‍ മൂത്രരോധം വായില്‍കൂടി വെള്ളം വരിക അരുചി നിദ്രാനാശം ഇവ മുന്‍പറഞ്ഞ രോഗങ്ങളുടെ വികാരങ്ങളാണു്.

അസാദ്ധ്യലക്ഷണം.

[illegible]കോഷ്ഠനഖാനിയസ്യശ്യാവാ-
ന്യഥസംജ്ഞാരഹിതോതിവാ[illegible]
യമസത്മനിചാപിയാതിസദ്യഃ
ശ്ലഥസന്ധിസ്വരസംയുതോ[illegible].

പല്ലു് ചുണ്ടു് നഖം ഇവ കറുത്തിരിക്കുക സംജ്ഞയില്ലാതാകുക വളരെ ഛര്‍ദ്ദിക്കുക സന്ധികള്‍ അയയുക സ്വരമിടറുക ഈ ലക്ഷണങ്ങള്‍ കാണുന്ന വിഷൂചികക്കാര്‍ അസാദ്ധ്യന്മാരാണു്.

കൊട്ടുവേലിക്കിഴങ്ങ് ... ശമിച്ചാലുള്ള ലക്ഷണം.

കൊട്ടം ഇന്തുപ്പ് ചവൎക്കാരം വേഗ ന്ദരോചിതാ
എല്ലാംകൂടി അരച്ചു തിലച തന്നൈ ലവണം ... ധാ.ച
ബി ശമിക്കും. ...കമൂപായാതി ന ... ചാന്നം
...ഥാവിരമിതേ.ച ഭവന്തി ... ചേതേ.

സ്വഹരിച്ച് വിഷൂചികാദികൾ ശമിച്ചാൽ ഏമ്പക്കത്തിന്റ
സൂത്രാദിവേഗങ്ങൾ പുറപ്പെടുകയും ... ഉത്സാഹം ദേഹ
വിശപ്പ് തണ്ണീർദാഹം ഇവ ഉണ്ടാകും.

ഓരോ ദ്രവ്യങ്ങൾ ഭക്ഷിച്ചിട്ടുണ്ടാകുന്ന
അജീൎണ്ണത്തിന്റെ പ്രതിവിധികൾ.

പനസഭക്ഷണാജ്ജേ കദളീഫലം
കദളജേപി ഘൃതം ഘൃതസംഭവേ
സമുദിതംശുഭനിംബുജലം ജലേ
ലവണമേവ ച തണ്ഡുലവാരി ച.

ചക്കപ്പഴം തിന്നിട്ടുണ്ടാകുന്ന അജീൎണ്ണത്തിന് കദളിപഴവും കദളീഫലം തിന്നിട്ടുണ്ടാകുന്നതിന്, നെയ്യും, നെയ്യു ഭക്ഷിച്ചുണ്ടാകുന്നതിന് വടുകപ്പുളിനാരങ്ങനീരും വടുകപ്പുളിനാരങ്ങാ ഭക്ഷിച്ചുണ്ടാകുന്നതിന് ഉപ്പും ഉപ്പു ഭക്ഷിച്ചുണ്ടാകുന്നതിന് അരിക്കാടിയും പ്രത്യൗഷധങ്ങളാകുന്നു.

തണ്ഡുലാനിശിരോബീജയോഃ
പാചനം ... ച
ദുഗ്ദ്ധമേവ ചകപിത്ഥകന്യൈ
നിംബബീജമഥതക്രം ... .

തേങ്ങായും പനങ്കായും ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിന് തിപ്പലിയും, മാങ്ങാ ഭക്ഷിച്ചുണ്ടാകുന്നതിന്ന പാലും വിളാർമരത്തിൻകായ്ക്കും സാമാന്യം മോരിനും വേപ്പരിയും പ്രത്യൗഷധങ്ങളാകുന്നു.

ഖൎജ്ജൂരമാലൂരഫലാ ...
മധൂകഹരീതക്യോ ...
തക്രം ...
ബീജംതഥാ ... .

ഈന്തപ്പഴം, കൂവളത്തിൻകായുടെ മജ്ജാ പഴമുൺപാലപ്പഴം ഇരിപ്പപ്പഴം നെയ്യ് ചിററിന്തവിൻകായ്, നാരായെരിന്റ വെള്ളം ചേൎത്ത മോര് ഇവ ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിന് വേപ്പരി പ്രത്യൗഷധമാകുന്നു. മുരിങ്ങക്കായ് ഭക്ഷിച്ചുണ്ടാകുന്നതിന് കടുക്കായും പ്രത്യൗഷധമാണ്.

... അജീൎണ്ണത്തി ജീൎണ്ണത്തിന്ന വേപ്പരിയും പത്തുമുകം ഭക്ഷിച്ചിട്ടുണ്ടാകുന്ന ... ന്ന കടുക്കായും പ്രത്യൗഷധങ്ങളാകുന്നു.

മൃദ്വീകശൃംഗാടജഖണ്ഡജേ ച
വിശ്വാസിതാം ഹന്തി ച താമപീഹ
മുസ്താതഥോദുംബരജ്ബോധിജാതേ
പ്ലക്ഷേ ച വൈ പയ്യുഷിതം ഹിതായ.

മുന്തിരിങ്ങാപ്പഴം വൻകൊട്ടയ്ക്ക കല്ക്കണ്ടം ഇവ ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിൽ ചുക്കോ പഞ്ചസാരയോ സേവിക്കണം. പഞ്ചസാര സേവിച്ചുണ്ടാകുന്ന അജീൎണ്ണത്തിന മുത്തങ്ങയും അത്തിപ്പഴം ഇത്തിപ്പഴം ഇവ ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിനും പുളി തിന്നുണ്ടാകുന്ന അജീൎണ്ണത്തിനും തലേദിവസം കോരിവെച്ചിരുന്ന ശുദ്ധജലവും പാചനമാണ്.

ധാത്രീധാഡിമബീജപൂരലവലീ ജാതംഫലം ബാകുലം
ഭുക്തംനാശയതിതദജീൎണ്ണമഖിലം സ ...
നാരംഗോത്ഥമ ...
നീരം തണ്ഡുലജം തഥൈവ ഘൃതജം പീതംനിഹന്തിത ... .

നെല്ലിക്ക താളിമാതളത്തിൻകായ് മാതളനാരങ്ങ കമ്പിളങ്ങ ഇവ ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിന ഇവയുടെതന്നെ വേര് ചവച്ചിറക്കുകയോ അരച്ചുതിന്നുകയോ ചെയ്യണം. വടുകപ്പുളിനാരങ്ങയ്ക്ക ശക്കരയും ഏതുതരത്തിലുള്ള വാഴയ്ക്കായ്ക്കും നെയ്യോ അരിക്കാടിയോ നെയ് ചേൎത്തുള്ള മററു സാധനമോ കൊടുക്കുന്നതും പ്രത്യൗഷധമാകുന്നു.

... പരഃ പ്രശസ്യതേ ... കണാ ...
തണ്ഡുലേഷു ച ... ശസ്യതേ. ...
യഷ്ടികാ ദധിവനേന ജീൎയ്യതേ കക്കടീ ച സുമനേഷു ശസ്യതേ.

അരി തിന്നുണ്ടാകുന്ന അജീൎണ്ണത്തിന് പാലും, അവൽ തിന്നിട്ടുണ്ടാകുന്ന അജീൎണ്ണത്തിന് തിപ്പലിയും അയമോദകവും കൂടി തിന്നുന്നതും, ഇരട്ടിമധുരത്തിന് തൈരിൻവെള്ളവും, ഉമ്മത്തുംകാ ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിന് വെള്ളരിക്കയും പാചനമാകുന്നു.

ഖണ്ഡീകരോതി ഖലുമാഷഭവം തുഖന്ധം
ഗോധൂമമുദ്ഗഹരിമന്ഥമസൂരീനജാതം
തദ്വദ്വിനാശയതിമാതുളപുത്രകം ഹി
തൈലം കുലത്ഥജമഥോ വിനിഹന്തി തദ്വൽ.

ഉഴുന്ന ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിന് കല്ക്കണ്ടവും, ഗോതമ്പ് ചെറുപയറ് കടല മലങ്കടല ഇവ ഭക്ഷിച്ചിട്ടുണ്ടാകുന്ന അജീൎണ്ണ

ത്തിന്ന് ഉമ്മത്തുംകായും, മുതിര തിന്നുണ്ടാകുന്ന അജീൎണ്ണത്തിന്ന എണ്ണ
യും പാചനൌഷധമായി കൊടുക്കണം.
ശ്യാമാകനീവാരകലിതഥകംഗു ജാതം പയോ വൈ ദധിജം നിഹന്തി
പീതം നിഹന്ത്യാദപി കാഞ്ജികംവ്രീതപാദ വിശേഷാദപിദളാഭവം ഹി.
ചാമ വരി കാട്ടുമുതിര തിന ഇവ ഭക്ഷിച്ചിട്ടുണ്ടാകുന്ന അജീൎണ്ണ
ത്തിന്ന് തൈരിൻവെള്ളവും; ചമ്പലത ഭക്ഷിച്ചിട്ടുണ്ടാകുന്ന അജീ
ൎണ്ണത്തിന്ന് കാടിയും പാചനൌഷധമാണ്.

പിഷ്ടാന്നജേ സൈന്ധവമേവശസ്തം
ശീതാംബു തദ്വൽ കൃശരാഭവേ [illegible]
മാക്ഷണ്ഡകീം നിംബത്വചം [illegible]
മൌൽഗം തഥാ പായസജം ഹവിഷ്യം.

പിട്ടു കൊണ്ടുണ്ടാക്കിയ പലഹാരം ഭക്ഷിച്ചിട്ടുണ്ടാകുന്ന അജീ
ൎണ്ണത്തിന്ന് ഇന്തുപ്പും, എള്ളുംചോറു ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിന്ന്
തണുത്ത വെള്ളവും മാക്ഷണ്ഡമില്ലാത ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തി
ന്ന് വേപ്പിൻതൊലിയും, പായസം ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിന്ന്
ചെറുപയറിൻചാറും പാചനമായി കൊടുക്കണം. മാക്ഷണ്ഡകി എ
ന്നതു് ഗ്രന്ഥവൃന്ദാദിവൎഗ്ഗത്തിൽ ചേൎന്ന ഒരു വള്ളിയാണ്.

[illegible]
ക്രമാദേ [illegible]
സുബീജൈഃ കണാമൂലതോ [illegible] സർവം
തഥാ ശഷ്കുലീ [illegible] ജാതം.

ശഷ്കുലീ [illegible] പക്ഷിയുടെ മാം
സം, ഇവ ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിന്ന് ക്രമേണ (വേസവാ
രം) നന്നിറച്ചി, കുടകപ്പാലയരി, പുഷ്പാഞ്ജനം, തിപ്പലിവേര്, ഇവ
പാചനൌഷധമായി കൊടുക്കണം മുറുക്ക്, [illegible] അപ്പം ഇവ ഭ
ക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിന്നും ക്രമേണ നന്നിറച്ചി കുടകപ്പാലയ
രി. പുഷ്പാഞ്ജനം, ഇവ തന്നെ പാചന [illegible] ഉപയോഗിക്കണം.

വേസവാരം.

ബാഷ്പ [illegible]
മേദ്ധ്യോഷണ [illegible]
[illegible]
[illegible] സിന്ധുത്ഥ [illegible]

കായം, കൊത്തമ്പാലയരി, ഇഞ്ചി, ചുക്ക്, ഏലത്തരി, യവം,
നല്ലമുളക്, ഇലവർങ്ഗം, ജീരകം, ഇവ എല്ലാംകൂടി നെയ്യുകത്തു ക
ട്ടവറുത്തു മഞ്ഞളും ഇന്തുപ്പും ചേൎക്കുന്നതാണ് വേസവാരം എന്നു പറ
യുന്നതു്.

മത്സ്യപലാശന ജാതവികാരഃ കാഞ്ജി [illegible] സുഖശായീ
മത്സ്യമാംസം ഭക്ഷിച്ചുണ്ടാകുന്ന വികാരത്തോടുകൂടിയവൻ കാ
ടികുടിച്ച് സുഖമായി കിടന്നുറങ്ങിയതിന്നുശേഷം തീയിൽഇട്ടു വേ
വിച്ച മാംസം തന്നെ ഭക്ഷിക്കണം. എന്നാൽ മത്സ്യമാംസജാതമായ
വികാരം ശമിക്കും.
അത്തുതദേവഹി വഹ്നിവിപകപം മാംസമഥോ യദി മത്സ്യവിപാകീ.

രസാളജം രസാലജം സുഖീജമേവ നാശയേൽ
തദേവവാ പുനസ്തഥാ പലാശനാൽ സമുത്ഥിതം.

രസാളസേവകൊണ്ടുണ്ടായ അജീൎണ്ണം, മാങ്ങയണ്ടിപ്പരിപ്പു തി
ന്നാൽ ശമിക്കും. മാംസഭക്ഷണം കൊണ്ടുണ്ടാകുന്ന വികാരത്തിന്നും
മാങ്ങയണ്ടിപ്പരിപ്പ് വിശേഷമാണ്.

ചാഷകപോതകപിഞ്ജലമാംസൈർ ഭോജനജാതമജീൎണ്ണമഥൈഷം
കാശജമൂലമഥോ ബഹുളമുഷ്ടാ പേഷ്യവിനാശമതീഹ നിപീതം.

കാട്ടുകാക്ക, മാടപ്രാവു്, കരിൽപക്ഷി, ഇവയുടെ മാംസം ഭക്ഷി
ച്ചുണ്ടാകുന്ന അജീൎണ്ണത്തിന്ന് ആററുദർഭവേര് അരച്ചു് സേവിച്ചാൽ
ശമിക്കും. ഈ ഔഷധം ദൃഷ്ടഫലമാണ്.

ജീൎണ്ണേത്തശാകാന്യപിലാന്യജന്ത്യാം ക്ഷാരേണ തദ്വൽ തിലനാളജേന
സ്യാജ്ജീഷശല്യദ്ഗമസാരനീരൈഃ സിലോ [illegible]
എല്ലാ വക ശാകങ്ങളും (ഇലക്കറികളും) ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണ
ത്തിന്നും എള്ളുംകോച്ചിൽ ചുട്ട് ക്ഷാരംമട്ടുത്തു് വെള്ളത്തിൽ കലക്കി
കൊടുക്കണം. വെൺകടുക് നീർ ചീരം, വസ്തുച്ചീരം, ഇവ ഭക്ഷിച്ചുണ്ടാ
കുന്ന അജീൎണ്ണത്തിന്ന് വേങ്ങക്കാതൽ കഷായംവച്ചു് കൊടുക്കണം.

പാകം കേബുകലാംബുമൂലകുലകപ്രാഗ്ഭ്രമൈത്ര്യുദ്ഭവം
തദ്വദ്പംശഭവാംകുരോത്ഥമപിവാകാരാദിവല്ലീഭവം
വാൎത്താകോത്ഥമഥോ പ്രപോദകിഭവം യാത്യേവസർവ്വംക്ഷണാൽ
ഭുക്തസാഷ്പശാക ഏവ [illegible] ശബ്ദസ്യവാ.

തിങ്ങളൂരി മൂലവരിക്കിഴങ്ങ് പടവലം, മുളനാമ്പ്, ചങ്ങലംപ
ണ്ട, തക്കാരിവഴുതിന, വശള ഇവ ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിന്ന്
സർഷപശാകം ഭുജിച്ചാൽ ശമിക്കും. മററു ചിലർ പറയുന്നതു ചെറു
ചീര ഭക്ഷിക്കണമെന്നാണ്.

നാരംഗവാ ച് ച്ചൂരണമേതിപാകം തഥാലുകം വൈ ലവണോത്ഥവഹ്നി
ഘൃതോത്ഥവച്ചാപി നിശാരസോനഃ സിതോത്ഥവദ്പാഭിഷജാപിപാ-
ച്യഃ.

കാട്ടുചേന ഭക്ഷിച്ചുണ്ടാകുന്ന അജീൎണ്ണത്തിന്ന് നാരങ്ങയുടെ പറ
ഞ്ഞ പാചനൌഷധവും (ശൎക്കരയും) കൂൎക്കൻ പന്നു ഭക്ഷിച്ചുണ്ടാക

ന്ന അജീർണ്ണത്തിന്, ഉപ്പിന് പറഞ്ഞ പാചനൗഷധവും (അരിക്കാടിയും) മഞ്ഞൾ ഭക്ഷിച്ചുണ്ടാകുന്ന അജീർണ്ണത്തിന്, ഘൃതത്തിന് പാചനമായി പറഞ്ഞിരിക്കുന്ന ഔഷധവും (വട്ടകപ്പുളിയുടെ നീരും) വെളുത്തുള്ളി ഭക്ഷിച്ചുണ്ടാകുന്ന അജീർണ്ണത്തിന്, പഞ്ചസാരയ്ക്ക് പാചനമായി പറഞ്ഞിരിക്കുന്ന ഔഷധവും (മുത്തങ്ങയും) കൊടുക്കണം.

ഇക്ഷുപാതരസപാനഭവം ഹി ശൃംഗിവേരരസ ഏവ നിഹന്യാൽ
കിംശുകോത്ഥഭസിതാംബു തദൈവ പൂർവ്വവൽ ഗുണകരം ഹി വിശേഷാൽ.

കരിമ്പിൻനീര് കുടിച്ചുണ്ടാകുന്ന അജീർണ്ണത്തിന് ഇഞ്ചിനീരോ മുരിക്കിൻഇല ചുട്ട ഭസ്മം കലക്കിയ വെള്ളമോ കൊടുക്കണം.

പയഃപാനജാജീർണ്ണകം തക്രമേവ
യഥാ ഗവ്യതക്രോത്ഭവം കോഷ്ണമണ്ഡം
യഥാ മാഹിഷം മാണിമന്ഥം നിഹന്യാ-
ത്തഥാ ശംഖചൂർണ്ണം ച ഛാഗ്യഃ പ്രദിഷ്ടം.

പാൽ കുടിച്ചിട്ടുണ്ടാകുന്ന അജീർണ്ണത്തിന് പശുവിൻമോരും, പശുവിൻമോര് കുടിച്ചുണ്ടാകുന്ന അജീർണ്ണത്തിന് ചൂടുള്ള തെളിക്കഞ്ഞിയും, കന്നിൻമോര് കുടിച്ചുണ്ടാകുന്ന അജീർണ്ണത്തിന് ഇന്തുപ്പും, തൈർ കുടിച്ചുണ്ടാകുന്ന അജീർണ്ണത്തിന് ശംഖഭസ്മവും പാചനമാണ്.

സന്താപ്യ സന്താപ്യ ച ഹേമതാരേ പുനഃ പുനഃ ക്ഷിപ്യ ച നീരമധ്യേ
പീതം തദേവാശു ഹരേദജീർണ്ണം ജലോത്ഭവം ചാപി ന ചിത്രമത്ര.

വെള്ളം കുടിച്ചുണ്ടാകുന്ന അജീർണ്ണത്തിന് സ്വർണ്ണവും വെള്ളിയും തീയിൽ പഴുപ്പിച്ച് പലപ്രാവശ്യം വെള്ളത്തിൽ മുക്കി ആ ജലം കുടിക്കുന്നതു പാചനമാണ്.

ശിശിരശൈലികസേവനതോഽപി വാ ക്വഥിതവാസബലം ച കരോത്യലം
മധുകമേഘധനീഘനനിർമ്മിതം മുഖധൃതം കബളം ച വിഗന്ധഹൃൽ.

ചന്ദനം കാവിമണ്ണ് ഇവ ഭക്ഷിച്ചുണ്ടാകുന്ന അജീർണ്ണത്തിന് ജലം പാചനമാണ്. ഇരട്ടിമധുരം, മുത്തങ്ങാക്കിഴങ്ങ്, കൊത്തമ്പാലയരി, കൊട്ടം ഇവ അരച്ച് വായിൽ കബളമാക്കി ഉപയോഗിച്ചാൽ മുഖദുർഗ്ഗന്ധം നശിക്കും.

മദ്യമാദകതാനിപീഡിത മാനവോ ഘൃതശർക്കരാം
ഉൽപിബേദ്യദി വാ തദാ ക്ഷണതോ ഹരേദപി തന്മദം
ക്ഷ്വേഡനീധാന്യവാളുകയഷ്ടികൈലസമുൽഭവം
ഗ്രാസമേവമുഖേ ധൃതം യദി തസ്യ ഗന്ധഹരം ക്ഷണാൽ.

മദ്യമത്തനായ മനുഷ്യന് നെയ്യും പഞ്ചസാരയും കൂട്ടി യോജിപ്പിച്ചു കൊടുത്താൽ അവന്റെ മദ്യമദം നശിക്കും. കൊട്ടം, മുത്തങ്ങാ

കിഴങ്ങു കൊത്തമ്പാലയരി, ഇരുവേലി, ഇരട്ടിമധുരം, ഏലത്തരി, ഇവ അരച്ചു കബളം ആക്കി വായിൽ ധരിച്ചാൽ മദ്യംകൊണ്ടുള്ള വായിലെ ദുർഗ്ഗന്ധം ശമിക്കും.

അലമത്ര ച വാഗ്ദൈർഘ്യശം പരമന്യച്ച വദാമി യഥോചിതം
ശിശിരേണ ഹി ചോഷ്ണവൽ പരം മദിരാവസ്ഥിച തസ്യ ച പൂർവ്വകം.

ശീതോപചാരംകൊണ്ട് ഉഷ്ണം നശിക്കുന്നതാണ്. അതുപോലെ ഇനിയും ഹിതമായ മറ്റു ചികിത്സകളും പറയുന്നുണ്ട്. അതിനാൽ ഈ അജീർണ്ണശമനങ്ങളായ ഔഷധങ്ങൾകൊണ്ടുള്ള ചികിത്സ ഇവിടെ അവസാനിപ്പിക്കുന്നു.

സാനന്ദസ്മിതകുന്ദകല്പദശനജ്യോൽസ്നാവലീദർശിതാ
പ്രേമാധിക്യമഹോ ഹി യേന കൃപയാ മന്ദം സമാലോക്യ മാം
സർവ്വാശാപരിപൂരകം നൃപഗണൈഃ സംപൂജിതാംഘ്രിം ഭജേ
സ്വീയം തം ച ഗുരും ഹി യസ്യ നിതരാം ദാസ്യേന കിം ചിൽക്കരഃ.

എന്നെക്കണ്ടിട്ട് ദയാപുരസ്സരം വളരെ സ്നേഹഭാവത്തിൽ ആനന്ദത്തോടും മന്ദഹാസത്തോടും കൂടി കുന്ദസദൃശങ്ങളായ ദന്തചന്ദ്രികയെ ആരാണോ പ്രദർശിപ്പിച്ചത്, സകലദിക്കിലും പ്രസിദ്ധന്മാരായ രാജഗണങ്ങളാലും പൂജിതനും ആയ ആ ആത്മഗുരുവിനെ ഞാൻ സേവിക്കുന്നു. അദ്ദേഹത്തിന്റെ ദാസ്യത്താൽ എനിക്ക് അസാദ്ധ്യമായി ഒന്നുംതന്നെ ഇല്ല.

ചികിത്സാക്രമകല്പവല്ലിയിൽ പഞ്ചമസ്തബകം കഴിഞ്ഞു.

ഷഷ്ഠസ്തബകം.

ഗിരിശം ച പ്രണമ്യ വച്മ്യഹം ചരകാദീനപി സുശ്രുതാദികാൻ
ക്രിമിരുക്ശമനീം പ്രതിക്രിയാമനുഭൂതാം ച സുതന്ത്രചോദിതാം.

ശ്രീപരമേശ്വരനേയും ചരകൻ സുശ്രുതൻ മുതലായ ആചാര്യന്മാരേയും വന്ദിച്ച് ക്രിമിരോഗശമനിയായ ചികിത്സയെ ശാസ്ത്രത്തിൽ എഴുതീട്ടുള്ളതനുസരിച്ചു അനുഭവമായി പറയാൻ പോകുന്നു.

ക്രിമിനിദാനം.

മധുരാമ്ലഗുഡപ്രിയോ ദിവാ
ശയനേ ബദ്ധമഹാദരോഽശ്രമീ
ദ്രവപിഷ്ടവിരുദ്ധഭോജനോ
യദിവാജീർണ്ണയുതോ ക്രിമീൻ ലഭേൽ.

മധുരപദാർത്ഥം, അമ്ലപദാർത്ഥം, ശർക്കര, ഇവയിൽ പ്രിയമുണ്ടായിരിക്കുക, പകലുറങ്ങുന്നതിൽ അധികം താല്പര്യമുണ്ടായിരിക്കുക, വ്യായാമംചെയ്യാതിരിക്കുക, ദ്രവമായും അരിപ്പിട്ടുകൊണ്ടുണ്ടാക്കിയതായും ഇരിക്കുന്ന വിരുദ്ധഭോജനങ്ങൾ ഭക്ഷിക്കുക, അജീർണ്ണമുണ്ടാകുക, ഇവയൊക്കെയും ക്രിമിരോഗമുണ്ടാകുന്നതിന് നിദാനമാണ്.

പൂർവ്വരൂപം.

ഹൃല്ലാസതാന്തർമധുരേ രുചിശ്ച
പ്രസേകവിഡ്ഭേദസമുത്ഭവശ്ച
നാശഃ പ്രഭായാ നയനേ നിതാന്തം
ഭവന്തിവൈ യത്ര ക്രിമി പൂർവ്വരൂപം.

അന്തർഭാഗത്തിൽ ചൂടുണ്ടായിരിക്കുക, മധുരരസഭക്ഷണത്തിൽ താല്പര്യം തോന്നുക, വായിൽ വെള്ളം ഊറി വരിക, മലം ഇളകിപ്പോകുക, കണ്ണിന്റെ പ്രഭയ്ക്കു നാശം, ഇവ ഒക്കെയും ക്രിമിരോഗത്തിന്റെ പൂർവ്വരൂപമാകുന്നു.

സാമാന്യരൂപം.

ജ്വരാതിസാരസ്സദനം ഭ്രമശ്ച
ഹൃദ്രോഗവൈവർണ്ണ്യശിരോരുപീഡാഃ
ഭക്തേതിജാതേപി ന തി ശരീരേ
സർവ്വക്രിമീണാം ഖലു പൂർണ്ണരൂപം.

ജ്വരം അതിസാരം തളർച്ച തലകറക്കം ഹൃദയവേദന, വിളർച്ച, ശൂലപീഡ, അന്നവിദ്വേഷം, ഇവ എല്ലാം ക്രിമിരോഗത്തിന്റെ പൂർണ്ണരൂപത്തിൽ സംഭവിക്കും.

പത്ഥ്യം.

അന്നമന്ധമഥോ പത്ഥ്യ വ്യോഷക്ലൃപ്തസാധിതം
ദീപനം ക്രിമിനാശായ പ്രത്യഹം പേയമുത്തമം.

ചുക്കു മുളകു തിപ്പലി വിഴാലരിക്കാമ്പു ഇവ പൊടിച്ചു തെളിക്കഞ്ഞിയിൽ സേവിച്ചാൽ ക്രിമികൾ നശിക്കുന്നതുകൂടാതെ അഗ്നിദീപനം ഉണ്ടാവുകയും ചെയ്യും. ഈ ഔഷധം ദിവസവും കുടിക്കുന്നതു വളരെ ഉത്തമമാണ്.

ക്രിമിചികിത്സ

വിഡംഗകല്കം.

ജന്തുഘ്നകം ജന്തുരിപു പ്രപിഷ്ട-
ചൂർണ്ണേന സംധൂളിതമേവ പീതം
നാശം ക്രിമീണാം വിദധാതി നൂനം
ക്രിമിപ്രഭൂതാംശ്ച ഗദാൻ നിഹന്യാൽ.

പെരുങ്കായം വിഴാലരിക്കാമ്പ് ഇവ പൊടിച്ചു ചൂടുവെള്ളത്തിലോ കഞ്ഞിത്തെളിയിലോ സേവിച്ചാൽ ക്രിമികളും ക്രിമിനിമിത്തമുണ്ടായിട്ടുള്ള രോഗങ്ങളും ശമിക്കും. വിഴാലരിക്കഷായംവെച്ചു കായം മേൻപൊടി ചേർത്തും സേവിക്കാം.

ബ്രഹ്മദ്രുബീജസ്വരസം നിപീതം മാക്ഷീകസംയുക്തമഥോപി കല്കം
ത്വക്രണവാ ജന്തുഹരം വിശേഷാൽ തൽബീജജാതം ബഹുശോധനശ്രയം

അത്തിയാലിന്റെ പഴം ഇടിച്ചുപിഴിഞ്ഞു നീരെടുത്തു അതിൽ തേൻചേർത്തു സേവിക്കുകയോ, അരച്ചുകലക്കി മോരിൽ സേവിക്കയോ ചെയ്താൽ ക്രിമിരോഗം ശമിക്കും. അത്തിയാലിൻപഴം വളരെ ഫലം കണ്ടിട്ടുള്ള ഔഷധമാണ്.

പീതായവാനീ ഖലു പാരസീയാ ഗുഡേന ചാസ്ലാംബുയുതാ ക്ഷണേന
സംപാതയേജ്ജാഠരജന്തുസംഘാൽ മയാനുഭൂതാ നഹി ചിത്രമത്ര.

പാരസീകദേശത്തുള്ള കുറാശാണി പൊടിച്ച് ശർക്കരയും ചേർത്തു ചൂടുവെള്ളത്തിൽ കലക്കി സേവിച്ചാൽ സകലക്രിമികളും നശിക്കും. ഇത് അനുഭവസിദ്ധമാണ്.

നിംബാദിചൂർണ്ണം.

നിംബാജമോദാ ക്രിമിശത്രുഹിംഗു
കാശ്മീരജാതാ സഗുഡം സുചൂർണ്ണം
ബ്രഹ്മദ്രുബീജൈശ്ച സമാനിതം ച
ഭുക്തം ക്ഷണാൽ പാതകം ക്രിമീണാം.

വേപ്പിൻതൊലി, അയമോദകം ക്രിമിശത്രു കായം കുങ്കുമപ്പൂവ് അത്തിയാലിൻ പഴം ഇവയെല്ലാംകൂടി പൊടിച്ച് ശർക്കരയിൽ കുഴച്ചു സേവിച്ചാൽ ക്രിമികൾ വേഗത്തിൽ നശിക്കും.

കീടമർദ്ദരസം.

ശുദ്ധൌ ഗന്ധകപാരദൌ ക്രിമിരിപുബ്രഹ്മദ്രുബീജൌ തഥാ
ചൂർണ്ണീകൃത്യ വിഷാദിമുഷ്ടിസഹിതം ഭ്രഷ്ടാജമോദായുതം
നിഷ്പിഷ്ടം മധുനാ രദേതദഖിലം സേവ്യം സമുസ്താജലൈ-
രുക്തഃ കീടകമർദ്ദഏഷ നിതരാം നാമ്നാ രസോ ദുർല്ലഭഃ.

ശോധിതമായ രസവും ഗന്ധകവും, ക്രിമിശത്രു, അത്തിക്കാ, വത്സനാഭി മുതലായവിഷം, വറുത്ത അയമോദകം ഇവ എല്ലാംകൂടി പൊടിച്ച് തേനിൽ കുഴച്ചോ മുത്തങ്ങാക്കഷായത്തിലൊ ഒരുകഴഞ്ചു സേവിച്ചാൽ ക്രിമികൾ എല്ലാം നശിക്കും. ഈ രസത്തിന് കീടകമർദ്ദം എന്നു പേർ.

ബാഹ്യക്രിമികൾ.

രുക്ഷാശനാദതിമലാദതിശോകതശ്ച
സ്വേദാത്തഥാ ച ബഹുചിന്തനതൽപരാണാം

വായോഃ കഫസ്യ നിതരാം ബാഹ്യകോപതശ്ച
ലിക്ഷാശ്ച യൂകസഹിതാഃ സമുദ്ഭവന്തി.

രൂക്ഷാഹാരങ്ങളെ ഭക്ഷിക്കുക, വളരെ ചെളിപറ്റുക അതിദുഃഖം വിശപ്പ് ബാധിച്ചിരിക്ക വാതകഫങ്ങളുടെ അതികോപം ഇവയാൽ ലിക്ഷങ്ങൾ മുതലായ കൃമികൾ ബാഹ്യങ്ങളായിട്ടുണ്ടാകുന്നു.

യൂകാലിക്ഷായാദ്വിതീയാ തു ശ്ലൂർകാ
ഖ്യാതാ ചാന്യാ ചർമ്മസംഘാ തൃതീയാ
തദ്വച്ചാന്യായാ ചതുർത്ഥീ തു മൂത്രോ-
ദ്ഭൂതാഖ്യാതാ തിന്ദുകീ വൽഗുളീ സാ-
സ്യാൽ പഞ്ചമീ മക്ഷണികാഭിധാനാ
താസാം ചികിത്സാം ക്രമശോ ദ്വിവക്ഷ്യേ-
ധത്തൂരപത്രോത്ഥരസേന സോന-
യുക്തഃ പ്രലേപാദപി യൂകഹന്താ.

ലിക്ഷാ, ചർമ്മസംഘാ, ശ്ലൂർകാ, തിന്ദുകീ, മക്ഷണിക, ഇങ്ങനെ ബാഹ്യകൃമികൾ അഞ്ചുവിധത്തിലുണ്ട്. അവയുടെ ചികിത്സയും, ക്രമേണ പറയപ്പെടുന്നു. ഉമ്മത്തിന്റെ ഇല ഇടിച്ചുപിഴിഞ്ഞു നീരെടുത്തു് അതിൽ വെളുത്തുള്ളി അരച്ചു ദേഹത്തിൽ തേച്ചാൽ ബാഹ്യകൃമികൾ എല്ലാം നശിക്കും.

ലിക്ഷാപ്രതിവിധി.

ശിലാവിഡംഗഗന്ധകാനലാൻ പയസ്സു പേഷിതാൻ
സുസാർഷപേതു തൈലകേ സുരക്ത... ചിതാൻ
നിധായ വസ്ത്രഖണ്ഡകേ വിഘാട്യ തൈലമുത്തമം
തദേവഹി പ്രലേപിതം തു ലിക്ഷികാ വിനാശനം.

മനശ്ശില വിഴാലരി ഗന്ധകം ... ഇവ പാലിലരച്ചു കലക്കി കടുകെണ്ണയും നല്ലെണ്ണയും ... കാച്ചി അരിച്ചെടുത്തു തേച്ചാൽ ലിക്ഷികായൂകങ്ങൾ ശമിക്കും.

അരിഷ്ടഫേനധർഷണം തഥാഗ്ഗ്ലണം വിശേഷതോ
രജോമൃദാംബുധർഷണം തു ചർമ്മയൂകനാശനം.
ശടീയചാന്യരിഷ്ടപത്രജന്തുശത്രുമാഗധീ
രസോനശുക്ലകണ്ടകാരികാ ത്രിവൃൽ ... ജലൈഃ
പ്രപേഷ്യ യത്നാലേപിതാ ഹി തിന്ദുകീവിനാശനോ
പരാതഥാപരം ബ്രവേഹി മക്ഷണീവിനാശനം
സുഭാന്തുലിവത്തികാ ... ശോധ്യപാവകേ-
സുസാർഷപോത്ഥതൈലയുക്തദീപകേ പ്രദീപിതാ
തദാ ചസൈന്ധമുത്തമം വിഹായയാന്തി മക്ഷണീ
ഗണാശ്ച തത്രവൈ യദാ തു തന്മഷീ ചിഭർത്സിതാഃ.

കള്ളിർപതതേക്കുക പൊടിയേൽക്കുക മണ്ണും വെള്ളവും കൂടി കഴച്ചു തേക്കുക ഇവകൊണ്ടു ചർമ്മയൂകങ്ങൾ നശിക്കും. കച്ചോലം കറാശാണി വേപ്പില കൃമിശത്രു തിപ്പലി വെള്ളുള്ളി ഞാഴൽപൂവു തികോല്പക്കൊന്ന ഇവ ഗോമൂത്രത്തിലരച്ചു തേച്ചാൽ തിന്ദുകീയൂകങ്ങൾ നശിക്കും. എതക്കിന്റെ പഞ്ഞികൊണ്ടുള്ള തിരി കടുകുതൈലത്തിൽ മുക്കി ഉണക്കി കടുകെണ്ണയിൽ നനച്ചു കത്തിച്ചു പുകച്ചാൽ മക്ഷണീയൂകങ്ങൾ അതിന്റെ പ്രഭയാൽ തജ്ജിതങ്ങളായിട്ടു ഗൃഹത്തിനു വെളിക്കു പോകും.

കളീരജാംവസാം തഥാ കളീരകസ്യ വർത്തിരീം
നിധായവത്തിസംയുതാം പ്രദീപ്യ ചാഥയത്നതഃ
തദേവവാ ഗൃഹസ്ഥിതം നിശാസ്വലം തു മക്ഷണാൻ
വികർഷയേദശേഷതോ നചിത്രമത്ര വർണ്ണിതം.

ഞണ്ടിൻവസ എടുത്തു ഞണ്ടിന്റെ പുറയോട്ടിയിൽ ഒഴിച്ചു തിരി നനച്ചു രാത്രിയിൽ കത്തിച്ചാൽ ഗൃഹത്തിലുള്ള മൂട്ടകൾ എല്ലാം നശിക്കും.

ഗൃഹത്തിലുള്ള ഈച്ച മുതലായ ജന്തുക്കളെ അകറ്റുന്നതിന്.

ജീവസൌഖ്യമിഹ ദേഹതഃസ്ഫുടം
ദേഹസൌഖ്യമിഹ ഗേഹതോ യതഃ
ഗേഹജന്തുശമനീമതോ ബ്രുവേ
പൂർവ്വതന്ത്രവിഹിതാം പ്രതിക്രിയാം.

ജീവന്നു സൌഖ്യമുണ്ടാകുന്നതു ദേഹത്തിന്നു സൌഖ്യമുണ്ടാകുന്നതിനാലാണ്. ദേഹസൌഖ്യവും സുഖമായ ഗേഹത്തിൽ വസിക്കുന്നതുകൊണ്ടാണ്. അതിനാൽ ഗേഹങ്ങളിലുള്ള ഈച്ച മുതലായ ജന്തുക്കളെ അകറ്റാനുള്ള ഉപായത്തെ പൂർവ്വശാസ്ത്രമനുസരിച്ച് ഇവിടെ ഞാൻ പറയാൻപോകുന്നു.

ഈച്ചകളെ അകറ്റുന്നതിന്.

തക്രപേഷിതസുതാലലേപിതാം
പുത്തളീം ച ഗൃഹമധ്യധാരിതാം
താം വിലോക്യ ഖലു മക്ഷികാ ധ്രുവം
ഗന്ധഭീതിമുഖരാ പ്രജന്ത്യലം.

ഒരു പാവയിൽ അരിതാലം മോരിലരച്ചുപുരട്ടി ഗൃഹമധ്യത്തിൽ വച്ചാൽ അതിന്റെ ഗന്ധത്തെ ഭയന്നു ഈച്ചകൾ ദൂരത്തുപോകും.

എലിയെ അകറ്റുന്നതിന്.

മാർജ്ജാരവിട്താലയുതം വിപേഷ്യ
തേനൈവ മൂഷം പരിഗൃഹ്യ ലിപ്ത്വാ

സംമോഹയേത്തം ഭവനാന്തരസ്ഥാ
തേനൈവ മൂഷാഃ സഹസാ വ്രജന്തി.

പൂച്ചക്കാഷ്ഠവും അരിതാലവുംകൂടി ചേൎത്തു ഒരെലിയെപ്പിടിച്ചു് അതിന്റെ പുറത്തു തേച്ചുവീട്ടിനുള്ളിൽ വിട്ടാൽ അതിനകത്തുള്ള എലികൾ എല്ലാം ഓടിപ്പോകും.

സൎപ്പാദികൾ ഒഴിഞ്ഞുപോകുന്നതിന്.

ശ്വേതാപരാജിത ജടാക്രമിശത്രു താല-
ഭല്ലാതകൈശ്ച രചിതഃ ഖലു ധൂപവൎഗ്ഗഃ
സൎപ്പാംശ്ച സൌധതലലഗ്നധനപ്രവാസാൻ
മൂഷാംശ്ച മക്ഷണഗണാംശ്ച നിരാകരോതി.

വെളുത്ത ശംഖുപുഷ്പത്തിന്റെ വേരു ജടാമാഞ്ചി ക്രമിശത്രു അരിതാലം ചേൎത്തു ഇവ എല്ലാംകൂടി പൊടിച്ചു പുകച്ചാൽ മാളികകളിലും മറ്റും സുഖമായി വസിക്കുന്ന സൎപ്പങ്ങൾ എലികൾ മൂട്ടകൾ ഇവ ഒഴിഞ്ഞുപോകും.

തെകളിനെ അകറ്റുന്നതിന്.

പലംകഷായതഷ്കര ഭാൎങ്ഗീപുഷ്പശ്രീവാസക ത്രുപ്രഷണകൈൎഗ്ഗുഡേന
യുക്തോവിഡംഗേന ച ധൂപവൎഗ്ഗോനിഹന്ത്യുവാറിവൃശ്ചികാദീൻ.

ഗുൽഗ്ഗുലു ചേൎത്ത എരുക്കിൻപൂവു് തിരുവട്ടപ്പശ ചുക്കു മുളകു തിപ്പലി വിഴാലരിക്കാമ്പു് ഇവ എല്ലാംകൂടി പൊടിച്ചു ശൎക്കരയും ചേൎത്തു് പുകച്ചാൽ തെകൾ മുതലായവ ഒഴിഞ്ഞുപോകും.

വണ്ടു് തുമ്പി മുതലായ വിഷജന്തുക്കൾ ഒഴിഞ്ഞുപോകുന്നതിന്.

മുസ്താഭാൎങ്ഗഫലാനിസൎജ്ജപഗുഡൈഃ ഭല്ലാതകോശീരകൈ
താലംവാനരികാം പ്രവേഷ്യമരികാൻ ... ഭദ്രോദ്ധൂപകം
സൎപ്പാമൂഷകമക്ഷണാംശ്ച നിതരാം യേന്യേവിഷഘ്നാന്വിതാ
ഭൃംഗാദ്യാഭ്രമരീയുതാശ്ചനിഖിലാ ദൂരംഗച്ഛന്ത്യനൈവ.

മുത്തങ്ങാക്കിഴങ്ങു് എരുക്കിൻവേരു് മലങ്കാഞ്ഞിരം കടുക്ക് ശൎക്കര ചേൎത്തു വെൺകടുക്ക് അരിതാലം നായ്ക്കുരുണവേരു് ഇവ പൊടിച്ചു പുകച്ചാൽ ഗൃഹത്തിലുള്ള പാമ്പു് എലി മൂട്ട വണ്ടു് തുമ്പി മുതലായ വിഷമുള്ള ജന്തുക്കൾ എല്ലാം അകന്നുപോകും.

എറുമ്പു് മുതലായവ ഒഴിഞ്ഞുപോകുന്നതിന്.

ലാക്ഷാസിദ്ധാൎത്ഥതാലക്രിമിരിപുനളദോശീരകാശ്മീരജാതോ
ധൂപോപാൎത്ഥദ്രുമാണാം ദളപുരസഹിതോ രണപത്രപ്രയുക്തഃ
ദൂരീകുൎയ്യാൽപിപീല്യാദ്യഖിലക്രിമിഗണാനോകസോനാത്ര ചിത്രം
തദ്വദ്വാപദ്വനൌഘാൻമശകബാഹുളാൻദൂരമേവാശു കുൎയ്യാൽ.

കോലരക്ക് വെൺകടുക് അരിതാലം ക്രമിശത്രു രാമച്ചം മായിക്കൊട്ടം നീൎമരുതിൻഇല ഗുൽഗ്ഗുലു അരേണുകം പച്ചില ഇവ പൊടിച്ചു പുകച്ചാൽ എറുമ്പു് ഈച്ച കൊതുകു മുതലായവ അകന്നുപോകും.

വേറൊന്ന്.

ശ്രീവേഷ്ടതാലകകുഭപ്ലവ...
ഭല്ലാതകോശീരക ലാംഗലീനാം
ധൂപോവിഡംഗാന്വിത ചന്ദനാഢ്യോ
യൂകാൻമശാൻ മക്ഷണകാംശ്ച ഹന്യാൽ.

തിരുവട്ടപ്പശ അരിതാലം നീൎമരുതിൻപൂവു് ചേൎത്ത രാമച്ചം മേന്തോന്നിക്കിഴങ്ങു് വിഴാലരി ചന്ദനം ഇവ എല്ലാംകൂടി പൊടിച്ചു പുകച്ചാൽ ചെള്ളു് കൊതുക് മൂട്ട ഇവ നശിച്ചുപോകും.

ശരീരത്തിനുള്ളിലുള്ള ക്രമികൾ.

ആമാശയസ്ഥാഃ കഫജാ വിവൃദ്ധാഃ
സൎപ്പന്തി സൎവ്വത്ര ചബ്രഹ്മതുല്യാഃ
കേചിദ്ധി ഗണ്ഡൂപദരൂപിണോഽന്യ
ധാന്യാംകുരാഭാസ്തനദീൎഘസൂക്ഷ്മാഃ.

ശ്വേതാശ്ചരക്താ ബഹുധാത്രസപ്ത
പ്രകാരഭേദേന ച നാമയുക്താഃ
തേഷാം ച നാമാനി ചികിത്സിതം ച
ബ്രവീമി ധന്വന്തരി വൎണ്ണിതം തൽ.

ക്രമികൾ കഫത്തിൽനിന്നു ജനിച്ചു് ആമാശയത്തിൽ ഇരുന്നു് വൎദ്ധിച്ചു് ബ്രഹ്മംപോലെ എല്ലായിടവും വ്യാപിക്കുന്നു. അവയിൽ ചിലതു് ഞാഞ്ഞൂലിന്റെ ആകൃതിയിലും ചിലതു് നെല്ലിന്റെ ഓവിനോട്ടു് തുല്യങ്ങളും കുറുകിയും നീണ്ടുംസൂക്ഷ്മങ്ങളായും വെളുത്തും ചെമന്നും പലവിധം ഇരിക്കും. അവ ഏഴുവിധത്തിലുണ്ടു് അവയുടെ നാമങ്ങളും ചികിത്സകളും ധന്വന്തരി വൎണ്ണിച്ചിട്ടുണ്ടു്. അതിനെ ഇവിടെ പറയാൻ ഭാവിക്കുന്നു.

അന്ത്രാദാശ്ച ഭവന്ത്യേകേ ജഠരാദാസ്തഥാപരേ
ഉദരവേഷ്ടിനശ്ചാന്യേ ഹൃദയാദാമഹാകുഹാഃ
ചുരവാദർകുസുമസുഗന്ധാസ്തഥാപരേ
അരോചകാസ്രുസ്രവണഹൃല്ലാസജ്വരകാരകാഃ
മൂൎച്ഛാവിപാകവമഥുക്ഷവഥാനാഹപീനസാൻ
കാൎശ്യം ചാപി വിശേഷേണകുൎവ്വന്ത്യേതേകഫോത്ഭവാഃ.

അന്ത്രാദങ്ങൾ ശൂലാദങ്ങൾ ഉദരാവേഷ്ടികൾ ഹൃദയാദങ്ങൾ മഹാകുഹങ്ങൾ ചുരചങ്ങൾ ദർഭകുസുമഗന്ധങ്ങൾ ഇങ്ങനെ ഏഴുവിധത്തിൽ കൃമികൾ ഉണ്ട്. അവ അരുചി വായിൽകൂടി വെള്ളംവരിക നെഞ്ചുരുക്കം ജ്വരം മൂർഛ അസ്യവൈരസ്യം ഛർദ്ദി തുമ്മൽ വയറുവീപ്പ് പീനസം ഇവയേയും വിശേഷിച്ചു കാർശ്യത്തെയും ചെയ്യും. ഇവ കഫോത്ഭവങ്ങളും ആണ്.

കൃമിചികിത്സ.

വചേന്ദ്രഗന്ധാ കൃമിജിൽ പലാശ ബീജാജഗന്ധാ ശുഭഹിംഗുയുക്താഃ
സുഷേണയായുക്ത അസൈന്ധവീതോ തപ്ലോദകേനൈവ കൃമീൻനിഹന്യാൽ.

വയമ്പ് കർപ്പൂരം കൃമിശത്രു പ്ലാശിൻകുരു അയമോദകം നാറ്റിവേളകായം ത്രികോല്പക്കൊന്ന ഇവ എല്ലാംകൂടി പൊടിച്ചു ചൂടുവെള്ളത്തിൽ കലക്കി സേവിക്കുക. കൃമികൾ നശിക്കും.

രക്തജകൃമികൾ.

രുധിരവാഹിസിരാസ്രുസമുൽഭവാ രുധിരജാഃ കൃമയസ്തനവഃ പദേ
ചലുഭവന്ത്യഥ താമ്രസമപ്രഭാഹ്യപദേഷ്വപി ച കേശവിനാശനാഃ.

രക്തവാഹിനികളായ ഞരമ്പുകളിലെ രക്തത്തിൽനിന്നും ഉണ്ടാകുന്നവയാണ് രക്തജങ്ങളായ കൃമികൾ. ചെമ്പിന്റെ നിറമുള്ളവയും കാലില്ലാത്തവയും ആയി രക്തജകൃമികളുമുണ്ട്. ഇവ തലമുടിയെ നശിപ്പിക്കുന്നവയും ആണ്.

രക്തജകൃമിചികിത്സ.

വിശ്രാന്താപസികാവിഡംഗകശായാദീപ്യാദിസൈന്ധവൈഃകൃതം
ചൂർണ്ണംനിംബുസുപത്രയുക്തമശിതം കമ്പില്ല്യയുക്തംതഥാ
ഗോമൂത്രേണനിപാതമേച്ചശതശോ ജന്തൂൻസഹാവിഷ്ണുനാ
മുക്തം ചക്രമഥോതഥാസുദർശനാൻ സദൈവപദ്യത്തംഹറാൽ.

അതിവിഷം കാട്ടുപീച്ചുകത്തിൻവിത്ത് വിഴാലരി തിപ്പലി അയമോദകം വെളുത്തുള്ളി നാരകത്തില കമ്പിപ്പാല ഇവ പൊടിച്ചു ഗോമൂത്രത്തിൽ സേവിച്ചാൽ സുദർശനചക്രം അസുരന്മാരെ എന്നപോലെ സകല കൃമികളെയും നശിപ്പിക്കും.

പുരീഷജകൃമികൾ.

പക്വാശയേ മലഭവാഃ കൃമയസ്തഥായഃ
സപ്പന്തിപൂർവ്വമിഹചാമഗതാതിവൃദ്ധാഃ
വിഡ്ബന്ധശൂലതനുകാർശ്യകരാസ്തമൈഥവ
പീതാസ്സിതാഹ്യസിതവർണ്ണയുതോഭവേയുഃ.

പക്വാശയത്തിൽ മലഭവങ്ങളായ കൃമികളാണ് ഉണ്ടാവുക അവ പക്വാശയത്തിൽനിന്നും അധോഭാഗത്തേക്കു വ്യാപിക്കുന്നു. ഇവ മുമ്പിൽത്തന്നെ ദഹനക്കേടുനിമിത്തം വർദ്ധിച്ചവയും ആയിരിക്കും. ഇതുകൂടാതെ മലബന്ധം ശൂലം തനുകാർശ്യം ഇവയേയും ഉൽപ്പാദിപ്പിക്കും. ഇവയ്ക്കു വെളുപ്പ് മഞ്ഞ കറുപ്പ് ഈ നിറങ്ങളും ഉണ്ടായിരിക്കും.

കൃമികളുടെ നാമങ്ങൾ.

കകേരുകാമേകരുകാസ്സൌസുരാദാസ്സലൂനകാഃ
ലേലിഹാനാഭവന്ത്യേതേ നാമ്നാഖലേപവാത്തുളാഃ.

കകേരുകങ്ങൾ മേകരുകങ്ങൾ സൌസുരാദങ്ങൾ സലൂനകങ്ങൾ ലേലിഹാനങ്ങൾ ഇങ്ങനെ പക്വാശയകൃമികൾക്കു പല നാമങ്ങളും ഉണ്ട്.

രോമഹർഷാഗ്നിസദനകാരിണോധോവിസപ്പിണഃ
വിഷ്ടംഭപാരുഷ്യകരാ ഗുദഗണ്ഡൂകരാ അലം.

അധോഭാഗത്തിലേക്കു വ്യാപിക്കുന്ന മുൻപറഞ്ഞ കൃമികൾ രോമാഞ്ചം അഗ്നിമാന്ദ്യം മലബന്ധം സ്നിഗ്ദ്ധതയില്ലായ്ക ഗുദത്തിൽ ചൊറിച്ചില് ഇവയെ ചെയ്യുകയും ചെയ്യും.

പാണ്ഡുതാംജനയന്ത്യേവ വ്യദ്ധാശ്ചാരിവിമാർഗ്ഗഗാഃ
തസ്മാദേനവഹ്യൈവതേ പാതനീയാ വിശാരദൈഃ.

ഈ കൃമികൾ വർദ്ധിച്ചാൽ പല വഴികളിലും സഞ്ചരിച്ച് ദേഹത്തിനു വിളർച്ചയേ ഉണ്ടാക്കും. അതിനാൽ അവ എങ്ങനെയുള്ളവയാണെങ്കിലും ഈ കൃമികളെ സമർത്ഥന്മാരായ വൈദ്യന്മാർ വേഗത്തിൽ നശിപ്പിച്ചു കളയണം.

മലജകൃമിചികിത്സ.

പിപ്പല്യാദിചൂർണ്ണം.

കണാകണാപാദവചാനലാനാം
സജീരയുഗ്മാനപിതധാന്യകാനാം
പലദ്വയാനഗ്രാഹ്യപൃഥക്ക് പൃഥക്ക് ച
സുനാഗപുഷ്പേണ സമന്വിതാനാം.
താലീസപത്രാണി ച പൂർവ്വവൽധി
സൌവർച്ചലസ്യാപി ഹി പഞ്ചഭാഗാൻ
ശുണ്ഠ്യാഃപലൈകം മരിചസ്യ തദ്വ
ദജാജികായാസ്തു പലം നിഗാഹ്യ.
ഏലാത്വചൌചാഥ പലാർദ്ധമാനൌ
ഗ്രാഹ്യൌതഥാ വൈകടുവദ്വയം ച
സാമുദ്രികസ്യാപ്യഥ ദാഡിമസ്യ

നിഗുഢ്യൈ ച ഫം കുഡുമ്പം ഹരിവൈഡ്യ്യഃ
അമ്ലാദികസ്യാപി ഹി വേതസസ്യ
പലദ്വയം ഗ്രാഹ്യ വിശോഷ്യ[illegible]
ചൂർണ്ണം പ്രദേയം [illegible]
വ്വിനാശനം സർവ്വക്രിമിജന്തുനാം.
കണ്ഡൂഹരം രുചികരം സൂര്യാ വിപീതം
തപ്തോദകേന ച തഥാമാറികാരമുഗ്രം
സദ്യോവിനാശയതി[illegible]മേത
ദർശാംസി ചാഥമാഹതീം ഗ്രഹണീം ച തദ്വൽ.

തിപ്പലി കാട്ടുതിപ്പലിവേരു വയമ്പു [illegible] ജീര കം കരിഞ്ജീരകം കൊത്തമ്പാലരി [illegible] ഇവ ഓരോന്നും ഈരണ്ടു പലം വീതം. താറി[illegible] ഇന്തുപ്പു പലം ൧. ചുക്കു പലം ൧. നല്ലമുളകു പലം ൧. [illegible] പലം ൧. ഏലം ൧. ചുക്കു പലം ൧. നല്ലമുളകു [illegible] ഉരുനാഴി. താ ഇലവർങ്ഗം ഇവ [illegible]. ശുദ്ധി ചെയ്ത [illegible] ഉരുനാഴി. ഞെരിഞ്ഞാ ളിമാതളത്തോട്ടു നാഴി [illegible] പലം ൨. ഞെരിഞ്ഞാ പുളികിഴങ്ങു പലം ൨. ഇവ [illegible] സേവി ച്ചാൽ സകല ക്രിമികളും നശിക്കും. [illegible] ചൊറിച്ചി ല്ലു അരുചി ഇവ ശമിക്കും. ചൂട്ടവെള്ളത്തിൽ സേവിച്ചാൽ ഭയങ്കരമാ യ ആമ (ദേഹനക്കേട്) വികാരം നശിക്കും. മോരിൽ സേവിച്ചാൽ അർശസ്സ് വലിയ ഗ്രഹണി ഇവയും ശമിക്കും.

സ്നായുകക്രിമികൾ.

ജാതസ്തു കഫരക്താഭ്യാം സ്നായുകഃ [illegible]
തോദാഢ്മാനകരസ്സോയം സ്നായ്വാ[illegible]ക്രിമിഃ.

കഫരക്തങ്ങളിൽ നിന്നുണ്ടാകുന്ന [illegible] സ്നായുകക്രിമികൾ എന്നു പറയുന്നതു്. അവ കുത്തിനോവു് [illegible] ഇവയെ ഉണ്ടാ ക്കും. ചെറുക്കരമ്പിന്റെ ആകൃതിയിൽ [illegible] ചെയ്യും.

സ്നായുകക്രിമിചികിത്സ.

സ്നായുജന്തുപ്രശമനം തീക്ഷ്ണമോവൈശ്ചിരേചനം
സുരസാദി[illegible]
വിഡംഗസ്നേഹലവണൈര്യുക്താഃ [illegible]
സ്നായുജന്തുഹരസ്സദ്യോയവാഗ്രസ്തു[illegible]
വിഡംഗവ്യോഷ[illegible]
ശിഗ്രുബീജസമായുക്താ [illegible]

സ്നായുജക്രിമികളുടെ ശമനത്തിനു [illegible] തീക്ഷ്ണവിരേചനം ചെയ്യണം. സുരസാദിഗണം യവം [illegible] പഴമുതിര വി

ഴാലരി ഇന്തുപ്പു ഇവയുംകൂടി ചേർത്തു [illegible] സേവി പ്പിക്കുകയും വിഴാലരി നല്ലമുളകു ചുക്കു മുളകുതിപ്പലി തുവച്ചിലയുപ്പു മുരിങ്ങയരി ഇവയെല്ലാംകൂടി മോർ ചേർത്തു് [illegible] കുടി പ്പിക്കയും ചെയ്താൽ സ്നായുജക്രിമികൾ നശിക്കും.

ദചിമാർഗ്ഗഗങ്ങളായ ക്രിമികളുടെ ചികിത്സ.

ക്രിമിഘ്നിൽ ക്രമുകൈരുതു മസ്തുനാ കൃതകല്ക്കൈഃ പലുപാനതഃ ക്ഷണാൽ
ശമനൌ പ്രഥിതൌ ദചിമാർഗ്ഗഗ ക്രിമിജാലസ്യ[illegible]ഭോജിനഃ.

ക്രിമിശത്രു പാക്കിൻപൊടി ഇവ തൈരിൻവെള്ളത്തിൽ കല ക്കി സേവിച്ചാൽ ദചിമാർഗ്ഗഗങ്ങളായ ക്രിമികൾ ശമിക്കും.

കിഞ്ചുകക്രിമികളുടെ ലക്ഷണം.

ജ്വരോരുസ്ഫൂടനം ഭ്രാന്തിർ വിഡ്ഛിദോ[illegible] വിവർണ്ണതാ
ഗർജ്ജനം ജഠരശ്ശൂല മതീസാരസ്സ [illegible]
മന്ദാഗ്നിത്വം പിപാസാ ച [illegible] തഥാ
ജാതേഷു കിഞ്ചുകേഷ്വേതേ സർവ്വേ[illegible] ഏവഹി.

ജ്വരം തുടപിളർന്നുപോകുന്നപോലെ [illegible] തലകറക്കം മല ബന്ധം നിറംമാറുക വയററിൽ മുളലും വേദനയും പതയോടുകൂടി വ യറിളകിപ്പോകുക അഗ്നിമാന്ദ്യം ദണ്ണീ[illegible] കണ്ണിനു മഞ്ഞനിറം ഇവയൊക്കയും കിഞ്ചുകക്രിമികൾ ബാധിച്ചാൽ ഉണ്ടാകുന്ന ഉപദ്രവ ങ്ങളാകുന്നു.

കിഞ്ചുകക്രിമികളുടെ ചികിത്സ.

ധനദനേത്രദളോത്ഥരസം പിബേൽ പലമിതം കില കിഞ്ചുശമായ വാ
മരിചസപ്തകസംയുതമേവ ഹി പ്രഥിത[illegible] സമം ക്ഷിതൌ.

കഴഞ്ചിയില പിടിച്ചുപിഴിഞ്ഞനീരു പലം ൧. ഇതിൽ ഏഴു നല്ലമുളകു അരച്ചുചേർത്തു സേവിച്ചാൽ കിഞ്ചുകക്രിമികൾ നശിക്കും.

സൂചീമുഖക്രിമികൾ.

സൂചീമുഖാസ്സൂചിസമം തുദന്തി രക്താതിസാരം രുധിരാന്വിതം ച
ഛർദ്ദിം ചകുർവ്വന്ത്യധമാ നവാനാം യകൃദ്ഗ്ളജശ്വാരി ദിശന്തിപീഡാം.

സൂചീമുഖങ്ങൾ എന്ന ക്രിമികൾ സൂചികൊണ്ടു കുത്തിയതു പോലെ ദേഹത്തിൽ വേദനയുണ്ടാക്കും. രക്തം അതിസരിക്കയും രക്തം ഛർദ്ദിക്കയും ചെയ്യും. ആ ക്രിമികൾ യകൃത്തിനെ ഭക്ഷിച്ചു അധി കം ഉപദ്രവത്തെ ഉണ്ടാക്കുന്നു.

ക്ലേദോമുഖെ[illegible]ചിർജാഡ്യം തൃഷ്ണാ[illegible] ഏവ ച
മന്ദജ്വരശ്ച മന്ദാഗ്നിർജ്ജായതേ [illegible]

മുഖത്തിൽ വെളുപ്പു അരുചി ജഡത തണ്ണീർദാഹം നെഞ്ചുരു

ക്കം കുറെശ്ശപ്പനി അഗ്നിമാന്ദ്യം ഇവയൊക്കെയും സൂചീമുഖകൃമികളുടെ ഉപദ്രവങ്ങളാകുന്നു.

സൂചീമുഖകൃമിചികിത്സ.

ശവാദനീ നീരധരാഖുപർണ്ണീ ഫലത്രയാണാം ച ജലേനപിഷ്ടം
കൽക്കം ച ദേവദ്രുമഹിംഗ്രുയുക്തം വിഡംഗകൃഷ്ണാന്വിതമേവപേയം.

ചെറിയ കാട്ടുവെള്ളരിയുടെ വേര മുത്തങ്ങാക്കിഴങ്ങു എലിച്ചെവിയൻ ഇവയുടെ കഷായത്തിൽ ത്രിഫല ദേവതാരം കായം വിഴാലരി തിപ്പലി ഇവ അരച്ചുകലക്കി സേവിച്ചാൽ സൂചീമുഖകൃമികൾ നശിക്കും.

വേറൊരു യോഗം.

സുരസാദി.

സുരസാസുരദാരുമാഗധീ ത്രിവൃദ്ഗന്ധാ ത്രിവൃതാ രസോനജം
ത്രിഫലാ കൃമിശത്രുദന്തിനീസഹിതം സൂചിമുഖാൻവിനാശയേൽ.

തുളസിക്കതിര ദേവതാരം തിപ്പലി ത്രികോല്പക്കൊന്നയുടെ കറുത്തകോല്പക്കൊന്ന വെളുത്തുള്ളി ത്രിഫല കൃമിശത്രു നാഗദന്തിവേര ഇവ കഷായംവച്ചു സേവിച്ചാൽ സൂചീമുഖകൃമികൾ നശിക്കും.

ധാന്യാങ്കുരാഭങ്ങളായ കൃമികൾ.

മലാശയസ്ഥാഃ കൃമയശ്ച പായും ദംശന്തി ധാന്യാംകുരരൂപഭൃതാഃ
യദാതദാ ക്ലൈബ്യമഥോഹിരോമ ഹർഷോഽപ്യധോയേ വിമനസ്തതാച.
വിഡ്ഭേദവിഷ്ടംഭ ഗുദോത്ഥകണ്ഡൂ ശ്രമാശ്ചഗാത്രേഽപ്യതിജാഡ്യമേവ
ക്ലേദസ്തഥന്നേത്രഭവസ്തഥൈവ യസ്യ പ്രാംചദൌർബല്യം പെലുജായതേത്ര.

മലാശയത്തിൽ സ്ഥിതിചെയ്യുന്നവയും മലാശയത്തെ ഭക്ഷിക്കുന്നവയും നപുംസകത്വത്തെ പ്രദാനംചെയ്യുന്നവയും ആണ് ധാന്യാങ്കുരാഭകൃമികൾ. ഈ കൃമികളുണ്ടായാൽ രോമാഞ്ചം വരികയും സ്ത്രീസംഗത്തിലുള്ള അഭിരുചി അശേഷം വിട്ടുപോകയും ചെയ്യും. മലമിളകിപ്പോകുക ചിലപ്പോൾ മലബന്ധമുണ്ടാവുക ഗുദത്തിൽ എല്ലായ്പോഴും ചൊറിച്ചിൽ തളച്ച് ശരീരത്തിനധികമായ ജാഡ്യം ഹൃദയത്തിനും നേത്രങ്ങൾക്കും നലവ് ശരീരത്തിനു കൃശത ഇവയും ഉണ്ടാകും.

ധാന്യാംകുരകൃമിചികിത്സ.

കടുതൈലസമായുക്താഃ സകഫവോ ഗുദവേശിതാഃ
ശിശൂനാം നാശയന്ത്യേവ ധാന്യാംകുരനിഭാൻ കൃമീൻ.

മലർപ്പൊടി കടുകെണ്ണയിൽ കുഴച്ചു തിരിയുടെ ആകൃതിയിലാക്കി ഗുദത്തിൽ പ്രവേശിപ്പിച്ചാൽ ശിശുക്കളുടെ ധാന്യാംകുരനിഭങ്ങളായ കൃമികൾ നശിക്കും.

നിംബപത്രാദി പാനം.

നിംബപത്രകൃമിഘ്നദ്രസോനജം
മാതുളംഗജടയാ സമന്വിതാം
സാജമോജസരളാസമന്വിതം
പാനമത്ര ച ഗവാം ജലൈശ്ശ്രുതം.

വേപ്പില കൃമിശത്രു വെളുത്തുള്ളി മാതളനാരകത്തിൻവേര അയമോദകം ത്രികോല്പക്കൊന്ന ഇവ പൊടിച്ചു ഗോമൂത്രത്തിൽ സേവിച്ചാൽ കൃമിബാധ ശമിക്കും.

കൃമ്യുപദ്രവങ്ങൾ.

ആദ്ധ്മാനജ്വരശൂലവിഡ്ഗ്രഹയുതഃപാണ്ഡുഃപിപാസാപിവാട്-
തീസാരോ ജ്വരാഗ്നിമാന്ദ്യസഹിതശ്ശോഷശ്ച ഛർദ്ദിസ്തഥാ
സർവ്വേചൈവഭവന്ത്യുപദ്രവഗണാന്ത്വനം കൃമീണാമലം
ജേതുംശാസ്ത്രവിചാരസാരനിപുണൈര്യോഗൈസ്തശാസ്ത്രോദിതൈഃ

വയർവീർപ്പ് ജ്വരം ശൂലം മലബന്ധം വിളർച്ച് തണ്ണീർദാഹം അതിസാരം അഗ്നിമാന്ദ്യം ശോഷം ഛർദ്ദി ഈ ഉപദ്രവങ്ങളൊക്കെയും കൃമിരോഗത്തിലുണ്ടായിരിക്കും. ഇവയെ ശാസ്ത്രവിഹിതങ്ങളായ ചികിത്സകൾകൊണ്ടു കുശലനായ വൈദ്യൻ ശമിപ്പിക്കണം.

ഉപദ്രവങ്ങളുടെ ചികിത്സകൾ.

ഏകവിംശതിവാരാണി പർപ്പടീം രസപൂർവ്വികാം
സ്നുഹീദുഗ്ദ്ധഃശുദ്ധനസംഭാവ്യ കൃമ്യാദ്ധ്മാനേ പ്രദാപയേൽ
പലാശാസ്ഥ്യജമോജാഭ്യാം ക്ഷീരിണീരസഗന്ധകൌ
കൃമിശൂലഹരൌ നദ്യാഖുപർണ്ണീസമുദ്ഭവം.
സതാമ്രം രസമേവൈകം പീതം ശൂലനിവാരണം
കൃമിജ്വരേചതസ്യാവാ കഷായഃശർക്കരായുതഃ.

രസപർപ്പടി ഹ പ്രാവശ്യം കള്ളിപ്പാലിൽ ഭാവനചെയ്തു കൃമിനിമിത്തമുണ്ടാകുന്ന വയറുവീർപ്പിൽ കൊടുക്കണം. പ്ലാശിൻകുരു അയമോദകം ഗന്ധകം ഇവ കഴഞ്ചിവേരിൻകഷായത്തിൽ അരച്ചു ഗുളികയാക്കി കൊടുത്താൽ കൃമിശൂലഹരങ്ങളാകുന്നു. അതുപോലെ ചെമ്പുഭസ്മം എലിച്ചെവിയന്റെ നീരിൽ ചേർത്തു കൊടുത്താലും കൃമിശൂലം നശിക്കും. കൃമിനിമിത്തമുള്ള ജ്വരത്തിൽ എലിച്ചെവിയൻ

കഷായം വെച്ചു പഞ്ചസാര മേമ്പൊടി [illegible] കൊടുക്കുന്നതും നല്ല
താണ്.

അസാദ്ധ്യക്രിമികളുടെ ലക്ഷണം.

വർജ്ജയേൽ ക്രിമിവന്തം തം സർവ്വോപദ്രവപീഡിതം
ക്ഷീണമാംസം വിസ്വരഞ്ച [illegible]ക്രിമിസംവൃതം

സകല ഉപദ്രവങ്ങളുണ്ടായിരിക്കുക മാംസം ക്ഷയിക്കുക മല
ഛർദ്ദിക്കുക ദേഹത്തിൽ എല്ലായിടത്തും ക്രിമികൾ ഉണ്ടാവുക ഈ ല
ക്ഷണങ്ങളോടുകൂടിയ ക്രിമിരോഗിയെ ഉപേക്ഷിക്കണം.

ക്രിമികൾ നശിച്ചാലുള്ള ലക്ഷണം.

സ്വാഹാരലബ്ധിശ്ച പരാക്രമശ്ച
ഭവേദ്ബലം പൂർവ്വവദേവ തദ്വൽ
അരുഗ്മാനാനാശശ്ച മലപ്രവൃത്തിഃ
സമ്യക് ക്രിമീണാം ച വിനാശനേ സ്യാൽ.

ക്രിമിരോഗമില്ലാതിരുന്നപ്പോഴത്തെപ്പോലെ ആഹാരം കഴിക്കുക
ദേഹത്തിന് ഓരോ കർമ്മങ്ങളിൽ സാമർത്ഥ്യമുണ്ടാവുക, വയറുവീർപ്പു ന
ശിക്കുക, മലം ശരിക്കു പോകുക [illegible] ക്രിമിരോഗം മാറി
യാലുള്ള ലക്ഷണമാകുന്നു.

ജയതി ചന്ദ്രിത്യം [illegible]
മമ ബൃഹജ്ജാഡ്യം ശമയതി [illegible].

എന്റെ [illegible] [illegible] [illegible]നിന്നും
എനിക്കു ലഭിച്ച ശാസ്ത്രശിക്ഷണം [illegible] ജയിക്കുന്നു.

ആറാം സ്തബകം കഴിഞ്ഞു.

സപ്തമസ്തബകം.

പ്രണമ്യ [illegible]
വൃഷധ്വജം ശങ്കരമവ്യയം വൈ
ബ്രവീമി പാണ്ഡ്വാമയസച്ചികിത്സാം
ഭിഷഗ്വരിഷ്ഠാൻ സ്വഗുരൂംശ്ച തദ്വൽ.

മൂഷികവാഹനനായ ഗണപതിയേയും വൃഷഭവാഹനനാ

ശ്രീപരമേശ്വരനേയും വൈദ്യശ്രേഷ്ഠന്മാരായ ഗുരുക്കന്മാരേയും വ
ന്ദിച്ച് ഞാൻ പാണ്ഡുരോഗചികിത്സയെ പറവാൻ ഭാവിക്കുന്നു.

പാണ്ഡുരോഗഭേദങ്ങൾ.

പാണ്ഡ്വാമയാഃ പഞ്ചഭവന്തി തത്ര
ത്രയശ്ച വാതാദിഭിരേവ ദുഷ്ടൈഃ
സ്യാൽ സന്നിപാതേന ച പഞ്ചമശ്ച
മൃദ്ഭക്ഷണാദേവ വദന്തി വൈദ്യാഃ. ൧

വാതം പിത്തം കഫം ഇവ ഓരോന്നു കോപിച്ചും എല്ലാംകൂടി
കോപിച്ചും മണ്ണു തിന്നുകകൊണ്ടും ഇങ്ങനെ പാണ്ഡുരോഗങ്ങൾ അ
ഞ്ചുവിധത്തിൽ ഉണ്ടാകും.

പാണ്ഡുരോഗപൂർവ്വരൂപവും നിദാനവും.

ലവണമദ്യമൃദാം പരിസേവനാ
ദതിദിവാശയനാദതിമൈഥുനാൽ
ഖലു ചതീക്ഷ്ണരസാമ്ലനിഷേവണാ
ദ്ധി മതൗ വിദൂഷ്യനയന്തി ച. ൨
ത്വചിതു പാണ്ഡുരതാം [illegible]
നയനകൂടഗതാ ഖലു ശോഫതാ
ഭവതി മൂത്രപുരീഷം [illegible]
ത്വചി ച വിസ്ഫുടനം [illegible]. ൩

ഉപ്പ് മദ്യം മണ്ണ് ഇവ വളരെ സേവിക്കുക, പകൽ അധികം
ഉറങ്ങുക അതിസംഭോഗം ചെയ്യുക തീക്ഷ്ണരസങ്ങളും അമ്ലരസങ്ങ
ളും അധികമായി സേവിക്കുക ഈ [illegible] വാതപിത്തകഫ
ങ്ങൾ രക്തത്തെ ദൂഷിപ്പിച്ചു ത്വക്കിൽ വിളർച്ചയെ ഉണ്ടാക്കുന്നു. അ
ക്ഷികൂടങ്ങളിൽ (കൺപോളകളിൽ) നീര് മലമൂത്രങ്ങൾക്കു മഞ്ഞ
നിറം ത്വക്ക് വിണ്ടുകീറുക ശരീരത്തിനു ക്ഷീണം ഇവ പാണ്ഡുരോഗ
ത്തിന്റെ പൂർവ്വരൂപങ്ങളാണ്.

മൃദ ഭക്ഷണേച്ഛാ [illegible]
നിഷ്ഠീവനം ചാപി ഭവന്തി സർവ്വേ
ജാതേ ച തസ്മിന്നഥ ശ്വാസയുക്തഃ ൪
കാസോ നഖത്വങ് നയനേഷു തദ്വൽ.
പാണ്ഡുത്വമേവാഥ വമിശ്ച സാദോ
ഹൃദ്ഗോ[illegible] ശോഫസ്യ സമുദ്ഭവശ്ച
വക്ഷ്യേഥ വാതാദിയുതസ്യ ലിംഗം
ഗ്രന്ഥസ്യ ഭൂയസ്ത്വഭയേന കിഞ്ചിൽ. ൫

മണ്ണു തിന്നണമെന്നുള്ള ആഗ്രഹം, വായ്ക്കു് പഴുപ്പു്, കൂടക്കൂടെ തുപ്പുക ഇവയും പൂൎവ്വരൂപങ്ങളാണു്. പാണ്ഡുരോഗം പ്രത്യക്ഷമായാൽ ശ്വാസം, ചുമ, നഖം, തൊക്കു്, കണ്ണു് ഈ സ്ഥാനങ്ങളിൽ വെളുപ്പുനിറം, ഛൎദ്ദി, അഗ്നിമാന്ദ്യം, നീരിന്റെ ആരംഭം ഇവയുണ്ടാകും; ഇനിയും വാതം മുതലായ ഓരോ ദോഷങ്ങൾ കോപിച്ചും മററുമുണ്ടാകുന്ന പാണ്ഡുരോഗലക്ഷണത്തെ ഗ്രന്ഥവിസ്തരത്തെ ഭയന്നു അല്പമായിപറയാൻ പോകുന്നു.

കൃഷ്ണാരുണത്വം നയനാദികാനാം
വാതേന പിത്തേന ച പീതതാ ച
ശൌക്ല്യം കഫേനൈവ ച സൎവ്വജാതേ
സൎവ്വാണിലിംഗാനി ഭവന്തി പാണ്ഡൌ. ൧

വാതകോപത്താൽ ഉണ്ടാകുന്ന പാണ്ഡുരോഗത്തിനു് കണ്ണു് നഖം മുതലായ സ്ഥാനങ്ങളിൽ കറുപ്പോ ചെമപ്പോ കാണും. പിത്തകോപത്താൽ ഉണ്ടാകുന്നതിനു നയനാദികളിൽ മഞ്ഞവൎണ്ണവും കഫം കോപിച്ചുണ്ടാകുന്നതിനു വെളുപ്പും, വാതം പിത്തം, കഫം ഇവ മൂന്നും കോപിച്ചുണ്ടാകുന്നതിനു് മൂന്നിന്റെയും ലക്ഷണങ്ങളും കാണും.

പാണ്ഡുരോഗത്തിലെ ഉപശയം (പത്ഥ്യശീലനം.)

പുരാണയവഗോധൂമശാലീനാം ച പ്രശസ്യതേ
മുദ്ഗാഢകീമസൂരാണാം ജാംഗലാനാം രസസ്തഥാ. ൨

പഴകിയ യവം, ഗോതമ്പു്, ചെന്നെല്ലു് ഇവ ഉപയോഗിക്കുന്നതും, ചെറുപയറു്, തുവര, ചണംപയറു് ജാംഗലമാംസം ഇവയുടെ രസം ഉപയോഗിക്കുന്നതും പാണ്ഡുരോഗത്തിനു് പത്ഥ്യമാണു്.

പാണ്ഡുചികിത്സ

മണ്ഡൂരചൂൎണ്ണം സുരഭീജലേന
സംസാധിതം വൈ സുരഭീജലേന
ഭുക്തം ഗുഡാഢ്യം ഖലു പാണ്ഡുരോഗം
സപക്തിശൂലം വിനിഹന്തി സദ്യഃ. ൩

പുരാണകിട്ടം പൊടിയാകുന്നതുവരെ ഗോമൂത്രത്തിൽ ഭാവന ചെയ്തു നല്ല പൊടിയാക്കിക്കഴിഞ്ഞതിനുശേഷം എടുത്തു് ശൎക്കരയും ചേൎത്തു് ഗോമൂത്രത്തിൽത്തന്നെ കലക്കി സേവിച്ചാൽ പരിണാമശൂലയോടുകൂടിയ പാണ്ഡുരോഗം ശമിക്കും.

പുനൎന്നവാദിവടി

പുനൎന്നവാദാരുത്രിവൃദ്വിഡംഗ-
വ്യോഷത്രിയാമാത്രിഫലാനികുംഭൈഃ
കാലിംഗതിക്താഘനരുഗ്യവാനീ-
ശൃംഗീകണാമൂലസുകാരവീഭിഃ. ൧൦
സകൽഫലാഭിശ്ചവികായുതാഭി-
ശ്ചിത്രാന്വിതാഭിൎദ്വിഗുണേനതദ്വൽ
മണ്ഡൂരകേണാപിസമന്വിതാഭിർ-
മൂത്രേണചൈവാഷ്ടഗുണേനവാപി. ൧൧
സംപേഷ്യപൂൎവ്വം ച വിമിശ്രിതാഭിഃ
സംപാച്യവൈദ്യൈൎവ്വടികീകൃതാഭിഃ
പാണ്ഡോൎവ്വിനാശശ്ചനിഷേവിതാഭിഃ
പൂൎവ്വൈഃസുവൈദ്യൈഃപരിവൎണ്ണിതാഭിഃ. ൧൨
മണ്ഡൂരവട്യശ്ചപുനൎന്നവാദ്യാഃ
പാണ്ഡോൎഹിതാശ്ചാശ്വിവിനിൎമ്മിതാശ്ച
നസാമ്യമായാന്ത്യപരാശ്ചവട്യോ
യസ്മാൽഗുണേനൈവ തതോവിശിഷ്ടാ. ൧൩
ഭുക്താവടീസ്വാഗ്നിബലാനുരൂപാ
നാമാപിപാണ്ഡോശ്ച വിനാശയേദ്വൈ
ശ്വാസാംശ്ചകാസാംശ്ചഹലീമകം ച
നേത്രോത്ഭവാം കാമിലകാംനിഹന്തി. ൧൪

അൎശാംസിപ്ലീഹമാദ്ധ്മാനം ഗ്രഹണീം ചാപികുഷ്ഠകം
വാതരക്തംകൃമീംശ്ചാപിഭുക്താതക്രേണനാശയേൽ. ൧൫

തമിഴാമവേരു് ദേവതാരം ത്രികോല്പക്കൊന്ന വിഴാലരിക്കാമ്പു് ചുക്കു മുളകു തിപ്പലി മഞ്ഞൾ ത്രിഫല നാൽകോപക്കൊന്ന കടുകപ്പാലയരി പുത്തരിച്ചുണ്ടവേരു്. മുത്തങ്ങാക്കിഴങ്ങു് കൊട്ടം. ചെറുകടലാടി കാട്ടുതിപ്പലിവേരു് പാവൽ കുമ്പിൾവേരു് കാട്ടുമുളകിൻവേരു് കൊടുവേലിക്കിഴങ്ങു് ഇവ സമം എല്ലാത്തിലുംഇരട്ടി മണ്ഡൂരം (പുരാണകിട്ടം) എട്ടിരട്ടി ഗോമൂത്രത്തിൽ അരച്ചു ഒന്നിച്ചു ചേൎത്തു് വടകമാക്കി എടുക്കുക. (പുരാണകിട്ടം ഗോമൂത്രത്തിൽ ശുദ്ധിചെയ്തതായിരിക്കണം.) പ്രത്യേകമായി അശ്വിനിദേവന്മാരാൽ നിൎമ്മിക്കപ്പെട്ട ഈ മണ്ഡൂരവടകം മററുവടകങ്ങളിൽവച്ചു് പാണ്ഡുരോഗത്തെ ശമിപ്പിക്കുന്നതിനു ശക്തിമത്താണെന്നു് സകല വൈദ്യന്മാരും സമ്മതിച്ചിട്ടുണ്ടു്. ഇതു് അഗ്നിബലം അനുസരിച്ചു മോരിൽ സേവിച്ചാൽ പാണ്ഡുരോഗത്തെ നശിപ്പിക്കുന്നതുകൂടാ

കണ്ണിലുണ്ടാ

തെ ശ്വാസം കാസം ഹലീമകം (ഒരുവക പിത്തരോഗം) കണ്ണിലുണ്ടാകുന്ന പിത്തകാമല അർശസ്സ് പ്ലീഹ ശുക്ലമാനം (വയറുവീപ്പ്) ഗ്രഹണി കുഷ്ഠം വാതരക്തം മുതലായ എല്ലാ രോഗങ്ങളെയും ശമിപ്പിക്കും.

വാതജപാണ്ഡുരോഗത്തിന്.

ദശാംഘ്രിവിശേഷാധിരീതമേവ
പേയം കണാചൂർണ്ണയുതം നരേണ
തഥാതുലയ്യൌഷധസംസ്കൃതം വാ
വാതാദ് ഭവേ പാണ്ഡുഗദേ വിശേഷാൽ. ൫൩

ദശമൂലം ചുക്ക് ഇവകൊണ്ടുള്ള കഷായം തിപ്പലിപ്പൊടി മേമ്പൊടി ചേർത്തു സേവിക്കയോ മുളകിസിതിര് ചുക്ക് ഇവ കഷായം വെച്ച് തിപ്പലിപ്പൊടി മേമ്പൊടി ചേർത്തു സേവിക്കയോ ചെയ്യുന്നത് വാതജമായ പാണ്ഡുരോഗത്തിന് വിശേഷമാണ്.

പിത്തജപാണ്ഡുരോഗത്തിന്.

യഷ്ടീമധുഗ്ദസിദ്ധം ഹവ്യം പീതം സ്വവൈദ്യധൃത്യേണ
ദത്തം യദി ചനിതാന്തം പാണ്ഡും പിത്തോത്ഭവം ഹന്യാൽ. ൫൪

ഇരട്ടിമധുരം കൊട്ടം ഇവ കഷായം വെച്ച് ആ മരുന്നുകൾ തന്നെ കൽക്കമാക്കി കാച്ചിയെടുത്ത നെയ്യ് സേവിച്ചാൽ പിത്തത്താലുണ്ടായ പാണ്ഡുരോഗം ശമിക്കും.

ലോഹഗർഭരസം.

അഷ്ടഭാഗമിതലോഹഭസ്മതോ-
പ്യർദ്ധഭാഗമിതസൂതഭസ്മകം
വഹ്നിമോഖകടുയുതചാമഥോ
ജന്തുശത്രുകടുകത്രയസ്യവാ. ൫൫

ശംഖനേത്രഫലയാ യുതന്ത്വിദം
ചൂർണ്ണകേന ച വിപേഷിതംപുനഃ
ലോഹഗർഭരസ ഏഷഭണ്യതേ
പഥ്യമത്ര ച മൃഗാങ്കവൽ ഭവേൽ. ൫൬

മധുനാചൈകകർഷസമ്മിതം തദിദം ലേഹ്യമഥോ ത്രവാപിബേൽ
തദനുപ്രഥിതം ഫലാദികം കഷായിതം നീരമഥോ തദ്ഭൃതേ. ൫൭

ജലദാതിവിഷാചിരിവില്വഗ്രഹാ-
ജഗദൌഷധിസംസ്കൃതനീരമദം

നിശിശീതളമേവ പിബേദ്യദിചേ-
ന്മധുനാസഹിതം ഖലു പാണ്ഡുഗദേ. ൫൮

ലോഹഭസ്മം എട്ടുഭാഗം. അതിൽ പകുതി രസഭസ്മം; കൊട്ടുവേലിക്കിഴങ്ങ്, മുത്തങ്ങാക്കിഴങ്ങ്, കടുക്കാത്തോട് കൃമിശത്രു ചുക്ക മുളക തിപ്പലി ത്രിഫല ഇവയെല്ലാം കൂടി പൊടിച്ച് ശീലപ്പൊടി എടുത്ത് മേൽപറഞ്ഞ ഭസ്മങ്ങളോടു ചേർത്തു മർദ്ദിച്ച് യോജിപ്പിച്ചുവയ്ക്കുക ഇതിനു ലോഹഗർഭരസം എന്നു പേർ. ഇതിന്റെ പഥ്യം മൃഗാങ്കരസംപോലെയാണ് ഈ ലോഹഗർഭരസം മുക്കഴഞ്ചു വീതം തേനിൽ കുഴച്ചു നക്കണം. ഈ രസം സേവിപ്പിക്കുമ്പോൾ 'ഫലാദി' രസത്തെ പാനം ചെയ്യണം. ആ ഫലാദിരസത്തെത്തന്നെ ഇവിടെ കാണിക്കുന്നു. മുത്തങ്ങാക്കിഴങ്ങ് അതിവിടയം അരത്തിതൊലി (ഗ്രഹ) അമൃത് ചുക്ക് ഇവ കഷായം വെച്ച് കുറുക്കിയെടുത്ത് തേൻ ചേർത്ത് രാത്രിയിൽ സേവിക്കണം.

കഫജപാണ്ഡുഗദത്തിന്

കാമേശ്വരരസം.

പലംസൂതംഗന്ധം പലപരിമിതം ചാഭ്രകമഥോ
ഹരീതക്യാസ്തദ്വത്ത്രയമഥ പലം സാർദ്ധപലകം
പയോദസ്യൈലായാഃ പലപരിമിതം ത്ര്യൂഷണമഥോ
കണാമൂലം തദ്വദ്വിഷമപി തഥാ നാഗകുസുമം. ൫൯

സുകൈപ്പകം രേണോരിഹ ചവിഹിതം പാദപലികം
തദൈലാവൽചത്വംശുദ്ധമപിപൂരാണം നിഗദിതം-
സമസ്തസ്യാപ്യർദ്ധം സകലമപി തോയൈവ ചശ്രുതം
പുനഃ ഖണ്ഡാപ്യാമം കനകദളനീരൈരഥപുനഃ ൬൦

ഘൃതേനൈവം മർദ്ദ്യം തദനു ബദരാകാരഗുളികാം
നരഃകൃത്വാ ഭക്താന്നിശി ച കഫപാണ്ഡ്വാമയലിതഃ
രസോയം കാമേശഃ ശമയതി ച പാണ്ഡ്വാമയമലം
യഥാവാരംവാരം യദലമിഹ ഭ്രഷ്ടം ശൈഘ്ര്യഗുണം. ൬൧

ശുദ്ധിചെയ്ത രസം പലം ൧. ഗന്ധകം പലം ൧. കൊട്ടുവേലിക്കിഴങ്ങ് പലം ൧. ഏലത്തരി പലം ൧. കടുക്കാ മൂന്നു പലം മുത്തങ്ങാക്കിഴങ്ങ് പലം ൧. ഏലത്തരി പലം ൧ൽ ചുക്ക മുളക തിപ്പലി തിപ്പലിമൂലം ശുദ്ധിചെയ്ത വത്സനാഭി ഇവ കാരോ പലം നാഗപ്പൂവ് ൧൨. കഴഞ്ച് അരേണുകം അര പ്പലം. പച്ചില ഒന്നരപ്പലം. ഈ മരുന്നുകൾ എല്ലാം കൂടിയതിന്റെ പകുതി പഴയശർക്കര മുൻപറഞ്ഞ മരുന്നുകൾ ഒക്കെയുംകൂടി പൊടിച്ചു യോജിപ്പിച്ച് പഴയശർക്കരയിൽ പാവുകാച്ചി എടുത്ത് അമ്മിക്ക

ല്ലിൽവച്ച് ഉമ്മത്തിൻനീരിൽ ഒരുയാമം അരച്ച് പിന്നെ നെയ്യുംചേത്ത് അരച്ച് ലന്തക്കുരുപ്രമാണം ഗുളിക ഉരുട്ടി നിഴലിലുണക്കി വയ്ക്കുക. അതിൽനിന്നും ഓരോ ഗുളികവീതം രാത്രിയിൽ സേവിച്ചാൽ കഫപാണ്ഡു ശമിക്കും. ഈ കാമേശ്വരരസം പാണ്ഡുരോഗത്തിൽ പലപ്രാവശ്യം ഫലംസിദ്ധിച്ച് അനുഭവപ്പെട്ടിട്ടുള്ളതാണ്.

സന്നിപാതജപാണ്ഡുവിന്
കാലവിധ്വംസനരസം.

ശുദ്ധംസൂതംഹേമതാരം സതാമ്രം
തുല്യംസർവ്വംഖല്വമദ്ധ്യേനിധായ
ജംബീരോത്ഥം നീരമേവാത്ര ദത്വാ
ദത്വാകിഞ്ചിന്മർദ്ദയേച്ചോഷയേച്ച ൧൫

പിഷ്ടിംലബ്ധ്വാ താം ച സൂതാദിജാതാം
മുന്മത്താഖ്യേ സൽഫലേ സന്നിധായ
ദോളായന്ത്രേ തത്ര്യഹം പാചയിത്വാ
ചൂർണ്ണം ദ്രാവൈരേവസംചൂർണ്യപശ്ചാൽ. ൧൬

ബദ്ധ്വാവസ്ത്രേ ചേഷ്ടികായന്ത്രഗംതൽ
പാച്യംഗന്ധം പേഷ്യജംബീരനീരൈഃ
ദുർദ്ധ്വാധസ്താത്തുല്യമേവാത്രദത്വാ
തസ്മാൽ സർവ്വാന്മാനതഃ ഷഡ്ഗുണം ഹി. ൧൭

പാച്യംപശ്ചാച്ചാല്പകേ സംപുടേത-
ജ്ജീർണ്ണേ ഗന്ധമാരിതം തുല്യലോഹം
സംമിശ്രൈവ്യം കണ്ടകാരീദ്രവാഢ്യം
മർദ്ദ്യം പശ്ചാത്തൽകപോതേരിനൈകം ൧൮

രുദ്ധ്വാപാച്യം വൈകരീഷാഗ്നിമദ്ധ്യേ
ശീതംപശ്ചാൽപേഷ്യപൂർവ്വദ്രവൈശ്ച
ത്രിധാത്രിധാഭാവ്യ തഥാന്യൈരത്യാ
ദ്രവൈസ്ത്രിധാ ഭാവ്യപുടൈസ്ത്രിഭിസ്തു.
വഹ്ന്യക്ഷയോശ്ചാപിരസൈസ്ത്രിധൈവ
സംഭാവ്യസംഭാവ്യ പൃഥക്ക് പൃഥക്ക് ച. ൧൯

നക്താദിമാദ്രവസംയുതം ച
ത്രിധാപിസംഭാവ്യ പുനഃ പുടേച്ച
ദത്വാദശാംശം ശുഭവത്സനാഭം
സംഭാവശംതം തു നിഗദ്യതേഽന്യ. ൨൦

ഗുഞ്ജാമിതം പാണ്ഡുഗദാതുരായ
കാലാദിവിധ്വംസനനാമധേയം
ഗോമൂത്രപിഷ്ടാം ചശിവാംപ്രദദ്യാ-
ദസ്യാനുപാനേഖലു വൈദ്യവര്യഃ ൨൧

ശുദ്ധിചെയ്ത രസം തുത്ഥാഞ്ജനം ചെമ്പ് ഇവസമം എടുത്ത് അമ്മിക്കല്ലിൽവച്ച് ചെറുനാരങ്ങാനീര് കൂടക്കൂടെ ഒഴിച്ച് അരയ്ക്കയും ഉണക്കയും ചെയ്തതിനുശേഷം അത് നല്ലപോലെ അരഞ്ഞാൽ അതിനെ ഒരു ഉരുളയാക്കി ഉമ്മത്തുംകായ്ക്കകത്തുവച്ച് ദോളായന്ത്രത്തിൽ പചിക്കണം. പിന്നെ അതെടുത്തു പൊടിച്ച് നാരങ്ങാനീരുചേത്ത അരച്ച് ഒരുവസ്ത്രത്തിലാക്കികെട്ടി ഇഷ്ടികായന്ത്രത്തിലാക്കി പചിച്ച് അതിനുശേഷം ഈ മരുന്നുകളുടെ ആറിരട്ടി ഗന്ധകംഎടുത്ത് ചെറുനാരങ്ങാനീരിൽ നല്ലവണ്ണം അരച്ച് രണ്ടു വില്ലയാക്കിതാഴയും മുകളിലും വച്ച് സ്ഫുടംചെയ്ത് ആഗന്ധകം ജീർണ്ണമായാൽ അത്രയും ലോഹഭസ്മവുംചേത്ത് മുൻപറഞ്ഞ ചൂർണ്ണവും കൂടിയയാജിപ്പിച്ച് കണ്ടകാരിച്ചുണ്ടയുടെ നീരിൽ അരച്ച് മാടപ്രാവിൻ കാഷ്ഠംകൊണ്ടുണ്ടാക്കിയ മൂശയിൽവച്ച് ഒണക്കച്ചാണകമിട്ട് ഒരു പകൽമുഴുവൻസ്ഫുടംചെയ്യു. ഇങ്ങനെ സ്ഫുടംചെയ്തെടുത്ത ഭസ്മം തണുത്താൽ പിന്നെയും മുൻപറഞ്ഞനീരുകളിൽ മുമ്മൂന്നുതവണഭാവനംചെയ്യണം. അതുപോലെ ചെറുവഴുതിനങ്ങാനീരിലും മൂന്നുപ്രാവശ്യം ഭാവനംചെയ്ത് മൂന്നുപുടംവച്ച് പിന്നെ കൊട്ടുവേരിക്കഷായത്തിലും എരുക്കിൻനീരിലും വെവ്വേറെ മുമ്മൂന്നുതവണഭാവനം ചെയ്യണം—അതിനുശേഷം പുങ്കിൻതൊലിയുടെ നീരിലും മൂന്നുപ്രാവശ്യം ഭാവനംചെയ്തു പുടംചെയ്യണം. പിന്നെ ഈ ഭസ്മങ്ങളുടെ പത്തംശം ശുദ്ധിചെയ്ത വത്സനാഭിയും ചേത്ത് അരച്ച് കന്നിക്കുരുവിൻ പ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി സൂക്ഷിക്കുക. കാലവിധ്വംസനം എന്നപേരായ ഈ ഗുളികയിൽ ഒരു ഗുളികവീതം പാണ്ഡുരോഗിക്ക് കൊടുക്കണം. കടുക്ക ഗോമൂത്രത്തിലരച്ചത് അനുപാനമായും സേവിപ്പിക്കണം. എന്നാൽ സകല പാണ്ഡുരോഗങ്ങളും ശമിക്കും.

മണ്ണുതിന്നുന്നതുകൊണ്ടുണ്ടാകുന്ന പാണ്ഡുവിന്റെ ലക്ഷണം.

മണ്ണ്

ശൂനഗണ്ഡാക്ഷികൂടഭ്രൂശ് ശൂനപാന്നാഭിമേഹനഃ
ശ്വാസകാസശിവാസ്ത്രാർശസ്സദാരുചിനിപീഡിതഃ. ൨൨
തന്ദ്രാലസ്യസമായുക്തഃ കൃമികോഷ്ഠാതിസാരവാൻ
കഫേനസംയുതം തത്രമലംമൃദ്ഭക്ഷണാൽ ഭവേൽ. ൨൩

കവിൾത്തടങ്ങളിലും കൺപോളകളിലും പാദം നാഭിലിംഗം ഈ സ്ഥാനങ്ങളിലും നീരുവരിക, ശ്വാസം, കാസം, ശൂലം അർ

ശസ്സ്, അരുചി, ഇവയുണ്ടായിരിക്കുക, മണ്ണ്, ആലസ്യം കോഷ്ഠത്തിൽ ക്രിമി, അതിസാരം കഫത്തോടുകൂടി മലം പോകുക, ഇവയൊക്കെയും മണ്ണുതിന്നതുകൊണ്ടുണ്ടാകുന്ന പാണ്ഡുവിന്റെ ലക്ഷണമാകുന്നു.

മൃദ്ഭക്ഷണത്താലുണ്ടാകുന്ന പാണ്ഡുവിന്റെ ചികിത്സ.

വിഡംഗാദിഘൃതം.

ശാണ്ഡില്യവ്യാസരാത്രിദ്വയജലദകണാവിശ്വകാളീദ്വിവൃശ്രീ-
പാഠാജന്തുഘ്നഭാർങ്ഗീഹരനയനഫലാദേവകാഷ്ഠൈസ്സുരുദ്ധൈഃ.
ആജ്യം സംപാചിതംയന്മരിചയുതമലം ലോഹഭസ്മപ്രയുക്തം
ദത്തംഭുക്തം സുവൈദ്യൈശ്ശമയതിനിതരാം മൃദ്വികാരോത്ഥപാണ്ഡും. ൩൫

ഇളയ കൂവളത്തിൻകായുടെ അകത്തെ മജ്ജ മഞ്ഞളും മരമഞ്ഞളും മുത്തങ്ങാക്കിഴങ്ങ് തിപ്പലി ചുക്ക് അമരിവേര് തമിഴാമരണ്ടും പാടക്കിഴങ്ങ് ക്രിമിശത്രു ചെറുതേക്ക് (മറുവാനയനഫല) ത്രിഫല ദേവതാരം ഇവ കല്ക്കമായി പാലും ചേർത്ത് കാച്ചിയ നെയ്യ് നല്ലമുളകിൻ പൊടിയും ലോഹഭസ്മവും ചേർത്ത് സേവിച്ചാൽ മണ്ണുതിന്നതുകൊണ്ടുണ്ടായ പാണ്ഡുരോഗം ശമിക്കും.

ആഗന്തുകപാണ്ഡുലക്ഷണം.

ഗമനകലഹസവ്യാചിന്തനാവാസവേഗാധ-
പ്രസനജപരിനിപാതാന്മാനവാനാമജസ്രം
ഭവതിചബലുപാണ്ഡുഃ പ്രോക്തആഗന്തുകോƒസൌ
വിവിധനൃപതിമാന്യൈർവൈദ്യഭൂപാലവര്യൈഃ. ൩൬

വഴിനടക്കുക കലഹം ചിന്ത ആയാസം വേഗരോധം ഇവയാലും ദേഹത്തിന് ഉടവുതട്ടത്തക്കവണ്ണം വീഴുകയാലും പാണ്ഡുരോഗം ഉണ്ടാകാം. ആ പാണ്ഡുരോഗത്തെ നൃപമാന്യന്മാരായ വൈദ്യന്മാർ ആഗന്തുകമെന്ന് പറയുന്നു.

ആഗന്തുകപാണ്ഡുചികിത്സ.

ഭൂനിംബനിംബ ത്രിഫലാബ്ദചൂർണ്ണീ—
ശുക്ലാത്രിവൃദ്ദേവലതാശിവാനാം
സത്കൃഷണാനാം കഥിതംനിഹന്തി
മാർഗ്ഗാദിസംസോദ്ഭവജാതപാണ്ഡും. ൩൬

കിരിയാത്ത് വേപ്പിൻതൊലി ത്രിഫല മുത്തങ്ങാക്കിഴങ്ങ് ചുക്ക് കാകോളി അല്ലെങ്കിൽ കൂവനൂറ് ത്രികോല്പക്കൊന്ന ത്രുശിമുല്ല കടുക്കാ നല്ലമുളക് തിപ്പലി ഇവ കഷായംവെച്ച് സേവിച്ചാൽ വഴി നടക്കുക മുതലായ ആഗന്തുകഹേതുക്കളാലുണ്ടായ പാണ്ഡുശമിക്കും.

വിഹാരജപാണ്ഡുലക്ഷണം.

നിധുവനേ യുവതീബഹുസേവനാ—
ദ്രുധിരശോഷണതോƒതികൃശോനരഃ.
'രമയമാംരമണീ'തിജപൻ സ്വപൻ
ബഹുതൃഷാസഹിതഃ ഖലുപാണ്ഡുമാൻ. ൩൭

അതിമൈഥുനം ചെയ്കനിമിത്തം രക്തംശോഷിച്ച് അതികൃശനായ നരൻ, "അല്ലയോ സുന്ദരി! നീ എന്നെ രമിപ്പിച്ചാലും" എന്നുള്ള ജപത്തോടുകൂടി ഉറങ്ങുകയും അതിനുശേഷം അധികം തണ്ണീർ ദാഹത്തോടുകൂടിയവനായിത്തീരുകയും ചെയ്യുന്നു. ആ അവസ്ഥയിൽ പാണ്ഡുരോഗം ഉണ്ടാകുന്നു. ആ പാണ്ഡുരോഗിയെ വിഹാരജപാണ്ഡുരോഗി എന്നുപറയുന്നു.

വിഹാരജപാണ്ഡുചികിത്സ.

ആമലക്യാദിലേഹ്യം.

ജംഭലനയന്ത്രം പരിശോധ്യപൂർവ്വം
തസ്മിൻ നിധായാമലകാനിവൈദ്യഃ.
സംപീഡ്യതേഷാം സ്വരസംനിഗൃഹ്യ
ദ്രോണപ്രമാണം മൃദുവഹ്നിനൈവം. ൩൮

സംപാചയേത്തത്രച പ്രസ്ഥമേകം
പാഞ്ചാലിചൂർണ്ണം മധുകസ്യതദ്വൽ
പലദ്വയം ശോസ്തനികാഭവംഹി
വിശ്വാച പ്രസ്ഥോന്മിതശോദ്ഭവം. ൩൯

തഥാത്മഗോക്ഷുരപലദ്വയംച
സുശ്രൃംഗിവേരസ്യ പലദ്വയംച
സുശർക്കരായാസ്തുലാർദ്ധമേവ
പ്രസ്ഥോന്മിതം ചാപിമധുപ്രദേയം. ൪൦

ലേഹംത്വതല്ലോഹമയേ സുഭുക്തം
പലോന്മിതംനാശയതീഹനൂനം
ഹലീമകം കാമിലകാംചപാണ്ഡും
ക്ഷയോത്ഥപാണ്ഡൌനപരോƒസ്തിചാസ്മാൽ. ൪൧

ജലംഒഴിച്ചുകഴുകി ശുദ്ധമാക്കിയ യന്ത്രത്തിൽ നല്ല പച്ചനെല്ലിക്കഇട്ട് ഞെക്കി രണ്ടു-ഇടങ്ങഴി രസം എടുത്ത് മൃദ്വഗ്നിയിൽ പചിച്ച് കൊഴുക്കുമ്പോൾ തിപ്പലിപ്പൊടി എടങ്ങഴി ഇരട്ടിമധുരം രണ്ടുപലം മുന്തിരിങ്ങാപ്പഴം അരച്ചത് എടങ്ങഴി ചൈങ്ങാത്തിൽ രണ്ടുപലം

ഇഞ്ചിവറുത്തത് രണ്ടുപലം പഞ്ചസാര അരത്തുലാം എല്ലാംകൂടി വിതറി ലേഹ്യമാക്കി വാങ്ങി ആറിയാൽ എട്ടുപലം തേനും ചേർത്തുവെച്ച് സേവിക്കുക. ഹലീമകം പിത്തകാമില പാണ്ഡു ഇവ ശമിക്കും. ക്ഷയത്താൽ ഉണ്ടായ പാണ്ഡുവിന്ന് ഇതിനേക്കാൾ ഉത്തമമായ ഔഷധം വേറൊന്നില്ല.

പാണ്ഡുവിന്റെ ഉപദ്രവങ്ങൾ.

ശോഫസ്ഫോടശ്ചാഥമൂൽപ്രീതിരുക്താ
ഛർദ്ദിസ്തൃഷ്ണാ വിഭ്രമശ്ചാപി ക്ലമശ്ച
പാണ്ഡോർജ്ജാതായാഃ ഹിക്കാദ്യാശ്ച
ഏല്ലാസോഽന്യോപ്യജ്വരോരോചകശ്ച. ൪൫

നീര് സ്ഫോടം (തീപ്പൊള്ളൽപോലുള്ള കുമള) മണ്ണുതിന്നുന്നതിൽ സന്തോഷം ഛർദ്ദി തണ്ണീർദാഹം തലകറക്കം ക്ലമം (തളർച്ച) നെഞ്ചുരുക്കം ജ്വരം അരുചി ഈ ഉപദ്രവങ്ങൾ പാണ്ഡുവിൽ സംഭവിക്കും.

ഉപദ്രവചികിത്സ.

മൂർവ്വാനിശായാഷകമഞ്ജിഷ്ഠാഭി
സ്ത്രായന്തികാതിക്തകരോഹിണീഭിശ്ച
തിക്താപടോലാബ്ദസുഗന്ധനൈശ്ച
സപർപ്പടൈരക്ഷമിതൈഘൃതംസ്യാൽ. ൪൬

പ്രസേകാന്വിതം പാഠ മൂർച്ഛാ...
ക്ഷീരേസ്യസിദ്ധം ഹരിതം ഉപദ്രവം
പാണ്ഡുതാപവിസ്ഫോടഹരം വിശേഷാൽ
ജ്വരോട്ടതിശോഫേട്ടതിഹാരി തംഗുദേ തഥാ. ൪൭

പിത്താസ്രനാശനം ചൈതത്സർവ്വമുക്തം ഭിഷഗ്വരൈഃ
മൂൽപ്രീതിനാശനം വക്ഷ്യേ പുഷ്പം വൈദ്യൈശ്ച വർണ്ണിതം. ൪൮

പെരുങ്കുരുമ്പവേര് മഞ്ഞൾ കൊടിത്തൂവവേര് തിപ്പലി ബ്രഹ്മി കിരിയാത്ത് ഇരുവേലി പുത്തരിച്ചുണ്ടവേര് പടവലം മുത്തങ്ങാക്കിഴങ്ങ് ചന്ദനം പർപ്പടകപ്പുല്ല് ഇവ മുമ്മൂന്നുകഴഞ്ചുവീതം നെയ്യ് ഇടങ്ങഴിക്കു നാലിരട്ടി പാലുംചേർത്ത് കാച്ചിയരിക്കുക. ഈ നെയ്യ് സേവിച്ചാൽ പാണ്ഡു വിസ്ഫോടം ജ്വരം വലിയനീര് അർശസ്സ് ഇവയും രക്തപിത്തവും ശമിക്കും. മണ്ണുതിന്നുണ്ടാകുന്ന പാണ്ഡുവിനുള്ള ചികിത്സയെ പൂർവ്വവൈദ്യന്മാരുടെ മതമനുസരിച്ച് ഇവിടെ പറയാൻപോകുന്നു—

മണ്ണുതിന്നുന്നതുനില്ക്കുവാൻ-
മൃത്തികാഭിഷ്ടപാത്രാത്ഥ
രസൈസ്തൈശ്ചൈർവ്വിഭാവിതാ
മൃദ്ദേഷണാത്ഥംദാതവ്യാ
മൂൽപ്രീതൌബറ്റൂധാസ്മൃതം. ൪൯

വേപ്പില ഇടിച്ചുപിഴിഞ്ഞെടുത്ത രസത്തിൽ അതിനുസമം മണ്ണിട്ട് ഭാവനചെയ്ത് ആ രസംമുഴുവനും അതിൽ പിടിച്ചതിനുശേഷം ആ മണ്ണെടുത്ത് മണ്ണുതിന്നുന്നവനുകൊടുക്കണം. എന്നാൽ അവന്ന് മണ്ണുഭക്ഷിക്കുന്നതിൽ വിദ്വേഷം ഉണ്ടാകും.

പാണ്ഡുവിന്റെ അസാദ്ധ്യലക്ഷണം.

ഉപദ്രവൈഃപാണ്ഡുകിനംസമസ്തൈ-
ര്യുതംയശോട്ടത്ഥീഹിഹതേന്ദ്രിയന്തം
പരിത്യജേദ്ദൂതവൈദ്യവയസ്യാൽ
ചിരോത്ഥവസ്സിദ്ധ്യതിനോവരസ്ഥ ൫൦

പൂർവ്വോക്തങ്ങളായ സകലോപദ്രവങ്ങളോടുംകൂടിയിരിക്കയും യശസ്സിനെ അഇന്ദ്രിയശക്തി നശിക്കയുംചെയ്ത പാണ്ഡുരോഗിയെ യശസ്സിനെ ആഗ്രഹിക്കുന്ന വൈദ്യൻ ക്ഷണത്തിൽ ഉപേക്ഷിക്കണം. ആരംഭിച്ചിട്ട് വളരെക്കാലം ചെന്നതും, ധാതുക്കളെ അധികം രൂക്ഷങ്ങളാക്കിയതും ആയ പാണ്ഡുരോഗം അസാദ്ധ്യം തന്നെയാകുന്നു.

സകഫംബദ്ധഹരിന്മലമേവയൽ
സൃജതി ഛർദ്ദിതൃഷാർദ്ദിത മൂർഛയാ
ബഹുലപാണ്ഡുരരാശി വിലോകനാ-
ദ്വ്രജതി ഭാനുസുതസ്യനിവേശനം. ൫൧

മലം പച്ചനിറത്തിൽ കഫം ചുററിപ്പോകുക; ഛർദ്ദി തണ്ണീർദാഹം, ഇവയാലുള്ളപീഡ; മോഹാലസ്യം, സകലവസ്തുക്കളും വെള്ള നിറമായിക്കാണുക, ഈ ലക്ഷണങ്ങളോടുകൂടിയ പാണ്ഡുരോഗി യമസദനത്തെ യാനംചെയ്യും. (ഇപ്രകാരം ഉള്ള പാണ്ഡുരോഗം അസാദ്ധ്യമാണ് എന്നുസാരം.)

പാണ്ഡുരോഗവിമുക്തലക്ഷണം.

തനൌ പുഷ്ടിർമ്മനസ്തുഷ്ടിസ്തനുവർണ്ണസ്സ പൂർവ്വവൽ
മൃദ്ഭക്ഷണേ ചാപ്യരുചിർഗതപാണ്ഡോശ്ച ലക്ഷണം. ൫൨

ശരീരപുഷ്ടി, മനസ്സിനുതുഷ്ടി, ദേഹത്തിന് സ്വതേഉള്ളനിറം

വരിക, മണ്ണു തിന്നുന്നതിൽ താല്പര്യമില്ലാതാകുക, ഇവയെല്ലാം പാണ്ഡുരോഗവിമുക്തന്റെ ലക്ഷണമാണ്.

കാമിലാ [illegible]

യഃ പാണ്ഡുകീവാധ പാണ്ഡുരോഗി
നിഷേവിതേ വൈ ബഹു പിത്തലാനി
തസ്യാസൃമാംസം സാന്ദ്യമേ [illegible]
കരോതി പിത്തം ബഹു [illegible] ൫

പാണ്ഡുരോഗിയോ പാണ്ഡുരോഗമില്ലാത്തവനോ ആരാണ് അധികം പിത്തവർദ്ധനങ്ങളായ സാധനങ്ങളെ ഉപയോഗിക്കുന്നത് അവന്റെ പിത്തം കോപിച്ച് രക്തമാംസങ്ങളെ അത്യധികം ദഹിപ്പിച്ച് കാമില എന്ന രോഗത്തെ ഉണ്ടാക്കുന്നു.

കാമിലയുടെ പൂർവ്വരൂപം.

ദാഹാവിപാകാരുചി വഹ്നിമാന്ദ്യം
മന്ദജ്വരം സാദയുതം [illegible]
പൂർവ്വേരൂപേ ചലു [illegible]
പൂർണ്ണത്വയത്തു [illegible] ൫

സർവ്വാംഗസന്താപം, [illegible], അരുചി, അഗ്നിമാന്ദ്യം അല്പമായ ജ്വരം, തളച്ച, ചടപ്പ്, ഇവ കാമിലയുടെ പൂർവ്വരൂപങ്ങളാണ്. കാമിലയുടെ പൂർണ്ണരൂപം [illegible] പറയുന്നു.

കാമിലയുടെ പൂർണ്ണരൂപം.

നഖാനനേത്രാവിശാം [illegible]
ത്വനഗതാ ചലു [illegible]
ഭവതി പൂർണ്ണഗദേ [illegible]
വദനഗാചലു മൂത്രശ [illegible] ൫

നഖങ്ങളും കണ്ണുകളും മലവും മഞ്ഞനിറമാകുക, ദേഹം തവളയുടെ നിറമാകുക, മുഖത്ത് മഞ്ഞനിറംവരുക, മൂത്രം മഞ്ഞളിച്ചപോലാകുക, ഇവ കാമിലയുടെ പൂർണ്ണരൂപമാകുന്നു.

കാമിലയ്ക്കു പഥ്യമായി ശീലിക്കേണ്ടവ.

യവാ മുദ്ഗാശാലീ മരിചമഹിതം [illegible]
പയോഹവ്യം ശ്യാമാ [illegible]
പ്രദേയാ ഗോധൂമായ [illegible]
ഗതഃഖേദം തസ്യൈ [illegible] പ്രശമനം. ൫

യവം ചെറുപയറ് ചെന്നല്ലിന്റെയരി നല്ലുമുളക് (മഥിതം) വെള്ളംചേർക്കാതെ കലക്കിയെടുത്തമോര് പശുവിൻപാല് പശുവിൻനെയ്യ് [illegible] ജാംഗലമാംസം [illegible] ഇവ കാമിലാർത്തന് ദിവസവും ശീലിക്കാം. ഇതുകൂടാതെ പിത്തപ്രശമനമായവയും ഉപയോഗിക്കാം.

കാമിലാചികിത്സ.

ഗുഡൂചികായാഃ പിചുമന്ദകസ്യ
ദാർവ്യാസ്തഥാ വാഥഫലത്രയസ്യ.
രസഃ പ്രഭാതേ മധുനാ വിമിശ്രഃ
ശീതോ നിപേയഃ ഖലുകാമിലായാം. ൫൮

ചിററമൃത് വേപ്പിൻതൊലി മരമഞ്ഞൾതൊലി ഇവയോ ത്രിഫലയോ കഷായംവെച്ച് ആറിയാൽ തേൻ മേമ്പൊടിചേർത്ത് കാമിലാരോഗിക്ക് പ്രഭാതത്തിൽ കൊടുക്കുന്നത് വളരെ വിശേഷമാണ്.

ഗുഡൂചികാപത്രജകല്ക്കമേകം
പ്രാതഃ പിബേൽ തക്രയുതം വിശേഷാൽ
തഥാഞ്ജനം വൈദ്യവരൈരിഹോക്തം
സുദ്രോണപുഷ്പീരസമേകമേവ. ൫൯

അമൃതിന്റെ ഇലമാത്രം അരച്ച് മോരിൽ കലക്കി പ്രാതഃകാലത്തിൽ സേവിക്കുന്നതും കാമിലയ്ക്ക് വളരെ വിശേഷമാണ്. അതുപോലെ തുമ്പയുടെ നീരുമാത്രം എടുത്ത് കണ്ണിൽ എഴുതുന്നതും കാമിലയ്ക്ക് നല്ലതാണ്.

ധാത്രീലോഹരജോനിശാമധുയുതം [illegible]
ലേഹം ലീഢമലം നി [illegible]
കർക്കോടീജടയാകൃതം ചനിയതം നസ്യം പ്രദാതവ്യം ഹ്യഥോ
ജാലിന്യാഃ ഫലമേകമേവ നിതരാം [illegible] നസ്യേഹിതം. ൬൦

നെല്ലിക്കാനീര് ലോഹരജസ്സ് (ഇരുമ്പിൻപൊടി) മഞ്ഞൾചുക്ക് മുളക് തിപ്പലി നെയ്യ് പഞ്ചസാര ഇവയെല്ലാംകൂടി ലേഹ്യമാക്കി ആറിയാൽ തേനുംചേർത്ത് സേവിക്കണം. ബഹുപ്രകാരത്തിലുള്ള മഹാകാമില ശമിക്കും. കരട്ടപാവലിൻവേര് അരച്ച് നസ്യം ചെയ്താലും കാട്ടുപീച്ചകത്തിൻ കായുടെ നീരുകൊണ്ടുമാത്രം നസ്യം ചെയ്താലും കാമിലശമിക്കും.

ആമലകാരിഷ്ടം.

ധാത്രീഫലാനാം ദ്വിസഹസ്രമേവ
നിഷ്പീഡ്യ തേഷാം സ്വരസം നിഗൃഹ്യ

തദഷ്ടമാംശേന മധു പ്രഗൃഹ്യ
ചൂർണ്ണം കണായാഃ കുഡവാർദ്ധമാനം.
തുലാർദ്ധമാനേന ച ശർക്കരായാഃ-
സ്സിദ്ധേ ച ലേഹേ ച പലപ്രമേകം
സംസ്ഥാപ്യ സിദ്ധം ച പിബേദജസ്രം
യഃ കാമലീ സ ത്വഗ്നിബലാനുകൂലം.

വാതാസൃഗ്വിഷമജ്വരാനപരാൻ പാണ്ഡുംതഥാകാമലാം
ഹൃദ്രോഗം കസനം നിഹന്തിനിതരാംഹിക്കാം നിപീതംത്വിദം
ഉക്തം ശാസ്ത്രവിചാരചാരു നിപുണൈർവൈദ്യൈരരിഷ്ടന്ത്വിദം
ധാത്ര്യാദിപ്രഥിതം ക്ഷിതൌ ബഹുഹിതം വൈ കാമലാനാശനം.

രണ്ടായിരം പച്ചനെല്ലിക്കാ ചതച്ച് രസമെടുത്ത് അതിന്റെ എട്ടുഭാഗം തേനും ചേർത്ത് ഉരിയ തിപ്പലിപ്പൊടി അരത്തുലാം പഞ്ചസാര ഇവയും ചേർത്ത് നെയ്പുരട്ടി മയക്കിയ കുടത്തിലാക്കി ഒരുപക്ഷം (പതിനഞ്ചുദിവസം) ഭൂമിയിൽ കുഴിച്ചിട്ട് അതിനുശേഷം എടുത്ത് അഗ്നിബലമനുസരിച്ച് സേവിക്കുക. വാതരക്തം വിഷമജ്വരം പാണ്ഡുകാമല ഹൃദ്രോഗം ചുമ ഇക്കിൾ ഈ രോഗങ്ങൾ ശമിക്കും. ശാസ്ത്രവിചാരനിപുണന്മാരായ വൈദ്യന്മാർ ഈ ധാത്ര്യരിഷ്ടം കാമലാനാശത്തിൽ സിദ്ധഫലമായ ഔഷധമാണെന്ന് പറയുന്നു.

കുംഭകാമലാസംപ്രാപ്തി.

ഭവതിവിദചിതൂർണ്ണാ നാഹനോഗ്രാ ഘനതാ ച
ശ്വസനകസനഹിക്കാ സംയുതോ വാ ജ്വരശ്ച
യദി ഭവതി തദേയം കുംഭകാഖ്യാ കാമലാസ്യാ-
ദപി ച യദി ഹസാധ്യാ ശ്വാസഹിക്കേ ന ചേൽ സാ. ൨൦

സർവ്വാംഗസന്താപം അരുചി വെള്ളംദാഹം വയറുവീർപ്പ് കണ്ണിനു ചുമപ്പ് ശ്വാസം കാസം ഇക്കിൾ ജ്വരം ഈ ലക്ഷണങ്ങൾ കണ്ടാൽ അത് കുംഭകാമല എന്ന രോഗമാണ്. എന്നാൽ മുൻപറഞ്ഞ ലക്ഷണങ്ങളിൽ ശ്വാസവും ഇക്കിളും ഇല്ലെങ്കിൽ ഇത് ചികിത്സാസാധ്യമാണ്.

ശാഖാകാമലികാം വദന്തി മുനയശ്ചൈതാം യതഃ സംസ്ഥിതാ
ശാഖാസേവ ശിലാജതു പ്രതിദിനം പേയം സഗോമൂത്രകം
മണ്ഡൂരം മധുനായുതം ച നിതരാം സേവ്യം ചിരോപാർജ്ജിതം
നിര്യൈഷ്ഠകം ച ലൂകുംഭകാമലിഗദേ ഭുക്തം ത്വിദം യോഗത്രയം. ൨൧

ഈ കാമല തന്നെ ശാഖകളിൽമാത്രം വ്യാപിച്ചാൽ അതിനെ

ശാഖാകാമല എന്ന് മഹർഷിമാർ പറയുന്നു. അതിന് കന്മദം ദിവസംതോറും ഒരുപ്രാവശ്യം ഗോമൂത്രത്തിൽ സേവിക്കണം. അതുപോലെ പുരാണകിട്ടൻ ശുദ്ധിചെയ്തതും ഇരുമ്പുരാകി ശുദ്ധിചെയ്തതും ഒരു കഴഞ്ചുവീതം തേനിൽ സേവിക്കുന്നതും കുംഭകാമലാ ശമനമാണ്. ഇങ്ങനെ മൂന്നുയോഗം ഇവിടെ കാണിച്ചു.

കോഷ്ഠകാമലാലക്ഷണം.

ദഗ്ധമാംസരുധിരപ്രകോപതോ
രക്തപിത്തബഹുകോപതോപി ച
കാമലാ ഭവതി കോഷ്ഠകാദികാ
ഭ്രാന്തിതൃഡ്ബഹുലശോഥസംയുതാ. ൨൨

ആഹാരദോഷത്താൽ ദഗ്ധങ്ങളായ മാംസരസങ്ങളുടെ കോപം നിമിത്തവും രക്തപിത്തത്തിന്റെ ബഹുകോപംനിമിത്തവും കോഷ്ഠകാമല ഉണ്ടാകുന്നു. അതിൽ തലകറക്കം തണ്ണീർദാഹം വലിയ നീര്, ഇവ സംഭവിക്കും.

കോഷ്ഠകാമലാചികിത്സ.

മുസ്താചിത്രകജന്തുശത്രുമഗധാ വിശ്വാമൃതാനാം കൃതം
ചൂർണ്ണം ലോഹസമന്വിതം മധുയുതം പാണ്ഡുംനിഹന്തിത്വരം
ഉക്തം നാശയതീവ നിശ്ചിതമിദം കോഷ്ഠാദികാംകാമലാം
ദുഷ്ടാം ച ചിരോത്ഥിതാമതിഹരാ രാമോയഥാ താടകാം. ൨൩

മുത്തങ്ങാക്കിഴങ്ങ് വെള്ളത്താവണക്കിൻവേര് കൃമിശത്രു തിപ്പലി ചുക്ക് അമൃത് ഇവ പൊടിച്ച് ഇരിമ്പിൻഭസ്മവും ചേർത്ത് യോജിപ്പിച്ച് തേനിൽ സേവിച്ചാൽ പാണ്ഡുവിനെ നിഹനിക്കും. വളരെ പഴക്കം ചെന്നതും, കൃച്ഛ്റസാധ്യവും ആയ കോഷ്ഠകാമലയേയും, രാമൻ താടകയെ നശിപ്പിച്ചതുപോലെ ഈ ഔഷധം നിശ്ചയമായും ശമിപ്പിക്കും.

മലകാമലാലക്ഷണം.

കാമലാഗദനിപീഡിതോഹിയഃ
സാര്യതേ ച തിലപിഷ്ടവന്മലം
ശ്ലേഷ്മബദ്ധഗുദഏവ തസ്യവൈ-
കാമലാ ച മലശബ്ദപൂർവ്വികാ. ൨൪

കാമലാരോഗപീഡിതനായവന് എള്ളരച്ചുകലക്കിയതുപോലെ മലം അതിസരിക്കയും കഫം ഗുദത്തിൽ കെട്ടി നിൽക്കയും ചെയ്യുന്നു എങ്കിൽ അത് മലകാമലയാകുന്നു.

മലകാമല ചികിത്സ.

നികുംഭചേടോലകപാഥേ പ്രസ്ഥേ തൽകല്കസാധിതം സർപ്പിഃ
നാശം കരോത്യവശ്യം മലാദേഃകാമലാഗദസ്യാശു. ൩൭

ത്രികോല്പക്കൊന്നയും പടോലവും കൂടി കഷായംവെച്ച് നാലൊന്നാക്കി ഇടങ്ങഴി അരകുമ്പോൾ അതു തന്നെ കല്കം അരച്ച് ചേർത്ത് കാച്ചി എടുത്ത നെയ്യ സേവിച്ചാൽ മലകാമല ശമിക്കും.

ഹലീമകലക്ഷണം.

യദാപാണ്ഡുഃ കാമലാർത്തശ്ച ...
ഹരിതവർണ്ണയുക്തസ്ത്വഥാശ്യാവപീതഃ
ബലോത്സാഹഹീനസ്തു തന്ദ്രാസമേതോ
ഗ്നിമാന്ദ്യേനയുക്തോ തിമന്ദജ്വരേണ. ൩൮

തഥാ സ്ത്രീഷ്വഹർഷോംഗമർദ്ദശ്ച ...
സതൃണ്ണാരുചിർവാ ഭ്രമശ്ചാപി ...
തദാവാഹലീമാഭിഖം ശാസ്ത്രവിദ്ഭിഃ
സവായോശ്ചപിത്തസ്യ കോപേന ചോക്തം. ൩൯

പാണ്ഡുരോഗിയും കാമലാർത്തനും ആയവൻ പച്ചവർണ്ണത്തോടോ കരുവാളിച്ചോ മഞ്ഞയോ ആയിരിക്കുന്ന നിറത്തോടു കൂടിയവനായിത്തീരുക, അവന്ന് ബലം ഉത്സാഹം ഇവ ഇല്ലാതാവുക, മടികൂടുക, അഗ്നിമാന്ദ്യം, അല്പജ്വരം, സ്ത്രീകളിൽ അസന്തോഷം, അംഗമർദ്ദം (ശരീരം നുറുങ്ങി നോവുക) തളർച്ച, വെള്ളദാഹം, അരുചി, തലകറക്കം, ഇവ ഉണ്ടാകുക, ഇങ്ങിനെ ലക്ഷണങ്ങൾ കണ്ടാൽ അതിന്നു ഹലീമകം എന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. അതിൽ വായുവും പിത്തവും ആണ് കോപിക്കുന്നത്.

ഹലീമകചികിത്സ.

അമൃതാരസകല്കസാധിതം ത്വരഗന്ധിസർപ്പിഃ കേവലം
പയസാ ച ചതുർഗ്ഗുണേന ച ശമനം ചാപി ഹലീമകസ്യഹി. ൪൦

കണവീരം കഷായത്തിൽ അമൃതിൻനീരു ചേർത്ത് അമൃതു കല്കമാക്കി നെയ്യിന്റെ നാലിരട്ടി പാലും ചേർത്തു കാച്ചിയ നെയ്യ സേവിച്ചാൽ ഹലീമകം ശമിക്കും. ഇതു് ശരീരപ്രയോഗം.

വേറൊന്ന്.

കാംസ്യേനപിഷ്ടശ്ശിലയാസമേതഃ
സാപാചിതഃ പാരദ ...

തീക്ഷ്ണന താമ്രേണ മൃതേന യുക്തഃ
സംസേവനീയസ്തു ഹലീമകാർത്ത്യൈ. ൧൧

ശുദ്ധിചെയ്ത രസം മനയോലയോടും ഉരുക്കിനീറി അതിവ്യായാമായ ... ആയും പലവണങ്ങ ... പിപ്പിക്കുന്ന മാരിതമായ ചെമ്പിനോടും കൂടി ഓട്ടുപാത്രത്തിൽവെച്ച് പാകമാക്കി സേവിച്ചാൽ ഹലീമകം നശിക്കും.

പാനകീലക്ഷണം.

സന്താപോഭിന്നവർച്ചസ്ത്വം നേത്രരാഗശ്ച പാണ്ഡുതാ
അന്തർബ്ബഹിശ്ച ശീതത്വം പാനകീലക്ഷണേ ഭവേൽ. ൧൦

സർവ്വാംഗസന്താപം, മലംഇളകുക, കണ്ണിനുചുവപ്പ്, ദേഹത്തിന്ന വിളർച്ച, ഉള്ളിലും വെളിയിലും തണുപ്പ് (വറയൽ) ഇവ പാനകീരോഗത്തിന്റെ ലക്ഷണമാകുന്നു.

പാനകീചികിത്സ.

സൂതം ദ്വാദപലം ച പഞ്ചപലകം
ഗന്ധം തഥാ ഷൾപലം
? സത്വം ചാപി ? വിഷാദികാദേവദഥോ
വ്യോഷം തഥാ മൂലികാ
താലാദ്യാ ത്രിഫലാ ച ശാല്മലിയുതാ
ചാഭ്രം തഥൈവസ്മൃതം
ലോഹസ്യാഷ്ടപലാനി മേല്യ മതിമാൻ
ഖല്വേഹിസംചൂർണ്ണയേൽ. ൧൧

ചതുഷ്ഷഷ്ടിസംഭാവനാസ്ത്രത്രനിരൈഃ
ഫലാനാം ത്രികോത്ഥൈസ്തഥോസ്തുതസ്മിൻ
തഥാമാർക്കവദ്രാവയുക്താസ്തദല്പം
പുനശ്ശിഗ്രുനീരേണ വാഷോഡശൈവ. ൧൨

തഥാ ചിത്രകസ്യാപ്യഥോ കന്യകായാഃ
തഥൈവാർദ്രനിംബസ്യ ദത്വാപ്രഗൃഹ്യ
പ്രദദ്യാൽ ക്ഷയശ്വാസ പാണ്ഡുപ്രഹന്ത്ര്യൈ
നരേന്ദ്രൈശ്ചസേവ്യോ രസശ്ചൈഷതൃണാം
അഥോസ്യാനുപാനാൻ ബ്രവീമ്യേവസാമ്യക്. ൧൩

ശോഫാന്വിതേസ്യാദ്യപചിത്രകായാ
നീരേണവാസ്യാ ദജമോദികായാഃ
വഷ്ളീഹൃതേനാപി ഹിതായസമ്യക്
നിഷ്കാദ്ധമേതസ്യ മൃഗാങ്കവദ്ധി. ൧൪

ദ്രുമോഗ്രീന്ദ്രമതോന്മത്തഃ
ക്ഷ്വാൽപാനകീനാശകരം പ്രായം
നികുംഭപേടോ ത്രൈലോക്യനാഗാഭിധ ഏവ നൂനം
നാശം കരേ ബകീവിനാശേ ച യഥാ മുരാരിഃ ൧൫

ശുദ്ധിചെയ്ത രസം പലം ൧. ഗന്ധകം പലം ൫. വത്സനാഭി ന്നാഴ്ചം ന. ചുക്ക മുളക തിപ്പലി നിലപ്പന ത്രിഫല മുത്തെങ്ങലവു് ശു ദ്ധിചെയ്ത അഭ്രം ഇവ ന—ന—പലം, ഉമക്കപൊടി പലം ൨. ഇ വ എല്ലാംകൂടി യോജിപ്പിച്ചു് ഒരമ്മിക്കല്ലിൽവെച്ചു് പൊടിച്ച നേ മ്മിച്ചു് ശുദ്ധജലത്തിൽ നൂറു തവണ ഭാവനചെയ്തു് ത്രിഫലാജല ത്തിൽ നൂറ തവണയും, കയ്യോന്നിനീരിലും മുരിങ്ങനീരിലും നൂറ തവണവീതവും അരച്ചു് കൊട്ടവലിക്കഷായം, കററാർവാഴനീരു്, ഇഞ്ചിനീരു്, ഇവയിലും നൂറ തവണവീതം അരച്ചു് ഉണക്കി സേ വിക്കുക. കഫം ശ്വാസം പാണ്ഡു ഇവ നശിക്കും. ഈ രസം അനേ പാനഭേദത്താൽ പല രോഗങ്ങളേയും നശിപ്പിക്കുന്നതാകയാൽ ഇ നിയും അനുപാനങ്ങളെ പറയുന്നു. നീരോട്ടമുള്ള രോഗത്തിൽ മല എരുമയുടെ നീരിലോ അമൃതോദകഷായത്തിലോ, കൊടുക്കണം. എന്നാൽ മു ത്തുപോലെ ചങ്ങലംപരണ്ടയുടെ നീരിലും കൊടുക്കാം. ഈ ത്രൈലോക്യാഭിധ ഗാങ്കരസം പോലെ ഫലം കഴഞ്ചു കൊടുക്കണം. ഈ രസം പാനകി എന്ന രോഗത്തെയും നശിപ്പിക്കും.

ത്രിദോഷോത്ഥകാമലാലക്ഷണം.

കദാചിന്നൃത്യത്യേവം കദാചിദപി രോദിത്യഥപുനർ
വദത്യേവം മാമാ ജഹിജഹി ഭോ മാരയസി കിം?
ഹതസ്തിഷ്ഠത്യേവം കദാചിദപി ചലത്യേവമഹി പുനഃ
പതത്യേവം ഭൂമൌ ത്രയകൃതമഹാകാമലിഗദീ. ൧൬

ചിലപ്പോൾ തുള്ളുക, ചിലപ്പോൾ കരയുക, "നീ എന്നെ മ തിപ്പിക്കാൻ പോകുന്നു. അതിനാൽ എന്നെ തൊടരുതു്" എന്നി ങ്ങിനെ പറയുക, ചിലപ്പോൾ നിശ്ചലനായി നില്ക്കുക, ചില പ്പോൾ നടക്കുക, ചിലപ്പോൾ ഭൂമിയിൽ മറിഞ്ഞുവീഴുക, ഇവയെ ല്ലാം ത്രിദോഷകോപത്താൽ ഉണ്ടായകാമിലയുടെ ലക്ഷണമാണു്.

ത്രിദോഷോത്ഥകാമലാചികിത്സ.

ത്രിദോഷോത്ഥേദാഹം ഖലു ചമണിബന്ധപ്രയോഗതം.
വദന്ത്യന്യേ ദർശ്ണപ്രാന്ത ചപുസ്തന്ദ്യാശു ഭതടേ
അയേ രാമസ്വാമിൻ! ശശലഭ്നജ്വാരണ്യദഹന
പ്രസീദേത്യാലാപം കുരുത ച തഥാ ശങ്കര! ശിവേ! ൧൭

ത്രിദോഷോത്ഥകാമലയ്ക്കു് രണ്ടുമണിക്കെട്ടിലും ചൂടും വരണങ്ങ ളാകുമെന്നു് ചിലരും, രണ്ടുപാർശ്വത്തിലും (കാൽമടമ്പു്) കു അതിവ്യായാ മുണ്ടാകുമെന്നു് മററു ചിലരും പറയുന്നു. എന്തായാലും തിരിപ്പിക്കുന്നു ലപിടിപെട്ടാൽ സകലരാക്ഷസകുലനാശകനായ രാമസ്വാമിൻ, സാദിക്കണേ, പാർവ്വതീകാന്തനായ പരമശിവ! ശ്രീപാർവ്വതി! പ്ര ദിക്കണേ എന്നിങ്ങിനെ ഗംഗാനദിയുടെ കരയ്ക്കുപോയിരുന്നു ജപ ക്കയല്ലാതെ മററു ചികിത്സകൾ ഒന്നും തന്നെയില്ല. (ത്രിദോഷകാമല അസാദ്ധ്യമാണെന്നു സാരം)

കാമലോപദ്രവങ്ങൾ.

ശ്വസനം കസനം വിസംജ്ഞതാം
ജ്വരമാധ്മാന വമീച വിഡ്ഗ്രഹം.
ശ്വയഥും ച തഥാതിസംസൃതിം
ഹൃഥവാ കൈക്ഷന്യമിമാനുപദ്രവാൻ. ൧൮
പ്രശമം വിനയേദ്യഥാ തഥാ
ഖലുചൈതേഷു ന ശാന്തിരത്രയേ
വിഹിതൌഷധ സേവനാദപി
ഖലു രാൻ വൈദ്യകശാസ്ത്രതോ ബ്രുവേ. ൧൯

ഹൃല്ലാസജ്വരകാസഛർദ്ദി സഹിതഃ ശ്വാസേന ശോഥേനവാ
വിഡ്ഭേദക്ലമദാഹമോഹ സംഹിതോ രക്താസ്യനേത്രോഹിയഃ,
നഷ്ടാഗ്നിഃ ഖലു കൃഷ്ണപീതബഹുളാം മൂത്രം മലംസാസൃജതേ
തുട്തന്ദ്രാരുചിഭിശ്ച കാമലഗദീയുക്തോന്തമം ഗച്ഛതി. ൨൦

ശ്വാസം, ചുമ, ചൈതന്യമില്ലായ്ക, ജ്വരം വയറുവീപ്പു്, ഛർദ്ദി മലബന്ധം, നീരു്, അതിസാരം, ക്ഷീണം ഇവ കാമലോപദ്രവ ങ്ങളാണു്. ഈ ഉപദ്രവങ്ങളെ വിഹിതൌഷധങ്ങളാൽ ശമിപ്പിക്കണം. ഈ രോഗങ്ങളിൽ വിധിച്ചിരിക്കുന്ന ഔഷധങ്ങൾ സേവിച്ചാലും ശമി ക്കാത്ത ഉപദ്രവങ്ങളെ വൈദ്യശാസ്ത്രമനുസരിച്ചു് അടിയിൽ പ റയുന്നു. നെഞ്ചുരുക്കം ജ്വരം, കാസം, ഛർദ്ദി, ശ്വാസം, ശോഫം, മോഹാല മലം അയഞ്ഞുപോകുക, ക്ഷീണം, സർവ്വാംഗസന്താപം, അഗ്നിനശിക്കുക, മലമൂത്രങ്ങളിൽ ക സ്യം കണ്ണും മുഖവും ചുവക്കുക, ദാഹം, മടി, അ റുപ്പുനിറമോ മഞ്ഞനിറമോ ഉണ്ടായിരിക്കുക, തണ്ണീർ ദാഹം, മടി, അ രുചി, ഇവയോടെല്ലാംകൂടിയ കാമലാരോഗി കാലപുരിയെ പ്രാപിക്ക തന്നെ ചെയ്യും.

കാമലമാറിയാലുള്ള ലക്ഷണം.

നേത്രദ്വയേ നിർമ്മലതാ നഖേഷു
ന ചംക്രമാദ്യൈശ്ശ്വസനപ്രയാസഃ

പാദി സന്ദർശനതോ ദ്യുതിനൈര്മ്മല്യ-
നികംഭവേദോ മസ്യാനിവൃത്താമൃദിരം ദൃശ്യതെ ദ്യെ. ൫൭

നാശം കണ്ണ് നേത്രങ്ങളിലും നഖങ്ങളിലുംഉള്ള മഞ്ഞനിറം മാറി പൂർവ്വ സ്ഥിതിയിൽ നൈർമ്മല്യമുണ്ടാവുക, നടക്കുമ്പോഴും മററും ശ്വാസപ്രയാസങ്ങൾ ഇല്ലാതാവുക, വിളക്ക് മുതലായ ദീപ്രവസ്തുക്കളെ നോക്കുന്നതിൽ സൌഖ്യം തോന്നുക, ഇവയെല്ലാം കാമല വിട്ടുമാറിയാലുള്ള ലക്ഷണങ്ങളാണ്.

അപാംഗപാതോ മമ സൽഗുരൂണാം
ക്ഷേമായ കല്പേച്ഛ പരാഭവായ
ദൃഷ്ടസ്യ ധൃഷ്ടസ്യ സമത്സരസ്യ
ശോണഃ സകോപോത്ര ചതുരാനന്തഃ. ൫൮

ഞാൻ ദൃഷ്ടനും ധൃഷ്ടനും സമത്സരനും ആകകൊണ്ട് ഗുരുനാഥന്റെ കോപരക്തമായ കടക്കൺ നോട്ടത്തിന് പാത്രീഭൂതനാണെങ്കിലും അദ്ദേഹം സദയം ആ അപരാധങ്ങളെ ക്ഷമിച്ച്, പ്രശാന്തവും കരുണാപൂർണ്ണവുമായ കടാക്ഷത്തോടെ എന്നിൽ നിക്ഷേപിച്ചു ശ്രേയസ്സ് നൽകി അനുഗ്രഹിക്കണമെ!

ചികിത്സാക്രമകല്പവല്ലിയിൽ
സപ്തമസ്തബകം കഴിഞ്ഞു.

അഷ്ടമസ്തബകം.

ശങ്കാസ്യം ഗിരീശം ഹിമാദ്രേസ്തനൂജാം
സുധാപാത്രിം സദ്ഗുരും പാപിനതാ-
ബ്രവീമ്യസ്രപിത്ത പ്രതീകാരമർ-
നിദാനോദിതം സുശ്രുതാദ്യൈഃ സുവൈദ്യൈഃ. ൧

ഞാൻ പാർവ്വതീശങ്കരന്മാരെയും ഗണപതിയെയും ധന്വന്തരിയേയും ഗുരുനാഥനേയും നമസ്കരിച്ചിട്ട് സുശ്രുതാദ്യന്മാരുടെ മതമനുസരിച്ച് രക്തപിത്തനിദാനം പറയാൻ ഭാവിക്കുന്നു.

രക്തപിത്തനിദാനം.

പിത്തം വിദഗ്ദ്ധം ബഹ്വുഷ്ണസേവാ-
ക്രോധാദ്യപരീക്ഷ്ണാന്ന കടുവ്യഞ്ജനൈഃ
ക്ഷാരൈസ്തഥാ വാമവാണൈഃ ഭോജ്യൈ
വ്യായാമതശ്ചാപി ദഹത്യഥാസ്രം. ൨

വളരെവെയിലുകൊള്ളുക, കോപിക്കുക, അധികമായി വഴിനട [illegible] നേരിവുള്ളവയും ആയ ദ്രവ്യങ്ങളെ അധികം

ഉപയോഗിക്കുക, അതിമൈഥുനം ചെയ്യുക, ക്ഷാരങ്ങളായും ലവണങ്ങളായും അമ്ലങ്ങളായും ഉള്ളവ അധികമായി ഭക്ഷിക്കുക, അതിവ്യായാമം ചെയ്യുക, ഇവയാൽ പിത്തം ദുഷ്ടമായിട്ട് രക്തത്തെ കോപിപ്പിക്കുന്നു. ഇതാണ് രക്തപിത്തം.

രക്തപിത്തപൂർവ്വരൂപം.

ശീതാഭിലാഷസ്സദനം ച കണ്ഠ-
ധൂമായനം ലോഹസമോഹി ഗന്ധഃ.
ശ്വാസോ ഭവിഷ്യത്യധികശ്ച തസ്മിൻ
വാന്തിർഹി പിത്താസ്രസമുദ്ഭവപ്രകോപേ. ൩

തണുപ്പുള്ളവയിൽ ആഗ്രഹം, ക്ഷീണം, തൊണ്ടപുകയുക ഇരിമ്പിനു തുല്യമായ ഗന്ധം ഉണ്ടാവുക, ശ്വാസം ക്രമത്തിലധികം ഭവിക്കുക, ഛർദ്ദി ഇവ രക്തപിത്തകോപത്തിലുള്ള പൂർവ്വരൂപമാണ്.

രക്തപിത്തരൂപം.

ഊർദ്ധ്വം ച നാസാക്ഷി മുഖശ്രുതിഭ്യോ
ഹ്യധസ്തു ലിംഗാൽ ഭഗതശ്ച പായോഃ
കോപാദതിശേഷാത്തനു രോമകൂപ-
സംഘാച്ച രുധിരസ്രസമുൽഗമഃ സ്യാൽ. ൪

മൂക്ക്, കണ്ണ്, മുഖം, ചെവി ഇവയിൽ കൂടിമേൽപ്പോട്ടും, ലിംഗം യോനി, ഗുദം ഇവയിൽ കൂടി കീഴ്പ്പോട്ടും വിശേഷിച്ച് രോമകൂപങ്ങളിൽ കൂടയും കോപിച്ച് രക്തം പുറപ്പെട്ടും ഇത് രക്തപിത്തത്തിന്റെ ലക്ഷണമാണ്,

വലാസസംസൃഷ്ടമഥോർദ്ധ്വഗം ത-
ദ്വാതാനുഗം ഗച്ഛതി തദ്വ്യധസ്താൽ
ദ്വിമാർഗ്ഗഗം തൽ കഫമാരുതാഭ്യാ-
മഥോർദ്ധ്വഗം തൽ ഖലു സാദ്ധ്യമേവ- ൫

തഥൈവ ചാധോഗമഥോ യദാ ചേ-
ന്നവോത്ഥിതം ചൈവ ന ചാതിവേഗം
സുഖോഹികാലേ നിരുപദ്രവം ച യദ്
ദ്വിമാർഗ്ഗഗം യച്ച ഗദ ഗതം ഹി. ൬

യന്മാംസസംക്ഷാളിത വാരിതുല്യം
യദ്വാ ഭവേദ്വൈ ക്വഥിതാംബുവദ്ധി
യൽകർദ്ദമാം ഭോനിഭമേവ യത്തു
പൂയാസ്രകല്പം ഖലു മേദസേദാപി. ൭

തുല്യം ച ജംബൂഫലവത്തഥൈവ
യകൃൽസമം നീലമഥാപി യച്ച.
അസാദ്ധ്യമേഭിസ്സകലാത്ഥവിദ്ഭിഃ
വൈദ്യൈസ്ത്യജേദ്രാഗ്ദ്രുവവർണ്ണം (പ്രലാപകം) ൮

ഊൎദ്ധ്വഗമായ രക്തപിത്തം കഫത്തോടു ചേൎന്നും, അധോഗതമായ രക്തപിത്തം വാതാനുഗതമായും, ഉഭയമാൎഗ്ഗഗതമായ രക്തപിത്തം കഫവായു സംസൃഷ്ടമായും അതെ ഉണ്ടാവുന്നത്. ഇവയിൽ ഊൎദ്ധ്വഗം സാദ്ധ്യംതന്നെയാണ്. ചിരകാലോത്ഭവമല്ലാതെയും അതിവേഗത്തിൽ പ്രവൎത്തിക്കാതെയും സുഖകാലത്തിൽ (ഹേമന്തശിശിരകാലങ്ങളിൽ) ഉപദ്രവങ്ങളോടു വേർപെട്ടും വരുന്ന അധോഗരക്തപിത്തവും സാദ്ധ്യംതന്നെ. ഒരേസമയത്തുതന്നെ ഉഭയമാൎഗ്ഗങ്ങളിൽക്കൂടി പുറപ്പെടുന്ന രക്തപിത്തവും, മാംസം കഴുകിയ വെള്ളത്തിന്റെ നിറത്തിലും കഷായ ജലത്തിന്റെ നിറത്തിലും ചെളികലക്കിയ വെള്ളത്തിന്റെ നിറത്തിലും ചലവും രക്തവുംകൂടി കലൎന്ന നിറത്തിലും മേദസ്സിന്റെ നിറത്തിലും ഞാവൽപ്പഴത്തിന്റെ നിറത്തിലും യകൃത്തിനോടു തുല്യമായും നീലവൎണ്ണമായും ഇന്ദ്രചാപസദൃശമായും രക്തം പ്രവൎത്തിക്കുന്നതായ രക്തപിത്തവും, അസാദ്ധ്യം തന്നെയാണ്.

രക്തപിത്തോപദ്രവങ്ങൾ.

ദൌൎബ്ബല്യകാസ ജ്വരവാന്തിതൃഷ്ണാഃ
കോഷ്ഠസ്യ ഭേദോ വിഡ്വിശോഷ മൂൎച്ഛാ
ശ്വാസോ മദശ്ചാഥ ശിരോതിതാപഃ
പിത്താസ്രകോപേ ഹ്യുപസൎഗ്ഗസംഘാഃ. ൯

ബലമില്ലായ്ക, കാസം, ജ്വരം ഛൎദ്ദി തണ്ണീർദാഹം കോഷ്ഠഭേദം (മലം അയഞ്ഞുപോകുക) സൎവ്വാംഗസന്താപം, മോഹാലസ്യം, ശ്വാസം, മദം, അസഹ്യമായ തലവേദന. ഇവയെല്ലാം രക്തപിത്തത്തിൽ ഉണ്ടാകുന്ന ഉപദ്രവങ്ങളാണ്.

ഭുക്തേ വിദാഹസ്ത്വരുചിസ്തു ഭക്തേ.
ദോഷോഷ്ടവിപാകോ വികൃതിസ്തഥൈവ.
സപൂതിനിഷ്ഠീവനപാണ്ഡുതാപി
പീഡാ തഥാഹൃദ്യസമാ ഭവേച്ച. ൧൦

ഭക്ഷിച്ചാൽ വയറ്റിൽ വേവു്, ചൈതന്യമില്ലായ്ക, ഭക്ഷണത്തിൽ വെറുപ്പ്, ദഹനമില്ലായ്ക, ഓരോ വികാരം, തുപ്പുന്ന കഫത്തിൽ ദുൎഗ്ഗന്ധം, വലിയ നെഞ്ചുവേദന ഇവയും രക്തപിത്തോപദ്രവങ്ങളാണ്.

രക്തപിത്തചികിത്സാ.

അഥാശ്നതോവൈ ബലിനസ്സ പിത്ത
രക്തം ഹി വൈദ്യഃ പ്രഥമം വിചാൎയ്യ
സംസ്തംഭയേൽ, ? ഗുല്മമഹാജ്വരാദി
ഹൃൽപാണ്ഡുകൃൽ പ്ലീഹകരം തഥൈവ ? ൧൧

നവാന്യം വിരേച്യം നവാ ക്ഷീണമാംസം
ബലം ബാലകം ശോഷിണം ചാഥവൃദ്ധം
യഥാ ഭേഷജൈരേതി നോ ദോഷവൃദ്ധി-
സ്തഥാ തത്ര വൈദ്യൈശ്ചികിത്സാവിധേയാ. ൧൨

ഭക്ഷണത്തിനു് രുചിയുള്ളവനും ബലിയും ആയ പുരുഷന്നു് ഉണ്ടാകുന്ന രക്തപിത്തത്തെ ആദ്യം വൈദ്യൻ സ്തംഭനൌഷധങ്ങൾ കൊണ്ടു് തടഞ്ഞുനിറുത്തണം. ഭക്ഷണത്തിൽ രുചിയില്ലാത്തവനും ദുൎബ്ബലനും വിരേചനയോഗ്യനും ആയവനെ സ്തംഭിപ്പിക്കരുതു്. മാംസബലം കുറഞ്ഞു ദുൎബ്ബലനായും ബാലനായും ശോഷിയായും വൃദ്ധനായും ഇരിക്കുന്നവനെ വൈദ്യൻ ദോഷവൃദ്ധിവരാത്തവിധം ഔഷധംകൊടുത്തു ചികിത്സിക്കണം.

സശൎക്കരം മാക്ഷികസംയുതം വാ
ഹ്യാരഗ്വധേനൈവ ച വാമലക്യാ
വിരേചനം ചോൎദ്ധ്വഗ രക്തപിത്തേ
ഹരീതകീഭിസ്ത്രിവൃതാ തഥാ വാ. ൧൩

വിരേചനയോഗ്യമായ ഊൎദ്ധ്വഗരക്തപിത്തത്തിൽ കൊന്നത്തൊലിയും നെല്ലിക്കയും കൂടിയോ, കടുക്കയും ത്രികോല്പക്കൊന്നയും കൂടിയോ കഷായംവച്ചു് പഞ്ചസാരയോ തേനോ മേമ്പൊടിചേൎത്തു കൊടുത്തു വയറിളക്കണം.

ജലധരേന്ദ്രയവൈൎമ്മധുയഷ്ടികാ
മദനദൃശ്ച മധൂത്തരമേവ വാ.
രുധിരപിത്തമധോഗമിതം മിതം
സമവലോക്യ ശുഭം വമനം ഹിതം. ൧൪

മുത്തങ്ങാക്കിഴങ്ങു് കൊടകപ്പാലയരി എരട്ടിമധുരം മലങ്കാരയ്ക്ക ഇവ കഷായംവച്ചു് പശുവിൻപാലും തേനും ചേൎത്തുകൊടുത്തു് ദോഷകോപമനുസരിച്ചു് അല്പം ഛൎദ്ദിപ്പിക്കുന്നതു് അധോഗതമായ രക്തപിത്തത്തിൽ ഹിതമാകുന്നു,

രക്തപിത്തത്തിലെ പഥ്യങ്ങൾ.

അഥ ച രുധിരകോപേ സൂപപഥ്യേ ഹിതാശ്ശാലയഷ്ഷഷ്ടി-
നീവാരമുദ്ഗാഢകീ കോരദൂഷാമസൂരാഢകാശ്ച.
ചണകമഥ മകുഷ്ഠാമസൂരാസ്തഥാ ശ്യാമയാവാ-
പ്രിയംഗുശ്ച ഭോജ്യാർത്ഥസൂപായയൂഷാർത്ഥമേതേ പ്രശസ്താഃ.

ചെന്നെല്ല് ഞവര തൃണധാന്യം ചെറുപയറ് തുവര വരക് [illegible] ചണംപയറ് മക്കട്ടിപ്പയറ് കറുത്ത [illegible] ചിനെല്ല് ഇവ ഭക്ഷിക്കുന്നതും ചാറുണ്ടാക്കി കുടി[illegible] ണംപയറ് കാർകോകിലരി, തോരൽ ഇവകൊണ്ടു ചാറുണ്ടാക്കി [illegible] ക്കുന്നതു രക്തപിത്തത്തിൽ പഥ്യങ്ങളാണ്.

[illegible] പ്രാശ്യം
ഫലമഥ ച തഥാ ദാഡിമീ ധാത്രിജാതം
തഥാ ചാമ്ലമിച്ഛന്നഥോ ശാകമിച്ഛൻ പടോലാനിനിംബാഗ്രപ്ലക്ഷാ[illegible]
വടദളഗണാൻ പാച്യ സംപാദയേത്തണ്ഡുലീയം തഥാ
മാംസമുക്തം ഹി പാരാവതസ്യാഥവാ [illegible] മേവാഥലാവ[illegible]
തഥാ തൈത്തിരം വാ സമുക്തം [illegible]
ഹ്യഥോ കാലചൂർണ്ണോദ്ഭവം [illegible]

പുളി ഉപയോഗിക്കുന്നതിനു [illegible] രക്തപിത്തരോഗിക്ക് [illegible] [illegible] ളിമാതളക്കായും നെല്ലിക്കായും കൊടുക്കണം. [illegible] മെന്നാഗ്രഹമുള്ളവന് പടവലം വേപ്പില പുളിയില [illegible] ചെറുചീര ഇവ തോരനായി വെച്ച് [illegible] കൊടുക്കണം. മാട[illegible] പ്രാവ് വെള്ളത്തമാടപ്രാവ് [illegible] തൈത്തിരിപ്പുള്ള് മാ[illegible] കൾ മുയലുകൾ കറുത്തവാലുക്ക് ? പിതാരിപ്പുള്ള് ഇവയുടെ മാംസ[illegible] രക്തപിത്തരോഗിക്ക [illegible] സങ്ങളെ മാംസഭക്ഷണത്തിൽ [illegible] കൊടുക്കണം.

ഖർജ്ജൂരമോട്ടംബൈ [illegible] നാം
കാശ്മീരപരൂഷ്യാ മധുഭിസ്സമേതം
[illegible]
വിനാശയേദത്ര ന [illegible].

ഈന്തപ്പഴം അത്തിപ്പഴം മുന്തിരിങ്ങാപ്പഴം കുങ്കുമപ്പൂവ് കടുക്ക ഇവ പൊടിച്ച് അരച്ച് തേൻ ചേർത്തു ലേഹമാക്കി നക്കിയാൽ രക്ത പിത്തം നശിക്കും.

ചന്ദനാദ്യം ചൂർണ്ണം.

ചന്ദനം നളദപത്മകേസരം നാഗപുഷ്പമഥ ഭദ്രമുസ്തകം.
[illegible]ൽപലമുശീരധാതകീ നീലകഞ്ജയുത പത്മകം തഥാ.

ശൃംഗിവേര രസജാത്രമജ്ഞയാ പാഠയാ ച കുടജേന സംയുതം
[illegible] തഥാവിഷാ.
ജാംബവം ച ഖലു സാമ്രമേവഹി [illegible] ചൈലയാ തഥാ
ദാഡിമീഫല ഭേദ [illegible] സൂക്ഷ്മയാ ച ഖലു [illegible] സിതശർക്കരാന്വിതം
[illegible] ശാല്മലീശദയുതം സമംശയാ സംയുതം ച സിതശർക്കരാന്വിതം ചൂർ
ശാല്മലീശദയുതം സമംശയാ സംയുതം ഭക്ഷയേൽ.
തണ്ഡുലാംബു മധുനായുതം പിബേ ച്ചാനുപൂർവ്വമിദമേവ ഭക്ഷയേൽ.
ചന്ദനാദികമിദം സുസേവിതം രക്തപിത്തനികരം വിനാശയേൽ. ൨൦
അർശസാം ജ്വരിണാം ചൈതദ്രക്തപിത്തഗദസ്യ ച ൨൧
ഹിതം മദോപസൃഷ്ടാനാം തൃഷ്ണാതീസാരനാശനം.
സ്ഥാപനാ [illegible] സ്ത്രീണാം [illegible] ൨൨
മൂർച്ഛായാമശചിനോ [illegible] സമ്മതം ചന്ദനാദികം.

ചന്ദനം മാഞ്ചി താമരയല്ലി നാഗപ്പൂവ് പെരുമുത്തങ്ങ, പാച്ചോറ്റിത്തൊലി ചെങ്ങഴിനീർക്കിഴങ്ങ്, രാമച്ചം താതിരിപ്പൂവ് കരിങ്കൂവളക്കിഴങ്ങ് പത്മകം ചുക്ക് നറുംപശ [illegible] ഇലവങ്ങ പുറ്റാവൽക്കിഴങ്ങ് കുടകപ്പാലയരി ഞാവൽത്തൊലി [illegible] മാതളത്തോട് [illegible] ഉത്തുംകായുടെ മജ്ജ വിടയം (അതിവിടയം) [illegible] ഇവയെല്ലാംകൂടി പൊടിച്ച് [illegible] ലത്തരി മുള്ളെലവിൻപശ കൊട്ടം പടച്ച് [illegible] സേവിക്കണം. [illegible] ടിച്ച് പഞ്ചസാരയും തേനും ചേർത്ത് [illegible] ഈ ചന്ദനാ ദിചൂർണ്ണം രക്തപിത്തത്തെയെല്ലാം നശിപ്പിക്കും. [illegible] അർശസ്സ് ജ്വരം ഇവയെ നശിപ്പിക്കും. മദാത്യയത്തെയും [illegible] യും. തണ്ണീർദാഹം അതിസാരം ഇവയേയും ശമിപ്പിക്കും. [illegible] ഇല്ലാതാക്കും, ഈ ചൂർണ്ണം [illegible] സമ്മതമാണ്.

വാശാപ്രയോഗം.

മാക്ഷികതുല്യം വാസകനീരം ൨൩
ലോഹിതപിത്തേ പേയമജസ്രം.

ആടലോടകത്തിൻനീരും തേനും സമം [illegible] സേവിക്കുന്നത് രക്തപിത്തശമനമാണ്.

വേറൊന്ന്.

വാസകസ്വരസഭാവിതപത്ഥ്യാ
സപ്തധാപി മഗധാപി തഥൈവ
മാക്ഷികേണസഹിതായദിലീഢാ ൨൪
രക്തപിത്തമിഹ കിംച തദാകാ?

അടലോടകത്തിൻനീരിൽ കടുക്കയോ തിപ്പലിയോ ഏഴ്പ്രാവശ്യം ഭാവനചെയ്ത് ലേഹപാകമാക്കി തേൻ ചേൎത്തു സേവിക്കുക. രക്തപിത്തം നശിക്കും.

നവാശാസമാവിദ്ധ്യതേ രക്തപിത്ത-
ക്ഷയശ്വാസകാസാപഹാ ...
...
തഥാ കാഥചൂൎണ്ണാവലേഹാദികേഷു. ൭൫

രക്തപിത്തം ക്ഷയം ശ്വാസം കാസം ഇവയെ ശമിപ്പിക്കുന്നതിന് അടലോടകത്തിന് സമമായി വേറെ ഔഷധവും ഇല്ല. അതിനാൽ ജീവിതാശയുള്ളവൻ മുൻപറഞ്ഞ രോഗങ്ങളിൽ അടലോടകം കഷായംവെച്ചോ പൊടിയാക്കിയോ ലേഹമാക്കിയോ ഉപയോഗിച്ചുകൊള്ളണം.

രക്തഗന്ധിനി ചോദ്ഗാരേ ...
...ഗോസ്തനീം ... ൭൬

പുളിച്ചുതികട്ടുന്നതിന് രക്തഗന്ധമുണ്ടായിരിക്കയും, ശ്വാസത്തിന് ഇരിമ്പിന്റെ മണം ഉണ്ടായിരിക്കയും ചെയ്താൽ മുക്കഴഞ്ച് മുന്തിരിങ്ങാപ്പഴം അതിൽ ഇരട്ടി പഞ്ചസാരയും ചേൎത്തു സേവിക്കണം.

ഏലാവടി.

ഏലാശിലാ മധുകഗോസ്തനികാ ...
വൈദ്യഃ പലംപലമഥാൎദ്ധപലം കണായാഃ
ഖൎജ്ജൂരകം പലമിതം ച ...
ദ്രാക്ഷാം ച പത്രമഥ പേഷ്യമധൂപയുക്താ. ൭൭

അക്ഷോന്മിതാശ്ശുഭവടീ ...
പിത്താസ്രകാസവമിശോഷ ... നിഹന്തി.
ശ്വാസംനിഹന്തി ...
ഏലാവടീ ക്ഷപയതി സ്വരഭേദമുഗ്രം. ൭൮

ഏലത്തരി കൎപ്പൂരം ഏട്ടിമധുരം വലിയ മുന്തിരിങ്ങാപ്പഴം ഇലവൎങ്ങം ഇവ കാലേ പലം, തിപ്പലി അരപ്പലം, ഈന്തപ്പഴം മുന്തിരിങ്ങ പച്ചില ഇവ കാലേപലം ... കൂടി അരച്ച് തേനും ചേൎത്തു യോജിപ്പിച്ച് താന്നിക്കാപ്രമാണം (മൂന്നുകഴഞ്ച്) സേവിച്ചാൽ രക്തപിത്തം കാസം ഛൎദ്ദി, ശോഷം, ശ്വാസം സ്വരഭേദം ഇവ ശമിക്കും.

ലേപനത്തിന്.

ധാത്രീഫലം പേഷ്യ ഘൃതപ്രദിഷ്ടം
മൂൎദ്ധ്നിപ്രലേപാച്ഛരുണദ്ധി രക്തം
നാസാപ്രവൃത്തംത്തു ജലസ്യവേഗം
സേതുൎയ്യഥാ രാമകൃതഃ പയോധേഃ. ൭൯

നെല്ലിക്ക അരച്ച് നെയ്യുകൂട്ടിച്ചാലിച്ച് ഉച്ചിയിൽ ഇട്ടാൽ, രാമസേതുവിനാൽ സമുദ്രത്തിലെ ജലവേഗം നശിച്ചതുപോലെ മൂക്കിൽകൂടി വരുന്ന രക്തം ശമിക്കും.

പേയവും നസ്യവും.

ഘ്രാണപ്രവൃത്തസ്യ ച ലോഹിതസ്യ
ശമായപേയം ച സശൎക്കരാംബു
പേയം പയോനാസികയാ തഥാ വാ
ദ്രാക്ഷാരസ ക്ഷീരഘൃതം മുഖേന. ൮൦

സശൎക്കരം ചേക്ഷുരസം തഥൈവ
പേയം ഘൃതോ ദാഡിമപുഷ്പനീരം
ദൂൎവ്വാരസം നസ്യവിധാനദക്ഷഃ
പ്രദാപയേദ്വാ ബഹുധാത്ര നസ്യേ. ൮൧

മൂക്കിൽകൂടി രക്തം വരുന്നതു ശമിക്കുന്നതിന് പഞ്ചസാര വെള്ളത്തിൽ കലക്കി കൊടുക്കണം. പാൽ നസ്യംചെയ്യുകയും ചെയ്യാം. അതുപോലെ മുന്തിരിങ്ങാപ്പഴത്തിൻനീരിൽ പാലുംനെയ്യും ചേൎത്ത് കുടിക്കുന്നതുകൊണ്ടും രക്തപിത്തം ശമിക്കും. കരിമ്പിൻനീര് പഞ്ചസാര ചേൎത്തു കൊടുക്കുന്നതും, താളിമാതളപ്പൂവിൻ നീര് കൊടുക്കുന്നതും രക്തപിത്തത്തിനു നല്ലതാണ്. നസ്യകൎമ്മത്തിൽ സമൎത്ഥനായ വൈദ്യൻ കറുകനീരുകൊണ്ട് പലപ്രകാരത്തിൽ നസ്യം ചെയ്താലും രക്തപിത്തം ശമിക്കും.

മററു യോഗങ്ങൾ.

പ്രിയംഗുമൃല്ലോദ്ധ്രമഥാഞ്ജനംഹി
സംഭാവ്യ വാശാസ്വരസേ വിപേഷ്യ
പ്രദാപയേന്മാക്ഷികസംയുതംത്തു
നാസാമുഖാഭ്യാം ഗളലിംഗപായോഃ. ൮൨

ഗതംഹിയല്ലോഹിതപിത്തമുഗ്രം
ശസ്ത്രക്ഷതാദ്യച്യവമാനമേവ
തദപ്യനേനൈവ യഥാസ്ഥിരിസ്യാ
ച്ചൂൎണ്ണേനതുൎണ്ണം ഭിഷജോ വദന്തി. ൮൩

ഞാഴൽപ്പൂവ് ഇരുവേലി ... ... സേവിച്ചാൽ ... ഞനം ഇവ അരച്ച് അടലോടകനീരിൽ കലക്കി തിളപ്പിച്ച് ... യാൽ തേൻചേർത്തു കൊടുക്കുക. മൂക്ക്, വായ്, യോനി, ലിംഗം, ഗുദം, ഈ സ്ഥാനങ്ങളിൽകൂടി രക്തം പോകുന്നതും ഉഗ്രവും ... രക്തപിത്തം ശമിക്കും. ഇതുകൂടാതെ ... കൊണ്ടും മറ്റും മുറി... ഞ്ഞ് ഒലിക്കുന്ന രക്തവും മുൻപറഞ്ഞ ഔഷധംകൊണ്ടു ശമിക്കും.

ദൂർവ്വാദിഘൃതം.

ദൂർവ്വാലോല്പലമൃണാളമുൽപല ഭവം കിഞ്ജല്കമേവം പരം
മുസ്താചന്ദന ചന്ദനദ്വയമഥോ ദ്രാക്ഷാമധൂകം തഥാ
ഏലാവാലുകപത്മകേസരപുനർമ്മഞ്ജിഷ്ഠയാ കാശ്മരീ
മൂർച്ഛായുക്തമഥോഘൃതം ഹിവിപാചയേദ് ദൂർവ്വാദിഭിഃ കാർഷികൈഃ. ൩൧

തോയാവേദ്ഗ്രുണം ച തണ്ഡുലജലം ... ...
സിദ്ധം തദ്ഘൃതമേകമേവ വമതോ രക്തം ഹിതം പായയേൽ
നസ്യം ഘ്രാണഗതേ ച ... ... കർണ്ണ ... പൂരയേൽ
കണ്ണാഭ്യാം ച ഗതേ ച ... ... ച. ൩൨

കറുക പാച്ചോറ്റിത്തൊലി ... ചെങ്ങഴിനീർപ്പൂവിന്റെ അല്ലി മുത്തങ്ങാക്കിഴങ്ങ് ... ... രക്തചന്ദനം മുന്തിരിങ്ങാപ്പഴം ഇരിപ്പക്കാതൽ ഏലാവാലുകം പതുമുകം മഞ്ചട്ടിപ്പൊടി കുമിഴിൻവേര് ... ... ഇവ മുമ്മൂന്നുകഴഞ്ചുവീതം ... ഇരട്ടിക്കാടിയിൽ ... ... കാടിയോളവും അ... ട്ടിൻപാലും ചേർത്ത് കാച്ചിയെടുത്ത നെയ്യ് സേവിച്ചാൽ ഏറ്റു രക്തപിത്തവും ശമിക്കും ഈ നെയ്യുകൊണ്ട് നസ്യം ചെയ്യുകയും ചെവിയിൽ നിർത്തുകയും ചെയ്യാം. അപ്രകാരം ചെയ്താൽ ചെവി, കണ്ണ്, ലിംഗം, ഗുദം, രോമകൂപം ഇവയിൽകൂടി വരുന്ന രക്തവും ശമിക്കും.

വാശാഘൃതം.

സമൂലം സശാഖം സപത്രം പ്രഗൃഹ്യ
സുസിംഹാസ്യനാം കാഥ്യതൽപുഷ്പകല്കം.
ഘൃതേക്ഷൌദ്രയുക്തേ സമസ്തംപചേത്തൽ-
ഘൃതംരക്തപിത്താപഹം ശാസ്ത്രദൃഷ്ടം. ൩൩

ചെറിയ ആടലോടകം ചുവടോടും തണ്ടോടും ഇലയോടുംകൂടി പറിച്ചെടുത്ത് അതിന്റെ പൂതന്നെ കല്ക്കമാക്കി തേൻചേർത്തു കാച്ചിയനെയ്യ് സേവിച്ചാൽ രക്തപിത്തം ശമിക്കും.

ലഘുശതാവരീഘൃതം.

വരീം ദാഡിമീം തിന്ത്രിണീം വൈവിദാരീം
സമേദാം ച കാകോളികാം ചാപി ദുഗ്ദ്ധം
സമസ്തം ഘൃതേ പാച്യ സേവ്യം ഘൃതം തൽ
സ്രവദ്രക്തകാസജ്വരാണാം പ്രകോപേ. ൩൪

ശതാവരി താളിമാതളം പുളിവേരിന്മേലെത്തൊലി പാൽമുതക്കിൻകിഴങ്ങ് മേദ കാകോളി ഇവ കല്ക്കമാക്കി പാൽ ചേർത്ത് കാച്ചിയനെയ്യ് സേവിച്ചാൽ രക്തപിത്തം കാസം ജ്വരം ഇവ ശമിക്കും.

ബൃഹച്ഛതാവരീഘൃതം.

ശതാവരീമൂലരസസ്യ പ്രസ്ഥ-
ദ്വയം ച ദുഗ്ദ്ധസ്യ ഘൃതസ്യ ചൈകം
വിദാരികം ലോഹിതചന്ദനം ച
മേദാദ്വയം വൈ മധുകസ്യ ... ൩൫
കാകോളികായുഗ്മമിഹൈവ ...
പ്രാദായ ജീവർഷഭകൌ ച ...
സംപാചയേത്തൽഘൃതമേ...
സശർക്കരം ചൈവ മധുനാ ...
രക്തപിത്തശമനം പരം മതം
വാതരക്തശമനം തതൽപരം
ക്ഷീണശുക്രബലവീര്യവർദ്ധനം
കാമിനീഷു ... മതം. ൩൬
ഹരത്യന്തർദാഹം ശമനതി ശിരോദാഹമഥ ത-
ജ്ജ്വരം പിത്തോൽഭൂതം ക്ഷപയതി സദാഹം ഭഗഭവം
മഹാശൂലം കൃച്ഛ്രം യദപി നിയതം പിത്തജനിതം
സമസ്തം തൽസർപ്പിർന്നയതി ... ചിരാൽ. ൩൭

ശതാവരിയുടെ നീര് ഇടങ്ങഴി ... പാല് നെയ്യ് ഇവ ഏടങ്ങഴിവീതം, പാൽമുതക്കിൻകിഴങ്ങ് രക്തചന്ദനം മേദ മഹാമേദ ഇരട്ടിമധുരം കാട്ടുഴുന്ന് കാട്ടുപയറ് കാകോളി ക്ഷീരകാകോളി ജീവകം ഇടവകം മുന്തിരിങ്ങാപ്പഴം ഇവ കല്ക്കമാക്കി പഞ്ചസാരയും തേനും ചേർത്ത് കാച്ചിയെടുത്ത നെയ്യ് സേവിച്ചാൽ രക്തപിത്തം വാതരക്തം ഇവ ശമിക്കും. ക്ഷയിച്ച ശുക്ലവും ബലവും വീര്യവും വർദ്ധിക്കും. സ്ത്രീകളിൽ വളരെ സന്തോഷമുണ്ടാകും. അന്തർദാഹം, ശിരോദാഹം, പിത്തജ്വരം, യോനിയിലുണ്ടാകുന്ന ചുടിച്ചിൽ, വലിയ ശൂല, പിത്തജനിതമായ സർവ്വവികാരം ഇവയേയും ശമിപ്പിക്കും.

ഖണ്ഡശാഡ്വോപലേഹഃ.

ശതാവരീ ഛിന്നരുഹാ ബലാനാം
സതാലമൂലീത്രിഫലാവൃഷാണാം
തപോധനാഗർദ്ദഭശോകരക്ത-
സാരദ്രുമാണാം ച സപൂർണ്ണവാനാം. ൨൧

പൃഥക് പൃഥക് പഞ്ച പലാനി ഗൃഹ്യ
ദ്രോണേ ജലേ കാഥ്യ തദഷ്ടമാംശം
കഥാഥം തഥാ പാച്യ വിശിഷ്ടമേവ-
സഭാണ്ഡപൂതം ഹി നിഗൃഹ്യ തസ്മിൻ. ൨൨

ക്ഷിപേച്ച ദിവ്യൌഷധിമാഹിതസ്യ
വാ മാക്ഷി കേണൈവ ഹതസ്യ നൂനം
പലം തഥാ ദ്വാദശകം ഹി തക്മ-
ലോഹസ്യ ചൂർണ്ണം ച ഖണ്ഡം ച ഖണ്ഡം. ൨൩

പ്രസ്ഥോന്മിതം താമ്രമയേ കടാഹേ
പചേദ്യഥാതൽ ഗുഡവദ്ഘനം സ്യാൽ
തതസ്തു പ്രസ്ഥാർദ്ധമിതം പ്രപാത്യ
സുമാക്ഷികംയാംസ്തു വദാമി ചാഗ്രേ. ൨൪

ത്വക്പത്രശൃംഗീമഗധാവിഡംഗ-
ശുഭ ശ്ച ലാക്ഷാ സിതാ ജീരകാണാം
പലം പലം ഗൃഹ്യ പലം തഥൈവ
സുധാന്യകസ്യാപി ഫലത്രയസ്യ. ൨൫

ദ്ര്യക്ഷം ക്ഷിപേത്തത്ര ച നാഗപുഷ്പ-
ചൂർണ്ണം തഥാവൈ മരിചസ്യ തസ്മിൻ
സംമേള്യ സർവ്വം ഘൃതഭാജനേ ഹി
നിധാപയേത്തച്ച യഥോക്തകാലേ. ൨൬

വിഡാലപാദകം ഭജേദനുപിബേച്ച ഗവ്യം പയോ
രസം സമുദിതം തഥാ പലഭവം ച വൃഷ്യം ഗുരു.
സുഭോജനമഥോത്ര വൈ യദിഹ ബൃംഹണം തച്ചവാ-
പരാൽപരതരം തഥാ ജഗതി ഖണ്ഡശാഡ്വം സ്മൃതം. ൨൭

ഹരത്യസ്രപിത്തം ക്ഷയം പക്തിശൂലം
പ്രമേഹം വമിം വാതരക്തം ക്ലമം പ-
ാണ്ഡുരോഗം സശോഥം ച കുഷ്ഠം-
...ക്തസ്രുതിം ചാമ്ലപിത്തം. ൨൮

ശതാവരിക്കിഴങ്ങ് അമൃത് കുറുന്തോട്ടിവേര് നിലപ്പനക്കിഴങ്ങ് ത്രിഫല ആടലോടകത്തിൻവേര് (തപോധന)ശ്രാവണി (ഗർദ്ദ ശോക) ചെറുതേക്കിൻവേര് (രക്തസാരദ്രുമം) കരിങ്ങാലിക്കാതൽ പുഷ്കരമൂലിവേര് ഇവ ൫-൫-പലം വീതം. ൧൬-ഇടങ്ങഴി വെള്ളത്തിൽ കഷായം വച്ച് എട്ടിലൊന്നാക്കി വസ്ത്രത്തിൽ അരിച്ചെടുത്ത് മനയോലകൊണ്ടോ മാക്കീരക്കല്ലുകൊണ്ടോ മാരിതമായ ത്രഥാഞ്ജനം പന്ത്രണ്ടുപലം നെയ്യും കല്ക്കണ്ടവും ഇടങ്ങഴി വീതം ചേർത്ത ചെമ്പുപാത്രത്തിൽ പചിച്ച് ശർക്കരപോലെ കട്ടിയായാൽ വാങ്ങി ഇരുനാഴി തേനും ചേർത്ത് ഇലവർങ്ഗത്തൊലി പച്ചില കർക്കടകശൃംഗി തിപ്പലി വിഴാലരി (ഭദ്രശ്ച ലാക്ഷാ) കന്മദം ജീരകം കൊത്തമ്പാലയരി ത്രിഫല ഇവ ഓരോപലം നാഗപ്പൂവ് നല്ലമുളക് ഇവ ൪-പ്പലംവീതം. (ഭാവപ്രകാശത്തിൽ എല്ലാ മരുന്നും ഓരോ പലം ചേർക്കണമെന്നു കാണുന്നു) പൊടിച്ചു ചേർത്ത് നെയ്പുരട്ടി മയങ്ങിയ പാത്രത്തിലാക്കി വച്ച് കാലാനുസരണം മൂന്നു കഴഞ്ചു വീതം ഉപയോഗിക്കുക. പശുവിൻപാലും മാംസരസവും അനുപാനമായി സേവിക്കണം. ഗുരുക്കളായും ശുക്ലവൃദ്ധികരങ്ങളായും ഇരിക്കുന്ന അന്നപാനങ്ങളും ബൃംഹണമായ സ്നിഗ്ദ്ധമാംസാദിയും ശീലിക്കണം. ഈ ഖണ്ഡശാഡ്വാവലേഹം രക്തപിത്തം പരിണാമശൂലം പ്രമേഹം ഛർദ്ദി വാതരക്തം ക്ഷീണം നീരോട്ടുകൂടിയ പാണ്ഡുരോഗം കുഷ്ഠം വയറുവീറ്റ് രക്തംപോക്ക് അമ്ലപിത്തം ഇവയെ ശമിപ്പിക്കും.

ഖണ്ഡകൂശ്മാണ്ഡാവലേഹം.

പീനം പുരാണം കഠിനം പ്രഗൃഹ്യ
കൂശ്മാണ്ഡകം ബീജസിരാദിഭിശ്ച
ശൂന്യം ത്വചാ ചാപി പ്രഗൃഹ്യ ഖണ്ഡാം-
സ്തന്യൈവ താൻ നീര തുലാദ്വയേന. ൩൦

തുലാമിതാൻ പാച്യ സുവസ്ത്രഖണ്ഡ
നിഷ്പീഡ്യ തേഷാം സ്വരസം നിഗൃഹ്യ
നിധായ പാത്രേഥ പുനസ്തു പിഷ്ടം
കൂശ്മാണ്ഡജം താമ്രമയേ സുപാത്രേ. ൩൧

നിധായ ഘർമ്മേ ച വിശോഷ്യ യത്നാൽ
ഘൃതേഥ സംഭർജ്ജ്യ പുനഃ കടാഹേ
പ്രസ്ഥോന്മിതേ താമ്രസമാന വർണ്ണം
വിലോക്യ ദൃഷ്ടം ഹി തദ്ദ്രുതനീരം. ൩൨

നിക്ഷിപ്യ തസ്മിംശ്ച സിതാം പ്രദായ
തുലോന്മിതം ലേഹ സമേ വിപാകേ

വിശ്വാകണാ ജീരകയുഗ്മകാനാം
പലം പലം ചൂർണ്ണിതമാത്ര ദേയം. ൫൩

ത്വക്പത്രധാന്യാകസപുഷ്പകാനാം
സൈലം സുചൂർണ്ണം ത്രിപലാഷ്ടകം.
ക്ഷൌദ്രം ഘൃതാർദ്ധം ത്വിമിശ്രിതസ്മിൻ
ദേയം പലൈകം ച യഥാബലം വാ. ൫൪

രുധിരപിത്തവിനാശകരം പരം
പ്രദരകാർശ്യവമിജ്വരനാശനം.
ഹൃദയരോഗഹരം സ്വരഭേദകൃദ്
ക്ഷതക്ഷയനാശകരം ക്ഷതനാശകം. ൫൫

ഖണ്ഡകൂശ്മാണ്ഡാവലേഹസ്സകാസശ്വാസനാശകഃ.
വൈദ്യഭൂപൈസ്സദാചോക്തോ വൃംഹണോ ബലവർദ്ധനഃ. ൫൬

തടിച്ചതും പഴകിയതും മൂപ്പുള്ളതുമായ കുമ്പളങ്ങ കൊണ്ടുവന്ന്, അതിന്റെ അരിയും നാരും തൊലിയും കളഞ്ഞ് കൊച്ചുകൊച്ചായി നുറുക്കി ഒരു തുലാം കഷണം എടുത്ത് രണ്ടു തുലാം ജലത്തിൽ പചിച്ച് പകുതി വറ്റുമ്പോൾ വാങ്ങി അരിച്ചതിനു ശേഷം കൂശ്മാണ്ഡഖണ്ഡങ്ങൾ വേറെ എടുത്ത് ശുദ്ധവസ്ത്രത്തിൽ വെച്ചു ഞെക്കി അതിന്റെ രസവും ചേർത്ത് പിന്നെയും അടുപ്പത്തുവച്ച് വറ്റിക്കുക. ഞെക്കിയെടുത്ത കൂശ്മാണ്ഡഖണ്ഡം ചെമ്പുപാത്രത്തിൽ ഇട്ട് വെയിലത്തുവച്ചുണക്കിയെടുത്ത് ഒരു പാത്രത്തിലിട്ട് എട്ടുനാഴി നെയ്യ് ഒഴിച്ചു വറുത്ത് ചുവന്ന നിറമായാൽ മുൻപറഞ്ഞ കൂശ്മാണ്ഡരസവുംകൂടി ഒഴിച്ച് അതിൽ ഒരു തുലാം പഞ്ചസാരയും ചേർത്ത് ലേഹപാകമായാൽ ചുക്ക് തിപ്പലി ജീരകം ഇവ ഓരോപലവീതവും (ഭാവപ്രകാശത്തിൽ ഇതു രണ്ടും വേണമെന്നു കാണുന്നു) ഇലവർങ്ഗത്തൊലി പച്ചില കൊത്തമ്പാലയരി നല്ലമുളക് ഏലത്തരി ഇവ അരപ്പലം വീതവും പൊടിച്ചുചേർത്ത് അരിയാൽ നെയ്യിൽ പാതി (ഇരുനാഴി) തേനും ചേർത്തു സൂക്ഷിച്ചുവച്ചിരുന്ന്, അഗ്നിബലാനുസരണം ഒരുപലംവീതം സേവിക്കുക. (ഒരുപലം സേവിച്ചാൽ ദഹിക്കയില്ലെങ്കിൽ അഗ്നിബലം അനുസരിച്ചു സേവിച്ചുകൊള്ളണം.) ഈ ഖണ്ഡകൂശ്മാണ്ഡാവലേഹം രക്തപിത്തം പ്രദരം (യോനിയിൽക്കൂടിയുള്ള രക്തംപോക്ക്) കാർശ്യം ഛർദ്ദി ജ്വരം ഹൃദ്രോഗം സ്വരഭേദം (ഒച്ചയടപ്പ്) സർവ്വാംഗസന്താപം ക്ഷതം കാസം ശ്വാസം ഇവയെ നാശിപ്പിക്കും. ബൃംഹണവും (തടിപ്പിക്കുന്നതും) ബലവർദ്ധനവും ആണ്.

വേറൊരു ഖണ്ഡകൂശ്മാണ്ഡം.

കൂശ്മാണ്ഡകസ്യ സ്വരസം പലാനാം
ശതം ഹി ഗോക്ഷീരമഥോ ഹിതേന
തുല്യം ഹി വൈദ്യഃ പരിപാച്യ യത്നാൽ
ധാത്രീഫലാനാം ച പലാഷ്ടകം ച. ൫൭

ചൂർണ്ണം ച ചൂർണ്ണേന സമാം സിതാം ഹി
സംമേള്യ ക്ഷൌദ്രം ച പലാർദ്ധകാനാം
ദാഹാസ്രപിത്തപ്രശമായ ഖണ്ഡം
തൃഷ്ണാമ്ലപിത്തേഽപി ച കാമലായാം. ൫൮

കുമ്പളങ്ങാനീരു നൂറു പലം, പശുവിൻപാലു പലം നൂറ്, നെല്ലിക്കാപ്പൊടി പലം എട്ട് എല്ലാംകൂടി മന്ദാഗ്നിയിൽ പചിച്ച് കട്ടിയായാൽ നെല്ലിക്കാപ്പൊടിയുടെയത്രയും (എട്ടു പലം) പഞ്ചസാരയും ചേർത്തു വാങ്ങി സൂക്ഷിച്ചുവച്ച് അരപ്പലംവീതം സേവിക്കുക, സർവ്വാംഗസന്താപം രക്തപിത്തം തണ്ണീർദാഹം അമ്ലപിത്തം കാമല ഇവ ശമിക്കും.

സ്ഥലപത്മാവലേഹം.

സ്ഥലപത്മസഹസ്രസംഭവം ശുഭഗന്ധം ഹി സുയന്ത്രസാധിതം
കമഥോപരതാമ്രജേ ക്ഷിപേദഥ തസ്മിംശ്ച സിതാം കടാഹകേ. ൫൯

പരിപാച്യ ചപേടകദ്വയാം സുഘൃതം പ്രസ്ഥമിതം പ്രദായ വൈ
മധുരത്രയസാർദ്ധകംക്ഷിപേദഖിലം സല്ലവണം തഥാ ൬൦

ഗജകേസരപത്രജത്വചാം പലമേകൈകമഥോ രസാഞ്ജനം
കപിബീജബലേന്ദുകുങ്കുമാതിബലാചൂർണ്ണയുതം വിമിശ്രിതം. ൬൧

അവലോക്യ സുശീതളം ക്ഷിപേൽ സുശുഭം ചാഥ തഥാ വിദാരികാം
സിതചന്ദനമഭ്രകം തഥാ മൃതവംഗം ച പലാർദ്ധസമ്മിതം. ൬൨

സുകശേരുമഥോ ഹി ഗോസ്തനീം
പരിപേഷ്യാഥ തദൈലയായുതാം
പരിമേള്യ സുവൈദ്യഭൂപതി
സ്ഥലപത്മാദ്യവലേഹികാമിമാം. ൬൩

ബഹുലോഹിതപിത്തനാശിനീം
ബഹുപിത്തജ്വരമോഹശാതനീം
രതിനാഥസവർണ്ണകാരിണീം
പലമാനാം ച പ്രദാപയേദിമാം. ൬൪

തൃഷാം വിഡ്വിബന്ധം ക്ഷയം ശ്വാസകാസാ-
നപസ്മാരമുന്മാദമുഗ്രംഗദേച്ച
ശിരോത്തിം ജ്വരം ദാഹം ശോഷമുഗ്രം
പ്രശാന്തിം നയേദേവ നാനാശം കരോതി. ൩൭

അതിരം പനിനീർചെമ്പകപ്പൂവിന്റെ നീരെടുത്തു യന്ത്രത്തിൽവച്ചു പാകംചെയ്തു എടുത്തു ചെമ്പുപാത്രത്തിലാക്കി ൨ പലം പഞ്ചസാര ചേർത്തു ഇടങ്ങഴി നെയ്യും ഉഴുന്നാഴി തേനും ഒഴിച്ചു പചിച്ചു നാഗപ്പൂവു പച്ചില ഏലവർങ്ങത്തോലി തിപ്പലി നായ്ക്കുരണ അരി കുറുന്തോട്ടിവേരു കർപ്പൂരം കുങ്കുമപ്പൂവു ചെറുകുറുന്തോട്ടിവേരു ഇവ ഓരോ പലംവീതം പൊടിച്ചു ചേർത്തു വാങ്ങി തണുത്താൽ പാൽമുതക്കിൻനുറു് വെൺചന്ദനം ശുദ്ധിചെയ്ത അഭ്രം വംഗഭസ്മം കഴിമുത്തങ്ങ മുന്തിരിങ്ങാപ്പഴം ഇവ അരപ്പലംവീതം ചേർത്തു അരച്ചു യോജിപ്പിച്ചു വച്ചിരുന്നു കഴഞ്ചുവീതം സേവിക്കുക. ഈ ഘലപത്മഃദ്രവലേഹം രക്തപിത്തം പിത്തജ്വരം മോഹം ഇവയെ നശിപ്പിക്കും. കാമതുല്യമായ കാന്തിയെ പ്രദാനംചെയ്യും. ഇതുകൂടാതെ തണ്ണീർദാഹം മലബന്ധം ക്ഷയം ശ്വാസകാസങ്ങൾ അപസ്മാരം ഭയങ്കരമായ ഉന്മാദം തലയ്ക്കു വേദന ദാഹജ്വരം ശോഷം ഇവയേയും നശിപ്പിക്കും.

രക്തപിത്തബന്ധനരസം.

കനകമാക്ഷികപാരദഗന്ധകം
ഭുജഗരംഗപ്രവാളയുതം സമം.
വിധിവദേതദലം ഹി പരിക്ഷിപേ-
ന്തമഹോ വരവല്ലശുഭോദരേ. ൩൮

ശിശിരകഞ്ജസുമാലതികാദ്രവൈ-
രഥ ചകോരക സിംഹമുഖീഭവൈഃ
അഥ തദൈഹവഹി ധാന്യഭവദ്രവൈ-
ശ്ച ചാരിണിജ്ജൈശ്ച ബുസാരസൈഃ. ൩൯

ശതാഹ്വാവടോത്ഥജടോത്ഥിതൈ-
ജ്ജൈഃ പരിഭാവ്യപുനസ്ത്രിശഃ
പിത്തകുലസ്യഹിബന്ധനോ
ദ്രവമാക്ഷികസംയുതഃ. ൪൦



കമാനഃ ചരിസേവിതോയം
ഷിണാം പ്രാണദ ഏവ ഭൂമൌ
രോസ്മാദിഹ രക്തപിത്ത-
ദൈദ്യനൃപാ വദന്തി. ൪൧

പിത്തജ്വരേന്തർബഹിരേവസേവ്യം
യദ്വാ ക്ഷതക്ഷീണഹിതം തദേവ
ദേയം സുവൈദ്യൈർന്നഹ്യധാതു രക്ത-
പിത്തപ്രണാശായ വിശേഷതോഹി ൧൦

മാരിനവും ശുദ്ധവും ആയ സ്വർണ്ണമാക്ഷീകക്കല്ലു് രസം ഗന്ധകം കറുത്തീയം വെളുത്തീയം പവിഴം ഇവ സമം എടുത്തു അമ്മിക്കല്ലിൽ വച്ചു യോജിപ്പിച്ചു ചന്ദനം താമരപ്പൂ പിച്ചകപ്പൂ ഇവയുടെ നീരിലും, അടവിക്കച്ചോലം അടലോടകത്തിൻവേരു കൊത്തമ്പാലയരി ഇവയുടെ കഷായത്തിലും, അരുനിപ്പൂവിൻനീററിലും, വാഴമാണത്തിൻ നീററിലും, ചതകുപ്പ പേരാലിൻമൊട്ടു് അമ്പുതു് ഇവയുടെ കഷായത്തിലും, പിന്നെ മൂന്നു പ്രാവശ്യം അടലോടകത്തിലനീററിലും അരച്ചു തേനിൽ ഒരു ഉഴുന്നിന്റെ ഇടവീതം സേവിക്കുക. രക്തപിത്തത്തിനു് ഇതിനേക്കാൾ ശ്രേഷ്ഠമായ ഒരൌഷധം ഇല്ല എന്നു എല്ലാ വൈദ്യവർയ്യന്മാരും പറയുന്നു. ഇതു് പിത്തജ്വരത്തിൽ അകത്തു കൊടുക്കയും പുറമേ ദേഹത്തിൽ അരച്ചു തേക്കുകയും ചെയ്യാം. മുറിവു് ചതവു മുതലായവയാൽ ക്ഷീണിച്ചിരിക്കുന്നവർക്കും ഈ രസം ഹിതമാണു്.

ഗുരുപദാബ്ജപരാഗനിഷേവണാൽ ഭ്രമരവച്ച മയാ മധുസന്നിഭം
കൃതമശുദ്ധിയുതം യദിശോധയന്ത്വിഹകൃപാർദ്രദൃശാ വിബുധാധ്രുവം

ഗുരുപദാംബുജത്തിലുള്ള പരാഗത്തിന്റെ നിഷേവണം നിമിത്തം, വണ്ടു തേൻ എന്നപോലെ എന്നാൽ കൃതമായ ഇതിൽ അശുദ്ധിയുണ്ടെങ്കിൽ അതിനെ കൃപാർദ്രമനസ്സുകളായ വിദ്വാന്മാർ ശോധിക്കട്ടെ.

ചികിത്സാക്രമകല്പവല്ലിയിൽ
അഷ്ടമസ്തബകം കഴിഞ്ഞു.

നവമസ്തബകം.

സുശീതരശ്മിശേഖരം പ്രണമ്യചാഥ വച്മ്യഹം
ക്ഷയൌഷധം യദോദിതം യഥാ തഥാഹി സാമ്പ്രതം. ൧

ചന്ദ്രചൂഡനായ പരമേശ്വരനെ നമസ്കരിച്ചിട്ടു ക്ഷയത്തിനുള്ള ഔഷധം പറയുന്നു.

ക്ഷയനിദാനം.

വേഗാവരോധാൽ ക്ഷയ സാഹസാഭ്യാം
പുംസാം തഥാ വൈ വിഷമാശനാച്ച
സംജായതേ ഹേതുചതുഷ്ടയാദ്വൈ
യക്ഷ്മാഗദോഽത്യുഗ്രതരസ്ത്രിദോഷഃ. ൩൭

മലമൂത്രാദിവേഗരോധം ധാതുക്ഷയം മല്ലയുദ്ധാദി സാഹസം, വിഷമാശനം (വളരെയോ അത്യല്പമോ ആയ ഭോജനം ക്രമംതെറ്റി ചെയ്യുക) ഈ നാലു കാരണങ്ങളാൽ രാജയക്ഷ്മാവ് എന്ന രോഗം ഉണ്ടാകുന്നു. ഇതിൽ ത്രിദോഷകോപം ഉണ്ടായിരിക്കും.

യക്ഷ്മാവിന്റെ പൂർവ്വരൂപം.

രസവഹസ്രോതസ്സുകൾ ...
...
ദിരിപൂരുഷ്കരെ ...
... ക്ഷീണ്യമാനാ ...
പരിയാന്തി തദൈവ മാനവാ
... തൽ ഭാവിഷ്യതി
... ലിംഗമിദം ഹി ...
തത ഏവാശു ചികിത്സിതം ചരേൽ. ൩൮

കഫമുഖ്യങ്ങളായ ദോഷങ്ങളെക്കൊണ്ട് രസമാർഗ്ഗങ്ങളെ രോധിക്കുകനിമിത്തമോ അല്ലെങ്കിൽ അതിമൈഥുനത്താൽ ശുക്ലം ക്ഷയിക്കുകകൊണ്ടോ ധാതുക്കൾ ക്രമേണ ക്ഷീണിക്കുന്നു (ആദ്യം ശുക്ലം, പിന്നെ മജ്ജ, അസ്ഥി ഈ ക്രമത്തിൽ) അപ്പോൾതന്നെ പുരുഷൻ ശോഷവാനായിത്തീരുന്നു. ഇതാണ് പൂർവ്വരൂപം. അതിനാൽ അതിനു പറയുന്നതായ ചികിത്സയെ വേഗത്തിൽ ചെയ്തുകൊള്ളണം.

ശ്വാസകാസ ... പീനസ ...
വഹ്നിസാദ ... ഫേനാംസ്രവയുക്തഃ
ജായതേ ... ശിരസ്സു-
സ്താലുശോഷ പരിപീഡിത ... ൩൯

ശ്വാസം ചുമ മേം പീനസം ... കഫസ്രവണം മാംസഭക്ഷണത്തിൽ ആഗ്രഹം സ്ത്രീസംഭോഗത്തിൽ ഇച്ഛ താലു (അണ്ണാക്ക്) ശോഷത്താൽ ദേഹത്തിനു പീഡ ഇവയും രാജയക്ഷ്മാവിന്റെ പൂർവ്വരൂപമാകുന്നു.

യക്ഷ്മാവിലെ സ്വപ്നങ്ങൾ.

നീലകണ്ഠശുകശല്ലകികാകാ
വാനരാശ്ച കൃകലാസഗണാശ്ച
വാഹയന്തി ഖലു സ്വപ്ന ഇഹൈവം
തം സിതാക്ഷമഥ ചാപി സഗൃധ്രാഃ. ൩

മാരിഃ
കം കറുത്തീയ്യാപീഠം പശ്യതി നദീർനിർജലാസ്തഥൈവ
ല്ലിൽ വച്ച് ശോഷാർദ്ദിതഃ പവനധൂമദവാർദ്ദിതാംശ്ച
നീരിലും, അശ്വത്ഥാംസ്തരൂംശ്ച നിയതം നഹി ഭവിഷ്യകാലേ
ി ഇവയുടെ സ്വപ്നപ്യഥാപി ഹിവദാമി ... തസ്യരൂപം. ൧

ത്തിൻ നീലകണ്ഠരോഗത്തിന്റെ പൂർവ്വരൂപത്തിൽ ശുക്ലാക്ഷനായ രോഗിക്ക ഷായത്തിൽ മയിൽ ശുകം മുള്ളൻപന്നി ... കൊണ്ട് ഒന്തിൻകൂട്ടം അരച്ച് ... ഇവ തന്നെ ഉപദ്രവിക്കുന്നതായി തോന്നും. അനന്തരകാലത്തിൽ ... ജലഹീനങ്ങളായ നദികളെയും കാററ് പുക കാട്ടുതീ ഇവയാൽ ബാധിതങ്ങളായ ദേശങ്ങളെയും ഉണങ്ങിയ തരുക്കളെയും സ്വപ്നം കാണും. ഇനിയും യക്ഷ്മാവിന്റെ പൂർവ്വരൂപം (ലക്ഷണം) പറയാൻ ഭാവിക്കുന്നു.

പാർശ്വാംസതാപഃ കരപാദദാഹശ്ച
ജ്വരശ്ച സർവ്വാംഗഗ ഏവ ചാത്ര
പൂർണ്ണേഹി രൂപേ ... തം ത്രി
ക്ഷയസ്യ വൈ ലക്ഷണമേതദേവ. ൪

പാർശ്വങ്ങളിലും തോളുകളിലും വേദന, കൈകാലുകളിൽ ചൂട്, സർവ്വാംഗത്തിലും ജ്വരം ഇവ ക്ഷയരോഗത്തിന്റെ പൂർണ്ണലക്ഷണമാണ്.

സ്വരഹിഭേദോനിലജാത്ശൂലം
പാർശ്വാംസസങ്കോചമഥോ ജ്വരശ്ച
ദാഹോതിസാരഃ ഖലു പിത്തകോപാൽ
രക്തസ്യ വൈ ചാഗമ ഏവ ചാത്ര. ൫

ശിരസ്യപൂർണ്ണതാ ... അരുചിശ്ച
ഛർദ്ദ്യംസോഹികണ്ഠസ്യ തഥൈവ കാസഃ.
കഫസ്യ കോപേന വദന്തി വൈദ്യാ
യുക്തസ്തദൈകാദശഭിശ്ച ... ഭിഃ. ൬

വായുകോപത്താലുള്ള യക്ഷ്മാവിന് സ്വരഭേദം ശൂലം പാർശ്വങ്ങളിലും അംസ(തോൾ)ങ്ങളിലും കോച്ചിൽ ജ്വരം ഇവയും, പിത്തകോപത്താൽ സർവ്വാംഗസന്താപം അതിസാരം രക്തം വെളിക്ക പുറ

പ്പെടുക ഇവയും കഫകോപത്താൽ തലയ്ക്കു ഭാരം അരുചി കുച്ചുവട്ടപ്പ് ചുമ ഇവയും ഉണ്ടാകും. ഇങ്ങനെ പതിനൊന്നായിട്ടത്രെ (ഷഡ്ഭിഃ) പാർശ്വാംസതാപാദികളായി ആറുവിധത്തിലും ഉപദ്രവങ്ങൾ രാജ യക്ഷ്മാവിന്ന് ഉണ്ട്.

ചരകൻ സുശ്രുതൻ ഭോജൻ ഇവരാൽ
പറയപ്പെട്ട അസാദ്ധ്യ ലക്ഷണങ്ങൾ.

പാർശ്വാർത്തി കാസാതിസാര സ്വരഭേദാരുചിജ്വരൈഃ
ഷഡ്ഭിശ്ചാഥ ത്രിഭിർയുക്തോ ജ്വരകാസാസൃഗാമയൈഃ. ൧൪

യുക്തസ്ത്യാജ്യഃ ക്ഷയീത്യഥ ചരകമുനിമതം
സുശ്രുതസ്യാപിതദ്വൽ
ഭോജസ്യാപ്യാശു ബുദ്ധ്വാ നിജമുനിവരസേ-
വൈദ്യഭ്രുവേന്ദ്രത്തദൈഃ.
തദൈഃ ഷഡ്ഭിസ്ത്രിഭിർവ്വാ സഹിതോതിയുതോ
ലക്ഷണൈഃ ക്ഷീണമാംസ-
സ്സദ്യോഗശ്ചത്യഭിക്ഷ്ണം, യമഭവനമഥോ
യസ്തഥാസോമപോഹി. ൧൫

പാർശ്വപീഡ ചുമ അതിസാരം സ്വരഭേദം അരുചി ജ്വരം ഈ ആറുപദ്രവങ്ങളോടും ജ്വരം കാസം രക്തം ഛർദ്ദിക്കുക ഈ മൂന്നുപദ്രവങ്ങളോടും കൂടിയ ക്ഷയരോഗിയെ ഉപേക്ഷിക്കണം എന്ന് ചരകൻ, സുശ്രുതൻ മുതലായ മഹർഷിമാർ പറയുന്നു. പൂർവ്വോക്തങ്ങളായ ൬-൦ ൩-൦ മൂന്നും ഉപദ്രവലക്ഷണങ്ങളോടും മാംസക്ഷയത്തോടും കൂടിയവൻ സോമലതഭക്ഷിച്ചവനായാൽക്കൂടിയും യമപുരിയെ യാനം ചെയ്യും.

രാജയക്ഷ്മാവിൽ ശീലിക്കേണ്ടവ.

ഗോധൂമശാലിയവഷഷ്ടിക മുൽഗജാതം
പത്ഥ്യംരഥാത്ര മൃഗപക്ഷിപലാനി തദ്വൽ.
പേയം കുലത്ഥ യവനാഗരധാന്യകാദി-
യുക്തം കണാമലകസംയുതമാജമേവ. ൧൬

മാംസോത്ഥരസദ്രസമഥോ വിവിധാനിമദ്യാ-
ന്യാശേവ ശോഷഹരണപ്രഥിതാനി ലോകേ
ദേയം സിതാകുഭവാൽക്കര രമകമേവ
ദുശേഖനമാക്ഷികബലാകപിവനത്യയുക്തം. ൧൭

ഗോതമ്പു ചെന്നെല്ല് യവം ഞവര ചെറുപയറ് ഇവയും ജാംഗലങ്ങളായ മൃഗപക്ഷിമാംസങ്ങളും ഹിതങ്ങളാണ്. മുതിര യവം

ചുക്ക താളിമാതളം തിപ്പലി നെല്ലിക്കാ ഇവ ചേർത്തു ആട്ടിൻമാംസരസം കുടിക്കുന്നതും ശോഷഹരങ്ങളായ പലവിധമദ്യങ്ങൾ കുടിക്കുന്നതും ഹിതമാണ്. ഇതുകൂടാതെ നീർമരുതിൻതൊലി കുറുന്തോട്ടിവേര് നായ്ക്കരണപ്പരിപ്പ് ഇവ പൊടിച്ച് പാലിൽ ഇട്ടു കുറുക്കി അരിയാൽ തേനും പഞ്ചസാരയും ചേർത്തു സേവിക്കുന്നതും നല്ലതാണ്.

രാജയക്ഷ്മ ചികിത്സ.

വരാഹ കർണ്ണീവൃഷഭീരു വല്ലീ-
കാശ്മീരഹരീന്നാദശമൂലകാനാം.
സംസേവനാന്നാഗബലായുതാനാം
യക്ഷ്മാക്ഷയം യാതി സുദുശ്ചപാനാം. ൧൮

അമുക്കുരം ആടലോടകത്തിൻവേര് ശതാവരിക്കിഴങ്ങു കുടങ്ങൽ പൂവ്വാമണിയൻ പൂപ്പലമൂലത്തിൻവേര് ചിററമൃതു ദശമൂലം ആനക്കുറുന്തോട്ടിവേര (ഊരകത്തിൻവേര)ഇവ കഷായം വച്ചു സേവിക്കയും ആട്ടിൻപാൽ കുടിച്ചു ശീലിക്കയും ചെയ്താൽ യക്ഷ്മാവു് ശമിക്കും.

കപിപലമേവസ്ചൂർണ്ണിതം പയസാനിത്യംദേഹി
ക്ഷയശമനംനഹിതൽപരം സുശ്രുതലിഖിതമവേഹി. ൧൯

നായ്ക്കരണയ്ക്കുരുവിന്റെ അകത്തെമാംസം (മജ്ജ) എടുത്തു ഉണക്കിപ്പൊടിച്ചു നിത്യവും ആട്ടിൻ പാലിൽ സേവിക്കുന്നതു ക്ഷയശമനമാണ്. ഇതിൽപരം ക്ഷയശമനമായി മററൊന്നില്ല എന്ന് സുശ്രുതൻ പറഞ്ഞിരിക്കുന്നു.

യദിനവനീത മധുപലാനിത്യംലീഢാ യേന-
ശോഷാതങ്കജിഗീഷയാ കവചം ബലംതേന. ൨൦

പാൽകടഞ്ഞെടുത്ത വെണ്ണ നെയ്യിൽ കല്ക്കണ്ടം പൊടിച്ചു ചേർത്തു തേനും കൂട്ടി യോജിപ്പിച്ചു നക്കുന്നതു് ശോഷരോഗജയത്തിനുള്ള ചട്ട ഇടുകതന്നെയാണ്. (ശോഷം ശമിക്കും എന്നസാരം.)

മാംസം പയോ ഘൃതം ഛാഗം ശുണ്ഠീയുക്തം പ്രയോജയേൽ.
ഛാഗമദ്ധ്യേതു ശയനം സർവ്വദാ ക്ഷയനാശനം. ൨൧

ചുക്കുചേർത്ത് ആട്ടിൻമാംസം ഭക്ഷിക്കുക. ആട്ടിൻ പാൽ കുടിക്കുക. ആട്ടിൻ നെയ്യ് സേവിക്കുക ഇവയൊക്കയും ക്ഷയഹരമാണ്. ഇതു കൂടാതെ ആട്ടിൻപററത്തിന്റെ ഇടയ്ക്ക് കിടക്കുന്നതുകൊണ്ടും ക്ഷയം ശമിക്കും.

ജാതീഫലാദ്യം ചൂർണ്ണം.

ജാതീഫലം ചിത്രകമിന്ദ്രപുഷ്പ-
വിഡംഗതാലീ സ തുഗാകണാശ്ച

ശൃംഗീശിവാ ചന്ദന ചവ്യ ചവ്യ-
പ്രഭോതിലാശ്ചാമലകീനാഗം ച. ൮

തഥോപകുഞ്ചീമരിചം ച ചാതു-
ർവ്വക്ഷപ്രമാണേന പൃഥക്ക് പൃഥക്ക് ച
വിചൂർണ്ണയിത്വാ വിജയാംഗദി സപ്ത-
പലോന്മിതാം ചാഥ സിതാംഗദിതുല്യാം. ൯

സംമിശ്ര്യ ജാതീ ഫലകാദി ചൂർണ്ണം
ക്ഷയക്ഷയം സംവിദധാതി നൂനം
ശ്വാസം നിഹന്തി ഗ്രഹണീവികാരം
മേദോചകം ചാനലമാദ്യമുഗ്രം. ൧൦

ജാതിക്ക കൊട്ടവേലിക്കിഴങ്ങ് മോരത്തൊന്നി വിഴാലരി താലീസ പത്രം ഇലവങ്ഗ് തിപ്പലി ചുക്ക് കടുക്ക ചന്ദനം കർപ്പൂരം കച്ചോലം എള്ള് നെല്ലിക്കാ തകരം കരിഞ്ജീരകം നറുമ്പള്ളക് ഇവ ൧൧ കഴഞ്ചുവീതം (൧ പലം) എല്ലാംകൂടി പൊടിച്ച് ൭ പലം (൨൮ കഴഞ്ച്) പഞ്ചസാരയും ചേർത്ത് വച്ചിരുന്ന കഞ്ചാവും എല്ലാറ്റിനും സമം പഞ്ചസാരയും ചേർത്ത് അഗ്നിബലം അനുസരിച്ച് ഉപയോഗിക്കുക. ക്ഷയം, ശ്വാസം, ഗ്രഹണി, അരുചി, അഗ്നിമാന്ദ്യം ഇവ ശമിക്കും.

ബൃഹല്ലവംഗാദ്യം ചൂർണ്ണം.

ലവംഗൈലാപത്രം നളദചപലാദാളുകയുതം
ശഠീശൃംഗീശൃംഗീ തഗരലെരിലം ... മൂതം
... കുഷ്ഠം ജാതീ ഫലമ... ... ൧൧
സൂക്ഷ്മാംശീകാത ... ...

ശിവാധാത്രീയഷ്ടീ കലിതസഹലം ...മരിചം
നവാദ്രാക്ഷാമാംസീ ഭുജഗകുസുമം ജീരകയുഗം
തഥാ ജാതീപത്രീ സര. സശതമൂ... സഹിതം
സിതാതുല്യാ സർവ്വൈർവിധിവദപി ... ചൂർണ്ണമിദം. ൧൨

ലവംഗാദ്യം ചൂർണ്ണം ബൃഹദിതി ചപൂർവ്വം നിഗദിതം
പ്രഭാതേ സായാഹ്നേ വിവിധഗദഹന്ത്രം സമുദിതം
ബലം പുഷ്ടിം വീര്യം ജനയതി ച മേഹാരുചിഹരം
ക്ഷയം കാസശ്വാസം പ്രദരഗളരോഗം ... ൧൩

ത്രിദോഷം ഹിക്കാസ്രം ദ്വിശിഭവഗദാംശ്ചാപിശമയേ-
ദതീസാരേ പാണ്ഡൌ സ്വരവിവിധഭേദേ ഹിതതരം
നിദാനേ ചാശ്മര്യാമനലഭവരോഗേ സമുദിതം
തഥാ നാസാരോഗേ തനുതനുശരീരം പ്രകുരുതേ. ൧൪

നചിത്രം ചൂർണ്ണേസ്മിൻ ഭജതി ? ഭജതേ രുക് ശമനിധിം
യതഃ പ്രാഗാചാര്യൈർ ബഹുമതവിധാനേന കഥിതം
സുപാത്ര്യം യദ്ദേയം സകലമപി സന്ത്യജ്യ നിയതം
കുപത്ഥ്യം സംസേവ്യം പയഇഹ സദൈവം ഹ്യനുപിബേൽ.

ഇലവർങ്ഗം ഏലത്തരി പച്ചില രാമച്ചം തിപ്പലി ഇരുവേലി അകിൽ ചന്ദനം കടുകരോഹിണി തകരം കറിഞ്ചോലി കൊട്ടം കച്ചോലം ചുക്ക് കർക്കടകശൃംഗി ... കൊട്ടവേലിക്കിഴങ്ങ് കർപ്പൂരം, മുത്തങ്ങക്കിഴങ്ങ് കൊട്ടം ജാതിക്ക കൊട്ടവേലിക്കിഴങ്ങ് ഇലവർങ്ഗം താഴമ്പൂവു കൊട്ടം, കുങ്കുമപ്പൂവ് ദേവതാരം വംശരോചന ... ... മുന്തിരിങ്ങ അതിവിടയം കടുക്ക നെല്ലിക്ക ... ... നാഗപ്പൂവ് ജീരകം കരിഞ്ജീരകം, പുതിയ മുന്തിരിങ്ങാപ്പഴം മാഞ്ചി നാഗപ്പൂവ് ... ... പുളിവേരിൻതൊലി, ജാതിപത്രി, നറുമ്പശ, ശതാവരിക്കിഴങ്ങ്, പഞ്ചസാര ചേർത്ത് പൊടിച്ചു ഇവ സമം എല്ലാം കൂടിയിടത്തോളവും പഞ്ചസാര ചേർത്ത് പൊടിച്ചു യോജിപ്പിച്ചു വയ്ക്കുക; ഈ ബൃഹല്ലവംഗാദ്യം ചൂർണ്ണം രാവിലെയും വൈകുന്നേരവും സേവിച്ചാൽ പലവിധ രോഗങ്ങളും ശമിക്കും. ബലം പുഷ്ടി വീര്യം ഇവ ജനിപ്പിക്കും. പ്രമേഹം അരുചി ക്ഷയം ശ്വാസം കാസം പ്രദരം ഗളരോഗം ... ത്രിദോഷകോപം ഇക്കിൾ രക്തപിത്തം നയനരോഗങ്ങൾ ഇവയും ശമിക്കും. അതിസാരം പാണ്ഡു സ്വരഭേദം ഉഷ്ണരോഗം അശ്മരി വായുരോഗം നാസാരോഗം ഇവയ്ക്കും ഹിതമാണ്. മെലിഞ്ഞ ശരീരത്തെ തടിപ്പിക്കും. ഇതു ഉപയോഗിച്ചാൽ രോഗശമനമാകുന്ന നിധിതന്നെ ലഭിക്കുന്നു. ഇതു പത്ഥ്യമായി സേവിക്കണമെന്ന് പൂർവ്വാചാര്യന്മാർ നിഷ്കർഷിച്ചു പറഞ്ഞിരിക്കയാൽ അപത്ഥ്യാചരണങ്ങൾ കളഞ്ഞുകൊണ്ടുവേണം ഉപയോഗിക്കേണ്ടതാണ്. പാൽ എല്ലായ്പ്പോഴും അനുപാനമായി ഉപയോഗിക്കണം.

താലീസാദ്യം ചൂർണ്ണം.

താലീസാള് ചിത്രകം ച ചോഷണമതോ
ഭാഗത്രയം നാഗരം
മൈഥില്യാഭിഷജോദിതാഃ ചെലുതഥാ
ചത്വാരിഭാഗാസ്തഥാഃ
ഭാഗാഖ്യം ത്രുടിജന്യമൈവവാഹി ശുഭാ
ഭാഗാശ്ച ചത്വാര്യഥാ
ഭാഗാമാസദിനോന്മിതാഃ ശുഭസിതാ- ൧൫
യാസ്സ്വേപവനേത്രാദികാഃ.

താലീസാദ്യമിദം ച ശോഷമരുചിം ഛർദ്ദ്യാരിസാജ്വരാൻ
പ്ലീഹാധ്മാനമപോഹയത്യതിതരാം വഹ്നിം ച സന്ദീപയേൽ

ഭാഗാന്നസ്യ ച വൈദ്യശ്ച പതിവാഃ കമ്പൈഃ പൂരാകല്പയൽ
തൽപശ്ചാച്ച വിശേഷവിച് മത്രതരകാലേത്രസൗദാപയേൽ.

താലീസപത്രം കഴഞ്ച് ൧. കുരുമുളക് കഴഞ്ച് ൨. ചുക്ക കഴഞ്ച് ൩. തിപ്പലി കഴഞ്ച് ൪. ഏലത്തരി കഴഞ്ച് ൪. പഞ്ചസാര കഴഞ്ച് ൩൨. എല്ലാംകൂടി പൊടിച്ചു വെച്ചിരുന്ന് മൂന്നു കഴഞ്ചുവീതം സേവിക്കുക. ഈ താലീസാദ്യം ചൂർണ്ണം ശോഷം, അരുചി, മറ്റുമുതലായ രോഗങ്ങളെ ശമിപ്പിക്കും. അഗ്നിയേ ദീപിപ്പിക്കും. ഇതു സേവിക്കേണ്ടത് ശുദ്ധമുഹൂർത്തത്തിൽ വേണം.

സിതോപലാദ്യം ചൂർണ്ണം.

സിതോപലാഷോഡശ സ്യാദഷ്ടൗ സ്യാൽ
വാംശീതദർദ്ധം കണാ തദർദ്ധ
ത്രുടിസ്തദർദ്ധാ ത്വഗഥോ തദർദ്ധാ
ചൂർണ്ണം വിധാതവ്യം മധുനാസമേതം. ൨൯

ലീഢം ഘൃതേനാസ്ഥാംഘ്രി ഭവേന്തു മാനം
ക്ഷയം ച പാർശ്വാംഗസിനിതോദൗ ച
ശ്വാസാഗ്നിമാന്ദ്യാസ്രസമതപിത്ത-
ജ്വരം ചാദ്ധ്രീ പ്രശമതാതിന് ത്യം. ൩൦

കല്ക്കണ്ടം കഴഞ്ച് ൧൬. മുളവരി കഴഞ്ച് ൮. തിപ്പലി കഴഞ്ച് ൪. ഏലത്തരി കഴഞ്ച് ൨. ലവംഗപട്ട കഴഞ്ച് ൧. എല്ലാംകൂടി പൊടിച്ച് തേനും നെയ്യുംകൂടി കുഴച്ചു നക്കിയാൽ കയ്യിലും കാലിലും ഉള്ള പുകച്ചിൽ, ക്ഷയം, പാർശ്വവേദന, അരുചി, ശ്വാസം, അഗ്നിമാന്ദ്യം, രക്തപിത്തം, ജ്വരം ഇവ ശമിക്കും.

X ച്യവനപ്രാശലേഹം.

ദ്രാക്ഷാബ്ദജീവനിബലാ ദശമൂലശൃംഗീ-
പത്ഥ്യാബ്ജകാകനാസികാട്ടമൃതപുഷ്കരാണാം
പ്രത്യേകപാലികമഥോ മുഷ്ടികാവിദാരീ-
വൃഷീവൃഷാഗ്രുശടീ ത്രുടിചന്ദനാനാം. ൩൧

ധാത്രീശതൈർ ജലംഘടേ പരിപാച്യഭിസ്ഥ
സംപാച്യപ്രസ്ഥമിതം ശേഷജലം പാദാവശ്യം
സർപ്പിസ്തഥാ ദധിംഫിതാഭിമലംശിവാഭി-
സ്ത്യക്തം ദചിഷാർ പലന്ദ്ധത പരിപാച്യപശ്ചാൽ. ൩൨

ശുഭ്രാംസിതാമഥ തുലാർദ്ധമിതാംവിമിശ്ര്യ
സംപാചയേന്മധു ച ഷട്പലികം തുഗാം ച
ഊനാം തഥാ പലയുഗേന തദർദ്ധമാനാം
ശ്യാമാം തഥാ വിധിമുഖോന്മിത ദ്രവ്യജാതം. ൩൩

ശുഭേ കാലേ ഭുക്തോ ഹരതി ച ജരാമൃത്യുമചിരാൽ
ക്ഷയം കാസം തദ്വദ് ജ്വരബഹുലകോപം ശമയതി
X { ശതാക്ഷഃ ക്ഷൌദ്രാദ്വേദ്യാ യദിപലശതൈസ്തകജലൈ
ശ്ച്യവനസിദ്ധഃശ്വാസം ഹരതി ബഹുകാസം കഫഗദാൻ. ൩൪

മുന്തിരിങ്ങാപ്പഴം മുത്തങ്ങാക്കിഴങ്ങ് അടപതിയൻകിഴങ്ങ് കുറുന്തോട്ടിവേര് ദശമൂലം കർക്കടകശൃംഗി താമരവളയം കാക്കത്തൊണ്ടി ചിററമൃത് പുഷ്കരമൂലിവേര് പെരുങ്കുരുമ്പ പാൽമുതക്ക് തമിഴാമവേര് അടലോടകത്തിൻവേര് അകിൽ കച്ചോലം ഏലത്തരി ചന്ദനം ഇവ പ്രത്യേകം ഓരോ പലം, നെല്ലിക്ക അഞ്ഞൂറ്, ഇവ എന്നിടങ്ങഴി വെള്ളത്തിൽ പചിച്ച് നാലൊന്നാക്കി നെല്ലിക്ക വേറെ എടുത്ത് കുരുകളഞ്ഞ് ൧൨ പലം നെയ്യുകൂട്ടി പചിച്ച് വെള്ളം വററിച്ച് അതും, അരത്തുലാം, വെള്ളപ്പഞ്ചസാര(കല്ക്കണ്ടം)യും ചേർത്ത് പാകമാകുമ്പോൾ ൪ പലം കൂവനൂറും ൨ പലം തിപ്പലിപ്പൊടിയും ഓരോ പലം ഏലവും ഇലവർങ്ങം പച്ചില നാഗപ്പൂവ് ഇവയുടെ പൊടിയും ചേർത്തു വാങ്ങി ആറിയാൽ ൬ പലം തേനും ചേർത്തു വച്ചിരുന്നു സേവിക്കുക; ജര, മരണഭയം, ക്ഷയം, കാസം, ജ്വരശക്തി, ഇവ ശമിക്കും. നൂറുപലം ആട്ടിൻമൂത്രത്തിൽ നൂറു താന്നിക്ക പചിച്ച് തേൻ ചേർത്തു സേവിച്ചാൽ ശ്വാസം കാസം കഫരോഗം ഇവ ശമിക്കും. (ഇതിനെ വിഭീതകലേഹം എന്നു പറയുന്നു.)

ദ്രാക്ഷാസവം.

തുലാർദ്ധം ദ്രാക്ഷായാഃ പയസിവിപചേദ്ദ്രോണയുഗളേ
തതശ്ശേഷേപാദോന്മിതപയസി വൈദ്യശ്ച സുഗുഡം
തുലായുഗ്മോന്മാനം മരിംചഫലിനീ ജന്തുഹരണം
കണൈലാപത്രത്വക് പലപലമിതം ചൂർണ്ണിതമിദം. ൩൫

പ്രദായാശേഷം കേശരമപിതഥാ സ്ഥാപ്യസകലം
ഘൃതസ്നിഗ്ദ്ധേ ഭാണ്ഡേ കിയദപിദിനം ചാഥതദിദം
വിശേഷാദ്യക്ഷ്മാണം ഹരതി നിയതം ചാപ്യയമഹോ-
പ്യുരസ്സന്ധിം കണ്ഠാന്നിജബലസമാനം പിബതിയഃ. ൩൬

ചതുർത്ഥാംശം തു ഗോസ്തന്യാ ധാതകീമത്രകേചന
വൈദ്യവര്യാഃ പ്രയച്ഛന്തിയതോവീര്യം കരോതി സാ. ൩൭

അരത്തുലാം മുന്തിരിങ്ങാപ്പഴം കുരുവില്ലാതെ എടുത്തു നാ ഉ ള
ടങ്ങഴി വെള്ളത്തിൽ കഷായംവച്ചു ഏ ഇടങ്ങഴിയാക്കി ഉ തുലാം ശ
ക്കര കലക്കി അതിൽ നല്ലമുളക് തൊഴൽപ്പൂവ് വിഴാലരി തിപ്പലി
ഏലത്തരി പച്ചില ഇലവർങ്ങം നാഗപ്പൂവ് ഇവ ഓരോപലം പൊ
ടിച്ചിട്ട് എല്ലാംകൂടി നെയ് തേച്ച മയംപിടിച്ച കുടത്തിൽ കാച്ചിവ
സം (൧൫ ദിവസം) വച്ചിരുന്ന് എടുത്ത് അതിന്റെ പാട നീക്കി
ളഞ്ഞ് അഗ്നിബലമനുസരിച്ചു സേവിക്കുക. ചുമ ക്ഷയം ഇവയിനെ നശി
പ്പിക്കും. ഉരസ്സന്ധാനത്തെ ചെയ്യും. ഈ ദ്രാക്ഷാസവത്തിൽ മുന്തി
രിങ്ങയുടെ നാലിലൊരു ഭാഗം താതിരിപ്പൂകൂടി ചേർക്കണം. അതു
വളരെ വീര്യമുള്ളതാണ് എന്നു ചി. വൈദ്യന്മാർ പറയുന്നു.

ശിവഗുഡിക.

വാരത്രയം വൈദ്യവരസ്യപൂർവ്വം
നീരേ ശിലാജതുപഥവാ കഷായേ
സത്രൈഫലേ ഭാവ്യദശാംഘ്രിനീരേ
ഛരിമന്ദാദ് ഭാവയാച്ച താസു കഷായേ.
വാത്യാലകസ്യാഥ പടോലനിംബ
യഷ്ടീകഷായേ ഹി ഗവാം ച മൂത്രേ
ദുഗ്ദ്ധേ ച താസാ മഥ വക്ഷ്യമാണ-
ദ്രാക്ഷാദികാനാം ഹി നഷ്ഠാനാം ഇ.
ദ്രാക്ഷാക്ഷജെവ്വാഥ ജലൈർവിദാരീ
ദയദാപിപണ്ണീ സ്ഥിരപൌഷ്ഠ്യരാണാം
സുസ്ഥായനീ കൈവടജരേണമത്ര്യ-
പിത്താരസാംബു പ്രദഭിക്ഷു കാണ്ഡം.
ഭന്ത്യഗ്നിചവ്യാ ഗജമാഗധീനാം
വീരാഷ്ടവർഗൌഷധി സൽകഷായേ
സംഗൃഹ്യ സംഗൃഹ്യ പലം പലം ച
ദ്രോണേനനീരേണ പൃഥക്ക് പൃഥക്ക് ച.
സംപാച്യ സംപാച്യ തുരീയശേഷം
ശേഷേ ഹി ശേഷം ഹി വിധിം പചാരി
സംഭാവ്യസംഭാവ്യ വിശോഷ്യ ചാസ്മിൻ
ധാത്രീഫലം മേഷവിഷാണികാ ച.
കടുത്രയം പഞ്ചഭിരേവ ലൗരം
ദാഭ്യാം പലാഭ്യാം ചവി ഗളികാസു.
പലേന താലീസപലൈശ്ചതുർഭിർ-
ഹരതനതാലീസസമേന തദപൽ.

ഘൃതാല്തൈലേന ചതുർഗ്ഗുണേന
ക്ഷൌദ്രേണ സംയോജ്യ ഭിഷഗ്വരിഷ്ഠഃ.
പലൈസ്സിതായാഃ ഷോഡശിഭിസ്ത്വചൈലാ
ത്വക്ക്ഷീരികാപത്രക കേസരൈശ്ച. ൨൨
ബില്വാംശകൈസ്ത്വക്ക് ത്രുടിസംപ്രയുക്തൈ
രക്ഷാന്വിതാവൈ ഗുഡികാഃ പ്രകല്പ്യാഃ.
താസാമഥൈകാം വിധിവൽ പുമാൻ യഃ
പ്രാതർന്നിഷേവേത സുപഥ്യശീലഃ. ൨൩
തസ്യാർബ്ബുദഗ്രന്ഥ്യധിമന്ഥശോഥ-
പ്രമേഹവാതാസ്രകിലാസജന്തൂൻ
ഹൃദ്രോഗവാന്തിജ്വരപാണ്ഡുരോഗാൻ
തുനീപ്രതൂനീ ക്ഷയകുഷ്ഠസംഘാൻ ൨൪
യോന്യാമയാൻ വായുഭവാനനേകാ-
നുന്മാദപിത്താസ്രഭഗംദരാദീൻ.
പാനാത്യയാപസ്മൃതി മൂത്രകൃച്ഛ്രാ-
നർശഃ പ്രവൃദ്ധോദരാമയാംശ്ച. ൨൫
സ്ഥൌല്യാശ്മരീ കാർശ്യഹലീമകാംശ്ച.
പ്രഭഞ്ജനാസൃക്ക പിടകാദ്യനേകാൻ
തൃഡ്യോനിരോഗാനഥ ശർക്കരാശ്ച-
പ്യുരഃക്ഷതം വേപഥുമപ്യസഹ്യം. ൨൬
വിനാശയേദ്യൌജരയാകൃതംത-
ദകാലികം വാപലിതം തഥൈവ
തനുംമനോജപ്രതിമാംലഭേൽ സ-
സ്ത്രീണാംശതം ഗന്തുമലം സമർത്ഥഃ. ൨൭
അശിതാ ഗുഡികാ ശിവാഭിധാ
ലഭതേ ശംഭുസമീപതാമസൌ
ചലിതന്യ ജനസ്യ സാമ്പ്രതം
സകലാർത്ഥപ്രണയോസ്സമാനതാം. ൨൮

ശ്രേഷ്ഠനായ വൈദ്യൻ ആദ്യംതന്നെ കന്മദംഎടുത്തു ൨൦ മൂന്നുദി
വസം പച്ചവെള്ളത്തിലോ ത്രിഫലക്കഷായത്തിലോ ഭാവനചെയ്ത്;
പിന്നീട് ദശമൂലം ചിററമൃത് കുറുന്തോട്ടിവേര് പടവലം ഇരട്ടിമധു
രം ഗോമൂത്രം പശുവിൻപാൽ മുന്തിരിങ്ങ ശതാവരിക്കിഴങ്ങ് പാൽ
മുതക്ക് കരിമുതക്ക് കാട്ടുഴുന്ന് കാട്ടുപയറ് മൂവിലവേര് പുഷ്കരമൂലി
വേര് സുസ്ഥായനി (പാടക്കിഴങ്ങ്) കടകപ്പാലയരി അരേണുകം

കടുകുരോഹിണി നറുമ്പശ മുത്തങ്ങാക്കിഴങ്ങ് വയൽച്ചുള്ളി നാഗ കേസരം അത്തിത്തിപ്പലി കോവൽ ത്തികൊട്ടുവേലിക്കിഴങ്ങ് കാട്ടുമുളകിൻവേര് അത്തിത്തിപ്പലി ജീവകം ഇടവകം കിഴങ്ങ് അടപതിയൻകിഴങ്ങ് ശതാവരിക്കിഴങ്ങ് [illegible] ഇവ ഓരോ പലംവീതം ഈ കാകോളി ക്ഷീരകാകോളി [illegible] ഓരോ മരുന്നുകളുടെയും കഷായത്തിലും പ്രത്യേകം പ്രത്യേകം പചിച്ച ഓരോ മരുന്നുകളുടെയും കഷായത്തിലും ശേഷം കഷായം ഓരോന്നും വെയി നാലൊന്ന് ശേഷിപ്പിച്ച് അതിനുശേഷം കഷായം കമ്പടത്തിൽ പിടിപ്പിച്ച് അതിൽ ലത്തുവെച്ച് വററിച്ച് കഷായം കമ്പടത്തിൽ ചുക്ക് മുളക് തിപ്പലി ഇവ ൩ ൩ പലം നെല്ലിക്കാ അടക്കൊട്ടപ്പാല ചുക്ക് മുളക് തിപ്പലി ഇവ ൩ ൩ പലം ഇവ വീതം പാൽമുതക്കിൻകിഴങ്ങ് ൨ പലം [illegible] ൧ പലം ഇവ യുടെ പൊടിയും നെയ്യ്നാഴി എണ്ണ ൨ [illegible] തേൻ ഇരുനാഴി പഞ്ച സാര ൧൬ പലം ഇവയും വംശരോചന പച്ചില നാഗപ്പൂവ് ഏല വർങ്ങം ഏലത്തരി ഇവ ൧-൧-പലം പൊടിച്ചതും ചേർത്ത് അരച്ച് താന്നിക്കാപ്രമാണം ഗുളികഉരുട്ടി പതിവ്യമായി രാവിലെ സേവിക്കുക. ശ്ലോകോക്തങ്ങളായ അർബ്ബുദം തുടങ്ങി [illegible] വരെയുള്ള എല്ലാരോഗ ങ്ങളെയും ശമിപ്പിക്കും. കാമതുല്യശരീരനായിത്തീരും. ത്രുനി എന്നും പ്രത്യുനി എന്നും പറയുന്നത് [illegible]ണ്. ശക്ര=മൂത്ര ചോരത്തിൽ കല്ലുവന്നടയുക. [illegible] സേവിച്ചാൽ ശംഭു സാമീപ്യം ലഭിക്കും.

വസന്തകുസുമാകരരസം.

പ്രവാളസുതിമൌക്തികാംബരാൻ പൃഥക് പൃഥക് തഥാ
ഹിവേദഭാഗസമ്മിതാൻ സുവർണ്ണരൌപ്യഭാഗികം
പ്രഗൃഹ്യചാഥനാഗകേന സമ്മിതം സുരൌപ്യമവ-
ലോഹസപ്പരംഗകം ലവത്രയേണ സമ്മിതം. ൧൭

ഗ്രഭേഹിതൽ സമസ്തമേവഭാവയേദ് ദ്രവൈഃ പൃഥക്
വൃഷോത്ഥിതൈർ നിശേക്ഷുജൈഃ പൃഥക് പുനസ്തു സപ്തശഃ.
തഥാസരോജമാലതീപ്രസൂനജൈഃ പയോഗജോ-
ത്ഥമൂലചന്ദനദ്രവൈസ്തഥൈണനാഭിസംഭവൈഃ. ൧൮

നാമ്നാവസന്തകുസുമാകര ഇത്യഥായം
ഖ്യാതസ്സമസ്തഗദവാരിധിബാഡവോസ്തി.
ബ്രഹ്മസ്സമസ്തഗദയോഗഹിതാനുപാനാൻ
വൈദ്യോദിതാൻ നിഖിലതന്ത്രസുലേഖിതാംസ്തു. ൧൯

ക്ഷപയതിക്ഷയമേഷ മധുഘൃതൈ-
സ്സമശിതസ്തു ശിലാജതുമിശ്രിതഃ.
ഹരതിമേഹഗണം മധുശർക്കരാ-
രജസിമിശ്രിത ഏവയഥാതഥാ. ൨൦

രുധിരപിത്തമസൌസിതയാദ്രവൈർ-
മലയജൈരഥവാ വൃഷപത്രജൈഃ.
സമധുഭിർവ്വമിരോഗഹരോ യഥാ
സമശിതഃഖലു ശംഖപ്രസൂനജൈഃ. ൨൧

സമശിതസ്ത്രിജവാരണ ചന്ദ്രനൈ-
രതുലതുഷ്ടികരോ ബഹുപുഷ്ടിദഃ
മനസിജംജനയത്യഥ കാമിനീ-
ശതമസൌ ദ്രവതാംനയതി ക്ഷണാൽ. ൨൨

ശുദ്ധിചെയ്ത പവിഴം രസം മുത്ത് അഭ്രം ഇവ നന്നാലുകഴഞ്ച് സ്വർണ്ണം ൨ കഴഞ്ച് വെള്ളിയും രണ്ടുകഴഞ്ച് ഇരുമ്പുഭസ്മം വെള്ള ത്തീയം കറുത്തീയം ഇവ മൂന്നുലവംവീതം എല്ലാം ഭസ്മമാക്കി ഏട്ട ത്ത് അടലോടകത്തില മഞ്ഞൾ കരിമ്പ് ഇവയുടെ ഓരോന്നിൻെറ യും നീരിൽ ഏഴേഴുദിവസം അരച്ച് അപ്രകാരം താമരപ്പൂവ് പിച്ചക പ്പൂവ് ഇവയുടെ നീരിലും, പാൽ കദളിവാഴമാണം ചന്ദനം ഇവയു ടെനീരിലും ഏഴേഴുദിവസംവീതം അരച്ച് അതിനുശേഷം കസ്തൂരി ചേർത്തും ൭ ദിവസം അരച്ച്, ഉണക്കി ഗുളികയാക്കി സൂക്ഷിക്കുക, 'വസന്തകുസുമാകരം' എന്നുപേരായ ഈരസം സകലരോഗങ്ങളെയും നശിപ്പിക്കും. ഓരോരോഗികൾക്കും ഓരോ അനുപാനത്തിൽ ഉപ യോഗിക്കണം. അതിനാൽ ഇനിയും ആ അനുപാനങ്ങളെ പറയു ന്നു. ഈ ഗുളിക നല്ലമുളകിൻപൊടി തേനിൽക്കുഴച്ച് അനുപാന മായി സേവിച്ചാൽ ക്ഷയംനശിക്കും. [illegible] തേൻ പഞ്ചസാര ഇവ അനുപാനമായി സേവിച്ചാൽ പ്രമേഹം ശമിക്കും. ചന്ദനം പഞ്ച സാര ഇവയോ, അടലോടകത്തിലയുടെനീർ തേൻ ഇവയോ അനുപാ നമായി സേവിച്ചാൽ രക്തപിത്തം ശമിക്കും. ശംഖുപുഷ്പത്തിൻ നീർ അനുപാനമായി സേവിച്ചാൽ ഛർദ്ദിശമിക്കും. [illegible] ഇലവർ ങ്ഗം പച്ചില അത്തിത്തിപ്പലി ചന്ദനം ഇവ അനുപാനമായി സേവിച്ചാൽ സന്തുഷ്ടി, ശരീരപുഷ്ടി, ഇവയുണ്ടാകും. വളരെ കാമി നീജനങ്ങളോടു രമിക്കുന്നതിനുള്ള ധാതുവൃദ്ധിയുണ്ടാകയും ചെയ്യും.

അനുപിബേജ്ജലജം ജലമേവവൈ
സുമധുരം മധുഗന്ധസമന്വിതം.
പ്രശമനായചപിത്തഗദസ്യവൈ
പ്രഥമമമ്ലപദപ്രഥിതസ്യവാ. ൨൩

അഥതഥാന്യഗദേഷു യഥോദിതൈ-
രനുഭജന്നനുപാനമഥൌഷധൈഃ

നിയതമേവ ചവല്ലയുഗം നരോ
മനസിജപ്രതിമോ ഭവതി ധ്രുവം. ൭൮.

മുൻപറഞ്ഞ വസന്തകുസുമാകരം ഇതാവേലിക്കഷായത്തിൽ തേനും കല്ക്കണ്ടവും ചേർത്തു് അനുപാനമായി സേവിച്ചാൽ അമ്ലപിത്തം ശമിക്കും. മററുള്ള രോഗങ്ങളിൽ അതതിന്നുപറഞ്ഞിട്ടുള്ള അനുപാനങ്ങളിൽ സേവിക്കണം. ഈരസം നിത്യവും വ അരക്കിഅരിയുടെ ഇട വീതം സേവിച്ചാൽ നിശ്ചയമായും കാമതുല്യനായി ഭവിക്കും.

അമൃതേശ്വരരസം.

രസഭസ്മഗുഡൂചികാഭവം ശ്രുതസത്വം ചസമാംശഭസ്മകം
അമൃതേശ്വരനാമകംഘൃതൈർ മധുനാലിഹ്യക്ഷയപ്രണുത്. ൭൯.

രസഭസ്മം അമൃതിൻറ്റെ ലോഹഭസ്മം ഇവയെല്ലാം യോജിപ്പിച്ചു് നെയ്യും തേനും കൂടി കഴച്ചുനക്കിയാൽ ക്ഷയം നശിക്കും.

മൃഗാങ്കരസം.

ഹരസംഭവശിതാംശനരകാളിതാഞ്ജലിനീഖൽ
കനകഭസിതഭാഗന്ദേകരോതാശ്രാൻ
ഗിരിവ്രചതിസുപുത്ര്യാ ശ്രീകഭാഗദ്വയംവൈ
പൃഥഗഥ ചശിലായാസൂ ... ശ്ലൂലൈകാലം. ൮൦.
...
പ്രഥമമനുവാടീഃ പൃഥക് ...വൈദ്യൈ
മുഖമഥചലുതാസാം ചരാശിദ്ധ്യാപപ്രചിന്തൈഃ
പൃഥഗിഹശ്ലൂഭകോലേടങ്കൈശ്ചാശ്രുതലേപാ. ൮൧.

മൂൽപാലയ്രഹിനിധായ ... പുടപാകപ്രയോഗധാം
വൈദ്യൈശ്ചവിപാചയേൽ ഗജപുടൈതൽസ്വാംഗശീതംസദാ
പ്രോക്തോരാജമൃഗാങ്കനാമക അയൗവൈദ്യേഗുണൈരമിതോ
വാതശ്ലേഷ്മഭവക്ഷയക്ഷയകരശ്ചാന്യാനുപാനാന്തരേ. ൮൨.

...ക്കോനവിംശൈർമരിചൈ ... യുതേനവാ
ദശഭിഃ പിപ്പലീഭിർവ്വാ സേവ്യോഽയംബുദ്ധിമാനരൈഃ ൮൩.

മാരിതവും ശോധിതവും അയരസം ൩ ഭാഗം സ്വർണ്ണഭസ്മം താമ്രഭസ്മം ഇവ ഓരോഭാഗം ഗന്ധകം മനശ്ശില അരിതാലം ഇവ രണ്ടുഭാഗം എല്ലാംകൂടി അമ്മിക്കല്ലിൽ വച്ചുപൊടിച്ചു് കവിടിയ്ക്കകത്താക്കിവെയ്ക്കുക അതിനുശേഷം ആട്ടിൻപാലിൽ പൊൻകാരം അരച്ചു് കവിടിയുടെ മുഖം പൊതിഞ്ഞു് മൺമൂശയിൽവച്ചു ശീലമൺചെയ്യ് ഗജപുടം ചെയ്യണം. അപ്രകാരം ഗജപുടം ചെയ്തതിനുശേ

ഷം ആറിയാൽ മൂശപൊട്ടിച്ചു് മരുന്നുകൾഎടുത്തു് പൊടിച്ചു് നാലുകുന്നിയിടവീതം സേവിക്കുക. ഈ രാജമൃഗാങ്കരസം വാതകഫോത്ഭവമായ ക്ഷയത്തിൻെറ ക്ഷയത്തെ ചെയ്യും. ൧൯ നല്ലമുളകു പൊടിച്ചു് തേനിലോ നെയ്യിലോ കഴച്ചു് അനുപാനമായി സേവിക്കണം. അല്ലെങ്കിൽ പത്തുതിപ്പലി പൊടിച്ചു് തേനിലോ നെയ്യിലോ കഴച്ചും അനുപാനമായി സേവിക്കയെന്നോ ചെയ്യണം.

ഹേമഗർഭപോടലീരസം.

നിഷ്കത്രയം പാരദഭസ്മനസ്ഥ പ്രഗൃഹ്യഹേമ്നശ്ചതദർദ്ധഭാഗാൻ
നിഷ്കദ്വയം ശോധിതഗന്ധകസ്യ ഹുതാശനഭ്രാവയുതംസമസ്തം.
സംമർദ്ദ്യസംശോഷ്യപുനശ്ചിയാമമതൈവ ... ലൂതേ ... പൃഷ്ഠാഃ
താമ്രമയേരോദ്ധ്യ സുപുഷ്ടഭാഗേതദൈചഗജാച്ചേദ്യസുപുടേ പചേച്ച.

ജ്ഞാതച്ചാതൽസ്വാംഗശീതം സകലഹൃദ്ഗതൈനൈ-
ർവ്വേദനീയസ്സുവൈദ്യൈഃ
പിഷ്ട്വാസമ്യക്തർഭമഥ ഭയാഹരിണീംപോ
ടലീംപൂർവ്വവച്ച
കാസശ്വാസേന്ന്യരോഗേനിജഗുണ ... ദാ-
ഭിവദ്ധ്യപ്രദദ്യാദ്
ദ്രഷ്ടാതദ്ദേഹവീര്യം ബലമ ... പത്ഥ്യമുക്തം
വിശേഷാൽ. ൮൪

രസഭസ്മം ൨ ഭാഗം സ്വർണ്ണം ഒരുഭാഗം ഗന്ധകം ൨ ഭാഗം എല്ലാം കൂടി യോജിപ്പിച്ചു് കൊട്ടവേലിക്കഷായത്തിൽ രണ്ടുയാമം അരച്ചു് ഉണക്കി കവിടിക്കകത്തു നിറച്ചു് പൊൻകാരം അരച്ചുപൊതിഞ്ഞു മൺമൂശയിലാക്കി ശീലമൺചെയ്തു ഗജപുടമിടുക. ആറിയാൽ എടുത്തു് ആ ഔഷധം രാജമൃഗാങ്കരസത്തിനു വിധിച്ചതുപോലെ സേവിക്കുക. ഈ ഗജപോടലീരസം കാസം ശ്വാസം ഇവയേയും മററു രോഗങ്ങളേയും ദേഹബലമനുസരിച്ചു് പത്ഥ്യമായി സേവിച്ചാൽ ശമിപ്പിക്കും.

ശംഖനാഭിരസം.

നാഭിംശംഖഭവാംഗവാംശ്രുഭചാമാ
പിഷ്ട്വാംചമൂഷീകൃതാം
ഭാഗൈഃഷോഡശനിഷ്കകൈശ്ചതുലിതാമാ
ദായതസ്യാംഭിഷക്
നിഷ്കാർദ്ധംഭവേബീജഭസ്മചതഥാ
ഗന്ധംതഥൈവദ്ധ്യവാം

ക്ഷിപ്ത്വാതാമപിവേഷ്ടയേച്ഛൂദ്രതരൈ-
ർവ്വസ്ത്രൈസ്തതോമൃണ്ണിലേ.
ലിപ്ത്വാചോപരിപാചയേൽ ഗജപുടേ-
ണ്ജാമിതംദാപയേൽ
പിപ്പല്യാദ്യപുനാഥവാ ത്രിഫലയാ
മാഗധീചൂർണ്ണേനവാ
ജൈപാലസ്യതുചൂർണ്ണയുക്തമഥവാ
ലോഹാനിതൈർദോഷഘ്നൈഃ
ശൂലേ ഗുല്മഗദേത്രിദോഷശമനഃ
സ്യാച്ഛൃംഗിരോദ്രവൈഃ.

മാ പലം ശംഖനാഭി പശുവിൻപാലിലരച്ച് മൂശപോലാക്കി അതിൽ കൾശ്ശുകഴഞ്ചു വീതം രസഭസ്മവും ഗന്ധകവും താറാവിൻ മാംസവും ഇട്ട് ശുഭവസ്ത്രംകൊണ്ട് ചുററിക്കെട്ടി മണ്ണരച്ചുപൊതിഞ്ഞ് ഗജപുടം ചെയ്ത് ആറിയശേഷം പൊളിച്ച് അതിനകത്തുള്ള മരുന്നെടുത്ത് പൊടിച്ച് ഒരു കുന്നിയിടവീതം തിപ്പലിയും തേനും നെയ്യും ചേർത്തോ ശുദ്ധിചെയ്ത നേർവ്വാളം ചേർത്തോ സേവിച്ചാൽ ക്ഷയം ശമിക്കും. ലോഹഭസ്മവും നെയ്യും ചേർത്ത് സേവിച്ചാൽ ശൂലവും ഗുന്മവും ശമിക്കും. ഇഞ്ചിനീരിൽ സേവിച്ചാൽ ത്രിദോഷശമനമാണ്.

സഭസ്മസൂതടങ്കണാംകണാമജാപയോയുതാം
ഫലത്രയൈഃകടുത്രയൈഃസമാക്ഷികൈഃ ക്ഷയക്ഷയേ.

രസഭസ്മം ശുദ്ധിചെയ്ത പൊൻകാരം തിപ്പലി ത്രിഫല ചുക്ക് മുളക് തിപ്പലി ഇവയെല്ലാം കൂടി പൊടിച്ചു തേൻ ചേർത്ത് അടച്ച് അനുപാനമായി കുടിച്ചു സേവിച്ചതിനു ശേഷം ആട്ടിൻപാൽ അനുപാനമായി കുടിക്കുക. ക്ഷയം ക്ഷയിക്കും.

രത്നഗർഭപോട്ടലീരസം.

രസംമാക്ഷികംവിദ്രുമംഗന്ധകാരം
സുവർണ്ണം ച ശംഖംഹി നാഗം ച ലോഹം
തഥാമാരിതം താമ്രമുക്തം ഹിമുക്താ-
ഫലംതുല്യമേതൽ സമസ്തം പ്രഗൃഹ്യ
ഹുതാശദ്രവൈശ്ചിത്രകസ്യാദ്യസപ്ത
ഹമേവാഥസംശോഷ്യ യത്നേനതേന
വരാടീഃപ്രപൂര്യ്യാഥ താസാം മുഖാനി
ദ്രവൈർടംകപിഷ്ടേനവൈടങ്കണേന.

നിരോദ്ധ്യാഥതാം മൃന്മയേരോദ്ധ്യഭാണ്ഡേ
ഗജാഖ്യേപുടേ പാച്യസംചൂർണ്യപശ്ചാൽ
പുനർവൈദ്യഭൃദ്ഭിശ്ച നിർഗ്ഗുണ്ഡികായാ
ദ്രവൈഃ സപ്തധാഭാവ്യസംശോഷ്യപശ്ചാൽ. ൨൨.
തഥാശൃംഗിവേരദ്രവൈശ്ചാപി സപ്ത
തഥൈകാധികാവിംശതിശ്ചിത്രകസ്യ
ദ്രവൈർഭാവനാശപ്രശസ്തശ്ച പ്രദിഷ്ടം
ദ്വിഗുഞ്ജാലയം രാജരോഗപ്രഹാരി.

രസം മാക്കീരക്കല്ല് പവിഴം സ്വർണ്ണം വെള്ളി വജ്രം ശംഖം നാകം ലോഹം(ഉരുക്ക്) താമ്രം മുത്ത് ഇവയെല്ലാം മാരിതവും ശോധിതവുമായി എടുത്ത് ഏഴ് ദിവസം കൊടുവേലി കഷായത്തിൽ (ഇഞ്ചിനീരിൽ എന്ന് ഭൈഷജ്യരത്നാവലിയിൽ കാണുന്നു) അരച്ചുരുളാക്കി കവിടിയുടെ മുഖകത്താക്കി എരിക്കിൻ നീരിൽ പൊൻകാരം അരച്ച് കവിടിയുടെ മുഖമടച്ച് മൺമൂശയിൽ വച്ച് ശീലമൺചെയ്ത് ഗജപുടമിടുക. അത് ആറിയാൽ പൊളിച്ച് മരുന്നെടുത്ത് പൊടിച്ച് കരിനൊച്ചിനീരിൽ ഏഴുദിവസം അരച്ച് ഉണക്കി പിന്നീട് ഇഞ്ചിനീരിൽ ഏഴുദിവസവും ഏഴുദിവസം അരച്ച് ഉണക്കി പിന്നീട് കൊടുവേലിക്കഷായത്തിൽ ൨൧ ദിവസവും അരച്ചു ഉണക്കി എടുത്ത് രണ്ടു കുന്നിയിടവീതമുള്ള രണ്ടുഗുളിക സേവിക്കുക. രാജയക്ഷ്മാവു ശമിക്കും.

സുരത്നഗർഭപോട്ടലീരസോ നിഹന്തി സത്വരം
നിഷേവിതോഹിമാഗധീ മധുപ്രയുക്ത ഏവവാ
മരീചഹവ്യസംയുതഃ ക്ഷയംഗദം ജ്വരാഷ്ടകം
നിജാനയോഗ സംയുതോദ്യ തിസാരമുഗ്രകാസകം. ൨൩

മുൻപറഞ്ഞ രത്നഗർഭപോട്ടലീരസം തിപ്പലിപ്പൊടി തേനിൽ കുഴച്ച് അനുപാനമായോ നല്ലമുളക് നെയ്യിൽ കുഴച്ച് അനുപാനമായോ സേവിച്ചാൽ ക്ഷയരോഗം എട്ടുവിധത്തിലുള്ള ജ്വരം അതിസാരം അതിഭയങ്കരമായ കാസം ഇവയേയും കൂടി ശമിപ്പിക്കും.

കാസശ്വാസോപദ്രവങ്ങൾ.

ഛർദ്ദിസ്താദാസ്യശോഷഃശ്വസന കസനകൈഃ
ജന്തവഃ കാർശ്യതാപൈഃ
ശേതദപഷോട്ടതിസാരഃ സ്വരഭംഗാ ശൂലഭേദാ
തന്ത്രവിദ്ഭിഃ പ്രദിഷ്ടാഃ.
കാസശ്വാസാഖ്യരോഗേ ദശപരിഗണിതാശ്
ചൈവമേവാപദ്രവാവൈ

തേഷാം സമ്യക് ചികിത്സാക്രമമിദാനീമയാ ൧൫
ലിഖ്യതേസൈവ കാത്സ്യം.

ഛർദ്ദി കത്തിനോവു് വാവരച്ച ശ്വാസം ചുമ ദാഹം ക്രമിക
ഠം കാർശ്യം ചൂട്ട് ചോറുവേണ്ടായ്ക അതിസാരം ഇങ്ങനെ പത്തുപദ്ര
വങ്ങൾ കാസരോഗത്തിൽ ഉണ്ടാകും. ഈ ഉപദ്രവങ്ങൾക്ക് എന്നാ
ൽ ഇനിയും പറയുന്ന ചികിത്സ ചെയ്യേണ്ടതാണു്.

ഉപദ്രവചികിത്സ.

ദ്രാക്ഷാചൂർണ്ണം സൈന്ധവോപേതം [illegible]
ശർക്കരാസംയുതം മാതുലുംഗസ്യ [illegible]
പീയൂഷോത്ഥം സദ്രവം മാക്ഷികേണ ൧൬.
വാന്തേരക്തഷ്ഠീവനം വാ തഥൈവ.

മലർപൊടിയോ മാതളനാരകത്തിൻറെ [illegible] ഇന്തുപ്പുചേർത്ത് സേ
വിക്കയോ [illegible] തേൻ കൂട്ടി സേവിക്കയോ ചെയ്താൽ കാസ
രോഗോപദ്രവങ്ങൾ ശമിക്കും. കാസരോഗത്തിൽ രക്തം ഛർദ്ദിക്കു
ന്നുണ്ടെങ്കിൽ കോലരക്ക് പൊടിച്ചു തേനിൽ കുഴച്ചുസേവിക്കണം.
ഇങ്ങനെ നാലുയോഗം.

ഘൃതം സവത്സനാഭം [illegible] ൧൭
[illegible] കാസവാഞ്ഛ [illegible].

ശുദ്ധിചെയ്ത വത്സനാഭിചേർത്ത കാച്ചിയനെയ്യ് ശരീരത്തിൽ
തേച്ച് തിരുമ്മിപ്പിടിപ്പിച്ച് ചൂട്ടവെള്ളം ഒഴിച്ച് കഴുത്തിന് താഴെഉ
ള്ള ഭാഗം കഴുകിയാൽ കാസരോഗത്തിൽ ശരീരത്തിലുണ്ടാകുന്ന കുത്തി
നോവു ശമിക്കും.

ഖർജ്ജൂരപത്ഥ്യാ കണയാസമേതാ
ദ്രാക്ഷാകർക്കടശൃംഗികാപി
[illegible] ൧൯.
ലീഢാക്ഷയേ ശ്വാസവിനാശ[illegible].

കടുക്ക തിപ്പലി കൊട്ടത്തുവവേര് കർക്കടകശൃംഗി ഇവ പൊ
ടിച്ച് ഈന്തപ്പഴം മുന്തിരിങ്ങ തേൻ നെയ്യ് ഇവ ചേർത്തരച്ചു ന
ക്കിയാൽ ക്ഷയത്തിൽ ഉണ്ടാകുന്ന ശ്വാസം നശിക്കും.

ശതാവരീപുനർന്നവാ ശിവാസവാജിഗന്ധയാ
വിദാരികാസമന്വിതാ ഘൃതൈസ്സമാക്ഷികൈർമ്മുഹുഃ ൨൦
നരോവലിഹ്യ നാശയേൽ ക്ഷയേ മഹാധികാരണം
വിശേഷതോഹി ദുർന്നിവാരകാസ[illegible]വൃന്ദിതം. ൨൧

ശതാവരിക്കിഴങ്ങ് തമിഴാമവേര് കടുക്ക അമുക്കിരം പാൽമുത
ക്കിൻ കിഴങ്ങ് ഇവപൊടിച്ചു തേനും നെയ്യും കൂടിചേർത്തു നക്കിയാൽ
ക്ഷയത്തിൽ ഉണ്ടാകുന്ന ഏതു ഭയങ്കരകാസവും ശമിക്കും.

വിഡംഗാജമോദാ സതക്രാന്വിപീതാ
ക്ഷയേ ജന്തുശാന്ത്യൈ തഥാ [illegible]. ൨൨

വിഴാലരി അയമോദകം ഇവപൊടിച്ചു മോരിൽ കലക്കി ഊണി
ൻെറ അവസാനത്തിൽ സേവിച്ചാൽ ക്ഷയത്തിൽ ഉണ്ടാകുന്ന ക്രമിക
ളുടെഉപദ്രവം. നശിക്കും.

അതസീസപുനർന്നവാതിവാഃ ശതാവീര്യാ [illegible] വിദാരികാ
മധുകംമധു സപ്തപാബലാ ഹയഗന്ധാ ശതമാഷതണ്ഡുലാഃ ൨൩
തിലകിട്ടസമന്വിതം തദിദം യവചൂർണ്ണൈർദധിഗ്ഗുണൈശ്ചസർവ്വതഃ.
[illegible]സമന്വിതം സഹജീവന്തി[illegible]. ൨൪
ദധിസംയുതദേഹലേപനാ— [illegible]
[illegible]കാർശ്യമപാകരോതി വൈബലവീര്യാദി കരോതി വർണ്ണകൃൽ

അക്കത്തി തമിഴാമവേര് എള്ളു് ശതാവരി[illegible] പാൽ
മുതക്കിൻകിഴങ്ങ് ഇരട്ടിമധുരം കടുക് [illegible] അമുക്കുരം കൊട്ടം
ഉഴുന്ന അരി എള്ളിൻപിണ്ണാക്ക് [illegible] ഒക്കെ കൂട്ടി
പതിയൻകിഴങ്ങ് ഇവ സമം. എല്ലാത്തിലും ഇരട്ടിയവം. ഒക്കെ കൂട്ടി
പൊടിച്ച് തൈരിൽ അരച്ച് തേനുംചേർത്തു ദേഹംആസകലം തേ
ച്ചു തിരുമ്മിയാൽ ക്ഷയത്താലുണ്ടായ കാർശ്യം നശിക്കും. ബലം വീ
ര്യം നിറം ഇവയും ഉണ്ടാകും.

ക്ഷയോത്ഥതാപനാശനം ഹിമം [illegible] യോജയേൽ
സുകോകിലാക്ഷബീജകൈർഗ്ഗുഡേന [illegible]. ൨൫

നറുംപശയും ചന്ദനവും കൂടെയോ [illegible] അരി ജീരകം
ഇവ ശർക്കരയിൽകുഴച്ചോ ദേഹത്തു തേച്ചാൽ [illegible] ചൂട്
നശിക്കും.

യവാനീം ബദരം ചാമ്ലം തിന്ത്രിണീമമ്ലവേതസം
നാഗരം ദാഡിമംചൈവ ക്രച്ഛികാമുപകല്പയേൽ. ൨൬

ജീരകം [illegible] വാളമ്പുളി തൈരിഞ്ഞാമ്പുളി ചുക്ക്
താളിമാതളം ജീവകം ഇവയെല്ലാംകൂട്ടിമോരിൽഅരച്ചുതേച്ചാലുംക്ഷയ
ത്താലുണ്ടായ ചൂട്ട നശിക്കും.

ധനിസൈവച്ച്ലം ജീര വരാംഗം ചാല്കാപ്ഷികം
കണാശതംശതേദേചു മരിചസ്യ ച [illegible]. ൨൭

ശർക്കരയാസ്സു ചതുഃപാരി പലാദ്യാന്യത്ര മിശ്രയേൽ വ്യ

ഭക്തംജിഹ്വാശോധനം തദ് ഭക്തദേഷനിവാരണം.

ഹൃദ്യംഹൃൽപ്ലീഹപാർശ്വാംശ ശൂലാവിബന്ധനാശനം വൻ

കാസശ്വാസഗ്രഹണ്യർശോ വിബന്ധാനാഹനാശനം.

കൊത്തമ്പാലയരി തുവച്ചിലക്കാമ്പം ജീരകം ഇലവംഗം ഇവ ഷം

ചൽ കഴഞ്ചുവീതം. തിപ്പലി ൧൦൦-നല്ലമുളക് ൨൦൦-എല്ലാംകൂടിപ്പൊ ടിച്ച് നാലുപലം പഞ്ചസാരയുംചേർത്തു ഭുജിക്കുക. ഭക്തദ്വേഷത്തെ (ചോറുവേണ്ടായ്കയെ) നശിപ്പിക്കും. നാക്കിനെ ശോധിക്കും. ഹൃദയ പ്രിയമാണ്. നെഞ്ചിനുവേദന, രണ്ടുപുറത്തുമുള്ളവേദന ഹൃദയവി ബന്ധം കാസം ശ്വാസം ഗ്രഹണി അർശസ്സ് മലബന്ധം വയർവീ ർപ്പ് ഇവ ശമിക്കും.

സർവാക്ഷീദധി സംയുതാന്നമിന്നാശൈരതിസാരം ഹന്യേ

രാത്രൌ വാവിരതാമാകാശിതാ [illegible]

കാസശ്വാസവികാരമുല്വണമിദം ദൂരീകരോത്യാശ്വയെ ൻം

പൂർവ്വം വൈദ്യവരിഷ്ടവർണ്ണിതമിദം യോഗദ്വയം ലേഖിതം.

ചിററത്ത തൈരിൽ അരച്ച് [illegible] സേവിച്ചാൽ ക്ഷയത്തിലു ണ്ടാകുന്ന അതിസാരം നാശിക്കും. രാത്രിയിൽ കട്ടുക തേനിൽ ചാലിച്ചു നക്കിയാൽ വിശേഷിച്ചും അതിസാരം നാശിക്കും. അതു കൂടാതെ കാ സശ്വാസങ്ങളും നശിക്കും.

ആഗന്തുകായേ ബഹുലാഃ സ്സുശേഷാ-

സ്സേ പൂർവ്വതന്ത്രേഷു [illegible]

ഗ്രന്ഥസ്യ ഭൂയസ്ത്വഭയാന്ന ചാത്ര ൻ

തേഷാം ചികിത്സാ പ്രതിപാദ്യതേദ്യ.

ആഗന്തുകങ്ങളായ ചില രോഗവിശേഷങ്ങളെയും പൂർവ്വശാസ്ത്ര ങ്ങളിൽ പറഞ്ഞിട്ടുണ്ട്. അവയെ ഗ്രന്ഥവിസ്തരഭയത്താൽ ഇവിടെ പറയുന്നില്ല. അവയുടെ ചികിത്സ ആ ശാസ്ത്രങ്ങളെ നോക്കി അറി ഞ്ഞു കൊള്ളണം.

നൌമി ഗുരോഃ പദയുഗം ശിഷ്യാന്തരംഗ ജാഡ്യഹരം.

ദുഃഖഹരം ഭദ്രകരം [illegible],

അർത്ഥം സ്പഷ്ടം.

ചികിത്സാക്രമകല്പവല്ലിയിൽ ക്ഷയചികിത്സിതം എന്ന നവമസ്തബകം കഴിഞ്ഞു.

ഹിമകരശോഭിതഫാലവര!ലംബോദരവിഘ്നേശ! ഫ

നാഥയനാഥിതമാശു മമ ഗൌരീപുത്ര! ഗണേശ!

(നാഥിതംനാഥയ) ഈപ്സിതത്തെ തന്നാലും എന്നർത്ഥം. ശേ- ഷം സ്പഷ്ടം.

ഉരഃക്ഷതകാരണം.

അയസ്യതോധനരഥോദ്വഹതോതിഭാരാൻ

സംയുദ്ധ്യതോ ഽ തിബലിഭിഃ പതതോതിമാത്രാൽ

ഉച്ചാലയം ച വൃഷഭം ചമതംഗജം വാ

സംഗൃഹ്യതോശ്മഗുരുദാരുശിലാനിഘാതാൻ. ഫ

വിശേഷതഃ പ്രക്ഷിപതോതിമാത്രം

വിനിഘ്നതശ്ചാഥ പരാന്നരാദ്യൈഃ

അധീയമാനസ്യതതോത്ത്ഭുതം വാ

സംഗച്ഛതോ വാഥതഥാ ഹയൈശ്ച- ന

ഉത്താലമേവാഥ വിതന്വതസ്തു

പ്രദ്യൂതസ്തന്നമഥോ നദീം വാ

വിശേഷതഃ സന്തരതഃ പ്രചലിച്ച ര-

ക്രൂരൈരഥാന്യൈരഥ കർമ്മഭിസ്തു.

അഭ്യാഹതസ്യാശു ചവിക്ഷതേഹി

വക്ഷസ്യഥോരഃക്ഷതനാമധേയാ

ഉജ്ജൃംഭതേ വ്യാധിരഥാതി വാമാ-

സക്തസ്യ രൂക്ഷാല്പമിതാശിനസ്തു. ക

കുലയ്ക്കാൻ വയ്യാത്ത വില്ലുകുലയ്ക്കുക, വലുതായ ഭാരമെടുക്കുക, ത ന്നേക്കാൾ ബലം അധികം ഉള്ളവരോടു മല്ലിടുക, അധികം പൊക്കമു ള്ള സ്ഥലത്തു നിന്നു വീഴുക, കുതിര കാള ആന, ഇവയെ പിടിച്ചു നിർത്തുക, വലിയ പാറകൾ, വലിയ തടി, നീണ്ടുംതടിച്ചും ഇരി ക്കുന്ന കല്ലുകൾ, നിഘാതം എന്നു പേരായ അസ്ത്രവിശേഷം, ഇവ എടുത്തെറിയുക, അന്യന്മാരെ താഡിക്കുക, ഉറക്കെപഠിക്കുക, അതിദൂ രം നടക്കുക, കുതിരയിൽ കയറി ഇളകിസഞ്ചരിക്കുക. ഉറക്കെത്തുള്ളി ചാടിക്കുക നൃത്തം ചെയ്യുക, നദിയെ നീന്തികടക്കുക, മററുക്രൂരകർമ്മങ്ങൾ ചെയ്യുക, അത്യധികം സ്ത്രീസംഗം ചെയ്യുക, രൂക്ഷമായും അല്പമായും ഉള്ളവയെ അല്പമായി ഭക്ഷിക്കുക, മുതലായവയാൽ നെഞ്ചിൽ ചത വു തട്ടിയിട്ട് ഉരഃക്ഷതം എന്ന വ്യാധി ഉണ്ടാകുന്നു.

ഉരക്ഷതലക്ഷണം.

വിഭിദ്യതേ ऽ ത്യർത്ഥമുരസ്തഥൈവ
സന്ദഹ്യതേ ചാന്ത വിഭജ്യതേ ച.
ഉൽപീഡ്യതേ ചാപ്യ ത ഏവ പാർശ്വം
ശുഷ്യത്യഥാംഗം ഹിപ്രവേപതേ ച. ൬

വർണ്ണം ബലം വീര്യ മഥോരുചിശ്ച
വഹ്നിർവ്വിനശ്യത്യ ചിരേണ പുംസഃ
വിഡ്ഭേദദൈന്യാഗ്നിബലാരതിശ്ച
ജ്വരോവ്യഥാത്യർത്ഥമതീ ഭവന്തി. ൭

ശ്യാവോ ദുഷ്ടോ ദുർഗന്ധോ നാത്യൂർദ്ധ്വഗ്ലോ വാപീതഃ
ശുക്ലഃ കാസേവനസാസ്രോ ജായതൈവം തദുത്ഥാൽ. ൮

ക്ഷതീ സംക്ഷീയതേത്യർത്ഥം കായോൽ ശുക്രൗജസോസ്തഥാ
അവ്യക്തം ലക്ഷണം തസ്മിൻ പൂർവ്വരൂപമിദം സ്മൃതം. ൯

നെഞ്ചുപിളന്നു പോകുന്നപോലെയും ദഹിക്കുന്നതു പോലെയും പൊട്ടുന്നപോലെയും തോന്നുക, ... തൊലെയുന്നപോലെ തോന്നുക, അംഗം ശോഷിക്കുക ... ... വീര്യം ഇവ കുറയുക, തീചിയില്ലാതാകുക, അഗ്നി നശിക്കുക, മലം ഇളകിപ്പോകുക മനോദൈന്യം അഗ്നിവധം ജ്വരം ഇവ വരിക ഏററവും വ്യഥയുണ്ടാവുക, കരുവാളിച്ചും ദുഷിച്ചും ദുർഗന്ധത്തോടുകൂടിയും, അല്പമല്ലാതെയും, കട്ടിയായും മഞ്ഞനിറത്തിലും രക്തത്തോടുകൂടിയും കഫം പോവുക; ശുക്ലൌജസ്സുകളുടെ ക്ഷയത്താൽ ദേഹം ക്ഷയിക്കുക, ഇവ ഉരഃക്ഷതത്തിന്റെ പൂർവ്വരൂപങ്ങളാണ്.

സമ്പൂർണ്ണലക്ഷണം.

പൂർണ്ണരൂപേജായതേ ചാംഗ്യരോഗേ
വാന്തൌരക്തംകാസ ഏവാത്രനിത്യം
ക്ഷീണേതദ്വദ്രക്തമൂത്രത്വമുക്തം
കട്യാഃ പൃഷ്ഠസ്യാഥപാർശ്വഗ്രഹോപി. ൧൦

നെഞ്ചിനുവേദന, ഛർദ്ദിക്കുന്നതിൽ രക്തം കാണുക, എന്നും ചുമ, ക്ഷയത്താൽ ദേഹം ക്ഷയിക്കുമ്പോൾ മൂത്രത്തിൽ കൂടിരക്തംപോവുക, അരക്കെട്ട് പുറം, പാർശ്വഭാഗം ഈ സ്ഥാനങ്ങളിൽ പിടിത്തം, ഇവ ഉരഃക്ഷതത്തിന്റെ പൂർണ്ണലക്ഷണങ്ങളാണ്,

സാദ്ധ്യോയം വൈ മാല്പചിഹ്നോ ... ...
രോഗസ്സദ്യോയാവദാവത്സരം തു

നാഗ്നിർമ്മന്ദോ നൈവനാശോ ബലസ്യ
താവൽ പശ്ചാൽ പൂർണ്ണരൂപസ്ത്വസാദ്ധ്യഃ. ൧൧

ലക്ഷണങ്ങൾ പൂർണ്ണമാകാത്തതും, ആരംഭിച്ചിട്ട് ഒരു വത്സരം കഴിയാത്തതും, അഗ്നിമാന്ദ്യം ബലനാശം ഇവയോടു കൂടാത്തതും, ആയ ഉരഃക്ഷതരോഗം സാദ്ധ്യമാണ്. സകലലക്ഷണങ്ങളും സമ്പൂർണ്ണങ്ങളായിട്ടുള്ളതു് അസാദ്ധ്യമാണ്.

ഉരഃക്ഷതചികിത്സ.

ഉരോമത്ഥീ ലാജാൻ പിബതി പയസാമാക്ഷികയുതാൻ
ക്ഷതീതദ്വൽ ഖണ്ഡപ്രയുതമഥ പാർശ്വഗ്രഹയുതഃ
സുരായുക്താൻ നൂനം പ്രജതി ദഹനഃ പിത്തമപിച.
യദാമാന്ദ്യം സംയോജയതി നിഖിലാം സ്ഥാനഗദാൻ. ൧൨

നെഞ്ചിനിടിപ്പോടു കൂടിയ ക്ഷതരോഗി മലര്പൊടി പാലിൽ കലക്കി കല്ക്കണ്ടവും തേനും ചേർത്തു സേവിക്കണം. പാർശ്വഗ്രഹത്തോടു കൂടിയവൻ മലര്പൊടിയിൽ സുരാമദ്യം ചേർത്തു സേവിക്കണം. എപ്പോളാണോ അഗ്നിയും പിത്തവും ... ... അപ്പോളാണ് സകലരോഗങ്ങളും ഉണ്ടാകുന്നതു്.

മുസ്താശ്വഗന്ധാതിവിഷാ ബലാശ്ച
പുനർന്നവാഢ്യാ ബൃഹതീയുക്താഃ
ശ്രീപർണ്ണികാ വത്സകപാഠയാപി
സേവ്യാഃ പയോഭിഃ ക്ഷതശോഷശാന്ത്യൈ.

മുത്തങ്ങാക്കിഴങ്ങ് അമുക്കുരം അതിവിടയം കുറുന്തോട്ടിവേരു് തഴുതാമവേരു് ശതാവരിക്കിഴങ്ങ് കുമിഴിൻവേരു് കുടകപ്പാലയരി പാടക്കിഴങ്ങ് ഇവ കൊണ്ടു പാൽ കഷായം ... സേവിച്ചാൽ ക്ഷതശോഷം ശമിക്കും.

ജീവകഷഭകൌ ലിഹ്യാൽ ശർക്കരാമധുസംയുതൌ
ക്ഷീരാനുപാനം വൈകല്യാൽ യോऽതി ക്ഷീണതരഃ കൃശഃ. ൧൩

ഏററവും ക്ഷീണനും കൃശനും ആയവൻ ജീവകവും ഇടവകവും കൂട്ടി പൊടിച്ച് പഞ്ചസാരചേർത്തു തേനിൽ കുഴച്ചു നക്കിയതിനുശേഷം പാൽ അനുപാനമായി സേവിക്കണം.

സന്ധാനാർത്ഥം ക്ഷതീനാം ... ... കേസരചന്ദനൈഃ
ഇക്ഷുവാലികാ വിഷാഗ്രന്ഥിശ്ച ... മധുയുതം പിബേൽ. ൧൪

ക്ഷതരോഗി ഉരസ്സു് സന്ധാനത്തിനായിക്കൊണ്ട് താമരവല്ലി ചന്ദനം കരുവിക്കരിമ്പിൻവേര് അതിവിടയം കാട്ടുതിപ്പലിവേര് ഇവ കഷായംവച്ച് അറിയാൽ തേനും ചേർത്തു കഴിക്കുക.

> ക്ഷൌദ്രാജ്യയുക്തം സക്ലൈവബീജം
> ചൂർണ്ണം ച ലാക്ഷാകൃതമേകമേവ
> ശോഷാതുരാണാം വൈ രുധിരസ്യ വാന്തിം
> ദ്രുതീകരോത്യാശു ന ചിത്രമത്ര. ൧൭

കോലരക്കപൊടിച്ച് തേനും നെയ്യും ചേർത്തു നക്കിയാൽ ശോഷത്തിലുണ്ടാകുന്ന രക്തച്ഛർദ്ദി ശമിക്കും. ഈ പ്രയോഗം ഒരുതവണ മാത്രം ചെയ്താൽ മതിയാകും.

ഏലാദിവടി.

> ഏലാ കണാ പത്രകഹാരമൂല-
> ത്വചാം തഥാ ചാർദ്ധപലാംസിതായാഃ.
> ഖർജ്ജൂരമൃദ്വീ സമധൂകകാനാം
> പലംപലം ചൂർണ്ണിതമുപ്രയുക്താഃ. ൧൮
>
> അക്ഷോന്മിതാ വൈ ഗുഡികാസ്തു കാര്യാ-
> സ്താസാമൈകാം നിദിനേ ദിനേ യഃ.
> സംഭക്ഷയന്നാ വൈ തസ്യ കാസ-
> ശ്വാസജ്വരാൻ ഛർദ്ദിമഥോ ഭ്രമം ച. ൧൯
>
> മൂർച്ഛാമദം ശോഷമഥോ ചകം ച.
> രക്തസ്യ നിഷ്ഠീവനപാർശ്വ ശൂലൌ
> പ്ലീഹാഢ്യവാതാംശ്ച തഥൈവ രക്ത-
> പിത്തം ക്ഷയോത്ഥം ക്ഷതജം ഹന്യാൽ. ൨൦
>
> ഏലാദ്യാ തർപ്പണീ വൃഷ്യാ സ്വരഭേദവിനാശിനീ
> ഹിക്കാപ്രശമനീ ചൈഷാ വടീ ശാസ്ത്രവിലേഖിതാ. ൨൧

ഏലത്തരി തിപ്പലി പച്ചില വലിയമുന്തിരിങ്ങാപ്പഴം ഇലവർങ്ങം ഇവ അരയരപ്പലം. ഇരട്ടിമധുരം മുന്തിരിങ്ങ ഇരിപ്പക്കാതൽ ഇവ ഓരോപലം. എല്ലാംകൂടി പൊടിച്ച് ഒരുപലം പഞ്ചസാരയും ചേർത്ത് തേനിൽ കുഴച്ച് താന്നിക്കാപ്രമാണം ഓരോ ഗുളിക നിത്യവും സേവിച്ചാൽ കാസം ശ്വാസം മുതലായ രോഗങ്ങളും, രക്തം തുപ്പുക, പാർശ്വശൂലം മുതലായി ക്ഷയംവരെ ദുസ്സാദ്ധ്യങ്ങളായ രോഗങ്ങളും നശിക്കും. ഈ ഏലാവടി, തർപ്പണിയും ശുക്ലവൃദ്ധി...

...യെ ചെയ്യുന്നതും, സ്വരഭേദത്തെയും ഏക്കിളിനെയും ശമിപ്പിക്കുന്നതും, ആകുന്നു.

> യഷ്ടീനാഗബലാ കഷായസഹിതേ
> ക്ഷീരേ സമേ സദ്ഘൃതം
> വാംശീപിപ്പലികാകൃതേപി ച ശുഭേ
> കൽക്കേപയസ്യാസ്തഥാ.
> സിദ്ധം നാഗബലാജ്ജ്നാംബുസഹിതം
> യഷ്ടീശടീഭ്യാമഥ
> ഹൃദ്രോഗക്ഷതശൂലകാസപവനാദ്യേ-
> ഷ്വസ്രപിത്തേഷ്വപി. ൨൨

ഇരട്ടിമധുരം ആനക്കുറുന്തോട്ടിവേര് (ഊരകത്തിൻവേര്) ഇവ കഷായംവച്ച് വംശരോചന തിപ്പലി അടപതിയൻകിഴങ്ങ് ഇവ കല്ക്കമാക്കി നെയ്യുസമം പാലുംചേർത്തു കാച്ചിയ യഷ്ട്യാദ്യം ഘൃതവും, ആനക്കുറുന്തോട്ടിവേര് നീർമരുതിൻതൊലി ഇവ കഷായംവച്ച് ഇരട്ടിമധുരവും കച്ചോലവും കല്ക്കമാക്കി നെയ്യുസമം പാലുംചേർത്തു കാച്ചിയ നാഗബലാദ്യം ഘൃതവും, സേവിച്ചാൽ ഹൃദ്രോഗം, ക്ഷതം, ശൂലം, കാസം, വാതരോഗം മുതലായവയും രക്തപിത്തവും ശമിക്കും.

മൃദ്വീകാദ്യം ഘൃതം.

> മൃദ്വീകായാസ്തു പ്രസ്ഥൈകമസ്യാർദ്ധം മധുകം തഥാ
> പചേദ്ദ്രോണാംബുനി ക്വാഥേ തേന പാദശേഷം യദാ നയേൽ. ൨൩
>
> പലികേ മധുകദ്രാക്ഷേ പിപ്പല്യാകൃഷ്ണാപലദ്വയം.
> സർപ്പിഷഃ പ്രസ്ഥമേകം തു ക്ഷീരം ചൈവ ചതുർഗ്ഗുണം. ൨൪
>
> പചേൽസിദ്ധേ തതശ്ശീതേ ഖണ്ഡമപ്യുപലോന്മിതം.
> സമ്മിശ്ര്യ ഭക്തം ദ്രാക്ഷാദ്യം ഘൃതം ക്ഷീണാക്ഷതേഹിതം. ൨൫
>
> വാതപിത്തജ്വരേ ശ്വാസേ വിസ്ഫോടകഹലീമകേ
> പ്രദരേ രക്തപിത്തേ ച സേവ്യോമാംസബലപ്രദഃ. ൨൬

മുന്തിരിങ്ങാപ്പഴം ഒരിടങ്ങഴി (പന്ത്രണ്ടു പലം) ഇരട്ടിമധുരം ആറു പലം നാലിടങ്ങഴി വെള്ളത്തിൽ കഷായംവച്ച് നാലൊന്നാക്കി ഇരട്ടിമധുരം മുന്തിരിങ്ങ ഓരോപലം, തിപ്പലി രണ്ടുപലം ഇവ കല്ക്കംചേർത്തു എടങ്ങഴി നെയ്യും നാലിടങ്ങഴി പാലും പാത്രപാകത്തിൽ എട്ടുപലം കല്ക്കണ്ടവും (പഞ്ചസാരയുമാകാം) ചേർത്ത് യോജിപ്പിച്ച് കാച്ചിയെടുക്കുക, ഈ ദ്രാക്ഷാദിഘൃതം, ക്ഷതക്ഷീണന്നു ഹിതമാണ്. വാതപിത്തജ്വരം, ശ്വാസം, വിസ്ഫോടം (പൊള്ളൽ) ഹലീമകം എ...

നാപിത്തരോഗം പ്രദരം രക്തപിത്തം, ഇവയേയും നശിപ്പിക്കും.
മാം സഖലപ്രദവുമാണു്.

രസരാജകൻ.

മുക്താ ഹേമസിതാഭ്രവംഗമഖിലം
തുല്യം പ്രവാളാന്വിതം
ഛരിന്നാനീരയുതം കൃതം ശകലിതം
നീരൈർവ്വരി സംഭാവൈഃ
സംഭാവ്യൈവച്ച സപ്തവാസരമിദ രം-
ദ്രേയം മരീചാന്വിതൈ-
സ്സൈത്യൈർമ്മാക്ഷിക സർപ്പിതൈർ ഗുടകീകൃൽ സേ-
വ്യം തഥോരക്ഷതേ. ൧൩

ഭജതിയസ്സ നരോ രസരാജകം
യദി ച വല്ലമിതം ബഹുഗയോഷിതാം
നിധുവനേ ഭജതീതി സുനിശ്ചിതം ൧൪
ഗജനഗതോ ജയതീതി കിമത്ഭുതം.

മാരിതവും ശോധിതവും ആയ മുത്തു് സ്വർണ്ണം അഭ്രം, വംഗം, പ്രവാളം(പവിഴം)ഇവ സമാംശമായി എടുത്തു് ചിറ്റാമൃതിൻസ്വരസത്തിലും ശതാവരീ രസത്തിലും എഴേഴുദിവസം അരച്ചു് ഗുളികയാക്കി വല്ലപ്രമാണംഗുളിക, നല്പകുളക്കുടെ രണ്ടിയും നെയ്യും സമമായി എടുത്തു് അതിൽ ചേർത്തു സേവിക്കുക; ഈ രസരാജൻ ഉരക്ഷതത്തിൽ ദേഹപുഷ്ടിയേ ഉണ്ടാക്കും. സ്ത്രീകൾക്കു് പ്രിയനായി മൈഥുനസുഖവുമനുഭവിക്കാം

ഉരക്ഷതത്തിൽ പഥ്യാപഥ്യങ്ങൾ.

അന്യച്ഛീതളതല്പകം ചലു ശുഭം
യച്ചാവിദാഹിദ്രവം
സേവ്യം വൈ ലഘുഭക്ഷ്യ മന്നമഥവാ
പാനം ഹിതം യൽ ഭവേൽ
ദേവാൻ വിപ്രഗുരുംശ്ച നിത്യമസകൃൽ
സംസേവയേൽ ബുദ്ധിമാം-
സ്തേഷാം വൈ ശൃണുയാച്ച വിപ്രവദനാൽ
പുണ്യാഃ കഥാ നിത്യശഃ.

സ്ത്രീയം ശോകം ക്രോധം ത്യജതി യദി ചാ സൂയനമഥാ-
പിദോരാൻ ഭോഗാൻ യോ ഭജതി ഹി സദോരക്ഷതഗദീ

മയേരാധാ കാന്താമലഗുണ! ശിവേ! ശങ്കര! ഹര! ൧൫
പ്രസീദേത്യാ ജല്പൻ ഭജതി ചലു നൈരുജ്യമചിരാൽ.

ശീതളവും തർപ്പണവും, അവിദാഹിയും ലഘുവും ആയ അന്നം ഭക്ഷിക്കുക, അല്ലങ്കിൽ ഹിതമായപാനത്തെ ഭജിക്കുക, ദേവന്മാരെയും വിപ്രരെയും ഗുരുക്കന്മാരെയും വന്ദിക്കുക, ബ്രാഹ്മണമുഖത്തു നിന്നും പുണ്യകഥകളെ കേൾക്കുക; സ്ത്രീസംഗം, ശോകം ക്രോധം അസൂയ ഇവയെ വർജ്ജിക്കുക, ഉൽകൃഷ്ടങ്ങളായ സുഖങ്ങളെ അനുഭവിക്കുക, അല്ലയോ രാധാപ്രിയ! പാർവ്വതി, ശങ്കര! ഹര! പ്രസാദിക്കണമേ എന്നിങ്ങനെ ജപിക്കുക. ഇത്യാദി കർമ്മങ്ങളെ അനുഷ്ഠിക്കുന്ന ഉരക്ഷതരോഗീ നീരോഗാവസ്ഥയേ പ്രാപിക്കും.

ചികിത്സാക്രമകല്പവല്ലിയിൽ ഉരക്ഷതചികിത്സ എന്ന
പത്താംസ്തബകം കഴിഞ്ഞു.



ഏകാദശസ്തബകം.

ഗണേശം മഹേശം ശിവാം സുശ്രുതാദീൻ
ഗുരൂൻ വൈദ്യധുര്യാൻ പ്രണമ്യാഥവക്ഷ്യേ
ചികിത്സാംഹി കാസസ്യ സമ്യഗ്വിചാര്യ ൧
പ്രപദ്യാഥ തേഭ്യോനുഭൂതാന്തു സദ്യൈഃ.

ഗണപതി, ശിവൻ, ശ്രീപാർവ്വതി, സുശ്രുതൻ തുടങ്ങിയ വൈദ്യവര്യന്മാർ, ഇവരെ നമസ്കരിച്ചിട്ടു് വൈദ്യധുര്യന്മാരിൽ നിന്നു് പഠിച്ചിട്ടുള്ളതും അനുഭവക്കുന്ദ്രതവും ആയ കാസചികിത്സയെ പറയാൻ ഭാവിക്കുന്നു.'

കാസനിദാനം.

ധൂമസ്യൈവോപഘാതാ ദ്രജസ ഇഹ തഥാ
രൂക്ഷഭോജ്യപ്രസംഗാ-
ദ്വ്യായാമാദപി വിമാർഗ്ഗപ്രഗത ബഹുലഭോ-
ജ്യാദലം വേഗരോധാൽ
വായുഃ പ്രാണാഭിധാനോനുഗത ഇഹ തഥാ
ചാപ്യുദാനാഭിധാനം
കാസാംശ്ചൈവാപ്യനേകാൻ ക്ഷതമുഭവേ മഹാ ൨
ദോഷതഃ സന്തനോതി.

ധൂമം, പൊടി ഇവ ഏൽക്കുക, രൂക്ഷഭോജ്യങ്ങളെ ഭക്ഷിക്കുക, [illegible]
അതിവ്യായാമം ചെയ്യുക, ഭോജ്യങ്ങൾ വിമാർഗ്ഗങ്ങളെ പ്രാപിക്കുക. മ[illegible]
ലമൂത്രാദിവേഗങ്ങളെ തടുക്കുക. ഇതുകളായവയാൽ പ്രാണവായുവും ഉദാ[illegible]
നവായുവും ദുഷിച്ച് ഉമ്മലിനെ ഉണ്ടാക്കി പലപ്രകാരത്തിലും ഉള്ള
കാസരോഗങ്ങളെ ചെയ്യുന്നു.

കാസരോഗത്തിന് ശീലിക്കേണ്ടവ.

വാതഘ്നാനി ചയാനിതാനി അന്ന
തദ്വൽകഫഘ്നാനിവൈ
തിക്താന്യേവകടൂനി ചാഥനിതരാം
പാനൌഷധാദീനിവാ.
കാസനിത്യമസേവഭോജ്യമതിഃ
നാർദ്രോദകം ഭോജനേ
പാനേചൌഷധസേവനേ പിചതഥാ
പക്വംപ്രപിഷ്ടം നവാ.

വാതഹരങ്ങളും കഫഹരങ്ങളും തിക്തങ്ങളും കടുക്കളും ആയ പാ[illegible]
നൌഷധാദികളെ കാസരോഗി നിത്യവും ശീലിക്കണം. ഭോജന[illegible]
ചെയ്യുമ്പോൾ ആർദ്രജലം പാനം ചെയ്യണം. പാകം ചെയ്യാത്ത
ജലം പാനം ചെയ്യരുത്. പിഷ്ടം ഭക്ഷിക്കരുത്.

മരിചംചെലുകർഷസമ്മിതം മതിപാദാംശമഗധാംപലോന്മിതം
ചെലുദാഡിമവൽക്കലം ഗുഡംപലദ്വയം ശുഭയാവശൂകകം.
പരിപേഷ്യസമസ്തമേവതാ
ജേതിനൈകമഥോപിമാനവഃ
സജ്വരത്വാപി കാസമുൽബണം
പ്രഥിതം പൂയമസൃഗപമൻശ്വസൻ.

നല്ലമുളക കഴഞ്ച് ൻ. തിപ്പലി കഴഞ്ച് ൨ൽ. താളിമാതള[illegible]
ത്തോട് പലം ൨. ചവൿക്കാരം പലം ൧. ഇവയെല്ലാംകൂടി പൊടി[illegible]
ച്ച് ൧ പലം ശർക്കരയും ചേർത്തു വച്ചിട്ടതു ഉപയോഗിക്കുക. ഭേ[illegible]
കരമായ കാസം ശമിക്കും. ചലവും ചോരയും ഛർദ്ദിക്കുന്നതും അ[illegible]
ധികമായി ശ്വാസിക്കുന്നതും നില്ക്കും.

കണ്ടകാരികാഥം.

ശൃതഃ കണ്ടകാരികഷായസ്സകൃഷ്ണഃ
പ്രപീതസ്സകാസാൻ സമസ്താൻ നിഹന്യാൽ.

കണ്ടകാരിച്ചുണ്ട കഷായംവച്ചു തിപ്പലിപൊടിച്ചു മേമ്പൊടി
ചേർത്തു സേവിച്ചാൽ സകലകാസങ്ങളും നശിക്കും.

കണ്ടകാരീചൂർണ്ണം.

കണാ കണ്ടകാരീകൃതം ചൂർണ്ണമേകം ഭജേന്മാക്ഷികൈഃ
കാസരോഗാപഹത്യൈ.

തിപ്പലിയും കണ്ടകാരിച്ചുണ്ടയും കൂടി പൊടിച്ച് തേനിൽ കുഴ
ച്ചു സേവിച്ചാൽ കാസരോഗം ശമിക്കും.

ക്ഷുദ്രാദികഷായം.

ക്ഷുദ്രാമഹൌഷധ കണാമരവല്ലികാനാം
ക്വാഥസ്സപുഷ്കരജടഃ സ്തതഏവപക്വനം
കാസം നിഹന്തിമധുനാസഹസന്നിപീത-
സ്തദ്വൽ ജ്വരംകഫഭവംസഹനാകഷിണോതി.

കണ്ടകാരിച്ചുണ്ട ചുക്ക് തിപ്പലി അമൃതവല്ലി പുഷ്കരമൂലിവേ
ര് ഇവ കഷായം വച്ചു അരിച്ചാൽ തേൻ മേമ്പൊടിചേർത്തു സേവി
ക്കുക. കാസവും കഫജ്വരവും ശമിക്കും.

ഭൂനിംബാദി.

ഭൂനിംബനിംബമഗധാമരവല്ലികാനാം
ശൃംഗീശടീശൃംഗവേരീസഹയോജിതാനാം
ക്ഷുദ്രാന്വിതം ശൃതപയഃ കഫജംജ്വരംവൈ
ശീഘ്രംവിനാശയതിശൂലചയം യഥാഗ്നിഃ.

കിരിയാത്ത് വേപ്പിൻതൊലി തിപ്പലി അമൃതവല്ലി ചുക്ക് ക[illegible]
ച്ചോലം പത്തുമൂലം ശതാവരിക്കിഴങ്ങ് കണ്ടകാരിച്ചുണ്ട ഇവകഷായം
വച്ചുസേവിച്ചാൽ അഗ്നിയുടെ ശക്തിയാൽ പഞ്ഞിക്കൂട്ടം നശിക്കുന്ന
തുപോലെ കഫജ്വരം ശമിക്കും.

ലവങ്ഗാദ്യം (ചൂർണ്ണം) വടി.

ഭാഗാനക്ഷസമാൻ ലവംഗമഗധാജാതീഫലാനാം പൃഥഗ്
ഗ്രാഹ്യം ചാക്ഷപലോന്മിതംതുമരിചം പ്രസ്ഥാഷ്ടമാംശസ്ഥിതാ
ഗ്രാഹ്യാംശർക്കരാസിതാമാനവൈ-
ശ്ചൂർണ്ണ്യാശ്ചൈവസമസ്തമാനതുലിതാ ഗ്രാഹ്യാസിതാമാനവൈ-
ശ്ചൂർണ്ണാഗ്നിമാന്ദ്യജ്വരേ. ഏ
ശ്ചൂർണ്ണം ചാഥവടീചകാസവിരുചിശ്വാസാഗ്നിമാന്ദ്യജ്വരേ.

ഇലവർങ്ങം തിപ്പലി ജാതിക്ക ഇവ പ്രത്യേകം ൻ—ൻ കഴഞ്ച്
നല്ലമുളക കഴഞ്ച് ൻ (അരപ്പലം) ചുക്ക് പലം ൨- ഇവ പൊടിച്ച്
എല്ലാം കൂടിയിടത്തോളവും പഞ്ചസാരയും ചേർത്ത് പൊടിയാക്കി
യോ വടകമാക്കിയോ സേവിക്കുക. കാസം, അരുചി, ശ്വാസം, അ
ഗ്നിമാന്ദ്യം ജ്വരം ഇവ ശമിക്കും.

മരിചാദി വടീ.

മരിചലവങ്ഗകലിംഗവൽക്കലാദ്യം
ഖദിരഭാഗശുഭസാരമഗ്രദ്രവ്യം
അഖിലമിദം ചെറുതാർത്തതോരന്തരിതൈഃ
പുനരഥഭോജ്യകൃതാ വടീഹ്യ കാസം. ൧൪

ശമനതിഭൈഷജികാങ്ഗ [illegible]
[illegible]
നാഗനിബദ്ധ ചിത്രമിതൈരേവ തണ്ണുരസ്യ
മധുരതരാവന്ന പൃത്ഥ്യവായുതു. ൧൫

നല്ലമുളക് ഇലവർങ്ഗം കടുക്കത്തോട് [illegible] ഇവ സമാംശം എടുത്ത് [illegible] നീരിൽ ഭാവനചെയ്ത് എട്ടുതാന്നിക്കായുടെ [illegible]യിൽ ധരിച്ചുകൊണ്ടിരുന്നാൽ ഇരുപത്തു [illegible] കാസം ശമിക്കും.

[illegible]

കന്നൂശദൈസന്ധവംകണാ
മരിചം വിശ്വവിഡംഗ സംയുതം
അ വലേഹ്യമിദം ഗുഡാന്വിതം
ചെറുകാസമപഹിംസ്ര [illegible]. ൧൬

ഹിക്കാം ശ്വാസം കാസം [illegible] നിശ്ചിതം
കനട്ട്യാദ്യവലേഹ്യം പൂർവ്വതന്ത്രന്യസമ്മതം. ൧൭

കൊത്തമ്പാലയരി ചൊട്ടം ഇഞ്ചിപ്പു തിപ്പലി നല്ലമുളക് ചുക്ക് വിഴാലരി കാവം ഇവ [illegible] കൂട്ടി ചൂർണ്ണമാക്കിയാൽ ഉക്കിറ്, ശ്വാസം, കാസം ഇവ ശമിക്കും.

ഹരീതകീമോദകം.

ഹരീതകീകണോഷണനാകൃതസ്സ [illegible] മോദകാ
ഗുഡാന്വിതസ്സ കാസാഗ്നിമാന്ദ്യ [illegible]. ൧൮

കടുക്കാത്തോട് തിപ്പലി നല്ലമുളക് ചുക്ക് ഇവപൊടിച്ച് ശർക്കരയും ചേർത്തുണ്ടാക്കിയ മോദകം ചുമയെ നശിപ്പിക്കും. അഗ്നിയെ ദീപിപ്പിക്കും.

വാതജകാസലക്ഷണം.

യദിഭവതി മനുഷ്യസ്സുഷ്കശ്ലേഷ്മോദരേഷു
ഹൃദി ചപലതയൈവം പാർശ്വ [illegible]

വദനകമലശോഷം ക്ഷാമതായസ്യ [illegible]
വിഹതബലതൈവം ചൈത്യജസോ [illegible]. ൧൯

യദിഭവതി ചതുരൽ കൈഷന്യമേവ [illegible]
ബദ്ധമലപവനാകാസീ ഭിന്നകാംസ്യ സ്വനസ്സ
കഥമപി ബദ്ധകാസസ്ത്യേ വശുഷ്കംവിശേഷാ
ദപിതലു പരിസീദൻ സകതു [illegible]. ൨൦

ശംഖം (ചെന്നി) ശിരസ്സ് ഉദരം ഹൃദയം പാർശ്വങ്ങൾ ഇവ ഭേദിക്കുന്നവേദന, മുഖത്തിന് ക്ഷാമത, [illegible], ഓജോനാശം, ഉച്ചയടപ്പ്, ക്ഷീണം, പൊട്ടിയ ചേങ്കിലയ്ക്കു തുല്യമായസ്വരം ഇവ യൊക്കയും വാതകാസലക്ഷണമാണ്. വാതകാസരോഗി വളരെ ക്ഷീണിച്ച് കഫത്തോട് കൂടാതെ വളരെ ചുമയ്ക്കും. അവന് മലമൂത്രാദിവേഗങ്ങൾക്ക് തടവുണ്ടായിരിക്കയും ചെയ്യും.

കൃതാപഞ്ചമൂലീകഷായം സകൃഷ്ണം
[illegible] വാതകാസേ [illegible]. ൨൧

പഞ്ചമൂലം കഷായം വച്ച് തിപ്പലി [illegible]മൊടി ചേർത്ത് സേവിക്കുക. മാംസരസവും അന്നവും ശീലിക്കണം [illegible]. ഇവ വാതകാസത്തിന്ന് വിശേഷമാണ്.

[illegible]

ശടീശൃങ്ഗീഭാർങ്ഗീയുതജലദമാഷൈ [illegible]
സുമധുരാഖ്യസ്സ്തേലാഢ്യ ഇഹഗദിതോ [illegible] വായുജന്യേ
[illegible] കാസേ സേവ്യോ [illegible]
[illegible] വാതി കാസ [illegible]. ൨൨

കച്ചോലം കർക്കടകശൃംഗി ചെറുതേക്ക് മുത്തങ്ങ കൊടിത്തൂവവേര് ഇവ എല്ലാം കൂടിപ്പൊടിച്ച് തേനും എണ്ണയും ചേർത്ത് നക്കുക. ഈ ലേഹം വായുജമായ മഹാകാസത്തിന്ന് വളരെ നല്ലതാണ്. ഇതു തന്നെ തിപ്പലിപ്പൊടി കൂടിച്ചേർത്ത് സേവിച്ചാൽ സകലകാസങ്ങളും ശമിക്കും.

പിത്തകാസലക്ഷണം

[illegible]സ്സ്ഥ [illegible] ദഹനശോഷ [illegible]തൻ-
വമേൽപിത്താൽപിത്താന്വിത [illegible]
കഫചിൽപീതം സാസ്രം സകല [illegible]വികല-
സ്സദാ കാസത്ത്യേവം സകലവരൈ [illegible]. ൨൩

നെഞ്ചിൽ ചുട്ട് തണ്ണീർദാഹം ജ്വരം വായുള്ളവ ഞരമ്പിന്ന് അകത്തിലും കട്ടരന്ധത്തിലും ഉള്ള വെള്ളം വറ്റിപ്പോകുക ഇവയും പിത്തപ്പാൾ മഞ്ഞളിച്ചും കഫത്തോടുകൂടിയും ഛർദ്ദിക്കയോടും ശരീരസന്താപത്തോടുകൂടി ചുമയ്ക്കുന്നതും പിത്തകാസലക്ഷണമാണ്.

പിത്തകാസചികിത്സ

ബലാദികഷായം.

ബലാകണ്ടകാരീയുഗം രോഹിതോ-
ടതൃഷംസമസ്തം സമാനം സനീരം
ശൃതംചെണ്ഡാമ്ലകരംപുരാഞ്ചിതംവൈ
ഹരേൽപിത്തകാസം പ്രവൃദ്ധം നിപീതം. ൧൮

കുറുന്തോട്ടിവേര ചെറുവഴുതിനയും വെൾവഴുതിനയും വലിയ മുന്തിരിങ്ങ അടലോടകം എല്ലാം സമമായി എടുത്തു കഷായം വച്ചു കല്ക്കണ്ടവും തേനും മേമ്പൊടി ചേർത്തു സേവിക്കുക. പിത്തകാസം ശമിക്കും (തേൻ ചേക്കുന്നതു അറിയേ അരുതാവൂ)

ശരാദിപഞ്ചമൂലകഷായം.

ശരാദിപഞ്ചമൂലകൈസ്സഗോസ്തനീകണാന്വിതൈ-
ശ്ശൃതംപയഃ പപേദ്ധ്രുതം സശർക്കം സമാക്ഷികം.
പിബേച്ചപിത്തകാസരോഗനാശനം തഥാമതം
യഥാഗ്നികീലമുത്ഥിതം പയോധരാംബുവർഷണം. ൧൯

ശരാദിപഞ്ചമൂലം (ഏഴുവേര അറുദർഭവേര കശവേര അമവേര കരിമ്പിൻവേര്) മുന്തിരിങ്ങാപ്പഴം തിപ്പലി ഇവകൊണ്ടു പാൽകഷായം വച്ചു അറിയാൽ അതിൽ പഞ്ചസാരയും തേനും ചേർത്തു സേവിച്ചാൽ മേഘവർഷം കത്തിജ്വലിച്ചുവരുന്ന അഗ്നിജ്വാലയെ നശിപ്പിക്കുന്നപോലെ പിത്ത കാസത്തെ നശിപ്പിക്കും.

ഘൃതം.

ഗവ്യംമാഹിഷമാജമാവിജപയസ്തുല്യംഹിധാത്രീഫലാ
പ്രോൽഭൃതാം സ്വരസംഗവാം ശുഭഘൃതപ്രസ്ഥേനമദ്ധ്യന്വിതം
സംസിദ്ധംവരവൈദ്യപാചിതമിദം സേവ്യംപ്രയത്നാന്നിത്യശഃ
പിത്തോത്ഥപാദിത കാസമത്തസുരഭീശാർദ്ദൂലവിക്രീഡിതം. ൨൦

പശുവിൻപാൽ പോത്തിൻപാൽ ആട്ടിൻപാൽ പച്ചനെല്ലിക്കാനീര ഇവ എടങ്ങഴിശ്ശരീതം. നല്ല പശുവിൻനെയ്യ് ഇടങ്ങഴി ഏ

എല്ലാം കൂടിച്ചേർത്തു കാച്ചിയെടുത്ത നെയ്യ് പിത്തകാസമാകുന്ന പശുവിനെ പുലിയാണ്. ഈ നെയ്യ് സേവിച്ചാൽ പിത്തകാസം ശമിക്കും എന്നർത്ഥം)

കഫകാസലക്ഷണം.

മന്ദാഗ്ന്യരുചിഛർദ്ദിപീനസോൽ-
ക്ലേശഗൗരവലോമഹർഷാസ്യമാധുര്യ
ക്ലേദസംസാദൈരൂ യുക്തംകഫസംഭവം
സകഫം കാസതി സാന്ദ്രമേവവാ. ൨൧

ദേഹത്തിന്നുള്ളിൽ കഫം നിറഞ്ഞിരിക്കുക വായിൽ എന്തോ നിറഞ്ഞിരിക്കുന്നപോലെതോന്നുക, തലവേദനയുണ്ടാവുക അരുചി കഫം കട്ടിയായി തുമച്ചുതുപ്പുക ഇവയൊക്കെയും കഫകാസത്തിന്റെ ലക്ഷണമാണ്.

വ്യാഘ്ര്യാദ്യവലേഹം.

വ്യാഘ്രീശ്യാമാദ്വിശതമമലദ്രോണനീരേ പ്രപാച്യം
തസ്മിൻകഷായേഗുഡമഥതുലോന്മാനമേ പാകമതാം.
ശീതതസ്മിൻപുനരപി ഭിഷങ്മാക്ഷികം ഷൾപലംവാ
തസ്യാർദ്ധംവൈത്രികടുകമഥോപത്രജൈലാതചംച
ശ്ലക്ഷ്ണംചിഷ്ടം പലപലമിതം കേസരംനാഗപൂർവ്വം
സംമിശ്രൈര്യംകഫ ഭവമഹാകാസരോഗപ്രമത്യാൽ
ശ്വാസാക്രാന്താമുഖകമലഗാ കണ്ഠദേശോരഗണസ്ഥ
യുക്താംഹിക്കാശ്വസനകസനം പീനസംചാശുഹന്യാൽ. ൨൨

ചെറുവഴുതിനവേര ൧൦൦ തിപ്പലി ഇവ ൧൦൦ വീതം ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലൊന്നാക്കി അതിൽ ഒരു തുലാം ശർക്കര കലക്കി അരിക്കി ലേഹപാകമാകുമ്പോൾ വാങ്ങി ആറിയാൽ ൬ പലം തേനും ൩ പലം ചുക്കു മുളക തിപ്പലിയും ഓരോ പലംവീതം പച്ചില ഏലത്തരി ഇലവർങ്ഗത്തൊലി നാഗപ്പൂവ് ഇവയും പൊടിച്ചുചേർത്തു യോജിപ്പിച്ചു വെച്ചിരുന്നു സേവിക്കുക. കഫകാസരോഗം ശമിക്കും. ഈ ലേഹം വായിലിട്ടു കുറേശ്ശ ചവച്ചിറക്കിയാൽ കണ്ഠത്തിലുള്ള ചൊറിച്ചില് ഇക്കിൾ ശ്വാസം ചുമ പീനസം ഇവയും ശമിക്കും.

കഫജേവമനം വിശേഷതോ
യവയൂഷാഃ കടുതിക്തകാഹിതാഃ
വരമത്രചലംഘനം തഥാ
ഖലുകാസേ വരവൈദ്യവർണ്ണിതം ൨൩

കഫകാസത്തിൽ ഛർദ്ദിപ്പിക്കുക വളരെ വിശേഷമാണു്. യവം കൊണ്ടുണ്ടാക്കിയ ചാറും എരിവും കൈപ്പുമുള്ള സാധനങ്ങളും ഉപയോഗിക്കുന്നതും പട്ടിണികിടക്കുന്നതും നല്ലതാണു്.

വാസാദ്യഘൃതം.

മുൽഗാ ധാത്രീ ദാഡിമീ ചൈവ കല്ക്കൈഃ
സൽകക്കന്ധൂമൈഥിലീസൽകാവഭൈരൈഃ
യൂഷസ്ത്വേവ്യോ മൂലകൈർവ്വായവൈർവ്വാ
കാസേ സാന്ത്വം കൈകഫോത്ഥേ ഹിതായ. ൨൬

ചെറുപയറു നെല്ലിക്കാ താളിമാതളം ചുക്കു കന്മ്പഴം തിപ്പലി മുതിര മൂലവരിക്കിഴങ്ങു് യവം ഇവ കൂടെ ചാറുണ്ടാക്കി സേവിച്ചാൽ കഫകാസം ശമിക്കും.

ശൃംഗീവേലാശ്രംഗീവ്യഷാഭാർഗ്ഗീ‌ചൈവ
ഭേദാനാം പ്രാപിപ്പം ശുണ്ഠ്യന്ത്യവൈ
തഥാ സൈന്ധവം ചൂർണ്ണിതം ശ്ലേഷ്മകാസീ
സുഖാംബൂപ്ലുതം സേവിതോ ചൂർണ്ണമേതം. ൨൭

കച്ചോലം മുത്തങ്ങ കർക്കടകശൃംഗി കടുകരോഹിണി ഞെരിഞ്ഞിൽ വേര് ചുക്കു കടുക്കാ കാനം ഇന്തുപ്പു ഇവ പൊടിച്ചു ചെറുചൂടുവെള്ളത്തിൽകലക്കി കഫകാസി എല്ലായ്പോഴും കുടിക്കണം.

വാതപിത്തജകാസലക്ഷണം.

തൃഷാ കഷ്ടശ്ലേഷ്മ ...
ധികാ വാ തപിത്ത താരങ്ങേ ...
തമസ്യാതിഥിഃ ക്ഷീണദേഹോ മനുഷ്യോ
ഭവേദന്ത്രാദ്ധാഹതിം പിത്തജേ തസ്യ. ൨൮

വാതപിത്തജമായ (കഫമില്ലാത്ത) കാസത്തിൽ തണ്ണീർദാഹം വയററിൽവേദന ചൊറിച്ചിൽ വളരെ ഉറക്കം ഇവയുണ്ടായിരിക്കും. ഈ രോഗത്തിൽ ദേഹം ക്ഷയിച്ച മനുഷ്യൻ കാലപുരിക്കു് അതിഥിയായിത്തീരും. അതിനാൽ ഇതിനു് സാധ്യമാകുന്നതായ കൂട്ടുകളെ ചിന്തിക്കയല്ലാതെ വേറെ ഉപായം കാണുന്നില്ല.

കഫവാതജകാസം.

കഫാധിക്യതഃ കണ്ഠദേശേ വിശ്രുതൈഃ-
ർവ്വിവാസംവൃതോ മസ്തകസ്യാർത്തിഭേദാൽ
മനുഷ്യോ ഹിതാതാളിതാ ...
നകാസേന വൈ പീഡിതഃ ... സോയം. ൨൯

കഫാധിക്യത്താൽ കണ്ഠത്തിൽ കഫം കൊണ്ടിരിക്കുന്നതുപോലെ തോന്നുക, തലയ്ക്കു വേദന ഉണ്ടാവുക, ഇവ വാതകഫകാസത്തിന്റെ ലക്ഷണമാണു്.

കഫവാതജകാസചികിത്സ.

വചാശോഥിധാന്യാഭയാലോകകട്ഫലീ-
സുരാഹ്വാ സഭാർങ്ഗീയുതൈഃ കട്ഫലാദ്യൈഃ
തഥാ കത്തൃണൈർവ്വിശ്വയുക്തൈഃ സുതംത്ര
സാരിഃ ശ്രുതം ദാ മാക്ഷികാഢ്യം ഹിതം ച. ൩൦

വയമ്പു് മുത്തങ്ങ കൊത്തമ്പാലയരി കടുക്ക ചുക്കു് കർക്കടകശൃംഗി ദേവതാരം ചെറുതേക്കിൻവേരു് കുമിഴിൻവേരു് നാന്മുകപ്പുല്ലു് പുല്ലൂടകപ്പുല്ലു് കാനം ഇവ പൊടിച്ചു് തേനിൽകുഴച്ചു് സേവിക്കുക. കഫവാതജകാസം ശമിക്കും.

പിത്തകഫജകാസം.

യദാ പീതവർണ്ണസ്യ ധൂമാംഗശശേ വാ
ഭവേൽ ക്ഷിപ്രപാകീ സരക്തസ്തൃഷാർത്തഃ
തദാ ശ്ലേഷ്മകാസേന പിത്തേന ജാതേ-
നവൈ പീഡിതഃ കാസരോഗേണ സോऽയം. ൩൧

ശരീരത്തിനു് മഞ്ഞവർണ്ണം വരിക, ദേഹത്തിൽ പുകയുടെ ഗന്ധം ഉണ്ടായിരിക്കുക, എളുപ്പം കഫം പഴുക്കുക, കഫത്തിൽ ചോര കാണുക, തണ്ണീർദാഹം ഉണ്ടായിരിക്കുക ഇവയെല്ലാം പിത്തകഫകാസലക്ഷണമാകുന്നു.

ഭജേൽ സിംഹവക്ത്രാമൃതാസിംഹികാനാം
കഷായം തഥാ മാക്ഷികേണാനപീതം വാ
രസം മാക്ഷികാഢ്യം പിബേദ്വാസകസ്യ
ഹിതാശീ നരോ രക്തപിത്തേ വിശേഷാൽ. ൩൨

ആടലോടകത്തിൻവേരു് അമൃതു് ചെറുവഴുതിനവേരു് ഇവ കഷായം വച്ചു് അറിയാൽ തേൻ മേമ്പൊടിചേർത്തു് സേവിപ്പിക്കയോ ആടലോടകത്തില വാട്ടി പിഴിഞ്ഞെടുത്ത നീരിൽ തേൻചേർത്തു സേവിപ്പിക്കയോ ചെയ്താൽ പിത്തകഫജകാസം ശമിക്കും. രോഗി ഇഷ്ടഭക്ഷണങ്ങളെ ശീലിക്കണം. വിശേഷിച്ചു് രക്തപിത്തത്തിനും ഇതു നല്ലതാണു്.

ത്രിദോഷജകാസം.

ഭവേൽ സന്നിപാതോദ്ഭവേ ദാഹകണ്ഡൂ-
ശിരശ്ശൂല ശാഫാർദ്ദിതഃ ശോഷയുക്തഃ

അതിശ്വാസ ഏല്ലാസമർദ്ദിപ്രായോ‌ഗൈ‌ -
ഷ്ട്ദരോചകൈഃ പീഡിതോ ... ൩൯

സർവ്വാംഗസന്താപം, ദേഹമാസകലം ചൊറിയുക, തലവേദന, നീര്, ശോഷം, അതിശ്വാസം, നെഞ്ചുരുക്കം, ഛർദ്ദി, അരോചകം ഇവയൊക്കെയും സന്നിപാതകോപജമായ കാസത്തിന്റെ ലക്ഷണമാകുന്നു.

പിബേൽഭേഷജം ജാഹ്നവീതീരമേകം
രമാവല്ലഭം രാഘവം രാവണാരിം
ഭവവ്യാധിഭീതാ വിശേഷേണ വൈദ്യാ
ഹരിം ചാശ്രു ... ൪൦

സന്നിപാതജകാസാർത്തനായ രോഗിയുടെ ഗംഗാജലമാകുന്ന ഔഷധം തന്നെ സേവിക്കണം. രമാ(സീതാ) വല്ലഭനായും രാവണാന്തകനായും ഇരിക്കുന്ന ശ്രീരാമനേയും നാരായണനും വൈദ്യന്മാരായ ഹരിയേയും (ധന്വന്തരിമൂർത്തിയേയും) ... വിശേഷിച്ച് അവന് ഈ ഭജനംകൊണ്ട് സംസാരരോഗത്തേയും ഇല്ലാതാക്കും.

കണ്ടകാര്യവലേഹം.

സമൂലാം സപുഷ്പാം സശാഖാം പ്രഗൃഹ്യ
തുലാം കണ്ടകാര്യാ ജലദ്രോണയുക്താം.
പചേന്നീരമസ്യാശ്ച തത്പാദശിഷ്ടം
ശതം പാദശേഷം പ്രഗൃഹ്യാശ്രു തസ്മിൻ. ൪൧

പലാനാം ശതം സൽഗുഡസ്യാപി ...
പചേല്ലേഹവച്ചാഗതേ തത്ര ദേയം
പലാനാം ത്രികം ത്ര്യൂഷണസ്യാപി ...
പുനഃ പുഷ്പജാതം രസം ... ൪൨

ചതുർജ്ജാതചൂർണ്ണം പലൈകം ...
പുനഃ പ്രക്ഷിപേൽ ...
ഹരേദ്വാതജം പിത്തജം വാകഫോത്ഥം
ദ്വിദോഷോത്ഭവം വൈ ത്രിദോഷോത്ഥകാസം ൪൩

ക്ഷതോത്ഥം ക്ഷയോത്ഥം ...
വിശേഷേണ ഹന്യാൽ ക്ഷയോരഃക്ഷതാദീൻ
ഉരോഗോർവ്വക്രം പചേദോ ... വാത-
വലേഹോ ജരാമൃത്യുഹാരീ പ്രസിദ്ധഃ. ൪൪

പത്രപുഷ്പമൂലങ്ങളോടുകൂടിയ കണ്ടകാരിച്ചുണ്ട പലം ൪൦൦ (ഒരു തുലാം) ഒന്ന ഇടങ്ങഴി വെള്ളത്തിൽ ഇട്ട് അതിൽ ൪൦൦ കട്ടക്കായും കൂടി ചേർത്തു പചിച്ച് നാലിലൊന്ന ശേഷിപ്പിച്ച് നൂറുപലം ശർക്കര ചേർത്ത് പചിച്ച ലേഹപാകമാകുമ്പോൾ വാങ്ങി ആറിയാൽ. മൂന്നു പലം, ചുക്ക മുളക തിപ്പലി ഇവയും ചതുർജ്ജാതം (ഏലം ഇലവർങ്ങം പച്ചില നാഗപ്പൂവ്) ഇവ ഓരോപലം വീതം പൊടിച്ചു ചേർത്ത നല്ല തേൻ ... ചേർത്ത് സൂക്ഷിച്ചുവച്ചിരുന്ന് സേവിക്കുക. പലംതേനും ... ഇത് വാതപിത്തകഫങ്ങളിൽ ഓരോന്നായും ഈരണ്ടായും എല്ലാം കൂടിയും കോപിച്ചുണ്ടാകുന്ന കാസം ക്ഷതകാസം ക്ഷയകാസം, പീനസം ഇവയേയും വിശേഷിച്ച് ഉരസ്സിൽ ക്ഷതാദിരോഗങ്ങളെയും ശമിപ്പിക്കും. ജരാമൃത്യുനാശിയുമാണ്. ഈ ലേഹം ... മഹർഷിയാൽ ഉപദേശിച്ചിട്ടുള്ളതത്രേ.

കാസകർത്തരീവടിക.

രസംഗന്ധകം പിപ്പലീം വാശിവാം വാ-
സകം ഭാർഗ്ഗികാം ഭാഗവൃദ്ധ്യാ പ്രഗൃഹ്യ
തതസ്തൽസമം ഖാദിരം സാരമേകം
പുനർഭാവയേദേകവിംശൽപ്രവാരാൻ. ൪൫

ഗൃഹൈർബർബൂരത്വഗ് ജലൈസ്തദ്വടീം വൈ
മുഖേ ധാരയേൽ സർവ്വകാസാപകർത്രീം
മനഃപ്രീതിസൂചീ സർവ്വകാസാദിമുക്താ
ഭവേൽ കർത്തരീം കാസപൂർവ്വാമപൂർവാം. ൪൬

രസം ഗന്ധകം തിപ്പലി, കടുക്കാത്തോട്, ആടലോടകത്തിൻവേര്, ചെറുതേക്കിൻവേര് ഇവ ക്രമേണ ഭാഗവൃദ്ധിചെയ്ത് (൧-൨-൩ ഈ ക്രമത്തിൽ) എല്ലാംകൂടിയിടത്തോളവും (൨൧ ഭാഗം) കരിങ്ങാലിയുംകൂടി ചേർത്തുപൊടിച്ച് ശീലപ്പൊടിയെടുത്ത് വെൺവേലത്തിന്റെ തൊലിയുടെ നീരിൽ ൨൧ പ്രാവശ്യം ഭാവനചെയ്ത് കുറുക്കിയെടുത്ത് കുരുക്കൾ ... വടകമാക്കി ഓരോ വടകംവീതം വായിൽ ഇട്ട് കുറച്ചു അലിച്ചിറക്കുക, സകലകാസവും ശമിക്കും. ഈ വടികയ്ക്ക് കാസകർത്തരീവടിക എന്നുപേർ.

നവാഗന്തുകാസപ്രതീകാരമത്ര
ഗദാവസ്ഥിതം ഗ്രന്ഥഭൂയസ്ത്വഭീത്യാ
അതോവിജ്ഞവൈദ്യൈശ്ച തന്ത്രാന്തരേഭ്യോ
വിലോക്യം സമസ്തം വിശിഷ്ടം വിശേഷാൽ. ൪൭

ആഗന്തുകങ്ങളായ കാസങ്ങളുടെ പ്രതികാരം ഇവിടെ എന്നാൽ

ഗ്രന്ഥവിസ്താരത്തെ ഭയന്ന് വർണ്ണിക്കപ്പെട്ടിട്ടില്ല. അതിനെ വൈ
വർണ്ണന്മാർ മററു ശാസ്ത്രങ്ങളിൽനിന്നും നോക്കി അറിഞ്ഞുകൊള്ളണ

ഗുൽമാനാഹാംഗ ... യോന്യാദിഷ്വപി
കൃപാർദ്രാമതീഥം സമ്പത്താമദൈവ
യതോമന്ദബുദ്ധിസ്തു കിഞ്ചിൽക്കരോസ്മി
സദോഷാസ്തു തസ്മിൻ സദോഷക്ഷമന്തേ.

ഞാൻ മന്ദബുദ്ധിയാകകൊണ്ട് ... തെററുകൾ ...
ണ്ടാറുണ്ടായിരുന്ന അവസരങ്ങളിൽ ... മായി കോ
ത്തോടുകൂടി എന്നിൽ പ്രകാശിപ്പിച്ചിട്ടുള്ള ... ഗുരുപാദരുടെ
പാദസന്നിധ്യം ... ഈ കൃതിയിൽ ...
ന്നി പരിഹരിക്കണം.

ചികിത്സാക്രമകല്പവല്ലിയിൽ കാസചികിത്സ
എന്ന ... സ്തബകം കഴിഞ്ഞു.

—❦—

ദ്വാദശസ്തബകം.

സിന്ദൂരാരുണഗജവദന! സഫലിതസേവകകാമ!
നാഥയനാഥിതമാശുമമ മുനിജനസേവിതനാമ!

സിന്ദൂരകാന്തിയാൽ ചുവന്ന വർണ്ണത്തോടുകൂടിയ ...
സേവകന്മാരുടെ കാമത്തെ സഫലീകരിച്ചും മുനിജനങ്ങളാൽ സേ
തനായും വർത്തിക്കുന്ന അല്ലയോ ഗണനാഥ! അതു് എന്റെ
ഭീഷ്ടങ്ങളെ തന്നരുളേണമേ!

ഹിക്കാ (ഇക്കിൾ) നിദാനം.

വിദാഹിവിഷ്ടംഭി ഗുരൂണി ...
രൂക്ഷാണ്യഭിഷ്യന്ദിസഭോജനാനി.
നദോഹി ധൂമാതപ ശീതപാനാ-
ശനാന്യഥ ... സ്നാന ...
വ്യായാമകർമ്മാദ്ധ്വസവേഗഘാതാ-
പതർപ്പണാന്യേവമുഖംശ്ച ഭോഗാൻ.

സംസേവ്യ ഹിക്കാ ശ്വാസനം ച കാസം ൨
ലഭേദലം ചാത്ര നിദാനമേതൽ.

വിദാഹിയും വിഷ്ടംഭിയും ഗുരുക്കളും രൂക്ഷങ്ങളും അഭിഷ്യന്ദി
(കഫസ്രുതികാരി)കളും ആയ ഭോജനങ്ങളെ ഭക്ഷിക്കുക, പുകയേല്ക്ക
ക, വെയിലേൽക്കുക, ശീതങ്ങളായ പാനാശനങ്ങളെ ഭക്ഷിക്കുക,
കുളിക്കുക, പൊടിയേൽക്കുക, കാററേൽക്കുക, അതിയായി വ്യായാമം
ചെയ്യുക, വളരെ വേഗത്തിൽ വഴിനടക്കുക അപതർപ്പണങ്ങളായ വ
കളെ ഭക്ഷിക്കുക, വളരെ കനമുള്ള ഭോജനങ്ങളെ ... ഈ കാരണ
ങ്ങൾകൊണ്ട് ഹിക്ക (ഇക്കിൾ) ശ്വാസം കാസം ... ഉണ്ടാകുന്നു.

ഹിക്കയുടെ പൂർണ്ണ ലക്ഷണം,

സകൃൽപ്ലീഹാന്ത്രാണ്യേവ കഫൈ വായുഃ പ്രപീഡിതഃ
ക്ഷിപൻ വക്ത്രാന്തരം ...
ഉദാഹിക്കാ ... ഹിഗിതി ... ൩
പ്രാണാൻ ...

വായു (ഉദാനനോട്ടുകൂടിയ പ്രാണവായു) സകൃത്തിനേയും പ്ലീ
ഹയേയും അന്ത്രങ്ങളെയും വായിൽ കൊണ്ടുവന്നു വെളിയിലേക്ക് അ
ക്ഷിപന്നോ എന്നു തോന്നുമാറു് ഹിക്ക് എന്ന ശബ്ദത്തെ പലപ്രാവ
ശ്യം പുറപ്പെടീക്കുന്നു. അതാണ് ഹിക്കാരോഗം. ... രോഗകൃശ
നായവനു് വരുന്ന ഹിക്ക പ്രാണനാശിനിയാണ്.

വായുഃകഫേനാനുഗതോ പഞ്ചധാ വൈ
ഹിക്കാസ്തു പഞ്ചൈവ കരോതിപുംസഃ.
അന്നോദ്ഭവൈകാ യമളാ ദ്വിതീയാ ൪
ക്ഷുദ്രാ തൃതീയാപി ച യാ ചതുർത്ഥീ.
ഗംഭീരികാ സാ പ്രഥിതാസ്തിശാസ്ത്രേ
യാ പഞ്ചമീ സാ മഹതീ പ്രദിഷ്ടാ.
താസാമിഹാസാമിഹ ലക്ഷണാനി ൫
സമ്യഗ് ബ്രവീമ്യേവ തഥാ യഥാ വാ.

വായു കഫാനുഗതനായി പ്ലേഷ്മാനായിട്ട് അന്നോദ്ഭവാ, യമളാ,
ക്ഷുദ്രാ, ഗംഭീരാ, മഹതി, ഇങ്ങനെ അഞ്ചുവിധം ഹിക്കകളെ ചെ
യ്യുന്നു. അവയുടെ ലക്ഷണങ്ങളെ അടുത്തുതന്നെ വിശദമായി കാണി
ക്കുന്നുണ്ട്.

അന്നജഹിക്കാലക്ഷണം.

പാനേനതോയോദ്ഭിതിഭൂക്തേനവായുഃ
കരോത്യന്നജാമൂർദ്ധ്വഗീഭ്രുയത്ത നം. ൬

ചിരേണ വേഗൈര്യ്യമളൈസ്സ്വനം
പ്രവർത്തതേ യാ ചശിരഃസങ്കോചം
വികമ്പയന്തീ യമളേതി താം വൈ
വദന്തി വൈദ്യാശ്ച ഭകാദയാമയം.

പ്രാണവായു ഭുജിക്കപ്പെട്ട അന്നപാനങ്ങളാൽ കോപിച്ചിട്ട് ഊർദ്ധ്വഗനായിത്തീരുകയാൽ അന്നജയായ ഹിക്ക ഉണ്ടാകുന്നു. ശിരസ്സിനെയും കണ്ഠത്തിനെയും പ്രകമ്പിപ്പിച്ചിട്ട് യമള (ഇരട്ട) വേഗങ്ങളോടുകൂടി ഉണ്ടാകുന്നതിനെ യമളാ ഹിക്ക എന്നു പറയുന്നു.

ക്ഷുദ്രാലക്ഷണം.

വികൃഷ്ടകാലൈർമന്ദവേഗൈഃ
പ്രവർത്തതേ ധാവതി ജത്രുമൂലാൽ
വദന്തി താം വൈദ്യനൃപാ പുരാണാഃ
ക്ഷുദ്രേതിനാമ്നാ പ്രഥിതാം ച ഹിക്കാം.

സമയം താമസിച്ചും മന്ദവേഗത്തോടുകൂടിയും ജത്രുക്കളുടെ (അക്ഷാരസ്സുകളുടെ) മൂലത്തിൽനിന്നു ധാവനം ചെയ്ത് പ്രവർത്തിക്കുന്നതിനെ ക്ഷുദ്രാഹിക്ക എന്നു [illegible].

ഗംഭീരാലക്ഷണം.

ഗംഭീരനാദം കുരുതേ [illegible]
പ്രധാവിതാ [illegible]
ശ്രുഷ്ടം [illegible]
ശ്വാസാദികോപദ്രവ [illegible]. ൧൦

അതിഗംഭീരനാദത്തോടുകൂടി നാഭിയിൽനിന്നു പുറപ്പെട്ട് മാറിടത്തെയും കണ്ഠത്തെയും മുഖത്തെയും ശുഷ്കമാക്കി കാസശ്വാസാദ്യുപദ്രവങ്ങളെ ചെയ്യുന്ന ഹിക്കയെ ഗംഭീരയെന്നു പറയുന്നു.

മഹതീലക്ഷണം.

മർമ്മാണി സർവ്വാണ്യപി പീഡയന്തീ
സംതൃഷ്യതോ ഘോഷവതീ സവേഗാ
ഗാത്രാണി സർവ്വാണ്യതികമ്പയന്തീ
സാ ചാപ്യസാദ്ധ്യാ മഹതീ പ്രദിഷ്ടാ. ൧൧

വസ്തി ഹൃദയശിരഃ പ്രഭൃതികളായ സകല മർമ്മങ്ങളെയും പീഡിപ്പിച്ച് വലിയ ശബ്ദത്തോടും വേഗത്തോടും കൂടി സകല ഗാത്രങ്ങളെയും കമ്പിപ്പിച്ചു പുറപ്പെടുന്നതു മഹതി എന്ന ഹിക്കയാകുന്നു. രോഗിക്ക് തണ്ണീർദാഹവും ഉണ്ടായിരിക്കും. ഇതു അസാദ്ധ്യമാണ്.

ഹിക്കയുടെ അസാദ്ധ്യലക്ഷണം.

യദാ കമ്പതേ ഹിക്കിതോ യസ്യ ദേഹം
തഥോർദ്ധ്വം ച ദൃഷ്ടിർഭവേത്താമ്യതേ യഃ.
ഭവേൽ ക്ഷീണദേഹോഽന്നവിദ്വേഷയുക്തോ
യമസ്യാതിഥിശ്ചാന്ത്യഹിക്കേതി നിന്ദ്യാ. ൧൨

ഇക്കിൾ വരുമ്പോൾ ദേഹം വിറയ്ക്കുക ദൃഷ്ടി മേൽപോട്ടു പോകുക, ദേഹം ക്ഷീണിക്കുക, അന്നവിദ്വേഷം ഉണ്ടാകുക, ഈ ലക്ഷണങ്ങൾ ഉള്ള ഹിക്കാരോഗി യമന്റെ അതിഥിയായിത്തീരും. ഒടുക്കം പറഞ്ഞ രണ്ടു ഹിക്കകളും (ഗംഭീരയും മഹതിയും) ഏററവും നിന്ദ്യങ്ങളാണ്.

വ്യാധിക്ഷീണോ വൃദ്ധോ വാപാ-
നശ്യത്യസ്യാം വാമാസക്തഃ. ൧൩

വ്യാധിക്ഷീണനും വൃദ്ധനും സ്ത്രീസക്തനും ആയവന് വരുന്ന ഇക്കിളും അസാദ്ധ്യമാണ്.

ധാതുചേന്ദ്രിയസൌഖ്യയുതോഽപ്യദീനോ
നക്ഷീണദേഹോ യമികാം ജയേന്നഃ.
യുക്താം പ്രലാപാദിവിമോഹതൃഷ്ണാ-
ദിഭിസ്തതോഽന്യസ്തു നിഹന്തി സൈവ. ൧൪

ധാതുക്കൾക്കും ഇന്ദ്രിയങ്ങൾക്കും ബലമുള്ളവനും, ദീനനല്ലാത്തവനും ദേഹത്തിന് ക്ഷീണം ഇല്ലാത്തവനും ആയിരിക്കുന്നവനുണ്ടാകുന്ന ഇക്കിൾ സാദ്ധ്യമാണ്. പിച്ചുപറയുക, മോഹാലസ്യം തണ്ണീർദാഹം ഇവയോടുകൂടിയവനുണ്ടാകുന്ന ഇക്കിൾ അസാദ്ധ്യംതന്നെയാണ്.

ഹിക്കാചികിത്സ.

പ്രാണാവരോധനവിതർജ്ജനഭാഷികാഭിർ-
വിസ്മാപനേന ച വിഭീഷികയാ നിതാന്തം.
ഹിക്കാം ജയേച്ച ബഹുരൌദ്രകഥാപ്രസംഗൈ-
സ്തദ്വൽപുമാംശ്ച ബഹുധാ മനസോഭിഘാതൈഃ. ൧൫

പ്രാണവായുവിനെ തടയുന്നതായ ഭത്സനവാക്കുകൾ പറയുക, അത്ഭുതപ്പെടുത്തുക, ഭയപ്പെടുത്തുക, മനസ്സിന് ഇടിവുതട്ടുന്നവയും രൗദ്രങ്ങളും ആയ കഥകൾ പറയുക ഇവകൊണ്ട് ഇക്കിൾ ശമിക്കും.

ഛാഗം പയോ നാഗരസാധിതം തു
രസാൻ ഫലാമ്ലാംശ്ച സുമാംസകൃത്തുൻ

റിക്കാഭിഭ്രംസ്സു [illegible] [illegible]-
താം [illegible] [illegible] [illegible].

ചുക്കിട്ടു [illegible] [illegible] [illegible] [illegible]ങ്ങളും മ[illegible] [illegible] മലർപ്പൊടി തിന്നുക[illegible] തളനാരങ്ങയുടെ രസങ്ങളും പാനം ചെയ്യുക [illegible] ഈ ക്രിയകൾകൊണ്ട് ഹിക്കയെ [illegible].

നസ്യം.

നാരീപയോ [illegible] [illegible]
ഘൃതം ചകോരസ്സ [illegible]
വീരേണ വാ [illegible]
നിഹന്തി നസ്യേ[illegible] ഹിക്കാം.

രക്തചന്ദനം മുലപ്പാലിൽ [illegible] ഉപ്പു കലക്കിയ വെള്ള[illegible] നെയ് ചേർത്ത ചെറു ചൂടോടുകൂടിയോ ഉപ്പു മാത്രം ജലത്തി[illegible] കലക്കിയോ നസ്യം ചെയ്യുക. ഈ മൂന്നു നസ്യവും ഹിക്കയെ ശ[illegible]പ്പിക്കുന്നതാണ്.

വേറെ മൂന്നു നസ്യം.

മധുകം മധുസംയുതം [illegible]
മഗധാ ശർക്കരാ[illegible]
[illegible] ഹിക്കി[illegible]
ഹിക്കാ[illegible]

ഇരട്ടിമധുരവും തേനും കൂടിയോ, തിപ്പലിയും [illegible] പഞ്ചസാരയും[illegible] [illegible] നസ്യം ചെയ്യുന്നത് ഹിക്കാരോ[illegible]ടിയോ, ശർക്കരയും ചുക്കും കൂടിയോ നസ്യം ചെയ്യുന്നത് [illegible]ഗിക്കു ഹിതമാണ്.

യഷ്ടീമാക്ഷികസംയുതാ [illegible] ഹിക്കാ[illegible]
[illegible] മഗധാ[illegible] ഘൃതമ[illegible] [illegible]
ഇക്ഷോഃ കിഞ്ചിദപി[illegible] [illegible] [illegible]
യോഗാനാം വരമേകം നിഗദിതം ഹിക്കാ[illegible] [illegible].

ഇരട്ടിമധുരം തേനിൽ കുഴച്ചു [illegible] തിപ്പലിയും കല്ക്ക[illegible]വും കൂടിപ്പൊടിച്ചു ഭക്ഷിക്കുകയോ; തിപ്പലിതേനിൽ കുഴച്ചു സേവി[illegible]ക്കയോ, ചെറുചൂടുള്ള പാൽ കുടിക്കയോ; കരിമ്പിൻ നീർകുടിക്കയോ ചെയ്താൽ ഇക്കിൾ നശിക്കും. ഇങ്ങനെ [illegible] ഇവിടെ ക[illegible]ണിക്കപ്പെട്ടു.

ലാജാഞ്ജനാഭ്യാം [illegible] [illegible]
തിക്തായുതാ [illegible]

ധാത്രീകണാ [illegible] സിതാ[illegible]
കപിത്ഥ കാസീസകൃതാ [illegible]. ൨൦

ഫലപ്രസൂനൈ[illegible]
[illegible]മ്രൂസ്ഥാ[illegible] [illegible]-
ഷഡ്വേവലീഢ[illegible] മധുനാവ[illegible]
ഹിക്കാം ജയന്തീഹനചിത്ര[illegible]. ൨൧

മലർപ്പൊടി ശുദ്ധിചെയ്ത അഞ്ജനം, [illegible]വിന്റെ അക[illegible]ത്തെ മജ്ജ, ഇവയും; [illegible] നാഗപ്പൂവ് കാവിമണ്ണ്, ഇവയും; നെല്ലിക്കാത്തോട്ട് തിപ്പലി ചുക്ക് പഞ്ചസാര, ഇവയും; [illegible] [illegible], ഇവയും; പാതിരിയുടെ ഫലം [illegible]ർമരത്തിന്റെ കായ്, [illegible], തിപ്പലി, ഇ[illegible] പുഷ്പം, ഇവയും; [illegible] ഇക്കിൾ ശമിക്കും. ഇ[illegible] വയും; പൊടിച്ച് തേനിൽ കുഴച്ചുനക്കിയാൽ ഇക്കിൾ ശമിക്കും. ഇ[illegible]ഇ് ആറുയോഗമാണ്.

സൌവർച്ചലം ചമധുനാഘൃ[illegible]
[illegible] പിബേന്മധുകണാ[illegible] ചൂർണ്ണം
ലിഹ്യാച്ചഹിക്കാശ്വാസനാശ[illegible]-
ശ്ചൂർണ്ണം [illegible] [illegible]

തുവർച്ചിലക്കാരവും തേനും കൂടി മാതളനാരങ്ങാനീരിൽ സേവി[illegible]ക്കുക; തിപ്പലി, നെല്ലിക്ക ചുക്ക് ഇവപൊടിച്ച് [illegible] [illegible]യിലോ സേവിക്കുക, ഇക്കിൾ, ശ്വാസം [illegible] [illegible].

ഹിക്കാശ്വാസീ [illegible] വിശ്വാം
[illegible]. ൨൨.

ചെറുതേക്ക്, ചുക്ക് ഇവപൊടിച്ച് [illegible] [illegible]സേവിക്കുക. ഇക്കിളും ശ്വാസവും ശമിക്കും.

ദശമൂല [illegible]
ജയതി [illegible] ഹിക്കാമന്യ[illegible]ശ്വാസകാസ
ഹിതകര[illegible] [illegible]
[illegible]. ൨൩

ദശമൂലം കഷായം വച്ച് സേവിച്ചാൽ ഇക്കിൾ ശമിക്കും. ശ്വാസകാസത്തിൽ ഹിതമായ സകല ഔഷധങ്ങളും ഹിക്കാരോഗി[illegible]ക്ക് ഹിതമാണ്.

തിക്താ[illegible]ഗൈരിക[illegible] [illegible] സ്നേഹ-
[illegible]

ഭുക്തം വല്ലമിതം ചമാക്ഷികയുതം സൌവർച്ചലേനാന്വിതം
തദ്വന്മാക്ഷികതാമ്രഭസ്മയരിതി പ്രായസ്സ ഹിക്കാശതം. ൨൫

കടുകരോഹിണിയും ചവിമണ്ണും കൂടിപ്പൊടിച്ച് മുത്തുഭസ്മവും ചേൎത്ത് മാതളനാരങ്ങാനീരിൽ സേവിക്കയോ; മുത്തുഭസ്മവും സ്വൎണ്ണഭസ്മവും കാന്തഭസ്മവും കൂടി എടുത്ത് അരതിഷ്ഠരിയോളം മാതളനാരങ്ങാനീരിൽ സേവിക്കയോ; താക്കീക്കല്ലിൻ ഭസ്മവും താമ്രഭസ്മവും കൂടി എടുത്ത് തുവർച്ചിലവണം ചേൎത്ത് തേനിൽ സേവിക്കയോ ചെയ്യാൽ സകലഹിക്കാരോഗങ്ങളും ശമിക്കും.

ഹിക്കാചികിത്സകഴിഞ്ഞു.

ശ്വാസചികിത്സ.

ശ്വാസഭേദങ്ങൾ.

മഹോൎദ്ധ്വച്ഛിന്നസ്തമകസ്തഥൈവ
ക്ഷുദ്രസ്തു പഞ്ചൈവ ഭവന്തി ഭേദാഃ.
മഹാഗദസ്യാസ്യ ച പൂൎവ്വരൂപം
ശ്വാസസ്യ പൂൎവ്വം ഹി നിരൂപ്യതേഥ. ൨൬

ശ്വാസം ഏകമേയുള്ളു എങ്കിലും മഹാൻ ഊൎദ്ധ്വൻ, ഛിന്നൻ, തമകൻ, ക്ഷുദ്രൻ, ഇങ്ങനെ അഞ്ചുവിധത്തിലായിത്തീരും. ഈ ശ്വാസംതന്നെ ഒരു വലിയ രോഗമാണ്. ഇനിയും ആദ്യമായി ഈ ശ്വാസരോഗത്തിന്റെ പൂൎവ്വരൂപം എന്നാൽ ഇവിടെ നിരൂപിക്കപ്പെടുന്നു.

ശ്വാസപൂൎവ്വരൂപം.

ഹൃൽപീഡാശൂലമാദ്ധ്മാനം വൈരസ്യം വദനസ്യ ച
അനാഹശ്ശംഖനിസ്തോദാ ഭവിഷ്യതി ഭവന്ത്യമീ. ൨൭

ഹൃദയപീഡ, ശൂലം, വയറുവീൎപ്പ്, മുഖവൈരസ്യം അനാഹം (അടിവയറുവീക്കം) ഇതുകൾ ശ്വാസരോഗത്തിന്റെ പൂൎവ്വരൂപമാണ്.

ശ്വാസങ്ങളുടെ പ്രത്യേക ലക്ഷണങ്ങൾ.

മഹാശ്വാസലക്ഷണം.

സ്രോതാംസി സംരുദ്ധ്യ യദൈവ വായുഃ
കഫേന രുദ്ധോ വ്യതിഹവിഷ്ക
മത്തർഷഭോ വാഽശമേവ നഷ്ട-
വിജ്ഞാനസുജ്ഞാനവിശീൎണ്ണവാഗ് യഃ. ൨൮

വിഭ്രാന്തനേത്രോ വിവൃതാക്ഷിവക്ത്രോ
വിബദ്ധവർച്ചാസ്തു നിബദ്ധമൂത്രഃ
ദീനസ്സുദൂരാൽ ശ്വസിതം തു യസ്യ
വിജ്ഞായതേ സൌ ച വിപദ്യതേത്ര. ൨൯

വായു, കഫത്താൽ തടഞ്ഞവനായിട്ട് സ്രോതസ്സുകളെ മറച്ച് ചുററി നടന്നു വ്യാപിക്കുന്നു. അപ്പോൾ മദിച്ചകാളയെപ്പോലെ വിജ്ഞാനം ജ്ഞാനങ്ങൾ നശിച്ച് വാക്കിടറി കണ്ണുകൾ ചുററി വായും കണ്ണും തുറന്ന് മലമൂത്രങ്ങൾ തടഞ്ഞ് ദീനനായിട്ട് ദൂരത്തിൽ നിന്നാൽ അറിയത്തക്കവണ്ണം ഉച്ചത്തിൽ ശ്വാസത്തെ വലിക്കുന്നു. ഇതിനെ മഹാശ്വാസം എന്നു പറയുന്നു. ഈ മഹാശ്വാസം വന്നാൽ മരിക്കുകയുള്ളൂ.

ഊൎദ്ധ്വശ്വാസലക്ഷണങ്ങൾ.

അധോവിഘാതേ ന ച ദീൎഘകാല-
മൂൎദ്ധ്വം ശ്വസിത്യൂൎദ്ധ്വഹിശ്ശംഖവക്ത്രഃ.
കഫാവൃതാസ്യോ ഹി വിരുദ്ധഗാധ-
വഹാൎദ്ദിതോ ഭ്രാന്തവിലോചനശ്ച. ൩൦

ഇതസ്തതോ മുഹ്യതി വേദനാൎത്തഃ
സതാമ്യതേ ചാൎത്തിപീഡിതോ യഃ.
തഥോൎദ്ധ്വദൃഷ്ടിശ്ച വിപശ്യതീഹ.
ശ്വാസേ പ്യഥോൎദ്ധ്വ പരിവിപദ്യതേ വാ. ൩൧

ശ്വാസം കീഴ്പ്പോട്ടുപോകാതെ വളരെ നേരം ഊൎദ്ധ്വമായിത്തന്നെ ശ്വസിക്കുക; വാവരളുക; വായിൽ കഫം നിറയുക; അതിവിരുദ്ധനായ വായുവിനാൽ പീഡിതനാകുക; അങ്ങുമിങ്ങും കണ്ണുകൾ ഭ്രമിപ്പിച്ചു നോക്കുക; വേദനാൎത്തനായിട്ട് മോഹിച്ചുവീഴുക, മരണലക്ഷണങ്ങൾ കാണിക്കുക; കണ്ണു മേല്പോട്ടാക്കി നോക്കുക; ഇവ ഊൎദ്ധ്വശ്വാസത്തിന്റെ ലക്ഷണങ്ങളാണ്. ഈ ഊൎദ്ധ്വശ്വാസം വന്നാലും മരിക്കുകയേയുള്ളൂ.

ഛിന്നശ്വാസലക്ഷണം.

യസ്സൎവ്വപ്രാണൈരപി പീഡിതസ്സ
ഛിന്നം ശ്വസിത്യേവ വിചേതനശ്ച
സഛിന്നനാമ്നാ ശ്വസനോദരോഽ-
പൂൎത്തസ്യ ഗേഹം വ്രജതി പ്രലാപീ. ൩൨

സകലപ്രാണവായുക്കളാലും പീഡിതനായി വിചേതനനായിട്ട് വിട്ടു വിട്ടു ശ്വസിക്കുന്നു. അതാണ് ഛിന്നശ്വാസം. പ്രലാപാദിമ

രണലക്ഷണങ്ങളോടു കൂടിയ ഛിന്നശ്വാസമുള്ളവൻ കാലപുരിയെ പ്രാപിക്കതന്നെ ചെയ്യും.

തമകശ്വാസലക്ഷണം.

യദാ നരസ്യ പ്രതിലോമഗോ [illegible]
സ്രോതാംസി വായുഃ പ്രതിപദ്യതേ ച
ശിരഃസഗളം പരിഗൃഹ്യ
൬൩ ശ്ലേഷ്മാണമിത്ഥം സമുദീര്യതേ ച.
കരോതിവൈപീനസമേവ ഘോരം
നരസ്യവൈഘുർഘുരകം തഥൈവ.
അതീവതീവ്രം ച ദൃഢം [illegible]
൬൪ പ്രപീഡകം ശ്വാസമഥാ [illegible]
പ്രതാമ്യതീത്യത്ര ച രോഗയോഗാൽ
സന്ത്രസ്യതേ ചാഥ നിരുദ്ധ്യതേ ച.
മുഹുർമ്മുഹുർഗ്ഗച്ഛതി കാസമാനഃ
൬൫ സംമൂർച്ഛ്യമാനേന കഫേന [illegible]
സുദുഃഖിതസ്തസ്യ വിമോക്ഷണാന്തേ
സുഖീ മുഹൂർത്തം ഭവതി [illegible]
ഉദ്ധ്വംസതേ കണ്ഠമതസ്സ കിഞ്ചിൽ
൬൬ സകൃച്ച കൃച്ഛ്രാദ്വദതീഹ [illegible]
നിദ്രാം ലഭേന്നൈവ [illegible]
കദാചിച്ഛയാനസ്യ ച വായുരസ്യ
പാർശ്വേ നിഗൃഹ്ണാത്യത ഏവ [illegible]-
൬൭ ദാസീനമാത്രോ ലഭതേ സുഖം സഃ.
ഉഷ്ണം തഥാ ചാപ്യഭിനന്ദതീഹ
സംസിദ്ധ്യതാ ചൈവ ലലാടകേന
പ്രായോത്തിമാനുച്ഛ്രിതലോചനശ്ച
൬൮ ശുഷ്കാസ്യപാത്രസ്സഭയാന്വിതശ്ച.
ശ്വസന്മുഹുശ്ചാന്യ [illegible]
വച്ചാല്യതേ ഗാത്രമഥോ മുഹുശ്ച
മേഘാംബുശീതൈരഥ വായുഭിശ്ച
൬൯ വാശ്ലേഷ്മളൈശ്ചാശു വിവർദ്ധതേസൌ.
ശ്വാസോഽഥ യാപ്യസ്തമകസ്തു [illegible]
സാദ്ധ്യോ യദി സ്യാന്നവമുത്ഥിതോവൈ.

വായു, പ്രതിലോമമായി (വിപരീതമായി) സ്രോതസ്സുകളിൽ വ്യാപിച്ച് ശിരസ്സിനെ കഫത്തെ ഉണ്ടാക്കി കഴുത്തെ പുറത്തുവിട്ടു

ആ കഫത്താൽ തടസമായിട്ട് വായു ഘുർഘുരശബ്ദത്തോടുകൂടിയ പീനസത്തെ ഉണ്ടാക്കുന്നു. അതുനിമിത്തം ശ്വാസം തീവ്രവേഗമായും പ്രാണനെ പീഡിപ്പിക്കുന്നതായും തീരുന്നു. ക്ഷീണിക്കുക, സന്ത്രസിക്കുക, ചുമയ്ക്കുമ്പോൾ കഫത്തടവിനാൽ വീണ്ടുംവീണ്ടും മോഹിക്കുക. മുതലായവയും ഉണ്ടാകുന്നു. കഫം മോചിക്കുമ്പോൾ അല്പനേരം സുഖമുണ്ടെന്നു തോന്നും. തൊണ്ട അടയ്ക്കുക നിമിത്തം ഭാഷിക്കുന്നതിന് വളരെ പ്രയാസം നേരിടും. ഒരിക്കലും ഉറക്കം ഉണ്ടാകയില്ല. ചിലപ്പോൾ കിടക്കുന്ന സമയം വായു, രോഗിയുടെ പാർശ്വഭാഗങ്ങളിൽ പിടിച്ചിരിക്കയാൽ എഴുന്നേററിരിക്കുമ്പോൾ അല്പനേരം സുഖമുണ്ടെന്നു തോന്നും. ഉഷ്ണത്തിൽ ആഗ്രഹമുണ്ടായിരിക്കും. നെററി വിയർക്കും. [illegible] കണ്ണു തുറിയും മുഖം ശുഷ്കിച്ചും ഇരിക്കും. ആനപ്പുറത്തു കയറിയാലത്തെപ്പോലെ കൂടെക്കൂടെ ശ്വാസം വിടുകയും ദേഹം കുലുക്കുകയും ചെയ്യും. ഈ തമകശ്വാസം വർഷകാലത്തും ശീതകാലത്തും കിഴക്കൻ കാററുകൊള്ളുകകൊണ്ടും കഫവൃദ്ധികരങ്ങളായ ദ്രവ്യങ്ങൾ ഉപയോഗിക്കുകകൊണ്ടും വർദ്ധിക്കും. ഇതു യാപ്യമാണ്. (ചികിത്സിച്ചുകൊണ്ടിരുന്നാൽ ജീവിതകാലം മുഴുവനും ബാധയുണ്ടാകാത്തതാണ് എന്നർത്ഥം) തമകശ്വാസംതന്നെ ആരംഭിച്ചിട്ട് വളരെക്കാലമാകാതെ ഉള്ളതാണെങ്കിൽ സാദ്ധ്യമാണ്.

പ്രതമകലക്ഷണം.

മൂർച്ഛാജ്വരാർത്തസ്യ സ ഏവ നൂനം
പ്രശബ്ദപൂർവ്വഃ പ്രതിതോഽഭിശാസ്ത്രേ. ൭൦
ഉദാവർത്തരജോജീർണ്ണക്ലിന്നകായനിരോധജഃ
സംവർദ്ധതേഽസൌ തമസാ ശീതൈശ്ചാശു പ്രശാമ്യതി. ൭൧

തമകശ്വാസത്തിന് മുൻപറഞ്ഞ ലക്ഷണങ്ങൾക്കു പുറമേ മോഹം ജ്വരം ഇവയാൽ പീഡയുണ്ടായിരുന്നാൽ ആ ശ്വാസത്തെ പ്രതമകശ്വാസം എന്നു പറയുന്നു. ഉദാവർത്തരോഗം, പൊടി ഏല്ക്കുക, അജീർണ്ണം, ശരീരക്ലേദം, വേഗനിരോധം ഇവയാൽ ജനിക്കുന്നതും ഇരുട്ടുകൊണ്ടോ മനോദോഷംകൊണ്ടോ വർദ്ധിക്കുകയും ശീതളകർമ്മങ്ങളാൽ ശമിക്കയും ചെയ്യുന്നതും പ്രതമകശ്വാസമാണ്.

ക്ഷുദ്രശ്വാസലക്ഷണം.

രൂക്ഷായാസോദ്ഭവഃ കോഷ്ഠേ ക്ഷുദ്രശ്വാസോ വായുമുന്നം
[illegible]ധ്വംസീ ത്വാ ദുഃഖേനാംഗം ബാധായുക്തം കവ്വന്ത്യനേ. ൭൨

രൂക്ഷഭക്ഷണങ്ങളാലും അത്യായാസകരങ്ങളായ കാര്യങ്ങളാലും ഉദ്ഭവിച്ച് കോഷ്ഠത്തിലെ വായുവിനെ മേൽപോട്ടാക്കീട്ടു അംഗങ്ങ

ളിൽ [illegible] ക്ഷുദ്രശ്വാസം. മററു ശ്വാസങ്ങളൊക്കയും അത്യധികം ബാധയെ ഉണ്ടാക്കുന്നു.

ശ്വാസങ്ങളുടെ സാദ്ധ്യാസാദ്ധ്യഭേദങ്ങൾ.

സർവ്വേƒസാദ്ധ്യാഃ ശ്വാസരോഗാ നരാണാം
സർവ്വേ സാദ്ധ്യാശ്ചാപ്യസാദ്ധ്യകാശ്ച
ക്ഷുദ്രാം ഹിത്വാ യശ്ചതുർത്ഥസ്തു കൃച്ഛ്രഃ
സോപിത്യാജ്യോ ദുർബലസ്യൈവ നൂനം.

എല്ലാ ശ്വാസങ്ങളും അതതിന്റെ ലക്ഷണങ്ങൾ തികച്ചു ഉണ്ടായിരുന്നാൽ അസാദ്ധ്യങ്ങളാണ്. ലക്ഷണങ്ങൾക്കു വ്യക്തത ഇല്ലെങ്കിൽ സാദ്ധ്യങ്ങൾതന്നെ. ക്ഷുദ്രശ്വാസം സാദ്ധ്യതമമാണ്. [illegible] കശ്വാസം കൃച്ഛ്രസാദ്ധ്യമാണ്. ദുർബലനുണ്ടാകുന്ന തമകശ്വാസം വർജ്ജ്യമാണ്. (ക്ഷുദ്രശ്വാസം തീർച്ചയായും സാദ്ധ്യവും [illegible] കൻ കൃച്ഛ്രസാദ്ധ്യവും ദുർബലന്റെ അസാദ്ധ്യവും മററു മൂന്നു ശ്വാസങ്ങളും അസാദ്ധ്യങ്ങളും ആണെന്ന് [illegible].)

ശ്വാസങ്ങളുടെ ഉൽപ്പത്തി.

ശ്വാസോ മഹാംശ്ചോർദ്ധ്വ സവായുകഫൌ
കോപാദഥോർദ്ധ്വസ്തു കഫാദിവായ്വോഃ
സശ്ലേഷ്മപിത്താദഥ ഛിന്നകസ്തു
കഫാതികോപാത്തമകസ്തഥൈവ
ക്ഷുദ്രാഭിധാനഃ പവനാദ്യുജാതഃ
പഞ്ചൈവ ചൈഷാം പ്രഭവന്തി യേ തു
തേ ദോഷസംഘാഃ പ്രഥമം വിചാര്യാ
വൈദ്യൈശ്ചികിത്സാകരണപ്രവീണൈഃ.

മഹാൻ വാതപിത്തങ്ങൾ കോപിച്ചും ഊർദ്ധ്വൻ കഫവായുക്കൾ കോപിച്ചും ഛിന്നൻ കഫപിത്തങ്ങൾ കോപിച്ചും തമകൻ കഫം അധികം കോപിച്ചും ക്ഷുദ്രൻ വായു അധികം കോപിച്ചും ആണ് ഉണ്ടാകുന്നതു്. ഈ അഞ്ചു ശ്വാസങ്ങളിലും വ്യത്യസ്ത ദോഷമാണ് മുഖ്യമായി കോപിച്ചിരിക്കുന്നതു്. ആ ദോഷങ്ങളെ അദ്യമായി വിചാരിച്ചുവേണം വൈദ്യൻ ചികിത്സിക്കേണ്ടതു്.

ശ്വാസചികിത്സ.

കുലത്ഥാദി.

ശ്വാസേഷു വിദധ്യാൻ [illegible]
വാതേ [illegible]

സേവ്യം [illegible] ശുണ്ഠി-
സിംഹീ [illegible] യുതപുഷ്കരാഖ്യൈഃ. രംസ

ശ്വാസരോഗങ്ങളിൽ അദ്യമായി വാതകഫങ്ങളെ നാശിപ്പിക്കുന്ന ക്രിയകളെ ചെയ്യണം. മൃദുവായി വിയർപ്പിക്കയുമാകാം. പഴമുതിര, ചുക്ക്, [illegible] കത്തിൻവേര്, ചെറുവഴുതിനവേര്, പുഷ്കരമൂലത്തിൻവേര് ഇവ കഷായംവച്ചു് സേവിച്ചാൽ ശ്വാസരോഗം ശമിക്കും.

ദശമൂലാദികഷായം.

ദശമൂലകഷായമുത്തമം പ്രപിബേൽ പുഷ്കരചൂർണ്ണസംയുതം
ശ്വസനം കസനം വിനാശയേൽ പലൂശൂലംജയതീഹ പാർശ്വജം.

ദശമൂലം കഷായംവെച്ചു് പുഷ്കരമൂലത്തിൻവേര് പൊടിച്ചു മേമ്പൊടിയാക്കി സേവിക്കുക. ശ്വാസം, കാസം പാർശ്വശൂലം ഇവ ശമിക്കും.

ദേവദാർവ്വാദികഷായം.

ദേവദാരുയുതകണ്ടകാരികാ
വിശ്വഭേഷജവചാസപുഷ്കരൈഃ.
ശ്വാസകാസശമനഃ കഷായകഃ
കാസമലേനസഹിതസ്തഥോ [illegible]. രംവ

ദേവതാരം, കണ്ടകാരിച്ചുണ്ട ചുക്ക്, വയമ്പ്, പുഷ്കരമൂലത്തിൻവേര്, കന്നിരംവേര് ഇവ കഷായംവച്ചു് സേവിച്ചാൽ ശ്വാസകാസങ്ങൾ ശമിക്കും.

ഗുഡവിശ്വശിവാകണാജഗുഡികാ
മുഖപങ്കജഗായദിവഹന്തിതദാ:
ശ്വസനം കസനം സജ്വരം സഹലം
ഹൃദയമേവകലിദ്രുമജം തുഷ്ടാ. രംൻ

ചുക്ക് കടുക്ക് മുത്തങ്ങാക്കിഴങ്ങ് ഇവ പൊടിച്ചു് ശർക്കരചേർത്തു് അരച്ചു് ഗുളികയാക്കി വായിലിട്ടു് കുറേശ്ശ അലിച്ചുതിന്നാൽ താന്നിക്കാരിനാലെത്തപ്പോലെ പ്രബലമായ ശ്വാസം കാസം ഇവ ശമിക്കും.

ശോകന്ദശിരീഷകുഷ്ഠപിചയംസംയൂർണ്ണിതംപിപ്പലീ-
യുക്തംര ണധുഖവാരിണാ പരിപിബേച്ഛ്വാസാപഹം നിത്യശഃ
കുഷ്മാണ്ഡന്യശിഫാരോഹലഘുതഥാ ചൂർണ്ണം ചരമാശ്ലേഷ്മവാ
ശ്വാസം കാസമപിദ്രുതം പ്രശമയേന്നീരണാംപിരംചലൈ. ദിം

കദളിവാഴമാണം നെന്മേനിവാക പുഴു് തിപ്പലി ഇവപൊടി

ച്ച് അരിക്കാടിയിൽ നിത്യവും സേവിക്കുക; ശ്വാസരോഗം ശമിക്കു
കമ്പുളങ്ങായുടെ അകത്തെമാതളം എടുത്ത് ഉണക്കിപ്പൊടിച്ച് തിപ്പ
ലി മേമ്പൊടി ചേർത്ത് ചൂടുവെള്ളത്തിൽ സേവിച്ചാൽ ശ്വാസകാ
ങ്ങളും ശമിക്കും.

ശൃംഗ്യാദിചൂർണ്ണം.

ശൃംഗീപഞ്ചപടു നിചുലപ്ലൂരജാർബാർങ്ഗീഫലാനാം ത്രയം
ക്ഷുദ്രാ ചാപികടുത്രയം ചമരിമാൻസം ചൂർണ്ണമിത്യാതഥാ
മദ്യാച്ഛ്വാസഗദോഽഹിപ്രായകസഹോന്ന ഊർദ്ധ്വശോഷാന്വിതാം
തദ്വച്ചാപ്യരുചിം ച പീനസമഥോ കാസ്സാംഗ്യുപീതാന്തിദം.

കർക്കടകശൃംഗി ഉപ്പുകൾ അഞ്ചും പുഷ്കരമൂലിവേര്, ചെറു
ക്കിൻവേര് ത്രിഫല എണ്ടകാരിച്ചുണ്ട ചുക്ക് മുളക് തിപ്പലി ഇ
പൊടിച്ച് ചൂടുവെള്ളത്തിൽ കഴിക്കുക. ശ്വാസം, ഊർദ്ധ്വവായു, ച
അരുചി, പീനസം, ഇവ ശമിക്കും.

ദ്വിഗുഡം കട്ടതൈലയുതം ഭക്ഷ-
ദപിജ്വരേൽ സബലം ശ്വാസം നാ
ചെറുകൊറവഷചി സംക്ഷോഭം
ജ്വരരിചൂർണ്ണകമാർഗ്ഗകോപിതം.

ശർക്കരയും കട്ടതൈലവും കൂടി സേവിക്കയോ ചുക്കും ചെറു
ക്കിൻവേരും കൂടി പൊടിച്ച് ഇഞ്ചിനീരിൽ സേവിക്കയോ ചെയ്താ
പ്രബലമായ ശ്വാസം നശിക്കും.

നിശാദ്രാക്ഷാരാസ്നാമരിചഗുഡതൈലൈശ്ച ചിതോ
വലോരഃപാഞ്ചാലീയുത അഥശടീചൂർണ്ണസഹിതഃ
യദാലീഢഃ ശ്വാസഃ പ്രഭവതി കഥം പ്രാണഹരണേ
നഹാമന്ത്രൈരുഗ്രോ വിഷധരവതീ ശ്ലേഷ്മതാപഃ.

മഞ്ഞൾ മുന്തിരിങ്ങാപ്പഴം വെള്ളരത്ത നല്ലമുളക് തിപ്പലി ക
ച്ചോലം ഇവ പൊടിച്ച് ശർക്കര എണ്ണയും ചേർത്ത് യോജിപ്പിച്ച
ക്കിയാൽ മന്ത്രശക്തിയാൽ സർപ്പം വീര്യം നശിച്ച പിന്തിരിഞ്ഞു
പോകുന്നപോലെ ശ്വാസരോഗം ശമിക്കും.

ശ്വാസകുഠാരരസം

രസംവിഷംടങ്കണഗന്ധകൈശ്ച
മനശ്ശിലാടങ്കമിതം സമസ്തം.
പൃഥക്പൃഥഗ്വാമരിചാഷ്ടടങ്കാൻ
പൃഥഗ്വ്യോഷ വിനിമർദ്ദയേദ്വൈ.

ഏകൈകദേവം മരിചം ചദത്വാ
കടുത്രയംകർഫലകം ഹിപശ്ചാൽ
സമ്മിശ്ര്യ സംചൂർണ്ണ്യ ചകാചകുപ്യാം
നിധായസംസ്ഥാപ്യ ചനാഗവല്ല്യാഃ. ൩൪
ദളേനഗുഞ്ജാമിതമേതദേവ
ദേയം യഥാവാതബലാസജേഷു
ഗദേഷു കാസശ്വാസനാഗ്നിമാന്ദ്യാ
ദിഷ്വന്യദോഷത്രയമോഹിതേഷു. ൩൫
മൂർച്ഛാസ്വപസ്മാരഗദേഷു നസ്യം
ചൈതന്യദേയം വിബുധാവദന്തി
യഥാർത്ഥനാമ്നാ പ്രഥിതോസ്തിശാസ്ത്രേ
ശ്വാസാദികശ്വാഥ കുഠാരകാന്തഃ. ൩൬

ശുദ്ധിചെയ്ത രസം വത്സനാഭി പൊൻകാരം ഗന്ധകം മനയോല
ഇവ മുക്കാൽ കഴഞ്ചുവീതം പ്രത്യേകം എടുത്തു അമ്മിക്കല്ലിൽവച്ചു
മർദ്ദിച്ച ന കഴഞ്ചു നല്ലമുളകു ചേർത്ത പൊടിക്കണം.. നല്ലമുളക് ഓ
രാന്നവീതം ഇട്ടുവേണം പൊടിക്കേണ്ടത് ഈപ്രകാരം നല്ലവണ്ണം
പൊടിച്ചേടുത്തതിനുശേഷം മുക്കാൽ കഴഞ്ചു വീതം ചുക്കും മുളകും
തിപ്പലിയും കമിഴിൻവേരും ചേർത്ത പിന്നെയും പൊടിച്ച ഒന്നിച്ചു
യോജിപ്പിച്ച കാചകുപ്പിയിൽ (മൺകുപ്പിയിൽ) ആക്കി സൂക്ഷിച്ചു
വയ്ക്കുക. ഒരു കുന്നിയിട വീതം വെററിലക്കൊടിയുടെ ഇലയിൽ പൊ
തിഞ്ഞു കൊടുക്കുക. വാതകഫപ്രധാനങ്ങളായ രോഗങ്ങളും കാസം
ശ്വാസം അഗ്നിമാന്ദ്യം ഇവയും ശമിക്കും. സന്നിപാതദോഷകോപ
ത്താൽ മോഹിച്ചു കിടക്കുന്ന അപസ്മാരാദിരോഗങ്ങളിൽ ഇതുകൊണ്ടു
നസ്യം ചെയ്യണം. ഇതു അന്വർത്ഥമായ ശ്വാസകുഠാരരസമാണ്.

സ്വരഭേദനിദാനം.

വാതാദയോത്യുച്ച വിഭാഷണേന
വിഷാദിനാവാപ്യധ്യയനാഭിഘാതാൽ
സ്രോതസ്സുദുഷ്ടനം സ്വരവാഹകേഷു
സ്വരംനിഹന്യുസ്സ ചഷഡ്വിധസ്യാൽ. ൩൭

അത്യുച്ചഭാഷണം വിഷസേവനം അത്യുച്ചമായി വേദാദി പ
ഠനം കഴുത്തിൽ ചാട്ടമുതലായതുകൊണ്ടുള്ള അടി ഇവയാലും നിജങ്ങ
ളായ ദുഷ്ടിഹേതുക്കളാലും വാതാദികൾ ദുഷിച്ച് സ്വരവാഹകങ്ങളായ
സ്രോതസ്സുകളിൽ സ്ഥിതിചെയ്തിട്ടു സ്വരത്തെ നശിപ്പിക്കും. അതാ
ണ് സ്വരഭേദം. ഇതു ആറുവിധത്തിൽ ഉണ്ട് (വാതജം പിത്തജം കഫ
ജം സന്നിപാതജം ക്ഷയജം മേദോജം ഇങ്ങനെ ആറ്.)

വാതപിത്തജസ്വരഭേദലക്ഷണം.

വാതേനകൃഷ്ണാനനമൂത്രമൂത്ര-
വച്ചൈശ്ശനൈർഗർദ്ദഭവച്ചഖരഃ സ്യാൽ.
പിത്തേനപീതാനനനേത്രമൂത്ര-
വച്ചാഗളേദൈഹവാ സദാഹം.

മുഖവും നേത്രവും മൂത്രവും മലവും കറുത്തിരിക്കുകയും കഴുതയെപ്പോലെ ശബ്ദിക്കയും ചെയ്യുന്നതു വാതജസ്വരഭേദവും മുഖവും നേത്രവും മൂത്രവും മലവും മഞ്ഞച്ചും കഴുത്തിൽ ചുട്ടുനീറ്റത്തോട്ടും കൂടിയിരിക്കുന്നതു പിത്തജസ്വരഭേദവും ആകുന്നു.

കഫസന്നിപാതജസ്വരഭേദലക്ഷണം.

ബ്രൂയാൽകഫേനൈവ കഫാവരുദ്ധ-
കണ്ഠോദിവാ വാപി ശനൈശ്ശകിലീതി.
സർവ്വാത്മകേ സർവ്വവികാരജുഷ്ടം
തഞ്ചാപ്യസാദ്ധ്യം മുനയോവദന്തി.

കഫജസ്വരഭേദത്തിനു കണ്ഠത്തിൽ കഫം നിറഞ്ഞിരിക്കയും പതുക്കെ അല്പം സംസാരിക്കയും ചെയ്യും. പകൽ കൂടുതൽ സംസാരിക്കും. സന്നിപാതജസ്വരഭേദത്തിനു സകലവികാരങ്ങളും കാണും. അതു അസാദ്ധ്യമെന്നുതന്നെ മുനികൾ പറയുന്നു.

ക്ഷയമേദോജസ്വരഭേദലക്ഷണം

ധൂമ്യേതവാഗ്‌വാ ക്ഷയസംഭവേതു
സംക്ഷീയതേ ചാപിളൂവാക്കണ്ഠാൽ.
മേദോന്വയാജ്ജല്പതി മേദസൈസാ
സന്ദിഗ്ദ്ധകണ്ഠസ്വരവിലക്ഷ്യവാക് ച. സൂ

വാക്കുപുകച്ചിലോട്ടുകൂടി പുറപ്പെടുക വാക്കു ക്ഷയിക്കുക. ഇവ ക്ഷയജമായ സ്വരഭേദത്തിന്റെ ലക്ഷണമാകുന്നു. ഇതും അസാദ്ധ്യമാണ്. സ്വരം കണ്ഠമദ്ധ്യത്തിൽനിന്നു പുറപ്പെടാതെ മേദസ്സിന്റെ സംബന്ധത്തോട്ടുകൂടി അസ്ഫുടമായി സംസാരിക്കയും കഴുത്തിൽ ഏതോ പറ്റിയിരിക്കുന്നപോലെ തോന്നുകയും ചെയ്യുന്നതു മേദോജമായ സ്വരഭേദത്തിന്റെ ലക്ഷണമാണ്.

സ്വരഭേദത്തിന്റെ അസാദ്ധ്യലക്ഷണം

ജ്വരാതുരസ്യാപി കൃശസ്യജന്തോഃ
ക്ഷീണസ്യയശ്ചാപി സഹോപജാതഃ
ത്രിദോഷജോ വാബലുമേദസാവാ
ചിരോത്ഥിതോ വാനഹി സിദ്ധിമേതി. സൂ.

ജ്വരാതുരനും ചടച്ചവനും കായക്ഷീണനും ആയിരിക്കുന്നവനു ജന്മനാ ഉണ്ടാകുന്നതും, ത്രിദോഷജവും, മേദോജാതവും, തുടങ്ങിയിട്ട് വളരെക്കാലമായതും ആയ സ്വരഭേദം അസാദ്ധ്യമാണ്.

വാതജസ്വരഭേദചികിത്സ

സ്വരോപഘാതേ നിലജേവിശേഷാൽ
ഘൃതം ചഭുക്തോപരിചോഷ്ണജേന.
തധൈഷവാന്വൽ ചലുകാസമർദ്ദ-
നസേന ഭാർങ്ഗീ ശ്രുതമേവപേയം. സ

വാതജമായ സ്വരഭേദത്തിൽ ഊണുകഴിഞ്ഞതിനുശേഷം നല്ല മുളകുപൊടി നെയ്യിൽകുഴച്ചു സേവിക്കണം. പൊന്നാരിവീരൻവേരു കഷായംവച്ച് അതിൽ ചെറുതേക്കിൻവേരു കല്ക്കമായി കാച്ചിയ നെയ്യ് സേവിക്കുന്നതും നല്ലതാണ്.

ഗുഡോദനംഘൃതാനചിതം പ്രഭുജ്യകോഷ്ണംപിബേൽ
പുനഃ പുനശ്ചാതേനവൈപ്രശാമ്യതീഹവാതജം. സ

ചോറിൽശക്കരയും നെയ്യുംചേർത്തു ഭക്ഷിച്ചതിനുശേഷം ചൂടുവെള്ളം (തിളപ്പിച്ച് കുറഞ്ഞൊന്നു ചൂടാറ്റവെള്ളം) കൂടെക്കൂടെ കുടിക്കണം വാതജമായ സ്വരഭേദം ശമിക്കും.

പിത്തജസ്വരഭേദചികിത്സ.

വിരേചനംപിത്തരവാമയഘ്നം
പയസ്തഥാ വാ മധുരൈശ്ശൃതം തു
സമാക്ഷികം വാമധുരം ച ദ്രവ്യം
തദേവസംചൂർണ്ണിതമേവ ലേഹ്യം. സ

പിത്തജമായ സ്വരഭേദത്തിൽ വയറിളക്കുകയും മധുരദ്രവ്യങ്ങൾ കൊണ്ടുകാച്ചിയപാൽ കുടിക്കയുംചെയ്യണം. മധുരദ്രവ്യം പൊടിച്ചു തേനുംചേർത്തു സേവിക്കുന്നതും നല്ലതാണ്.

ന്യഗ്രോധവൃക്ഷജാതതത്ര വല്കലംഭിഷഗ്വരഃ
പ്രപീഡ്യതദ്രസേനദുഗ്ദ്ധമേകമേവ പാചിതം
ത്രിപർണ്ണികാസയഷ്ടികാ സുകൽക്കിതംഘൃതംതഥാ
വിപാചിതം സശർക്കരം യഥാഗ്നി ഭോജനംസ്മൃതം. സ

നാല്പാമരത്തിൻതൊലി ചതച്ചെടുത്തനീരിൽ പാൽചേർത്ത് കാച്ചിക്കുടിക്കുകയോ അനീരിൽതന്നെ പെരുങ്കുരുമ്പവേരും ഇരട്ടിമധുരവും പഞ്ചസാരയും കല്ക്കമാക്കി കാച്ചിയ നെയ്യുസേവിക്കുകയോ ചെയ്താൽ പിത്തജസ്വരഭേദം ശമിക്കും. (പഞ്ചസാര നെയ്യ് കാച്ചുമ്പോൾ പാത്രപാകമായി ഉപയോഗിച്ചുകൊള്ളണം.)

കഫജസ്വരഭേദചികിത്സ.

കണാകണാമൂലയുതാ ച ശുണ്ഠീ
പീതാജമൂത്രേണ തഥോഷ്ണതോയാ
കഫോത്ഥിതം യൽസ്വരഭംഗമാശു
ശീഘ്രം നിഹന്ത്യാന്നഹി ചിത്രമത്ര. ൩൭

തിപ്പലി തിപ്പലിമൂലം ചുക്ക് ഇവ പൊടിച്ച് ആട്ടിൻമൂത്രത്തിൽ സേവിച്ചാൽ ഇളഞ്ചൂടുവെള്ളത്തിൽ കഫത്താലുണ്ടായ സ്വരഭേദത്തെ വേഗത്തിൽ നശിക്കും. (ഇവിടെ ശീഘ്രം എന്നതിന് സദ്യോജാതം എന്ന് അർത്ഥമാണ്.)

ത്രിദോഷജസ്വരഭേദചികിത്സ.

ഹുതാശനക്ഷാരനിശാജമോദാ
ധാത്രീഭവം ചൂർണ്ണമഥോഽല്പതൈലം
സമാക്ഷികം ലീഢമജസ്രമേതത്
ദോഷത്രയോദ്ഭൂതരവാമയഘ്നം. ൩൮

കൊടുവേലിക്കിഴങ്ങ് ചവൎക്കാരം മഞ്ഞൾ അയമോദകം നെല്ലിക്കാ ഇവ പൊടിച്ച് നെയ്യും തേനും ചേൎത്ത് ചാലിച്ച് നക്കിയാൽ ത്രിദോഷജമായ സ്വരഭേദം ശമിക്കും.

വേറൊരു യോഗം.

ത്രികടുകം ഹരേനുത്രിഫലായുതം
ലഘുചയാവകശൂകസമന്വിതം
അപി കലഞ്ജകമേകമഥാമൃത-
സ്ഥിതമഥോ ച സുചൂർണ്ണിതം ൩൯

ചുക്ക് മുളക് തിപ്പലി ത്രിഫല ... ഇവ പൊടിച്ച് സേവിക്കയോ; നറുവരമ്പോ പുഷ്കരമൂലത്തിൻവേരോ വായിൽ ഇട്ടു കൊണ്ടിരിക്കയോ ചെയ്താൽ ത്രിദോഷജമായ സ്വരഭേദം ശമിക്കും.

അപി ശിവാക്ഷനിപാതഭവാമയ-
പ്രമഥനായ ച യോഗശിവാക്ഷകം
സമുദിതം വരവൈദ്യവരൈരിദം
ദ്രുതമിദം പ്രഥിതം നവിളംബിതം. ൪൦

സന്നിപാതജമായ സ്വരഭേദത്തിന്റെ ശമനത്തിനായി "ത്രികടുകം" എന്ന പൂർവ്വശ്ലോകംകൊണ്ട് ഇവിടെ മൂന്നു യോഗം വൈദ്യവരന്മാരാൽ പറയപ്പെട്ടിരിക്കുന്നു. ഈ യോഗം സ്വരഭേദത്തെ വേഗത്തിൽ ശമിപ്പിക്കുമെന്ന് പ്രസിദ്ധമാണ്.

ക്ഷയമേദോജസ്വരഭേദചികിത്സ.

ക്ഷയജേ ക്ഷയവൽ ഹിതം വിധാ
സ്വരഭേദേ വിദധീത വൈദ്യരാൾ
അപി തിക്തകഷായകൈർജ്ജയേ-
ദപി മേദഃപ്രഭവം തഥോഷധൈഃ. ൪൧

ക്ഷയജമായ സ്വരഭേദത്തിൽ ക്ഷയരോഗത്തിൽ പറഞ്ഞിട്ടുള്ള വിധിയെ വൈദ്യൻ ആചരിക്കണം. കയ്പും ചവൎപ്പും എരിവും ഉള്ള ഔഷധങ്ങൾകൊണ്ട് മേദസ്സിൽ നിന്നുണ്ടായ സ്വരഭേദത്തെ ശമിപ്പിക്കണം.

സാമാന്യചികിത്സ.

ചവ്യാഗ്നിത്രികടുനി ജീരകയുഗ്മ
താലീസഗന്ധത്രയൈഃ
സാകം ചൈവ തുതിന്ത്രിണീ ഗുഡയുതാ
ന്യാപേഷ്യ സംഭക്ഷിതം
ചൂർണ്ണം പാശ്രുതഥാമ്ലവേതസയുതൈർ
വൈസ്വര്യകാസാദികാൻ
ശ്വാസം ഹന്തി ച പീനസം ച വിവിധാൻ
വ്യാധീൻ കഫോത്ഥാനപി. ൪൨

കാട്ടുമുളകു കൊടിവേര് കൊടുവേലിക്കിഴങ്ങ് ചുക്ക് മുളക് തിപ്പലി ജീരകം കരിംജീരകം താലീസപത്രം ഏലം ഇലവൎങ്ഗം പച്ചിലപുളിവേരി നമ്മലെത്തൊലി ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ പൊടിച്ച് ശർക്കരയിൽ കുഴച്ചു സേവിക്കുക. സ്വരഭേദം കാസം പീനസം കഫോൽഭവങ്ങളായ പലവിധരോഗങ്ങൾ ഇവ ശമിക്കും.

വ്യാഘ്രീവരിഭിഃ പാചിതമേകം ഘൃതമുരുമൂല-
രാസ്നാദ്യൈഃ ഷൈർഗോക്ഷുരയുക്തൈഃ പരിഭൂഷിതം
വാദ്യാലേനാപി സ്വരഭേദം പ്രണിഹന്തി
കാസാന്തം നം പഞ്ചവിധാം സ്ഥാപദേശം. ൪൩

ചെറുവഴുതിനവേർ കഷായംവച്ച് നാലൊന്നാക്കി അതിൽ വെള്ളരത്ത ചുക്ക് മുളക് തിപ്പലി ഞെരിഞ്ഞിൽ കുറുന്തോട്ടിവേര് ഇവ കല്ക്കമാക്കി കാച്ചിയ നെയ്യുസേവിച്ചാൽ സ്വരഭേദവും അഞ്ചുവിധത്തിലുള്ള കാസവും ശമിക്കും.

ഗോരക്ഷനാഥവടി.

രസാക്കലോഹഭസ്മനൈവ ഭാവിതം ത്രിസപ്തധാ
രസൈസ്തു കണ്ടകാരികാ ഫലോത്ഥിതൈർവ്വടീ ശുഭാ

സുമുദ്ഗശ [illegible]
നിഹന്തി [illegible]. [illegible]

രസസ്സേം കാന്തഭസ്മം ഇവ [illegible] നീരിൽ [illegible] ത്തിൽ വടകമാക്കി വായ്ക്കകത്ത് ഇട്ടുകൊണ്ടിരുന്ന് [illegible] സ്വരഭേദം ശമിക്കും. ഈ വടിക്ക് '[illegible]' എന്ന പേർ പറയുന്നു.

ദിശതു [illegible]
ഗിരിവരപുത്ര്യാഃ പതിസുത [illegible] ൨

പാർവ്വതികാന്തന്റെ പുത്രനായി [illegible] ദേവൻ (ഗണപതി) എന്നും എനിക്ക് മംഗലത്തെ തരട്ടെ.

സ്വരഭേദ ചികിത്സിതം [illegible]
ദ്വാദശസ്തബകം കഴിഞ്ഞു.

—※—

ത്രയോദശ സ്തബകം.

അരോചകനിദാനം.

ഇന്ദുഖണ്ഡപരിഭൂഷിത [illegible]
പ്രാക് പ്രണമ്യ [illegible]
സുശ്രുതാദിമത [illegible]
പ്രബ്രവീമ്യരുചിനാശനയോഗാൻ. ൧

ചന്ദ്രക്കലയാൽ പരിശോഭിക്കുന്ന [illegible] പ്രണമിച്ചിട്ട് സുശ്രുതാദി [illegible] ശകങ്ങളായ യോഗങ്ങളെ പറയാൻ പോകുന്നു.

അരോചകനിദാനം.

പ്രഭഞ്ജനാദിദോഷകോപ [illegible]
സ്ത്ര [illegible]
അരോചകോ [illegible] പൂർവ്വരൂപ [illegible]
ശരീരസാദപൂർവ്വകോ ഭവിഷ്യതി. ൨

വാതാദിദോഷങ്ങൾ [illegible] കോപിച്ചും ആഗന്തുകങ്ങളായ ശോകം കോപം അതികാമം, മനസ്സിന് ഹിതമില്ലാത്തതും അശുചിയായും ഇരിക്കുന്ന അന്നം ഭക്ഷിക്ക ഗന്ധം എല്ലാ

ക, [illegible] പ്രകാരം അരോചകം ഉണ്ടാകും. ശരീരമർദ്ദനം, [illegible], ദേഹത്തിനതളച്ച ഇവ അരോചകത്തിന്റെ പൂർവ്വരൂപ [illegible].

അരോചകലക്ഷണം.

[illegible]
[illegible] ൩

[illegible] അന്നം ഭക്ഷിക്കാൻ രുചിതോന്നാതെ [illegible] അരോചകത്തിന്റെ ലക്ഷണമാകുന്നു.

അരോചകോപശയം.

[illegible] കബളാഃ പ്രശംസിതാഃ
[illegible] മുഖധാവനാന്വിതാഃ.
സുഗ [illegible] പാനകാ-
[illegible] സഞ്ചരേൽ. ൪

അരോചകത്തിൽ പ്രസിദ്ധങ്ങളായ കബളങ്ങളെ ഉപയോഗിക്ക; [illegible] പൂകയേൽക്കുക; സുഗന്ധപുഷ്പങ്ങളുടെ ഗന്ധമേൽക്കുക, അന്നപാനാദികളെ ഉപയോഗിക്കുക, സന്തോഷപ്രദങ്ങളായ ക്രിയകളെ ചെയ്യുക, ഇവ അരോചകത്തിന്റെ ഉപശയങ്ങളാണ്.

അരോചകചികിത്സ.

[illegible] സംസേവ്യം
[illegible] മേവഹി
അഗ്നിസന്ദീപനം ഹൃദ്യം
[illegible] ശോധനം. ൫

അരുചിയുള്ളവൻ ഉണ്ണുന്നതിനുമുൻപ് ഇഞ്ചിയും ഉപ്പുംകൂടി ചവച്ചിറക്കണം. ഇത് അഗ്നിദീപനവും ഹൃദയപ്രിയവും രസനയേയും [illegible] ശുദ്ധിവരുത്തുന്നതും ആകുന്നു.

[illegible]
[illegible] നരാണാം
[illegible] രോഗാൻ
പ്രതിശ്യായമപ്യാശു ദൂരീകരോതി. ൬

താളിമാതളങ്ങളുടെ നീരിൽ തേൻചേർത്തു വായിൽ ധരിച്ചുകൊണ്ടിരിക്കുകയും ഇഞ്ചിനീർ തേൻചേർത്തു കുടിക്കുകയും ചെയ്താൽ അരോചകവും കഫജങ്ങളായ രോഗങ്ങളും പീനസവും ശമിക്കും.

രാജീജീരകഹിംഗുനാഗരമിദം
ഭൃഷ്ടം സമസ്തം [illegible]
യുക്തം [illegible]
[illegible]ചൂർണ്ണം [illegible]
താവന്മാനമിതം [illegible]
[illegible]
മദ്യാദൈ[illegible]
സദ്യോഗ്നിവൃദ്ധിപ്രദം.

കരിങ്കടുക്, ജീരകം, കായം, ചുക്ക്, ഇവ വറുത്തു പൊടിച്ച്, ഇന്തുപ്പും ചേർത്തു തൈരിൽ കലക്കി നല്ലവണ്ണം [illegible] ചോറിൽ കൂട്ടിയോ [illegible] സേവിച്ചാൽ അരുചി നശിക്കും. അഗ്നിവർദ്ധിക്കും.

ശിഖരിണി.

ഗവാം ദുഗ്ദ്ധം [illegible]-
[illegible]
നിബദ്ധാ സംഖ്യാപ്തം [illegible]-
[illegible]
[illegible] പ്രയുക്ത-
[illegible]
പ്രകല്പ്യാ [illegible] ലോകേ [illegible]-
[illegible]

ഇലവങ്ഗം [illegible], നല്ലമുളക്, [illegible] ഇവ പൊടിച്ച് പശുവിൻ [illegible] കലക്കി വസ്ത്രത്തിൽകെട്ടിത്തൂക്കി [illegible] സേവിച്ചാൽ അരുചി നശിക്കും.

ദാഡിമീചൂർണ്ണം

പലദ്വയം ദാഡിമ[illegible]
പലാനി[illegible] പലത്രയം ച
കടുത്രയസ്യാഥ [illegible]
ഗന്ധത്രയ[illegible] വിചൂർണ്ണിത[illegible]
തന്മാത്ര[illegible] സുചൂർണ്ണം
മരോചകം ഹന്തി [illegible],
കാസം ജ്വരം പീനസമപ്യസഹ്യം
പ്രദീപ്യവഹ്നിം [illegible].

മാതളനാരങ്ങാത്തോട് പലം [illegible] പലം [illegible] ചുക്കുമുളക് തിപ്പലി [illegible] പലം [illegible]. [illegible] ഇലവങ്ഗം പച്ചില, ഇവ ഒരു പലം. എല്ലാംകൂടി പൊടിച്ചു മാത്രയനുസരിച്ചു സേവിച്ചാൽ [illegible] ചകം [illegible] പീനസം ഇവ നശിക്കും. അഗ്നിവർദ്ധിക്കും. (ഈ യോഗത്തിൽ ഭാവപ്രകാശത്തിനകത്ത് ത്രികടു കാണുന്നില്ല. [illegible] മൂന്നുപലവും [illegible] ഇലവർങ്ങം പച്ചില ഇവ [illegible] എന്നും കാണുന്നു.)

[illegible]

കടുത്രയം ഫലത്രയം നിശാദ്വയം ച ചൂർണ്ണിതം
സതാവ[illegible]ചാതുധാവനം.

ചുക്ക മുളക തിപ്പലി, ത്രിഫല [illegible] ഇവ പൊടിച്ച് തേനിൽ കുഴച്ചുകൊള്ളുക. [illegible]

വാതജാരോചക ലക്ഷണം.

ഭവേദ്ധ്യ[illegible] കഷായാസ്യ[illegible]
നരോവാതജേ [illegible]
വചാനീരപാനേന വാന്തിം വിധായ
പിബേദുഷ്ണതോയം ച തൈലം ച മദ്യം.

പല്ലുതരിക്കുക വായിൽ [illegible], ഇവ വാതാരോചകത്തിന്റെ ലക്ഷണമാണ്. അതിന് വയമ്പ് അരച്ച്, വെള്ളത്തിൽ കലക്കി കുടിപ്പിച്ചു ഛർദ്ദിപ്പിച്ചതിനുശേഷം ഉഷ്ണതോയം തൈലം മദ്യം ഇവകൊടുക്കണം.

കൃഷ്ണാനാഗര [illegible]-
[illegible]
രാസ്നാജീരക [illegible]
[illegible]
യുക്തോ[illegible]
[illegible]
സോയം [illegible]
സൌവർച്ചലാദ്യഃ [illegible].

തിപ്പലി, ചുക്ക ഇന്തുപ്പ്, കായം, [illegible], വെള്ളജീരകം കൊട്ടം, [illegible] നല്ലമുളക്, [illegible], വിളയുപ്പ്, ഏലത്തരി, അരേണുകം; [illegible], ഇവ പൊടിച്ച് എണ്ണയും [illegible]നം ചേർത്തു കബളധാരണം ചെയ്താൽ വാതാരോചകം ശമിക്കും.

പിത്താരോചക ചികിത്സ.

[illegible] പിത്തജേ [illegible]
[illegible] വൈരസ്യ [illegible]
സിതാശീത [illegible] ചകപാട്ടികായാ
രസം ദേവ [illegible] ദ്രാക്ഷ [illegible] ൧൩

പിത്തജ്ജാ [illegible]
[illegible] ക്തിയുക്ത്യാ വിചാര്യ
തഥാശീതഭാവോ [illegible]
[illegible] ചാശ്രു [illegible] ൧൪

പിത്തജാരോചകത്തിൽ [illegible] പുളിരസത്തോടുകൂടി യും ഉഷ്ണമായും രസം അറിയാൻ [illegible] യും ഇരിക്കും. [illegible] പുളിയാരലിൻ തണ്ടത്ത ജലത്തിൽ പഞ്ചസാര [illegible] ഇവ അരച്ച് നീരിൽ നാഗപ്പൂവ് നല്ലമുളക്, ഏലത്തരി, [illegible] ഇവ [illegible] തിളപ്പിച്ചു കുടിക്കയോ ചെയ്താൽ പിത്താരോചകം ശമിക്കും. ഇതു [illegible] [illegible] ഹങ്ങളായ [illegible] പാവകളുടെ സ്ഥന [illegible] കൊള്ളണം. [illegible] ഗ്രന്ഥത്തിൽ) വ സരിച്ചു ചെയ്തു [illegible] ഹസ്തസ്യങ്ങളിൽ നിന്ന് [illegible] സിച്ചു സുഖമേ [illegible] നല്ലതാണ്.

കഫാരോചകം.

[illegible] മാധുര്യ [illegible]
[illegible] ഗൗരവ [illegible] യുക്തൈഃ
കഫാരോചകയസ്തു നിംബാംബു പീത്വാ
വിധായാശു വാന്തിം [illegible] സഃ.

വായിൽ മധുരിക്കുക, വഴുവഴുപ്പ്, [illegible], ഗുരുത്വം, നെയ് മയം, ദുർഗന്ധം ഇവ കഫാരോചകത്തിന്റെ ലക്ഷണമാകുന്നു. വേ പ്പില ഇടിച്ചു പിഴിഞ്ഞു നീരെടുത്തു കുടിപ്പിച്ചു ഛർദ്ദിപ്പിച്ചാൽ ക ഫാരോചകരോഗിക്കു സുഖം കിട്ടും.

[illegible]

[illegible] ൧൭
പിബേത്തഥോഷ്ണാം പുമാൻ [illegible]

കൊന്നത്തൊലി, [illegible] വച്ച് തേൻ കൂട്ടി [illegible] ഭുജിക്ക യോ ചെയ്താൽ കഫാരോചകം ശമിക്കും.

വാതപിത്തജാരോചകം.

തൃഷാദാഹശൂലം ഭവേദ്വാതപിത്തോ-
ദ് ഭവേഽരോചകേ തത്ര സേവ്യം വദാമി
[illegible] ദേശതേ [illegible]
സിതായാശ്ചതുഷ്കംപലാനാം പ്രഗൃഹ്യ. ൧൮

[illegible] നാഗരസ്യാപിധാന്യ;-
[illegible] ച
[illegible] വർച്ചലം ജീരകം ദാഡിമം കോ-
[illegible] കം വേതസം കാർഷികാംശ്ച. ൧൯

[illegible] ഭാഗാൻ പ്രഗൃഹ്യാ [illegible]
[illegible] ഹി ചൂർണ്ണം തു [illegible] പിത്താൽ
സമുദ് ഭൂതമേവാപ്യഥോഽരോചകപ്ലീഹ-
കാസാദികാൻ ഖാണ്ഡവോഽയം ച നൂനം. ൨൦

ഗുല്മാതീസാരാദി ശൂലാദികാംശ്ച
[illegible] തഥാ സംഗ്രഹം [illegible]
[illegible] ദൂരീകരോത്യത്ര [illegible]
ന കാര്യാ കദാചിച്ഛാസ്ത്ര [illegible] മൃഷാ ന. ൨൧

വാതപിത്തജമായ അരോചകത്തിൽ തണ്ണീർദാഹം, സർവാംഗ [illegible], ശൂല ഇവയുണ്ടാകും. അതിനുള്ള ഔഷധമാണ് താഴെ [illegible]. തിപ്പലി ൪൦, നല്ലമുളക് ൧൦൦, പഞ്ചസാര പലം ര [illegible] ഏലത്തരി കുറാശാ [illegible], കൊത്തമ്പാലയരി ഇലവർങ്ങം [illegible] ജീരകം മാതളനാര ങ്ങി [illegible] തൊലി തുവർച്ചില [illegible] ഇവ ന- [illegible] ഞെരിഞ്ഞാമ്പുളി [illegible] സേവിക്കുക. ഈ ഖാണ്ഡവ [illegible] എല്ലാംകൂടി പൊടിച്ചു സേവിക്കുക. ഈ ഖാണ്ഡവ ചൂർണ്ണം വാതപിത്താരോചകം പ്ലീഹ, കാസം, ഗുല്മം, വയറുവീർപ്പ്, ശൂലം, മലബന്ധം, ഇവയെ ശമിപ്പിക്കും.

കഫവാതജാരോചകം.

[illegible] രോചകേ [illegible]
[illegible] സമായുക്തോ ജായതേ [illegible] ൨൨

കഫവാതജമായ അരോചകത്തിൽ ഹൃദയവേദന, വായിൽകൂടി വെള്ളം വരിക, ഇവ സംഭവിക്കും.

മഹാഖാണ്ഡവചൂർണ്ണം.

[illegible] ലവണം തഥാ
താലീസം നാഗപുഷ്പം ച മരിചം [illegible]. ൨൩
തുല്യാന്യേതാനി [illegible] ഗ്രന്ഥികസ്യ [illegible]

തിന്തിഡികന്യ വഹ്നാശ്ച ക്ഷീരികാ [illegible]
രോഗദായം ത്രയം ച [illegible] ൫൪
ധാന്യാമ്ലമോദബദൈർഭാഗൈസ്സമാപിതൈഃ,
യുതോ ദാഡിമപാദാഢ്യഃ സിതാഭിഃ പരിമിശ്രിതഃ. ൫൫
കണ്ഠാസ്യഹൃദ്ഗതവ്യാധീൻ നാശയേദഗ്നിദീപനഃ.
വിഷൂചികാഗുല്മകാസശ്വാസച്ഛർദ്ദ്യരുചീർഹരേൽ. ൫൬
ഗുദാങ്കുരാണി വാതാനാം മൂഢതാം ഹൃദ്രുജസ്തഥാ.
നാശയത്യേവമുക്തോഽസൗ മഹാഖാണ്ഡവസംജ്ഞകഃ. ൫൭

താലീസം നാഗപ്പൂവ് നല്ലമുളക് [illegible] ഇവ സമഭാഗം; തിപ്പലി കാട്ടുതിപ്പലിവേര് ഇലവങ്ഗം [illegible] തൊലി കൊട്ട വെലിക്കിഴങ്ങ് പെരീത്തപ്പം ഇവ രണ്ടുഭാഗം, മുത്തങ്ങാക്കിഴങ്ങ് ചുക്ക് ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് കൊത്തമ്പാലയരി അയമോതകം വന്തക്കരുപരിപ്പ് ഇവ മൂന്നുഭാഗം. എല്ലാത്തിന്റെയും നാലിലൊന്ന് മാതളത്തോട് എല്ലാംകൂടിയതിന്റെ [illegible]. ഇവ പൊടിച്ചു സേവിക്കുക; കണ്ഠം, വായ്, ഹൃദയം, ഇവിടെയുള്ള രോഗങ്ങളെ ശമിപ്പിക്കും, അഗ്നിയെ വർദ്ധിപ്പിക്കും, വിഷൂചിക, ഗുല്മം, കാസം, ശ്വാസം ഛർദ്ദി, അരുചി, ഗുദത്തിലുണ്ടാകുന്ന മൂലകൾ, വാതമൂഢത, ഹൃദയവേദന, ഇവയേയും ശമിപ്പിക്കും. ഈ ചൂർണ്ണത്തിന്റെ പേര് മഹാഖാണ്ഡവം എന്നാകുന്നു.

പിത്തകഫജാരോചകം.

തൃട് പ്രസേകഃ കഫാഗ്രൂപ്യശ്ച പിത്തശ്ലേഷ്മാരോചകേ.
തത്ര സേവ്യശ്ച [illegible] കോശീ [illegible]

കണാചന്ദനപത്ഥ്യാഭിർലോധ്രോൽപല കട്വൈ.
തേജോവതീസതൈലൈശ്ച സയവാഗ്രജ [illegible] ൫൮

കബളശ്ച തഥൈവാന്യഃ കാരവീസൈന്ധവം ഗുഡം
ഗോസ്തനീമരിചം ക്ഷൗദ്രം [illegible] ൫൯

പിത്തകഫജമായ അരുചിയിൽ തണ്ണീർദാഹവും വായിൽകൂടി വെള്ളംവരികയും കഫം [illegible] ചെയ്യും. കൊത്തമ്പാലയരി ഏലത്തരി പളുങ്കം [illegible] തിപ്പലി [illegible] കട്ടക്കാലപാച്ചോററിത്തൊലി വെണ്ടഴനീർക്കിഴങ്ങ് ചുക്ക് മുളക് തിപ്പലി ചെരുപ്പുന്നയരി കറാശാണി ഇവ പൊടിച്ചു തൈലത്തിൽ കുഴച്ച് കബളം ധരിക്കുകയോ; അയമോദകം ജീരകം മുന്തിരിങ്ങാപ്പഴം നല്ലമുളക് ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് താളിമാതളത്തോട് ഇവ പൊടിച്ചു ശർക്ക

രയും തേനുംകൂടി ചേർത്ത് കബളം ധരിക്കുകയോ ചെയ്താൽ കഫപിത്തജാരോചകം ശമിക്കും.

സൌവർച്ചലസമായുക്തഃ പൂർവ്വോക്തഃ കബളസ്തഥാ
നാനാരോചകനാശായ സേവിതോഽയം തഥാപരഃ. ൬൦

മുമ്പേ രണ്ടാമതുപറഞ്ഞ ("കാരവീ" എന്നതുടങ്ങിയുള്ള) കബളത്തിൽ തുവർച്ചിലക്കാരംകൂടി ചേർത്തുകൊടുത്താൽ പലവിധത്തിലുള്ള അരോചകങ്ങളും ശമിക്കും.

സന്നിപാതജാരോചകം.

നാനാരസാന്വിതമുഖാലൂ സന്നിപാത-
ജാതാരുചിസ്സകലവൈദ്യവരൈഃ പ്രദിഷ്ടാ
തസ്യാം ലവങ്ഗസിതചന്ദന നീരജാത-
വിശ്വാകണാഗുരുജലൈലസ്ത്വഗുശീരകൈശ്ച. ൬൧

കങ്കോലതിലമരണൈന്നതവാരകൈശ്ച
ശൃംഗൈസ്സനാഗകുസുമൈർന്നളദപ്രയുക്തൈഃ.
സോശീരവംശജസുരോചനയാസമേതൈഃ
കൃഷ്ണാന്വിതൈഃ ചലു സിതാദ്വിമിതൈസ്സമസ്തൈഃ. ൬൨

ചൂർണ്ണംകൃതം പരമരോചകനാശനം ച.
വഹ്നിപ്രദീപനമുരോബലദായി വൃഷ്യം.
സേവ്യം പ്രമേഹഹരമത്ര ച തർപ്പണം ച.
തൃഷ്ണാഹരം കസനപീനസനാശനം ച. ൬൩

ഹരത്യതീസാരമുരോവിബന്ധ-
മുരഃക്ഷതം വൈ ഗ്രഹണീം ചതദ്വൽ
ഇദം ലവങ്ഗാദികമേവ ചൂർണ്ണം.
ത്രിദോഷരോഗാപഹമം പ്രദിഷ്ടം. ൬൪

സന്നിപാതരോചകത്തിൽ വായ്ക്കു നാനാരസങ്ങളും ഉണ്ടായിരിക്കും. ഇലവർങ്ഗം വെൺചന്ദനം [illegible] ചുക്ക് തിപ്പലി അകിൽ ഇരുവേലി ചന്ദനം തക്കോലം താലീസപത്രം ജീരകം തകരം ഇരുവേലി ഏലത്തരി ജീവകം നാഗപ്പൂവ് മാഞ്ചി രാമച്ചം വംശരോചന തിപ്പലിമൂലം എല്ലാംകൂടി [illegible] പകുതി പഞ്ചസാര ഇവ പൊടിച്ചുവച്ചിരുന്നു സേവിക്കുക, ഈ "ലവങ്ഗ" ചൂർണ്ണം, അഗ്നിയെ വർദ്ധിപ്പിക്കും, ബലപ്രദവും ശുക്ലവൃദ്ധികരവും തൃപ്തികരവും ആകുന്നു. പ്രമേഹം തണ്ണീർദാഹം കാസം പീനസം അതിസാരം ഹൃദയവിബന്ധം, ഉരഃക്ഷതം ഗ്രഹണി ഈ രോഗങ്ങളെ ശമിപ്പിക്കുകയും ചെയ്യും.

മാതുലുങ്ഗരസയോഗം.

ആർദ്രകാദിമനിശ്യാമഃ പേയസംയുക്തം.
ത്രിദോഷാരോചകം ഹന്തി ഗണ്ഡൂഷവിധിവത്തഥാ. ൨൨

ഇഞ്ചിനീരും മാതളനാരങ്ങാനീരുംകൂടി എടുത്തു അതിൽ കല്ലുപ്പും ജീരകവും ചേർത്തു കവിൾക്കൊണ്ടാൽ ത്രിദോഷജമായ അരോചകം ശമിക്കും. ഈ നീര് നെയ്യാദി കൊള്ളിയിട്ടും ഉപയോഗിക്കാം.

ഭക്തദ്വേഷം.

സംചിന്തിതാ മനസാ ച ദൃഷ്ട്വാ
സ്പൃഷ്ട്വാ വാ നരഭോജനമോഹയത്ര
ഉദ്വേജം ഭക്തദ്വേഷ ഉച്യതേ തഥാന്തേ
ദോഷസ്യ ഉക്തഃ പ്രവൃദ്ധോപ്യസ്യ. ൨൩

ഭുജിക്കണമെന്ന് മനസ്സുകൊണ്ടു വിചാരിക്കയോ അന്നത്തെ കാണുകയോ സ്പർശിക്കയോ ചെയ്താൽ ഭോജനത്തിൽ ദ്വേഷം ഉണ്ടാകുന്ന രോഗമാണ ഭക്തദ്വേഷം എന്നു പറയുന്നത്.

പ്രയോജയേത്തത്രസപഞ്ചകോലം
മഹായവാഗ്രം ച കഷായമുഷ്ണം
ത...
വൈദ്യോ/നവദ്യോ വിധിവദ്വിശേഷാൽ.

ഭക്തദ്വേഷത്തിൽ പഞ്ചകോലം ഇട്ട് കാച്ചിവെച്ചു കൊടുക്കണം. മുതിരച്ചാറ് ഇളമരച്ചാറ് ചെറുപയറിൻചാറ് ഇവയും അനവദ്യനായ (നിർദ്ദോഷനായ) വൈദ്യൻ പ്രയോഗിക്കണം.

അസാദ്ധ്യമായ ഭക്തദ്വേഷം.

യക്ഷ്മക്ഷീണഃ ക്ഷീണദേഹസ്യ വാപി
തഥാ വൃദ്ധദേഹസ്യ കാമാതുരസ്യ
ത്രിവർഷാദഗാഢം സ്ഥിരോ ...
തദാരോചകോ ഽസാദ്ധ്യ ഉക്തോ ഭിഷഗ്ഭിഃ. ൨൪

യക്ഷ്മരോഗിയും ക്ഷീണദേഹനും വൃദ്ധനും, കാമാതുരനും ആയിരിക്കുന്നവന്ന വരുന്ന ഭക്തദ്വേഷവും, തുടങ്ങീട്ടു മൂന്നുവർഷമായ ഭക്തദ്വേഷവും അന്നദർശനത്തിൽ ഉണ്ടാകുന്ന ഭക്തദ്വേഷവും അസാദ്ധ്യമാകുന്നു.

ഭക്തദ്വേഷം വിട്ടുമാറിയാലുള്ള ലക്ഷണം.

അന്നശ്രുതിർഭവതി ചാപി മനോരമാഹി

ശബ്ദാന്തരഗ്രഹണശക്തിമപാകരോതി
തച്ഛ്രോത്രയോന്നയനയോരപി ദർശനം ച.
പ്രായസ്യ വാഞ്ഛരതിമനഃ ക്ഷുധിതസ്യ തസ്യ. ൨൫

വിശപ്പുണ്ടാകുമ്പോൾ അന്നം എന്നുള്ള ശബ്ദം കേൾക്കുന്നതു ഇഷ്ടമായിത്തീരുക; അതുനിമിത്തം മറ്റു ശബ്ദങ്ങൾ കേട്ടാൽ ഗ്രഹിക്കുന്നതിന ശക്തിയില്ലാതെ വരിക; കണ്ണുകൾക്ക, അന്നദർശനത്തിലും കാതുകൾക്ക അന്നവാർത്താശ്രവണത്തിലും ആഗ്രഹമുണ്ടാകുക; അന്നം കാണുമ്പോൾ ഉണ്ണണമെന്നു മനസ്സിൽ ആഗ്രഹം തോന്നുക; ഇവയെല്ലാം ഭക്തദ്വേഷം വിട്ടുമാറിയാലുള്ള ലക്ഷണങ്ങളാണ്.

ഗുരോഃ പദാബ്ജാസൽപരാഗപാനജാതസമ്മുദാ.
രസം പിബന്തുമൽകൃതേഃ സുപണ്ഡിതാവിശോദ്ധ്യവൈ.

ഗുരുവിന്റെ പാദപങ്കജമധുക്കളെ പാനം ചെയ്കയാൽ മധുമായി തീർന്ന എന്റെ കൃതിയുടെ രസത്തെ പണ്ഡിതന്മാർ വിശോധിച്ചിട്ടു പാനംചെയ്യട്ടെ.

ചികിത്സാക്രമകല്പവല്ലിയിൽ
അരോചകചികിത്സിതം എന്ന ത്രയോദശ
സ്തബകം കഴിഞ്ഞു.

ചതുർദ്ദശസ്തബകം.

ഗൌരീസുതം ഗജമുഖം ച ഗുരും പ്രണമ്യ
ശ്രീസുശ്രുതം ച ചരകാദിമുനീൻസമസ്താൻ
ഛർദ്ദേർവിനാശനമഥോ ഹി വിലോക്യശാസ്ത്രം
ചികിത്സിതം ബ്രവീമ്യപി യഥോക്തമേവാത്ര.

പാർവതീപുത്രനായ ഗണപതിയേയും ഗുരുവിനേയും സുശ്രുതൻ ചരകൻ മുതലായ മഹർഷിമാരെയും പ്രണമിച്ചിട്ട് ശാസ്ത്രാനുസരണം യഥാമതി ഛർദ്ദിചികിത്സിതത്തെ പറയുന്നു.

ഛർദ്ദിനിദാനം.

ദുഷ്ടൈർദ്ദോഷൈഃ പൃഥക്സർവൈസ്ത്രിഭിഃ പൃഥഗ്വാ
ബീഭത്സാദ്യാലോകനൈർവ്വാ നരാണാം
സംജായന്തേ ഛർദ്ദയോയാശ്ച പഞ്ച
താസാം സമ്യഗ്ലക്ഷണാന്യാശു വക്ഷ്യേ. ൧

ദുഷ്ടങ്ങളായ വാതാദി ദോഷങ്ങൾ ഓരോന്നം കോപിച്ചും എല്ലാം കൂടി കോപിച്ചും ബീഭത്സാലോകനാദികളാലും ഛർദ്ദികൾ അഞ്ചുവിധത്തിൽ ഉണ്ടാകുന്നു. ആ അഞ്ചുകളുടെയും ലക്ഷണങ്ങളെ താഴെപോലെ പറയാൻ ഭാവിക്കുന്നു.

അതിദ്രവൈരതിസ്നിഗ്ദ്ധൈരഹൃദ്യൈ-
സ്തഥാരിമാത്രൈർല്ലവണൈരകാലേ
തഥാപ്യസാത്മ്യൈശ്ച ഭോജനൈശ്ച
ശ്രമാദ് ഭയാൽ ക്രിമിദോഷതശ്ച. ൧

ആപന്നസത്വാൻ പ്രമദാപ്രസംഗാ-
ദജീർണ്ണ ദോഷാദ് ദ്രുതമശ്നതശ്ച
ഉൽക്ലേശിതോ വൈദ്യുതമാനനം വാ-
പ്യാച്ഛാദയന്നംഗവിഭഞ്ജനൈശ്ച. ൨

തഥാർദ്ദയൻ വൈബഹുവേഗസംജ്ഞൈർ-
നിരുച്യതേ ഛർദ്ദിരിതീഹ ദോഷഃ
പ്രധാവിതോ വക്ത്രമഥാസ്യ പൂർവ്വ-
രൂപം ബ്രവീമ്യത്ര വിധാപ്രസത്യഃ.

അതിദ്രവങ്ങളായും അതിസ്നിഗ്ദ്ധാംശങ്ങളായും ഹൃദയത്തിന് അപ്രിയങ്ങളായും ഉദിക്കുന്നവകൾ കോരികൊണ്ടും വളരെ ഉപ്പുകൾ ഭക്ഷിക്കകൊണ്ടും ശീലിച്ചിട്ടില്ലാത്ത അന്നങ്ങൾ അകാലത്തിൽ വളരെ ഭുജിക്കകൊണ്ടും, ശ്രമം ഭയം ക്രിമിദോഷം ഇവയാലും, സ്ത്രീകൾക്ക ഗർഭം ഉണ്ടാകുക നിമിത്തവും [illegible] വളരെ വേഗത്തിൽ ഊണു കഴിക്കയാലും ദോഷങ്ങൾ ഉൽക്ലേശങ്ങളായി അംഗഭംഗങ്ങളാലും വേഗങ്ങളാലും പീഡിപ്പിച്ച് വക്ത്രത്തിൽ പ്രാപിക്കുന്നതിനെയാണ് അന്വർത്ഥമായി ഛർദ്ദി എന്നു വ്യവഹരിക്കുന്നത്. ആദ്യമായി ആ ഛർദ്ദിയുടെ പൂർവ്വരൂപം ഇവിടെ പറയുന്നു.

ഛർദ്ദിയുടെ പൂർവ്വരൂപം.

ഹൃല്ലാസോദ്ഗാരസംരോധൌ പ്രസേകോ ലവണാസ്യതാ.
ദ്വേഷോന്നപാനേ ച ഭൃശം വമീനാം പൂർവ്വരൂപാണി. ൩

നെഞ്ചുരുക്കുക, ഏമ്പക്കം തടയുക, വായിൽ കൂടെ വെള്ളം വമിക്ക; വായിൽ ഉപ്പുരസം തോന്നുക; അന്നപാനങ്ങളിൽ ദ്വേഷം തോന്നുക ഇവയൊക്കയും ഛർദ്ദികളുടെ പൂർവ്വരൂപമാണ്.

വാതജച്ഛർദ്ദി.

ഹൃന്നാഭിപാർശ്വശിരസാമതിപീഡനേന
ശോഷേണ ചാപി ഹി മുഖസ്യ രവസ്യ ഭേദൈഃ.

കാസേന തോദബഹുപീഡിതമാനവാനാ-
മുദ്ഗാരശബ്ദബഹുളം ച സഫേനകം ച. ൪

വിച്ഛിന്നകൃഷ്ണതനുകം ച കഷായകം ച
കൃച്ഛ്രേണ ചാല്പമഥവാ ബഹുവേഗകാരിതഃ.
ഛർദ്ദിഃ പ്രജായതേ നവോ ബലവൈദ്യസ്യൈവ-
മുക്താ ചദുഃഖബഹുലാ; പ്രഥ പിത്തജായാം. ൫

നെഞ്ച് നാഭി പാർശ്വഭാഗം ശിരസ്സ് ഈ സ്ഥാനങ്ങളിൽ അതിവേദനയും; മുഖശോഷം സ്വരഭേദം കാസം കുത്തിനോവ് ഇവയും; വളരെ ഏമ്പക്കത്തോടും പതയോടും മുറിഞ്ഞുമുറിഞ്ഞും കറുത്ത നിറത്തിലും നേരിയതായിട്ടും കഷായരസത്തിലും പ്രയാസപ്പെട്ടും കുറച്ചും ഛർദ്ദിക്കുന്നതും വേഗങ്ങളും വേദനയും വളരെ ഉണ്ടാകുന്നതും വാതജമായ ഛർദ്ദിയുടെ ലക്ഷണമാണ്. "അഥ പിത്തജായാം" എന്നുള്ളത് അടുത്ത ശ്ലോകത്തോട് അന്വയിച്ചു കൊള്ളണം.

പിത്തജഛർദ്ദി.

മൂർച്ഛാസ്യശോഷബഹുതാലുശിരോക്ഷിതാപ-
യുക്തസ്തമോ ഭ്രമനിപീഡിതവ്വ പീതം
ഉഷ്ണം തഥാ ഹരിത ധൂമ്രസതിക്തകം ച
തൃഷ്ണാന്വിതഃ ബലവമേച്ച സദാഹമേവ. ൬

മോഹാലസ്യം വാവൾ ച, താലു (അണ്ണാക്ക്) ശിരസ്സ് കണ്ണ്, ഈ സ്ഥാനങ്ങളിൽ ചൂട്, കണ്ണിൽ ഇരുട്ടുകേറുക, തലചുറക്കം, മഞ്ഞനിറത്തിലും ഉഷ്ണമായും പച്ചനിറത്തിലും കറപ്പും ചുവപ്പുംകൂടിയ നിറത്തിലും ഛർദ്ദിക്കുക, വായ്ക്ക് കയ്പ്, തണ്ണീർദാഹം, സർവ്വാംഗസന്താപം ഇവ പിത്തജമായ ഛർദ്ദിയുടെ ലക്ഷണമാണ്.

കഫജഛർദ്ദി.

സതന്ദ്രാസ്യമാധുര്യസന്തോഷനിദ്രാ-
സ്തഥാ ശ്ലേഷ്മപൂർവ്വഃ പ്രസേകോരുചിശ്ച,
ഭവന്തീഹ സുസ്നിഗ്ദ്ധമേവാതി ശീതം
വമനം ശ്ലേഷ്മജായാംവമേദ്ധൃഷ്ടരോമാ. ൭

മടി, മുഖത്തിനു മാധുര്യം, സന്തോഷം, ഉറക്കം, [illegible] വായിൽ കൂടി ഒലിക്കുക, അരുചി, സ്നേഹമയത്തോടുകൂടിയും ശീതമായും കട്ടിയായും ഛർദ്ദിക്കുക, രോമാഞ്ചമുണ്ടാകുക, ഇവ കഫജമായ ഛർദ്ദിയുടെ ലക്ഷണമാണ്.

സന്നിപാതഛർദ്ദിലക്ഷണം.

ശൂലാരോചകദാഹാർത്തോ മോഹാവിഷ്ടോ
സംയുതോ യദി നരോപ്യന്വേഷം
സാന്ദ്രനീലലവണാമ്ലരസം ച
ശീതമുഷ്ണമപി ഛർദ്ദതി രക്തം ൧൮
വാതപിത്തകഫജാസ്വഥ ദേവ-
തത്ത്വദേവ ച സമസ്തരോഗാം
ലക്ഷണം സമുദിതം ഖലു യദ്ധ്യേ
ശ്യാവിപാകകരമിശ്രിതമന്യത് ൧൯

ശൂലം സർവ്വാംഗതാപം ബുദ്ധിമോഹം, തണ്ണീർദാഹം; കട്ടി യായും നീലവർണ്ണത്തിലും ഉപ്പുരസത്തോടും പുളിരസത്തോടും കൂടിയും ശീതമായും ഉഷ്ണമായും രക്തത്തോടു കൂടിയും ഛർദ്ദിക്കുക, ഇവ ത്രിദോഷകോപത്താലുണ്ടായ ഛർദ്ദിയുടെ ലക്ഷണമാകുന്നു. ഇതുകൂടാതെ വാതാദിദോഷങ്ങൾ പ്രത്യേകം കോപിച്ചാൽ എന്തെല്ലാം ലക്ഷണം ഉണ്ടോ അവയെല്ലാം സന്നിപാതജമായ ഛർദ്ദിയിലും ഉണ്ടായിരിക്കും. അഗ്നിമാന്ദ്യം അരുചി ഇവയും കാണും.

ഛർദ്ദിയുടെ അസാദ്ധ്യലക്ഷണം.

സ്വേദസ്യ മൂത്രസ്യ വിശോഷകാണി
ജലസ്യ സംരുദ്ധ്യ യദോർദ്ധ്വഗാനി
സ്രോതാംസി വായുഃ കുപിതോ നിരോധ-
മുത്സന്നദോഷസ്യ സമാചിനോതി ൨൦
ദോഷം സമുദ്ധൂയ ഹ്യനന്യരൂപാം
വിൺമൂത്രഗന്ധം ച സമാനവർണ്ണം
കാസാർത്തിതൃഷ്ണാശ്വസനപ്രസക്തം
പ്രച്ഛർദ്ദയേദ്ദുഷ്ടമഥാതിവേഗാൽ. ൨൧
തഥാർദ്ദിതോയം ശമനാതിതിക്ഷ്യാൽ
സുധാം നിപീയാപി ജനോ നിതാന്തം.
നോ ഭേഷജം തത്ര ഭൃശം യശോർത്ഥീ-
കദാപി കുർയ്യാദിതി മേ വിചാരഃ ൨൨

വായുകോപിച്ച് സ്വേദവാഹികളായും മൂത്രവാഹികളായും മലവാഹികളായും ജലവാഹികളായും ഇരിക്കുന്ന സ്രോതസ്സുകളെ സംരോധിച്ചിട്ട് ദോഷകോപത്തോടുകൂടിയവനായ നരന്റെ കോഷ്ഠത്തിൽനിന്നു സഞ്ചിതമായ ദോഷത്തെ ഇളക്കിക്കൊണ്ട് മേല്പോട്ടുകയറുന്നു. അതിനാൽ മലമൂത്രഗന്ധത്തോടുകൂടിയും മലമൂത്രവർണ്ണമായും കാസം തണ്ണീർദാഹം

ശ്വാസം ഇവയോടുകൂടിയും അതിവേഗത്തിൽ ദുഷ്ടവസ്തുവിനെ ഇടവിടാതെ ഛർദ്ദിക്കയും. ഈ സ്ഥിതിയിലുള്ള രോഗികളെപ്പറ്റി ഇടവിടാതെ ഛർദ്ദിക്കയും ചെയ്യും. അമൃതുകുടിച്ചാലും ജീവിക്കയില്ല. അതുകൊണ്ടു ഈ ലക്ഷണങ്ങളോടുകൂടി ഛർദ്ദിക്കുന്ന രോഗിയെ യശഃപ്രാർത്ഥിയായ വൈദ്യൻ ചികിത്സിക്കാനേ പാടില്ല. എന്നാണ് എന്റെ അഭിപ്രായം.

ആഗന്തുജച്ഛർദ്ദി.

ബീഭത്സൈശ്ച കാലദൌർഹൃദാച്ച
ജാതാ ദ്വിതീയാ ഹ്യപരാ ദ്വിജാച്ച
ചതുർത്ഥീ തൃതീയാ ച ലയാച്ചതുർത്ഥീ
ഹ്യസാത്മ്യജാന്യാ കൃമിജാതഥൈവ. ൨൩

ബീഭത്സജാ ദൌർഹൃദജാ ആമജാ അസാത്മ്യജാ കൃമിജാ ഇങ്ങനെ ആഗന്തുജമായ ഛർദ്ദി അഞ്ചുവിധത്തിലുണ്ട്.

കൃമിജയുടെ വിശേഷലക്ഷണം.

ശൂലഹൃല്ലാസയുതാ വിശേഷാൽ
സാ ജന്തുജാന്യൈരപി ലക്ഷണൈശ്ച
ഹൃദ്രോഗജന്തുപ്രമുഖൈശ്ച യുക്താ
സംലക്ഷിതാ ചാപ്യപരാ ചതസ്രഃ. ൨൪

വിശേഷിച്ച് കൃമിജമായ ഛർദ്ദിക്ക് ശൂലം നെഞ്ചുരുക്കം ഇവയും കൃമിജന്യമായ ഹൃദ്രോഗത്തിന്റെ ലക്ഷണങ്ങളും ഉണ്ടായിരിക്കും.

സാദ്ധ്യാസാദ്ധ്യലക്ഷണം.

സശോണിതാ പൂയയുതാ ച യസ്യ-
തിപ്രസക്താ ഖലു ഛർദ്ദിരത്ര.
ഉപദ്രവൈരപ്യഖിലൈരസാദ്ധ്യാ
സചന്ദ്രികാ ക്ഷീണജനസ്യ നിത്യം. ൨൫

ഛർദ്ദിക്കുമ്പോൾ ചോര ചലം ഇവയുണ്ടായിരിക്കുക. ഇടവിടാതെ ഛർദ്ദിക്കുക സകല ഉപദ്രവങ്ങളും ഉണ്ടായിരിക്കുക ഛർദ്ദിക്കുന്നതിൽ മയിൽപ്പീലിക്കണ്ണുകളുടെ നിറം കാണുക ഈ ലക്ഷണങ്ങൾ ഉള്ള ഛർദ്ദി ക്ഷീണിച്ചവനാണെങ്കിൽ നിശ്ചയമായും അസാദ്ധ്യമാണു. അസാദ്ധ്യലക്ഷണങ്ങൾ കാണാത്തതായും ഉപദ്രവങ്ങൾ ഇല്ലാത്തതായും ഇരിക്കുന്ന ഛർദ്ദി സാദ്ധ്യമാണ് എന്നു അർത്ഥാൽ സിദ്ധമായിരിക്കുന്നു.

ഛർദ്ദിയുടെ ഉപദ്രവങ്ങൾ.

വൈചിത്ര്യകാസജ്വര പൂർവ്വകാശ്ച
സശ്വാസതൃഷ്ണാസ്തമകാശ്ച ദാഹ:
ഹൃദ്രോഗഹിക്കാപ്രമുഖാശ്ച ദുഷ്ടാ-
സ്ത്യുപദ്രവാശ് ഛർദ്ദിഗദസ്യ ചോക്താ:. ൯.

ചേതനയില്ലായ്ക കാസം ജ്വരം ശ്വാസം തണ്ണീർദാഹം തമക ശ്വാസം ഹൃദ്രോഗം ഇക്കിൾ ഇവയെല്ലാം ഛർദ്ദിയിൽ ഉണ്ടാകുന്ന ഉപദ്രവങ്ങളാണ്.

വാതജച്ഛർദ്ദിചികിത്സ.

ആമാശയോത്ക്ലേശഭവാശ് ഛർദ്ദ്യസ്സകലാ മതാഃ
ലംഘനം കാരയേൽ പൂർവ്വം വിനാ വാതഭവാം ഭിഷക്. ൧൦.

എല്ലാ ഛർദ്ദികളും ആമാശയത്തിന്റെ ഉൽക്ലേശം (ഇളക്കം) കൊണ്ടുണ്ടാകുന്നതാണ്. അതിനാൽ മുഖ്യമായി ഛർദ്ദിക്കു ചെയ്യേണ്ട ചികിത്സ ലംഘനം (പട്ടിണിയിടുക) ആകുന്നു. എന്നാൽ വാതജമായ ഛർദ്ദിയിൽ ലംഘനം ചെയ്യരുത്.

സംശോധനം വിശേഷേണ കഫപിത്തഭവാസു ച.
സസൈന്ധവം ഘൃതം ദദ്യാദ്വാതജായാം പ്രശസ്യതേ ൧൧.

കഫപിത്തജങ്ങളായ ഛർദ്ദികളിൽ വിശേഷിച്ചും ശോധനക്രിയ ചെയ്യണം. ഇന്തുപ്പു പൊടിച്ചു നെയ്യിൽ ചേർത്ത് കഴിച്ചു സേവിക്കുന്നത് വാതജമായ ഛർദ്ദിയിൽ വിശേഷമാണ്.

വേറൊരു ചികിത്സ.

ലവണത്രയസംയുക്തം ലവണൈകേന വാ തഥാ
പയഃ പേയോ യുതം പീതം വമിം വാതോത്ഥിതാം ജയേൽ. ൧൨.

ഏതെങ്കിലും മൂന്നു ഉപ്പു ചേർത്തോ അല്ലെങ്കിൽ ഒരുപ്പ് തനിച്ചു ചേർത്തോ ഉണ്ടാക്കിയ ക്ഷീരോദകം കുടിച്ചാൽ വാതജമായ ഛർദ്ദി ശമിക്കും.

പഞ്ചമൂലകൃതാ പ്രശസ്താ യാ പേയാ
പരിപിബേൽ ഖലു ധാന്യദശാംഘ്രിഭിഃ.
കഥിതവാരിശൃതാംസ്തു രസാംസ്തഥാ
ഹൃദ്യമപി ച ലോകയുതൈശ്ച ഭയൂഷകാൻ. ൧൩.

കൊത്തമ്പാലയരി ദശമൂലം ഇവ കഷായം വെച്ച് അതിൽ പാകം ചെയ്തു കുറുക്കിയ മാംസരസങ്ങളെയോ മുൻപറഞ്ഞ കഷായത്തിൽ ചുക്കു ചേർത്തു കുറുക്കിയ യൂഷങ്ങളെയോ സേവിച്ചാൽ വായുജമായ ഛർദ്ദിയും അരുചിയും ശമിക്കും.

സംശംഖപുഷ്പീഭവം മാക്ഷികാഢ്യം
പ്രാപിതസ്തു മാരീചചൂർണ്ണപ്രയുക്തം
വമിം വാതജാതാം നിഹന്ത്യാന്നിതാന്തം
യഥാ നാമശംഭോഃസ് മൃതം ദുഃഖജാലം. ൧൪

ശംഖുപുഷ്പത്തിൻനീരിൽ നല്ലമുളകുപൊടിയും തേനും ചേർത്തു സേവിച്ചാൽ ശംഭുവിന്റെ നാമജപത്താൽ ദുഃഖജാലം നശിക്കുന്നതുപോലെ, വാതജമായ ഛർദ്ദി ശമിക്കും.

പിത്തജച്ഛർദ്ദി ചികിത്സ.

ദ്രാക്ഷാമുദ്ഗമസൂരൈരപി വൈവ
ക്വഥൈപ്പായയാഗ്രർഥിതാ
യൂഷാശ്ച തഥാ സുഗന്ധദ്രവ്യമധുരൈ-
സ്തിക്തൈരൈസ്സൈശ്ചോജിതാഃ.
മൽഭ്രഷ്ടം ചലുലോഷ്ഠ ഭ്രഷ്ടമഥവാ
പേയം തൃഷായാം ധ്രുവം
സേവ്യം പിത്തജഛർദ്ദിരോഗജമഹാ
ദുഃഖൌഘശാന്ത്യൈ സദാ ൧൫.

മലര് ചെറുപയറ് ചണമ്പയറ് യവം ഇവകൊണ്ടു കഷായം വച്ചു ജലത്തിൽ കഞ്ഞിവച്ചു കുടിക്കുകയോ; സുഗന്ധിയും മധുരവും തിക്തവും ആയ ദ്രവ്യങ്ങളുടെ രസങ്ങളിൽ വച്ചുണ്ടാക്കിയ യൂഷം കുടിക്കുകയോ; മണ്ണോ മൺകട്ടയോ ഇട്ടു വറുത്ത് അതിൽ ഒഴിച്ചു തെളിച്ചുവെന്ത വെള്ളം കുടിക്കയോ ചെയ്താൽ പിത്തജമായ ഛർദ്ദി ശമിക്കും.

അക്ഷമാത്രശിശിരേണ സംയുതം
മാക്ഷികം മധുരസം പിബേദലം
ചന്ദനേന ച മൃണാളവാളകൈഃ
തണ്ഡുലാംബുയുതമക്ഷികൈർവ്യഥൈഃ. ൧൬.

മുത്തങ്ങഴഞ്ഞ ചന്ദനം അരച്ചു ജലത്തിൽ കലക്കി തേൻ ചേർത്തു സേവിക്കുക; ചന്ദനം താമരവളയം ഇരുവേലി അടലോടകത്തിൻ വേര് ഇവ അരിക്കാടിയിൽ അരച്ച് തേൻ ചേർത്തു സേവിക്കുക. പിത്തജമായ ഛർദ്ദി ശമിക്കും.

വേറൊരു യോഗം (മുദ്ഗകഷായം)

മുദ്ഗയൂഷപരിപാചിതനീരം
ലാജചൂർണ്ണമധുഖണ്ഡസമേതം
ഛർദ്ദിദാഹശമനായ നിപീതം
നാശയേജ്ജ്വരമഥോ[illegible]. ൨൭

ചെറുപയറു വറുത്ത് അതിൽ വെള്ളമൊഴിച്ച് പചിച്ച് അരിച്ച് പാകമാകുമ്പോൾ വാങ്ങി അതിൽ മലർപ്പൊടിയും തേനും കൽക്കണ്ടും ചേർത്തു കഴിക്കുക. [illegible] അതിസാരം ഇവ ശമിക്കും.

പർപ്പടക യോഗം.

[illegible] ശിശിരം ച കൃതം
[illegible]
[illegible] പരിപീതമിദം
[illegible]. ൨൮

പർപ്പടകപ്പുല്ല് കഷായം വെച്ചു കുറുക്കിയ ദ്രവം തണുത്താൽ അതിൽ തേൻ ചേർത്തു സേവിക്ക; [illegible] കണ്ണിലെ രോഗം ഇവ ശമിക്കും.

ശിവാചൂർണ്ണമേതം [illegible]
വിലിഹ്യാശു പിത്തോദ്ഭവാം ഛർദ്ദിമുഗ്രാം
[illegible]
[illegible]. ൨൯

കടുക്കാത്തോട് പൊടിച്ച് തേനിൽ കുഴച്ചു നക്കിയാൽ ഉഗ്രമായ പിത്തഛർദ്ദി ശമിക്കും. [illegible] വിരേചനം നിമിത്തം [illegible]. ഇതു വൈദ്യവര്യന്മാർക്ക് സമ്മതമായ ഒരു യോഗമാണ്.

[illegible]
[illegible]
[illegible]
നിഹന്തി പിത്തപ്രഭവാം ച ഛർദ്ദിം. ൩൦

തുളസിനീരിൽ? ചന്ദനവും തേനും പഞ്ചസാരയും ചേർത്തു സേവിച്ചാൽ സകലോപദ്രവങ്ങളോടുകൂടിയ പിത്തജഛർദ്ദി ശമിക്കും.

സിതായുതാൻലാജഭവാംശ്ച സക്തൂൻ
സമാക്ഷികാൻസദ്ഘൃതസംയുതാംശ്ച
ലിഹ്യാത്തദാപിത്തഭവാ ച ഛർദ്ദി
ശ്ശാമ്യത്യനേനേതിവദന്തി വൈദ്യാഃ. ൩൧

മലർപ്പൊടി പഞ്ചസാരയും തേനും നെയ്യും ചേർത്തു സേവിക്ക; പിത്തജമായ ഛർദ്ദി ശമിക്കും.

കഫജച്ഛർദ്ദിചികിത്സ.

മദനസൈന്ധവസർഷപപിപ്പലീ-
യുതജലൈരഥനിംബസമന്വിതൈഃ
കഫജവാന്തിശമായ ച വാമയേ-
ദപിനരം നരരോഗചികിത്സകഃ. ൩൨

മലങ്കാരയ്ക്കാ ഇന്തുപ്പ് കടുക് തിപ്പലി വേപ്പിൻതൊലി ഇവ കഷായം വച്ചുകൊടുത്തു ഛർദ്ദിപ്പിക്കുക. കഫജമായ ഛർദ്ദി ശമിക്കും.

യവമുദ്ഗമകുഷ്ഠഷഷ്ടികാഃ
ഖലുഗോധൂമയുതാശ്ച ശാലയഃ
ഉപചിതക്രപടോലയൂഷകാഃ
കഫവാന്തിപ്രശമായ ഭക്ഷിതാഃ. ൩൩

യവം ചെറുപയറ് മക്കട്ടപ്പയറ് ഞവര ഗോതമ്പു ചെന്നല്ല് മാത് പടവലം ഇവകൊണ്ടുണ്ടാക്കിയ യൂഷം ഉപയോഗിച്ചാൽ കഫജമായ ഛർദ്ദിശമിക്കും.

വിഡംഗവിശ്വാ ത്രിഫലാകൃതം ച
ചൂർണ്ണംലിഹേന്മാക്ഷികസംയുതംഹി
വമിഃ കഫോത്ഥാദ്രുതമിത്ഥമത്ര
ശാമ്യത്യനേനൈവ വദന്തിവൈദ്യാഃ. ൩൪

വിഴാലരി ചുക്ക ത്രിഫല ഇവ പൊടിച്ച് തേനിൽ കുഴച്ചു നക്കിയാൽ കഫജമായ ഛർദ്ദി ശമിക്കും.

ത്രിദോഷജച്ഛർദ്ദിചികിത്സ.

ധാത്രീഫലാദിപാനകം.

ദ്രാക്ഷായാശ്ച പലംപലൈകംഥവാ
ധാത്ര്യാഃ ഫലംശർക്കരാ
തത്തുല്യം ഖലുമാക്ഷികം പലമിതം
നീരേണപേഷ്യം തഥാ

ദാഡിമീഫലരസോ വാപി ...
ർദ്ധംസ്തുണവൈശാളിതം
ഛർദ്ദിം ഹന്തിസമസ്തദോഷജനിതാം
പീതം തചിദം പാനകം ൩൭

മുന്തിരിങ്ങാപ്പഴം നെല്ലിക്ക ഇവ ... പച്ചവെള്ളത്തിലരച്ച് ഒരു പലം പഞ്ചസാരയും ഒരു പലം തേനും ചേർത്ത് എട്ടുപലം (ഇരുനാഴി) വെള്ളത്തിൽ കലക്കി ഒരുവസ്ത്രത്തിൽ അരിച്ചെടുത്ത് വെച്ചിരുന്ന് സേവിക്കുക; ഈ പാനകം സേവിച്ചാൽ ത്രിദോഷജച്ഛർദ്ദി ശമിക്കും.

വേറൊരു പാനകം.

ദാഡിമീഫലരസോ ...
മാക്ഷികേണ ച ...
...
നാശയന്തിനിസമസ്തജാം വമിം. ൩൮

...പൊടിയും ചന്ദനം ... തേൻ കൂട്ടിമർദ്ദിച്ച് താളിമാതളനാരങ്ങയുടെ നീരിൽ കലക്കി സേവിച്ചാലും ത്രിദോഷകോപത്താൽ ഉണ്ടായ ഛർദ്ദി ശമിക്കും.

സതാംശുഡൂച്യാ ...
ഛർദ്ദിം ച ദോഷത്രയജാം നിഹന്തി
ജാതീരസം മാഗധികാകപിത്ഥ-
... പീതം ... ൩൯

അമൃതിൻനീറ് തേനിൽ കുഴച്ചു സേവിച്ചാലും; തിപ്പലിയും വ്ളാങ്കായും കൂട്ടിപ്പൊടിച്ച് തേനും ചേർത്ത് പിച്ചകത്തിൻ നീരിൽ സേവിച്ചാലും; ത്രിദോഷകോപത്താൽ ഉണ്ടായ ഛർദ്ദിശമിക്കും.

ഏലാദിചൂർണ്ണം

ഏലാചന്ദനമേഘനാഗചപലാലാജാ...
മജ്ജാ ചാപിഫലീസദിവ്യകുസുമം സവൈസ്സമാനാസിതാ
സഞ്ചൂർണ്ണ്യാഥവിലിഹ്യമാക്ഷികയുതം ചൂർണ്ണം നരോനിശ്ചിതം
ദോഷാണാം ത്രിതയേന ചാപ്യുപഹിതാം ഛർദ്ദിം നിഹന്തിദ്ധ്രുവം.

ഏലത്തരി ചന്ദനം മുത്തങ്ങാകിഴങ്ങ് അരത്തിത്തിപ്പലി മലർപ്പൊടി തിപ്പലി ലന്തപ്പഴത്തിൻമജ്ജ, ... പൂവ് നാഗപ്പൂവ് ഇവ സമാംശം എടുത്തുപൊടിച്ച് എല്ലാ മരുന്നുകളോളവും പഞ്ചസാരയും ചേർത്തുതേനിൽകുഴച്ചുനക്കിയാൽ ത്രിദോഷജമായഛർദ്ദി ശമിക്കും.

സാമാന്യമായ ഛർദ്ദിചികിത്സ.

കപിത്ഥലാജമാക്ഷികൈഃ കണോഷണാസമന്വിതൈ-
ഹരീതകീ സലാജധാന്യജീരകൈഃ ഫലത്രയൈഃ
സമാക്ഷികൈശ്ശിവാസിതാ കണോഷണാദിഭിസ്തഥാ
സമാകനികൈസ്ത്രയം ... വമിം ... ൪൦

വ്ളാങ്കായ് മലർപ്പൊടി തിപ്പലി നല്ലമുളക് ഇവയോ; കടുക്കാ മലർപ്പൊടി കൊത്തമ്പാലയരി ജീരകം ത്രിഫല ഇവയോ; കടുക്ക പഞ്ചസാര തിപ്പലി നല്ലമുളക് ഇവയോ പൊടിച്ചു തേനിൽകുഴച്ചു സേവിച്ചാൽ നിശ്ചയമായും ഛർദ്ദി ശമിക്കും. ഇങ്ങനെ മൂന്നു യോഗം.

മനശ്ശിലാ കപിത്ഥലാജമാഗധീ സുചൂർണ്ണിതം
സമാക്ഷികം തഥോഷണേനസംയുതംവമിംജയേൽ
തഥാമയൂരപക്ഷഭസ്മ മാക്ഷികേണസംയുതം
പ്ലിഹിതവസ്ത്രഭസ്മവാരിമാക്ഷികൈഃ. ൪൧

മനയോല വ്ളാങ്കാ മലർപ്പൊടി തിപ്പലി നല്ലമുളക് ഇവപൊടിച്ച് തേനിൽകുഴച്ചു സേവിക്കയോ; മയിൽപ്പീലി കരിച്ചെടുത്ത ഭസ്മം തേനിൽകുഴച്ചു സേവിക്കയോ; പഴകിയ വസ്ത്രം കരിച്ചെടുത്ത ഭസ്മം വെള്ളത്തിൽകലക്കി തേൻചേർത്ത് സേവിക്കയോ ചെയ്താൽ ഛർദ്ദി ശമിക്കും. ഇങ്ങനെ മൂന്നുയോഗം.

സുമാതുളുംഗനീരലാജശർക്കരാകണാദിഭിഃ
സമാക്ഷികൈഃ പ്രസേവിതൈർവമിഹ്വിനാശമേതിവൈ
രസാഫലത്രികാമൃതാപടോലനിംബസംയുതം
പയോയുതം ച മാക്ഷികേണപിത്തജാംവമിംജയേൽ. ൪൨

മലർപ്പൊടി തിപ്പലിപ്പൊടി ഇവ പഞ്ചസാരയും തേനും ചേർത്ത് മാതളനാരങ്ങാനീരിൽ സേവിച്ചാലും, ത്രിഫല അമൃത് പടവലം വേപ്പിൻതൊലി ഇവ കഷായംവച്ച് കുറുക്കിയ ജലം അറിയാൽ തേൻചേർത്ത് സേവിച്ചാലും പിത്തജമായ ഛർദ്ദി ശമിക്കും.

സദയം സാഗ്രുതം ച ഭജേ ശുഭദം (കൃപാനിധിയും ശുഭപ്രദനും ആയ സാഗ്രുരുവിനെ സേവിക്കുന്നു.)

ചികിത്സാക്രമകല്പവല്ലിയിൽ
ഛർദ്ദിചികിത്സിതം എന്ന
ചതുർദ്ദശസ്തബകം കഴിഞ്ഞു.

—:※:—

പഞ്ചദശസ്ത[illegible]

വന്ദനം.

സുധാംശുമൌലിം ച ശിവം പ്രണമ്യ
ശ്രീസുശ്രുതാദീനഖിലാൻ വിലോക്യ
തന്ത്രാംശ്ചികിത്സാമഥ സംബ്രവീമി
തൃഷ്ണാതുരാണാം ച സുഖാത്മമേതൽ. ൧

ചന്ദ്രചൂഡനായ ശിവനേയും സുശ്രുതാദികളേയും അവരാൽ പ്രണീതങ്ങളായ സർവ്വശാസ്ത്രങ്ങളേയും പരിശോധിച്ച് ഞാൻ തൃഷ്ണാതുരന്മാൎക്കു സുഖപ്പെടുത്തിനായുള്ള ചികിത്സയെ (തൃഷ്ണാചികിത്സയേ) പറയുന്നു.

തൃഷ്ണാനിദാനം.

ഭയശ്രമാഭ്യാം ബലഹാനിതശ്ചാ-
പ്യൂൎദ്ധ്വം ചിതം പിത്തവിവൎദ്ധനൈശ്ച
സവായുപിത്തം [illegible]
തൃഷ്ണാകരം താലുഗതം പ്രകുപ്യ. ൨

ഭയശ്രമകരങ്ങളായ പ്രവൃത്തികൊണ്ടും ബലക്ഷയംകൊണ്ടും വായുവും പിത്തവർദ്ധനങ്ങളായ വസ്തുക്കളെ [illegible] കൊണ്ട് പിത്തവും കോപിച്ച് മേൽപോട്ടുകയറി [illegible] (അണ്ണാക്ക്) പ്രദേശത്തിൽ പ്രാപിച്ചു തൃഷ്ണ എന്ന രോഗത്തെ ഉണ്ടാക്കുന്നു.

ദോഷൈൎന്നൃണാം വാരിവാഹിഷു ഹോ വാ
സ്രോതസ്സു വം ദൂഷിതേഷു പ്രകൃഷ്ടം
തൃഷ്ണാസ്തിസ്രോ[illegible]
ജാതാഃ [illegible]. ൩

അമോദ്ഭൂതാ ച[illegible]
ഭക്തോദ്ഭൂതാ കീൎത്തിതാ [illegible].

ജലവാഹികളായ സ്രോതസ്സുകൾ വാതാദിദോഷങ്ങളാൽ ദുഷ്ടങ്ങളായിത്തീരുകയാൽ തൃഷ്ണ എന്ന രോഗം ഉണ്ടാകുന്നു. ആ തൃഷ്ണ, വാതജ പിത്തജ കഫജ ക്ഷതജ ക്ഷയജ ആമജ ഭക്തജ ഇങ്ങനെ ഏഴു വിധത്തിലുണ്ടാകും.

തൃഷ്ണാപൂൎവ്വരൂപം.

സ്യാതാം ചേത്തോദദാഹൌ വദനഗളകയോസ്താ-
ലുതാലേ ച ശുഷ്കതമൽ
സന്താപഭ്രാന്തിപൂൎവ്വപ്രലപനമഥവൈ-
പൂൎവ്വരൂപാണി താസാം
നീരം പീതം പിബൻ വാ പുനരപി ചലുവൈ
നൈവതൃപ്തിം സമേതി
ക്ഷാമാസ്യഃ ശംഖമൂൎദ്ധ്നോഃ പ്രഭവതിയദി ചേ-
ത്തോദ ഏവാസ്യ രൂപം. ൪

മുഖം ഗളങ്ങളിലും താലുതാലുക്കളിലും കുത്തിനോവും പുകച്ചിലും സന്താപം ഭ്രമം പ്രലാപം ഇവയും തൃഷ്ണയുടെ പൂൎവ്വരൂപങ്ങളാണ്. കൂടക്കൂടെ വെള്ളം കുടിച്ചാലും കുടിച്ചാലും തൃപ്തിവരായ്ക, മുഖം ശോഷിക്കുക, ചെന്നിയ്ക്കും ശിരസ്സിലും, കുത്തിനോവുണ്ടാകുക, ഇവ തൃഷ്ണയുടെ ലക്ഷണമാണ്.

വാതപിത്തജ തൃഷ്ണാലക്ഷണം.

സ്രോതോരോധാസ്യശോഷൌ വദനവിരസതാവാ-
തജായാം വിശേഷാൽ
ദാഹോമൂൎച്ഛാരുണത്വം നയനഗതമഥോ
വക്ത്രഗാത്രതിക്തതാവാ
അന്നദ്വേഷോƒതിശോഷോ ഭവതിചലുതഥാ
ശീതളേ ചാഭിലാഷഃ
സന്താപഃ പിത്തജായാമഥ കഫജനിതാ-
ലക്ഷണം സംബ്രവീമി. ൫

രസാംബുവാഹിനികളായ ധമനികൾക്കു രോധം, വായരുചി, രസം അറിയാൻ വയ്യാതാകുക, ഇവയും പ്രായേണ തൃഷ്ണയുടെ സാമാന്യരൂപങ്ങളും വാതജതൃഷ്ണയുടെ ലക്ഷണമാണ്. സൎവ്വാംഗസന്താപം, മോഹാലസ്യം, കണ്ണിനു ചുവപ്പ്, വായ്ക്കുകയ്പ്, ചോറു വേണ്ടായ്ക, അതിശോഷം, ശീതവസ്തുവിലാഗ്രഹം, സന്താപം ഇവ പിത്തതൃഷ്ണയുടെ ലക്ഷണമാണ്. കഫജതൃഷ്ണയുടെ ലക്ഷണം അടുത്തുതന്നെ പറയുന്നു.

കഫം ക്ഷതം ക്ഷയം ഇവയാൽ ഉണ്ടാകുന്ന തൃഷ്ണ.

ബാഷ്പസ്യൈവാവരോധാൽ കഫവൃതദഹനേ
ചാതിനിദ്രാഗുരുത്വം
മാധുൎയ്യം വക്ത്രഗംചേത്തൃഡതികഫഭവോ-
യാം ച ശുഷ്യത്യവശ്യാ

തൃഷ്ണാതുഷ്ട്യാക്ഷതോത്ഥാ യദി ഭവതി [illegible] -
ശോണിതസ്യാതിവൃദ്ധി-
ശ്ചാന്യായാ [illegible] പരാസ്യാൽ [illegible]
പഞ്ചമീസാക്ഷയോത്ഥാ.

ബാഷ്പം (ഉഷ്ണാവു) [illegible] സം
വൃതനായ്ത്തീരുകയാൽ അതിനിദ്ര, [illegible], വായ് മധുരിക്ക
ക, വലിയ തണ്ണീർദാഹം, ശോഷം ഇവ ക്ഷതതൃഷ്ണയിൽ ഉണ്ടാകും.
നറുങ്ങിനോവുക, ചോര അധികം നിർഗമിക്കുക, ഇവ ക്ഷതതൃഷ്ണ
യുടെ ലക്ഷണമാണ്. ക്ഷയതൃഷ്ണ [illegible] ഉണ്ടാകുന്നതാണ്.

ക്ഷയജതൃഷ്ണാലക്ഷണം.

രസക്ഷയേ യാനിച ലക്ഷണാനി
താന്യേവ [illegible] തു [illegible]
[illegible] സുഖം [illegible]
പാനീയപാനേന മുഹുസ്സ മർത്യഃ. ൭

രസം ക്ഷയിച്ചാൽ ഉണ്ടാകുന്ന ലക്ഷണങ്ങൾ (കമ്പം ശോഷം
ശൂന്യത ഇവ) എല്ലാം [illegible] കാണും. ക്ഷയജ
തൃഷ്ണയാൽ പീഡിതനായ മർത്യന് എത്ര വെള്ളം കുടിച്ചാലും മതി
എന്ന തോന്നുകയില്ല.

ആമജതൃഷ്ണാലക്ഷണം.

ദിവാനിശം [illegible]
ജാതാതു [illegible] ഭിഷഗ്വരാ [illegible]
ത്രിദോഷലിംഗാമഭവാം [illegible]
ഹൃച്ഛൂലനിഷ്ഠീവനസാദകർത്രീം. ൮

[illegible] തൃഷ്ണ
[illegible]. എന്നാൽ അതിനെ
ക്ഷയജയാണെന്നാണല്ലോ മുമ്പു പറഞ്ഞത്. ത്രിദോഷജ
സന്നിപാതജതൃഷ്ണ എന്നു ചില വൈദ്യന്മാർ പറയുന്നു. തളച്ച
തൃഷ്ണയുടെ ലക്ഷണവും ഹൃദയവേദന, [illegible], [illegible]
ഇവയും ഉണ്ടായിരുന്നാൽ ആമജതൃഷ്ണയാണ്.

ഭക്തജതൃഷ്ണാലക്ഷണം.

സ്നിഗ്ദ്ധാമ്ലഗുർവന്നഭുജസ്തഥൈവ
[illegible] വാ ലവണാശിനസ്തു
[illegible] തൃഷ്ണാ [illegible]
ദീനസ്വരാസ്യോദ്ഗ [illegible]. ൯

സ്നിഗ്ദ്ധമായും അമ്ലമായും ഗുരുവായും ഇരിക്കുന്ന അന്നത്തെ ഭ
ക്ഷിക്കുക, ലവണം ഭക്ഷിക്കുക, ഇവകൊണ്ടുണ്ടാകുന്നതാണ് ഭക്തജ
യായ തൃഷ്ണ. അതിങ്കൽ ദീനസ്വരതയും [illegible] ശോ
ഷവും ഉണ്ടാകും.

തൃഷ്ണയുടെ അസാദ്ധ്യലക്ഷണം.

ജ്വരക്ഷയശ്വാസസകാസവാന്തി-
പ്രസേകയുക്താമന്ദ്യാസ്ത [illegible]
സോപദ്രവായാം യമരാജധാനീം
പ്രയാന്തി വൈദ്യകനിതി [illegible]. ൧൦

ജ്വരം ക്ഷയം ശ്വാസം കാസം ഛർദ്ദി വായിൽക്കൂടി വെള്ളം
വരിക, ഇവ ചില തൃഷ്ണയിൽ ഉണ്ടാകുന്ന ഉപദ്രവങ്ങളാണ്. ഈ ഉ
പദ്രവങ്ങളോടുകൂടിയ തൃഷ്ണ ബാധിച്ച പുരുഷൻ യമപുരിയെ പ്രാ
പിക്കും എന്ന് വൈദ്യശ്രേഷ്ഠന്മാർ വദിക്കുന്നു.

തൃഷ്ണാചികിത്സ.

[illegible] വാതജാ [illegible] -
[illegible] കാരയിത്വാ [illegible]
സകണജലവി [illegible] -
[illegible]. ൧൧

വാതജയായ തൃഷ്ണയിൽ വെള്ളം കുടിച്ചു വയറു നിറച്ചതിനു
ശേഷം തിപ്പലിയിട്ടു കഷായംവെച്ച വെള്ളം കൊടുത്ത് ഛർദ്ദിപ്പി
ക്കണം. എന്തെങ്കിലും ഭക്ഷിക്കാതെ ഛർദ്ദിപ്പിച്ചുകൂടാ എന്നാണ്
എല്ലാ വൈദ്യന്മാരുടെയും അഭിപ്രായം.

ദാഡിമാമ്രതകമാതുലുംഗകൈഃ
കാര്യമേവ പ്രതിസാരണം ബുധൈഃ
വായുനാശകരമന്നപാനകൈഃ
ശീതളം ലഘുമൃദു പ്രയോജയേൽ. ൧൨

ഛർദ്ദിപ്പിച്ചതിനു ശേഷം താളിമാതളത്തിൻകായ്, ചി
റാമ്പുളി മാതളനാരങ്ങ ഇവകൊണ്ട് പ്രതിസാരണം ചെയ്യണം.
(വായുവിനെ വിലോമസഞ്ചാരത്തിന് [illegible] ചെയ്യണം.)
ഇതു കൂടാതെ വായുനാശനകരവും ശീതളവും ലഘുവും മൃദുവും ആ
യവയും അന്നപാനങ്ങളോടുകൂടി പ്രയോഗിക്കണം.

ശിരസിസകലഗാത്രേഷ്വേവ സൽഗ്രന്ഥി(?)തൈലം
പ്രഭൃതിതമഥതാരസച്ഛന്നലോപൈഃ പ്രതപ്പൈഃ.

ജലമപി പനസഖർജ്ജൂരപീതമാശ്വപ്രശാന്താ-
മുളയതി ബഹുവാതോദ്ഭൂതതർഷം വിശേഷാൽ. ൩൩

തലയിലും ശരീരത്തിലെല്ലായിടത്തും ഗ്രന്ഥി(കാട്ടുതിപ്പലി) (?) തൈലം പുരട്ടണം. വെള്ളി സ്വർണ്ണം ഇവ അഗ്നിയിൽ പഴുപ്പിച്ച് പല പ്രാവശ്യം വെള്ളത്തിലിട്ട് ആ വെള്ളം ചെറു ചൂടോടുകൂടി കുടിക്കണം. ഈ ക്രിയകൾകൊണ്ടു വാതത്താലുണ്ടായ ഉഗ്രതൃഷ്ണ ശമിക്കും.

സശർക്കരം മാക്ഷികസംയുതം ച
നിർവ്വാപിതം വാലുകയാ നിപീതം
തൃഷ്ണാം തഥാ വാതഭവാം നിഹന്തി
ദോഷാം യഥാ സൂര്യകരപ്രകാശഃ. ൩൪

മണൽ ഇട്ടു വറുത്ത പാത്രത്തിൽ വെള്ളം ഒഴിച്ചു കുറുക്കി വാങ്ങി ആറിയാൽ പഞ്ചസാരയും തേനും ചേർത്തു സേവിക്കുക; സൂര്യപ്രകാശത്താൽ ഇരുട്ടു നശിക്കുന്നപോലെ വാതജമായ തൃഷ്ണ ശമിക്കും.

പിത്തജതൃഷ്ണാ ചികിത്സ.

സുസ്വാദുതിക്തദ്രവശീതപാനം
പിത്തോത്ഥതർഷാർത്തനിവാരണീയം
ഉശീരകാശ്മര്യധനാഢ്യമുച്ചീ-
ഖണ്ഡാദിമൂർവ്വാ ശിശിരൈശ്ച്യുതം ച. ൩൫

മധുരമായും തിക്തമായും ദ്രവമായും ശീതമായും ഇരിക്കുന്ന അന്നപാനം പിത്തജമായ തൃഷ്ണയെ ഹരിക്കും. രാമച്ചം കുമ്പിൾവേര് കൊത്തമ്പാലയരി മുന്തിരിങ്ങാപ്പഴം ചെറുതേക്കിൻവേര് ചന്ദനം ഇവകൊണ്ടുള്ള ശീതകഷായം കൽക്കണ്ടം പൊടിച്ചുചേർത്തു സേവിച്ചാൽ പിത്തജമായ തൃഷ്ണ ശമിക്കും.

വിമലതണ്ഡുലവാരിസിതായുതം
ശിശിരപങ്കയുതം ച സമാക്ഷികം
അപിസലോഹിതപിത്തതൃഷാർദ്ദിതാ-
ദേഹമോഹശമായ പിബേജ്ജലം. ൩൬

അരിക്കാടിയിൽ പഞ്ചസാരയും ചന്ദനക്കുഴമ്പും തേനും ചേർത്തു സേവിച്ചാൽ രക്തപിത്തത്തോടുകൂടിയ തൃഷ്ണയാൽ പീഡിതനായവൻെറ ദേഹത്തിലെ ചുട്ടും, മോഹവും ശമിക്കും.

കഫജതൃഷ്ണാ ചികിത്സ.

കടൂഷ്ണതിക്തദ്രവമശ്നതാഞ്ച
തൃഷ്ണാ ക്ഷയം യാതി കഫപ്രവൃദ്ധാ

ബില്വാഢകീ ധാതകി പഞ്ചകോല
ദർഭൈശ്ശൃതം വാരി തഥാത്ര പേയം. ൩൭

എരിവുള്ളതും ഉഷ്ണമായും തിക്തമായും ദ്രവമായും ഇരിക്കുന്നതുമായ സാധനങ്ങളെ ഭക്ഷിച്ചാൽ കഫജമായ തൃഷ്ണ ശമിക്കും. കൂവളത്തിൻവേര് തുവരിമണ്ണ് താതിരിപ്പൂവ് പഞ്ചകോലം (തിപ്പലി, കാട്ടുതിപ്പലിവേര് കാട്ടുമുളകുകൊടിവേര് കൊടുവേലിക്കിഴങ്ങ് ചുക്ക്) ദർഭവേര് ഇവകൊണ്ടു കഷായംവെച്ചു സേവിക്കുക; പിത്തജമായ തൃഷ്ണ ശമിക്കും.

സുനിംബപത്രൈഃ ശൃതവാരിപാനൈഃ
സംഛർദ്ദനം യഃ കുരുതേ നരസ്തു
സുഖം വ്രജത്യൈവ കഫതർഷപീഡാ
മുക്തോനയോഗഃ പരമോസ്തി താസ്മാൽ. ൩൮

വേപ്പില കഷായം വച്ചുകൊടുത്തു ഛർദ്ദിപ്പിച്ചാൽ കഫജമായ തൃഷ്ണ ശമിച്ചു സുഖമുണ്ടാകും. കഫതൃഷ്ണയ്ക്ക് ഇതിൽനിന്നു ഉത്തമമായ യോഗം വേറെ ഇല്ലെന്നുതന്നെ പറയാം.

സാമാന്യചികിത്സ.

സൌവർച്ചലം ജീരകമാർദ്രകം ച
സശൃംഗിവേരാട്യൾജലപിഷ്ടതാനി
മദ്യാനിഹൃദ്യാനി ചഗന്ധവന്തി
നിപീയതർഷം ഹരി ജയേന്മനുഷ്യഃ. ൩൯

തുവർച്ചിലയുപ്പ് ജീരകം ഇഞ്ചി ചുക്ക് ഇവ അരച്ചു മദ്യത്തിൻെറ പകുതി വെള്ളത്തിൽ കലക്കി ചേർത്ത മദ്യങ്ങൾ ഹൃദയപ്രിയങ്ങളും സുഗന്ധികളും ആണ്. ഇവ കുടിച്ചാൽ തൃഷ്ണ ശമിക്കും.

ജലോദകം മാക്ഷികഹാരഹൂരാ-
ഖർജ്ജൂരവാംശീകസിതാസമേതം
പീതം തഥാ തർഷവിനാശനായ
ദാവാഗ്നിനാശായ യഥാംബുവൃഷ്ടം. ൪൦

ഇരട്ടിമധുരം മുന്തിരിങ്ങാ ഈന്തപ്പഴം കൂവനൂറ് ഇവകൊണ്ടുള്ള ശീതകഷായം തേനും പഞ്ചസാരയും ചേർത്തു സേവിച്ചാൽ വർഷത്താൽ കാട്ടുതീ നശിക്കുന്നപോലെ തൃഷ്ണ ശമിക്കും.

ദ്രാക്ഷേക്ഷുനീരപയസാം സമധൂൽപലാനാം
യഷ്ടീമധുപ്രയുതനീരസുപേഷിതാനാം
ശാമ്യന്തി തർഷാനി ചയാസ്സകലാഃ പ്രവൃദ്ധാഃ
പാനാന്നൃണാമഖിലതന്ത്രസുഖേലിതാനാം. ൪൧

പിത്തജമൂർച്ഛ.

ജായതേ ച രക്തം ഹരിതം ച പീതം
പശ്യൻ വിയത് ചാ തമ അഭ്യുപൈതി.

സന്താപതൃഷ്ണാ സഹിതഃ സ്വിന്നഗാത്രഃ
പ്രബുധ്യതേ സ്വേദസമന്വിതശ്ച.
സംഭിന്നവർച്ചാഃ ഖലു രക്തപീത-
നേത്രാകുലശ്ചാഥ കഫോദ്ഭവേഷു.

ആകാശം രക്തവർണ്ണമായും പച്ചവർണ്ണമായും മഞ്ഞവർണ്ണമായും കണ്ടിട്ട് മോഹത്തെ പ്രാപിക്കുന്നു. അതിനുശേഷം, ചൂട്, തണ്ണീർദാഹം ഇവയോടും വിയർപ്പോടുംകൂടി ഉണരുക, മലം ഇളകിപ്പോകുക, കണ്ണിന് രക്തവർണ്ണവും പീതവർണ്ണവും ഉണ്ടാവുക. ഇത് പിത്തജമായ മൂർച്ഛയുടെ ലക്ഷണമാണ്. "അഥ കഫോദ്ഭവേഷു" എന്നത് അടുത്തതിനോട് അന്വയിച്ചുകൊള്ളണം.

കഫജമൂർച്ഛ.

തമോഘനൈരാവൃതമേഘ-
സങ്കാശമാകാശമഥാഭിപശ്യൻ
തമസ്തഥാ പ്രാവിശതീഹ
പ്രബുധ്യതേ ചാഥ ചിരാൽ ... ൨൦

സാന്ദ്രേണ ചൈവാവൃത ...
സംപ്രാവൃതൈരംഗ ...
പ്രസേകഹൃല്ലാസയുതസ്തഥാ ...
മൂർച്ഛായ ഏവാഥ ച സർവ്വജാതേ. ൨൧

തമസ്സുകളാലോ മേഘങ്ങളാലോ ... നിമിത്തം ആകാശം മേഘസദൃശമായി കണ്ടിട്ട് മോഹത്തെ പ്രാപിച്ച് അനന്തരം വളരെ നേരം കഴിഞ്ഞിട്ട് ഉണരുക; കട്ടിയുള്ള തോലുകൊണ്ട് മൂടിയപോലെ ശരീരത്തിന് ഭാരംതോന്നുക വായിൽകൂടി വെള്ളംവരിക നെഞ്ചുരുക്കം ഇവ കഫജമായ മൂർച്ഛയുടെ ലക്ഷണമാണ്. "അഥ ച സർവ്വജാതേ" എന്നതു അടുത്ത ശ്ലോകത്തോട് അന്വയിച്ചുകൊള്ളണം.

സന്നിപാതജമൂർച്ഛ.

വിനൈവബീഭത്സകചേഷ്ടിതൈസ്തു
സർവ്വാകൃതിഃ പാതയതീവ ശീഘ്രം
യഥാഗതാപസ്മൃതിരേവജന്തു-
രഥോഭ്രുവേ മോഹിതജാം തഥൈവ. ൨൨

സന്നിപാതജമായ മൂർച്ഛയ്ക്കു വാതാദി മൂന്നു ദോഷങ്ങളെല്ലും കോപിച്ചാലുള്ള ലക്ഷണമുണ്ടായിരിക്കും. അപസ്മാരംപോലെ പെട്ടെന്നു താഴെ വീഴുകയുംചെയ്യും. അപസ്മാരത്തിലെ ബീഭത്സചേഷ്ടകൾ ഉണ്ടായിരിക്കയില്ല. "അഥോഭ്രുവേ" എന്നതുതുടങ്ങി അടുത്ത ശ്ലോകത്തോടു അന്വയിച്ചുകൊള്ളണം.

രക്തജമൂർച്ഛ.

പൃഥിവ്യംഭസ്തമോരൂപം രക്തഗന്ധശ്ച തന്മയഃ
ഭൂമിമൂർച്ഛന്തി തേനൈവ രക്തസ്യ ഗന്ധേന മാനവാഃ. ൨൩

സ്തബ്ധാംഗദൃഷ്ടിസ്ത്വസൃജാവിഗൂഢോ-
ച്ഛ്വാസശ്ച സമ്മൂർച്ഛിത ഏവ നൂനം.

ഭൂമിയിലും അംഭസ്സിലും നോക്കിയാൽ അന്ധകാരാകൃതിയിൽ തോന്നുക, ശരീരത്തിൽ രക്തഗന്ധമുണ്ടാകുക, ശരീരം രക്തമയമായി തോന്നുക, അതിനാൽ മാനവന്മാർ രക്തഗന്ധം നിമിത്തം മോഹിച്ചുപോകുക, അതിനാൽ മാനവന്മാർ രക്തഗന്ധം നിമിത്തം മോഹിച്ചു താഴുക, അതിനാൽ ... ഭൂമിയിൽ വീഴുക, ദേഹവും ദൃഷ്ടിയും സ്തംഭിക്കുക, രക്തത്തിന്റെ പുറപ്പാടുനിമിത്തം ഉച്ഛ്വസിക്കുന്നതിനു തടസ്സമുണ്ടാകുക ഇവ രക്തത്താൽ മൂർച്ഛിച്ചവന്റെ ലക്ഷണമാണ്.

മദ്യജമൂർച്ഛ.

മദ്യേനശേതേ വിലപൻ വിശേഷാ-
ദ്വിനഷ്ടവിഭ്രാന്തമനാ മനുഷ്യഃ
ഗാത്രാണി ഭൂമാവപി വിക്ഷിപംസ്തു
യാവജ്ജരാം യാതി ന തന്മദം വാ. ൨൪

കരഞ്ഞുംകൊണ്ടുകിടക്കുക, വിശേഷിച്ചു സ്മൃതിഹീനവും വിഭ്രാന്തവും ആയ മനസ്സോടുകൂടി അംഗങ്ങളെ ഭൂമിയിൽ എടുത്തടിക്കുക ഇവ മദ്യജമായ മൂർച്ഛയുടെ ലക്ഷണമാണ്. എന്നാൽ ഈ വികൃതികളൊക്കെയും കാണിക്കുന്നതു മദ്യം ദഹിക്കാതിരിക്കുമ്പോഴാണ്.

വിഷജമൂർച്ഛ.

സകമ്പതർഷശ്ച സവേപഥുശ്ച
തമോപി നൂനം വിഷമൂർച്ഛിതേഷു. ൨൫

വിഷമൂർച്ഛിതനായവൻ ഉറക്കത്തോടും തണ്ണീർദാഹത്തോടും കൂടിയവനായിരിക്കും. മോഹവും സംഭവിക്കും.

മൂർച്ഛാദികളുടെ ഭേദങ്ങൾ.

മൂർച്ഛാ പിത്തതമോദ്ഭവാ നിലരജഃ പിത്തോദ്ഭവോഥ ഭ്രമഃ
ശ്ലേഷ്മാവാതതമോത്ഭവാപി ച തഥാ തന്ദ്രാഥ നിദ്രാ ഖലു

തച്ചാൽ ശ്ലേഷ്മതമോത്ഭവാം വിദ്യാത് സർവ്വേന്ദ്രിയാർത്ഥാപഹാരിണീം [illegible] പി-
നോ വിത്തിഃ ശ്ലേഷ്മഗൗരവ [illegible] ജൃംഭാ ചരോഗമേ. ൧൭

മൂർച്ഛ, പിത്തതമസ്സിൽനിന്നുണ്ടാകുന്നതും; ഭ്രമം, വാതപിത്ത ങ്ങളിൽനിന്നും പൊടി [illegible] ഉണ്ടാകുന്നതും; തന്ദ്ര, കഫവാതതമസ്സുകളിൽനിന്നും; നിദ്ര, [illegible] ഉണ്ടാകുന്നു. ഇന്ദ്രിയവിഷയങ്ങളിൽ ഉണർവ്വില്ലായ്ക, ക്ഷീണം, ലഘുത്വം കനം, മൂരിനിവർക്കുക ഈ ലക്ഷണങ്ങൾ തന്ദ്രയിലും നിദ്രയിലും ഉണ്ടാവും. എങ്കിലും നിദ്രയിൽ ഇവ ഉണർന്നാൽ പിന്നെ കാണുകയില്ല. തന്ദ്രയിൽ മോഹത്തിൽനിന്നും ഉണർന്നാലും ഈ [illegible] ഉണ്ടായിരിക്കും എന്നുമാത്രം വ്യത്യാസമുണ്ട്.

സന്ന്യാസവും മൂർച്ഛയുമായുള്ള ഭേദം.

ഗതവേഗേഷു ദോഷേഷു മൂർച്ഛാദയശ്ചയേ
സ്വയമേവോപശാമ്യന്തി സന്ന്യാസോനൗഷധൈർവ്വിനാ.

ദോഷങ്ങളുടെ വേഗങ്ങൾ പോയി കഴിഞ്ഞാൽ മദം മൂർച്ഛ മുതലായവ ചികിത്സകൂടാതെ തന്നിയേ ശമിക്കും. സന്ന്യാസം എന്ന രോഗം ചികിത്സിക്കാതെ ശമിക്കയില്ല. ഇതാണ് മൂർച്ഛയും സന്ന്യാസവും തമ്മിലുള്ള വ്യത്യാസം.

സന്ന്യാസലക്ഷണം.

വാഗ്ദേഹമാനസഭവാ അപ്രയാച ചേഷ്ടാ
ആക്ഷിപ്യതാമതിബലാശ്ച മലാഃ പ്രകോപാൽ
ന്യസ്യന്തി ജന്തുമവനൗ [illegible] ചിതാശ്ച
പ്രാണാലയേഷു ഹി നരഃ [illegible] ൧൮

അതിബലങ്ങളായ മലങ്ങൾ വാക്കുകളുടെയും ദേഹത്തിന്റെയും മനസ്സിന്റെയും വ്യാപാരങ്ങളെ [illegible] പ്രാണാലയങ്ങളിൽ (ഹൃദയങ്ങളിൽ) ആശ്രയിച്ചു പ്രാണികളുടെ ബലത്തെ കുറയ്ക്കുന്നു. അതിനാൽ ആ രോഗി കാഷ്ഠതുല്യനായിത്തീരുന്നു. ഇതാണ് സംന്യാസത്തിന്റെ ലക്ഷണം.

സന്ന്യാസ സന്ന്യസ്ത നരോ [illegible]-
മൃതോപമഃ പ്രാണഗണൈർവ്വിയുക്തഃ
ഭവേച്ചസദ്യഃസഫലാം ക്രിയാംവാ
ത്യക്ത്വാ [illegible] ചികിത്സ്യോ [illegible] ൧൯

സംന്യാസത്താൽ പരിഭൂതനായ നരൻ വിശേഷിച്ചു മൃതതുല്യനായിട്ടു പ്രാണങ്ങളോടു വേർപെടും. അതിനാൽ തൽക്ഷണം സ-

ഫലമായ ക്രിയചെയ്തില്ലെങ്കിൽ പിന്നീടു ചികിത്സിച്ചിട്ടുതന്നെ കാര്യമില്ല. (സന്ന്യാസരോഗംതന്നെ അസാദ്ധ്യമാണ്. കാലവിളംബം കൂടാതെ ചികിത്സചെയ്താൽ ഒരുപക്ഷേ ഭേദപ്പെട്ടേക്കാം എന്നുസാരം.)

അസാദ്ധ്യലക്ഷണം.

ജലജവേണു മൃദംഗനിനാദനൈ-
രപി ച ശീതമുഖൈർബഹുഭേഷജൈഃ
സ്മൃതിമഥോപി യദൈവ നയാതിയോ
പ്രജതി ഭാനുജസന്നിധിമേവസഃ ൨൦

ശംഖുവിളിക്കുക, ഓടക്കുഴൽ ഊതുക, മൃദംഗംകൊട്ടുക, പാടുക മുതലായ ക്രിയകൾകൊണ്ടും മോഹംതീരാത്തവൻ കാലസന്നിധിയെ പ്രാപിക്കതന്നെ ചെയ്യും.

മൂർച്ഛാചികിത്സ.

വ്യജനാധൂതയശ്ച ശീതളാ ന്യഥപാനാദി സുഗന്ധവന്തി ച
മണിഹാരധൃതിസ്തു ശീതളാന്യവഗാഹാദി വിധീനികാരയേൽ. ൨൧

വിശറികൊണ്ടു വീശുക, ശീതളങ്ങളും സുഗന്ധികളും ആയ പാനങ്ങളെ ഉപയോഗിക്കുക, രത്നങ്ങൾ മുത്തുമാലകൾ ഇവയെ ധരിക്കുക, ശീതളങ്ങളായ ജലങ്ങളിൽ സ്നാനംചെയ്യുക ഇവയൊക്കെയും മൂർച്ഛയുടെ ചികിത്സകളാണ്.

മൂർച്ഛയിലെ പഥ്യങ്ങൾ.

നീവാണി ന്നം മധുരേശണേഹി
സിദ്ധാനിവാ ജാംഗലജാ രസാശ്ച
സഭാഡിമാലോഹിതശാലയശ്ച
മൂർച്ഛാസു പഥ്യാശ്ച സരീ[illegible]മുദ്ഗാഃ. ൨൨

മധുരഗണങ്ങൾചേർത്തു പചിച്ച ജലങ്ങളും, ജാംഗലമാംസരസങ്ങളും താളിമാതളനാരങ്ങയും ചെന്നെല്ലും മലങ്കടലയും ചെറുപയറും മൂർച്ഛയിൽ പഥ്യങ്ങളാണ്.

സകോലമജ്ജോഷണ കേസരാണി
സോശീരകാണ്യേവ ജലപ്ലുതാനി
നിപീയലീഢ്വാം മധുനാഥകൃഷ്ണാം
മൂർച്ഛാം ജയേദത്ര നചിത്രമസ്തി. ൨൩

ലന്തക്കായുടെ അകത്തെ മജ്ജ, നല്ലമുളക് നാഗപ്പൂവ് രാമച്ചം ഇവ ചതച്ച് വെള്ളത്തിലിട്ടു വച്ചിരുന്ന് ആ വെള്ളം കുടിക്കയോ, തിപ്പലി പൊടിച്ച് തേനിൽകുഴച്ചു നക്കുകയോ ചെയ്താൽ മൂർച്ഛ ശമിക്കും. ഇങ്ങനെ രണ്ടുയോഗം.

മുന്തിരിങ്ങാപ്പഴം കരിമ്പിൻനീര് തേൻ ചെങ്ങഴിനീർക്കിഴങ്ങ് ഇരട്ടിമധുരം ഇവ പച്ചവെള്ളത്തിലരച്ച് കലക്കിച്ചേർത്തു കൊടുത്തു ഛർദ്ദിപ്പിച്ചാൽ എത്ര വർദ്ധിച്ച തൃഷ്ണയും ശമിക്കും.

ധാന്യാമ്ലൈഃ പരിപേഷിതാമലഫലം സദ്രാക്ഷമാമ്ലദ്രവൈഃ
പീതാ വാർദ്രപടാവൃതാഖിലവപുർജ്ജലാവഗാഹസ്ത്വശുഭേ
നിരോത്ഥാപനയന്ത്രനിർഗതജലാവ്യാപ്ത പ്രാന്തേ ശയിതേ
തൃഷ്ണാസ്ത്രനരസ്തഥാ ചഹിമജലൈസ്തൃപ്താ വായ്വാദിതാ. ൨൨

പച്ചനെല്ലിക്ക അരിക്കാടിയിൽ അരച്ച് മുന്തിരിങ്ങാനീരിൽ കലക്കി കുടിച്ചതിനുശേഷം ദേഹമാസകലം നനഞ്ഞ വസ്ത്രത്താൽ മൂടിപ്പുതച്ച് കിളിവാതലുകളുള്ളതും ജലയന്ത്രത്തിൽനിന്നും പുറപ്പെടുന്ന ജലവർഷത്തോടുകൂടിയതുമായ (അതിൽ മുതലായ സുന്ദരികളുടെ മുഖത്തിൽ നിന്നും പുറപ്പെടുന്ന ... അയതിട്ട പൂകളുള്ളതും) ആയ മാളികയുടെ മുകളിൽ കയറി സുന്ദരികളുമൊന്നിച്ചിരിക്കുന്ന നരന് തൃഷ്ണാരോഗങ്ങളെ ജയിക്കാം.

വടപ്രരോഹഗുളികാ.

വടപ്രരോഹം ...
സലാജചൂർണ്ണം മധുനാ വിലോഡിതം
ഗുഡീകൃതം ത്വന്മുഖപങ്കജസ്ഥിതം
നിഹന്തിതർഷം തു ഭൃശം ചിരോത്ഥിതം. ൨൩

പേരാലിന്റെ വേട് (മുകളിൽനിന്നും കീഴ്പോട്ട് തൂങ്ങിക്കിടക്കുന്ന വേര്) കരിംകൂവളക്കിഴങ്ങ് മലർപ്പൊടി ഇവ തേൻ ചേർത്തു അരച്ച് ഗുളികയാക്കി വായിൽ ഇട്ടുകൊണ്ടിരുന്നാൽ ചിരകാലജാതമായ തൃഷ്ണയും ശമിക്കും.

ക്ഷതോത്ഭവാദി തൃഷ്ണാചികിത്സ.

രസാനാമസൃജശ്ചാപി പാനൈസ്തല്ലോഹശോണിതാഃ
ക്ഷതോദ്ഭവാം ജയേൽ പ്രാജ്ഞഃ ക്ഷീരേണാന്യാം ക്ഷയോത്ഭവാം.

തൃഷ്ണാരോഗത്തെ നശിപ്പിക്കുന്നവയായ മാംസരസങ്ങളും രക്തവും പാനംചെയ്താൽ ക്ഷതജമായ തൃഷ്ണ ശമിക്കും. ക്ഷയോദ്ഭവമായ തൃഷ്ണ പാൽ കുടിച്ചാൽ ശമിക്കും.

ആമജതൃഷ്ണാചികിത്സ.

വചാബില്വയവൈരസ്ഥഃ ദീപനാന്വാം
കഷായൈന്നരശ്ചാമജാം ...
വമനൈരേവ ...
പ്രകർഷേണ ചോല്ലംഘനൈരേവ ... ൨൪

വയമ്പും കൂവളത്തിൻവേരുംകൂടി കഷായംവച്ചു കൊടുത്തു വമനവും ... ദീപനകരങ്ങളായ ഔഷധങ്ങൾ ഇട്ട കഷായംവച്ച് ഛർദ്ദിപ്പിച്ചോ

സേവിപ്പിച്ചോ ആമജമായ തൃഷ്ണയെ ശമിപ്പിക്കാം. ഗുരുക്കളായ അന്നങ്ങൾ ഭക്ഷിച്ചുണ്ടാകുന്ന തൃഷ്ണയെ ഛർദ്ദിപ്പിച്ചു ശമിപ്പിക്കണം. ക്ഷയജമായ തൃഷ്ണയിൽ ഛർദ്ദിപ്പിക്കരുത്.

ഛാഗമാംസരസമാജ്യസമേതം
ശീതളം സമധു പഞ്ചനഖം ...
നാശയേൽ ഖലു പിബൻഖലുതർഷം
മോഹദാഹമദസംയുതമുഗ്രം. ൨൫

ആട്ടിൻമാംസരസത്തിൽ നെയ്യുചേർത്തു തണുത്താൽ തേനും കല്ക്കണ്ടവുംകൂടി കലർത്തി കുടിച്ചാൽ മോഹം, ദാഹം, മദം, ഇവയോടുകൂടിയ തൃഷ്ണ ശമിക്കും.

രസേന കൃതാ ഗുടികാ ...
ചിരമേവ മുഖാംബുഗതാ നിഹന്തി
തൃഷമാശു ജയേച്ച യഥാ ...
ജലമേവ തു ഗാംഗമഥാപി യഥാ. ൨൬

ശുദ്ധിചെയ്ത രസവും വെള്ളിയുംകൂടി അരച്ചു ഗുളികയാക്കി വായിലിട്ടിരുന്നാൽ വളരെ നേരംകൊണ്ട് ... ഗംഗാസ്നാനത്താൽ പാപജാലം നശിക്കുന്നതുപോലെ തൃഷ്ണ ശമിക്കും.

പൂർവ്വാതങ്കനിപീഡിതസ്തു തൃഷിതോ നോ-
വാലഭേച്ചേജ്ജലം
മോഹം പ്രാപ്യ പുരസ്തതഃ പരമസൌ
പ്രാണൈർവ്വിയുജ്യേദ്ധ്രുവം
തസ്മാത്താം വരഭേഷജൈഃ പരിജയേൽ
പൂർവ്വം ജിതായാം ജിത-
പ്രായായേ ച ഗദാസ്തതഃ പുനരതോ ൨൭
നീരം നവാര്യം സദാ.

മുൻപറഞ്ഞ ക്ഷതജയും ക്ഷയജയും ആയ തൃഷ്ണയാൽ ആർത്തനായവന് പാനംചെയ്വാൻ ജലം ലഭിച്ചില്ല എങ്കിൽ അവൻ നിശ്ചയമായും പ്രാണങ്ങളോടു വേർപെടുകതന്നെ ചെയ്യും. അതിനാൽ ആ തൃഷ്ണയെ ശ്രേഷ്ഠങ്ങളായ ഔഷധങ്ങൾ കൊടുത്തു ശമിപ്പിച്ചാൽ മിക്ക രോഗങ്ങളും ശമിച്ചതുപോലെ അറിഞ്ഞിരിക്കും. അതുകൊണ്ട് ജലം ഒരിക്കലും ഒഴിക്കാൻ പാടില്ലാത്ത ഒന്നാകുന്നു എന്ന് ഗ്രഹിച്ചുകൊള്ളണം.

പ്രണമാമി സദൈവ നിജാംസ്തു ഗുരൂൻ. (അർത്ഥം സ്പഷ്ടം)

ചികിത്സാക്രമകല്പവല്ലിയിൽ തൃഷ്ണാചികിത്സിതം എന്ന പഞ്ചമ സ്തബകം കഴിഞ്ഞു.

—⇒❦⇐—

ഷോഡശസ്തബകം.

നത്വാശ്രീഗണനാഥരോത്തമമമരൈസ്സംപൂജ്യമാനം സദാ
ദൃഷ്ട്വാ സുശ്രുത വാഗ്ഭടാദികമലം തന്ത്രാണി ചാന്യാന്യപി
മൂർച്ഛാപസ്മൃതിമദ്യപാന [illegible]
തേഷാമത്ര ചികിത്സിതം [illegible] ൧

ദേവപൂജ്യനായ ശ്രീപരമേശ്വരനെ നമസ്കരിച്ച് സുശ്രുതവാഗ്ഭടാദികളാൽ കൃതങ്ങളായ ശാസ്ത്രങ്ങളേയും മറ്റു ശാസ്ത്രങ്ങളേയും പരിശോധിച്ച് മൂർച്ഛാദിരോഗങ്ങളുടേയും വിശേഷാൽഭ്രമങ്ങളായ രോഗങ്ങളുടേയും ശമനത്തിനായി [illegible] അനുഭവപ്പെട്ടിട്ടുള്ള ചികിത്സയെ ഇവിടെ പറയാൻ പോകുന്നു.

മൂർച്ഛാനിദാനം.

ക്ഷീണസ്യ [illegible]
സര [illegible]
വേഗാ [illegible]
നൃണാം [illegible] ൨

അഭ്യന്തരേ [illegible] ദുഷ്ടാ
നൃണാം വിശന്തി [illegible]
സമ്മൂർച്ഛതീഹ [illegible]
സ്തന്ത്രാവണ്ണിതമാഹം ഹിതദോ ബ്രവീമി. ൩

ക്ഷീണനും അധികദോഷനും [illegible] (തമോഗുണം വർദ്ധിച്ചവനും എന്ന സാരം) [illegible] ആഹാരങ്ങളെ ഭക്ഷിക്കുന്നവനും ആയ നരന്ന് മലമൂത്രാദിവേഗധാരണംകൊണ്ടും, അടി ഇടി മുതലായവകൊണ്ടും ദോഷങ്ങൾ കോപിച്ച് കരണായതനങ്ങളിലും (മനസ്സിന്റെ സ്ഥാനങ്ങളിലും) അഭ്യന്തരസ്ഥാനങ്ങളിലും ബാഹ്യസ്ഥാനങ്ങളിലും പ്രവേശിക്കുന്നു. [illegible] മോഹം ഉണ്ടാകുന്നു ഇതാണ് മൂർച്ഛ എന്ന രോഗം. ഇനിയും മൂർച്ഛയുടെ ലക്ഷണം പറയുന്നു.

മൂർച്ഛാലക്ഷണം.

സംജ്ഞാവഹാസു [illegible]
നൃണാം തമൈവ വിഹിതാ [illegible]
[illegible]
തസ്മാന്നരഃ പതതി [illegible] ൪

മോഹോ മൂർച്ഛേതിനാമാ ഭവതി ച ബലുസാ ഷ-
ഡ്വിധാ ചാഥ വാതാ-
[illegible] പിത്താദ് [illegible] ജനിതാ-
[illegible]
[illegible] ചതുർത്ഥീ ഭവതി ച നിയതം
മദ്യജാന്യാ വിഷോത്ഥാ
[illegible] പിത്തം പ്രഭവതി [illegible] ൫
തൽപ്രഭുത്വം [illegible].

ചേതനയെ വഹിക്കുന്ന സകല നാഡികളും വാതാദികളാൽ മറയ്ക്കപ്പെട്ടമ്പോൾ സുഖദുഃഖനാശകരമായ തമസ്സ് പ്രാപിക്കുന്നു. സുഖദുഃഖനാശത്താൽ നരൻ വീണു കിടക്കുന്ന തടിക്കു തുല്യനായി ഭൂമിയിൽ പതിക്കുന്നു. ഇതിനെ മോഹം എന്നും മൂർച്ഛ എന്നും പറയുന്നു. മൂർച്ഛതന്നെ വാതജ പിത്തജ കഫജ രക്തജ മദ്യജ വിഷജ ഇങ്ങനെ അറുവിധത്തിലുണ്ട്. ഈ അറുവിധം ഉള്ള മൂർച്ഛകളിലും പിത്തത്തിനാണ് പ്രഭുത്വം ഉള്ളത്.

മൂർച്ഛാപൂർവ്വരൂപം.

ഹൃൽപീഡാ ജൃംഭണം ഗ്ലാനിഃ സംജ്ഞാദൌർബ്ബല്യമപ്യഥ
[illegible] ച പൂർവ്വരൂപാണി യഥാസ്വം താസു ഭാവയേൽ. ൬

ഹൃദയപീഡ, കോട്ടുവായിടുക, ക്ഷീണം, ചേതനയ്ക്കു ദൌർബ്ബല്യം, ഇവയാണ് മൂർച്ഛയുടെ പൂർവ്വരൂപങ്ങൾ.

വാതജമൂർച്ഛാ.

നീലാരുണം കൃഷ്ണമഥാപി പശ്യൻ
നഭസ്തമഃ പ്രാവിശതീഹ ശീഘ്രം
പ്രബുദ്ധ്യതേ വാഥ സവേപഥുസ്തു
കാർശ്യാംഗമർദ്ദേനയുതസ്തു ജന്തുഃ. ൭
ശ്യാവാരുണച്ഛായ തനുർവ്വിശേഷാ-
ദ്ധൃച്ഛൂലവാൻ വായുഭവേ [illegible] പിത്താൽ.

ആകാശം നീലവർണ്ണമായും രക്തവർണ്ണമായും കൃഷ്ണവർണ്ണമായും, തോന്നിയിട്ട് മോഹിക്കുക, ഉടൻതന്നെ വിറയലോടുകൂടി ഉണരുക, കൃശതയും അംഗമർദ്ദം, ഇവയുണ്ടാകുക. കറുപ്പും അരുണവുമായും ഇരിക്കുന്ന ഛായ ദേഹത്തിനുണ്ടാവുക, ഹൃദയശൂലം ഇവയെല്ലാം വാതജമൂർച്ഛയുടെ ലക്ഷണമാണ്. "അഥപിത്താൽ" എന്നത് അടുത്തശ്ലോകത്തോട് ചേർത്തുകൊള്ളണം.

ലോകാമൃതാ ഗ്രന്ഥികചൂർണ്ണരാജാ
ദ്രാക്ഷാന്വിതാനാം സകണം കഷായം
സചിന്നാമലം വിശചമൂർച്ഛാകൃതം
ദ്രാക്ഷാന്വിതാം വാസ തഥൈവലീഢം. ൧൪

ചുക്ക് അമൃത് കാട്ടുതിപ്പലിവേര് [illegible] മുന്തിരിങ്ങാപ്പഴം ഇവ കഷായംവച്ച് തിപ്പലി പൊടിച്ചു മേമ്പൊടി ചേർത്തു സേവിക്കയോ, നെല്ലിക്ക [illegible] പൊടിയും ചേർത്തു [illegible] ചെയ്താൽ മുന്തിരിങ്ങാപ്പഴവും ചേർത്തു [illegible] മൂർച്ഛ ശമിക്കും.

മൂർച്ഛാസുരക്തപ്രഭവാസചിരം നാ
വിധിസ്തുമദ്യപ്രഭവാസു നിത്യം
സേവേത [illegible]
[illegible] ചതദേവസദ്യം. ൧൫

രക്തജകളായ മൂർച്ഛകളിൽ ഈ ശീതവിധിതന്നെ ചെയ്താൽ മതിയാകും. മദ്യജകളായ മൂർച്ഛകളിൽ ഉറങ്ങുന്നതു സുഖമാണ്. വിഷജങ്ങളായ മൂർച്ഛകളിൽ [illegible] ക്രിയകൾ ചെയ്യണം.

ദശനദംശനകേശവിലുഞ്ചനാ-
ന്യനലദാഹനഖാന്തരതോദനം
പ്രധമനാന്യവപീഡയുതാ [illegible]
വൃഷണമർദ്ദനമൂർമനിഷേവണം. ൧൬

കടിക്കുക. തലമുടി പിഴുക, പൊള്ളിക്കുക, നഖത്തിന്റെ മദ്ധ്യത്തിൽ സൂചികൊണ്ടു കുത്തുക, ഊതുക, ഞെക്കുക, വൃഷണങ്ങളെ മർദ്ദനം ചെയ്യുക, [illegible] വിഷമൂർച്ഛയിലെ ചികിത്സയാണ്.

ഖല്വാദിബോധനമേഭിഃ [illegible]
ഭ്രമശമായ കഷായമമും [illegible]
വദ്ദദിതം [illegible]
കൃതമധാമലകീ [illegible] ൧൭

മുൻപറഞ്ഞവകൊണ്ട് വിബോധനം പ്രാപിക്കും. അതിനുശേഷം ഭ്രമം ശമിക്കുന്നതിനായിട്ട് കൊടിത്തൂവ കഷായംവച്ച് നെയ്യു മേമ്പൊടിചേർത്തുകൊടുക്കണം. ആമലകീഘൃതവും സേവിക്കാം.

സൂതം കണാമാക്ഷികസംയുതം തു
സേകാവഗാഹാദിതു ശീതളം ച

മൂർച്ഛരാസു കല്യാണഘൃതം ച സേവ്യ-
മപസ്മൃതൌ ചാഥമദേപിതദ്വൽ. ൧൮

മൂർച്ഛകളിൽ ശുദ്ധിചെയ്ത രസഭസ്മം തിപ്പലിയും തേനുംകൂടി ചേർത്തു ശീലിക്കണം. ശീതമായ പരിഷേകം അവഗാഹം ഇവയേയും ചെയ്യണം. കല്യാണഘൃതം സേവിക്കുന്നതും നന്ന്. അപസ്മൃതിയിലും (സ്മൃതിയററവയിലും) മത്തിലുംമറ്റും പ്രയോഗംതന്നെ ഹിതമാണ്.

പാനാത്യയാദി നിദാനം.

വിഷസ്യയേ വൈ ച ഗുണാഃ പ്രദിഷ്ടാ
മദ്യേപി തേ ചൈവപ്രതിഷ്ഠിതാസ്തു
മിഥ്യാപയുക്തേന ഭവന്ത്യതസ്തു
തേനൈവ ദുഷ്ടാഹി മദാത്യയോ [illegible]. ൧൯

വിഷത്തിനുള്ള തീക്ഷ്ണാദിഗുണങ്ങൾ ഏതൊക്കെയാണോ അവയെല്ലാം മദ്യത്തിങ്കലും സ്ഥിതിചെയ്യുന്നുണ്ട്. ആ മദ്യത്തിന്റെ മിത്ഥ്യാപയോഗത്താൽ ദുഷ്ടമായിട്ട് മദാത്യയം എന്ന രോഗം ഉണ്ടാകുന്നു.

പ്രാണാഃ പ്രാണഭൃതാമന്നം തദപ്യമദ്യം സ്മൃതം
തദായുക്തിനിഷേവിതം വിഷമഹോ
യുക്ത്യാ വിഷം ചാമൃതം
തസ്മാന്മദ്യവിധാനം സമുദിതം
സ്നിഗ്ദ്ധാന്നമാംസൈസ്സമം
കാലേചൈവസുമാത്രയാപരിപിബേ-
ദ്ധൃഷ്ട്യാ ജരാമൃത്യുജിൽ. ൨൦

പ്രാണികൾക്ക് അന്നം ഏതുവിധത്തിൽ പ്രാണസദൃശമായിരിക്കുന്നു. അതുപോലെതന്നെയാണ് മദ്യവും. എന്നാൽ ആ മദ്യമാകട്ടെ അയുക്ത്യാ സേവിച്ചാൽ വിഷതുല്യവും യുക്ത്യാ സേവിച്ചാൽ വിഷമററ് അമൃതിനു സമവുമാണ്. അതുകൊണ്ടാണ്, ഇവിടെ സ്നിഗ്ദ്ധങ്ങളായ അന്നമാംസങ്ങളോടുകൂടി മദ്യം സേവിക്കാമെന്ന് ഉക്തമായത്. അപ്രകാരം സേവിച്ചാൽ ആ മദ്യത്തിന് ജരയേയും മൃത്യുവിനേയുംകൂടി ജയിക്കുന്നതിന് ശക്തിയുണ്ട്.

പ്രഥമമദവും മദ്ധ്യമമദവും.

ബുദ്ധിപ്രീതിസുഖസ്മൃതീംശ്ച ജനയേൽപാനാന്നിദ്രാരതിം
സംപാഠസ്വരഗീതവൃദ്ധിമതുലാം രമ്യാഹിപൂർവ്വോ മദഃ

മദ്ധ്യബുദ്ധിഗവാംസ്മതേരചിതഥാ ചാവ്യക്തതാ വാഭവേൽ
സോന്മത്താകൃതിരപ്രശാന്തഹൃദയശ്ചാലസ്യനിദ്രാഹതഃ. ൨൨

മദ്യപാനത്തിലുണ്ടാകുന്ന [illegible] [illegible] പ്രീതി [illegible] സ്മൃതി ഇവയേയും പാനം ഭോജനം നിദ്ര ഇ[illegible] ഉൽക്കണ്ഠയേയും പ[illegible]നം സ്വരം ഗീതം ഇവയിൽ ഉത്സാഹവും ഉണ്ടാകും. അതിനാൽ അത് രമ്യമാണ്. മദ്ധ്യമദാവസ്ഥയിൽ ബുദ്ധി, വാക്ക്, സ്മൃതി, ഇവയ്ക്ക് അവ്യക്തത ഉണ്ടാകും. [illegible] ആകൃതിയോടുകൂടിയും അശാന്തഹൃദയനായും അലസനിദ്രകളാൽ [illegible] ഭവിക്കുകയും ചെയ്യും.

തൃതീയമദാവസ്ഥ.

അഭക്ഷ്യാണിപാദേ ദഗമ്യാം [illegible] ഗച്ഛേദ്-
ഗുഹ്യംശ്ചാവക[illegible]
വദേത്താന്യസംജ്ഞോ [illegible] [illegible]മാൻ [illegible]
തൃതീയേമദേ വാ [illegible] ൨൩

അഭക്ഷ്യങ്ങളായ ([illegible]) വയെ ഭക്ഷിക്കുക, അഗമ്യയായവളെ ഗമിക്കുക, [illegible] അവമാനിക്കുക, മനസ്സിലിരിക്കുന്നവയെ ഉച്ചത്തിൽ വെളിപ്പെടുത്തി പറയുക, [illegible] ഇല്ലാത്തവനായിത്തീരുക, [illegible] ഇവയൊക്കെയും തൃതീയമദാവസ്ഥയിലെ ലക്ഷണങ്ങളാണ്. "[illegible]" എന്നുള്ളത് അടുത്ത ശ്ലോകത്തോട് [illegible].

ചതുർത്ഥമദാവസ്ഥ

ഭവേച്ചൈവമൂഢോ യഥാ ഭഗ്ന[illegible]-
സ്സ്ഥാനിഷ്ക്രിയോ [illegible]
മൃതാദപ്യസൌവാ മൃതസ്ത[illegible]
മദം ഭാവിദോഷൈർവ്വിമൂഢം വിനൈനാ.

നാലാമത്തെ മദാവസ്ഥയിൽ മൂഢനായും ഒടിഞ്ഞുവീണ മരംപോലെ നിശ്ചേഷ്ടനായും, [illegible] അറിയാൻ വയ്യാത്തവനായും മരിച്ചവനെക്കാട്ടിലും [illegible] തീരും. ദോഷവിമൂഢനല്ലാതെയുള്ളവന് അവിധത്തിലുള്ള [illegible] സംഭവിക്കയില്ല.

വിധിക്കു വിപരീതമായി മദ്യം [illegible] പാനിച്ചാലുണ്ടാകുന്ന വികാരങ്ങളുടെ [illegible].

നഭീതോ നകാമാന്ന[illegible] [illegible]
നതൃഷ്ണാനചിതോ നക്ഷുധാന്വിതശ്ച

നശോകാഭിതപ്തോ നഭാരാദ്ധ്വപീഡാ-
പരിക്ഷീണദേഹോ നവേഗാവരോധീ. ൨൪
നചാത്യമ്ലരൂക്ഷാന്നയുക്തോദരോയോ
നയോജീർണ്ണഭോജീ നചൈവാബലോയഃ
നചോഷ്ണാഭിതപ്തോ നനിർഭക്തമേകം
പിബേൽകദാപി മദ്യം ച നാനാവികാരാൻ. ൨൫
ശരീരസ്യ ഭേദികാൻ ദൃഷ്ടരോഗാ-
ന്മൽപാത്യപാനാത്യയാദീൻ വിശേഷാൽ
പിബേച്ചേത്തദാ ദേഹനാശംവിദധ്യാ-
ദതസ്താൻ ഗദാംസ്തച്ചികിത്സാം ച വക്ഷ്യേ. ൨൬

ഭീതൻ ക്രുദ്ധൻ തണ്ണീർദാഹമുള്ളവൻ വിശപ്പുള്ളവൻ ദുഃഖിതൻ, [illegible] വഴി നടക്കുകയാലും ക്ഷീണദേഹൻ മലമൂത്രാദിവേഗം തടുത്തവൻ, അത്യമ്ലമായും അതിരൂക്ഷമായും ഇരിക്കുന്ന അന്നത്തെ ഭക്ഷിച്ചവൻ അജീർണ്ണമുള്ളവൻ ബലമില്ലാത്തവൻ ഉഷ്ണതപ്തൻ [illegible] ഒരിക്കലും ഭക്ഷണത്തോടുകൂടിയും കൂടാതെയും മദ്യം കുടിക്കരുത്. ഭീതൻ മുതലായവർ മദ്യം കുടിച്ചാൽ അവർക്ക് നാനാവികാരയുക്തങ്ങളും അംഗഭേദകങ്ങളും ആയ പാനാത്യയാദി രോഗങ്ങൾ ഉണ്ടായിട്ട് ദേഹം നശിക്കും. അതിനാൽ ഇനിയും മദ്യപാനജങ്ങളായ ഗദങ്ങളേയും, തച്ചികിത്സയേയും ഇവിടെ പറയാൻ ഭാവിക്കുന്നു.

പാനാത്യയഃപരമദഃ പാനാജീർണ്ണമഥാപിയഃ
പാനവിഭ്രമമുഗ്രംച തേഷാം വക്ഷ്യാമിലക്ഷണം. ൨൭

മദ്യപാനത്താൽ പാനാത്യയം പരമദം പാനാജീർണ്ണം പാനവിഭ്രമം ഇത്യാദി രോഗങ്ങൾ ഉണ്ടാകും. ഇനിയും അവയുടെ ലക്ഷണങ്ങളെ പറവാൻ ഭാവിക്കുന്നു.

വാതമദാത്യയം

ഹിക്കാശ്വാസശിരഃകമ്പപാർശ്വശൂലപ്രജാഗരൈഃ.
വിദ്യാൽ പ്രലാപിനോബോദ്ധ്യം വാതപ്രായംമദാത്യയം. ൨൮

ഹിക്ക, ശ്വാസം, ശിരഃകമ്പം (തലവിറയ്ക്കുക) പാർശ്വശൂലം, ഉറക്കമില്ലായ്ക വളരെ പിച്ചുപറയുക ഇവ വാതം വർദ്ധിച്ച മദാത്യയത്തിന്റെ ലക്ഷണമാണ്.

പിത്തമദാത്യയം

ദാഹജ്വരസ്വേദമോഹാതിസാരവിഭ്രമൈഃ
ബോദ്ധ്യംഹരിതവർണസ്യ പിത്തപ്രായംമദാത്യയം. ൨൯

സർവ്വാംഗസന്താപം തണ്ണീർദാഹം ജ്വരം സ്വേദം മോഹം അതിസാരം തലകറക്കം ദേഹത്തിന് പച്ചനിറം ഇവ പിത്തം വർദ്ധിച്ച മദാത്യയത്തിന്റെ ലക്ഷണമാണ്.

കഫമദാത്യയം.

ഹൃല്ലാസാരുചിഛർദ്ദ്യാലസ്യസ്തൈമിത്യഗൌരവൈഃ
ജ്ഞേയശ്ശീതപരീതസ്യ കഫപ്രായോ മദാത്യയഃ. ൩൮

നെഞ്ചുരുക്കം അരുചി ഛർദ്ദി മുതലായവയും തന്ദ്ര (മടി) നിശ്ചലത്വം ഗുരുത്വം തണുപ്പ് ഇവയും കഫപ്രായമായ മദാത്യയത്തിന്റെ ലക്ഷണമാകുന്നു.

സന്നിപാതമദാത്യയം.

ത്രിദോഷജസ്സർവ്വലിംഗൈർജ്ഞേയശ്ചാപി മദാത്യയഃ
വക്ഷ്യേ പരമദം ചാപി യഥോക്തം സുശ്രുതാദിഭിഃ. ൩൯

വാതപിത്തകഫജങ്ങളായ മദാത്യയങ്ങൾക്കുള്ള ലക്ഷണം മൂന്നും ഉണ്ടായിരുന്നാൽ അതു സന്നിപാതമദാത്യയമാണ്. ഇനിയും പരമദം മുതലായവയുടെ ലക്ഷണത്തെയും സുശ്രുതാദികൾ പറഞ്ഞിരിക്കുന്നപോലെ ഇവിടെ പറയാൻ പോകുന്നു.

പരമദം.

ശ്ലേഷ്മോച്ഛ്റയോƒങ്ഗഗുരുതാ മുഖവൈരസ്യമേവ ച
വിൺമൂത്രസക്തിസ്തന്ദ്രാ ചാപ്യരുചിസ്തർഷ ഏവ ച
ശിരോരുക്സന്ധിഭേദശ്ച മദേ പരമപൂർവ്വകേ
പാനാജീർണ്ണമഥോ വക്ഷ്യേ യഥോക്തം പരമർഷിഭിഃ. ൪൦

കഫബാഹുല്യം ദേഹത്തിനു കനം വായ്ക്കു വിരസത (രസമറിയാൻ വയ്യായ്ക) മലമൂത്രങ്ങൾക്കു തടവ് മടി അരുചി തണ്ണീർദാഹം തലയ്ക്കു വേദന സന്ധികൾ പിളരുക ഇവ പരമദത്തിന്റെ ലക്ഷണങ്ങളാണ്. ഇനിയും പാനാജീർണ്ണത്തിന്റെ ലക്ഷണത്തെ പരമമഹർഷിമാർ പറഞ്ഞിരിക്കുന്നപോലെ അടുത്തുതന്നെ പറയും.

പാനാജീർണ്ണം.

ആധ്മാനമുദ്ഗിരണം വിദാഹോ ഛർദ്ദിരേവ ച
പിത്തപ്രകോപജാതാനി പാനാജീർണ്ണേ ഭവന്തി ച. ൪൧

വയറുവീർപ്പ് ദേഹത്തിൽ എല്ലായിടവും ചൂട്, ഛർദ്ദി പിത്തം കോപിച്ചാലുണ്ടാകുന്ന വികാരങ്ങൾ ഇവ പാനാജീർണ്ണത്തിന്റെ ലക്ഷണമാണ്.

പാനവിഭ്രമം.

ഹൃദ്ഗാത്രതോദഃ കഫസംപ്രസേകഃ
കണ്ഠസ്യ ധൂമായനമത്രമൂർച്ഛാ
ദ്വേഷോƒന്നമദ്യപ്രമുഖേഷു തീവ്രം
വാന്തിശ്ശിരോരുക്സദനപ്രകാരഃ ൪൨

പാനവിഭ്രമമേതാനി ലക്ഷണാനി ഭവന്തി ഹി
ബ്രവീമി ലക്ഷണം തേഷാം യദസാദ്ധ്യം സമീരിതം ൪൩

ഹൃദയത്തിലും ശരീരത്തിലും കുത്തിനോവ്, കഫം ഒലിക്കുക, കണ്ഠം പുകയുക, മോഹാലസ്യം, അന്നം, മദ്യം മുതലായവയിൽ ദ്വേഷം, ഛർദ്ദി, തലയ്ക്കു വേദന, തളർച്ച, ദേഹത്തിൽ എന്തോ പററിയിരിക്കുംപോലെ തോന്നുക, ഇവ പാനവിഭ്രമം എന്ന രോഗത്തിന്റെ ലക്ഷണമാണ്. ഇനിയും അസാദ്ധ്യമായ മദാത്യയത്തിന്റെ ലക്ഷണത്തെയാണ് അടുത്തശ്ലോകംകൊണ്ടു പറയുന്നത്.

അസാദ്ധ്യലക്ഷണം.

സഹീനോത്തരൗഷ്ഠം തഥാƒതിദാഹം
ചശീതം ഹി തൈലപ്രഭാസ്യം സഹിക്കം
ജ്വരഭ്രാന്തിഹൃല്ലാസവാന്ത്യാദിഭിസ്തു
തഥാ പാർശ്വശൂലേന കാസേന യുക്തം. ൪൪

സദന്തൗഷ്ഠജിഹ്വാസിതം വാപി നീലം
ച പീതാക്ഷമേവം ക്ഷതാഭാക്ഷമാശു
പ്രയാന്തം സഭാം ധർമ്മരാജസ്യ മത്യാ
നരേന്ദ്രാമസാഹായ്യമസ്മൈ പ്രദേയം. ൪൫

മേൽഭാഗത്തെ ചുണ്ട് ഹീനമായിരിക്കുക, വളരെ ചൂടോടും തണുപ്പോടുംകൂടി ഇരിക്കുക, മുഖത്തിന് എണ്ണയുടെ നിറമുണ്ടായിരിക്കുക, ഇക്കിൾ ജ്വരം തലച്ചുററൽ നെഞ്ചുരുക്കം ഛർദ്ദി പാർശ്വശൂലം (രണ്ടുവശത്തും വേദന) ചുമ ഇവയോടുകൂടിയിരിക്കുക, പല്ല് ചുണ്ട് നാക്ക് ഇവ കറുത്തോ നീലനിറത്തിലോ ഇരിക്കുക കണ്ണിനു മഞ്ഞനിറമോ രക്തനിറമോ ഉണ്ടാവുക, ഈ സ്ഥിതിയിൽ ഇരിക്കുന്ന മദാത്യയരോഗിയെ യമന്റെ സഭയെ പ്രാപിക്കുന്നവനെന്ന് അറിയണം. ഇപ്രകാരം ഇരിക്കുന്നവനായിക്കൊണ്ടും വിഷ്ണുവിന്റെനാമം ഉപദേശിച്ചു കൊടുക്കയല്ലാതെ വേറെ ഔഷധം ഒന്നും ഇല്ല.

പാനാത്യയാദികളുടെ ചികിത്സ.

അവിധിനാ പരിപീതമിദം മധു
പ്രകുരുതേ ബഹുരോഗഗണാനലം

പ്രഥമേ [illegible]
അത ഇവൈവ [illegible] രാൻ

മദ്യം വിധിയനുസരിക്കാതെ പാനം ചെയ്താൽ പല രോഗങ്ങളെ ഉണ്ടാക്കും. അതിനാൽ ഇവിടെ [illegible] മദ്യപാനത്തിനുള്ള വിധി തന്നെ നിരൂപിക്കപ്പെടുന്നു.

മദ്യപാനമാത്ര.

പലചതുഷ്കം ശുദ്ധതനുഃ പ്രഭാതേ
മദ്ധ്യാഹ്നകാലേ ദ്വിഗുണം തതസ്താൽ
സുസ്ഥിരധന്യോ [illegible]
പ്രദോഷകാലേ [illegible] ൩൦

ശുദ്ധതനുവായിട്ട് (വമനവിരേചനാനന്തരം) പ്രഭാതത്തിൽ മദ്യം രണ്ടു പലവും മദ്ധ്യാഹ്നകാലത്തിൽ അതിൽ ഇരട്ടിയും പ്രദോഷ (സായാഹ്ന) കാലത്തിൽ [illegible] പലവും വീതം ഉപയോഗിക്കണം.

മാധ്വീകാദിസുശീതളം [illegible] ഗ്രീഷ്മേ പിബേന്നിശി
ശീതേഷ്വാഷ്ണം [illegible] ശീതളേ
വർഷാസു [illegible]
പേയം സർവ്വം [illegible] ൩൧

ഗ്രീഷ്മകാലത്തിൽ രാത്രിയിൽ [illegible] ആയ മാധ്വീകാദി മദ്യവും ശീതകാലത്തിൽ ([illegible]) തീക്ഷ്ണമായ [illegible] (ചൂടുപിടിപ്പിച്ച് അരച്ചു ചേർത്തമദ്യമോ) പാനം ചെയ്യണം. [illegible] വസന്തകാലത്തിലും മദ്യം അല്പമായിട്ടേ പാനം ചെയ്യാവൂ. ഈ വർണ്ണിച്ചതായ കാലം രസായനയോഗ്യവും സുഖപ്രദവും ആയതാണെന്ന് ധരിച്ചുകൊള്ളണം.

സ്ഥിതാ വാമേ ശ്യാമാ [illegible]
സ്ഥിതാ സവ്യേ ചാഗ്രേ [illegible] ചഷകം പിശിതം
തഥാവീണാനാദൈസ്സഹ [illegible]
പിബേന്നിത്യം മദ്യം യദി ഭവതി വൈ ഭൈരവകൃപാ. ൩൨

യൗവനമദ്ധ്യസ്ഥയും [illegible] ആയിരിക്കുന്നവൾ വാമഭാഗത്തിൽനിന്ന് മദ്യം [illegible] പകർന്നുകൊടുക്കയും വലത്തുഭാഗത്ത് മുമ്പിൽ നിന്ന് നല്ലതുപോലെ പാകംചെയ്ത ആട്ടിൻമാംസം കൊടുക്കുകയും ചെയ്യണം. ഈ പ്രകാരംതന്നെ വീണാശബ്ദസ്വരത്തോടും സരസന്മാരായ കവികളാൽ സന്തോഷിപ്പിക്കപ്പെട്ട മനസ്സോടുകൂടിയും മദ്യം പാനംചെയ്താൽ ഭൈരവകൃപാ നിശ്ചയമായും ഉണ്ടാകും.

മദ്യപാനത്തിലുള്ള വിശേഷവിധി.

പുഷ്പിതലതോദ്യാനേഷു പ്രഗ്രഥപ്രത്യുദ്ധാങ്കുരൈർമ്മയൂര-
[illegible]ലാംഗിരീ[illegible]പിക[illegible]ലാപൈസ്തഥാ കൂജിതൈ-
ർവ്വീണാവീണാദിവാദ്യോദ്ഭവൈസ്സുസ്വനൈർദ്ദക്ഷിണാശാസ-
മീരൈർഫുല്ലപത്രാഢസ്ഥപ്രസാരൈശ്ശ്വാവൃക്ഷസംവൈശ്ശ-
[illegible]ലതാഭിർവ്വിശേഷേണ സംശോഭിതേ ചോ-
[illegible]
[illegible]പീയൂഷഭാനുപ്രകാശപ്രകാശീകൃതാ ചിത്രമാലാഭിരാ-
[illegible]ശീകരൈർഭഗ്നകഷ്ടപ്രചാരേ [illegible] ശൃംഗാരസംഭാരസം-
ഭൃതരത്നാഢ്യഭൂഷാവിരാജന്നവസ്ത്രീകരേണോപനീതം സ്വപാ-
ത്രസ്ഥിതം മാത്രയാതച്ഛമാംസോപദംശം പവിത്രം പിബേദ-
ത്രമദ്യം പ്രദോഷേഷു വിദ്യാനിന്നം സദാ വിധിർമ്മദ്യപാനേ
പ്രദിഷ്ടായഥോക്താമിമാം യേ വിധിം ത്യജ്യ മദ്യം പിബന്ത്യ-
ത്ര മൂഢാസ്തു തേഷാം തനൌ പാനജാതാ ഗദാ യേ തു തേഷാം വി-
നാശായ ശാസ്ത്രോദിതാ സച്ചികിത്സാ മയാ കഥ്യതേ സാമ്പ്രതം.

ലതകൾ പൂത്തുനിൽക്കുന്ന ഉദ്യാനങ്ങളോടുകൂടിയതും, ഗ്രന്ഥങ്ങളായി മുളച്ചുനിൽക്കുന്ന മുളകളാലും മയിൽ വണ്ട് വണ്ടോരം കോഴി മുതലായ പക്ഷികളുടെ സഞ്ചാരങ്ങളാലും കൂജിതങ്ങളാലും ഓടക്കുഴൽ വീണ മുതലായ വാദ്യങ്ങളുടെ ശബ്ദങ്ങളാലും തെക്കൻകാറ്റുകളാലും ഇലകളാകുന്ന ഹസ്തങ്ങൾ ഇളക്കുന്ന തരുനവൃക്ഷങ്ങളാൽ ആലിംഗിതകളായ ലതകളാലും ശോഭിതങ്ങളും, ചതുരന്മാരായ ശില്പികളാൽ നിർമ്മിക്കപ്പെട്ട കിളിവാതലുകളിൽകൂടി ഉള്ളിലേക്ക് പ്രവേശിക്കുന്ന ചന്ദ്രരശ്മികളാലും വിചിത്രമാലകളാലും ജലബിന്ദുക്കളാലും തണ്ണിർദാഹത്തെ നശിപ്പിക്കുന്നതും ആയ മാളികകളിൽ ഇരുന്ന് ശൃംഗാരചേഷ്ടകളാലും രത്നാഭരണങ്ങളാലും ശോഭിക്കുന്ന യുവതികളാൽ സ്വഹസ്തങ്ങൾകൊണ്ട് കൊണ്ടുവരപ്പെട്ടതും ശുദ്ധപാത്രത്തിൽ ഇരിക്കുന്നതും മാത്രയനുസരിച്ചുള്ളതും കറികളോടുകൂടിയതും ശുദ്ധവും ആയ മദ്യത്തെ സായാഹ്നത്തിൽ, പാനംചെയ്യണം. ഇങ്ങനെ മദ്യപാനത്തിനുള്ള വിധി ഇവിടെ നിർദ്ദേശിക്കപ്പെട്ടു. ഈ സദ്വിധിയെ ഉപേക്ഷിച്ച് മദ്യം പാനംചെയ്യുന്ന മൂഢന്മാർക്ക് മദ്യപാനജാതങ്ങളായ രോഗങ്ങൾ ഉണ്ടാകും. ആ രോഗങ്ങളുടെ വിനാശത്തിനായിട്ട് മറ്റുശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള ചികിത്സ ഇവിടെ പറയപ്പെടുന്നു.

വാതപാനാത്യയ ചികിത്സ.

സൌവച്ചലം വ്യോഷയുതം ത്രു കിഞ്ചിൽ
ജലാന്വിതം ജീർണ്ണമദ്യായ മദ്യം
തദ്വാതപാനാത്യയനാശനായ
ദേയം ബുധൈശ്ശാസ്ത്രവിദോവദന്തി. ഘര

മദ്യത്തിൽ തുവർച്ചിലക്കാരം ചുക്ക മുളക തിപ്പലി, ഇവപൊടി
ച്ചിട്ട് കുറച്ചുവെള്ളവും ചേർത്ത് മദ്യം മാറിച്ചതിന്നശേഷം കൊടുക്ക
ണം. എന്നാൽ വാതപാനാത്യയം എന്നരോഗം ശമിക്കും.

സന്മാതുളുങ്ഗാമ്ലസുദാഡിമീഭിഃ
പാനാനിവാജാംഗലജാൻ രസാംസ്തു
സ്നിഗ്ദ്ധോഷ്ണഭ്രതാംല്ലവണാംസ്തഥൈവാ
വാതോത്ഥപാനാത്യയനാശനായ.

മാതളനാരങ്ങ പുളി താളിമാതളം ഇവയുടെ രസം പാനംചെ
യ്യുകയും, സ്നിഗ്ദ്ധങ്ങളായും ഉഷ്ണങ്ങളായും ഇരിക്കുന്ന ജാംഗലമാംസരസ
ങ്ങളെ ഉപയോഗിക്കയും അപ്രകാരം ലവണങ്ങളെ ഭക്ഷിക്കയും
ചെയ്താൽ വാതപാനാത്യയം നശിക്കും.

പിത്തപാനാത്യയ ചികിത്സ.

വടശൃംഗഹിമംറിമം പിബേ
ദഥപിത്തോത്ഥമദാത്യയാപഹം
സസിതം സമധു തത്ര ....
കിയദേവ്യവഹി മദ്യമനാപഹം. ഘന
സസിതം ചഹിമം പരൂഷകാ
മലഖാർജ്ജുരചഗോസ്തനീയുതം
അപഹന്തി ച പിത്തസംഭവം
ഖലുപാനാത്യയമേവ സേവിതം. ഘൈ

പേരാലിൻമൊട്ട് ചന്ദനം ഇവ അരച്ച് തണുത്തജലത്തിൽ
സേവിച്ചാലും, ദിവസംതോറും മദ്യം പഞ്ചസാരയും അല്പം ജലവും
ചേർത്തുസേവിച്ചാലും, ചന്ദനം പരൂഷകഫലം നെല്ലിക്ക ചിററീന്ത
ലിൻവേര് മുന്തിരിങ്ങാപ്പഴം ഇവ അരച്ച് തണുത്തവെള്ളത്തിൽ ക
ലക്കി പഞ്ചസാരചേർത്ത് സേവിച്ചാലും, പിത്തപാനാത്യയംശമിക്കും.

കഫപാനാത്യയ ചികിത്സ.

മദാത്യയേകഫോത്ഥിതേപുനഃപുനസ്തദേവവാ
പിബൻ ഭൃശംവമൻ സുഖംലഭേദലംനിരന്തരം. ഘേ

അഷ്ടാംഗലവണം.

ഏലാതഴങ്മരിചാദിഭിർദ്വിഗുണിതം സൌവർച്ചലം ജീരകം
വൃക്ഷാമ്ലം ച തഥാമ്ലവേതസമഥോപൈണ്ഡം ഭാഗോന്മിതാ
അഷ്ടാംഗംലവണം തദൈവദഹനംസന്ദീപയേൽ ഭക്ഷിതം
തദ്വദ്വാകഫജംമദാത്യയമഥോ നിശ്ശേഷയത്യേവഹി. ഘൻ

കഫജമായ മദാത്യയത്തിൽ മദ്യംതന്നെ കൂടക്കൂടെ കുടിച്ചിട്ട് ഛർ
ദ്ദിപ്പിച്ചാൽ സുഖമുണ്ടാകും. ഏലം ഇലവർങ്ങം നല്ലമുളക് ഇവ ഓ
രോ കഴഞ്ച്, തുവർച്ചിലക്കാരം ജീരകം പുളിവേരിൻ മേലേത്തൊലി
തൈരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ ഈരണ്ടുകഴഞ്ച് കല്ലുപ്പ് (പഞ്ച
സാര) ഒരു കഴഞ്ച് ഇവ പൊടിച്ച് സേവിച്ചാൽ അഗ്നിമാന്ദ്യം
കഫമദാത്യയം ഇവ ശമിക്കും.

ത്രിദോഷമദാത്യയ ചികിത്സ.

യദാസങ്കരേ സങ്കരോ ശംകരോത്യേ
വ നോ ചേൽപരിത്യജ്യമദ്യം ച ദുഗ്ദ്ധം
നിഷേവേൽകഫക്ഷീണ്യദൌർബല്യനാശേ
ന്യഥാനോഭജേൽ കാപി കിഞ്ചിദ്വിരുദ്ധം.

സന്നിപാതജമായ മദാത്യയത്തിൽ മുൻപറഞ്ഞ ചികിത്സകളു
ടെ സങ്കരം ശമ്മിനെ (സുഖത്തെ) ചെയ്യുന്നില്ല എങ്കിൽ മദ്യത്തെ
ഉപേക്ഷിച്ചിട്ട് പാലുസേവിക്കണം. എന്നാൽ കഫക്ഷയവും ദൗർബ്ബ
ല്യവും നശിക്കും. വിരുദ്ധമായ ഒന്നും ഒരിക്കലും സേവിക്കരുത്.

ഫലത്രികംമാക്ഷികസംയുതം നിശി
ഗുഡാർദ്രകം ചൈവതഥോഷസി ധ്രുവം
വിമൂർഛരിതോയസ്തുമദാന്വിതോ ഭജേൽ
സകാമലോന്മാദഗദാന്വിതോപി ച. ഘഫ

രാത്രിയിൽ ത്രിഫലപൊടിച്ച് തേനിൽ സേവിക്കയും പ്രഭാത
കാലത്തിൽ ഇഞ്ചിയും ശർക്കരയുംകൂടി ചവച്ചുതിന്നുകയും ചെയ്താൽ
മൂർഛ കാമില ഉന്മാദം ഇവ ശമിക്കും.

പാനാത്യയം സപ്തദിനാനി യാവൽ
വജീർണ്ണമുദ്ധ്യം ഭജതേഹി പാനം
നാശായതസ്യൈവവിമാർഗഗസ്യ
ശ്ലേഷ്മോപനാശോക്തവിധിഃപ്രദിഷ്ടഃ. ഘഛ

പാനാത്യയം എന്ന രോഗം ഏഴോ എട്ടോ ദിവസംകൊണ്ട്
ശമത്തെ പ്രാപിച്ചില്ലെങ്കിൽ പാനം അജീർണ്ണമാണെന്ന് നിശ്ചയി

ച്ച് വിമാർഗ്ഗഗമായ അതിന്റെ നാശത്തിനായിട്ട് കഫനാശകമായി പറയപ്പെട്ടിട്ടുള്ള വിധിയെ ചെയ്യണം.

മദനകങ്ങളായ മറ്റുവസ്തുക്കളെ ഭക്ഷിച്ചുണ്ടാകുന്ന
മദത്തിന്റെ ചികിത്സ.

കുസുമഫലാജനീരം പീതമേകം [illegible]
ശമയതിമദമുഗ്രം കോദ്രവാണാം തഥൈവ
പ്രബലമദമഥോ [illegible]
[illegible] ൩൩

കുമ്പളങ്ങയുടെ നീരിൽ ശർക്കര ചേർത്തു സേവിച്ചാൽ വരക ഭക്ഷിച്ചുണ്ടായ മദം ശമിക്കും. ഉമ്മത്തിൻകുരു ഭക്ഷിച്ചുണ്ടാകുന്ന പ്രബലമദം ശമിക്കുന്നതിന് [illegible] ചേർത്തു സേവിക്കണം.

വൃന്താകവൃന്തസ്വരസോ നിഹന്യാൽ
ധത്തൂരബീജോത്ഥമദം തഥൈവ
അർക്കാപീതസ്തു [illegible]
[illegible] ൩൪

ഉമ്മത്തിൻകുരു ഭക്ഷിച്ചുണ്ടാകുന്ന മദത്തിന് തക്കാരിവഴുതിനങ്ങയുടെ ഞെട്ടിയുടെ സ്വരസവും സേവിക്കാം. തണുത്ത ജലം നിറയെ പാനം ചെയ്താൽ [illegible] ഭക്ഷിച്ചുണ്ടാകുന്ന മദംശമിക്കും.

വിജയതേവിജയാ [illegible]
സകല [illegible]
[illegible]
വമനശീതളവസ്തു [illegible] ൩൫

കഞ്ചാവുതിന്നുണ്ടാകുന്ന മദത്തിന് [illegible] നല്ലതാണ്. കറുപ്പ് മുതലായവ തിന്നിട്ടുണ്ടാകുന്ന മദത്തിന് ഛർദ്ദിപ്പിക്കയും ശീതളവസ്തു ഉപയോഗിക്കയും ചെയ്യണം.

[illegible]
മദംനയാതിമദ്യജം [illegible] ൩൬

നെയ്യിൽ പഞ്ചസാരകുഴച്ച് പാനം ചെയ്താൽ വളരെ വീര്യമുള്ള മദ്യം കുടിച്ചാലും മദം ഉണ്ടാവുകയില്ല.

ജലസ്നാതഃ സ്രഗ്വി [illegible]
സഭക്തംവാരാത്രൌസംഖാനമധുകൈലാഗദയുതം

സധാന്യൈലാവാലുപ്രയുതകബളം യസ്തു മുഖേ
ദധാനസ്തൽഗന്ധം പ്രജഹതി ച പുനഃ കാസ്തി ച മദഃ ൩൭

രാത്രിയിൽ തണുത്ത ജലത്തിൽ കുളിച്ച് മാലകളുമണിഞ്ഞ് കർപ്പൂരം ദേഹത്തിൽ തേച്ച് ശരീരത്തിന് സൌരഭ്യമുണ്ടാക്കി മുത്തങ്ങ അതിമധുരം ഏലത്തരി കൊട്ടം ഇവ പൊടിച്ചു ചേർത്തതോ അല്ലെങ്കിൽ കൊത്തമ്പാലയരി ഏലാവാലുകം ഇവ ചേർത്തതോ ആയ കബളത്തെ വായിൽധരിച്ചാൽ മദ്യത്തിന്റെ ഗന്ധംപോലും ഉണ്ടാകയില്ല. പിന്നെന്തല്ലെമദം?

സൌഗന്ധികകജ്ജലീംനരസ്സസിതാം [illegible]
പിബതീറമധുപ്രപാനജാനപഹന്യാദഖിലാൻഗദാംസ്തു സഃ. ൩൮

സൌഗന്ധികങ്ങളുടെ കജ്ജളം നെല്ലിക്കാനീരിൽകലക്കി പഞ്ചസാരയുംചേർത്തു പാനംചെയ്താൽ മധുപാനത്താൽ ഉണ്ടായ സകല രോഗങ്ങളും ശമിക്കും.

ദാഹചികിത്സയിൽ
മദ്യജദാഹനിദാനവും ചികിത്സയും.

രക്തപിത്തമൂർഛിതേന [illegible]
മദ്യപാനതോദ്ഗതേന ദാഹരോഗ [illegible] ൩൯

മദ്യപാനത്താൽ കുപിതമായിരിക്കുന്ന കായാഗ്നി രക്തപിത്തത്താൽ മൂർഛിച്ചു ത്വക്കിൽ പ്രാപിച്ചിട്ട് ദാഹരോഗത്തെ ഉണ്ടാക്കുന്നു

ഭിഷക്തത്രപിത്തവന്നിയോജയേച്ചഭേഷജം
പുരാണധാന്യമുദ്ഗകാൻ സിതാപയശ്ച ശീതളം. ൧

മദ്യജദാഹരോഗത്തിൽ പിത്തത്തിനുള്ള ചികിത്സചെയ്യണം. അതുകൂടാതെ പഴകിയ ധാന്യവും ചെറുപയറും പഞ്ചസാരചേർത്തു ശീതളമായ പാലും ഉപയോഗിക്കണം.

ശതധൌതഘൃതേന മാനവോ
ബഹുധാഭ്യഞ്ജനമാചരേത്തഥാ
യവസക്തുകകോലദാഡിമാ
മലകാമ്ലാൻ [illegible] ൨

വളരെപ്രാവശ്യം കടഞ്ഞെടുത്തനെയ്യുകൊണ്ട് അഭ്യഞ്ജനംചെയ്യണം. വറുത്തുപൊടിച്ച യവം ലന്തക്കുരുപ്പരിപ്പ് താളിമാതളം നെല്ലിക്ക വാളൻപുളി ഇവയേയും മദ്യജദാഹത്തിൽ ഉപയോഗിക്കണം.

തഥാരനാളാർദ്രസുവാസസൈവ
സംഛാദയേദ്ദാഹയുതസ്യ ചാംഗം

സമസ്തമുച്ചൈഃ പരിവീജയേത്തം
താലസ്യവൃന്തേന ച ചന്ദനാക്തം. ൧൨

ദാഹയുക്തനായവൻെറ അംഗംമുഴുവനും ചന്ദനച്ചാറുപുരട്ടി കാടിയിൽ മുക്കിയ ആർദ്രവസ്ത്രംപുതച്ച് വിശറികൊണ്ട് കടുക്കെ വീശുകയും വേണം.

രക്തജദാഹലക്ഷണം.

സകലതനുഗമേവോദ്രിക്തരക്തം നരാണാം
ദഹതി ചഖലു ബാഹ്യാഭ്യാന്തരേണൂപ്രകാമം
അപിബതഖലുസോയം ചൂഷ്യതേത്യന്തേവാ.
രുധിരനയനദേഹോ ലോഹഗന്ധപ്രവക്ത്രഃ. ൧൩

ശരീരമാസകലം വ്യാപിച്ചിരിക്കുന്നരക്തം വർദ്ധിച്ച് ബാഹ്യഭാഗത്തേയും അന്തർഭാഗത്തേയും ദഹിപ്പിക്കുന്നു. അതിനാൽ മനുഷ്യൻ വേദനയെ അനുഭവിക്കയും ഭയപ്പെടുകയും ചെയ്യുന്നു. അവൻെറ നേത്രവും ശരീരവും രക്തവർണ്ണമായിത്തീരുകയും ശരീരത്തിലും മുഖത്തിലും ഇരിമ്പിൻെറ ഗന്ധം ഉണ്ടാവുകയും ചെയ്യും.

പിത്തജദാഹലക്ഷണം.

രക്തജോക്തസമം പിത്തസംഭവേപലുലക്ഷണം
ഭേഷജം ച തയോസ്തുല്യമന്യൽ സർവ്വം തു പൂർവ്വവൽ. ൧൪

പിത്തജമായ ദാഹത്തിന് രക്തജദാഹത്തിനുള്ള ലക്ഷണങ്ങൾ എല്ലാം ഉണ്ടായിരിക്കും. അവയ്ക്കുരണ്ടിനും ചികിത്സയും ഒരുപോലെയാണ്. ശേഷമെല്ലാം മുൻപു പറഞ്ഞപോലെ ധരിച്ചുകൊള്ളണം.

തൃഷ്ണ തടുത്താലുണ്ടാകുന്ന ദാഹം.

ക്ഷീണേƒംബ്ധാതൌ ചാഥതൃഷ്ണാനിരോധാ-
ത്തേജോവൃദ്ധം ചാന്തരേവാ ബഹിർവാ
ദാഹംകുര്യാത്തത്രശുഷ്കാസ്യകണ്ഠോ
ജിഹ്വാംകൃത്വാ വാ ബഹിർവ്വേപതേƒസൌ. ൧൫

തൃഷ്ണതടുക്കുകയാൽ അബ്ധാതുക്ഷീണിക്കുകനിമിത്തം പിത്തത്തിൻെറ ഊഷ്മാവ് വർദ്ധിച്ച് അന്തർഭാഗത്തിലും ബഹിർഭാഗത്തിലും ദാഹത്തെ ചെയ്യും. അതിനാൽ ആസ്യകണ്ഠങ്ങൾക്ക് ശുഷ്കതയുണ്ടാകും. നാക്കു വെളിയിൽ കാണിച്ച് വിറയ്ക്കുകയും ചെയ്യും.

രുധിരപൂരിതകോഷ്ഠജ ഏവയോ
ദഹതുരസ്തി ച ദുസ്സഹ ഏവ സഃ
അഥ ച ധാതുവിനാശഭവേ നരോ-
തൃഷിത ഏവ മുഹുഃ പരിമൂർച്ഛതി. ൧൬

ക്രിയാഹീനഃ ക്ഷാമസ്വരഇഹഭൃശം പീഡിതതനുർ-
ഹ്യഥോമർമ്മാഘാതപ്രഭവദഹഥൌ ചാമൃതമപി
പിബന്നേവ പ്രായോപ്രജതിയമരാജസ്യഭവനം
തഥാന്യേശീതാംഗപ്രജയുതജനാസ്സംപ്ലസുഭൃശം. ൧൭

ശസ്ത്രപ്രഹരത്താൽ രക്തം കോഷ്ഠത്തിൽ നിറയുകയാൽ ഉണ്ടാകുന്ന ദാഹം ഏററവും ദുസ്സഹമായിരിക്കും. ധാതുക്ഷയജമായ ദാഹത്തിൽ തണ്ണീർദാഹം നിമിത്തം കൂടെക്കൂടെ മൂർച്ഛിക്കും. യാതൊരു ചേഷ്ടയും ഉണ്ടായിരിക്കയില്ല. സ്വരം ക്ഷയിക്കും. ഏററവും ശരീരപീഡയുണ്ടായിരിക്കയും ചെയ്യും. മർമ്മാഘാതത്താലുണ്ടാകുന്ന ദാഹത്തിൽ അമൃതുകുടിച്ചാലും ജീവിക്കയില്ല. ഏഴു വിധമുള്ള ദാഹരോഗങ്ങളിലും അംഗങ്ങൾക്കു തണുപ്പുണ്ടായാൽ അതൊക്കെയും അസാദ്ധ്യങ്ങൾ തന്നെയാണ്.

ദാഹങ്ങളുടെ ക്രമേണയുള്ള ചികിത്സ.

രസൈർജാംഗലൈസ്തൃപ്ത ദേഹസ്യശാഖാ-
ശ്രയാം രോഹിണീംവേധയേദൈചഭ്രുപഃ
സിരാം രക്തജസ്യാശു നാശായ നൂനം
യഥാന്യായമേവം ച ദാഹസ്യ പുംസഃ ൧൮

രക്തജമായ ദാഹത്തിൻെറ നാശത്തിനായിക്കൊണ്ട് ജാംഗലമാംസരസങ്ങളാൽ തൃപ്തദേഹനായ നരൻെറ ശാഖകളിൽ ആശ്രയിച്ചിരിക്കുന്ന രോഹിണി എന്ന ഞരമ്പിനെ വേധിക്കണം.

തൃഷ്ണ തടുത്തുണ്ടാകുന്ന ദാഹത്തിൻെറ ചികിത്സ.

യഥേഷ്ടമംഭഃ പരിപീയവിദ്വാൻ
ദുഗ്ദ്ധം തഥാ വാ രസമിക്ഷുജാതം
സുശർക്കരാംഭശ്ച യഥോക്തമന്യ-
ത്തൃഷ്ണാനിരോധോത്ഥഗദാദ്വിമുച്യേൽ. ൧൯

ഇഷ്ടംപോലെ ജലമോ പാലോ കരിമ്പിൻനീരോ പഞ്ചസാര കലക്കിയ ജലമോ ശാസ്ത്രോക്തമായ അന്യമോ പാനം ചെയ്താൽ തൃഷ്ണ തടുത്താലുണ്ടാകുന്ന രോഗം ശമിക്കും.

രക്തപൂർണ്ണകോഷ്ഠജമായ ദാഹത്തിൻെറ ചികിത്സ.

സകലമസിതമംഗം യസ്യ പാദായുധസ്യ
മുഖമലമഥബദ്ധ്വാ തസ്യ കൂപോദരോധോ
പരിപിബതിനരോയഃ പാചിതസ്യാശുനീരം
സതുഭവതി വിമുക്തോ രക്തകോഷ്ഠോത്ഥദാഹാൽ. ൨൦

ദേഹവും മുഖവുമെല്ലാം കറുത്തിരിക്കുന്ന കോഴിയെ കിണററി.

ലെ ജലത്തിൽ പചിച്ച് അതിന്റെ ജലം പാനംചെയ്താൽ രക്തകോപത്താലുണ്ടായ ദാഹം ശമിക്കും. (ഏറ്റവും ആവശ്യമുള്ള സൂപ്പുവച്ചുകുടിക്കണം എന്നു സാരം.)

ദാഹങ്ങളുടെ സാമാന്യ ചികിത്സ.

സേവ്യലോദ്ധ്രഫലിനീകടന്നടാൻ
നാഗപുഷ്പജലസംയുതാൻ ഭിഷക്
കാലികാഫലരസേന പേഷിതാൻ
ലേപയേദ്രവഥുനാശനായവൈ. ൮൨

രാമച്ചം പാച്ചോറ്റിത്തൊലി താഴമ്പൂവ് ചെറുകുറുന്തോട്ടി നാഗപ്പൂവ് ഇരുവേലി ഇവയെല്ലാംകൂടി ചെറുനാരകത്തിൻകായുടെ നീരിൽ അരച്ചു തേച്ചാൽ ദാഹം (സർവ്വാംഗസന്താപം) ശമിക്കും.

ഹ്രീബേരപത്മകജലാംബുഭിരേവപൂർണ്ണാം
സോശീരചന്ദനസുവാസിതശീതളാം ച
ദ്രോണീം നരസ്സമവഗാഹ്യ സദാ സദാഹം
ഹന്യാജ്ജ്വരം ഭവഭയം ച യഥൈവ ഗംഗാ. ൮൩

ഇരുവേലി പത്മകം രാമച്ചം ചന്ദനം ഇവ ഇട്ടു വാസനവരുത്തി തണുപ്പിച്ച വെള്ളം നിറച്ചിട്ടിരിക്കുന്ന തോണിയിൽ അവഗാഹനംചെയ്താൽ, ഗംഗാസ്നാനത്താൽ സംസാരഭയം നശിക്കുന്നതുപോലെ സർവ്വാംഗസന്താപവും ജ്വരവും ശമിക്കും.

ശിശിരപങ്കജപങ്കജമാലതീ-
പ്രഭവപുഷ്പഭവം ച ധരാബ്ജജം
ജലമലം ജലനിർഝരയന്ത്രഗം
ദഹതി ദൂരതരോ ജ്വരദാഹജം. ൮൪

ചന്ദനച്ചാറ് താമരപ്പൂവ് പിച്ചകപ്പൂവ് പനിനീർ ചെമ്പകപ്പൂവ് ഇവയുടെ ജലം ജലനിർഝരയന്ത്രത്തിലാക്കി അതിന്റെ സേചനമേറ്റാൽ ദാഹത്താൽ ഉണ്ടായിട്ടുള്ള ഉപദ്രവം ശമിക്കും.

മദനഫലജഫേനം കന്ദലം ച ത്വചാ-
തരുജമഥ ച പിഷ്ടം നിംബപത്രോത്ഥഫേനം
ഹരതി ദവഥുമുച്ചൈർല്ലിപ്തമംഗേഷു സമ്യഗ്
ജ്വരധൃതമഥവാ വാ കാംസ്യപാത്രം സനീരം. ൮൫

മലങ്കാരയ്ക്കായുടെ പത വാഴമാണം വേപ്പിലയിൽനിന്നുണ്ടായ പത ഇവയെല്ലാംകൂടിയരച്ച് ദേഹത്തു കനക്കെ തേയ്ക്കുകയോ, ഓട്ടുപാത്രത്തിൽ വെള്ളം നിറച്ച് വയറ്റത്തു ധരിക്കുകയോ ചെയ്താൽ കഠിനമായ സർവ്വാംഗസന്താപം ശമിക്കും.

വാപീ കഞ്ജസുഗന്ധശീതളജലാ ധാരാഗൃഹാ നിർമ്മലാഃ
കാന്താശ്ശ്ലാരദപൂർണ്ണചന്ദ്രവദനാസ്താരുണ്യദർപ്പാന്വിതാഃ
ശ്രീഖണ്ഡാംബ്ധിസുതാർദ്രപീവരകുചാ ഗംഭീരനാഭിഹ്രദാ
ദാഹാധിപ്രശമായ വൈദ്യധരണീപാലൈഃ പുരാ വർണ്ണിതാഃ.

താമരപ്പൂവിനാൽ സുഗന്ധിയും ശീതളവും ആയ ജലത്തോടുകൂടിയവാപികളും, നിർമ്മലങ്ങളായ ധാരാഗൃഹങ്ങളും, ചന്ദനം കർപ്പൂരം ഇവയാൽ ആർദ്രവും തടിച്ചതും ആയ സ്തനങ്ങളോടും ഗംഭീരമായ നാഭിയോടും കൂടിയ നല്ല യൌവനത്തിലുള്ള ശരച്ചന്ദ്രമുഖിമാരും ദാഹപ്രശമത്തിനുള്ള ഔഷധങ്ങളാണ്.

കുശാദ്യതൈലഘൃതങ്ങൾ.

കുശകാശശരേക്ഷുശാലിമൂലൈ-
സ്സമതീധാവനികാവിഷാണികാഭിഃ
അപി ജീവകസംയുതം ശൃതം വാ
സുഘൃതം തൈലമഥാപി ദാഹഹൃൽ. ൮൬

കുശവേര് ആറ്റുദർഭവേര് അമ്പൊട്ടലിൻവേര് കരിമ്പിൻവേര് ചെന്നെല്ലിൻവേര് മൂവിലവേര് ഓരിലവേര് അട്ടക്കൊട്ടിപ്പാല ജീവകം ഇവ അരച്ചു കലക്കി കാച്ചിയെടുത്ത ഘൃതവും തൈലവും ദാഹത്തെ ശമിപ്പിക്കും.

ഉന്മാദാധികാരം.

ഏകൈകശശ്ചാപ്യഥ സർവ്വശശ്ച
ദോഷൈരത്യുൽബണമൂർച്ഛിതൈശ്ച
ദുഃഖേന തദ്വൽ ബലമാനസേന
സ്യാൽപഞ്ചമോന്യോ വിഷജശ്ച ഷഷ്ഠഃ. ൮൭

ഏറ്റവും വർദ്ധിച്ചതായ വാതാദിദോഷങ്ങൾ ഓരോന്നു കോപിച്ചും എല്ലാംകൂടി കോപിച്ചും മനോദുഃഖംകൊണ്ടും വിഷജമായും ഉന്മാദം ആറുവിധം ഉണ്ടാകും.

ഉന്മാദസംജ്ഞസ്തഥാ പ്രവൃദ്ധ-
സ്താരുണ്യമേ വാവഗതോ മദാഖ്യഃ
യഥാസ്വമത്ര പ്രഥിതം വിചാര്യ
ചികിത്സിതം സംവിദധീത വിദ്വാൻ. ൮൮

ഏറ്റവും വർദ്ധിച്ചിരിക്കുന്ന അവസ്ഥയിലാണ് ഉന്മാദം എന്നു പറയുന്നത്. വർദ്ധിക്കുന്നതിനുമുമ്പ് തരുണദശയിലായിരിക്കുമ്പോൾ ഇതിനു മദമെന്നു പറയുന്നു. അതുകൊണ്ട് ഇതിങ്കൽ വിദ്വാനായ വൈദ്യൻ വേണ്ടപോലെ വിചാരിച്ച് ചികിത്സ ചെയ്തുകൊള്ളണം.

ഉന്മാദയന്ത്യുത്ഥിതമുന്മാദോ ഭേദാ
ഹൃന്മാർഗ്ഗഗാശ്ചാഹ ഭയഹർഷശോകാഃ
വിഷാഭിശാപാദ്യഭിചാരദൃഷ്ട-
ഗ്രഹാദികാവേശഗുരുപ്രകോപാഃ. ൮൯

വാതാദിദോഷങ്ങൾ മൂന്നും വഴിതെറ്റി നടന്ന് മനസ്സിനെ വഹിച്ചിരിക്കുന്ന സിരകളെ പ്രാപിച്ച് ഉന്മാദത്തെ ഉണ്ടാക്കുന്നു. ഉന്മാദത്തിൽ ഭയം സന്തോഷം ശോകം ഇവയും, വിഷം അഭിശാപം അഭിചാരം ദുഷ്ടഗ്രഹാദി ഇവയുടെ ആവേശവും ഗുരുകോപവും കാരണങ്ങളായി ഭവിക്കുന്നു.

വിരുദ്ധം ദുഷ്ടം യദ്യദശുചി ന യോഗ്യം ഭജതിയഃ
സുഭോജ്യം മന്വാനസ്സുരദ്വിജഗുരുവിപ്രധിഡനീശം
സചോന്മാദീ നൂനം ഭവതി ഭയഹർഷാദിഭിരപി
പ്രദുഷ്ടം യസ്മാച്ചേതോ വ്രജതി വിഷമാം ചേഷ്ടിതമലം. ൯൦

വിരുദ്ധമായും ദുഷ്ടമായും അശുചിയായും യോഗ്യമല്ലാത്തതായും ഇരിക്കുന്നതിനെ നല്ലഭോജ്യമാണെന്നു വിചാരിച്ച് ഭക്ഷിക്കുക, ദേവന്മാർ ഗുരുക്കന്മാർ ബ്രാഹ്മണർ ഇവരെ ദേഷിപ്പിക്കുക ഇങ്ങനെയുള്ളവൻ ഉന്മാദിയായി ഭവിക്കും. അതുപോലെ ഭയഹർഷാദികളും ഉന്മാദത്തിനു കാരണമാകുന്നതാണ്. ഇപ്രകാരം ഇരിക്കുന്ന ഉന്മാദിയുടെ മനസ്സ് ദുഷിച്ചതായിത്തീർന്നിട്ട് വിഷമമായ ചേഷ്ടയെ പ്രാപിക്കും.

തസ്യൈവം വാല്പസത്വസ്യ ദോഷാഃ
പ്രാക് പ്രദുഷ്ടാനിവാസം
ബുദ്ധേസ്സംദൂഷ്യ ഹൃദയമപി മനഃ
സ്ഥാനഭൂതാനിയാനി
സ്രോതാംസ്യാസ്ഥായ താനിപ്രഭവതി വിഷമം
മോഹയന്ത്യാശു ചേതഃ
സോയം ധീരോപ്യധീരഃ പ്രഭവതി സഹസാ
ബുദ്ധിഹീനോഗ്രബുദ്ധിഃ. ൯൧

ഇപ്രകാരം അല്പബലനായ പുരുഷന്റെ മലസമൂഹങ്ങൾ മുൻപിൽ ദുഷിച്ചിട്ടു പിന്നീട് ബുദ്ധിയുടെ നിവാസമായ ഹൃദയത്തേയും മനസ്സിന്റെ സ്ഥാനഭൂതങ്ങളായ സ്രോതസ്സുകളേയും ദുഷിപ്പിച്ച് മനസ്സിനെ മോഹിപ്പിക്കുന്നു. അതുനിമിത്തം ആ നരൻ ധീരനാണെങ്കിലും ധൈര്യമില്ലാത്തവനായിട്ടും ബുദ്ധിഹീനനും ഭയങ്കരസ്വഭാവനുമായിട്ടു തീരുന്നു.

വാതോന്മാദലക്ഷണം.

രൂക്ഷാല്പശീതമൈഃ വിരേകവമനൈഃ സർവ്വിരേചനൈഃ
ധാതുക്ഷയോപവാസാഭ്യാം ച ക്രുദ്ധശ്ചാതിബലോനിലഃ. ൯൨

ചിന്താദിദുഷ്ടം ഹൃദയം സംപ്രദൂഷ്യതതഃപരം
ഹന്തിബുദ്ധിംസ്മൃതിം ചാപി ഹൃന്മാദയതി തദ്യഥാ. ൯൩

ഹസതിരോദിതിഗായതിനൃത്യതി
ക്ഷിപതിപാംശുമഥോ ബഹു ജല്പതി
പരുഷതാരുണതാഖിലദേഹതാ-
നിലജകാർശ്യമഥോബലജീർണ്ണതാ. ൯൪

രൂക്ഷങ്ങളായും അല്പങ്ങളായും ശീതങ്ങളായും ഇരിക്കുന്ന അന്നങ്ങൾ ഉപയോഗിക്കുക, പട്ടിണികിടക്കുക, വയറിളക്കുക, ധാതു ക്ഷയിക്കുക, ഈ കാരണങ്ങളാൽ വായു കോപിച്ച് ചിന്ത മുതലായവയാൽ ദുഷിച്ചിരിക്കുന്ന ഹൃദയത്തെ ദുഷിപ്പിച്ചതിനു ശേഷം ബുദ്ധിയേയും ഓർമ്മശക്തിയേയും നശിപ്പിക്കുന്നു. അതുകൊണ്ട് ഉന്മാദം ഉണ്ടാകുന്നു. അപ്പോൾ കാരണം കൂടാതെ ചിരിക്കുക, കരയുക, പാടുക, നൃത്തം ചെയ്യുക, അംഗത്തെ ക്ഷേപിക്കുക, വളരെ സംസാരിക്കുക, ഇവയുണ്ടാകും. ദേഹത്തിനു പരുഷത, അരുണവർണ്ണത്വം, ചടപ്പ്, ബലഹാനി ഇവയും കാണും. ഇത് വാതോന്മാദത്തിന്റെ ലക്ഷണമാണ്.

പിത്തോന്മാദ ലക്ഷണം.

അജീർണ്ണോഷ്ണകടപ്ലമ്ലദാഹ്യന്നഭോജ്യൈ-
ശ്ചിതം പിത്തമുഗ്രം തഥോദീർണ്ണവേഗം.
ഹൃദിസ്ഥം തഥാനാത്മകസ്യാശുകുർയ്യാ-
ദ്യഥോന്മാദസംജ്ഞം ഹി രോഗം സരോഗം. ൯൫

അമർഷാരിസംരംഭയുങ് നഗ്നഭാവാ
വിസംതർജ്ജനാഭിർദ്രവദ്ദുഷ്ടരോഷാഃ
സുശീതാന്നസച്ഛായശീതാംബുവാഞ്ഛാ
ഭവന്തീഹ പിത്തോദ്ഭവേ പീതവർണ്ണാഃ. ൯൬

ദഹിക്കാത്തവയും ഉഷ്ണങ്ങളും എരിവും പുളിയും ഉള്ളവയും വിദാഹിയും (ഉള്ളിൽ വേവുണ്ടാകുന്നവയും) ആയ അന്നഭോജ്യങ്ങളാൽ പിത്തം വർദ്ധിച്ച് ഉഗ്രമായി വേഗത്തിൽ ഹൃത്തിങ്കൽ സ്ഥിതമായിട്ട് അജിതാത്മാവായിരിക്കുന്നവനു ഉന്മാദരോഗത്തെ ഉണ്ടാക്കുന്നു. അപ്പോൾ ക്ഷമയില്ലായ്ക, നഗ്നഭാവം, ഭയപ്പെടുത്തൽ, ഓട്ടം

കോപം, ശീതമായ അന്നം തണൽ ശീതജലം ഇവയിൽ ആഗ്രഹം ദേഹത്തിന്നു മഞ്ഞനിറം, ഇവയും ഉണ്ടാകും. ഇതു് പിത്തോന്മാദത്തിന്റെ ലക്ഷണമാണ്.

കഫോന്മാദലക്ഷണം.

കഫശ്ചോഷ്മണാമാശയിൽപ്രാകൃപ്രവൃദ്ധ-
ശ്ചേതൽപൂരണൈശ്ചവദുഷ്ടചേഷ്ടിതാന്യ
സ്മൃതിം ഹന്തി ബുദ്ധിം ച ചിത്തം വിശേഷാൽ
പ്രമോഹം ന യേച്ചൈവമുന്മാദമുഗ്രം. ൯൮

വാക്‍ചേഷ്ടിതം മന്ദമരോചകശ്ച
വിവിക്തനാരീപ്രിയതാ ചനിദ്രാ
വാന്തിശ്ചലാലായതനാല്പഭോജ്യ-
നഖാദിശൗക്ല്യാനി കഫാത്മകേസ്യുഃ. ൯൯

ആദ്യമായി കഫം പിത്തത്തോടുകൂടി മർമ്മങ്ങളിൽ വ്യാപിച്ചു വർദ്ധിക്കുന്നു. ആ കഫപൂരണംനിമിത്തം മന്ദമായും ദുഷ്ടമായും ഇരിക്കുന്ന വ്യാപാരത്തോടുകൂടിയവന്റെ സ്മൃതിയും ബുദ്ധിയും നശിക്കുന്നു. വിശേഷിച്ചു മനസ്സിന് മോഹമുണ്ടാവുകയും ചെയ്യുന്നു. ഇങ്ങനെ ഉഗ്രമായ ഉന്മാദം ഉണ്ടാകും. വാഗ്വ്യാപാരം മന്ദമാകുക, അരുചി, വിജനത്തിൽ ഇരിക്കുന്നതിൽ ഇഷ്ടം, സ്ത്രീകളിൽ പ്രിയം, നിദ്ര, ഛർദ്ദി, ഈത്തൽ ഒലിക്കുക, അല്പമായി ഭുജിക്കുക, നഖാദികളിൽ വെളുപ്പു് ഇവ കഫോന്മാദത്തിന്റെ ലക്ഷണമാകുന്നു.

സന്നിപാതോന്മാദലക്ഷണം.

സർവ്വൈഃ സർവ്വൈർല്ലക്ഷണൈർഹേതുഭിശ്ച
തദ്വൽ സർവ്വാണ്യേവ രൂപാണിയസ്മിൻ
സോയം വർജ്യഃ സന്നിപാതോദ്ഭവോവൈ
വൈദ്യൈസ്സർവ്വൈർവൈദ്യശാസ്ത്രപ്രവീണൈഃ. ൨൦൦

സന്നിപാതോന്മാദത്തിന് സകല ഹേതുക്കളും എല്ലാ ഉന്മാദങ്ങളുടെ ലക്ഷണങ്ങളും ഉണ്ടായിരിക്കും. ഇതു് വർജ്യംതന്നെയാണെന്നു സകല വൈദ്യന്മാരും പറയുന്നു.

ആഗന്തുകോന്മാദം (ഭയോന്മാദലക്ഷണം.)

ചോരൈർഭ്രൂപതിഭൂതശത്രുഭയേകൃൽപ്രേതാദിസംത്രാസിതഃ
കോശാഗാരസുതാപ്തവൈഭവസുഖൈർഹീനോƒനിശംദുഃഖിതഃ
മന്ത്രാരാധനവിഘ്നിതോപിമതിമാനുന്മാദസംബാധിതഃ
കാര്യാകാര്യവിചാരശൂന്യഹൃദയോ വൈദ്യൈസ്സുഖംസാധ്യതേ. ൨൦൧

ചോരന്മാർ പേടിപ്പിക്കുക, രാജപുരുഷന്മാർ, ശത്രുക്കൾ, പ്രേതാദികൾ ഇവയിൽനിന്നു പേടിക്കുക, ധനം, ഭവനം, പുത്രൻ, ബന്ധു, അനുഭോഗസുഖം ഇവ നഷ്ടപ്പെടുക, മന്ത്രപാരായണം ദേവാരാധന, ഇവയ്ക്കു വിഘ്നമുണ്ടാകുക, ഈ കാരണങ്ങളാൽ ഉന്മാദരോഗം ബാധിച്ചു് ബുദ്ധിമാനായാലുംകൂടി കാര്യാകാര്യവിചാരമില്ലാത്തവനായിത്തീരും. ഈവിധമുള്ള ഉന്മാദരോഗിയെ നിഷ്പ്രയാസം ചികിത്സിക്കാം.

ഉന്മാദചികിത്സ.

സ്നേഹപാനമഥ വാതജേയഥാ
പ്രാഗ്‍വിരേകഇഹപിത്തജേതഥാ
ശ്ലേഷ്മജേതുവമനംയഥോദിതം
വസ്തിപൂർവ്വമഖിലം തു സർവ്വജേ. ൨൦൨

വാതജോന്മാദത്തിൽ ആദ്യം സ്നേഹപാനംപോലെ പിത്തജോന്മാദത്തിൽ വിരേചനവും കഫജോന്മാദത്തിൽ വമനവും (ഛർദ്ദിപ്പിക്കയും) ഹിതമാണ്. സന്നിപാതജോന്മാദത്തിൽ വസ്തിതുടങ്ങി ഈ എല്ലാ ചികിത്സകളും ചെയ്യണം.

വാരിവഹ്നിതരുശൈലദുർഗ്ഗമാ-
ദ്യന്യദുഷ്ടജനജന്തുസംഗമാൽ
പൂർവ്വമേവപരിരക്ഷ്യതാംസദാ
ഭേഷജൈശ്ചശമതാംനയേത്തതഃ. ൨൦൩

വെള്ളത്തിൽവീഴുക തീയിൽചാടുക, മരത്തിലോ മലയിലോ കയറുക, മുള്ളോ കല്ലോ കാടോ നിറഞ്ഞ ദുർഗ്ഗമാർഗ്ഗങ്ങളിൽ സഞ്ചരിക്കുക, ഉപദ്രവിക്കുന്ന ദുഷ്ടന്മാരുടെ ഇടയിൽ അകപ്പെടുക, ദുഷ്ടജന്തുക്കളോടു എടപെടുക, ഈ വക ആപത്തുകളിൽ നിന്നും ഉന്മാദരോഗിയെ ആദ്യംതന്നെ സൂക്ഷിച്ചുകൊള്ളണം. എന്നിട്ടുവേണം ഔഷധങ്ങൾ കൊടുത്തു ചികിത്സിക്കുവാൻ.

ദേഹദുഃഖജഭയാൽപരംഭയൽ
പ്രാണബാധജനകംഭയംമഹൽ
പ്രാണബാധകരഭീഷണൈരത-
സ്താഡനാദിഭിരമുംവശംനയേൽ. ൨൦൪

ദേഹദുഃഖജമായ ഭയത്തേക്കാൾ പ്രാണബാധയെ ജനിപ്പിക്കുന്ന ഭയമാണ് വലുതായിട്ടുള്ളതു്. അതിനാൽ പ്രാണബാധകരമായും ഭയങ്കരവും ആയ അടി മുതലായവകൊണ്ടു ഉന്മാദരോഗിയെ അനുസരിപ്പിക്കണം.

ഖഡ്ഗംസപ്തചതെവലിപ്ലവപുഷ്പംനീതചാ
തപേസ്ഥാപയേ-
ത്തപ്തൈഃസ്നേഹജലാദിഭിസ്തഥവരോവൈദ്യഃ
സ്പൃശേദാതുരം
സർപ്പൈരുദ്ധതദംഷ്ട്രിഭിസ്തഥഗജൈസ്സിംഹാ
ദിഭിസ്ത്രാസയേ-
ദ്ബന്ധംവാവിജനേഗൃഹേഖലുകശാഘാതൈർ
ദ്രഢംതാഡയേൽ. ൨൦൬

ഉന്മാദരോഗിയെ കെട്ടിയിട്ട് ദേഹത്തിൽ കടുകെണ്ണതേച്ച് വെയിലത്തിരുത്തുകയോ, എണ്ണ, ജലം മുതലായവ ചൂടുപിടിപ്പിച്ച് കോരിദേഹത്തിലൊഴിക്കുകയോ, ഉഗ്രദംഷ്ട്രങ്ങളായ ക്രൂരസർപ്പങ്ങൾ, ആനകൾ, സിംഹങ്ങൾ, ഇവയെ കാട്ടി പേടിപ്പിക്കയോ, ജനസഞ്ചാരമില്ലാത്ത വീട്ടിൽ ഒരു മുറിക്കകത്താക്കി അടച്ച് ചമ്മട്ടികൊണ്ടടിക്കയോ ചെയ്യണം. എന്നാൽ ശമനംവരും.

ആഗന്തുകോന്മാദചികിത്സ.

ഇഷ്ടാനിഷ്ടവിയോഗയോഗജനിതേരോഗം
വിയോഗംതഥാ
സ്മൃത്വാവൈദ്യവരസ്തവാഭിലഷിതം
മാക്ഷൈർനാൽസാധയേ
ദ്ബ്രൂയാൽസത്യമസത്യവൽ പ്രതിപദം ബ്രൂയുർ
ജനാസ്സാധകാ-
സ്സത്യംകിം?വരവൈദ്യപ്രതിഷ്ഠാജ്ഞാതം
വചോനോമൃഷാ. ൨൦൮

ഇഷ്ടവിയോഗംകൊണ്ടുണ്ടായ ഉന്മാദത്തെ ഇഷ്ടയോഗംകൊണ്ടും അനിഷ്ടയോഗംകൊണ്ടുണ്ടായ ഉന്മാദത്തെ അനിഷ്ടവിയോഗംകൊണ്ടും രോഗിയുടെ ഇഷ്ടം ചോദിച്ചറിഞ്ഞ്, വൈദ്യൻ സാധിക്കണം. രോഗിക്ക് സമാധാനത്തിനായി ഒട്ടൊക്കെ കള്ളം കലർത്തി വൈദ്യൻ പറയേണ്ടതുണ്ട്. ചികിത്സകന്മാർ അക്ഷരംപ്രതി സത്യംതന്നെ പറകയുണ്ടോ? ഇല്ലതന്നെ. മഹാവൈദ്യന്മാർ പറഞ്ഞാൽ അത് ഒരിക്കലും മിഥ്യയാകയില്ല.

സാമാന്യചികിത്സ.

ബ്രഹ്മീരസോ വാമധുകുഷ്ഠമിശ്രഃ
കൂശ്മാണ്ഡജോവാപ്യഥശംഖപുഷ്പ്യാഃ
ഷഡ്ഗ്രന്ഥികായാ അഥവാതദൈവാ-
പ്യുന്മാദനാശായപൃഥങ്നിപീതഃ. ൨൦൯

ബ്രഹ്മിയുടെയോ, കുമ്പളങ്ങായുടേയോ ശംഖുപുഷ്പത്തിന്റെയോ വെൺവയമ്പിന്റെയോ രസം കൊട്ടവും തേനുംകൂടിച്ചേർത്ത് സേവിച്ചാൽ ഉന്മാദം നശിക്കും.

ബ്രഹ്മീനീരംശംഖപുഷ്പ്യുഗ്രഗന്ധാ-
യുക്തംകുഷ്ഠസ്വർണ്ണബീജപ്രയുക്തം
പീതംശീതംഹന്തിചോന്മാദരോഗം
ഭൂതോന്മാദംചാപ്യപസ്മാരമുഗ്രം. ൨൧൦

ബ്രഹ്മിനീരിൽ ശംഖുപുഷ്പത്തിൻവേര് വയമ്പ് കൊട്ടം ഉമ്മത്തിൻകുരു ഇവ അരച്ചു ചൂടുപിടിപ്പിക്കാതെ ശീതമായി പാനംചെയ്യാൽ ഉന്മാദം ഭൂതോന്മാദം അപസ്മാരം ഇവ ശമിക്കും.

ജലകല്യാണഘൃതം.

ഗവാക്ഷ്യഗ്ര്യാകൌന്തീശിശിരഗദതാഹീനസഞ്ജ്ഞാഹതീ
പ്രിയംഗൈവാനീലോൽപ്പലകുടരോത്രിഭേദജലൈഃ
സ്ഥിരാ യുക്താനന്താരുണത്രിദശദാരു പ്രതിയുതൈഃ
പ്രസൂനൈർമ്മാലത്യാ അഭിനവതരൈർദ്രാഡിമഫലൈഃ. ൨൧൧

വിഡംഗൈലാവാലുപ്പയുതകലശീകേസരവൃഷാ-]
സമേതൈർവ്വൈർഗോപീയുഗളസഹിതൈഃകഷ്ഫുലിതൈഃ.
ചതുർഭാഗംനീരംഘൃതമപി ച പ്രസ്ഥോന്മിതമിദം
ശൃതംസിദ്ധംപഥ്യംഭവതിജലകല്യാണകമലം ൨൧൨

ക്ഷയോന്മാദേശോഷേ ജ്വരദഹനമാന്ദ്യേനിലഗദേ
കടീശൂലേകൃച്ഛ്രേപ്യഹിവിഷഹതേ പാണ്ഡുഗദജേ
പ്രമേഹേഭൂതോപാഹതസുമനസാംവായുരുധിര-
പ്രകോപേതാർത്തീയജ്വരകൃശതനൌയോജ്യമതുലം. ൨൧൩

പ്രതിശ്യായേകാസേപ്യഥതനുഗളകണ്ഡൂഗദയുതേ
പ്രശസ്തംവന്ധ്യാനാമപി ച നിയതംപുത്രജനകം
ദരിദ്രാണാംലക്ഷ്മീകരമിദമലംപുംസ്ത്വജനകം
ബലംബുദ്ധിംകാന്തിംസ്മൃതിമഖിലപാരോഷ്യകരതേ. ൨൧൪

കാട്ടുവെള്ളരിവേര്, ത്രിഫല, അരേണുകം, ചന്ദനം, കൊട്ടം, താലീസപത്രം, ചെറുവഴുതിനവേര്, താഴമ്പൂവ്, ഏലത്തരി, കരിങ്കൂവളക്കിഴങ്ങ്, ആമ്പൽകിഴങ്ങ്, മഞ്ഞളും മരമഞ്ഞളും, ഇരുവേലി, മൂവിലവേര്, കൊടിത്തൂവവേര്, പുന്നപ്പൂവ്, ദേവതാരം, പുതിയപിച്ചകപ്പൂവ്, താളിമാതളക്കായ്, വിഴാലരി ഏലാവാലുകം, ഓരിലവേര്, നാഗപ്പൂവ്, നാഗദന്തിവേര്, നറുനീണ്ടിരണ്ടും ഇവ മുമ്മൂന്നു കഴഞ്ചുവീതം നെയ്യിൽ നാലിരട്ടി വെള്ളത്തിൽ അരച്ചുകലക്കി ഇ-

ടങ്ങഴിനെയ്യും ചേൎത്തു കാച്ചുക. ഈ ജലകല്യാണകഘൃതം സേവിച്ചാൽ ക്ഷയം, ഉന്മാദം, ശോഷം, ജ്വരം അഗ്നിമന്ദ്യം, വാതരോഗം, അരക്കെട്ടിനു വേദന, മൂത്രകൃഛ്റം, വിഷം, പാണ്ഡുരോഗം, തലശ്ശൂല, പ്രമേഹം, ശ്രുതബാധ, വായുരോഗം, രക്തരോഗം, തൃതീയ കജ്വരം, പീനസം, ചുമ, ചൊറിച്ചില് ഇവ ശമിക്കും. കൃശശരീരമുള്ളവന്ന് ഹിതമാണ്. പ്രസവിക്കാത്ത സ്ത്രീകൾ പ്രസവിക്കും. ദരിദ്രന്മാൎക്ക് സമ്പത്തുവൎദ്ധിക്കും. പുരുഷത്വം സിദ്ധിക്കും. ബലം, ബുദ്ധി, കാന്തി, പഠിക്കുന്നതിന്ന് ഓൎമ്മ ഇവയും ഉണ്ടാകും.

സുമനാദിഘൃതം.

സുമനാഃസുമനാംനിനിശായുഗളം
സ്ഥിരയാനളദംശിശിരംസഘനം
ഘനസാരപ്രിയംഗുവിഡംഗവരി
ബദരാമലകീജലജംസജലം
ജലമംബുരുഹംസകലം വിധിവൽ
സംഘൃതംസുമനാദിശ്രുതം(?)
ശ്രുതഭ്രമിജവാരിജവാരിസുസംഹിതം-
മാശ്രുമദനാഗദഹൃൽപ്രബലം. ൧൦൯

പിച്ചകപ്പൂവ്, മഞ്ഞൾ മരമഞ്ഞൾ, ഓരിലവേര്, രാമച്ചം, ചന്ദനം, മുത്തങ്ങാക്കിഴങ്ങ്, കൎപ്പൂരം, ഞാഴൽപ്പൂവ്, വിഴാലരി, ശതാവരിക്കിഴങ്ങ്, ലന്തക്കുരു, നെല്ലിക്കാനീര്, ഇരുവേലി, താമരപ്പൂവ് ഇവ അരച്ചു വളമിട്ടളന്നതിൽ ഉണ്ടായ താമരയുടെ കഷായത്തിൽ കലക്കി നെയ്യുംചേൎത്ത് വിധിപോലെ കാച്ചിഎടുക്കുക. ഈ സുമനാദിഘൃതം പ്രബലമായ ഉന്മാദത്തെ നശിപ്പിക്കും.

പൈശാചികഘൃതം.

ശതാവരീഛിന്നരുഹാജടാഭിഃ
ഛത്രാതിഛത്രാകടുരോഹിണീഭിഃ
കടംഭരീചോരകപൂതനാഭിർ-
വീരാജയാചാരടികാവരാഭിഃ. ൧൧൦

പലംകഷാഗ്രാജടിലാസ്ഥിരാഭിർ-
വരാഹകന്ദാസഹിതാഭിരാഭിഃ.
ഘൃതംപചേദ്ഭിന്നസമാനവൎണ്ണാ
പൎണ്ണ്യാജയന്ത്യാപൃഥകീശണീഭൈഃ. ൧൧൧

സംസാധിതംവൈദ്യവരൈൎഘൃതംതു
പൈശാചികംനാമമുഗധിതായ

സത്രായമാനംസ്മൃതിബുദ്ധിമേധാ-
കാന്തിപ്രദംബാലഗദഘ്നമുക്തം. ൧൧൨

ഉന്മാദമുന്നാശയതിപ്രഗീത-
മപസ്മൃതിംവാഗ്രഹദോഷശാന്ത്യൈ
അഭ്യംഗനസ്യാദിഷുയത്രതത്ര
പ്രയോജ്യമേതദ്ധ്യമൃതോപമേയം. ൧൧൩

ശതാവരിക്കിഴങ്ങ് അമൃത് മുഞ്ഞ കൊത്തമ്പാലയരി ചതകുപ്പ കടുകരോഹിണി പാടക്കിഴങ്ങ് നീലിവേര് അടവിക്കച്ചോലം കട്ടക്ക കച്ചോലം കാകോളി മഞ്ഞൾ കീഴാനെല്ലി ത്രിഫല ഞെരിഞ്ഞിൽ വയമ്പ് ജടാമാഞ്ചി ഓരിലവേര് നിലപ്പനക്കിഴങ്ങ് കൃഷ്ണതുളസി ഇത്തിൾക്കണ്ണി നായ്ക്കുരുണപ്പരിപ്പ് ഇവ ബ്രാഹ്മീനീരുചേൎത്ത് കല്ക്കമായി കാച്ചിയനെയ്യ് സ്മൃതി ബുദ്ധി മേധ കാന്തി ഇവയെ പ്രദാനംചെയ്യും. ബാലഗ്രഹപീഡ ഉന്മാദം അപസ്മാരം ഇവയെ ശമിപ്പിക്കും. ഇതിന്ന് പൈശാചികഘൃതം എന്നുപേർ. ഗ്രഹദോഷശാന്തിക്ക് അഭ്യംഗനം നസ്യം മുതലായ വിധിക്കുന്നിടത്തു ഇതു് ഉപയോഗിച്ചാൽ അമൃതിനൊത്തുഗുണമാകുന്നു.

വേറൊരുനസ്യം.

സർഷപരജനീയുഗളത്രിഫലാ
കടുഭീരേകാമാംസീസഹിതാ
ത്രൃണഹിംഗുവചാമരസഹിതാ
മഞ്ജിഷ്ഠാശിരീഷബീജകസഹിതാ
മനോഗുഹ്യാഭിർഗ്ഗുളികാരചിതാ
അഞ്ജനനസ്യാദിഷുപരമുചിതാ. ൧൧൪

വെൺകടുക് മഞ്ഞൾ മരമഞ്ഞൾ ത്രിഫല വെളുത്തശംഖുപുഷ്പം മാഞ്ചി ത്രികടു് കായം വയമ്പ് ദേവദാരം പുങ്കിൻകുരു നെന്മേനിവാകക്കുരു ഇവയെല്ലാംകൂടി ആട്ടിൻമൂത്രത്തിൽ അരച്ചു ഗുളികയാക്കി പ്പൊടിച്ച് അഞ്ജനമോ നസ്യമോ ചെയ്താൽ ഉന്മാദം ശമിക്കും.

ശൃഗാലസ്യചൈവാപ്യഥജംബുകസ്യ
ലോമാനിചരാഗസ്യപയസ്സഹിംഗുഃ
സുസല്ലകീജംലവണംവചാച
ധൂപസ്തദൈഷാംഗ്രഹദോഷഹാരീ. ൧൧൫

കാട്ടുകോഴിയുടെയും കുറുക്കന്റെയും രോമങ്ങൾ കായം ഇന്തുപ്പ് വയമ്പ് ഇവ എല്ലാംകൂടി ആട്ടിൻമൂത്രവും ചേൎത്തു പുകച്ചാൽ ഗ്രഹദോഷം ശമിക്കും.

ധൂപം.

കാൎപ്പാസബീജൈശ്ശ്യാമയൂരപിഞ്ഛ-
പിണ്ഡീതകത്വഗ്വൃഷദംശവിഡ്ഭിഃ
വചാഹിനിൎമ്മോകഗജേന്ദ്രദന്ത-
ശൃംഗൈശ്ച ഗോശൃംഗസമന്വിതൈൎവ്വാ. ൧൨൦
നിൎമ്മാല്യമാംസീബൃഹതീസഹിംഗു-
തുല്യൈസ്സമസ്തൈസ്സംഘൃതൈസ്സധൂപഃ
പിശാചരക്ഷോരഗയക്ഷദേവ-
ഗ്രഹാദികാവേശഹരഃ പ്രസിദ്ധഃ. ൧൨൧

പരുത്തിക്കുരു മയിൽപ്പീലി കൎപ്പൂരത്തുളസി, ഇലവൎങ്ഗം പൂച്ചക്കാഷ്ഠം വയമ്പ് പാമ്പിൻപടം ആനക്കൊമ്പ് തലമുടി കാളക്കൊമ്പ് നല്ലമുളക് ചോനകപ്പുല്ല് മാഞ്ചി ചെറുവഴുതിന കായം ഇവ എല്ലാംകൂടി നെയ്യുചേൎത്തു പുകച്ചാൽ പിശാച് രക്ഷസ്സ് സൎപ്പയക്ഷദേവഗ്രഹങ്ങൾ മുതലായവയുടെ ആവേശം ശമിക്കും.

വേറൊന്ന്.

ഗജാഹ്വാകണാമൂലധാത്രീഫലാനി
ത്രികംവാകടുനാം തഥാ സൎഷ്പാശ്ച
വിഷോഷ്യാഥ പിത്തേന സമ്മാൎജ്ജാരഗോധാ-
ഭവൈന്നാകുലൈൎന്നസ്യധൂമാഞ്ജനാനി. ൧൨൨

അത്തിത്തിപ്പലി തിപ്പലീമൂലം നെല്ലിക്ക ചുക്ക മുളക തിപ്പലി കടുക് ഇവപൊടിച്ച് പൂച്ച ഉടുമ്പ് കീരി ഇവയുടെ പിത്തംചേൎത്തു യോജിപ്പിച്ച് നസ്യമോ ധൂപമോ അഞ്ജനമോ പ്രയോഗിച്ചാൽ വിഷവും ഉന്മാദവും ശമിക്കും.

വേറൊന്ന്.

സപ്ഷപാശ്വനഖഭൂൎജ്ജപത്രകൈൎ-
നിംബപത്രഘൃതമിശ്രിതൈരവം
ധൂപിതം ചവചനാസമന്വിതൈൎ-
മാനുഷം നഹിവിശന്ത്യസൽഗ്രഹാഃ. ൧൨൩

കടുക് കുതിരനഖം ഭൂൎജ്ജപത്രം (പൂതങ്ങക്ക്) വേപ്പില വയമ്പ് ഇവപൊടിച്ച് നെയ്യുകൂട്ടി പുകച്ചാൽ ദുൎഗ്രഹബാധയുണ്ടാകയില്ല.

സാരസ്വതചൂൎണ്ണം.

ശമലവണകടുത്രിത്രീണിപാഠാജമോദാ
ജരണയുഗളയുക്താശ്ശുംഠിപുഷ്പാശ്വഗന്ധഃ

സമലവതുലിതാസ്താസ്സൎവ്വതുല്യോഗ്രഗന്ധാ
പുനരപിപുനരേവം ഭാവ്യബ്രഹ്മീരസേന. ൧൨൪
മധുഘൃതപരിയുക്തംശ്ലക്ഷ്ണപിഷ്ടംചലീഢം
വിധിമുഖപരിഗീതം ചൈവസാരസ്വതാഖ്യാ
അപഹരതിവിശേഷാദുഗ്രമുന്മാദരോഗം
ജനയതിദിവസൈസ്സൎപ്തഭിൎബ്ബുദ്ധിമുഗ്രാം. ൧൨൫
പാഠേഷുജാഡ്യം മനസോതിശാഠ്യം
തഥൈവജാഡ്യംരസനേതികാൎശ്യം
തനൌതുമാന്ദ്യാഞ്ജഠരാഗ്നിമാന്ദ്യം
ബുദ്ധേശ്ചമാന്ദ്യംഹിനിരാകരോതി. ൧൨൬
ഐശ്വൎയ്യംമനസസ്തുധൈൎയ്യമതുലാം
മേധാംപ്രവിന്ദേൽപരാം
ശ്ലോകാനാംചസഹസ്രമേകദിവസേ
സാൎദ്ധംപഠേദ്ധാരയേൽ
ജിഹ്വാഗ്രേപരിനൃത്യതീവസതതം
വാസംഭജേച്ഛാരദാ
സപ്താഹാൽഖലുസിദ്ധിദംസമുദിതം
ചോന്മാദിനാംസന്തതം. ൧൨൭

കൊട്ടം ഇന്തുപ്പ് ത്രികട്ടു പാടക്കിഴങ്ങ് അയമോദകം ജീരകം കരിഞ്ജീരകം ശംഖുപുഷ്പം അമുക്കുരം ഇവസമാംശം. വയമ്പ് എല്ലാത്തിനും സമം. എല്ലാംകൂടി പൊടിച്ച് ൨൧ പ്രാവശ്യം ബ്രഹ്മിനീരിൽ ഭാവനചെയ്തു ഉണക്കി മിനുസമായി പൊടിച്ച് തേനും നെയ്യുംകൂടിചേൎത്തു സേവിക്കുക; വിശേഷിച്ചും ഉഗ്രമായ ഉന്മാദരോഗം നശിക്കും. ഇങ്ങനെ ഏഴുദിവസം സേവിച്ചാൽ വളരെ ബുദ്ധിയുണ്ടാകും. പാഠജാഡ്യം ബുദ്ധിയുടെ ശഠത, നാക്കിന്റെ ജഡത്വം ശരീരകാൎശ്യം മന്ദത അഗ്നിമാന്ദ്യം ബുദ്ധിമാന്ദ്യം ഇവ ഇല്ലാതാകും. ഐശ്വൎയ്യം മനോധൈൎയ്യം മഹാധാരണാശക്തി ഇവ ലഭിക്കും. ഒരുദിവസംകൊണ്ട് സഹസ്രം ശ്ലോകം അൎത്ഥത്തോടുകൂടി പഠിക്കുന്നതിനും ധരിക്കുന്നതിനും സാമൎത്ഥ്യമുണ്ടാകും. സരസ്വതി എല്ലായ്പോഴും ജിഹ്വയിൽ നൃത്തംചെയ്യും. ഈ സാരസ്വതചൂൎണ്ണം ഏഴുദിവസംകൊണ്ട് സിദ്ധിദമാണെന്നു ബ്രഹ്മാവിനാൽ പറയപ്പെട്ടിട്ടുള്ളതാണ്.

നസ്യം.

സുനീലജാഗരുപബീജപഞ്ചകേനപപ്പടീ-
ഘൃതേന നാവനേ പ്രയോജയേന്മഹാഭിഷഗ്യദാ
തദാസചോന്മദാൽ ഗദാതുരം വിമോചയേത്തഥാ
ഘനോദവാതുരം വനംയഥാവനസ്യ വൎഷണൈഃ. ൧൨൮

നലമ്പുള്ളതിൻകുരു അരച്ചെണ്ണം പൊടിച്ച് പർപ്പടകപ്പുല്ലു ത്തിൽ നസ്യം ചെയ്താൽ ഇവ വർഷിക്കുന്നതാൽ കാട്ടാരിശമിക്കുന്നപോലെ ഉന്മാദരോഗം ശമിക്കും.

വാരുണി.

വരപത്മമൃണാള നിശാകര പാ-
ത്മധരാദവപത്ര ഗുഡൂചിനിശാ
മധുകാമലചന്ദനശാല്മലികാ-
ത്വഗലാബുഫലാഗുരുയുഗ്ധനികാ.
ജലജാമലകീദശമൂലവൃഷീ-
കദളീഫലദാഡിമയഷ്ടികാ
സകലൈഃ പരിസാധിതവാരുണികാ
ഖലു പിത്തമനോഗദനാശനികാ. ൧൨൬

സുമനഃപരിവാസിതയാ സിതയാ
പരിപീതമിദം ബഹുരോഗഹരം
അപിലോഹിതപിത്തതൃഷാർദ്ദനമാശു
മനോഗദനാശനകാരിപരം.
ജ്വരദാഹജദാരുണകാരണ
വാരണവാരണവാരുണയോഗവരം.
ചരകാദിമുനിപ്രവരാഖിലതന്ത്രഗണാഃ
പ്രഥിതാഃ ഖലു തേഷുവരം. ൧൨൭

ഗുൽഗുലു പതുമുകം താമരവളയം കർപ്പൂരം താമരപ്പൂവ് പനിനീർ ചെമ്പകപ്പൂവ് മുന്തിരിങ്ങാപ്പഴം ജാതിക്ക ചന്ദനം വെൺചന്ദനം ഇലവിൻപശ ഇലവർങ്ങം മലങ്കാരയ്ക്ക അകിൽ കൊത്തമ്പാലയരി നീർകടമ്പ് നെല്ലിക്ക ദശമൂലം പാടക്കിഴങ്ങ് കദളീഫലം താളിമാതളം ചിറ്റേലം ഇവയെല്ലാം ചേർത്തുണ്ടാക്കിയ വാരുണീമദ്യം പിത്തോന്മാദത്തെ ശമിപ്പിക്കും. ഇതുതന്നെ പിച്ചകപ്പൂവിട്ട വാസനവരുത്തി പഞ്ചസാരയും ചേർത്തു സേവിച്ചാൽ പലരോഗങ്ങളും ശമിക്കും. രക്തപിത്തം, തണ്ണീർദാഹം, ഉന്മാദം ഇവയേയും പരദാഹങ്ങളെ ഉണ്ടാക്കുന്ന ഹേതുക്കളേയും അതു ശമിപ്പിക്കും. ഈ യോഗം ചരകൻ തുടങ്ങിയ മഹർഷിമാർ നിർമ്മിച്ചിട്ടുള്ള ശാസ്ത്രങ്ങളിൽ പ്രസിദ്ധപ്പെട്ടയോഗങ്ങളിൽ ശ്രേഷ്ഠമാകുന്നു.

വിവിധോന്മാദപ്രതീകാരം.

രേചനവമനപാചനശോധന
ബോധനഭാഷണഭീഷണദാനൈഃ

ശങ്കരതോഷണഗോദ്വിജപോഷണ
ഹാടകഭൂഷണഭൂഗജദാനൈഃ. ൧൨൮

അഞ്ജന നാവനധൂപനപാവന-
തീർത്ഥനിഷേവണയുഗ്ബലിദാനൈഃ.
ഉന്മദമാനസമാംസമാമിഷ-
ഹീനതനും ബിഭൃയാദനുമാനൈഃ. ൧൨൯

വിരേചിപ്പിക്കുക, വെള്ളംകോരിനനയ്ക്കുക, പചിപ്പിക്കുക, വമനാദിശോധനങ്ങൾ നടത്തുക, നല്ലവാക്കുപറക, ഭയപ്പെടുത്തുക, ഇവകൊണ്ടും, ശിവപ്രീതിവരുത്തുക, പശുക്കളെയും ബ്രാഹ്മണരെയും, തൃപ്തിപ്പെടുത്തുക, സ്വർണ്ണാഭരണങ്ങൾ, ഭൂമി, ആന, മുതലായവ ദാനം ചെയ്ക, ഇവകൊണ്ടും, അഞ്ജനം, നസ്യം, ധൂപനം (പുകയേല്പിക്കുക) പുണ്യതീർത്ഥസ്നാനം ഇവകൊണ്ടും ബലിഹോമാദി കർമ്മങ്ങളാലും, ശരീരത്തിൽ മാംസമില്ലാതവണ്ണം ശോഷിച്ച ഉന്മാദരോഗിയെ പരിചരിച്ചു രക്ഷിക്കേണ്ടതാകുന്നു.

അപസ്മാരരോഗപ്രാഗ്രൂപം.

ചിന്താശോകാദിഭിർവാ പ്രകുപിതനിചയാ
ദോഷസംഘാഃ പ്രവൃദ്ധാഃ
സ്ഥിത്വാ ഹൃൽസ്രോതസി ദ്രാഗമലതരധിയാം
സംസ്മൃതിം നാശയന്തി
മൂർച്ഛാദ്യുൽപ്പാദനം പ്രമൈഢ്യം പ്രഭവതി സഹസാ
ശൂന്യതോരഃപ്രകമ്പഃ
സ്വേദഃ കാർശ്യം തൃഷാ വാ പ്രഭവതി ച ഗുദാ
ജാഗരം പൂർവ്വരൂപേ. ൧൩൦

ചിന്ത, ശോകം മുതലായവയാൽ കുപിതങ്ങളായ ദോഷസംഘങ്ങൾ വർദ്ധിച്ച് ഹൃദയസ്രോതസ്സുകളിൽ സ്ഥിതിചെയ്തിട്ട് വേഗത്തിൽ നിർമ്മലബുദ്ധികളുടെ ഓർമ്മയെ നശിപ്പിക്കുന്നു, ഇതാണ് അപസ്മാരരോഗം. മോഹാലസ്യം, വിഷാദം, മൌഢ്യം, ശൂന്യത്വം, നെഞ്ചിന് വിറയൽ, വിയർപ്പ്, ചടവ്, തണ്ണീർദ്ദാഹം, ഉറക്കമില്ലായ്ക ഇവയെല്ലാം അപസ്മാരരോഗത്തിന്റെ പൂർവ്വരൂപങ്ങളാണ്.

സംരംഭാദിതമഃപ്രവേശനമഹാദോഷോഗ്രരൂപൈഃ സംസ്മൃതേ-
ർന്നാശോ യത്രഭവേൽ സ വൈദ്യധരണീപാലൈരപസ്മാരകഃ
ഉക്തസ്തത്ര തു ഭേഷജം രദ്ദിതം ദോഷാനുമാനേന ചോ-
ന്മാദാദേഃ ഖലു യച്ചികിത്സിതമഥാപ്യന്യച്ച വാ ബ്രൂമഹേ. ൧൩൧

സംരംഭം (മനസ്സു സ്വാധീനമല്ലാതായി ഭ്രമിക്കുക) തമഃപ്രവേ

ശം (കണ്ണിൽ ഇരുട്ടുകേറുക) മുതലായ വികാരങ്ങൾ ദോഷങ്ങളുടെ
കോപംനിമിത്തമുണ്ടായിട്ട്, സ്മൃതിയുടെ നാശം സംഭവിക്കുന്നതിനെ
അപസ്മാരരോഗം എന്നു വൈദ്യശ്രേഷ്ഠന്മാർ പറയുന്നു. ഉന്മാദചികി
ത്സിതത്തിൽ അപസ്മാരരോഗത്തിന്നു ദോഷഭേദംപ്രകാരം അനുസരിച്ച്
ചികിത്സകൾ പറഞ്ഞിട്ടുണ്ട്. അതുകൂടാതെ മററു ചികിത്സയും ഇവി
ടെ പറയാൻപോകുന്നു.

അപസ്മാരചികിത്സ.

ബ്രാഹ്മീരസോ വൈമധുനാ ശതാവാ -
രസഃ സദുഗ്ധോ ലശുനസ്സ തൈലഃ
ഏകൈകമേകൈകമലാപ്രപീത-
മപസ്മൃതിഘ്നം ത്രയമേവ യോഗസംജ്ഞിതം. ൧൩൪

ബ്രാഹ്മിനീര തേൻചേർത്തും ശതാവരിയുടെനീര പാൽചേർത്തും
ബ്രാഹ്മിനീര തേൻചേർത്തും ശതാവരിയുടെനീര പാൽചേർത്തും സേവിച്ചാൽ അപസ്മാരം ശമി
വെള്ളുള്ളിനീര് എണ്ണ ചേർത്തും സേവിച്ചാൽ അപസ്മാരം ശമി
ക്കും. ഇങ്ങനെ മൂന്നു യോഗങ്ങൾ പറയപ്പെട്ടു.

പ്രലേപം.

സിദ്ധാർത്ഥകാദ്യൈരഥ ചൂർണ്ണിതൈശ്ച
തൽഭക്ഷിതൈരപ്യഥ വാപിതൈശ്ച
ഗോമൂത്രപിഷ്ടൈസ്സകലാംഗലേപാ-
വിധിപ്രയുക്തൈഃ സ്മൃതിമാശ്രയാതി. ൧൩൫

സപ്തപരജുനി ഇത്യാദി യോഗത്തിൽ പറഞ്ഞ കടുക മുതലായവ
പൊടിച്ചു ഭക്ഷിക്കയോ അല്ലെങ്കിൽ അവ ഗോമൂത്രത്തിലരച്ചു വിധി
പ്രകാരം ദേഹമാസകലം തേക്കുകയോ ചെയ്താൽ അപസ്മാരം നശി
ച്ചു ബോധം ഉണ്ടാകും.

നസ്യവും അഞ്ജനവും.

നിർഗ്ഗുണ്ഡിവന്ദാകകൃതാച്ച നസ്യാ-
ദപസ്മൃതിസ്യാതി വിനാശമാശു
മനശ്ശിലാതാർക്ഷ്യകപോതവിഡ്ഭി
കൃതാഞ്ജനോപ്യപസ്മൃതിഹരിനാദേഹഃ. ൧൩൬

കരിനൊച്ചി ഇത്തിൾക്കണ്ണി ഇവയുടെ നീരുകൊണ്ട് നസ്യ
ംോ മനയോല, രസാഞ്ജനം മാടപ്രാവിൻകാഷ്ഠം ഇവകൊണ്ട് അഞ്ജ
നമോ ചെയ്താൽ അപസ്മാരം ശമിക്കും.

പഥ്യാന്തരേണ മററൊരു യോഗം കൂടി.

നിർഗ്ഗുണ്ഡിവന്ദാകഭവംഹി നസ്യ-
മപസ്മൃതിഘ്നം ദ്വയമത്ര ചാന്യൽ

വചാരജോമാക്ഷികസേവനം ന്വൽ ൧൩൭
പത്ഥ്യം തു ദുഗ്ദ്ധോദനമത്രഭേദഃ.

കരിനൊച്ചി ഇത്തിൾക്കണ്ണി ഇവകൊണ്ടുള്ള നസ്യം അപസ്മാ
രത്തെ ഹനിക്കും എന്നു പറഞ്ഞുവല്ലൊ. കൂടാതെ, വയമ്പിൻപൊടി
തേനിൽ കുഴച്ച് സേവിച്ചാലും അപസ്മാരം നശിക്കും. എന്നാൽ
ഇതിന്ന് പാൽച്ചോറു പത്ഥ്യമാണ്. എന്നു ഭേദമുണ്ട്.

വേറെ രണ്ടുയോഗം.

ബ്രഹ്മീരസോഗ്രാഗദശംഖപുഷ്പീ
ശൃതംഘൃതംയത്തു ഭജേച്ചയാവൽ
ദൈവകീടമേഷൌവിനിഗൃഹ്യബദ്ധാ-
വപസ്മൃതേര്ന്നൈവഭയംഹിതാവൽ. ൧൩൮

ബ്രഹ്മിനീരിൽ വയമ്പ് കൊട്ടം ശംഖുപുഷ്പത്തിൻവേര് ഇവ
കല്കമായി കാച്ചിയ നെയ് സേവിച്ചാൽ, പരസ്പരം യുദ്ധം ചെയ്യുന്ന
രണ്ടാട്ടുകളെ പിടിച്ചുകെട്ടിയാൽ അവയിൽ നിന്ന് ഭയം ഉണ്ടാകാതിരി
ക്കുന്നതുപോലെ അപസ്മാരരോഗത്തിൽനിന്ന് ഭയം ഉണ്ടാകയില്ല.

വാതാപസ്മാരലക്ഷണം.

ദശതിദന്തഗണാൻ ദശനൈന്ന്യൈ-
ർവമതിഫേനമലംശ്വസപേപഥുഃ
പരുഷലോഹിതകൃഷ്ണതരാണ്യഥോ
നയനഭോഗ്യകരാണ്യപിവാതജേ. ൧൩൯

പല്ലുകൾ തമ്മിൽ കടിക്കുക. (പല്ലുഞെരിക്കുക) വിറയലോടുകൂടി
പത ഛർദ്ദിക്കുക, ഓരോ രൂപങ്ങളെ പരുപരുത്തിട്ടും രക്തവർണ്ണങ്ങ
ളായും കൃഷ്ണവർണ്ണങ്ങളായും കാണുക, ഇവ വാതാപസ്മാരത്തിന്റെ ല
ക്ഷണമാണ്.

വാതാപസ്മാരചികിത്സ.

മുൽഗാൻ കപിത്ഥമാനഹശാലദാംശ്ച
സോശീരകാംശ്ചാഥയവാൻ ഭജേദ്വാ
വ്യോഷേണചാഗന്ധ്യച മൂത്രവസ്തിം
ദദ്യാദപസ്മാരഗദാഹിദേഷ്ട. ൧൪൦

ചെറുപയറ് വിളാങ്കായ് മോടൻനെല്ലരി രാമച്ചവെള്ള
ത്തിൽ വേകിച്ച യവം ഇവ ഉപയോഗിക്കുകയോ, ആട്ടിന്റെ മൂത്രവ
സ്തി എടുത്ത് ചുക്കു മുളക് തിപ്പലി ഇവചേർത്തു വസ്തിച്ച് ഭക്ഷിക്ക
യോ ചെയ്താലും വാതാപസ്മാരം നശിക്കും.

പിത്താപസ്മാരലക്ഷണം.

പിതാങ്ഗവക്ത്രോƒപി ച പീതനഖഃ
പീതാകുലാൻ പശ്യതി പീതദർശീ
പീതംതുഫേനം വമതേ (?) തൃഷാർത്തഃ
പിത്തോദ്ഭവോപസ്മൃതിലിങ്ഗമേതൽ. ൰൭

ശരീരവും മുഖവും കണ്ണും മഞ്ഞനിറത്തിലിരിക്കുക, രക്തം മഞ്ഞളിക്കുക കാണുന്നതെല്ലാം മഞ്ഞനിറത്തിൽ തോന്നുക, തണ്ണീർദ്ദാഹത്തോടുകൂടി മഞ്ഞനിറത്തിലുള്ള പത ഛർദ്ദിക്കുക, ഇവ പിത്താപസ്മാരത്തിന്റെ ലക്ഷണമാകുന്നു.

പിത്താപസ്മാരചികിത്സ.

ഗോഘൃതംഗോശകൃൽദ്രവദധിക്ഷീരമൂത്രകം ശൃതം
ഉന്മാദേ ചാപ്യപസ്മാരേ പൈത്തികേ ച ചാതുർത്ഥകേ. ൰൮

പശുവിൻനെയ്യ് പശുവിൻ ചാണകം പശുവിൻപാൽ പശുവിൻതൈര് ഗോമൂത്രം (പഞ്ചഗവ്യം) ഇവ സമമായി എടുത്ത് കാച്ചി സേവിച്ചാൽ പിത്തോന്മാദം പിത്താപസ്മാരം പിത്തജമായ ചാതുർത്ഥികജ്വരം ഇവ ശമിക്കും.

കഫാപസ്മാരലക്ഷണം

ശുക്ലദൃഷ്ടിശ്ശുക്ലവർണ്ണാംഗവക്ത്രഃ
ശുക്ലംപശ്യത്യേവശീതാർത്തിയുക്തഃ
ഹൃഷ്ടരോമാ സ്തബ്ധഃ ശ്ലേഷ്മജാപസ്മൃതൌ വാ
സോപ്യസാധ്യോ വൈദ്യവൃന്ദൈഃ പ്രദിഷ്ടഃ. ൰൯

ദൃഷ്ടി ശരീരം മുഖം ഇവ ശുക്ലവർണ്ണമായിരിക്കുക, ശീതബാധയോടുകൂടി ശുക്ലമായ രൂപം കാണുക, രോമാഞ്ചമുണ്ടാകുക, തടിച്ചിരിക്കുക ഇവ ശ്ലേഷ്മാപസ്മാരലക്ഷണമാകുന്നു. ഇത് ചിരകാലസാദ്ധ്യമാണ്.

ശ്ലേഷ്മാപസ്മാരചികിത്സ.

ഭാർങ്ഗീകഷായാന്വിതമാത്മസംയ-
ച്ചൂർണ്ണം രദിക്ഷുജവികാരസംഗന്ധിമിഷ്ടം
കുംഭേനിധായ ബഹുധാന്യജരാശിസംസ്ഥ-
മപസ്മൃതിം ഹന്തിനിഹീരമാശു. ൨൰

ചെറുതേക്ക കഷായംവച്ച് അതിൽ ശുദ്ധിചെയ്ത ഉരക്കിൻചൂർണ്ണവും ശക്കരയും ചേർത്ത് ഒരു കുടത്തിലാക്കി നെല്ലിനകത്തു കുഴിച്ചുവച്ചിരുന്ന് ൧൫ ദിവസം കഴിഞ്ഞ് എടുത്തു സേവിച്ചാൽ കഫാപസ്മാരം ശമിക്കും.

ദ്വിദോഷജത്രിദോഷോത്ഥലക്ഷണംവൽസമീരിതം
തൽപ്രതീകാരമന്യച്ച തഥോന്മാദസമംസ്ഫുടം.

ഈരണ്ടു ദോഷങ്ങൾ കോപിച്ചും മൂന്നു ദോഷങ്ങൾ കോപിച്ചും ഉണ്ടാകുന്ന അപസ്മാരത്തിന്റെ ലക്ഷണം പറയപ്പെട്ടിട്ടുള്ളതും അതിന്റെ ചികിത്സയും മററും ഉന്മാദരോഗത്തിനു പറഞ്ഞിട്ടുള്ളതുപോലെയുമാകുന്നു.

ഗജവക്ത്ര! മാമവതാൽ നിജഭൃത്യതാമവദാത
അവഹേളി വിഘ്നദമായ കരമാശുമൂർധ്നിനിധായ.

അല്ലയോ ശുദ്ധസത്വമൂർത്തിയായ ഗജാനന! അങ്ങ് എന്നെ രക്ഷിക്കേണമേ! വിഘ്നശാന്തിക്കായി തൃക്കൈയ് എന്റെ ശിരസ്സിൽവച്ചനുഗ്രഹിച്ച് എന്നെയും നിന്തിരുപ്പാദദാസനാക്കിച്ചെയ്യേണമേ!

ചികിത്സാക്രമകല്പവല്ലിയിൽ ഉന്മാദാധികാരം എന്ന ഷോഡശസ്തബകം കഴിഞ്ഞു.

അഥ സപ്തദശസ്തബകം.

വാതരോഗചികിത്സിതം.

ശ്രീനീലകണ്ഠാത്മജവക്രതുണ്ഡം
നത്വാപ്രസന്നംസ്വഗുരുംതദുക്തിം
സ്മൃത്വാഥവാതാമയസച്ചികിത്സാം
വക്ഷ്യേനുസാരാശാസ്ത്രമലംയഥാവാ. ൧

ശ്രീപരമേശ്വരപുത്രനായ ഗണപതിയേയും പ്രസന്നനായ സ്വഗുരുവിനേയും നമസ്കരിച്ച് അദ്ദേഹത്തിന്റെ ഉക്തിയെ ഓർത്ത് ശാസ്ത്രാനുസാരേണയും ശാസ്ത്രാർത്ഥത്തെ അനുകരിച്ചും വാതരോഗചികിത്സയെ പറയാൻ പോകുന്നു.

വാതരോഗനിദാനം.

രൂക്ഷാതിശീതാല്പലഘുസൂക്ഷ്മഭോജ്യൈർ-
വ്യായാമചിന്താതിനിഷേവണൈശ്ച
പ്രജാഗരൈർല്ലംഘനശോകരോഗാ-
പകർഷണാദപസൃജാവിമോക്ഷാൽ. ൨

തദ്ഭോഗപാരാദപിഷമാപ്തധാതു-
ക്ഷയാച്ചശൂന്യാന്യപിതാനിദേഹേ
സ്രോതാംസി വാതുർല്യകഭോതിവായുഃ
സർവ്വാംഗമേകാംഗമസമാശ്രിതാംശ്ച.

അത്യുല്പസേവാധികസംപ്ലവൈശ്ച
വ്യാധീൻബലിഷ്ഠാൻ യസ്യ ച പൂർവ്വരൂപം
രൂപം ച സാമാന്യവിശേഷശേഷ-
യുക്തം ക്രമേണൈവ ച തച്ചികിത്സാം.

വക്ഷ്യാമി നമസ്കൃത്യ ഗുരൂംസ്തഥാത-
മാദ്യം പുരാണം ശശിശേഖരം ച
സ്വമാതരം വൈകമലാം പ്രണമ്യ
ധന്വന്തരിം ശ്രീഗണനായകം വാ.

രൂക്ഷങ്ങളും അതിശീതളങ്ങളും അത്യല്പങ്ങളും അതിലഘുക്കളും ആയ അന്നങ്ങളെ ഭുജിക്കയാലും, അതിവ്യായാമം അതിചിന്ത അതിമൈഥുനം ഉറക്കമില്ലായ്ക പട്ടിണികിടക്കുക ഇവയാലും, ശോകം രോഗം കൊണ്ടു ക്ഷീണിക്കുക രക്തമോക്ഷം പ്രയാസകരമായ പ്രവൃത്തി ധാതുക്ഷയം ഇവയാലും, വളരെ വഴിനടക്കുക വളരെ ചാടുക ഇവയാലും, ബലവാനായ വായു, ശൂന്യങ്ങളായ ദേഹത്തിലെ സ്രോതസ്സുകളിൽ കടന്നുകയറി സർവ്വാംഗങ്ങളെയും ബാധിക്കുന്നതും ഏകാംഗത്തെ ബാധിക്കുന്നതും ആയ വ്യാധികളെ ഉണ്ടാക്കുന്നു.

ഞാൻ ഗുരുവന്ദനപൂർവ്വം അച്ഛനമ്മമാരെയും പാർവ്വതീപരമേശ്വരന്മാരെയും വിഘ്നേശ്വരനെയും, ലക്ഷ്മീദേവിയേയും ശ്രീധന്വന്തരമൂർത്തിയേയും നമസ്കരിച്ചുകൊണ്ടു്, ഈ വ്യാധിയുടെ പൂർവരൂപം സ്വരൂപം സാമാന്യവിശേഷലക്ഷണങ്ങൾ ചികിത്സ ഇവയെ പറവാൻ തുടങ്ങുന്നു.

വാതവ്യാധിയുടെ പൂർവ്വരൂപം.

രൂക്ഷാംഗതാജൃംഭണഗാത്രപീഡാ-
ലസ്യാദിവൈവർണ്യയുതോമഹദ്ഭിഃ
സ്യാദ്വൈചകൃന്തസ്തസ്യ ച വാതരോഗ-
പുരസ്സരം രൂപമഥാഭിധാസ്യേ.

അംഗത്തിനു രൂക്ഷത കോട്ടുവായിടുക ദേഹപീഡ മടി നിറം കുറയുക വികൃതതം ഇവ വാതരോഗത്തിന്റെ പൂർവ്വരൂപമാണ്. ഇനി വാതരോഗത്തിന്റെ രൂപത്തെ (ലക്ഷണത്തെ) പറയാൻ പോകുന്നു.

വാതരൂപം (ലക്ഷണം)

സന്ധ്യാപാർശ്വസങ്കോചശൂലാർത്തിഭേദാ-
വിഭംഗാംഗസുപ്തതാശീതതായുക്തഃ
ഭവേദംഗതോദഃ സ്വരക്ഷാമതാവാ
തദാപൂർണ്ണരൂപം ജുഗുപ്സ്യായുരോഗേ.

വിലാപ്പുറങ്ങൾ ശോഷിക്കയും കുത്തിനോവുകയും ചെയ്യു. അവയവങ്ങൾ ഇളക്കാൻ പാടില്ലാതവണ്ണം മരവിക്കുക. തണുപ്പ് ദേഹത്തിൽ കുത്തിനോവ് സ്വരക്ഷയം ഇവ വാതരോഗത്തിന്റെ പൂർണ്ണരൂപമാകുന്നു.

വാതരോഗത്തിൽ ശീലിക്കേണ്ടവ.

ശ്യാമാനീവാരമുദ്ഗാഢകിമണ്ഡകസരീ-
നാദിനിഷ്പാവകാന്താൻ
മാംഗല്യം കോദ്രവാംശ്ചാപ്യഹിതാനി ഈട്മലം
ഹംസകാഞ്ചാൻവിഹായ
വായ്വൈർവായുപ്രകോപപ്രശമനപടുകാന്ന്സാ-
ഥകൈലത്ഥകാദീൻ
സേവേന്മധ്വാജ്യതൈലാന്യപിച ഗുഡമഥോ
ദാഡിമം ശിഗ്രുദുഗ്ധം.

ചാമ, തൃണധാന്യങ്ങൾ, ചെറുപയറ് തൊമര ചണംപയറ് കടല അമര കറുത്തചണംപയറ് വരക്, ത്രിപുടം (ഒരുവകക്കടല) ഹംസകാദിശാലിവിശേഷങ്ങൾ ഇവ വാതരോഗിക്ക് അപത്ഥ്യമാണ്. വായുകോപത്തെ ശമിപ്പിക്കുന്നതായ മുതിര ചെറുനെല്ല് ഉഴുന്ന് മുതലായവയും തേൻ നെയ്യ് തൈലം ഗുളം താളിമാതളം മുരിങ്ങ പാൽ ഇവയും വാതരോഗിക്ക് പത്ഥ്യമാണ്.

എൺപതു വാതങ്ങൾക്കുമുള്ള സാമാന്യചികിത്സ.

മഹാനാരായണതൈലം.

ചതുരാഢകസമ്മിതം ഭിഷക്
തിലതൈലം സുകടാഹകേക്ഷിപേൽ
പരിശോധ്യ ച പഞ്ചപല്ലവോത്-
ഭവകല്കേന ച ദോഷശാന്തയേ.

തദനന്തരമേവ തൽസമം
സുപയോഗവ്യമഥാജികം തു വാ

സപ്താഹം തു ശതാവരീഭവം
പ്രപചേദ്വൈദ്യന്ന പസ്ഥപൂർവ്വവൽ. ൭൦
ദശമൂലബലാപുനർന്നവാ-
തിബലാ ദർഭ ജടാ പ്രസാരിണീ
അപി നാഗബലാ കരഞ്ജകഃ
ഖദിരശ്ചന്ദനശിഗ്രുലോധ്രകം. ൭൧
ജലജാമലകാധിമീഹകം
കകുഭൈരണ്ഡകടംഭരോഹകം
വരുണശ്ശിഖരീ വിഭീതകം
ഹയഗന്ധാസുകുലത്ഥമാഗധീ. ൭൨
യവകോലകുലത്ഥവൃശ്ചികാഃ
സുമനാസപ്തലതാ ച കേതകീ
സഹചാരകപിത്ഥപാടകാ-
ഹയജംബൂഖരഭീതപീലവഃ. ൭൩
ഹലിനീയുഗളം ച നിംബയോ-
രപി ശേഫാലികയാ ച കന്യയാ
സപലാശവിശല്യസിംഹികാ
മുസലീഹംസപദീ സസിംഹികാ. ൭൪
അഥ സാലയുഗം വചാസനം
ബൃഹതീ കാർപ്പാസജബീജജാസ്ഥികം
സ്നുഹികാസഹിതാ ചരാസ്നയാ
സമവത്സാദനികാപ്രിയാലകം. ൭൫
വരമശ്മകഭേദമാത്മഗുപ്-
തപനഃ പാരിപരം തു ഭേകം
ത്വഗുദുംബരജം വരാസകം
സഹസം പാകസുപഞ്ചവല്കലം. ൭൬
അസാം പലാനാം ദശകം തു വൈദ്യ-
ഭ്രപഃ പയസ്യഷ്ടഗുണേ പചേദ്വൈ
പാദാവശേഷം ശ്രുതവസ്ത്രപൂതം
തേനൈവ തൈലേന ഭിഷക് പചേത്തു. ൭൭
ഛാഗോഽഥ മേഷോ ഹരിണശ്ശശശ്ച
വ്യാഘ്രസ്സസിംഹോശ്വവരസ്തഥൈവ
ശല്യശ്ശിവാവാനരവരാഹഖഡ്ഗി-
ഭല്ലൂകമൂഷാരുരുദർദ്ദുരാശ്ച. ൭൮
ഏണസ്തഥാന്യോ ബഹുശൃംഗകാശ്ച
കപിർബ്ബിഡാലോഽഥ ഖരശ്ച ബഭ്രുഃ

ഗോധാ തഥാ വൈ മഹിഷോ ഗവാവ-
സ്സഖഞ്ജരീടോഽപ്യഥ തിത്തിരിശ്ച. ൭൯
ചാഷശ്ചകോരോഽഥ കപോതപാരാ-
വതൌ ചഹംസോ ഗരുഡസ്സചക്രഃ
കാരണ്ഡവഃ കുക്കുടയുഗ്മകം ച
ക്രൌഞ്ചഃ സഗൃധ്രഃ കളവിങ്കകശ്ച. ൮൦
ഉലൂകഝില്ലീസസർഗ്ഗരസ്ഥ
പികസ്തഥാമദ്ഗുരകോഠവർമ്മിഃ
സരോഹിതാന്യേ ബഹുമത്സ്യസംഘാ-
സ്തദന്നമഹാമത്സ്യകകച്ഛപൌ ച. ൮൧
നക്രസ്തഥാന്യശ്ശിശുമാരകശ്ച
സവംടികാ ചാപ്യഥഗോധികാ ച
വിലേശയാദ്യേ ച നഭശ്ചരാശ്ച
സ്ഥലേചരാദ്യേ ച ജലേചരാസ്യുഃ. ൮൨
മാംസാന്യമീഷാം കഥിതാനി തോയേ
തൈലേന തുല്യാനി ച താനി താനി
ഭിഷക്പചേച്ഛാസ്ത്രവിധിം വിചാര്യ
മാത്രായതൈഷാം ച യഥാതഥാവാ. ൮൩
മുരാമാംസീരാത്രിദ്വയമിസിഘനോശീരകരജാ
വചാമൂർവ്വാപർണ്ണീതഗരശിശിരാരുഷ്കരസമാഃ
മൃണാളം ജീവന്തീനതഗദകണാമേഘസരളം
വരീവൃശ്ചീയഷ്ടീ കനകഹരന്മാരോല്പലസമാഃ. ൮൪
ലവങ്ഗൈലാദ്രാക്ഷാകൃമിരിപുകണാമൂലകദളീ
പലാശീകൈവർത്താർജ്ജുനകവചകൈരന്തീന്ദ്രജഗദാഃ
ത്രിവൃൽപർണ്ണീയുഗ്മം നളദഹയഗന്ധാഗുരുഹിമം
ക്ഷുരംഗോക്ഷുരം വൈരജകമരുണാ കേതകകണാ. ൮൫
ജയന്തീത്രായന്തീമൃഗമദനകൈശ്യസ്പൃക്കുസുമം
നഖംപത്രം ജാതീഫലയുതമഥോ ചാഷ്ടകമലം
വരാനീലം പത്മം ജലധരഭവം വാനരഭവം
സചോരം സ്ഥൌണേയം ത്വഗുരുസഹിതം പുഷ്കരമഥോ ൮൬
തഥായാഷദ്രോണം തദിദമഖിലം കർമ്മയുഗളം
പൃഥക്കല്ക്കീഭൂതം ശുഭതരമുഹൂർത്തേ ദ്വിജവരാൻ
ഭിഷഗ് ഭ്രപാൻ ദത്വാ വിവിധധനവസ്ത്രാദിസകലം
പ്രപൂജ്യാദൌ ദേവം സകലഭയസംഹാരതരളം. ൮൭

സൂചക്രംശ്രീനാരായണമമ[illegible]
കടാ[illegible]
തഥാതാത്രോൽഭ്രത[illegible]
ഭിഷ[illegible] ൨൪

അഭ്യഞ്ജനേ നാസ്യ[illegible]-
വഗാഹനേഷു പ്രവ[illegible]
കിംവാബഹ്വുകേതന ച [illegible]-
[illegible] ൨൫

ശിരോ[illegible]-
[illegible]
[illegible]
സജ്ജ്യ[illegible] ൨൬

വ[illegible]
[illegible]
പാദാ[illegible]
[illegible] ൨൭

പ്രയോ[illegible]
ജരാ[illegible]ണാം ന [illegible]
ശൈഥില്യബുദ്ധി[illegible]
[illegible] ൨൮

[illegible]സികാ[illegible]
ദയസ്ഥ[illegible]
സ്ത്രീണാംനര[illegible]
നയോനി[illegible] ൨൯

വന്ധ്യാ[illegible]
നഗർഭ[illegible]
ഭവന്തിനാന്യേ [illegible]
നാ[illegible] ൩൦

പൂരാ[illegible]
യുദ്ധേ[illegible]
ഭഗ്നാൻവി[illegible]
[illegible] ൩൧
[illegible]
[illegible]

നിയോജ്യതാംസ്ഥാനമരാം[illegible]
ദേവാനാദേവാനസുരാൻവിജേതും. ൩൨

കിംവാബഹ്വുകേതന ച [illegible]
[illegible]
തേവായുഭഗ്നാഃ കിമു[illegible]-
നിപീഡിതായേ[illegible]. ൩൩

സ്മരണാച്ചതേസ്യശ്രുതി[illegible]-
പ്ര[illegible]
നാരായണനനകൃപ[illegible]
സ്വനാമമാഹാത്മ്യസമന്വിതസ്യ. ൩൪

പതിനാറിടങ്ങഴി എള്ളെണ്ണ ഒരു പാത്രത്തിലൊഴിച്ച് അ[illegible] തിൽ അഞ്ചുകൂട്ടം തളിർ (മാന്തളിർ ഞാവൽതളിർ [illegible] തളിർ മാതളനാരകത്തിൻതളിർ [illegible]) [illegible] പചിച്ച് ശോധിക്കണം. ഇത് [illegible] ണ്. അനന്തരം എണ്ണയോളം [illegible]പാലും (അല്ലെങ്കിൽ [illegible]പാൽ) ശതാവരിയുടെ [illegible] ച്ചുവെയ്ക്കുക. പിന്നീട് [illegible] പ്രസാരിണി [illegible] ലിയകുറുന്തോട്ടിവേര [illegible] ചന്ദനം മുരിങ്ങത്തൊലി [illegible] പുങ്കിൻതൊലി കരിങ്ങാലി[illegible] നെല്ലിക്കാ താളിമാതളത്തിൻ പാച്ചോറ്റിത്തൊലി [illegible] കായ് നീർമരുതിൻതൊലി [illegible] വേര കൊട്ടവേലിക്കിഴങ്ങ് നീർമാതളം [illegible] (ഇതിനു [illegible] പഴമുതിര മുല്ല യവം [illegible].) [illegible] ചിലദിക്കിൽ [illegible] കത്തില ചോനകപ്പുല്ല് തിപ്പലി [illegible] കുറുഞ്ഞിവേര [illegible] ഉമ്മത്തിൻകായ് ഞാവൽത്തൊലി ദേവതാ [illegible] രണ്ടുതരം വേപ്പിലി ശതാവരിക്കിഴങ്ങ് [illegible] താഴൽപൂവ് രണ്ടുതരം വേപ്പി ൻെറയുംതൊലി കരിനൊച്ചി കാട്ടുപാവൽ പ്ലാശിൻതൊലി ചെറിയനാ [illegible] ചെറുവഴുതിനവേര നിലപ്പനക്കിഴങ്ങ് ചെറൂള്ള [illegible] ത് അടലോടകത്തിൻവേര രണ്ടുതരം പയിനിൻെറയുംതൊലി [illegible], മുരിങ്ങ വേങ്ങക്കാതൽ, പഞ്ചിക്കര, കള്ളിപ്പാല, അ[illegible], അമൃത്, മുരൾമര [illegible] ക്കായുടെ മജ്ജ, ഗുൾഗുലു, കല്ലുർവഞ്ചി, [illegible] (അല്ലെങ്കിൽ ചരളംഎന്നുമാകാം.) [illegible] ൻവേര്, ദേവതാരം, (അല്ലെങ്കിൽ കാർപോകിരി) വൻകൊന്ന, [illegible] ലി, മേദ, (അല്ലെങ്കിൽ [illegible]) [illegible] തൊലിയും, കല്ലാലിൻതൊലിയും ഇവ ചതുപ്പത്തു പലംവീതം. എ-

ല്ലാ മരുന്നുകളുടെയും എട്ടുഗുണം വെള്ളത്തിൽ കഷായംവെച്ച് നാലൊന്നാക്കി അലക്കിയ വസ്ത്രത്തിൽ അരിച്ച് മുൻപു ശോധനചെയ്തുവെച്ചിരിക്കുന്ന തൈലത്തോടു ചേർത്ത് പാകം ചെയ്യണം. അതിനുശേഷം ആട്, കുറിയാട്, മാൻ, മുയൽ, പുലി, സിംഹം, കുതിര, മുള്ളൻപന്നി, കുറുക്കൻ, കാട്ടുപന്നി, വാലൻപുലി, കരടി, എലി, പുള്ളിമാൻ, തവള, കൃഷ്ണമൃഗം മുതലായ മാൻഇനങ്ങൾ, കുരങ്ങ്, പൂച്ച, കഴുത, കീരി, ഉടുമ്പ്, പോത്ത്, ചീവൽപക്ഷി, കരിങ്കുറിൽ, തിത്തിരിപ്പുള്ള്, കാട്ടുകാക്ക, ഉപ്പൻ, മാടപ്രാവ്, കുറുക്കാലിപ്രാവ്, അരയന്നം, പരുന്ത്, ചക്രവാകപ്പക്ഷി, കുളക്കോഴി, കാട്ടുകോഴി, നാട്ടുകോഴി, പുള്ളുപക്ഷി, കഴുകൻ, മൂക്കിരി, മൂങ്ങ, വാളമത്സ്യം, ശംഖുമത്സ്യം, കയിൽ, പെരുങ്കയൽമീൻ, ആരൽമീൻ, രോഹിതമത്സ്യം, ചെറുവാല മത്സ്യങ്ങൾ, മഹാമത്സ്യം, ആമ, മുതല, ചീങ്കണ്ണി, വമണ്ടികാമത്സ്യം (ഈ മത്സ്യം കിട്ടിയില്ലെങ്കിൽ ഉടുമ്പിൻമാംസം ചേർത്താൽ മതി) ഇപ്രകാരം ബിലേശയങ്ങളും ആകാശചരങ്ങളും സ്ഥലചരങ്ങളും ജലചരങ്ങളുമായ ജന്തുക്കളുടെ മാംസങ്ങളും ജലത്തിൽ പാകംചെയ്തു ചേർക്കണം. എന്നാൽ ഈ മാംസരസങ്ങൾ എണ്ണയ്ക്കു തുല്യമായിരിക്കയുംവേണം. (മുൻപറഞ്ഞ മാംസങ്ങൾ എല്ലാം കിട്ടുന്നില്ലെങ്കിൽ കിട്ടുന്നേടത്തോളം ചേർത്താൽ മതി എന്ന് ഭാവപ്രകാശത്തിൽ പറഞ്ഞിട്ടുണ്ട്.) അപ്രകാരം ചെയ്തതിനുശേഷം ഇനിയും പറയുന്ന മരുന്നുകൾ കല്ക്കമായി ചേർത്തുകൊള്ളണം. മുത്താമഞ്ചി, അരത്ത, മഞ്ഞൾ, മരമഞ്ഞൾ, ചതകുപ്പ, ദൊത്തനവാലരി, രാമച്ചം, നാകണം, (അല്ലെങ്കിൽ പുലിച്ചുവടി) വയമ്പ്, പെരുങ്കുരുമ്പവേര്, ഓരിലവേര്, മലങ്കാര, ചന്ദനം, കോഷ്ഠം, താമരവളയം, അടപതിയൻകിഴങ്ങ്, തകരം, തിപ്പലി, മുത്തങ്ങാക്കിഴങ്ങ്, ചരളം, ശതാവരിക്കിഴങ്ങ്, തഴുതാമവേര്, ഇരട്ടിമധുരം, ഉമ്മത്ത്, കണവീരം, ചെങ്ങഴനീർക്കിഴങ്ങ്, ഇലവർങ്ഗം, ഏലത്തരി, മുന്തിരിങ്ങാപ്പഴം, വിഴാലരി, തിപ്പലിമൂലം, കദളിവാഴമാണം, പ്ലാശിൻതൊലി, കഴിമുത്തങ്ങാനീർ, മരുതിൻതൊലി, അരേണുകം, കടകപ്പാലയരി, കൊട്ടം, ത്രികോല്പക്കൊന്ന, കാട്ടുഴുന്ന്, കാട്ടുപയറ്, രാമച്ചം, അമുക്കുരം, ചന്ദനം, കന്മദം, വയൽച്ചുള്ളി, ഞെരിഞ്ഞിൽ, പാൽപ്പടകപ്പുല്ല്, മഞ്ചട്ടി, പൂക്കൈതവേര്, ജീരകം, പുഴമുഞ്ഞ, ബ്രഹ്മി, കസ്തൂരി, കായാമ്പിൻപൂവ്, അസുരനഖം, പച്ചില, ജാതിക്ക, അഷ്ടവർഗ്ഗം, ത്രിഫല, കരിങ്കുവളക്കിഴങ്ങ്, കൊക്കമന്താരം, നായ്ക്കുരണവേര്, കച്ചോലം, തുണീയാങ്കം, അകില്, പുഷ്കരമൂലം, കൊടിത്തൂവവേര്, കരിന്തുമ്പ ഇവ വെവ്വേറെ സമം കഴഞ്ചുവീതം അരച്ചുകലക്കി പാകത്തിൽ അരിച്ചെടുത്ത് ശുഭമുഹൂർത്തത്തിൽ ബ്രാഹ്മണർക്കും വൈദ്യന്മാർക്കും ദക്ഷിണകൊടുത്ത് സകല

ഭയസംഹാരകനും ദേവന്മാരാൽ സ്തുതനും ശ്രീ ചക്രത്തോടുകൂടിയവനുമായ ശ്രീനാരായണനെ പൂജിച്ചു സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ ചെമ്പുകൊണ്ടോ ഉണ്ടാക്കിയ പാത്രത്തിൽ ആക്കിവെച്ചു സൂക്ഷിക്കുക. അതിനുശേഷം ഈ തൈലം അഭ്യഞ്ജന നസ്യാദികളിൽ ഉപയോഗിക്കുക. എൺപതുവിധത്തിൽ ഉള്ള വാതങ്ങളും ശിരസ്സ് നെറ്റി പുരികക്കൊടി മൂക്ക് ഗണ്ഡപ്രദേശം നേത്രം ചെവി മുഖം നാക്ക് ചുണ്ട് അണ്ണാക്ക് ദന്തമൂലം മുതലായ ഭാഗങ്ങളിലുള്ള രോഗങ്ങളും ബഹിർഗ്ഗതങ്ങളും അന്തർഗ്ഗതങ്ങളുമായ രോഗങ്ങളും നശിക്കും. ജര ഉണ്ടാകയില്ല. ശൈഥില്യം ബുദ്ധിനാശം മുതലായവയും പല്ലിളക്കം അകാലത്തിൽ ഉണ്ടാകുന്ന നരകൊണ്ടുള്ള വെളുപ്പ് ഇവയും നശിക്കും. വെള്ളംകോരി നനച്ച വൃക്ഷത്തിൽ തളിരുണ്ടാകുന്നതുപോലെ സ്ത്രീപുരുഷന്മാർക്ക് ധാതുവൃദ്ധി ഉണ്ടാകും. യോനിരോഗം ലിംഗരോഗം ഇവ ഇല്ലാതാകും. സന്താനവൃദ്ധി ഉണ്ടാകും. ഗർഭസ്രാവം, സൂതികാരോഗം, പ്രദരാദിരോഗങ്ങൾ ഇവയ്ക്കു ശാന്തി ഭവിക്കും. യുദ്ധത്തിൽ അസുരന്മാരാൽ ഹതന്മാരായ സുരന്മാരെ കണ്ടിട്ട് കൃപാർദ്രനായ ശ്രീനാരായണൻ സ്വനാമമാകുന്ന മന്ത്രൗഷധികളോടു തുല്യവീര്യമായ ഈ നാരായണതൈലത്തെ ആ അസുരന്മാരെ ജയിക്കാനായിക്കൊണ്ട് നിർമ്മിച്ചതാകുന്നു. ജംഗമങ്ങളായും സ്ഥാവരങ്ങളായും ഗ്രാമവനേചരങ്ങളായും ഇരിക്കുന്നവകളുള്ള വാതരോഗങ്ങളും അന്യരോഗങ്ങളും വിഷ്ണുനാമതുല്യമാഹാത്മ്യമുള്ളതും നാരായണനാൽ നിർമ്മിതവുമായ ഈ തൈലത്തിന്റെ സ്മരണത്താൽതന്നെ നശിച്ചു സുഖം പ്രാപിക്കും.

ബലാദ്യം തൈലം (നാരായണതൈലം.)

ബലാശ്വഗന്ധാബൃഹതീദ്വയാനാം
പ്രസാരിണീനിംബശലാടുകാനാം
പുനർന്നവാപാടലികാഗ്നിമന്ഥ-
ശ്യോനാകസപ്തഛദജീരകാനാം. ൨൯
അന്യാം പലാനാം ദശകം പൃഥക് ച
പചേച്ചതുർദ്രോണജലേവശിഷ്ടേ
പാദേ തഥാ ചാതിബലായുതാനാം
തൈലാഢകേതുല്യശതാവരീജേ. ൩൦
ചതുർഗ്ഗുണേ ഗോപയസാ ച വക്ഷ്യ-
മാണൈരൗഷധീഭിശ്ച പൃഥക് പലൈസ്തു
കല്ക്കീകൃതൈഃ കുഷ്ഠവചാബലാഭിഃ
ശൈലേയസിന്ധൂത്ഥദേവകാഷ്ഠൈഃ. ൩൧

മിസ്യശതാഹ്വേന്ദ്രയവമാംസികാഭി-
രാസ്നാ തഥാ പർണ്ണിചതുഷ്ടയൈശ്ച
തഥാഗകാദ്യൈഃ പ്രപചേത്തു തൈലം
നാരായണം നാമ മഹാപ്രഭാവം. ൩൨

വസ്തൌ ച നസ്യേഭ്യഞ്ജനേ പാനേ ഹിതമേതൽ
പക്ഷാഘാതേ ച ഹനുസ്തംഭേവബാഹുകേ
മന്യാസ്തംഭേ ഗളഗ്രഹേ ബാധിര്യേ
കുബ്ജേ തഥൈവ ശുക്ലനാശേന്ത്രവൃദ്ധൌ. ൩൩

ബാധിര്യേ ച കടിഗ്രഹേ ക്ഷയഗദേ ഗാത്രസ്യശോഷേന്ദ്രിയ-
ധ്വംസേ ചാപി കരണ്ഡകേ ത്തു ശിരസോ വാതേ ച സർവ്വാംഗഗേ
ഏകാംഗാശ്രിതദുഷ്ടവായുജനിതേ വാതേ ച പംഗ്വൌ തഥാ
വന്ധ്യായാം ച പ്രസൂതയേ ച വിദുഷാം ബുദ്ധിപ്രദം സേവനാൽ. ൩൪

ഗതിഭംഗകടിഗ്രഹദന്തഗദേ ജരഗൃധ്രസികാദി സമസ്തഗദേ
ഭവഭഞ്ജനനാമസമാനമിദം ഗദഭഞ്ജനമാശുഭിഷഗ്വിദിതം. ൩൫

കുറുന്തോട്ടിവേര് അമുക്കുരം ചെറുവഴുതിനവേര് വെൺവഴുതിനവേര് പ്രസാരിണി വേപ്പിൻതൊലി കൂവളത്തിൻവേര് തഴുതാമവേര് പാതിരിവേര് മുഞ്ഞവേര് പലകപ്പയ്യാനിവേര് ഞെരിഞ്ഞിൽ വലിയകുറുന്തോട്ടി ഇവ പത്തുപ്പത്തുപലംവീതം നാലിടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു നാലൊന്നാക്കി നാലിടങ്ങഴി നല്ലെണ്ണയും അത്രയും ശതാവരീസ്വരസവും പാലും ചേർത്ത് കൊട്ടം വയമ്പ് കുറുന്തോട്ടിവേര് കന്മദം ഇന്തുപ്പ് ചിറ്റരത്ത ദേവതാരം ചതകുപ്പ അമുക്കുരം കച്ചോലം അയമോദകം മാഞ്ചി അരത്ത കാട്ടുഴുന്ന് കാട്ടുപയറ് കാരില മൂവില ചന്ദനം ഇവ ഓരോപലം അരച്ചുകലക്കി കാച്ചി അരിച്ചെടുക്കുക. ഈ തൈലത്തിനു നാരായണതൈലം എന്നുപേർ. ഇത് വസ്തി നസ്യം അഭ്യഞ്ജനം (തേച്ചുകുളി) പാനാദി ഇവകളിൽ ഉപയോഗിക്കാം. പക്ഷാഘാതം ഹനുസ്തംഭം മന്യാസ്തംഭം ഗളഗ്രഹം ബാധിര്യം കുബ്ജം ശുക്ലനാശം അന്ത്രവൃദ്ധി മുതലായ പല വായുരോഗങ്ങളേയും ശമിപ്പിക്കും. ശേഷം ശ്ലോകാർത്ഥം സ്പഷ്ടമാണ്.

മഹാമാഷതൈലം.

അഥോ മാഷമർദ്ധാഢകം വൈ തുലാർദ്ധം
ദശാംഘ്രേഃ പലം ചാപി ഛാഗസ്യ ത്രിംശൽ
പലാന്യാശു വൈദ്യസ്തു ദ്രോണേംഭസോ വൈ
വിപാച്യാശു പാദാവശിഷ്ടേന തേന. ൩൬
തിലാനാം തു തൈലം ച പ്രസ്ഥപ്രമാണം
ചതുഃപ്രസ്ഥഗോദുഗ്ദ്ധയുക്തം വിധിജ്ഞഃ

ശതാഹ്വാത്മഗുപ്താജീവന്തീയൈഃ സമസ്തൈഃ
ബലാരാസ്നാഷഡ്ഗ്രന്ഥികാഭിശ്ച ചവ്യാനലൈശ്ച. ൩൭

ശിവൈരണ്ഡധാത്ര്യാത്മഗുപ്താശതാഹ്വാ
വചാകുഷ്ഠരാസ്നാത്രികടൈശ്ച ശുണ്ഠ്യാ
തഥാദേവകാദ്യൈഃ പടുനാം ത്രയൈശ്ച
സമം കല്കിതൈരക്ഷമാത്രൈഃ പൃഥഗ്വാ. ൩൮

സുസിദ്ധം മഹാമാഷസംജ്ഞം വിശേഷാ-
ദ്ധരേൽ പക്ഷാഘാതം ഹനുസ്തംഭമുഗ്രം
ശിരോരോഗനേത്രകർണ്ണാമയേ ഗ്രീവരോഗേ
പംഗുത്വം ഖഞ്ജത്വം അല്പ്യാം വിമർദ്ദ്യം. ൩൯

ശ്രുതൌ പൂരണേഽഭ്യഞ്ജനേ നസ്യയോഗേ
തഥാ വസ്തികർമ്മണ്യഥോ പാനയോഗേ
ത്രിദോഷേ ച വാതേ സമസ്തേ സമസ്തൈർ-
മുനീശൈരലം തൈലമേതൽപ്രദിഷ്ടം. ൪൦

ഉഴുന്ന് ൨ ഇടങ്ങഴി ദശമൂലം അരത്തുലാം, ആട്ടിൻമാംസം മുപ്പതുപലം, ഇവ പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് നാലൊന്നാക്കി ഇടങ്ങഴിനല്ലെണ്ണയും നാലിടങ്ങഴി പാലുംചേർത്ത ചതകുപ്പ മഞ്ചട്ടിജീവനീയഗണങ്ങളെല്ലാം (ശതാവരിക്കിഴങ്ങ് കോവൽക്കിഴങ്ങ് അടപതിയൻകിഴങ്ങ് ജീവകം ഇടവകം കാകോളി ക്ഷീരകാകോളി മേദ മഹാമേദ ഇരട്ടിമധുരം) കുറുന്തോട്ടിവേര് ചുക്ക മുളക തിപ്പലി തിപ്പലീമൂലം കാട്ടുമുളകുകൊടിവേര്, കൊടുവേലിക്കിഴങ്ങ്, ആവണക്കിൻവേര് നെല്ലിക്ക നായ്ക്കുരണവേര് അമുക്കുരം വയമ്പ് കൊട്ടം അരത്ത ഞെരിഞ്ഞിൽ കച്ചോലം ദേവദാരം ഉപ്പുമൂന്ന്. ഇവ മുമ്മൂന്നു കഴഞ്ചുവീതം അരച്ചുകലക്കി കാച്ചിയെടുക്കുക. ഈ മഹാമാഷതൈലം പക്ഷാഘാതം ഹനുസ്തംഭം ശിരോരോഗം നേത്രരോഗം കർണ്ണരോഗം ഗളാംകുരം മുതലായ രോഗങ്ങളെ ശമിപ്പിക്കും. ഈ തൈലം ചെവിക്കകത്തു പൂരണംചെയ്യുന്നതിനും തേച്ചുകുളിക്കുന്നതിനും നസ്യത്തിനും വസ്തിക്കും പാനത്തിനും കൊള്ളാം. ത്രിദോഷകോപത്തിനും സമസ്തവായുരോഗത്തിനും നല്ലതാണ്.

ലഘുമാഷതൈലം-

മാഷാതസീയവകുരണ്ടകകട്ടൃണാനാം
ക്ഷുദ്രാംഘ്രിഗോക്ഷുരകമർക്കടികാജടാനാം
പ്രത്യേകമേതദഖിലം ച മുനിപ്രമാണൈഃ
സാകൃത്യ ചാഥ പലകൈശ്ച ഭിഷഗ്ഗൃഹീത്വാ. ൪൧

സമ്പാച്യവേദഗ്ഗുണിതേന ജലേനപാദ-
ശേഷേണ ചാഥ ബലാം ശണബീജകം ച.
കാർപ്പാസകാസ്ഥിസഹിതം ച കുലത്ഥകം ച
വില്വാപലം ച സകലം ച പൃഥക് പൃഥക് ച. ൪൨

സമ്പാച്യപൂർവ്വവിധിനാ ച ജലേന തേന
ഛാഗസ്യ ചാഥപലലം ച തുപ്രസ്ഥമാനം
തദ്വാ തഥൈവ പരിപാച്യ ജലേന തേന
കല്ക്കൈശ്ച ശ്രേഷ്ഠമിസിബലാമൃത പിപ്പലീനാം. ൪൩

രാസ്നാതരുർബ്ബുകകട്ടുകാഗദ സാരിബീനാം-
പൌനർന്നവാംഘ്രി ലവണോത്തമ ഹിംസികാനാം
കാശ്മാരികേശ്ച ക്രമശഃ പലികാ വണീയം
മുദ്വഗ്നിനാ തിലജതൈലമിദം തു പ്രസ്ഥം. ൪൪

മാഷാദിതൈലമഖിലാൻ വിനിഹന്തി വാത-
വ്യാധീനശേഷശിരഊരുക രുക്ക്ഛരാൻ.
പക്ഷപ്രവാതമപി ചാർദ്ദിതവാതരോഗാ-
നാക്ഷേപകാദിസകലാൻ പരിമർദ്ദനേന. ൪൫

ഉഴുന്ന് അരശി യവം മഞ്ഞക്കുറുന്തി പരുത്തിക്കുരു കണ്ടകാരിച്ചുണ്ടയുടെവേര് ഞെരിഞ്ഞിൽ നായ്ക്കുരുണവേര് ജടാമഞ്ചി ഇവ ൧-൧-പലംവീതം നാലിടങ്ങഴി വെള്ളത്തിൽ കഷായം വച്ച് നാലൊന്നാക്കുക. ലന്തക്കുരു ചണംപയറ് പഞ്ഞിക്കുരു മുതിര ഇവ ൧൨/പലം വീതം നാലിടങ്ങഴി വെള്ളത്തിൽ പചിച്ച് നാലൊന്നാക്കുക; ആട്ടിൻമാംസം നൂറു പലം. നൂറു ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് ൧൬ ഇടങ്ങഴിയാക്കുക. ഇവയെല്ലാംകൂടി യോജിപ്പിച്ച് ചതകുപ്പ കുറുന്തോട്ടിവേര് അമൃത് തിപ്പലി അരത്ത ആവണക്കിൻവേര് കടുകരോഹിണി കൊട്ടം പ്രസാരിണി തഴുതാമവേര് ഇന്തുപ്പ് മാഞ്ചി ഇവ മുമ്മൂന്നുകഴഞ്ചുവീതം (ഇത് ഭാവപ്രകാശത്തിൽ പറഞ്ഞിട്ടുള്ളതാകുന്നു) അരച്ചുകലക്കി ഒരിടങ്ങഴി എള്ളെണ്ണയുംചേർത്ത് പാകത്തിൽ കാച്ചിയരിക്കുക; ഈ മാഷതൈലം സർവ്വവാതരോഗങ്ങളേയും ശിരസ്സ് തുട കൈയ് ഈ അംഗങ്ങളുടെ വിറയലിനേയും പക്ഷാഘാതം, അർദ്ദിതം, ആക്ഷേപകാദിവാതം ഇവയേയും നശിപ്പിക്കും.

ബലാദ്യതൈലം.

ബലായാശ്ശതം വൈഗ്രദ്ധ്വച്യാശ്ച പാദ-
സ്ഥരാദാർവ്വികായാസ്ത വസപംശകാനി.

ജലസ്യാഢകാനാം ശതം പാച്യതാദി
ശ്ശതംചാഢശിഷ്ടേന നീരേദേഥശ്ച. ൪൬

തതശ്ച്യുക്വിനീരേ സുസൂക്ഷേ പചേത്തൈ-
ലമാഢ്യാഢകം ചാജദുഗ്ദ്ധം പ്രദായ.
ശഠീ ചന്ദനൈലാതരുണാപത്മമുസ്താ-
ജനാദേവപുഷ്പപ്രിയംഗ്വാദികാനാം. ൪൭

നതവ്യാധികങ്കോലമേദാനഖാനാം
സകാശ്മീര ചാംപേയരാസ്നായുതാനാം.
സമാസപ്തപർണ്ണാംഗരേണുപ്രഗന്ധാ-
ശ്ചപൃക്കാബലാകാമമന്ദാദികാനാം. ൪൮

പലൈകൈകമാത്രാകൃതംകല്കമാസാം
പഠോധാരയാസാലദാർവ്വോശ്ചതദ്വൽ
പരചൂർണ്ണാദ്യതൈലാഢകംമന്ദവഹ്നൌ
സുപക്വംബലാദിപ്രസിദ്ധം യഥാർത്ഥം. ൪൯

ഹരേൽശ്വാസകാസാൻക്ഷയംഛർദ്ദിമുഗ്രാം
ജ്വരംപ്ലീഹശോഫാംശ്ച മൂർഛാംതഥൈവ
അപസ്മാരവാതാൻ സമസ്താനലക്ഷ്മീം
ബലാദ്യംസുതൈലംവിമർദ്ദ്യം വിശേഷാൽ. ൫൦

കുറുന്തോട്ടിവേര് പലം ൧൦൦ അമൃത് പലം ൨൫, മരമഞ്ഞൾതൊലി ൧൦ പലം. എല്ലാംകൂടി നാനൂറിടങ്ങഴി വെള്ളത്തിൽ പചിച്ച് നാലൊന്നാക്കി തൈരിൻവെള്ളം ചെറുകരിമ്പിൻനീര് ഇവയും നാഴിടങ്ങഴി എണ്ണയും അത്രയും ആട്ടിൻപാലും ചേർത്ത് കച്ചോലം ചന്ദനം ഏലത്തരി മഞ്ചട്ടി താമരക്കിഴങ്ങ് മുത്തങ്ങാ കുറുന്തോട്ടിവേര് ഇലവർങ്ങം ഞാഴൽപ്പൂവ് തകരം കൊട്ടം തക്കോലം മേദ അറവുതനാലം പുഷ്കരമൂലിവേര് താമരവല്ലി അരത്ത ഏഴിലമ്പാല തൊലി നാഗകേസരം ചന്ദനം കുറുന്തോട്ടി ഉലുവാ പാച്ചിനിൻ തൊലി മരമഞ്ഞൾ ഇവ ഓരോപലം അരച്ചുകലക്കി പാത്രക്കേ തീകത്തിച്ചു കാച്ചി എടുക്കുക. ഈ ബലാദിതൈലം ഉപയോഗിച്ചാൽ ശ്വാസം കാസം ക്ഷയം ഛർദ്ദി ജ്വരം പ്ലീഹ ശോഫം മൂർഛ, അപസ്മാരം ഇവയും സകലവാതവും ശമിക്കും. അലക്ഷ്മിയും ഇല്ലാതാകും.

ഭൃംഗരാജതൈലം.

ഭൃംഗരാജകട്ടുതുംബികാരസം
കപാഥമത്തദശമൂലസംഭവം

നീരമത്രബഹൂപല്ലവോദ്ഭവം
മാഷയൂഷസഹിതംകുലത്ഥകം.
തക്രകേനദധിനാസമംസമം
തൈലമധ്മിഹപൂർവ്വഭാഗതഃ
മന്ദവഹ്നിപരിപാചിതംതഥാ-
ഭ്യംഗതോനിഖിലവാതനാശനം. ൱൭
ശിരഃകർണ്ണശൂലാക്ഷിശംഖഭ്രരോഗാ-
ന്നിഹന്ത്യാശുനസ്യപ്രയോഗപ്രപാനൈഃ
അപസ്മാരപാപഗ്രഹാവേശകൈശ്ച-
സ്തഥാചാദോഷമഭ്യഞ്ജനാദേവസദ്യഃ. ൱൮

കശ്ശോന്നിനീര് ചെച്ചുനീര് ദശമൂലംകഷായം കറാർവാഴനീര് ഉഴുന്ന് മുതിര ഇവയുടെ ചാറ് ഒട്ടിൻതൈര് ഇവ സമമെടുത്ത് എല്ലാംകൂടി യോജിപ്പിച്ച് എണ്ണയും ചേർത്ത് പാകത്തിൽ കാച്ചി എടുക്കുക; എണ്ണ ആദ്യം പറഞ്ഞ മരുന്നിൽ പകുതിയായിരിക്കണം. ഈ തൈലം നിത്യവും തേച്ചുകുളിച്ചാൽ എല്ലാവാതവും ശമിക്കും. തലയ്ക്കുവേദന ചെവിക്കുവേദന കണ്ണിനുവേദന ചെന്നിക്കുത്ത് മുതലായവയെയും നശിപ്പിക്കും. ഇതുകൂടാതെ അപസ്മാരം ഗ്രഹാവേശം ചൊറി ചിരങ്ങ് കുഷ്ഠം ഇവയെയും ഹരിക്കും. ത്വഗ്ദോഷം ഈ എണ്ണതേച്ചാൽ ഉടൻതന്നെ മാറും.

വിഷഗർഭതൈലം.

കടുവപഞ്ചകാറാടകജം രസം
സമലവം ചലൂതേനച കാഞ്ജികം
ഗദവചാദഹനോത്ഥജമാഢകം
ത്രിലവകംമരിചാച്ചവിഷാന്വ ൱൯
രസലവംകനകസ്യ ച ബീജകം
കടുകതൈലലവം മുനിവിംശതിഃ.
തിലജതൈലമഥോ വിധിമാത്രയാ
സകലതൈലവിധാനവിദാംവരാ. ൱൧
അപിശൃതം വിഷഗർഭസമാഹ്വയാ
നിഗദിതം ബഹുമാരുതനാശനം
അപിസദാഗദിജാതരുജസ്ത ഥാ-
രഥവിമർദ്ദനതോ ഹരതി ധ്രുവം. ൱൨

ഉമ്മത്തിൻനീര് ഒരഞ്ഞാഴി, കാടി ഒരഞ്ഞാഴി, കൊട്ടം വയമ്പ് കൊടുവേലിക്കിഴങ്ങ് ഇവയുടെ രസം നാഴിടങ്ങഴി, നല്ലമുളക് ന

ലവം വത്സനാഭി ൻ ലവം ഉമ്മത്തിൻകുരു ന ലവം കടുകെണ്ണ ര ലവം എള്ളെണ്ണ ഒരഞ്ഞാഴി ഇവയെല്ലാംകൂടിച്ചേർത്ത് എണ്ണ കാച്ചനരീതിയിൽ കാച്ചി എടുക്കുക; ഈ വിഷഗർഭതൈലം എല്ലാവാതരോഗങ്ങളെശമിപ്പിക്കും. ഈ തൈലം ദേഹത്തിൽ തേച്ചു മർദ്ദിച്ചാൽ വാതരോഗത്തിൽ ഉണ്ടാകുന്ന പീഡകൾ ഇല്ലാതാകും.

പ്രസാരിണീതൈലം.

പ്രസാരിണീക്ഷുണ്ണശതം പലാനി.
ദ്രോണാംഭസാംപാദ്യതുപാദഹീനം
കഷായംദധികഷീരസുതൈലമദ്ധാ-
ഢകംതഥാകാഞ്ജികഭാഗയുക്തം. ൱൩
പ്രസാരിണീമൂലപലദ്വയം ച
കല്ക്കേനഭല്ലാതഫലൈശ്ചത്രിംശൽ
രാസ്നാഷനാകക്ഷാരപലത്രയം ച
പലാദ്ധകാശ്മീരയുതംപചേച്ച. ൱൪
മൃദ്വഗ്നിനാകുബ്ജകടിഗ്രഹാദ്യ-
പാംഗുത്വഗൃധ്രസീഹനുപൃഷ്ഠവാതാൻ
ശ്ലേഷ്മാമയാൻവാതഗദാംസ്തഥൈവ
സ്ത്രീണാംനരാണാമപഹന്തിശീഘ്രം. ൱൫
ബലവർണ്ണാഗ്നിവിവർദ്ധനംനിപീത-
മപിവായുനഖിലാന്നിഹന്തിശീഘ്രം
അപിതൈലംവിധിനാനിഷേവിതംവൈ
നിയതംഗൃധ്രസികാദിനാശനംഹി. ൱൬

നൂറുപലം പ്രസാരിണി സമൂലം പറിച്ചെടുത്ത് ചെറുതായിനുറുക്കി പത്ത് ഇടങ്ങഴിവെള്ളത്തിൽ പാകംചെയ്ത് നാലൊന്നാക്കി കഷായം തൈര് പാൽ കാടി എണ്ണ ഇവ രണ്ടിടങ്ങഴിവീതം ചേർത്ത് ചേക്കുരു മുപ്പത് അരത്ത നല്ലമുളക് ചവക്കാരം ഇവ മൂന്നുപലം കുങ്കുമം അരപ്പലം ഇവ കല്ക്കമായി മന്ദാഗ്നി കത്തിച്ച് കാച്ചിഎടുക്കുക; ഈ തൈലം തേച്ചാൽ സ്ത്രീപുരുഷന്മാർക്കുണ്ടാകുന്ന കൂനു, അരക്കെട്ടിനുപിടിത്തം, മുടന്ത്, ഗളഗ്രഹം, ഹനുഗ്രഹം, പൃഷ്ഠഗ്രഹം ഇവയും കഫരോഗങ്ങളും മറ്റുവാതരോഗങ്ങളും നശിക്കും. പാനംചെയ്താൽ ബലം വർണ്ണം ഇവയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. വിധിയനുസരിച്ച് സേവിച്ചാൽ ഗൃധ്രസി മുതലായ മഹാരോഗങ്ങളേയും കൂടി ശമിപ്പിക്കും.

വിജയഭൈരവതൈലം.

രസംഗന്ധം താലം സമഭാഗമിദം ചാപി ശിലയാ
ശിലാപിഷ്ടം ശ്ലക്ഷ്ണം വനഭാഗിജമനൈന്ധശ്ച ബഹുശഃ.
നവം സൂക്ഷ്മം വസ്ത്രം സകലമനുകല്ക്കേന പരിതോ
വിലിപ്തം തദ്വർത്തിം സതിലഭവതൈലാമഥഘൃതേൽ.

പ്രദീപ്തായാവർത്ത്മമുഖപതിതമധഃ കൃത്യവിഗളൽ
സതൈലം സംമർദ്യം വിജയപരതോ ഭൈരവമിദം
സമസ്തൈകൈകാംഗാശ്രിതസകലവാതോദ്ഭവചയാൻ
നിഹന്ത്യേവം ഭുക്തോ ജഠരഗതവ്യാധിമചിരാൽ.

രസം ഗന്ധകം അരിതാരം ഇവ സമം കല്ലിൽവച്ച് ...രിൻതെളിയിൽ (ശോതമ്പു കാടിയിൽ എന്ന് ...ഗത്താകരത്തി... കാണുന്നു) നല്ലവണ്ണം മിനുസമായി അരച്ച് എടുത്ത് അതു പല പ്ര... വശ്യം സൂക്ഷ്മവസ്ത്രത്തിൽ തേച്ചുണക്കി അതുകൊണ്ട് തിരിയുണ്ടാ... നല്ലെണ്ണയിൽ മുക്കി കീഴ്പ്പോട്ടാക്കി പിടിക്കുക; അപ്പോൾ അതിന്റെ... അടിയിൽ ഒരു പാത്രം വെച്ചു കൊള്ളണം. ഒരു പ്രകാരം കത്തിവ... ന്നതായ തിരിയിൽനിന്ന് ഊറി ആ പാത്രത്തിൽ വീഴുന്ന എണ്ണ ... ട്ടുത്തു സൂക്ഷിച്ചുവച്ചിരുന്ന് ദേഹത്തു തേച്ചു തിരുമ്മുക; ഈ വിജ... ഭൈരവതൈലം ശരീരംമുഴുവനുമോ ഏതെങ്കിലും അവയവത്തിലോ... വ്യാപിച്ചിരിക്കുന്ന വാതരോഗത്തെ നശിപ്പിക്കും. ഇതു സേവിച്ചാ... ഉദരത്തിലുള്ള എല്ലാ വ്യാധികളും നശിക്കുകയും ചെയ്യും.

വാതഗജാങ്കുശരസം.

മൃതം സൂതം ലോഹം താലികപിചതാമ്രം വിഷശിവേ-
സുനിർഗ്ഗുണ്ഡീശൃംഗീത്രികടുകസമം ടങ്കണമഥോ.
ജയന്ത്യാനിർഗ്ഗുണ്ഡീഭവവിമലമുണ്ഡീഭവരസൈർ-
ദിനംമർദ്ദ്യം വാതപ്രശമനം ചാങ്കുശമദഃ.

സന്ധ്യസ്ഥിവാതഗദജാലശമായ വല്ല-
മസ്യപ്രസേവ്യമപി വാതഗജാങ്കുശസ്യ
ഹന്ത്യാദശീതിമപി വാതഗദാനിപാനാ-
മേകോഗജാങ്കുശ ഇതി പ്രഥിതോജഗത്യാം.

മാരിതവും ശോധിതവുമായ രസം ഉരുക്ക് ഗന്ധകം മാ... ല്ല് വത്സനാഭി കടുക്ക കരിനൊച്ചി കക്കടശൃംഗി ചുക്ക മുള... പ്പലി പൊൻകാരം മുഞ്ഞ ഇവ സമാംശം എല്ലാംകൂടി പൊ... ശീലപ്പൊടി എടുത്ത് കരിനൊച്ചിനീരിലും ശ്രാവണിയുടെ നീ... ഒരു ദിവസം അരച്ച് ഗുളികയാക്കി വച്ചിരുന്ന് വിഴാലരിപ്പ...

...ന്നരക്കുന്നിയിട) സേവിക്കുക; ഈ വാതഗജാങ്കുശരസം സന്ധിക... ...ളിലും അസ്ഥികളിലും ഉള്ള വാതത്തെ ശമിപ്പിക്കും. എന്നുമാത്രമല്ല ...രസമാകുന്ന ഒരൊററ തോട്ടികൊണ്ട് എൺപതുപ്രകാരത്തിലുള്ള ...വാതരോഗഗജങ്ങളെ അടക്കാൻ സാധിക്കുന്നതാണ്.

രസോനാഷ്ടകം.

രസോനംഹിംഗുസിന്ധുജീരസർജ്ജികാകടുത്രയൈഃ
പ്രപേഷിതൈശ്ച കാഷികൈഃ പ്രഭക്ഷിതൈസ്സദാഗതേഃ
വിനാശമാശുയാതി വൈ തു ബൂകതൈലയോഗതഃ
പ്രവൃദ്ധവൈദ്യഭൂമിപാലസുശ്രുതാദിവർണ്ണിതം. ൭

വെളുത്തുള്ളി കായം ഇന്തുപ്പ് ജീരകം തുവർച്ചിലക്കാരം ചുക്ക ...മുളക തിപ്പലി ഇവ മുമ്മൂന്നു കഴഞ്ചുവീതം അരച്ച് ഭക്ഷിക്കയും അവ...ക്കെണ്ണ അനുപാനം ചെയ്കയും ചെയ്താൽ സകല വാതരോഗങ്ങളും ...നശിക്കും. ഈ യോഗം സുശ്രുതാദികൾക്കും സമ്മതമായിട്ടുള്ളതാ...ണ്. (വെളുത്തുള്ളി തൊലി കളഞ്ഞു പിളന്നു അതിന്റെ നടുക്കുള്ള ...മുളകളൊക്കയും കളഞ്ഞ്, രാത്രിയിൽ മോരിൽ ഇട്ടിരുന്നുവേണം ഉപ...യോഗിക്കേണ്ടത്. ഇത് അതിന്റെ ഉഗ്രമായ ഗന്ധം നശിക്കുന്നതി...നാകുന്നു.)

ഇങ്ങനെ വാതരോഗസാമാന്യചികിത്സ.

അഥ വാതരോഗസംപ്രാപ്തി.

അതിൽ ആദ്യമായി സിരാഗ്രഹം.

യദാരക്തമാശ്രിത്യവായുഃ പ്രകുപ്യാൽ
സിരാരുക്ഷകൃഷ്ണാസ്സപീഡാസ്സമൂർദ്ധ്നഃ.
അസാധ്യശ്ശിരാരുക്ഗ്രഹാന്തസ്സതത്ര
സിരാരുക്രിയാഭ്യംഗതപ്രസ്തയശ്ച. ൮

വായു രക്തത്തെ ആശ്രയിച്ചിട്ട് കഴുത്തിലുള്ള ഞരമ്പുകൾക്ക് ...വരൾച്ചയും കൃഷ്ണവർണ്ണവും വേദനയും ഉണ്ടാകുന്നു. ഇതാണ് സിരാ...ഗ്രഹം. ഇത് അസാധ്യമാണ്. ഇതിന്നു ഞരമ്പിനുള്ള ചികിത്സയും ...എട്ടഗവും ശിരോവസ്തിയും ചെയ്യണം.

ജൃംഭാ.

യദാനിലശ്ശ്വാസമഥൈകമേവ
നിപീയവേഗാത്ത്യജതിപ്രകാമം
അലസ്യനിദ്രാസഹിതസ്സ ജൃംഭാ-
മസ്യാംസതാംബൂലസുഭോജനാനി. ൧.

വായു മടിയോടും ഉറക്കവൈകല്യത്തോടുംകൂടി മുഖശ്വാസത്തെ കോട്ടുവായ് തുറന്ന് ഉള്ളിലേക്ക് പിടിച്ചിട്ട് ഉച്ഛ്വാസത്തെ ശബ്ദിച്ച് വെളിയിലേക്കുതള്ളുന്നു. ഇതിനു ജൃംഭ എന്നുപറയുന്നു. വെററിലതിന്നുകയോ നല്ലഭക്ഷണംകഴിക്കുകയോ ചെയ്താൽ ശമനം കിട്ടും

ഹനുഗ്രഹം.

ജിഹ്വാവനിർല്ലേഖനശുഷ്കഭക്ഷ്യ-
സംസേവനാദപ്യഭിഘാതതശ്ച
ഹനുസ്ഥവായുശ്ച ഹനും പ്രഗൃഹ്യ
പ്രസ്രംസയിത്വാ വിവൃതാസ്യതാം വാ.

വാ സംവൃതാസ്യത്വമമുഷ്യ കുർവ്വൻ
സ്യാച്ചർവ്വണം ഭോജനഭാഷണാദി
കരോത്യതസ്തച്ചിബുകം തു വൈദ്യ-
ശ്ചാപസ്ഥ സംസ്വേദ്യ വിനാമയേച്ച.

അധികമായി നാക്കു പുറത്തേക്കു വലിക്കുക ഉണങ്ങി കട്ടത്തായ ധനങ്ങളെ ചവക്കുക; അഭിഘാതം (അടി) മുതലായവ ഈ വയാൽ ഹനുപ്രദേശത്തിൽ ഇരിക്കുന്നവായു കോപിച്ച് ഹനുപ്രദേശത്തെ സ്രംസിപ്പിച്ചിട്ട് (സ്ഥാനത്തുനിന്നു തെറ്റിച്ചിട്ട്) വിവൃതാസ്യതയെയോ (വാതുറന്നിരിക്കുക) അല്ലെങ്കിൽ സംവൃതാസ്യതയെയോ (വായ് അടച്ചിരിക്കുക) ചെയ്യും. അതിനാൽ ചവയ്ക്കുന്നതിനും ഭക്ഷിക്കുന്നതിനും സംസാരിക്കുന്നതിനും വളരെ പ്രയാസം കാണും. ഇതാണ് ഹനുഗ്രഹം. ഇപ്രകാരം ആയാൽ വൈദ്യൻ വിവൃതാസ്യമായ ഹനുഗ്രഹത്തെ താടിയെല്ലിന്റെ സ്ഥാനത്തു വിയർപ്പിച്ച് എല്ലു പിടിച്ചമർത്തി ശരിയാക്കണം.

ഹനുഗ്രഹത്തിനു ചികിത്സ.

കണാർദ്രചവ്യാനി ചതുഷ്ടയോയൈ-
ർന്നിഷ്പീഡനാത്തം പ്രഥമം തതസ്തു
രസോനതൈലൈഃ പരിമർദ്ദ്യ പശ്ചാൽ
സംസ്വേദ്യ തൈരേവ തതോ വിഭോജ്യം.

സസൈന്ധവം മൂലകരിചതസ്യതൈല-
വസ്തിം വിദദ്ധ്യാന്മൃദുവഹ്നിനൈവ
സംസേവ്യ ചിഞ്ചാസുഫലം സുപക്വം
മുഖേ വിദദ്ധ്യാൽ സഗുഡം വിശേഷാൽ.

ഹനുഗ്രഹശ്ശാമ്യതി ചാഥ ജിഹ്വാ-
സ്തംഭസ്യ ലക്ഷണമേവ വക്ഷ്യേ.

ആദ്യം തിപ്പലി ഇഞ്ചി കാട്ടുമുളക കൊടിവേലി ഇവ കൂട്ടവെള്ളത്തിൽ ചതച്ചിട്ട് കവിൾക്കൊണ്ടു തുപ്പണം. പിന്നീട് വെള്ളുള്ളി ഇട്ടു മൂപ്പിച്ചതൈലംകൊണ്ട് തിരുമ്മി ആ എണ്ണകൊണ്ടുതന്നെ വിയർപ്പിച്ച് അതിനുശേഷം അതുതന്നെ ഉഴിക്കണം. ആ ഉള്ളിതൈലത്തിൽതന്നെ ഇന്തുപ്പും ഇട്ട് മൂപ്പിച്ച് ശിരോവസ്തിചെയ്യുകയും മൃദുവഹ്നികൊണ്ടു വിയർപ്പിച്ച് പഴുത്ത കോൽപുളിയുടെ കായും ശർക്കരയും കൂടി വായിൽ ധരിച്ചുകൊണ്ടിരിക്കയും ചെയ്യണം. എന്നാൽ ഹനുഗ്രഹം ശമിക്കും. ഇനിയും ജിഹ്വാസ്തംഭത്തിന്റെ ലക്ഷണം പറയുന്നു.

ജിഹ്വാസ്തംഭം.

വാഗ്വാഹിനീമാത്രസിരാസ്ഥിതസ്തു
വായുഃസ്ഥിതോവൈരസനാം വിശേഷാൽ. ൬

സംസ്തംഭയിത്വാന്നനിശേഷപാന-
വാക്ചാമനീശം പുരുഷം കരോതി
ചികിത്സിതം തത്ര യഥാർദ്ദിതേ തൈ-
കുര്യാദ്യഥാവസ്ഥമഥാത്രവാതേഃ ൭

വാഗ്വാഹിനിയായ ഞരമ്പിൽ സ്ഥിതിചെയ്യുന്ന വായു കോപിച്ചിട്ട് രസനയെ (നാക്കിനെ) സ്തംഭിപ്പിക്കുന്നു. ഇതാണ് ജിഹ്വാസ്തംഭം. ഈ രോഗിക്കു ഉണ്ണുന്നതിനും ജലപാനം ചെയ്യുന്നതിനും സംസാരിക്കുന്നതിനും വിഷമമായിരിക്കും. ജിഹ്വാസ്തംഭത്തിന് അർദ്ദിതം എന്ന വാതരോഗത്തിൽ വിധിക്കുന്ന ചികിത്സകളെ അവസ്ഥയനുസരിച്ചു ചെയ്യണം.

രാസ്നാദികഷായം.

രാസ്നാശിവാനാഗരദേവദാരു-
പ്രസാരിണീദീപ്യദുരാലഭാനാം
ശതാവരീപൌഷ്കരവൃദ്ധദാരു-
ബലാശടീഗോക്ഷുരഗുൽഗുലൂനാം. ൮

ദുരാലഭാരഗ്വധപഞ്ചമൂല
പുനർന്നവൈരണ്ഡമൃഗേന്ദ്രവക്ത്രൈഃ
മുണ്ഡീസമംഗാതിവിഷാശ്വഗന്ധാ
പീയൂഷശൈലേയശിലോദ്ഭവൈശ്ച ൯

തുല്യൈഃ സമസ്തൈർഹപുഷായുതാനാം
കഷായമേതത്സ്മിൻമിസിസംയുതാനാം

ഗണ്ഡൂഷസന്ധാരിതമേതജ്ജിഹ്വാ-
സ്തംഭംനിഹന്ത്യാശു ന ചിത്രമത്ര. ൧൧

സന്ധ്യസ്ഥിമജ്ജാഗതവായുരോഗാഃ
സർവ്വാംഗഗാഃ കമ്പസിരാഗ്രഹാദ്യാഃ
പക്ഷാപഘാതാർദ്ദിതജാനുഗുല്ഫ
കടീഗ്രഹാഃ കംബ്ജമുഖാസ്തു സർവ്വേ. ൧൨

സാമാനിരാമാസ്ത്വപിസപ്തധാതു-
ഗതാശ്ചരോഗാഃ പ്രലയംപ്രയാന്തി
തഥാവൃതേ ൯ നാവൃതരക്തവാതേ
രാസ്നാദിരാദ്യൈതദിഹൈവധാത്ര. ൧൩

അരത്ത കട്ടക്കചുക്ക് ദേവതാരം പ്രസാരിണി കൊത്തമ്പാലയരി കൊടിത്തുവവേര് ശതാവരിക്കിഴങ്ങ് പുഷ്കരമൂലിവേര് മറിക്കുന്നി കുറുന്തോട്ടിവേര് കച്ചോലം ഞെരിഞ്ഞിൽ ഗുൽഗുലു നായ്ക്കുരണവേര് കൊന്നത്തൊലി കുമ്പിൾ ചിറ്റീളം പാതിരി പലകപ്പയ്യാനി മുഞ്ഞ ഇവ അഞ്ചിന്റെയും വേര് തമിഴാമവേര് വെളുത്താവണക്കിൻവേര് അരലോടകത്തിൻവേര് ശ്രാവണി പടച്ചുണ്ട അതിവിടയം അമുക്കുരം അമൃത് ചെറുവഴുതിനവേര് കടുകരോഹിണി ലൊടക്കം ചതകുപ്പ ഇവയെല്ലാം സമാംശമായി എടുത്തു കഷായംവെച്ച് വായിൽ കവിൾക്കൊണ്ടാൽ ജിഹ്വാസ്തംഭം ശമിക്കും. ഇത് സേവിച്ചാൽ സന്ധി അസ്ഥി മജ്ജ ഇവയെ പ്രാപിച്ചിരിക്കുന്ന വായുരോഗങ്ങളും സർവ്വാംഗത്തിലുള്ള വാതരോഗവും വിറയൽ സിരാഗ്രഹം പക്ഷാഘാതം (ഒരുവക സ്തംഭനവാതം) അർദ്ദിതം എന്ന വാതരോഗം മുട്ട് നരിയാണി അര ഈ രോഗങ്ങളിൽ പിടിത്തം കമ്പ്ജം (ക്ലന്ത്) മുതലായ സർവ്വരോഗങ്ങളും സാമങ്ങളായും നിരാമങ്ങളായും സപ്തധാതുക്കളെ ഗമിച്ചിരിക്കുന്ന രോഗങ്ങളും നശിക്കും.

മൂകവാതം.

ധമനീഃ സ കഫസ്തു വായുരേവ
ബദ്ധധാവൃത്യ ച ശബ്ദവാഹിനീഃ
അവതിഷ്ഠതിയസ്യസോത്രനൃനാ-
മഥ മൂകതയുതോ നിരന്തരം. ൧൪

വായു കഫത്തിന്റെ സഹായത്തോടുകൂടി ശബ്ദവാഹിനികളായ ഞരമ്പുകളിൽ ബദ്ധപ്രകാരം ആവരണം ചെയ്യുകനിമിത്തം മൂകത്വം ഉണ്ടാകുന്നു.

മൂകത്വചികിത്സ.

വചാസന്ധവലോധ്രധാതകീ-
ഫലികൈർബസ്തപയഃപ്രപേഷിതൈഃ
വചയാ ഘൃതപ്രസ്ഥപാചിതൈ-
ഃ ഫസാരസ്വതഹവ്യസേവനാൽ. ൧൫
ജഡഗദ്ഗദമൂകമിമ്മിനാഃ
സ്മൃതിമേധാപ്രതിഭാസുവാഗ്ഗുണാഃ
പ്രഭവന്തി ന ചിത്രമത്ര വാ
വരവൈദ്യാധിപതിപ്രഭാഷിതം. ൧൬

സാരസ്വതഘൃതം.

ഓരിലത്താമര? മുഞ്ഞത്തൊലി പാച്ചോറ്റിത്തൊലി താതിരിപ്പൂവ് വയമ്പ് ഇവ ഓരോ പലംവീതം ആട്ടിൻപാലിൽ അരച്ചുകലക്കി ഇടങ്ങഴിനെയ്യുകാച്ചി സേവിച്ചാൽ ജഡംഗദ്ഗദം മൂകതമിമ്മിനം ഇവ നശിക്കും. സ്മൃതി ധാരണാശക്തി പ്രതിഭ വാക്കിന്ന് സ്ഫുടത ഇവ യുണ്ടാകും. ഈ ഘൃതത്തിന്റെ പേര് സാരസ്വതം എന്നാകുന്നു.

മിമ്മിനാദികം.

ധമനീഃഖലുശബ്ദവാഹികാ
യദിചാക്രമ്യചനാസികാശ്രിതഃ
പ്രബലസ്തപ്രഭഞ്ജനോതദാ
ഖലുയസ്യാപിസമിമ്മിനംവദേൽ. ൧൭

വായു ശബ്ദവാഹിനികളായ ഞരമ്പുകളെ അക്രമിച്ചിട്ട് നാസികയിൽ പ്രവേശിച്ച് പ്രബലനായിട്ട് അനുനാസികസഹിതങ്ങളായ വാക്കുകളെ (മൂക്കിൽനിന്നുള്ളതോടുകൂടിയ വാക്കുകളെ) പുറപ്പെടീക്കുന്നു. അതിനെ മിമ്മിനം എന്നു പറയുന്നു.

മിമ്മിനചികിത്സ.

കല്യാണകാവലേഹം.

നിശാവചാകുഷ്ഠകണാഃയമോദാ-
ജാജീസലോകാപടുജീരകാണാം
ചൂർണ്ണം സമാനാം മധുകാനചിതാനാം
ഗോസർപ്പിഷാലോഢ്യ നരോവിലിഹ്യ. ൧൮
ഘനസ്വനഃകോകിലനിസ്വനശ്ച
മേധാംസ്മൃതിം ശാസ്ത്രചമൽക്രിയാം ച
ലഭേച്ച വാചസ്പതിതുല്യവാച-
മേകാധികൈർവിംശതിവാസരൈശ്ച. ൧൯

മഞ്ഞൾ, വയമ്പ്, കൊട്ടം, തിപ്പലി, അയമോദകം, അരശാളി, ചുക്ക്, ഇന്തുപ്പ്, ജീരകം, ഇരട്ടിമധുരം ഇവ സമാംശമെടുത്തു പൊടിച്ച് പശുവിൻനെയ്യിൽ കുഴച്ചു സേവിച്ചാൽ സ്വരം കുയിലിനു തുല്യമായിത്തീരും. മേധ, സ്മൃതി മുതലായതും ഇവയും ഉണ്ടാകും. ഇരുപത്തിയൊന്നുദിവസം മുടങ്ങാതെ സേവിച്ചാൽ ബൃഹസ്പതി (വ്യാഴ) തുല്യനായിത്തീരും.

ഗദ്ഗദലക്ഷണം.

ധമനീഃ ചലശബ്ദവാഹിനീർ-
യദി ചാക്രമ്യ ഹി താലുസംസ്ഥിതഃ
സകഫോ നില ഏവ കേവലം
പ്രതികുര്യാൽ ചലഗദ്ഗദം നരം. ൧൦

വായു, കഫത്തോടുകൂടി ശബ്ദവാഹിനികളായ ധമനികളെ ആക്രമിച്ച് താലു(അണ്ണാക്ക്)വിങ്കൽ സ്ഥിതിചെയ്തിട്ട് നരനെ ഗദ്ഗദനാക്കിച്ചെയ്യുന്നു.

ഗദ്ഗദചികിത്സ.

സാരസ്വതഘൃതം.

കൃമിശത്രുവചാഭയാകടു-
ത്രയബ്രാഹ്മീവൃഷശിഗ്രുചിത്രകൈഃ
ലവണോത്തമപണ്ണികാസമൈ-
രജഭാർങ്ഗീസഹിതൈസ്തു പാചയേൽ. ൧൧

സുശ്രുതം ച ഘൃതം ച ചാരിണീ-
പയസാ നിലമർദ്ദം നിരന്തരം
പ്രഭജൻ ഹിലഭേദസംശനം
സ്മൃതിമേധാസുവചാംസി ഗദ്ഗദീ. ൧൨

കൃമിശത്രു, വയമ്പ്, കടുക്ക, ചുക്ക്, മുളക്, തിപ്പലി, ബ്രഹ്മി, ആടലോടകത്തിൻവേര്, മുരിങ്ങത്തൊലി, വെള്ളത്താവണക്കിൻവേര്, ഇന്തുപ്പ്, കാട്ടുഴുന്ന്, ചെറുതേക്ക് പാടക്കിഴങ്ങ്, ഇവ അരച്ച് ആട്ടിൻപാലിൽ കലക്കി നെയ്യും ചേർത്ത് കാച്ചി പുരട്ടുക; ഈ ഘൃതം സേവിച്ചാൽ സ്മൃതിമേധാദികൾ ഉണ്ടായി ഗദ്ഗദി സ്പഷ്ടാക്ഷരമായി സംസാരിക്കും.

പ്രലാപലക്ഷണം.

സ്വഹേതുതസ്തു കോപമേത്യ വായുരേവ സന്തതം
പ്രലാപമാശുകാരയേദതിശേഷതോ ജനസ്തദാ
നിരർത്ഥകാ വചോ വദേദസംശയം തു നിസ്പൃശഃ
സസംഭ്രമം വിലോകയേന്നിവാരിതോऽപി ഭൂരിശഃ. ൧൩

വായു തന്റെ കാരണങ്ങളാൽ കോപിച്ച് പ്രലാപത്തെ ഉണ്ടാക്കുന്നു. അതുനിമിത്തം പ്രലാപരോഗി നിരർത്ഥകമായും അസംബന്ധമായും സംസാരിക്കും. എത്രയൊക്കെ തടുത്താലും സംഭ്രമിച്ച് നോക്കുകയും ചെയ്യും.

പ്രലാപചികിത്സ.

നതാശതഗന്ധാ വരതിക്തതിക്താ
ദശാംഘ്രിപാടീ ഘനനാഗികാനാം
ഉശീരദ്രാക്ഷായുതശംഖപുഷ്പീ
സഭാരതീരൈവതസംയുതാനാം. ൧൪

കൃതഃ കഷായോ മധുസംയുതശ്ച
പീതോ തു നിത്യം വരവൈദ്യദത്താൽ
ശ്രുതാ പ്രലാപപ്രശമായ നൂന-
മദ്ഭുതതോ ദ്രുതതരം വദേദ്ധാ. ൧൫

തകരം, അമുക്കുരം, പപ്പടകപ്പുല്ല്, പുത്തരിച്ചുണ്ടവേര്, ദശമൂലം, ചന്ദനം, മുത്തങ്ങാക്കിഴങ്ങ്, രാമച്ചം, മുന്തിരിങ്ങ, ശംഖുപുഷ്പത്തിൻവേര്, ബ്രഹ്മി, കൊന്നത്തൊലി (അല്ലെങ്കിൽ ഈന്തൽ) ഇവ കഷായം വച്ച് തേൻ മേമ്പൊടി ചേർത്തു സേവിച്ചാൽ പ്രലാപം ക്ഷണത്തിൽ ശമിക്കും.

രസാജ്ഞാനവായു.

ഭുക്താന്നേ ന രസാൻവേത്തി രസജ്ഞാ രസനാ യദാ
മധുരപ്രഭൃതീനുക്തം രസാജ്ഞാനം ബുധൈസ്തദാ. ൧൬

രസത്തെ അറിയുന്നതായ രസന (നാക്ക്) ഭുജിച്ച അന്നങ്ങളുടെ മധുരാദിരസങ്ങളെ അറിയാൻപാടില്ലാതെ ആയിത്തീരുന്നു എങ്കിൽ അതിനെ രസാജ്ഞാനം എന്നു പറയുന്നു.

രസാജ്ഞാനചികിത്സ.

ത്രികടുകപടുചവ്യക്ഷാരാജികാകൃഷ്ണജീരൈ-
രനലമരിചശുണ്ഠീപിപ്പലീമൂലികൈശ്ച
രസനമഭിജിഘർഷേജ്ജാതജാഡ്യഃ കദാപി
പ്രഭവതി ബഹുധാവൈ ഭോജനം ഭോക്തുമീശഃ. ൧൭

ചുക്ക്, മുളക്, തിപ്പലി, ഇന്തുപ്പ്, ചുണ്ണാമ്പ്, കരിങ്കടുക്, കരിഞ്ജീരകം, ഇവയോ, കൊടുവേലിക്കിഴങ്ങ്, നല്ലമുളക്, ചുക്ക്, കാട്ടുതിപ്പലിവേര് ഇവയോ അരച്ചു നാക്കിൽ തേക്കണം. എന്നാൽ രസാജ്ഞാനം എന്ന രോഗം ശമിക്കും. ഭുജിക്കുന്നതിനു സാമർത്ഥ്യവും ഉണ്ടാകും.

ത്വൿശൂന്യതാലക്ഷണം.

ത്വചിസ്പൃശ്യമാനോനശീതോഷ്ണതീവ്ര-
മൃദ്വന്യേത്തിതദേൽ ത്വചാ ശൂന്യതാ സാ
പ്രസുപ്തംതമേകേ തുവൈദ്യാധിരാജാ
ജഗുഃപ്രായശോരക്തമോക്ഷസ്തുതത്ര. ൨൭

ത്വക്കിൽ സ്പർശിച്ചാൽ തണുപ്പ് ചൂട് കർക്കശത്വം ഇവ അറിയാൻപാടില്ലാതെ ഇരിക്കുക, എന്നതു് ത്വക്ക്ശൂന്യതയാകുന്നു. ചില വൈദ്യന്മാർ ഇതിനെ പ്രസുപ്തം (മരവിപ്പ്) എന്നു പറയുന്നു. ഇതിന്നു് മിക്കവാറും രക്തം കീറിക്കളയണം.

ത്വക്ശൂന്യതാചികിത്സ.

ഏരണ്ഡതൈലം ത്രിഫലാഗ്നിതാശ-
ഗോമൂത്രഗോഹവ്യവിഷാഗ്നിപക്വം
സംമർദ്ദയേത്തൈലമിദാംഗമസ്യ
പ്രസുപ്തവാതാതുരദീനജന്തോഃ. ൨൮

ത്രിഫല, കൊടുവേലിക്കിഴങ്ങ്, ഗോമൂത്രം, നെയ്യ് വത്സനാഭം ഇവ ചേർത്തു പാകം ചെയ്ത ആവണക്കെണ്ണ ദേഹമാസകലം തേച്ചു മർദ്ദിച്ചാൽ പ്രസുപ്തവാതം ശമിക്കും.

വേറൊരു ധൂപം.

ലവണാഗുരുതൈലഘൃതാവിലധൈര്യധൂപ്യൈർ
ധൂപിതദേഹോപ്യപഗതമോഹസ്തനുശുദ്ധിം
ലഭതേനിലസുപ്തം ത്വചിഗുപ്തംപരിതപ്തം
മൃദുഖരശീതംതനുപരിനീതം തദ്ബുദ്ധിം. ൨൯

ഇന്തുപ്പ് അകിൽ, ഇവ പൊടിച്ചു് എണ്ണയും ചേർത്തു പുകച്ചാൽ മോഹം നീങ്ങി ദേഹത്തിനു ശുദ്ധിയുണ്ടായി, വായുവിനാൽ മരവിച്ചും തണുത്തുമിരിക്കുന്ന സ്ഥലത്തു് രോഗിക്ക് ഉഷ്ണം മുതലായവ ഏൽക്കയും അതു് അറിയാറാകയും ചെയ്യും.

അർദ്ദിതവാതം.

ഉച്ചൈർവ്യാഹരതസ്തഥാതികഠിനാന്യശ്നതോജൃംഭതോ
ഭാരാദ്യാവിഷമാശനാച്ഛയനതോ മൂർദ്ധാക്ഷിനാസൌഷ്ഠഗഃ
വായുർവാചിബുകേലലാടഫലകേതത്സർവ്വസന്ധിഷ്ഠിതം
വക്ത്രംവക്രമഥാർദ്ധമാശുപരിതോവായ്വർദ്ദയേദർദ്ദിതേ. ൩൦

ഗ്രീവാചവക്ത്രേതത്ര വാഗ്ഭംഗഃശിരസസ്തഥാ
പ്രകമ്പശ്ചിബുകേദന്തഗ്രീവാപാർശ്വേ ച വേദനാ. ൩൧

ഉറക്കെ സംസാരിക്കുക, കാഠിന്യമുള്ള വസ്തുക്കളെ ചവയ്ക്കുക;

കോട്ടുവായിടുക; ചുമടെടുക്കുക; വിഷമഭക്ഷണം ചെയ്ക; വളരെ ചിരിക്കുക; ഈ കാരണങ്ങളാൽ വായു കോപിച്ചു്, ശിരസ്സ് കണ്ണ് മൂക്ക് ഓഷ്ഠവും താടി, നെററി, ഇവയുടെ സന്ധികളെ പ്രാപിച്ചു മുഖത്തിന്റെ പകുതിഭാഗത്തിനു കോട്ടമുണ്ടാകുന്നു. ആ ഭാഗവും ശരീരാർദ്ധവും സ്തംഭിക്കാനും ഇടയാകുന്നു. ഇതിനെ അർദ്ദിതം എന്നു പറയുന്നു. ഈ അർദ്ദിതം വന്നാൽ കഴുത്ത് ഒരുഭാഗത്തേക്കു തിരിഞ്ഞിരിക്കുകയും വാക്കിനു തടസ്സം തലയ്ക്കു വിറയൽ ഇവയും കോടിയ ഭാഗത്തുള്ള താടി പല്ല് കഴുത്ത് പാർശ്വഭാഗം ഈ സ്ഥാനങ്ങളിൽ വേദനയുമുണ്ടാകുകയും ചെയ്യും.

അർദ്ദിതചികിത്സ.

ദശമൂലരസൈഃ പയോയുതൈ-
സ്തിലതൈലം ചജീവനീയകൈഃ
ശൃതതൈലമിദം ച മർദ്ദനാ-
ദിഷു പാനാദ്യനുവാസനാദിഷു. ൩൨

ഉദിതം വിദിതം തഥാത്രവാ-
ത്യനിലഘ്നാന്യഥമർദ്ദനാനി ച
അശനാനിച യാനിതാനിവാ-
പ്യുപനാഹാവരധൂപനാനി ച. ൩൩

ദശമൂലം കഷായംവച്ചു് അതിൽ ജീവനീയഗണങ്ങളിലെ ഔഷധങ്ങൾ കൽക്കമാക്കി പാലുംചേർത്തു കാച്ചിയ തിലതൈലം ദേഹത്തിൽ തേച്ചുപിടിപ്പിക്കുകയോ പാനംചെയ്കയോ ചെയ്താൽ അർദ്ദിതം ശമിക്കും. ഈ തൈലം വസ്തിചെയ്യുന്നതിനും കൊള്ളാം. ഇതുകൂടാതെ വാതഹരങ്ങളായ മർദ്ദനങ്ങളും അശനങ്ങളും ഉപനാഹങ്ങളും (മരുന്നരച്ചുകെട്ടുകയും) ധൂപനങ്ങളും ചെയ്യാം.

വാതാർദ്ദിതലക്ഷണവും ചികിത്സയും.

ലാലാസ്രാവണവക്ത്രവ്യഥാസ്ഫുരണകാസ്തബ്ധത്വവൈവർണ്യതാ
ഗ്രാഹോഹാസശിരഃസ്തഥോഷ്ഠയുഗളേ സ്ഥൈര്യം ച വാതാർദ്ദിതേ
ക്ഷീരംതത്രദശാംഘ്രിസംശൃതജലൈർവ്വാ മാതുലുംഗീരസൈർ-
വാപഥ്യാംഘ്രിജലൈസ്തഥാപി ബലയാനിത്യം പിബേദ്വൈ പുമാൻ.

ഈത്താൽ ഒലിക്കുക; വളരെ വ്യഥ, വിറയൽ, ഹനുഗ്രഹം, വാക്കിനു തടസ്സം, നീര്, രണ്ടുചുണ്ടിനും തടിപ്പ് ഇതെല്ലാം വാതാർദ്ദിതത്തിന്റെ ലക്ഷണമാണ്. അതിന്നു് ദശമൂലമോ മാതളനാരങ്ങാരസമോ പഞ്ചമൂലമോ കുറുന്തോട്ടിവേരോ ഇട്ടു കുറുക്കിയ പാൽ മുടങ്ങാതെ കുടിച്ചുകൊണ്ടിരിക്കണം.

വേറൊരു യോഗം.

ഹയ്യംഗവീനേന ച മാഷപിണ്ഡം
ജശ്ധ്വാരസൈർമ്മാംസഭവൈശ്ച ദുഗ്ധം
പീത്വാ ദശാംഘ്രിപ്രഭവം പിബേച്ച
ഭുക്ത്വാപരിഷ്ടാൽ ഘൃതമത്രപേയം. ൩൭

ഉഴുന്നരച്ച് പുളുവെണ്ണയിൽ കുഴച്ചുതിന്നുക; മാംസരസത്തിൽ ചേർത്തു പാൽകാച്ചിക്കുടിക്കുക; ദശമൂലകഷായം പാനംചെയ്യുക; ഊണു കഴിഞ്ഞതിനുശേഷം നെയ്യ് കുടിക്കുക; ഇവയെല്ലാം വാതാർദ്ദിതത്തിന്റെ ചികിത്സകളാണ്.

വസ്ത്യഭ്യംജനനസ്യാനി സ്വേദനാനി പുനഃ പുനഃ
വാതാർദ്ദിതേ നരോനിത്യം നിഷേവേച്ച സുഖായവൈ. ൩൮

വസ്തി, അഭ്യഞ്ജനം (തേച്ചുകുളി) നസ്യം സ്വേദനം (വിയർപ്പിക്കൽ) ഇവ കൂടെക്കൂടെ ചെയ്താൽ വാതാർദ്ദിതരോഗിക്കു സുഖംകിട്ടും.

പിത്താർദ്ദിതലക്ഷണവും ചികിത്സയും.

പിത്താർദ്ദിതേ പീതമുഖോ ജ്വരാർത്ത-
സ്തൃഷ്ണാതുരോ മോഹയുതസ്സധൂമഃ
തത്രാപി ശീതാംശ്ച ഭജേച്ച തൈലാൻ
വസ്തിം ഘൃതേനൈവ ച സംവിദധ്യാൽ. ൩൯

മുഖത്തിനു മഞ്ഞനിറവും, ജ്വരം, തണ്ണീർദ്ദാഹം, മോഹം, പുകച്ചിൽ ഇവയും പിത്താർദ്ദിതത്തിന്റെ ലക്ഷണമാണ്. പിത്താർദ്ദിതത്തിൽ ശീതഗുണങ്ങളായ തൈലങ്ങളും നെയ്യ്കൊണ്ടു വസ്തിയും ഉപയോഗിക്കണം

പിത്താർദ്ദിതേ പയഃപാനം കേവലം സംപ്രശസ്യതേ
ജിഹ്മീഭൂതാനനേ മൂകേ സദാഹേഽപ്യഥ വാർദ്ദിതേ. ൪൦
വാതപിത്തപ്രതീകാരം ശിരസോ വേചനം ഹിതം
ശിരസോ രക്തമോക്ഷംവാ ദാഹേപിത്തഘ്നസേവനം. ൪൧

പിത്താർദ്ദിതത്തിൽ പാലു തനിച്ചുകുടിക്കുന്നതു നല്ലതാണ്. മുഖം വളയുക, സംസാരിക്കാൻ വയ്യാതാകുക, സർവ്വാംഗസന്താപമുണ്ടാകുക, ഈ ലക്ഷണങ്ങളുള്ള അർദ്ദിതത്തിൽ വാതപിത്തഹരങ്ങളായ ചികിത്സകളും ശിരോവേചനവും ശിരസ്സിൽനിന്നു രക്തം കളയുകയും ചെയ്യണം. സർവ്വാംഗസന്താപത്തിൽ പിത്തനാശകരമായ ചികിത്സ ചെയ്യണം.

കഫാർദ്ദിതലക്ഷണം.

ശോഫസ്സ ഗണ്ഡേ ശിരസസ്സമന്യാ-
യാസ്തംഭ ഉക്തസ്സ കഫാർദ്ദിതേ ഹി

സതീക്ഷ്ണനസ്യം ച പുരാണഹവ്യ-
പാനം തഥാ ചാത്ര കഫപ്രണാശി. ൪൨

കവിളിലെ നീരു് ശിരസ്തംഭം മന്യാസ്തംഭം (പിൻകഴുത്തിലെ ഞരമ്പുകൾ സ്തംഭിക്കുക) ഇവ കഫാർദ്ദിതത്തിൽ ഉണ്ടായിരിക്കും. അതിനു തീക്ഷ്ണമായ നസ്യവും പുരാണഘൃതപാനവും ചികിത്സകളാണ്. ഇതുകൂടാതെ കഫനാശകരമായ ചികിത്സയും ഹിതമാകുന്നു.

കഫാർദ്ദിതചികിത്സ.

കൽകം രസോനസ്യ സതൈലമത്ര
പേയം തഥാ മർദ്ദനമത്ര കാര്യം
ഭോജ്യാന്നപാനാനി ച ബൃംഹണാനി
വാതഘ്നമാംസപ്രഭവോദകാനി. ൪൩

വെളുത്തുള്ളി അരച്ച് എണ്ണചേർത്തു പാനംചെയ്യുക, തിരുമ്മുക, ബൃംഹണങ്ങളായ (തടിപ്പിക്കുന്ന) അന്നപാനങ്ങളും വാതഹരങ്ങളായ മാംസങ്ങളുടെ രസങ്ങളും ഉപയോഗിക്കുക, ഇതുയും കഫാർദ്ദിതത്തിന്റെ ചികിത്സകളാണ്

"ദിവാസ്വപ്നാസമസ്ഥാനവിവൃതോർദ്ധ്വനിരീക്ഷണൈഃ ൪൪
മന്യാസ്തംഭം പ്രകുരുതേ സ ഏവശ്ലേഷ്മണാവൃതഃ"
മന്യാസ്തംഭേ രോഗഉക്തസ്സ തത്ര
സ്വേദ്യഃകപാലോ ദിഗ്ജടാസംഭവസ്സ
രൂക്ഷം സ്വേദം ചാപി നസ്യം പ്രയോജ്യം
ക്വാഥം തദ്വൽ പഞ്ചമൂലീശൃതം ച. ൪൫

പകൽ ഉറങ്ങുക, സമനിരപ്പില്ലാത്ത സ്ഥലത്തു കിടക്കുക, മേല്പോട്ടു കണ്ണുതുറന്നുനോക്കുക ഇവ നിമിത്തമായി വായുകോപിച്ചു കഫത്തോടുകൂടി മന്യാസ്തംഭം എന്ന രോഗത്തെ ഉണ്ടാക്കുന്നു. കഴുത്തിന്റെ പുറകിലുള്ള രണ്ടു ഞരമ്പുകളാണ് മന്യകൾ എന്നും ധരിച്ചുകൊൾക.

മന്യാസ്തംഭചികിത്സ.

ഈ മന്യാസ്തംഭത്തിൽ ദശമൂലമോ പഞ്ചമൂലമോ കഷായംവച്ചു സേവിക്കണം. രൂക്ഷമായി വിയർപ്പിക്കയും നസ്യംചെയ്കയും വേണം.

വേറൊന്ന്.

കുക്കുടാണ്ഡദ്രവൈരാജ്യസിന്ധൂദ്ഭവൈ-
രുഷ്ണകൈശ്ചാപിഗ്രീവാം വിമർദ്ദ്യാഥവാ
തൈലഹവ്യൈരഥോ ഭാനുപത്രൈശ്ചലിപ്ത്വൈഃ
സമാവേഷ്ട്യബധ്നീയാൽ പൂർവോക്തമേവ. ൪൬

കോഴിമുട്ടയുടെ ദ്രവത്തിൽ നെയ്യും ഇന്തുപ്പും ചേർത്തു ചാലിച്ച് ചൂടാക്കി കഴുത്തിൽതേച്ചു പിടിപ്പിക്കയോ എരിക്കിലയിൽ എണ്ണയും

നെയ്യും പുഷ്ടി ചൂടുപിടിപ്പിച്ച് കുടിക്കുകയോ ചെയ്താൽ മന്യാസ്തംഭം ശമിക്കും.

ബാഹുശോഷം.

അംസദേശാശ്രിതോവായുശ്ശാഖാഭേദം സബന്ധനം
അസംഭേദേനശോഷാൽ സ്യാൽ ബാഹുശോഷസ്സവേദനഃ. ൧൩

തോളിൽ സ്ഥിതിചെയ്യുന്ന വായു കോപിച്ച്, ഞരമ്പുകളെ കോട്ടി, അംസബന്ധത്തിന്റെ ഭേദവും (പിളർന്നുപോകുക) ശോഷവും ഉണ്ടാക്കും. അതുനിമിത്തം വേദനയോടുകൂടിയ ബാഹുശോഷം എന്ന വാതരോഗം ഉണ്ടാകുന്നു.

ബാഹുശോഷചികിത്സ.

കല്യാണസർപ്പിഃ പ്രപിബേച്ച ഭുക്ത്വാ
ബലാജടാസൈന്ധവപാചകാദ്യൈരിദം
ബാഹുപ്രശോഷേ ച കരസ്ഥവാതേ
മന്യാഗതസ്തംഭകരേ ച വാതേ. ൧൪

ഊണിന്നുശേഷം കല്യാണഘൃതം സേവിക്കയോ, കുറുന്തോട്ടിവേര് കഷായംവച്ച് ഇന്തുപ്പുംചേർത്തു സേവിക്കയോ ചെയ്താൽ ബാഹുശോഷം, കൈക്കുണ്ടാകുന്ന മറ്റു വാതരോഗങ്ങൾ, മന്യാസ്തംഭം ഇവ ശമിക്കും.

അപബാഹുകം.

ബാഹുസ്ഥവായുസ്സു സിരാസ്സമസ്താ-
സ്സംകോച്യ കുര്യാദപബാഹുകം തൽ
ബലാകഷായേണ തഥാത്മഗുപ്താ-
രസേന പീതേന ജയേന്നിതാന്തം. ൧൫

വായു കയ്യിൽ പ്രാപിച്ച് കയ്യിലെ സകലഞരമ്പുകൾക്കും സങ്കോചം (കോട്ടം) ഉണ്ടാക്കി അപബാഹുകം എന്ന രോഗത്തെ ഉണ്ടാക്കുന്നു.

അപബാഹുകചികിത്സ.

കുറുന്തോട്ടിവേരോ നായ്ക്കുരണവേരോ കഷായംവച്ചു സേവിച്ചാൽ അപബാഹുകം ശമിക്കും.

നസ്യംതഥോമാരസജംവിശേഷാ-
ന്മാഷൈഃശ്രൃതം സൈന്ധവതൈലമാശു
വാതാരിമൂലോത്ഥരസേന നസ്യ-
യോഗത്രയം വജ്രഭുജം കരോതി. ൧൬

അകത്തിയുടെ നീരുകൊണ്ടോ, ഉഴുന്ന് ഇന്തുപ്പ് ഇവ കൽക്കമായി കാച്ചിയ എണ്ണകൊണ്ടോ, വാതാരിമൂല (പുത്തരിച്ചുണ്ട എന്ന ഭാ-

ഷ)ത്തിൻ നീരുകൊണ്ടോ, നസ്യംചെയ്താൽ കൈയ്ക്ക് വജ്രതുല്യമായ ബലമുണ്ടാകും.

വിശ്വാചി.

തലസ്ഥപ്രത്യംഗുലികണ്ഡരായാ
ബാഹ്വോഃപാസ്സു പൃഷ്ഠത ആസൌബലു തത്രബാഹോഃ
കർമ്മക്ഷയം സംവിദധീത, സാ തൈ-
വിശ്വാചികാ വൈദ്യവരൈഃപ്രണോദിതാ. ൧൭

വായു കുപിതനായി, കൈകളുടെ പുറത്തുനിന്നും പുറപ്പെട്ട്, ഉള്ളംകയ്യിൽ കടന്ന്, വിരലുകളുടെ വലിയ ഞരമ്പുകളെ ദുഷിപ്പിച്ചിട്ട് കൈ മടക്കാനും നിവിർക്കാനും വയ്യാതായിത്തീരുന്നു. ഈ വാതപീഡ വിശ്വാചി എന്നു വൈദ്യവര്യന്മാരാൽ പറയപ്പെട്ടിരിക്കുന്നു.

വിശ്വാചിചികിത്സ.

ദശമൂലബലാസമാഷകം പ്രപിബേത്തൈലഘൃതാഢ്യമുത്തമം
അപിനസ്യവിധൌ തദീരിതം യദിസായന്തനഭോജനാൽപരം. ൧൮

ദശമൂലം കുറുന്തോട്ടിവേര് ഉഴുന്ന് ഇവ കഷായംവച്ച് എണ്ണയും നെയ്യുംചേർത്തു കുടിക്കുകയോ, രാത്രിഭോജനത്തിന്നുശേഷം ഇതുകൊണ്ടുതന്നെ നസ്യംചെയ്യുകയോ ചെയ്താൽ വിശ്വാചി ശമിക്കും.

വേറൊരുയോഗം.

മാഷോഗ്രഗന്ധാദശമൂലഹിംഗു-
രാസ്നാബലാനാഗരസൈന്ധവൈശ്ച
തൈലം പചേച്ചാപി ശതാവരീജ-
രസേന തൽപൂർവ്വഭുജാ നരേണ. ൧൯
പീതം തഥാ നസ്യവിധാനമസ്യ
വിശ്വാചികാവ്യാധിവിനാശനായ
സദാഗതൌ പക്ഷഗതേഽർദ്ദിതേപി
തഥാപബാഹൌ ബഹുധാനിയോജ്യം. ൨൦

ഉഴുന്ന വയമ്പു ദശമൂലം കായം അരത്ത കുറുന്തോട്ടിവേര് ചുക്ക ഇന്തുപ്പ് ഇവ ശതാവരിനീരിൽ അരച്ചു കാച്ചിയ എണ്ണ ഭോജനത്തിന്നുശേഷം പാനംചെയ്കയോ നസ്യംചെയ്കയോ ചെയ്താൽ വിശ്വാചി എന്ന വാതരോഗം ശമിക്കും. ഇതുകൂടാതെ പക്ഷവധം അർദ്ദിതം അപബാഹുകം ഇവയിലും പലപ്രകാരത്തിൽ സേവിക്കാം.

ഊർദ്ധ്വവാതം.

വായുഃകഫേനാപിച മാരുതേന
തേനാഹതോധഃ പ്രകരോതിരൂനം

ഉദ്ഗാരബാഹുല്യമതോൎദ്ധ്വവാത-
മാചക്ഷതേ ശാസ്ത്രവിദഃ പുരാണാഃ. ൩൨

കഫത്താലും അപാനവായുവിനാലും അധോഭാഗത്തിലേക്കാക്കപ്പെട്ട സമാനവായു, വളരെ ഉദ്ഗാരത്തെ (ഏമ്പക്കത്തെ) ഉണ്ടാക്കുന്നു. അതിനെയാണ് ഊൎദ്ധ്വവാതം എന്നു പറയുന്നത്.

ഊൎദ്ധ്വവാത ചികിത്സ.

ദശഭാഗമിദം ച നാഗരം
സമമേഭിഃ ഖലു വൃദ്ധദാരകം
ശിവനേത്രമിതാ ഹരീതകീ
ത്രയഭാഗോ മിശിഷ്ടഹിംഗുകം. ൩൩
അനലസ്യ ച ഭാഗമേകമേവ-
മുദിതം സൈന്ധവഭാഗമേകമേവ
അപഹന്തി തദോൎദ്ധ്വവാതമുഗ്രം
ഗജയൂഥം ച ഹരിൎയ്യഥൈവ മുക്തം. ൩൪

ചുക്ക പത്തുഭാഗം, വൃദ്ധദാരകം (മറിക്കുന്നിയും) പത്തുഭാഗം, കടുക്ക മൂന്നുഭാഗം, പൊരിച്ച കായം മൂന്നുഭാഗം, കൊടുവേലിക്കിഴങ്ങ ഇന്തുപ്പ ഇവ പ്രത്യേകം ഓരോഭാഗം, ഇവ എല്ലാംകൂടി പൊടിച്ചു സേവിച്ചാൽ ഊൎദ്ധ്വവാതം ശമിക്കും. (വൃദ്ധദാരകം കിട്ടിയില്ലെങ്കിൽ ത്രികോല്പക്കൊന്ന കൂട്ടിക്കൊള്ളണം.

ആദ്ധ്മാനം.

സാടോപമത്യുഗ്രരുജം ച വായോ-
നിരോധനാദൈവ ജഠരം യദൈവ
ആദ്ധ്മാതമാദ്ധ്മാനമുശന്തി ഘോരം
കുൎയ്യാദഥാസ്മിൻ ഖലു ലംഘനം പ്രാക്. ൩൫

വായുവിന്റെ തടവുനിമിത്തം പൊട്ടുകയും ഉഗ്രമായ വേദന ഉണ്ടാവുകയും ചെയ്യുന്നതുകൂടാതെ വയറുവീൎക്കയും ചെയ്യും. ഇതാണ് ആദ്ധ്മാനം. ഇതിങ്കൽ ആദ്യമായി ലംഘനക്രിയ (പട്ടിണികിടക്കുക) ചെയ്യണം.

ആദ്ധ്മാനചികിത്സ.

കുൎയ്യാത്തഥാ ദീപനപാചനാനി
പ്രയോജയേദ്വൈ ഫലവൎത്തികാദീൻ
വിശോധനം വാ ഖലു വസ്തികൎമ്മ
കുൎയ്യാദ്ഭിഷക് ശാസ്ത്രവിധിം വിചാൎയ്യ. ൩൬

ആദ്ധ്മാനത്തിൽ ദീപനപാചനങ്ങളായ ഔഷധങ്ങളും ഫല

വൎത്തി മുതലായവയും ശോധനക്രിയയും വസ്തിയും ശാസ്ത്രവിധിപ്രകാരം വൈദ്യൻ പ്രയോഗിക്കണം.

പിപ്പലീചൂൎണ്ണം (നാരായണചൂൎണ്ണം.)

കൃഷ്ണാകൎഷമിതാ പലോന്മിതത്രിവൃൽതുല്യാ തഥാ ശൎക്കരാ
ചൂൎണ്ണീകൃത്യ സമസ്തമക്ഷമുദിതം സംസേവിതം മാക്ഷികൈഃ
കുഷ്ഠം ഹൈമവതീ ന ദാരുലവണൈസ്തൈലൈർവചാഹിംഗുഭിർ-
ലേപശ്ചാത്ര വിശേഷതോ നിഗദിതശ്ചാദ്ധ്മാനഹാരീ ഭൃശം. ൩൭

തിപ്പലി ൩ കഴഞ്ചു്. ത്രികോല്പക്കൊന്ന ൧ പലം. പഞ്ചസാര പലം ൧. എല്ലാംകൂടി പൊടിച്ചു തേനിൽ കുഴച്ച് മൂന്നു കഴഞ്ചുവീതം സേവിക്കുക. കൊട്ടം വയമ്പ് ദേവതാരം ഇന്തുപ്പ് ശതാവരി കായം ഇവ പുളിയ്ക്കത്ത് അരച്ചു വയിററത്തു തേക്കുക; ആദ്ധ്മാനം നശിക്കും.

പ്രത്യാദ്ധ്മാനം.

വിമുക്തപാൎശ്വം ഹൃദയം തദേവ-
മാമാശയോത്ഥം പ്രതിപൂൎവ്വമുക്തം.
ആദ്ധ്മാനമത്രൈവ കഫോനരുദ്ധാ-
മപാടവം ചോദരസംസ്ഥവായോഃ. ൩൮

പാൎശ്വഭാഗങ്ങളെയും ഹൃദയത്തെയും വിട്ടിട്ട്, ആമാശയത്തിൽനിന്നുണ്ടാകുന്ന ആദ്ധ്മാനത്തെ പ്രത്യാദ്ധ്മാനമെന്നു പറയുന്നു. പ്രത്യാദ്ധ്മാനത്തിൽ വായു കഫത്താൽ രുദ്ധനായിരിക്കും. ജഠരാഗ്നിയ്ക്കു് പചനസാമൎത്ഥ്യം നശിക്കയും ചെയ്യും.

പ്രത്യാദ്ധ്മാന ചികിത്സ.

പ്രത്യാദ്ധ്മാനേ ഛൎദ്ദനം ലംഘനം പ്രാക്
തദ്വൽ കുൎയ്യാദ്ദീപനം പാചനം ച.
കുൎയ്യാത്തദ്വദ്വസ്തികൎമ്മാഥ വക്ഷ്യ
പ്രത്യാദ്ധ്മാനേ സേവിതവ്യോ നരാചഃ. ൩൯

പ്രത്യാദ്ധ്മാനം എന്ന രോഗത്തിൽ ആദ്യം ഛൎദ്ദിപ്പിക്കയും ലംഘനം ചെയ്യുകയും ചെയ്യണം. ദീപനപാചനങ്ങളായ ഔഷധങ്ങളെയും ഉപയോഗിക്കണം. വസ്തിയും ചെയ്യാം. ഇനിയും പറയാൻ പോകുന്ന നാരാചരസം സേവിക്കയും വേണം.

മഹാനാരാചരസം.

ശ്യാമാരഗ്വധദന്തികാമലത്രിവൃൽഭാഗാൻ പലൈകാൻ പൃഥക്
പ്രത്യേകം പ്രപചേജ്ജലാഢകയുഗേ തദ്വൽ സ്നുഹീസംയുതാൻ
തൽപാനീയമഥോഷ്ടമാംശമഖിലം ന ദഗ്ദ്ധം ഘൃതം ഭിഷഗ്
നീത്വാ നിസ്തുഷദന്തിബീജപലകം തൽ സൂക്ഷ്മവസ്ത്രേണ വേ. ൪൦

ബദ്ധാ തച്ഛിഥിലം പരിചരേൽ പുനസ്സ്വാവർഘമാനോദരേ വേൽ
തന്നീരേഖലു ചലത്യഗേ പുനരഥോ മംസാളരാഗാൻക്ഷിപേൽ.
അഷ്ടൌതാമിതാശ്ച ലോകതരേഗാദരേ ശിവാശങ്കരൌ
ദൌതാരൌ മധിചാദഥോ ചിമ്പുനസ്സമർത്ഥ്യഗാഗ്നേർവം. ൰൪

നാരാചനാമാരസനായകോയ-
മാദ്ധ്മാനമാനാഹസശൂലഗുല്മാൻ,
സർവ്വോദരാത്തസ്യ ഗദാനിഗന്ത്യാ,
ദാദ്ധ്മാനമന്യൽപ്രതിശബ്ദപൂർവ്വം. ൰൫
ഭുഞ്ജീത ഗുഞ്ജൈകമിതം സുശീത-
നീരേണവേഗേ ശമിതേ തതസ്തു
ദധ്യോദനം സൈന്ധവസംയുതം വാ
ദധ്യോദനം ശർക്കരയാസമേതം. ൰൬

കടുക്ക, കൊന്നത്തൊലി, നാഗദന്തിവേര്, നെല്ലിക്ക, ത്രികോല്പക്കൊന്ന, കള്ളിപ്പാല, ഇവ പ്രത്യേകം ഓരോ പലം. ൨ ഇടങ്ങഴി വെള്ളത്തിൽ പാറ്റിച്ച് എട്ടിൽ ഒന്നാക്കി നല്ല മുണ്ടിൽ അരിച്ച് ഒരു പലം നേർവാളക്കുരു (ശുദ്ധിചെയ്തത്) ഒരു മുണ്ടിൽ അയച്ച് അകഷായവെള്ളത്തിന്റെ മീതേ കെട്ടി പചിച്ച് കഷായജലം കുറുകിക്കട്ടിയാകുമ്പോൾ വാങ്ങി അമ്മിക്കല്ലിൽ ഒഴിച്ച് ൧ ഭാഗം ശുദ്ധിചെയ്ത നേർവാളവും ൧ ഭാഗം ചുക്കും, ഈരണ്ടുഭാഗം ഗന്ധകവും രസവും രണ്ടുഭാഗം നല്ലമുളകും ചേർത്ത് അരച്ച് ഗുളികയാക്കി എടുക്കുക. ഈ രസത്തിന് നാരാചരസം എന്നു പേർ. ഇത് തണുത്തജലത്തിൽ ഒരു കുന്നിപ്രമാണം വീതം സേവിച്ചാൽ അദ്ധ്മാനം, ആനാഹം, ശൂലം ഗുല്മം, ഉദരരോഗങ്ങളെല്ലാം പ്രത്യാദ്ധ്മാനം, ഇവ ശമിക്കും. ഇങ്ങനെ രോഗവേഗം ശമിച്ചുകഴിഞ്ഞാൽ ഇന്തുപ്പ് പഞ്ചസാരയോകൂട്ടി തൈർച്ചോറ് ഉണ്ണണം.

അഷ്ഠീല.

നാഭേരധസ്താദചലശ്ചലോവാ-
ഷ്യഷ്ഠീലികാവത്തു ഘനോപി ഗ്രന്ഥിഃ
ഊർദ്ധ്വായതശ്ചോന്നതഉന്മജാത-
മഷ്ഠീലികാം താം ഭിഷജോവദന്തി. ൰൭
കുർയ്യാദ്ബഹിർമ്മാർഗ്ഗനിരോധനം സാ
ഹിംഗ്വഷ്ടകേനോഷ്ണജലേന നിത്യം
സംസേവിതേനാശുവിനാശമേതി
തന്നാശനാർത്ഥം പരമുച്യതേത്ര. ൰൮

നാഭിയ്ക്കുതാഴെ കഴവിയുടെ ആകൃതിയിൽ ഇളകുന്നതോ ഇളകാ

ത്തതോ ആയിട്ട് ഉദ്ധ്വായതമായും ഉന്നതമായും ഇരിക്കുന്ന ഒരു മുഴ ഉണ്ടാകും. അതിനെ വായുക്ഷമായ അഷ്ഠീല എന്ന് വൈദ്യന്മാർ പറയുന്നു. ആ അഷ്ഠീല മലമൂത്രാദികളുടെ വേഗത്തെ തടയുകയും ചെയ്യും. അതിന് ഹിംഗ്വഷ്ടകചൂർണ്ണം ചൂടുവെള്ളത്തിൽ കലക്കി സേവിക്കണം. എന്നാൽ ശമനം ഉണ്ടാകും. ഇതിന് ഇനിയും മററു ചികിത്സയും പറയുന്നുണ്ട്.

അഷ്ഠീലാ ചികിത്സ.

ഹിംഗ്വുഗ്രഗന്ധാവിഡശുണ്ഠ്യജാജീ
ഹരീതകീപുഷ്കരമൂലകുഷ്ഠം
നികുംഭകുംഭപ്രഭവൈശ്ചദന്ത്യാ-
ശ്ചൂർണ്ണശ്ചഗോഗോത്തരവർദ്ധിതൈശ്ച. ൰൯
പീതൈശ്ചകോഷ്ണേനജലേനകോഷ്ഠ-
ഹൃജ്ജശ്ചഗുല്മോദരജാഠരായേ
അഷ്ഠീലികാദ്യാഃ പ്രശമം പ്രയാന്തി
സർവ്വേചികിത്സാനിപുണാവദന്തി. ൨൰

കായം വയമ്പ് വിളയുപ്പ് ചുക്ക് അയമോദകം കടുക്ക കൊത്തമ്പാലയരി താന്നിക്കാ ത്തമ കൊട്ടം നാല്പാമരപ്പൊല്പക്കൊന്ന ത്രികോല്പക്കൊന്ന നാഗദന്തിവേര് ഇവ ഓരോരോ കഴഞ്ചുകൂട്ടി എടുത്ത് പൊടിച്ച് ചൂടുവെള്ളത്തിൽ സേവിക്കുക, വയറുവേദന, ഗുല്മം, ഉദരരോഗം, അഷ്ഠീല മുതലായവ, ശമിക്കും എന്ന് എല്ലാ വൈദ്യന്മാരും പറയുന്നു.

പ്രത്യഷ്ഠീല.

ഏതാമേവരുജാന്വിതാമഥശകൃദ്വാതാംബുസംരോധിനീം
മൂത്രസ്യാപിചതിര്യ്യഗുത്ഥിതതരാംനാനാഗദൈസ്സംയുതാം
അഷ്ഠീലാംപ്രതിപൂർവ്വികാംപരിജഗുർവൈദ്യാശ്ചഹിംഗ്വഷ്ടകം
സേവ്യംതത്രവിലോമമാനതുലിതം തദ്രോഗനാശാവഹം. ൨൰൧

മുൻപറഞ്ഞ അഷ്ഠീലയിൽതന്നെ വേദന, മലബന്ധം വായുരോധം, മൂത്രരോധം, മററു രോഗങ്ങളുടെ ബാധ, ഇവയുണ്ടെങ്കിൽ അതിനെ പ്രത്യഷ്ഠീല എന്നു പറയുന്നു. ഇതിന്റെ നാശത്തിനായിട്ട് ഹിംഗ്വഷ്ടകം സേവിക്കണം. എന്നാൽ ഹിംഗ്വഷ്ടകത്തിന്റെ കണക്ക് മുൻപറഞ്ഞതിന് വിപരീതമായി എടുത്തുകൊള്ളുകയും വേണം.

മൂത്രാവരോധചികിത്സ.

ബലാജടാതച്ചസിതാസുചൂർണ്ണിതംതുകാർഷികം
നിഷേവയേച്ഛാവമർദ്ദമാശുഗോപയോന്വിതം

ഹരീതകീവിഭീതകാമലകാനിവാമൃതായസ-
സ്സചൂർണ്ണിതാനിമാക്ഷികേണമൂത്രരോധശാന്തയേ.

കുറുന്തോട്ടിവേര് മാഞ്ചി ഇലവർങ്ങം ഇവ മുമ്മൂന്നുകഴഞ്ചു പൊടിച്ചു അരശ്ശരാവം (നാഴി) പാലും ചേർത്തു സേവിക്കുക. കടുക്ക താന്നിക്ക നെല്ലിക്ക ഇവയുടെ പൊടി ശുദ്ധിചെയ്ത ഉരുക്കുപൊടി ഇവ തേനിൽ സേവിക്കുക; മൂത്രത്തിന്റെ തടവു ശമിക്കും.

മൂത്രനിഗ്രഹം.

വസ്തിസ്ഥവായുഃകുപിതഃസിരാസു
ശോഷം പ്രകുര്യാദ്യദിനിഗ്രഹഃസ്യാൽ
മൂത്രസ്യതേനേദമതിസ്ഥ കസ്മാൽ
സേവ്യംയവക്ഷാരസിതാസുചൂർണ്ണം. ൧

വായു വസ്തിയിങ്കൽ സ്ഥിതനായി കോപിച്ചു ഞരമ്പുകളിൽ ശോഷം ഉണ്ടാക്കുന്നു എങ്കിൽ മൂത്രനിഗ്രഹം ഉണ്ടാകും. കുത്തിനോവോടുകൂടി കാരണം കൂടാതെ മൂത്രം പോകുകയും ചെയ്യും. അതിന് ചവക്കാരം പഞ്ചസാര ചേർത്തു സേവിക്കണം.

മൂത്രനിഗ്രഹചികിത്സ.

കല്ക്കോനാമലകീഭവേനവിധിവൽ കൂശ്മാണ്ഡബീജസ്യ വാ-
കർക്കട്യാസ്തു സുബീജജേനമഹ്നഹ്നാവസ്തിംപ്രലിമ്പേത്തതഃ
തേനൈകേന ച മൂത്രനിഗ്രഹഗദോനാശംപ്രയാതിധ്രുവം
യോഗാനാംത്രിതയംസുവൈദ്യഭണിതംമൂത്രംബഹിഃസാരയേൽ. ൨

നെല്ലിക്കായോ കുമ്പളങ്ങായുടെ അരിയോ വെള്ളരിക്കായുടെ കുരുവോ അരച്ചു വസ്തിയിൽ തേച്ചാൽ മൂത്രത്തിന്റെ തടവു നശിക്കും. ഇങ്ങനെ മൂന്നുയോഗം.

ഗൃധ്രസി.

ക്രമാൽസ്ഫിഗ്ഗ്രീവോരുകടീസപൃഷ്ഠ-
സജാനുജംഘാപദമാസ്ഥിതോ നൃഃ
ഗൃഹ്ണാതിവായുഃഖലുഗൃധ്രസീതി
സംസ്തംഭസസ്പന്ദനരുക്പ്രതോദൈഃ. ൩

വായു, ക്രമേണ ആസനം, തുട, അരക്കെട്ട്, പൃഷ്ഠം, മുട്ട്, കണങ്കാല്, ഈ സ്ഥാനങ്ങളിൽ വ്യാപിച്ചിട്ടു സ്തംഭം, സ്പന്ദനം വേദന കുത്തിനോവു ഇവയോടുകൂടി പിടിച്ചുവലിക്കുന്നതുപോലെയുള്ള വികാരത്തെ ഉണ്ടാക്കുന്നു. ഇതാണ് ഗൃധ്രസി എന്ന വാതരോഗം.

സ്തംഭതോദജാനുജംഘോരുസന്ധീനാം സ്ഫുരണംഭൃശം
വായുജായാംഭവേത്തോദോദേഹേ ചാതീവവക്രതാ. ൪

വാതജയായ ഗൃധ്രസിയിൽ ജാനുജംഘോരുക്കൾക്കു സ്തംഭതയും സ്ഫുരണവും (വിറയ്ക്കുക) കുത്തിനോവും ദേഹത്തിന് ഏററവും വളവും കാണും.

ഗൃധ്രസിയുടെ ചികിത്സ.

ഗൃധ്രസ്യാംപ്രഥമംനരം ച വമനേനൈകേനദീപ്താനലം
ജ്ഞാത്വാവൈദ്യവരോനിരാമമസകൃൽസദ്വസ്തിഭിസ്സാധയേൽ
നോർദ്ധ്വംശുദ്ധ്യതിയാവദേവമനുജോവസ്തിംനതാവച്ചരേദ്-
ഭസ്മന്യേവഹുതംയഥാഖലുതഥാസ്നേഹോഭവേൽസർവ്വഥാ. ൫

ആദ്യംതന്നെ ഗൃധ്രസീരോഗിയെ ഛർദ്ദിപ്പിച്ചു അഗ്നിദീപ്തിയെ അറിഞ്ഞു, ദഹനക്കേടില്ലെങ്കിൽ പലപ്രാവശ്യം വസ്തിചെയ്യണം. ഊർദ്ധ്വശുദ്ധി ചെയ്തില്ലെങ്കിൽ വസ്തിചെയ്വാൻ പാടില്ല. അതിനു വിപരീതമായി വസ്തിചെയ്താൽ ഭസ്മത്തിൽ ഹോമിച്ചതുപോലെ സ്നേഹം നിഷ്ഫലമായിത്തീരും.

വേറൊരുയോഗം.

ഏരണ്ഡബീജാനിനികൃത്യദുഗ്ദ്ധേ
സംപാച്യതൽപായസമേവഭക്ഷ്യാ
ശൂലംചകട്യാസ്ഥഗൃധ്രസീംവാ
ഹന്യാച്ചതൈലാർദ്രകമാതുലുംഗൈഃ. ൬

ആവണക്കരി പൊടിച്ചു പാലിൽ ഇട്ടു വേവിച്ചു പായസമാക്കി ഭുജിക്കുകയോ; എണ്ണ ഇഞ്ചി മാതളനാരങ്ങയുടെ അല്ലി ഇവ ഒന്നിച്ചുചേർത്തു ഭുജിക്കുകയോ ചെയ്താൽ അരക്കെട്ടിലുണ്ടാകുന്ന വേദന, ഗൃധ്രസി ഇവ ശമിക്കും.

ഘൃതേനചൂർണ്ണം സഗുഡം പിബേത്ത-
ദ്രോഗസ്യ സംപ്രലയായ നിത്യം
പ്രഗൃധ്രസീവാതബലാസജാന്യാ
സാവഹ്നിമാന്ദ്യേന ച ഗൌരവേണ. ൭
മുഖപ്രസേകേന ച തന്ദ്രയാ ച
സഭക്തവിദ്വേഷയുതാതുസാസ്യാൽ
രുബൂകതൈലേന ച ധേനുമൂത്രം
സമാഗധീചൂർണ്ണമലം പിബേദ്വാ. ൮

മുൻപറഞ്ഞ "തൈലാർദ്രക" എന്ന യോഗംതന്നെ നെയ്യ് ചുത്തപ്പുളി ശർക്കര ഇവയോടുകൂടി പാനം ചെയ്താലും ഗൃധ്രസി എന്ന രോഗം ശമിക്കും. വാതംകൊണ്ടും കഫംകൊണ്ടും ഉണ്ടാകുന്ന ഇതു പ്രഗൃധ്രസിയാകുന്നു. അതിങ്കൽ അഗ്നിമാന്ദ്യവും വയററിൽ കനവും വായിൽകൂടി വെള്ളം ഒലിക്കയും മടിയും ചോറുവേണ്ടായ്കയും കാണും.

തിപ്പലിപ്പൊടി ഗോമൂത്രവും ആവണക്കെണ്ണയും ചേൎത്തു സേവിച്ചാൽ ഗൃദ്ധ്രസി ശമിക്കും.

വേറൊരു യോഗം.

മൂത്രേണ ത്ര്യൂഷണതിക്തകഷായ സസ്തുഭാര-
ഗ്വധൈരണ്ഡതൈലേന പീതാവിശേഷാൽ
പ്രദുഷ്ടാപ്രഗൃദ്ധ്രസ്യപി നാശമേതി
പ്രയാതേ ഗതിം തന്നിതമ്ബാം ലഭേത്ത്. ൩൯

അടലോടകത്തിൻവേര് നാഗദന്തിവേര് കൊന്നത്തൊലി ഇവ കഷായംവച്ച് ആവണക്കെണ്ണ ചേൎത്തു സേവിച്ചാൽ ഗൃദ്ധ്രസി നശിക്കും. അതിനാൽ തടുക്കപ്പെട്ട ഗതിവൈഷമ്യവും തീരും.

പഞ്ചശൂലിവായു.

ജംഘാപാർശ്വത്രികോരഷ്ഠപിണ്ഡചലിതഃ പൃഷ്ഠദേശേ ച ശൂലം
കുൎയ്യാൽ ബാഹ്യാമലിംഗശ്ശമനഹൃതാവിവാഹ പഞ്ചശൂലീസമീരഃ
രാസ്നൈരണ്ഡാമൃതാനാഗദസുമനസാം കാഷ്ഠതൈശ്ചത്രികല്ലൈഃ
കല്യാണോരൈഃ കഷായഃ പഞ്ചശൂലീനിവാരണസേവ്യഃ. ൪൦

കണങ്കാൽ പാർശ്വഭാഗം നട്ടെല്ലു ഉടൽ പൃഷ്ഠദേശം ഈ അഞ്ചു സ്ഥാനങ്ങളിൽ വേദനയെ ചെയ്യുക, മലത്തിന്റെ ചിഹ്നം നീര് ഇവയുണ്ടാകുക; ഇതിനെ പഞ്ചശൂലിവായു എന്നു പറയുന്നു. അരത്ത വെളുത്താവണക്കിൻവേര് ചെറൂള്ള് കൊന്നത്തൊലി ദേവതാരം ഞെരിഞ്ഞിൽ ആരൽപുളിയില ഇവ കഷായംവച്ച് [ചുക്കുപൊടി] മേമ്പൊടി ചേൎത്തു സേവിച്ചാൽ പഞ്ചശൂലവാതം ശമിക്കും.

പഞ്ചശൂലിവായു ചികിത്സ പത്ഥ്യാഗുൽഗുലു.

പത്ഥ്യാക്ഷാമലകീഫലക്രമശതം ഗ്രാഹ്യം ദശിഭാഗംപുരഃ
പ്രസ്ഥൈകം ച ജലൈകദ്രോണ ഉഷിതം ഖണ്ഡേ പ്രഭാതേ പുനഃ
ലോഹപാത്രവരേശൃതാൽ ഗിരിം സമ്യക്സ്രുചൂതം പുനഃ
സംപാച്യാനലതോ വതാഷ്ടം ചതുർഭാഗാവശിഷ്ടം ചതാനിതു. ൪൧
സംപാച്യാനലതോവതാപ്യ ഗ്രിഫലാഗ്രേണ നാഗരാൻ
ജന്തുഘ്നത്രിഫലാമൃതാമഗധജാരേണീ ത്രിവൃന്നാഗരാൻ
സംചൂർണ്യാൽ പലാനി ത്രമശിരൈകസ്യം തോന്യലം പ്രക്ഷിപേൽ
പാനീയംഹ്യശനം യഥേഷ്ടമസകൃൽ പീത്വാതു ഭുക്താപിച
പാനീയം ഹ്യശനം യഥേഷ്ടമസകൃൽ പീതാതു ഭുക്താപി ച ഗൃദ്ധ്രസീം. ൪൨
ഭുക്താന്ത്രതനഖഞ്ജതാം ച ജഠരാണ്യാപാണ്ഡുതാം ഗൃദ്ധ്രസീം.
ഗുല്മപ്ലീഹതജം ഹരേച്ച സഹസാംപാമാസ്ര വാതൌതഥാ
ഗുല്മപ്ലീഹതജം ഹരേച്ച സഹസാ പാമാസ്രവാതൌ തഥാ
പത്ഥ്യാദിപ്രഥിതസ്സ ഗുൽഗുലുവരഃ കണ്ഡൂം ച ഹന്താമയം
മാനുഷ്യേസബലം ജവേന തുരഗം ദേഹേദൃഢംമാനവം ൪൩
നേത്രേ ഗൃദ്ധ്രസമേക്ഷതസ്യ സഹസാസന്ധാനകോപുഷ്ടിദഃ.

കടുക്കാത്തോട് താന്നിക്കാത്തോട് നെല്ലിക്കാത്തോട് ഇവ ഇരുനൂറുവീതം ഗുൽഗുലു ശുദ്ധിചെയ്തത് ഇടങ്ങഴി, എല്ലാംകൂടി പതിനാറിടങ്ങഴി വെള്ളത്തിൽ ചതച്ചിട്ട് ഒരു രാത്രി വച്ചിരുന്ന്, അടുത്തദിവസം പ്രഭാതത്തിൽ എടുത്ത് ഇരുമ്പുപാത്രത്തിലാക്കി, കുറുക്കി പകുതിയാക്കി അലക്കിയ മുണ്ടിൽ അരിച്ച് എടുത്ത്, പിന്നെയും പചിച്ച് അട്ടപ്പുത്തുനിന്ന് വാങ്ങിയതിനുശേഷം, വിഴാലരി, ത്രിഫലത്തോട് അമൃതിന്റെ തിപ്പലി നാഗദന്തിവേര് ത്രികോല്പക്കൊന്ന ചുക്ക് നല്ലമുളക് ഇവ അരപ്പലംവീതം പൊടിച്ചിട്ട് ഇളക്കി യോജിപ്പിച്ച് ഇഷ്ടംപോലെ പാനാശനങ്ങളെ ചെയ്തതിനുശേഷം സേവിക്കുക; ഖഞ്ജതാ (മുടന്ത്) ഉദരം പാണ്ഡു ഗൃദ്ധ്രസി ഗുന്മം പ്ലീഹ ചൊറിചിരങ്ങ് രക്തവാതം ഇവ ശമിക്കും. ആനയ്ക്കു തുല്യമായ ശക്തി ഉണ്ടാകും. കുതിരയ്ക്കു തുല്യമായ വേഗവും ദേഹത്തിന് ദാർഢ്യവും കണ്ണിനു കഴുകൻ പക്ഷിയെപ്പോലെ കാണുന്നതിനുള്ള ശക്തിയും സിദ്ധിക്കും. ഇ വ്രണങ്ങളെ വേഗത്തിൽ ഒന്നിച്ചുചേൎക്കും, പുഷ്ടിയേയും ചെയ്യും. ഇതിന് പത്ഥ്യാഗുൽഗുലു എന്നുപേർ.

ഖഞ്ജ് (മുടന്തുവാതം.)

കട്യാശ്രിതോവായുരഥോരുസക്ഥ്നോർ
യാഃ കണ്ഡരാസ്താശ്ച സമാക്ഷിപേച്ച
ഖഞ്ജസ്തദാസൌ വമനുജസ്തു തൈകം-
പാദസ്തഥാഽസ്യ ചികിത്സിതം ഹി. ൪൪

വായു കടിപ്രദേശത്തിൽ ആശ്രയിച്ച് ഒരു തുടയുടെ വലിയ ഞരമ്പുകളെ വലിച്ചു മുറുക്കുന്നു. അപ്പോൾ മനുഷ്യന്റെ ആ കാലിന് മുടന്തു സംഭവിക്കുന്നു. ഇതാണ് ഖഞ്ജവാതം. ഇനിയും ഇതിന്റെ ചികിത്സയെ പറയുന്നു.

അഭോകണ്ഡലിനീവരീസഹപുഷാശ്യാമായവാനീശടീ
രാസ്നാഗോക്ഷുരപീവരീമിസിജഗദ്ഭീപ്യൈസ്സമൈശ്ചൂൎണ്ണിതൈഃ
തുല്യം കൌശികമത്രഹാര്യമുപിതം തസ്യാൽ ഭാഗംക്ഷിപേ-
ദക്ഷാൽ ഭം സുരയാ ചകോഷ്ണപയസാ ക്ഷീരേണയൂഷൈസ്തഥാ. ൪൫
തദ്വന്മാംസരസേന ഭുക്തമസകൃൽ സാദ്ധ്യസ്ഥിവാതേതഥാ
മജ്ജാസ്നായുഗതേ കടിക്രോഢയുതേ ബാഹുസ്ഥിതേ പൃഷ്ഠഗേ
ഗൃദ്ധ്രസ്യാം ച ഹനുസ്ഥിതേ പദയുഗേ ജാനുസ്ഥിതേ വാകഥേ
യാതേവാ തഗദേ ച നിതംബഗദേ ഭഗാസ്ഥിഖഞ്ജേക്ഷതേ. ൪൬

മഞ്ഞൾ ചിറ്റമൃത് ശതാവരിക്കിഴങ്ങ് അടയ്ക്കാമണിയൻവേര് വലിയ നാല്പാമരപ്പട്ട കൊന്ന, ജീരകം, കച്ചോലം അരത്ത ഞെരിഞ്ഞില്, വലി

യശതാവരിക്കിഴങ്ങ് ചതുപ്പ ചുക്ക് അയമോദകം ഇവസമം എല്ലാം
കൂടി ചേന്നിടത്തോളവും പൂട്ടില്ല ഇതിൽ പകുതിനെയ്യ് എല്ലാംകൂ
ടി ചേൎത്ത് അരച്ച് അക്ഷ്യൎദ്ധ (താന്നിക്കായിൽ പകുതി) പ്രമാണം
ഗുളികയുരുട്ടി സുരയിലോ ചൂടുവെള്ളത്തിലോ പാലിലോ ചെറുപയ
റിൻചാറിലോ മാംസരസത്തിലോ സേവിച്ചാൽ സന്ധിവാതം അ
സ്ഥിവാതം മജ്ജയിലും ശുക്ലത്തിലും ഉള്ള വാതം അരക്കെട്ടിന്റ പിടി
ത്തം കയ്യ് പൂവും ഈ സ്ഥാനങ്ങളിൽ ഉണ്ടാകുന്ന വാതം ഗൃധ്രസി
താടിയെല്ല്, കാൽമുട്ട് ഈ സ്ഥാനങ്ങളിലുണ്ടാകുന്ന വാതം, കഫജ
മായ രോഗം വാതരോഗം യോനിരോഗം മുടന്തുവാതം ക്ഷതം ഇവ
ശമിക്കും.

കളായഖഞ്ജം.

നാഭേരധസ്താൽ ഗമനൻ സഃ കമ്പതേ ചപദാവധി
കളായഖഞ്ജ ഉക്തോ ഽ സൌ മുക്തിസന്ധിപ്രബന്ധനാഃ.

വായു നാഭിയുടെ കീഴ്ഭാഗത്തു വ്യാപിക്കകൊണ്ട്, നടക്കു
മ്പോൾ പാദംവരെ വിറയ്ക്കുകയും മുടന്തുകയും ചെയ്യുക; സന്ധിബ
ന്ധങ്ങൾ അഴിഞ്ഞതുപോലെ തോന്നുക, ഇവ കളായഖഞ്ജം എന്ന
വാതത്തിന്റെ ലക്ഷണമാണ്.

കളായഖഞ്ജചികിത്സ.

ഛാഗചമ്മവൎജ്ജിതമാംസം മാംസമേവ ദശമൂലസമേതം
ദ്രോണമാനജലപാചിതപാദകഷായമത്തില തൈലസമേതം.
ജീവനീയഗണദ്രവ്യസമം തൽ
പ്രസ്ഥമാനതുലിതം ചലയുക്ത
സാധിതം ച സസംനവവഷ്ട-
ശ് ഛാഗലാദ്യമഖിലാത്തിഹരം ഹി.

അർദ്ദിതേഗൃധ്രസീകുബ്ജസം ഞ്ജാപതന്ത്രേ ഽ പ-
താനേ ചമൂകതാമിമ്മിത്വേ ഽ പി
കണ്ണശൂലേച ഖഞ്ജേ പങ്ഗൌ തഥാകൎണ്ണബാധി-
ൎയ്യയുക്തേ ച വായൌ സമസ്തേ
തൈലമേതച്ച്യൃതം പാചിതം പാനീയം വിധി-
ലൈ ഭിഷഗ്ഭിസ്തഥാ തൈലവ
ഭോജനാത്ഥംപരം സവ്വവാതപ്രശ്രമസ്സമസ്താഗ-
ദാഗദ്ഗദാദ്യാസ്തു നസ്യഃ.

കൊമ്പും തോലും കുളമ്പും കളഞ്ഞതായ ആട്ടിൻമാംസം, ദശ
മൂലം, ഇവ എന്ന ഇടങ്ങഴി വെള്ളത്തിൽ കഷായം വച്ച് നാലൊന്നാ
ക്കി ജീവനീയഗണം കല്ക്കമായി ചേൎത്ത് ഇടങ്ങഴി എണ്ണയും, യുക

പാലെ പാലും ശതാവരീരസവും ചേൎത്ത് കാച്ചിയെടുത്തതായ ഈ
ഛാഗലാദ്യംതൈലം സകലരോഗത്തേയും ശമിക്കും അർദ്ദിതം, ഗൃധ്ര
സി, കുബ്ജം (കൂന്) അപതന്ത്രം, അപതാനം, മൂകത്വം, മിമ്മി
ത്വം, ഈ വാതരോഗങ്ങളും കർണ്ണശൂലം ഒററക്കാൽമുടന്തുവാതം പങ്ഗു
(രണ്ടു കാലും മുടന്തുക) വാതം ചെവിടുകേൾക്കായ്ക ഇവയൊക്കെയും
ശമിക്കും. ഈ ഛാഗലാദ്യം തൈലം തന്നെ നെയ്യായിക്കാച്ചി സേ
വിക്കയും ചെയ്യാം. അപ്രകാരം സേവിച്ചാലും സകലവിധ വാത
രോഗങ്ങളും നശിക്കും.

പംഗുവാതം.

സക്ഥ്നാഃ കട്യാശ്രിതോവായുഃ കണ്ഡരാമാക്ഷിപേദ്യദാ
പാദയോശ്ചാപ്യധോജ്ജന്ത്വസ്സ പദ്ഭ്യാം പങ്ഗുരുച്യതേ. ൯൦

വായു അരക്കെട്ടിനെ ആശ്രയിച്ച് രണ്ടു തുടകളുടേയും വലിയ
ഞരമ്പിനെ സങ്കോചിപ്പിച്ച് രണ്ടു കാലും മുടന്തുള്ളതാക്കിത്തീക്കുന്ന
തിനെയാണ് "പംഗുവാതം" എന്നു പറയുന്നത്.

പംഗുവാതചികിത്സ.

വ്യോഷാമൃതാകുഷ്ഠശടീവചാഭി-
രാസ്നാകണാമൂലസുസൈന്ധവൈശ്ച
ദാവ്യ്യശതാഗന്ധാമധുകാമരൈശ്ച
കല്ക്കീകൃതൈരക്ഷമിതൈസ്സമസ്തൈഃ. ൯൧

തൈലംപചേന്മന്ദഹുതാശനേന
വാതേഷു സവ്വേഷു ഹിതം വിശേഷാൽ
ശിരോക്ഷിരോഗതിമിരേർദ്ദിതേഹി
വാതേപദന്തേ ശ്രുതിശൂലരോഗേ. ൯൨

ഹനുഗ്രഹേ പക്ഷഹതേ ച ഖഞ്ജേ
പംഗൌ ച ഖല്ല്യാവ്യഗദേ ഽ പബാഹൌ
ബാഹുപംഗ്ലിഗ്രീവാശിരസാംഗദേ ച
വ്യപാനവസ്തൌ വ്യഥമർദ്ദനേ ഹി. ൯൩

ചുക്ക് മുളക് തിപ്പലി അമൃത് കൊട്ടം കച്ചോലം വയമ്പ് അര
ത്ത തിപ്പലിമൂലം ഇന്തുപ്പ് മരമഞ്ഞൾത്തൊലി അമുക്കരം എരട്ടി
മധുരം ദേവതാരം ഇവ മുമ്മൂന്നുകഴഞ്ചുവീതം അരച്ചു കലക്കി മന്ദവ
ഹ്നിയിൽ കാച്ചിയ തൈലം സകല വാതരോഗങ്ങളേയും ശമിക്കും.
വിശേഷിച്ച് ശിരോരോഗം നേത്രരോഗം തിമിരം അർദ്ദിതം അപത
ന്ത്രം ചെവിക്കു വേദന ഹനുഗ്രഹം പക്ഷവധം ഖഞ്ജം പംഗു ഖല്ലീ
അപബാഹുകം മുതലായ വാതരോഗങ്ങളേയും ഇല്ലാതാക്കും.

ക്രോഷ്ടുശീർഷം.

സന്ധിഗതസ്യ വാതരക്തസ്യ ...
ക്രോഷ്ടുശീർഷസമഃ സ്ഥൂലോ വാതശോണിതജഃ ക്രോഷ്ടുശീർഷകഃ. ൯൬

മുട്ടിന്റെ മദ്ധ്യത്തിൽ വാതരക്തങ്ങൾ കോപിക്കുകനിമിത്തം വലിയ വേദനയോടുകൂടി നീക്കെട്ടുണ്ടാകുന്നു. ഇതു വലുതായാൽ കുറുക്കന്റെ തലയുടെ ആകൃതിയിൽ ഇരിക്കും. ഇതാണ് ക്രോഷ്ടുശീർഷം എന്ന വാതം.

ക്രോഷ്ടുശീർഷ ചികിത്സ.

അമൃതാത്രിഫലാജഃ തൈലഃ പുനരന്യൽ പയസാ ... കജം
പ്രപിബേദഥ തൈലമേവവാ ... ൯൭

അമൃത് ത്രിഫല ഇവ കഷായംവെച്ച് അതിൽ ശുദ്ധിചെയ്ത ഗുൽഗ്ഗുലു സേവിക്കുകയോ ആവണക്കെണ്ണയും പാലും കൂടി സേവിക്കുകയോ; അല്ലെങ്കിൽ മറിക്കണി സേവിക്കുകയോ ചെയ്താൽ ക്രോഷ്ടുശീർഷകം ശമിക്കും.

മറ്റൊരു യോഗം.

തിത്തിരിപലസംയുക്തം ഗുൽഗ്ഗുലുമഥ
... സിംഹമേവവാ ... ൯൮

തിത്തിരിപ്പുള്ളിന്റെ മാംസരസത്തിൽ ഗുഗ്ഗുലു സേവിക്കുന്നതു ക്രോഷ്ടുകശീർഷവാതത്തിന് വിശേഷമാകുന്നു.

വാതരക്തഹരമൌഷധമഗ്ര്യം
ക്രോഷ്ടുശീർഷഹരമേവപ്രസിദ്ധം
സുശ്രുതാദിമുനയോ ജഗദുസ്ത
വൈദ്യശാസ്ത്രരചനാ ... ൯൯

വാതരക്തത്തിന് വിധിക്കുന്ന സകല ചികിത്സകളും ക്രോഷ്ടുശീർഷത്തിലും നല്ലതാണ് എന്ന് സുശ്രുതാദി മുനികൾ പറഞ്ഞിട്ടുണ്ട്.

ഖല്ലീവാതം.

ജംഘോരുപാദകരമൂലശിരാവമോട്യ
ഖല്ലീകരോതിസഹസാവമിശൂലരോഗാൻ
കല്ക്കസ്തുകുഷ്ഠയുതസൈന്ധവജസ്തതൈല-
യുക്തഃ സുഖോഷ്ണമഭിമർദ്ദ്യനിവാരയേത്താം.

കണങ്കാൽ തുട കാൽ കക്ഷം ഈ ഭാഗങ്ങളിലുള്ള ഞരമ്പുകളെ പരിവർത്തനം ചെയ്തിട്ട് ഖല്ലീ എന്ന വാതരോഗം ഛർദ്ദിയേയും ശൂലരോഗത്തെയും പെട്ടെന്നുണ്ടാക്കുന്നു. കൊട്ടവും ഇന്തുപ്പുംകൂടി കല്ക്കമാക്കി കാച്ചിയ തൈലം ചെറുചൂടോടുകൂടി ദേഹത്തിൽ തേച്ചുപിടിപ്പിച്ചാൽ ഖല്ലി എന്ന രോഗം ശമിക്കും.

വേറൊരു യോഗം.

ശ്ലോതകാഞ്ജികമരദാരുസിക്ഥ-
ശുക്തസ്നിഗ്ദ്ധതൈലശ്ചപട്ടപ്രയുക്തൈഃ.
ഖല്ലീകൃതൈഃ കോഷ്ണതരൈർവിശേഷാൽ
ഖല്ലീവിജേതാഭിഷജാല്പകാലേ. ൧൦൦

... കൊട്ടം ദേവദാരം അരത്തിവേര് ചുക്ക് വാളൻപുളി ... തൊലി, ഇന്തുപ്പ് ഇവ അരച്ചുകല്ക്കമായി കാച്ചിയ എണ്ണ ചെറുചൂടെ തേച്ചാൽ ഖല്ലി ക്ഷണത്തിൽ ശമിക്കും.

വേറൊരുയോഗം.

അഗ്നിതപ്തവരലോഹശലാകാ-
താപതാപിതപദദ്വയമാശു
ഖല്ലികാഗദനാദഗതിരാശു
തംവിഹായയതതേപരിഗന്തും ൧൦൧

അഗ്നിയിൽ ഇട്ട ചുട്ട ഇരുമ്പിൻ കമ്പികൊണ്ട് രണ്ടു കാലിലും കാച്ചിയാൽ ഖല്ലീ എന്ന വാതരോഗം ശമിക്കും.

വാതകണ്ടകം.

ഗുല്ഫാശ്രിതേന വാതേന തൽക പാദേ വിഷമേ ശ്രമാൽ
ന്യസ്തേ വാജായതേ തത്ര വാതകണ്ടകസംജ്ഞിതഃ. ൧൦൨

പാദം സമമല്ലാത്തസ്ഥലത്ത് വയ്ക്കുകയോ ഊന്നുകയോ ചെയ്ക കൊണ്ടാശ്രമം ഏൾപ്പായിട്ടോ വായു ഗുല്ഫത്തെ (നരിയാണിയെ) ആശ്രയിച്ച് വേദനയുണ്ടാക്കുന്നു. അതിനെയാണ് വാതകണ്ടകം എന്നു പറയുന്നതു്.

വാതകണ്ടകചികിത്സ.

രക്താവസേചനപദദഹനസ്യ ചിദാഹാ-
വേരണ്ഡതൈലപരപാനമുശന്തി തത്ര.

രക്തം കളയുകയും രണ്ടു കാലിലും സൂചിപഴുപ്പിച്ചു ചുടുവയ്ക്കുകയും ആവണക്കെണ്ണ കുടിക്കയും ചെയ്താൽ വാതകണ്ടകം ശമിക്കും.

പാദദാഹം.

വാതസ്സപിത്തരുധിരേണ ച, ചംക്രമാദൈ-
പാദദ്വയേ വസതഃ, പ്രകരോതിദാഹം. ൧൦൩

വായു പിത്തത്തോടും രക്തത്തോടും കൂടി രണ്ടുകാലിലും ദാഹ ത്തെ ചെയ്യുന്നു. നടന്നാൽ ഇതു് അധികമാകും. ഇതാണ് പാദദാഹം.

പാദദാഹചികിത്സ.

തം പാദദാഹം ശൃതശീതനീര-
സംപേഷിതൈന്നിഷ്പ്പഷിതൈശ്ച സൂപൈഃ
സംപേഷ്യപാദദ്വയലേപിതൈസ്സ
സംമാർജ്ജിതൈശ്ചോഷ്ണജലൈർന്നിഹന്യാൽ. ൧൦൪

തിളപ്പിച്ച് ആററിയ വെള്ളത്തിൽ തൊലികളഞ്ഞ ചണം പ യറിൻപരിപ്പ് അരച്ച് രണ്ടുകാലിലും തേച്ച് അനന്തരം ഉഷ്ണജലം കൊണ്ടു് തേച്ചുകഴുകിക്കളഞ്ഞാൽ പാദദാഹം നശിക്കും.

വേറൊരുയോഗം.

നവനീതം യദിലിപ്തം പാദതലേഹി
പദതലദാഹവിനാശസ്സത്യമവേഹി. ൧൦൫

കാലിൽ പുളുവെണ്ണതേച്ചാൽ പാദദാഹം ശമിക്കും.

പാദഹർഷം.

വലാസവാതകോപതഃ പ്രഹൃഷ്യതോ പദദ്വയം
പ്രസുപ്തതാഭവേദ്ധ്രുവം ച പാദഹർഷ ഈരിതഃ.

കഫവായുക്കളുടെ കോപത്താൽ രണ്ടുകാലിലും രോമാഞ്ചവും മ രവിപ്പും ഉണ്ടാകുന്നതാണ് പാദഹർഷം എന്ന വാതം.

പാദഹർഷചികിത്സ.

രൂപ്യകബിലകാഷ്മരീബലാശതാവരി ദാംഭ്രിഭി-
സ്ത്വലൈകമാനസംമിതൈഃ പൃഥക്പൃഥക്പ്രപേഷിതൈഃ ൧൦൬
ജലൈസ്തഥൈവ പാദലായുതൈശ്ച ദ്രോണകൈർ-
വിപാചിതൈസ്തു പാദഹീനസംശ്രുതൈഃ കഷായകൈഃ
ശതാവരീനതാമരത്വഗഗ്നിഹിംഗുദന്തികാ-
കൃമിഘ്നസത്രുടീനളംസകംഗസംസ്തു താ. ൧൦൭
സരാസ്നയാ ച സൈന്ധവൈർവിപക്വമാശുതൈലകം
വിമർദ്ദിതം സദാഗതിം കഫാന്വിതം വിനാശയേൽ
സമസ്തവായുരോഗഹൃൽ സമസ്തപിത്തനാശകം
കഫാപഹം പരം സ്മൃതം ച പാദഹർഷനാശനം. ൧൦൮
അഭ്യംഗപാനാവപി വസ്തികർമ്മ
നസ്യം തഥാനേനവിധായ സമ്യക്
യദ്യത്രഭുക്തം ചരദേവ തത്ര
വൈദ്യാധിരാജോ വിജയേച്ഛരോഗാൻ. ൧൦൯

ആവണക്കിൻവേരു് കൂവളത്തിൻവേരു് കുമ്പിഴംവേരു് അമു ക്കുരം പാതിരിവേരു് ഇവ ഒരു തുലാം പ്രത്യേകം ചതച്ച് സരം ഇട ങ്ങഴി വെള്ളത്തിൽ പചിച്ച് നാലൊന്നാക്കി ശതാവരിക്കിഴങ്ങു് ത കരം ദേവതാരം ഇലവർങ്ങം കൊട്ടുവേലിക്കിഴങ്ങു് കായം നാഗദന്തി വേരു് വിഴാലരി കച്ചോലം രാമച്ചം പടർച്ചുണ്ട അരത്ത ഇന്തുപ്പ് ഇവ അരച്ചുകലക്കി കാച്ചിയ എണ്ണതേച്ചുമർദ്ദിച്ചാൽ കഫവാത ങ്ങൾ ശമിക്കും. സകല വായുരോഗങ്ങളും പിത്തരോഗങ്ങളും കഫ രോഗങ്ങളും നശിക്കും. പാദഹർഷവും ഇല്ലാതാകും. ഈതൈലം കൊണ്ടു് അഭ്യംഗം പാനം വസ്തി നസ്യം ഇവ ചെയ്തതിനുശേഷം ഭു ജിച്ചാൽ സകലരോഗങ്ങളേയും ജയിക്കാം.

ആക്ഷേപകവാതം.

ധമനീഃ സകലാഃ പ്രഭഞ്ജനഃ
കുപിതോഭ്യേതിമുഹുർമ്മുഹുശ്ചയഃ
തനുമാക്ഷിപതീഹ സർവ്വതോ
ഭിഷജാക്ഷേപകവായുരീരിതഃ. ൧൧൦

വായുകോപിച്ച് സകലഞരമ്പുകളേയും പ്രാപിച്ച് പിന്നെയും പിന്നെയും സഞ്ചരിച്ച് ദേഹമാസകലവും കൂടെക്കൂടെ എടുത്തെറിയു ന്നു. ഇതിനെയാണ് ആക്ഷേപകവാതം എന്നു പറയുന്നതു്.

ആക്ഷേപകചികിത്സ.

ആക്ഷേപവായൗ ച സിരാവിമോക്ഷം
കുര്യാൽ സുവൈദ്യസ്തു യഥാക്രമേണ
രാസ്നാംത്രികൃഷ്ണാബൃഹതീപുനർന്നവാ-
ഗോകണ്ടകൈഃ സൈന്ധവപുഷ്കരാഭ്യാം. ൧൧൧
സംസേവിതം ചാശ്രുസമം പ്രപാചിതൈർ-
ഘൃതം ഹി വാതാർത്തിഹരം വിശേഷാൽ
രാസ്നാദികം വൈദ്യവരൈർയഥാർത്ഥ-
മുദ്ധം ച ശാസ്ത്രേ വിദിതം സമസ്തഃ. ൧൧൨

അരത്ത, തിപ്പലി, ശതാവരിക്കിഴങ്ങ്, കൂവളത്തിൻവേരു് ഞെ രിഞ്ഞിൽ ഇന്തുപ്പ് പുഷ്കരമൂലം ഇവ കല്ക്കമായി കാച്ചിയനെയ്യ് വിശേഷിച്ചും വാതരോഗഹരമാണ് എന്ന് എല്ലാ വൈദ്യവരന്മാരും പറയപ്പെട്ടിരിക്കുന്നു. ഈ ഘൃതത്തിനു് രാസ്നാദി എന്നു പേർ.

ദണ്ഡകാക്ഷേപം.

സ്തംഭനാതിപാണ്യംഘ്രിശിരാംസി പൃഷ്ഠ-
ശ്രോണീംസ്തു വായുഃ ഖലുദണ്ഡകാദിഃ

ആക്ഷേപകോƒസാദ്ധ്യതമോഭിഷഗ്ഭി-
രാദ്യൈശ്ചികിത്സ്യോനകദാചിദീരിതഃ. ൫൰൩

കൈയ് കാല് ശിരസ്സ് പൃഷ്ഠം അരക്കെട്ട് ഈ ഭാഗങ്ങളെ വായു സ്തംഭിപ്പിക്കുന്നു. ഇതു് ദണ്ഡകാപതാനകം ആകുന്നു. സകല വൈദ്യവിദ്വാന്മാരും ഈ വാതരോഗം അസാദ്ധ്യതമമാകയാൽ ചികിത്സിക്കേണ്ടാ എന്നുതന്നെ പറയുന്നു.

ദണ്ഡകാപതാനകം.

കഫാവൃതഃ പ്രഭഞ്ജനോനദാധമന്യാ ഗതസ്തദാ
സദണ്ഡകാപതാനകഃ കരോതി ദണ്ഡവത്തനും. ൫൰൪

വായു കഫത്താൽ ചുററപ്പെട്ടവനായി എല്ലാ ഞരമ്പുകളിലും സ്ഥിതിചെയ്തിട്ട് ദേഹത്തെ വടിപോലെയാക്കിത്തീർക്കുന്നു. ഇതാണ് ദണ്ഡകാപതാനകം എന്ന വാതരോഗം.

ദണ്ഡകാപതാനകചികിത്സ.

മഹാബലാതൈലം.

ബലാമൂലകഷായൈഃ പൃഥക് ദശമൂലീശ്രൃതൈ-
ര്യവകോലൈഃ കുലത്ഥൈർവസുവസുമിതൈസ്സാധ്യവയുക്തൈഃ
കുലിത്ഥാനാം കഷായൈർദധിസുപയസാം തൈലമലം
ശൃതം തദ്ഭാഗൈകം മധുരഗണ കല്ക്യൗഷധിയൈഃ. ൫൰൫

നതം കുഷ്ഠം താലം ത്രിദശവരദാരും മിസിമലം
സപത്രം മഞ്ജിഷ്ഠാഗരുശതജടാ പത്മകയുതം.
തഥോഗ്രാശൈലേയം ത്രുടിഹയസുഗന്ധാശ്വഗന്ധാളം
സകാലാം ശ്യാമായാ ദ്വയമഥപുനർഭൂശ്വദംഷ്ട്രികാ. ൫൰൬

സുസിദ്ധം ചൈതാഭിഃ പ്രഥിതമഖിലവ്യാധിഹരണം
ബലാഢ്യം സത്തൈലം ഹരതി സകലാൻ വാതജഗദാം
സുവർണ്ണാദ്യേഃ പാത്രേ രജതരചിതേവാപ്യഥഘടേ
നിധായാഥോ താഭ്യാധരണിമണികാ ചാദിമുനിഭിഃ. ൫൰൭

വിശേഷാൽ സംസേവ്യം നൃപതിനൃപമാന്യൈശ്ചധനിഭിഃ
പ്രസൂതാഭിസ്തദ്വൽ ബലവിപുലസന്താനജനകം
ബലാഢ്യം വന്ധ്യാഭിഃ പ്രകൃതിസുകുമാരൈർപ്യഹരം
വിനാശായാക്ഷേപാദികഗദഗണസ്യാശ്രുനിരതം. ൫൰൮

ഹിക്കാകാസശ്വാസകാസാധിമന്ഥ-
ഭഗ്നാക്ഷൈണ്യക്ഷീണവീര്യക്ഷയാദീൻ
ക്ഷീണം വാതം ചാന്ത്രവൃദ്ധിം ഹിനസ്തി ശേഷാ-
ദഭ്യാൽ പീതം നസ്യവസ്തിപ്രയോഗൈഃ. ൫൰൯

കുറുന്തോട്ടിക്കഷായം ൨ ഭാഗം ദശമൂലകഷായം ൨ ഭാഗം യവം ലന്തക്കുരു പഴമുതിര ഇവ എട്ടുഭാഗം പാല് എട്ടുഭാഗം ഇന്തുപ്പ് മധുരഗണം (അടപതിയൻകിഴങ്ങ് കാകോളി ക്ഷീരകാകോളി മേദ മഹാമേദ കാട്ടുഴുന്ന് കാട്ടുപയറ് ജീവകം ഇടവകം എരട്ടിമധുരം) തകരം കൊട്ടം ചെഞ്ചല്യം ദേവദാരം ചതകുപ്പ പച്ചില മഞ്ചട്ടി അകിൽ ശതാവരിക്കിഴങ്ങ് പതുമുകം ജടാമാഞ്ചി വയമ്പ് കന്മദം കച്ചോലം അമുക്കുരം ചരളം കരിഞ്ജീരകം നറുനീണ്ടിരണ്ടും തഴുതാമവേര് ചന്ദനം ഇവ കല്ക്കമായിച്ചേർത്ത് ഏടങ്ങഴി എണ്ണകാച്ചിയരിച്ചെടുത്ത് സ്വർണ്ണപാത്രത്തിലോ വെള്ളിപ്പാത്രത്തിലോ കുടത്തിലോ മൺഭരണിയിലോ ആക്കി സൂക്ഷിച്ചുവച്ചിരുന്ന് ഉപയോഗിക്കുക; ഈ ബൃഹദ്ബലാതൈലം ആക്ഷേപകവാതത്തെ ശമിക്കും. ഇതു് രാജാക്കന്മാരാലോ രാജപൂജ്യരായ ധനികന്മാരാലോ പ്രസവിച്ചു കിടക്കുന്ന സ്ത്രീകളാലോ സേവിക്കപ്പെട്ടുവാൻ യോഗ്യവും ആണ്. ബലത്തേയും സന്താനസമൃദ്ധിയേയും ഉണ്ടാക്കും. വന്ധ്യകൾക്കും സുകുമാരശരീരന്മാൎക്കും വിശേഷമാണ്. ആക്ഷേപകവാതത്തെ ശമിക്കുന്നതുകൂടാതെ ഈ തൈലം മററുരോഗസമൂഹങ്ങളെയും ഇല്ലാതാക്കും. വിശേഷിച്ച് ഇതു് കുടിക്കുകയോ നസ്യം ചെയ്കയോ വസ്തിചെയ്കയോ തേക്കുകയോ ചെയ്താൽ ഇക്കിൾ ചുമ വായുമുട്ടൽ അധിമന്ഥം ഒടിവു് ക്ഷീണം ശുക്ലക്ഷയം അന്ത്രവൃദ്ധി ഇവയേയും ശമിപ്പിക്കും.

അന്തരായാമം.

സർവ്വാംഗുലീഗുല്ഫസുജാഠരോരോ-
ഹൃദ്വക്ഷസംസ്ഥസ്സപ്രഭഞ്ജനോƒലം
കരോതി പര്യന്തവേഗതഏവനാഡീഃ
സ്നായൂനിതത്രാശ്രു വിവൃത്തനേത്രഃ. ൬൰

കഫംവമൻഭഗ്നസുപാർശ്വകസ്സ്യം-
സ്തബ്ധശ്ചാന്യസ്സ്യൈവ-
വിനാമയേച്ചാന്തരതോ വിശേഷാൽ
സാധ്യാന്തരായാമ ഉദീരിതസ്സ. ൬൰൧

വായു, അംഗുലികൾ, ഗുല്ഫം (നരിയാണി) ഉദരം, നെഞ്ച്, ഹൃദയം കഴുത്ത്, ഈ സ്ഥാനങ്ങളിൽ ഇരുന്നുകൊണ്ട്, സകലനാഡികളേയും ചെറുഞരമ്പുകളേയും വേഗത്തോടുകൂടി വലിക്കുന്നു. അപ്പോൾ, കണ്ണുകളും താടിയെല്ലും സ്തംഭിക്കയും, പാർശ്വങ്ങൾ തളരുകയും കഫം വമിക്കയും അചിരേണ അവന്റെ ശരീരം വില്ലുപോലെ അകത്തേക്ക വളഞ്ഞുപോകയും ചെയ്യും. ഇതാണ് അന്തരായാമം എന്ന വാതരോഗം.

അന്തരായാമ ചികിത്സ.

ഒരേ സദാഗതിശത്രു തുലാംപാദ ച-
ദപി ച ദ്രോണജലേശൃതശേഷകേ.
സുതിലതൈലമലം ചഗറാംപയോ-
യുതതമംതപചവേദമിതംഭിഷക്. ൧൧൨

അപി ച സൈന്ധവജീരകശുണ്ഠി പഞ്ച-
സ്ത്രികടുഗർഭശോകസുസർജ്ജരസൈഃ.
അപിപയോപ്രതതീദചയശ്രേനസി
ജടിലയാക്ഷ്യരകേകിജടൈഃശ്രുതം. ൧൧൩

അപിതഥാക്ഷമിതൈശ്ചപലാസ്തകർ-
വരസിതൈരപിചന്ധഭവൈരപി. ൧൧൪

അഭ്യംഗനസ്യാദിഷുഭോജനേഷു
യുക്തഃസദായാതഗദാപഹാരി
അധോഽപ്യവാതേഷ്വ പക്ഷഘാതേ
കുബ്ജേഷ്വ പബാഹുകെ ശിരസഃപ്രകമ്പേ. ൧൧൫

സേവ്യഃസദൈവാശുഭിഷക്പ്രണീത-
ശാസ്ത്രോദിതം തൈലമലംവിശേഷാൽ.
അഥോ ഽന്തരായാമസദാഗതൗ ച
ശിരോക്ഷിരോഗേഽർദ്ദിതവാതജാതേ. ൧൧൬

സകന്ധരാസ്നായുസിരാസുജാതാൻ
രോഗാൻനിഹന്ത്യാശു ച തൈലമേതൽ. ൧൧൭

ഒരു തുലാം കരിങ്കുറുഞ്ഞി പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് നാലൊന്നാക്കി എടങ്ങഴി വിളഞ്ഞതും നാലിരട്ടി പാലും ചേർത്തു കാച്ചുക, ഇന്തുപ്പ്, ജീരകം കൊട്ടം, ചൊതമ്പാലയരി, ചുക്ക്, മുളക, തിപ്പലി, പെറുതേക്ക്, ചെഞ്ചല്യം പാൽമുതക്കും കരിമുതക്കും, കട്ടക്കാത്തോട്ട്, മാഞ്ചി, ഞൊഗിഞ്ഞിൽ മയിൽപീലിത്തണ്ട്, ഇരുവേലി, ഇവ മുമ്മൂന്നകഴഞ്ചുവീതം കല്ക്കമായി ചേക്കണം. എട്ടുപലം പഞ്ചസാര, എട്ടുപലം കല്ക്കണ്ടം, ഇവ പാത്രപാകത്തിൽ ഉപയോഗിക്കണം. ഈ തൈലം തേച്ചുകളി, നസ്യം ഭോജനം, ഇവയിൽ ഉപയോഗിച്ചാൽ സകല വാതരോഗവും നശിക്കും. ഊർദ്ധ്വവാതം പക്ഷാഘാതം കബ്ജം (കൂന്) അപബാഹുകം തലവിറയിൽ ഈ രോഗങ്ങളിൽ ഈ തൈലം ശാസ്ത്രവിധിയനുസരിച്ച് സേവിക്കണം. വിശേഷിച്ച് അന്തരായാമം ശിരോരോഗം അക്ഷിരോഗം അർദ്ദിതം ഇവയും വലിയ ഞരമ്പുകളിലും ചെറിയ ഞരമ്പുകളിലും ഉണ്ടാകുന്ന സകലരോഗങ്ങളും ഈ തൈലോപയോഗംകൊണ്ട് ശമിക്കും.

ബാഹ്യായാമം.

മാറാഥതുഭിർവാബലീവായുരേവ
സിരാഃസ്നായവഃ കന്ധരാഃപൃഷ്ഠഗാശ്ച.
തദൈവാത്രമന്യാസ്സുസംസ്ഥസ്സ ബാഹ്യാ
വിശോഷ്യാഥബാഹ്യേ വിനമ്രീകരോതി. ൧൧൮

സ്ബാഹ്യാഭിരായാമവായുസ്തത്ര
വിമർദ്ദ്യംതുതൈലാവിശേഷേണനായേത്.

പൃഷ്ഠഭാഗത്തിലുള്ള ചെറിയ ഞരമ്പുകളിലും വലിയ ഞരമ്പുകളിലും അപ്രകാരംതന്നെ മന്യകളിലും ബാഹ്യങ്ങളായ സവ ഞരമ്പുകളിലും സ്ഥിതിചെയ്യുന്ന വായു, തക്കകാരണങ്ങളാൽ അവയെ ശോഷിപ്പിച്ചിട്ട്, ശരീരത്തെ ബഹിർഭാഗത്തിലേക്ക വളയ്ക്കുന്നു. ഇതാണ് ബാഹ്യായാമം. ഇതിന് ഇനിയും പറയുന്ന തൈലം ശരീരത്തിൽ തേച്ചുപിടിപ്പിക്കണം.

വിഷ്ണുതൈലം.

ദ്വിപണ്ണീബലാപുത്രിണീവാതശത്രൂർ-
ധനാഢ്യക്ഷപൂതികവാതാരിമൂലൈഃ. ൧൧൯

ശതാഹ്വാരസൈഃകണ്ടകാരീജടാഭിഃ
പലൈകപ്രമാണൈശ്ചപ്രസ്ഥംരിലാനാം.
സുതൈലംപചേൽ ചതുർഗുണപയോഭിർ-
ഗവാം ഛാഗിനീനാം തഥാവേദഭാഗൈഃ. ൧൨൦

ഗജാശ്വാനരാവാതഭഗ്നാശ്ചകേചി-
ത്തഥാജന്തവോഗോമുഖാ ഏവ സർവ്വേ.
സമസ്താംഗപീഡാവിനിർമ്മുക്തദേഹാഃ
സദായാതരോഗൈസ്സ സർവൈർവ്വിമുക്താഃ. ൧൨൧

തഥാപാനരോഗേഗ്രശ്മരീശർക്കരാസു
ക്ഷയേപിത്തരക്തേഽർദ്ദിതവാതരക്തേ
അഥോകാമിലായാം തഥാപാണ്ഡുരോഗേ
സശൂലേഹൃദിപ്രായശോവീര്യഹീനേ. ൧൨൨

വിശേഷാദപിമർദ്ദ്യം ച പീതാപി വന്ധ്യാ
ലഭേൽപുത്രികാപുത്രസംഘാൻ ബലാഢ്യാൻ
പരംവിഷ്ണുതൈലം ച വിഷ്ണുപ്രണീതം
ഹരേദ്ബാഹ്യമായാമമേവം ക്ഷണാദ്യോഃ. ൧൨൩

കാട്ടുഴുന്ന് കാട്ടുപയറ് ശതാവരിക്കിഴങ്ങ് ചെറിയ ദിഞ്ഞിവേര് കഴഞ്ചിവേര് മുവിലത്താളി വെള്ളക്കൊടുവേലിക്കിഴങ്ങ് ചതകുപ്പ കണ്ടകാരിച്ചുണ്ട ഇവ ഓരോപലം വീതം അരച്ചു കലക്കി എടങ്ങഴി എള്ളെണ്ണയും എണ്ണയിൽ നാലിരട്ടി പശുവിൻപാലോ ആട്ടിൻപാലോ ഏതെങ്കിലും ചേർത്ത് കാച്ചിയരിക്കുക. ഈ തൈലം വാതഭഗ്നങ്ങളായ ആന കുതിര പശു മുതലായ ജന്തുക്കൾക്കും കൊള്ളാം. ഇതുപയോഗിച്ചാൽ സകലശരീരപീഡകളും ഒഴിഞ്ഞ് എല്ലാ വാതരോഗങ്ങളും നശിക്കും. വിശേഷിച്ച് അർസ്സ് അശ്മരി, കല്ലടപ്പ്, ക്ഷയം, രക്തപിത്തം അർദ്ദിതം വാതരക്തം കാമല, പാണ്ഡു ഹൃദയരോഗം, ശുക്ലക്ഷയം ഇവയ്ക്കും വിശേഷമാണ്. പ്രസവിക്കാത്ത പശു ഈ എണ്ണ സേവിച്ചാൽ ബലപൂർണ്ണമായ പുത്രികളെ പ്രസവിക്കും. ബാഹ്യായാമത്തെയും ഇല്ലാതാക്കും. ഇതിന് വിഷ്ണുതൈലം എന്നു പേർ. ഈ യോഗം വിഷ്ണുവിനാൽ പ്രണീതമാണെന്നു പറയപ്പെട്ടിരിക്കുന്നു.

ധനുസ്തംഭം.

ധനുരിവ നമയതി നാംഗസ്സാ
വായുർദുഷ്ടോഽയടൈ ദേഹമനുജാനാം.
തന്മപി സംഗസാകഭേദം
നതുംസധനുസ്തംഭേ ഉക്താഭവെ. ൧൩൮

വായു ദുഷിച്ച് ദേഹത്തെ വില്ലുപോലെ വളഞ്ഞതാക്കിച്ചെയ്യുന്നു. അതിനെയാണ് ധനുസ്തംഭം എന്നു പറയുന്നത്.

പ്രസാരിണീതൈലം.

പ്രസാരിണീചരിനതഹാബലാനാ-
മേരണ്ഡദിങ്മൂലശതാവരീണാം
കിരാതവാരാഹശ്രൂരീപലാനാം
ശതംശതം കട്യജലാമ്മണാറി. ൧൩൯

വിപാച്യപാദം പരിഗാഹ്യതേനാ
മാംസോദകം പകലം ച യുക്ത്യാ
ദുഗ്ധം ദധേൻ ധൃതജുസ്സകാ-
മ്ലംതുകാഞ്ജീകഫോദഭാഗം ൧൪൦

ശൃങ്ഗീവിഷാബ്ദശടീകാത്രുപിപ്പലീകാനി.
നതാരുണാരക്സിതചന്ദനാനി
പലൈകമാനാനി ച കല്കിതാനി
പൃഥക്പൃഥക്‌ ...നിയോജിതാനി ൧൪൧

താമോഷതൈണ്മരസ്യഗന്ധയാപ
പാഞ്ചാലിമൂലാദിനൃഭൃതകേശ്യാ
പ്രസാരിണീചന്ദനജീവനീയൈഃ
കൃഷ്ണാഗുരുരോഹിണികാദികാഭിഃ. ൧൪൨

പക്വച്ച തൈലം ഭിഷഗുത്രയുക്ത്യാ-
നിയോജ്യവാതാനിഖിലാനജസ്രം
നിഹന്തിനിത്യം പരിശീലനേന
പ്രായോധനുസ്തംഭഗദം ക്ഷണേന. ൧൪൩

അശ്വാഗജാവാതജരോഗമുക്താ
നരാസ്സമസ്താങ്ഗജപക്ഷഹതാശ്ച.
ഏകാങ്ഗസംസൈ്സരഖിലൈശ്ച വാതൈഃ
സംശുക്രദേഹാസ്സുഖിനോഭവന്തി. ൧൪൪

ആത്രേയഭണിതം തൈലം പ്രസാരിണ്യാഃ പ്രഭാവതഃ
ധനുസ്തംഭാപതാനൈശ്ച നിഹന്തിവിനിഷേവിതം. ൧൪൫

പ്രസാരിണി അമൃത് കുറുന്തോട്ടിവേര് ആവണക്കിൻവേര് ദശമൂലം ശതാവരിക്കിഴങ്ങ് നിലവേപ്പ് അമുക്കുരം ഇവ പ്രത്യേകം മുപ്പത്തിരുപലം ഓരോന്നും വെവ്വേറെ ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് നാലൊന്നാക്കി അതിനോട്കൂടി പാകംചെയ്ത മാംസജലവും പാലും തൈരിൻവെള്ളവും പുളിച്ചകാടിയും എണ്ണക്കിരട്ടി ചേർത്ത്, ചുക്ക് അതിവിടയും മുത്തങ്ങാക്കിഴങ്ങ് കച്ചോലം പച്ചില തകരം മഞ്ചട്ടി, കൊട്ടം വെൺചന്ദനം കാവിമണ്ണ് നല്ലമുളക് മീനാങ്ങാണി തിപ്പലിമൂലം കരിനൊച്ചി പ്രസാരിണി രക്തചന്ദനം ജീവനീയഗണം (അടപതിയൻകിഴങ്ങ് കാകോളി ക്ഷീരകാകോളി മേദ മഹാമേദ, കാട്ടുഴുന്ന് കാട്ടുപയറ് ജീവകം ഇടവകം എരട്ടിമധുരം) തിപ്പലി, അകില് കടുരോഹണി, ഇവ ഓരോപലംവീതം കല്കംചേർത്ത് കാച്ചിയ എണ്ണ യുക്തി അനുസരിച്ച് ഉപയോഗിച്ചാൽ സകലവാതങ്ങളും നശിക്കും. ധനുസ്തംഭം എന്ന വാതം എത്രയും എളുപ്പം നശിക്കും. അശ്വങ്ങളും ഗജങ്ങളും കൂടി വാതരോഗമുക്തരായിത്തീരും. സർവാങ്ഗജപക്ഷവാതം ഏകാങ്ഗവാതം ഇവയ്ക്കും നല്ലതാണ്. ഈ പ്രസാരിണീതൈലം ആത്രേയഭാഷിതമാണ്. ഇതു സേവിച്ചാൽ ധനുസ്തംഭവും അപതാനവും വിട്ടുമാറും.

കബ്ജവാതം.

ഹൃൽപൃഷ്ഠമാക്രമ്യ സതക്പ്രകുപ്യാ-
ത്തഃഥോന്നതം യത്ര ച കബ്ജവായുഃ

തത്രാശ്രുവൈദ്യസ്യ പ്രസാരിണീനാം
ശതം ശതം ക്വാഥ്യ പൃഥക്ക്വഥേ ച. [illegible]

തോയാർമ്മണേ പാദമുപേ പാദശേഷേ
തൈലം പയോഭിർദ്ധധികാഞ്ജികാഭ്യാം
പചേദ്ദ്വിഭാഗൈരമരാംഗൈശ്ച കല്കൈഃ
പലദ്വയൈശ്ചിത്രകപിപ്പലീനാം. [illegible]

മൂലൈശ്ച സിന്ധൂത്ഥസുനാകകാഖ്യൈ-
രാസ്നാകരീന്ദ്രാ ഷഫലാംബലാഭിഃ
പ്രസാരിണീനാം ച തഥാ ജടാഭിർ-
ല്ലോതകൈർമ്മന്ദമഹൗഷധേശനാം. [illegible]
മിസ്യാതതൈലവമധുകേന ച കുബ്ജവാതം
ശ്ലേഷ്മാനിതാൻ വാതഗദാൻ നിഹന്യാൻ
നാരീനരാണാമപി വാതജാതാ-
നശീതിമേതദ്വിനിഹന്തിശീഘ്രം. [illegible]

ശിരഃപൃഷ്ഠഗ്രീവാഹനുസ്തംഭകുബ്ജ-
സപംഗുത്വഖഞ്ജത്വവാതാർദ്ദിതൈപി
പരംതൈലമേതദ്വിമർദ്ദ്യം വിശേഷാൽ
പ്രകൃഷ്ടോന്നതം കുബ്ജവാതാന്നിഹന്തി. [illegible]

വായു ഹൃദയത്തിന്റെ പിൻപുറത്തെ ആക്രമിച്ച് വേദനയുണ്ടാക്കി ഉന്നതമാക്കിച്ചെയ്യുന്നു. ഇതാണ് കുബ്ജവാതം.

കുബ്ജവാതചികിത്സ.

കുബ്ജപ്രസാരിണീതൈലം.

പ്രസാരിണി നൂറുപലം ശീണ്ടാനാഴി നൂറുപലം ഇവ ഓരോന്നും പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് നാലൊന്നാക്കി പാൽ തൈരിൻവെള്ളം കാടി ഇവ എണ്ണയിൽ ഇരട്ടിവീതം ചേർത്ത് ആവണക്കിൻവേര് തിപ്പലിമൂലം ഇന്തുപ്പ് ദേവതാരം അരത്ത അത്തിത്തിപ്പലി കുറുന്തോട്ടിവേര് പ്രസാരണിയുടെവേര് ചെക്കര ചതകുപ്പ എരട്ടിമധുരം ഇവ ഈരണ്ടുപലംവീതം കല്ക്കം ചേർത്ത കാച്ചിയ എണ്ണ കുബ്ജവാതത്തെയും കഫവാതത്തെയും ശമിപ്പിക്കും. സ്ത്രീപുരുഷന്മാർക്കുണ്ടാകുന്ന എൺപതുവിധ വാതങ്ങളും ശമിക്കും. ഈ തൈലം ശരീരത്തിൽ തേച്ചുപിടിപ്പിച്ചാൽ ശിരസ്സ് പുറം കഴുത്ത് ഈ സ്ഥാനങ്ങളിലുണ്ടാകുന്ന രോഗങ്ങളും ഹനുസ്തംഭം കുബ്ജവാതം പംഗുത്വം ഖഞ്ജത്വം അർദ്ദിതം ഇവയും പുറകു ഉന്തിവരുന്ന കുബ്ജവാതവും വിട്ടുമാറും.

അപതന്ത്രവായു.

സ്വൈഃ കോപനൈഃ കോപമുപേത്യ വായുഃ
സ്ഥാനാദ്യദോർധ്വം ച പ്രവർത്തതേ ഹി
സംപീഡയൻ വാ ഹൃദയം ച ഗത്വാ
ശിരശ്ച ശംഖാവപി പീഡയൻ ഹി. [illegible]

ഗാത്രാണി നത്രാണി ധനുസ്സമാനി
ചാക്ഷിപ്യമോഹോച്ഛ്വസനാനികുര്യാൽ
തദാജനസ്തബ്ധവിലോചനസ്തു
നിമീലകഃ കൂജിതനഷ്ടസംജ്ഞഃ. [illegible]

കപോതവദ്യത്ര ച സോപതന്ത്രോ
നതത്രവസ്തിംവമനം നിരൂഹം
കുര്യാത്തഥാന്യൽ കഫമാരുതാഭ്യാം
പ്രച്ഛ്വാസകോച്ഛ്വാസവഹാധമന്യൌ. [illegible]

വിരേചയേച്ഛാഥ വിധിം വിചാര്യ
യം ശീഘ്രരേകം പ്രവദന്തിതജ്ഞാഃ
അതോഽഭിധാസ്യേ പ്രഥമം പ്രയോഗ-
മല്പേന കാലേന ച രോഗഹാരി. [illegible]

വായു നിജകോപഹേതുക്കളാൽ കോപിച്ച് പക്വാശയത്തിൽനിന്ന് ഊർദ്ധ്വഭാഗത്തിലേക്ക വ്യാപിക്കുന്നു. അപ്പോൾ ഹൃദയപീഡയും ശിരസ്സിനും ചെന്നികൾക്കും വേദനയുമുണ്ടാകയും ദേഹം വില്ലുപോലെ വളയുകയും മേൽപോട്ട് എറിയുന്നപോലെയാകുകയും ചെയ്യുന്നു. ഉടൻ മോഹാവസ്ഥ ഉച്ഛ്വാസം മുവയും കണ്ണടയുകയും മാടപ്രാവിനെപ്പോലെ കൂവുകയും സംജ്ഞ (ചേതന) നശിക്കയും ചെയ്യും. ഇതിനെ അപതന്ത്രകം എന്നു പറയുന്നു. ഇതിങ്കൽ വമനവും കഷായവസ്തിയും ചെയ്യരുത്. കഫമാരുതങ്ങളാൽ തടമായിതീരുന്നതുകൊണ്ട് പ്രച്ഛ്വാസവും ഉച്ഛ്വാസവും ചെയ്യുന്ന ഞരമ്പുകളെ വിധിപ്രകാരം വിരേകം ചെയ്യണം. അതിനെ ശീഘ്രവിരേകം എന്നു തജ്ഞന്മാർ പറയുന്നു. അതിനാൽ അല്പകാലംകൊണ്ടു വിട്ടുമാറത്തക്കതായ യോഗത്തെ ആദ്യമായി ഇവിടെ കാണിക്കുന്നു.

ജന്തുഘ്നമാരീചഫണിജ്ജശിഗ്രു-
ബീജാനി പിഷ്ട്വാ ഖലുനസ്യമേഷാം
പ്രധമ്യമാനം നസി ശീർഷദോഷാ-
ദൈവ്യൈർവ്വിമേയോപ്യഥവാ പതന്ത്രഃ. [illegible]

വിഴാലരി നല്ലമുളക് മുരിങ്ങക്കുരു ഇവയെല്ലാം കൂടി പൊടിച്ചു.

കർപ്പൂരത്തുളസിയുടെ നീരിൽ നസ്യം ചെയ്താൽ അപതന്ത്രം വിട്ടുമാറും.

ഹരീതകീവചാംല്യതൈസ്സൈന്ധവാഢ്യൈർവാപി സൈഃ
സുരാസ്ഥമാർദ്രകാനളിനൈശ്ച പാചിതൈശ്ചതളതൈഃ
സുസേവിതൈർവിശേഷതോപതന്ത്രനാശനം
പ്രകീർത്തിതം ച സുശ്രുതാദിവൈദ്യവർണ്ണിതം. ൧൭൨

കടുക്ക വയമ്പ് ഇന്തുപ്പ് ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് അരത്ത ഇഞ്ചിനീര് ഇവ ചേർത്തു പാകംചെയ്ത നെയ്യ് സേവിച്ചാൽ അപതന്ത്രരോഗം ശമിക്കും.

അപതാനകം.

ദൃഷ്ടിം സംസ്തഭ്യസംജ്ഞോമപിഖണ്ഡയാ നാശയിത്വാതുകണ്ഠേ
കൂജത്യേവം നരോവൈ ഹൃദിചനിതരം മുച്യമാനേപി കിഞ്ചിൽ
ലബ്ധ്വാസ്വാസ്ഥ്യം പുനരപി തതോ യാതിമോഹം സദാവൈ
വാതേനൈവം ജഗ്ദുരഥപുനർഭ്രാന്തം പൂർവതാനം.

ദൃഷ്ടിയെ സ്തംഭിപ്പിച്ച് ചേതനയേയും നശിപ്പിച്ചു കഴുത്തുകൊണ്ടു കൂവുക; വായു നെഞ്ചിൽനിന്നു നീട്ടുന്ന സമയം അല്പം സ്വാസ്ഥ്യതയുണ്ടാവുക; പിന്നെയും എല്ലായ്പ്പോഴും മോഹിക്കുക; ഇതു വാതംനിമിത്തം ഉണ്ടാകുന്നതും ഭയങ്കരവും ആയ അപതാനകമാണ്.

അപതാനചികിത്സ.

അസ്രുതാക്ഷമവേപനംതഥാസമാണമേവമുപാചരേൽ
യാവദാശ്രുന ശസ്ത്രശോണിപാതേച്ഛ്ഭ്രാന്തമേവസഃ
താവദേവദശാംഘ്രിസംശ്രുതംനീരമേവഹി കേവലം
പായയേന്മഗധാന്വിതംപലപാരിഭക്തമഥോതതഃ. ൧൭൩

കണ്ണിൽനിന്നു വെള്ളമൊലിക്കാതെയും വിറയലോട്ടുകൂടാതെയും കട്ടിലിൽ കയററി കിടത്തിയാൽ ഭ്രമിച്ചിളേക്ക വീഴാതെയും ഇരിക്കുന്ന അപതാനരോഗിയെ വെട്ടെന്ന് ചികിത്സിക്കണം. ദശമൂലം കഷായം വച്ച് തിപ്പലി പൊടിച്ചു മേമ്പൊടിയുംചേർത്തു കൊടുക്കുക; അനന്തരം മാംസരസവുംകൂട്ടിച്ചോറുകൊടുക്കുക. ഇതുകൊണ്ടു സുഖമുണ്ടാകും.

വേറെ യോഗം.

സ്വേദസ്സ്നേഹവിമർദ്ദനം ച ഗദിതം തീക്ഷ്ണംചനസ്യം തതഃ
സ്രോതശ്ചാപി വിശോധനം ഘൃതമഥോ പേയംതുഭുക്താപുനഃ
ദധ്യമ്ലം പരിപീതമാശുമരിചൈഃ സ്നേഹസ്യ വസ്തിഃപുന-
ർഹന്ത്യസ്തേപ്യപതാനകം ഗദമലം വാതപ്രഭൂതംസ്ഫുടം. ൧൭൪

വിയർപ്പിക്കുക, എണ്ണതേച്ചു തിരുമ്മിപ്പിടിപ്പിക്കുക, തീക്ഷ്ണനസ്യം ചെയ്യുക, സ്രോതോവിശോധനമായ നെയ്യു സേവിക്കുക; ഊണു കഴിഞ്ഞതിനുശേഷം പുളിച്ചു തൈരിൽ നല്ലമുളകുചേർത്തു കുടിക്കുക; സ്നേഹവസ്തി ചെയ്യുക, ഈ ക്രിയകൾകൊണ്ടൊക്കെയും വാതപ്രധാനമായ അപതാനകം നിശ്ചയമായും ശമിക്കും.

പക്ഷാഘാതം.

ഗൃഹീത്വാർദ്ധകായം സിരാസ്നായുശോഷം
വിധായാഥവായുശ്ച പക്ഷം നിഹന്തി
നരം സന്ധിബന്ധാൻ വിമോക്ഷ്യാത്മദേഹം
അകർമ്മക്ഷമംകൃത്സ്നമന്യൽപ്രകുർയ്യാൽ. ൧൭൫
തമേകാംഗവാതം ച പക്ഷൈകഘാതം
ജഗുഃകേചിദന്യേ പുരാണാസ്തു വൈദ്യാഃ
സസന്താപമൂർച്ഛായദാഹൈഃ പ്രയുക്തോ
ഭവേൽപിത്തതഃശ്ലേഷ്മണാ ശോഥയുക്തഃ. ൧൭൬
തഥാ ഗൗരവം ശീതതാ പാത്രനിത്യാ-
പ്യഥോവാതജഃ കേവലംസാദ്ധ്യ ഉക്തഃ
കദാചിൽസാദ്ധ്യമന്യേന യുക്തസ്തഥാപി
ന സാദ്ധ്യോഭവേത്ക്ഷയോത്ഥസ്തു തത്ര. ൧൭൭

വായു ശരീരാർദ്ധഭാഗത്തെ ആശ്രയിച്ചിട്ട് ഞരമ്പുകളെ ശോഷിപ്പിച്ച് സന്ധിബന്ധങ്ങളെ ശിഥിലീകരിച്ച് ഒരുവശം മുഴുക്കെ സ്തംഭിപ്പിക്കുന്നു. അതുനിമിത്തം ശരീരം മുഴുവനും പ്രവൃത്തി ചെയ്യുന്നതിനു ശക്തിയില്ലാതെയായിത്തീരുന്നു. ഇതിനെ ചിലർ ഏകാംഗവാതമെന്നും മററു ചിലർ പക്ഷവധം എന്നും പറയുന്നു. പിത്തംകൊണ്ടുണ്ടാകുന്ന പക്ഷവധത്തിനു ദേഹത്തിന്റെ ഉള്ളിൽ ചൂട് മോഹാലസ്യം പുറമേ ചൂട് ഇവ കാണും. കഫകോപത്താലുണ്ടാകുന്ന പക്ഷവധത്തിനു നീരുണ്ടായിരിക്കും. ദേഹത്തിനു കനം എപ്പോഴും തണുപ്പ് ഇവയും കാണും. വാതജം കൃച്ഛ്റസാദ്ധ്യമാണ്. മററുരണ്ടും പ്രായേണ അസാദ്ധ്യമാണ്. ക്ഷയോത്ഥവും അസാദ്ധ്യംതന്നെ.

പക്ഷവധചികിത്സ.

മാഷാദികഷായം.

മാഷാത്മഗുപ്താഖിലവാഗശത്രു-
വാട്യാലമൂലീശ്രുതനീരമേകം
സസൈന്ധവം ഹിംഗുയുതംവിശേഷാൽ
പക്ഷൈകഘാതം വിനിഹന്തിശീഘ്രം. ൧൭൮

മാഷികേറിംഗ്രസിനഘൃതൈ
മാഷാദ്യാശ്ലാണകാഃ സ്മൃതാഃ. ൧൩൦

ഉഴുന്ന് നായ്ക്കുരണവേര കുറിംകുറിഞ്ഞിവേര കുറുന്തോട്ടിവേര ഇവ കഷായംവച്ച് ഇന്തുപ്പും കായവും മന്ത്രമിട്ട് സേവിക്ക; പക്ഷവധം ശമിക്കും. ഉഴുന്നും ഇന്തുപ്പും കായവും മുക്കാൽ കഴഞ്ചു ചേൎക്കണം.

പാഞ്ചാലിമൂലംപാഞ്ചാലീ രാസ്നാ വോകാഗ്നിസൈന്ധവൈഃ
കല്ക്കിതൈൎമ്മാഷനീരൈശ്ച ശൃതംതൈലം വിശേഷതഃ
പക്ഷാഘാതം നിഹന്ത്യാശു വായുൎജ്ജലധരാനിവ. ൧൩൧

തിപ്പലിമൂലം തിപ്പലി അരത്ത ചുക്ക് കൊടുവേലിക്കിഴങ്ങ് ഇന്തുപ്പ് ഇവ കല്ക്കമായി ഉഴുന്ന് കഷായംവെച്ച് അതിൽ കാച്ചിയ തൈലം വിശേഷിച്ചും പക്ഷവധത്തെ ശമിപ്പിക്കും.

വേറൊരുയോഗം (മാഷതൈലം.)

മാഷബലാരസനാശതപന്മഥാഃ
സൈന്ധവഗുപ്താശൃതതിലതൈലം
മാഷബലാശൃതമേവകപായോഭിഃ
പക്ഷഹതിം വിനിഹന്തി വിശേഷാൽ. ൧൩൨

ഉഴുന്ന് കുറുന്തോട്ടി ഇവ വിജ്ഞായുടെ നാലിരട്ടികഷായംവരത്തക്കവിധത്തിൽ കുറുക്കി അതിൽ ഉഴുന്ന കുറുന്തോട്ടിവേര് അരത്ത ശതാവരിക്കിഴങ്ങ് ഇന്തുപ്പ് നായ്ക്കുരണവേര് ഇവ കല്ക്കമാക്കി കാച്ചിയ എണ്ണ പക്ഷവധത്തെ ശമിക്കും.

സൎവ്വാങ്ഗവാതം.

സൎവ്വാങ്ഗവാതേകുപിതേ ചഗാത്ര-
സംഭഞ്ജനംസംസ്ഫുരണം വിശേഷാൽ
യാസ്സന്ധയസ്തന്ത്ര ചവേദനാഭിഃ
സ്ഫുടംസ്ഫുടന്തിവചാതശ്ച വൈദ്യൈഃ. ൧൩൩

സൎവ്വാംഗവാതചികിത്സ.

തൈലാവഗാഹേ സമസ്തഗാത്ര-
ജാതംതദൈകാ ംഗതം വിശേഷാൽ
സിരാവിമോക്ഷൈ ച ജേയത്തൈ ച
വായുൎമ്മഹാമേഘ യംനഭസ്തഃ. ൧൩൪

സൎവ്വാംഗവാതം കോപിച്ചാൽ ശരീരം മുറിഞ്ഞു നോവുക, തുടിക്കുക, വിശേഷിച്ച് സന്ധികൾ പലതരത്തിലുള്ള വേദനകൾകൊണ്ട് സ്പഷ്ടമായിളകുന്നപോലെ തോന്നുക, ഇവയുണ്ടാകും. ഋതുകളിൽവച്ച് സൎവ്വാങ്ഗവാതത്തിന് തൈലാവഗാഹക്രിയ ചെയ്യുകയും ഏകാങ്ഗവാതത്തിന് വിശേഷാൽ ഞരമ്പുകീറി രക്തം കളയുകയും ചെയ്യണം. ഇവകൊണ്ട് വായു മേഘങ്ങളെ അടിച്ച് കളയുന്നപോലെ സൎവ്വാങ്ഗവാതത്തെയും ഏകാങ്ഗവാതത്തെയും ജയിക്കാം.

പിത്തയുക്തപ്രാണവായു.

പ്രാണേവായൌ പിത്തയുക്തേവാരണാം
ഛൎദ്ദിൎദാഹോവേദനാ വാതജന്യാഃ
ജായന്തേവൈ തദ്വദിപ്രായശോഽത്ര
സേവ്യാഛരി നാമകോഷ്ണനീരൈൎമ്മരിച്ചൈഃ. ൧൩൫

പ്രാണവായു പിത്തത്തോടു ചേൎന്നു കോപിച്ചാൽ ഛൎദ്ദിയും സൎവ്വാങ്ഗസന്താപവും ഹൃദയത്തിൽ വായുജങ്ങളായ മററു വേദനകളും ഉണ്ടാകും. ഇതിന് പ്രായേണ അമൃതും നല്ലമുളകുംകൂടി കഷായംവച്ച് ചെറുചൂടോടുകൂടി സേവിച്ചാൽ മതിയാകും.

അതിന്റെ ചികിത്സ.

പിബേദ്ദുഷ്ണാംഭസോ പ്രാതൎഗ്ഗുഡയുക്താം വിചക്ഷണഃ
ഹൃദയാനിലനാശായ ചാശ്വഗന്ധാം വിഭിതകം. ൧൩൬

അമുക്കിരം താന്നിക്കാത്തോട് ഇവ കഷായംവച്ച് ചെറുചൂടോടെ ശൎക്കര ചേൎത്ത് പ്രാതഃകാലത്തിൽ സേവിച്ചാൽ ഹൃദയത്തെ ആശ്രയിച്ചിരിക്കുന്ന വായുവിന് ശമനമുണ്ടാകും.

കഫയുക്തപ്രാണവായുലക്ഷണചികിത്സകൾ.

പ്രാണേ വാപികഫാന്വിതേ തന്ദ്രിസദനം ദൌൎബ്ബല്യതന്ദ്രാന്വിതം
വൈരസ്യം ഹൃദയേ രുജശ്ച ബഹുധാ ശ്ലേഷ്മപ്രകോപോഭവേൽ
ദേവാന്നാം ച സവിശ്വകാഷ്ഠമസകൃൽ പീതാ സുഖീജായതേ
ഹൃദ്വാതോത്ഥവികാരസംഘരഹിതഃപുഷ്ടസ്തനോഃസംഭവേൽ. ൧൩൭

പ്രാണവായു കഫത്തോടുകൂടി കോപിച്ചാൽ വളരെ തളൎച്ച, ബലമില്ലായ്മ, മടി, വിരസത (രസമറിയാൻവയ്യായ്ക) ഹൃദയവേദന, പലപ്രകാരത്തിലുള്ള കഫകോപം ഇവ സംഭവിക്കും. ഇതിന് ദേവതാരവും ചുക്കുംകൂടി കഷായംവച്ച്, നിത്യവും സേവിച്ചാൽ സൌഖ്യംകിട്ടും; ഹൃദയവേദനകളെല്ലാം മാറും. ശരീരത്തിനു പുഷ്ടിയുണ്ടാകും.

വേറൊരുയോഗം.

അംശുമതീജലസിദ്ധംഹൃദികപിതേഹി
കാകോളീംബൃന്ദസിദ്ധം സാമ്ലംദേഹി

ഭിഷക്പ്രയുക്തം വാതേ ഗോപയ ഏവ
കഫയുതപ്രാണേ ഗദിതാ തദ്വദയമേവ. ൩൮൮

മൂവിലവേരും കാകോളിയുംകൂടി കഷായംവെച്ച് ഞെരിഞ്ഞാമ്പുളിയുടെ രസംചേർത്തു സേവിക്കുകയോ; പാൽ തനിച്ച് സേവിക്കുകയോ ചെയ്താൽ കഫയുക്തമായ പ്രാണവായുവിന്റെ കോപം ശമിക്കും.

പിത്തയുക്തനായ അപാനൻ.

അപാനപിത്തകോപതഃ പ്രദാഹ്യതേ ഊഷ്മണാ
സക്ഷീരകംസ്താ യുതം തദ്വച്ഛ്മാശ്രയ ഗോപനം.
പിബേദഥോപഃപഞ്ചമൂലവാഹിത്വാ പുസാദിസൽഫലാൽ
സുബീജജാതമജ്ജികാസിതാഘൃതൈശ്ച ഭർജ്ജിതാ. ൩൮൯

അപാനൻ പിത്തത്തോടുകൂടി കോപിച്ചാൽ ഊഷ്മാവിനാൽ ദേഹം ദഹിക്കും. പശുവിൻ പാലിൽ ജീരകമിട്ടു കാച്ചി പഞ്ചസാരയുംചേർത്തു ചെറുചൂടോടെ സേവിക്കുകയോ, കാട്ടുവെള്ളരിയരിയും മാതളനാരങ്ങയുടെ മജ്ജയുമെടുത്ത് നെയ്യുംകൂട്ടി വറുത്തു പഞ്ചസാരയുംചേർത്തു സേവിക്കുകയോ ചെയ്താൽ പിത്തയുക്തനായ അപാനന്റെ കോപം ശമിക്കും.

കഫയുക്താപാനവായുലക്ഷണചികിത്സകൾ.

ശ്ലേഷ്മാപാനേസംയുതേഽധശ്ശരീരേ
ശൈത്യംരക്തൽഗൌരവംതച്ചികിത്സാ
രാസ്നാചവ്യം ചിത്രകം തിക്തരിണീകം
സാജ്ജക്ഷാരംധാന്യകം ജീരയുഗ്മം. ൩൯൦

താലീസാഗ്രാപത്രകത്ര്യൂഷണാനി
യാവക്ഷാരംവൈരപട്ടൻപഞ്ചലോണം
ഹിംഗ്വാദീപ്യംതുംബുരുംചാശ്വഗന്ധാ
മാധിത്വാന്യൽപൌഷ്കരംമത്സ്യഗന്ധാം. ൩൯൧

അമ്ലാതകാമ്ലവേതസം ദൈത്യഫലംച
തുല്യംസർവ്വംസദ്രസോനംചതസ്മാൽ
സർവ്വസ്മാദ്ദൈഗുണ്യാദ്ഗുളമേവാത്രദേയം
സംയോജ്യമാനംസദ്ഘൃതൈഃപിണ്ഡീകൃതാ ൩൯൨

ശ്ലേഷ്മാപാനംഹന്തിമന്ദോദരംച
യദ്വാതദ്ഗുല്മസ്സേവിതംരക്തദേവ
തുന്ദ്യാംഗുല്മേക്രോഷ്ടുശീർഷകമേവ
ഭഗ്നേശൂലേവാതയുക്തേവലാസേ ൩൯൩

സൌഖ്യംതദ്വജ്ജ്വരവൈഷമ്യതായാ-
മാദ്ധ്യേവാതേവാഹനസ്തംഭവായൌ
കുഷ്ഠാദവർണ്ണംസവർണ്ണതുല്യംമനുഷ്യം
ഛായാപുത്രൈർഭൃത്യൈസൌഖ്യൈസമേതം. ൩൯൪

അപാനൻ കഫത്തോടുകൂടി കോപിച്ചാൽ കഴുത്തിനുതാഴെയുള്ള ഭാഗത്ത് തണുപ്പും, ദേഹത്തിന് ഗുരുത്വവും ഉണ്ടാകും.

തച്ചികിത്സ.

അരത്ത കാട്ടുമുളകിൻവേര് വെള്ളത്താവണക്കിൻവേര് വാളൻപുളിവേരിന്മേലെത്തൊലി, തുവർച്ചിലക്കാരം കൊത്തമ്പാലയരി ജീരകം കരിഞ്ജീരകം താലീസപത്രം വയമ്പ് പച്ചില ചുക്ക മുളക തിപ്പലി ചവൎക്കാരം ഉപ്പുകൾ അഞ്ചും മഞ്ഞൾ പതകപ്പ അയമോതകം തുമ്പുനിയുടെ പഴുത്തകായ് അമുക്കുരം താളിമാതളം പുഷ്കരമൂലം അടയ്ക്കാമണിയൻ ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ആററുവഞ്ചിത്തൊലി, തിഫലി ഇവ സമാംശം എല്ലാംകൂടിയതിന്റെ നാലിരട്ടി വെള്ളുള്ളി എല്ലാംകൂടി അരച്ചു നെയ്യിൽകുഴച്ച് ഉരുളയാക്കി സേവിച്ച് മാംസരസമോ പാലോ അനുപാനമായി ഉപയോഗിച്ചാൽ കഫയുക്തനായ അപാനന്റെ കോപം ശമിക്കും അതുകൂടാതെ പ്ലീഹ എന്ന വാതരോഗം ഗുല്മം ക്രോഷ്ടുശീർഷകവാതം ക്ഷയം ഭഗ്നം (ഒടിവ്) ശൂലം വാതത്തോടുചേന്ന കഫത്തിന്റെ കോപം ഇവയും ജ്വരവൈഷമ്യം ആഢ്യവാതം ഹനുസ്തംഭം ഇവയും ശമിക്കും. ശരീരത്തിന് സവർണ്ണത്വം ഉണ്ടാകും. രോഗം നശിച്ച് ഭാര്യാപുത്രഭൃത്യാദികളുടെ സൌഖ്യവും ഉണ്ടാകും.

കഫയുക്തസമാനവായു.

സമാനവായൌകഫസംയുതേച
വിൺമൂത്രരോധസ്തു തഥാ രോമഹർഷഃ
സ്തംഭശ്ചതദ്വേവാശ്രു ചജ്വാരംചേ-
ത്തസ്യ പ്രതീകാരമഹംബ്രവീമി. ൩൯൫

സമാനവായു കഫത്തോടുകൂടി കോപിച്ചാൽ മലമൂത്രങ്ങൾക്ക് തടവ്, രോമാഞ്ചം വയറുസ്തംഭിക്കുക ഇവയുണ്ടാകും. ഇനി അതിന്റെ ചികിത്സ കാണിക്കുന്നു.

കഫയുക്തസമാനചികിത്സ.

ചിത്രകേന്ദ്രയവപാഠാകടുകീ-
രംഗുരാഭിരവാകുചീതോയം
നാഭിജാതകഫരോഗവിനാശേ
രാമബാണസദൃശഃ കഥിതോയം. ൩൯൬

വെളുത്താവണക്കിൻവേരു് കടകപ്പാലയരി പാടക്കിഴങ്ങു് പല കപ്പയ്യാനി അരിവിടയം കടുക്ക ഇവ കഷായം വച്ചു സേവിച്ചാൽ കഫയുക്തസമാനൻെറ കോപം ശമിക്കും.

പിത്തയുക്തസമാനവായു.

മൂർഛദാഹാദ്യുസ്സാസേ ദഭോഹേ സമാനേ
വായൌ പിത്തേനാന്വിതേ ചികിത്സാ
ചോഷ്ണാ ശർക്കരാ വാപ്യശീരപ്രഭൃതഃ
സേവ്യോ നിത്യം ചാഷ്ടണൈസ്സർസിതാഭിഃ. ൫൭൪

സമാനൻ പിത്തത്തോടു ചേൎന്നു കോപിച്ചാൽ മോഹാലസ്യം, തണ്ണീർദാഹം സ്വേദം സർവാംഗസന്താപം ഇവയുണ്ടാകും. കത്തിരിക്കായോ തൊഴുകണ്ണിയോ, രാമച്ചമോ തിപ്പലിയും പഞ്ചസാരയും ചേൎത്തു നിത്യവും സേവിക്കുക. പിത്തയുക്തസമാനവായു ശമിക്കും.

സപിത്തോദാനൻ.

ഭ്രമോദാഹോമൂർഛാക്ലമഅപി സപിത്തേ ചോദിതേ-
ദുദാനേധാത്രീണാം മരിചസിതയാചൂർണ്ണമസകൃൽ
പ്രഭുക്തംതദ്രോഗംഹരതിസഹസാമോഘനിചയം
യഥാവായുഃപാപംഹരിഭജനദാദ്യാവചരണഃ. ൫൭൫

ഉദാനൻ പിത്തത്തോടുകൂടി കോപിച്ചാൽ തലകറക്കം സർവ്വാംഗസന്താപം മോഹാലസ്യം ക്ഷീണം ഇവയുണ്ടാകും.

താന്നിക്കാത്തോടും നല്ലമുളകുംകൂടി പൊടിച്ചു് പഞ്ചസാര ചേൎത്തു് സേവിച്ചാൽ വായുവേഗത്താൽ മേഘം ഒഴിയുന്നപോലെയും, ശ്രീകൃഷ്ണഭജനത്താൽ പാപം അററുപോകുന്നപോലെയും പിത്തയുക്തോദാനവായുവിൻെറ കോപം ശമിക്കും.

കഫയുക്തോദാനവായു.

അസ്വേദഹർഷൌ ജ്വരവഹ്നിമാന്ദ്യം
ശൈത്യംകഫോദാനഭേദതഃ.
സേദഃപ്രകാശ്യോ ഭ്രമയാതഗ്രസ്ത-
ദേശേഷുസർവ്വേഷു വിജാനതാ ച.
സിദ്ധാത്മമിത്യെമ്മദനസ്യപത്ര്യൈ-
സ്ഥതോപിശാന്തിം നപ്രയാതിചേൽ
തദാമൃദുസ്നേഹവിധാനതോധൈഃ
സംശോധയേത്താംശ്ച വദാമിചാഗ്രേ. ൫൭൬

ഉദാനൻ കഫത്തോടുചേൎന്നു കോപിച്ചാൽ വിയൎപ്പു് രോമാഞ്ചം ഇവയുണ്ടാകുകയില്ല. അഗ്നിമാന്ദ്യം ശൈത്യം (തണുപ്പു്) ഇവയുണ്ടാ

കും. അതിനു് ഏതേതുസ്ഥാനങ്ങളിലാണോ വായു ഗ്രസിച്ചിരിക്കുന്നതു്, ആ സ്ഥാനങ്ങളിലൊക്കയും ശാസ്ത്രജ്ഞനായ വൈദ്യൻ മലങ്കാരയുടെ ഇലയിൽ എണ്ണ പുരട്ടി കടുകപൊടിവിതറി ചൂടുപിടിപ്പിച്ചു് വിയൎപ്പിക്കണം. ഈ പ്രയോഗംകൊണ്ടു് വായുവിൻെറ പിടിത്തം വിട്ടില്ല എങ്കിൽ സ്നേഹയുക്തമായ യോഗംകൊണ്ടു് മൃദുവായി സംശോധിപ്പിക്കണം. ആ യോഗങ്ങളെ അടുത്തു പറയുന്നും ഉണ്ടു്.

ഏരണ്ഡതൈലം പയസാഥവാപി
ഘൃതംതഥാതില്വകസിദ്ധമാദ്യം
തഥാഘൃതം ശീതളികാദിസിദ്ധം
പിബേദലം ദോഷവിനാശനായ. ൫൭൭

ആവണക്കെണ്ണ പാലുംചേൎത്തു് കുടിക്കയോ തില്വകഘൃതമോ ശീതളാദിഘൃതമോ സേവിക്കയോ ചെയ്താൽ ദോഷകോപം ശമിക്കും.

പിത്തയുക്തവ്യാനവായു.

വ്യാനേപിത്തസമന്വിതേ വേഥുരുഗ്ഗാത്ര-
സ്യവിക്ഷേപണം
തദാചാത്രഭ്രമോഥവേദഥ യഥാവക്ഷ്യേ-
ചികിത്സാംസ്ഫുടം
ശ്രീമദ്രാമഫലാവിഡംഗബൃഹതീകാശ്മീ-
രരാത്രിദ്വയൈർ-
മുസ്താദ്ധാഡിമശാരിബാത്രുടിയുഗൈഃ പണ്ണീ-
ദ്വയൈന്നാഗരൈഃ. ൫൭൮

സൈലാവാലുകകുഷ്ഠദേവതരുഭിമ്മഞ്ജിഷ്ഠയാമാലതീ-
പുഷ്പൈസ്സൈന്ധവഹരീകസേരുസഹിതൈശ്ചേലൈർവിശാലാന്വിതൈഃ
ദന്തീപദ്മകപത്രകൈന്നതകഭീ പുഷ്പൈസ്സപാടീരകൈഃ
കല്ക്കൈകപ്രമിതൈഃപൃഥക്പൃഥഗ്ഘൃതഹവ്യംദ്വിത്രിംശൽപലം. ൫൭൯
തോയൈശ്ചാപിചതുർഗ്ഗുണൈരഥഭജേൽകല്യാണസംജ്ഞംഘൃതം
ഭക്തംപീതമലംപ്രമർദ്ദിതരിദംയക്ഷ്മാർശ്ശോദോനിലാൻ
ശൂലോന്മാദമപസ്മൃതിംചസകലാന്മൈകാണ്ഡവാതാനപി
തദ്വൽക്കണ്ഡലവാതമാശുശമയേദ്വ്യാനംസപിത്തംതഥാ. ൫൮൦

വ്യാനൻപിത്തത്തോടുകൂടി കോപിച്ചാൽ ചൂടു് വേദന ദേഹം എടുത്തെറിയുക തലകറക്കം ഇവയുണ്ടാകും.

പിത്തയുക്തവ്യാനവായുചികിത്സ

കല്യാണഘൃതം

ത്രിഫല വിഴാലരി ചെറുവഴുതിനവേരു് പുന്നരമൂലിവേരു് മ

ഞെരിഞ്ഞിൽ മരമഞ്ഞൾ മുത്തങ്ങാക്കിഴങ്ങ് താളിമാതളത്തോട് നറുനീണ്ടിക്കിഴങ്ങ് ചിറ്റേലം പേരേലം കാട്ടുഴുന്ന് കാട്ടുപയറ് ചുക്ക് ഏലാവാലുകം കൊട്ടം ദേവതാരം മഞ്ചട്ടിപ്പൊടി പിച്ചകപ്പൂവ് വെൺവഴുതിനവേര് കഴിമുത്തങ്ങ കാട്ടുവെള്ളരിവേര് നാഗദന്തിവേര് താമരക്കിഴങ്ങ് പതുമുകം തകരം നാഗപ്പൂവ് ചന്ദനം ഇവ ൧-൧-കഴഞ്ചു വീതം നാഴിരട്ടിവെള്ളത്തിൽ അരച്ചുകലക്കി ൧൨ പലം (൨ ഇടങ്ങഴി) നെയ്യും ചേർത്തു കാച്ചി എടുക്കുക; ഇതു കല്യാണകഘൃതമാണ്. ഈഘൃതം ചോറിൽ കൂട്ടി ഉണ്ണുകയോ സേവിക്കയോ ദേഹത്തു തേച്ചു തിരുമ്മിക്കയോ ചെയ്താൽ രാജയക്ഷ്മാവ് സർവ്വാംഗവാതം ഏകാംഗവാതം ശൂലം ഉന്മാദം അപസ്മാരം സർവ്വാംഗവാതം ഏകാംഗവാതം കണ്ഠലവാതം പിത്തയുക്തവ്യാനവായുകോപം ഇവ ശമിക്കും.

കഫയുക്തവ്യാനവായു.

വ്യാനേ ശ്ലേഷ്മസംയുതേ ശ്ലേഷ്മശോഫൌ
സ്തംഭസ്തദ്വദ്ദണ്ഡകസ്തച്ചികിത്സാ-
ഹവ്യം പ്രസ്ഥം വേദപ്രസ്ഥൈഃ പയോഭിഃ
ക്വാഥൈസ്തദ്വൽപീവരീജൈസ്സുസിദ്ധം.
വൃഷ്യമാശുപലവർദ്ധനമേത-
ദ്വാതജാതമഖിലരോഗവിനാശി
സേവ്യമേവ സകഫേപി ദേഹേ
വ്യാനനാമ്നി വിഷമേ ബഹുലൈവ.

വ്യാനൻ കഫത്തോടുകൂടി കോപിച്ചാൽ ശൂലം ശോഫം ശരീരസ്തംഭം ദണ്ഡകം എന്ന വാതരോഗം ഇവ ഉണ്ടാകും.

തച്ചികിത്സാ.

ശതാവരിക്കഷായത്തിൽ ശതാവരിക്കിഴങ്ങു കല്ക്കമായി നാലിടങ്ങഴിപ്പാലും ചേർത്തു എടങ്ങഴിനെയ്യ് കാച്ചി സേവിക്കുക; ഇതു ശുക്ലത്തെയും മാംസത്തെയും വർദ്ധിപ്പിക്കുന്നതും വാതത്താൽ ഉണ്ടായ പല രോഗങ്ങളെയും വിശേഷിച്ച് കഫത്തോടുകൂടി സകലദേഹത്തിലും വ്യാപിച്ചിരിക്കുന്ന വിഷമനായ വ്യാനവായുവിന്റെ കോപത്തെയും നശിപ്പിക്കുന്നതും ആകുന്നു.

രസഗതവാതം.

ത്വഗ്രൂക്ഷാ സ്ഫുടിതാ കൃശാസിതതരാ സുപ്താ സകൃത്തുദ്യതേ
രാഗേണാപി സമന്വിതാ ച സരുജാ വാതേ ത്വചഃ സംഗതേ
മർദ്ദ്യം സ്നേഹമഥോത്ര വൈ വഹിതഥാ സ്വേദാൻ പ്രകുര്യാത്സ്ഫുടം
താനഗ്രേ പ്രവദാമി വൈദ്യധരണീചാരൈരലം വർണ്ണിതാൻ.

വായു രസധാതുവിൽ വ്യാപിച്ചു കോപിച്ചാൽ ത്വക്ക് രൂക്ഷമായും വിണ്ടുകീറിയും കൃശമായും കൃഷ്ണവർണ്ണമായും മരവിച്ചും ഇരിക്കും. ഇടയ്ക്കിടെ കുത്തിനോവുണ്ടാകയും ചെയ്യും. ചുമപ്പും വേദനയും കൂടി ഉണ്ടാകയോ ചെയ്യും. ഇവിടെ "ത്വഗ്ഗതേ" എന്നതിന് ത്വക്ക് രസധാതുവിനെ മറച്ചിരിക്കുന്നതാകയാൽ 'രസഗതേ' എന്ന് അർത്ഥം ധരിച്ചുകൊള്ളണം. ഇതിങ്കൽ എണ്ണതേച്ചു തിരുമ്മുക വിയർപ്പിക്കുക ഇവ ചെയ്യണം. വിയർപ്പിക്കുന്നതിനുള്ള വിധി അടുത്തുതന്നെ പറയുന്നു.

രസഗതവാതചികിത്സ.

രാസ്നൈരണ്ഡസ്യമൂലാമലകതിലയവൈ-
രഷ്ടവർഗ്ഗേണ ശുണ്ഠ്യാ
മാംസൈരാനൂപസംജ്ഞൈർമ്മിസിപടുസുരസൈ-
രമ്ലകൈസ്സ്നേഹജാതൈഃ
ഗോധൂമൈശ്ചൈകൈസ്സ്തൈഃ ... ഭിഷക് പാചി-
തൈർമ്മാഷബീജൈർ-
ഗോകർണ്ണ്യസ്ത്വത്ര മാസമമഖിലവരൈ-
സ്സാല്വണഃ കീർത്തിതോയം.

അരത്ത വെളുത്താവണക്കിൻവേര് നെല്ലിക്ക എള്ള് അഷ്ടവർഗ്ഗം (ജീവകം ഇടവകം മേദ മഹാമേദ കാകോളി ക്ഷീരകാകോളി ഋദ്ധി വൃദ്ധി) ചുക്ക് ആനൂപമാംസങ്ങൾ ചതകുപ്പ ഉപ്പുരസങ്ങൾ പുളിവർഗ്ഗങ്ങൾ എണ്ണകൾ ഗോതമ്പ് മാതളനാരകത്തില ഉഴുന്ന് ഞെരിഞ്ഞിലു് അകത്തിയില ഇവയെല്ലാം കൂടി വെള്ളത്തിൽ ഇട്ടു വെന്തു വിയർപ്പിക്കുക; ഇതിന് "ശാല്വണ"പോട്ടലീസ്വേദം എന്നു പേർ.

രക്തഗതവാതം.

തീവ്രാരുജശ്ചാരുചിരേവ കാർശ്യം
ചാത്രുംഷി ഭുക്തസ്യ ച സംഭവന്തി
സ്തംഭസ്തു വൈവർണ്യമസൃഗ്ഗതേഹി
വാതേ വിശേഷാൽ ഹിതശീതലേപാൻ.

വായു രക്തത്തിൽ വ്യാപിച്ചു കോപിച്ചാൽ കഠിനവേദന; അരുചി, കാർശ്യം, വ്രണങ്ങൾ, വിവർണ്ണത (നിറക്കേട്) ഭക്ഷണം കഴിച്ചാലുടനെ ശരീരസ്തംഭം ഇവ സംഭവിക്കും. ഇതിനു ശീതളങ്ങളായ ദ്രവ്യങ്ങൾ അരച്ചു ലേപനം ചെയ്യണം.

രക്തഗതവാതചികിത്സ.

അസൃഗ്ഗതേ സദാഗതൌ വിരേകമാശു കാരയേൽ
തതസ്സിരാവിമോക്ഷണം ചകാരയേദസംശയം.

രക്തത്തിൽ വ്യാപിച്ചു കുപിതനായ വായുവിന്റെ ശമനത്തിനായിട്ട് അത്യമായി വയറിളക്കണം. അതിനാശേഷം ഞരമ്പുകീറി രക്തം കളയുകയും വേണം.

വേറൊരുയോഗം.

ഹരനയനാഥചാസുശംഖിനീ ത്രിഫലാ കുമാരവിഡംഗദന്തിനീ
കഥിതമല്പതമലംസുധാതുവൃദ്ധിതോയൈഃ പരിപാചിതം നരഃ
കപിതമല്പതമലം വായ്ഗതം ച രക്തഗം
അപനയതി പിബൻ വിരേചനാന്നിയതം വായുഗതം ച രക്തഗം. ൯൨

രുദ്രാക്ഷം ശംഖുപുഷ്പത്തിൻവേര ത്രിഫല വിഴാലരി നാഗദന്തിവേര് ഇവ കഷായംവെച്ചു അതിൽ ഒറ്റൊരു ത്രികോല്പക്കൊന്ന ഇവ അരച്ചുകലക്കി തൈരിൻവെള്ളവുംചേൎത്തു കാച്ചി എടുത്ത നെയ്യ സേവിച്ചാൽ നല്ല വിരേചനം ഉണ്ടാകും. അതുനിമിത്തം നിശ്ചയമായും രക്തഗതമായ വാതം ശമിക്കയും ചെയ്യും.

മാംസഗതവാതം.

ദണ്ഡമുഷ്ടിഹതം യഥാ തഥാ
തുദ്യതേങ്ഗമഖിലം തഥാ ഗുരു
സ്തബ്ധമാശ്രുഗവരേ ച മാംസഗേ
ജായതേസ്തിമിതമേവ വാ തഥാ. ൯൩

അംഗത്തിൽ എല്ലായിടവും വടികൊണ്ടോ മുഷ്ടികൊണ്ടോ അടിച്ചാലെന്നവിധം വേദന, ഗൌരവം, സ്തബ്ധത ദേഹമിളക്കാൻ വയ്യായ്ക ഇവ മാംസത്തിൽ പ്രാപിച്ചു കോപിച്ച വായുവിന്റെ ലക്ഷണമാകുന്നു.

മാംസഗതവാതചികിത്സ.

അശ്വഗന്ധകം മാഷമഥോ ദശാംഘ്രി
തുലാർദ്ധമസ്യാർദ്ധമലം ബലായാഃ
മൂലം ബലാർദ്ധീകൃതകേതകീനാം
ദക്ഷസ്യമാംസം തൃചികം ച ത്രിംശൽ ൯൪
ഹ്ലൂവം പലം തദന ഫണികമാം ച പഞ്ച-
വിംശൽ പലം തുലിതമ്പ ച ജലദ്രോണേ
സമ്പാച്യ പാദശേഷിതേന ച തേനാതൈല-
പ്രസ്ഥം ചതുർഗുണപയോയുഷിലാജീവനീയൈഃ. ൯൫
അഷ്ടൌഷധീഭിരതുണാം മഞ്ജിഷ്ഠാ-
രഞ്ജുകരാസ്നാമഗധാശഠീഭിഃ
ശതാവരീമുസ്തകകുഷ്ഠരാത്രി- ൯൬
[illegible]

ഉഗ്രാ യവാനീ മഗധാംഘ്രിമാഷ
ത്രൂഷ പാശപഗന്ധാലവണത്രയൈശ്ച
സിംഹീയുഗേനാപി പുനർന്നവായാ
മൂലേന തച്ചന്മധുകേന സമ്യക്. ൯൭
സുപുംഷ്ഠരൈശ്ച ക്ഷമിതൈഃ സമസ്തൈ-
ർവിപാചയേദ്വൈദ്യവരസ്സുയുക്ത്യാ
ഹനുഗ്രഹേ മന്ദശ്രുതൌ കഫേ ച
ഗാത്രസ്യ സർവ്വസ്യ ച പക്ഷഘാതേ. ൯൮
കലായഖഞ്ജേ ചലു കർണ്ണനാദേ
ബാധിര്യകുബ്ജാഖ്യഗദേ പ്രബാഹൌ
ദണ്ഡാപതാനേ ഽണ്ഡഗവൃദ്ധിരോഗേ
വിശാചികായാമപി വാതരക്തേ. ൯൯
അന്ത്രപ്രവൃദ്ധൌ ച പ്രസൂതികാനാം
രോഗേഷു മാംസാദിഷു സംഗതേഷു
സേവ്യം സദാ മാംസബലാഗ്നിവൃദ്ധ്യൈ
തച്ച്യം ച വീര്യപ്രദമാശു തൈലം. ൧൦൦.

ഉഴുന്നു രണ്ടിടങ്ങഴി ദശമൂലം പലം അൻപത് കുറുന്തോട്ടിവേരു പലം ഇരുപത്തഞ്ചു കൈതവേര പലം പത്തു ആടുകോഴിമാംസം പലം ഇരുപത്തഞ്ചു എല്ലാംകൂടി മുപ്പത്തിമൂന്നു ശതാവരിക്കിഴങ്ങു പലം ഇരുപത്തഞ്ചു് എല്ലാംകൂടി മുപ്പത്തിരണ്ടുഇടങ്ങഴി (നൂററിരുപത്തെട്ട ഇടങ്ങഴി ചേൎത്തുകൊള്ളണം.) വെള്ളത്തിൽ കഷായംവെച്ചു എട്ടു ഇടങ്ങഴി (മുപ്പത്തിരണ്ടുഇടങ്ങഴി)യാക്കി നാലിടങ്ങഴി പാലുംചേൎത്തു അഷ്ടവർഗ്ഗം, അതിവിടയം നായ്ക്കുരണപ്പരിപ്പു വെളുത്താവണക്കിൻവേര അരത്ത തിപ്പലിമഞ്ഞൾ കുമിഴിൻവേര് ചുക്ക് വയമ്പു ജീരകം തിപ്പലിവേര് ഉഴിഞ്ഞ മുത്തങ്ങാക്കിഴങ്ങു് കൊട്ടം മഞ്ഞൾ മരമഞ്ഞൾ കച്ചോലം ശതാവരിക്കിഴങ്ങു് മുത്തങ്ങാക്കിഴങ്ങ് കൊട്ടം മഞ്ഞൾ മരമഞ്ഞൾ കുമിഴിൻവേര് ചുക്ക് വയമ്പു ജീരകം തിപ്പലിവേര് ഉഴിഞ്ഞ് നല്ലമുളക് അമുക്കിരം ഉപ്പുമൂന്നും (വിളയുപ്പ് ഇന്തുപ്പ് തുവച്ചിലയുപ്പ്) കറുത്തചുണ്ടവേര് വെളുത്തചുണ്ടവേര് തമിഴാമവേര് ഇരട്ടിമധുരം പുഷ്കരമൂലം ഇവ മുമ്മൂന്നുകഴഞ്ചു് അരച്ചു കലക്കി എടങ്ങഴിഎണ്ണയുംചേൎത്തു കാച്ചിഅരിച്ചു വെയ്ക്കുക; ഇതിനെ വൈദ്യൻ യുക്തി അനുസരിച്ചു പ്രയോഗിക്കണം. എന്നാൽ ഹനുഗ്രഹം ചെവിക്കു മന്ദത കഫരോഗം സർവ്വാംഗവാതം പക്ഷവധം കളായഖഞ്ജം ചെവി കേൾക്കായ്ക എന്ന വാതരോഗം, കർണ്ണനാദം (ചെവിമൂളുക) ചെവി കേൾക്കായ്ക കുബ്ജവാതം അപബാഹുകം ദണ്ഡാപതാനം അണ്ഡവൃദ്ധി വിശാചിക വാതരക്തം അന്ത്രവൃദ്ധി പ്രസവിച്ചവൎക്കുള്ള രോഗങ്ങൾ ഇവ ശമിക്കും. ഈ തൈലം സേവിച്ചാൽ മാംസം ബലം അഗ്നി ഇവ

യ്യു വല്മനായുണ്ടാകും. തൊലിക്കു തെളിച്ചം വരും. ശുക്ലവൃദ്ധികരവുമാണ്.

മേദോഗതവാതം.

ഗ്രന്ഥീൻ പ്രകുര്യാൽബലു മന്ദപീഡാൻ
വ്രണാംശ്ച മേദോഗതശ്ച വായുഃ
മേദോഗതേ ഫലഗതേതവ......
വിരേചനം വാതനിഗ്രഹണം വാ. ൧൦൧

വായു മേദസ്സിനെ പ്രാപിച്ച് കോപിച്ചാൽ വേദനകുറഞ്ഞ മുഴകൾ വ്രണങ്ങൾ ഇവ ഉണ്ടാകും. ഫലഗതവാതത്തിന്റെ ചികിത്സപോലെ മേദോഗതവാതത്തിനും വിരേചനം ചെയ്യണം. അല്ലെങ്കിൽ വസ്തിയായാലും മതി.

പ്രസാരിണീതൈലം.

പ്രസാരിണീ പീവരിശതാവരാംശ്ച-
തുലാംപൃഥക് ദ്രോണയുഗേജലേവി.
നീരേവശിഷ്ടേബലുതദ്വിപാദേ
തൈലാഢകം ചാപി ചതുസ്തനേന. ൧൦൨
ദധ്യോന തുല്യേന ച തത്ര ഷഡ്‌ന
തസ്യാൽകോശേന ച കാഞ്ജികേന
ഗ്രന്ഥ്യല്ലിസിന്ധൂത്ഥപ്രസാരിണീനാം
പലദ്വയോന്മാനമിതം ച തദ്വൽ. ൧൦൩
ക്ഷാരം സഹംഗാ പലികാഗ്നിമല്ലി-
പലംതഥാ ജീവകവർഗ്ഗജാതം
ശുണ്ഠ്യാസ്തഥാ ശ്ച പലാനി ത്രിംശൽ
ഭല്ലാതകാനാം ച പ്രസാരിണീനാം ൧൦൪
രസൈഃ പലാനാം ച ശതത്രയേണ
സുവച്ചലേനാപി പലേന തദ്വൽ
യഷ്ട്യാ ച സംപാ പൃതാശ്ച തൈലൈർ-
മേദോഗതം വായുഗദം നിഹന്തി. ൧൦൫

പ്രസാരിണി ശതാവരിക്കിഴങ്ങ് ദശമൂലം ഇവ നൂറീതുപലം ഓരോന്നും നല ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച് നാലൊന്ന് (വ ഇടങ്ങഴി) വീതമാക്കി എല്ലാംകൂടി യോജിപ്പിച്ച് (ഭൈഷജ്യരത്നാവലിയിൽ നൂറു പലം ശതമുക്കിയംകൂടി പ്രക്ഷേപണം എന്നു കാണുന്നു) നാലിടങ്ങഴി എണ്ണയും എണ്ണയിൽ നാലിരട്ടിപാലും തൈരിൻവെള്ളവും അതിൽ പകുതി കാടിയും ചേർത്ത് കാട്ടതിപ്പലിവേര് ഇന്തുപ്പ് പ്രസാരിണി ചവക്കാരം ഇവ ഇരണ്ടു പലം മഞ്ചട്ടിപ്പൊടി അ

ക്കിക്കും ഇവ ഓരോപലം. ജീവനീയഗണം ഓരോപലം ചുക്ക് ൩ പലം ചേർക്കുക നാ൦ പലം ത്വവച്ചിലക്കാരം എ പലം ഇരട്ടിമധുരം എ പലം (ഒരു പലം ഒരുതുടമാണ്) പലം ഇവ അരച്ചുകലക്കി വ൦൦ പലം പ്രസാരിണിയുടെ രസവും ചേർത്തുകാച്ചി അരിച്ചു ഉപയോഗിക്കുക; മേദസ്സിൽ കോപിച്ചിരിക്കുന്ന വായു ശമിക്കും.

അസ്ഥിഗതവായു.

ഭേദോങ്ഗപർവ്വസ്ഥബലു സന്ധിശൂലം
മാംസക്ഷയോ ബലാനതിസ്സതതം ഹിതകൾ ച
അസ്ഥ്യന്വഗ്രബലു പാസ്ഥിഗതേഹിവാതേ
മജ്ജാഗതേ ചാപി ഹന്തരതശ്ച തൈലം. ൧൦൬

വായു അസ്ഥിയെ പ്രാപിച്ചു കോപിച്ചാൽ മുട്ടുകൾ പിളരുക; സന്ധികളിൽ വേദന മാംസക്ഷയം ബലക്ഷയം സദാസമയവും വേദന ഉറക്കമില്ലായ്ക ഈ ലക്ഷണങ്ങൾ കാണും. അതിന്റെ ശമനത്തിനായി ഉള്ളിൽ എണ്ണ സേവിക്കയും ദേഹത്ത് എണ്ണ തേക്കുകയും ചെയ്യണം. വായു മജ്ജയിൽ പ്രാപിച്ചു കോപിച്ചാലും ഈ ലക്ഷണംതന്നെ. അതിനാൽ അതിന് ഈ ക്രിയകൾ ചെയ്താൽ മതിയാകും.

X കേതകീതൈലം.

യൽകേതകീനാഗബലാബലാനാം
രസേന തദ്വച്ചതുഷോദകേന
തൈലം സുസിദ്ധം ബലു പാനഹീനാത-
വാതം നിഹന്ത്യാൽ ബഹിരന്തരാ ച. ൧൦൭

പൂക്കൈതവേര് അനക്കുറുന്തോട്ടിവേര് കുറുന്തോട്ടിവേര് ഇവ കഷായംവച്ച് ഈ മരുന്നുകൾതന്നെ കല്ക്കമാക്കി ഉമി കളയാതെയുള്ള യവംകൊണ്ടുണ്ടാകിയ കാടിയുംചേർത്തു എണ്ണകാച്ചി സേവിക്കയും ദേഹത്തു തേക്കുകയും ചെയ്താൽ അസ്ഥിഗതവാതം ശമിക്കും.

മജ്ജാഗതവാതം.

പീഡാനശാമ്യതി ദാപി ച മജ്ജഗേപി
വാതേ പ്രസേവ്യമഥ ഗുല്ഗുലുമേവനിത്യം
വ്യോഷാഗ്നിഗ്രന്ഥികശിവാജരണദ്വയഞ്ച
ചവ്യായവാനിവ ചവഡ്ഗുജ ചരാഗഗന്ധ്യാ. ൧൦൮
ക്ഷാരൌ പട്ടനിസകല്പം ച സമംഹിതാഭി-
സ്തുല്യഃപുരോമുപരവേതസമഗ്ധപാദം
സർവ്വംഗുടീകൃതമിദം തു വിധാനപൂർവ്വം
ശ്രീകാലപാശഹരപൂജിതയോഗനിസ്തും. ൧൦൯

സന്ധ്യസ്ഥിമജ്ജാഭിഗതേ പ വാതേ
സാമേ ഗുടീവമനിവിരഹിതം
ഭോസ്യദാർഢ്യം പ്രകരോതി നിത്യം
സ്വായംഭുവാ ഗുല് ഗുലുവേഷനാമ് നാ. ൨൪

വായു മജ്ജഗതമായി കോപിച്ചാൽ അസ്ഥിഗതവാതത്തിന്റെ ലക്ഷണങ്ങൾ എല്ലാം കാണും. വിശേഷിച്ച് പീഡയ്ക്ക് ഒരിക്കലെ ശമം ഉണ്ടായിരിക്കയില്ല. ഇതിന്ന താഴെപ്പറയുന്നതായ ഗുല്ഗു നിത്യവും സേവിക്കണം.

സ്വായംഭുവഗുല്ഗുലു.

ചുക്ക മുളക തിപ്പലി കൊട്ടോലിക്കിഴങ്ങു കാട്ടുതിപ്പലിവേര് കടുക്ക ജീരകം കരിഞ്ജീരകം കാട്ടുമുളക കൊടിവേരു് കുറാശാണി വ[illegible] ന്നു് കാർപോകിരി അട്ടനാറിവേളവേര ചവക്കാരം ഇലവച്ചിലക്കാരം ഉപ്പുകൾ ൫. ൦ ഇവ എല്ലാം സമഭാഗം. എല്ലാം കൂടിയിടത്തോളവും ശുദ്ധിചെയ്ത ഗുൽഗുലു തെളിഞ്ഞാമ്പുളിക്കിഴങ്ങു് ഗുൽഗുലുവിന്റെ എട്ടിലൊരംശം എല്ലാംകൂടിച്ചു് ശാസ്ത്രവിധി അനുസരിച്ച ഗുളികയാക്കി സേവിക്കുക; ഇതു് വളരെ ദിവ്യമായ ഒരു യോഗമാണ് സേവിച്ചാൽ സന്ധികളിലും അസ്ഥികളിലും മജ്ജയിലും കോപിച്ചിരിക്കുന്ന വായു ശമിക്കും. മലബന്ധമുണ്ടെങ്കിൽ അതു നശിച്ചു് അഗ്നി വർദ്ധിക്കും. ബുദ്ധിക്കു ദൃഢതയുണ്ടാകും. ഈ ഗുല്ഗുലുവിന്നു സ്വായംഭുവഗുല്ഗുലു എന്നു പേർ.

ശുക്ലഗതവാതം.

ക്ഷിപ്രം മുഞ്ചതി ബധ്നാതി ശുക്രം ഗർഭമഥാപി വാ
വികൃതിം ജനയേദ്വാപി ശുക്രസ്ഥഃ കുപിതോƒനിലഃ
ശുക്രസ്യാപി ച വൈകൃതിം ജനയേത്തന്നാശനം ബൃംഹണം
ക്ഷീരം സ്വാദുകമാത്രമത്ര വിഹിതം വസ്ത്യാദിപ്രസ്ഥാനം. ൨൭

അർദ്ദോദ്ഭൃതമഥോഷ്ണപ്രസ്ഥകമിതം തൈല-
സ്യപ്രസ്ഥപഞ്ച-
മാംസീ ചന്ദനദാരുപത്രികാതൈരേരാ-
ണ്ഡശൈലേയകൈഃ
മൂർവ്വാസൈന്ധവനാഗരാംശുമതികാഗോപീ-
ദലായശ്രോഷണൈ-
രാസ്നാവാടകഗന്ധികാശടിമിസീകല്കൈർ-
ബലൈലാദിഭിഃ. ൨൮

സിദ്ധം സാർഷപതൈലമേതദുദിതം പീതം പഠി മാശ്വമായ രസേനോട്ട ധാതുസ്ഥംഗളനിഗ്രഹം ഹനുഗതം മന്യാഗ്രഹകമുണ്ടാക്കണം. യു കുബ്ജതാം ഗളഗണ്ഡകം പ്രണഗരാൻ പംഗുത്വവന്ന... പാമാദദ്രുവിചർച്ചികാ ഭ്രമഹാരമാഹാ വിഗ്രഹ [illegible] ദാൻ.

ശൂലാനി സപ്തദിവിഷാണിമൂർഛരാ-
വാതാസ്രവൃദ്ധ്യണ്ഡസമൂഢഗർഭാൻ
വന്ധ്യാതപരോഗാൻ ഖിലാനവശ [illegible] ത്വം
വിനാശയത്യോനിഗദാൻ [illegible] മസ്താൻ. ൨൯
കാമലാമയഹര [illegible] വെദ്യരാത്ര-
രോഗദാരി [illegible] സകലാമയഹാരി
വാദ്ധ [illegible] ഇഹപി ച സുപൈയശഷകാരി
ശുക്ര [illegible] വൃദ്ധിബലസംസ്കൃതിസാരി. ൩൦
[illegible] നോൽപാടനഗ്രഹണ-
ഷഡഥവൈപാനേപിവസ്വയമേമന്ത്രഃ
ഹരിഹരഹരിഭിരുദിതാ-
സ്താൻവദക്യത്രഗുണഹഃ. ൩൧

മന്ത്രം.

ഓംനാരായണായസ്വാഹ ഇതൃതാദാരശാഭിഃ ഉഷ പേദിരശംകനാ [illegible] പനേൽ. ഓംശതാവരീഔഷധീസ്വാഹ ഓംസർവ്വശനായനീയേ [illegible] സ്വാഹ (ഇതുൽ പാനമന്ത്രഃ) ഓംശതാവരീവനീയേസ്വാഹ ഇ [illegible] കാരിക്കുമന്ത്രഃ.)

പഴകിയ ചെയ്യുക്ലത്തെ പ്രാപിച്ചു കോപിച്ചാൽ ശുക്ലം വേഗത്തിൽ [illegible] പോകും. അല്ലെങ്കിൽ പോകാതിരിക്കും. ശുക്ലം ദുഷിക്കും. [illegible] പല വികാരങ്ങളുമുണ്ടാകും. അന്നപാനാദികളിൽ പലപ്രാ[illegible] രോമാഞ്ചമുണ്ടാകും. സ്ത്രീകൾക്കാണെങ്കിൽ ഗർഭസ്രാവം പ്ര [illegible] സ്സം മുതലായ ഉപദ്രവങ്ങളെ ചെയ്യും. അതിന്റെ നാശ[illegible]ത്തിനുള്ള ക്രിയയാണ് അടുത്തു പറവാൻപോകുന്നതു്.

സിദ്ധാർത്ഥതൈലം.

പാലു് നാലിടങ്ങഴി, ശതാവരിയുടെനീരു് രണ്ടിടങ്ങഴി, ഇഞ്ചി[illegible]തു് ഒരിടങ്ങഴി, ഇവ യോജിപ്പിച്ചു അതിൽ മാഞ്ചി ചന്ദനം ദേവ[illegible]രം ഓരിലവേരു് തകരം വെള്ളത്താവണക്കിൻവേരു് ചേലേയം ചരങ്കരമ്പുവേരു് ഇന്തുപ്പു് ചുക്കു് മൂവിലവേരു് നറുനീണ്ടിരണ്ടും [illegible]ല്ലമുളകു് അരത്ത അമുക്കുരം കച്ചോലം ചതകുപ്പ കുറുന്തോട്ടിവേര [illegible]ത്തരി ഇവ ൩-൩- കഴഞ്ചുവീതം അരച്ചു കലക്കി ഒരിടങ്ങ[illegible]
ച്ചു സേ— [illegible]

സന്ധ്യാസ്കാച്ചി എടുത്തു സൂക്ഷിക്കുക, ഈ തൈലത്തിന് സാമേ ഗ്രം എന്നപേർ. ഇതു ഒരു മാസം ഉപയോഗിച്ചാൽ ഭഗന്ദര വാതോപദ്രവങ്ങൾ, ഗളനിഗ്രഹം, ഹനുഗ്രഹം, ... (ഞരമ്പുപിടിത്തം) കണ്ഠജതം ഗളഗണ്ഡം വ്രണം ... കമ്പം ജ്വരം ചൊറിച്ചിരങ്ങു മുതലായ ത്വഗ്രോഗവിഷം പംഗുത്വം ... എന്ന വാതരോഗം ഗുല്മങ്ങൾ തലകറക്കം, മേഹം ... മൂഢഗർഭം, ഗർഭശൂലം സർപ്പാദിവിഷം ... പീനസം, നേത്രരോഗം, മൂത്രമേൽക്കായ്മ, യോനിരോഗങ്ങൾ ... നശിക്കും. ... ശുക്ലവൃദ്ധിലായ സകല രോഗങ്ങളും നശിക്കും. ഈ തൈലത്തിന് ... മൂലിയായ ശ ... ചെയ്യും. ഈ തൈലത്തിന ... പറിച്ചെടുക്കുമ്പോൾ താവഴി ... പാനം ചെയ്യുമ്പോഴും മന്ത്രം ഉച്ചരിക്കേണ്ടതുണ്ട്. ... അടിയിൽ മൊഴിം മന്ത്രോച്ചാരണം ആവശ്യമാണ്. ... ഓം നാരായണായ സ്വാഹ എന്ന ജപിച്ചും വടക്കോട്ടു കാണിക്കുന്നു. ... കിളട്ടുതിരിഞ്ഞുനിന്ന് ... ഓം സർവ്വാശാസായ ... ൽ. ഓം ശതാവരി ഔഷധി സ്വാഹ ഓം ... നീയേ സ്വാഹ എന്നു ജപിച്ചുകൊണ്ട് പറിച്ചെടുക്കണം. ഓം ... വനീയേ സ്വാഹ എന്ന് ജപിച്ചുകൊണ്ടു കുടിക്കണം.

കോഷ്ഠഗതവാതം.

കോഷ്ഠാശ്രിതേ ദുഷ്ടസമാഗതൈശ്ച
വിനിഗ്രഹഃ സ്യാന്മലമൂത്രയോശ്ച
ഗുല്മാർശസാം ബ്രധ്നഗദസ്യ പാർശ്വ-
ശൂലസ്യ ഹൃദ്രോഗസമുദ്ഭവശ്ച.

സ്ഥാനാനി ചാമാഗ്നിവിപാചിതാനി
മൂത്രാസ്രയോർയാനി ച താനി വൈദ്യൈഃ
ഹൃദുണ്ഡുകഃ പുപ്ഫുസ കോഷ്ഠസംജ്ഞാ-
ഉക്താനി ... ൧൦൯

കോഷ്ഠത്തെ പ്രാപിച്ചാൽ മലമൂത്രങ്ങളെ ദുഷിച്ചിരിക്കുന്ന വായു തടവ് ഗുല്മം അർശസ്സ് അന്ത്രവൃദ്ധി വാരിപ്പുറത്തു വേദന ഹൃദ്രോഗം ഇവയുണ്ടാകും. ആമാശയം അഗ്ന്യാശയം പാചനാശയം മൂത്രാശയം രക്താശയം ഇവയെല്ലാമാണ് കോഷ്ഠം. ഹൃദുണ്ഡുകം പുപ്ഫുസം കംപോടലിക ഇത്യാദി ശബ്ദങ്ങൾ കോഷ്ഠത്തിന്റെ പര്യായങ്ങളാണ്.

പാചനീയരസയുക്തൈശ്ചൈഃ പാചയേദിഹമലാനിസുയോഗൈഃ
... യുക്ത്യാ കോഷ്ഠഗേഷ്വപലുവാതഗദേഷു. ൧൧൦

കോഷ്ഠഗതമായ വാതത്തിന് പാചനയോഗ്യമായ രസത്തോടു കൂടിയ യോഗങ്ങൾകൊണ്ട് ദോഷങ്ങൾക്ക് പാകമുണ്ടാകണം. യുക്തിയനുസരിച്ച് പശുവിൻപാൽ സേവിക്കയും വേണം.

ആമാശയഗതവാതം.

ഹൃൽപാർശ്വോദരനാഭീഷു
തൃഷ്ണോദ്ഗാരവിഷൂചികാഃ
ആമാശയഗതേ വായൌ
കാസശ്വാസാസ്യശോഷതാഃ. ൧൧൧

വായു ആമാശയത്തിൽ പ്രാപിച്ചു കോപിച്ചാൽ ഹൃദയം പാർശ്വഭാഗം ഉദരം നാഭി ഈ സ്ഥാനങ്ങളിൽ വേദന തണ്ണീർദ്ദാഹം തേട്ടൽ (ഏമ്പക്കം) വിഷൂചിക കാസം ശ്വാസം വായവരൾച്ച ഇവ സംഭവിക്കും.

തച്ചികിത്സ.

പ്രാഗ്ലംഘനം പാചനദീപനാനി
പ്രച്ഛർദ്ദനം തീക്ഷ്ണവിരേചനാനി
മുദ്ഗായവാശ്ശാലിയുതാഃ പുരാണാ-
ഹ്യാമാശയസ്ഥേ ച ഹിതാനി. ൧൧൨

ആമാശയഗതമായ വായുവിന്റെ കോപത്തിന് ആദ്യം തന്നെ ലംഘനകർമ്മം ചെയ്യണം. പാചനദീപനങ്ങളായ ഔഷധങ്ങൾ കൊടുക്കുക, ഛർദ്ദിപ്പിക്കുക, തീക്ഷ്ണവിരേചനം ചെയ്യുക, ഇവയും പഴകിയ ചെറുപയറ് യവം ചെന്നെല്ല് ഇവയും ഹിതങ്ങളാണ്.

വേറൊരുയോഗം.

പൂതീകപുഷ്കരശടീചേതകീഭിഃ പ്രപാചിതം
ദാരുവില്വാമൃതാശുണ്ഠീ പ്രപാചിതാസ്തു തൈരവഹി. ൧൧൩

ആവിത്തൊലി, പുഷ്കരമൂലം കച്ചോലം കടുക്കാത്തോട് ഇവ കൊണ്ടും; ദേവതാരം കൂവളത്തിൻവേര് അമൃത് ചുക്ക് ഇവകൊണ്ടും ഉള്ള കഷായം ആമാശയഗതവായുകോപത്തിന് ഹിതമാണ്.

ഉഗ്രാമൃതാമാഗധികാവിഷാണാം
ക്വാഥത്രയം യുഗ്മവിചൂർണ്ണിതം ച
വിശേഷതസ്സാമസമീരണേപ്ലും
പീതം ത്രുസദ്യോമഗദാപഹാരി. ൧൧൪

വയമ്പ് അമൃത് തിപ്പലി അതിവിടയം ഇവ കഷായം വെച്ചു സേവിച്ചാലും ആമവായുകോപവും ദേഹനക്കേടും നശിക്കും. ഇങ്ങ

ന്നെ മുൻശ്ലോകത്തിലെ രണ്ടുയോഗവും ഈ ശ്ലോകത്തിലെ ഒരു യോഗവും ഉൾപ്പെടെ മൂന്നുയോഗം ഇവിടെ കാണിക്കപ്പെട്ടു.

പക്വാശയഗതവായു.

പക്വാശയസ്ഥേ തു ഭവേദനിലേ ഽന്ത്രകൂജ-
മാടോപശൂലത്രികവേദനാസ്സ്യുഃ
വിൺമൂത്രകൃച്ഛ്രതാ ച മഥോഽത്ര ഹിത്വാ-
മാനാഹരോഗോപി ച തച്ചികിത്സാ. ൧൧൫

വായു പക്വാശയത്തിൽ കോപിച്ചാൽ കുടലിരയ്ക്കുക വയററിൽ പൊട്ടുപൊടെ പൊട്ടുക, വയററിൽ വേദന നട്ടെല്ലിൻവേദന മലവും മൂത്രവും പണിപ്പെട്ടുപോകുക വയറുവീർപ്പ് ഇവ സംഭവിക്കും. ഇതിൻെറ ചികിത്സയാണിനിപ്പറയുന്നതു്.

പക്വാശയഗതവായു ചികിത്സ.

അഗ്നിസന്ദീപനം യദ്വദുദാവർത്തരോഗഘ്നൽ
സ്വേദസ്നേഹവിരേകാദീൻ കുര്യാൽ പക്വാശയം ഗതേ.

പക്വാശയത്തിൽ കുപിതനായ വായുവിൻെറ ശമനത്തിനായിട്ടു് അഗ്നിസന്ദീപനമായും ഉദാവർത്തരോഗത്തെ നശിപ്പിക്കുന്നതായും ഉള്ള ഔഷധത്തെ പ്രയോഗിക്കണം. സ്വേദം സ്നേഹം വിരേചനം മുതലായ ശോധനക്രിയകളും ചെയ്യണം.

ക്ഷാരം ചൂർണ്ണാദികം വഹ്നേർദീപനം വഹ്നിലോകകൈഃ
കോട്ടണ്ണുകടുജൈവീജെജ്ജ്ഞ്ച പക്വാശയഗതാനിലേ. ൧൧൬

വായു പക്വാശയത്തിൽ കോപിച്ചാൽ അഗ്നിവൃദ്ധികരമായ ക്ഷാരവും ചൂർണ്ണവും പ്രയോഗിക്കാം. കൊടുവേലിക്കിഴങ്ങ് ചുക്ക് കടുക്കാത്തോടു ഇവ പൊടിച്ചു് ചൂടുവെള്ളത്തിൽ കലക്കി കുടിക്കുകയുമാകാം.

ഗുദഗതവായു.

വിൺമൂത്രവാതഗ്രഹണം സശൂല-
മാദ്ധ്മാനമശ്മാദിസശർക്കരസ്സ്യുഃ
ജംഘോരുപാർശ്വത്രികപൃഷ്ഠകാംസ-
രോഗാശ്ച പായൗ കുപിതേ ഽനിലേഽഹി. ൧൧൭

വായു ഗുദത്തിൽ ആശ്രയിച്ചു് കോപിച്ചാൽ മലമൂത്രം അധോവാതം ഇവയുടെ തടവു് വയററിൽവേദന വയറുവീർപ്പു് അശ്മരി കല്ലടപ്പു് ഇവയും കണങ്കാലു് തുട പാർശ്വഭാഗം നട്ടെല്ലു് പുറം തോളു് ഈ സ്ഥാനങ്ങളിൽ വേദനയും സംഭവിക്കും.

ഗുദഗതവായുചികിത്സ.

വാതേ പായുഗതേ ഹി വൈദ്യധരണിപാലേന കാര്യന്ത്വഥോ-
ദാവർത്തോക്തവിധാനമേവ ത്രികടുവ്യോഷത്രിവൃദ്ദന്തിഭിഃ
പാഠാചാലീജടയാഗുഡേന ച സമോദേയശ്ച പായൗഗതേ
വായൗ യോഗവരഃ പ്രഭാതസമയേ ഭോക്തും ഹിതസ്സർവ്വദാ. ൧൧൮

വായു ഗുദത്തിൽ കോപിച്ചാൽ വൈദ്യവര്യൻ ഉദാവർത്തചികിത്സയെ ചെയ്യണം. അതുകൂടാതെ ചുക്കു മുളകു തിപ്പലി കൊടുവേലിക്കിഴങ്ങു് ത്രികോല്പക്കൊന്ന നാഗദന്തിവേരു് തിപ്പലിവേരു ഇവ സമം പൊടിച്ചു് ശർക്കരയിൽ കുഴച്ചു പ്രഭാതസമയത്തിൽ സേവിക്കുകയും ചെയ്യാം.

ബലാഗ്നിവഹ്നിവർദ്ധനോ ഗുഡാഷ്ടകസ്സ്മൃതോ ഹി സഃ
സഗുല്മശോഫപാണ്ഡുരുക്ഗുദംഗതേഽനിലേ ഹിതഃ. ൧൧൯

മുൻപറഞ്ഞ യോഗത്തിനു ഗുഡാഷ്ടകമെന്നു പേരാണു്. ഇതു് ബലത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. ഗുദഗതവാതത്തെ ശമിപ്പിക്കുന്നതുകൂടാതെ ഗുല്മം ശോഫം പാണ്ഡുരോഗം ഇവയ്ക്കും കൊള്ളാം.

ശ്രോത്രാദിഗതവാതം.

ശ്രോത്രാദികേന്ദ്രിയഗതോ വിദധാതി ക്രുദ്ധോ
വായുസ്തദിന്ദ്രിയവധം നഹി ചിത്രമത്ര
സ്നേഹാവഗാഹപരിമർദ്ദനലേപനാനി
കുര്യാദതന്ദ്രിതമതോ വിവിധൗഷധാനി. ൧൨൦

വായു ചെവി മുതലായ ഇന്ദ്രിയങ്ങളെ ആശ്രയിച്ചു കോപിച്ചാൽ അതതിന്ദ്രിയങ്ങൾക്കു് ഗ്രഹണാദിസാമർത്ഥ്യം ഇല്ലാതാകും. ഇതിനു് സ്നേഹം അവഗാഹം തിരുമ്മൽ ലേപനം മുതലായവയും പല ഔഷധങ്ങളും ജാഗ്രതയോടുകൂടി ചെയ്യണം.

മന്യാഭ്രൂശംഖനാസാശ്രവണമുഖരദബ്രഹ്മരന്ധ്രാന്തതാലു-
മൂർദ്ധാനേത്രോത്ഥരോഗാനപി ച സകലഗദാൻ നാശയേച്ചാപി പീതാ.
ദിങ്മൂലക്വാഥയുക്താഹരനയനഫലാക്വാഥയുക്താഥ തദ്വൽ
പാഠാചാലീചൂർണ്ണയുക്താ ശമയതി സഹസാ വായുരോഗാനനേകാൻ.

പിടരിഞ്ഞരമ്പു് പുരികം ചെന്നി ചെവി മുഖം പല്ലു് ബ്രഹ്മരന്ധ്രം അണ്ണാക്കു് ശിരസ്സു് കണ്ണു് ഈ സ്ഥാനങ്ങളിൽ ഉണ്ടാകുന്നരോഗങ്ങൾക്കു് ദശമൂലവും ത്രിഫലയും കൂടി കഷായംവെച്ചു് അതിൽ തിപ്പലിപ്പൊടി മേമ്പൊടിചേർത്തു സേവിക്കണം. ഈ കഷായം പല വായുരോഗങ്ങളെയും ശമിപ്പിക്കും.

സിരാഗതവാതം.

സിരാഗതശ്ശൂലകരോഗിവാതഃ
കുര്യാൽ സിരാകുഞ്ചനപൂരണാനി
കുബ്ജത്വഖല്ലീബധിരത്വരാച
വായാമമേവാത്രസിരാംവിമുച്യാൽ. ൨൩൨

വായു ഞരമ്പുകളെ പ്രാപിച്ചു കോപിച്ചാൽ വേദനയുണ്ടാകും. ഞരമ്പുകൾ വളയുകയും വീക്കുകയും ചെയ്യും. കുബ്ജത്വം ഖല്ലീ ബധിരായാമം അന്തരായാമം ഈ രോഗങ്ങളും ഉണ്ടാകും. ഇതിന്ന് ഞരമ്പുകീറി രക്തം കളയണം.

സിരാഗതവാതചികിത്സ.

സ്നേഹാഭ്യംഗോപനാഹമർദ്ദനാലേപസമ്മർദ്ദനാനി
കഷായൈഃ കൽക്കൈർബലായാസ്സൈതലമേവാത്രസേവ്യം
കുര്യാദ്രക്തസ്യമോക്ഷം ചാപിരത്രോകതനാഡ്യാ-
സ്സേവ്യം നാഡീഗതേവൈ കാന്യവാതാപഹാരി. ൨൩൩

സ്നേഹം, അഭ്യംഗം, [illegible], തിരുമ്മൽ, ഇവചെയ്ക, കുറുന്തോട്ടികഷായത്തിൽ കുറുന്തോട്ടി കൽക്കമായി കാച്ചിയ തൈലം സേവിക്കുക. ഞരമ്പുകീറി രക്തംകളയുക, വാതനാശകമായ മററു തൈലം സേവിക്കുക; ഈ പ്രയോഗങ്ങൾകൊണ്ട് വായു ഞരമ്പിൽ കോപിച്ചാലുണ്ടാകുന്ന രോഗം ശമിക്കും.

അസ്ഥിസ്നായുഗതവാതം.

ശൂലംകമ്പഃസ്തംഭആക്ഷേപകശ്ച
സ്നായൌവായൌ ജായമാനേഭവന്തി
സ്വേദശ്ചാന്യദപിഹികർമ്മപ്രകുര്യാ-
ന്നിത്യം തദ്വദ്ബന്ധനോന്മർദ്ദനാനി. ൨൩൪

വായു ചെറുഞരമ്പിൽ പ്രാപിച്ചു കോപിച്ചാൽ ശൂലം കമ്പം സ്തംഭം, ദേഹംഎടുത്തെറിയുക, ഇവ സംഭവിക്കും. ഇതിന്ന് സ്വേദം അഗ്നികർമ്മം ഇവയും, നിത്യം വാതഹരദ്രവ്യങ്ങൾ വെച്ചുകെട്ടുക, തിരുമ്മുക ഇവയും ഹിതമാണ്.

സ്നായുഗതവാതചികിത്സ.

കപികച്ഛൂശതാവരീബലാ-
സിതവർഷാഭവാമൂലസൈന്ധവൈഃ
അപിരിംഗിണികാത്രുശഭൈവൈഃ
സ്വരസൈസ്സമാഷകഷായകൈരപി. ൨൩൫

കടുതൈലമിദംഹിമാഷകൈഃ
ശൃതനീരൈർദധിഗുണൈശ്ചസാധിതം
അപിനസ്യവിധാനവേപനൈർ-
ബഹുധാവാതഗദാൻ വിനാശയേൽ. ൨൩൬

ഉഴുന്നുകഷായത്തിൽ നായ്ക്കുരണവേര് ശതാവരിക്കിഴങ്ങ് കുറുന്തോട്ടിവേര് വെളുത്തതമിഴാമവേര് ഇന്തുപ്പ് ഇവ കൽക്കമായി ഇരട്ടി കാട്ടുപയറിൻെറ സാരും ചേർത്ത് കാച്ചിയ തൈലം നസ്യംചെയ്യുകയോ ദേഹത്തു തേക്കുകയോ ചെയ്താൽ പലപ്രകാരത്തിലുള്ള വാതരോഗങ്ങൾ നശിക്കും.

സന്ധിഗതവാതം.

സതതഗതോ യദിസന്ധിഗതശ്ചേ-
ച്ഛ്വയഥുകരോ ബഹുശൂലസമേതഃ
അപിതുനിഹന്ത്യഥ സന്ധിഗണാൻസോ-
നിലവരോദാഹഹതോ വിനിയാതി. ൨൩൭

വായു, സന്ധികളെ പ്രാപിച്ചു കോപിച്ചാൽ വലിയവേദന നീർക്കെട്ട്, സന്ധികൾക്കു സ്തംഭം വേർപെട്ട്, മുതലായ പീഡ ഇവയുണ്ടാകും. ആ വായു, സന്ധികളിൽ കൂട്ടപിടിപ്പിച്ചാൽ മാറും.

സന്ധിഗതവാതചികിത്സ.

സ്നേഹോപനാഹനമഥോഹി വിശാലികായാ
മൂലം കണാഗുഡയുതം ഖലുകർഷമേകം
നിർഗ്ഗുണ്ഡികാവരജചാപ തഥൈവതൈലൈർ-
ഭക്താകടീസിരാസന്ധിഗവാതഹന്ത്രീ. ൨൩൮

സന്ധിഗതവാതത്തിന്ന് സ്നേഹം, ഉപനാഹം ഇവചെയ്യണം. കാട്ടുവെള്ളരിവേര് അരച്ചു തിപ്പലിപ്പൊടിയും ശക്കരയുംകൂടെ ചേർത്തും, കരിനൊച്ചിവേരരച്ച് തിപ്പലിപ്പൊടിയും ശക്കരയും എണ്ണയും ചേർത്തും മൂന്നു കഴഞ്ചുവീതം സേവിക്കുക; ഇവകൊണ്ട്, അരക്കെട്ടിലും ഞരമ്പുകളിലും സന്ധികളിലും കോപിച്ചിരിക്കുന്ന വാതം ശമിക്കും.

ഝിംഝിണീവാതം.

ശീതേനേവാകസ്മികോ രോമഹർഷ-
ശ്ചാന്തർവായുസ്സഞ്ചരേദാപിപീഡ്യാഃ
തുല്യശ്ശൈത്യാദ്ഭൃതനൈർബല്യജാതോ
വായുശ്ചോക്തോഝിംഝിണീനാമകോയം. ൨൩൯

തണുപ്പുററാലത്തെപ്പോലെ കാരണംകൂടാതെ രോമാഞ്ചം ഉണ്ടാ

കക ഉള്ളിൽ ഉറുമ്പിഴയുന്നതുപോലെ വായു സഞ്ചരിക്കുക; ശൈത്യം ഉണ്ടാവുന്നതിനോടുകൂടി നാശമില്ലാതെയും; ഇവ ഝിംഝിണീവാതം കോപിച്ചാൽ ഉണ്ടാകുന്ന ലക്ഷണമാണ്.

ഝിംഝിണീവാതചികിത്സ.

നിര്യൂഹോ ദശമൂലസ്യ പ്രശമയേ-
ഝിംഗ്ഝാനിതഃ പുഷ്കരൈർ-
വാതം ഝിംഝിണിസംജ്ഞകം
ച ബദ്ധ്വാ പീതോവിശേഷേണ ച.

ദശമൂലവും പുഷ്കരമൂലവുംകൂടി കഷായംവച്ച് കായം മേമ്പൊടിചേർത്തു സേവിച്ചാൽ ഝിംഝിണീവാതം ശമിക്കും.

കുക്ഷിഗതവാതം.

വായുഃ കുക്ഷിഗതഃ കരോതി
ബദ്ധ്വാപീഡാംസശബ്ദാംതതഃ
സംചൂർണ്യാഗ്രഗജാദികാം
ചമഗധാം സേവേന്മധൂക്താംനരഃ. ൨൭൦

വായു വയററിൽ കോപിച്ചാൽ വയററിൽ പൊട്ടുകയും പലവിധത്തിൽ ഉള്ള പീഡഉണ്ടാകുകയും ചെയ്യും. അതിന് അത്തിത്തിപ്പലിയും ചെറുതിപ്പലിയുംകൂടി പൊടിച്ച് തേനിൽ കുഴച്ചു സേവിക്കണം.

കുക്ഷിഗതവാതചികിത്സ.

ശ്യാമാത്രിവൃന്മധുനിഷേവണതോ ടഥചൂർണ്ണം
കോല്ലാംബുനാകടജബീജമഥൈശ്ച യുതം
വിശാലാകൃശാനുഫലജംച തഥൈവമത്ത്യാ-
മുച്യേച്ച കുക്ഷിഗതവാതവികാരദുഃഖാൽ. ൨൭൧

തിപ്പലി ത്രികോല്പക്കൊന്ന ഇവ പൊടിച്ചു തേനിൽ സേവിക്കുക; കുടകപ്പാലയരിയോ, ചുക്ക് കൊട്ടവേലിക്കിഴങ്ങ് മുത്തങ്ങാക്കിഴങ്ങ് ഇവയോ പൊടിച്ചു ചൂട്ടവെള്ളത്തിൽ സേവിക്കുക, കുക്ഷിഗതവാതവികാരം ശമിക്കും.

വൃഷണവാതം.

വൃഷണഗേപവനേശായ ഹൃദ്വ്യഥാ
ഭവേരിതത്ര രസം ററി തഥാർദ്രജം
പരിപിബേച്ചരണ്ഡുകജതൈലകം
ജയതിവാതഗദം വൃഷണോത്ഥിതം. ൨൭൨

വായു വൃഷണത്തെ പ്രാപിച്ചു കോപിച്ചാൽ, വൃഷണത്തിൽ

നീര്, വേദന, ഇവയുണ്ടാകും. ഇതിന്, ഇഞ്ചിനീരിൽ ആവണക്കെണ്ണചേർത്തു സേവിച്ചാൽ ശമനമുണ്ടാകും.

ഊർദ്ധ്വവാതം.

ആരോഹണാൽ പർവ്വതകാദികസ്യ
യന്ന്യാദ്ധ്വമുഖൈഃ ശ്വസനം ഭവേച്ച
ഭോജ്യാദിനാന്യേനശ്രമാദികേന
സചോർദ്ധ്വവാതഃ കഥിതോമുനീന്ദ്രൈഃ. ൨൭൩

പർവ്വതം മുതലായ ഉന്നതപ്രദേശങ്ങളിൽ കയറുകകൊണ്ടും, മററു ശ്രമാദികളെക്കൊണ്ടും അപഥ്യഭക്ഷണാദികൾകൊണ്ടും മേലോട്ടു ഊക്കോടുകൂടിയ ശ്വാസഗതി ഉണ്ടാകും. അതിനെ ഊർദ്ധ്വവാതം എന്നു പറയുന്നു.

ഊർദ്ധ്വവാതചികിത്സ.

വാശാപത്രൈർജയാമൂലം പിബേദ്ദുഗ്ധേനനിത്യശഃ
ഊർദ്ധ്വവാതവിനാശായ വൈദ്യശ്രേഷ്ഠൈർനിവേദിതം. ൨൭൪

ആടലോടകത്തിലയുടെ നീരിൽ മുഞ്ഞവേര് അരച്ചുകലക്കി പാലുംചേർത്ത് ദിവസവും കുടിക്കുക, ഊർദ്ധ്വവാതം ശമിക്കും.

സുപ്തവാതം.

ത്വചഃസ്പർശനംനൈവ ജാനാതിമർത്ത്യോ
ഭവേൽസുപ്തവാതസ്യയത്രൈവനിത്യം

സുപ്തവാതചികിത്സ.

സിരാമോക്ഷണം വാ ഗൃഹേധൂമതൈലാദ്യുമൈഃ
പട്ടംതൈലയുക്തം പിബേത്തസ്യശാന്ത്യൈ. ൨൭൫

തൊലിമേൽ തൊട്ടാൽ സ്പർശം അറിയാതെയിരിക്കുന്നതാണ് സുപ്തവാതം. അതിന് ഞരമ്പിൽനിന്നു രക്തംകളയുകയോ പുകയിറ ഇന്തുപ്പുംചേർത്ത് എണ്ണയിൽ കലക്കി കുടിക്കുകയോ ചെയ്യണം.

അംഗസംകോചം.

സംകോചയത്യംഗമതോ സിരാഗതോ
വാതസ്തത്രൈവ ച മാഷസൈന്ധവൈഃ
തൈലംസുസിദ്ധം പരിമർദ്ദ്യവൈദ്യസു-
രാജസ്തുസംകോചഗദം നിഹന്തി ച. ൨൭൬.

വായു ഞരമ്പുകളിൽ വ്യാപിച്ചിട്ട് അംഗത്തെ ചുരുക്കുന്നതാണ് അംഗസംകോചം. ഉഴുന്നും ഇന്തുപ്പുംകൂടി കൽക്കമായി കാച്ചിയ

തൈലം ദേഹത്തു തേച്ചു തിരുമ്മിയാൽ അംഗസംകോചരോഗം ശമിക്കും.

ഗർഭശോഷം.

ഗർഭേശുഷ്കേ ബാലകാനാം ച ശോഷേ
സിദ്ധം ദുഗ്ദ്ധം കാശ്മരീസൽഫലാനാം
വാതവ്യാധൌ ക്ഷീരകൈഃ പിപ്പലീഭിഃ
പേയം നിത്യം സർസിതാഭിസ്സമേതം. ൨൪൧

ഗർഭം ശുഷ്കിച്ചാൽ കുഞ്ഞുങ്ങൾക്കും ശോഷം ഉണ്ടാകും. അതാണ് ഗർഭശോഷം എന്ന വാതരോഗം. അതിങ്കൽ കുമിഴിൻപഴവും ഇരട്ടിമധുരവും പിപ്പലിയും ഇട്ടു പാൽകാച്ചി പഞ്ചസാര ചേർത്തു സേവിക്കണം.

ഗ്രീവാസ്തംഭം.

ഗ്രീവാസ്തംഭേ വായുജാതേ നരാണാം
തൈലം മർദ്ദ്യം സാർഷപം തത്ര രാജ്ഞാഃ
കല്ക്കം ലിപ്ത്വാ ശൂലമുച്ചൈർഹൃദിസ്ഥ-
മായാസം വാ സംഹരേന്നാത്ര ചിത്രം. ൨൪൨

വാതംനിമിത്തം കഴുത്തു് അനക്കാൻവയ്യാതാകുന്നതാണ് ഗ്രീവാസ്തംഭം. അതിങ്കൽ കടുകു് കൽക്കമായി കാച്ചിയ എണ്ണയോ കടുകുതന്നെ അരച്ചതോ, തേച്ചു മർദ്ദിക്കുന്നതു നല്ലതാണ്. ഇതുകൊണ്ടു് ഹൃദയശൂലവും ഹൃദയായാസവും കൂടി നശിക്കും.

ശീതവാതം.

ത്വഗാശ്രിതേ പ്രഭഞ്ജനേ ച ശീതതാ തനൌ സദാ
ന ചാതപൈരുഷ്ണ്യമാശ്രുതസ്യ ശീതവാത ഉച്യതേ. ൨൪൩

വായു, രസധാതുവിൽ കോപിച്ചാൽ സദാസമയവും ദേഹത്തിനു തണുപ്പുണ്ടായിരിക്കും. വെയിൽകൊണ്ടാലും ചൂടു തോന്നുകയില്ല; ഇതാണ് ശീതവാതം.

ശീതവാതചികിത്സ.

രസസ്യൈകഭാഗേന ഗന്ധം ദ്വിഭാഗം
പ്രഗൃഹ്യാഥ പൌനർന്നവൈരഗ്നിനീരൈഃ
രവേശ്ചാപി ദുഗ്ദ്ധൈർവിമർദ്ദ്യാഷ്ടഭാഗൈർ-
വിപാച്യാഥ ചിത്രസ്യ നീരൈഃ ക്ഷണം തൽ. ൨൪൪

ഭവേച്ഛീതശത്രുസ്സ വല്ലോസ്യ നീരൈഃ
പിബേദാർദ്രകൈരഥ്മേവാഥവാപി
ധൃതൈസ്തൂഷണൈർമ്മാംസഹവ്യൈശ്ച പത്ഥ്യം
മഹാശീതവാതാർത്തിഹാരീ രസോയം. ൨൪൫

ശുദ്ധിചെയ്ത രസം ഒരുഭാഗം. ഗന്ധകം രണ്ടുഭാഗം, ഇവ നല്ലവണ്ണം പൊടിച്ചു തമിഴാമക്കഷായത്തിലും കൊടുവേലിക്കഷായത്തിലും എരിക്കിൻപാലിലും പ്രത്യേകം അരച്ചു് എട്ടുഭാഗം അവണക്കിൻവേരു് കഷായംവച്ചു അതിലും അരച്ചു് ഗുളികയാക്കി ഒന്നോ അരയോ ഗുളികവീതം ഇഞ്ചിനീരിൽ സേവിക്കുക; നല്ലമുളകും മാംസവും നെയ്യും പത്ഥ്യാഹാരമായി ഉപയോഗിക്കണം. ഈ രസം ശീതവാതത്തെ നശിപ്പിക്കും.

സ്പർശവാതം.

അംഗേഷു തോദനം യത്ര ദാഹസ്പർശം ന വിന്ദതി
മണ്ഡലാനി ച ദേഹേ വൈ സ്പർശവാതസ്സ ഉച്യതേ. ൨൪൬

അംഗങ്ങളിൽ കുത്തിനോവു്, ദേഹത്തിൽ ചൂടും സ്പർശവും അറിയാൻ വയ്യാതിരിക്കുക; വട്ടപ്പുണ്ണുണ്ടാകുക; ഇതു് സ്പർശവാതത്തിന്റെ ലക്ഷണമാകുന്നു.

സ്പർശവാതചികിത്സ. (സർവ്വേശ്വരരസം)

രസസ്യ കർഷം നഭസഃ പലം ച
ലോഹസ്യ തദ്വൽ ത്ര്യമനന്ത്യ ഭാനോഃ.
പലംപലം നിംബരസൈശ്ച സപ്ത-
വാരാംശ്ച സംമർദ്ദ്യ വിഭാവ്യ പശ്ചാൽ. ൨൪൭

ഹേമാക്ഷനീരൈശ്ച പലാശഭിരേവ
സ്നുക്സിംഹവക്ത്രാദിഹയാരിനീരൈഃ
പിണ്ഡീകൃതം ചാഥ വിഷസ്യ മുഷ്ട്യാ
സംസ്ഥാപ്യ യന്ത്രേ ച സുവാലുകാഖ്യേ. ൨൪൮

സംസ്വേദയേദ്യുഗ്മദിനം കുണാഖ്യേ
ഗർഭേണ നിഷ്കേണ വിഷസ്യ ചാപി
സംചൂർണ്യ ഗുഞ്ജാപ്രമിതം ദദീത
സംസ്പർശവായോശ്ച ശമായ നിത്യം. ൨൪൯

സർവ്വേശ്വരസശ്ചായം സ്പർശവാതവിനാശനഃ
അന്യാരസവടീധ്യാതാ വക്ഷ്യതേ സാമയാധുനാ. ൨൫൦

ശുദ്ധിചെയ്ത രസം മൂന്നുകഴഞ്ചു്, അഭ്രം ഒരു പലം, ഉരുക്കു്, കാന്തം, ഇവയും ഓരോപലം, എല്ലാംകൂടി പൊടിച്ചു് വട്ടകപ്പുളി നാരങ്ങയുടെ നീരിൽ ഏഴുദിവസം അരച്ചു പിന്നീട് ഉമ്മത്തിൻനീരു് കണവീരഎരുക്കിൻകറ കള്ളിപ്പാലു് ആടലോടകത്തിലയുടെ നീരു് കണവീരത്തിൻനീരു് ഇവയിലും അരച്ചു് ഉരുളയാക്കി ഒരുപലം ശുദ്ധിചെയ്ത വത്സനാഭിയും ചേർത്തു രണ്ടു ദിവസം വാലുകായന്ത്രത്തിൽവച്ചു വിയർപ്പിച്ചു് ... മൂന്നുകഴഞ്ചു തിപ്പലിപ്പൊടിയും ഒരുപലം ശുദ്ധിചെയ്ത

വിഷവും ചേൎത്തു പൊടിച്ചു കുന്നിപ്രമാണം സേവിക്കുക, ഈ രസം സ്പൎശവാതത്തെ നശിപ്പിക്കും. ഈ രസത്തിനു സൎവ്വേശ്വരരസം എന്നു പേർ. ഇതു കൂടാതെ സ്പൎശവാതശമനത്തിനായിട്ടു രസവടി എന്നൊന്നുകൂടി ഉണ്ടു്. അതിനെ അടുത്തുതന്നെ ഇവിടെ പറയും.

രസവടി.

രസൈകഭാഗാദ് ദ്വയഭാഗതാലൈർ-
ജ്ജയാഗ്ഗുഡാഭ്യാം വടികാം വിധായ
ദ്വിമാസമാത്രം പ്രഭാതകാലേ
നിഷേവ്യതാം സ്പൎശഗദാപഹാരി. ൨൯൩

ശുദ്ധിചെയ്ത രസം ഒരുഭാഗം, ഹരിതാലം രണ്ടുഭാഗം, ഇവയും കട്ടക്കാത്തോടുംകൂടി പൊടിച്ചു ശൎക്കരചേൎത്തരച്ചു് വടകമാക്കി രണ്ടുമാസക്കാലം പ്രഭാതത്തിൽ സേവിക്കുക, സ്പൎശവാതം ശമിക്കും.

മണ്ഡലവാതം.

വരടീദംശതുല്യാനി മണ്ഡലാനി ശരീരകേ
ജായന്തേ ദോദയുക്താനി മണ്ഡലാഖ്യേ സമീരണേ. ൨൯൪

മണ്ഡലവാതത്തിൽ കടന്തൽ കൊത്തിയാലത്തെപ്പോലെ ശരീരത്തിൽ മണ്ഡലങ്ങൾ (വട്ടത്തിൽഉള്ള പാടു്) ഉണ്ടാകും, ചൊറിച്ചിലും ഉണ്ടായിരിക്കും.

മണ്ഡലവാതചികിത്സ.

മൂലംരാജതരോഃ പിബേച്ഛൃതമിദം മാസദ്വയം തേന വാ
ലേപ്യം ചാപി സ ചക്രമൎദ്ദകഭവൈൎബ്ബീജൈശ്ച ഗോമൂത്രകൈഃ
അൎക്കക്ഷീരനിശാദ്വയസ്നുഹിപയോ യുക്തൈശ്ച സമ്മൎദ്ദയേ-
ത്തദ്വന്മണ്ഡലവാതനാശനമിദം യോഗത്രയം ത്വന്തരേ. ൨൯൫

കൊന്നവേരിലെത്തൊലി കഷായംവെച്ചു രണ്ടുമാസം മുടങ്ങാതെ സേവിക്കുകയോ കൊന്നത്തൊലി അരച്ചു ദേഹത്തിൽ തേക്കുകയോ ചെയ്യുക; തകരയരി ഗോമൂത്രത്തിലരച്ചു തേക്കുക; മഞ്ഞളും മരമഞ്ഞളും എരിക്കിൻനീരും കള്ളിപ്പാലനീരും ചേൎത്തു് അരച്ചു തേച്ചു തിരുമ്മുകയോ ചെയ്യുക, ഈ ക്രിയകൾകൊണ്ടു മണ്ഡലവാതം ശമിക്കും.

അസ്പൎശവാതം.

അസ്പൎശവാതേനജനോപിവാത-
സ്പൎശം ന വേത്ത്യത്ര ചികിത്സിതം ച.
ഗന്ധത്രയം തുത്ഥകമശ്വഗന്ധാം
ഹയാരിഹസ്തിശ്രുതിവായസീനാം. ൨൯൬

മൂലാനി പിഷ്ട്വാ ച കടാഹമധ്യേ
തൈലേനയുക്താഹി ചതുൎഗ്ഗുണേന
പക്ത്വാക്ഷപത്രോത്ഥരസൈശ്ച പശ്ചാൽ
വിപാചയേദഷ്ടഗുണൈശ്ച വിദ്വാൻ. ൨൱൦

അസ്പൎശവാതപ്രശമായതൈലം
പ്രമൎദ്ദയേത്തത്ര ചതത്രയുക്ത്യാ
അഥോപലാശസ്യ ച ബീജജാതൈ-
രസൈശ്ച സൂതം ത്രിദിനം വിമൎദ്ദ്യ. ൨൱൧

ശുഷ്കീകൃതേസ്മിൻ വിഷമുഷ്ടിബീജം
സംമൎദ്ദയേൽ ഷോഡശഭാഗികം ച.
മാസത്രയംനിഷ്കമിതം പ്രസേവ്യ-
മസ്പൎശവാതപ്രശമായ പത്ഥ്യം. ൨൱൨

ദേഹത്തിൽ കാററു തട്ടിയാൽകൂടെ അറിയാത്തതാണു് അസ്പൎശവാതം. അതിന്റെ ചികിത്സയാണിവിടെപ്പറയുന്നതു്. ഏലം ഇലവൎങ്ഗം പച്ചില തുത്തു് അമുക്കുരം കണവീരത്തിൻവേരു അത്തിത്തിപ്പലി പുങ്കിൻവേരു ഇവ കല്ക്കമായി കല്ക്കത്തിന്റെ നാലിരട്ടി എണ്ണയും ചേൎത്തു ഒരു പാത്രത്തിലാക്കി പചിച്ചു് ചളിപാകത്തിൽ എണ്ണയുടെ എട്ടിരട്ടി എരിക്കിലനീരും ചേൎത്തു കാച്ചിയെടുക്കുക; ഈ തൈലം വേണ്ടപോലെ ദേഹത്തു തേച്ചുപിടിപ്പിച്ചാൽ അസ്പൎശവാതം ശമിക്കും.

പ്ലാശിൻബീജത്തിന്റെ രസത്തിൽ ശുദ്ധിചെയ്ത രസം മൂന്നു ദിവസം അരച്ചു് മിനുസമായി പൊടിച്ചു് അതിൽ രസത്തിന്റെ ൧൬ ഭാഗം വേപ്പരി പൊടിച്ചതുംചേൎത്തു നല്ലവണ്ണം മൎദ്ദിച്ചു് മൂന്നു കഴഞ്ചുവീതം മൂന്നുമാസം പത്ഥ്യമായി സേവിക്കുക, അസ്പൎശവാതം ശമിക്കും.

ഏകാങ്ഗവാതം.

ബലാല്പതാ വ്യഥാഹിമെസ്സമാസമൈകദേശകേ
ശരീരകേ സകാൎശ്യമേകജാംഗവാത ഈരിതഃ. ൨൱൩

ബലം കുറയുക, ദേഹത്തിൽ വേദന, ശരീരത്തിന്റെ ഏകദേശത്തു തണുപ്പു്, കാൎശ്യം ഇവ ഏകാങ്ഗവാതത്തിന്റെ ലക്ഷണമാണു്.

ഏകാങ്ഗവാതചികിത്സ.

ഭജേൽ പപ്പടീം ഗുല്ഗുലും വക്ഷ്യമാണം
സുമാക്ഷികമാനം ച കഷായമാനം

ഘൃതൈരത്രൈകാംഗവാതാപഹൈര്യാ
ത്ര്യൂഷണാമൃതാവഹ്നിവിശ്വാകഷായൈഃ. ൨൩൪

ഏകാംഗവാതത്തിന് ഇനിയും പറയാൻ പോകുന്നതായ പപ്പടീഗുല്ഗുലു സേവിക്കണം. അത് ഒരു ഉഴുന്നിൻറിടമുതൽ ൧ൾ കഴഞ്ചുവരെ സേവിക്കാം. അതുവണ്ണമല്ലെങ്കിൽ അമൃത് കൊട്ടംചുക്കി ഞ്ചുവരെ സേവിക്കാം. ... ഴഞ്ഞ് ചുക്ക് ഇവയുടെ കഷായത്തിൽ ഇവതന്നെ കല്ക്കമായി കാച്ചിയ നെയ്യ് സേവിച്ചാൽ ഏകാംഗവാതം ശമിക്കും.

പപ്പടീഗുല്ഗുലു.

ശതാവരീസുധാപത്രകണാജഗന്ധി വാസ്തുമാഃ
ശതാഹ്വായാശ്വഗന്ധികാ സരാസ്നാ ശശിപ്രഭാ
പുരസ്സമോററിതാഭിരത്രാററിഷാകിസംഭവോ
ഘൃതേനമേള്യമാഷകർഷസമ്മിതാസപപ്പടീ
സുഭക്ഷിതാമധാന്നപാനസമ്മിതാത്രിസപ്തഭിർ-
ദ്ദിനൈർദ്ധ്രുവംവിനാശയേൽ പ്രഭഞ്ജനം ബലാന്വിതം.

ശതാവരിക്കിഴങ്ങ് അമൃത് തിപ്പലി അരത്തനാറിവേള ചതകുപ്പ അമുക്കുരം അരത്ത കച്ചോലം ഇവ സമഭാഗം. പോത്തിൻകണ്ണപോലെ നിറമുള്ള ഗുല്ഗുലു ശുദ്ധിചെയ്തത് എല്ലാ മരുന്നുകളും കൂടിയിടത്തോളം. എല്ലാംകൂടി പൊടിച്ച് നെയ്യിൽകുഴച്ച് ഒരു ഉഴുന്നിൻറിടമുതൽ ൧ൾ കഴഞ്ചുവരെ സേവിക്കാം. യുക്ത്യനുസരണം ഉള്ള അന്നപാനവും ചേർത്തുകൊള്ളണം. ഈ പപ്പടി വളരെ ശക്തിയുള്ള ഏകാംഗവാതത്തെയും ശമിപ്പിക്കും.

വേറൊരു തൈലം.

സജ്ജരസം നളികാവരമന്ത്രാ-
ത്തൈലമലംപരിമർദ്ദ്യവിശേഷാൽ
നിർഗ്ഗതമാശുതദൈകസമാശ്രിത-
മംഗജവായുഗദം വിനിഹന്തി. ൨൩൫

ചെഞ്ചല്യം ഒരു കുടത്തിലാക്കി പട്ടികൊണ്ടടച്ച് ശീലമൺചെയ്ത് അടുപ്പത്തുവച്ച് തീ എരിക്കുക. ആ കുടത്തിൽ എണ്ണ വെളിക്ക് ഊറി ഇറങ്ങുന്നതിന് ഒരു കുഴൽ വച്ചേക്കണം. ആ കുഴലിൽകൂടി വരുന്ന എണ്ണ എടുത്തു ദേഹത്തുതേച്ചു തിരുമ്മിയാൽ ഏകാംഗവാതം ശമിക്കും.

അർദ്ധാംഗവാതം

നാഭേരൂർദ്ധ്വംചൈകതശ്ചാപ്യധസ്താ-
ദ്വാതസ്തിഷ്ഠേദ്യത്രവൈദ്യൈസ്സഉക്തഃ

അർദ്ധാംഗാഖ്യശ്ചാംഗജാതോഹിവാത-
സ്തത്രപ്രായസ്താമ്രപുഷ്ടി നിഷേവ്യാ. ൨൩൬

നാഭിയുടെ ഊർദ്ധ്വഭാഗത്തിലോ അധോഭാഗത്തിലോ ഒരിടത്ത് വായു കോപിച്ചാൽ അതിനെ വൈദ്യന്മാർ അർദ്ധാംഗവാതം എന്നു പറയുന്നു. അതിന് താമ്രപുഷ്ടീരസം സേവിക്കണം.

താമ്രപുഷ്ടീരസം.

സൂതം പഞ്ചപലം ച പഞ്ചപലകം ദൈത്യം പലം താമ്രജം
ചൂർണ്ണം ഖല്വവിമർദ്ദിതം തദഖിലം ജംബീരനീരൈർദ്ദിനം
താംബൂലീദളജൈരസൈരപിദിനം സമ്മർദ്ദ്യരുദ്ധ്വാപുടേ
യന്ത്രേഭൂധരകേലഘൌ ദഹനകേ പഞ്ചൈവയാമാൻപചേൽ. ൨൩൭

തച്ചൂർണ്ണംകടുകത്രയേണ ചസമം വല്ലൈകമാനംഭജേ-
ദർദ്ധാംഗം പവനം സകമ്പമഖിലം തൂർണ്ണം വിനാശം നയേൽ
ഖ്യാതസ്താമ്രജപട്ടികാവരരസോ വൈദ്യൈഃ പുരാണൈരപി
ലോകേ വാതഹരഃ പരോനി ഗദിതഃ ശ്രീശംഭുനാദൌ പുരാ. ൨൩൮

രസം ശുദ്ധിചെയ്തത് ൫ പലം ശുദ്ധിചെയ്ത ഗന്ധകം ൫പലം ചെമ്പു ഭസ്മം ൧ പലം എല്ലാംകൂടി യോജിപ്പിച്ചു ചെറുനാരങ്ങാനീരിലും വെററില നീരിലും ഓരോ ദിവസംവീതം അരച്ചു ഭൂധരയന്ത്രത്തിൽ സ്ഫുടംവച്ച് അഞ്ചുയാമം പാകത്തെ തീയെരിച്ചു പചിക്കുക; അതിനുശേഷം എടുത്തു പൊടിച്ചു ചുക്കു മുളകു തിപ്പലി ഇവയുടെ പൊടിയും കൂടിച്ചേർത്ത് ഒരു വിഴാലരിപ്രമാണം സേവിക്കുക; വിറയലോടുകൂടിയ അർദ്ധാംഗവാതം ശമിക്കും. ശ്രീശംഭുവിനാൽ ആദിയിൽ ഉക്തമായ ഈ താമ്രജപട്ടികാരസം പുരാണവൈദ്യന്മാരാൽ വാതഹരമെന്നു പറയപ്പെട്ടിട്ടുള്ളതാണ്.

ഭഗ്നവാതം.

കാഷ്ഠാദേരഭിഘാതിതസ്യ ച യദാസ്ഥാനം മരുൽപീഡയേദ്-
വ്യാനാഖ്യോ രുധിരാന്വിതോ നിഗദിതോ ഭഗ്നാദിവാതസ്തദാ
സേവ്യം രക്തരുബൂകമൂലമസകൃത്തൈലേന കർഷംഖ്യൈ-
ശ്ചാന്യദ്വാതഹരം ച സേവ്യമഥവാ യദ്ഭഗ്നവാതാപഹം. ൨൪൦

വടി മുതലായ സാധനങ്ങൾകൊണ്ട് അടിച്ചസ്ഥാനത്തിൽ വ്യാനവായു കോപിച്ച്, രക്തത്തോടുകൂടിച്ചേർന്നു പീഡയുണ്ടാക്കും. അതിനെയാണു ഭഗ്നവാതം എന്നു പറയുന്നത്. ചുവന്നാവണക്കിൻവേരു അരച്ചു മൂന്നു കഴഞ്ചുവീതം എണ്ണയിൽ കലക്കി കുറേനാൾ മുടങ്ങാതെ സേവിച്ചാൽ ഭഗ്നവാതം ശമിക്കും. ഇതുകൂടാതെ വാതഹരങ്ങളായ മററൌഷധങ്ങളും സേവിക്കാം.

കമ്പവാതം.

സർവ്വാംഗകമ്പേ ഖലു കമ്പവാത-
സ്തത്രാശു സൂതം ച മൃതം ച തീക്ഷ്ണം
തിക്താദ്രവൈർമ്മർദ്ദ്യ ചണപ്രമാണാം
വടീം ച ഖാദേൽ വിധുതൽപ്രശാന്ത്യൈ. ൨൭

സകലദേഹവും വിറയ്ക്കുന്നതാണ് കമ്പവാതം. അതിന്നു മാരിതവും ശോധിതവും അയ രസം പുത്തരിച്ചുണ്ടക്കഷായത്തിൽ അരച്ചു ഉണക്കി ചണമ്പയററിൻപ്രമാണം ഗുളികയുരുട്ടി വിധിപോലെ സേവിക്കണം.

ഖല്ലീവാതം.

യദാ വായുപീഡാദികാസേചനാദ്യൈർ-
ഭവേല്ലൂകവാതസ്തദാ വൈദ്യമുഖ്യൈഃ
അലം പാദജാതേന പാതേന പുംസാ
പ്രചാല്യശ്ച ലൻയാതി ശാന്തിം വിശേഷാൽ. ൨൮

വിയർപ്പിക്കുക മുതലായ കർമ്മങ്ങൾ വേണ്ടുംപോലെയാകായ്കയാൽ അധികമായ വായുപീഡയുണ്ടാകും. അതാണ് ഖല്ലീവാതം.

ഇതിന്റെ മന്ത്രം.

കല്മ കശ്യപ സിംഹലാദ്യാഃ തീക്ഷ്ണധ സർവ്വേണോ ചേദോവ ചലാരേദാദോഃ ഖേലഖേലോ ഏകള ലാഹാസ്ത്രീ ഏകളാലാരേലോ ദാ സാ ഏജാ പ്രനവൈസലാ ത്രസ്നീ കോണ അവധൂത പീസേഭ്രത തൂമചേ മന്ത്രേകാഹോഌഃ വായവേണജാതെധ്യ സവേണജായധോ ലവേണജായ പോടവേണജായ ഉസവേണജായഃ. ഖല്ലീവാതം ഉള്ള സ്ഥാനത്തു രോഗഗ്രഹസങ്കല്പത്തോടുകൂടി തൊട്ടുകൊണ്ടു് ഈ മന്ത്രം ൧൦൮ ഉരു ജപിച്ചതിന്നുമേൽവേണം രോഗിയെ നടത്തുവാൻ. എന്നാൽ ഖല്ലീവാതം ശമിക്കും.

വാതോപദ്രവങ്ങൾ.

ഭവേദ്വ്യംഗതാശ്ശൂലശോഫൌ തഥാ ച
തഥാഭേദ ഉക്തസ്തു പൈശാച്യമന്ത്യഃ
തഥാ വ്യഥതാതോദവീർയ്യാപഹാരാ-
ദികോപദ്രവാശ്ചേന്ദ്രിയസ്യാപി നാശഃ. ൨൯

മുഖത്തു കറുപ്പുപുള്ളികൾ, വേദന, നീരു്, തൊലി ഇളകുക, കണ്ടാൽ പിശാചിനെപ്പോലെ ഇരിക്കുക, വ്യഥതാം, കുത്തിനോവു്, ബലനാശം (ശുക്ലനാശം എന്നുമാകാം) ഇന്ദ്രിയങ്ങൾക്കു ശക്തിയില്ലായ്ക ഇവ വാതോപദ്രവങ്ങളാണു്.

വാതത്തിന്റെ അസാദ്ധ്യത്വം.

ക്ഷീണസ്യ ചൈവാനിമിഷാക്ഷജന്തോഃ
പ്രസക്തകായസ്യ ച വസ്ത്രീവർഷം
പ്രവേപമാനസ്യ ന സിദ്ധ്യതീഹ
ഗാഢാർത്തിനോ വൈദ്യമുപാവദന്തി. ൩൦

വളരെ ദേഹം ക്ഷീണിച്ചിരിക്കുക, ഉറക്കമില്ലാതിരിക്കുക, വാക്കു തടയുക, പുറപ്പെടുന്ന വാക്കു വ്യക്തമല്ലാതിരിക്കുക, വിറയ്ക്കുക, വളരെ വേദനയുണ്ടായിരിക്കുക ഇങ്ങനെ മൂന്നുവർഷക്കാലം ശമനം കിട്ടാതെ ഒരേ നിലയിൽ ഇരിക്കുന്ന വാതരോഗം അസാദ്ധ്യമാകുന്നു.

കട്യുരുവക്ഷഃസ്ഥലഭഞ്ജകോടനം
ബാഹ്യാദിരായാമഗദസ്ത്വസാദ്ധ്യഃ
വിവർണ്ണസൂതീ ബഹുവൃദ്ധബാല-
ക്ഷീണേഷ്വസംക്തേഷു ചരുജശ്ച പക്ഷഃ. ൩൧

രക്താശ്രിതാമൂർദ്ധധരാസ്സിരാശ്ച
കൃഷ്ണാസ്സരൂക്ഷാസ്സതുജഃ കരോതി
യത്രാശു വായുശ്ച സിരാഗ്രഹോയം
സാദ്ധ്യസ്തു വൈദ്യൈസ്സമുദാഹൃതശ്ച. ൩൨

അരക്കെട്ടു് തുട നെഞ്ചു് ഈ സ്ഥാനങ്ങളെ ഇടിച്ചുനുറുക്കുന്നതായ ബാഹ്യായാമവും; സ്വാദയുള്ള നിറംമാറിയവർ, പ്രസവിച്ചു കിടക്കുന്ന സ്ത്രീകൾ പളരെ വൃദ്ധൻ ബാലൻ ക്ഷീണൻ ദേഹത്തിൽ രക്തമില്ലാത്തവൻ, ഇങ്ങനെയുള്ളവക്കു് ഉണ്ടാകുന്നതും, വേദനയില്ലാത്തതും ആയ പക്ഷവധവും; രക്താശ്രിതങ്ങളായും ശിരസ്സിനെ ധരിക്കുന്നവയായും ഇരിക്കുന്ന ഞരമ്പുകൾ കൃഷ്ണവർണ്ണങ്ങളായും രൂക്ഷങ്ങളായും വേദനയുള്ളതായും തീരുന്ന സിരാഗ്രഹവും; അസാദ്ധ്യമാകുന്നു.

വാതരോഗം വിട്ടുമാറിയാലുള്ള ലക്ഷണം.

യഥോചിതാഹാരഗതിർബലാഢ്യോ
ഭവേൽക്രിയായാഃ കരണേ സമർത്ഥഃ
തദൈവ ബോദ്ധ്യോ മനുജശ്ച വാത-
രോഗൈർവിമുക്തോ ഭിഷജോ വദന്തി. ൩൩

മുൻപേ ശീലിച്ചിരുന്നതുപോലുള്ള ആഹാരാദികളിൽ അഭിരുചി ബലവർദ്ധനം ക്രിയകൾ ചെയ്യുന്നതിനുള്ള സാമർത്ഥ്യം ഇവയൊക്കെയും വാതരോഗം വിട്ടുമാറിയാലുള്ള ലക്ഷണമാണെന്നു വൈദ്യന്മാർ പറയുന്നു.

ഇയദ്ഗുരൂണാം ച കൃപാകടാക്ഷ-
വിജൃംഭിതാശേഷസരിൽസമുദ്രാൻ
വിലോക്യ ഗ്രന്ഥാൻ വിവിധാൻ വിചിത്രാൻ
തൽ സാധുഭിഃ സാധു നയം വിശോധ്യം.

ഗുരുകൃപാകടാക്ഷം നിമിത്തം എനിക്ക് അഭ്യസിക്കാൻ സാധിച്ച വിസ്തൃതങ്ങളായ പല വിചിത്ര വൈദ്യഗ്രന്ഥങ്ങളെയും പരിശോധിച്ച് ഉണ്ടാക്കിയിട്ടുള്ള ഇത് സജ്ജനങ്ങളാൽ നീതിയോടുകൂടി ദർശനീയമാകുന്നു.

ചികിത്സാക്രമകല്പവല്ലിയിൽ വാതരോഗാധികാരം
എന്ന ൧൭-ാംസ്തബകം കഴിഞ്ഞു.

—※—

അഷ്ടാദശസ്തബകഃ

അമ്ലപിത്താധികാരം.

നത്വാ ഗുരും ഗണപതിം ശശിശേഖരം ച
വാണീം ശ്രിയം ച കമലാം ച നിജം ച താതം
ആലോക്യ ഗ്രന്ഥനിചയാംശ്ച മുനിപ്രണീതാൻ
കുർവ്വേഽമ്ലപിത്തഗദകാരണലക്ഷണാദീൻ. ൧

ഗുരു, ഗണപതി, ശിവൻ, സരസ്വതി, സമ്പൽസ്വരൂപിണിയായ ലക്ഷ്മി, സ്വതാതൻ ഇവരെ നമസ്കരിച്ച്, സുശ്രുതചരകാദിമുനികളാൽ കൃതങ്ങളായ ഗ്രന്ഥങ്ങളിലെ സാരാംശങ്ങളെയും ക്രോഡീകരിച്ച് അമ്ലപിത്തരോഗത്തിന്റെ ലക്ഷണം മുതലായവയെ പറയാൻ പോകുന്നു.

അമ്ലപിത്തനിദാനം.

യൽപിത്തകോപിസുവിദാഹി വിരുദ്ധദുഷ്ടാ-
മ്ലാദ്യന്നപാനനികരാൽ നിചിതം പിത്തമുഗ്രം
പൂർവ്വം സ്വഹേതുനിചിതം തു വിദഗ്ധമമ്ല-
പിത്തം തദാമാശു ജനയന്തി നിദാനമേതൽ. ൨

പിത്തത്തെ കോപിപ്പിക്കുന്നവയായും ഉൾപ്പുഴുക്കലുണ്ടാക്കുന്നവയായും വിരുദ്ധങ്ങളായും ദുഷ്ടങ്ങളായും അമ്ലരസങ്ങളായും ഇരിക്കുന്ന അ-

ന്നപാനങ്ങൾ ഭുജിക്കയാൽ അത്യം നിജഹേതുക്കൾകൊണ്ട് വർദ്ധിച്ചിരിക്കുന്ന പിത്തം വിദഗ്ദ്ധമായിട്ട് അമ്ലപിത്തം എന്ന രോഗം ഉണ്ടാകുന്നു.

പൂർവ്വരൂപം.

അന്നപാകസമയേ നിശി പൂർവ്വാംകണ്ഠധൂമയുതകണ്ഠവിദാഹഃ
ജായതേഽമ്ലപരപിത്തഗദസ്യ പൂർവ്വരൂപമഥരൂപമിദം ഹി. ൩

അന്നം ദഹിക്കുന്ന സമയം രാത്രിയിൽ അത്യം കണ്ഠത്തിൽ പുകച്ചിലുണ്ടാകുക, പിന്നെ തൊണ്ട ഉണങ്ങുക, ഇവ അമ്ലപിത്തത്തിന്റെ പൂർവ്വരൂപമാണ്. ഇനിയും ലക്ഷണം കാണിക്കുന്നു.

ക്ലമോൽക്ലേശതിക്താമ്ലകോദ്ഗാരകണ്ഠ
സദാഹാരുചിർഗൌരവാപാകതാഭിഃ
സഹൃദ്ദാഹയുക്തോഽമ്ലപിത്തഃ പ്രസിദ്ധോ
ഗദശ്ചാസ്യ പത്ഥ്യാദികം ചാപി വക്ഷ്യേ. ൪

ക്ഷീണം, ഉൽക്ലേശം തിക്ത (കയ്പ്) രസമായും അമ്ലരസമായും തികട്ടുക സന്താപം, അരുചി, ഗുരുത്വം, ദഹനമില്ലായ്ക, ഹൃദയസന്താപം ഇവ അമ്ലപിത്തത്തിന്റെ ലക്ഷണമാണ്. ഇനി അമ്ലപിത്തത്തിൽ പത്ഥ്യമായുള്ളവയെ കാണിക്കുന്നു.

പുരാണഗോധൂമയവാന്നലാജ-
സക്തുനിശാല്യന്നസിതാമധൂനി
സുതീക്ഷ്ണസംസ്കാരവിവർജ്ജിതാനി
പത്ഥ്യാനി ദ്രാക്ഷാദികശീതളാനി. ൫

പഴകിയ ഗോതമ്പ് യവം മലർപ്പൊടി ചെന്നെല്ലിൻചോറ് പഞ്ചസാര തേൻ തീക്ഷ്ണമായ സംസ്കാരമില്ലാത്ത സാധനങ്ങൾ, മുന്തിരിങ്ങ മുതലായ ശീതളവസ്തുക്കൾ, ഇവയെല്ലാം അമ്ലപിത്തത്തിൽ പത്ഥ്യങ്ങളാണ്.

അമ്ലപിത്തചികിത്സ.

ഖണ്ഡകൂശ്മാണ്ഡം.

കൂശ്മാണ്ഡകസ്യ സ്വരസോ പലാനാം
ശതം ഗവീനാം ച പയസ്തഥൈവ
ധാത്രീഫലാനാം സ്വരജഃ പലാഷ്ട-
മിതം സിതായാശ്ച പലാഷ്ടകം ച. ൬
പലദ്വയം ചാപി ഘൃതം ഗവാം ഹി
മന്ദാഗ്നിനാ പാച്യ സുപിണ്ഡിതം ച

പലാർദ്ധകംവാപിപലൈകമാന-
മമ്ലാദിപിത്തം വിനിഹന്തി ഭക്തം. ൧൯

കുമ്പളങ്ങായുടെ തോട്ടും അരിയും കളഞ്ഞ് പിഴിഞ്ഞെടുത്ത നീര് ൧൦൦ പലം, പശുവിൻപാൽ ൧൦൦ പലം നെല്ലിക്കായുടെ ചൂർണ്ണം ൮ പലം പഞ്ചസാര ൮ പലം പശുവിൻനെയ്യ് ൨ പലം ഇവയെല്ലാംകൂടി മന്ദാഗ്നിയിൽ പചിച്ച് ഉരുളയാകുമ്പോൾ വാങ്ങി സൂക്ഷിച്ചു വച്ചിരുന്ന് ദഹനമനുസരിച്ച്, അരപ്പലമോ ഒരു പലമോ വീതം സേവിക്കുക; അമ്ലപിത്തം ശമിക്കും.

പടോലാദ്യം ഘൃതം.

പടോലവിശ്വാമഗധാധന്യാനാം സജീരകാണാം ശ്രുതനീരകല്കൈഃ
ഗവാംഘൃതം സാധിതമമ്ലപിത്താൻ ഹിതരേമാക്ഷികസംയുതം ച.

പടവലം ചുക്ക് തിപ്പലി കൊത്തമ്പാലയരി ജീരകം ഇവ കഷായംവച്ച് ഇവതന്നെ കല്ക്കമായി കാച്ചി എടുത്ത പശുവിൻനെയ്യ് തേനുംകൂട്ടി സേവിക്കുക. അമ്ലപിത്തം അരുചി ഇവ ശമിക്കും.

ധാന്യചന്ദനയവാംബുദലേഹോ
മാക്ഷികേണ ച നിഹന്തി വിശേഷാൽ
അമ്ലപിത്തമരുചിം ജ്വരമുഗ്രാം
ഗാംഗനീരമിവ പാതകജാലം.

കൊത്തമ്പാലയരി ചന്ദനം യവം മുത്തങ്ങാക്കിഴങ്ങ് ഇവ പൊടിച്ച് തേനിൽകുഴച്ചു നക്കിയാൽ അമ്ലപിത്തം അരുചി ജ്വരം ഇവ ശമിക്കും.

ചതുസ്സ്നേഹയോഗം.

ധാത്രീക്ഷൌദ്രശതാവരീസമമലം ഖണ്ഡം ലിഹന്മാത്രയാ
പ്രാതഃ ശീതപയഃ പിബേദനുതഥാ ദ്രാഗ് ദുഃഖം ഘൃതം വാ കചചിൽ
ചക്ഷുഷ്യം പലിതാപഹം നിഗദിതം ചായുഷ്യമഗ്ന്യാദികം
പിത്തം നിത്യനിഷേവണാദപി ജയത്യേവം ചതുസ്സ്നേഹകഃ. ൨൦

നെല്ലിക്കാത്തോട് ശതാവരിക്കിഴങ്ങ് ഇവ ഒന്നിച്ചിപ്പൊടിച്ച് കല്ക്കണ്ടപ്പൊടിയും ചേർത്തുയോജിപ്പിച്ച് തേൻകൂട്ടി രാവിലെ സേവിക്കുക; മരുന്നുകൾ തുല്യമായിരിക്കണം. തണുത്ത ജലമോ പാലോ നെയ്യോ അനുപാനമായി ഉപയോഗിക്കാം. ഇത് കണ്ണിന് ഹിതമാണ്. ജരയെ ഹനിക്കും. ആയുഷ്കരമാണ് അമ്ലപിത്തബാധയും ഇല്ലാതാക്കും.

നാളികേരാദിപാകം.

നാളികേരകുഡുബം പരിപേഷ്യ താവദേവ സിതഖണ്ഡമഹോ ത്ര
നാളികേരയുഗഭാഗപയോഭിർഗോദ്ഭവേന പയസാ തദഭാവേ. ൨൧

പാച്യ ധാന്യമഗധാബ്ദ ചതുർഭിഷ്ടങ്കടങ്കപ്രമിതൈരപിജാതൈഃ
അമ്ലപിത്തഗദനാശകരോയം സേവിതഃ പലമിതോപിപലാർദ്ധഃ. ൨൨

പൌരുഷം ച സബലാകിലനിദ്രാം യച്ഛതി ക്ഷയഹരഃ പ്രഥിതോയം
രക്തശൂലമഥവാ പരിണാമശൂലമാശു ജയതീഹ ന ചിത്രം. ൨൩

നാളികേരത്തിൻെറ അകത്തെ നാഴിമജ്ജ നല്ലവണ്ണം അരച്ച് അത്രയും കല്ക്കണ്ടവും ചേർത്ത് നാഴിട്ടി നാളികേരജലത്തിലോ നാളികേരജലം കിട്ടിയില്ലെങ്കിൽ പശുവിൻ പാലിലോ പചിച്ച് പാകമാകുമ്പോൾ കൊത്തമ്പാലയരി തിപ്പലി മുത്തങ്ങാക്കിഴങ്ങ് ഏലം ഇലവർങ്ഗം പച്ചില നാഗപ്പൂവ് ഇവ മുക്കാൽകഴഞ്ചുവീതം പൊടിച്ചു ചേർത്ത് ദഹനമനുസരിച്ച് അരപ്പലമോ ഒരുപലമോ വീതം സേവിക്കുക, അമ്ലപിത്തം ശമിക്കും. പൌരുഷം ബലം ഉറക്കം ഇവയുണ്ടാകും. ക്ഷയം പരിണാമശൂല ഇവയും ശമിക്കും (നാളികേരം നെയ്ക്കത്ത് വറുത്തെടുക്കുകയാണ് പതിവ്. ഇവിടെ "ധാന്യമഗധാബ്ദ ചതുർഭിഃ-ജാതൈഃ" എന്നുള്ളതിന് ധാന്യവും മഗധയും അബ്ദവും ചതുർജ്ജാതവും എന്ന വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. "ധാന്യകംപിപ്പലീമുസ്തം ചാതുർജ്ജാതംവിചൂർണ്ണിതം" എന്നാണ് ഭാവപ്രകാശത്തിൽ കാണുന്നത്.)

രസാമൃതരസം.

ത്രികടുത്രിഫലാവിഡംഗകൈർഘനചിത്രൈശ്ച പലൈഃ പലൈരഥ.
അപിശുദ്ധബലേഃ ശിവസ്യ ച പലമർദ്ധം തു തദർദ്ധകം പുനഃ. ൨൪

പരിപേഷ്യ സമം ച മാക്ഷികൈർഹവിഷാ ചാഥ വിധാല പാദകം
അപിശീതജലേന വാ ഗവാം പയസാ വാപി നിഷേവ്യമാനവഃ. ൨൫

വിനിഹന്തി ഹി ചാമ്ലപിത്തമുഗ്രമഥമാന്ദ്യം ജഠരാനലസ്യ ച
പരിണാമഭവം ച ശൂലമുച്ചൈരപി ശൂലം ച സപാണ്ഡുകാമലാം. ൨൬

ചുക്ക മുളക തിപ്പലി ത്രിഫല വിഴാലരി മുത്തങ്ങാക്കിഴങ്ങ് കൊടുവേലിക്കിഴങ്ങ് ഇവ ഓരോ പലംവീതം ശുദ്ധിചെയ്ത ഗന്ധകം അരപ്പലം രസം ൨ കഴഞ്ച് ഇവ എല്ലാംകൂടി അരച്ച് ഗുളികയാക്കി ൨ കഴഞ്ചുവീതം നെയ്യിലോ തേനിലോ സേവിക്കുക; ശീതജലമോ പാലോ അനുപാനമായി ഉപയോഗിക്കണം. അമ്ലപിത്തം അഗ്നിമാന്ദ്യം പരിണാമശൂലം ശൂലം പാണ്ഡു കാമല ഇവയെ ശമിപ്പിക്കും.

ത്രിഫലാദിലേഹം.

ലോഹചൂർണ്ണമസ്മാക്ഷിഫലാഭിഃ ശർക്കരാമധുഘൃതം ചെലുലീഢം
അമ്ലപിത്തഗ്രഹണീജഠരാഗ്നി രോഗജാതമഖിലം വിനിഹന്തി. ൨൭

ലോഹഭസ്മം ത്രിഫല ഇവ സമാംശമെടുത്ത് പഞ്ചസാരയും

ചെയ്ത് തേനിൽകുഴച്ചുസേവിച്ചാൽ അമ്ലപിത്തം ഗ്രഹണി ഉദരം അഗ്നിമാന്ദ്യം മുതലായരോഗങ്ങൾ നശിക്കും.

ലീലാവിലാസരസം.

ശുദ്ധംസൂതംലോഹമഭ്രംമൃതം ച
താമ്രംഗന്ധംതുല്യഭാഗംസമസ്തം
യാമംപിഷ്ട്വാമർദ്ദനീയംലഘൈരൗത-
ഭൃക്ത്യാവൈദ്യസ്സംപുടേസംപചേച്ച ൮

അക്ഷൈർധാത്രീസച്ഛിവാഭിഃക്രമേണ
വൃദ്ധ്യാനീതൈസ്സംസ്കൃതൈസ്തൽപയോഭിഃ
പിഷ്ട്വാപിഷ്ട്വാപഞ്ചവിംശദ്വാരാം-
സ്തദ്വദ്വാരാൻഭൃംഗരാജദ്രവൈശ്ച. ൯

ഭാവ്യംശുഷ്കംവേദഗുഞ്ജാമിതം ച
ലീഢംതദ്വന്മാക്ഷികൈരമ്ലപിത്തം
ഹന്യാന്നൃണാം ചാപി ലീലാവിലാസഃ
ഖ്യാതോലോകേനാമതുല്യോഭിഷഗ്ഭിഃ. ൧൦

ശുദ്ധമായ രസം ലോഹം അഭ്രം താമ്രം ഗന്ധകം ഇവ സമഭാഗം എടുത്ത് ഒരുയാമം അരച്ച് നല്ലവണ്ണം മർദ്ദിച്ച് ലഘുപുടമിടണം. അതിനുശേഷം താന്നിക്കാ നെല്ലിക്കാ കടുക്കാ ഇവ ക്രമപ്രവൃദ്ധമാക്കി എടുത്ത് എട്ടിരട്ടി വെള്ളത്തിൽ കഷായം വെച്ച് എട്ടിലൊന്നാക്കി അതിൽ രസമേറ്റും അരയ്ക്കുക. ഇങ്ങനെ ഇരുപത്തി അഞ്ചു തവണ അരയ്ക്കണം. അതിനുശേഷം കയ്യോന്നിനീരിലും ൨൫ തവണ അരച്ച് ഉണക്കി എടുത്ത് നാലു കുന്നിയിടവീതം തേനിൽ സേവിക്കുക; അമ്ലപിത്തം നശിക്കും. ഇതിന് ലീലാവിലാസരസം എന്നുപേർ.

താമ്രപാകരസം.

പലമിതമഥശുദ്ധം ചാപിനേപാളശുല്ബം
തനുതനുവരപത്രാണ്യാശുകൃത്വാച്ഛതന്യ
തദനുചപലവിശുദ്ധംസൂതകംഷ്ടംത്രതസ്മാദ്-
ദ്വിഗുണിതവരഗന്ധംകന്യകാദ്രാവപിഷ്ടം. ൧൧

തദനുമഖിലമേതൽപങ്കിലംപത്രലിപ്തം
ഭവതിചയദിശുഷ്കംഹണ്ഡമദ്ധ്യേനിധായ
തദനുലവണമദ്ധ്യേപിംധികാന്തന്നിധായ-
ഗജപുടപുടിതംതൽതാമ്രപാകാഭിധോഽയം. ൧൨

വമനമഥവിരേകം കാരയിത്വാതുപശ്ചാൽ
സമധുകമധുയുക്തംരക്തികൈകപ്രമാണം

സഹ്യതമഥചതക്രം ചാന്നധാന്യാമ്ലകംച
ഭിഷഗിദമനുപാനംജീർണ്ണധാന്യംതുപത്ഥ്യം. ൧൩

യദികഥമപിദദ്യാദമ്ലപിത്തം ചകാസം
ശ്വാസനമപി ചശോഷം കാമലാംപാണ്ഡുരോഗം.
അപചരതി ചകുഷ്ഠം രക്തപിത്തംതഥാർശോ-
ഗദമഥരുധിരംവാവാതപൂർവ്വംനിഹന്യാൽ. ൧൪

മാലിന്യമേഹതിമിരാംശ്ചവിജിത്യവൃദ്ധ-
ദേഹോപിതാമ്രതനുരശ്രുഭവേന്മനുഷ്യഃ
യോതാമ്രപാകരസമത്തി സമസ്തരോഗൈ-
ർമ്മുക്തസ്സമാശ്ശതമലം പരിജീവതീഹ. ൧൫

നല്ലതുപോലെ ശുദ്ധമായ പാളച്ചെമ്പുതകിട് പലം ൪. ഇതിന്റെ ഇല വളരെ വളരെ കനംകുറച്ച് അടിച്ചുപരത്തിയതായിരിക്കണം. ശുദ്ധിചെയ്ത രസം ൧ കഴഞ്ച് ഗന്ധകം ൨ കഴഞ്ച് ഇവ കററാർവാഴപ്പോളയുടെ നീരിൽ അരച്ച് ചെളിപോലെയാക്കി ഇലയിൽ തേച്ച് വെയിലത്തുവച്ച് ഉണക്കി ഉപ്പുനിറച്ചശരാവത്തിൽ വച്ച് ഗജപുടമിടുക; ഈപ്രകാരം ഗജപുടമിട്ടെടുത്ത ഈ രസത്തിന് താമ്രപാകരസം എന്നുപേർ. ഇത് വമനവിരേചനാദികൾ കഴിച്ചതിനുശേഷം എരട്ടിമധുരപ്പൊടിയും ചേർത്തു കുന്നിപ്രമാണം രസം തേനിൽ സേവിക്കുക നെയ്യോ മോരോ അരിക്കാടിയോ അനുപാനമായി ഉപയോഗിക്കണം ഇതിന് പഴകിയധാന്യമാണ് പത്ഥ്യം. അമ്ലപിത്തം കാസശ്വാസം ശോഷം കാമല പാണ്ഡു കുഷ്ഠം രക്തപിത്തം അർശസ്സ് വാതരക്തം കഷണ്ടി പ്രമേഹം തിമിരം ഇവ ശമിക്കും. വൃദ്ധനായവൻ താമ്രസമവർണ്ണനായിത്തീരും. അത്രതന്നെയുമല്ല ഈ രസം സേവിച്ചാൽ സകലരോഗങ്ങളും നീങ്ങി നൂറുവർഷം ജീവിച്ചിരിക്കും.

ഊർദ്ധ്വാമ്ലപിത്തം.

പീതംനീലംരക്തമാരക്തകാഭം
അച്ഛംകൃഷ്ണാപിച്ഛിലം ചേധരിച്ച
ശ്ലേഷ്മായുക്തം ചാഥമാംസോദകാഭം
ഊർദ്ധ്വാമ്ലാദ്യേചാമ്ലപിത്തേവമേച്ച. ൧൬

ഊർദ്ധ്വാമ്ലപിത്തത്തിൽ മഞ്ഞവർണ്ണമായോ നീലമായോ രക്തനിറമായോ ചെമ്പിച്ചോ, വെളുത്തോ കറുത്തോ പച്ചച്ചോ പഴപ്പോട്ടക്കൂടിയോ, മാംസം കഴുകിയ വെള്ളംപോലെയോ കഫത്തോടുചേർന്നോ ഇരിക്കുന്ന ജലത്തെ ഛർദ്ദിക്കും.

ഊൎദ്ധ്വാമ്ലപിത്തചികിത്സ.

വാന്തംകൃത്വാത്ത്രവാശാപടോല-
പത്രൈസ്തദാനിംബപത്രപ്രയുക്തൈഃ
യഥാക്ഷൌദ്രൈഃസിന്ധുകാമോതഫേനൈഃ
പീതൈരക്തൈശ്ചാമ്ലവാന്തംപ്രകുൎയ്യാൽ. ൨൭

ഊൎദ്ധ്വാമ്ലപിത്തമുള്ള രോഗിയെ അടലോടകത്തില പടവലത്തില വേപ്പില ഇവ കൊടുത്തു ഛൎദ്ദിപ്പിക്കണം. മഞ്ഞനിറത്തിലും രക്തനിറത്തിലും ഛൎദ്ദിക്കുന്നവനെ തേൻ ഇന്തുപ്പ് മലങ്കാരയ്ക്കായുടെ പത ഇവ കൊടുത്തു ഛൎദ്ദിപ്പിക്കണം.

യവവൃഷാമലകീത്രിസുഗന്ധിഭിഃ
ക്വഥിതമാശുജലംത്തുപിബേജ്ജനഃ
മധുയുതംഖലുമുദ്ഗസമുദ്ഭവം
പരിപിബേദ്യദിയൂഷമലംതദാ. ൨൮

യവം ആടലോടകത്തിൻവേര് നെല്ലിക്കാത്തോട് ഏലം ഇലവൎങ്ഗം പച്ചില ഇവകൊണ്ടുള്ള കഷായം തേൻചേൎത്ത് കുടിക്കുക; ചെറുപയറിൻചാറ് കുടിക്കയും വേണം. എന്നാൽ ഊൎദ്ധ്വാമ്ലപിത്തം ശമിക്കും.

അധോഗാമ്ലപിത്തം.

തൃഷാംദാഹംമോഹംഭ്രമമപിചമൂൎച്ഛാംചജനയ-
ന്നധോയാതൃച്ചൈവ്വ വിവിധഗദഹൃല്ലാസസഹിതൈഃ
സകോഠാഗ്നേസ്സാദപ്രമുഖതനുപീതത്വമപിച
ഭവേദംഗേസ്വാദോയദിഭവതിചാമ്ലാദിതാഗദഃ. ൨൯

അധോഗതമായ അമ്ലപിത്തത്തിൽ തണ്ണീർദാഹം ചൂട് മോഹം തലകറക്കം മൂൎച്ഛ ഇവയുണ്ടാകും. പലവിധരോഗം, നെഞ്ചെരുക്കം, ഇവയും, വട്ടപ്പുണ്ണ് അഗ്നിമാന്ദ്യം ശരീരത്തിനു മഞ്ഞനിറം വിയൎപ്പ് ഇവയും കാണും.

അധോഗാമ്ലപിത്തചികിത്സ.

ത്രിവൃതാമധുനാമലഭ്രൈവരിഹകൃത്വാപിബേചനംബുധഃ
അമൃതാത്രിഫലാപടോലകൈൎഘ്രണീനിംബസനിംബഭാഗൈഃ. ൩൦
ക്വഥിതംകവചൈഃസവാസകൈഃപ്രപിബേദ്ധ്വംസപിത്തകം
അപിഹന്തിസമാക്ഷികംധ്രുവം ഇദംയോഗമധ്യധോഗതേ. ൩൧

ത്രികോല്പക്കൊന്ന പൊടിച്ച് തേനും ചേൎത്തു നെല്ലിക്കാക്കഷായത്തിൽ ചേൎത്തുകൊടുത്തു വയറിളക്കുകയോ; മുത്ത് ത്രിഫല പടവലം നിലവേപ്പ് വേപ്പിൻതൊലി കയ്യോന്നി പർപ്പടകപ്പുല്ല് ആടലോ

ടകത്തിൻ വേര് ഇവ കഷായംവച്ച് തേൻ മേമ്പൊടിചേൎത്തു കുടിക്കുകയോ; ചെയ്താൽ അധോഗതമായ അമ്ലപിത്തം ശമിക്കും.

രസഗതമായ അമ്ലപിത്തം.

ഭുക്തേഭുക്തേചാപിചാന്നേവിദഗ്ദ്ധേ
കുൎയ്യാദ്വാന്തിം തിക്തകാമ്ലം കദാപി
ഉദ്ഗാരശ്ചൈവമേവാഥകണ്ഠ-
കുക്ഷേർദ്ദാഹോ മൂൎദ്ധ്നിപീഡാ ഹൃദശ്ച. ൩൨

ഭുജിക്കപ്പെട്ട ഉടനെയോ, ഭുജിക്കുന്നതിനു മുമ്പോ അന്നം വിദഗ്ദ്ധമായിരിക്കുമ്പോഴോ, ചിലസമയം ഏമ്പൽ ഉണ്ടായി കയ്പുരസത്തിലും പുളിരസത്തിലും ഛൎദ്ദിക്കുക; കഴുത്തിലും കുക്ഷിയിലും ചൂട്, നെഞ്ചിന് വേദന ഇവയുണ്ടാകുക; ഇതു രസഗതമായ അമ്ലപിത്തത്തിന്റെ ലക്ഷണമാകുന്നു.

രസഗതാമ്ലപിത്തചികിത്സ.

പാഠാ ധാത്രീ ചന്ദനം ധാന്യവാശാ-
ശ്യാമാപ്രോക്താ യാദവിപാദ്യാ പടോലൈഃ
പത്രൈഃ ക്ഷൌദ്രൈൎവൈശിവാഭിർവരാങ്ഗൈഃ
കൃതാവലേഹം യത്നയുക്തം സിതാഭിഃ. ൩൩
ഭുക്തം ഹന്ത്യാദമ്ലപിത്തം വിശേഷാ-
ദ്വാന്തിം തദാമോഹദാഹാരുചിംശ്ച
യദ്വാദ്രാക്ഷാം ഭക്ഷയേദ്വൈശിവാഭിഃ
ക്ഷൌദ്രൈൎയ്യുക്താം സദ്ഗുഡേനാന്വിതാം ച. ൩൪

പാടക്കിഴങ്ങ്, നെല്ലിക്കാത്തോട്, ചന്ദനം, കൊത്തമ്പാലയരി, ആടലോടകത്തിൻവേര്, അത്തിത്തിപ്പലി, പടവലം, പച്ചില കടുക്കാത്തോട് ഇലവൎങ്ങം ഇവ പൊടിച്ചു തേനും പഞ്ചസാരയും ചേൎത്തു ലേഹമാക്കി ഉപയോഗിക്കുക; അമ്ലപിത്തം ഛൎദ്ദി മോഹം ദാഹം അരുചി ഇവ ശമിക്കും. കടുക്കാത്തോട് പൊടിച്ചു മുന്തിരിങ്ങാപ്പഴവും തേനും, ശൎക്കരയും ചേൎത്തു ലേഹമാക്കി സേവിച്ചാലും അമ്ലപിത്തം ശമിക്കും.

വേറൊരു യോഗം.

ധാത്രീചൂൎണ്ണം ശതപരിമിതാൻ വാസരാംസ്തദ്രസേന
സിക്തം ക്ഷൌദ്രൈസ്സിതമഥവാ ഹവ്യയുക്തം ഭുനക്തി
ഷണ്ഡോവൃദ്ധോമെയതിശതം കാമിനീനാം പുരസ്താ-
ല്ലബ്ധം പീത്വാ തദനുജയതിപ്രായശഃ പിത്തമോഹാൻ. ൩൫

നെല്ലിക്കാത്തോട്, നൂറുദിവസം നെല്ലിക്കായുടെ നീരിൽ ഭാവ

നചെയ്ത ഉണക്കി പൊടിച്ചു തേനും പഞ്ചസാരയും ചേർത്തോ, അല്ലെങ്കിൽ പഞ്ചസാരയും നെയ്യും ചേർത്തോ സേവിച്ചാൽ നപുംസകനായാലും വൃദ്ധനായാലും വളരെ സ്ത്രീകളെ രമിപ്പിക്കുന്നതിന്നു സമർത്ഥനായിത്തീരും. ഇതു സേവിച്ചു കഴിഞ്ഞതിന്നുശേഷം പാൽ അനുപാനമായി സേവിക്കണം. പിത്തം മോഹം ഇവയും ശമിക്കും.

തൎഗ്ഗതമായ അമ്ലപിത്തം.

അരുചിർജ്വരതാ കഫപിത്തഭവാ
ദവഥുഃ പ്രചുരഃ കരചരണഗതഃ
പിടകാങ്കിതകണ്ഡുഗദാത്തതനുഃ
സകലൌഷ്ണ്യമലം ത്വചി ചാമ്ലഗദേ. ൩൭

അമ്ലപിത്തം ത്വക്കിൽ ആശ്രിതമായാൽ അരുചി, കഫപിത്തജ്വരം, കൈകാൽ മുതലായ സ്ഥലങ്ങളിൽ വലിയ ചൂട്, ദേഹത്തിൽ പിടകങ്ങൾ ഉണ്ടാകുക, ചൊറിച്ചിൽ എല്ലാഭാഗത്തും ചൂട് ഇവ സംഭവിക്കും.

ത്വഗ്ഗതാമ്ലപിത്തചികിത്സ.

സിംഹാസ്യഭണ്ടാകൃമൃതപ്രഭൃതം
ക്വാഥം പിബേന്മാക്ഷികസംപ്രയുക്തം
ശ്വാസം ച കാസം ച വമിം ജ്വരഞ്ച
ഹന്ത്യാദലം ചാമ്ലപരം ച പിത്തം. ൩൮

ആടലോടകത്തിൻവേര്, ചെറുവഴുതിനവേര്, അമൃത്, ഇവ കഷായംവച്ചു തേൻ മേമ്പൊടിചേർത്തു സേവിച്ചാൽ ശ്വാസം കാസം ഛർദ്ദി ജ്വരം അമ്ലപിത്തം ഇവ വിട്ടുമാറും.

വേറൊരു യോഗം.

ശതാവരീമൂലജകല്ക്കസിദ്ധം
പ്രസ്ഥം ഘൃതം പ്രസ്ഥപയസ്സമേതം
ഗവ്യേന ദുഗ്ദ്ധേന ചതുർഗ്ഗുണേന
പക്വാമ്ലപിത്തം വിനിഹന്തി ഭുക്തം. ൩൯

ഒരിടങ്ങഴി വെള്ളത്തിൽ ശതാവരിയുടെ വേരു അരച്ചു കലക്കി ഒരിടങ്ങഴി നെയ്യും നാലിടങ്ങഴി പാലുംചേർത്തു കാച്ചിയ നെയ്യു സേവിച്ചാൽ അമ്ലപിത്തം ശമിക്കും.

വ്യമ്ലാമ്ലപിത്തം.

നൂനം വ്യമ്ലാമ്ലപിത്തേ ജ്വലിതമിവവപുർമ്മൂഢ്നിപീഡാ പിപാസാ
സോപദ്രോമൂർച്ഛാ നിതാന്തം കഫസഹിതവമിഃ ഹൃന്നാഭ്യൽകോപദാഹഃ

വർണ്ണാഭാവശ്ച തസ്മിൻ ജരണമുപഗതേ ചാമ്ലതിക്താംവമേദ്വാ
തിക്താമ്ലോദ്ഗാരകണ്ഡൂ ബഹുവിധപിടകാശ്ചാദ്യശോഷോരസസ്യ.

വ്യമ്ലാമ്ലപിത്തത്തിൽ രസശോഷം നിമിത്തം ശരീരത്തിൽ തീ കത്തുന്നപോലെ തോന്നുക, തലയ്ക്കുവേദന, വെള്ളം കുടിക്കണമെന്നുള്ള ആഗ്രഹം, സ്വേദം, മൂർച്ഛ, കഫം ഛർദ്ദിക്കുക, കണ്ഠം ഹൃദയം കോഷ്ഠം ഈ സ്ഥാനങ്ങളിൽ പുകച്ചിൽ, നിറംമങ്ങുക, ദഹനത്തിന്നു ശേഷം പുളിപ്പുരസത്തോടും കയ്പുരസത്തോടുംകൂടി ഛർദ്ദിക്കുക, കയ്പും പുളിപ്പും രസംചേർന്നു ഏമ്പക്കംവിടുക, ചൊറിച്ചിൽ, പലവിധത്തിലുള്ള കുരുക്കൾ ഈ ലക്ഷണങ്ങൾ ഉണ്ടാകും.

വ്യമ്ലാമ്ലപിത്തചികിത്സ.

(ഖണ്ഡപിപ്പലി)

കണാചൂർണ്ണം സൂക്ഷ്മം കുഡുബതുലിതംഷൾപലമിതം
ഘൃതം പ്രസ്ഥോന്മാനം പയഅഥഗവാം ഖണ്ഡമപിച
തഥാവര്യാനീരം വസുപലമിതം പാച്യസകലം
ത്രിജാതം ധാന്യാകം ഘനമരിചധാത്രീ ദ്വിജരൈഃ. ൪൦

ശിവാ ശുണ്ഠീ വാംശീ ഖദിരസഹിതൈഃ കർഷതുലിതൈഃ
സമേതൈഃ സംസിദ്ധം ത്രിപലമധുനാ സേവിതമലം
തൃഷാം ഛർദ്ദിം ശൂലം ദഹനകൃശതാമമ്ലമപിച
സപിത്തം വാ ഹന്യാദ്ഗദിതമഗദംകാരപടുഭിഃ. ൪൧

നല്ലവണ്ണം പൊടിച്ച തിപ്പലിപ്പൊടി നാഴി (യോഗരത്നാകരത്തിൽ മൂന്നുനാഴി എന്നു കാണുന്നു) നെയ്യ് നാഴിയിടം പശുവിൻപാൽ ഇടങ്ങഴി, കൽക്കണ്ടം ൫൦ പലം, ശതാവരീരസം ൮ പലം (ഇരുനാഴി) ഇവ എല്ലാംകൂടി ചേർത്തു പചിച്ചു പാകമാകുമ്പോൾ ഏലം ഇലവർങ്ങം പച്ചില കൊത്തമ്പാലയരി മുത്തങ്ങാക്കിഴങ്ങ് നല്ലമുളക് നെല്ലിക്കാത്തോട് ജീരകം കരഞ്ജീരകം കടുക്കാത്തോട് ചുക്ക് കൂവനൂറ് കരിങ്ങാലിക്കാതൽ ഇവ മുമ്മൂന്നു കഴഞ്ചുവീതം പൊടിച്ചുചേർത്തു പാകമാകുമ്പോൾ വാങ്ങി ആറിയാൽ ൩ പലം തേനുംചേർത്തു നെയ്തേച്ചു മയങ്ങിയ കുടത്തിലാക്കി വെയ്ക്കുക; ഇതുപയോഗിച്ചാൽ തണ്ണീർദാഹം ഛർദ്ദി ശൂലം അഗ്നിമാന്ദ്യം അമ്ലപിത്തം ഇവ ശമിക്കും.

ശുണ്ഠീഖണ്ഡം.

ശുണ്ഠീചൂർണ്ണം കുഡുബതുലിതം ഗോഘൃതം തദ്ദ്വിഭാഗം
പ്രസ്ഥം ഖണ്ഡസ്യ ച പയഅഥോ രാമപ്രസ്ഥപ്രമാണം
പക്വാ സർവ്വം തദനുജരണം മാഗധീധാന്യമുസ്തൈർ-
ധാത്രീവാംശീത്രിതയമഥവാ ഗന്ധദ്രവ്യം ശിവാഭിഃ. ൪൨

നാഗം തദ്വന്മരിചമപിവാ ഗോസ്തനീഷട്കം ത്രിശാണം
അന്യൽസർവ്വം സഹത്രിഫലയാ കാരവീ സംയുതം ച
തസ്മിൻ ശീതേ ത്രിപലമധുനാ സേവിതോ വിശ്വഭൈഷജഃ
ശൂലം ഹൃദ്ഗ്രഹാരതിവമനം ചാമ്ലപിത്തം വിശേഷാൽ. ൩൨

ചുക്കുപൊടി നാഴി, പശുവിൻനെയ്യ് ഇരുനാഴി, കല്ക്കണ്ടം എന്ന പലം, പശുവിൻപാൽ മൂന്നിടങ്ങഴി ഇവയെല്ലാംകൂടി പചിച്ച ജീരകം തിപ്പലി കൊത്തമ്പാലയരി മുത്തങ്ങാക്കിഴങ്ങ് താന്നിക്കാത്തോട് കൂവനൂറ് ഏലം ഇലവർങ്ങം പച്ചില കടുക്കാത്തോട് ത്രിഫല കരിഞ്ജീരകം ഇവ രണ്ടേകാലിശ്ശ കഴഞ്ചുവീതം. നാഗപ്പൂവ് നല്ലമുളക് ഇവ ആറ് ഉഴുന്നിൻപ്രമാണം. എല്ലാംകൂടി പൊടിച്ചിട്ട വാങ്ങി ആറിയാൽ മൂന്നുപലം തേനുംചേർത്തു നെയ്‌തേച്ച മയങ്ങിയ കുടത്തിലാക്കി വച്ച സേവിക്കുക, ശൂലം ഹൃദ്രോഗം ഛർദ്ദി അമ്ലപിത്തം ഇവ ശമിക്കും.

വാതാമ്ലപിത്തം.

കമ്പപ്രലാപതനുസാദതമഃപ്രവേശ-
മൂർഛാഭ്രമപ്രബലമോഹസഹർഷശൂലാഃ
ജായന്ത ഏവ ചിമിചിമപുനശ്ശരീരേ
വായുപ്രവൃദ്ധതരമമ്ലപദം ച പിത്തം. ൩൩

വിറയൽ, പിച്ചുപറക, ശരീരത്തിനു ക്ഷീണം, കണ്ണിൽ ഇരുട്ടകേറുക, മൂർഛ, തലകറക്കം, പ്രബലമായ മോഹാലസ്യം, രോമാഞ്ചം ശൂലം, ദേഹത്തു ചെറുപ്രാണി ഇഴഞ്ഞുനടക്കുന്നതുപോലെ തോന്നുക ഇവ വാതം വർദ്ധിച്ച അമ്ലപിത്തത്തിന്റെ ലക്ഷണമാണ്.

വാതാമ്ലപിത്തചികിത്സ.

ഹിംഗു സപർണ്ണഫലാനി ഹവ്യമപിവാ ചിഞ്ചാതച്ചാ സംപുടേൽ
തദ്വിശ്വംശമയേച്ച വായുജനിതം സാമ്ലം സപിത്തംഗദം
ഭുക്തം തച്ചയഥോത്തരം ദ്വിഗുണിതം സാമ്ലം ച പഥ്യം ഭജേ-
ദ്വാശാമ്ലാശ്ച ഘൃതം സതിക്തകഘൃതം ശ്യാമാമൃതാ [illegible]മാകഷിക്കൈഃ. ൩൪

കായം ഉമ്മത്തിൻകായ് നെയ്യ് ഇവ പുളിവേരിന്റെ തൊലിയിൽ സ്ഫുടംചെയ്യ് അതു തേച്ചാൽ വായുജമായ അമ്ലപിത്തം ശമിക്കും. മുൻപറഞ്ഞ മരുന്നുതന്നെ ക്രമേണ ദ്വിഗുണമായി വർദ്ധിപ്പിച്ചിട്ടുള്ള സ്ഫുടംചെയ്യ് (കായം ൧ കഴഞ്ച് ഉമ്മത്തുംകായ് ൨ കഴഞ്ച് ഈ ക്രമത്തിൽ) മാതളനാരങ്ങയുംചേർത്തു ഭുജിച്ചാലും വാതാമ്ലപിത്തം നശിക്കും. വാശാഘൃതം തിക്തകഘൃതം ഇവയും ത്രികോല്പ-

ക്കൊന്ന തേനിൽ കുഴച്ച സേവിക്കുന്നതും വാതാമ്ലപിത്തത്തിനു വിശേഷമാണ്.

കഫാമ്ലപിത്തം.

കഫസ്യ നിഷ്ഠീവനഗൌരവാഭ്യാം
ജാഡ്യാരുചീശീതവമിപ്രലേപൈഃ
കണ്ഡ്വഗ്നിമാന്ദ്യം ബലസാദനിദ്രേ
ശ്ലേഷ്മാമ്ലപിത്തസ്യ ഗദാ ഭവന്തി. ൩൫

കഫം തുപ്പുക ദേഹത്തിനു കനം ജഡത അരുചി തണുപ്പ് ഛർദ്ദി തൊണ്ടയ്ക്കുതോ പററിയിരിക്കുന്നപോലെ തോന്നുക ചൊറിച്ചിൽ അഗ്നിമാന്ദ്യം ബലഹാനി സദാ ഉറക്കം ഇവ കഫാമ്ലപിത്തത്തിന്റെ ലക്ഷണമാണ്.

കഫാമ്ലപിത്തചികിത്സ.

പിപ്പലീഘൃതം.

കഷായേന കല്ക്കേന ച മാഗധീനാം
സിദ്ധം ഘൃതം ചാത്ര മധുപ്ലുതം ച
വാസാപടോലത്രിഫലാസനാദിഭിഃ
സനിംബസിദ്ധോപി ഘൃതഃ പ്രശസ്തഃ. ൩൬

തിപ്പലിക്കഷായത്തിൽ തിപ്പലിതന്നെ കല്ക്കമായി കാച്ചിയ നെയ്യ് തേൻചേർത്തു ചാലിച്ച സേവിക്കുന്നതും; ആടലോടകത്തിൻവേര് പടവലം ത്രിഫല വേങ്ങക്കാതൽ വേപ്പിൻതൊലി ഇവകൊണ്ടുള്ള കഷായത്തിൽ ഇവതന്നെ കല്ക്കംചേർത്തു കാച്ചിയെടുക്കുന്ന നെയ്യും കഫാമ്ലപിത്തത്തിനു വിശേഷമാണ്.

സംസൃഷ്ടാമ്ലപിത്തം.

ഉഭയതഃ ഖലു ചിഹ്നമിദം ഭവേൽ
സകഫമാരുതജാതഗദേഷ്വകേ
ഉഭയതോപി ഗതിസ്ഥപിഹ ജായതേ
ഭവതി കൃച്ഛ്രതമം ച സപിത്തകം. ൩൭

കഫവും വായുവുംകൂടി കോപിച്ചുണ്ടാകുന്ന അമ്ലപിത്തത്തിൽ കഫാമ്ലപിത്തത്തിന്റെയും വാതാമ്ലപിത്തത്തിന്റെയും ലക്ഷണം കലർന്നുകാണും. പിത്തമാരുതാമ്ലപിത്തത്തിൽ പിത്തവും വായുവുംകൂടി കോപിച്ചാലുള്ള ലക്ഷണം ഉണ്ടായിരിക്കും. ഇതു വളരെ പണിപ്പെട്ട സാദ്ധ്യമാണ്.

സംസൃഷ്ടാമ്ലപിത്തചികിത്സ.

ഛിന്നാപടോലാബ്ദനിംബാകൃതഃ കഷായഃ
ക്ഷൌദ്രാന്വിതശ്ച ശമയേൽ ഖലു ഭിന്നരൂപം
ഛിന്നാവൃഷധാത്രികകിരാതകൃതസ്തഥൈവ
കഫാഢ്യമ്ലപിത്തമഭിനാശകരശ്ച ലേഹഃ. ൫൯

അമൃത്തു്, പടവലം, വേപ്പിൻതൊലി ഇവകൊണ്ടുണ്ടാക്കിയ കഷായം അറിയാൽ തേൻചേൎത്തു സേവിക്കുക. അമൃത്തു്, ചുക്കു്, മുത്തങ്ങാക്കിഴങ്ങു്, പുത്തരിച്ചുണ്ടവേരു് ഇവ കഷായംവച്ചു് അറിയാൽ തേൻചേൎത്തു സേവിക്കുക; ദ്വന്ദ്വജമായ അമ്ലപിത്തം ശമിക്കും.

ശ്ലേഷ്മപിത്തജമായ അമ്ലപിത്തം.

തമച്ഛൎദ്ദിമൂൎച്ഛാ ശിരോരുക് പ്രസേകോ-
ദവേപക്ത്രമാധുര്യമാലസ്യനിദ്രേ
തഥാ വാതചിഹ്നഃ ശ്ലേഷ്മപിത്തേന സാന്ദ്രോ
പടോലാരിഷ്ടൈർവർദ്ധമാനശ്ച പാകൈർലികാഭിഃ. ൬൦

സധാത്രീഫലൈഃ ക്ഷൌദ്രയുക്തഃ കഷായഃ
പ്രപീതസ്തു സശ്ലേഷ്മപിത്താനിലഘ്നഃ
തഥാ പിപ്പലീഖണ്ഡപാത്രാകൃതോ മോ-
ദകസ്തൽഗുണശ്ചാപ്യദഃ പ്രോക്തോ മുനീന്ദ്രൈഃ. ൬൧

കണ്ണിൽ ഇരുട്ടുകേറുക, ഛൎദ്ദി, മൂൎച്ഛ, തലവേദന, വായിൽക്കൂടി വെള്ളം ഒലിക്കുക, വായിൽ മധുരം തോന്നുക, മടി, സദാ ഉറക്കം, അരുചി ഇവ ശ്ലേഷ്മപിത്താത്താടുകൂടിയ അമ്ലപിത്തത്തിന്റെ ലക്ഷണമാണു്.

തച്ചികിത്സ.

പടവലം, യവം, കൊത്തമ്പാലയരി, തിപ്പലി, നെല്ലിക്കാത്തോടു് ഇവ കഷായംവച്ചു അറിയാൽ തേൻചേൎത്തു സേവിക്കുക; തിപ്പലി, കല്ക്കണ്ടം, കടുക്കാത്തോടു് ഇവകൊണ്ടു മോദകമുണ്ടാക്കി ഭക്ഷിക്കുക; ശ്ലേഷ്മപിത്തജമായ അമ്ലപിത്തം ശമിക്കും.

ജ്വരംബാധിച്ചതുപോലെ ഇരിക്കുന്ന അമ്ലപിത്തം.

ജ്വരാത്മമാത്മാനമിവാത്ര മന്യേ
യം ചാമ്ലപിത്തേ ഖലു ശോധയേത്തം
നരോ ദ്വന്ദ്വേ വാ വമനം പ്രകുൎയ്യാൽ
കണാഗുഡക്ഷീരഘൃതം പിബേച്ച. ൬൨

ജ്വരാത്തനെപ്പോലെ കാണുന്ന അമ്ലപിത്തരോഗിക്കു് ശോധനക്രിയ ചെയ്യണം. അമ്ലപിത്തത്തിന്റെ ആദ്യംതന്നെയോ കുറച്ചു പഴകിയതിനുശേഷമോ ആയാലും ഛൎദ്ദിപ്പിക്കാം. തിപ്പലിപ്പൊടിയിൽ ശൎക്കരയും പാലും നെയ്യുംചേൎത്തു് സേവിക്കയും ചെയ്യാം.

വിദഗ്ദ്ധാമ്ലപിത്തം.

അന്നേജീൎണ്ണേയൽപ്രകോപോഽമ്ലപിത്ത-
സ്യാതുരൈർവൈദ്യൈസ്തദ്വിദഗ്ദ്ധം വിശേഷാൽ
ഭുക്തായാ തത്ര പ്രായശോ വാന്തിരേവ
പീത്വാ കോഷ്ണം നീരമാശു പ്രകുൎയ്യാൽ. ൬൩

അന്നം ദഹിച്ചതിനുശേഷം കോപിക്കുന്ന അമ്ലപിത്തത്തെ വിദഗ്ദ്ധാമ്ലപിത്തം എന്നു പറയുന്നു. അതിനു ഊണുകഴിഞ്ഞതിനുശേഷം വാട്ടവെള്ളം കുടിച്ചു ഛൎദ്ദിപ്പിക്കണം.

ആമാന്നാമ്ലപിത്തം.

സർമ്മൂൎച്ഛിതാന്നം ച മുഖേന ഹീയതേ
സംല്ലിപ്താണ്ണകണ്ഠസ്യ ച ലേപനേന ഹി
വൈരസ്യദന്തഗ്ലാനിപാതനാനി ച
ഹ്യാമാന്നജാമ്ലേ ത്വരുചേശ്ച ചിഹ്നാനി. ൬൪

ഭക്ഷിച്ച അന്നം ദഹിക്കാതെ വലിച്ചു ഛൎദ്ദിച്ചുപോകുക; മൂക്കിലും കണ്ഠത്തിലും ഏതോ പററിയിരിക്കുന്നപോലെ തോന്നുക, രസം അറിയാൻ വയ്യാതാവുക; പല്ലു കൊഴിയുക; അരുചി ഇവ ആമാന്നാമ്ലപിത്തത്തിന്റെ ലക്ഷണമാണു്.

ആമാന്നാമ്ലപിത്തചികിത്സ.

ഹൃദ്യാന്നസ്ഥൈഃ കബളാന്മുഖപത്രേ ധാരയേൽ ഖലു നരോ ബഹുധാ തൽ
ഷാഡ്വികാ വരമസൂരജസൂപൈഃ പഥ്യമത്ര ഗദിതം ചകലായൈഃ. ൬൫

ഹൃദയപ്രിയങ്ങളായ ദ്രവ്യങ്ങൾകൊണ്ടുള്ള കബളങ്ങൾ വായിൽ ധരിക്കുക; ഞവര, ചണംപയറിൻപരിപ്പു്, കടലപ്പരിപ്പു് ഇവയും ആമാന്നപിത്തത്തിൽ ഉപയോഗിക്കാം.

കണ്ഠഗാമ്ലപിത്തം.

പടും ചണ്ഡമാൎത്താണ്ഡദുഗ്ദ്ധേന ഭാവ്യ-
മഖണ്ഡം സഖണ്ഡം തഥാ വാപി ഭുക്തം
ഹരേൽ കണ്ഠഗം പിത്തമുഗ്രം യഥൈവ
ശരോ രാമചന്ദ്രസ്യ രക്ഷോഗണൌഘം. ൬൬

ചുവന്ന അരുളിയുടേയും എരിക്കിന്റേയും കറയിൽ ഭാവന

ചെയ്ത ഇന്തുപ്പ് കല്ക്കത്തോടുകൂടിയോ കൂടാതെയോ സേവിക്കുക; കണ്ഠഗമായ അമ്ലപിത്തം ശമിക്കും.

യവാഷകൈരണ്ഡജടാഗ്നിജൈഃ ശൃതഃ
കഷായോയവൈരത്ര നിപീത ഏവ ച
സകോഷ്ഠദാഹം സരുജം തഥാമ്ല-
പിത്തം നിഹന്ത്യാശു ന കാപി ശങ്കാ. ൪൭

കൊടിത്തൂവവേര് വെളുത്താവണക്കിൻവേര കൊട്ടവേലിക്കിഴങ്ങ് യവം ഇവകൊണ്ടുള്ള കഷായം സേവിച്ചാൽ കോഷ്ഠദാഹം വേദന ഇവയോടുകൂടിയ അമ്ലപിത്തം ശമിക്കും.

കണ്ഠദാഹത്തെ ഉണ്ടാക്കുന്ന അമ്ലപിത്തത്തിന്റെ ചികിത്സ.

ഹരീതകീഗോസ്തനികായവാഷാഃ
കണാമധുഭ്യാം സിതയാ സമേതാഃ
നിഘ്നന്തി കണ്ഠസ്യ ച ദാഹമേതാഃ
പിത്തം തഥാ ശ്ലേഷ്മയുതം ന ചിത്രം. ൪൮

കടുക്ക കൊടിത്തൂവവേര് തിപ്പലി ഇവ പൊടിച്ചു മുന്തിരിങ്ങയും തേനും പഞ്ചസാരയും ചേർത്തു സേവിക്കുക; കണ്ഠദാഹം ശ്ലേഷ്മപിത്തം ഇവ ശമിക്കും.

ഛർദ്ദിയെ ഉണ്ടാക്കുന്ന അമ്ലപിത്തത്തിന്റെ ചികിത്സ.

ഗുഡൂചികാരിഷ്ടപടോലപത്രൈഃ
ഫലത്രയേണാപി കൃതഃ കഷായഃ
ക്ഷൌദ്രാന്വിതഃ ഛർദ്ദിഗതം നിഹന്യാ-
ദത്യമ്ലപിത്തപ്രഭവം വിശേഷാൽ. ൪൯

അമൃത് വേപ്പിൻതൊലി പടവലം പച്ചില ത്രിഫല ഇവകൊണ്ടുള്ള കഷായം തേൻചേർത്തു സേവിച്ചാൽ അമ്ലപിത്തോത്ഭവമായ ഛർദ്ദി ശമിക്കും.

ശീതപിത്തലക്ഷണം.

സ്പർശാച്ച ശീതസ്യ പ്രഭഞ്ജനസ്യ
ദുഷ്ടാവുഭൌ ശ്ലേഷ്മസദാഗതീ ച
വിസർപ്പതശ്ചാന്തരതോ ബഹിശ്ച
പിത്തേന ശോഫോപചിതാംഗശാൽ. ൫൦
തോദേന കണ്ഡൂജ്വരദാഹഛർദ്ദി-
യുക്തഃ സദായാതഭവം വിശേഷാൽ
തം ശീതപിത്തം ച ഗുഡാമലാഭ്യാം
സിതാമധുഭ്യാം ച ജയേന്മനുഷ്യഃ. ൫൧

തണുത്ത കാറ്റേൽക്കുകയാൽ കഫവും വായുവും ദുഷിച്ച് പിത്തത്തോടുകൂടിച്ചേർന്ന് അന്തർഭാഗത്തിൽ സഞ്ചരിച്ച്, ബാഹിർഭാഗത്തിൽ തൊലിയിലും വ്യാപിച്ചു കടന്നൽ കടിച്ചതുപോലെ നീരുണ്ടാക്കും. കുത്തിനോവ് ചൊറിച്ചിൽ ജ്വരം സന്താപം ഛർദ്ദി ഇവയും ഉണ്ടായിരിക്കും. വിശേഷിച്ചും ഇതിങ്കൽ വാതകോപം അധികമായിരിക്കും.

ശീതപിത്തചികിത്സ.

നെല്ലിക്കാത്തോടുപൊടിച്ചു ശർക്കരയുംചേർത്തു സേവിക്കയോ; തേനും പഞ്ചസാരയും ചേർത്തു സേവിക്കയോ ചെയ്താൽ ശീതപിത്തം ശമിക്കും.

വേറൊരു യോഗം.

പിബേദജായവാനീം ച സക്ഷാരകാം തൈ।
തഥാര്യ്യോഷയുക്താം ഹിതദാമനുഷ്യഃ
സസിദ്ധാത്ഥരാത്രിപ്രപുന്നാടജീരൈ-
രഥോദ്വർത്തനം സാർഷപൈസ്സിദ്ധതൈലൈഃ. ൫൨

ജീരകവും ചവക്കാരവുംകൂടിയോ ജീരകവും ചുക്കുമുളകുതിപ്പലിയും കൂടിയോ കഷായംവച്ചു കുടിക്കുക. കടുക് മഞ്ഞൾ തകരയരി ഇവ പൊടിച്ചു കടുകെണ്ണയിൽ കുഴച്ചു തിരുമ്മുക; ഇവ ശീതപിത്തത്തിനു നല്ലതാണ്.

ഉദർദ്ദലക്ഷണം.

സോൽസംഗയുക്തൈശ്ച സരാഗകണ്ഡൂ-
യുതൈസ്തഥാ മണ്ഡലകൈരനേകൈഃ
സശൈശിരശ്ചാധികതോ വലാസാ-
ദുദർദ്ദരോഗഃ കഥിതോ മുനീന്ദ്രൈഃ. ൫൩

ചുമപ്പ് ചൊറിച്ചിൽ ഉയർച്ച, ഇവയോടുകൂടിയ മണ്ഡലങ്ങൾ (വട്ടത്തിലുള്ള തടിപ്പ്.) ഉണ്ടാകും. ഇതാണ് ഉദർദ്ദം. ഇതിങ്കൽ കഫകോപം അധികമായിരിക്കും. പ്രായേണ ശിശിരകാലത്തിലാണ് ഇതുണ്ടാകുന്നത്. തണുപ്പേറ്റു കഫം കോപിക്കുന്നതാണു കാരണം.

ഉദർദ്ദചികിത്സ.

സദീപ്യം ഗുഡം മസ്തുനായസ്തപാദേ-
ത്തഥോഷ്ണാന്നഭുക്സപ്തഭിർവാസരൈശ്ച
പ്രമുക്തോ ഭവേച്ചാപ്യുദർദ്ദാഖ്യരോഗാ-
ന്നചിത്രം മഹാവൈദ്യഭൂപപ്രയുക്തം. ൫൪

അജമോദകം പൊടിച്ച് ശക്കരയുംചേത്ത് തൈരിൻവെള്ളത്തിൽ കലക്കി കറിക്കായും കൂട്ടുള്ള ചോറുണ്ണുകയും ചെയ്താൽ ഏഴ് ദിവസംകൊണ്ട് ഉദർദ്ദരോഗം വിട്ടുമാറും. ഇത് മഹാവൈദ്യന്മാർ പ്രയോഗിച്ചു ഫലം കണ്ടിട്ടുള്ളതാണ്.

രാസ്നാശചഗന്ധാദി.

രാസ്നാ ശചഗന്ധാത്രിഫലാവശാകാഹ്വാ-
യവാനികാഹിംഗുടിവൈഷകകാദ്യൈഃ
ഉദർദ്ദരോഗപ്രശമായപേയഃ
കഷായസ്തു സദ്യോ മുനയോവദന്തി. ൫൫

അരത്ത അമൃക്കരം ത്രിഫല ചതകുപ്പ ജീരകം ദേവതാരം ഇവ കഷായംവെച്ചു കായം മേമ്പൊടിചേത്ത് സേവിച്ചാൽ ഉദർദ്ദരോഗം ശമിക്കും.

കോഠലക്ഷണവും ചികിത്സയും.

അസമ്യഗ്വമേദ്ദോനോദീർണ്ണപിത്ത-
ശ്ലേഷ്മാന്നനിഗ്രഹൈശ്ച
മണ്ഡലാന്യതികണ്ഡൂനി രാഗവന്തി ബഹൂനി ച
മധോചാത്മ്യശീതസേവനൈർവർഷകാലേ. ൫൬

ഉത്കോഠരോഗോത്രവൈ വമനവാനി
സകണ്ഡൂനി രാഗാനചിതാന്യാശുജാനി
ക്ഷണോൽപ്പത്തിനാശാനി നിംബസ്യപത്രൈർ-
നിഹന്യാദ്ഘൃതേനാത്രധാത്രീഫലാദ്യൈഃ. ൫൭

വിസ്ഫോടകോഠകൃമിരോഗസശീതപിത്ത-
കണ്ഡൂംചപിത്തസഹിതാംചകഫംനിഹന്യാൽ
നിംബച്ഛദാമലകഗോഘൃതപാനതശ്ച
പ്രായശ്ചവൈദ്യധരണീപതയോവദന്തി. ൫൮

വമനക്രിയ വേണ്ടപ്പോൾ ചെയ്യായ്കകൊണ്ടും, വേണ്ടപോലെ ചെയ്യായ്കകൊണ്ടും, വർദ്ധിച്ചിരിക്കുന്ന കഫപിത്തങ്ങളെ തടുക്കുകകൊണ്ടും, അന്നങ്ങളെ തടുക്കുകകൊണ്ടും, കാടി ചുത്തപ്പുളി ഉപ്പ് ചെങ്കടുക് ഇവ വർഷകാലത്തിൽ സേവിക്കുകകൊണ്ടും കോഠരോഗം ഉണ്ടാകും. ഈ കോഠരോഗത്തിന്റെ ചൊറിച്ചിൽ ചുവപ്പ് ഇവയോടുകൂടിയ വട്ടത്തിലുള്ള തടിപ്പുകൾ ഉണ്ടായിരിക്കും. ഇവ എളുപ്പം ജനിക്കുകയും നശിക്കുകയുംചെയ്യും. വേപ്പിലയും നെല്ലിക്കാത്തോടുംകൂടി അരച്ചു ദേഹത്തുതേച്ചാൽ വിസ്ഫോടം കോഠം കൃമിരോഗം ശീതപിത്തം ചൊറിച്ചിൽ പിത്തകഫങ്ങൾ ഇവശമിക്കും.

വേപ്പിലയും നെല്ലിക്കയുംകൂടി പൊടിച്ചു നെയ്യിൽ കുഴച്ചു സേവിക്കുന്നതും മുൻപറഞ്ഞ രോഗങ്ങൾക്കു നല്ലതാണ്.

ഉൽകോഠം.

കോഠശ്ചിരസ്ഥശ്ചഭവേന്നിതാന്ത-
മുൽകോഠരോഗഃ കഥിതോമുനീന്ദ്രൈഃ
തത്രാർദ്രകംപ്രസ്ഥമിതംഗവീനാം
ഘൃതംചതദ്വൽകുഡവദ്വയംഹി. ൫൯

ഗോദുഗ്ദ്ധപ്രസ്ഥദ്വിതയം ചഖണ്ഡ-
മസ്യാർദ്ധഭാഗം മഗധാനലൌച
ശുണ്ഠീവിഡംഗാഭ്രകനാഗജടാഭി-
സ്ത്വക്പത്രകച്ചൂരസനാഗപുഷ്പൈഃ. ൬൦

മാരീചചൂർണ്ണൈശ്ചപലൈഃപലൈശ്ച
വിധായപാകംഹിഗുരൂക്തയുക്ത്യാ
പ്രാതർഭജേൽകോഠഗദാംസശീത-
പിത്തംതഥോൽകോഠഗദംനിഹന്തി. ൬൧

യക്ഷ്മാഗദം ശ്വാസഗദം സകാസം
ശോഫംകൃമീൻ വാതജഗുല്മമുഗ്രം
തഥാപ്യുദാവർത്തഗദംസരക്ത-
പിത്തം ചകണ്ഡൂനപഹന്തിശീഘ്രം. ൬൨

കോഠം വളരെക്കാലം വിടാതെനിന്നാൽ അത് ഉൽകോഠമാകും. ഇഞ്ചിനീര് ഇടങ്ങഴി; പശുവിൻനെയ്യ് ഇരുനാഴി, പശുവിൻപാൽ രണ്ടിടങ്ങഴി കല്ക്കണ്ടം ഒരിടങ്ങഴി (ഒന്നരപലം) തിപ്പലി കൊടുവേലിക്കിഴങ്ങ് ചുക്ക് വിഴാലരി മുത്തങ്ങാക്കിഴങ്ങ് തിപ്പലിവേര് ഇലവർങ്ഗം, പച്ചില കച്ചോലം നാഗപ്പൂവ് നല്ലമുളകിൻപൊടി ഇവ ഓരോപലം വീതം എല്ലാംകൂടി യോജിപ്പിച്ച് ഗുരൂപദേശപ്രകാരം പാകംചെയ്ത് അതിരാവിലെ സേവിക്കുക. യക്ഷ്മാവ് ശ്വാസം കാസം നീര് കൃമികൾ വാതഗുല്മം ഉദാവർത്തം രക്തപിത്തം കണ്ഡു ഇവ ശമിക്കും.

കുഷ്ഠംനിംബാശ്വഗന്ധാമരതരുസനാശിഗ്രുധാന്യംസചവ്യം
ചണ്ഡാദൂർവ്വാപടോലൈലരപിരജനിയുഗേനാനചിതൈഃസഷഡ്വൈശ്ച
അമ്ലാഭിസ്ഥംബുരൈസ്സ്വമഥിതയുതതൈഃപേഷ്യമുദ്വർത്തിതാസ്യം
പൂർവ്വംതൈലാക്തദേഹേ ശമയതിസഹസാകോഠസോൽകോഠശോ-
ഫാൻ. ൬൩

കൊട്ടം വേപ്പിൻതൊലി അമുക്കരം ദേവതാരം അരത്ത മുരിങ്ങ

ത്തൊലി കൊന്നപ്പാലവള്ളി കാട്ടുമുളകിന്റെ വേര് ചന്ദനക്കിഴങ്ങ് ചെറുകുറുക പടവലം മഞ്ഞൾ മരമഞ്ഞൾ കടുക് ത്രപ്പൂണിഫലം (ഇതിനുപകരം ഞാഴൽപ്പൂവാണ് ചേർക്കുന്നത്) ഇവ പൊടിച്ച് മോരിൽ അരച്ച് മുമ്പിൽ എണ്ണ തേച്ചിരിക്കുന്ന ദേഹത്തിൽ ഉദ്വർത്തനം ചെയ്യണം (തിരുമ്മിപ്പിടിപ്പിക്കണം) കോറം ഉൽകോറം ശോഫം ഇവ ശമിക്കും.

പിത്തപ്രകോപം.

കണ്ഡ്വമർൽപിടകാന്വിതം നടിഭേദശ്വാസാത്രം ഹ്യാഭോജനാ-
ദ്ദ്രുതേന വിളംബകേന സഹസാ പിത്തപ്രകോപോ ഭവേൽ
തന്നാശായ ശിവാഫലം സമരിചം ധാത്രീഫലം വാ ശിതം
ലേപോ ഗൈരികതൈലജശ്ച കഥിതഃ പ്രായോമുനീനാം ഗണൈഃ. ൧൪

ഭോജനത്തിന് വളരെ താമസം വരികയാൽ പിത്തം കോപിക്കയോ ദേഹത്തിൽ ചൊറിച്ചിൽ പൊട്ടച്ചുണങ്ങ് കുരുക്കൾ ഉണ്ടാകുകയോ ചെയ്താൽ അതിന്റെ ശമനത്തിനായി കടുക്കയോ നെല്ലിക്കയോ സമം പഞ്ചസാര ചേർത്തു ഭക്ഷിക്കണം. കാവിമണ്ണ് എണ്ണയിൽ കുഴച്ചു തേച്ചാലും മതിയാകുന്നതാണ്.

പിത്താധിക്യലക്ഷണം.

തൃഷ്ണാധിക്യം സ്യാച്ച നിദ്രാധികത്വം
പീതാക്ഷിത്വം സ്യാച്ച രക്താക്ഷികത്വം
ക്രോധാധിക്യാന്യാൽ ക്രമാച്ഛീതളേച്ഛാ
പിത്താധിക്യാല്ലക്ഷണം ബോധ്യമേതൽ. ൧൫

തണ്ണീർദാഹത്തിന്റെ അധിക്യം വളരെ ഉറക്കം കണ്ണിനു മഞ്ഞനിറമോ ചുവപ്പോ ഉണ്ടാകുക കോപാധിക്യം ക്രമേണ ശീതളവസ്തുവിൽ ആഗ്രഹം ഇവ പിത്തം അധികമായി കോപിച്ചാൽ ഉണ്ടാകുന്ന ലക്ഷണമാണ്.

പിത്താധിക്യചികിത്സ.

തിക്തൈഃ കഷായൈ രജനീശരാത്രി-
ശീതാനിലൈർഭ്രമഗൃഹയന്ത്രനീരൈഃ
സ്ത്രീഗാത്രസംസ്പർശപയോഘൃതൈശ്ച-
ചരാമാവിരേകൈർവ്യജനാനിലൈശ്ച. ൧൬

സുസ്വാദിഭിർഭോജനസേകമേതൈഃ
പാനൈർവിചിത്രൈരപി രക്തമോക്ഷൈഃ
നാനാലതാവൃക്ഷപ്രസൂനഗന്ധൈഃ
പിത്തപ്രകോപം ചരന്ദേൽ പ്രദേഹൈഃ. ൧൭

തിക്തരസങ്ങളായും ചവർപ്പുരസങ്ങളായും ഇരിക്കുന്ന വസ്തുക്കൾ ഉപയോഗിക്കുക; ചന്ദ്രരശ്മി രാത്രിയിലുള്ള ശീതവായു ഇവ ഏൽക്കുക; ഗൃഹാന്തർഭാഗത്തിലുള്ള ധാരായന്ത്രങ്ങളിൽനിന്നും വരുന്ന വെള്ളത്തുള്ളികൾ ഏൽക്കുക; സ്ത്രീകളുടെ ശരീരസ്പർശം അനുഭവിക്കുക. പാൽ നെയ്യ് ഇവ ശീലിക്കുക തണുപ്പിക്കുക, വയറിളക്കുക, വിശറിയുടെ കാറ്റേൽക്കുക, സ്വാദുള്ള ഭോജനങ്ങൾ ഭക്ഷിക്കുക, വെള്ളംകൊണ്ടു പരിഷേകം ചെയ്യുക, കാറ്റേൽക്കുക, പലവിധത്തിലുള്ള പാനങ്ങൾ ഉപയോഗിക്കുക, രക്തം പിഴിഞ്ഞുകളയുക, പലവിധത്തിലുള്ള വള്ളികളുടെയും വൃക്ഷങ്ങളുടെയും പൂക്കളുടെ മണം ഏൽക്കുക, പിത്തഹരങ്ങളായ ഔഷധങ്ങൾ ദേഹത്തിൽ തേക്കുക, ഇവ കൊണ്ടാകയും പിത്തപ്രകോപം ശമിക്കും.

പിത്താന്തകരസം.

സൂതാഭ്രകഗന്ധകാക്സ്യശിക്ഷ്ണതാലൈ-
ർമ്മാക്ഷീകത്രൈവ്യൈരപിലൈർമ്മൃതൈശ്ച
തുല്യേന ഗന്ധേന സമം വിമർദ്ദ്യ
സപ്തീകൃദ്രാക്ഷാമൃതജാംബുനീരൈഃ. ൧൮

വാശാരസൈസർഗ്ഗോപയസാവിദാരീ-
ദ്രാവൈർദ്വിനൈകം ച സിതാമധുഭ്യാം.
മാഷപ്രമാണാവടികാപ്രഭക്താ
പിത്തം ച പിത്തജ്വരദാഹശോഷാൻ. ൧൯

ക്ഷയം ഭ്രമം ചാപി നിഹന്തി പിത്ത-
ജാതാൻ വികാരാൻ നിഖിലാനജസ്രം
പിത്താന്തകാനാമരസഃ പ്രസിദ്ധഃ
സദ്വൈദ്യനിരുക്തോ വരവൈദ്യമുഖ്യൈഃ. ൨൦

മാരിതവും ശോധിതവുമായ രസം, അഭ്രകം ഇരുമ്പ് താമ്രം കാന്തം ഹരിതാലം ഇവ സമം എല്ലാത്തിനും സമം ഗന്ധകം എല്ലാംകൂടി മർദ്ദിച്ച് ഇരട്ടിമധുരം മുന്തിരിങ്ങ അമൃത് ഇവയുടെ കഷായത്തിലും ആടലോടകത്തിലയുടെ നീരിലും പാലിലും പാൽമുതുക്കിൻ കഷായത്തിലും പ്രത്യേകം ഓരോദിവസം അരച്ച് ഉഴുന്നിൻപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി സേവിക്കുക, പിത്തം പിത്തജ്വരം ദാഹം ശോഷം ക്ഷയം തലകറക്കം ഇവയും പിത്തജങ്ങളായ സകലവികാരങ്ങളും നശിക്കും. ഈ രസത്തിനു പിത്താന്തകരസം എന്നുപേർ.

അമ്ലപിത്തോപദ്രവങ്ങൾ.

ക്രോധസ്തമോദർശനവാന്തിശോഷ-
ദാഹാല്പനിദ്രാപലിതഭ്രമാശ്ച
സധൂമകോദ്ഗാരസലോമഹർഷാ-
ഉപദ്രവാശ്ചാമ്ലകപിത്തജാതാ. ൨൧

കോപം അന്ധകാരദർശനം ഛർദ്ദി ശോഷം സർവാംഗസന്താപം അല്പനിദ്ര ജരാശൌക്ല്യം തലകറക്കം പുകഞ്ഞുതികട്ടുക ഇതുമ്പി ന്റെ മണംതോന്നുക ഇങ്ങനെ പത്തുപദ്രവങ്ങൾ അമ്ലപിത്തത്തിൽ ഉണ്ടാകും.

അസാദ്ധ്യലക്ഷണം.

നവാമ്ലപിത്തം ഖലു യത്നസാദ്ധ്യം ജീർണ്ണം ച യാപ്യം ബഹുസൂത്ര്യ പശ്ചാൽ
പരം ച മൃത്യുപ്രദമമ്ലപിത്തമിദം പരിസർവ്വേ ഭിഷജോ വദന്തി. ൨൨

ഉണ്ടായിട്ട് വളരെക്കാലമാകാത്ത അമ്ലപിത്തം പ്രയാസപ്പെട്ട് സാധിക്കാം. പഴകിയ അമ്ലപിത്തം യാപ്യമാകുന്നു. ൧൨. വൎഷം കഴിഞ്ഞ അമ്ലപിത്തം മൃത്യുപ്രദമാകുന്നു

അമ്ലപിത്തം വിട്ടുമാറിയാലുള്ള ലക്ഷണം.

തൃപ്തിഃ പിപാസാ ലഘുതാസുനിദ്രാ
സുഖോദയസ്സത്വസമുദ്ഭവശ്ച
ശാന്താമ്ലപിത്തസ്യ ച ലക്ഷണാനി
ശ്രീസുശ്രുതാദ്യാമുനയോ വദന്തി. ൨൩

സംതൃപ്തി വെള്ളം കുടിക്കണമെന്ന തോന്നൽ, ദേഹലാഘവം നല്ല ഉറക്കം സുഖവും ബലവും ഉന്മേഷവുമുണ്ടാകുക, ഇവ അമ്ലപിത്തം ശമിച്ചാലുള്ള ലക്ഷണങ്ങളാകുന്നു.

ആയുർവേദദുഗ്ദ്ധസിന്ധും പ്രമത്ഥ്യ-
കാശീനാഥോയച്ചികിത്സാമൃതം ച
തത്തൽസേവ്യം പിത്തരോഗപ്രശാന്ത്യൈ
വിദ്വദ്വന്ദ്യൈർവ്വൈദ്യവൎയ്യൈർവ്വിലോക്യം. ൨൪

ആയുർവേദമാകുന്ന പാൽക്കടൽ കടഞ്ഞ് കാശീനാഥൻ ചികിത്സയാകുന്ന ഏതൊരു അമൃതിനെ പ്രദർശിപ്പിച്ചിരിക്കുന്നുവോ, വിദ്വദ്വന്ദ്യന്മാരായ വൈദ്യശ്രേഷ്ഠന്മാരാൽ വിലോകനീയമായ ആ അമൃതിനെ അമ്ലപിത്തപ്രശാന്തിക്കായിക്കൊണ്ട് സേവിക്കണം.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
അമ്ലപിത്താധികാരം എന്ന
൧൮-ാം സ്തബകം കഴിഞ്ഞു.

ഏകോനവിംശസ്തബകം.

കഫാധികാരം.

ചന്ദ്രാൎദ്ധശേഖരമഹീനവിഭൂഷണാഢ്യ-
മംബാൎദ്ധദേഹമിഭവക്ത്രഷഡാനനാങ്കം
സാംബം ച താതമനിശം ഹൃദിപ്രണമ്യ നാമ്യക്
കുർവ്വേ കഫോത്ഥഗദകാരണസച്ചികിത്സാം. ൧

സർപ്പശ്രേഷ്ഠനാകുന്ന അലങ്കാരംകൊണ്ട് പ്രകാശിതനും പാൎവ്വതിയ്ക്കു പകുതി ദേഹംകൊടുത്തവനും, ഗണപതിയേയും സുബ്രഹ്മണ്യനേയും മടിയിൽ ധരിച്ചവനും ആയ ശ്രീപരമേശ്വരനേയും; ജനനിയേയും താതനേയും വന്ദിച്ച് കഫരോഗത്തിന്റെ കാരണം ചികിത്സ മുതലായവയെ പറയാൻപോകുന്നു.

കഫവ്യാധികളുടെ സാമാന്യനിദാനം.

നിശ്ചേഷ്ടതാഭിരദാരാഗ്നികൃശസ്യജന്തോഃ
സ്നിഗ്ദ്ധൈരസൈശ്ച ഗുരുഭിർമ്മധുരൈശ്ച ദ്രവ്യൈഃ
ദ്രാവൈർദിനസ്യശയനൈർദ്ദധിഭോജനൈശ്ച-
ശ്ലേഷ്മാപ്രകുപ്യതി മധ്യേ ദിനാദിയാമേ. ൨

ജഠരാഗ്നി കുറഞ്ഞിരിക്കുന്നവനു, ഒരു പ്രവൃത്തിയും എടുക്കാതിരിക്കുക; സ്നിഗ്ദ്ധരസങ്ങളുപയോഗിക്കുക; ഗുരുക്കളും മധുരങ്ങളും ആയ സാധനങ്ങൾ ശീലിക്കുക; പാൽകുടിക്കുക, പകലുറങ്ങുക; തൈരുകൂട്ടിക്കുക; ഇവയെല്ലാം കൊണ്ട് വസന്തകാലത്തിലും പകലിന്റെ ആദ്യയാമത്തിലും കഫം കോപിക്കുന്നു.

കഫപൂർവ്വരൂപം.

പ്രസേകോഭവേദക്രമാധുര്യമാശു
തഥാഗൗരവാലസ്യനിശ്ചേഷ്ടിതാശ്ച.
ബലാസേഭവിഷ്യന്ത്യമീ സർവ്വരോഗാഃ
പുരസ്താൽ പ്രകൃഷ്ടാദ്യഥോത്രുപമസ്യ. ൩

വായിൽകൂടിവെള്ളംവരിക, വായ്മധുരിക്കുക; ദേഹത്തിനു കനം തോന്നിക്കുക; മടി, ഒന്നുംതന്നെ പ്രവൃത്തിക്കാൻ ഉന്മേഷമില്ലാതാകുക; ഇവ കഫരോഗത്തിന്റെ പൂർവ്വരൂപമാകുന്നു. ഇനിയും കഫരോഗലക്ഷണം പറയപ്പെടുന്നു.

കഫരോഗലക്ഷണം.

അംഗേഷുഗൌരവമപാടവമന്തരാഗ്നേ-
സ്തോദസ്തതോഽഥ ശിരസശ്ചസഗൈത്യകാശ്ച

സ്വേദോൽഗമഃ കഫഗദസ്യ ച രൂപമേതദ്
ഗ്ലാനിർഗ്ഗുരുത്വമപി ച കണ്ഡൂഗദസ്തഥൈവ. ൪

ദേഹഗൌരവം, അഗ്നിമാന്ദ്യം, കുത്തിനോവു് തലയ്ക്കുകനപ്പു്, വിയപ്പു്, തളച്ച്, ചൊറിച്ചിൽ ഇവ കഫരോഗലക്ഷണങ്ങളാണു്.

കഫരോഗത്തിൽശീലിക്കേണ്ടതു്.

രൂക്ഷൈഃ ക്ഷാരൈഃ കഷായൈഃ കടുഭിരുപവസനൈർ
നസ്യധൂമോപസേവാ-
വ്യായാമൈർമ്മൈഥുനൈർവ്വാദിനകരകിരണൈഃ
സ്വേദയുദ്ധാംബുകേളീഃ
രൂക്ഷാഹാരോജ്ജാഗരം വാ സ്വപനമപി ദിനേ
ഛാഗമാംസാശനൈർവ്വാ
പാനാഹാരൈർവ്വിഹാരൈഃ കഫഗദമഖില-
മ്മൈർവ്വൈദ്യമുഖ്യപ്രയുക്താഃ. ൫

രൂക്ഷങ്ങളായും ക്ഷാരങ്ങളായും കഷായരസങ്ങളായും ഇരിക്കുന്ന പദാർത്ഥങ്ങൾ ഭക്ഷിക്കുക; ഉപവസിക്കുക; ഛർദ്ദിക്കുക; ധൂമം, പാനം, വ്യായാമം, മൈഥുനം ആദിത്യരശ്മി ഏറ്റുകൊണ്ടുള്ള സ്വേദം, യുദ്ധം, ജലക്രീഡ, ഇവ ചെയ്യുക; തണ്ണീർദാഹം തടുക്കുക; പകലൊരിക്കലും ഉറങ്ങാതിരിക്കുക ആട്ടിൻമാംസം ഉപയോഗിക്കുക, കഫരോഗത്തെ കളയുന്ന പാനാഹാരവിഹാരങ്ങളെ ചെയ്യുക, ഇവ കഫരോഗി ശീലിക്കണം.

കഫരോഗചികിത്സ.

ഉഗ്രാഹിംഗുഗ്രന്ഥഭംജഗച്ഛ്രിതിശിവാമൂലം സകുഷ്ഠംതഥാ
പിഷ്ടാ ചാഥപരംക്രമോത്തരഗുണംചൂർണ്ണം ത്രിഭാഗൈരപി
രോഗായേബഹുശോവലാസജനിതാഃ പ്രായസ്തഥൈവാംശതി-
സ്തേഷാംനാശനമത്ര വൈദ്യധരണീ പാലോദിതംതൽക്ഷണാൽ. ൬

വയമ്പു് കായം ശക്കര ചുക്ക് കൊട്ടംചിക്കിഴങ്ങ് കടുക്കത്തിപ്പലിമൂലം കൊട്ടം ഇവ എല്ലാം ക്രമേണ വർദ്ധിപ്പിച്ചു് എടുത്തു് (വയമ്പു് ൧-കായം-൨-ശക്കര-൩-ഈക്രമത്തിൽ) അരച്ചു് മോരിൽ കുടിക്കുക. കഫജനിതങ്ങളായ സകലരോഗങ്ങളും ക്ഷണത്തിൽ ശമിക്കും.

യവാനീയോഗം.

ബ്രഹ്മദർഭസിന്ധുജീരത്ര്യൂഷണംസമംസമം
പിബേച്ച തക്രയോഗതഃ കഫോത്ഥരോഗനാശനം. ൭

അയമോദകം (കുറാശാണി)ഇന്തുപ്പു് ജീരകം ചുക്ക മുളക തിപ്പലി ഇവ സമാംശം എടുത്തുപൊടിച്ചു് മോരിൽ സേവിക്കുക. കഫരോഗം ശമിക്കും.

രസംകാകമാചീഭവം പായയിത്വാ
ഗുഡൈഃ പീതമാശു കഫാപായമാഹുഃ. ൮

കരിന്തക്കാളിയുടെനീരും ചുക്കും ശർക്കരയും കൂടി സേവിച്ചാൽ കഫരോഗം ശമിക്കും. (കാകമാചിയ്ക്കു് മണിത്തക്കാളി എന്നു് ഔഷധി നിഘണ്ടുവിൽ ഭാഷ കാണുന്നു.)

രാസ്നാചൂർണ്ണം കർഷമേകംഘൃതേന
പീതം ഹന്ത്യാച്ഛ്വാസരോഗം കഫോത്ഥം
യദ്വാജീർണ്ണം മദ്യമേവാശു പീതം
തദ്വൽ കുർയാജ്ജാഠരാഗ്നേശ്ച ദീപ്തിം. ൯

അരത്തയുടെപൊടി ൧ കഴഞ്ചുവീതം നെയ്യിൽ കുഴച്ചു സേവിച്ചാൽ കഫംകൊണ്ടുള്ള ശ്വാസരോഗം ശമിക്കും. പഴകിയ മദ്യം പാനംചെയ്താൽ ഉദരാഗ്നിക്കു് ദീപ്തിയുമുണ്ടാകും.

വേറൊരുയോഗം

ജന്തുഘ്നീല്ലോകബാദ്ധ്വീഹീകപിപ്പലീപടുസർജ്ജികാഃ
രാസ്നയാസംയുതാഃ പീതാഃ കഫഘ്ന്യശ്ചാഗ്നിദീപകാഃ. ൧൦

വിഴാലരി ചുക്ക് കായം തിപ്പലി ഇന്തുപ്പു് തുവർച്ചിലക്കാരം അരത്ത ഇവ പൊടിച്ചു നെയ്യിൽ കുഴച്ചു സേവിക്കുക; കഫരോഗം ശമിക്കും; അഗ്നിയും വർദ്ധിക്കും.

മറ്റൊരുയോഗം.

ചിരകാലഭവാമദിരാപ്രഥിതാകഫരോഗഹരീപ്രവരാഗദിതാ
സകലാശനപാചനികാ വിദിതാജഠരാനലവൃദ്ധികരീകഥിതാ. ൧൧

വളരക്കാലം പഴകിയമദ്യം കഫരോഗഹരണത്തിൽ ശ്രേഷ്ഠമാണു്. സകല ഭക്ഷണസാധനങ്ങളേയും പചിക്കും. അഗ്നിവൃദ്ധിയെ ഉണ്ടാക്കുകയുംചെയ്യും.

അന്യയോഗം.

ബലിംശുദ്ധമേകം ച കർഷപ്രമാണം
ഘൃതൈർവ്വോഷ്ണനീരൈഃ പിബേദ്വാസ്തവിദ്വാൻ
കഫവ്യാധിനാശം ലഭേദാശുനിത്യം
തഥാക്ഷൌദ്രയുക്തോരസഃ പാശുവക്ത്രഃ. ൧൨

ശുദ്ധിചെയ്ത ഗന്ധകം മൂന്നുകഴഞ്ചുവീതം നെയ്യിലോ ചൂടുവെള്ളത്തിലോ സേവിക്കുകയോ ആടലോടകരസവും തേനുംകൂടി സേവിക്കുകയോ ചെയ്താൽ കഫരോഗം ശമിക്കും.

അപരയോഗം.

ദാറനശ്രുതംവാ പുടവിധിജംവാ
വൃഷദളനീരം കഫാറരധീശം
വരമധുയുക്തം ഫരതിനിപീതം
ഉഷസികഫോത്ഥം ബഹുഗദയൂഥം. ൫൩

ആടലോടകത്തില വാട്ടിപ്പിഴിഞ്ഞെ പുടപാകരീതിയിലോ നീരെടുത്ത് ചെറുതേനുംകൂട്ടി രാവിലെ സേവിച്ചാൽ കഫരോഗങ്ങളെല്ലാം ശമിക്കും.

മൃദാനനീരഭാവിതംപടും ചസപ്തവാരകം
സുവർണ്ണപകചസൽഫലേ പുരോപുടട്ടമാഷകം
ഭജേച്ചവർണ്ണമല്പശം ററരിപ്പിവാനരതഥാ
വിചിത്രയോഗ ഈരിതോവലാസകാസനാശനഃ. ൫൪

ഇന്തുപ്പ് വൃദ്ധിയുടെനീരിൽ ഏഴ്ദിവസം ഭാവനചെയ്ത് ഉമ്മത്തിന്റെ പഴുത്ത കായ്ക്കകത്തുവച്ച് പുടംചെയ്ത് ഉഴുന്നിൻപ്രമാണം തുളസിനീരിൽ സേവിച്ചാൽ കഫരോഗങ്ങൾ ശമിക്കും.

മന്മഥാനന്ദഭൈരവരസം.

മൃതംസൂതംതാമ്രം ബലികടുകബാലീവചീകസാധിതം
പട്ടംതാലംതപ്രേദമംവരഭാഷീനാവാനാലൈഃ
സുനിഗ്ദ്ധസന്ധീകോശാതഗിരിവനോരസൈസ്തികടനൈർ-
ദ്ദിനൈകംസംമർദ്ദ്യം ദ്രവതരമയംഭൈരവരസഃ. ൫൫

ലിഹേന്മാഷമാത്രം മധൂകതംനിതാന്തം
സമന്മഥാനകം ഭൈരവംത്രികംജീവീരൈഃ
ശ്വൈത്വിംശതിശ്ശ്ലേഷ്മവാതദോസ്ത-
വിനശ്യന്തിസദ്യോപി നിത്യം നിഷേവ്യ. ൫൬

മാരിതവും ശോധിതവും ആയ രസം ചെമ്പ് ഗന്ധകം കരിങ്ങട്ടക് കായം ഇന്തുപ്പ് വശതാവം ദേവതാളി തഴിഴാമവേര് ഇവപൊടിച്ച് കരിനൊച്ചി കാട്ടുപീച്ചിൽ ഇവയുടെ നീരിലും മുരങ്ങയുടെ രസത്തിലും പടവലത്തിന്റെ നീരിലും അരത്തകഷായത്തിലും ഓരോ ദിവസം അരച്ച് ഉഴുന്നിൻപ്രമാണം ഗുളികയുരുട്ടി ഉണക്കി തേനിലോ കോവയും കണവീരവുംകൂടിവെച്ച കഷായത്തിലോ ചേർത്ത സേവിക്കുക; ഈ രസത്തിന്റെപേർ മന്മഥാനന്ദഭൈരവരസം എന്നാകുന്നു. ഇതു നിത്യംസേവിച്ചാൽ ഇരുപതുവിധത്തിലുള്ള കഫരോഗങ്ങളും ശമിക്കും.

കഫസംപ്രാപ്തി.

വ്യാനേനനച്ചേച്ഛിരസിയത്ര കഫോഭിനീത-
സ്തംശ്യുത്യലംത്വഭിഷജോ ഗദമാമനന്തി
ശ്ലേഷ്മാണമത്രജഡതാചശിരോഗുരുതാം
തൈലേനകട്ഫലരജോ ബഹുധാത്രമർദ്ദ്യം. ൫൭

കഫം വ്യാനവായുവിനാൽ ശിരസ്സിൽ പ്രാപിപ്പിക്കപ്പെടുന്നു. എങ്കിൽ അതിനെ കഫരോഗം എന്നുപറയുന്നു. ആ കഫരോഗത്തിൽ ജാഡ്യം തലയ്ക്കുകനം ഇവകാണും. അതിന് കുമിഴിൻതൊലി പൊടിച്ച് എണ്ണയിൽ കുഴച്ച് തലയിൽ പലപ്രാവശ്യം തിരുമ്മിപ്പിടിപ്പിക്കണം.

പീനസം.

യദാഘ്രാണതോനിർഗ്ഗതോഗാഢതാം ചാ-
പിജാതഃകഫഃ പീനസോऽസൌഗദസ്തു
നിശാചൂർണ്ണപത്രസ്യ സന്നാളികാധൂ-
മപാനേന ജേയസ്തുഘ്രാണാത്യനിത്യം. ൫൮

കഫം മൂക്കിൽകൂടി കട്ടിയായി പുറപ്പെടുന്നതാണ് പീനസരോഗം. മഞ്ഞൾ ചുണ്ണാമ്പു സമുദ്രപ്പച്ച (പച്ചില) ഇവപൊടിച്ച് ഒരു കുഴലിൽകൂടി ധൂമംകുടിച്ചാൽ ആ പീനസരോഗം ശമിക്കും. ഈധൂമം നിത്യമായി പിടിക്കരുത്.

അപരയോഗം.

അതസ്യാസ്സൈസ്തവനസ്യേന പീനസോനാത്യസംശയം
സർവ്വവൈദ്യമതേനേദം വർണ്ണിതംസേവ്യമനാമയം. ൫൯

അതസി എണ്ണകൊണ്ട് നിത്യവും നസ്യംചെയ്താൽ നിശ്ചയമായും പീനസരോഗം ശമിക്കും. ഇതു് എല്ലാവൈദ്യന്മാർക്കും സമ്മതമായ ഒരു യോഗമാണ്.

പീനസോപദ്രവങ്ങൾ.

കണ്ഠേഘുർഘുരതാകൃശാന്ദ്ര കൃശതാലസ്യംമുഖേ ഹിപ്തതാ
ദേഹേവാസ്തിമിതാചസേകവിരുചിസ്നിഗ്ദ്ധതാനിദ്രോഥാ
ധീമാന്ദ്യംനിതരാംഭവന്തിച കഫസ്യോർദ്ധ്വശോപദ്രവാ-
സ്ലേഷ്മായാചികിത്സിതം നിഗദിതം തത്തത്സ്വസേവ്യാസ്തഥാ. ൬൦

കണ്ഠത്തിൽ ഘുറുഘുറാശബ്ദം, അഗ്നിമാന്ദ്യം, മടി, മുഖത്തിലോ ദേഹത്തിലോ ഏതോപററിപിടിക്കുന്നപോലെ തോന്നുക; നിശ്ചലതം, വായിൽകൂടി വെള്ളംവരിക, അരുചി, സ്നിഗ്ദ്ധത, ഉറക്കം, ബുദ്ധിമാന്ദ്യം, ഇവ കഫരോഗത്തിന്റെ ഉപദ്രവങ്ങളാണ്. ഇവയ്ക്ക് പറഞ്ഞിട്ടുള്ള അതതു ചികിത്സകൾ ചെയ്യുകൊള്ളണം.

കഫരോഗംവിട്ടാലുള്ള ലക്ഷണം.

ദേഹൽകണ്ഠവൈശദ്യമേവാശ്രു നിത്യം
കഫവ്യാധിനാശേതു ലക്ഷ്യം പ്രസിദ്ധം
പരംവിംശതേഃ ശ്വാസകാസാദയോന്യേ-
യഥോക്താസ്ഥതേ വ്യാധയഃശ്ലേഷ്മജാതാഃ. ൨൧

കഫരോഗം വിട്ടുമാറിയാൽ കണ്ഠത്തിന് നൈർമ്മല്യമുണ്ടാകും. ഇരുപതിൽപരം ശ്വാസകാസാദിരോഗങ്ങൾ വേറേ പറഞ്ഞിട്ടുണ്ട്. അതെല്ലാം കഫജങ്ങളാണ്.

ഗുരുപദകഞ്ജം നിജഹൃദിധൃത്വാ-
കഫഗദശാന്ത്യൈ ഗദിതമശേഷം. ൨൨

ഗുരുപദപത്മത്തെ മനസ്സിൽ ധ്യാനിച്ച് കഫരോഗശാന്തിയ്ക്കുള്ള ചികിത്സ, ഇവിടെ പറയപ്പെട്ടു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
കഫരോഗാധികാരം എന്ന
൧൯-ാം സ്തബകം കഴിഞ്ഞു.

വിംശസ്തബകം.

വാതരക്താധികാരം.

അർദ്ധേന്ദുമൌലിവിലസൽ പഞ്ചബാണപത്രം
ഗംഗാസമുല്ലസിതപിംഗലജൂടശോഭം
ഭസ്മാംഗരാഗഗിരിജാദ്ധതനും പ്രണമ്യ-
വാതാസ്രനാശനചികിത്സിതമത്ര വക്ഷ്യേ. ൧

മൌലിയിൽ അർദ്ധചന്ദ്രനെ ധരിച്ച് പഞ്ചബാണപത്രങ്ങളോടും ഗംഗയാൽ ശോഭിക്കുന്ന ജടാജൂടത്തോടുംകൂടി ഭസ്മമാകുന്ന അംഗരാഗത്താൽ ശോഭിച്ചിരിക്കുന്ന അർദ്ധനാരീശ്വരനെ നമസ്കരിച്ച് വാതരക്തനാശനമായ ചികിത്സിതത്തെ ഞാൻ ഇവിടെ പറയാൻപോകുന്നു.

വാതരക്തനിദാനം.

ലവണാമ്ലസുരാകട്ടന്നൈർബഹുശാകൈഃ പലലേക്ഷുഭിസ്തഥാ
ജലജാതവിശുഷ്കമാംസകൈരഥവാനൂപജജന്തുജൈരപി. ൨
ദധിമൂലകകുലത്ഥമാഷൈരഥസൌവീരസുരാക്രകൈരപി
ബഹുഭിശ്ചതഥൈവജാഗരൈർദ്ദിവസ്വപ്നൈശ്ചവിരുദ്ധഭോജനൈഃ. ൩

വിപരീതതരൈരഥാസനൈർബഹുധാക്രോധജവ്യവായകൈഃ
സുഖിനാമപിപ്രായശസ്തഥാ ബഹുധാസ്ഥൂലശരീരിണാമപി. ൪

സുകുമാരതരാങ്ഗയഷ്ടിനാം ഹയനാഗോഷ്ട്രസുപൃഷ്ഠയായിനാം
സുവിദാഹിസമശ്നതാംപുനഃ വ്യഥവാ ഹാരവിഹാരിണാം ഭൃശം. ൫

പ്രതികുപ്യതി വാതശോണിതം അഥ നിഷ്പാവകശാകസേവനൈഃ.
വിവിധൈരപി മത്സ്യശുഷ്കതൈലാദിഭിരന്യൈശ്ച ചിക്കണാശനൈഃ. ൬

ക്ഷാരാരനാളൈഃശടിതൈശ്ചമാംസൈഃ-
പിണ്യാകഭോജ്യൈരഥവാവിദഗ്ധൈഃ
ഭോജ്യൈരജീർണ്ണൈരഥവാതരക്ത-
മായാതി കോപം ഭിഷജോ വദന്തി. ൭

ലവണരസം അമ്ലരസം, സുരാമദ്യം, കട്ടാസം, ഉഷ്ണവസ്തു, പലവിധ ശാകങ്ങൾ, മാംസങ്ങൾ കരിമ്പുകൾ ജലചരജന്തുമാംസങ്ങൾ വെയിലത്തുണക്കിയ മാംസങ്ങൾ, അനൂപദേശജങ്ങളായ ജന്തുക്കളുടെ മാംസങ്ങൾ, തൈര് മുള്ളങ്കിക്കിഴങ്ങ് മുതിര ഉഴുന്ന മുതലായവ കാടി മോര് (നാലിലൊരുഭാഗം വെള്ളംചേർന്നത്) ഇവ ഉപയോഗിക്കുക, രാത്രിയിലുറങ്ങാതിരിക്കുക; പകലുറക്കം, പാല് മത്സ്യം മുതലായ വിരുദ്ധവസ്തുക്കളെ ഭക്ഷിക്കുക; ഭക്ഷണസാധനങ്ങൾ മാറി ശീലിക്കുക; ആസവം സേവിക്കുക; കോപിക്കുക; മലമൂത്രാദിവേഗങ്ങളെ തടുക്കുക; ഈവക കാരണങ്ങളാൽ, സുഖികളായും സ്ഥൂലശരീരന്മാരായും, ഏററവും സുകുമാരശരീരന്മാരായും ഇരിക്കുന്നവർക്കും കുതിര ആന ഒട്ടകം ഇവയുടെ പുറത്തുകയറി സവാരിചെയ്യുന്നവർക്കും ഉൾപുഴുക്കമുണ്ടാകുന്ന അന്നത്തെ ഭക്ഷിക്കുക; അഗ്നിക്കു വെന്തതല്ലാതെ ഭക്ഷിക്കുകയും, ശക്തിയിൽ കവിഞ്ഞു പ്രവർത്തിക്കയും ചെയ്ക, അമര, ശാകം, ഇവ ഭക്ഷിക്കുക; പലവിധമത്സ്യങ്ങൾ, ചുരത്തപ്പുളി, മററു നെയ്യുള്ള സാധനങ്ങൾ, ചവക്കാരം മുതലായ ക്ഷാരപദാർത്ഥങ്ങൾ, അരനാളം (കാടിയുടെ വകഭേദം) ദീനമായി ചത്ത ജന്തുക്കളുടെ മാംസം പിണ്ണാക്ക്, ഇവ ഉപയോഗിക്കുന്നവർക്കും വിദഗ്ദ്ധഭോജനം, അജീർണ്ണഭോജനം, ഇവ ചെയ്യുന്നവർക്കും വാതവും രക്തവും കോപിച്ച്, വാതരക്തം എന്ന രോഗം ഉണ്ടാകുന്നു.

വാതരക്തത്തിന്റെ പൂർവ്വരൂപം.

സ്വേദോഽത്യർത്ഥംനൈവ കാർഷ്ണ്യം പ്രദേശേ
സ്പർശാജ്ഞത്വം ക്ഷതിപീഡാക്ഷതേപി
കട്വംസോത്ര ജാനുജംഘാശയാംഘ്രി
സംഗായായാസ്സന്ധയസ്താസ്തതോദഃ. ൮

സ്പന്ദസ്തോദസ്തത്ര മേദോഗുരുത്വം
സുപ്തിഃ കണ്ഡൂദാഹതകൾ വാതശൂല
കാന്തേ തോ രേഖി നശ്യതി വാത-
രക്തേ പൂർവ്വം മണ്ഡലാ വർണ്ണഭേദഃ. ൯

പിടകോദ്ഗമമാലസ്യസദനേ ഘടോന്ത്യമീ
വാതാസ്രപൂർവ്വരൂപേ ഗുല്ഫപ്രായാ തിതാപ്രദോഷ. ൧൦

വളരെ വിയർപ്പ് അല്ലെങ്കിൽ ഒട്ടും വിയർപ്പില്ലായ്ക, ശരീരത്തിനു കറുത്തനിറം, ചിലപ്പോൾ തൊട്ടാൽ അറിയാതിരിക്കുക; മുറിഞ്ഞാൽ വളരെ വേദന, അരക്കെട്ട്, തോൾ, തുട, മുട്ട്, കണങ്കാൽ, കൈയ്, കാല്, അംഗസന്ധികൾ ഇവയിൽ കുത്തിനോവ്, പൊരുപൊരുപ്പ്, മേദസ്സിന്റെ ആധിക്യം, തരിപ്പ്, പൊറിച്ചിൽ, ചൂട്, വേദന, ഇവ ചിലപ്പോൾ ഇല്ലാതെയും ചിലപ്പോൾ ഉണ്ടായിട്ടും കാണുക, തടിപ്പ്, നിറംമാററം, കുരുക്കൾ ഉണ്ടാകുക; മടി, ക്ഷീണം, ഇവ വാതരക്തത്തിന്റെ പൂർവ്വരൂപമാണ്.

ലക്ഷണം.

പദേപദേവൈശയഥുഃ പ്രതാപോ-
രക്തസ്യ മരായാ സകലാംഗയന്ത്ര
പ്രഭഞ്ജനാസ്രേ പ്രഭവന്തി പൂർണ്ണേ
രൂപേ ച തസ്യോപശയോ ന ഗേഹേ ൧൧

സന്ധികളിൽ കാരണം കൂടാതെ നീരുണ്ടാകുക, ചൂട്, ശരീരത്തിലെല്ലാം രക്തത്തിന്റെ നിറം വരിക; ഇവ വാതരക്തത്തിന്റെ പൂർണ്ണരൂപമാകുന്നു. ഇനിയും ഉപശയത്തെ പറയുന്നു.

വാതരക്തത്തിൽ വർജ്ജിക്കേണ്ടവ.

ദിവാശയാനേന ബഹുപ്രകോപ്യേർ
സ്ത്രീസംഗമച്ചേച്ച ശ്രമം നകുർയ്യാൽ
കട്വന്ന്യഭിഷ്യന്ദി പടൂന്നലോദേ-
ർഗ്രാംസ്തഥാ പത്ഥ്യതമം പരാധേയ. ൧൨

പകലുറങ്ങുക; വളരെ കോപിക്കുക; സ്ത്രീസംഗം ചെയ്യുക; ശ്രമപ്പെടുക; എരിവുള്ളവയും കഫദുഷ്ടിയെ ഉണ്ടാക്കുന്നവയും ഉപ്പുരസമുള്ളവയും പുളിരസമുള്ളവയും ഭക്ഷിക്കുക; ഇവയെല്ലാം വാതരക്തമുള്ളവൻ വർജ്ജിക്കണം. ഇനി പത്ഥ്യമായുള്ളതിനെ പറയുന്നു.

പത്ഥ്യം.

ഗോധൂമശാലീയവഷഷ്ടികാഭിർ-
മ്മീർണ്ണൈശ്ച ധാന്യൈർവിദധീതഭോജ്യം
മുദ്ഗാഢകീഭിശ്ചണകൈർമസൂരൈഃ
കുലത്ഥഹീനൈർവ്വാവിദധീതയൂഷാൻ. ൧൩

വേത്രാഗ്രം കാകമാചീവൃഷചശതജടാ വാസ്തുകോപോദകീ ച
ശാകാത്ഥം വേദപഥ്യാപ്രവരബഹുലദളോഹ്യമഗ്രോദസിതൈഃ
മാംസൈർവ്വാവിഷ്കിരാണാം പ്രതുദഭവപരൈർവ്വാരസം സംവിദധ്യാൽ
സാത്മ്യായാശ ത്ര വിദാൻസംല്യതമഥ തതോ വാതരക്തേ പ്രകുർയ്യാൽ. ൧൪

ഗോതമ്പ്, ചെന്നെല്ല്, യവം, ഞവര, പഴയ ധാന്യങ്ങൾ, ഇവകൊണ്ടുള്ള അന്നവും; ചെറുപയറ്, തുവര, ചണംപയറ്, കറുത്ത ചണംപയറ്, മുതിര, ഇവകൊണ്ടുള്ള ചാറും ചൂരൽതളിര്, കറുത്തകാളി ശതാവരി വാസ്തുച്ചീര വശളച്ചീര നീരാമ്പൽ മുരിങ്ങയിലഇവയും, നെയ്യും; വിഷ്കിരപക്ഷികളുടെ മാംസംകൊണ്ടും പ്രതുദപക്ഷികളുടെ മാംസംകൊണ്ടുമുള്ള രസവും, വാതരക്തത്തിൽ പത്ഥ്യമാകുന്നു. ഇതു നെയ്കൂട്ടി ഉപയോഗിച്ചുകൊള്ളണം. കാട്ടുപക്ഷി, ചീവൽപക്ഷി, വേഴാമ്പൽ, തിത്തിരിപ്പുള്ള്, കോഴി, ഉപ്പൻ മുതലായവ "വിഷ്കിര" പക്ഷികളും പച്ചനിറത്തിലും വെളുപ്പുനിറത്തിലും ചിത്രപ്പുള്ളിതോട്ടുകൂടി ഇരിക്കുന്നവയും മാടപ്രാവ്, കരിങ്കുരില്, കുയിൽ മുതലായവയും "പ്രതുദ" പക്ഷികളും ആകുന്നു.

വാതരക്തചികിത്സ.

(ലേപനം)

ഗോധൂമപിഷ്ടൈർഘൃതഭാവിതൈർവ്വാ
ക്ഷീരേണ സിദ്ധൈർവ്വാ പയസാതസീഭിഃ
ഭൃഷ്ടാഭിരേവം ഖലു വർദ്ധമാന-
ഫലൈശ്ച ലേപോ ഗദിതോഽസ്രവാതേ. ൧൫

ഗോതമ്പിൻമാവ് നെയ് ചേർത്തു പാലിൽ കുറുക്കിയും; എള്ളു വറുത്ത് പാലിൽ പുഴുങ്ങി അരച്ചും; അകത്തിക്കുരു വറുത്തു പാലിൽ പുഴുങ്ങി അരച്ചും; വെള്ളത്താവണക്കിൻകുരു പാലിൽ പുഴുങ്ങി അരച്ചും; ലേപനം ചെയ്യുന്നതു രക്തവാതത്തിനു നല്ലതാണ്.

സ്നിഗ്ദ്ധസ്യ വാതാസ്രഗദാതുരസ്യ
രക്തം സിരാമോക്ഷണശൃംഗികാദ്യൈഃ
തുംബീജലൗകാദിഭിരപ്യശങ്ക-
മല്പാല്പദോഷം പരിരക്ഷ്യഹാര്യം. ൧൬

വാതരക്തരോഗിയെ സ്നിഗ്ദ്ധശരീരനാക്കിയതിനുശേഷം ഞരമ്പുകീറിയോ കൊമ്പുവച്ചോ ചുരക്കാകൊണ്ടോ അട്ടയിട്ടോ രക്തം എ

ട്ടുത്തു കളയണം; ഈ രക്തമോക്ഷണത്തിൽ ദോഷത്തെ അല്പാല്പമായിവേണം കളയേണ്ടതു്.

ഉഗ്രാംഗദാഹേന്യഥ രോദമുദ്ഗത
ശ്ലൈഷ്മപിത്താദിസ്ഥലവേദനാനാം
രക്തപ്രസേകതല്പപി വാപി ഖണ്ഡ്യ-
ഗദേ ഹരേദ്രക്തമലം ച ശൃംഗൈഃ. ൪൬

ശരീരത്തിന്നു് വല്ലാത്ത ചൂട്ടും കത്തിനോവും ഉണ്ടെങ്കിൽ അട്ടയിട്ടും; വേദന, രക്തംകെട്ടിക്കൽ, ചൊറിച്ചിൽ ഇവയുണ്ടെങ്കിൽ കൊമ്പുവച്ചും രക്തം എടുത്തുകളയണം.

സിരാദിമോക്ഷൈസ്സകലാംഗദോഷേ
വായുന്ന വർദ്ധേച്ച യഥാല്പമല്പം
രൂക്ഷസ്യ വാസ്രാദതരാഗ്നായമേർ
വാതോത്തരം രക്തമലം ന ഹാര്യം. ൪൭

സകലാംഗദോഷത്തിലും ഞരമ്പുകീറി രക്തം കളയുന്നതിൽ വായുകോപം ഉണ്ടാകാതെ സൂക്ഷിച്ചുകൊള്ളണം. രൂക്ഷശരീരനായും ദേഹം ക്ഷീണിച്ചും ഇരിക്കുന്നവന്നു് ഞരമ്പുകീറി വാതരക്തം കളയരുതു്.

ഗംഭീരംശാഖഗം സിരാഭേദേൻ ഗ്ലാനിം ചാമ്പം തഥാ
കുബ്ജതാം ചരക്ഷിതോപദ്രവാനന്യാംശ്ചരസ്മാദ് ഭിഷക്
അല്പാല്പം പരിരക്ഷ്യ വായുമസകൃദ്രക്തം ഹരേന്യഥാ
മൃത്യുഃ സ്യാച്ചരതോ വിചാര്യഭിഷഗാചാര്യ്യംസിരാമോക്ഷണം.

ഞരമ്പുകീറുന്നതിൽ വായുവിനെ രക്ഷിക്കാതെയിരുന്നാൽ ഗംഭീരമായ നീര് ഞരമ്പിലുള്ള രോഗങ്ങൾ തളച്ചു വിറയൽ ഇവയും മറ്റുരോഗങ്ങളും ഉണ്ടാകും. അതിനാൽ വായുവിനെ വേണ്ടതുപോലെ രക്ഷിച്ചു് പലതവണയായി കുറേശ്ശവേണം രക്തം കളയേണ്ടതു്. ഇപ്രകാരമല്ലാതെ ഞരമ്പുകീറിയാൽ മരണം സംഭവിക്കതന്നെ ചെയ്യും. അതിനാൽ രക്തമോക്ഷണം ചെയ്യുന്നതു് വൈദ്യൻ വളരെ മനസ്സിരുത്തി വേണ്ടതാകുന്നു.

പിത്താധിക്യേ വിരേചനം ചാശുകുര്യാൽ
സ്നേഹൈർവൈദ്യോ രേചകൈർഗ്ഗ്യോഗമുഖ്യൈഃ
ബാഹ്യാഭ്യാംഗാലേപനാസ്ഥാപനൈർവ്വാ-
പാനൈഃ സ്നേഹസ്യാപി വാതേ ചോപനാഹൈഃ. ൪൮

പിത്തവർദ്ധനയോടുകൂടിയ വാതരക്തത്തിൽ വിരേചനയോഗ്യങ്ങളായ മുഖ്യയോഗങ്ങൾകൊണ്ട് ... ിയ നെയ്കൊടുത്തു് വിരേചി

പ്പിക്കണം. തേച്ചുകുളി ലേപനം കഷായവസ്തി സ്നേഹപാനം, ഉപനാഹം (മരുന്നുവെച്ചുകെട്ടുക) ഇവയും പിത്തവർദ്ധനയോടുകൂടിയ വാതരക്തത്തിൽ ചെയ്യാം.

പരിഷേകൈശ്ചയോഗൈശ്ച രേചനൈരപി ചൈവ ഹി
ഗംഭീരമാചരേൽ പ്രാജ്ഞോ യോഗാന്യാംശ്ചബ്രുമഹേ. ൪൯

ഗംഭീരമായ (വളരെ കുഴിയുള്ളതായ) വാതരക്തത്തെ വൈദ്യൻ പരിഷേകം (വെള്ളം ഒഴിച്ചുകഴുക) കൊണ്ടും വിരേചനയോഗങ്ങൾ കൊണ്ടും ചികിത്സിക്കണം. ഇനിയും മറ്റുയോഗങ്ങളെ കാണിക്കുന്നു.

ഗുഡൂചീയോഗം.

സുധാലതായാഃ സ്വരസം തഥാവാ
ചൂർണ്ണം തു കല്കം ശൃതമംബു വാ സ്യാൽ
യസ്സേവതേ ഗുഗ്ഗുലുനാവിമിശ്രം
നിത്യം ഹി വാതാസ്രഗദാൽ പ്രമുച്യേൽ.

അമൃതിന്റെ തനിനീരോ ചൂർണ്ണമോ അമൃതു് അരച്ചതോ അമൃതിൻകഷായമോ ശുദ്ധിചെയ്ത ഗുഗ്ഗുലു വിശേഷാട്ടുകൂടി മുടങ്ങാതെ സേവിച്ചാൽ വാതരക്തരോഗം വിട്ടുമാറും.

മഞ്ജിഷ്ഠാദി ക്വാഥം.

മഞ്ജിഷ്ഠാത്രിഫലാവചാമരദാരുതിക്താനിശാദാരുഭിർ
നിംബേനാപികൃതഃ കഷായവിധിനാ പീതസ്തു വാതാസ്രഹാ
ക്വാഥോയം "നവകാഷ്ഠിക"ഃ പ്രശമയേൽകുഷ്ഠം ച പാമാം തഥാ
വിസ്ഫോടം ച വിസർപ്പകം പ്രശമയേദ്രക്തോദ്ഭവം മണ്ഡലം. ൫൦

മഞ്ചട്ടി ത്രിഫല വയമ്പു് അമൃതു് ദേവതാരം കാട്ടുപടോലം മഞ്ഞൾ മരമഞ്ഞൾ വേപ്പിൻതൊലി ഇവ വിധിപോലെ കഷായംവെച്ചു സേവിച്ചാൽ വാതരക്തം, കുഷ്ഠം, പാമ, വിസ്ഫോടം വിസർപ്പം, രക്തമണ്ഡലം ഇവ ശമിക്കും. ഇതിന്നു് "നവകാഷ്ഠിക" ക്വാഥമെന്നുപേർ.

വേറൊരുയോഗം

വൃഷാമൃതൈരണ്ഡകൃതഃ കഷായഃ
പീതസ്തഥൈരണ്ഡജതൈലയുക്തഃ
നിഹന്തി വാതാസ്രഗദം വിശേഷാൽ
സർവ്വാംഗജൈകാംഗജമപ്യജസ്രം. ൫൧

ആടലോടകത്തിൻവേരു് അമൃതു് വെളുത്താവണക്കിൻവേരു് ഇവകൊണ്ടുള്ള കഷായം ആവണക്കെണ്ണ ചേർത്തു സേവിച്ചാൽ സർവ്വാംഗജമായും ഏകാംഗജമായും ഇരിക്കുന്ന വാതരക്തം ശമിക്കും.

താലകേശ്വരം.

താലസ്യപത്രാണ്യതിസൂക്ഷ്മകാണി
പുനർന്നവായാഃ സ്വരസൈസ്ത്രിരേകം
വിമർദ്ദ്യതാവച്ച പുനർത്രപമേവ-
മായാതികയ്യാസ്യ ച ചത്രികായാ. ൧൫
സംശോഷ്യ പശ്ചാച്ച പുനർന്നവായാഃ
പഞ്ചാംഗജക്ഷാര ജലൈഃ പ്രപൂര്യ
സമാഹിതേ ഭാജനമത്ര തസ്മി-
ന്നന്തരാളേ ച നിധായ താം ച. ൧൬
സമാല്യ മൃദ്ഭിശ്ചാപി ദൃഢം വിമുദ്ര്യ
മൃൽ പല്ലവൈശ്ചാപി വിശോഷ്യ പൂർവ്വം
ചുല്ല്യാം നിധായാഗ്നിമനല്പമേവ
ദദ്യാന്നിശം പഞ്ചദിനാനി യാവൽ. ൧൭
സംജാത പശ്ചാദവഗൃഹ്യ ശീത-
മഥ സ്വഭാവേന തു സിദ്ധമേവം.
താലേശ്വരാഖ്യസ്തു ഗുഡൂചികാദി-
കഷായ യോഗേണ സമിതോ ഽശിതോഽയം. ൧൮
അഷ്ടാദശാപ്യാശു ച കുഷ്ഠരോഗാൻ
വാതാസ്രവിസ്ഫോടവിസർപ്പരോഗാൻ
എണ്ഡൂം ച പാമാ ദ്രുമമണ്ഡലാനി
ച ദിവ്യംഗദേശോത്ഥഗദം നിഹന്തി. ൧൯
കട്വമ്ലലവണാംസ്ത്യക്ത്വാ ഭേഷജം പരിശീലയേൽ
ആതപം വഹ്നിമപ്യത്ര ലവണം മൈഥുനം ഭജേൽ. ൨൦

ശുദ്ധിചെയ്ത അരിതാരം അതിസൂക്ഷ്മമായി പൊടിച്ചെടുത്തു് തഴുതാമയുടെ നീരിൽ ഒരുദിവസം അരച്ചു് പട്ടിനായാൽ വടകമാക്കി ഉരുട്ടി വെയിലത്തുണക്കി തഴുതാമയുടെ പഞ്ചാംഗക്ഷാരം കഴുത്തുവരെ നിറച്ച ഒരു കലത്തിൽ ആ വടകങ്ങൾ എടുത്തുവച്ചു് വേറൊരു ചട്ടികൊണ്ടടച്ചു് ശീലമൺചെയ്തു് ഉണക്കി ചൂളയിൽവെച്ചു് അഞ്ചു ദിവസം രാവും പകലും അതിയായി തീയെരിക്കുക, അതിനുശേഷം ആറിയാൽ എടുത്തു് മണ്ണു് അടത്തിക്കളഞ്ഞു് അകത്തിരിക്കുന്ന മരുന്നെടുത്തു് ഗുഡൂച്യാദികഷായത്തിൽ ഒരു കുന്നിപ്രമാണം സേവിക്കുക; പതിനെട്ടുവിധത്തിലുള്ള കുഷ്ഠം വാതരക്തം വിസ്ഫോടം വിസർപ്പം ചൊറിച്ചിൽ പാമ മണ്ഡലകുഷ്ഠം ഫിരങ്ഗരോഗം (പറങ്കിപ്പുണ്ണ്) ഇവ ശമിക്കും. എരിവു് പുളി ഉപ്പു് ഇവ വർജ്ജിക്കണം. വെയില്, തീയ് ഇവ ഏല്ക്കരുതു്. ഇന്തുപ്പു് കൂട്ടാം ഇതിന്നു് സിദ്ധതാലേശ്വരരസം എന്നു പേർ.

വാതരക്തസംപ്രാപ്തി
(വാതാധികവാതരക്തം)

വാതാധികേഽത്യർത്ഥശൂലശോഫൌ ച രൌക്ഷ്യം
തോദസ്പന്ദൌ വേപഥുഃ സുപ്തതാ ച.
ശീതദ്വേഷസ്തംഭനം ചാങ്ഗുലീനാം
സ്യാൽ സംകോചശ്ചാങ്ഗസന്ധിഗ്രഹോഽപി. ൨൧
തനോഃ ശ്യാവതാ കൃഷ്ണവർണ്ണതാ വൃദ്ധി-
ർഭവേൽ കദാപി ഹാനിസ്സദായാത വ്യധൌ
ശതാഹ്വാപാദപയം വൈപ്രിയാലും കശേരും
ഘൃതം സൽസിതാമിഷ്ടയഷ്ടീം പ്രദദ്യാൽ. ൨൨
വിദാരീം ച സംയോജ്യ കുര്യാൽ പ്രദേഹം
പ്രസക്തേ ച വാതേഽപരോ ഹ്യന്യയോഗഃ.
സരാസ്നാഗുഡൂചീ ബലാ ദേവദാരു ച യഷ്ടീ
സുപിഷ്ടാ സജീവന്ത്യഭാദുഗ്ദ്ധസിദ്ധഃ. ൨൩
പ്രദേഹോ മധൂകേതാപി നിത്യോസ്രഹാരീ
പ്രസിദ്ധസ്തു രാസ്നാദിരപ്യോക്തദ്രവ്യൈഃ
പ്രയുക്തം ച യോഗദ്വയം രാമപാദ്യൈഃ
പ്രയോജ്യം സുവൈദ്യൈർവ്വിചാര്യാശു നിത്യം. ൨൪

വാതകോപം അധികമുള്ള വാതരക്തത്തിൽ ശൂലം നീരു് സ്നിഗ്ദ്ധതയില്ലായ്ക കുത്തിനോവു് തുടിപ്പു് വിറയൽ മരവിപ്പു് തണുപ്പേൽക്കുന്നതിൽ വിരോധം സ്തംഭം വേദന വിരലുകൾ കോച്ചുക; അങ്ഗസന്ധികൾക്കു് പിടിത്തം ദേഹത്തിനു് കറുവാളിപ്പു് കൃഷ്ണവർണ്ണം ഇവ ചിലപ്പോൾ വർദ്ധിക്കുകയും കുറയുകയും ചെയ്യുക ഈ ലക്ഷണങ്ങൾ കാണും. ഇതിന്നു് ശതകുപ്പ അയമോദകം മുരൾമരത്തിൻകായ് കഴിമുത്തങ്ങാ ഊറാൻകുത്താത്തതായ ഇരട്ടിമധുരം പാൽമുതക്കിൻ കിഴങ്ങു് ഇവപൊടിച്ചു് പഞ്ചസാരയും നെയ്യും ചേർത്തു സേവിപ്പിക്കണം വായുവിന്നു് തടസ്സമുണ്ടെങ്കിൽ മുൻപറഞ്ഞമരുന്നുകളെല്ലാംകൂടി അരച്ചു് നെയ്യിൽ ചാലിച്ചു് ലേപനം ചെയ്കയും വേണം.

വേറൊരുയോഗം.

അരത്ത അമൃതു് കുറുന്തോട്ടിയും ആനക്കുറുന്തോട്ടിയും ഇരട്ടിമധുരം ജീവകം ഇടവകം ഇവ പാലിൽ അരച്ചു് തേനും ചേർത്തു ചാലിച്ചു് തേയ്ക്കുകയും ആകാം. ഇങ്ങനെ ൨. ശ്ലോകങ്ങൾകൊണ്ടു് രണ്ടുയോഗം കാണിക്കപ്പെട്ടു. ഇതിനെ വൈദ്യന്മാർ നിത്യവും ആലോചിച്ചു പ്രയോഗിച്ചുകൊള്ളണം.

പിത്താധിക്യമുള്ള വാതരക്തലക്ഷണം.

ദാഹോമോഹഃ സ്വേദമൂർച്ഛാമദശ്ച
തൃഷ്ണാദാഹസ്പർശഗ്ലാനിപാകശോഫാഃ
പിത്താധിക്യേ ഗാത്രസംസ്പർശനേ രുക്
തദ്വന്നിത്യം ചോഷ്ണതാ സർവദേഹേ. ൩൬

പുകച്ചിൽ മോഹം വിയർപ്പ് മൂർച്ഛ മദം തണ്ണീർദാഹം തൊലിപ്പുറത്തുചൂട് പഴുപ്പ് നീര് ദേഹത്തിൽ തൊട്ടാൽ വേദന ദേഹത്തിലെല്ലായിടവും ഉഷ്ണം ഇവ പിത്താധികമായ വാതരക്തത്തിന്റെ ലക്ഷണമാകുന്നു.

പിത്താധിക വാതരക്ത ചികിത്സ.

കാശ്മര്യദ്രാക്ഷാമധൂകൈശ്ച ദുഗ്ധം
കാകോളികാ ചന്ദനശർക്കരാഭിഃ
സപിത്തവാതാസ്രഹരം പ്രശാന്ത്യൈ
ശൃതം പിബേച്ഛീതജലം മധൂകൈഃ. ൩൭

കുമ്പിൾവേര് മുന്തിരിങ്ങാപ്പഴം ഇരട്ടിമധുരം കാകോളി ചന്ദനം ഇരിപ്പക്കാതൽ ഇവയിട്ടു കാച്ചിയ പാൽകഷായം അറിയാൽ പഞ്ചസാര ചേർത്തു സേവിക്കുക; പിത്താധികമായ വാതരക്തം ശമിക്കും.

വേറൊരുയോഗം.

കടുകരോഹിണീഫലത്രയശതാവരീ
കഥിതമാശു ഗുഡൂചികയാ തഥാ
സമധുഖണ്ഡയുതം പ്രപിബേദലം
പ്രബലപിത്തപ്രഭഞ്ജനരക്തകേ. ൩൮

പടവലം ശതാവരിക്കിഴങ്ങ് ത്രിഫല കടുകരോഹിണി അമൃത് ഇവ കഷായം വച്ച് അറിയാൽ തേനും കല്ക്കണ്ടവും മേമ്പൊടി ചേർത്തു സേവിക്കുക; പിത്താധിക്യത്തോടുകൂടിയ വാതരക്തം ശമിക്കും.

കഫാധികവാതരക്തലക്ഷണം.

സ്തൈമിത്യശീതത്വഗുരുത്വസുപ്തയഃ
സ്നിഗ്ധത്വമേവാത്ര കഫേന യുക്തേ
കണ്ഡൂശ്ച ഗാഢാതിലേശഃ പ്രലേപ്യാ
വാതാസ്രരോഗസ്യ കഫസ്യ രൂപം. ൩൯

നീരിന് നിശ്ചലത്വം ശീതത്വം ഗുരുത്വം മരവിപ്പ് സ്നിഗ്ധത്വം ഇവ കഫാധികവാതരക്തത്തിന്റെ ലക്ഷണമാകുന്നു. അമുക്കുരവും എള്ളും കൂടി പാലിൽ പുഴുങ്ങി അരച്ച് തേച്ചാൽ കഫാധികമായ വാതരക്തം ശമിക്കും.

വേറൊരുയോഗം.

സിദ്ധാർത്ഥനിംബാപിചുമന്ദപത്രൈർ-
ലേപസ്തിലക്ഷാരയുതസ്തഥൈവ
ഘൃതൈശ്ച ക്ഷീരൈശ്ച സുരാഭിരത്ര
മൂത്രൈശ്ച തദ്വൽ പരിഷേചകാഃ. ൪൦

വെൺകടുക് നറുമാഞ്ചിവേര് വേപ്പില എള്ളിൻകൊച്ചിലു ചുട്ടെടുത്ത ക്ഷാരം ഇവ പാലിൽ അരച്ചു തേക്കുകയോ പാലും സുരയും ഗോമൂത്രവും കൂടി ചേർത്തു കാച്ചിയ നെയ്യ് ദേഹത്തു തേക്കുകയോ ധാര ചെയ്താൽ കഫാധികമായ വാതരക്തം ശമിക്കും. "മൂത്രക്ഷീരസുരാസിദ്ധം ഘൃതമഭ്യഞ്ജനേ ഹിതം, സിദ്ധം സമധുസൂക്തം തു സേകാർത്ഥം ശ്ലേഷ്മകഫോത്തരേ" എന്ന് വേറേയും പ്രമാണം ഉണ്ട്.

ഗൗരസർഷപജഃ കല്കഃ പ്രദേഹോ വാതകഫാധികേ
വാതരക്തേ പ്രകർത്തിതപ്രവദന്തി ഭിഷഗ്വരാഃ. ൪൧

വെൺകടുക് ഗോമൂത്രത്തിലോ പാലിലോ അരച്ച് തേച്ചാൽ കഫാധികമായ വാതരക്തം ശമിക്കും.

രക്താധികവാതരക്തം.

ശോഫോഽത്യുഗ്രസ്തോദതാമ്രശ്ചതാത്ര-
ദേഹശ്ചരക്തേഽപ്യധികേ ഭവന്തി
സ്നിഗ്ധൈരരൂക്ഷൈശ്ച ശമം പ്രയാതി
ക്ലേദേന കണ്ഡൂതിചിമിചിമായനൈശ്ച. ൪൨

നീർക്കെട്ട് വളരെ വേദന കുത്തിനോവ് ദേഹം ചെമ്പിൻനിറമാകുക; സിദ്ധങ്ങളായും രൂക്ഷങ്ങളായും ഇരിക്കുന്ന പ്രയോഗങ്ങൾകൊണ്ട് ശമിക്കാതിരിക്കുക; നനവ് ചൊറിച്ചിൽ ചെറിയ പ്രാണികൾ ദേഹത്തിൽ ഇഴയുന്നതുപോലെ തോന്നുക; ഇവ രക്താധികമായ വാതരക്തത്തിന്റെ ലക്ഷണമാകുന്നു.

രക്താധികവാതരക്തചികിത്സ.

നളദവാരിഘൃതൈഃ പയസാ സമൈർ-
മധുകശാല്മലികല്കസമന്വിതൈഃ
രുധിരവാതഗദാസ്രവിലേപനം
നിഗദിതം ബഹുധാജപയോയുതം. ൪൩

ആട്ടിൻപാൽ അല്ലെങ്കിൽ പശുവിൻപാൽ സമം രാമച്ചകഷായത്തിൽ ചേർത്ത് ഇരിപ്പക്കാതലും ഇലവിൻപശയും അരച്ചുകലക്കി പാലിനുസമം നെയ്യും ചേർത്തു ലേപനം ചെയ്താൽ രക്താധികമായ വാതരക്തം ശമിക്കും.

അക്ഷ്ദ്രാശ്ച പരിഷേചനം മുഹുശ്ചാനുവേലമാലേപനം തഥാ
സർജ്ജജാതസമിശ്രിതൈർഘൃതൈശ്ചാംബു ധൗതഹവിഷാ മുഹുർമ്മുഹുഃ.

കൂട്ടക്കുടെ എരിക്കിൻപാൽ ഒഴികെയുള്ള ചെഞ്ചല്യം പൊടിച്ച് നെയ്യിൽ ചേർച്ച ഒറൊത്തു തേക്കുകയോ പലവുരു കടഞ്ഞെടുത്ത നെയ്യെടുത്തു ദേഹത്തിൽ തേക്കുകയോ ചെയ്താൽ രക്താധികമായ വാതരക്തം ശമിക്കും.

വാതപിത്താധികവാതരക്തം.

ശോഫോ ദാഹോരുക്സ്യം പാക ഊഷ്മാതിതപ്തി
കാലം രക്തം വിസ്രവേൽസ്യന്ദനം കുതം
സ്പർശേപ്രായശ്ചാസഹത്വം ച വാത-
പിത്താധിക്യേ വാതരക്തേ ഭവന്തി. ൫൪

നീര്, പുകച്ചിൽ, പഴുപ്പ്, സർവ്വാംഗസന്താപം, കരുവാളിപ്പ് ഇവയുണ്ടാകുക, രക്തം ഒഴുകുക, തൊട്ടാൽ സഹിക്കാത്ത വേദന, ഇവ പിത്താധിക്യമുള്ള വാതരക്തത്തിന്റെ ലക്ഷണമാണ്.

വാതപിത്താധികവാതരക്തചികിത്സ.

പീയൂഷപീയൂഷഫലാമൃതാഭ്യാം-
തൈലം ഘൃതം തൈലമെഥോഭിഷേച്യ
വാതേ ച പിത്താധികരക്തപിത്തം
വിദഗ്ദ്ധകണ്ഡൂതിഗദം നിഹന്യാൽ. ൫൫

അമൃതിന്റെ പച്ചയോ വരണ്ടതോ ആയതിനെ ചേക്കാതെ യോ സേവിച്ചാൽ വാതപിത്താധികമായ വാതരക്തം, വിസർപ്പം, ചൊറിച്ചിൽ ഇവ ശമിക്കും.

വേറൊരു യോഗം.

ത്രിവൃദ്വിദാരീക്ഷുരകൈഃ കഷായഃ
ശൃതഃ പ്രപീതസ്തു തഥൈവ നിത്യം
സവാതപിത്താധികവാതരക്തം
നിഹന്തി വൈദ്യക്ഷിതിപാ വദന്തി. ൫൬

ത്രികോല്പക്കൊന്ന പാൽമുതക്ക് തൈഗിഞ്ഞിൽ ഇവ കഷായം വച്ച് നിത്യവും സേവിച്ചാൽ വാതപിത്താധികമായ വാതരക്തം നശിക്കും.

വാതകഫാധികവാതരക്തലക്ഷണം.

തോദശ്ശൈത്യം ഗൌരവം സ്യന്ദനൈശ്ചൈർ-
വിസ്രാസ്രത്വം ചാംഗുലീപർവ്വജാതഃ
വാതശ്ലേഷ്മാസംയുതേ വാതരക്തേ
സ്യാൽസങ്കോചഃ കാപി പാകശ്ച ചിഹ്നം. ൫൭

കുത്തിനോവ്, ശൈത്യം, ഗുരുത്വം, വെള്ളമൊഴുകുക; ചോരയ്ക്ക് ദുർഗ്ഗന്ധമുണ്ടായിരിക്കുക; ചിലപ്പോൾ വിരലിന്റെ മുട്ടുകൾ കോച്ചുക ഇവ വാതകഫയുക്തമായ വാതരക്തത്തിന്റെ ലക്ഷണമാണ്.

വാതകഫാധികവാതരക്തചികിത്സ.

ശിഗ്രുബീജധനികാസമസ്യാ പേഷിതാമ്ലജലേന ചലിപ്താ
വാതരക്തമപി വാതകഫേന ഹന്തി ചാമ്ലജലസൈർസ്വയം സിതാ. ൫൮

മുരിങ്ങയരി കൊത്തമ്പാലയരി ചണംപയറ് ഇവ പുളിനീരിൽ അരച്ചുതേച്ച് പുളിയിലയിട്ട വെന്തവെള്ളംകൊണ്ട വളരെ പ്രാവശ്യം തേച്ചുകഴുകിയാൽ വാതകഫപ്രധാനമായ വാതരക്തം ശമിക്കും.

വേറൊരുയോഗം.

ഗൃഹധൂമവചാനിശാദ്വയൈശ്ശതപുഷ്പാഗദപേഷിതൈരലം
പരിലേപിതമാശു നാശയേൽ പ്രബലം വാതകഫോത്ഥാംഗദം. ൫൯

പുകയറ വയമ്പ് മഞ്ഞൾ മരമഞ്ഞൾ തൊലി ശതാവരി കൊട്ടം ഇവ അരച്ച് ലേപനം ചെയ്താൽ വാതകഫപ്രധാനമായ വാതരക്തം ശമിക്കും.

വാതരക്താധികവാതരക്തലക്ഷണം.

സ്യന്ദശ്ശോഫോ മന്ദകണ്ഡൂതിയുക്തോ
ദേഹേ രക്തച്ഛിദ്രിതാരക്തസ്രാവഃ
സാല്പാധിക്യാല്ലക്ഷ്യതേ വാതരക്താ-
ധിക്യേ ചൈവം ലക്ഷണം വാതരക്തേ. ൬൦

വെള്ളം ഒലിക്കുക നീര് അല്പം ചൊറിച്ചിൽ ദേഹത്തിൽ ചെറുപ്രാണികൾ ഇഴയുന്നതുപോലെ തോന്നുക; രക്തം ഒലിക്കുക; ചിലപ്പോൾ കുറവായും ചിലപ്പോൾ കൂടിയും ഇരിക്കുക; ഇവ വാതരക്തപ്രധാനമായ വാതരക്തത്തിന്റെ ലക്ഷണമാകുന്നു.

വാതരക്താധികവാതരക്തചികിത്സ.

പീയൂഷവിശ്വധനികാത്രിതയം ത്രികഷം
സംകാഥ്യ പീതമസകൃൽസകലാമയഘ്നം
വാതാസ്രമാശു വിനിഹന്തി ച വാതരക്ത-
ദോഷാധികം സകലകുഷ്ഠഗണപ്രണാശി. ൬൧

അമൃത് ചുക്ക് കൊത്തമ്പാലയരി ഇവ ൩-൩-കഴഞ്ചുവീതം എടുത്ത് കഷായംവച്ച് പലതവണ സേവിച്ചാൽ വാതരക്താധികമായ വാതരക്തം ശമിക്കും.

ഭല്ലാതകലേഹം.

ഭല്ലാതകാനി പ്രസ്ഥമപാംവിമൃദ്യ
ഗുഡൂചികാമൈഷവക്ഷുരാദ്വിപ്രസ്ഥം
ഏകത്രപാത്രേ ജലദ്രോണഭാഗ-
പ്രപൂരിതേ പാച്യ ചപാദശേഷേ. ൧൨
സദ്യസ്സുപൂതേപി ചവക്ഷ്യമാണാ-
ന്യാചൂർണ്ണിതാന്യാശു ചതാനിവക്ഷ്യേ
വിശ്വാമൃതാവാകുചികാഭവാനീ
ധാത്രീനിശാ ചന്ദന ചക്രമർദ്ദാൻ. ൧൩
നിംബാഭൃങ്ഗനാമാഗധികാശിവാഭിഃ
കടുത്രയംനിംബഘനാമൃതാഭിഃ
ധാത്രീനിശാപർപ്പടഗോക്ഷുരാണി
ഗന്ധത്രയംസൈന്ധവബാലചന്ദ്രാൻ. ൧൪
ഉശീരമാരക്തകചന്ദനം ച
പൃഥക്പൃഥക്സർവ്വമിദംപലാർദ്ധം
സംചൂർണ്ണിതംപൂർവ്വജലേനവിദ്വാൻ
തത്തൽസമസ്തംസഘൃതംവിപാച്യ. ൧൫
മധുപ്രയുക്തം ചമൃദസ്സുപാത്രേ
നവേ ച സംരക്ഷ്യയഥാബലംററി
ഭുക്തംചാന്യരോഗസ്സുജവേനവാത-
രക്തംജയേദത്രനകാപിശങ്കാ. ൧൬
യസ്യപ്രകൃത്യാസഹതേനഭല്ലാ-
തകംസതംത്യജ്യ ചഭക്ഷണാത്ഥേ
യോഗേഷുരക്തംചലൂചന്ദനംവൽ
തത്തൽഗുണൈഃ പ്രാഹുരലം പുരാണാഃ. ൧൭

കുഷ്ഠാർശോവാതരക്താദികരധിരഭവാവായുജാതായ സമസ്താഃ
കണ്ഡൂടദ്രുവിസർപ്പാദികവിവിധഗദാമണ്ഡലാദ്യാഃസമസ്താഃ
നാശംഗച്ഛന്തിസർവ്വേവ്യമൃതയുതരസോകീറഫാന്യാറവരോറ
പ്രാതർഭുക്തേപലൈകേവിവിധബുധഗണൈർഗ്ഗീയതേസജ്ജനേന.

വ്യായാമമാതപകൃശാനുഭയീ ദിവാമ്ല-
സ്വാദുസ്ത്രീയംചപയസാസ്നപനംപതൈലൈഃ
അഭ്യംഗമാശ്രുനഹ്ലയാപരിവർജ്ജനീയ-
മേതൽസമസ്തമപിഭല്ലിയതപ്രയോഗേ. ൧൮

ചേക്കുരുതല്ലിച്ചതച്ചതു് ഒരിടങ്ങഴി അമൃതു് വയൽചുള്ളിക്കു
ഇവ ഓരോ ഇടങ്ങഴി എട്ടിരട്ടി വെള്ളത്തിൽ കഷായം വച്ചു് നാ

ലൊന്നാക്കി അലക്കിയവസ്ത്രത്തിൽ അരിച്ചു് ചുക്കു് അമൃതിൻവേരു് കാർകോകിലരി കുറാശാണി നെല്ലിക്ക മഞ്ഞൾ ചന്ദനം തഴുതാമ വേപ്പിൻതൊലി അതിവിടയം തിപ്പലി കടുക്കാത്തോട്ടു് ചുക്ക മുളകു തിപ്പലി മുരിക്കിൻതൊലി കൊത്തമ്പാലയരി ചെറൂപ്പുന്നയരി താതിരിപ്പൂവു് മരമഞ്ഞൾ പർപ്പടകപ്പുല്ലു് ഞെരിഞ്ഞിൽ ഏലം ഇലവർങ്ഗം പച്ചില ഇന്തുപ്പു് കർപ്പൂരം രാമച്ചം രക്തചന്ദനം ഇവ പ്രത്യേകം അരയരക്കാൽപലം വീതം പൊടിച്ചു ചേർത്തു നെയ്യും ഒഴിച്ചു് പചിച്ചു് പാകമാകുമ്പോൾ വാങ്ങി അറിയാൽ തേനും ചേർത്തു് മൺപാത്രത്തിലാക്കി സൂക്ഷിച്ചുവച്ചിരുന്നു് ബലമനുസരിച്ചു് സേവിക്കുക; നിശ്ചയമായും വാതരക്തം ശമിക്കും. പ്രകൃത്യാതന്നെ ചേക്കുരു ഇഷ്ടപ്പെടാത്ത ചിലരുണ്ടു്. അവർ അതിനുപകരം രക്തചന്ദനം ചേർത്താൽ മതിയെന്നും അതു ചേക്കുരുവിന്റെ ഫലം ചെയ്യുമെന്നും പുരാതനവൈദ്യവരന്മാർ പറയുന്നു. കുഷ്ഠം അർശസ്സ് വാതരക്തം തുടങ്ങി രക്തഭവങ്ങളും വായുഭവങ്ങളും ആയ സകല രോഗങ്ങളും ചൊറി ദദ്രുകുഷ്ഠം വിസർപ്പം മണ്ഡലം മുതലായ സകലരോഗങ്ങളും ഇതു സേവിച്ചാൽ നശിക്കും. പ്രഭാതകാലത്തിൽ ഒരുപലം ലേഹം സേവിച്ചാൽ മുൻപറഞ്ഞരോഗങ്ങൾ ശമിക്കും എന്നാണു് വിദ്വാന്മാർ പറയുന്നതു്. വ്യായാമം വെയിലുകൊള്ളുക തീയേൽക്കുക തൈർക്കൂട്ടുക പുളിയുള്ളതും മധുരവും ആയ വസ്തു ഉപയോഗിക്കുക, സ്ത്രീസംഗം ജലസ്നാനം അഭ്യംഗം ഇവയൊക്കെയും ഈ ഭല്ലാതകലേഹം സേവിക്കുമ്പോൾ വർജ്ജിക്കണം.

പിത്തകഫരക്താധികവാതരക്തലക്ഷണം.

സ്പർശാസഹത്വം ചരുജോവിദാഹഃ
സ്നിഗ്ദ്ധത്വസുപ്തീഹ്യതിശീതതാ ച
സ്നിഗ്ദ്ധൈരന്നൈശ്ച ശമതാമുപൈതി
ചേച്ഛ്ലേഷ്മപിത്താധികവാതരക്തേ. ൩൦

തൊട്ടാൽ സഹിക്കായ്ക, വേദന, പുകച്ചിൽ സ്നിഗ്ദ്ധത്വം, മരവിപ്പു് അതിശീതത്വം, സ്നിഗ്ദ്ധദ്രവ്യങ്ങളായ ഔഷധങ്ങൾ ഉപയോഗിച്ചാൽ ശമിക്കായ്ക, ഇവ കഫവും പിത്തവും അധികമായി കോപിച്ച വാതരക്തത്തിന്റെ ലക്ഷണമാകുന്നു.

* തച്ചികിത്സ.

മഞ്ജിഷ്ഠാദാരുരാത്രിർഹരനയനഫലാ
നിംബപീയൂഷതിക്താ-
ഗ്രാഭിഃക്ഷീരംശൃതംയൽതദനുനിഗദിതാ
ചാങ്കകർഷംചനാമ്നാ

പീതംവാതേനരക്തം ജയതിബഹുവിധം
കുഷ്ഠരോഗം ചപാമാം
കണ്ഡൂ വിസ്ഫോടരക്താദ്യൈ ചവിവിധവിധാൻ
മണ്ഡലാൻഹന്തിചാന്യാൻ. ൻ൭

മഞ്ചട്ടി ദേവതാരം മഞ്ഞൾ ത്രിഫല വേപ്പിൻതൊലി അമൃത് പൂത്തരിച്ചുണ്ടവേര് വയമ്പ് ഇവകൊണ്ടുള്ള പാൽകഷായം സേവിച്ചാൽ വാതരക്തം പലപ്രകാരത്തിലുള്ള കുഷ്ഠരോഗം പാമാ ചൊറിച്ചിൽ വിസ്ഫോടം (പൊള്ളൽ) രക്തത്തിൽ നിന്നുണ്ടാകുന്ന പലവിധമണ്ഡലങ്ങൾ ഇവശമിക്കും. ഈ യോഗത്തിന് അരങ്കരഷം എന്നപേർ.

വേറൊരുയോഗം.

സുധാലതാകൽക്കകഷായസിദ്ധം
ഘൃതംനിഹന്ത്യാശു ചവാതരക്തം
കുഷ്ഠാൻസമസ്താനപഹന്തിതച്ച-
ന്നിഷേവിതംചേച്ചിരംനരേണ. ൻ൮

അമൃത് കഷായംവച്ച് അതിൽ അമൃതുതന്നെ കൽക്കമായി കാച്ചിയ നെയ്യുസേവിച്ചാൽ വാതരക്തം ശമിക്കും. തുടരെ സേവിച്ചുകൊണ്ടിരുന്നാൽ സകലകുഷ്ഠങ്ങളും ശമിക്കും.

കഫരക്തവാതാധികവാതരക്തലക്ഷണം.

സ്നിഗ്ദ്ധതാമലിനാസ്രതാ ശോഭതിമിചിമായനം
ശോഥശ്ചഗുരുതാസൃപ്തിവാതരക്തകഫാധികേ. ൩൯

സ്നിഗ്ദ്ധത ചോരയ്ക്ക് മാലിന്യം കത്തിനോവ് ദേഹത്തിൽ ചെറിയപ്രാണികൾ ഇഴയുന്നതുപോലെതോന്നുക നീക്കെട്ട് ഗുരുത്വം മരവിപ്പ് ഇവ വാതവും രക്തവും കഫവും അധികമായി കോപിച്ച വാതരക്തത്തിന്റെ ലക്ഷണമാകുന്നു.

തച്ചികിത്സ.

അമൃതപ്രതതീകടിലാനളകേഷുരകാവരണാതന്ദനചന്ദനാകൈഃ
ദചിബലാമധുകൈന്നിശയാമലകൈഃ പിചുമന്ദപടോലശിവാവരിഭിഃ.
അപിസിംഹമുഖീസഹിതൈരഖിലൈ-
രപി ക്രവിമർദ്ദകമൂലയുതഃ
അമൃതാദിരയം ഹരതേ സകലം
ബഹു വാതഗദം പ്രബലാസ്രയുതം. ൪൦

അമൃത് ചോനകപ്പുല്ല് രാമച്ചം വയൽച്ചുള്ളി നീർമരുതിൻതൊലി രക്തചന്ദനം കുറുന്തോട്ടി ആനക്കുറുന്തോട്ടി ഇരട്ടിമധുരം മ

ഞ്ഞൾ നെല്ലിക്കാത്തോട് വേപ്പിൻതൊലി പടവലം കടുക്കാത്തോട് ശതാവരിക്കിഴങ്ങ് ആടലോടകത്തിൻവേര് തകരവേര് ഇവകൊണ്ടുള്ള കഷായം പ്രബലമായ വാതരക്തത്തെ ശമിപ്പിക്കും.

ഗുഡൂച്യാദി തൈലം.

വേദദ്രോണജലേപചേദ്ധതുലാം ഛിന്നോദ്ഭവായാഭിഷക്
തൽപാദേനപയോഗവാമഥപചേദ്ദ്രോണപ്രമാണംതതഃ
തൈലസ്യാഢകമത്രവൈദ്യനിപുണോ സംവികല്പ്യമാനൌഷധൈ-
ർമഞ്ജിഷ്ഠാഗദജീവനീയകഗണൈർമ്മാംസീനാഗീപത്മകൈഃ. ൩൩

ഏലാവ്യാഘ്രനഖാമരൈലശുതജടാശൃംഗീഹരേണ്വാദിഭിർ-
ബാലോമാകട്ഫലത്രയൈസ്സശിശിരൈഃ പത്മോൽപലൈലാളൈഃ
മൃദ്വീകാഗരുനാഗപുഷ്പസഹിതൈഃ പർണ്യാഹരിക്രാന്തയാ
ശ്രാവണ്യാംപയസാച കൽക്കിതതമൈർവൈദ്യാധിരാജസ്സ്വയം. ൩൪

നിർമ്മായസ്വവിധാനവിച്ചനിയതംതൈലംഗുഡൂച്യാദികം
പാനാഭ്യംഗനിഷേവണാത്ഥമുദിതം പ്രായോനവാസ്താദകം
ധന്യംപുംസവനം പരം നിഗദിതം സ്ത്രീണാം തഥാ ഗർഭദം
വാതാസ്രം ശമയേൽ പുരാതനമലം സേപദം ച കണ്ഡൂം തഥാ
പിത്തം വാതയുതം ശിരോഗരമഥോകമ്പം തഥാചാർദ്ദിതം
പാമാനം സഹസാ വിനാശമനയേത്തൈലം ഗുഡൂച്യാദികം. ൩൫

ഒരു തുലാം അമൃത് നാല് ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് ഒന്ന ഇടങ്ങഴിയാക്കി ഒന്ന ഇടങ്ങഴി പാലും രണ്ട ഇടങ്ങഴി എണ്ണയും ചേർത്ത്, മഞ്ചട്ടി കൊട്ടം ജീരകം ജീവനീയഗണം (ജീവകം ഇടവകം മേദ മഹാമേദ കാകോളി ക്ഷീരകാകോളി കാട്ടുഴുന്ന് കാട്ടുപയറ് അടപതിയൻകിഴങ്ങ് ഇരട്ടിമധുരം) മാഞ്ചി നാകപ്പൂ പതുമുകം ഏലത്തരി പുലിച്ചുവടി നെല്ലിക്കാത്തോട് ശതാവരി കർക്കടകശൃംഗി അരേണു മഞ്ഞൾ അകത്തി ചുക്ക മുളക തിപ്പലി ചന്ദനം താമരക്കിഴങ്ങ് ചെങ്ങഴിനീർക്കിഴങ്ങ് ചിറ്റേലം പച്ചില മുന്തിരിങ്ങാപ്പഴം അകിൽ നാഗപ്പൂവ് മൂവിലവേര് വിഷ്ണുക്രാന്തി ശ്രാവണി ഇരുവേലി ഇവ കല്ക്കമാക്കി കാച്ചിയതൈലം സേവിക്കുകയോ തേക്കുകയോ വസ്തിചെയ്യുകയോ ചെയ്താൽ വാതരക്തം ശമിക്കും. പുംസവനമാണ്. സ്ത്രീകൾക്ക് ഗർഭമുണ്ടാകും. വിയർപ്പ് ചൊറിച്ചിൽ പിത്തം വാതം തലവിറയ്ക്കുക, അർദ്ദിതം പാമാവ് ഇവയും ശമിക്കും.

രക്തവാതപിത്താധിക വാതരക്തലക്ഷണം.

രുജാധികം സ്യന്ദയുതശ്ച ശോഥ-
തോദോസ്രമാലിന്യമഥാസ്ഫോടം

സ്പർശന്യ സംമോഹ അലം സപിത്ത-
വാതാസ്രരോഗേ പ്രവദന്തി തജ്ജ്ഞാഃ. ൯

അതിയായ വേദന, വെള്ളം ഒലിക്കുക, നീർക്കെട്ട്, കുത്തിനോവു്, രക്തമാലിന്യം, തൊട്ടാൽസഹിക്കായ്ക, മോഹാലസ്യം ഇവ രക്തവാതപിത്തങ്ങൾ കോപിച്ച വാതരക്തലക്ഷണമാണു്.

തച്ചികിത്സ.

ധാത്ര്യാരഗ്വധശേഖന ഗവാം ച മൂത്രൈ-
സ്ത്രൈകേന ചൂർണ്ണം ച ത്രിവൃദ്ഭവം യഃ
പിത്തേന രക്തേന യുതം ച വാത-
രക്തം നിഹന്ത്യാശു ദിനൈർന്നിത്യം. ൧൦

ത്രികോല്പക്കൊന്നയുടെ പൊടി പശുവിൻപാലും ഗോമൂത്രവും ചേർത്തു നിത്യവും സേവിച്ചാൽ പിത്തവും വാതവും രക്തവും, പ്രധാനമായി കോപിച്ച വാതരക്തം ശമിക്കും

-✻ വേറൊരു യോഗം.

പിചുമന്ദ കോകിലാക്ഷാമൃതകഷായമേകം
കഷോഷ്ണം ബലേനാനുകൂലം പൂമാൻ നഃ
ത്രിസപ്താഹമേകം ച വാതാസ്രരോഗാൽ
പ്രമുച്യേച്ച പിത്താധികാൽ പത്ഥ്യമശ്നൻ. ൧൧

വയൽച്ചുള്ളിവേരു് അമൃതു് ഇവ കഷായംവച്ചു ചെറുചൂടോടെ ബലമനുസരിച്ചു് ൨൧ ദിവസം പഥ്യം ദീക്ഷിച്ചു കുടിച്ചാൽ പിത്താധികമായ വാതരക്തം ശമിക്കും.

സർവ്വജമായ വാതരക്തലക്ഷണം.

സർവ്വജം ച രുധിരേണ സംയുതം ഷഡ്ഭവേച്ച ബഹുവേദനാന്വിതം
അംഗസംഘപരിദാരണം യദാ വാരിഗാംഗമപി ശീലയേത്തദാ ൧൨

സന്നിപാതജമായ വാതരക്തത്തിൽ വളരെ വേദനയുണ്ടായിരിക്കും. ശരീരമാസകലം വിള്ളൽ ഉണ്ടാകും. ഇതിന്റെ ശമനത്തിന്നായി ഗംഗാജലംതന്നെ പാനംചെയ്യണം.

ഉത്താനവാതരക്തലക്ഷണം.

ദണ്ഡം രക്തം യത്ര പീഡാ ച ദൃഷ്ടാ
സ്പർശാജ്ഞാനം നാതികണ്ഡൂതിയുക്തം
ത്വങ്മാംസസ്ഥം വാതപിത്തപ്രകോപാ-
ദുത്താനാഖ്യം രോഗമാഹുഃ പുരാണാഃ. ൧൩

വാതരക്തം ഉത്താനമെന്നും ഗംഭീരമെന്നും രണ്ടുപ്രകാരമുണ്ടു്. രക്തം പതുക്കെ പുറപ്പെടുക, പീഡ അല്പമായിരിക്കുക, തൊട്ടാൽ അറിയായ്ക, വളരെ ചൊറിച്ചിലില്ലാതിരിക്കുക ഇവ ഉത്താനവാതരക്തത്തിന്റെ ലക്ഷണമാണു്. ഇതു് ത്വക്കിനേയും മാംസത്തേയും ആശ്രയിച്ചാണുണ്ടാകുന്നതു്.

മധുകാദ്ദ്വിഗുണം വരതൈലമലം
പയസാജഭവേനതതോദ്വിഗുണം
പരിപീതമലം ച ബലേന സമം
വിനിഹന്തി സദാഗതിരക്തഗതം. ൧൪

ഇരട്ടിമധുരം അരച്ചു് ഇരട്ടിമധുരത്തിൽ ഇരട്ടി നല്ലെണ്ണയും അതിൽ ഇരട്ടി ആട്ടിൻപാലും ചേർത്തുകാച്ചി ബലമനുസരിച്ചു സേവിച്ചാൽ വാതരക്തം ശമിക്കും.

ശതാവരീഘൃതം.

ശതാവരീകല്കിതനീരഭാഗേ പയസ്സമം സാധുഘൃതം വിപക്വം
ഉത്താനസംജ്ഞം ച നിഹന്തിവാതപിത്തപ്രഭൂതം ഖലുവാതരക്തം.

ശതാവരിനീരിൽ ശതാവരി കൽക്കമായി പാലുംചേർത്തു കാച്ചിയനെയ്യു സേവിച്ചാൽ ഉത്താനസംജ്ഞമായ വാതരക്തം ശമിക്കും.

ഗാഢ (ഗംഭീര) വാതരക്തം.

ശരീരാന്തഃപ്രഭേദേന ദുർഗ്ഗന്ധശ്ചിത്തവിഭ്രമഃ
സോയം ധാത്വന്തരഗതോ ഗാഢമുത്താനസംജ്ഞകഃ. ൧൫

ശരീരാന്തർഭാഗത്തെ ദുർഗ്ഗന്ധത്തോടും ചിത്തഭ്രമത്തോടുംകൂടി ധാതുക്കളുടെ അന്തർഭാഗത്തിൻ നിന്നുണ്ടാകുന്നതിനെ ഗാഢ (ഗംഭീര) വാതരക്തമെന്നു പറയുന്നു.

തച്ചികിത്സ.

ശർക്കരാസമഗുല്ഗുലു.

യവാഗ്രജോദേവതരുസ്സൈന്ധവം
മുസ്തായവാനീത്രുടിദീപ്യചിത്രകാഃ
നിശാവിഡംഗം ജരണദ്വയം ച
ഫലത്രികം വ്യോഷവരാസകേസരം. ൧൬

കണ്ടകമാനം ച സമംസമം ച
പുരസ്തഥാ പഞ്ചപലപ്രമാണം
സർവ്വൈസ്സമാനാസിതശർക്കരാത്ര
സൂതാപിതേ സർപ്പിഷി സർവ്വമേവ. ൧൭

പിണ്ഡീകൃതം ഭുക്തമലം നരേണ
നിഹന്തി വാതാസ്രഗദം ക്ഷണേന
യക്ഷ്മോദരപ്ലീഹഗുദാമയാദ്യാൻ
കൃശാന്ദമാന്ദ്യപ്രണകോഷ്ഠരോഗാൻ. ൮൯

ചിത്തവിഭ്രമമദാനപഹന്തി ശൂലരുക്കുഷ്ഠമപി ഗൃദ്ധ്രസികാം ച
അന്നപാനപരിഹാരവിവർജ്ജിതം സേവ്യമാനമുദിതം രസായനം. ൯൦
അശുചി നിർമ്മിതമിദം സമഖണ്ഡം വായുഭിന്നഖിലവാതകൃതിമഖണ്ഡം
വജ്രമിന്ദ്രകരാദിവമുക്തം ശൈലജാതമിവ ദുർജ്ജരഭുക്തം. ൯൧

ഉദരം പ്രദരപ്രദരം ബഹുധാ ഖലു വായുഗദാനപഹന്തി സദാ
പരിസേവിതമാശു ഗരക്തഗദാൻ കൃമിനാശമലം ദഹനസ്യമദാ ൯൨

ചവക്കാരം ദേവതാരം ഇന്തുപ്പു മുത്തങ്ങ കറാശാണി ചിറ്റേലം അയമോദകം കൊട്ടുവേലിക്കിഴങ്ങ് ഞെരിഞ്ഞിൽ വിഴാലരി ജീരകം കരിഞ്ജീരകം ത്രിഫല ചുക്ക മുളക തിപ്പലി ബ്രഹ്മി നാഗപ്പൂവ് ഇവ മുമ്മൂന്നു കഴഞ്ചുവീതം ഗുൽഗ്ഗുലു ൫ പലം എല്ലാം കൂടിയിടത്തോളവും കൽക്കണ്ടം എല്ലാംകൂടി പൊടിച്ച് നെയ്യ് വഴിയതിൽ ഇട്ട് ഉരുളയാക്കി ഗുളികപ്രമാണത്തിൽ ഉരുട്ടി സേവിക്ക. വാതരക്തം യക്ഷ്മാവ് ഉദരം പ്ലീഹ അർശസ്സ് അഗ്നിമാന്ദ്യം വ്രണം ഉദാവർത്തമില്ലുള്ള രോഗങ്ങൾ ചിത്തഭ്രമം മദം ശൂലം കുഷ്ഠം ഗൃദ്ധ്രസി എന്ന വാതരോഗം ഇവ ശമിക്കും. ഇത് അശ്വിനീദേവന്മാരാൽ നിർമ്മിതമായ രസായനമാണ്. ഈ രസായനം വജ്രം ശൈലത്തെ എന്നപോലെ സകല വായുരോഗത്തെയും ശമിപ്പിക്കും. ഇതുകൂടാതെ അജീർണ്ണം ഉദരം പ്രദരരോഗത്തിൽ നിന്നുള്ള ഭേദം ഉപദ്രവത്തെയും ശമിപ്പിക്കും.

ചന്ദ്രപ്രഭാവടി.

ഭൂനിംബസൈന്ധവവചാസുരദാരുവഹ്നീ
കൃഷ്ണാഭയാക്ഷദഹനത്രിഫലാത്രിഭാണ്ഡീ
ക്ഷാരദ്വയാംബുദവിഡംഗനിദിഗ്ധികൈശ്ച
ജന്തുഘ്നസൈന്ധവവിഷാത്രികടുപ്രയുക്തൈഃ ൯൩
കർഷാംശകൈരപി പൃഥക്പൃഥഗത്ര ഗ്രാഹ്യാ
ചവ്യോനകൈചകകടുത്രയേന പൂരേണ സാകം
മുഷ്ടിദ്വയേന ച വിപാച്യ സുലോഹകേന
പ്രസ്ഥാർദ്ധകേന ച ശിലാജതുനാ സമേതം. ൯൪
മാത്സ്യണ്ഡികാകുഡവമേകതമം ദലൈലാ-
ദ്ഗന്ധകേസരലവംഗസവംശജാതഃ
ശ്ലക്ഷ്ണദ്വയോന്മിതതമൈശ്ച സമൈഃ സമൈതൈസ്ത
ഹ്യോനസിദ്ധഗുളികാ ചശശിപ്രഭേയം. ൯൫

പ്രാപ്താപ്രസാദ്യഗിരിശം ശശിനാ ക്ഷയാർശഃ
കുഷ്ഠാഗ്നിസാദഗുളകർണ്ണശിരോക്ഷിരോഗാൻ
ഹന്ത്യാശു മോഹജഠരാനപി മൂത്രവാത-
പ്ലീഹജ്വരപ്രണഭഗന്ദരഛർദ്ദിപാണ്ഡൂൻ. ൯൬

ഭദ്രോദലീമകസമസ്തവിശിഷ്ടകുഷ്ഠാ-
നാനാവിധജന്തുജഗദാൻ സകലാമവാതാൻ
ഉന്മാദപീനസനദാദരിരക്തമൂഢാ-
ക്ഷേപപാർദ്ദിതോരുസ്തിഗദാനപി ധാതുസംസ്ഥാൻ. ൯൭

വാതാൻ സ്ഥൂലതരാൻ കൃശാൻ കൃശതരാൻ സ്ഥൂലാനലം കാരയേ-
ദ്വാദരം ശോധമലാശു ചിത്താ മദീപ്രസ്തരതീന്നാശമാൽ. ൯൮

നിലവേപ്പ് ഇന്തുപ്പ് വയമ്പ് ദേവതാരം ഇരട്ടിമധുരം തിപ്പലി രാമച്ചം തുവര്‍ച്ചിലയുപ്പ് കൊട്ടുവേലിക്കിഴങ്ങ് ത്രിഫല ത്രികോല്പക്കൊന്ന ചവക്കാരം തുവര്‍ച്ചിലക്കാരം മുത്തങ്ങ കാട്ടുഴുന്ന് മഞ്ഞൾ മരമഞ്ഞൾ വിഴാലരി ഇന്തുപ്പ് അതിവിടയം ചുക്ക മുളക തിപ്പലി ഇവ മുമ്മൂന്ന കഴഞ്ച് കാട്ടുതിപ്പലിവേര് കാട്ടുമുളകുകൊടിവേര് ഗുല്ഗുലു ഇവ നാഴി (നാലുപലം) വീതം ലോഹഭസ്മം രണ്ടുപിടി കന്മദവും കര്‍പ്പൂരവും ഇരുനാഴി മീൻകണ്ണി ശർക്കര നാഴി പച്ചില ഏലത്തരി കര്‍പ്പൂരം നാഗപ്പൂവ് ഇലവർങ്ഗം വംശരോചന ഇവ അരപ്പലംവീതം എല്ലാംകൂട്ടി ഔഷധാദിമരുന്നുകൾ പൊടിച്ച് ശിലപ്പൊടി എടുത്ത് നെയ്യിൽ അരച്ച് ഗുളികയാക്കിയുരുട്ടി സേവിക്ക; കുഷ്ഠം അഗ്നിമാന്ദ്യം ഗുളരോഗം കർണ്ണരോഗം ശിരോരോഗം അക്ഷിരോഗം പ്രമേഹം ജ്വരം മൂത്രത്തടവ് പ്ലീഹ ജ്വരം വ്രണം ഭഗന്ദരം ഛർദ്ദി പാണ്ഡു ഭദ്രോദലീമകം സകലകുഷ്ഠം കൃമിരോഗം ആമവാതം ഉന്മാദം പീനസം വാതരക്തം മൂഢവാതം ആക്ഷേപവാതം അർദ്ദിതം അശ്മരി ഈ രോഗങ്ങൾ ശമിക്കും. സ്ഥൂലന്മാരെ കൃശന്മാരാക്കും. ചടച്ചവരെ തടിപ്പിക്കും. ഈ ശശിപ്രഭാഗുളിക ശശിയാൽ പരമേശ്വരനെ പ്രസാദിപ്പിച്ച് ലഭിക്കപ്പെട്ടിട്ടുള്ളതാണ്.

തലോദ്ഭവം (വിസർപ്പവാതരക്തം.)

സ്ഥിതാമൂലം പാദയോർഹസ്തയോർവാ
സർപ്പത്യച്ചൈരാഖുദഷ്ടസ്യയദ്വൽ
മന്ദംമന്ദം തദ്വിസർപ്പാഖ്യവാത-
രക്തം ഹന്ത്യാന്നോ ചികിത്സ്യദ്വിതീയം. ൯൯

എലി കടിച്ചാലുണ്ടാകുന്നതുപോലെയുള്ള മുഴകൾ കാലുകളുടേയോ കൈകളുടേയോ ചുവട്ടിൽനിന്ന തുടങ്ങി ദേഹമാസകലം പരു

ക്കെ പതുക്കെ വ്യാപിക്കുന്നു. അതിനെ വിസപ്പവാതരക്തമെന്നു പറയുന്നു. ഇതു പെട്ടെന്നു ചികിത്സിച്ചില്ലെങ്കിൽ അസാദ്ധ്യമാണ്.

വിസപ്പവാതരക്തചികിത്സ.

ശതാവരീകല്ക്കിതഗർഭമദ്ധ്യ
രസേപി സദ്യാപി ചതുർഗ്ഗുണേപി
ക്ഷീരേണ സിദ്ധേന ഘൃതം പ്രസാദ്ധ്യ
തദ്വോത്ഥവാതാസ്രഗദം പ്രഭഞ്ജൻ.

ശതാവരിയുടെ നീരിൽ ശതാവരിക്കിഴങ്ങു കൽക്കമായി നീരിന്റെ നാലിരട്ടി പാലുചേർത്തു കാച്ചിയ നെയ്യു സേവിച്ചാൽ തലോദ്ഭവവാതരക്തം നശിക്കും.

ധത്തൂരതൈലം.

കനകേന ശിഖീസമുദ്ഭവൈ-
രപി നാഗക്ഷാരജലൈശ്ച പുഷ്പകൈഃ
പടുസജ്ജരസൈസ്സ്തിലൈരപി
തിലകല്കൈശ്ച തിലോത്ഥശുദ്ധതൈലം.

വിനിഹന്തി സുസിദ്ധമേതദേവ
പരിലിപ്തം ശിരസീന്ദ്രലുപ്തവാതം
ബഹുധാ രുധിരേണ സംയുതം
ഭിഷജശ്ചാഥ വദന്തി നിശ്ചയാൽ.

നീലഉമ്മം ചുട്ട ക്ഷാരജലത്തിലോ കൊടുവേലി ചുട്ട ക്ഷാരജലത്തിലോ നാഗപ്പൂവ് ഇന്തുപ്പ് വെളുത്തുള്ളി എള്ളു ഇവ അരച്ചുകലക്കി കാച്ചിയ നല്ലെണ്ണകൊണ്ടുള്ള തൈലം തേച്ചാൽ ഇന്ദ്രലുപ്തവാതരക്തവാതം ഇവ ശമിക്കും.

വാതരക്തോപദ്രവങ്ങൾ.

അനിദ്രാരുചിശ്വാസമാംസപ്രപാതാ-
സ്തൃഷാമർമ്മപീഡാജ്വരഃ കമ്പതാംഗേ
ഭേദചക്രതാന്യംഗുലീ കാദ്യനേകേ-
ഷു ലംസ്സ്ഫോടകോപദ്രവാദിങ്മിതാത്ര.

ഉറക്കമില്ലായ്മ, അരുചി, ശ്വാസം, മാംസക്ഷയം, തണ്ണീർദ്ദാഹം, മർമ്മങ്ങളിൽ വേദന, ജ്വരം, ദേഹത്തിൽ വിറയൽ, വിരലു മുതലായ പല സ്ഥലങ്ങളിലും വളവ്, ദേഹത്തു പൊള്ളൽ ഇങ്ങനെ പത്തുപദ്രവങ്ങൾ വാതരക്തരോഗത്തിൽ ഉണ്ടാകും.

സാദ്ധ്യാസാദ്ധ്യത്വം.

വാതാസ്രമേഭിഃ പ്രവദന്ത്യസാദ്ധ്യ-
മുപദ്രവൈര്യുക്തമഥാത്ര യാപ്യം
കിയദ്ഭിരേതൈരഥ സാദ്ധ്യമാഹു-
രേതൈർവിഹീനം ച തഥൈകദോഷം.

നവം വിശേഷാച്ച തഥാ ദ്വിദോഷം
യാപ്യം ത്രിദോഷോത്ഥമഥോപ്യസാദ്ധ്യം
സോപദ്രവം വാ സ്ഫുടിതം പ്രഭിന്നം
സ്രുതം ച സാദ്ധ്യം മുനയോ വദന്തി.

മുൻപറഞ്ഞ പത്തുപദ്രവങ്ങളോടുംകൂടിയ വാതരക്തം അസാദ്ധ്യമാണ്. ചില ഉപദ്രവങ്ങളോടുകൂടിയതു യാപ്യവും. ഈ ഉപദ്രവങ്ങളൊന്നും ഇല്ലാത്തതും ഏകദോഷോദ്ഭവവും നവവും ആയതു സാദ്ധ്യവും ആകുന്നു. വിശേഷിച്ചും ദ്വിദോഷജം യാപ്യമാണ്. ത്രിദോഷോദ്ഭവവും, ഉപദ്രവങ്ങളോടുകൂടിയതും സ്ഫുടിക്കുന്നതും, വെന്തു കീറുന്നതും, വെള്ളം ഒലിക്കുന്നതും ആയ വാതരക്തവും അസാദ്ധ്യംതന്നെ ആകുന്നു.

വാതരക്തം വിട്ടുമാറിയാലുള്ള ലക്ഷണം.

വിവർണ്ണശോഫാങ്കസകണ്ഡ്വാദി
രാഹിത്യമംഘ്രിദ്വയജം ഭവേച്ച
നതോദഭേദൗ ഭവതോ ന ലോഹ-
ഗന്ധോƒപി വാതാസ്രഗദേ ഗതേഹി.

വാതരക്തം വിട്ടുമാറിയാൽ നിറംമാറ്റം, നീര്, വട്ടപ്പുണ്ണ് ഇവ ഇല്ലാതാകും. കുത്തിനോവു് വിള്ളൽ ലോഹഗന്ധം ഇവ ഉണ്ടാവുകയില്ല.

ഏകദ്വിത്രിയുതന്ത്വസാദ്ധ്യമുദിതം മോഹേന മാംസക്ഷയൈഃ
പ്രാണാനാമപി സംക്ഷയേണ സഹിതം വാതാസ്രരോഗം ബുധൈഃ
യാപ്യം ചേച്ചിരകാലതോപി ജനയേൽ കുഷ്ഠം മഹാദാരുണം
തസ്മാദാശു ചികിത്സയാ ച ശമയേദ്വാതാസ്രദോഷം സദാ.

ഒന്നോ രണ്ടോ മൂന്നോ ദോഷം കോപിച്ചുണ്ടാകുന്ന വാതരക്തം, മോഹം മാംസക്ഷയം പ്രാണക്ഷയം ഇവയോടുകൂടിയിരുന്നാൽ അസാദ്ധ്യമാണെന്നു വിജ്ഞന്മാരാൽ പറയപ്പെട്ടിരിക്കുന്നു. യാപ്യമായ വാതരക്തവും വളരെക്കാലം ചികിത്സിക്കാതെ ഇരുന്നാൽ മഹാഭയങ്കരമായ കുഷ്ഠരോഗത്തെ ഉണ്ടാക്കും. അതിനാൽ വാതരക്തം വളരെ വേഗ

ത്തിൽ ചികിത്സിക്കേണ്ട [illegible] ങ്ങളുടെ ര
ന്നം ദേവാച്ച്നം മുതലായ സര [illegible] ക്കുന്നു.

(ആയുർവേദ [illegible]
ശ്രീ [illegible]

ആയുർവേദശാസ്ത്രത്തിൽ [illegible] പ്രസിദ്ധമായാൽ
ഇവിടെ ആ രൂപത്തിൽതന്നെ [illegible] ചികിത്സയാവി.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
വാതരക്താധികാരം എന്ന
ഇരുപതാമത്തെ സ്തബകം കഴിഞ്ഞു.

അഥ ഏകവിംശസ്തബകഃ.

[illegible]

(നത്വാ ഗുരുപദകഞ്ജം വാതസ്യ-
കുർവേ വിശദചികിത്സാം സാമതന്ത്യ) ൧

ഞാൻ ഗുരുപാദപത്മം വന്ദിച്ചിട്ടുകൊണ്ട് ഇനി ആമവാതചികിത്സയെ വിശദമായി പറയുന്നു.

നിദാനം.

വിരുദ്ധാശനം ചേഷ്ടിതം യച്ചിത്രജം
കരോത്യഗ്നിമാന്ദ്യേപി സ്നിഗ്ദ്ധഭോജ്യ
കരാചിച്ച് [illegible]
പ്രധാവത്യഥോ നിശ്ചലസ്യാപി പൂർവ്വം. ൨

കഫസ്ഥലസ്ഥലേഷ്വാശ്രുതേനൈവ ചാമഃ
സമം നാഡികാഭിസ്തതഃ [illegible]
പുനർവാതപിത്തൈഃ [illegible] തോന്ന-
രസശ്ചാപിസ്രോതാംസ്യഭിഷ്യന്ദയേദ്വൈ. ൩

സനാനാവിധോ വർണ്ണഭേദേന നിത്യം
ഭവാപിച്ഛിലോഗ്നിമാന്ദ്യം കരോതി
സ രോഗാശ്രയോഹ്യാമസംജ്ഞോ [illegible]
ഹൃദോ ഗൗരവം സംവിധത്തേ വിശേഷാൽ. ൪

അജീർണ്ണാദ്രസസ്സഞ്ചിതോയഃ ക്രമേണ
സിരാഗാത്രപീഡാകരോഹ്യന്ന ജാതഃ
[illegible] ലഭേദോമസംജ്ഞാം സ [illegible]
[illegible] ശ്രയോ വൈദ്യമുഖ്യൈ [illegible] ൫

മത്സ്യാദികളായ വിരുദ്ധഭക്ഷണംകൊണ്ടും വിരുദ്ധചേഷ്ടകൾകൊണ്ടും അഗ്നി മന്ദിച്ചിരിക്കുമ്പോൾ സ്നിഗ്ദ്ധഭോജ്യം ഭക്ഷിക്കുന്നതൊണ്ടും ഹിലപ്പോൾ ശ്രമംകൊണ്ടും ഉണ്ടായതായ ആമം വായുവിന്റെ പ്രേരണയാൽ പ്രധാവനംചെയ്ത്, അല്പം വ്യായാമം ഇല്ലാത്തവനായ ദേഹിയുടെ കഫസ്ഥാനങ്ങളിൽ (ആമാശയസന്ധ്യാദികളിൽ) ആ വായുവിനോടുകൂടി പ്രാപിച്ച് നാഡികാമാർഗ്ഗമായി വ്യാപിക്കുന്നു. അതിനുശേഷം വാതപിത്തകഫങ്ങളാൽ ദൂഷിതമായ അന്നരസവും ധമന്യാദികളായ സിരകളെ തടുത്ത് സ്രോതസ്സുകളെ ഗുരുക്കളാക്കിച്ചെയ്യുന്നു. വാതാദികളാൽ ഉണ്ടായ വർണ്ണഭേദത്താൽ നാനാപ്രകാരത്തിലായിത്തീരുന്ന ആ ആമം പിച്ഛിലമായിട്ട് അഗ്നിമാന്ദ്യത്തെ ഉണ്ടാക്കുന്നു. ഈ ആമരോഗത്തിൽ വിശേഷിച്ച് ഹൃദയഗൗരവം ഉണ്ടാകും. അജീർണ്ണത്താൽ സഞ്ചിതമായ അന്നരസം ക്രമേണ ഞരമ്പ് ശരീരം മുതലായ സ്ഥാനങ്ങളിൽ പീഡയെ ചെയ്യുന്നതായിത്തീരും. പല സ്ഥാനങ്ങളിലും വേദനയ്ക്കും അഗ്നിമാന്ദ്യത്താൽ ആമത്തിനും ആശ്രയമായിരിക്കുന്ന ഈ രോഗത്തെ ആമവാതം എന്നാണ് വൈദ്യശ്രേഷ്ഠന്മാർ പറയുന്നത്.

ആമവാതത്തിന്റെ വ്യുത്പത്തി.

ത്രികസന്ധിഗതാവിമൌ സമം കുരുതസ്തബ്ധഗാത്രം യദാ തദാ
വാതവൈദ്യവിവർണ്ണിതസ്തു സോ ഗദിതസ്ത്വാമസദാഗതിർഗദഃ. ൬

ആമവായുക്കൾ പൃഷ്ഠാസ്ഥിയുടെ സന്ധിയെ പ്രാപിച്ചിട്ട് ദേഹത്തെ സ്തബ്ധമാക്കിച്ചെയ്യുന്നതാകകൊണ്ട്, ഇതിനെ വൈദ്യവര്യന്മാർ ആമവാതം എന്നുപറയുന്നു.

ആമവാതത്തിന്റെ ലക്ഷണം.

ഭവേദംഗമർദ്ദോ ഹ്യരുചിസ്തർഷയുക്തോ
ജ്വരശ്ശൂനതാങ്ഗേഷ്വലം ഗൗരവം ച
അപാകസ്തഥാലസ്യമേതേ ഭവന്തി
ഗദേഹ്യാമവാതേ തു പൂർണ്ണേ വിശേഷാൽ. ൭

ശരീരം നൊന്തുനുറുങ്ങുക, അരുചി, തണ്ണീർദാഹം, ജ്വരം, അംഗങ്ങളിൽ നീര്, ഗുരുത്വം, ദഹനമില്ലായ്ക, മടി ഇവ ആമവാതത്തിന്റെ ലക്ഷണമാകുന്നു.

അമവാതത്തിൽ ശീലിക്കേണ്ടവ.

വാസ്തുകവൃന്താകപടോലകാരവല്ലീഭല്ലാതകാവിമപ്രാജ്ഞ്യോൽ
യൽസാത്മ്യമേതേഷു തദേവനിത്യം ശ്രുണ്ഠ്യസ്യമൂലസ്യ തഥൈവയൂഷം.

യവോകോരദൂഷൈരഥോഷഷ്ടികാഭിഃ
പുരാണൈശ്ചലാവൈസ്സതൈശ്ചാഭോജ്യം
അഥോ പഞ്ചകോലേന കൌലത്ഥയൂഷം
അതാവായവാഗ്രം പിപാസാർദ്ദിതോയഃ. ൯

പിബേൽ കാഞ്ജികം ചാപി ശുണ്ഠീരജോഭിഃ
സൃതികാന്യലം സൽഫലാന്യത്ര തദ്വൽ
കടൂന്യപ്യഥോ സച്ചിദാവാതകമേവ
തഥാ ലംഘയേദ്രേചയേൽ സ്നേഹപാനൈഃ. ൧൦

ദീപനാനി കടുനിരേചനലംഘനാനിസമാചരേൽ
സ്വേദനാനി ച രൂക്ഷകാണി ച വാലുകാപൂടകൈരപം
വസ്തയോപ്യുപനാഹകർമ്മനിരൂക്ഷമേവനിഷേവയേൽ
സ്നേഹനാനിവിധായപ്രായശോ ഭോജനാനിസമാചരേൽ. ൧൧

വസ്തച്ചീര വഴുതിനങ്ങ പടവലത്തിൻകായ് പാവൽ ഇവ യിൽ നിത്യവും പരിചയിച്ചിരിക്കുന്നവ ഏതോ അവയും, ഉണങ്ങിയ മൂലവരിക്കിഴങ്ങിട്ടു പാകപ്പെടുത്തിയ ചാറും, പഴകിയ യവം വരക് ഞവര ചീവൽപക്ഷിയുടെ മാംസം മോര് ഇവയും, പഞ്ചകോലം (തിപ്പലി കാട്ടുതിപ്പലിവേര് കാട്ടുമുളകുകൊടിവേര് കൊടുവേലിക്കിഴങ്ങ് ചുക്ക്)ഇവയിട്ടു പാകമാക്കിയ മുതിരച്ചാറും, ദാഹമുള്ളപ്പോൾ കഞ്ഞിയും ചുക്കുപൊടിയിട്ട കാടിയും കയ്പുരസവും എരിവുരസവും ഉള്ള ഫലങ്ങളും സേവിപ്പിച്ചതായ തക്കാളിവഴുതിനങ്ങയും ആമവാതത്തിൽ പത്ഥ്യങ്ങളാണ്. ഇതുകൂടാതെ ദീപനങ്ങളായും കടുരസങ്ങളായും ഇരിക്കുന്ന വസ്തുക്കളും ലംഘനകർമ്മങ്ങളും മണൽകിഴി കെട്ടിയുള്ള സ്വേദനങ്ങളും രൂക്ഷകർമ്മങ്ങളും, വസ്തികളും രൂക്ഷങ്ങളായ ഉപനാഹകർമ്മങ്ങളും (മരുന്നുവച്ചുകെട്ടി വിയർപ്പിക്കുക) സ്നേഹനകർമ്മങ്ങളെ ചെയ്തിട്ട് ഭോജനം കഴിക്കുന്നതും പത്ഥ്യമാണ്.

അമവാതചികിത്സ.

ചിത്രകൈഃകടുകാശിവാമരവല്ലികാജഗതാമലം
ചൂർണ്ണമാശുവിഷായുതം വരകോഷ്ണനീരനിഷേവിതം
അമവാതഗദാതുരം പരിമോചയേദചിരാത്തരാം
സ്നേഹഏവതുബൃകജസ്തു പരിപീയതേയദിനിത്യശഃ. ൧൨

വെളുത്താവണക്കിൻവേര് കടുക്കാത്തോടിനി കടുക്കാത്തോട് അമൃത് ചുക്ക് അതിവിടയം ഇവ പൊടിച്ച് ചൂടുവെള്ളത്തിൽ സേവിക്കയോ നിത്യവും ആവണക്കെണ്ണ സേവിക്കയോ ചെയ്താൽ ആമവാതം ശമിക്കും.

വേറൊരുയോഗം.

ശഠ്യുഗ്രഗന്ധാതിവിഷാശിവാഭിഃ
ശുണ്ഠീലതാഭിശ്ച വിവൌകസാനാം
കാഥ്യേനചൂർണ്ണം ച വിധായരൂക്ഷ-
മശ്നൻ കവോഷ്ണേനജലേനതദ്വൽ. ൧൩

കച്ചോലം വയമ്പ് അതിവിടയം കടുക്കാത്തോട് ചുക്ക് വെളുത്തനറുനീണ്ടി ദേവതാരം ഇവ പൊടിച്ചു ചൂടുവെള്ളത്തിൽ സേവിച്ചാൽ ആമവാതം ശമിക്കും.

മറ്റൊരുയോഗം.

ഏരണ്ഡതൈലേന ഹരീതകീം യഃ
ഖാദേദ്വിധാനേന വിമുച്യതേസഃ
ആമാനിലാത്തേരപിഗൃധ്രസീതോ
വൃദ്ധേസ്തഥാനാത്ര വിചാരണീയം. ൧൪

കടുക്കയും ആവണക്കെണ്ണയുംകൂടി വിധിപ്രകാരം സേവിച്ചാൽ ആമവാതപീഡ, ഗൃധ്രസി, വൃദ്ധി ഇവ ശമിക്കും.

അന്യയോഗം.

കടുസ്നേഹഭൃഷ്ടാനി പത്രാണിനിത്യം
സഭക്താനിചാരഗ്വധസ്യാപിഖാദേൽ
ജനോമുച്യതേഹ്യാമവാതാഖ്യരോഗാ-
ദലം ശുണ്ഠികാഗോക്ഷുരക്വാഥപാനാൽ. ൧൫

കൊന്നത്തളിര് കടുകെണ്ണയിൽ വറുത്ത് ചോറോടുകൂടി ഭക്ഷിച്ചാലും ചുക്ക് ഞെരിഞ്ഞിൽ ഇവ കഷായംവെച്ചു കുടിച്ചാലും ആമവാതം ശമിക്കും.

❀ രാസ്നാദികഷായം.

രാസ്നാശഠീനാഗരദേവദാരു-
മുസ്താഭയാവത്സകധാന്യകാനാം
കൃഷ്ണാമൃതോഗ്രാ ചവികാശതാഹ്വാ
വാതാരിവിശ്വാബ്ദഹരീതകീനാം. ൧൬

പുനർനവാപീവരികാശഠംഷ്ട്രാ ദുരാലഭാ വ്യാധിവിഘാതകാനാം
ബലാമിസീനാമപിവൃദ്ധദാരോഃ കിരാതകസ്യാപിസമാന്യമൂനി. ൧൭

രോഗാനിരാസ്ഥാപ്രഭവാണിത്രീണി
സംകൃത്യകാഥ്യം ച തരോത്തരേണ
പിബേൽ കണാനാഗരചൂർണ്ണയുക്തം
മാമാദിവാതേഷ്വഖിലേഷുനിത്യം. ൧൮

പക്ഷാഘാതേപ്യർദ്ദിതേ കുബ്ജവാതേ
കംപേതദ്വജ്ഞാനജംഘാസ്ഥിരോഗേ
സന്ധിപ്രാപ്തേചാപി വാതാസ്രരോഗേ
പേയം തദ്വൽ ക്രോഷ്ടുശീർഷേ വിശേഷാൽ. ൧൯

വിശ്വാച്യാമപബാഹുകേ ഭഗന്ദരേസ്ത്രീണാം ചവന്ധ്യാമയേ
പുംസാം ലിംഗഗദേഷുശുക്ലജഗദേഷ്വന്യേഷു കമ്പാദിഷു
യേ ചാന്യേപിഹൃദാമയാശ്ച കഥിതാസ്തേഷ്വപ്യലം പായയേൽ
പുംസാം പുംസവനം പരം നിഗദിതം സ്ത്രീണാം പരം ഗർഭദം. ൨൦

അരത്ത കച്ചോലം ചുക്ക ദേവതാരം മുത്തങ്ങ കട്ടക്കാരത്തോട്ട് കടകപ്പാലയരി കൊത്തമ്പാലയരി തിപ്പലി അമുക്കുറ വയമ്പ് കാട്ടുമുളക കൊടിവേര് ചെറുകുറുന്തോട്ടിവേര് അടപ്പൊതിയൻവേര് ചെറുവഴുതിനവേര് വെൺവഴുതിനവേര് തഴുതാമവേര് ശതാവരിക്കിഴങ്ങ് ഞെരിഞ്ഞിൽ കൊടിത്തൂവവേര് കൊന്നത്തൊലി കുറുന്തോട്ടിവേര് മാഞ്ചി മറിക്കുന്നി പുത്തരിച്ചുണ്ടവേര് ഇവയെല്ലാം സമഭാഗം, വെള്ളുരത്ത ൩ ഭാഗം. എല്ലാം കൂടി കഷായം വെച്ച് എട്ടിലൊന്നാക്കി തിപ്പലിയും ചുക്കും പൊടിച്ചു മേമ്പൊടിയാക്കി സേവിക്കുക; ആമവാതങ്ങൾ പക്ഷാഘാതം അർദ്ദിതം കുബ്ജവാതം വിറയൽ ജാനുരോഗം ജംഘാരോഗം സന്ധിരോഗം വാതരക്തം ക്രോഷ്ടുശീർഷം ജാനുരോഗം ജംഘാരോഗം സന്ധിരോഗം വാതരക്തം ക്രോഷ്ടുശീർഷം വിശ്വാചി എന്ന വാതരോഗം അപബാഹുകം യോനിരോഗം വന്ധ്യാരോഗം ലിംഗരോഗം ശുക്ലരോഗം ഹൃദയരോഗം ഇവ ശമിക്കും. ഇതു് പുംസവനവും സ്ത്രീകൾക്ക് ഗർഭപ്രദവും ആകുന്നു.

അജമോദാദിചൂർണ്ണവും ഗുളികയും.

പലം ചാജമോദാം മരീചം വിഡംഗം
കൃശാനും തഥാ ദേവദാരും ശതാഹ്വാം
പലം പിപ്പലീനാം ച തന്മൂലകാനാം
പലൈകം തഥാ സൈന്ധവം സപ്തമന്യൽ. ൨൧

പലാനാം ദശ ദിക്സമ്മിതാനാം ചശുണ്ഠ്യാ-
സ്തഥാവൃദ്ധദാരോശ്ച ഭാഗൌപ്രകല്പ്യ
തഥാ ഭാപലം പഞ്ചകം ചൂർണ്ണയിത്വാ-
ഗുഡൈസ്സർവ്വതുല്യൈർവ്വടീവാവിധേയാ. ൨൨

ഗദാൻ വാതജാൻ ദാരുണാൻ തൂനികാദി-
പ്രതൂനീകടീപൃഷ്ഠപസ്യന്ദകാദീൻ
കവോഷ്ണേന നീരേണ പീതസ്തുചൂർണ്ണം
വടീകാപി ചാമാഹ്വഗുല്മനിഹന്തി. ൨൩

ജംഘാസ്ഥിസ്ഫുടനം ച ശൂലമപിവാ ശോഫം തഥാ സന്ധിഷു
യേ ചാന്യേപി ഗദാസ്തു വാതജനിതാഃ പ്രായസ്തഥാമാന്വിതാഃ
തേ സർവ്വേ പ്രലയം പ്രയാന്തി സഹസാ യേ ഗൃധ്രസീകാദയോ
യേനേദം ശ്രുതവാഗിണാ സമശിതം ചൂർണ്ണം ഗുടീ വാശിതാ. ൨൪

അയമോദകം നല്ലമുളക് വിഴാലരി കൊട്ടുവേലിക്കിഴങ്ങ് ദേവതാരം ചതകുപ്പ തിപ്പലി തിപ്പലിമൂലം ഇന്തുപ്പ് ഇവ ഓരോ പലം വീതം. ചുക്ക പലം ൧൦. മറിക്കുന്നിപലം ൧൦. കട്ടുഴുവപലം ൫. എല്ലാം കൂടി പൊടിച്ച് പൊടിയായോ എല്ലാം കൂടിയിടത്തോളവും ശർക്കര ചേർത്ത് വടകമായോ ഉപയോഗിക്കാം. ഉപയോഗിക്കുന്നതു കുറുക്കിവററിച്ച ചൂടുവെള്ളത്തിൽ വേണം. ഇതിന്റെ സേവകൊണ്ട് അതിഭയങ്കരങ്ങളായ തൂനിപ്രതൂനി തുടങ്ങിയ വാതരോഗങ്ങളും കടീസ്യന്ദം പൃഷ്ഠസ്യന്ദം മുതലായവയും ജംഘാസ്ഫുടനം (കണങ്കാൽ വെള്ളുകീറുക) അസ്ഥിസ്ഫുടനം ശൂലം സന്ധികളിലുള്ള നീർക്കെട്ട് ആമ സഹിതങ്ങളായ മററു വാതരോഗങ്ങൾ ഗൃധ്രസി ഇവയും ശമിക്കും.

ശുണ്ഠീഖണ്ഡം.

വിശ്വൌഷധം വസുപലം കുഡുബം ഘൃതസ്യ
ക്ഷീരാഢകേ ചശതാഖ്യപലൈഃ സുഖണ്ഡൈഃ
വ്യോഷത്രിജാതകപലം പലം ഘനാര-
ഗ്ഘ്വാപലം ച വിധിനാകൃതവിശ്വഖണ്ഡം. ൨൫

ആമാന്വിതം ചബഹുവാതഗദം നിഹന്തി
ഭുക്തം യഥാഗ്നിബലമാശു കരോതിപുഷ്ടിം
ധാതോശ്ച ബല്യമസകൃൽ പരിസേവിതോƒയ-
മായുഷ്യമേവ ചവലീപലിതഘ്നമേവ. ൨൬

ചുക്ക പലം ൮. നെയ്യ് നാഴി. പാൽ നാലിടങ്ങഴി. കല്ക്കണ്ടം ൫൦ പലം. ചുക്ക മുളക തിപ്പലി ഏലം ഇലവർങ്ങം പച്ചില വലിയ മുന്തിരിങ്ങ ഇവ ഓരോ പലം. ഇവകൊണ്ട് വിധിപോലെ ഉണ്ടാക്കിയ ഈ ശുണ്ഠീഖണ്ഡം അഗ്നിബലം അനുസരിച്ച് സേവിച്ചാൽ ആമവാതം ശമിക്കും. പുഷ്ടി ധാതുബലം ഇവ സിദ്ധിക്കും. പലപ്പോഴും ഈ മരുന്നു സേവിച്ചാൽ ആയുസ്സുണ്ടാകും. ജരയെ ഹനിക്കും.

വാതാധികമായ അമവാതം.

ന്ന്യാസാൽപ്രകമ്പത്യഥവാങ്ഗകാന്തി
ശ്ശൂലേട്യധികേ ചാധികവാതജാതഃ
ബാല്ഹീകചവ്യാസ്സവിഡാസ്സലോകം
കൃഷ്ണാസജീരാഃഖലുപുഷ്കരാന്താഃ. ൨൬

ഭാഗോത്തരാഃ പേഷ്യസുവസ്ത്രപൂതാഃ
പീതാഃകവോഷ്ണാംബുയുതാസ്സവാതം
നിഘ്നന്തിവാസാമസദാഗതിം ച
വിശേഷതഃ പത്ഥ്യഭുജോനരസ്യ. ൨൭

വാതാധികമായ അമവാതത്തിൽ ശരീരത്തിന്ന വിറയൽ അധികംവേദന ഇവ ഉണ്ടായിരിക്കും. കായം കാട്ടുമുളകുകൊടിവേര് വിളയുപ്പ് ചുക്ക് തിപ്പലി ജീരകം പുഷ്കരമൂലം ഇവ ൧-൨. ഈ ക്രമത്തിൽ വർദ്ധിപ്പിച്ചെടുത്തു് നല്ലപോലെ പൊടിച്ച് അലക്കിയവസ്ത്രത്തിൽ അരിച്ച് ചൂടുവെള്ളത്തിൽ സേവിക്കുക; വാതം അമവാതം ഇവ ശമിക്കും. ഇതു് പത്ഥ്യമായി സേവിക്കണം.

പിപ്പല്യാദ്യം ചൂർണ്ണം.

കണാമൂലംതസ്യാഃ പടുദഹനതാലീസചവികാ-
സ്ഥമാജീരംകൃഷ്ണം ദീപ്യവരപ്രസൂനംദീപ്യലികാൻ
സമാൻഭാഗാനേഷാമഥഹരമുഖാംശ്ചാപിപലികാൻ
സുവർച്ച്യാഃശ്ശുണ്ഠ്യാഥോ മരിചജരണേവാദ്വിപലികേ. ൨൮

തഥാവൈദാഡിമ്യാഃ കുഡുബമിഹവാവേതസമലം
യദല്പംതൽപ്രോക്തം യുഗളപലികംകുട്ടിതതമം.
കൃമീൻകണ്ഠൂംഗുല്മാനുദരമരുചിം പാണ്ഡുഗ്രഹണീം
സമീരംസർവ്വംവാഹരതി ശൃതനീരേണനിതരാം. ൨൯

ഗേന്ദരാർശോഗദസംഘഹാരി കണാദിചൂർണ്ണംച സുതപ്തവാരി
സമീരണംസാമതമം നിഹന്തിസുരാനുപാനേന ച യേപിബന്തി.

തിപ്പലി കാട്ടുതിപ്പലിവേര് ഇന്തുപ്പ് കൊടുവേലിക്കിഴങ്ങ് താലീസപത്രം കാട്ടുമുളകുകൊടിവേര് കരിംജീരകം അത്തിത്തിപ്പലി നാഗപ്പൂവ് ഇവ ഈരണ്ടുപലംവീതം. തുവച്ചിലക്കാരം ൭ പലം. ചുക്ക് നല്ലമുളക് ജീരകം ഇവ ഈരണ്ടുപലം. മാതളനാരങ്ങാത്തോട് നാഴി. ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ൨ പലം. എല്ലാംകൂടി പൊടിച്ചപൊടി വെള്ളംകുറുക്കി ചെറുചൂടാക്കി അതിൽ സേവിച്ചാൽ കൃമി ചൊറി ഗുല്മം ഉദരം അരുചി ഗ്രഹണി സകലവായുവികാരം ഭഗന്ദരം

അർശസ്സ് അമവാതം ഇവ ശമിക്കും. സുരാമദ്യം അനുപാനമായി സേവിക്കണം.

പിത്താധികമായ അമവാതം.

തൃഡ്ദാഹരാഗാധികതാ ച പിത്താ-
ധിക്യേ ചവിശ്വാമൃതചേരകീനാം
ക്വാഥംപിബേൽ കൌശികയുക്തമേകം
സർവ്വപ്പജംഹൊരുരുജാഘ്നമേവ. ൩൧

തണ്ണീർദാഹം സർവ്വാംഗസന്താപം ചുവപ്പ് ഇവയുടെ ആധിക്യം ഉണ്ടാകുന്നതു് പിത്താധികമായ അമവാതത്തിന്റെ ലക്ഷണമാണ്. ചുക്ക് അമൃതു് കടുക്കാത്തോട് ഇവ കഷായംവച്ച് ഗുല്ഗുലു വറുത്തുപൊടിച്ച് മേമ്പൊടിയായി സേവിച്ചാൽ പൃഷ്ഠം കണങ്കാൽ തുട ഈ സ്ഥലങ്ങളിലുള്ളവേദനയും പിത്താധികമായ അമവാതവും ശമിക്കും.

ശുണ്ഠ്യാദികഷായം.

അഥവിശ്വശടീപ്രഭൃതകല്കൈഃ
ശൃതനീരംച പിബേൽപുനർന്നവായാഃ
അപിസപ്തദിനാനി പിത്തയുക്ത-
മിദമാമാദിസദാഗതിം നിഹന്യാൽ. ൩൨

ചുക്ക് കച്ചോലം തഴുതാമവേര് ഇവ അരച്ചുകലക്കി കുറുക്കിയവെള്ളം പാകത്തിന്ന വററിച്ച് ഏഴുദിവസം കുടിച്ചാൽ പിത്താധികമായ അമവാതം ശമിക്കും.

കഫാധികമായ അമവാതലക്ഷണം.

സ്തിമിതത്വഗുരുത്വശോഥയുക്തോ
യദിചശ്ലേഷ്മയുതോട്യമവാതരോഗഃ
ലശുനൌഷധിസംശൃതംപയോവൈ
സഹശേഫാലികയാ പിബേൽസദാശു. ൩൩

തണുപ്പ് ഗുരുത്വം നീർക്കെട്ട് ഇവ കഫാധികമായ അമവാതത്തിന്റെ ലക്ഷണമാണ്. വെളുത്തുള്ളി കരിനൊച്ചിവേര് ഇവ ഇട്ടു കുറുക്കിയ പാൽ സേവിച്ചാൽ കഫാധികമായ അമവാതം ശമിക്കും.

കഫാധികമായ അമവാതചികിത്സ.

പത്ഥ്യാവിശ്വയവാനികാഭവമല്പം ചൂർണ്ണം ച തക്രൈഃപിബേൽ
മദ്യേനോഷ്ണജലേനവാഥ ച തഥാസൽകാഞ്ജികേനാപിവാ
സാമംവാതമലം ചപിത്തസഹിതം വാതാനുഗംസംഹരേൽ
ശോഥംപീനസവഹ്നിമാന്ദ്യകസനാൻ ഹൃദ്രോഗമന്നാരുചിം. ൩൪

കടുക്കാ ചുക്ക് ജീരകം ഇവ പൊടിച്ച് മോരിലോ മദ്യത്തിലോ ഉഷ്ണജലത്തിലോ കാടിയിലോ സേവിച്ചാൽ പിത്തവും വാതവും കൂടിച്ചേൎന്ന ആമവാതം ശോഫം പീനസം അഗ്നിമാന്ദ്യം ചുമ ഹൃദ്രോഗം അരുചി ഇവ ശമിക്കും.

വാതകഫാധികമായ ആമവാതം.

ശൂലേനകാഠിന്യമഥോഽത്ര കണ്ഡൂഃ
കഫേനവാതാധികതോഭവേച്ചേൽ
രാസ്നാഗ്ഗുഡൂചീച്യാശ്ച സദേവദാരു-
തഞ്ഛുകശ്ശുണ്ഠീകഷായിതം പിബേൽസഃ. ൩൫

കഠിനമായ ശൂല ചൊറിച്ചിൽ ഇവ വാതകഫാധികമായ ആമവാതത്തിൽ സംഭവിക്കും. ഇതിന്ന് ചെറുവഴുതിന അരത്ത് ദേവതാരം വെളുത്താവണക്കിൻവേര് ചുക്ക് ഇവ കഷായംവെച്ച് സേവിക്കണം.

അന്യയോഗം.

കണാകണാമൂലകചവ്യചിത്രൈർ-
വിശ്വാകഷായഃ സമധുന്നിപീതഃ
സശ്ലേഷ്മവാതാധികമാമവാതം
ഗദംനിഹന്യാന്നഹി ചിത്രമത്ര. ൩൬

തിപ്പലി തിപ്പലിമൂലം കാട്ടുമുളകുകൊടിവേര് കൊട്ടുവേലിക്കിഴങ്ങ് ചുക്ക് ഇവ കഷായംവെച്ച് ആറിയാൽ തേൻ മേമ്പൊടിചേൎത്തു സേവിക്കുക. കഫവാതാധികമായ ആമവാതം ശമിക്കും.

പിത്തകഫാധികമായ ആമവാതലക്ഷണം.

ഭവേൽസ്തബ്ധതാശോഫദാഹൌചരാഗോ
വലാസാധികഃപിത്തകാദിപ്രസിദ്ധഃ
ഗദോഹ്യാമവാതസ്തുവൈദ്യൈർവിജേയോ
യഥാവാതഥാതൽപ്രതീകാരമാഹുഃ. ൩൭

സ്തബ്ധത നീർക്കെട്ട് സൎവ്വാംഗസന്താപം ചുവപ്പ് ഇവ പിത്തകഫാധികമായ ആമവാതത്തിന്റെ ലക്ഷണമാണ്. ഇതിനെ വൈദ്യന്മാൎക്ക് നിശ്ശേഷം ജയിക്കത്തക്ക ചികിത്സയെ പറയുന്നു.

പിത്തകഫാധികമായ ആമവാതചികിത്സ.

കൃശാനുപാഠാകടുകാകലിംഗ-
മുസ്താഭയോഭംഗുരികാമൃതാനാം
വിശ്വാവിഷാഭ്യാം ച സദേവദാരു-
ചൂൎണ്ണംനിഷേവേദിഹചോഷ്ണനീരൈഃ. ൩൮

കൊട്ടുവേലിക്കിഴങ്ങ് പാടക്കിഴങ്ങ് കടുകരോഹിണി കുടപ്പാലയരി മുത്തങ്ങാ കടുക്കാ ഞാഴൽപ്പൂവ് അമൃത് ചുക്ക് അതിവിടയം ദേവദാരം ഇവ പൊടിച്ച് ചൂടുവെള്ളത്തിൽ സേവിക്കുക. പിത്തകഫാധികമായ ആമവാതം ശമിക്കും.

അന്യയോഗം.

ശഠ്യുഗ്രഗന്ധാതിവിഷാഭയാഭിർ-
വിശ്വാമൃതാഭ്യാം ച സദേവകാഷ്ഠൈഃ
പീതഃ കഷായഃകൃതആമവാത-
നാശായ രൂക്ഷാശനമശ്നതസ്തു. ൩൯

കച്ചോലം വയമ്പ് അതിവിടയം കടുക്ക ചുക്ക് അമൃത് ദേവദാരം ഇവകൊണ്ടുള്ള കഷായം ആമവാതത്തെ നശിപ്പിക്കും. രൂക്ഷഭക്ഷണം ചെയ്കയും വേണം.

സന്നിപാതജമായ ആമവാതം.

ഹസ്താംഘ്രിശീർഷേഷു ച ഗുല്ഫയോശ്ച
ത്രികേടപിജാനൂരുകസന്ധിസംഘേ
ശോഫേന ദോഷാസ്സകലാഃ പ്രകുൎയ്യു-
ൎദ്ദംശേനതുല്യം ഖലു വൃശ്ചികസ്യ. ൪൦

തികരം കടിച്ചാലത്തെപ്പോലെ കയ്യ്, കാല്, ശിരസ്സ്, ഞെരിയാണികരം, പൃഷ്ഠാസ്ഥി, മുട്ട്, തുട, സന്ധികൾ ഈ സ്ഥാനങ്ങളിൽ നീർക്കെട്ട് ഉണ്ടാകുന്നത് സന്നിപാതജമായ ആമവാതത്തിന്റെ ലക്ഷണമാണ്.

ഉത്സാഹഹാനിർബഹുമൂത്രതാ ച
കുക്ഷൌ ച കാഠിന്യമഥാപി ശൂലം
വൈരസ്യദാഹാന്ത്രവികൂജനാനി
മന്ദാഗ്നിതാനാഹ പ്രസേകമൂർഛരാഃ. ൪൧

തൃഡ്വൃദ്ധിവിഡ്ബന്ധസജാഡ്യനിദ്രാ
വിപൎയ്യയൈശ്ചാപി ഭവന്തി ദോഷൈഃ
ത്രിഭിസ്തദാസാമസദാഗരീയൈ
ജായേത ചോപദ്രവസംഘഏഷഃ. ൪൨

ഉത്സാഹമില്ലായ്ക, ബഹുമൂത്രത്വം, വയററിൽ കട്ടി, ശൂലം, രസം അറിയാൻവയ്യായ്ക, സൎവ്വാംഗസന്താപം, അന്ത്രകൂജനം, അഗ്നിമാന്ദ്യം, വയറുവീൎപ്പ്, വായിൽക്കൂടിവെള്ളംവരിക, മൂൎഛ, വലിയതണ്ണീർദാഹം, മലബന്ധം, ജഡത, ഉറക്കംവേണ്ടപ്പോൾ ഉറക്കമില്ലായ്ക ഇവയും സന്നിപാതജമായ ആമവാതത്തിന്റെ ലക്ഷണമാണ്.

സന്നിപാതജമായ ആമവാതചികിത്സ.

മേഥീപലാഷ്ടകമിതം ച പലാഷ്ടകം ച-
ചൂർണ്ണീകൃതം ച ജഗതസ്ത്ഗവാംപയോഭിഃ.
ദ്രോണോന്മിതൈശ്ച പരിപാച്യകൃശാഗ്നിനൈവ
യാവൽഘനതാമുപഗച്ഛതി താവദാശു. ൫൩

സംപാചയേദഥസിതാഢകസംപ്രയുക്തം
ഹവ്യേന ചാഷ്ടപലകേന വിധായപാകം
ശുണ്ഠീകണാമരിച ചിത്രകപത്രമുസ്താ-
ദീപ്യാശടീജരണധാന്യകകാരവീണാം. ൫൪

ജാതീഫലസ്യമഗധാംഘ്രിഭവേന്ദ്ര ചൂർണ്ണം
സംമിശ്ര്യപാകവിധിനാ ച പലം പലം ച
ത്വക്ചൂർണ്ണയുക്തമഥ വൈദ്യവിനിർമ്മിതംതൽ
ഖാദേൽ പലോന്മിതമഥാപി യഥാബലം വാ. ൫൫

സർവ്വാമവാതാൻ നിഖിലാൻ സമീരാ-
നന്മാദവാതാസ്രപ്രമേഹപാണ്ഡൂൻ
വൈഷമ്യമാപ്താൻ നിഖിലാൻ ജ്വരാംശ്ച
ഹന്ത്യാദപസ്മാരശിരോരുജാദീൻ. ൫൬

ദ്ദ്രാമയം സൂതിഗദം ദരം ച
ഹന്ത്യാദ്വപുഃപുഷ്ടികരംപരം ച
വീര്യപ്രദംബല്യതരം വിശേഷാ-
ന്മേഥീഭവംപാകമുശന്തിവൈദ്യാഃ. ൫൭

ഉലുവാ പലം ൮. ചുക്ക പലം ൮. ഇവപൊടിച്ച് എന ഇടങ്ങഴി പശുവിൻപാലിൽ കലക്കി മന്ദാഗ്നിയിൽ പചിച്ച് കട്ടിയായാൽ പഞ്ചസാര ഇടങ്ങഴി ൪, നെയ്പലം ൮- ഇവ ചേൎത്തു പാകമാകുമ്പോൾ ചുക്ക് തിപ്പലി നല്ലമുളക് കൊട്ടുവേരിക്കിഴങ്ങ് പച്ചില മുത്തങ്ങ അയമോദകം കച്ചോലം ജീരകം കൊത്തമ്പാലയരി കരിഞ്ജീരകം ജാതിക്ക കാട്ടതിപ്പലിവേര് ഇലവർങം ഇവ ഓരോ പലംവീതം പൊടിച്ചുചേൎത്ത് ഒരുപലംവീതമോ ദേഹബലമനുസരിച്ച് അതിൽ കുറച്ചോ സേവിക്കുക. സകല ആമവാതം സകലവാതവികാരം ഉന്മാദം, വാതരക്തം, പ്രമേഹം, പാണ്ഡു, ജ്വരവൈഷമ്യം, അപസ്മാരം, തലവേദന, നേത്രരോഗം, സൂതികാരോഗം, പ്രദരം ഇവ ശമിക്കും. ദേഹത്തിനു പുഷ്ടിയും ശുക്ലശക്തിയും ദേഹബലവും ഉണ്ടാകും.

ആമവാതത്തിനു തൈലം.

സുസൈന്ധവം ശ്രേയസികാസരാസ്നാ-
ജവാനികോഗ്രാമി സിവിശചജീരൈഃ.
കണോഷണേസർജ്ജിവിഡേ ച കുഷ്ഠം
സൌവർച്ചലം പുഷ്കരകാജമോദാഃ. ൫൮

പലാൎദ്ധകാംശാൻ മധുകേനസർവ്വാ-
നേരണ്ഡതൈലം വിപചേച്ചപ്രസ്ഥം
ദധിപ്രസ്ഥമസ്തുപ്രയുതം ദധിപ്രസ്ഥ-
സുകാഞ്ജികേനാപി ചസിദ്ധമേതൽ. ൫൯

പാനാഭ്യഞ്ജനവസ്തയോഽപി കഥിതാവാദനേനാമമേതഥാ
വാതേശൂലഗദേകടിഗ്രഹഗദേ ജാനൂരുസന്ധ്യന്വിതേ
ഹൃൽപാർശ്വപ്രഭവേഷ്വവംക്ഷണഭവേ ശ്ലേഷ്മാമയേഷ്വധ്രുവം.
തൈലം ചാഗ്നിബലാനുകൂലമശിതം കയാഗ്നിവൃദ്ധിം ദിശേൽ. ൬൦

ഇന്തുപ്പ് കടുക്കാത്തോട് വെള്ളവുത്ത കുറാശാണി വയമ്പ് ചതകുപ്പ ചുക്ക് ജീരകം തിപ്പലി നല്ലമുളക് ചവക്കാരം വിളയുപ്പ് കൊട്ടം തുവർച്ചിലയുപ്പ് പുഷ്കരമൂലം അയമോദകം ഇരട്ടിമധുരം ഇവ അരപ്പലംവീതം അരച്ചുകലക്കിഇടങ്ങഴി ആവണക്കെണ്ണയും രണ്ടിടങ്ങഴി കാടിയുംചേൎത്തു പാകത്തിൽ കാച്ചിയരിക്കുക; ഈ തൈലം കുടിക്കുകയോ ഇതുകൊണ്ട് അഭ്യഞ്ജനം ചെയ്കയോ, വസ്തിചെയ്കയോ ചെയ്താൽ ആമവാതം, ശൂലം, അരയ്ക്കുപിടിത്തം, മുട്ട്, തുട, സന്ധി, ഹൃദയം, പാർശ്വം, ഈ സ്ഥാനങ്ങളിൽ ഉണ്ടാകുന്ന രോഗം, ഒടിവിന് ഉണ്ടാകുന്ന രോഗം, കഫരോഗം ഇവ ശമിക്കും. ഈ തൈലം അഗ്നിബലം അനുസരിച്ച് ഉപയോഗിച്ചാൽ അഗ്നിവൎദ്ധനയും ഉണ്ടാകും.

കടീവ്യഥയ്ക്ക്.

കടീശൂലമേരണ്ഡതൈലം നിഹന്തി
സുധാവിശ്വനീരം കണാഭിശ്ചപീതം. ൬൧

അമൃത് ചുക്ക് ഇവ കഷായംവെച്ച് ആവണക്കെണ്ണയും തിപ്പലിപ്പൊടിയും മേമ്പൊടിചേൎത്തു സേവിക്കുക. കടീശൂലം (അരക്കെട്ടിനുള്ള വേദന) ശമിക്കും.

ഊരുസ്തംഭം.

യദ്വാതശങ്കിഭിരിഹാജ്ഞതയാകൃതേന
സ്നേഹാദിനാഗ്നിസദനംചഭവേൽപ്രസുപ്തിഃ
കൃഛ്റാൽഭവേൽപദസമുദ്ധരണംസ്ഥിതിശ്ച
പീഡാസദൈവഗമനേയദിചോരുസംസ്ഥഃ. ൬൨

സ്തംഭോഭവേദിഹ ന വാന്തിവിരേകവസ്തി-
സംസ്നേഹനാനി രുധിരസ്യ സ്രുതിം ന കുര്യാൽ
യത്തൽക്രതൈസ്സമുപയാതി സദാഗതിസ്സ
കോപം തതോ ഽത്ര മതിമാൻ പ്രജയേച്ച രൂക്ഷൈഃ. ൧൩

ഊരുസ്തംഭത്തിങ്കൽ വൈദ്യന്മാർ അജ്ഞതനിമിത്തം വാതരോഗമാണെന്ന് വിചാരിച്ച് ചെയ്യുന്ന സ്നേഹാദികൊണ്ട്, അഗ്നിമാന്ദ്യവും മരവിപ്പും കാലുയർത്തുന്നതിനും കാൽവയ്ക്കുന്നതിനും വളരെ പ്രയാസവും ഉണ്ടാകും. നടക്കുമ്പോൾ വലിയ വേദനയും കാണും. ഇതിങ്കൽ ഛർദ്ദി, വിരേചനം, വസ്തി, സ്നേഹനം, രക്തസ്രാവണം മുതലായ കർമ്മങ്ങൾ ചെയ്യാൻ പാടില്ല. ഛർദ്ദിപ്പിക്കുക മുതലായ കർമ്മങ്ങൾ ചെയ്താൽ വായു കോപിക്കും. അതിനാൽ ആമസമൂഹത്തെ രൂക്ഷവിധാനങ്ങൾകൊണ്ട് ജയിക്കയാണ് വേണ്ടത്.

അത്രാമവാതകഫസങ്കരതാ വിശേഷാ-
ത്തസ്മാൽ കഫം പ്രഥമതോ ഽഥ വിജിത്യ പശ്ചാൽ
വാതം ജയേദപി വിശേഷ്യ ബഹുധാത്രരൂക്ഷ-
ഭോജ്യൈശ്ച പഥ്യമപി ചാവിധിനാവിലംഘ്യാൽ. ൧൪

ഈ ഊരുസ്തംഭത്തിൽ ആമവാതത്തിന്റെയും കഫത്തിന്റെയും സങ്കരത്വം വിശേഷിച്ചും കാണും. അതിനാൽ ആദ്യമായി കഫത്തെ ജയിച്ചിട്ട് പിന്നീട് വാതത്തെ ജയിക്കണം. പലവിധത്തിലും രൂക്ഷങ്ങളായ ഭോജ്യങ്ങൾ ഉപയോഗിക്കുന്നത് പഥ്യമാണ്.

ഊരുസ്തംഭത്തിൽ പഥ്യാചരണം.

യവൈഃ പുരാണൈശ്ചണകൈശ്ച മുദ്ഗൈർ-
മുദ്ഗൈസ്തഥാ കോദ്രവശാലിഭിശ്ച
ഗോധൂമകൈർജ്ജാംഗലമാംസശാകൈർ-
വസ്തൂകമുഖ്യൈഃ പടുഹവ്യഹീനൈഃ. ൧൫

പഥ്യം വിദധ്യാദ്ദിരൂക്ഷപഥ്യാൽ
സദാഗതിഃ കോപമുപേത്യ കുര്യാൽ
നിദ്രാവിനാശാദി തദാ പ്രകുര്യാൽ
സ്നേഹക്രമസ്വേദവിധീ വിശേഷാൽ. ൧൬

പുരാണമായ യവം ചണംപയറ് മക്കട്ടപ്പയറ് ചെറുപയറ് കോദ്രവം ചെന്നെല്ല് ഗോതമ്പ് ജാംഗലമാംസം വസ്തുച്ചീര മുതലായവ ഊരുസ്തംഭരോഗത്തിൽ പഥ്യമാണ്. ഈ സാധനങ്ങൾ നെയ്യും ഉപ്പും ചേർക്കാതെ ഉപയോഗിക്കണം. രൂക്ഷപഥ്യം ഹേതുവായിട്ട് വായു കോപിച്ച് നിദ്രാവിനാശാദികളെ ചെയ്യുകയാണെങ്കിൽ അ

പ്പോൾ വിശേഷിച്ചും സ്നേഹക്രമത്തെയും സ്വേദവിധിയേയും ആചരിക്കണം.

കഫേ പ്രവൃദ്ധേ ഽപ്യഥ ശീതനീര-
സ്രോതസ്സ്ഥാസൽസരിതോ വിശേഷാൽ
പ്രചാരയേത്തം ജലപത്രകേണ
പുനഃ പുനഃ ശീതജലം സരശ്ച. ൧൭

തതോ വിശുഷ്കേ ച കഫേ തതോരു-
ഗ്രഹസ്യ നാശം സമുപൈതി ശീഘ്രം
അഥാശ്വഗന്ധാംഘ്രിബിരക്തമൂലൈർ-
നിംബസ്യ മൂലൈരഥ ദേവകാഷ്ഠൈഃ. ൧൮

സിദ്ധാർത്ഥയുക്തൈർമ്മധുനാ ഹിമിശ്രൈർ-
വല്മീകമൃത്സാ ച തഥൈവ ഗാഢം,
ഉത്സാദനം വൈദ്യവരഃ പ്രകുര്യാ-
ദൂരുഗ്രഹേ വേദനയാന്വിതേ ച. ൧൯

ഊരുസ്തംഭത്തിൽ കഫം ശോഷിപ്പിക്കുന്നതു നല്ലതാണ്. അതിനാൽ കഫം ശോഷിപ്പിക്കുന്നതിനായി തണുത്ത ജലത്തോടുകൂടിയ പ്രവാഹത്തിൽകൂടിയോ നദികളിൽകൂടിയോ വള്ളത്തിൽകയററി ഊരുസ്തംഭരോഗിയെ സഞ്ചരിപ്പിക്കണം. അപ്രകാരം കഫം ശോഷിച്ചാൽ ഊരുസ്തംഭത്തിന് ശമനമുണ്ടാകും. വേദനയോടുകൂടിയ ഊരുസ്തംഭത്തിന് അമുക്കുരം എരിക്കിൻവേര് വേപ്പിൻവേര് ദേവതാരം കടുക് പുററുമണ്ണ് ഇവ എല്ലാംകൂടി അരച്ച തേനുംകൂട്ടി കട്ടിയിൽ പൂശണം. എന്നാൽ വേദന ശമിക്കും.

ഊരുസ്തംഭചികിത്സ.

ഫലത്രികം കടുത്രികം സഗ്രന്ഥികാസമന്വിതം
പിബേച്ച മൂത്രസംയുതം വിനാശയേദുരുഗ്രഹം. ൨൦

ത്രിഫല ചുക്ക മുളക തിപ്പലി കാട്ടുതിപ്പലിവേര് ഇവ അരച്ച് ഗോമൂത്രത്തിൽ കലക്കി കുടിക്കുക. ഊരുസ്തംഭം ശമിക്കും.

വേറൊരുയോഗം.

ശുണ്ഠീശിലാജതുകണാസ്സപുരാനിപീതാ
മൂത്രേണവാഥ ദശമൂലകഷായകേണ
ഊരുഗ്രഹം ഗദമലം വിനിഹന്തി ശീഘ്രം
സാമം കഫാന്വിതസദാഗതിപിത്തജാതം. ൨൧

ചുക്ക് കല്മദം തിപ്പലി ഗുല്ഗുലു ഇവ പൊടിച്ച് ഗോമൂത്രത്ത

ലോ ദശമൂലകഷായത്തിലോ സേവിച്ചാൽ കഫവാതപിത്തജവും ആമത്തോടുകൂടിയതും ആയ ഊരുസ്തംഭം ശമിക്കും.

അമവാതത്തിലെ ഉപദ്രവങ്ങൾ.

തോദോ/ഥശോഫോऽനിലമാന്ദ്യമത്ര-
കാർശ്യം പ്രസേകാരുചിഗൌരവാണി
ഉത്സാഹഹാനിർബഹുമൂത്രതാ ച
വിഡ്ബന്ധവൈരസ്യമുഖാശ്ചസന്തി. ൩൧

ഉപദ്രവാഹ്യോതരാസ്തദൈതേ
ഗദേऽമവാതേ പ്രഭവന്തിയേതൈഃ
വിനൈകദോഷസ്സ സുഖേനസാദ്ധ്യോ
ദ്വിദോഷജോ യാപ്യതരോऽമവാതഃ. ൩൨

സകലദേഹചരോ ബഹുശോഫവാൻ
ദവഥുകഷ്ടയുതോത്തിസമന്വിതഃ
പ്രജ്വതിതോദയുതോയമസന്നിധാ-
വനവവേപനയുക്തമുരുഗ്രഹേ. ൩൩

കുത്തിനോവു്, നീർക്കെട്ടു്, അഗ്നിമാന്ദ്യം, കാർശ്യം, വായിൽകൂടി വെള്ളംവരിക, അരുചി, ഗൌരവം, ഉത്സാഹമില്ലായ്ക, വളരെ മൂത്രംപോകുക, മലബന്ധം, വിരസത, ഈ അതിരോഗങ്ങളായ ഉപദ്രവങ്ങൾ അമവാതത്തിൽ സംഭവിക്കുന്നു. ഈ ഉപദ്രവങ്ങളോടുകൂടാത്തുള്ളതും, ഏകദോഷോദ്ഭവവും ആയ ആമവാതം സുഖസാദ്ധ്യമാണു്. ദ്വിദോഷജമായ ആമവാതം യാപ്യമാണു്. എല്ലാദേഹത്തിലും വ്യാപിച്ചു് വലിയ നീർക്കെട്ടോടും പ്രാദേശിക (അങ്ങുമിങ്ങും) തീവ്രസന്താപത്തോടും വളരെ വേദനയോടും കുത്തിനോവോടും വിറയലോടും കൂടിയ ആമവാതം അസാദ്ധ്യവും ആകുന്നു.

അമവാതം വിട്ടുമാറിയാലുള്ള ലക്ഷണം.

സമ്യക്ക്ഷുധാമലസൃതിസ്സുഖാംഗപീഡാ-
നാശോ ഭവേദ്രുചിതകാലഭവോ ച നിദ്രാ
ജായന്ത ഏവവിഗതാമസമീരണേന്തു
ലക്ഷ്യം വദന്തി ഭിഷജോऽസ്യനിവൃത്തിരേഷാ. ൩൪

നല്ലവണ്ണം വിശപ്പുണ്ടാകുക, മലം ശരിക്കപോകുക, ദേഹത്തിലുള്ള പീഡകളെല്ലാം മാറുക, വേണ്ടപ്പോൾ ഉറക്കംവരിക, ഇവ ആമവാതം വിട്ടുമാറിയാലുള്ള ലക്ഷണങ്ങളാണു്.


താതോഗുരുർവിജയതേ സ ചന്ദ്രചൂഡാന്തഭ്രതിർ
മാത്രാസദാശമലയാ പരയാ യുതസ്സഃ
യസ്യാജ്ഞയാ കൃതമിദം സകലാമവാത-
രോഗപ്രസാദശമനൌഷധിസിദ്ധലക്ഷ്യം. ൩൫

കമലയും അന്യയും ആയ രണ്ടുമാതാക്കളോടുകൂടി ചന്ദ്രചൂഡാന്തഭ്രതിയോടുകൂടിയ താതനാകുന്ന ഗുരു വിജയിക്കുന്നു. ആ ഗുരുവിന്റെ കല്പനയാൽ ഈ ആമവാതരോഗത്തിനുള്ള ലക്ഷണൌഷധാദികൾ എന്നാൽ ഇവിടെ പറയപ്പെട്ടു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ

അമവാതാധികാരം എന്ന

൨൧-ാം അദ്ധ്യായം കഴിഞ്ഞു.



ദ്വാവിംശസ്തബകം.

നത്വാഗിരീശതനയാധവമിന്ദുമൌലിം
വജ്രത്രിശൂലവരദാഭയഹസ്തമീശം
താതാജ്ഞയാ ച ക്രിയതേയുഗവേദികാശീ-
നാഥേനശൂലഗദലക്ഷണസച്ചികിത്സാ. ൧

ചന്ദ്രചൂഡനും പാർവ്വതീകാന്തനും വജ്രം ത്രിശൂലം മുതലായ ആയുധം ധരിച്ചു വരദാഭയമുദ്രയോടുകൂടി പ്രകാശിക്കുന്നവനും ആയ പരമശിവനെ നമസ്കരിച്ചു് താതാജ്ഞയാൽ ചതുർവേദജ്ഞനായ കാശീനാഥൻ ശൂലരോഗത്തിന്റെ ലക്ഷണവും ചികിത്സയും പറയാൻ ഭാവിക്കുന്നു.

ശൂലരോഗനിദാനം.

ശ്രമാച്ഛീതനീരാതിപാനാദ്ദ്യവായാൽ
തഥാജാഗരാച് ഛുഷ്കമാംസാശനാച്ച
കളായാഢകീകോരദൂഷാദിമുദ്ഗാ-
ദിഭിർവ്വാന്യരൂക്ഷൈഃ പ്രഭൂതൈരനേകൈഃ. ൨

കഷായൈയശ്ചാതികൈർവിരുദ്ധാശനൈശ്ച-
തഥാമൂത്രവിട്ശുക്ലവായുപ്രരോധാൽ

തഥാശോകതോഽപ്യനാച്ഛാദിഹാസ്യാൽ
തഥാജല്പനാച്ച ശുഷ്കശാകാശനാച്ച
ഭവേൽ പൃഷ്ഠപാർശ്വത്രികൈകൈകദേശേ
തഥാവസ്തിദേശേഽപിശൂലപ്രവൃത്തിഃ. ൩

പ്രവൃദ്ധേന വാ വായുനാപൂർവ്വരൂപ-
മധോവൈ വിലോമതാമുഖതാ ച വായോഃ
തതോഗൌരവാടോപകാർശ്യാനിശൂലേ
ഭവിഷ്യത്ത്യമീസർവ്വതോ ഭവന്തി. ൪

ശ്രമം, തണുത്തവെള്ളം അധികം കുടിക്കുക, അതിമൈഥുനം, ഉറക്കം ഒഴിക്കുക, ശുഷ്കമാംസം ഭക്ഷിക്കുക, കടല, തുവര, വരക്, ചെറുപയറ് മുതലായവയും രൂക്ഷഗുണമുള്ളായ മററു പദാർത്ഥങ്ങളും ഭക്ഷിക്കുക, ചവർപ്പുരസവും കയ്പുരസവും ഉള്ള പദാർത്ഥങ്ങൾ ഭക്ഷിക്കുക, വിരുദ്ധാശനം, മൂത്രം മലം ശുക്ലം അധോവായു ഇവയെ തടുക്കുക, ദുഃഖിക്കുക, പട്ടിണികിടക്കുക, വളരെ ചിരിക്കുക, വളരെ സംസാരിക്കുക, ഉണങ്ങിയ ശാകങ്ങൾ ഭക്ഷിക്കുക ഇവയാൽ വായു വർദ്ധിച്ച് പൃഷ്ഠം പാർശ്വഭാഗം പൃഷ്ഠാസ്ഥി വസ്തിപ്രദേശം മുതലായ ഓരോസ്ഥലങ്ങളിൽ വേദനയുണ്ടാകുന്നു. ഇതാണു ശൂലം. വായുവിന്റെ വിപരീതഗതി, വയററിൽ കനം, പൊട്ടൽ, കാർശ്യം ഇവ ശൂലരോഗത്തിന്റെ പൂർവ്വരൂപമാണ്.

ശൂലലക്ഷണം.

അവിച്ഛിന്നാപീഡാഭവതി ജഠരേ തീവ്രകഠിനാ
യദാന്ത്രം തത്രത്യം ബഹിരിവസമാകൃഷ്യതഇതി
തദാശൂലം വായോർവ്വിവിധവരവൈദ്യപ്രഗദിതം
നതത്രാമ്ലം മദ്യം ന ച ദിവസനിദ്രാം ച ബഹുധാ. ൫

വയററിൽ അതികഠിനമായ വേദന സദാസമയവും ഉണ്ടായിരിക്കുക; എപ്പോൾ അന്ത്രം വെളിയിലേക്കു വലിച്ചെടുക്കുന്നപോലെ തോന്നത്തക്കവണ്ണം ആ വേദനയെ വായു ചെയ്യുന്നുവോ അപ്പോൾ അതിനു ശൂലരോഗമെന്നു വൈദ്യന്മാർ സങ്കേതം ചെയ്തിരിക്കുന്നു. ആ ശൂലരോഗത്തിൽ പുളിയുള്ളസാധനം, മദ്യം, പകലുറക്കം ഇവ വർജ്ജിക്കണം.

ചിദളം ന ച പിച്ഛിലം ദധി
ന ച ദുഗ്ദ്ധം നഹി ശീതളം ഭജേൽ
അഥഷഷ്ടികശാലിസൈന്ധവൈ-
രപി സൌവീരസുരാഗുഡൈരപി. ൬

വിദധീത സുപത്ഥ്യമത്രശൂലീ
ശതപുഷ്പാജഗന്ധൌഷധൈശ്ചനിത്യം
അഥസാരസമദ്ഗുക്രൌഞ്ചകൈശ്ച
ശശകാനാം പലലൈശ്ച തിത്തിരൈശ്ച. ൭

ശിംബിധാന്യങ്ങൾ, വഴുവഴുത്ത സാധനങ്ങൾ, തൈര്, പാല്, തണുത്ത പദാർത്ഥം ഇവയെ ശൂലരോഗി ഉപേക്ഷിക്കണം. ഞവര ചെന്നെല്ല് ഇന്തുപ്പ് സൌവീരമദ്യം ഗുളം ചതകുപ്പ ചുക്ക് ഇവയും, വണ്ടാരംകോഴി, കുളക്കോഴി, ക്രൌഞ്ചപക്ഷി, മുയൽ, തിത്തിരിപ്പുള്ള് ഇവയുടെ മാംസവും ശൂലരോഗിക്കു പത്ഥ്യമാണ്.

ശൂലരോഗചികിത്സ.

സ്വേദനൈശ്ച വമനൈശ്ച ലംഘനൈഃ
പാചനൈശ്ച ഫലവർത്തിഭിസ്തഥാ
ക്ഷാരചൂർണ്ണഗുടികാദിഭിസ്തഥാ
ശൂലമൂലമവസാദയേദ്ഭിഷക്. ൮

വിയർപ്പിക്കുക, ഛർദ്ദിപ്പിക്കുക, പട്ടിണിയിടുക, പാചനൌഷധങ്ങൾ കൊടുക്കുക, ഫലവർത്തി, ക്ഷാരചൂർണ്ണം, ക്ഷാരഗുളിക മുതലായവകൊണ്ട് ശൂലരോഗത്തിന്റെ മൂലച്ഛേദനം ചെയ്യണം.

മൃത്തികാസ്വേദം.

സജലാഗ്നിഘനീകൃതംമൃദം സുപടേപോട്ടലകീകൃതംതഥാ
ശിവശസ്ത്രഗദാതുരം ഭിഷഗന്വഹം ചാതമുഷ്ണമാചരേൽ. ൯

മണ്ണ് വെള്ളത്തിൽ കുഴച്ച് ചൂടുപിടിപ്പിച്ച് കട്ടിയാക്കി മുണ്ടിൽകെട്ടി പോൾട്ടീസ്സുപോലെ ചെറുചൂടോടെ പ്രയോഗിച്ചാൽ ശൂലരോഗം വിട്ടുമാറും.

വേറൊന്ന്.

തിലചടീ ജഠരോപരിഭ്രാമിതാ ഹരതിശൂലമലം ബഹുധേരിതാ
മദനകാഞ്ജികനാഭിവിലേപനാദചിരതം വിരതം ജഠരേരിതം. ൧൦

എള്ളരച്ചുണ്ടാക്കിയ പിഷ്ടം, വസ്ത്രത്തിലാക്കി വയററിന്റെ മുകളിൽ വട്ടത്തിൽ കിഴിതിരുമ്മിയാലും, മലങ്കാരയ്ക്കാ കാടിയിൽ അരച്ച് നാഭിയിൽ തേച്ചാലും ശൂലരോഗം ശമിക്കും.

മറെറാരുയോഗം.

വിശ്വൌഷധൈരണ്ഡകൃതഃകഷായോ
ബാല്ഹീകസൌവർച്ചലസംപ്രയുക്തഃ.

കാലേനിപീതോഽഖിലശൂലഹർത്താ
പത്ഥ്യാശിനോ വഹ്നിവിവൃദ്ധികർത്താ. ൧൧

ചുക്ക് ആവണക്കിൻവേര് ഇവ കഷായംവച്ച് കായവും തുവച്ചിലക്കാരവും മേമ്പൊടിചേർത്തു പ്രഭാതത്തിൽ സേവിക്കുകയും പത്ഥ്യമായി ഭക്ഷണംകഴിക്കയും ചെയ്താൽ ശൂലരോഗം നശിക്കയും അഗ്നി വർദ്ധിക്കയും ചെയ്യും.

മറ്റൊരു സ്വേദം.

കാർപാസബീജാസ്ഥികുലത്ഥകൈശ്ച
തിലൈര്യവൈരണ്ഡജടാതസീഭിഃ
വർഷാഭ്വപുനർന്നവശണബീജകൈശ്ച
പടസ്ഥിതൈഃ കാഞ്ജികസിക്തപിണ്ഡൈഃ. ൧൨

സ്വിന്നാഃ ജാനുപാദാംഗുലികൂർപ്പരാണി
ഗുൽഫപദേ മൂർദ്ധ്നി കടൌ ച ശൂലം
സ്കന്ധോദരോരസ്സു ച വൈ നിഹന്തി
പ്രസ്വേദനാദ്വൈദ്യനൃപാവദന്തി. ൧൩

പഞ്ഞിക്കുരുപ്പരിപ്പ് മുതിര എള്ള് ചെറുവഴുതിനവേര് ആവണക്കിൻവേര് അകത്തി തമിഴാമവേര് ചണംപയറ് ഇവ കാടിയിൽ അരച്ച് ചൂടുപിടിപ്പിച്ച് മുണ്ടിൽകെട്ടി ആസനം, മുട്ട്, പാദം, അംഗുലി, കൂർപ്പരപ്രദേശം, ഞെരിയാണി, ശിരസ്സ്, അരക്കെട്ട്, സ്കന്ധം, ഉദരം, നെഞ്ച് ഈ സ്ഥാനങ്ങളിൽ ഉഴിഞ്ഞ് വിയർപ്പിച്ചാൽ ശൂലം ശമിക്കും.

ശൂലാന്തകരസം.

രസസ്യേകപലംപലം ച ഗന്ധ-
ദ്വിപലംതാമ്രഭസ്മ ഗന്ധകം ച
ദ്വിപലംഹരിതാലമേകകർഷം
വിമലംഹാടകമാക്ഷികംപലാർദ്ധം. ൧൪

ഭുജഗസ്യപലാർദ്ധമേവവംഗം
സമമേതസ്യതഥാജനാഭലിന്യഃ
ത്രിവൃദർണ്ണവസംമിതംസമസ്തം
പരിചൂർണ്ണ്യാശുവിഭാവ്യഭൂമിധാത്ര്യാഃ. ൧൫

സ്വരസൈസ്സമുനിശ്ചദന്തികായാഃ
പ്രവിചൂർണ്ണ്യവദന്തിവല്ലമദ്യേ
ഇതിശൂലഗദാന്തകോരസോവൈ
പരിസേവ്യംഖലുവല്ലമസ്യ ചാർദ്രൈഃ. ൧൬

സമസ്തശൂലകാന്തകോനിരന്തരംനിഷേവിതഃ
സുശ്രൃംഗിവേരജദ്രവൈരലംസുവല്ല സമ്മിതഃ. ൧൭
ദധിഭക്തമമുംപരിസേവ്യനരഃ
വിദധാതുപശാനംവരബുദ്ധിവരഃ. ൧൮

രസഭസ്മം അഭ്രം ഇവ ഓരോപലം വീതം. താമ്രഭസ്മം ഗന്ധകം ഇവ ഈരണ്ടുപലം. ഹരിതാലം ൧ കഴഞ്ച് ശുദ്ധിചെയ്ത സ്വർണ്ണമാക്ഷികം അരപ്പലം. (൩ കഴഞ്ച്) വത്സനാഭി വംഗഭസ്മം മേന്തോന്നി ഇവ അരപ്പലം വീതം. ത്രികോല്പക്കൊന്ന ൭ പലം. എല്ലാംകൂട്ടിപ്പൊടിച്ച് കീഴാനെല്ലി നാഗദന്തി ഇവയുടെ നീരിൽ ഏഴുദിവസം അരച്ച് വല്ല പ്രമാണം ഇഞ്ചിനീരിലോ ചുക്കിൻകഷായത്തിലോ സേവിച്ചാൽ സകലശൂലകളും നശിക്കും. ഈ രസം സേവിച്ചാൽ പിന്നീട് തൈർ കൂട്ടി ചോറു ഉണ്ണുകയാണ വേണ്ടത്.

ശൂലഗജകേസരി.

പലൈകസൂതേന ബലിദ്വയേന
താലത്രയേണാപി വിശുദ്ധകേന
വിധായപിഷ്ടിംത്രിദിനാനിഖല്വേ
സംമർദ്ദ്യപൂർവ്വംഋതതോവിശുദ്ധേ. ൧൯

പലൈകതാമ്രസ്യ ച സംപുടേഹി
താംപിഷ്ടികാമന്തരതോനിധായ
വിമൃദ്യതൽസാംപുടകംചപാത്രേ
പടുപ്രചൂർണ്ണാന്തരഗർഭമദ്ധ്യേ. ൨൦

നിധായസദ്രത്നശരാവകേന
മുദാദൃഢംലേപ്യവിശോഷ്യ ചമേ
പുടേഗജാഹ്വേപുടയേദ്വിധിജ്ഞോ
രസോഭവേച്ഛൂലഗജേന്ദ്രസിംഹഃ. ൨൧

വല്ലോഽസ്യഭൂക്തോദധിശൃംഗിവേര-
നീരേണശൂലാൻനിഖിലാൻനിഹന്യാൽ
നൈരുജ്യലാഭംനിതരാംപ്രകുര്യ്യാൽ
കായാഗ്നിസന്ദീപനമാശുകുര്യ്യാൽ. ൨൨

ശുദ്ധിചെയ്ത രസം ഒരുപലം. ഗന്ധകം രണ്ടുപലം. ഹരിതാലം മൂന്നുപലം. ഇവ എല്ലാംകൂടി മൂന്നുദിവസം അമ്മിക്കല്ലിൽ അരച്ച് ഉരുളയാക്കി ഒരുപലം ശുദ്ധിചെയ്തചെമ്പുകൊണ്ടുള്ള പാത്രത്തിന്റെ ഉള്ളിൽ ആ ഉരുളവെച്ച് മുദ്രചെയ്ത് അതിനെ ഒരു പാത്രത്തിൽ വെച്ച് അടിയിലും മുകളിലും ഉപ്പുനിറച്ച് വേറൊരു പാത്രംകൊണ്ട്

അടച്ചു ശീലമൺചെയ്തു് വെയിലത്തുണക്കി ഗജപുടം ഇടുക; അതെടുത്തു് അറിയാൽ പൊളിച്ചു് അകത്തെ മരുന്നെടുത്തു് വിഴാലരി പ്രമാണം തെരിൻവെള്ളത്തിലോ ഇഞ്ചിനീരിലോ സേവിക്കുക; സകല ശൂലങ്ങളും ശമിക്കും. ... നിയും വധിക്കും. ഈ രസത്തിന്നു് ഗജകേസരി രസം എന്നു പേർ

ബഡവാനലരസം.

താലതാപ്യകനടീ...നാൾ-
സൂതഗന്ധകസ...സമമേകൈഃ
ദീപ്യകംതദഖിലം ...സമസ്ത-
തുല്യഭാഗകടുകത്രയ...കൈഃ. ൧൩

കജ്ജളീം പരിബദ്ധ...പ്യാവിധായ
ഭീമരാക്ഷസസുത...നികൈഃ
സപ്തധാചപരിഭാ...വ്യടിനാന
സപ്തധാഥനിയത...ദ്ദയന്ത്യാഃ. ൧൪

കാകമാചികരസൈ...ർമ്മനിവാരാൻ
സിന്ദുകസ്യ ച ര...സംപിതദ്വൽ
ആർദ്രകസ്യ ച ര...സംപിസപ്ത-
വാസരാണിപരിമ...്യവിശേഷാൽ. ൧൫

തദ്വചീച മരിചേ...സമൈകാ
ശോഷിതാഖലുനി...ഗവിഗിനാ
ഹന്തിശൂലനികര...ശൃതാംബു-
സേവിതാഗിബഡ...വാനലസംജ്ഞാ. ൧൬

മൂൽപാണ്ഡുംശ്വയഗുംകൃമീ...ചിതഥഗുല്മാർശസീനാശയേൽ
കാസംശ്വാസമതീവ...കാർശ്യം കൃശാരോഗലം
വാതശ്ലേഷ്മഗദംജ്വരംഗ്രഹ...ികാംവൈഷമ്യവൃത്തിംക്ഷുധാം
പീതാതപ്തജലം...വാപൂർവാനലാനതാവടീ. ൧൭

ശുദ്ധിചെയ്ത അരിത...പൊൻനിറമുള്ള മാക്കീരക്കല്ലു് മനയോല അഭ്രം താമ്രം രസം ...ന്ധകം ഇവ സമം. ഇവ എല്ലാംകൂടിയിടത്തോളം അയമോദകം. ...ല്ലാററിനും തുല്യം ചുക്കു മുളകു് തിപ്പലി. ഇവ എല്ലാംകൂടി പൊ...ച്ചരച്ചു് മഷിപോലെയാക്കി ഞെരിഞ്ഞാമ്പുളിക്കഷായത്തിലും അടവിക്കച്ചോലത്തിൻനീരിലും പുഴമുഞ്ഞനീരിലും കറന്തകാളില...ടനീരിലും കരിനൊച്ചിയുടെ രസത്തിലും ഇഞ്ചിനീരിലും പ്രത്യേ...ം ഏഴേഴുദിവസം അരച്ചു് നല്ലമുളകുപ്രമാണം ഗുളിക ഉരുട്ടി വെയി...ൽ കൊള്ളിക്കാതെ (നിഴലിൽ) ഉണക്കി

ചൂടുവെള്ളത്തിൽ സേവിക്കുക; ശൂലം ...ണ്ണുതിന്നിട്ടുണ്ടാകുന്ന പാണ്ഡുനീർകെട്ടു് കൃമി ഗുല്മം അർശസ്സു് കാസം ശ്വാസം ഉദരവേദന അഗ്നിമാന്ദ്യം വാതകഫരോഗം ജ്വരം ഗ്രഹണി വിഷമാഗ്നി ഇവ ശമിക്കും. ഈ രസത്തിന്നു് ബഡവാനലരസം എന്നുപേർ.

അഗ്നികുമാരരസം.

രസഗന്ധകയോഃ സമാംശയോർവൈ
ബഹുധാമർദ്ദ്യസുകജ്ജളീംവിധായ
അമൃതാംശകപാദമേകമേവ
ഗ്രഹരാജസ്യസമാനമംശമത്ര. ൧൮

ത്രിദിനാനി ചഹംസപാദികായാഃ
സ്വരസൈഃപരിഷ്യ സുഗോളകംവിധായ
പരിശോഷ്യ ച തീവ്രഘർമ്മമദ്ധ്യേ
സികതായന്ത്രവരേക്രമാഗ്നിവൃദ്ധ്യാ. ൧൯

പരിപാച്യദിവാനിശംതതസ്ത
പരിപേഷ്യാപി ചശീതളംതദേവ
അമൃതേനപുനസ്സമാംശകേന
പരിമർദ്ദ്യാഥതഥാർദ്രകസ്യനീരൈഃ. ൨൦

പരിലേപ്യമൃദസ്സഭാണ്ഡഗർഭ
പുനരന്യൽപലകാംശകാഷ്ഠകേന
അമൃതേനയുതംസുപാത്രമേക-
മപി സംയോജ്യ മുഖംമൃദാന്തിരുദ്ധ്യ. ൨൧

പരിലേപ്യദൃഢംമൃദാപിചുല്യാം
പരിപാച്യാശുദൃഢംതദേഥകയാമം
അനലേനതതഃകരണ്ഡകേന്യേ
നിയതംസ്ഥാപ്യഅസൌകൃശാനുബാലഃ. ൨൨

ശൂലംസർവംജ്വരമപിഗരാനഗ്നിമാന്ദ്യം ചപാണ്ഡും
ഗുല്മംകാസാൻകഫബഹുഗദാൻരക്തഗുല്മംവധൂനാം
ശോഫംഷണ്ഡത്വമഥഗുദജാൻവാതജാനന്യരോഗാൻ
ഹന്ത്യാദ്രോഗാനപിബഹുവിധാനഗ്നിബാലോവിശേഷാൽ.

രസം ഗന്ധകം ഇവ സമാംശം എടുത്തു് നല്ലപോലെ മർദ്ദിച്ചു് മഷിയാക്കി രസത്തിന്റെ നാലിലൊന്നു് വത്സനാഭിയും രസത്തിനു തുല്യം താമ്രഭസ്മവും ചേർത്തു് മൂന്നുദിവസം ചെറുപുള്ളടിരസത്തിൽ അരച്ചു് ഉരുളയാക്കി വലിയ വെയിലത്തുണക്കി വാലുകായന്ത്രത്തിൽ വച്ചു് ഒരു പകലും രാത്രിയും മന്ദാഗ്നിയിൽ പചിച്ചു് തണുത്താൽ എ

ടുത്തു് സമം ശുദ്ധിചെയ്ത വത്സനാഭി ചേൎത്തു് ഇഞ്ചിനീരിൽ പിന്നെ യും അരച്ചു് എട്ടുപലം വത്സനാഭി ചേൎത്തു് ഒരു ചട്ടിയിൽ വച്ചു് മറെറാരു ചട്ടികൊണ്ടു മൂടി ശീലമൺചെയ്തു്, അടുപ്പിൽവ ച്ചു് ഒരുയാമം തീയെരിച്ചു് ആറിയാൽ പുറത്തെടുത്തു് മണ്ണുപൊളിച്ചു് അക ത്തെ ഭസ്മം ഒരു പാത്രത്തിലാക്കി വച്ചിരുന്നു് സേവിക്കുക. സകല ശൂ ലം ജ്വരം കുഷ്ഠം വിഷം അഗ്നിമാന്ദ്യം പാണ്ഡു ഗുല്മം കാസം കഫരോ ഗം രക്തഗുല്മം നീർകെട്ടു് ഷണ്ഡത്വം അർശസ്സ് വാതരോഗങ്ങൾ മററുരോഗങ്ങൾ ഇവ ശമിക്കും. ഇതിന്നു് അഗ്നികുമാരരസം എന്നു പേർ.

വാതശൂലലക്ഷണം.

ജീൎണ്ണദോഷശിശിരഷാഢനന്ദ്യൈ
ശീതകാലമപി പ്രത്യവിശേഷാൽ
കോപമേത്യബഹുളാമലമൂത്ര-
സ്തംഭതോദബഹുളേദയുതോ ഽപി. ൩൧

സേചനാദ്ധ്രയതി ഗാന്തിമലംവാ
വാതജാതശിവശസ്സുഗദോ ഽയം
തൈലമർദ്ദനവിമർദ്ദനകൈർവാ
സ്നിഗ്ദ്ധമുഷ്ണമശനേതോ ഽപിജനസ്യ. ൩൨

ആഹാരം ദഹിക്കുമ്പോഴും സന്ധ്യയിലും വർഷം ഹേമന്തം ശി ശിരം ഈ കാലങ്ങളിലും കോപിച്ചു് പലപ്രകാരത്തിൽ മലമൂത്രസ്തംഭ ത്തെയും കുത്തിനോവു് ദേഹം വിളരുക ഇവയേയും ചെയ്യും. ഇതാണു് വാതശൂലം. ഈ വാതശൂലം വിയർപ്പിക്കുക എണ്ണതേച്ചു മർദ്ദിക്കുക തിരുമ്മുക ഇവകൊണ്ടും സ്നിഗ്ദ്ധമായും ഉഷ്ണമായും ഇരിക്കുന്ന സാധന ങ്ങളെ ഭക്ഷിക്കുകകൊണ്ടും ശമിക്കും.

വാതശൂലചികിത്സ.

തുംബുരുണ്യഭയാപിഹിംഗുകപുഷ്കരംലവണത്രയം
ജാപുഷാരിസമന്വിതംപരിപീതമാശുവിനാശയേൽ
വാതശൂലസദാഗതിംപ്ലൂഹസാംന്ത്രകഗുല്മകം
ഗാംഗവാരികണാശനം ച യഥാ മലസംഗ്രാമമുച്ചയാൻ. ൩൩

കൊത്തമ്പാലയരി കടുകത്തോട്ടു് കായം പുഷ്കരമൂലം ഉപ്പുമൂന്നും കൊട്ടവേലിക്കിഴങ്ങു് ഇവ കഷായംവച്ചു സേവിച്ചാൽ, ഗംഗാജലം സേവിച്ചാൽ പാപം നശിക്കുന്നപോലെ വാതശൂലം, അപതന്ത്രകം എന്ന വാതരോഗം, ഗുല്മം ഇവ ശമിക്കും.

വാതശൂലാന്തകരസം.

പാരദേന ചവിലിപ്യദളാനി
താമ്രകസ്യബലിമാദപിഗ്ദ്ധേന
ക്ഷാരകത്രിതയമദ്ധ്യഗതാനി
വസ്ത്രഖണ്ഡനിബിഡാനിചപങ്കൈഃ. ൩൪

ലേപിതാനിവിധിനാപുടിതാനി
മർദ്ദിതാനികനകാനലതോയൈഃ
ആർദ്രകസ്യ ചകടുത്രയയുക്തം
ഷോഡശാംശകസുശുദ്ധവിഷേണ. ൩൫

പേഷിതാനിഖലുവല്ലമലംവാ
വാതശൂലരുജിചാസ്യഭേദിത
വാതശൂലഹരഏഷരസോയം
സേവനാന്നയതിശൂലവിനാശം. ൩൬

രസം ഒരുഭാഗം, ഗന്ധകം രണ്ടുഭാഗം. ഇവ അരച്ചു് ചെ മ്പിൻതകിടിൽ തേച്ചുപിടിപ്പിച്ചു് ചവൎക്കാരം തുവർച്ചിലക്കാരം പൊൻകാരം ഇവ മൂന്നുംകൂടി അരച്ചു് ഒരു മൂശയുണ്ടാക്കി അതിൽ അ തകിടുകൾവച്ചു് വസ്ത്രഖണ്ഡങ്ങളിൽ ചെളി നല്ലവണ്ണം തേച്ചുപിടി പ്പിച്ചു് അവകൊണ്ടു് ചുററിക്കെട്ടി കവചംചെയ്തു സ്ഫുടംവച്ചു് ആ റിയാൽ അകത്തെ ഭസ്മംഎടുത്തു് മർദ്ദിച്ചു് ചുക്കു മുളകു തിപ്പലിയും ൧൬-ൽ ഒരംശം ശുദ്ധിചെയ്ത വത്സനാഭിയും ചേൎത്തു് ഉമ്മത്തിൻ നീ രിലും കൊട്ടവേലിക്കഷായത്തിലും ഇഞ്ചിനീരിലും പ്രത്യേകം അരച്ചു് വിഴാലരിപ്രമാണം ഗുളികയാക്കി ഉണക്കി സേവിക്ക. വാതശൂലം ശ മിക്കും.

പിത്തശൂലലക്ഷണം.

ക്ഷാരതീക്ഷ്ണകടുകാമ്ലരസാനി
തൈലമത്സ്യരവിതാപവിദഗ്ദ്ധൈഃ
ഭോജനൈരപികുലത്ഥകയൂഷൈർ-
യദ്വിദാഹിതിലപിഷ്ടവികാരൈഃ. ൩൭

ക്രോധാനലായാസനിദാഘദാഹൈ-
സ്സൌവീരനിഷ്പാവമഹോഷ്ണഭോജ്യൈഃ
ഗ്രാമ്യാതിയോഗാദപി കോപമേത്യ
പിത്താത്പ്രകുപ്യാദ്ധശൂലമുഗ്രം. ൩൮

തൃട്സ്വേദമൂർച്ഛാഭ്രമതോദദാഹൈ-
ർമ്മദ്ധ്യേദിനേകപ്യതിവാർദ്ധരാത്രേ

ദിനാദിയാമേ ചാർദ്ധനാത്ര്യയേപി
ശീതർത്തൌ ശീതൈരുപയാതി ശാന്തിം. ൨൨

ക്ഷാരങ്ങളും തീക്ഷ്ണങ്ങളും എരിവുള്ളതും പുളിയുള്ളതും ആയ രസങ്ങൾ ഉപയോഗിക്കുക; തൈലം മദ്യം ഇവ കുടിക്കുക; വെയിലേൽക്കുക; ഉൾപ്പുഴുക്കുണ്ടാക്കുന്ന സാധനങ്ങൾ ഭക്ഷിക്കുക; മുതിരച്ചാറു കുടിക്കുക; വിദാഹിയായ എള്ളിൻപിണ്ണാക്ക്, പിട്ടുകൊണ്ടുള്ള പലഹാരം ഇവ ഉപയോഗിക്കുക; കോപിക്കുക; തീ കായുക, ആയാസകരങ്ങളായ ജോലി ചെയ്യുക; ഉഷ്ണത്താലുള്ള സന്താപമേൽക്കുക; സൌവീരമദ്യം അമര ഇവ ഉപയോഗിക്കുക; ഉഷ്ണഭോജ്യങ്ങൾ ഭക്ഷിക്കുക; അതിമൈഥുനം ചെയ്യുക; ഇവകൊണ്ടു പിത്തം കോപിച്ച് ഭയങ്കരമായ ശൂലരോഗത്തെ ഉണ്ടാക്കും. തണ്ണീർദാഹം വിയർപ്പ് മൂർച്ഛ തലകറക്കം കത്തിനോവ് സർവ്വാംഗസന്താപം ഇവയും ഉണ്ടായിരിക്കും. ഈ ശൂലരോഗം മദ്ധ്യാഹ്നത്തിലും അർദ്ധരാത്രത്തിലും ദിനത്തിന്റെ അർദ്ധയാമത്തിലും ശരൽക്കാലത്തിന്റെ ആദിയിലും ശീതകാലങ്ങളിലും ആണ് ഉണ്ടാകുന്നത്. ഇതു ശീതോപചാരങ്ങൾകൊണ്ടു ശമിക്കുകയും ചെയ്യും.

പിത്തശൂലരോഗചികിത്സ.

ശതാഹ്വാരസംമാക്ഷികൈശ്ചാശു പ്രാതഃ
പിബേദ്ദാഹശൂലോപശാന്ത്യൈ വിശേഷാൽ. ൨൩

ശതകുപ്പയുടെ രസം തേനും കൂട്ടി പ്രഭാതകാലത്തിൽ സേവിച്ചാൽ ദാഹം, ശൂലം ഇവ ശമിക്കും.

സുസ്വാദുശീതൈരപി ഭോജനൈശ്ച
പിത്തം ചിതം ശാന്തിമുപൈതി ശീഘ്രം
സദാഹശൂലോപശമായ ചാന്യ-
യോഗോമയായസ്സമുദീര്യതേദ്ധ. ൨൪

മധുരമായും ശീതളമായും ഇരിക്കുന്ന ഭോജനങ്ങൾകൊണ്ടു വർദ്ധിച്ചിരിക്കുന്ന പിത്തം ശമിക്കും. ദാഹത്തോടുകൂടിയ ശൂലത്തിന്റെ ശമനത്തിനായിട്ടു മറ്റു യോഗങ്ങളും ഇനി പറയപ്പെടുന്നു.

ബൃഹത്ത്യൌ സഗോകണ്ടകൌ ദാശേക്ഷുവാരീ-
കശൈരണ്ഡനീരം പിബേൽ പിത്തശൂലീ
ഭ്രമസ്വേദമൂർച്ഛാനിദാഘപ്രശാന്തിം
ലഭേതാശു തൈരുജ്ജ്വലക്ഷ്മീം വിശേഷാൽ. ൨൫

ചെറുവഴുതിനവേര്, വെൺവഴുതിനവേര് ഞെരിഞ്ഞിൽ ആറുദർഭവേര് ചെറുകരിമ്പിൻവേര് ഇരുവേലി കുശവേര് ചെള്ളത്താ

വണക്കിൻവേര് ഇവ കഷായംവച്ചു സേവിക്കുക. പിത്തശൂലം തലകറക്കം വിയർപ്പ് മൂർച്ഛ ഉഷ്ണം ഇവ ശമിക്കും.

കഫശൂലലക്ഷണം.

ആനൂപാംബുജകിലാടദ്വിഗ്ധപലലൈഃ പിഷ്ടേക്ഷുഭിർവാതളൈ-
രന്യൈശ്ശഷ്കുലികാദിഭിശ്ച കൃശരാമുഖ്യൈഃ കഫോൽപാദകൈഃ
ശ്ലേഷ്മാ കോപമുപേത്യ ചാപി കുരുതേ ശൂലം സഹൃല്ലാസകം
കാസാരോചകഗൌരവാമസദനൈഃ പ്രായഃ പ്രസേകാന്വിതം. ൨൬

ഭുക്തേനാതിരുജം കരോതി ബഹുധാ തൈസ്തൈമിത്യമാമാശയേ-
കോപ്യേ ചാഥ ശിരോഗുരുത്വമഥവാ സൂര്യോദയേ കപ്രകൃതി
പ്രായശ്ചാത്ര വസന്തകേപി ശിശിരേ കാലേ ച തന്നാശകം
വൈദ്യൈർവൈദ്യവരോസ്തു ജാലഗദിതം യോഗം വയം ബ്രൂമഹേ. ൨൭

ആനൂപമാംസം മത്സ്യമാംസം കിലാടം (അധികം മോരും അല്പം പാലും ചേർത്തുണ്ടാക്കിയ സാധനമാണ് കിലാടം) പാല് മാംസം അരിപ്പിട്ടുകൊണ്ടുള്ള സാധനം കരിമ്പ് വാതളങ്ങളായ മറ്റു സാധനങ്ങൾ കഫോൽപാദകങ്ങളായ മറ്റുള്ള മുതലായവ കൃശര (എള്ളിൻചോറ്) ഇവ ഉപയോഗിക്കുകയാൽ കഫം കോപിച്ച് ശൂലം ഉണ്ടാകും. നെഞ്ചുരുക്കം ചുമ അരോചകം ഗൌരവം ആമം അഗ്നിമാന്ദ്യം വായിൽകൂടി വെള്ളംവരിക ഇവയും കഫശൂലത്തിൽ കാണും. ഊണുകഴിച്ചാൽ വേദനയ്ക്കു അല്പം ശമനം ആമാശയം കോപ്യം ഈ സ്ഥാനങ്ങളിൽ വേദന, തലയ്ക്കുകനം ഇവയും കഫശൂലത്തിന്റെ ലക്ഷണമാണ്. സൂര്യോദയം വസന്തകാലം ശിശിരകാലം ഈ കാലങ്ങളിലാണ് മിക്കവാറും കഫശൂലം ഉണ്ടാകുന്നത്. ഇനിയും അതിന്റെ നാശകരമായ ചികിത്സയെ പറയുന്നു.

പഞ്ചകോലലവണത്രയഹിംഗുചൂർണ്ണമാശു പരിതപ്തജലേന
പീതമാത്രമപി ശൂലവിനാശമാപ്തവൈദ്യകഥിതം കിലകുര്യാൽ. ൨൮

പഞ്ചകോലം (തിപ്പലി തിപ്പലീമൂലം കാട്ടുമുളകുകൊടിവേര് കൊടുവേലിക്കിഴങ്ങ് ചുക്ക്) ഉപ്പുമൂന്നും കായം ഇവ പൊടിച്ച് ചൂടുവെള്ളത്തിൽ കലക്കി കുടിച്ചാൽ കഫശൂലം ശമിക്കും. ഇതു വിശ്വസ്തന്മാരായ വൈദ്യന്മാരാൽ പറയപ്പെട്ട യോഗമാണ്.

ഫലംവ്യാഘ്രിസിംഹീഭവം സാശ്വഗന്ധാ-
ശിഗ്രാഭീരുബൃകാംഘ്രിഭാഗദ്വയം ച
യവക്ഷാരയുക്തം ത്രികണ്ടൈഃ കഷായം
പിബേൽ കക്ഷിഹൃൽപാർശ്വശൂലീ കഫേന. ൨൯

കണ്ടകാരിച്ചുണ്ട തഴുതാവിഴുതിന ഇവയുടെ കായ് സമാംശം. അമുക്കുരം കന്മദം ശതാവരികിഴങ്ങ് ആവണക്കിൻവേര് ചവക്കാരം ഞെരിഞ്ഞിൽ ഇവരണ്ടുഭാഗം. ഇവ കഷായംവച്ച് സേവിച്ചാൽ കഫത്താലുണ്ടാകുന്ന കുക്ഷിശൂലം ഹൃദയശൂലം പാർശ്വശൂലം ഇവ ശമിക്കും.

വാതപിത്തജശൂലം.

ദേവദ്രുജാരകാരാകോട്ടതിമേലാരോ
ഗദിതോ വാതയുതസ്തു പിത്തശൂലഃ
ബൃഹതീദ്വയവാളകേക്ഷുകാശ-
കുശപാഞ്ചാലിരുബൂകമൂലനീരൈഃ. ൩൦

ശരദേന്ദ്രപൂർവ്വപാചിതൈർവാ
മധുനാഖണ്ഡവരേണസംയുതൈശ്ച
അപിജേയതമസ്സുവാതപിത്ത-
പ്രഭവഃശൂലഗദസ്തുപീതമാത്രൈഃ. ൩൧

ദാഹജ്വരത്തോടുകൂടിയതായ വാതപിത്തശൂലം അതിഭയങ്കരമാണ്. ചെറുവഴുതിനവേര്, വെൺവഴുതിനവേര്, ഇരുവേലി, കരിമ്പിൻവേര്, അറുവുദർഭവേര്, കുശവേര്, തിപ്പലിമൂലം ആവണക്കിൻവേര് ഞെരിഞ്ഞിൽ ഇവ കഷായംവച്ച് അരിയാൽ തേനും പഞ്ചസാരയും മേമ്പൊടിചേർത്ത് സേവിക്കുക. വാതപിത്തജമായ ശൂലം ശമിക്കും.

വാതകഫജശൂലം.

വസ്തൌകണ്ഠേഹൃദി ചതദ്വൽ പാർശ്വയോർവാതജാതഃ
ശ്ലേഷ്മായുക്തോഭവതിഗദശ്ശുംഭശസ്ത്രാഭിധാനഃ
മാംസദ്രാവംമദിചമദ്യൈഃ പായയേത്തംജ്വരേൽസഃ
പ്രാതർവൈദ്യോനിജതല്പ്രാണ്ണാചാസ്യ സംജ്ഞാംലഭേത.

വസ്തി കണ്ഠം ഹൃദയം പാർശ്വഭാഗം ഈ സ്ഥാനങ്ങളിൽ വേദന ഉണ്ടാകുന്നത് വാതശ്ലേഷ്മശൂലത്തിന്റെ ലക്ഷണമാണ്. മാംസരസം മദ്യത്തിൽചേർത്ത് പ്രഭാതകാലത്തിൽ കുടിച്ചാൽ വാതകഫശൂലത്തെ ജയിക്കാം.

ക്ഷാരോദകമപിപീതം ത്രിഗുഡേന
സകണംവാതകഫോത്ഥം ശൂലമനേന. ൩൨

ചവക്കാരം തെളിച്ചൂററിയ വെള്ളത്തിൽ ശർക്കരയും തിപ്പലിപ്പൊടിയുംചേർത്ത് സേവിച്ചാൽ വാതകഫശൂലം ശമിക്കും.

പിത്തകഫജമായ ശൂലം.

കുക്ഷൌസഹൃന്നാഭികടീഷുപിത്ത-
കഫോദ്ഭവേശ്ശൂലഗദസ്തതസ്മിൻ
പടോലശംഭ്വക്ഷിഫലാഗദാനാം
കഷായംപിബേന്മാക്ഷികസംയുതംതു. ൩൩

വയറ് ഹൃദയം നാഭി അരക്കെട്ട് ഇവിടെ വേദനയുണ്ടാകുന്നത് പിത്തകഫോത്ഭവമായ ശൂലത്തിന്റെ ലക്ഷണമാണ്. അതിന്ന് പടോലം ത്രിഫല കൊട്ടം ഇവ കഷായംവച്ച് അരിയാൽ തേൻ മേമ്പൊടിചേർത്തു സേവിക്കണം.

വേറൊരുയോഗം.

ദിനൈകംമല്ലോഹം ത്രിഫലജജലൈസ്സംഭൃതതമൈർ-
മൃതംപക്ത്വാതദ്വദ്ഗുഡയുതമലം സേവ്യബുധാഃ
സപിത്തംസശ്ലേഷ്മം ജ്വരദവഥുഛർദ്ദിപ്രതിയുതം
നൃണാം ശൂലംതീവ്രംജയതി സഹസാവൈദ്യഭണിതം. ൩൪

ശുദ്ധിചെയ്ത ലോഹഭസ്മം ഒരു ദിവസം മുഴുവൻ ത്രിഫലക്കഷായത്തിൽ പചിച്ചെടുത്ത് ശർക്കരകൂട്ടി സേവിച്ചാൽ ജ്വരം സന്താപം ഛർദ്ദി ഇവയോടുകൂടിയ പിത്തകഫശൂലം ശമിക്കും.

സന്നിപാതജശൂലം.

ഛേൽസർവ്വദേശേഷു ചസർവ്വലിംഗഃ
ശൂലോഭവേൽസർവ്വജ ഏവവൈദ്യഃ
സുകഷ്ടമേനം വിഷവജ്രതുല്യം
ഹൃൽപാർശ്വപൃഷ്ഠത്രികവസ്തിനാഭ്യാം. ൩൫

വാതപിത്തകഫജങ്ങളായ ശൂലത്തിന്റെ ലക്ഷണങ്ങൾ എല്ലാഭാഗങ്ങളിലും ഉണ്ടായിരുന്നാൽ അത് സന്നിപാതജമായ ശൂലരോഗമാണ്. ഹൃദയം പാർശ്വഭാഗം പൃഷ്ഠം പൃഷ്ഠാസ്ഥി വസ്തി നാഭി ഈ പ്രദേശങ്ങളിൽ വിഷവജ്രംകൊണ്ടേലുള്ളതുപോലുള്ള വേദനയോടുകൂടിയ സന്നിപാതശൂലം അതികഷ്ടമെന്ന് വൈദ്യന്മാർ പറയുന്നു.

ത്രികടുഭിഃപടുനാദരചൂർണ്ണകം
യദികവോഷ്ണജലൈഃപരിഷേവിതം
സകലദോഷജശൂലഗദാതുരൈഃ
സുഖമനാതുരതാ ഖലു ലഭ്യതേ. ൩൬

ചുക്ക മുളക് തിപ്പലി ഇന്തുപ്പ് ഇവ പൊടിച്ചു ശംഖഭസ്മവും

ചേൎത്തു ചൂടുവെള്ളത്തിൽ സേവിച്ചാൽ സന്നിപാതജമായ ശൂലം ശമിക്കും.

വിദാരികാദാഡിമസംപ്രഭൂതാ രസസ്തു പീതഃ കടുഭിസ്ത്രിഭിശ്ച
സസൈന്ധവം ക്ഷൌദ്രയുതം നിഹന്തി ത്രിദോഷജം ശൂലമുദഗ്രവേഗം.

പാൽമുതക്കിൻകിഴങ്ങിന്റെയും താളിമാതളത്തിൻകായുടേയും നീരിൽ ചുക്കു മുളകു തിപ്പലി ഇവ പൊടിച്ചു് ഇന്തുപ്പും തേനും ചേൎത്തു സേവിച്ചാൽ വളരെ വേഗത്തോടുകൂടിയതായ ത്രിദോഷജശൂലം ശമിക്കും.

ഹൃദയശൂലം.

യദാ മാരുതഃ ശ്ലേഷ്മപിത്താവരുദ്ധോ
രസൈൎവൃദ്ധിതോ വൈ ഹൃദിസ്ഥഃ പ്രകുപ്യാൽ
മഹാശൂലമുച്ഛ്വാസകൃദ്യാവരോധാ-
ദധന്ത്യാശു ഹൃച്ഛൂലരോഗം വിദന്ത്യാഃ. ൩൦

അന്നരസങ്ങളാൽ വൎദ്ധിതനായ വായു, കഫപിത്തങ്ങളാൽ തടുത്തിട്ടു് ഹൃദയത്തിൽ സ്ഥിതനായിട്ടു് ശ്വാസം തടയുകനിമിത്തം മഹത്തായ ശൂലത്തെ ചെയ്യുന്നു ഇതാണു് ഹൃദയശൂലം.

ഹൃദയശൂലചികിത്സ.

ശുണ്ഠീരുബൂകാംഘ്രിദശാംഘ്രിഹിംഗു-
പടുത്രയാണാം ച സുപുഷ്കരാണാം
ചൂൎണ്ണം പിബേജ്ജാവജലേന ക്ഷാര-
യുഗ്മേന വിദ്വാംശ്ച ഹൃദഃപ്രശൂലേ. ൩൧

ചുക്കു് വെളുത്താവണക്കിൻവേരു് ദശമൂലം കായം ഉപ്പുമൂന്നും പുഷ്കരമൂലം ചവക്കാരം തുവച്ചിലക്കാരം ഇവ പൊടിച്ചു് കോലരക്കിൻ കഷായവെള്ളത്തിൽ കലക്കി സേവിക്കുക. ഹൃദയശൂലം ശമിക്കും.

ശശ്വദ്ധൃദശ്ച കടിപൃഷ്ഠഹൃദ്ഗ്രഹേഷു
പക്വാശയാമയരുജാസ്വ ച ഗുല്മശൂലേ
ചൂൎണ്ണം ച ജീരകമരീചമഹൌഷധിഹിംഗുജാതം
തദ്വൽ പിബേജ്ജതുജലേന ച വിഷൂചികാസു. ൩൨

ചുക്കു് ജീരകം കായം ഇവ പൊടിച്ചു് കോലരക്കിൻകഷായത്തിൽ സേവിച്ചാൽ ഹൃദയഗ്രഹം, കടീഗ്രഹം, പൃഷ്ഠഗ്രഹം, പക്വാശയവേദന, ആമാശയവേദന, ഗുല്മശൂലം, വിഷൂചിക ഇവ ശമിക്കും.

പാൎശ്വശൂലം.

വായുഃ കഫം ച വിനിഗൃഹ്യ തുദൻ വിശേഷാൽ
സൂചീസമസ്തു കുരുതേ ഖലു പാൎശ്വയോശ്ച
ആധ്മാനമത്ര നിവസൻ ബഹുശൂലവേഗ-
മുച്ഛ്വാസകാരുചിവിനിദ്രകരം ച പാൎശ്വേ. ൩൩

വായു, കഫത്തെ നിഗ്രഹിച്ചിട്ടു് വിശേഷിച്ചും സൂചികുത്തിനും തുല്യമായി പാൎശ്വഭാഗങ്ങളിൽ വേദനയെ ഉണ്ടാക്കും. വയറുവീൎപ്പു്, അതിവേഗത്തോടുകൂടിയ ശൂലം, ഉച്ഛ്വാസം, അരുചി, ഉറക്കമില്ലായ്ക, ഇവയും കാണും. ഇതു് പാൎശ്വശൂലത്തിന്റെ ലക്ഷണമാണു്.

പാൎശ്വശൂലചികിത്സ.

മാതുലുംഗജരസം മധുനാപി ക്ഷാരയുക്തമഥ വാ ശൃതശിഗ്രോഃ
നീരമാശു ചലപാൎശ്വഭവാഹി വസ്തിഹൃദ്ഭവരുജം വിനിഹന്തി.

മാതളനാരങ്ങയുടെ നീരെടുത്തു അതിൽ തേനും ചവക്കാരവും ചേൎത്തു സേവിക്കയോ, മുരിങ്ങത്തൊലി കഷായംവച്ചു് അതിൽ തേനും ചവക്കാരവും ചേൎത്തു സേവിക്കയോ ചെയ്താൽ പാൎശ്വശൂലവും വസ്തി, ഹൃദയം ഈ സ്ഥാനങ്ങളിലുള്ള ശൂലവും ശമിക്കും.

വസ്തിശൂലം.

സംരോധാൽ കുപിതോഽസ്ഥിസംസ്ഥിതസദാ യാതഃ പ്രകുപ്യാദലം
ശൂലം വംക്ഷണവസ്തിസംയുതസിരാസംഘേഷു വിൺമൂത്രയോഃ
വാതോശ്ചാപി നിരോധനാദപി തദാ വസ്തിപ്രഭൂതശ്ച സഃ
ത്രായന്തീത്രിഫലാകടുത്രികവരൈൎബ്രാഹ്മീമുഖൈശ്ചൌഷധൈഃ.

സംരോധത്താൽ വായു കോപിച്ചു് അസ്ഥികളിൽ സ്ഥിതനായിട്ടു് കടിപ്പു് വസ്തിപ്രദേശം, സിരാസംഘങ്ങൾ ഈ സ്ഥാനങ്ങളിൽ ശൂലത്തെ ഉണ്ടാക്കും. ഇതാണു് വസ്തിശൂലം. മലമൂത്രങ്ങൾക്കു തടവും വസ്തിശൂലത്തിൽ ഉണ്ടാകും. ഈ വസ്തിശൂലത്തിൽ ബ്രഹ്മി ത്രിഫല ചുക്കു മുളകു തിപ്പലി മുത്തങ്ങാക്കിഴങ്ങു് ത്രികോല്പക്കൊന്ന ഈ ഔഷധങ്ങൾ യുക്തിപോലെ കഷായമോ പൊടിയോ ആയി ഉപയോഗിക്കണം.

ഭക്തവാരിവടി.

ശുല്ബം ഗന്ധകപാരദം ച മൃദിതം ഭാഗാദ്ഭാഗം തഥാ
ലോഹാഭ്രേ ച വിഡംഗമത്ര ഗദിതം ഭാഗൈശ്ച യുഗ്മൈൎമ്മലം
തൽസൎവ്വം പരിപേഷ്യ മൎദ്ദിതതമം ക്വാഥേ തഥാ ത്രൈഫലേ
കൃത്വാ തത്സ്യ വടീ ച വസ്തിജമലം ഭക്താതുശൂലം ഹരേൽ. ൩൩

ഏകാം വടീം പ്രാതരലം മനുഷ്യോ
ഭക്താംബുനാ സേവ്യ ച പക്തിശൂലം
സവാമ്ലപിത്തം ച വമിം ജ്വരം ച
ഏകച്ഛൂലകാസശ്വാസനാശ്മിഹന്തി. ൭

യകൃൽപ്ലീഹായക്ഷ്മോദരഗുദഗദാൻപാർശ്വവസ്തിപ്രഭൃതം
പ്രഭൃതം ശൂലംവാതധിരവികൃതിം ചാപി ഗ്രഹണീം
ജ്വരാംസ്തദ്വൽഭക്താ ശമയതിവടീ പൂർവ്വാദിതാ സ-
ന്ദപാനൈർഭക്തസ്യശ്രൂതവാരജലൈർന്നിത്യമുപചിതൈഃ. ൮

ശുദ്ധിചെയ്ത ഗന്ധകവും രസവും അരബിഭാഗംവീതം. ശുദ്ധി ചെയ്ത ലോഹഭസ്മം അഭ്രം വിഴാലരി ഇവ മൂരണ്ടുഭാഗം. എല്ലാംകൂടി പൊടിച്ച ത്രിഫലക്കഷായത്തിൽ അരച്ച്, ഗുളികമാക്കി ഭുജിച്ചാൽ വസ്തിശൂലം ശമിക്കും. പ്രാതഃകാലത്തിൽ ഈ ഗുളികത്തിൽ ഒരെണ്ണം, കഞ്ഞിവെള്ളത്തിൽ സേവിച്ചാൽ പക്തിശൂല, അമ്ലപിത്തം, ഛർദ്ദി, ജ്വരം ഏകദേശശൂലം, കാസം, ശ്വാസം, യകൃത്ത് പ്ലീഹ, രാജയക്ഷ്മാവ്, മഹോദരം, അർശസ്സ്, പാർശ്വശൂലം, വസ്തിശൂലം, രക്തവികാരം, ഗ്രഹണി, ജ്വരങ്ങൾ ഇവയും ശമിക്കും.

അമശൂല.

അരോചകഗൌരവവമീസകഫപ്രസേകൈ-
രാനാഹനിശ്ചലതനുതപ്രസ്യചിംഗൈഃ
അമോദ്ഭവം ച ശിവശസ്ത്രൂദം വദന്തി
ഏല്ലാസയുക്തമഥത്രച മത്യമത്യാൽ. ൯

വയററിൽ പൊട്ടുക, വയററിൽ കനം, ഛർദ്ദി, കഫപ്രസേകം, വയറുവീർപ്പ്, ശരീരം അനക്കാൻ വയ്യാതാവുക, വ്രണത്തിന്റെ അടയാളങ്ങൾ കാണുക, നെഞ്ചുരുക്കം, ഇവ അമശൂലയുടെ ലക്ഷണങ്ങളാണ്. ഇതിന്റെ ശമനത്തിനായിട്ട് മദ്യം സേവിക്കണം.

മറെറാരു ചികിത്സ.

അമശൂലശമനക്രിയാം ചരേൽ താം ചയാ ഇ കഫശൂലഹാരിണീ
സേവ്യമാമഹരസവ്മാശു വൈ വഹ്നിവർദ്ധനകരം വിശേഷതഃ. ൧൦

കഫശൂലഹരങ്ങളായ ക്രിയകൾ എല്ലാ അമശൂലത്തെയും ശമിപ്പിക്കും. അമഹരമായും അഗ്നിവർദ്ധനമായും ഇരിക്കുന്ന എല്ലാ ഔഷധങ്ങളും അമശൂലത്തെ ശമിപ്പിക്കുന്നതാകയാൽ അതും സേവിക്കാം.

ഷഡ്ധാന്യരസം.

സൂതംഭാഗംഗന്ധഭാഗം ച ശുദ്ധം
തദ്വൽതാമ്രസ്യൈകഭാഗംമൃതം ച.

സൂതതാമ്രാന്നം ചാർദ്രസൌവർച്ചലാഖ്യാം
ഏതന്മർദ്യം പക്വജംബീരനീരൈഃ. ൧൧

തീവ്രോഷ്ണമേ തദ്ദിനൈകം സമസ്തം
തദ്ധാന്യപാത്രൈഃ കർപ്പരൈർമൃത്തികാഭിഃ.
വൈദ്യൈഃ പാച്യം രാമസംഖ്യൈഃ പുടൈശ്ച
ഖ്യാതോ ലോകേ ഷൺമുഖാന്യോ രസോഽയം ൧൨

ഹിംഗ്വാർദ്രകണാലവണനത്രിഗുണം ജോ
ഹന്ത്യശിതോഽജശൂലമശേഷം
അന്യസമസ്തശിരാന്ത്രഗദാനാം
നാശകരസ്തു ഷഡ്ധാന്യരസോഽയം. ൧൩

ഷഡ്ഭാഗമേരണ്ഡജതൈലമേകം
രസോനകം നിസ്തുഷമത്രയോജ്യം
ദിഗ്ഭാഗമസ്മൈ ശൃതേകന്യസ്യ
സിന്ധൂത്ഥഹിംഗ്വാസ്തു ത്രയസ്ത്രയസ്സ്യുഃ. ൧൪

സമ്മർദ്യസർവ്വം തു ത്രിനിഷ്കമേത-
ത്തഥാമശൂലേ ട്ടനുപിബേദ്വിശേഷാൽ
ഷഡ്ധാന്യനാമ്നസ്തു പരാനുപാനം
സർവ്വേഷുശൂലേഷു ത്രിനിഷ്കമേവം. ൧൫

ശോധിതവും മാരിതവുമായ രസം, ഗന്ധകം, താമ്രം, തുവർച്ചിലയുപ്പ്, ഇവ സമാംശമായി എടുത്ത് പഴുത്ത ചെറുനാരങ്ങാനീരിൽ അരച്ച് വില്ലയാക്കി ഒരുദിവസം കട്ടത്തവെയിലത്തുണക്കി ചട്ടിയിലാക്കി വേറൊരു ചട്ടികൊണ്ടടച്ച് ശീലമൺചെയ്ത് മൂന്നുദിവസം പുടംചെയ്ത എടുക്കുക; ഈ രസത്തിന് ഷഡ്ധാന്യരസം എന്നുപേർ. ഈ രസം കായം, ഇഞ്ചി, തിപ്പലി, ഇന്തുപ്പ് ഇവയിൽ ഏതിനോടെങ്കിലും ഒന്നിനോട്ടു ചേർത്ത് മൂന്നുകുന്നിയിടവീതം സേവിച്ചാൽ അമശൂലവും മററുശൂലകളും ശമിക്കും. ആവണക്കെണ്ണ ആറുഭാഗം. തൊലികളഞ്ഞ വെള്ളുള്ളി പ ഭാഗം. പൊരിച്ച പൊൻകാരം പ ഭാഗം ഇന്തുപ്പ് കായം ഇവ മുമ്മൂന്നുഭാഗം. എല്ലാംകൂടി പൊടിച്ച് മൂന്നുകഴഞ്ചുവീതം ഈ രസം സേവിച്ചതിനുശേഷം അനുപാനമായി സേവിച്ചാൽ സകല ശൂലകളും ശമിക്കും. അനുപാനത്തിനുള്ള ഉൽകൃഷ്ടമാത്ര മൂ കഴഞ്ചാണ്.

സാമവാതശൂല.

വാതാധികസ്താമസദാഗതിസ്തു
വസ്തിംപ്രയാതോ ഭവതീതിതത്ര.
കൃഷ്ണാഭയാലോഹഭവം ച ചൂർണ്ണം
സപ്പിർമ്മധുഭ്യാം ച ജലേന ചാദ്യാൽ. ൧൬

അമവായു വസ്തിയെ പ്രാപിച്ച് വസ്തിയിൽ കഠിനവേദനയുണ്ടാക്കുന്നത് ആമവാതശൂലമാണ്. തിപ്പലി കടുക്ക ലോഹഭസ്മം ഇവ പൊടിച്ച് തേനിലോ നെയ്യിലോ കുഴച്ച് നക്കുകയോ വെള്ളത്തിൽ കലക്കി സേവിക്കുകയോ ചെയ്താൽ ആമവാതശൂലം ശമിക്കും.

സാമപിത്തശൂല.

നാഭൌശൂലഃസാമപിത്തോദ്ഭവോയ-
സ്തസ്മിൻപേയംസ്നേഹമേരണ്ഡജാതം
ക്ഷൌദ്രൈഃക്ഷീരൈർവാരസൈർമാംസജാതൈ
സ്തദ്വൽകാഥൈസ്ത്രൈഫലൈർഗോപയോഭിഃ. ൬൧

നാഭിയിൽ അതിയായ വേദന ഉണ്ടാക്കുന്നതാണ് സാമപിത്തശൂല. അതിങ്കൽ ആവണക്കെണ്ണ തേൻ ചേർത്തോ പാലോ മാംസരസമോ അല്ലെങ്കിൽ ത്രിഫലക്കഷായമോ പശുവിൻ പാലോ ചേർത്തോ സേവിപ്പിക്കണം.

സാമപിത്തോദ്ഭവേശൂലേ നാഭൌവാവിശേഷതഃ
ക്ഷൌദ്രൈഃക്ഷീരൈർവാംമൂത്രൈഃ പ്രദദ്യാത്തൈലംവിഭാഗികം.

ആമപിത്തശൂലയിൽ തേനിലോ പാലിലോ പശുവിൻമൂത്രത്തിലോ അതിൻെറഇരട്ടി ആവണക്കെണ്ണ ചേർത്ത് നാഭിയിൽ പിഴിയുന്നതും നല്ലതാണ്. (ഈ ശ്ലോകത്തിൽ 'പ്രദദ്യാൽ' എന്ന ക്രിയ അടുത്ത ശ്ലോകത്തിൽ നിന്നും ചേർത്തനുവയിച്ചുകൊള്ളണം.)

തൈലം.

സസൈന്ധവംഹിംഗുയുതന്തുതൈലം
ഗോമൂത്രയുക്തംപരിപാച്യദിദ്യാൻ
നാഭൌപ്രദദ്യാദ്ദിസാമപിത്ത-
ശൂലംഭവേദ്വേദനയാന്വിതംചേൽ. ൬൨

ഇന്തുപ്പ് കായം ഇവപൊടിച്ച് ആവണക്കെണ്ണയിൽ ഇട്ട് ഗോമൂത്രവും ചേർത്ത് കാച്ചി എടുത്ത് നാഭിയിൽ പിഴിഞ്ഞാൽ വേദനയോടുകൂടിയ ആമപിത്തശൂല ശമിക്കും.

കഫശൂലം.

ഹൃൽപാർശ്വകുക്ഷൌ യുഗപൽ കഫേന
സാമസ്സശൂലഃ പ്രഥിതസ്സ തത്ര
ബാല്ഹീകപത്ഥ്യാവിഡതുംബുരൂണാം
സൌവർച്ചലേനാപിച പൌഷ്കരേണ. ൬൩

സസൈന്ധവം ചൂർണ്ണമലം ദശാംഘ്രി-
യവാംഭസാ പീതതമം വിശേഷാൽ
ഹൃൽപാർശ്വശൂലം സകടീപ്രശൂലം
പൃഷ്ഠന്യന്തന്ദ്രാമപതാനകം ച ൬൪

ശ്ലേഷ്മപ്രസേകം ച ഗളാമയം ച
സദ്യോനിഹന്ത്യത്ര ന ചിത്രമസ്തി
ഹിംഗ്വാദിചൂർണ്ണം ജഠരാഗ്നിമുഗ്രം
കരോതിപാകം ച സഭോജിതസ്യ. ൬൫

ഹൃദയം, പാർശ്വഭാഗം, ഉദരം ഈ ഭാഗങ്ങളിൽ ഒരുമിച്ച വേദനയുണ്ടായാൽ അത് കഫാമശൂലയാണ്. ആ കഫാമശൂലയിൽ കായം കടുക്ക വിളയുപ്പ് തുമ്പുണിയുടെ പഴുത്ത കായ്, തുവർച്ചിലയുപ്പ്, പുഷ്കരമൂലം, ഇന്തുപ്പ് ഇവപൊടിച്ച് ദശമൂലവും യവവുംകൂടി കഷായംവച്ച് അതിൽ സേവിക്കണം. ഈ ഹിംഗ്വാദിചൂർണ്ണം ഹൃദ്രോഗശൂലം, പാർശ്വശൂലം, അരക്കെട്ടിൻവേദന, പുറത്തുവേദന, മടി, അപതാനകം, കഫംതുപ്പ്, കണ്ഠരോഗം ഇവയെ ശമിപ്പിക്കും. ജഠരാഗ്നിയെ വർദ്ധിപ്പിക്കും. ഭക്ഷിച്ച അന്നത്തെ പചിപ്പിക്കും.

സാമകഫപിത്തശൂലം.

യസ്സാമലക്ഷണയുതോഭവതീഹശൂലഃ
പ്രായോദ്വിജാത അപിയുഗ്മതനുപ്രദേശേ
നാനാപ്രദേശജശിവാസ്ത്രിദശേസ്ത്രിദോഷ-
ജാതഃക്രമേണ ച ചികിത്സിതമത്രവക്ഷ്യേ. ൬൬

ആമത്തിൻെറ ലക്ഷണത്തോടുകൂടിയ ശൂലം മിക്കവാറും രണ്ടു ദോഷങ്ങൾ കോപിച്ചുണ്ടാകുന്നതാണ്. ആ ശൂലം ശരീരത്തിൻെറ ഈ രണ്ടുപ്രദേശങ്ങളിലായിരിക്കും ഉണ്ടാകുന്നത്. സകല പ്രദേശങ്ങളിലും ഉണ്ടാകുന്ന ശൂലം ത്രിദോഷകോപത്താൽ ഉണ്ടാകുന്നതാണ്. ഇനിയും ക്രമേണ അവയുടെ ചികിത്സയെ ഇവിടെ പറയാൻ ഭാവിക്കുന്നു.

സാമകഫപിത്തശൂലചികിത്സ

ദുരാലഭാപടോലനിംബതിന്ത്രിണീഫലൌഷധൈഃ
സവമ്മഭിഃസശർക്കരസ്തു കല്കഏവസേവിതഃ
സസാമവാതപിത്തജസ്തുശൂലമേവസത്വരം
വിനംക്ഷ്യതിധ്രുവംയദാനിരന്തരംനിഷേവിതഃ. ൬൭

കൊടിത്തുവവേര്, പടവലം, വേപ്പിൻതൊലി, പുളിവേരിന്മേലെത്തൊലി, മുത്തങ്ങാക്കിഴങ്ങ്, ചുക്ക്, പച്ചടകപ്പുല്ല് ഇവ അരച്ച് പഞ്ച

സാരയും ചേൎത്ത് സേവിക്കുക; ആമത്തോടുകൂടിയ വാതപിത്തശൂല ശമിക്കും. ഈ മരുന്ന് നിത്യവും സേവിച്ചാൽ ദീൎഘായുസ്സുണ്ടാവും.

ആമത്തോടുകൂടിയ വാതകഫശൂലചികിത്സ.

ശുണ്ഠീശഠീമുണ്ഡനികാകഷായം
സൌവൎച്ചലേനാശു പിബേന്നിതാന്തം
സാമസ്സദാവാതകഫപ്രസൂതാം-
ശൂലഃപ്രശാന്തിം ഖലു തസ്യ യാതി. ൪൬

ചുക്ക്, കച്ചോലം, ശ്രാവണി ഇവ കഷായംവെച്ച് തുവർച്ചിലയുപ്പ് മേമ്പൊടിയായി സേവിച്ചാൽ സാമവാതകഫശൂല ശമിക്കും.

അന്യയോഗം.

ദേവദാരുവൃഷനാഗരനീരം നിംബുനാശുലവണൈരസിതൈശ്ച
പീതമേവ ഖലു പിത്തകഫേന സാമശൂലജഗദം വിനിഹന്തി. ൪൭

ദേവദാരം, ആടലോടകവേര്, ചുക്ക് ഇവ കഷായംവെച്ച് ചെറുനാരങ്ങാനീരും കറുത്തഉപ്പും ചേൎത്ത സേവിച്ചാൽ ആമത്തോടുകൂടിയ പിത്തകഫശൂല ശമിക്കും.

സാമപിത്തകഫശൂലചികിത്സ.

ഗുഡാമൃതൈൎഹരീതകീവചാസപിപ്പലീസംഭവം
രുജംശിവാമ്രസം ജലേന കിം ത്ര... സാമമാശു നാശയേൽ. ൪൮

അമൃതും കടുക്കാത്തോടുംകൂടി കഷായംവെച്ച് ശൎക്കര മേമ്പൊടി ചേൎത്തുസേവിച്ചാൽ കഫപിത്തജമായ ആമശൂലശമിക്കും.

സാമപിത്തവാതശൂലചികിത്സ.

ബ്രഹ്മഭദ്രവാരണമഹേന്ദ്രമയൂരവിശ്വാ-
ശ്വാംഘ്രി പ്രാദിഭിഃ ശൃതതമം ച ഗവാംജലേന
പീതം തഥാ പരഭൃതാസഹിതാഗ്നിനാശു
ഹിംഗ്വാന്വിതം ത്രിഭവശൂലരുജം നിഹന്തി. ൪൯
വിഡ്ബന്ധഗുല്മജഠരാണി സകാമലാനി
പാണ്ഡുനികാൎശ്യമാലസ്യത ... ന്തോഃ

അത്തിത്തൊലി അത്തിത്തിപ്പലി കടകപ്പാലയരി ചെറുകടലാടി ചുക്ക് അമുക്കുരം ഇവ ഗോമൂത്രത്തിൽ കഷായംവെച്ച് സേവിക്കയും കൊടുവേലിയും കായവുംചേൎത്ത് മാടപ്രാവിന്റെ മാംസരസം സേവിക്കയും ചെയ്താൽ ത്രിദോഷശൂല മലബന്ധം ഗുല്മം ഉദരം കാമില പാണ്ഡു, അഗ്നിമാന്ദ്യം, ശരീരകാൎശ്യം ഇവ ശമിക്കും.

ഏരണ്ഡവില്വബൃഹതീദ്വയമാതുലുംഗ-
പാഷാണഭിൽ ... ഗോക്ഷുരകകഷായഃ. ൫൦

പാഷാണഭേദസഹിതോ ലവണോരുബൂക-
തൈലേന ഹിംഗുപ്രതിവാപയുതസ്തു പേയഃ
ക്ഷാരേണമേഢ്രഹൃദയസ്തനരുക്ഷുതൈ-
ച്ഛ്രോണീരുജഃപ്രശമനസ്ത്രിഭവേ പി ശൂലേ.

വെള്ളത്താവണക്കിൻവേര് കൂവളത്തിൻവേര് ചെറുവഴുതിനവേര് വെൺവഴുതിനവേര് മാതളനാരകത്തിൻവേര് തിപ്പലിവേര് ചുക്ക മുളക തിപ്പലി ഇവ കഷായംവെച്ച് അതിൽ കല്ലൂർവഞ്ചിവേര് ഇന്തുപ്പ് കായം ചവക്കാരം ഇവ കല്ക്കമായി കാച്ചിയ ആവണക്കെണ്ണ സേവിച്ചാൽ ത്രിദോഷജമായ ശൂലയിലുണ്ടാകുന്ന ലിംഗവേദന, ഹൃദയം മുല ഈ സ്ഥാനങ്ങളിലുള്ള വേദന, അരക്കെട്ടിനുള്ള വേദന ഇവ ശമിക്കും.

മൂത്രശൂല.

നാഭൌ വാംക്ഷണപാൎശ്വയോശ്ച സതതം കുക്ഷൌ ച മേഢ്രാന്തഗം
ബന്ധം യഃ പ്രകരോതി മൂത്രമഭിതശ്ചാവൃത്യ ഗൃഹ്ണാതി ച
ശൂലോയം ച സ വായുമൂത്രജനിതഃ സ്വിന്നേ നാഗ്നിവേശൈരലം
ശാന്തിം യാതി ച തൽപ്രകാരമധുനാ സദ്യഃപ്രശാന്ത്യൈ ബ്രുവേ. ൫൧

നാഭി, കടിവുകളുടെ ഇരുഭാഗം, കുക്ഷി, ലിംഗം, ഈ സ്ഥാനങ്ങളിൽ പിടിത്തവും മൂത്രത്തിനുതടസ്സവും ഉണ്ടാകുന്നതാണ് മൂത്രശൂല. ഇത് അമ്ലവൎഗ്ഗങ്ങൾ ഇട്ട് തിളപ്പിച്ചജലംകൊണ്ടു വിയൎപ്പിച്ചാൽ ശമിക്കും. അതിനാൽ തൽക്ഷണം ഫലപ്രദമായ ആ വിധിയെ പറയുന്നു.

ദാരുഹാടകവരീശദഹിംഗുസൈന്ധവൈശ്ച ശതപാദിസമേതൈഃ,
ആരനാളപരിഷിക്തസമസ്തൈഃ പോടലീകൃതസുപക്വനിബദ്ധൈഃ.
മൂത്രദോഷശമനായ വിശേഷാൽ സ്വേദയേദ്ഭിഷഗലം ബഹുധാതൈഃ,
തത്രതത്ര ഉരുബൂകദളൈർവാ ചരാദ്യവഹ്നിജവികാരവിചാരൈഃ. ൫൨

ദേവതാരം ഉമ്മത്തിൻ കൊട്ടം കായം ഇന്തുപ്പ് ശതാവരിക്കിഴങ്ങ് ഇവ കാടിയിൽ അരച്ച് മുന്നിൽകിഴികെട്ടി പഞ്ചാമ്ലകഷായത്തിൽ ഇട്ട് തിളപ്പിച്ച് വിയൎപ്പിക്കുക; മൂത്രദോഷം ശമിക്കും. നാഭി മുതൽ കീഴ്പ്പോട്ട് വാതഹരമായ തൈലം പുരട്ടി വെള്ളത്താവണക്കിലചാററിച്ച് മുൻപറഞ്ഞ കിഴി പഞ്ചാമ്ലകഷായത്തിൽ ഇട്ടുതിളപ്പിച്ച് ഊന്നിവിയൎപ്പിക്കുന്നതും മൂത്രശൂലയ്ക്കു നല്ലതാണ്.

വിട്ശൂല.

ശുഷ്കാശിനഃകോപമുദാവൃത്യായുർ-
വാതംരുണദ്ധ്യാശു പരകാശുസംസ്ഥഃ
വഹ്നിംകൃശീകൃത്യ ചശൂലമുച്ചൈഃ
സ്രോതസ്സ്ഥാവൃത്യ ചദക്ഷിണംവാ. ൯൭

വാമംചകക്ഷാവപിനാഭിമാനം
ഭ്രമം ചസർവ്വസശബ്ദമേവ
മൂർച്ഛൻഭ്രമംസ്തംഭയതസ്സസോഽയ-
മുദ്പാദയേച്ചാശുവിഡഃപ്രസക്തിം. ൯൮

ഉച്ചാരിതോമൂത്രിതഏവ ചാപി
നശാന്തിമായാതിശദാപിയത്ര
തംദാരുണാചാപിഭിഷഗ്വരാസ്ത
വിട്ശൂലമാഹുശ്ചരകാദയശ്ച. ൯൯

ശുഷ്കാഹാരങ്ങളെ ഭക്ഷിക്കകനിമിത്തം കോഷ്ഠാശ്രിതനായ വായു കോപിച്ച് അധോവാതത്തെ തടുത്ത് അഗ്നിയെ മന്ദിപ്പിച്ച് അതികഠിനമായ ശൂലത്തെയും ദക്ഷിണമായോ വാമമായോ ഇരിക്കുന്ന സ്രോതസ്സിനെ ആവരണം ചെയ്ത്, വയററിൽ എല്ലായിടവും വളരെ സംഭ്രമത്തെയും മോഹാലസ്യത്തെയും ഉണ്ടാക്കി ശബ്ദത്തോടുകൂടി സഞ്ചരിക്കും. അപ്പോൾ തണ്ണീർദാഹമുണ്ടാകയും മലം തടയുകയും ചെയ്യും. അഥവാ മലമൂത്രങ്ങൾ വെളിക്കുപോയാൽതന്നെയും വേദനയ്ക്ക് ശമനം സിദ്ധിക്കയില്ല. ഇതിനെ ചരകാദികളായ വൈദ്യവര്യന്മാർ അതിഭയങ്കരമായ വിട്ശൂലയെന്ന് പറയുന്നു.

വിട്ശൂലചികിത്സ.

മാതുലുംഗപയസാസംയുതേന തുംബുരുഗ്രന്ഥികടുകത്രയചിത്രൈഃ
ഹിംഗുനാചശിവയാസഹദീപ്യക്ഷാരസൈന്ധവയുതംവരചൂർണ്ണം.
ഉഷ്ണനീരപരിഷേവിതമാശു മൂത്രവിഡ്ഭവശിവാസ്രുഗദസ്യ
വാതജസ്യകുരുതേകിലനാശം ദീപനം ചബഹുപാചനമേതൽ. ൧൦൦

മാതളനാരങ്ങയുടെ രസം തുമ്പൂണിയരി ചുക്കു മുളകു തിപ്പലി വെളുത്താവണക്കിൻവേര് കായം കടുക്കാ അയമോദകം ചവക്കാരം ഇന്തുപ്പ് ഇവ പൊടിച്ച് നെയ്യ്ചേർത്ത് ചൂടുവെള്ളത്തിൽ സേവിക്കുക; വാതജമായ മൂത്രശൂലയും വിട്ശൂലയും ശമിക്കും. ഈ ചൂർണ്ണം ദീപനവും പാചനവുമാണ്.

സാടോപശൂല.

ഏരണ്ഡതൈലേന ദശാംഘ്രിവാരി
സൌവർച്ചലേനാപിചഹിംഗുയുക്തം

സാടോപശൂലം വിനിഹന്തിപീതം
സദ്യഃപ്രഭാതേഭിഷജോവദന്തി. ൧൦൧

ദശമൂലം കഷായംവച്ച് അതിൽ ആവണക്കെണ്ണയും തുവച്ചിലക്കാരവും കായവും ചേർത്തു പ്രഭാതത്തിൽ സേവിച്ചാൽ സാടോപശൂല ശമിക്കും.

അന്യയോഗം.

കംബളാവൃതതനോശ്ചനരസ്യ
പ്രാണമാശു ച വിഹായതഥൈവ
സൂക്ഷ്മപുത്രനഗരീം പ്രതിയാന്ത-
മാശുസക്തുകടുതൈലവിധൂപൈഃ. ൧൦൨

ധൂപവൈദ്യധരണീശതനോത്ഥൈഃ
പോഷ്യഏവ പരിരക്ഷ്യനരോഹ
ശാസ്ത്രമർമ്മഗണബുദ്ധിവിചാരൈഃ
സമ്യഗാശു ച പരീക്ഷ്യതജ്ഞൈ. ൧൦൩

സാടോപശൂലയാൽ മരണാവസ്ഥയിൽ എത്തിയ രോഗിയേ ശാസ്ത്രമർമ്മജ്ഞന്മാരായ വൈദ്യവര്യന്മാർ നല്ലവണ്ണം പരീക്ഷിച്ചറിഞ്ഞതിന്റെ ശേഷം കംബളംകൊണ്ട് ശരീരംമൂടി മലർപൊടിയും കടുകെണ്ണയും കൂടി ചേർത്തു പുകച്ചാൽ അവൻ ആ രോഗത്തിൽനിന്നും മോചിക്കും.

പ്ലീഹശൂല.

പ്ലീഹാഭിവൃദ്ധ്യാ പരിവർദ്ധതോയഃ
പ്ലീഹാഭവശ്ശൂല ഉദാഹൃതോഽസൌ
ബാല്ഹീകമഗ്നിം പടുമാതുലുംഗ-
നീരേണകംകുഷ്ഠകയാവശൂകൈഃ. ൧൦൪

ഭക്തംതഥൈരണ്ഡജബീജപൂര-
ഗോകണ്ടരാസ്നാസുബലാപലാനി
പഞ്ചൈവപ്രസ്ഥം ച തതോയവാനാം
ദ്രോണേനനീരേണ ശൃതംശൃതാനി. ൧൦൫

പാദാവശേഷേണ ജലേനതാസാം
പ്രസ്ഥംഘൃതസ്യാപിസതുംബുരൂണാം
സൌവർച്ചലസ്യാപിച ഹിംഗുനശ്ച-
വിഡഃപടുവ്യോഷഹരീതകീനാം. ൧൦൬

സസ്വർജ്ജികാനാം ച സമാവശൂകൈഃ
കല്കേന ചൈവാക്ഷമിതേന താസാം
അമ്ലസ്യ തദ്വൽ ഖലു വേതസസ്യ
പ്രസ്ഥദ്വയേനാപി ച മസ്തുനാ ച. ൧൦൭

സിദ്ധം ഘൃതം പ്ലീഹരുജം നിഹന്തി
ശൂലം ത്രിദോഷോത്ഥമഥോപി ദാഹയോഃ
ശ്രീയാജ്ഞവല്ക്യേന മുനീശ്വരേണ
സംഭാഷിതം ദീപനപാചനാർത്ഥം. ൧൦൮

പ്ലീഹ എന്ന അവയവം വർദ്ധിച്ചിട്ടുണ്ടാകുന്ന ശൂലയാണ് പ്ലീഹശൂല. അതിങ്കൽ കായം കൊടുവേലിക്കിഴങ്ങ് ഇന്തുപ്പ് ശോധിതമായ കക്കൂട്ടം ചവൎക്കാരം ഇവ പൊടിച്ച് മാതളനാരങ്ങയുടെ നീരിൽ സേവിക്കുക, പ്ലീഹശൂല ശമിക്കും.

ബിജപൂരാദ്യം ഘൃതം.

വെളുത്താവണക്കിൻവേര് മാതളനാരകത്തിൻവേര് ഞെരിഞ്ഞിൽ അരത്ത കുറുന്തോട്ടിവേര് ഇവ ഓരോപലംവീതം. യവം ഇടങ്ങഴി ൫. ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് ൪ ഇടങ്ങഴിയാക്കി ഇടങ്ങഴിനെയ്യും ചേൎത്ത് തുമ്പൂണലരി തുവച്ചിലക്കാരം കായം വിളയുപ്പ് ഇന്തുപ്പ് ചുക്ക മുളക തിപ്പലി കടുക്ക സ്വർജ്ജിക്ഷാരം ചവൎക്കാരം ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ മുമ്മൂന്നുകഴഞ്ചുവീതം കല്കവും ൨ ഇടങ്ങഴി തൈരിൻവെള്ളവും ചേൎത്തു കാച്ചി സേവിക്കുക; പ്ലീഹശൂല ത്രിദോഷജമായ ശൂല ഇവ ശമിക്കും. ഈ ഘൃതം ദീപനവും പാചനവുമാണ്. ശ്രീയാജ്ഞവല്ക്യൻ നിൎമ്മിച്ചിട്ടുള്ളതുമാകുന്നു.

ആവൎത്തശൂല.

നിദാനൈഃ സ്വൈഃ പൂൎവ്വംഗദിതകുപിതോ വായുരുദരേ
പ്രകുൎവ്വാദാവൎത്തക്രമയുതമലം ശൂലമസകൃൽ
വസംസ്ഥേന്നാവൎത്തപ്രഥിതശിവശസ്ത്രാഭിധാനദഃ
പ്രഗീതഃ സദ്വൈദ്യൈശ്ചരകമുനിഭേദാദിനികരൈഃ. ൧൦൯

പൂൎവ്വം നിജങ്ങളായ കോപകാരണങ്ങളാൽ കുപിതനായ വായു ഉദരത്തിൽ ആവൎത്തത്തോടുകൂടിയ ശൂലയെ ഉണ്ടാക്കും. ഇതിനെ ചരകാദിമഹൎഷികൾ ആവൎത്തശൂലയെന്നു പറയുന്നു.

ആവൎത്തശൂലയുടെ ചികിത്സ.

അവല്ഗുശിംബീജഗൌഷധാഭ്യാം
തച്ചാതഥാദാഡിമികാഫലസ്യ

ജീരം പടും ശാണമിതം പൃഥക് ച
മാഷൈകഭൃഷ്ടേന തു ഹിംഗുനാ ച. ൧൧൦

സംപേഷിതം ദധിപലേന നരോവലിഹ്യ
സാവൎത്തശൂലമപഹന്തി ച രാജികാപി
കർഷോന്മിതാ ഘൃതപലേന ഗവാം മിളേദ്വാ
യാമേന ശൂലശമനായ ഭിഷക്പ്രദിഷ്ടാ. ൧൧൧

അധികം ഇളയതും അധികം മൂത്തതും അല്ലാത്ത അമരയ്ക്കാ, ചുക്ക്, മാതളനാരങ്ങാത്തോട്, ജീരകം, ഇന്തുപ്പ് ഇവ മുക്കാൽ കഴഞ്ചുവീതം. ഒരു ഉഴുന്നിന്റെ ഇട പൊരിച്ച കായം. എല്ലാംകൂടി പൊടിച്ച് ദഹനത്തിനനുസരിച്ചെടുത്ത് ഒരു പലം തൈരിൽ ചേൎത്ത് നക്കിയാൽ ആവൎത്തശൂല ശമിക്കും. മൂന്നുകഴഞ്ചു കരിങ്കടുക പൊടിച്ച് ഒരുതുടം പശുവിൻനെയ്യിൽ ചേൎത്തു കുറേശ്ശ സേവിച്ചാലും ഒരു യാമംകൊണ്ട് ആവൎത്തശൂല ശമിക്കും.

രക്തശൂല.

ഛിന്നാനി പിത്തജനിതാനി ഭവന്തി രക്ത-
വാന്തിശ്ച ദാഹ അപി യത്ര ഭവേച്ച മൂർച്ഛാ
ശ്വാസവ്യഥേ ഖലു യത്ര തഥാ ഭവേതാം
ശൂലസ്തു രക്തജനിതഃ സ തു സകാസയുക്തഃ. ൧൧൨

പിത്തശൂലയുടെ ലക്ഷണങ്ങളും രക്തഛർദ്ദിയും സൎവ്വാംഗസന്താപവും മൂൎച്ഛയും ശ്വാസവും വ്യഥയും ചുമയും ഉണ്ടായിരുന്നാൽ അതു രക്തശൂലയാണ്.

രക്തശൂലചികിത്സ.

കുലകനിംബജബീജരസം ഗുഡൈ-
ൎഹരതി ശൂലമലം രുധിരോദ്ഭവം
അപി ച ശോഷഗദവ്രണമവ്രണം
പ്രകുരുതേ കുരുതേസ്യ ച പാചനം. ൧൧൩

പടവലം വേപ്പില മാതളനാരങ്ങ ഇവയുടെ രസമെടുത്ത് ശൎക്കരയും ചേൎത്തു സേവിച്ചാൽ രക്തശൂല ശമിക്കും. അതുകൂടാതെ രക്തശൂലനിമിത്തം ഉണ്ടായിട്ടുള്ള ശോഷം, വ്രണം ഇവയും ശമിക്കും. പാചനവുമാണ്.

അന്യചികിത്സ.

സിതശാലിസമുദ്ഭവാശ്ച ലാജാഃ
സിതയാ ക്ഷൌദ്രപയോന്വിതാഃ പ്രപീതാഃ
അപി ദാഹരുജം സരക്തഛർദ്ദിം
ശമയന്ത്യാശു ച രക്തജോത്ഥശൂലം. ൧൧൪

വെളുത്ത ചെന്നെല്ലിന്റെ മലര് പൊടിച്ച് പഞ്ചസാരയോ തേ
നോ ചേർത്തോ പാലിൽ കലക്കിയോ സേവിച്ചാൽ സർവ്വാംഗസന്താ
പം, രക്തഛർദ്ദി, ഇവയോടുകൂടിയ രക്തശൂല ശമിക്കും.

പരിണാമശൂലം.

സ്വനിദാനപ്രകോപിതസ്സ്വവായുഃ
കഫപിത്തേനിഹിതഃ ശരോതിശൂലം
അശനേപരിജീര്യതീഹനിത്യം
പരിണാമാദിരസൌ ചശൂലഉക്തഃ. ൧൮൫

വായു, നിജങ്ങളായ കാരണങ്ങൾനിമിത്തം കോപിച്ച് കഫ
പിത്തങ്ങളാൽ സമാവൃതനായിട്ട് ഭക്ഷിച്ച അന്നം ദഹിച്ചതിനുശേ
ഷം നിത്യവും ശൂലയെ ഉണ്ടാക്കും. ഇതാണ് പരിണാമശൂല.

പ്രഥമമത്ര മലംവമനമാചരേദ്
വമനരേചനവസ്തിവിധിംക്രമാൽ
തദലമശ്വവചാകഥിതേനവാ-
പ്യഥരസേനമലീമ്ളചകസ്യവാ. ൧൮൬

കൃസരയാപിചഷഷ്ടികമുദ്ഗയാ-
രഥതഥാഗുളതാശ്രുപയഃപിബൻ
മദനസംശൃതനീരയുതംതഥാ
വമനമാശ്രചരംശ്ചവിധാനതഃ. ൧൮൭

പൌണ്ഡ്രസ്യ കാന്താരകകോശകാര-
രസസ്യപാനൈർവ്വമനംപ്രകുര്യാൽ
വിശേഷതഃപക്തിജശൂലവഹത്യൈ
ശംബൂകഭസ്മോഷ്ണജലൈഃ പിബേദ്വാ. ൧൮൮

പരിണാമശൂലയിൽ ആദ്യം വമനവും പിന്നെ ക്രമേണ വമ
നവിരേചനങ്ങളും ചെയ്യണം. ഒരമുക്കുരം വയമ്പ് ഇവ കഷായം
വച്ചുകൊടുത്തോ കച്ചോലത്തിൻനീരുകൊടുത്തോ എരിഞ്ചോറ്, ഞവ
രയുടെയും ചെറുപയറിന്റെയും രസം ഇവകൊടുത്തോ മലങ്കാരയ്ക്കാ
കഷായംവച്ച് അതും പാലുംകൂടി അകണ്ഠപാനം ചെയ്യിച്ചോ പരി
ണാമശൂലയുള്ളവനെ വിധിപ്രകാരം ഛർദ്ദിപ്പിക്കണം. ഇതുകൂടാതെ
പുണ്ഡരീകക്കരിമ്പ്, കാന്താരക്കരിമ്പ്, കാട്ടുപീച്ചും ഇവയുടെ ഏതി
ന്റെ എങ്കിലും രസംകൊടുത്തും ഛർദ്ദിപ്പിക്കാം. കക്കാനീററിയ ഭ
സ്മം ചൂട്ടുവെള്ളത്തിൽകലക്കിക്കൊടുത്താലും പരിണാമശൂല ശമിക്കും.
കക്കാനീററി ഭസ്മമാക്കുന്നത് കവിടി നീററുന്നതുപോലെയാണ്.

വേറൊരുവിധി.

ശംബൂകശംബൂകകൃശാനുവഷ്ടാ
ഭ്രാമകണ്ഠാനപിസംവിദഗ്ധാൻ
മിഥസ്ഥമാതപ്തഃതോവിധൂമാൻ
പക്തിപ്രശൂല്യുഷ്ണജലേനഭുഞ്ജ്യാൽ ൧൮൯

പരിണാമശൂല സ്പഷ്ടമായി പ്രകാശിച്ചിരിക്കുന്ന രോഗിക്ക് വെ
ളുത്താവണക്കിൻവേര്, ശുദ്ധിചെയ്ത കക്കാഭസ്മം, കൊട്ടുവേലിക്കിഴ
ങ്ങ്, തമിഴാമവേര്, കൊട്ടം, മലങ്കാരയ്ക്കാ ഇവ അന്തർധൂമമായി പാ
കംചെയ്തെടുത്തു ഉഷ്ണജലത്തിൽ കൊടുക്കണം.

വാതികപരിണാമശൂല.

വിൺമൂത്രബന്ധാരതിവേപനാനി
ചാധ്മാനമാടോപയുതംഭ്രയത്ര
സ്നിഗ്ദ്ധോഷ്ണൈശ്ചാശമിതോപിപക്തി-
ശൂലസ്സവാതപ്രഭവോനിരുക്തഃ ൧൯൦

മലബന്ധം, മൂത്രത്തിനുതടസ്സം, ഒന്നിലും താല്പര്യമില്ലായ്ക, വിറ
യൽ, വയറുവീർപ്പ്, വയററിൽ പൊട്ടൽ ഇവയോടുകൂടിയിരിക്കുന്നതും
സ്നിഗ്ദ്ധങ്ങളായും ഉഷ്ണങ്ങളായും ഇരിക്കുന്ന ഔഷധങ്ങൾകൊണ്ട് മി
ക്കവാറും ശമിക്കുന്നതും ആയ ശൂലയെ വാതപരിണാമശൂലയെന്നു
പറയുന്നു.

വാതികപരിണാമശൂല ചികിത്സ.

ശംബൂകാദി.

കണാഗ്രന്ഥക്ഷാരഹൃതാനിദഗ്ധ്വാ
ഗവാംചമൂത്രേണചഗോപയോഭിഃ
ചതുർഗ്ഗുണൈസ്സാകമലംപ്രപാച്യ
യാവദ്ഘനം ചൂർണ്ണസമം സമസ്തം. ൧൯൧

ശംബൂകചൂർണ്ണേനചതുർഗ്ഗുണേന
പൂർവ്വോക്തഭാഗാദഥശർക്കരാഭിഃ
സമാഭിരാഭിർമ്മധുനാഥതദ്വൽ
ഋദ്വ്യനകുര്യാദഥമോദകാനി. ൧൯൨

താൻഭക്ഷയേച്ഛശ്ച്ശൂലഗദേചഗുല്മേ
ഹൃദാമയേപക്തിഭവേചശൂലേ
ശോഫേചപാണ്ഡാവുദരേഭ്രമേപി
ദുർന്നാമ്നികാസേപ്യപി ച മൂത്രകൃച്ഛ്രേ

മേഹാശ്മരീവൃദ്ധിഷുവഹ്നിമാന്ദ്യേ
ഭ്രംശേസ്മരേഃപീനസകേƒഥശീഷേ
ശംബൂകവട്യാസ്സദൃശോന്യയോഗഃ
വ്യാതോനശ്ശൂലാദിഗദാപഹർത്താ. ൫൪

തിപ്പലിപ്പൊടി ശക്കര ചവക്കാരം നെയ്യ തൈരു ഗോമൂത്രം ഇവ സമാംശം. ഇവയുടെ നാലുഗുണം പശുവിൻപാൽ. എല്ലാംകൂടി അടുപ്പത്തുവച്ചു പചിച്ചു കട്ടിയാകുമ്പോൾ എല്ലാററിൻെറയും നാലി രട്ടി കക്കാഭസ്മവും തിപ്പലിമുതൽ ഗോമൂത്രംവരെയുള്ള മരുന്നുകൾക്കു സമം പഞ്ചസാരയും പഞ്ചസാരയ്ക്കുതുല്യം തേനും ചേർത്തു മോദകമാക്കി സേവിക്കുക. ശൂലം, ഗുല്മം, ഹൃദ്രോഗം, പരിണാമശൂല, നീർക്കെട്ടു, പാണ്ഡു, മഹോദരം, തലകറക്കം, അർശസ്സ്, ചുമ, മൂത്രകൃഛ്റം, പ്രമേഹം, അശ്മരി, വൃദ്ധി, അഗ്നിമാന്ദ്യം, സ്മൃതിഭ്രംശം, പീനസം, അപസ്മാരം ഇവ ശമിക്കും.

പൈത്തികപരിണാമശൂലലക്ഷണം.

തൃഷ്ണാരതിഭ്രംശവിദാഹപീനസൈഃ
ശീഷാദ്ധഭേദേനസപിത്തകസ്തു സഃ
സ്വേദാമ്ലകൈശ്ചാപി പടുത്തരൈരപി
പ്രായശ്ശമംയാതികടുപ്രഭുജ്യച. ൫൫

തണ്ണീർദാഹം അരതി, ഉഷ്ണംപുഴുക്ക്, പീനസം, ശിരസ്സിൻെറ പകുതിഭാഗം പിളരുക, ഇവ പിത്തജമായ പരിണാമശൂലയുടെ ലക്ഷണങ്ങളാണു്. ഇന്തുപ്പുചേർത്തുള്ള അമ്ലസേവംകൊണ്ടും, എരിവുള്ള പദാർത്ഥങ്ങളെ ഭക്ഷിക്കുന്നതുകൊണ്ടും ഇതു് മിക്കവാറും ശമിക്കുകയും ചെയ്യും.

പൈത്തികപരിണാമശൂലചികിത്സ.

ദന്തീശ്യാമാത്രിവൃദഥതഥാ നാഗരംകണ്ണികാച
തിക്താവൈലാന മമഥ തഥാദ്രാഗ്രജശ്ചാപിതാസാം
പീതംതൈലൈർഹരതിബഹുധാനിത്യമേരണ്ഡജാതൈർ-
വിഷ്ണുക്രാന്താഭവമരജടാകല്ക്കദുഗ്ധം സഖണ്ഡം. ൫൬

ഹരൈ്യസ്തചോദ്ധരതിനിതരാം പിത്തജംപക്തിശൂലം
യോഗദ്വന്ദ്വം നിഗദിതമലം വൈദ്യവൃന്ദൈന്നിതാന്തം
ഭുക്തംനിത്യം യദിബഹുവിധാഃ ശൂലരോഗാദയോയേ
നശ്യന്ത്യേതേ നിഖിലസുഖദം തന്യദേഹേതദാഹി. ൫൭

നാഗദന്തിവേരു് കടുക്ക ത്രികോല്പക്കൊന്ന ചുക്കു് മുഞ്ഞ പുത്തരിച്ചുണ്ടവേരു് ചിററലം ഇവ എല്ലാംകൂടി പൊടിച്ചു് ആവണക്കെ

ണ്ണയിൽ സേവിക്കുകയോ വിഷ്ണുക്രാന്തിയുടെ വേരരച്ചു് കല്ക്കണ്ടവും നെയ്യും ചേർത്തു് പാലിൽ സേവിക്കുകയോ ചെയ്താൽ പിത്തജമായ പരിണാമശൂല ശമിക്കും. ഇങ്ങനെ രണ്ടു യോഗം വൈദ്യവര്യന്മാരാൽ കല്പിക്കപ്പെട്ടിരിക്കുന്നു. ഈ രണ്ടുയോഗവും സകലവിധ ശൂലകൾക്കും കൊള്ളാം. ഇതിൻെറ സേവകൊണ്ടു് ശരീരത്തിന്നു വളരെ സുഖവും കിട്ടും.

കഫപരിണാമശൂല.

യദാസപല്ലരുക്ഛർദ്ദിഹൃല്ലാസമോഹൈഃ-
സ്ത്യുതശ്ശാന്തിംയാതിതിക്തൈശ്ചശീതൈഃ
വലാസാത്മകഃ പക്തിശൂലോനരാണാം
കടുപ്രായശശ്ചാശ്നതാമാശ്രുനശ്യേൽ. ൫൮

വേദന കുറഞ്ഞിരിക്കുക ഛർദ്ദി ഓക്കാനം മോഹം ഇവയുണ്ടാകുക, തിക്തരസങ്ങളായും ശീതഗുണങ്ങളായും ഉള്ള ഔഷധം കൊടുത്താൽ ശമനം സിദ്ധിക്കുക ഇവ കഫപരിണാമശൂലയുടെ ലക്ഷണങ്ങളാണു്. മിക്ക കഫപരിണാമശൂലയും കടുരസയുക്തമായ ഔഷധസേവയാൽ ശമിക്കുകതന്നെ ചെയ്യും.

തച്ചികിത്സ.

നാഗരഗുഡതിലകല്കം ശൃതപയസാഹി
പീതം പരിണതിശൂലം ഹരതിതദാഹി. ൫൯

ചുക്കു് ശക്കര എള്ളു് ഇവ അരച്ചു്, കാച്ചിയ പാലിൽസേവിച്ചാൽ പരിണാമശൂല ശമിക്കും.

അന്യയോഗം.

ശംബൂകപഞ്ചലവണത്രികടുപ്രഭൃതാ
യുക്താകളംബകരസേനകൃതാവടീസാ
സദ്യഃപ്രഭാതസമയേപ്യഥഭോജനേവാ
ഭുക്താ നിഹന്തികഫജം ബലുപക്തിശൂലം. ൬൦

ശോധിതവും മാരിതവുമായ കക്കാ പഞ്ചലവണം ചുക്കു് മുളകു തിപ്പലി ഇവ പൊടിച്ചു് കടമ്പിൻപൂവിൻെറ നീരിൽ അരച്ചു വടകമാക്കി ഉണക്കി പ്രഭാതത്തിലോ ഉണ്ണുമ്പോഴോ സേവിക്കുക. കഫജമായ പരിണാമശൂല ശമിക്കും.

വാതപിത്തപരിണാമശൂല.

അധ്മാനഛർദ്ദിതൃഷ്ണാഭിർവാതപിത്തസമുദ്ഭവഃ
പക്തിശൂലസ്സമാഖ്യാതസ്തച്ചികിത്സാഞ്ച്രുമമ്മഹേ. ൬൧

വയറുവീപ്പ് ഛർദ്ദി തണ്ണീർദാഹം ഇവയുണ്ടായിരുന്നാൽ അതു് വാതപിത്തജപരിണാമശൂലയാണ്. ഇനിയും അതിനുള്ള ചികിത്സയെ പറയുന്നു.

തച്ചികിത്സ.

വിഡംഗമുസ്താഗ്നികടുത്രയാണാം
ത്രിവൃദ്ഗുഡാഭ്യാം ച വടീർവിധായ
താം ശ്ലക്ഷ്ണനീരേണ നരഃ പ്രഭാതേ
ഭുഞ്ജീത യൂഷേണ കുളത്ഥസക്തൂൻ. ൫൩൨

വിഴാലരിപ്പരിപ്പ് നാഗരമുത്തങ്ങ കൊടുവേലിക്കിഴങ്ങ് ചുക്ക മുളക് തിപ്പലി ത്രികോല്പക്കൊന്ന ഇവ പൊടിച്ച് ശർക്കരചേർത്ത് അരച്ച് വടകമാക്കി ചൂടുവെള്ളത്തിൽ സേവിക്കുക. പഴകിയ മലങ്കടലയുടെ പൊടി ചെറുപയറിൻ ചാറിൽ ഭക്ഷണമായി ഉപയോഗിക്കയും വേണം. എന്നാൽ വാതപിത്തജമായ പരിണാമശൂല ശമിക്കും.

വാതകഫജപരിണാമശൂല.

വിൺമൂത്രബദ്ധാട്ടപ്പാരാതചശൂലഃ
പ്രായസ്സ വാതേന കഫേന യുക്തഃ
പക്തിപ്രഭൂതഃ ഖലു തത്ര സോപ്യ-
ചികിത്സിതം തൽ കഥയാമി ചാഗ്രേ. ൫൩൩

മലമൂത്രങ്ങൾക്കു തടസ്സം, അല്പം വേദന ഇവ വാതകഫജമായ പരിണാമശൂലയുടെ ലക്ഷണങ്ങളാണ്. അതിന് സേവിക്കേണ്ടതായ ഔഷധമാണ് ഇനിയും പറയുന്നതു്.

തച്ചികിത്സ.

ഭക്തന്ധുകഗ്രന്ഥികശൃംഗിവേര-
ക്ഷാരദ്വയൈശ്ചാപി കണാസമേതൈഃ
ഗോമൂത്രഭാഗാഷ്ടശൃതഃ കഷായോ
മണ്ഡൂരയുക്തോത്ര ച പേയ ഉക്തഃ. ൫൩൪

ലന്തക്കുരുപ്പരിപ്പ് കാട്ടുതിപ്പലിവേര് ചുക്ക് ചവർക്കാരം തുവർച്ചിലക്കാരം തിപ്പലി ഇവ എട്ടിരട്ടി ഗോമൂത്രത്തിൽ കഷായംവച്ച് കുറുക്കി ശുദ്ധിചെയ്ത പുരാണകിട്ടവും ചേർത്ത് സേവിക്കുക. വാതകഫജമായ പരിണാമശൂല ശമിക്കും.

അന്യയോഗം.

വചാലോഹചൂർണ്ണം ഘൃതൈർമ്മാക്ഷികേണ
പ്രഭുക്തം ഭവേൽ പക്തിശൂലക്ഷയേന. ൫൩൫

വയമ്പു പൊടിച്ച് ശുദ്ധിചെയ്ത ഉരുക്കിൻപൊടിയും ചേർത്ത് തേനും നെയ്യും കൂട്ടി സേവിക്കുക; വാതപിത്തജമായ പരിണാമശൂല ശമിക്കും.

കഫപിത്തജമായ പരിണാമശൂല.

ഹൃല്ലാസമോഹദേഹഗുരുത്വമവാപ്തിഭിശ്ച
ശൂലസ്സ പിത്തകഫജഃ പരിണാമകാലേ
തസ്മിൻ സദീപപരശീർഷഫലാന്തരാള-
ദഗ്ധം പടുപ്രശമയേച്ച ഭിഷഗ്വരോഽയം. ൫൩൬

നെഞ്ചുരുക്കം, മോഹാലസ്യം, ദേഹത്തിൽ അങ്ങുമിങ്ങും ചൂട്, വിയപ്പ് ഇവ കഫപിത്തജമായ പരിണാമശൂലയുടെ ലക്ഷണങ്ങളാണ്. വെള്ളമുള്ളതും ഉണങ്ങിയതും ആയ നാളികേരഫലത്തിന്റെ ഉള്ളിൽ ഇന്തുപ്പു നിറച്ച് അതിന്റെ വായടച്ച് ശീലമൺചെയ്ത് അഗ്നിയിൽ ഇട്ടു സ്വേദംവച്ച് ആറിയാൽ ആ മണ്ണുപൊളിച്ച് അതിനകത്തിരിക്കുന്ന ഉപ്പ് എടുത്ത് സേവിക്കുക; കഫപിത്തജമായ ശൂല ശമിക്കും.

വേറൊരു യോഗം.

ലോഹജകിട്ടപലാഷ്ടകമുക്തം
ഗോഭവമൂത്രപലാഷ്ടകസിദ്ധം
ഗോപയസാദ്വിഗുണേന വിപക്വം
ഹന്തി ച പിത്തബലാസജശൂലം. ൫൩൭

എട്ടുപലം പുരാണകിട്ടമെടുത്ത് എട്ടുപലം ഗോമൂത്രത്തിൽ ഇട്ടു ശുദ്ധിചെയ്ത്, ഇരട്ടി (ഇടങ്ങഴി) പാലിൽ പചിച്ച് സേവിക്കുക. പിത്തകഫജമായ പരിണാമശൂല ശമിക്കും.

സന്നിപാതജശൂല.

ത്രിദോഷജസ്ത്രിദോഷൈശ്ച ലക്ഷണൈഃ പ്രവിലക്ഷിതം
ഹരീതകീജശുദ്ധാഢ്യ സുലോഹചൂർണ്ണസംയുതം
പ്ലുതം ഘൃതേന മാക്ഷികേണ ചാശു സന്നിപാതജം
നിഷേവിതന്തു പക്തിശൂലനാശനം ഭിഷഗ്ജിതം. ൫൩൮

വാതകഫപിത്തജങ്ങളായ ശൂലകളുടെ ലക്ഷണങ്ങൾ എല്ലാം കണ്ടാൽ അതു് ത്രിദോഷജമായ ശൂലയാണ്. കടുക്കാത്തോടും ചുക്കുംകൂടി പൊടിച്ച് ഉരുക്കിൻപൊടിയും ചേർത്ത് തേനും നെയ്യുംകൂട്ടി കുഴച്ചു സേവിച്ചാൽ ത്രിദോഷജമായ ശൂല ശമിക്കും.

ചതുസ്സമലോഹം.

രസംലോഹംതാമ്രം പലപലമിതംഗന്ധമപി ച
ഘൃതൈർദ്ദുഗ്ദ്ധൈശ്ഛാഗൈഃ പലപരിമിതൈർ ദ്വാദശയുതൈഃ
ഗവാംദുഗ്ദ്ധംതദ്വൽ ത്രികടുവനചൂർണ്ണം ത്രിഫലയാഃ
വിഡംഗാഗ്നീസവ്യം ശൃതമലമിദംസിദ്ധമസകൃൽ. ൧൩൯

ഗുരുംനത്വാതദ്വൽ രവിമപി ച ഭുഞ്ജീത പുരുഷാ
തഥാവിശ്വാമിത്രപ്രഭവഫലപാനീയനികരൈഃ
സുജീർണ്ണംശാല്യന്നം സിതതരസുഖണ്ഡേനസഹിതം
സമാംസം മുദ്ഗാന്നം സമശിതമലംശൂലശമനം. ൧൪൦

യകൃൽപ്ലീഹാശൂലം ശ്വസനകസനം പാശ്ചരിഗദം
ക്ഷയം കുഷ്ഠം പാർശ്വപ്രഭവമപി ഹൃച്ഛൂലമപി ച
തഥാമൂത്രേകൃച്ഛ്രേ ജഠരദഹനസ്യാപികൃശതാം
ചതുസ്തുല്യംലോഹം ഹരതിവസുമാഷാന്തമശിതം. ൧൪൧

ശോധിതവും മാരിതവുമായ രസം, ലോഹം, താമ്രം, ഗന്ധകം ഇവ ഓരോ പലം. എല്ലാംകൂടി യോജിപ്പിച്ച് പന്ത്രണ്ടു പലം വീതം ആട്ടിൻെറയും പശുവിൻെറയും നെയ്യും പാലും ചേർത്ത് പലപ്രാവശ്യം പാകംചെയ്ത് കൊഴുക്കുമ്പോൾ ചുക്ക് മുളക് തിപ്പലി ത്രിഫല വിഴാലരി കൊടുവേലിക്കിഴങ്ങ് ഇവ ഓരോ പലംവീതം പൊടിച്ചിട്ട്, വാങ്ങി സൂക്ഷിച്ചുവച്ചിരുന്ന് ഒരു ഉഴുന്നിടമുതൽ എട്ട് ഉഴുന്നിട വരെ സേവിക്കുക. പാലും വരണ്ടനാളികേരവെള്ളവും കുടിക്കാം. പഴകിയ ചെന്നെല്ലിൻചോറ്, പഞ്ചസാര, മാംസരസം, ചെറുപയറിൻ ചാറ്, ഇവ ആഹാരമായി ഉപയോഗിക്കാം. ഈ രസം സേവിക്കുന്നതിന്നു ഗുരുവിനെയും ആദിത്യനെയും പൂജിച്ചിട്ടു വേണ്ടതാണ്. ഈ ഔഷധം സേവിച്ചാൽ സകലവിധ ശൂലകളും ശമിക്കുന്നതുകൂടാതെ ശ്വാസം, കാസം, അശ്മരി, ക്ഷയം, കുഷ്ഠം, പാർശ്വശൂല, മൂത്രകൃച്ഛ്രം, അഗ്നിമാന്ദ്യം ഇവയും ശമിക്കും.

അന്നദ്രവജശൂല.

ജീർണ്ണേƒജീർണ്ണേ ജീര്യതിപ്രായശോയഃ
പത്ഥ്യേƒപത്ഥ്യേ ഭോജനേƒഭോജനേ വാ
നോവാശാന്തിം യാതിസോƒന്നദ്രവാഖ്യഃ
ശൂലഃപ്രോക്തശ്ശാന്തിമായാതിവാന്തൈഃ. ൧൪൨

ദഹിച്ചതിനുശേഷവും, ദഹിക്കാതിരിക്കുമ്പോഴും, ദഹിച്ചുകൊണ്ടിരിക്കുന്ന സമയത്തിലും മിക്കവാറും ഉണ്ടാകുന്ന ശൂലമാണ് അന്നദ്രവജശൂലം. അത് പത്ഥ്യമായിരുന്നാലും അപത്ഥ്യമായിരുന്നാലും ഉണ്ടാലും ഉണ്ടില്ലെങ്കിലും ശമിക്കയില്ല. അതിനാൽ അസാദ്ധ്യവുമാണ്. എങ്കിലും ഛർദ്ദിപ്പിച്ചാൽ ഒരുപക്ഷേ ശമിച്ചു എന്നും വരാം. (തദ്വൃസാദ്ധ്യംനിത്യതാദൃഷ്ടംവൈദ്യവിശാരദൈഃ) എന്ന് വേറെയും പ്രമാണമുണ്ട്.

തച്ചികിത്സ.

യാവൽപീതാകടുകമസകൃദ്വാവദഗ്ലംവമേദ്വാ
കുര്യാത്തസ്മിന്നപി ചബഹുധാ ശുദ്ധപിത്തോക്തകർമ്മ
പിത്താന്താവാ വമനമഥവാ രേചനംവാ കഫാന്ത-
മിത്ഥംചാമാശയഗതമലം പാത്യപക്വാശയേഹി. ൧൪൩

കയ്പൻപടവലത്തിൻെറ രസം പലപ്രാവശ്യം കുടിച്ചിട്ട് അമ്ലരസം ഛർദ്ദിക്കുന്നതുവരെ ഛർദ്ദിപ്പിക്കണം. ശുദ്ധപിത്തത്തിനു വിധിച്ചിട്ടുള്ള ചികിത്സ പലതുംചെയ്കയും വേണം. അല്ലെങ്കിൽ പിത്തവെള്ളം ഛർദ്ദിക്കുന്നതുവരെ ഛർദ്ദിപ്പിക്കുകയോ കഫം അതിസരിക്കുന്നതുവരെ വിരേചിപ്പിക്കുകയോ ചെയ്ത്, ആമാശയശുദ്ധിയും പക്വാശയശുദ്ധിയും വരുത്തണം. എന്നാൽ അന്നദ്രവശൂല ശമിക്കും.

വേറൊരുയോഗം.

ധാത്രീചൂർണ്ണംലോഹചൂർണ്ണം ചയുക്തം
ക്ഷൌദ്രൈസ്തദ്വദ്യഷ്ടികാചൂർണ്ണയുക്തം
ശ്യാമാസിദ്ധം പായസംകോദ്രവൈർവാ
സിദ്ധം പത്ഥ്യം വാ പ്രിയംഗോശ്ചഭോജ്യം. ൧൪൪

ശുദ്ധിചെയ്ത ലോഹചൂർണ്ണവും നെല്ലിക്കാത്തോടിൻപൊടിയും കൂടി ചേർത്ത് തേനിൽ സേവിക്കുകയോ, ലോഹചൂർണ്ണവും ഇരട്ടിമധുരത്തിൻപൊടിയുംകൂടി ചേർത്തു തേനിൽ കുഴച്ചു സേവിക്കുകയോ, ചാമയരി വരകരി തിനയരി ഇവകൊണ്ടു പായസമുണ്ടാക്കി സേവിക്കുകയോ ചെയ്താൽ അന്നദ്രവശൂല ശമിക്കും.

മറെറാരുയോഗം.

ഗൌഡികം ച വരസൂരണകന്ദം
ലാജജാതസസീതാനപിസക്തൂൻ
ഭക്ഷയേച്ചസഗുഡാനപിസക്തൂൻ
തദ്വദേവചണകൈസ്സകലായൈഃ. ൧൪൫

ശർക്കരകൊണ്ടു സംസ്കരിച്ച അന്നമോ, ശുദ്ധിചെയ്ത കാട്ടുചേനയോ, മലർപൊടിയും പഞ്ചസാരയുംകൂടിയോ, ചണംപയറിൻെറയോ

മലംകടലയുടെയോ വറുത്ത പൊടി ശർക്കര ചേർത്തു സേവിച്ചാൽ അന്നദ്രവശൂല ശമിക്കും.

അപരയോഗം.

കോദ്രവൌദനമഥോ സുമനോഭിഃ
സാധിതാനപി ച മണ്ഡവിശിഷ്ടാൻ
സർപ്പിഷാ സസിതശീതപയോഭിഃ
പത്ഥ്യമത്ര കഥിതം വരവൈദ്യൈഃ. ൧൬

വരകിൻചോറുണ്ണുകയോ ഗോതമ്പുകൊണ്ടുള്ള കഞ്ഞിയിൽ നെയ്യും, പഞ്ചസാരയിട്ട തണുത്ത പാലും ചേർത്തു സേവിക്കയോ ചെയ്താൽ അന്നദ്രവശൂല ശമിക്കും.

മറൊന്ന്.

കുലത്ഥസക്തൂൻ ദധിനാഥ ഭുഞ്ജ്യാ-
ദ്വാദാധികം ക്ഷേത്ര ...റാശു ഭോജ്യം
കുര്യാൽ ജരൽപി ...നാശനായ
പാനാന്നമാത്രാല്പ ...ദായഃ സ്യാൽ. ൧൭

മുതിര വറുത്തുപൊടിച്ച പൊടി തൈരു ചേർത്തോ, നെയ് ചേർത്തു സംസ്കരിച്ച ചോറോ ഉണ്ണ...ാൽ അന്നദ്രവശൂല ശമിക്കും. അന്നപാനമാത്രകൾ അല്പതരങ്ങളാ...ിരിക്കണം.

ഗു...മണ്ഡൂരം.

പത്ഥ്യാഗുഡാമല... ചൂർണ്ണമലം തഥൈവ
പ്രത്യേകശഃ പല... ...ം ത്രിപലം ച കിട്ടം
ലോഹസ്യ മാക്ഷി... ...ല്യതൈരനുവേലമദ്യാ-
ദാദ്യന്തമദ്ധ്യമശ... ...ഷു യഥാക്ഷമാത്രം. ൧൮

അന്നദ്രവം ചാശു ജരൽപ്രപിത്ത-
മമ്ലാദിപിത്തം പരിണാമശൂലം
സംവത്സരോത്ഥം ച നിഹന്തി ഭുക്തം
ഗുഡാദിമണ്ഡൂരമലം സുപത്ഥ്യൈഃ. ൧൯

കടുക്ക, ശർക്കര, നെല്ലിക്ക, ഇവയുടെ പൊടി ഓരോ പലം വീതം. പുരാണകിട്ടം മൂന്നു പലം. എല്ലാംകൂടി പൊടിച്ചു ചേർത്തു തേനും നെയ്യും കൂട്ടി യോജിപ്പിച്ച് ദിവസംതോറും ഭക്ഷണത്തിന്റെ ആദിയിലും മദ്ധ്യത്തിലും അവസാനത്തിലും മുമ്മൂന്നുകഴഞ്ചുവീതം സേവിക്കുക. ജീർണ്ണപിത്തം, അമ്ലപിത്തം, പരിണാമശൂല ഇവ പഴകിയതായാലും ശമിക്കും.

ശൂലോപദ്രവങ്ങൾ.

തൃഷാമൂർച്ഛാനാഹഭ്രമവിരുചികാർശ്യാഗ്നിഗുരുത-
ജ്വരോദ്രേകസ്തദ്വദ് ബലഹതിരുജോദിങ്മിതതമാഃ
സമാഖ്യാതാ ഘോരാ നിഖിലശിവശസ്ത്രാഭിധരുജാം
മഹോൽപാതാസ്തേഷാമപി ബഹുചികിത്സാത്രവിദിതാ.

തണ്ണീർദാഹം, മൂർച്ഛ, വയറുവീർപ്പ്, തലകറക്കം, അരുചി, ചടപ്പ്, വയററിൽ കനം, ജ്വരാധിക്യം, ബലനാശം, അതിയായ വേദന ഇങ്ങനെ പത്ത് ഉപദ്രവങ്ങൾ ശൂലരോഗത്തിന് പറയപ്പെട്ടിരിക്കുന്നു. അവയ്ക്കു ചികിത്സകളും അവിടവിടെ വിധിച്ചിട്ടുണ്ട്.

ശൂലത്തിന്റെ അസാദ്ധ്യലക്ഷണം.

ഏകദോഷജഹസാദ്ധ്യതേ സദാ
ദ്വന്ദ്വജസ്തു ഖലു യാപ്യ ഉച്യതേ
യസ്ത്രിദോഷജനിതോ ബഹൂദ്രവൈ-
ശ്ചാപ്യസാദ്ധ്യഭണിതോ ബഹുദോഷഃ. ൨൦

ഏകദോഷജമായ ശൂലം നിശ്ചയമായും സാദ്ധ്യമാണ്. ദ്വിദോഷജമായ ശൂലം യാപ്യവും ത്രിദോഷജമായ ശൂലം ബഹുദോഷമിശ്രമാകയാൽ അസാദ്ധ്യവും ആകുന്നു എന്നാണ് പല വൈദ്യന്മാരുടെയും അഭിപ്രായം.

ശൂലം വിട്ടുമാറിയാലുള്ള ലക്ഷണം.

ഉദ്ഗാരശുദ്ധിശ്ച മലപ്രവൃത്തിഃ
കോഷ്ഠേഷു വാതസ്യ പരിഭ്രമോഽപി
ഉപദ്രവാണാം ച നിവൃത്തിപൂർവ്വം
നിവൃത്തിരസ്യാശു ഭിഷഗ്ഭിരുക്താ. ൨൧

ഏമ്പക്കം വിശുദ്ധമാകുക, മലം വേണ്ടപോലെ പോകുക, വായു കോഷ്ഠത്തിൽ സഞ്ചരിക്കുക, ഉപദ്രവങ്ങളില്ലാതാകുക ഇവയെല്ലാം ശൂലരോഗം വിട്ടുമാറിയാലുള്ള ലക്ഷണമാകുന്നു.

ശ്രീമദ്ഗുരുർവിജയതേ ജനനീദ്വയേന
താതോ നിജശ്ച വരവൈദ്യധുരീണവര്യഃ
യസ്യാജ്ഞയാ ച യുഗവേദവിദേഷ കാശീ-
നാഥശ്ചകാര ശിവശസ്ത്രരുജാം ചികിത്സാം. ൨൨

ശ്രീമാനായ എന്റെ ഗുരുവും വൈദ്യശാസ്ത്രവിദഗ്ധനും ആയ

ജനകൻ രണ്ടമ്മമാരോടുകൂടി വിജയിക്കുന്നു. ആ ജനകന്റെ അനുജ്ഞയാൽ ചതുർവേദജ്ഞനായ ഈ കാശീനാഥൻ ജനോപകാരത്തിനായി ശൂലരോഗചികിത്സയെ നിർമ്മിച്ചു.

ചികിത്സാക്രമകല്പവല്ലിയിൽ
ശൂലാധികാരം എന്ന
൨൨-ാം സ്തബകം കഴിഞ്ഞു.

ത്രയോവിംശസ്തബകം.

ഉദാവർത്തചികിത്സിതം.

നത്വാഗണേശാംബശിവാംസ്വതാതം
ശ്രീമദ്ഗുരോഃപാദസരോജയുഗ്മം
ശ്രീകാശിനാഥഃ പ്രകരോതിസോദാ-
വർത്തസ്യകല്യാണകരീം ചികിത്സാം. ൧

ഗണപതി, പാർവ്വതി, പരമേശ്വരൻ, സ്വജനകൻ ഇവരെ നമസ്കരിച്ച് ഗുരുപാദഭക്തനായ ശ്രീ കാശിനാഥൻ ഉദാവർത്തചികിത്സയെ പറയുന്നു.

ഉദാവർത്തനിദാനം.

വിൺമൂത്രജൃംഭാശ്രുസമീരണാനാം
തദ്വൽക്ഷവോദ്ഗാരവമീന്ദ്രിയാണാം
ക്ഷുത്തർഷനിദ്രാശ്വസനാദികാനാം
ധൃത്യാഹ്യുദാവർത്തഗദപ്രവൃത്തിഃ. ൨

മലം, മൂത്രം, കോട്ടുവാ, കണ്ണുനീര്, അധോവായു ഇവയേയും; തുമ്മൽ, ഏമ്പക്കം, ഛർദ്ദി, ശുക്ലം, ഇവയേയും; വിശപ്പ്, തണ്ണീർദാഹം, ഉറക്കം, ശ്വാസം ഇവയേയും തടുക്കുകയാലാണ് ഉദാവർത്തം എന്ന രോഗം ഉണ്ടാകുന്നതു്.

ഉദാവർത്തപൂർവ്വരൂപം.

ആധ്മാനംഹൃദയോപരോധനശിരഃപീഡാപ്രതിശ്യായകാഃ
ശൂലഃകാസഗളഗ്രഹൌ ശ്വസനകംഹിക്കാ ച പൂർവ്വംസദാ
യസ്മിന്നേതേപ്രഭവന്തിരോഗനിചയാഃയസ്മിൻഭവിഷ്യത്യമീ
സോദാവർത്തഗദസ്യപൂർവ്വമുദിതംരൂപംഭിഷഗ്ഭിഃസദാ. ൩

വയറുവീർപ്പ്, നെഞ്ചിൽ ഏതോ തടഞ്ഞിരിക്കുന്നപോലെ തോന്നുക, തലവേദന, പീനസം, ശൂലം, കാസം, ഗളഗ്രഹം, ശ്വാസം, ഇക്കിൾ ഇവയെല്ലാം ഉദാവർത്തരോഗത്തിന്റെ പൂർവ്വരൂപമാണ്.

ഉദാവർത്തലക്ഷണം.

യദാവർത്തഊർദ്ധ്വംസമീരസ്യഗച്ഛേ-
ദുദാവർത്തരോഗഃപ്രഭുസ്തത്രവായുഃ ൪

വായുവിന്റെ ഗതി മേൽപോട്ടായിവന്നാൽ അതു് ഉദാവർത്തത്തിന്റെ ലക്ഷണമാണ്. ഉദാവർത്തരോഗത്തിൽ വായുവിനാണ് പ്രാധാന്യം.

ഉദാവർത്തത്തിൽ ശീലിക്കേണ്ടതു്.

ഗോധൂമമുദ്ഗഷഷ്ടീനാംപത്ഥ്യംവാതാപഹംചയൽ
ഉദാവർത്തേപ്രയോക്തവ്യമായുർവേദവിശാരദൈഃ. ൫

ഗോതമ്പ്, ചെറുപയറ്, ഞവര ഇവയും വാതനാശകങ്ങളായ ഔഷധങ്ങളും ഉദാവർത്തത്തിൽ പത്ഥ്യമാണ്.

ഉദാവർത്തചികിത്സ.

ചൂർണ്ണംശിവാപീലുനികാത്രിവൃദ്ഭിഃ
സയാവശൂകം സുഘൃതേനപീതം
നിഹന്ത്യുദാവർത്തഗദംയവേന
ശ്ലക്ഷ്ണീകൃതംപത്ഥ്യഭുജോനരസ്യ. ൬

കടുക്ക പെരുങ്കുരുമ്പവേര് ത്രികോല്പക്കൊന്ന ചവക്കാരം ഇവ പൊടിച്ച് നെന്മയായി പൊടിച്ച യവക്ഷാരം ചേർത്ത് നെയ്യിൽ കുഴച്ച് സേവിക്കുക; ഉദാവർത്തരോഗം ശമിക്കും. അപത്ഥ്യാഹാരങ്ങൾപാടില്ല.

വേറൊന്ന്.

ഹിംഗുവചാഗദസർജ്ജിവിഡാനാം
ഭാഗയുതോത്തരമാശ്വ ച പിഷ്ടം
ചൂർണ്ണമിദംവരമദ്യനിപീതം
ഊർദ്ധ്വഗവായുവിവർത്തഹരംസ്യാൽ. ൭

കായം വയമ്പ് കൊട്ടം ചവക്കാരം വിളയുപ്പ് ഇവ ഇരണ്ടു ഭാഗം വർദ്ധിപ്പിച്ച് എടുത്തു പൊടിച്ച് മദ്യത്തിൽ സേവിക്കുക; ഉദാവർത്തം ശമിക്കും.

മറ്റൊന്ന്.

ശ്യാമാദന്തീസപ്തലാശംഖിനീനാം
ഹേമക്ഷീരീതില്വകമ്പില്ലകാനാം

ശ്യാമാത്രിവൃദ്ദന്തീ-
പീയൂഷാണാം ഹാര്യത്തൈലൈർഗണോƽയം. ൧൮

കല്പൈഃ ക്ഷൈല്യപ്രാസനീയൈരനേകൈർ-
യോഗൈശ്ചാന്യൈസ്സേവിതശ്ചേത്തദാശു
ആനാഹോദാവർത്തഗുല്മോദരാദ്യാ
നശ്യന്ത്യേവം യേ വിശേഷാത്കഫാശ്ചരോഗാഃ. ൧൯

തിപ്പലി നാഗദന്തിവേര് ചമ്മലത്ത ശംഖുപുഷ്പത്തിൻവേര് മലയമുക്കി പാച്ചോററിത്തൊലി കമ്പിപ്പാല വയമ്പ് ത്രികോല്പക്കൊന്ന കൊന്നത്തൊലി വലിയദന്തി അമ്യത് ഈ ഗണം കഷായമായോ, എണ്ണയോ തൈലമോ ആയി കാച്ചിയോ, പൊടിയായോ ഉപയോഗിക്കുക. വയറുവീപ്പു, ഉദാവർത്തം, ഗുല്മം, ഉദരം ഇവയും വിഷജങ്ങളായ രോഗങ്ങളും ശമിക്കും.

വേറൊരു യോഗം.

സിദ്ധാർത്ഥകക്ഷാരകഷിഹ്വാത ചസ്ഥ
മൂത്രൈർഗവാം പേഷ്യവിപാച്യലിപ്താഃ
നിഹന്ത്യുദാവർത്തശതം ന ചേന
വാർത്താകുച്ചൂർണ്ണകണാം പ്രലിപ്തം. ൨൦

കരിങ്കടുക് കഴഞ്ചിക്കുരു ഇലവർങ്ങത്തൊലി ഇവ ഗോമൂത്രത്തിൽ അരച്ചു തിളപ്പിച്ച് വയററത്തു തേച്ചാൽ ഉദാവർത്തരോഗം ശമിക്കും. യവംകൊണ്ടുണ്ടാക്കിയ യൂഷത്തിൽ കാട്ടുതിപ്പലിവേരരച്ചുചേർത്തു പചിച്ച് സേവിക്കയുമാകാം.

നാരാചചൂർണ്ണം.

ഖണ്ഡപലേനയുതാമുപകുല്യാം
കർഷമിതാം ത്രിവൃതാപി തഥൈവ
പ്രാശശനസ്യ ച മാക്ഷികയുക്താ-
മോതുപദേനമിതാപി ചട്ടക്താ. ൨൧

ഗാഢപുരീഷയുതേƽപി ച പിത്തേ
ശ്ലേഷ്മജവായുവിവർത്തജരോഗേ
ചൂർണ്ണമിദം തു നാരാചവിസംജ്ഞം
സാദ്രയുതം വരഭ്രപനിഷേവ്യം. ൨൨

കല്ക്കണ്ടം പലം ൧. തിപ്പലി ത്രികോല്പക്കൊന്ന ഇവ മുമ്മൂന്നുകഴഞ്ച്. എല്ലാംകൂടി പൊടിച്ച്, ഊണിനുമുമ്പ് മൂന്നുകഴഞ്ചുവീതം സേവിക്കുക. മലബന്ധത്തോടുകൂടിയതും വാതപിത്തകഫജമായും ഇ

തിരുന്ന ഉദാവർത്തം ശമിക്കും. വളരെ ശ്രേഷ്ഠമായ ഈ ചൂർണ്ണം രാജാക്കന്മാർക്കുകൂടിയും സേവിക്കാൻ യോഗ്യമാണ്.

ഗുഡാഷ്ടകചൂർണ്ണം.

വ്യോഷമാഗധജടാത്രിവൃദ്ദന്തീ-
വഹ്നിനാപി സമഭാഗയുതാഭിഃ
അഷ്ടഭാഗമിതശുഭ്രഗുഡേന
ഭക്ഷ്യമഷ്ടഗുണചൂർണ്ണമഥോ തു. ൨൩

ചുക്ക് മുളക് തിപ്പലി തിപ്പലിമൂലം ത്രികോല്പക്കൊന്ന കൊട്ടുവേലിക്കിഴങ്ങ് ഇവ സമം പൊടിച്ച് ഇവയുടെ എട്ടുഭാഗം വെള്ളശ്ശർക്കര ചേർത്ത് സേവിക്കുക. ഉദാവർത്തം ശമിക്കും.

മൂലകാദിഘൃതം.

ശുഷ്കമൂലകയുതം ഖലു വർഷാ-
ജാതമൂലവരപഞ്ചകമാർദ്രം
അപ്സു പാച്യ ഘൃതമാശു തഥാവാ
രേവതസ്യ തു ഫലേന ച പേയം. ൨൪

ഉണങ്ങിയ മൂലവരിക്കിഴങ്ങ് പച്ചയായ തമിഴാമവേര് മഹൽപഞ്ചമൂലം ഇവയോ കൊന്നയുടെ കായുടെ പശയോ കല്ക്കമായി നെയ് കാച്ചി സേവിച്ചാൽ സകല ഉദാവർത്തരോഗങ്ങളും ശമിക്കും.

സപർണ്ണികാദിദിഗ്ജടാപുനർനവാകരഞ്ജകൈഃ
സഹിംഗുഭിഃ പൃഥക് പൃഥക് പലദ്വയൈശ്ശൃതൈർജ്ജലൈഃ
ഘൃതം ച പ്രസ്ഥമാശു വൈദ്യപാചിതം നരസ്സദാ
പിബേച്ചബദ്ധവാതതഃ പ്രമുച്യതേ ഭൃശം തദാ. ൨൫

ദശമൂലം തമിഴാമവേര് പുങ്കിൻതൊലി കായം ഇവ ഈരണ്ടുപലംവീതം കഷായംവച്ച് നാലൊന്നാക്കി ഇടങ്ങഴി നെയ്യും ചേർത്ത് കാച്ചിയരിച്ചു സേവിക്കുക. വായുവിൻെറ തടസ്സം ഇല്ലാതാകും.

അപാനനിരോധജമായ ഉദാവർത്തം.

വിൺമൂത്രയോശ്ചാപി സമീരണസ്യ
സംഗസ്തഥാധ്മാനശിരോരുജശ്ച
സ്യുർജ്ജാഠരായേ ബഹുവാതരോഗാ
ഹ്യപാനവായോഃ പ്രതിരോധനാച്ച. ൨൬

അപാനവായുവിൻെറ തടസ്സംനിമിത്തം മലമൂത്രബന്ധം, അധോവായുവിൻെറ തടസ്സം, വയറുവീപ്പ്, തലവേദന ഇവയും ജഠരസംബന്ധമായ മററുവളരെ വാതരോഗങ്ങളും ഉണ്ടാകും.

അധോവായോഃ രുദ്ധേപ്രഭവതിരഘോർധ്വം ഗതിർഹി
സമായാതാവർത്തഃപിബപിബ തോസ്നേഹമസകൃൽ
സസിന്ധൂത്ഥം ഹിംഗ്വ മധുഘൃതയുതം വർത്തിമതുലാം
ഗുദേദദ്യാഃ പക്വാമപഹരതിവാതഃ സഹതസാ. ൮

അധോവാതം തടഞ്ഞാൽ വായുവിൻെറഗതി മേല്പോട്ടാകും. അതിൻെറ ശാന്തിക്കായി പലപ്രാവശ്യം സ്നേഹം പാനംചെയ്യണം. ഇന്തുപ്പ് കായം ഇവ പൊടിച്ച് തേനും നെയ്യുംകൂട്ടി തിരിയാക്കി ഗുദത്തിൽ പ്രവേശിപ്പിക്കണം. ആ തിരിയോടുകൂടി മലം വെളിക്കപോകുകയും വായുവിൻെറഗതി നേരെയാകുകയും ചെയ്യും.

വെറൊന്ന്.

സോപദ്രവാമത്രവിശേഷവിദാപി
വസ്തിമഥോപ്യനുലോമനമാശു
യേനഭവേൽഖലുതത്തു വിധേയം
വൈദ്യവരേണചികിത്സിതമുഗ്രം. ൯

അധോവായുവിൻെറ ഊർദ്ധ്വഗതിയെ തടുക്കുന്നതിന്ന് സ്നേഹകർമ്മവും വസ്തിയും ഏററവും ഹിതമാണ്. അതിൽ വാതാനുലോമനം ഏതുകൊണ്ടു സാധിക്കുമോ അതിനെ ചെയ്യുകൊള്ളണം.

മലരോധജമായ ഉദാവർത്തം.

ആടോപശ്ശൂലയുക്തഃ പ്രഭവതിവദനാ-
ദ്വാപുരീഷംനിരേതി
സംഗംവായോഃ പുരീഷസ്യ ച ഭവതിതഥാ
വായുപ്രാകർത്തികാ ച
ഊർദ്ധ്വംഗച്ഛത്യധോനോനിരവധിഗതികോ
യത്രവാതാദ്വിവർത്തോ
വേഗരുദ്ധേമലസ്യപ്രഗദിതഇഹവൈ
വിൺനിരോധപ്രസൂതഃ ൧൦

വയററിൽ പൊട്ടൽ, ശൂലം, വായിൽകൂടി മലം വരിക, വായുവിന്നും മലത്തിന്നും തടവു, ഗുദത്തിൽ അരിഞ്ഞുനോവു്, വായുവിൻെറ ഗതി മേല്പോട്ടുതന്നെ ഇരിക്കുക, ഒരിക്കലും മലം കീഴ്പ്പോട്ടുപോകാതിരിക്കുക ഈ ലക്ഷണങ്ങളോടുകൂടി വായുരോധത്താൽ മലം തടയുമ്പോൾ പലവിധത്തിൽ ഉദാവർത്തം ഉണ്ടാകും.

തച്ചികിത്സ.

വർത്ത്യഭ്യംഗാവഗാഹൈരഥ ഖലുബഹുവിധൈർ-
ഭേദനൈർവ്വാമലന്യ
മാരെശ്ശ്യാമാഗദാനാം യവഭസിതഭവൈഃ
സർഷപൈരുഗ്രയാ ച
വർത്തിഃ കാന്താവിശേഷാദ് രുബുജമധുയുതൈർ
ലേപ്യപായൌ പ്രദേയാ
ശീഘ്രംവർത്ത്യാസാകം പ്രയാതിമലമധോ
യാഫലാദ്യാസ്മരന്ത്യ ൧൨

മലരോധംകൊണ്ടുണ്ടായ ഉദാവർത്തത്തിന്ന് മലത്തെ വെളിക്കകളയുന്നതായ വർത്തികൾ അഭ്യംഗം (തേച്ചുകളി) അവഗാഹം (വെള്ളത്തിൽ ഇരുത്തുക)മലത്തെ ഇളക്കുന്നതായ ഔഷധങ്ങൾ ഇവ പ്രയോഗിക്കണം.

ഫലവർത്തി.

മലങ്കാരയ്ക്ക തിപ്പലി കൊട്ടം വെൺകടുക് വയമ്പു് ഇവ പൊടിച്ച് അവണക്കെണ്ണയും തേനുംകൂടിച്ചേർത്തു് വർത്തി(തിരി) യുണ്ടാക്കാ ഗുദത്തിൽ കയററണം. ആ തിരി വെളിക്കോട്ട് എടുക്കുന്നതിനോടുകൂടി മലം കീഴ്പ്പോട്ടുപോകുകയും ചെയ്യും.

മൂത്രനിരോധജമായ ഉദാവർത്തം.

ശൂലംഭവേന്മേഹനവസ്തയോശ്ച
മൂത്രേതികൃച്ഛ്രം ച ശിരോരുജശ്ച
സവംക്ഷണാനാഹവിനാമയുക്താ
മൂത്രസ്യവേഗേfഭിഹതേ ഭവന്തി. ൧൧

ലിംഗത്തിലും വസ്തിപ്രദേശത്തും വേദന, പണിപ്പെട്ടു മൂത്രംപോകുക, തലവേദന, ഒടിവിന് വീപ്പു്, പിടിത്തം ഇവ മൂത്രരോധജമായ ഉദാവർത്തത്തിൻെറ ലക്ഷണമാണ്.

തച്ചികിത്സ.

മൂത്രാവരോധാജ്ജനിതേ വിശേഷാൽ
വചാംപിബേദ് ദുഗ്ദ്ധജലൈർമനുഷ്യഃ
ദുസ്പർശജാതം സ്വരസം പിബേദ്വാ
തഥാകഷായം കകുഭസ്യ തത്ര. ൧൩

മൂത്രരോധജമായ രോഗത്തിൽ വയമ്പു് പാലിലോ വെള്ളത്തി

ലോ അരച്ചു സേവിക്കുകയോ; കൊടിത്തൂവയുടെനീര് പിഴിഞ്ഞെടുത്ത് കുടിക്കയോ; നീർമരുത് കഷായംവെച്ചു കുടിക്കയോ ചെയ്യണം.

ഉർവാരുബീജം ലവണീകൃതേന
നീരേണവാപീക്ഷുരസംസിതാഭിഃ
ദ്രാക്ഷാരസം വാസിതയാ സമേതം
പിബേച്ചയച്ഛാശ്മരിമൂത്രകൃച്ഛ്രേ. ൧൮

വെള്ളരിക്കായുടെകുരു ഉപ്പുനീരിൽ അരച്ചുകുടിക്കുകയോ, കരിമ്പിൻനീരോ മുന്തിരിങ്ങാരസമോ പഞ്ചസാര ചേർത്ത് സേവിക്കയോ ചെയ്താൽ അശ്മരി, മൂത്രകൃച്ഛ്രം ഇവയോടുകൂടിയ ഉദാവർത്തം ശമിക്കും.

ജൃംഭാനിരോധജമായ രോഗം.

മന്യാഗളസ്തംഭശിരോരുജഃ സ്യുർ-
വാതാത്മകായേ ബഹവസ്തു രോഗാഃ
തഥാക്ഷിനാസാ ശ്രുതിവക്ത്രകേഷു
ജൃംഭാദിഘാതാൽപ്രഭവേ നരാണാം. ൧൯

ജൃംഭാ (മൂരി) രോധജമായ ഉദാവർത്തത്തിൽ പിടലിഞരമ്പിനും കണ്ഠത്തിനും സ്തംഭം, തലവേദന; വാതാത്മകങ്ങളായ പലരോഗങ്ങൾ, അക്ഷിരോഗം, നാസാരോഗം, കർണ്ണരോഗം, വദനരോഗം ഇവയുമുണ്ടാകും.

തച്ചികിത്സ.

സ്നേഹം സ്വേദം യോജയേത്തത്രവിദ്വാൻ
യാവദ്വാതവ്യാധി സംഹാരയോഗാൻ
പായൌ യദ്വാസിന്ധുതൈലാമ്ലഗോഹ-
ധൂമം ദദ്യാൽ ക്ഷുണ്ണമൂലദ്രവൈശ്ച. ൨൦

ജൃംഭാരോധജമായ ഉദാവർത്തത്തിൽ സ്നേഹസ്വേദങ്ങൾ പ്രയോഗിക്കണം. അതുകൂടാതെ വാതഹരങ്ങളായ എല്ലായോഗങ്ങളും പ്രയോഗിക്കുന്നത് നല്ലതാണ്. ഇന്തുപ്പ്, അമ്ലം, പുളിനീര ഇവ അരച്ച് എണ്ണയുംചേർത്ത് ചെറുതായി നുറുക്കിയ കാട്ടുചേനയുടെ കഷായത്തിൽ കലത്തി ഗുദത്തിൽ പ്രയോഗിക്കയുംചെയ്യാം.

വേറൊരുയോഗം.

സ്വിന്നേ ഗുദേ നിർഗ്ഗുണ്ഡിജപത്രം
ക്ഷണമേഖംവാവർത്തിസമാനം
ദേയമധസ്താദ്വാതവിവർത്തം
കഷതിചൈവം നോ ബഹുചിത്രം. ൨൧

ഗുദം നല്ലവണ്ണം വിയർപ്പിച്ച് അതിൽ തിരിപോലെയാക്കിയ കരിനൊച്ചിയുടെ ഇലയോ ഏലത്തരി അരച്ചു തിരിപോലെയാക്കിയോ പ്രവേശിപ്പിക്കുക. വാതോദാവർത്തം ശമിക്കും.

അശ്രുനിരോധജമായ ഉദാവർത്തം.

ഹർഷവിഷാദജനേത്രജവാരി-
പ്രാപ്തമമുഞ്ചതി യത്ര നരോഹി
തസ്യശിരോഗുരുതാക്ഷിരുജഃ സ്യുഃ
പീനസമാഹര നേത്രജലാനി. ൨൨

സന്തോഷംകൊണ്ടോ വിഷാദംകൊണ്ടോ ഉണ്ടാകുന്ന കണ്ണുനീര് കളയാതെയിരുന്നാൽ തലയ്ക്കു കനം, നേത്രരോഗം, പീനസം ഇവയുണ്ടാകും. അതിങ്കൽ കണ്ണുനീരുകളകയാണ് ഒന്നാമതായി ചെയ്യേണ്ടത്.

തച്ചികിത്സ.

അശ്രുനിരോധേഽശ്രുജലാനിവിമുഞ്ചേൽ
സ്വാപമസൌഖ്യാഥസുഖേന വിദധ്യാൽ
യാശ്ചകഥാസ്സുഖദാഃ ഖലുയസ്യ
താഃ കഥനീയാഃ ശ്രുതിഗാശ്ച വിശേഷാൽ. ൨൩

അശ്രുനിരോധജമായ രോഗത്തിൽ കണ്ണുനീരുകളയുകയും സുഖമായി ഉറങ്ങുകയും ചെയ്യണം. വിശേഷിച്ച് മനോഹരങ്ങളും സുഖപ്രദങ്ങളും ആയ കഥകൾ പറഞ്ഞുകേൾക്കുന്നതും നല്ലതാണ്.

ത്രികടുവർത്തി.

ത്രികടുസൈന്ധവസർഷപമന്മഥൈഃ
സദനധൂമഗുഡൈർമധുനാഥവാ
ഗദയുതൈരചിതാംഗുലിവർത്തികാ
ജയതി പായുഗതാ ജഠരാമയാൻ ൨൪

ചുക്ക് മുളക് തിപ്പലി ഇന്തുപ്പ് കടുക് മലങ്കാരയ്ക്ക പുകയിറ ശർക്കര തേൻ കൊട്ടം ഇവകൊണ്ട് തിരിയുണ്ടാക്കി ഗുദത്തിൽ പ്രവേശിപ്പിക്കുക. ഉദരാമയങ്ങൾ നശിക്കും.

ഇക്കിൾ തടുത്താൽ ഉണ്ടാകുന്ന ഉദാവർത്തം

മന്യാസ്തംഭശിരോഽക്ഷിശൂലപ്രമുഖാ
ശ്ശീർഷാഖ്യഭേദോർദ്ദിതൈ
സ്യുഃ സ്യാതാം ച തഥൈവ വക്ത്രകൃശിമാ സ
വേന്ദ്രിയാണാം പൃഥക്

ഹിക്കാവേഗവിധാരണാദപി തഥാ
പ്രായഃ ക്ഷുതം കാരയേ-
ന്നസ്യൈസ്തീവ്രതരൈശ്ച സൂക്ഷ്മനയനൈ-
ര്വാ സ്നേഹനം സംചരേൽ. ൩൧

പിടലിഞരമ്പു് സ്തംഭിക്കുക, തലവേദന മുതലായവ, സകലേന്ദ്രിയങ്ങൾക്കും കാർശ്യം, ഇവ ഇക്കിൾ തട്ടുത്താൽ ഉണ്ടാകുന്ന രോഗങ്ങളാണു്. ഇതിന്നു് നല്ല വൈദ്യന്മാരെക്കൊണ്ടു്, തീവ്രമായ നസ്യം ചെയ്തു് തുമ്മിപ്പിക്കുകയോ സ്നേഹനമായ ക്രിയ ചെയ്യിക്കയോ വേണം.

തച്ചികിത്സ

ഹിംഗുഗ്രഗന്ധാഗദജന്തുശത്രു
സുവർച്ചികാനാം ദ്വിഗുണോന്മിതാനാം
ചൂർണ്ണം സുമദ്യേന ജലേന പീതം
ഗുന്മോദരാനാഹഗദാൻ നിഹന്തി. ൩൨

കായം വയമ്പു് കൊട്ടം വിഴാലരി തുവർച്ചിലക്കാരം ഇവ ദ്വിഗുണമായി വർദ്ധിപ്പിച്ചെടുത്തു് മദ്യത്തിലോ ജലത്തിലോ കലക്കി സേവിക്കുക. ഗുൽമം, ഉദരം, ആനാഹം ഇവ ശമിക്കും.

ഏമ്പക്കം തട്ടുത്താലുണ്ടാകുന്ന ഉദാവർത്തം.

പൂർണ്ണത്വമാസ്യഗളയോശ്ച തഥാതിതോദഃ
കൂജൻ സദാഗതിപ്രവൃത്തിരധോപി യത്ര
ഉദ്ഗാരവേഗവിനിഗ്രഹധാരണതോ നൃണാം സ്യു-
ർവാതപ്രഭൂതബഹുരോഗഗണാഃ പ്രകാമം. ൩൩

വായ്ക്കകത്തും കഴുത്തിലും ഏതോ നിറഞ്ഞിരിക്കുന്ന പോലെ തോന്നുക, കഠിനമായ കുത്തിനോവു്, വായു ശബ്ദത്തോടുകൂടി അധോഭാഗത്തിലേക്കു പുറപ്പെടുക ഇവ ഏമ്പക്കം തട്ടുത്താൽ ഉണ്ടാകുന്ന രോഗങ്ങളാണു്. ഇതുകൂടാതെ വായുജങ്ങളായ പല രോഗങ്ങളും സംഭവിക്കുകയും ചെയ്യും.

തച്ചികിത്സ

ഊർദ്ധ്വഗവായുനിരോധേ സ്നേഹയുതേന
ധൂപനമത്ര പ്രശസ്തം യോഗ്യതമേന. ൩൪

ഏമ്പക്കം തട്ടുത്താൽ ഉണ്ടാകുന്ന രോഗത്തിൽ യോഗ്യതമനായ വൈദ്യനെക്കൊണ്ടു് സ്നേഹം ചേർന്നുള്ള ധൂപനം ചെയ്യിപ്പിക്കുന്നതു് നല്ലതാണു്.

ഛർദ്ദി തട്ടുത്താലുണ്ടാകുന്ന ഉദാവർത്തം.

കണ്ഡൂകോഠവ്യംഗവിസർപ്പകുഷ്ഠാ
ശോഥഃ പാണ്ഡുർവേപഥുർജ്വരാദ്യാഃ
വാന്തൌരുദ്ധേ സംഭവന്തി പ്രകാമം
വാന്തിം കുര്യാത്തത്ര വൈരേചനം ച. ൩൫

ചൊറിച്ചിൽ, വട്ടപ്പുണ്ണു്, കരിമുഖം, വിസർപ്പം, കുഷ്ഠം, നീരു്, പാണ്ഡു, വിറയൽ, ജ്വരാദികൾ ഇവ ഛർദ്ദി തട്ടുത്താൽ ഉണ്ടാകുന്ന രോഗങ്ങളാണു്. ഇതിങ്കൽ ഛർദ്ദിപ്പിക്കുകയോ വിരേചിപ്പിക്കയോ ചെയ്യണം.

തച്ചികിത്സ.

പയഃ പയോഭിശ്ച ചതുർഗ്ഗുണൈശ്ച
വ്യാവാരിനാശം കഥിതാ വിശേഷാൽ
വാന്തിപ്രരോധാജ്ജനിതാംശ്ച രോഗാ-
നാകണ്ഠപീതാ വമിതം നിഹന്യാൽ. ൩൬

നാലിരട്ടി വെള്ളം ചേർത്തു് ആ വെള്ളം എല്ലാം വററിച്ചു് കാച്ചിയ പാൽ അകണ്ഠം പാനം ചെയ്യിച്ചു് ഛർദ്ദിപ്പിച്ചാൽ ഛർദ്ദി തടഞ്ഞതുകൊണ്ടുണ്ടായ സകല രോഗങ്ങളും ശമിക്കും.

വാന്തിനിരോധനരോഗേ ലംഘനമേറി
കുര്യാത്തദ്വിപരീതം തച്ച വിധേഹി. ൩൭

ഛർദ്ദി തട്ടുത്തുണ്ടാകുന്ന രോഗത്തിൽ ലംഘനം (പട്ടിണികിടക്കുക) ഹിതമാണു്. വിരേചിപ്പിക്കുന്നതും കൊള്ളാം.

ശുക്ലം തട്ടുത്താലുണ്ടാകുന്ന ഉദാവർത്തം.

ഗുദേ മുഷ്കയോശ്ചാപി മൂത്രാശയേ ച
രുജശ്ശോഫശുക്ലാശ്മരീ തത്സ്രവാണി
ഭവേന്മൂത്രരോധോപി വീര്യസ്യ വേഗേ
ഹതേ ശുക്ലജാതപ്രവൃത്തൌ ഭവന്തി. ൩൮

ശുക്ലം തടഞ്ഞുണ്ടാകുന്ന ഉദാവർത്തത്തിൽ ഗുദം, വൃഷണങ്ങൾ, മൂത്രാശയം ഈ സ്ഥാനങ്ങളിൽ വേദന, ശുക്ലാശ്മരീ, ശുക്ലസ്രവണം, മൂത്രത്തിന്റെ തടസ്സം, ഇവയുണ്ടാകും.

തച്ചികിത്സ.

ദ്വിജരാജമുഖീ ദ്വിപകുംഭയുഗ-
സ്തനയുഗ്മയുതാ ഹരിമധ്യകടീ

രമിത്വാ വനിതാ ഹരതി പ്രസഭം
ബഹുധോദ്ധ്വഗവീസ്വാനിവൎത്തഗതിം. ൪൦

ചന്ദ്രമുഖിയും, ഗജമസ്തകംപോലെയുള്ള കുചയുഗങ്ങളോടുകൂടിയവളും സിംഹമദ്ധ്യംപോലെ ഇരിക്കുന്ന കടിപ്രദേശംഉള്ളവളും ആയ സ്ത്രീയോടുകൂടി രമിച്ചാൽ ശുക്ലംതടഞ്ഞതിനാൽ ഉണ്ടാന്ന രോഗങ്ങളും ശമിക്കും.

വേറൊന്ന്.

അഭ്യംഗമൈഥുനമദ്യാനി ചന്ദ്രയാനിത്രഹാഃ
സ്നേഹാവഗാഹ ചരണായുധശാലിചത്വ്യാഃ
സേവ്യാശ്ച ശുക്രജവിവൎത്തഗദാതുരാണാം
പ്രായോഭിഷഗ്ഭിരുദിതാ ബഹവോയോഗസാരാഃ. ൪൧

തേച്ചുകുളി, മൈഥുനം, മദ്യംസേവിക്കുക, പാൽകുടിക്കുക, കഷായവസ്തിചെയ്യുക, സ്നേഹനം, അവഗാഹം, കുക്കുടമാംസംഭക്ഷിക്കുക, ചെന്നെല്ലിൻ ചോറുണ്ണുക ഇവ, ശുക്ലത്തിന്റെ ഉദാവൎത്തിയേ തടുത്താലുണ്ടാകുന്ന രോഗത്തിന്റെ ചികിത്സയാണ്. ഇതു കൂടാതെ പലയോഗങ്ങളും ഇതിന് പറയപ്പെട്ടിട്ടുണ്ട്.

വിശപ്പുതടഞ്ഞാലുണ്ടാകുന്ന ഉദാവൎത്തം,

ഭവേദംഗമർദ്ദോരുചിർവ്വാഗരുന്ദ്രാ
ഭ്രമഃ ക്ഷുദ്വിഘാതപ്രവൃത്തേ തഥൈവ
ഉദാവൎത്തരോഗേതു സുസ്നിഗ്ദ്ധമുഷ്ണം
ലഘുസ്വാദുഭോജ്യം സുപുഷ്പം സുഗന്ധി. ൪൨

അംഗമർദ്ദം, അരുചി, മടി, തലകറക്കം ഇവ വിശപ്പുതടുത്താൽ ഉണ്ടാകുന്ന ലക്ഷണങ്ങളാണ്. ഇതിങ്കൽ സുസ്നിഗ്ദ്ധമായും ഉഷ്ണമായും ലഘുവായും രുച്യമായും ഇരിക്കുന്ന ഭോജ്യം ഭക്ഷിക്കുകയും, സുഗന്ധിയായ പുഷ്പത്തിന്റെ വാസന ഏൽക്കുകയും ചെയ്യണം.

തൃഷ്ണതടുത്താലുണ്ടാകുന്ന ഉദാവൎത്തം.

ഭവേൽ കണ്ഠദേശേമുഖേ ചാപി ശോഷഃ
ശ്രുതേശ്ചാവരോധോവ്യഥാചേദ്ധൃദശ്ച
തദാതൃഡ്വിഘാതപ്രവൃത്തേ ऽ തിശീതോ
വിധിശ്ചാന്നയുക്താനിപാതീണീസേവേൽ. ൪൩

കണ്ഠശോഷം, മുഖശോഷം, ചെവികേൾക്കായ്ക, ഹൃദയവ്യഥ, ഇവ തൃഷ്ണതടഞ്ഞാൽ ഉണ്ടാകും, ഇതിൽ അതിശീതമായ വിധി ചെയ്യുകയും, കർപ്പൂരം ഇട്ടവെള്ളം സേവിക്കുകയും ചെയ്യണം.

ശ്വാസം തടുത്താലുണ്ടാകുന്ന ഉദാവൎത്തം.

ഭവേച്ഛ്രാന്തദേഹസ്യ ച ശ്വാസരോധേ
മഹാമോഹഹൃദ്രോഗഗുല്മാ നിതാന്തം
വിശേഷേണ വിശ്രാമമസ്യൈഹിതായ
ചലോദൈരസൈസ്തണ്ഡുലാന്യാശുസേവേൽ ൪൪

ദേഹം ക്ഷീണിച്ചവന് ശ്വാസം തടുത്താൽ മോഹം, ഹൃദ്രോഗം, ഗുല്മം ഇവയുണ്ടാകും. ഇവനെ വിശേഷിച്ചും വിശ്രമിപ്പിക്കണം. മാംസരസങ്ങളും ചോറും കൊടുക്കയും വേണം.

നിദ്രതടുത്താലുണ്ടാകുന്ന ഉദാവൎത്തം.

ഭവേജ്ജൃംഭണം ചാങ്ഗമർദ്ദോത്തിതന്ദ്രാ-
ശിരോനേത്രജാഡ്യം ച നിദ്രാവിഘാതാൽ
ഉദാവൎത്തരോഗേതു പര്യങ്കനിദ്രാ
സിതാദുഗ്ദ്ധപാനാനി സേവ്യാശ്ചഗാഥാഃ. ൪൫

കോട്ടുവാവിടുക, അങ്ഗമർദ്ദം, അങ്ഗവേദന, മടി, ശിരോമാന്ദ്യം, നേത്രജാഡ്യം ഇവ നിദ്രതടുത്താൽ ഉണ്ടാകുന്നഉദാവൎത്തത്തിന്റെ ലക്ഷണമാണ്. ഇതിങ്കൽ കട്ടിലിൽ കിടന്നുറങ്ങുക, പഞ്ചസാര ചേൎത്ത പാൽ കുടിക്കുക, നല്ലകഥകൾ കേൾക്കുക ഇവ ചെയ്യണം.

രൂക്ഷഭക്ഷണജമായ ഉദാവൎത്തം.

യദാകോഷ്ഠവായുശ്ച രൂക്ഷൈഃ കഷായൈഃ
കടുസ്വാദുയുക്തൈശ്ച തിക്തൈരനേകൈഃ
പ്രഭൂതൈഃ പ്രകോപം സമാഗത്യ കുൎയ്യാ-
ദുദാവൎത്തരോഗം ഭവേദ്വാ തദാശു. ൪൬

പുരീഷസ്യ വായോശ്ച മൂത്രസ്യ തദ്വൽ
കഫസ്യാശ്രുണോ മേദസഃ സ്രോതസാം ച
ഉദാവൎത്തനം സംപ്രകുൎയ്യാദ്വിശേഷാ-
ദുദാവൎത്തയേദ്വാമലം മൂത്രമുച്ചൈഃ.
സഹൃദ്വസ്തിശൂലേന ഹൃല്ലാസയുക്തഃ. ൪൭

തഥാചാരതിർമ്മൂത്രവിഡ്വായുവേഗഃ
സകൃച്ഛ്രേണയായാത്തഥാശ്വാസകാസൈഃ
പ്രതിശ്യായദാഹശ്രമൈർവ്വിഭ്രമൈർവ്വാ
ശിരോരോഗഹിക്കാമനോവിഭ്രമൈർവ്വാ. ൪൮

വഹ്നിമോഹതൃഷ്ണാജ്വരാദ്യൈരനേകൈശ്ച
വാതപ്രകോപോത്ഥരോഗൈസ്തഥാചാത്ര

നിത്യംഗുദേക്ഷേപണീയാഃ ഫലവർത്തയശ്ച
യാവന്തായഃപ്രവൃത്തമുക്തോസ്തഥൈവ. ൯൯

രൂക്ഷങ്ങളായും കഷായരസങ്ങളായും കട്ടുരസങ്ങളായും മധുരരസങ്ങളായും തിക്തരസങ്ങളായും ഇരിക്കുന്ന ഭക്ഷണങ്ങൾകൊണ്ട് കോഷ്ഠവായുകോപിച്ച് മലം, അധോവാതം, മൂത്രം, കഫം, കണ്ണുനീര്, മേദസ്സ് ഇവയെ വഹിക്കുന്ന സ്രോതസ്സുകളെ ആവരണംചെയ്തിട്ട്, മലത്തെയും മൂത്രത്തെയും ശോഷിപ്പിച്ചു ഗ്രന്ഥിയാക്കി ഉദാവർത്തരോഗത്തെ ഉണ്ടാക്കും. അതിനാൽ ഹൃദയശൂലം വസ്തിശൂലം നെഞ്ചുരുക്കം, അരതി ഇവയുണ്ടാകും. മലമൂത്രങ്ങളും അധോവാതങ്ങളും കഷ്ടപ്പെട്ടു വെളിക്കപ്പുറപ്പെടും. ശ്വാസം, കാസം, പീനസം, സർവ്വാംഗസന്താപം, കാതടപ്പ്, ശിരോരോഗം, ഇക്കിൾ, മനോവിഭ്രമം, ഛർദ്ദി, മോഹം, തൃഷ്ണ, ജ്വരം, വാതകോപജങ്ങളായ പലരോഗങ്ങൾ ഇവയും ഉണ്ടാകും. ഈ രൂക്ഷാന്നജരോഗത്തിന്റെ ശാന്തിക്കായിട്ട്, മുൻപുപറയപ്പെട്ട ഫലവർത്തി ഗുദത്തിൽ പ്രവേശിപ്പിക്കണം.

നാരാചചൂർണ്ണം ചഗുഡാഷ്ടകം ച
രൂക്ഷാന്നസംജാതഗദാപഹാരി
തഥാ ച സുസ്നിഗ്ദ്ധസുപഥ്യഭോജ്യ-
മിഷ്ടം തു യദ്യസ്യ തദേവ ഭോജ്യം. ൱

നാരാചചൂർണ്ണവും ഗുഡാഷ്ടകവും രൂക്ഷാന്നജമായ ഉദാവർത്തരോഗത്തെ സംഹരിക്കുന്നതാണ്. അപ്രകാരംതന്നെ സുസ്നിഗ്ദ്ധമായും സുപഥ്യമായും ഇഷ്ടമായും ഉള്ള ഭോജ്യവും ഭക്ഷിക്കണം.

ആനാഹനിദാനം.

ശകൃദാമംചിതം ക്രമേണഭൂയോ
നിബദ്ധംവിഗുണാനിലേനപക്വാശയേ
പ്രവർത്തതി യഥാസ്വമേനമാനാ-
ഹഗദം, തസ്യപ്രവർത്തനം ഭവേന്ന. ൱൧

ദഹിക്കാത്ത മലം ക്രമേണ വർദ്ധിച്ച് അനുകൂലമല്ലാത്ത വായുവിനാൽ തടഞ്ഞ്, വേണ്ടപോലെ പ്രവർത്തിക്കാതെയിരുന്നാൽ അതിനെ ആനാഹരോഗം എന്നുപറയുന്നു.

ആനാഹരോഗചികിത്സ.

ത്രിവൃൽശിവാശ്യാമയുതാഃ സ്നുഹീനാം
പയോഭിരാമർദ്ദ്യവടീകൃതാസ്തു
ഗോമൂത്രപീതാഃ ഖലുതാശ്ചസദ്യോ
ഹ്യാനാഹനാശായ ഭിഷക്പ്രദിഷ്ടാഃ. ൱൨

ത്രികോൽപ്പക്കൊന്ന കടുക്ക തിപ്പലി കരന്ത ഇവ കള്ളിപ്പാലിലരച്ച് ഗുളികയാക്കി ഗോമൂത്രത്തിൽ സേവിച്ചാൽ ആനാഹം എന്ന രോഗം ശമിക്കും.

വേറൊന്ന്.

മദനമാഗധികാഗദനാഷ്ഷപൈ-
രപിചഗൌരസർഷപവചാഗ്രകൈഃ
ഗുഡയുതൈരചിതാ സ്മരവർത്തികാ
ഗുദഗതാ ഹരതിപ്രസഭം മലം ൱൩

മലങ്കാരയ്ക്കാ തിപ്പലി കൊട്ടം വെൺകടുക് വയമ്പ് ശർക്കര ഇവകൊണ്ടുണ്ടാക്കിയ വർത്തി ഗുദത്തിൽ പ്രവേശിപ്പിച്ചാൽ മലം വേഗത്തിൽ ഇളകിപ്പോകും.

ആമജാനാഹം.

ആനാഹേചാമജാതേപ്രഭവതി ചതൃഷാ
ശൂലമാമാശയേ ച
ഹൃൽസ്തംഭം, ചാത്രനിത്യം പ്രഭവതിഗുരുതാ ചാ
പ്യഥോദ്ഗാരരോധാ
ഭക്തൈസ്സംസർഗസിദ്ധൈഃ ക്രമതഉചിതൈ
പാചനീയൈർവിശേഷാ-
ദ്യോഗൈരന്യൈർവിഷൂചീഗദഹരണപരൈ-
രേചനൈശ്ചാപിജേയഃ. ൱൪

ആമജമായ ആനാഹത്തിൽ തണ്ണീർദാഹം; ആമാശയത്തിൽ ശൂലം, ഹൃദയസ്തംഭം, വയറ്റിൽകനം, ഏമ്പക്കത്തിനുതടവ്, ഇവയുണ്ടാകും. പചനയോഗ്യങ്ങളും സാധാരണ ഉപയോഗിക്കുന്നവയും ആയ അന്നങ്ങൾകൊണ്ടും, വിഷൂചീരോഗത്തെ നശിപ്പിക്കുന്നതിനു യോഗ്യങ്ങളായ യോഗങ്ങൾകൊണ്ടും വിരേചനംകൊണ്ടും ആമജാനാഹത്തെ ജയിക്കണം.

മലംവർദ്ധിച്ചുണ്ടാകുന്ന ആനാഹം.

കട്യൌപൃഷ്ഠേ മൂത്രേശകൃതിചയദാസ്തംഭഅഥ ച
ഭവേന്മൂർഛാശ്വാസാവപി ചശകൃതോവാന്തിരസകൃൽ
ഭവേന്ത്യേതേപക്വാശയഗതജിപ്രാലസഗദേ
പ്യഥോ ചിഹ്നം കൃഷ്ണാഹരതി ശിവയാസദ്ഗുഡയുതാ.

പക്വാശയത്തിൽ മലംവർദ്ധിച്ചുണ്ടാകുന്ന ആനാഹത്തിൽ കടീസ്തംഭം, പൃഷ്ഠസ്തംഭം, മൂത്രം മലം ഇവയ്ക്കു തടവ്, മോഹം, ശ്വാസം, മലംഛർദ്ദിക്കുക ഇവയും അലസകഗദത്തിന്റെ ചിഹ്നങ്ങളും

ഉണ്ടായിരിക്കും. ഇതിങ്കൽ തിപ്പലിയും കടുക്കയും കൂടി പൊടിച്ച് ശർക്കരചേർത്തു സേവിക്കണം.

ഉദാവർത്തരോഗത്തിലുണ്ടാകുന്ന
ഉപദ്രവങ്ങൾ.

ശൂലാധ്മാനശിരോരുജോ ഗളഗ്രഹഃ
ശ്വാസശ്ച കാസസ്തഥാ
തന്ദ്രാമൂർച്ഛനമാശു വൈദ്യഭണിതാ
ഹൃദ്രോഗ ഛാദ്യാസ്തഥാ
ഘോരോപദ്രവസംഘഭ്രതഃ ഖിതാഃ
പ്രായഃ പ്രതിശ്യായകാ
യസ്ത്വേതൈരഖിലൈശ്ചകൈശ്ച രഹിതഃ
സാദ്ധ്യസ്തദാസൌ ഗദഃ. ൫൯

ശൂലം, വയറുവീപ്പ്, തലവേദന, ഗളഗ്രഹം, ശ്വാസം, കാസം, മടി, മൂർച്ഛ, ഹൃദ്രോഗം, പീനസം ഇവ ഉദാവർത്തരോഗത്തിൽ ഉണ്ടാകുന്ന ഘോരോപദ്രവങ്ങളാണ്. ഈ ഉപദ്രവങ്ങൾ എല്ലാമോ ഏതാനുമോ ഇല്ലാത്തതായ ഉദാവർത്തം സുഖസാദ്ധ്യമാണ്.

അസാദ്ധ്യലക്ഷണം.

തൃഷ്ണാർദ്ദിതം ക്ഷീണതരം ച ശൂലൈ-
രുപദ്രുതക്ലിഷ്ടമലം സുവൈദ്യഃ
ശകൃദ്വമന്തം മതിമാൻ വിശേഷാൽ
ദൂരം ത്യജേൽ സംയമിനീം പ്രഗന്തും. ൬൦

തൃഷ്ണാപീഡിതനും അതിക്ഷീണനും ശൂലോപദ്രവത്താൽ ക്ലേശിച്ചവനും മലം ഛർദ്ദിക്കുന്നവനും ആയ ഉദാവർത്തരോഗി, കാലവശനാണെന്ന് അറിഞ്ഞ് അവനെ മതിമാനായ വൈദ്യൻ ഉപേക്ഷിക്കണം.

ഉദാവർത്തം മാറിയാലുള്ള ലക്ഷണം.

ആധ്മാനശൂലാപഗമഃ പ്രവൃത്തി-
രപാനവായോഃ ശ്വസനസ്യ സമ്യക്
ഗതിസ്തദാ വൈദ്യ! നു പാവകന്തി
പ്രായോ ഹ്യുദാവർത്തനിവൃത്തിചിഹ്നം. ൬൧

വയറുവീപ്പ്, ശൂലം ഇവ ഇല്ലാതാവുക, അപാനവായു തടവുകൂടാതെ പ്രവർത്തിക്കുക, ശ്വാസത്തിന്റെ ഗതി വേണ്ടപോലെയാവുക ഇവ ഉദാവർത്തരോഗം വിട്ടുമാറിയാലുള്ള ലക്ഷണങ്ങളാണ്.

ശ്രീവൈദ്യഭ്രമീന്ദ്രഗുരുർദ്വിമാത്രാ
സോമം ജയത്യാശു സമപ്രവൃത്തിഃ
യേനോപദിഷ്ടാഗമമർമ്മവേത്താ-
ദാവർത്തരോഗസ്യ ചികിത്സിതേഽഭ്രൽ. ൬൨

വൈദ്യഗുരുവായ എന്റെ പിതാവ് രണ്ടു മാതാക്കന്മാരോടു കൂടി സമദൃഷ്ടിയായിട്ടു ജയിക്കുന്നു. അദ്ദേഹത്തിനാൽ ഉപദിഷ്ടമായ ശാസ്ത്രമർമ്മമനുസരിച്ച് ഉദാവർത്തരോഗത്തിന്റെ ചികിത്സ എന്നാൽ പറയപ്പെട്ടു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ഉദാവർത്താധികാരം എന്ന
൨൩-ാം സ്തബകം കഴിഞ്ഞു.

ചതുർവിംശസ്തബകം.

ഗുല്മചികിത്സിതം.

നത്വാ ശ്രീനിജതാതം ഗുല്മഗദസ്യ
കുർവേ വിശദചികിത്സാം ഘോരതരസ്യ. ൧

മദ്ഗുരുഭൂതനായ താതനെ വന്ദിച്ച് അതിഘോരമായ ഗുല്മരോഗത്തിന്റെ ചികിത്സയെ ഞാൻ വിശദമായി പറയാൻപോകുന്നു.

ഗുല്മനിദാനം.

ദുഷ്ടാസ്തു വാതാദയ ഏവ നിത്യം
മിത്ഥ്യാശനാഹാരവിഹാരതോഽപി
കുർവന്തി കോഷ്ഠാന്തരഗ്രന്ഥിരൂപ്യം
സ്ഥാനേഷു പഞ്ചസു ഗുല്മരോഗം. ൨

വാതാദിദോഷങ്ങൾ വിരുദ്ധങ്ങളായ ആഹാരവിഹാരങ്ങളാൽ ദുഷിച്ച് കോഷ്ഠാന്തർഭാഗത്തിൽ അഞ്ചു സ്ഥാനങ്ങളിൽ മുഴപോലെ ഗുല്മരോഗത്തെ ഉണ്ടാക്കുന്നു.

ഹൃന്നാഭിപാർശ്വദ്വയവസ്തയസ്തു
സ്ഥാനാനി ഗുല്മസ്യ ച വൈദ്യഭൂപൈഃ
പഞ്ചൈവ ചോക്താനി ച തസ്യ പൂർവം
രൂപം തഥോദാഹ്രിയതേ മയാഽത്ര. ൩

ഹൃദയം, നാഭി, പാർശ്വഭാഗങ്ങൾ, വസ്തി ഇങ്ങനെയാണ് ഗുല്മത്തിന് അഞ്ചു സ്ഥാനങ്ങൾ.

ഗുല്മത്തിന്റെ പൂർവ്വരൂപം.

ബഹ്വദ്ഗാരവിഡ്ബന്ധതർഷാസഹത്വൈ-
രത്രാന്ത്രസ്യ സംകൂജനൈശ്ചാഥപക്തേഃ
അശക്തിസ്തഥായേപി ചാദ്ധ്മാനമുച്ചൈർ-
ഭവിഷ്യത്യമീഗുല്മരോഗേ ഭവന്തി. ൪

വളരെ ഏമ്പക്കം, മലബന്ധം, വെള്ളംകുടിച്ചാൽ അസംതൃപ്തി, അന്ത്രകൂജനം, പാചനശക്തി, ആദ്ധ്മാനം ഇവ ഗുല്മരോഗത്തിന്റെ പൂർവ്വരൂപങ്ങളാണ്.

ഗുല്മത്തിൽ പത്ഥ്യാപത്ഥ്യം.

ദ്വിദളം ച വിവർജ്ജയേദലം
ശയനം ചാപി ദിവാപി മൈഥുനം
മദിരാമപി പിച്ഛിലം ദധി
ഘൃതദുഗ്ദ്ധേ ച തഥാ ച പിച്ഛിലേ. ൫

ഉഴുന്നു മുതലായ ദ്വിദള(രണ്ടായി പിളക്കുന്ന)ധാന്യം, പകലുറക്കം, സംഭോഗം, മദ്യം, പിച്ഛിലമായ തൈര്, നെയ്യ്, പാല് ഇവയെല്ലാം ഗുല്മരോഗിക്കു അപത്ഥ്യമാണ്.

മധുരദ്രവ്യാഢ്യതാനി ദ്വീനിചാ-
പ്യശിതുമത്ര ച ലോഹിതശാലയഃ
അഥ ച ഷഷ്ടികശാലയ ഏവ വാ
പരമഥോവരധാന്യജതണ്ഡുലം. ൬

സമുചിതാ ച തഥാ ശതപുഷ്പികാ-
ന്യദപി പത്ഥ്യശാകമലം ഭജേൽ
അപി തദ്ബീജതൈലമലം വിദ്വേ-
ദവിരതം വിരതം പരിമർദ്ദയേൽ. ൭

വൃന്താകവാസ്തുകസുനിഷണ്ണകയ-
ശാകാനി മുദ്ഗാഢകയൂഷകാനി
സ്വല്പംഘൃതം ഭോജ്യമലം തഥാപി
ചികിത്സിതം ഗുല്മഗദസ്യ വക്ഷ്യേ. ൮

മധുരദ്രവ്യങ്ങളായ കല്ക്കണ്ടം മുതലായവ, പാൽ, നെയ്യ്, തൈര്, ചെന്നെല്ല്, ഞവര, ശ്രേഷ്ഠമായ മററു ധാന്യങ്ങൾ, യഥോചിതം പാകംചെയ്ത ശതകുപ്പ. പത്ഥ്യശാകം, ആവണക്കെണ്ണ, ആവണക്കെണ്ണകൊണ്ടുള്ള മർദ്ദനം, തക്കാരിവഴുതിനങ്ങ, വസ്തുച്ചീര, ചെറുചീര, സ്വല്പം നെയ്യുകൂട്ടിയ ചെറുപയറിന്റെയും തുവരയുടെയും ചാറുകൾ ഇവയെല്ലാം ഗുല്മരോഗിക്കു പത്ഥ്യമാണ്. ഇനിയും ഗുല്മചികിത്സയെ പറയുന്നു.

ഗുല്മചികിത്സ.

വംഗേശ്വരരസം.

വംഗംപലൈകം ച പലൈകസൂതം
ഭസ്മീകൃതം താമ്രമഥോബലിശ്ച
പ്രത്യേകമേതച്ചപലപ്രമാണ-
മർക്കസ്യദുഗ്ദ്ധേന ദിനം വിമർദ്ദ്യ. ൯

തദ്ഗോളകീകൃത്യപുടൈകപാകാൽ
വംഗേശ്വരോ വല്ലമിതോ ഘൃതേന
ഗുല്മോദരപ്ലീഹഗദാന്നിഹന്തി
പീതോഗവാം മൂത്രപുനർന്നവാഭിഃ. ൧൦

സിതവർഷാഭവമൂലം ധേനുജലേന
നിഷ്ക്കം രജോനിശായാഃ പൂർവ്വജലേന.
വംഗേശ്വരാനുപാനം യുക്തമനേന ൧൧
ഗുല്മഗദാതുരദേഹേ ക്ഷേമമനേന. ൧൨

വംഗഭസ്മം രസഭസ്മം താമ്രഭസ്മം ഗന്ധകം ഇവ പ്രത്യേകം ഓരോ പലംവീതം. എരുക്കിൻപാലിൽ ഒരുദിവസം (൬൦ നാഴിക) അരച്ചു ഗുളികയാക്കി, ഒരു പുടംചെയ്തെടുത്തു് വിഴാലരിപ്രമാണം നെയ്യിൽ സേവിക്കുക. ഒരുകഴഞ്ചു വെളുത്ത തമിഴാമയുടെ വേരോ മഞ്ഞൾപ്പൊടിയോ ഗോമൂത്രത്തിൽ അനുപാനമായി സേവിക്കയുംവേണം. ഈ വംഗേശ്വരരസം ഗുല്മം ഉദരം പ്ലീഹ ഇവയെ ശമിപ്പിക്കും.

ത്രിലവണാദ്യം ചൂർണ്ണം.

ത്രിലവണത്രികടുത്രിഫലാവചാ-
യവനികാംഭധനാമിസിചിത്രകൈഃ
രുചകപുഷ്കരദാഡിമതിന്ത്രിണീ-
ദഹനജാതിയവാഗ്രജടങ്കണൈഃ. ൧൩

ഗജകണാഖരശാകയവാനികാ-
ത്രിദശദാരുവിഡംഗമലനാളകൈഃ
മഗധജാംഘ്രിവദീഹപുഷാവിഷാ-
ജരണസർജ്ജിശടീവിപുഷാസമൈഃ. ൧൪

അപി ശപാക്ഷിജടാവരദീപ്യകൈ-
രപി സവേതസചാംഗലഗന്ധിഭിഃ
ഇഹ നൃതുമ്പുരുഹിംഗു ചപാഠികാ-
ഭുജഗഭുഗ്ഭിരലം പരിചൂർണ്ണിതം. ൧൫

അസകൃദാർദ്രരസൈരപി ലുംഗരൈഃ
പ്ലുതമിദം പരിഭാവ്യ വിശോഷ്യ ച
അശിശിരേണ ജലേന ച മസ്തുനാ
മദിരയാജരയാപി പിബേദ്ബലം. ൧൬

കോലാംഭസാ ചാമ്ലപയോഭിരേവം
കൌലത്ഥയൂഷേണ ച ദാഡിമാനാം
നീരേണ സേവേദഥവാ ഘൃതം ച
സംപാചിതം ചൈഭിരലം തഥാ സ്യാൽ. ൧൭

യകൃൽപ്ലീഹഗ്രഹണ്യാശ്രിതം ശൂലമുച്ചൈ-
സ്തഥാ ഗുല്മവിഷ്ടംഭഹൃന്നാമകൃച്ഛ്രാൻ
തഥാ ജാഠരാൻ ശ്വാസകാസാൻ നിഹന്തി
പ്രഭുക്തം സമസ്തം ച ജീർണ്ണം കരോതി. ൧൮

അരോചിം ഹന്ത്യതിദീപയേദ്ബലം
ജഠരാഗ്നിം ദൃഷദോഽപി പാചനം
കുരുതേ ബലമസ്യ കാ കഥാ
ത്രികടൂനാം ച രജോനിഷേവണാൽ. ൧൯

ഇന്തുപ്പ് വിളയുപ്പ് മരക്കലയുപ്പ് ത്രിഫല വയമ്പ് കുറാശാണി ത്രികോൽപ്പക്കൊന്ന കൊത്തമ്പാലയരി ചതകുപ്പ വെളുത്താവണക്കിൻവേര് മാതളത്തോട് പുഷ്കരമൂലം താളിമാതളം കോൽപുളി കൊട്ടവേലിക്കിഴങ്ങ് ജാതിക്ക ചവക്കാരം പൊൻകാരം അത്തിത്തിപ്പലി ചെറുതേക്ക ജീരകം ദേവതാരം വിഴാലരി മുത്തങ്ങാക്കിഴങ്ങ് പുളിവേരിൻതൊലി തിപ്പലിമൂലം ശതാവരി അടയ്ക്കാമണിയൻവേര് അതിവിടയം വലിയജീരകം സർജ്ജികക്ഷാരം കച്ചോലം കാട്ടുവെള്ളരിവേര് അയമോദകം ഞെരിഞ്ഞാമ്പുളി അടനാറിവേള തുമ്പൂണലരി കായം പാടക്കിഴങ്ങ് ചെറുകടലാടി ഇവയെല്ലാംകൂടി പൊടിച്ച് ഇഞ്ചിനീരിലും മാതളനാരങ്ങാനീരിലും, പലതവണ ഭാവനചെയ്ത്, ഉണക്കി ചൂടുവെള്ളത്തിലോ തൈരിൻവെള്ളത്തിലോ, പഴകിയ മദ്യത്തിലോ, ലന്തക്കുരുക്കഷായത്തിലോ മുതിരച്ചാറിലോ താളിമാതളങ്ങയുടെ നീരിലോ സേവിക്കുക. അല്ലെങ്കിൽ ഈ മരുന്നുകൾ കല്കമായി നെയ്യുകാച്ചി സേവിക്കുക. യകൃൽപ്ലീഹാഗ്രഹണ്യാശ്രിതമായ ശൂലം, ഗുല്മം, മലബന്ധം, അർശസ്സ്, മൂത്രകൃച്ഛ്രം മഹോദരം, ശ്വാസം,

കാസം. ഈ രോഗങ്ങൾ ശമിക്കും. ഈ മരുന്ന് ജഠരാഗ്നിയെ ദീപിപ്പിക്കുന്നതും കല്ലുപോലും ദഹിക്കുന്നതും ആകുന്നു. ഈ മരുന്ന സേവിച്ചതിനുശേഷം ഒരുപലം ചുക്ക് മുളക് തിപ്പലി ഇവയുടെ പൊടികൂടി സേവിച്ചാൽ ദഹനശക്തിയെപ്പറ്റി എന്താണ് പറയാനുള്ളത്.

വചാദിചൂർണ്ണം.

വചാശിവാഹിംഗുവയാഗ്രജാനാം
യവാനികാസൈന്ധവസംയുതാനാം
സേവേത സാമ്ലം പരിതപ്തതോയൈ- ൨൦
ർഭിനത്തി ഗുല്മാനപി ചൂർണ്ണമേതൽ.

സപ്തദിനാനി നിപീതം തപ്തജലേന ൨൧
ഗുല്മഗദാനപഹരതേ മദ്യമദേന.

വയമ്പ്, കടുക്ക, കായം, ചവക്കാരം, കുറാശാണി, ഇന്തുപ്പ്, ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ പൊടിച്ച് ചൂടുവെള്ളത്തിലോ പുരാണമദ്യത്തിലോ ഏഴുദിവസം സേവിക്കുക. ഗുല്മം ശമിക്കും.

ബിന്ദുഘൃതം.

ത്രിവൃൽസ്നുഹീക്ഷീരധനാപവാംശൈഃ
പലൈകകമ്പില്ലപലാർദ്ധസിന്ധും
ചതുഃപലം ഗോഘൃതമപ്സുസിദ്ധം ൨൨
പലാർദ്ധമാത്രം ചലബിന്ദുസംജ്ഞം.

വിസ്രംസനം ഗുല്മവിദാഹഹാരി
നിഷേവിതം സോഷ്ണഗൃഹം ച പാനം
തസ്യാനുപീതാത്തു ഘൃതസ്യ യാവദ്- ൨൩
ബിന്ദൂൻ വിരിച്യേന്നതു ചിത്രമത്ര.

ത്രികോല്പക്കൊന്ന, കള്ളിപ്പാലയുടെകറ, കൊത്തമ്പാലയരി, കമ്പിപ്പാലയുടെതൊലി, ഇവ ഓരോപലംവീതം. ഇന്തുപ്പ് അരപ്പലം. പച്ചവെള്ളത്തിൽ അരച്ചുകലക്കി നാഴി നെയ്യും ചേർത്തു കാച്ചി അരപ്പലംവരെ ദഹനമനുസരിച്ചു സേവിക്കുക; ഗുല്മം ശമിക്കും. ചൂടുള്ള നെയ്യ് അനുപാനമായിക്കൂടി സേവിച്ചാൽ വയറിളകുകയും ചെയ്യും.

ഗുല്മാന്തകം.

രസം ഭാഗമേകം തഥാ ഗന്ധകസ്യ
ദ്വിഭാഗം തു സിന്ധോസ്തഥാ ടങ്കണസ്യ
ചതുർഭാഗമുത്തമ്മനാരാടസ്യ ചാത്ര- ൨൪
കുമാര്യസ്യ ഭാഗാനചിതം ശാലകത്ര.

തഥാസൎവ്വതുല്യം ചമാരീച ചൂൎണ്ണം
സമസ്തം ചതദ്വഹ്നിജാതൈഃ കഷായൈഃ
ത്രിധാഭാവയേദ്വൃക്ഷരാജാക്ഷിനീരൈ-
രഥാൎദ്രസ്യനീരൈസ്ത്രിധാസംവിഭാവ്യ. ൧൫

പ്രഭുക്തം ചശാണാദ്ധമാനം വിശേഷാൽ
നിഹന്ത്യാശു പഞ്ചൈവഗുല്മാനശങ്കം
ക്ഷയം ശ്വാസരോഗാംശ്ചമന്ദാഗ്നിമുച്ചൈ-
രയം ഗുല്മശത്രുഃ പ്രസിദ്ധസ്തലോകേ. ൧൬

ശോധിതവും മാരിതവും ആയ രസം ഒരുഭാഗം. ഗന്ധകം ഒരു ഭാഗം. ഇന്തുപ്പ് പൊൻകാരം ഇവ ഈരണ്ടുഭാഗം. തുത്ഥം ശംഖഭസ്മം, ഇവ അയ്യഞ്ചുഭാഗം. എല്ലാംകൂടിയിടത്തോളം നല്ലമുളകിൻപൊടി. ഇവ കൊടുവേലിക്കഷായത്തിലും കഴഞ്ചിക്കുരുവിൻ കഷായത്തിലും ഇഞ്ചിനീരിലും മുമ്മൂന്നുപ്രാവശ്യംവീതം അരച്ച് മുക്കാൽപണമിടവീതം സേവിക്കുക. അഞ്ചുവിധമുള്ള ഗുല്മം, ക്ഷയം, ശ്വാസം, അഗ്നിമാന്ദ്യം, ഇവ ശമിക്കും. ഈ രസത്തിന് ഗുല്മശത്രു എന്നാണുപേര്.

കാങ്കായനവടി.

ത്രിവൃതായാശ്ചപലം ത്രികൎഷഹിംഗു-
പലമേകം ലവണപ്രജസ്യ ചാഥ
യവജക്ഷാരപലം പലദ്വയം ച
ശടികാപുഷ്കരമൂലചിത്രകാണാം. ൧൭

ജഗദഗ്ന്യാദികവേതസേ തഥാ ച
ദ്വിപലേസൎവ്വമിദം ച ദന്തിനീഭിഃ
ഗിരികൎണ്ണിമരീചിമാഗധീഭീ-
രുചകാഗ്ന്യാനലദീപ്യദീപ്യകാഭിഃ. ൧൮

അപികൎഷദ്വയ സമ്മിതാഭിരാഭിർ-
ദ്വിപലേ ചാപിവിഡംഗദാഡിമേത്ര
ദ്വിപലം ച ഹരീതകീസമസ്തം
സമമേകത്ര ച മാതുലുംഗനീരൈഃ. ൧൯

പരിഭാവ്യവടീശ്ചകാരയേദ്വൈ
ഗുടികൈകാദ്വിതയം തദൈവഭുക്താ
ത്രിതയം വ്യാപ്ഹഗുല്മഭേദനം ഹി
മുനികാങ്കായനവൎണ്ണിതാനിതാന്തം. ൨൦

കഫഗുല്മഹരാഗവാം ജലൈഃ
പയസാപിത്തജഗുല്മഹാരിണീ

കഫവാതഭവാ ചമദ്യകൈ-
സ്ത്രിഫലാമൂത്രയുതാത്രിഭിൎയ്യുതം. ൨൧

ഹരതേ രുധിരോദ്ഭവം ച വൈ
യുവതീനാം കരഭീസുദുഗ്ധകൈഃ
ഗുദരോഗഹരാ ചസേവിതാ
ഗ്രഹണീഹൃൽക്രിമിരോഗനാശികാ. ൨൨

ത്രികോല്പക്കൊന്ന പലംമൂന്ന്. കായം-കഴഞ്ചുമൂന്ന്. ഉപ്പുകൾ അഞ്ചുംകൂടി ഒരുപലം. ചവൎക്കാരം പലം൨. കച്ചോലം പുഷ്കരമൂലം വെളുത്താവണക്കിൻവേര് ചുക്ക് ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ ഈരണ്ടുപലം. നാഗദന്തിവേര് കൊടിത്തൂവവേര് നല്ലമുളക് തിപ്പലി മാതളനാരങ്ങാത്തോട് പുളിവേരിൻതൊലി കൊടുവേലിക്കിഴങ്ങ് പെരുംജീരകം കുറാശാണി ഇവ ആറാറുകഴഞ്ചുവീതം. വിഴാലരി താളിമാതളത്തോട് ഇവഈരണ്ടുപലം. കടുക്കാരണ്ടുപലം. എല്ലാംകൂടി മാതളനാരങ്ങാനീരിൽ അരച്ച് ഗുളികയാക്കി ഒന്നോ രണ്ടോ മൂന്നോ ഗുളികവീതം ദഹനമനുസരിച്ചും രോഗമനുസരിച്ചും സേവിക്കുക. കഫഗുല്മത്തിന് ഗോമൂത്രത്തിലും പിത്തഗുല്മത്തിന് പശുവിൻപാലിലും കഫവാതഗുല്മത്തിന് മദ്യത്തിലും ത്രിദോഷഗുല്മത്തിന് ത്രിഫലക്കഷായത്തിൽ ഗോമൂത്രംചേൎത്ത് അതിലും സേവിക്കണം. സ്ത്രീകൾക്ക് രക്തഗുല്മത്തിന് ഒട്ടകപ്പാലിലാണ് സേവിക്കേണ്ടത്. അൎശസ്സ്, ഗ്രഹണി, കൃമിരോഗം ഇവക്കും ഈചൂൎണ്ണം വളരെ വിശേഷമാണ്.

ദാധികഘൃതം.

വിഡാഗ്നിസൌവൎച്ചലസിന്ധുചുക്രൈ-
രഗ്ന്യാദികൈൎവ്വേതസബീജപൂരൈഃ
രസൈശ്ചതുൎഭാഗമിതൈശ്ചതദ്വദ്
ഘൃതം ചതുൎഭാഗദധിപ്രയുക്തം. ൨൩

സദാഡിമം ഹിംഗുകടുത്രയൈശ്ച
സജീരകം ദാധികസിദ്ധഹവ്യം
ഹൃൽപ്ലീഹഗുല്മാനപി ഹന്തി സദ്യോ
ഭുക്തം പ്രഭുക്തം ജ്വരയത്യവശ്യം. ൨൪

വിളയുപ്പ് കൊടുവേലിക്കിഴങ്ങ് തുവൎച്ചിലയുപ്പ് ഇന്തുപ്പ് ചുക്കുത്തിപ്പലി ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് താളിമാതളത്തോട് കായം ചുക്ക് മുളക് തിപ്പലി ജീരകം ഇവ കല്കമായി നെയ്യിൽ നാലിരട്ടി മാതളനാരങ്ങാനീരും തൈരുംചേൎത്ത് നെയ് കാച്ചി സേവിക്കുക. ഹൃദ്രോഗം പ്ലീഹ ഗുല്മം ഇവ ശമിക്കും. ദഹനവും ഉണ്ടാകും. ഇതിന് ദാധികഘൃതം എന്നുപേർ.

വചാദിഗുടിക.

വചാഭയാക്ഷാരധാന്യാജമോദ-
ഹിംഗ്വഗ്നിപത്ര്യാവിഡസൈന്ധവാനാം
അജാജികാപുഷ്കരമൂലതിന്ത്രി-
ണീകാജഗന്ധാഹപുഷാശടീനാം. ൩൪
പാഠാകണാമൂലസുവര്ച്ചികാനാം
സൌവർച്ചലസ്യാപി കടുത്രയാണാം
അമ്ലാദികസ്യാപ്യഥ വേതസസ്യ
ചൂർണ്ണംഹിജംബീരരസേന സാധ്യം. ൩൫
പുനഃ പുനർമ്മൃദ്യ തഥാക്ഷമാത്രാ
വസ്ത്രേവിധായാന്യ പതാശ്ചഭക്താഃ
പ്രാതശ്ചഗുല്മാനപി പാണ്ഡുകാസാൻ
ശ്വാസാംശ്ചതൂനിപ്രതിതൂനികാദീൻ. ൩൬
പാർശ്വസ്യവസ്തേരപിശൂലമാശ്ര-
ഹ്യാദ്ധ്മാനമേവം ഖലുമൂത്രകൃച്ഛ്രം
ആനാഹപായുപ്രഭവാംശ്ചരോഗാൻ
പ്ലീഹാമയാംശ്ചാപി നിരാകരോതി. ൩൭

വയമ്പ് തുവർച്ചിലക്കാരം കൊത്തമ്പാലയരി അയമോദകം കായം കൊട്ടുവേലിക്കിഴങ്ങ് കടുക്കാത്തോട് വിളയുപ്പ് ഇന്തുപ്പ് ജീരകം പുഷ്കരമൂലം കോൽപുളി അട്ടനാറി വേളവേര് അടയ്ക്കാമണിയൻവേര് കച്ചോലം പാടക്കിഴങ്ങ് തിപ്പലിമൂലം തുവർച്ചിലയുപ്പ് തുവർച്ചിലക്കാരം ചുക്ക് മുളക് തിപ്പലി ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ പൊടിച്ച് പിന്നെയുംപിന്നെയും ചെറുനാരങ്ങാനീരിൽ അരച്ച് ഉണക്കി പൊടിച്ച് ശീലപ്പൊടിഎടുത്ത് പ്രാതഃകാലത്തിൽ സേവിക്കുക. ഗുല്മം, പാണ്ഡു, കാസം, ശ്വാസം, തൂനി, പ്രതൂനി, പാർശ്വശൂലം വസ്തിശൂലം, ആദ്ധ്മാനം. മൂത്രകൃച്ഛ്രം, ആനാഹം, അർശസ്സ്, പ്ലീഹ ഇവ ശമിക്കും.

വാതഗുല്മസംപ്രാപ്തി.

രൂക്ഷാണാംചാതിപാനം വിഷമമപിരഥാ
ഭോജനം, വേഗരോധഃ
ശോകശ്ചേഷ്ടാപഹാരോ വിലയമഥ ഭവേ-
ച്ഛേന്മലസ്യ പ്രവൃത്തിഃ
ഹേതുർഗ്ഗുല്മസ്യനിത്യംപ്രഭവതിബഹുധാ
ചാപിനിദ്രാവിനാശോ
വാതോത്ഥസ്യാത്രവൈദ്യൈന്നിഗദിതമനിശം
തദ്വിശേഷം ച വക്ഷ്യേ. ൩൮

യൽസ്ഥാനംതദ്വികല്പ്യാഗ്രജ അപിചതദാവാ
യുവിട്സംഗശോഷൌ
വക്ത്രസ്യാപ്യത്രതദ്വൽ തനുഗളവാദനേ
ശ്യാവതാ വാരുണത്വം
ഹൃൽകുക്ഷ്യോഃ പാർശ്വയോർവ്വാ ശിരസിപുരുരുജഃ
ശ്ചാംസയോഃ സംഭവന്തി
യോജീർണ്ണേചാപികുപ്യത്യഥ ച ബഹുതഥാ
ഭോജനേ ശാന്തിമേതി. ൩൯

തദ്വച്ഛീതജ്വരത്വം പ്രഭവതിനിതരാം
വാതഗുല്മേനരാണാം
രൂക്ഷംതിക്തംകഷായംകടു ച ബഹുവിധം
നോപസേവേതതത്ര
ലോകാഗ്നീചോഷ്ണദുഗ്ദ്ധേതിലഗുഡസഹിതേ
പായയേദ്വാതഗുല്മേ
ഗുല്മോദാവർത്തരോഗാനഥ ചഭഗഭവംശൂ
ലമുച്ചൈന്നിഹന്യാൽ. ൪൦

രൂക്ഷാന്നഭോജനം, രൂക്ഷപാനം, വിഷമഭക്ഷണം, വേഗരോധം, ദുഃഖം, ചേഷ്ടാനാശം, മലസംഗം, നിദ്രാക്ഷയം ഗുല്മസ്ഥാനങ്ങളിൽ മാറിമാറി വേദന, വാതസംഗം, കണ്ഠശോഷം, മുഖശോഷം, ശരീരത്തിൽകറുവാളിപ്പ്, അല്ലെങ്കിൽ ചുവപ്പ്, ഹൃദയം കുക്ഷി പാർശ്വഭാഗം തോൾ ഇൗ സ്ഥാനങ്ങളിൽ കഠിനവേദന, ദഹനത്തിൻശേഷം വേദനഉണ്ടാകുക, ഭക്ഷണം കഴിച്ചാൽ വേദനശമിക്കുക, ശീതജ്വരം ഇവയെല്ലാം വാതഗുല്മങ്ങളുടെ ഹേതുക്കളാണ്. ഇതിന് രൂക്ഷങ്ങളായും കൈപ്പ്, ചവർപ്പ്, എരിവ് ഇവയുള്ളതായും ഉപിക്കുന്ന പദാത്ഥങ്ങൾ ഭക്ഷിക്കരുത്. ചുക്ക് കൊട്ടുവേലിക്കിഴങ്ങ് ചൂടുള്ളപാല് എള്ള് ശക്കര ഇവ ഒന്നിച്ച് പാകംചെയ്ത് സേവിക്കണം. ഗുല്മം ഉദാവർത്തം, യോനിശൂല ഇവ ശമിക്കും.

ശുണ്ഠ്യാദി.

പലാർദ്ധകം പലദ്വയം പലം പലം ചതുഷ്പലം
സവിശ്വമത്രചിത്രകം തിലംഗുഡംപയഃ സൃതം
സവാതഗുല്മനാശനംതുയോനിശൂലഹാരകം. ൪൧

ചുക്ക് അരപ്പലം. കൊട്ടുവേലിക്കിഴങ്ങ് ൨ പലം. എള്ള് ഒരുപലം. ശക്കര ഒരു പലം. പാൽ നാലുപലം. എല്ലാംകൂടി യോജിപ്പിച്ചുപചിച്ച് സേവിക്കുക. വാതഗുല്മം യോനിശൂല ഇവ ശമിക്കും.

(ഈ യോഗം, "ലോകാഗ്നീചോഷ്ണദ്വേഷ" എന്ന പൂർവ്വശ്ലോകത്തിൽ പറയപ്പെട്ടതാണെങ്കിലും അവിടെ അതിന്റെ മാനം പറയായ്കയാൽ രണ്ടാമത് എടുത്തുപറഞ്ഞതാണ്.)

വേറൊന്ന്.

സ്വർജ്ജികാഗദസമം ച കേതകീ-
ക്ഷാരമത്ര തിലതൈലസംയുതം
വാതഗുല്മശമനായ പായയേ-
ദ്വൈദ്യഭൃത്പതിസമാജ്ഞയാ ധ്രുവം. ൨൩

സ്വർജ്ജികാക്ഷാരം കൊട്ടം കൈതക്ഷാരം ഇവ പൊടിച്ച് എള്ളെണ്ണയിൽകലക്കി സേവിക്കുക. വാതഗുല്മം ശമിക്കും.

പിത്തഗുല്മം.

കടുദന്തശഠാഗ്നിരീക്ഷ്ണരൂക്ഷ-
മദ്യൈർവിദാഹകരൈശ്ച ക്രോധമാദ്യൈഃ
അഥ ചാമവിഘാതതോഽഥദുഷ്ട-
രുധിരൈഃ പിത്തജഗുല്മസംഭവോഽത്ര. ൨൪

എരിവും പുളിയും ഉള്ള സാധനങ്ങളും തീക്ഷ്ണങ്ങളായും രൂക്ഷങ്ങളായും ഉൾപ്പുഴുക്കുണ്ടാക്കുന്നതായും ഇരിക്കുന്ന സാധനങ്ങളും ഭക്ഷിക്കുക, തീകൊള്ളുക, മദ്യപാനം ചെയ്യുക ഇവയെല്ലാം പിത്തഗുല്മകോപത്തിന്റെ ഹേതുക്കളാണ്.

ജ്വരസ്വേദതൃഷ്ണാസദനമപി രോഗോഽപി ലതനൗ
ഭവേച്ഛൂലം ജീർണ്ണ്യപി സദാ ശിതേ സ്വേദരപിച.
വ്രണസ്പർശേ യദ്വൽ പ്രഭവതി മഹാരുക് ച ദവഥു-
സ്തഥാ പൈത്തേ ഗുല്മേ ത്രിഫലജജലൈശ്ചാപി ത്രിവൃതഃ. ൨൫

സുചൂർണ്ണം കമ്പില്ലം സമശിതമലം മാക്ഷികയുതം
വിരേകായ ഹ്യോവാ മധുകശിശിരേ ഗോസ്തനികയാ
പയോമിശ്രേ പീതേ മധുകമഥ വാതണ്ഡുലജലൈർ-
മധൂത്ഥം പിത്തോത്ഥം ഹരതി നിയതം ഗുല്മനിചയം. ൨൬

ജ്വരം, സ്വേദം, തൃഷ്ണ, അഗ്നിമാന്ദ്യം, ശരീരത്തിലെല്ലാം ചുവപ്പ്, ദഹനത്തിനുശേഷം വേദന, വിയർപ്പ്, വ്രണത്തിൽ തൊട്ടാലത്തെപ്പോലെ ഗുല്മമുള്ള സ്ഥലത്തു തൊട്ടാൽ അധികമായ വേദന, ദേഹത്തിൽ അങ്ങുമിങ്ങും ചൂട് ഇവ പിത്തഗുല്മത്തിന്റെ ലക്ഷണങ്ങളാണ്. ഇതിന്ന് വിരേചനത്തിന്നായി ത്രികോല്പക്കൊന്നയും കമ്പിപ്പാലയും കൂടി പൊടിച്ച് ത്രിഫലക്കഷായത്തിൽ കലക്കി തേനും ചേർത്ത് സേ

വിക്കുകയോ ഇരട്ടിമധുരം ചന്ദനം മുന്തിരിങ്ങാപ്പഴം ഇവ കഷായം വച്ച് പാലും ചേർത്ത് സേവിക്കുകയോ ഇരട്ടിമധുരം പൊടിച്ച് തേനും ചേർത്ത് അരിക്കാടിയിൽ സേവിക്കുകയോ ചെയ്യണം. എന്നാൽ പിത്തഗുല്മം ശമിക്കും.

കഫഗുല്മത്തിന്റെ ഹേതുവും ലക്ഷണവും.

ഗുരുസ്നിഗ്ദ്ധം ശീതം ദിവസശയനം സ്ഥൈര്യമഥവാ
ഭവേൽ ചൂർണ്ണം സർവ്വം കഫകരമലം യച്ച നിതരാം
കഫോദ്ഭൂതേ ഹേതുസ്തനുസദനഹൃല്ലാസകസനൈർ-
ഗുരുത്വം സ്നിഗ്ദ്ധത്വം ജ്വരശിശിരതാ ചാന്നവിരുചിഃ. ൨൭

ഗുരുവും സ്നിഗ്ദ്ധവും ശീതവുമായ സാധനങ്ങൾ ഉപയോഗിക്കുക, പകലുറക്കം, അനങ്ങാതിരിക്കുക, തൃപ്തിയായി ഭക്ഷണം കഴിക്കുക, കഫകരങ്ങളായ വസ്തുക്കൾ ഉപയോഗിക്കുക ഇവയെല്ലാം കഫഗുല്മത്തിന്റെ കാരണങ്ങളാകുന്നു. ശരീരത്തിനു തളർച്ച, ഓക്കാനം, ചുമ, ഗുരുത്വം, സ്നിഗ്ദ്ധത്വം, ജ്വരം, തണുപ്പ്, അരുചി ഇവ കഫഗുല്മത്തിന്റെ ലക്ഷണങ്ങളാണ്.

തച്ചികിത്സ.

തിലൈരണ്ഡസിദ്ധാർത്ഥകോമാജബീജൈഃ
പ്രലിപ്യാഥ ഗുല്മോപരിഷ്ടാദവിശേഷാൽ
സുഖോഷ്ണൈശ്ച സംസ്വേദയേല്ലോഹപാത്രൈ-
ർഭിഷക് ശ്ലേഷ്മഗുല്മപ്രണാശായ നിത്യം. ൨൮

എള്ള് ആവണക്കിൻവേര് കടുക് അകത്തിക്കുരു ഇവ അരച്ച് ഗുല്മം ഉള്ള സ്ഥലത്ത് ഉപരിഭാഗത്തിൽ തേച്ച് ഇരുമ്പുപാത്രം കൊണ്ട് ചെറുചൂടോടെ നിത്യവും വിയർപ്പിക്കണം. എന്നാൽ കഫഗുല്മം ശമിക്കും.

ഭല്ലാതകഘൃതം.

ഭല്ലാതകാനാം ദ്വിപലം ച പഞ്ച-
മൂലീപലൈകം ച വിദാരിഗന്ധൈഃ
നീരാഢകേ പാച്യ ച പാദശേഷേ
കണാം വചാം നാഗരകം വിഡംഗം. ൨൯

യവാഗ്രജൈഃ സൈന്ധവചിത്രരാസ്നാ-
ബാഹ്ലീകകച്ചൂരവിഡാംസ്തഥൈവ
കർഷോന്മിതാന്യേഷു പൃഥക്പൃഥക് ച
ദ്വൈധികപ്രസ്ഥമിഹ ഘൃതസ്യ പ്രസ്ഥം.
സംപാചയേദ്വൈദ്യമധൂകേന സാർദ്ധം ൩൦

ശ്ലേഷ്മോദ്ഭവം ഗുല്മരുജം ച പാണ്ഡും
പ്ലീഹാമയം ശ്വാസരുജം തഥൈവ
പീതം നിഹന്ത്യാദ് ഗ്രഹണീവികാരം. ൭൬

ചക്കര പലം ൨. ബൃഹൽപഞ്ചമൂലം ഓരോപലം. മൂവില ഒരു പലം. ഇവ എല്ലാം കൂടി ൨ ഇടങ്ങഴി വെള്ളത്തിൽ പാകം ചെയ്തു നാലൊന്നാക്കി അതിൽ തിപ്പലി വയമ്പു ചുക്കു് വിഴാലരി ചവർക്കാരം ഇന്തുപ്പു് വെളുത്താവണക്കിൻവേര് അരത്ത കായം കച്ചോലം വിളയുപ്പു് ഇരട്ടിമധുരം ഇവ മുമ്മൂന്നുകഴഞ്ചുവീതം അരച്ചുകലക്കി ഇടങ്ങഴി നെയ്യും ഇടങ്ങഴിപാലും ചേർത്തു് കാച്ചുക. ഈഘൃതം ശ്ലേഷ്മഗുല്മം, പാണ്ഡു, പ്ലീഹ, ശ്വാസം ഗ്രഹണി ഇവയെ ശമിപ്പിക്കും.

വാതപിത്തജഗുല്മം.

ജീര്യത്യന്നേ ശൂലമേവാശു ജീർണ്ണേ
ചേച്ഛാഞ്ചല്യം ചാപി പീഡാവിശേഷാൽ
ഭുക്തേദാഹോ ചാന്യഥാ ശൈത്യമത്ര
ഗുല്മേ പ്രായോ വാതപിത്തപ്രഭൂതേ. ൭൭

അന്നം ദഹിച്ചുകൊണ്ടിരിക്കുമ്പോഴും ദഹിച്ചുകഴിഞ്ഞതിനു ശേഷവും ശൂലം, ഗുല്മത്തിനു് ഇളക്കം, പീഡ, ഊണുകഴിഞ്ഞാൽ മിക്കവാറും സർവാംഗസന്താപം, അല്ലെങ്കിൽ ശൈത്യം ഇവ വാതപിത്തഗുല്മലക്ഷണങ്ങളാണു്.

വാതപിത്തഗുല്മചികിത്സ.

ദ്രാക്ഷായവക്ഷാരശിലാജതൂനാം
ഭാഗേന തുല്യേന തഥാശിവാനാം
ചൂർണ്ണം ച പഞ്ചാംഗുലിജദ്രവേണ പീതം
ഗുല്മം നിഹന്ത്യാശു ച വാതപൈത്തം. ൭൮

മുന്തിരിങ്ങ ചവർക്കാരം കല്മദം ഇവയൊക്കെക്കൂടിയിടത്തോളം കടുക്കാ. എല്ലാം കൂടി പൊടിച്ചു് ബൃഹൽപഞ്ചമൂലം കഷായം വച്ചു് അതിൽ സേവിക്കുക; വാതപിത്തഗുല്മം ശമിക്കും.

വേറൊന്നു്.

ത്രായമാണപ്രസൃതിം ദശഭാഗ
നീരസിദ്ധമിഹ പഞ്ചമഭാഗം
വസ്ത്രപൂതമഥ കർഷികകല്കൈഃ
രോഹിണീത്രികടുധാന്യകാനാം. ൭൯

ചന്ദനോൽപലകൃശാനുവിഡംഗ-
ത്രായമാണത്രിഫലാനളദാനാം

ഗോസ്തനസ്യ ചവികാകടുകാനാം.
രക്തചാസ്തകസയാഷ്ടിയുതാനാം. ൮൦

ധാത്രികാഫലരസാഷ്ടപലേന
തദ്വദേവ പയസാത്ര ഘൃതം ദ്രാക്
സാധിതം സമശിതം ഖലു വാത-
പിത്തഗുല്മശമനായ ച പീതം. ൮൧

നാലുപലം ബ്രഹ്മി പത്തിരട്ടിവെള്ളത്തിൽ കഷായം വച്ചു് അഞ്ചുഭാഗമാക്കി അരിച്ചെടുത്തു് കടുകുരോഹിണി ചുക്കു മുളകു തിപ്പലി, കൊത്തമ്പാലയരി മുത്തങ്ങാക്കിഴങ്ങു് ചന്ദനം ചെങ്ങഴിനീർക്കിഴങ്ങു കൊടുവേലിക്കിഴങ്ങു് വിഴാലരി ബ്രഹ്മി ത്രിഫല രാമച്ചം മുന്തിരിങ്ങാ കാട്ടുമുളകുകൊടിവേരു് കടുകു് ചുവന്നവസ്ത്രച്ചീര കൊടിത്തൂവവേരു് ഇവ മുമ്മൂന്നുകഴഞ്ചുവീതം അരച്ചുകലക്കി, ഇരുനാഴി പച്ചനെല്ലിക്കാനീരും ഇരുനാഴി പാലും ഇടങ്ങഴിനെയ്യും ചേർത്തുകാച്ചുക. ഈ നെയ്യു് സേവിച്ചാൽ വാതപിത്തഗുല്മം ശമിക്കും.

വാതകഫജഗുല്മം.

മന്ദം വിസൎപ്പതിയദാ ജഠരേ ചമന്ദ-
പീഡശ്ച ഗൗരവയുതഃ ശിശിരശ്ച ഗുല്മഃ
ഹൃല്ലാസകൃച്ച ഖലു വാതകഫപ്രഭൂത-
സ്തസ്യോപചാരമധുനാത്ര വിചാര്യ വക്ഷ്യേ. ൮൨

ജഠരത്തിൽ മന്ദമായി വ്യാപിക്കുക, പീഡകുറഞ്ഞിരിക്കുക, വയറ്റിൽ കനം, തണുപ്പു്, നെഞ്ചെരുക്കം ഇവ വാതകഫഗുല്മത്തിന്റെ ലക്ഷണങ്ങളാണു്. അതിനുള്ള ചികിത്സയെയാണു് ഇനിയും പറയാൻ പോകുന്നതു്.

മിശ്രകസ്നേഹം.

ദഹനസിന്ധുധനാഹ്വപുഷ്കരാ-
ത്രികടുകത്രിഫലാദശമൂലകൈഃ
മഗധജാംഗുലിത്രിവൃദ്ഭിരലം തഥാ
വരയവാനികയാ ഖലു ദന്തിനീ. ൮൩

അപി ച ദാഡിമചവ്യസുജാതികാഃ
പലമിതാശ്ച ചലൈശ്ച പലൈഃ പൃഥക്
പയസി വേദഗുണേ ച ശൃതാസ്സമം
ശൃതതമേ ചജലേപദശേഷിതേ. ൮൪

ഘൃതരുബൂകജതൈലപയാംസി വൈ
വരഭിഷക്പരിപാച്യ ച മിശ്രകം

സമധുവാതകഫോദ് ഭവേദ്ഗുല്മിനേ
പരിദദീതതത്ഥൈവച കുഷ്ഠിനേ. ൩൦

യോനിശൂലമുദരാഗ്നിനാശയേൽ
കുഷ്ഠഗുല്മഗുദശൂലദാനലം
പ്ലീഹരോഗമഥമിശ്രകസ്സദാ
സ്നേഹഏഷപരിപീയതേ യദാ. ൩൧

കൊട്ടവേലിക്കിഴങ്ങ് ഇന്തുപ്പ് കൊത്തമ്പാലയരി അടയ്ക്കാമണിയൻവേര് മേദ ചുക്ക മുളക തിപ്പലി ത്രിഫല ദശമൂലം തിപ്പലിമൂലം ത്രികോല്പക്കൊന്ന ജീരകം നാഗദന്തിവേര് താളിമാതളത്തോട് ജാതിക്ക ഇവ ഓരോ പലം. അടവിക്കച്ചോലം പലം ഒന്ന്. എല്ലാ മരുന്നുകളുടെയും നാലിരട്ടി വെള്ളത്തിൽ കഷായം വച്ച് നാലൊന്നാക്കി, നെയ്യ് ആവണക്കെണ്ണ, പാൽ ഇവ ചേർത്തുകാച്ചി, തേൻകൂട്ടി സേവിക്കുക, വാതകഫഗുല്മം, കുഷ്ഠം, യോനിശൂലം, മഹോദരം, ശൂലം, പ്ലീഹരോഗം, ഇവ ശമിക്കും. ഇതിന് മിശ്രകഘൃതം എന്നു പേർ.

ഹിംഗ്വചാദി.

ഹിംഗുഗ്രഗന്ധാഹപുഷാഭയാനാം
പാഠാജമോദാഗ്നികനാശടീനാം
ദ്വിക്ഷാരചവ്യദ്വിപട്ടത്രയാണാം
കടുത്രയാണാമജഗന്ധികായാഃ. ൩൨

തിന്തീഡികാദാഡിമപൌഷ്കരാണാ-
മജാജികാമ്ലാദികവേതസാനാം
ചൂർണ്ണം ചമദ്യേനതതോഷ്ണനീരൈഃ
സശ്ലേഷ്മവാതപ്രഭവേതുഗുല്മേ. ൩൩

ഹൃദ്വസ്തിപാർശ്വപ്രഭവേപിശൂലേ
പായുപ്രഭൃതേപിചയോനിശൂലേ
പാണ്ഡ്വാമയേ പ്ലീഹഗദേസ്ഥൗച
ഹിക്കാഗദേശ്വാസഗളഗ്രഹേച. ൩൪

അർശോവികാരേഗ്രഹണീഗദേചാ-
പ്യരോചിബന്ധേ വിധിവൽപ്രദേയം
വാജീജപൂരദ്രവഭാവിതസ്യ
യഥേഷ്ടഭാഗേന ച തസ്യ കല്ക്കഃ. ൩൫

ഹിക്കാസുദേയാശ്ചഭിഷഗ്ഭിരത്ര
ഹിംഗ്വാദിചൂർണ്ണം ച തഥാവടീവാ

ഭക്താഗ്നിമാന്ദ്യപ്രഭവാനനേകാൻ
വ്യാധീംശ്ചസദ്യോഹനിരാകരോതി. ൩൬

കായം വയമ്പ് അടയ്ക്കാമണിയൻവേര് കടുക്കാത്തോട് പാടക്കിഴങ്ങ് അയമോദകം കൊട്ടവേലിക്കിഴങ്ങ് കൊത്തമ്പാലയരി കച്ചോലം ചവക്കാരം തുവച്ചിലക്കാരം കാട്ടുമുളകുകൊടിവേര് ഇന്തുപ്പ് വിളയുപ്പ് തുവച്ചിലയുപ്പ് ചുക്ക മുളക തിപ്പലി ആട്ടുനാറിവേള പുളിവേഗിൻതൊലി മാതളത്തോട് പുഷ്കരമൂലം ജീരകം ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ പൊടിച്ച് മദ്യത്തിലോ ചൂടുവെള്ളത്തിലോ സേവിക്കുക. കഫവാതഗുല്മം, ഹൃദയശൂലം, വസ്തിശൂലം, പാർശ്വശൂലം, ഗുദശൂലം, യോനിശൂലം, പാണ്ഡു, പ്ലീഹ, അരുചി, ഇക്കിൾ, ശ്വാസം, ഗളഗ്രഹം, അർശസ്സ്, ഗ്രഹണി, ഉദരാബന്ധം, ഇവ ശമിക്കും. ഈ ചൂർണ്ണം മാതളനാരങ്ങാനീരിൽ അരച്ച് വടകമാക്കി ഇക്കിളിനുകൊടുത്താൽ ദൃഷ്ടഫലമാണ്. അതുകൂടാതെ അഗ്നിമാന്ദ്യംകൊണ്ടുണ്ടായിട്ടുള്ള സകലരോഗങ്ങളെയും ഹനിക്കും.

പിത്തകഫജഗുല്മം.

ജ്വരഃ സപീഡോ വ്രണവദ്വിദാഹ-
ശൈത്യയദാവംക്ഷണയോർഭവേതാം
തഥാശരൈർജീർണ്ണതിയച്ചപിത്ത-
ശ്ലേഷ്മോദ്ഭവേ സ്വേദജലം ചഗുല്മേ. ൩൭

പീഡയോടുകൂടിയ ജ്വരം, വ്രണത്തിൽ ഉണ്ടാകുന്നതുപോലെ ഒടിവുകളിൽ ചൂടും തണുപ്പും ഉണ്ടാകുക, ദഹനം തുടങ്ങുമ്പോൾ വിയർപ്പ് ഇവ പിത്തകഫജമായ ഗുല്മത്തിന്റെ ലക്ഷണമാണ്.

പിത്തകഫജഗുല്മചികിത്സ.

വിദാരീശടീക്ഷീരകാകോളികാഭിർ-
ധനാദേവദാരുത്രയൈത്ര്യൂഷണൈശ്ച
സമധ്വാജ്യയഷ്ടീകഷായം സചവ്യം
സസിന്ധും സഖണ്ഡം ച മധ്വാനപീതം ച. ൩൮

സപിത്തം വലാസപ്രഭൃതം ചഗുല്മം
നിഹന്ത്യാശുപീതം കൃതം വൈദ്യധുര്യൈഃ
തഥാന്യന്നളാദിപ്രഭൃതം കഷായം
സപിത്തേവലാസോത്തരേഗുല്മരോഗേ. ൩൯

പാൽമുതക്കിൻകിഴങ്ങ് കച്ചോലം ക്ഷീരകാകോളി കൊത്തമ്പാലയരി ദേവതാരം ചുക്ക മുളക തിപ്പലി ഇരട്ടിമധുരം കാട്ടുമുളകുകൊടിവേര ഇവകഷായംവച്ചു തേൻ നെയ്യ് ഇന്തുപ്പ് കല്ക്കണ്ടം മദ്യം ഇവ

ഏതെങ്കിലും അനുപാനമായി സേവിക്കുക. കഫപിത്തജമായ ഗുല്മം ശമിക്കും. ഇതുകൂടാതെ വേഴപ്പുല്ല് കഷായംവെച്ചു മുൻപറഞ്ഞ അനുപാനം ഏതെങ്കിലും ചേർത്തു സേവിച്ചാലും കഫപിത്തഗുല്മം ശമിക്കും.

മറ്റൊന്ന്.

നളവഞ്ജുളകാശകശേരുകഝുടാ-
ശ്രുതമംബുലവല്ലതമകംബുയുതം
സയവാഗ്രജമാശു ചഗുല്മമലം ൧൦
ബഹുപിത്തബലാസഭവം തു ഹരേൽ.

വേഴപ്പുല്ലിൻവേര് അശോകത്തൊലി ഞാറുവേര് കശവേര് കരിമ്പിൻവേര് കച്ചോലം ചവർക്കാരം ഇവ കഷായംവെച്ച് സേവിക്കുക; പിത്തകഫജമായ ഗുല്മം ശമിക്കും.

ത്രിദോഷജഗുല്മം.

ഉപദ്രവൈർഗ്ഗ് സകലൈഃ സമേതോ
ഗുല്മസ്ത്രിദോഷപ്രഭവോഹിലൈശ്ച
ദോഷൈസ്ത്രിഭിശ്ചാശു ത്രിഭിരുപായൈഃ ൧൧
സാദ്ധ്യഃ സമാപ്യോ ഭവതീത്യഥാശു.

ഓരോ ദോഷങ്ങളും കോപിച്ചാലുള്ള ലക്ഷണങ്ങൾ എല്ലാം കൂടി ഒന്നിച്ച് ഉണ്ടായിരുന്നാൽ അതു ത്രിദോഷഗുല്മമാണ്. ഇതിനു ഓരോ ദോഷകോപത്തിനും പറഞ്ഞിട്ടുള്ള ചികിത്സകൾ എല്ലാം ഒന്നിച്ചു ചെയ്യണം. എന്നാൽ അതു അസാദ്ധ്യമായിത്തീരും.

ത്രിദോഷഗുല്മചികിത്സ.

ക്ഷാരാഷ്ടകം.

പലാശവജ്രീതിലനാളചിഞ്ചാ-
കേകീയവസ്വർജ്ജികടങ്കണാനാം
ക്ഷാരാനഥാക്ഷസ്യ ച കന്യകായാം ൧൨
മാംസേന ഗോധാപ്യയുതം ച ചൂർണ്ണം.
വ്യോഷാഭയാസിന്ധുഭവം വിശേഷാൽ
സുധൂളിതം യസ്തു ഗിളേദനന്യഃ
ത്രിജാതഗുല്മം ചശിവാസ്രരോഗ- ൧൩
മജീർണ്ണമാശ്വഷ്ടകമേവഹന്തി.

പ്ലാശിൻതൊലി കള്ളിപ്പാലവേരിൻതൊലി എള്ളിൻകോച്ചിൽ ചെറുകടലാടി യവം സർജ്ജീക്ഷാരം പൊൻകാരം എരിക്കിൻവേര്

ഇവ ഒരു കലത്തിൽ ഇട്ട് ആ കലത്തിന്റെ വായ് ചട്ടികൊണ്ട് മൂടി ശീലമൺചെയ്ത് അടിക്ക് തീയെരിച്ച് ക്ഷാരമാക്കിയെടുത്ത്, കററാർവാഴയുടെ മാംസവും നെയ്യും ചേർത്ത് സേവിക്കുക. വിശേഷിച്ച് ഈ ക്ഷാരത്തിന്റെകൂടെ ചുക്ക മുളക തിപ്പലി കടുക്ക ഇന്തുപ്പ് ഇവ പൊടിച്ച പൊടിയുംകൂടി ചേർത്തുകൊള്ളണം. ത്രിദോഷഗുല്മം, ശൂലം, അജീർണ്ണം ഇവ ശമിക്കും.

വജ്രക്ഷാരം.

സാമുദ്രസൈന്ധവസുവർച്ചലടങ്കണാനാം
സുസ്വർജ്ജികാസമയവാഗ്രജസംയുതാനാം
ചൂർണ്ണംസവജ്രിരവിദുഗ്ദ്ധവിഭാവിതംപ്രാഗ്- ൧൪
ത്രേധാർക്കപത്രപരിലിപ്തവിദഗ്ദ്ധമന്തഃ.

ക്ഷാരംഫലത്രയകടുത്രയവഹ്നിജീര-
ദീപ്യാസമംസമശിതം ഖലുടങ്കയുഗ്മം
ഗുല്മോദരേഷ്വപിശസ്തഗദേഷ്വജീർണ്ണ- ൧൫
മന്ദാഗ്നിരോഗനികരേഷ്വതഥോർദ്ധ്വവാതേ.

വാതേഽധികേ കോഷ്ണജലൈർഗ്ഘൃതേന
പിത്തേകഫേവാപിഗവാം ചനീരൈഃ
സൽകാഞ്ജികേനാപി ച സന്നിപാത- ൧൬
കോപേസ്വയംഭൂഗദിതം വിശേഷാൽ.

പ്ലീഹോദരേക്ഷാരമിദം ചവജ്ര-
ശബ്ദാദികം സേവ്യമലംമനുഷ്യൈഃ
യഥാനുപാനം വരവൈദ്യവ്രാ- ൧൭
സമാജ്ഞയാനിത്യസുപത്ഥ്യമശ്നൻ.

കടലുപ്പ് ഇന്തുപ്പ് തുവർച്ചിലക്കാരം പൊൻകാരം സർജ്ജിക്ഷാരം ചവക്കാരം ഇവ പൊടിച്ച് കള്ളിപ്പാലയുടേയും എരിക്കിന്റെയും പാലിൽ മൂന്നുതവണ അരച്ച് ഒന്നാക്കി, പൊടിച്ച് ആ പൊടി എരിക്കിലയിൽ തേച്ചുപിടിപ്പിച്ച് ഒരു കുടത്തിൽ ഇട്ട് ആവി വെളിയിൽ പോകാതെ, പാകംചെയ്ത് ക്ഷാരമാക്കി അതിൽ ത്രിഫല ചുക്ക മുളക തിപ്പലി കൊടുവേലിക്കിഴങ്ങ് ജീരകം അയമോദകം ഇവ സമം എടുത്ത് ക്ഷാരത്തിൽ പകുതിചേർത്ത് യോജിപ്പിച്ച് കഴഞ്ചുവീതം സേവിക്കുക; ഗുല്മം, ഉദരം, ശൂലം, അജീർണ്ണം, ഊർദ്ധ്വവാതം ഇവ ശമിക്കും. വാതാധിക്യത്തിൽ ചൂടുവെള്ളത്തിലും, പിത്താധിക്യത്തിൽ നെയ്യിലും, കഫാധിക്യത്തിൽ ഗോമൂത്രത്തിലും, സന്നിപാതഗുല്മത്തിൽ കാടിയിലും സേവിക്കണം. പ്ലീഹോദരത്തിന് ഈ

ക്ഷാരം സിദ്ധഫലമാണ്. ഇതുകൂടാതെ ദക്ഷനായ വൈദ്യൻെറ അഭിപ്രായപ്രകാരം യുക്താനുപാനത്തിൽ ഈ ക്ഷാരം നിത്യവും സേവിച്ചാൽ എല്ലാരോഗങ്ങൾക്കും നല്ലതാണ്. ഇതിന്നു വജ്രക്ഷാരം എന്നുപേർ.

ആർത്തവഗുല്മം.

യദാനവപ്രസൂതികാകുപഥ്യപാനാശാലിനീ
തഥാമഗർഭമോക്ഷിണീ ഋതൗ ഋതൗ വിശേഷതഃ
പരിസ്രവന്നുപേക്ഷിതോ ഗതാനിലോ ധ്രുവംസ്ത്രിയൈ
കരോതിഗർഭലക്ഷണം സദാഗതിസ്തുഗുല്മകം. ൭൮

തദാസ്യന്ദതേപിണ്ഡിതഏവപൈത്ത-
സമംലിംഗമേതസ്യശൂലേനയുക്തം
സഗുല്മോഭവേദ്രൌധിരോമാസദിഗ്ഭിഃ
പരംസഃപരീക്ഷ്യ പ്രതീകാര്യഏവ. ൭൯

പ്രസവിച്ചുകിടക്കുമ്പോൾ അപഥ്യാഹാരങ്ങൾ ഭക്ഷിക്കുക; ഗർഭം പൂർണ്ണമാകാതെ അലസിപ്പോകുക; ഋതുവായിരിക്കുമ്പോൾ ഭർത്തൃസംഗമംചെയ്ക; ഈ കാരണങ്ങൾകൊണ്ട് വായു കോപിച്ച് ആർത്തവരക്തത്തെ പിടിച്ച് ഗർഭാകൃതിയിൽ ഗുല്മത്തെ ഉണ്ടാക്കും. ആ ഗുല്മം പിണ്ഡാകാരം ആയിട്ട് ഇളകും. പിത്തഗുല്മത്തിൻെറ ലക്ഷണവും ശൂലവും ഉണ്ടായിരിക്കും. ഇതാണ് രക്തഗുല്മം. ഇത് പത്തുമാസം കഴിഞ്ഞതിന്നുശേഷം പരീക്ഷിച്ചുനോക്കീട്ടുവേണം ചികിത്സിക്കേണ്ടത്.

യഥാവായഥാജീർണ്ണതാ ചാസ്യസാദ്ധ്യ-
സ്തഥാസൈഃസ്തഥാസംചികിത്സ്യസ്തുവൈദ്യൈഃ
തദാക്ഷാരതോയൈഃ പലാശസ്യപേയം
ഭിഷക് പായയേന്നഷ്ടദുഗ്ധാകൃതിശ്ചേൽ. ൮൦

രക്തഗുല്മത്തിൽ അജീർണ്ണം വരാതിരിക്കത്തക്കവിധം വേണം വൈദ്യൻ ചികിത്സിക്കേണ്ടത്. രക്തഗുല്മമുള്ളവർക്ക് മുലയിൽനിന്നും പാൽ വരുന്നില്ല എങ്കിൽ പലാശക്ഷാരം വെള്ളത്തിൽ കലക്കി തെളിച്ച് എടുത്ത് അതിൽ നെയ്യുകാച്ചി കൊടുക്കണം.

സ്തനേഗർഭവത്യാസ്സമാനംപ്രവക്ഷ്യ
വിശേഷേണ ഫേനോദ്ഗമംസംപരീക്ഷ്യ
തിലവ്യോഷഭാർങ്ഗീഗുഡകാഥമദ്യൈ-
ർഘൃതൈർവൈദ്യഭ്രൂപോപിഭ്രൂപാജ്ഞതൈവ. ൮൧

ഉദീതപ്രകർഷേണമൂഢശ്ച ഗർഭോ
പതത്യാശ്രുകേശാസ്ഥിഹീനോപ്യപിസദ്യഃ
തഥാനഷ്ടപുഷ്പാപിവ്യോഷസ്യപാനാ-
ല്ലഭേന്നഷ്ടപുഷ്പം വിശേഷേണ ചൈതൽ. ൮൨

രക്തഗുല്മിനിയ്ക്ക് മുലക്കണ്ണു കറുക്കുക, മുലയിൽ പാൽ ഊറുക മുതലായ ഗർഭിണിയുടെ ചിഹ്നം കണ്ടാൽ വിശേഷിച്ചും മുലയിൽനിന്ന് പത പുറപ്പെടുന്നുണ്ടെങ്കിൽ എള്ള ചുക്കു മുളക് തിപ്പലി ചെറുതേക്ക് ഇവ കഷായംവെച്ച് ശർക്കരയും നെയ്യും അനുപാനം ചേർത്ത് കൊടുക്കണം. എന്നാൽ കേശം അസ്ഥി ഇവയൊന്നും ഇല്ലാതെ മൂഢഗർഭം പതിക്കും. ഋതുവാകുമ്പോൾ രജസ്സ് ഇല്ലാത്തവൎക്ക്, ചുക്കു മുളകു തിപ്പലി ഇവ പൊടിച്ച് ചൂടു വെള്ളത്തിൽ കലക്കി കൊടുത്താൽ രജസ്സ് ഉണ്ടാകും.

ഗുല്മോപദ്രവങ്ങൾ.

ശിരോരുഗ്ജ്വരഃ പാർശ്വപീഡാ ച ദാഹ-
സ്തൃഷാശീതതാനിശ്ചലത്വം ച കാസഃ
തഥാഗൌരവാന്യത്ര ഹൃല്ലാസ ഏതേ
ദശോപദ്രവാഗുല്മരോഗസ്യ നിത്യം. ൮൩

തലവേദന, ജ്വരം, പാർശ്വപീഡ, സർവ്വാംഗസന്താപം തണ്ണീർദാഹം തണുപ്പ്, ഗുല്മത്തിന് ഇളക്കമില്ലായ്ക, ചുമ, വയററിൽ കനം നെഞ്ചുരുക്കം ഇങ്ങനെ പത്ത് ഉപദ്രവങ്ങൾ ഗുല്മരോഗത്തിൽ ഉണ്ടായിരിക്കും.

ഗുല്മത്തിൻെറ അസാദ്ധ്യലക്ഷണം.

അതിദവഥുപരീതമശ്മതുല്യം
ബഹുരുജമുന്നതശീഘ്രദാഹിതീവ്രം
ത്രിദോഷമഥതൈർവഗുന്മരോഗം
ബലജഠരാനലഹാരികം ത്വസാദ്ധ്യം. ൮൪

അതിയായ സന്താപം, കല്ലുപോലെ കാഠിന്യം, അതിവേദന, ഇവയുണ്ടായിരിക്കുക; പൊങ്ങിയും, ശീഘ്രദാഹിയായും തീവ്രമായും ഇരിക്കുക; ഇങ്ങനെയുള്ള ഗുല്മവും ത്രിദോഷോത്ഭവവും ബലക്ഷയം അഗ്നിമാന്ദ്യം ഇവയെ ഉണ്ടാക്കുന്നതുമായ ഗുല്മവും അസാദ്ധ്യമാണ്.

ക്രമശഃ കൃതവസ്തുപരിഗ്രഹണം
ശിവശസ്ത്രയുതം ബഹുതഷ്ടകരം
ജ്വരവേപഥുഛർദ്ദിവിരേകരുജം
ശ്വസനശ്വയഥുപ്രയുതം ച ഖരം. ൮൫

അപി ക്രമ്മസമോന്നതമേവ സിരാ-
പരിണദ്ധമലം യദി ഗുല്മഗദം
ശയനാഭിപദേഷു ഹൃദിശ്വയഥുർ-
യദി ഗുല്മഗദേന്നതശ്ചേർ വികൃതിഃ. ൭൩

യദി കാർശ്യമലം ചതനൌ ഭവതി
പ്രസഭം ജ്വരസ്യ ച ഗ്രന്ഥിഗതം
അതിമൂഢതമത്വമസൌ വ്രജതി
ധ്രുവമേവ യമസ്യ നികേതമലം. ൭൪

ക്രമേണ വളരെസ്ഥലത്തു് വ്യാപിക്കുക, ശൂലം, വലിയ തണ്ണീർദാഹം, ജ്വരം, വിറയൽ, ഛർദ്ദിക്കുമ്പോഴും വയറിളകുമ്പോഴും വേദന, ശ്വാസം, നീരു്, പറുപറുപ്പു്, ആമയുടെ ആകൃതിയിൽ ഇരിക്കുക, ഉദരം ഞരമ്പുകൾകൊണ്ടു മൂടിയിരിക്കുക, കയ്യു്, നാഭി, പാദം, ഹൃദയം, ഈ സ്ഥാനങ്ങളിൽ നീരു്, അരുചി, ശരീരത്തിനു വളരെ ചടവു്, മുഴയുണ്ടായി പെട്ടെന്നുമായുക, അതിമൂഢത്വം ഈ ലക്ഷണങ്ങൾ ഉള്ള ഗുല്മവും നിശ്ചയമായും അസാദ്ധ്യമാണു്.

ഗുല്മം വിട്ടുമാറിയാലുള്ള ലക്ഷണം.


അനുപലബ്ധിരലം ലഘുതാരഥാ
ക്രമതഷ്യവതു കോപ്യവിഹീനതാ
അധികഭോജനപാനയഥേച്ഛതാ
വിഗതഗുല്മഗദസ്യ ഹി ലക്ഷണം. ൭൫

ഗുല്മം ഇല്ലാതാകുക; കനക്കുറവു്, വയററിൽ ഒന്നും ഇല്ല എന്നു തോന്നുക; ഉണ്ണുന്നതിനും ജലപാനത്തിനും അധികമായ ആഗ്രഹം, ഇവ ഗുല്മം വിട്ടുമാറിയാലുള്ള ലക്ഷണമാണു്.

ശ്രീമൽഗുരോഃ പാദസരോജഭൃംഗ-
ശ്രീകാശിനാഥാഖ്യചികിത്സകേന
ശ്രീതാതവൈദ്യാധിപവർണ്ണിതം യൽ
കൃതന്തു ഗുല്മസ്യ ചികിത്സിതം തൽ. ൭൬

ഗുരുപാദാംബുജഭക്തനായ കാശിനാഥൻ എന്ന വൈദ്യവര്യൻ ഭിഷഗ്വരനായ സ്വതാതനാൽ നിർമ്മിക്കപ്പെട്ട പല ശാസ്ത്രങ്ങളും നോക്കി അതിനെ അനുസരിച്ചു് ഈ ഗുല്മചികിത്സയും ഇവിടെ കാണിച്ചിരിക്കുന്നു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ഗുല്മരോഗാധികാരം എന്ന ൨൪-ാം അദ്ധ്യായം കഴിഞ്ഞു.



പഞ്ചവിംശസ്തബകം.

ഹൃദ്രോഗാധികാരം.

താതം നിജം മാതൃയുഗം ഗുരും സ്വം
നത്വാവിലോക്യാപി ച സുശ്രുതാദീൻ
കുര്വേ ചികിത്സാം തു ഹൃദാമയസ്യ
ശ്രീവൈദ്യഭൂപാനുമതേന സമ്യക്. ൧

നിജജനകൻ, രണ്ടമ്മമാർ, സ്വഗുരു ഇവരെ വന്ദിച്ചു് 'സുശ്രുതാദി, മഹാഗ്രന്ഥങ്ങളും പരിശോധിച്ചുനോക്കി വൈദ്യവര്യന്മാരുടെ അഭിപ്രായമനുസരിച്ചു് ഞാൻ ഹൃദ്രോഗചികിത്സയെ പറയുന്നു:

ഹൃദ്രോഗനിദാനം.

അത്യുഷ്ണം ച കഷായമമ്ലകഗുരുതിക്താദഭോജനാന്നവ-
ശ്ചിന്താവേഗവിധാരണശ്രമമഹാഘാതൈശ്ച ഭോജ്യൈരലം
ഹൃദ്രോഗഃ ഖലു വൈമനസ്യജനിതഃ പുംസസ്സമുജ്ജൃംഭതേ
പൂർവ്വം രൂപമഥസ്വരൂപമപി വാ പഥ്യം ച സംസ്യബ്രുവേ. ൨

അത്യുഷ്ണമായും കഷായരസം അമ്ലരസം തിക്തരസം ഇവയോടും, ഗുരുത്വത്തോടുകൂടിയതായും ഇരിക്കുന്ന സാധനങ്ങൾ ഭക്ഷിക്കുക കൊണ്ടും, ചിന്ത മലമൂത്രാദിവേഗധാരണം ശ്രമം അഭിഘാതം (അടി ഇടി മുതലായ ഹേമം) അദ്ധ്യശനം, ഇവകൊണ്ടും ആണു് ഹൃദ്രോഗം ഉണ്ടാകുന്നതു്. ഹൃദ്രോഗിയ്ക്കു വൈമനസ്യവും കാരണമായിരിക്കാം. ഇനിയും ക്രമേണ, ഹൃദ്രോഗത്തിൻെറ പൂർവ്വരൂപം, രൂപം, പത്ഥ്യാചരണം മുതലായവയെ പറയുന്നു.

ഹൃദ്രോഗത്തിൻെറ പൂർവ്വരൂപം.

ഭവേൽ കണ്ഠദാഹസ്തു ഭക്തേന്നപാകോ
ഭവേന്നൈവ സമ്യക് പ്രസേകസ്തഥാ ച.
ഭവേൽ സ്തംഭജൃംഭേ ച ഹൃദ്രോഗഷ്യവ
ഭവിഷ്യത്യലം സർവ്വഥൈവ ഭവന്തി. ൩

ഭുജിച്ചാൽ കണ്ഠദാഹം, ഭക്ഷിക്കുന്ന അന്നം വേണ്ടപോലെ പാകം വരാതിരിക്കുക; വായിൽകൂടി വെള്ളം വരിക; സ്തംഭം, മൂരിവിടുക, ഇവ ഹൃദ്രോഗത്തിൻെറ പൂർവ്വരൂപമാണു്.

ഹൃദ്രോഗസംപ്രാപ്തി.

വിഗുണദോഷചയാഹൃദയം ഗതാ-
രസമലം പരിദൂഷ്യ ഹൃദി തദ്വരം

കിമപി ബാധമഹോരസി കുർവ്വതേ
ഹൃദയരോഗമസൌ പരികീർത്തിതഃ. ൪

ദോഷങ്ങൾ ദുഷ്ടങ്ങളായിത്തീർന്ന് രസത്തെ ദൂഷിപ്പിച്ച് ഹൃദയത്തിൽ ചെന്നുചേർന്ന് അവിടെ പീഡയെ ഉണ്ടാക്കുന്നു. ഇതാണ് ഹൃദ്രോഗത്തിന്റെ സംപ്രാപ്തി.

ഹൃദ്രോഗത്തിൽ ശീലിക്കേണ്ടവ.

മധുരപാചകരോചകവാതഹൃ-
ന്മനസി ചേഷ്ടതമം ഖലു യസ്യ യൽ
ഹൃദയരോഗരുജാം പരികീർത്തിതാം
ബഹുപരീക്ഷ്യ തദാഹിതമിഷ്ഠതാം. ൫

മധുരവും പചനശക്തിയും രുചിയും ഉള്ളതും, വാതഹരവും മനസ്സിന് ഹിതവും ആയ വസ്തുക്കൾ നല്ലവണ്ണം പരീക്ഷിച്ച് ഹൃദ്രോഗി ശീലിക്കണം.

ഹൃദ്രോഗചികിത്സ.

ഘൃതദുഗ്ധഗുഡാംബുഭിഃ ക്രമാൽ
കകുഭത്വക്പരിചൂർണ്ണിതം ഭജേൽ
ഹൃദയസ്യ രുജാസു ജീർണ്ണകേ
ബഹുധാ ലോഹിതപിത്തനാശനം. ൬

നീർമരുതിൻതൊലി ഉണക്കിപ്പൊടിച്ച് നെയ്യ് പാൽ ശർക്കര ജലം ഇവയിൽ ക്രമേണ സേവിക്കുക. ഹൃദ്രോഗം, ജീർണ്ണജ്വരം, രക്തപിത്തം ഇവ ശമിക്കും.

വേറൊരുയോഗം.

ഹരീതകീമാഗധികാവചാനാം
രാസ്നാശഠീനാഗരപുഷ്കരാണാം
ചൂർണ്ണം ച ഹൃദ്രോഗഹരം വിശേഷാൽ-
സേവ്യം തദാ വൈദ്യനൃപാ വദന്തി. ൭

കടുക്കാത്തോട് തിപ്പലി വയമ്പ് അരത്ത കച്ചോലം ചുക്ക് പുഷ്കരമൂലം, ഇവ പൊടിച്ച് യുക്തമായ അനുപാനത്തിൽ സേവിക്കുക; ഈ ചൂർണ്ണം ഹൃദ്രോഗത്തിന് വളരെ വിശേഷമാണ്.

അന്യയോഗം.

ചൂർണ്ണം ച പുഷ്കരജടാപ്രഭവം മധുക്തം
ത ദേചച്ചവല്ലൂലഭവേകകുഭസ്യ ചൂർണ്ണം
ഹൃച്ഛൂലകാസശമനായ ച സേവ്യമാശു
ശ്വാസഘ്നമേതദുദിതം വരയോഗയുഗ്മം. ൮

പുഷ്കരമൂലിന്റെവേര് പൊടിച്ച് തേനിൽകുഴച്ചുസേവിക്കുക; അല്ലെങ്കിൽ നീർമരുതിൻതൊലിപൊടിച്ച് തേനിൽ സേവിക്കുക. ഹൃദ്രോഗം, ശൂലം, കാസം, ശ്വാസം ഇവ ശമിക്കും. ഇങ്ങനെ രണ്ടു യോഗം.

മറ്റൊരുയോഗം.

പുടദഗ്ധം ച കുരംഗശൃംഗം
പിഷ്ടം ച ഗവ്യേന ഘൃതേന പീതം
ഹൃൽപൃഷ്ഠശൂലം വിനിഹന്തി സദ്യഃ
ശ്രീവൈദ്യഭൂമീപതയോ വദന്തി. ൯

മാൻകൊമ്പ് ശരാവസ്സുടം ചെയ്ത് പൊടിച്ചെടുത്ത് പശുവിൻനെയ്യിൽ സേവിക്കുക; ഹൃദയശൂലം, പൃഷ്ഠശൂലം, ഇവ ശമിക്കും.

വേറൊരുയോഗം.

ഹിംഗൂഗ്രാവിഡവിശ്വകുഷ്ഠമഗധാചൂ-
ർണ്ണം ശിവാ ചിത്രകൈർ-
യുക്തം ചാപി യവാഗ്രജേന തുരഗാ
സൌവർച്ചലേനാന്വിതം
പീതം പുഷ്കരമൂലസംയുതമലം നി-
ത്യം യവാനീജലൈർ-
ഹൃദ്രോഗം ശിവശസ്ത്രസംയുതമിമം
സദ്യോ നിഹന്തി ധ്രുവം. ൧൦

കായം വയമ്പ് വിളയുപ്പ് ചുക്ക് കൊട്ടം തിപ്പലി കടുക്കാത്തോട് വെള്ളത്താവണക്കിൻവേര് ചവക്കാരം തുവർച്ചിലക്കാരം പുഷ്കരമൂലം ഇവപൊടിച്ച് ജീരകവെള്ളത്തിൽ സേവിക്കുക; ഹൃദ്രോഗം, ശൂലം ഇവ ശമിക്കും.

യഷ്ട്യാദിഘൃതം.

മധുകാഹിബലാജ്ജുനകൽക്കശൃതം
ഘൃതമാശു ച തൽകഥിതൈസ്സമം
ഹൃദയോത്ഥരുജം ഹരതി പ്രസഭം
കിലസം ചരലോഹിതരോഗഹരം. ൧൧

ഇരട്ടിമധുരം അനക്കുറുന്തോട്ടി നീർമരുതിൻതൊലി ഇവ കഷായംവെച്ച് ഇവതന്നെ കല്ക്കമായികാച്ചിയനെയ്യ് സേവിക്കുക; ഹൃദ്രോഗം, വാതരക്തം ഇവ ശമിക്കും.

ദശമൂലാദികഷായം.

ദശാംഘ്രിനീരം ലവണീകൃതം ച
ക്ഷാരേണ യുക്തം തു പിബേന്മനുഷ്യഃ

ശ്വാസം ച കാസം ച ഹൃദ്രോഗം ച
ഗുല്മാനിഹന്ത്യാശ്വ ന ചിത്രമത്ര. ൬൧

ദശമൂലം കഷായം വച്ച് ഇന്തുപ്പും ചവക്ഷാരവും മേമ്പൊടി ചേൎത്തു സേവിക്കുക; ശ്വാസം കാസം, ഹൃദ്രോഗം ഗുല്മം ഇവ ശമിക്കും.

അന്യയോഗം.

ഗോധൂമപാൎത്ഥതരുചൂൎണ്ണമേവം ഗുഡാജ്യ-
തൈലൈൎവിപക്വമശിതം ചഗവാംപയോഭിഃ
ഹൃൽകണ്ഠജാം രുജമശേഷവിനിഹന്തി ശീഘ്രം
പുംസഃ പ്രഭാതസമയേപിഭിഷഗ്വരേണ. ൬൨

ഗോതമ്പും നീൎമരുതിൻതൊലിയുംകൂടി പൊടിച്ചു വൈദ്യന്റെ അഭിപ്രായം അനുസരിച്ച് നെയ്യ്, ശൎക്കര എണ്ണ ഇവയിൽ പചിച്ച് പ്രഭാതസമയത്തിൽ പശുവിൻ പാലിൽ സേവിച്ചാൽ പുരുഷനുണ്ടാകുന്ന ഹൃദ്രോഗം കണ്ഠരോഗം ഇവ ശമിക്കും.

വാതഹൃദ്രോഗത്തിന്റെ സംപ്രാപ്തി.

ആയമ്യതേ തുദ്യത ഏവയത്ര
വിപാട്യതേ സ്ഫോട്യത ഏവനിത്യം
തദ്വാതജേപൎപടികൈകമാത്രാ
സമാക്ഷികൈശ്ചാപിഹിതൈശ്ചസേവ്യാ. ൬൩

ഹൃദയത്തിന് ആയാമം, കുത്തിനോവ്, ഹൃദയം പിളൎക്കുന്നുവെന്നും അരിഞ്ഞുനുറുങ്ങുന്നു എന്നും തോന്നുക, ഇവ വാതജഹൃദ്രോഗത്തിന്റെ ലക്ഷണമാണ്. ഇതിന് ശുദ്ധിചെയ്ത തുവരിമണ്ണ് ഒരു ഉഴുന്നിൻറിടയോളം എടുത്ത് തേനും നെയ്യും കൂട്ടിച്ചേൎത്തു സേവിക്കുക.

അന്യയോഗം.

സനാഗരം ദാഡിമമമ്ലവേതസം
സുവൎച്ചലേനാപി ച ഹിംഗുയുക്തം
കഷായമാനം ഭിഷജോ വദന്തി
തസ്യാനുപാനം കഥിതം മുനീന്ദ്രൈഃ. ൬൪

ചുക്ക്, താളിമാതളത്തോട്, ഞെരിഞ്ഞാമ്പുളിക്കിഴങ്ങ്, തുവച്ചിലക്കാരം കായം, ഇവ പൊടിച്ച് [illegible] കഴഞ്ചു പൊടിവീതം യുക്തമായ അനുപാനത്തിൽ സേവിക്കുക; വാതഹൃദ്രോഗം ശമിക്കും. (ഫലധാന്യാമ്ലകൌലത്ഥദധിമദ്യാസവാദിഭിഃ എന്ന് വേറെ പ്രമാണമുണ്ടാകയാൽ ഈ ചൂൎണ്ണം കാടി മുതിരച്ചാറ് തൈര് മദ്യം ആസവം ഇവയിൽ ഏതിലെങ്കിലും അനുപാനമായി സേവിക്കാവുന്നതാണ്.)

വേറൊരുയോഗം.

കണാവചാസൈന്ധവഹിംഗുശുണ്ഠീ-
സൌവൎച്ചലൈലായവജാഗ്രജാനാം
ധാന്യാജമോദാമ്ലകസംയുതാനാം
ചൂൎണ്ണം ച മദ്യേന പിബേച്ചതൈലൈഃ. ൬൫

തിപ്പലി വയമ്പ് ഇന്തുപ്പ് കായം ചുക്ക് തുവൎച്ചിലക്കാരം ഏലത്തരി, ചവൎക്കാരം, കൊത്തമ്പാലയരി അയമോദകം ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ പൊടിച്ച് മദ്യത്തിലോ എണ്ണയിലോ സേവിക്കുക; വാതഹൃദ്രോഗം ശമിക്കും (യോഗരത്നാകരത്തിലുള്ള ഈ യോഗത്തിൽ അമ്ലകം കാണുന്നില്ല.)

പിത്തഹൃദ്രോഗം.

തൃഷ്ണോഷ്ണദാഹമുഖശോഷസചോഷമൂൎച്ഛാ
ധൂമായനം ഗളഗതം ഹൃദയക്ലമശ്ച
ശോഷോമുഖസ്യച ഭവന്തിയദൈവസൎവ്വേ
പിത്തപ്രഭൂതഹൃദയസ്യരുജം വദന്തി. ൬൬

തണ്ണീൎദാഹം, ഉഷ്ണം, സൎവ്വാംഗസന്താപം, ദേഹത്തിൽ നിന്നും ചൂഷണം ചെയ്യുന്നതു പോലുള്ള പീഡ; മൂൎച്ഛ, കണ്ഠത്തിൽനിന്നും പുക പുറപ്പെടുന്നപോലെ തോന്നുക, ഹൃദയത്തിന് തളൎച്ച മുഖശോഷം ഇവയെല്ലാം പിത്തഹൃദ്രോഗത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ.

ശ്രീപൎണ്ണികാഗുഡസിതാമധുകാകതന്വീരൈഃ
ക്ഷൌദ്രാന്വിതൈൎവ്വമനമാശുവരഃ പ്രകുൎയ്യാൽ
പിത്താപസൃഷ്ടഹൃദയേമധുരൈഃ ശൃതം ച
ഭോജ്യം ച പഥ്യമസകൃദ്ഗൃഹശീതമിഷ്ടം. ൬൭

ചെറുകുമിഴിൻവേര് ഇരട്ടിമധുരവും കൂടി കഷായം വച്ച് അതിൽ ശൎക്കരയും പഞ്ചസാരയും തേനും ചേൎത്തു കൊടുത്തു ഛൎദ്ദിപ്പിക്കയും മധുരദ്രവ്യങ്ങളിട്ടു കുറുക്കിയ ഭോജ്യപദാൎത്ഥങ്ങൾ കൊടുക്കയും ചെയ്താൽ പിത്തഹൃദ്രോഗം ശമിക്കും. ചൂടുകൂടാതെ വളരെ തണുപ്പുള്ളവ എല്ലാം പിത്തഹൃദ്രോഗത്തിന് പഥ്യമാണ്.

രസം.

ശുദ്ധപാരദസമം പരിശുദ്ധം
ഗന്ധകം ച പരിഭാവ്യ ദിനൈകം
ധാത്രികാഫലരസേന ച ദ്രാക്ഷാ-
സംഭൃതേന ച ജലേന ദിനൈകം. ൬൮

യഷ്ടികാശൃതജലേന ചഖർജ്ജു-
രോത്ഥസംശൃതജലേന ദിനൈകം
പഞ്ചസാരരസമാഷമിതോയം
ധാത്രികാഫലസിതാഭിരലം ഹ്യ.   ൨൦

ഭുഞ്ജതേ ച ഖലു പിത്തഭവം ഹി
രോഗമാശു ജയതേ ഹൃദയസ്യ.   ൨൧

ശുദ്ധമായ രസവും ഗന്ധകവും സമമെടുത്ത് നെല്ലിക്ക, മുന്തിരിങ്ങ ഇരട്ടിമധുരം ചിററീന്തലിൻവേര് ഇവയുടെ എല്ലാം കഷായത്തിൽ ഓരോദിവസം വീതം പ്രത്യേകം അരച്ച് ഉണക്കി പൊടിച്ച് ഒരു മാഷപ്രമാണംവീതം നെല്ലിക്കാനീരും പഞ്ചസാരയും ചേർത്തു സേവിക്കുക; പിത്തഹൃദ്രോഗം ശമിക്കും.

കഫഹൃദ്രോഗം.

ഗൌരവാരുചികഫസ്രവയുക്താ
വഹ്നിമാന്ദ്യമധുരാസ്യകതാദ്യാഃ
സ്തംഭമാർദ്ദവയുതാഃ ഖലു യത്ര
തദ്രുജം ച ഹൃദയസ്യ കഫോത്ഥം.   ൨൨

ഹൃദയത്തിന് കനം, അരുചി, കഫസ്രവണം, അഗ്നിമാന്ദ്യം, വായ്ക്കുമധുരരസം, സ്തംഭം, അംഗമാർദ്ദവം, ഇവയെല്ലാം കഫഹൃദ്രോഗത്തിന്റെ ലക്ഷണമാണ്.

ഹൃദയാർണ്ണവരസം.

ശിവാശിവൌ തുല്യതമൌ പ്രസിദ്ധൌ
തയോസ്സമഃ ശുദ്ധദിവാകരശ്ച
ഫലത്രയദ്രാവയുതം ദിനൈകം
സകാകമാചീസ്വരസൈർവിമർദ്യ.   ൨൩

വടീം ചണാഭാം ചവിധായ തസ്യ
സകാകമാചീത്രിഫലാകഷായൈഃ
പ്രസ്ഥദ്വയോന്മാനജലാഷ്ടശേഷൈഃ
പിബേൽ കഫോദ്ഭൂതഹൃദാമയേ ഹി.   ൨൪

രസം ഗന്ധകം ഇവ തുല്യാംശം അവരണ്ടും കൂടിയിടത്തോളവും താമ്രഭസ്മം, എല്ലാംകൂടി യോജിപ്പിച്ച് ഒരു ദിവസം ത്രിഫലക്കഷായത്തിലും ഒരുദിവസം കറന്തകാളീരസത്തിലും അരച്ച് ചണംപയററിൻ പ്രമാണം ഗുളികയുരുട്ടി ഉണക്കി കറന്തകാളിയും ത്രിഫലയും കൂടി രണ്ടിടങ്ങഴിവെള്ളത്തിൽ കഷായംവച്ച് എട്ടിലൊന്നാക്കി ആ കഷായത്തിൽ സേവിക്കുക; കഫഹൃദ്രോഗം ശമിക്കും.

വാന്തം വചാനിംബകഷായപാനൈഃ
കുര്യാൽ കഫോത്ഥം ഹൃദയസ്യ സംഗം
വാ വാതസംജാതഹൃദാമയോക്ത-
ചൂർണ്ണം ച സേവേന്മഗധാദികം ച.   ൨൫

കഫഹൃദ്രോഗിയെ വയമ്പും വേപ്പിൻ തൊലിയും കൂടി കഷായം വച്ചുകൊടുത്ത് ഛർദ്ദിപ്പിക്കണം. വാതഹൃദ്രോഗത്തിൽ പറഞ്ഞിരിക്കുന്ന മഗധാദിചൂർണ്ണവും കഫഹൃദ്രോഗിയെ സേവിപ്പിക്കാം.

വാതപിത്തജഹൃദ്രോഗം.

സതോദദാഹോ ഹൃദയേ ച വാത-
പിത്തപ്രഭൂതേ ഹൃദയസ്യ രോഗേ
ദ്രാക്ഷാപരൂഷൌഷധിസംസ്കൃതം ച
ജലം പിബേന്മാക്ഷികഖണ്ഡയുക്തം.   ൨൬

ഹൃദയത്തിൽ കുത്തിനോവ്, സന്താപം, ഇവ വാതപിത്തജമായ ഹൃദ്രോഗത്തിന്റെ ലക്ഷണമാണ്. ഇതിനു മുന്തിരിങ്ങാപ്പഴവും ചിററീന്തലിൻവേരുംകൂടി കഷായംവച്ച് തേനും പഞ്ചസാരയും (അല്ലെങ്കിൽകൽക്കണ്ടം) മേമ്പൊടി ചേർത്തു സേവിക്കണം.

അന്യയോഗം.

ലുംഗാമ്ലികടഫീമധുയഷ്ടികാനാം
ഹരീതകീനാഗരപുഷ്കരാണാം
ക്ഷാരാമ്ലശുണ്ഠീലവണാന്വിതം ച
ക്വാഥം പിബേദ്വാതയുതേ തു പിത്തേ.   ൨൭

മാതളനാരകത്തിൻവേര് പലകപ്പയ്യാനിവേര് ഇരട്ടിമധുരം കടുക്കാത്തോട് പെരുമുത്തങ്ങ പുഷ്കരമൂലം ചവക്കാരം ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ചുക്ക് ഇന്തുപ്പ് ഇവ കഷായംവച്ച് അറിയാൽ തേൻ മേമ്പൊടി ചേർത്തു സേവിക്കുക; വാതപിത്തജമായ ഹൃദ്രോഗം ശമിക്കും.

വാതകഫജഹൃദ്രോഗം.

അരുചിശ്ച സമീരകഫപ്രഭവേ
ഹൃദയസ്ഫുടനം ഹൃദയസ്യ രുജി
ത്രുടിമാഗധികാംഘ്രി പിബേദ്ധപുഷാ-
സഹിതം ഖലു തത്രഗദേ സഹസാ.   ൨൮

വാതകഫജമായ ഹൃദ്രോഗത്തിൽ അരുചി, ഹൃദയം വെണ്ടുകീറുക; ഇവയുണ്ടാകും. ഇതിന്ന് ഏലത്തരി തിപ്പലിമൂലം അടയ്ക്കാമണിയൻവേര് ഇവ കഷായംവച്ചു സേവിക്കണം.

തൈലം.

കുംഭീശതീപുഷ്കരമൂലരാസ്നാ-
ശുണ്ഠീശിവാപഞ്ചജടായവാനാം
കുലത്ഥരാസ്നാബദരാമരാണാം
പുനർന്നവാബില്വഫലാന്വിതാനാം.
കഷായേ ച തൈലം ഖലു സിദ്ധമേതൽ
സമീരജംശ്ലേഷ്മയുതം നിഹന്തി
ഹൃദ്രോഗമാശു പ്രവദന്തി ഗുല്മ-
രോഗം ച വൈദ്യാശ്ച ശതാങ്ഗതോയേ. ൩൦

കുമ്പിൾവേര് കച്ചോലം പുഷ്കരമൂലം കരിനൊച്ചി ചുക്ക് കടുക്കാത്തോട് ബൃഹൽപഞ്ചമൂലത്തിൻവേര് യവം പാഴമുതിര വെള്ളരത്ത ലന്തക്കുരുപ്പരിപ്പ് ദേവതാരം തഴുതാമവേര് കൂവളത്തിൻകായുടെ മജ്ജ ഇവ കഷായംവച്ച് അതിൽ ഈ മരുന്നുകൾതന്നെ കല്ക്കമാക്കി എണ്ണ കാച്ചി തേക്കുക; വാതകഫജമായ ഹൃദ്രോഗം ഗുല്മം ഇവ ശമിക്കും.

പിത്തകഫജമായ ഹൃദ്രോഗം.

ഔദര്യസ്വേദവമ്യാസവിദാഹയുക്താ
ഹൃദ്രോഗപിത്തകഫജശ്ച ലൂതാപേയം
ദുർഗന്ധം സനാഗബലയാകകുഭസ്യ ചശ്ച
സദ്യഃ സപിത്തകഫജേ ഹൃദയസ്യ രോഗേ. ൩൧

കഫത്തിന്റെ ദുർഗന്ധം, ഹൃദയത്തിന്റെ ഉഷ്ണം, കഫത്തിന്റെ വിദാഹം, ഇവ പിത്തകഫജമായ ഹൃദ്രോഗത്തിന്റെ ലക്ഷണമാകുന്നു. ഇതിന്ന് അനക്കുറുന്തോട്ടിവേര് (ഊരകത്തിൻവേര്) നീർമരുതിൻതൊലി ഇവയിട്ട് പാൽകാച്ചിക്കുടിക്കണം.

വേറൊരു യോഗം.

ഹരീതകീനാം ച ശതാൽകേന
സൌവർച്ചലസ്യാപിപലദ്വയേന
പക്വം ഘൃതം ഗുല്മഹൃദാമയേഷു
ഹൃല്ലാസകേജ്വാരവാതരോഗേ. ൩൨

൫൦ കടുക്കാത്തോട്ടും രണ്ടുപലം തുവർച്ചിലക്കാരവും അരച്ചു കല്ക്കമായി നെയ്യുകാച്ചി സേവിക്കുക; ഗുന്മം ഹൃദ്രോഗം നെഞ്ചുനുകരം ഉദരത്തിലുണ്ടാകുന്ന വാതരോഗം ഇവ ശമിക്കും. (ഈ ഘൃതത്തിൽ നെയ്യിൽ നാലിരട്ടി പാലുംകൂടി ചേർക്കണം എന്ന് യോഗരത്നാകരത്തിൽ കാണുന്നു.)

ത്രിദോഷജമായ ഹൃദ്രോഗം.

വിദ്യാത്ത്രിദോഷജനിതേഽപി ഹൃദാമയേഽപി
സർവ്വാണിലിംഗനിവഹാനി ച തത്ര വിദ്വാൻ
പാഠസ്യ വല്കലജകല്കരസേന സിദ്ധം
സേവേദ് ഘൃതം ത്രിവേഹൃദ്രുജി നിത്യമേവ. ൩൩

ത്രിദോഷജനിതമായ ഹൃദ്രോഗത്തിൽ മൂന്നു ദോഷങ്ങളും കോപിച്ചാലുള്ള ലക്ഷണങ്ങൾ ഉണ്ടായിരിക്കും. അതിന്ന് നീർമരുതിൻതൊലി കല്ക്കമായി കാച്ചിയ നെയ്യ് സേവിക്കണം.

അന്യയോഗം.

ഗജബലാസഹദേവാർജ്ജുനസംശ്രുതൈ-
രപിജലൈരരുണോമധുകന്യകൈ
ബഹുളപേക്ഷിതകല്കയുതം ഭിഷ-
ഗ്ഘൃതമിദം പരിപാച്യ ച പായയേൽ. ൩൪

ഹൃദയരുക്ഷു ച ശൂലഗദേഷ്ഠാ
രുധിരപിത്തഗദേ ക്ഷതജേപി വാ
അപി സമീരണരക്തഗദേഷ്വഥ വാ
കസനകേപി ത്രിജാതഉരോഗദേ. ൩൫

അനക്കുറുന്തോട്ടിവേര് കുറുന്തോട്ടിവേര് നീർമരുതിൻതൊലി ഇവ കഷായംവച്ച് വെളുത്ത കന്നിവേരും ഇരട്ടിമധുരവും കല്ക്കമായി നെയ്യുകാച്ചി സേവിക്കുക; ഹൃദയവേദന ശൂലരോഗം രക്തപിത്തം ക്ഷതം വാതരക്തം ചുമ ത്രിദോഷജമായ ഹൃദ്രോഗം ഇവ ശമിക്കും.

കൃമിജമായ ഹൃദ്രോഗം.

ത്രിദോഷജേയോ ഹൃദയസ്യ രോഗേ
മൂർഖസ്തിലക്ഷീരഗുഡാംശ്ച ഭുഞ്ജ്യാൽ
മർമ്മൈകദേശേ ഖലു തസ്യ ഗ്രന്ഥിഃ
സംജായതേ ക്ലേദരസശ്ച തത്ര. ൩൬

സംഗച്ഛതേ തസ്മിംശ്ച രസേ കൃമീണാം
സമുദ്ഭവസ്തത്ര ഭവന്തി ചൈതേ
ഉൽക്ലേദനിഷ്ഠീവനതോദശൂലാ-
സ്തമോരുചിശ്യാവഹൃദാശോഷരോഗാഃ. ൩൭

ശ്യാവാക്ഷിതാ ചാപി ഭവന്തി തത്ര
മൂത്രം വിഡംഗാമൃതസംയുതം ച
സ്നിഗ്ധം കൃമിഘ്നം പിശിതാശനം ച
സുഗന്ധിഭിർവ്വാലവണൈശ്ച ഭോജ്യം. ൩൮

ത്രിദോഷജമായ ഹൃദ്രോഗത്തിൽ അജ്ഞാനം നിമിത്തം എള്ള് പാല് ശർക്കര ഇവ ഭക്ഷിക്കകൊണ്ട് മർമ്മഭാഗങ്ങളിൽ മുഴയുണ്ടാകും.

അവിടെ തലചുറ്റും കാണും. ആ ഗ്രന്ഥികൾ ഉണ്ടാകുന്ന സ്ഥാനത്തു് കൃമികൾ ഉണ്ടാകുകയും ചെയ്യും. ഇതാണ് കൃമിജമായ ഹൃദ്രോഗം. ഉൽക്ലേദം (ഉള്ളിൽ നലിവു്) കഫം തുപ്പുക കുത്തിനോവു് ശൂലം കണ്ണിൽ ഇരുട്ടുകേറുക അരുചി വിറയൽ ശോഷം കണ്ണിന്നു കറുവാളിപ്പു് ഇവയും കൃമിജഹൃദ്രോഗത്തിൽ ഉണ്ടായിരിക്കും. വിഴാലരിക്കാമ്പും കൊട്ടവുംകൂടി പൊടിച്ചു ഗോമൂത്രത്തിൽ കലക്കുന്നതും സ്നിഗ്ദ്ധമായ മാംസം ചതുർജ്ജാതവും ഇന്തുപ്പുംകൂട്ടി ഭക്ഷിക്കുന്നതും കൃമിജഹൃദ്രോഗത്തിന്നു നല്ലതാണ്.

സപടുജീരകശർക്കരയോഗകൈ-
രപി വിഡംഗധനാഗ്ര്യയവൈസ്തദാ
സമശിതൈർഹൃദയസ്യ കൃമീൻ ഹരേൽ
പരിപതന്തി വിചിത്ര വിരൂപിണഃ. ൩൯

ഇന്തുപ്പ് ജീരകം പഞ്ചസാര വിഴാലരി കൊത്തമ്പാലയരി ഞെരിഞ്ഞാമ്പുളിക്കിഴങ്ങു് ഇവ പൊടിച്ചു് നെയ്യിൽ സേവിച്ചാൽ ഹൃദയത്തിലുള്ള പലതരം കൃമികൾ താഴെ വീഴും.

അപി യവാന്നഭവം സവിഡംഗകം
കൃമിരുചിപ്രഥിതം ലിഖിതം ച യൽ
തദഖിലം ഖലു പഥ്യമസൌ ഭജേൽ
കൃമികൃതൈർവികലസ്സ [illegible].

യവംകൊണ്ടുണ്ടാക്കിയ ചോറിൽ വിഴാലരിക്കാമ്പിൻപൊടി ചേർത്തു ഭക്ഷിച്ചാലും കൃമികൾ നശിക്കും. മുൻപറഞ്ഞ യോഗങ്ങളെല്ലാം പഥ്യമായി ഭക്ഷിച്ചാൽ കൃമികളുടെ ബാധനീങ്ങി ബലവാനായിത്തീരുകയും ചെയ്യും. ൪൦

ഉരോഗ്രഹനിദാനം

അഭിഷ്യന്ദിഗുർവ്വന്നശുഷ്കാതിപൂതി-
പലാദ്യാശനാൽ സാന്ദ്രമാംസാദ്യതൈവ
യകൃൽപ്ലീഹവൃദ്ധിം ഹൃദാസംഗതം വാ
ഹൃദ്രോഗ്രസ്തമിത്ഥം ച കുക്ഷൌ യദാസ്യാൽ. ൪൧

കഫോമാരുതേനാപി യുക്തഃ കരോതി
തതസ്തംഭപീഡാശ്ച ജംഘോരുമദ്ധ്യേ
തഥാരൌക്ഷ്യമുച്ചൈശ്ച സംസ്പർശരുഗ് വാ
ഭവേച്ചാപി ഹൃൽകുക്ഷിശോഫസ്തദാവാ. ൪൨

തഥാ ഉദ്മാനതന്ദ്രേ രുചിഃ ശൂലരോഗാ
നിരോധോ വിശശ്ചാപി മൂത്രസ്യ തദ്വൽ.

പ്രകുഞ്ച്യാച്ച സംശോധനം ശാസ്ത്രയുക്ത്യാ
സിരാമോക്ഷണം പായനം സ്തമ്പ്രദാനം. ൪൩

ക്രമാല്ലംഘനം പൂതിജീവസ്യ ശ്രോ-
സ്ഥാസ്സുർവ്വ കാവത്തകസ്യാപി നിത്യം
ബലായാരസൈശ്ചക മേഷേചാപ്യൻ
ത്വൽ പഞ്ചകനാപിതദ്ധൽപട്ടനാം.

പിബേദ്വർദ്ധിംഗ്രന്ഥസദ്ഗുണൈഃ കല്ക്കിതം വൈ
യഥാലാഭമേതത്പ്രകാമം മനുഷ്യഃ
ത്വൽ സംയുതം വാ പ്രതരോഗ്രസ്തമൂലൈഃ
പൃഥക്സം പ്രകുഞ്ച്യാദ്ഗദ ദൂരമാശു. ൪൪

കഫസ്രുതികാരിയും ഗുരുവും ആയ അന്നം ഭക്ഷിക്കുക; ദുർഗന്ധിയും ശുഷ്കവും ആയ മാംസം ഭക്ഷിക്കുക; ഇവയാൽ മാംസം രക്തത്തോടുകൂടി, യകൃത്തിലും പ്ലീഹയിലും വർദ്ധിക്കാനിടയാകും. അതിനാൽ കഫവായുക്കൾ കുക്ഷിയിൽ തടഞ്ഞു് ഉരോഗ്രഹം എന്ന രോഗത്തെ ഉണ്ടാക്കുന്നു. കണങ്കാലിന്റെയും തുടയുടെയും മദ്ധ്യത്തിൽ സ്തംഭം, പീഡ, രൂക്ഷത തൊട്ടാൽ വേദന ഇവയും ഹൃദയത്തിലും വയററിലും നീരു്, വയറുവീർപ്പ്, തന്ദ്ര(മടി) അരുചി, ശൂലം, മലമൂത്രബന്ധം, ഇവ ഒന്ന് ഉരോഗ്രഹത്തിൽ കാണും. ഇതിന്നു് ക്രമേണ വിയർപ്പിക്കുക; ഞരമ്പുകീറി രക്തം കളയുക; വസ്തിചെയ്യുക; ലംഘിപ്പിക്കുക; ഇവ യുക്തിയനുസരിച്ചു് പ്രയോഗിക്കണം.

പുത്തിലഞ്ഞിത്തൊലി, മുരിങ്ങത്തൊലി, തൊഴുകണ്ണിവേരു്, കുറുന്തോട്ടിവേരു്, ഇവയിൽ ഓരോന്നിന്റേയോ ഇൗരണ്ടിന്റേയോ രസം എടുത്തു് കായം ചേർത്തു സേവിക്കുകയോ; ത്രികോല്പക്കൊന്ന കഷായംവെച്ചു് ഉപ്പുകൾ അഞ്ചും കായവും ചേർത്തു് സേവിക്കുകയോ ചെയ്യണം. ഈ പറഞ്ഞ മരുന്നുകളിൽ ഏതാണോ കിട്ടുന്നതു് അതും ത്രികോല്പക്കൊന്നയുംകൂടി കഷായംവച്ചു് സേവിച്ചാലും മതിയാകുന്നതാണ്. ഈ പ്രയോഗംകൊണ്ടു് ഉരോഗ്രഹം ശമിക്കും.

അന്യയോഗം.

ചവ്യാമ്ലവേതസയവാഗ്രജ ദാഡിമാനാം
ചൂർണ്ണം സചിത്രമഥ തൈലസുരാസവൈർവാ
പീതം നിഹന്തി ഹൃദയഗ്രഹമാശു നിത്യ-
മമ്ലാരനാളസഹിതം ച സദാ മനുഷ്യഃ. ൪൫

കാട്ടുമുളകുകൊടിവേരു്, ഞെരിഞ്ഞാമ്പുളിക്കിഴങ്ങ്, ചവർക്കാരം കായം വെളുത്താവണക്കിൻവേരു്, ഇവ പൊടിച്ചു്, എണ്ണ, സുരാമദ്യം, അസവം, കാടി, ഇവയിൽ ഏതിലെങ്കിലും സേവിക്കുക; ഉരോഗ്രഹം ശമിക്കും.

ഹൃദ്രോഗത്തിലുണ്ടാകുന്ന ഉപദ്രവങ്ങൾ.

ഓജസ്സ്രാദഃശോഷഹൃല്ലാസമൂർച്ഛാ
വക്ത്രസ്രവാരോചകഭ്രാന്തികാസാഃ
വഹ്നേർമ്മാന്ദ്യംശ്വാസരോധോപിഘോരഃ
പ്രോക്താശ്ചൈതേഹൃദ്ഗജ്ഞൈർവ്വിദ്വദ്ഭിരതാഃ. ൨൭

ഓജഃക്ഷയം, ശോഷം, നെഞ്ചുരുക്കം, മോഹാലസ്യം, വായിൽകൂടി വെള്ളം ഒലിക്കുക, അരുചി, തലകറക്കം, ചുമ, അഗ്നിമാന്ദ്യം, ശ്വാസരോധം, ഇവയെല്ലാം ഹൃദ്രോഗത്തിലെ ഉപദ്രവങ്ങളാണ്.

ഹൃദ്രോഗത്തിന്റെ അസാദ്ധ്യലക്ഷണം.

ഉപദ്രവാണാം യുഗപൽപ്രവൃത്തിഃ
കുര്യാദധോവായുനിരോധമുച്ചൈഃ
തദേവഹൃദ്രോഗമുശന്തിവൈദ്യാ-
ഹ്യസാദ്ധ്യമേവംത്രിഭവംവിശേഷാൽ. ൨൮

ഉപദ്രവങ്ങൾ ഒരുമിച്ചു പ്രവർത്തിക്കുക; അധോവായുവിന് തടവ്, ഇവയുള്ള ഹൃദ്രോഗവും, വിശേഷിച്ച് ത്രിദോഷജമായ ഹൃദ്രോഗവും അസാദ്ധ്യമാണ്.

ഹൃദ്രോഗം വിട്ടുമാറിയാലുള്ള ലക്ഷണം.

ആടോപകോഷ്ഠാരതിവൃത്തിപൂർവ-
മപാനവായോശ്ചപ്രവർത്തനംചേൽ
വിടിടവാന്തിസ്ഥഹൃദാമയസ്യ
നിവൃത്തിരേഷാകഥിതാമുനീന്ദ്രൈഃ. ൨൯

വയററിലെ സംഭ്രമം, ഏമ്പക്കം ഇവയില്ലാതാകുക; അപാനവായു ശരിയായി സഞ്ചരിക്കുക കൃമികൾ ഛർദ്ദിക്കുന്നതില്ലാതാകുക; ഇവയെല്ലാം ഹൃദ്രോഗം വിട്ടുമാറിയാലുള്ള ലക്ഷണമാണ്.

ജയന്തിതേവൈഗുരവോമദീയാ
യദംഘ്രിരക്താംബുജഷട്പദേന
ശ്രീകാശിനാഥാഖ്യഭിഷഗ്വരേണ
കൃതം ച ഹൃദ്രോഗചികിത്സിതംപ്രാക്. ൩൦

എന്റെ ഗുരുഭൂതന്മാർ സർവോൽകർഷേണ വർത്തിക്കുന്നു. അവരുടെ പാദഭക്തനായ കാശിനാഥൻ എന്ന വൈദ്യശ്രേഷ്ഠനാൽ ഹൃദ്രോഗചികിത്സയും ഇവിടെ പറയപ്പെട്ടിരിക്കുന്നു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ഹൃദ്രോഗാധികാരം എന്ന ൨൭-ാം അദ്ധ്യായം കഴിഞ്ഞു.

പൂർവാർദ്ധം സമാപ്തം.

സമസ്തമുച്ചൈഃ പരിവീജയേത്തം
താലസ്യവൃന്തേന ച ചന്ദനാക്തം. ൧൨

ദാഹയുക്തനായവൻെറ അംഗംമുഴുവനും ചന്ദനച്ചാറുപുരട്ടി കാടിയിൽ മുക്കിയ ആർദ്രവസ്ത്രംപുതച്ച് വിശറികൊണ്ട് കടുക്കെ വീശുകയും വേണം.

രക്തജദാഹലക്ഷണം.

സകലതനുഗമേവോദ്രിക്തരക്തം നരാണാം
ദഹതി ഖലു ബാഹ്യാഭ്യാന്തരേന്ദ്രപ്രകാമം
അപിബത ഖലുസോയം ചൂഷ്യതേത്ര്യസ്യതേവാ.
രുധിരനയനദേഹോ ലോഹഗന്ധാസ്യവക്ത്രഃ. ൧൩

ശരീരമാസകലം വ്യാപിച്ചിരിക്കുന്നരക്തം വർദ്ധിച്ച് ബാഹ്യഭാഗത്തേയും അന്തർഭാഗത്തേയും ദഹിപ്പിക്കുന്നു. അതിനാൽ മനുഷ്യൻ വേദനയെ അനുഭവിക്കയും ഭയപ്പെട്ടുകയും ചെയ്യുന്നു. അവൻെറ നേത്രവും ശരീരവും രക്തവർണ്ണമായിത്തീരുകയും ശരീരത്തിലും മുഖത്തിലും ഇരിമ്പിൻെറ ഗന്ധം ഉണ്ടാവുകയും ചെയ്യും.

പിത്തജദാഹലക്ഷണം.

രക്തജോക്തസമം പിത്തസംഭവേഖലുലക്ഷണം
ഭേഷജം ച തയോസ്തുല്യമന്യൽ സർവ്വം തു പൂർവ്വവൽ. ൧൪

പിത്തജമായ ദാഹത്തിന് രക്തജദാഹത്തിനുള്ള ലക്ഷണങ്ങൾ എല്ലാം ഉണ്ടായിരിക്കും. അവയ്ക്കുരണ്ടിനും ചികിത്സയും ഒരുപോലെയാണ്. ശേഷമെല്ലാം മുൻപു പറഞ്ഞപോലെ ധരിച്ചുകൊള്ളണം.

തൃഷ്ണ തടുത്താലുണ്ടാകുന്ന ദാഹം.

ക്ഷീണേംബ്വാത്മൈ ചാഥതൃഷ്ണാനിരോധാ-
ത്തേജോവൃദ്ധം ചാന്തരേവാ ബഹിർവാ
ദാഹംകുര്യാത്തത്രശുഷ്കാസ്യകണ്ഠോ
ജിഹ്വാംകൃത്വാ വാ ബഹിർവേപതേസൌ. ൧൫

തൃഷ്ണതടുക്കുകയാൽ അബ്ധാതുക്ഷീണിക്കുകനിമിത്തം പിത്തത്തിൻെറ ഊഷ്മാവ് വർദ്ധിച്ച് അന്തർഭാഗത്തിലും ബഹിർഭാഗത്തിലും ദാഹത്തെചെയ്യും. അതിനാൽ ആസ്യകണ്ഠങ്ങൾക്ക് ശുഷ്കതയുണ്ടാകും. നാക്കു വെളിയിൽ കാണിച്ച് വിറയ്ക്കുകയും ചെയ്യും.

രുധിരപൂരിതകോഷ്ഠജ ഏവയോ
ദഹതിരസ്തി ച ദുസ്സഹ ഏവസഃ
അഥ ചധാതുവിനാശഭവേ നരോ-
തൃഷിത ഏവ മുഹുഃ പരിമൂർച്ഛതി. ൧൬

ക്രിയാഹീനഃ ക്ഷാമസ്വരഇഹഭൃശം പീഡിതതനുർ-
ഹ്യഥോമർമ്മാഘാതപ്രഭവദഹഥൌ ചാമൃതമപി
പിബന്നേവ പ്രായോപ്രജതിയമരാജസ്യഭവനം
തഥാന്യേശീതാംഗപ്രജയുതജനാസ്സംപ്ലസുഭൃശം. ൧൭

ശസ്ത്രപ്രഹരത്താൽ രക്തം കോഷ്ഠത്തിൽ നിറയുകയാൽ ഉണ്ടാകുന്ന ദാഹം ഏററവും ദുസ്സഹമായിരിക്കും. ധാതുക്ഷയജമായ ദാഹത്തിൽ തണ്ണീർദാഹം നിമിത്തം കൂടക്കൂടെ മൂർച്ഛിക്കും. യാതൊരു ചേഷ്ടയും ഉണ്ടായിരിക്കയില്ല. സ്വരം ക്ഷയിക്കും. ഏററവും ശരീരപീഡയുണ്ടായിരിക്കയും ചെയ്യും. മർമ്മാഘാതത്താലുണ്ടാകുന്ന ദാഹത്തിൽ അമൃതുകുടിച്ചാലും ജീവിക്കയില്ല. ഏഴുവിധമുള്ള ദാഹരോഗങ്ങളിലും അംഗങ്ങൾക്കു തണുപ്പുണ്ടായാൽ അതൊക്കെയും അസാദ്ധ്യങ്ങൾ തന്നെയാണ്.

ദാഹങ്ങളുടെ ക്രമേണയുള്ള ചികിത്സ.

രസൈർജാംഗലൈസ്തൃപ്ത ദേഹസ്യശാഖാ-
ശ്രയാം രോഹിണീംവേധയേദ്വൈദ്യഭൂപഃ
സിരാം രക്തജസ്യാശു നാശായ നൂനം
യഥാന്യായമേവം ച ദാഹസ്യ പുംസഃ ൧൮

രക്തജമായ ദാഹത്തിൻെറ നാശത്തിനായിക്കൊണ്ട് ജാംഗലമാംസരസങ്ങളാൽ തൃപ്തദേഹനായ നരൻെറ ശാഖകളിൽ ആശ്രയിച്ചിരിക്കുന്ന രോഹിണി എന്ന ഞരമ്പിനെ വേധിക്കണം.

തൃഷ്ണ തടുത്തുണ്ടാകുന്ന ദാഹത്തിൻെറ ചികിത്സ.

യഥേഷ്ടമംഭഃ പരിപീയവിദാൻ
ദുഗ്ദ്ധം തഥാ വാ രസമിക്ഷുജാതം
സുശർക്കരാംഭശ്ച യഥോക്തമന്യ-
ത്തൃഷ്ണാനിരോധോത്ഥഗദാദ്വിമുച്യേൽ. ൧൯

ഇഷ്ടംപോലെ ജലമോ പാലോ കരിമ്പിൻനീരോ പഞ്ചസാര കലക്കിയ ജലമോ ശാസ്ത്രോക്തമായ അന്യമോ പാനം ചെയ്താൽ തൃഷ്ണ തടുത്താലുണ്ടാകുന്ന രോഗം ശമിക്കും.

രക്തപൂർണ്ണകോഷ്ഠജമായ ദാഹത്തിൻെറ ചികിത്സ.

സകലമസിതമംഗം യസ്യ പാദായുധസ്യ
മുഖമലമഥബദ്ധ്വാ തസ്യ കൂപോതഥേതോയേ
പരിപിബതിനരോയഃ പാചിതസ്യാശുനീരം
സതുഭവതിവിമുക്തോ രക്തകോഷ്ഠോത്ഥദാഹാൽ. ൨൦

ദേഹവും മുഖവുമെല്ലാം കറുത്തിരിക്കുന്ന കോഴിയെ കിണററി-

ലെ ജലത്തിൽ പചിച്ച് അതിൻെറ ജലം പാനംചെയ്താൽ രക്തകോപത്താലുണ്ടായ ദാഹം ശമിക്കും. (കറുത്തകോഴിയെ സൂപ്പുവച്ചുകൂടിക്കണം എന്നു സാരം.)

ദാഹങ്ങളുടെ സാമാന്യ ചികിത്സ.

സേവ്യലോദ്ധ്രഫലിനീകടന്നടാൻ
നാഗപുഷ്പജലസംയുതാൻ ഭിഷക്
കാലികാഫലരസേന പേഷിതാൻ
ലേപയേദ്രവഥുനാശനായവൈ. ൮൫

രാമച്ചം പാച്ചോററിത്തൊലി താഴമ്പൂവ് ചപ്പങ്ങായ്ക്കനി നാഗപ്പൂവ് ഇരുവേലി ഇവയെല്ലാംകൂടി എലുമ്പിച്ചതിൻ കായുടെ നീരിൽ അരച്ചു തേച്ചാൽ ദാഹം (സർവ്വാംഗസന്താപം) ശമിക്കും.

ഹ്രീബേരപത്മകജലാംബുഭിരേവപൂർണ്ണാം
സോശീരചന്ദനസുവാസിതശീതളാം ച
ദ്രോണീം നരസ്സമവഗാഹ്യ സദാ സദാഹം
ഹന്യാജ്ജ്വരം ഭവഭയം ച യഥൈവ ഗംഗാ. ൮൬

ഇരുവേലി പത്മകം രാമച്ചം ചന്ദനം ഇവ ഇട്ട വാസനവരുത്തി തണുപ്പിച്ച വെള്ളം നിറച്ചിട്ടിരിക്കുന്ന തോണിയിൽ അവഗാഹനംചെയ്താൽ, ഗംഗാസ്നാനത്താൽ സംസാരഭയം നശിക്കുന്നതുപോലെ സർവ്വാംഗസന്താപവും ജ്വരവും ശമിക്കും.

ശിശിരപങ്കജപങ്കജമാലതീ-
പ്രഭവപുഷ്പഭവം ച ധരാബ്ജജം
ജലമലം ജലനിർഝരയന്ത്രഗം
ദഹതി ദൂരമഹോ ജ്വരദാഹജം. ൮൭

ചന്ദനച്ചാറ് താമരപ്പൂവ് പിച്ചകപ്പൂവ് പനിനീർ ചെമ്പകപ്പൂവ് ഇവയുടെ ജലം ജലനിർഝരയന്ത്രത്തിലാക്കി അതിൻെറ സേചനമേററാൽ ദാഹത്താൽ ഉണ്ടായിട്ടുള്ള ഉപദ്രവം ശമിക്കും.

മദനഫലജഫേനം കന്ദലേപം ച ലോധ്ര-
തരുജമഥ ചപിഷ്ടം നിംബപത്രോത്ഥഫേനം
ഹരതിദവഥുമുച്ചൈർല്ലിപ്തമംഗേഷു സമ്യഗ്
ജ്വരയുതമഥോ വാ കാംസ്യപാത്രംസനീരം. ൮൮

മലങ്കാരയ്ക്കായുടെ പത വാഴമാണം വേപ്പിലയിൽനിന്നുണ്ടായ പത ഇവയെല്ലാംകൂടിയരച്ച് ദേഹത്തു കനക്കെ തേയ്ക്കുകയോ, ഓട്ടുപാത്രത്തിൽ വെള്ളം നിറച്ച് വയററത്തു ധരിക്കുകയോ ചെയ്താൽ കഠിനമായ സർവ്വാംഗസന്താപം ശമിക്കും.

വാപീ കഞ്ജസുഗന്ധശീതളജലാ ധാരാഗൃഹാ നിർമ്മലാഃ
കാന്താശ്ലേഷരദച്ഛന്ന ചന്ദ്രവദനാസ്താരുണ്യദർപ്പാന്വിതാഃ
ശ്രീഖണ്ഡാംബുധിസൂതാർദ്രപീവരകുചാ ഗംഭീരനാഭിഹ്രദാ
ദാഹാധിപ്രശമായ വൈദ്യധരണീപാലൈഃ പുരാ വർണ്ണിതാഃ. ൮൯

താമരപ്പൂവിനാൽ സുഗന്ധിയും ശീതളവും ആയ ജലത്തോടുകൂടിയവാപികളും, നിർമ്മലങ്ങളായ ധാരാഗൃഹങ്ങളും, ചന്ദനം കർപ്പൂരം ഇവയാൽ ആർദ്രവും തടിച്ചതും ആയ സ്തനങ്ങളോടും ഗംഭീരമായ നാഭിയോടും കൂടിയ നല്ല യൌവനത്തിലുള്ള ശരച്ചന്ദ്രമുഖിമാരും ദാഹപ്രശമത്തിനുള്ള ഔഷധങ്ങളാണ്.

കുശാദ്യതൈലഘൃതങ്ങൾ.

കുശകാശശരേക്ഷുശാലിമൂലൈ-
സ്സമതീധാവനികാവിഷാണികാഭിഃ
അപിജീവകസംയുതം ശൃതം വാ
സുഘൃതം തൈലമഥാപി ദാഹഹൃൽ. ൯൦

കുശവേര് അററുദർഭവേര് അമ്പൊട്ടലിൻവേര് കരിമ്പിൻവേര് ചെന്നെല്ലിൻവേര് മൂവിലവേര് ഓരിലവേര് ആട്ടുകൊട്ടിപ്പാല ജീവകം ഇവ അരച്ചു കലക്കി കാച്ചിയെടുത്ത ഘൃതവും തൈലവും ദാഹത്തെ ശമിപ്പിക്കും.

ഉന്മാദാധികാരം.

ഏകൈകശശ്ചാപൃഥ സർവ്വശശ്ച
ദോഷൈരഥോത്യർത്ഥസമുച്ഛ്രിതൈശ്ച
ദുഃഖേനതദ്വൽ ചലമാനസേന
സ്യാൽപഞ്ചമോന്യോ വിഷജശ്ചഷഷ്ഠഃ. ൯൧

ഏററവും വർദ്ധിച്ചതായ വാതാദിദോഷങ്ങൾ ഓരോന്നു കോപിച്ചും എല്ലാംകൂടി കോപിച്ചും മനോദുഃഖംകൊണ്ടും വിഷജമായും ഉന്മാദം ആറുവിധം ഉണ്ടാകും.

ഉന്മാദസംജ്ഞസ്തഥാ പ്രവൃദ്ധ-
സ്താരുണ്യമേവാപഗതോ മദാഖ്യഃ
യഥാസ്വമത്ര പ്രഥിതംവിചാര്യ
ചികിത്സിതം സംവിദധീതവിദ്വാൻ. ൯൨

ഏററവും വർദ്ധിച്ചിരിക്കുന്ന അവസ്ഥയിലാണ് ഉന്മാദം എന്നു പറയുന്നത്. വർദ്ധിക്കുന്നതിനുമുമ്പ് തരുണദശയിലായിരിക്കുമ്പോൾ ഇതിനു മദമെന്നു പറയുന്നു. അതുകൊണ്ട് ഇതിങ്കൽ വിദ്വാനായ വൈദ്യൻ വേണ്ടപോലെ വിചാരിച്ച് ചികിത്സ ചെയ്തുകൊള്ളണം.

ഉന്മാദയന്തിത്രയഃപൃഥഗ്ദോഷാ
ഹൃന്മാർഗ്ഗഗാമി ഭയഹർഷശോകാഃ
വിഷാഭിശാപാദ്യഭിചാരദുഷ്ട-
ഗ്രഹാദികാവേശഗുരുപ്രകോപാഃ. ൫൯

വാതാദിദോഷങ്ങൾ മൂന്നും വഴിതെറ്റി നടന്ന് മനസ്സിനെ വഹിച്ചിരിക്കുന്ന സിരകളെ പ്രാപിച്ച് ഉന്മാദത്തെ ഉണ്ടാക്കുന്നു. ഉന്മാദത്തിൽ ഭയം സന്തോഷം ശോകം ഇവയും, വിഷം അഭിശാപം അഭിചാരം ദുഷ്ടഗ്രഹാദി ഇവയുടെ ആവേശവും ഗുരുകോപവും ഹേതുക്കളായി ഭവിക്കുന്നു.

വിരുദ്ധം ദുഷ്ടം യദ്യദശുചി ന യോഗ്യം ഭജതിയഃ
സുഭോജ്യം മന്വാനസ്സുരഗുരുവിപ്രവിധ്വംസം
സചോന്മാദീ നൂനം ഭവതി ഭയഹർഷാദിഭിരപി
പ്രദുഷ്ടം യസ്മാദ്വാ വ്രജതി വിഷമം ചേഷ്ടിതമലം. ൬൦

വിരുദ്ധമായും ദുഷ്ടമായും അശുചിയായും യോഗ്യമല്ലാത്തതായും ഇരിക്കുന്നതിനെ നല്ലഭോജ്യമാണെന്നു വിചാരിച്ചു ഭക്ഷിക്കുക, ദേവന്മാർ ഗുരുക്കന്മാർ ബ്രാഹ്മണർ ഇവരെ ദ്വേഷിക്കുക ഇങ്ങനെയുള്ളവൻ ഉന്മാദിയായി ഭവിക്കും. അത്യാധികമായ ഭയഹർഷാദികളും ഉന്മാദത്തിനു കാരണമാകുന്നതാണ്. ഈപ്രകാരം ഇരിക്കുന്ന ഉന്മാദിയുടെ മനസ്സ് ദുഷിച്ചതായിത്തീർന്നിട്ട് വിഷമമായ ചേഷ്ടയെ പ്രാപിക്കും.

തസ്യൈവം വാല്പസത്വസ്യ ......ചയാഃ
പ്രാക് പ്രദുഷ്ടാനിവാസം
ബുദ്ധേസ്സംദൂഷ്യ ഹൃദയമപിമന
സ്ഥാനഭൂതാനിയാനി
സ്രോതാംസ്യാസ്ഥായ താനിപ്രസഭമപിമനഃ
മോഹയന്ത്യാശുചേതഃ
സോയം ധീരോപ്യധീരഃപ്രഭവതിസഹസാ
ബുദ്ധിഹീനോഗ്രബുദ്ധിഃ. ൬൧

ഇപ്രകാരം അല്പബലനായ പുരുഷന്റെ മലസമൂഹങ്ങൾ മുമ്പിൽ ദുഷിച്ചിട്ടു പിന്നീട് ബുദ്ധിയുടെ നിവാസമായ ഹൃദയത്തേയും മനസ്സിന്റെ സ്ഥാനഭൂതങ്ങളായ സ്രോതസ്സുകളേയും ദൂഷിപ്പിച്ച് മനസ്സിനെ മോഹിപ്പിക്കുന്നു. അതുനിമിത്തം അവനവൻ ധീരനാണെങ്കിലും ധൈര്യമില്ലാത്തവനായിട്ടും ബുദ്ധിഹീനനും ഭയങ്കരസ്വഭാവനുമായിട്ടു തീരുന്നു.

വാതോന്മാദലക്ഷണം.

രൂക്ഷാല്പശീതളൈരന്നൈരുപവാസൈസ്സവിരേചനൈഃ
ധാതുക്ഷയാന്നരാണാം ച ക്രുദ്ധശ്ചാശ്രിതബലോനിലഃ. ൬൨

ചിന്താദിദുഷ്ടംഹൃദയം സംപ്രദൂഷ്യതതഃപരം
ഹന്തിബുദ്ധിംസ്മൃതിം ചാപി ഹ്യുന്മാദയതി തദ്യഥാ. ൬൩

ഹസതിരോദിതിഗായതിനൃത്യതി
ക്ഷിപതിചാംഗമഥോ ബഹുജല്പതി
പരുഷതാരുണതാഖിലദേഹജാ-
നിലജകാർശ്യമഥോബലജീർണ്ണതാ. ൬൪

രൂക്ഷങ്ങളായും അല്പങ്ങളായും ശീതങ്ങളായും ഇരിക്കുന്ന അന്നങ്ങൾ ഉപയോഗിക്കുക, പട്ടിണികിടക്കുക, വയറിളക്കുക, ധാതു ക്ഷയിക്കുക, ഈ കാരണങ്ങളാൽ വായു കോപിച്ച് ചിന്ത മുതലായവയാൽ ദുഷിച്ചിരിക്കുന്ന ഹൃദയത്തെ ദുഷിപ്പിച്ചതിനു ശേഷം ബുദ്ധിയേയും ഓർമ്മശക്തിയേയും നശിപ്പിക്കുന്നു. അതുകൊണ്ട് ഉന്മാദം ഉണ്ടാകുന്നു. അപ്പോൾ കാരണം കൂടാതെ ചിരിക്കുക, കരയുക, പാടുക, നൃത്തം ചെയ്യുക, അംഗത്തെ ക്ഷേപിക്കുക, വളരെ സംസാരിക്കുക, ഇവയുണ്ടാകും. ദേഹത്തിനു പരുഷത, അരുണവർണ്ണത്വം, ചടപ്പ്, ബലഹാനി ഇവയും കാണും. ഇത് വാതോന്മാദത്തിന്റെ ലക്ഷണമാണ്.

പിത്തോന്മാദ ലക്ഷണം.

അജീർണ്ണോഷ്ണകട്വമ്ലദാഹ്യന്നഭോജ്യൈ-
ശ്ചിതം പിത്തമുഗ്രം തഥോദീർണ്ണവേഗം.
ഹൃദിസ്ഥം തഥാനാത്മകസ്യാശുകുര്യാ-
ദ്യഥോന്മാദസംജ്ഞം ഹിരോഗം സരോഗം. ൬൫

അമർഷാരിസംരംഭയുങ്നഗ്നഭാവാ
വിസംതർജ്ജനാഭിർദ്രവദ്ദൃഷ്ടരോഷാഃ
സുശീതാന്നസച്ഛായശീതാംബുവാഞ്ഛാ
ഭവന്തീഹ പിത്തോദ്ഭവേ പീതവർണ്ണാഃ. ൬൬

ദഹിക്കാത്തവയും ഉഷ്ണങ്ങളും എരിവും പുളിയും ഉള്ളവയും വിദാഹിയും (ഉള്ളിൽ വേവുണ്ടാകുന്നവയും) ആയ അന്നഭോജ്യങ്ങളാൽ പിത്തം വർദ്ധിച്ച് ഉഗ്രമായി വേഗത്തിൽ ഹൃത്തിങ്കൽ സ്ഥിതമായിട്ട് അജിതാത്മാവായിരിക്കുന്നവനു ഉന്മാദരോഗത്തെ ഉണ്ടാക്കുന്നു. അപ്പോൾ ക്ഷമയില്ലായ്ക, നഗ്നഭാവം, ഭയപ്പെടുത്തൽ, ഓട്ടം

കോപം, ശീതമായ അന്നം തണുത്ത ശീതജലം ഇവയിൽ ആഗ്രഹം ദേഹത്തിനു മഞ്ഞനിറം, ഇവയും ഉണ്ടാകും. ഇതു് പിത്തോന്മാദത്തിന്റെ ലക്ഷണമാണ്.

കഫോന്മാദലക്ഷണം.

കഫശ്ശോഷ്മണാമഗ്നിപ്രാകൃപ്രവൃദ്ധഃ-
ശ്ചേതൽപൂരന്തൈംസമവദൂഷ്യചേഷ്ടിതാന്യ
സ്മൃതിം ഹന്തി ബുദ്ധിം ച ചിത്തം വിശേഷാൽ
പ്രമോഹം നയേച്ചൈവമുന്മാദമുഗ്രം. ൯൮

വാക്ചേഷ്ടിതം മന്ദമരോചകശ്ച
നിവിക്തനാരീപ്രിയതാ ച നിദ്രാ
വാന്തിശ്ചലാലായതനാല്പഭോജ്യ-
നഖാദിശൌക്ല്യാനി കഫാത്മകേസ്യുഃ. ൯൯

ആദ്യമായി കഫം പിത്തത്തോടുകൂടി മർമ്മങ്ങളിൽ പ്രാപിച്ചു വർദ്ധിക്കുന്നു. ആ കഫപൂരണം നിമിത്തം മന്ദമായും ദുഷ്ടമായും ഇരിക്കുന്ന വ്യാപാരത്തോടുകൂടിയവനു് സ്മൃതിയും ബുദ്ധിയും നശിക്കുന്നു. വിശേഷിച്ചു മനസ്സിനു് മോഹമുണ്ടാവുകയും ചെയ്യുന്നു. ഇങ്ങനെ ഉഗ്രമായ ഉന്മാദം ഉണ്ടാകും. വാഗ്വ്യാപാരം മന്ദമാകുക, അരുചി, വിജനത്തിൽ ഇരിക്കുന്നതിൽ ഇഷ്ടം, സ്ത്രീകളിൽ പ്രിയം, നിദ്ര, ഛർദ്ദി, ഈത്തയൊലിക്കുക, അല്പമായി ഭുജിക്കുക, നഖാദികളിൽ വെളുപ്പു് ഇവ കഫോന്മാദത്തിന്റെ ലക്ഷണമാകുന്നു.

സന്നിപാതോന്മാദലക്ഷണം.

സർവ്വൈഃസർവ്വൈർല്ലക്ഷണൈർഹേതുഭിശ്ച
തദ്വൽ സർവ്വാണ്യേവ രൂപാണി യസ്മിൻ
സോയം വർജ്യഃ സന്നിപാതോദ്ഭവോവൈ
വൈദ്യൈസ്സർവ്വൈർവൈദ്യശാസ്ത്രപ്രവീണൈഃ. ൧൦൦

സന്നിപാതോന്മാദത്തിന് സകല ഹേതുക്കളും എല്ലാ ഉന്മാദങ്ങളുടെ ലക്ഷണങ്ങളും ഉണ്ടായിരിക്കും. ഇതു് വർജ്യംതന്നെയാണെന്നു സകല വൈദ്യന്മാരും പറയുന്നു.

ആഗന്തുകോന്മാദം (ഭയോന്മാദലക്ഷണം.)

ചോരൈർന്നൃപതിഭൂതശത്രുഭിരേകൃൽപ്രേതാദിസംത്രാസിതഃ
കോശാഗാരസുതാപ്തവൈഭവസുഖൈർഹീനോ ട്യനിശംദുഃഖിതഃ
മന്ത്രാരാധനവിഘ്നിതോപി മതിമാനുന്മാദസംബാധിതഃ
കാര്യാകാര്യവിചാരശൂന്യഹൃദയോ വൈദ്യൈസ്സുഖംസാധ്യതേ. ൧൦൧

ചോരന്മാർ പേടിപ്പിക്കുക, രാജപുരുഷന്മാർ, ശത്രുക്കൾ, പ്രേതാദികൾ ഇവയിൽനിന്നു പേടിക്കുക, ധനം, ഭവനം, പുത്രൻ, ബന്ധു, ഐശ്വര്യസുഖം ഇവ നഷ്ടപ്പെടുക, മന്ത്രപാരായണം ദേവാരാധന, ഇവയ്ക്കു വിഘ്നമുണ്ടാകുക, ഈ കാരണങ്ങളാൽ ഉന്മാദരോഗം ബാധിച്ചു് ബുദ്ധിമാനായാലുംകൂടി കാര്യാകാര്യവിചാരമില്ലാത്തവനായിത്തീരും. ഈവിധമുള്ള ഉന്മാദരോഗിയെ നിഷ്പ്രയാസം ചികിത്സിക്കാം.

ഉന്മാദചികിത്സ.

സ്നേഹപാനമഥ വാതജേയഥാ
പ്രാഗ്വിരേകഇഹപിത്തജേതഥാ
ശ്ലേഷ്മജേതുവമനംയഥോദിതം
വസ്തിപൂർവ്വമഖിലം തു സർവ്വജേ. ൧൦൨

വാതജോന്മാദത്തിൽ ആദ്യം സ്നേഹപാനംപോലെ പിത്തജോന്മാദത്തിൽ വിരേചനവും കഫജോന്മാദത്തിൽ വമനവും (ഛർദ്ദിപ്പിക്കയും) ഹിതമാണ്. സന്നിപാതജോന്മാദത്തിൽ വസ്തിതുടങ്ങി ഈ എല്ലാ ചികിത്സകളും ചെയ്യണം.

വാരിവഹ്നിതരുശൈലദുർഗ്ഗമാ-
ദ്യന്യദുഷ്ടജനജന്തുസംഗമാൽ
പൂർവ്വമേവപരിരക്ഷ്യതാംസദാ
ഭേഷജൈശ്ചശമതാംനയേത്തതഃ. ൧൦൩

വെള്ളത്തിൽവീഴുക, തീയിൽചാടുക, മരത്തിലോ മലയിലോ കയറുക, മുള്ളോ കല്ലോ കാടോ നിറഞ്ഞ ദുർഗ്ഗമാർഗ്ഗങ്ങളിൽ സഞ്ചരിക്കുക, ഉപദ്രവിക്കുന്ന ദുഷ്ടന്മാരുടെ ഇടയിൽ അകപ്പെടുക, ദുഷ്ടജന്തുക്കളോടു ഏടപെടുക, ഈ വക ആപത്തുകളിൽ നിന്നും ഉന്മാദരോഗിയെ ആദ്യംതന്നെ സൂക്ഷിച്ചുകൊള്ളണം. എന്നിട്ടുവേണം ഔഷധങ്ങൾ കൊടുത്തു ചികിത്സിക്കുവാൻ.

ദേഹദുഃഖജഭയാൽപരമ്പര്യയരൾ
പ്രാണബാധജനകംഭയംമഹൽ
പ്രാണബാധകരഭീഷണൈരത-
സ്താഡനാദിഭിരമുംവശംനയേൽ. ൧൦൪

ദേഹദുഃഖജമായ ഭയത്തേക്കാൾ പ്രാണബാധയേ ജനിപ്പിക്കുന്നതായ ഭയമാണു് വലുതായിട്ടുള്ളതു്. അതിനാൽ പ്രാണബാധകരവും ഭയങ്കരവും ആയ അടി മുതലായവകൊണ്ടു ഉന്മാദരോഗിയെ അനുസരിപ്പിക്കണം.

ബദ്ധംസർപ്പാപേതദന്തൈർവിഗതനഖരദംഷ്ട്രൈർവിനീതൈർ
തപ്പേനാഥാപയേ-
ത്തപ്തൈസ്സ്നേഹജലാദിഭിസ്ത്വഥവായോവൈദ്യഃ
സ്പൃശേദാതുരം
സർപ്പൈരുദ്ധതദംഷ്ട്രിഭിസ്ത്വഥഗജൈസ്സിംഹാ
ദിഭിസ്ത്രാസയേ-
ദ്ബദ്ധംവാവിജനേഗൃഹേഖലുകശാഘാതൈഃപൈർ
ദ്രഢംതാഡയേൽ. ൨൦൬

ഉന്മാദരോഗിയെ കെട്ടിയിട്ട് ദേഹത്തിൽ കടുകെണ്ണതേച്ച് വെയിലത്തിരുത്തുകയോ, എണ്ണ, ജലം മുതലായവ ചൂടുപിടിപ്പിച്ചു കോരിദേഹത്തിലൊഴിക്കുകയോ, ഉഗ്രദംഷ്ട്രങ്ങളായ ക്രൂരസർപ്പങ്ങൾ, ആനകൾ, സിംഹങ്ങൾ, ഇവയെ കാട്ടി പേടിപ്പിക്കയോ, ജനസഞ്ചാരമില്ലാത്ത വീട്ടിൽ ഒരു മുറിക്കകത്താക്കി അടച്ച് ചമ്മട്ടികൊണ്ടടിക്കയോ ചെയ്യണം. എന്നാൽ ശമനംവരും.

ആഗന്തുകോന്മാദചികിത്സ.

ഇഷ്ടാനിഷ്ടവിയോഗയോഗജനിതോന്മാദം
വിയോഗംതഥാ
സ്മൃത്വാവൈദ്യവരസ്തഥാഭിലഷിതം
മാനൈഃക്ഷണാൽസാധയേ
ബ്രൂയാൽസത്യമസത്യവൽ പ്രതിപദം ബ്രൂയുർ
ജനാസ്സാധകാ-
സ്സത്യംകിം?വരവൈദ്യപ്രതിബദ്ധജാതം
വചോനോമൃഷാ. ൨൦൭

ഇഷ്ടവിയോഗംകൊണ്ടുണ്ടായ ഉന്മാദത്തെ ഇഷ്ടയോഗംകൊണ്ടും അനിഷ്ടയോഗംകൊണ്ടുണ്ടായ ഉന്മാദത്തെ അനിഷ്ടവിയോഗംകൊണ്ടും രോഗിയുടെ ഇഷ്ടം ചോദിച്ചറിഞ്ഞ്, വൈദ്യൻ സാധിക്കണം. രോഗിക്ക് സമാധാനത്തിനായി ചെറ്റൊക്കെ കള്ളം കലർത്തിയും വൈദ്യൻ പറയേണ്ടതുണ്ട്. ചികിത്സകന്മാർ അക്ഷരംപ്രതി സത്യംതന്നെ പറകയുണ്ടോ? ഇല്ലതന്നെ. മഹാവൈദ്യന്മാർ പറഞ്ഞാൽ അത് ഒരിക്കലും മിഥ്യയാകയില്ല.

സാമാന്യചികിത്സ.

ബ്രഹ്മീരസോ വാമധുകുഷ്ഠമിശ്രഃ
കൂശ്മാണ്ഡജോവാപ്യഥശംഖപുഷ്പ്യാഃ
ഷഡ്ഗ്രന്ഥികായാ അഥവാരസൈർവാ-
പ്യുന്മാദനാശായപൃഥങ്നിപീതഃ. ൨൦൮

ബ്രഹ്മിയുടെയൊ, കുമ്പളങ്ങായുടേയോ ശംഖുപുഷ്പത്തിന്റെയോ വെൺവയമ്പിന്റേയോ രസം കൊട്ടവും തേനുംകൂടിച്ചേർത്തു സേവിച്ചാൽ ഉന്മാദം നശിക്കും.

ബ്രഹ്മീനീരംശംഖപുഷ്പ്യുഗ്രഗന്ധാ-
യുക്തംകുഷ്ഠസച്ചൂർണ്ണബീജപ്രയുക്തം
പീതംശീതംഹന്തിചോന്മാദരോഗം
ഭൂതോന്മാദം ചാപ്യപസ്മാരമുഗ്രം. ൨൦൯

ബ്രഹ്മിനീരിൽ ശംഖുപുഷ്പത്തിൻവേര് വയമ്പ് കൊട്ടം ഉമ്മത്തിൻകുരു ഇവ അരച്ചു ചൂടുപിടിപ്പിക്കാതെ ശീതമായി പാനംചെയ്താൽ ഉന്മാദം ഭൂതോന്മാദം അപസ്മാരം ഇവ ശമിക്കും.

ജലകല്യാണഘൃതം.

ഗവാക്ഷ്യശ്യാമൈരണ്ഡീശിശിരഗദതാലീസബൃഹതീ
പ്രിയംഗ്വൈലാവാനീലോൽപ്പലകുരണ്ടകശ്രീദചന്ദനൈഃ
സ്ഥിരായുക്താനന്താരുണത്രിദശദാരുപ്രതിയുതൈഃ
പ്രസൂനൈർമ്മാലത്യാ അഭിനവതരൈർദ്രാക്ഷമഹിതൈഃ. ൨൧൦

വിഡംഗൈലാവാലുപ്രയുതകലശീകേസരവൃഷാ-]
സമേതൈർവ്വൈഗോപീയുഗളസഹിതൈഃകല്കതുലിതൈഃ.
ചതുർഭാഗംനീരംഘൃതമപി ച പ്രസ്ഥോന്മിതമിദം
ശൃതംസിദ്ധംഹന്ത്യംഭവതിജലകല്യാണകമലം ൨൧൧

ക്ഷയോന്മാദശ്വാസേ ജ്വരദഹനമാന്ദ്യാനിലഗദേ
കടീശൂലേകൃഛ്രേപ്യഹിവിഷഹതേ പാണ്ഡുഗുദജേ
പ്രമേഹേഭൂതോപദ്രവഹതസ്വമനസാംവായുരുധിര-
പ്രകോപേതാർത്തീയജ്വരകൃശതനൗയോജ്യമതുലം. ൨൧൨

പ്രതിശ്യായേകാസേപ്യഥഗളകണ്ഡൂഗദയുതേ
പ്രശസ്തംവന്ധ്യാനാമപി ച നിയതംപുത്രജനകം
ദരിദ്രാണാംലക്ഷ്മീകരമിദമലംപുംസ്ത്വജനകം
ബലംബുദ്ധിംകാന്തിംസ്മൃതിമഖിലമാരോഗ്യകരുതേ. ൨൧൩

കാട്ടുവെള്ളരിവേര്, ത്രിഫല, അരേണുകം, ചന്ദനം, കൊട്ടം, കരിതാലീസപത്രം, ചെറുവഴുതിനവേര്, ഞാഴൽപൂവ്, ഏലത്തരി, കരിങ്കൂവളക്കിഴങ്ങ്, ആമ്പൽകിഴങ്ങ്, മഞ്ഞളും മരമഞ്ഞളും, ഇരുവേലി, മൂവിലവേര്, കൊടിത്തൂവവേര്, പുന്നപ്പൂവ്, ദേവതാരം, പുതിയപിച്ചകപ്പൂവ്, താളിമാതളക്കായ്, വിഴാലരി ഏലവാലുകം, ഓരിലവേര്, നാഗപ്പൂവ്, നാഗദന്തിവേര്, നറുനീണ്ടിരണ്ടും ഇവ മുമ്മൂന്നു കഴഞ്ചുവീതം നെയ്യിൽ നാലിരട്ടി വെള്ളത്തിൽ അരച്ചുകലക്കി ഇ-

ടങ്ങഴിനെയ്യും ചേൎത്തു കാച്ചുക. ഈ ജലകല്യാണകഘൃതം സേവിച്ചാൽ ക്ഷയം, ഉന്മാദം, ശോഷം, ജ്വരം അഗ്നിമന്ദ്യം, വാതരോഗം, അരക്കെട്ടിന്റെ വേദന, മൂത്രകൃഛ്റം, വിഷം, പാണ്ഡുരോഗം, അൎശസ്സ്, പ്രമേഹം, ഭൂതബാധ, വായുഗോളം, രക്തഗുല്മം, തൃതീയജ്വരം, പീനസം, ചുമ, ചൊറിച്ചില് ഇവ ശമിക്കും. കൃശശരീരമുള്ളവന്ന് ഹിതമാണ്. പ്രസവിക്കാത്ത സ്ത്രീകൾ പ്രസവിക്കും. ദരിദ്രന്മാൎക്ക് സമ്പത്തുവൎദ്ധിക്കും. പുരുഷത്വം സിദ്ധിക്കും. ബലം, ബുദ്ധി, കാന്തി, പഠിക്കുന്നതിന് ഓൎമ്മ ഇവയും ഉണ്ടാകും.

സുമനാദിഘൃതം.

സുമനഃസുമനാംസിനിശായുഗളം
സ്ഥിരയാനളദംശിശിരംസഘനം
ഘനസാരപ്രിയംഗുവിഡംഗവരി
ബദരാമലകീജലജംസജലം
ജലമംബുദഹംസകലം വിധിവൽ
സഘൃതംസുമനാദിശൃതം(?)
ശ്രുതഭ്രമിജ്വരാദിവാരിസുസംസാധിതം-
മാശ്രമനാഗദഹ്വൽപ്രബലം. ൧൧൩

പിച്ചകപ്പൂവ്, മഞ്ഞൾ മരമഞ്ഞൾ, ഓരിലവേര്, രാമച്ചം, ചന്ദനം, മുത്തങ്ങാക്കിഴങ്ങ്, കൎപ്പൂരം, ഞാഴൽപ്പൂവ്, വിഴാലരി, ശതാവരിക്കിഴങ്ങ്, ലന്തക്കുരു, നെല്ലിക്കാനീര്, ഇരുവേലി, താമരപ്പൂവ് ഇവ അരച്ചു വളമിട്ടുള്ള കിണ്ടിയിൽ ഉണ്ടാന താമരയുടെ കഷായത്തിൽ കലക്കി നെയ്യുംചേൎത്ത് വിധിപോലെ കാച്ചിഎടുക്കുക. ഈ സുമനാദിഘൃതം പ്രബലമായ ഉന്മാദത്തെ നശിപ്പിക്കും.

പൈശാചികഘൃതം.

ശതാവരീഛിന്നരുഹാജയാഭിഃ
ഛത്രാതിഛത്രാകടുരോഹിണീഭിഃ
കടംഭരീചോരകപൂതനാഭിർ-
വീരാജയാചാരടികാവരാഭിഃ. ൧൧൪

പലംകഷോഗ്രാജടിലാസ്ഥിരാഭിർ-
വരാഹകന്ദാസഹിതാഭിരാഭിഃ.
ഘൃതംപചേദ്ഭിന്നസമാനവൎണ്യാ
പൎണ്യാജയന്ത്യാവ്യഥകീശണീഭിഃ. ൧൧൫

സംസാധിതംവൈദ്യവരൈൎഘൃതംതു
പൈശാചികംനാമജഗാദിതായ

സത്ത്വായമാനംസ്മൃതിബുദ്ധിമേധാ-
കാന്തിപ്രദംബാലഗദഘ്നമുക്തം. ൧൧൬

ഉന്മാദമുന്നാശയതിപ്രവീത-
മപസ്മൃതിംവാഗ്രഹദോഷശാന്ത്യൈ
അഭ്യംഗനസ്യാദിഷുയത്രതത്ര
പ്രയോജ്യമേതദ്ധ്യമൃതോപമേയം. ൧൧൭.

ശതാവരിക്കിഴങ്ങ് അമൃത് മുഞ്ഞ കൊത്തമ്പാലയരി ചതകുപ്പ കടുകരോഹിണി പാടക്കിഴങ്ങ്സാരിവേര് അടവിക്കച്ചോലം കട്ടക്ക ക്ഷീരകാകോളി മഞ്ഞൾ കീഴാനെല്ലി ത്രിഫല ഞെരിഞ്ഞിൽ വയമ്പ് ജടാമാഞ്ചി ഓരിലവേര് നിലപ്പനക്കിഴങ്ങ് കൃഷ്ണതുളസി ഇത്തിൾക്കണ്ണി നായ്ക്കുരുണപ്പരിപ്പ് ഇവ ബ്രഹ്മിനീരചേൎത്ത് കല്ക്കമായി കാച്ചിയനെയ്യ് സ്മൃതി ബുദ്ധി മേധ കാന്തി ഇവയെ പ്രദാനംചെയ്യും. ബാലഗ്രഹപീഡ ഉന്മാദം അപസ്മാരം ഇവയെ ശമിപ്പിക്കും ഇതിന് പൈശാചികഘൃതം എന്നുപേർ. ഗ്രഹദോഷശാന്തിക്ക് അഭ്യംജനം നസ്യം മുതലായവ വിധിക്കുന്നിടത്തു ഇതു് ഉപയോഗിച്ചാൽ അമൃതിനതുല്യമാകുന്നു.

വേറൊരുനസ്യം.

സർഷപരജനീയുഗളത്രിഫലാ
കടഭീശോഭാഞ്ജനസീസഹിതാ
ത്ര്യൂഷണഹിംഗുവചാമരസഹിതാ
മഹാശിരീഷജബീജകസഹിതാ
മൂത്രൈഃഗവ്യൈർഗുഡികാരചിതാ
അഞ്ജനനസ്യാദിഷുപരമുചിതാ. ൧൧൮

വെൺകടുക് മഞ്ഞൾ മരമഞ്ഞൾ ത്രിഫല വെളുത്തശംഖുപുഷ്പം മാഞ്ചി ത്രികടു കായം വയമ്പ് ദേവദാരം പുങ്കിൻകുരു നെന്മേനിവാകക്കുരു ഇവയെല്ലാംകൂടി ആട്ടിൻമൂത്രത്തിൽ അരച്ചു ഗുളികയാക്കി പ്പൊടിച്ച് അഞ്ജനമോ നസ്യമോ ചെയ്താൽ ഉന്മാദം ശമിക്കും.

ഗുഗ്ഗുലുന്യചൈവാപ്യഥജംബുകസ്യ
രോമാനിചരാഗസ്യപയസ്സഹിംഗുഃ
സുസല്ലകീജംലവണംവചാച
ധൂപസ്തഥൈഷാംഗ്രഹദോഷഹാരീ. ൧൧൯

കാട്ടിക്കരടിന്റെയും കുറുക്കന്റെയും രോമങ്ങൾ കായം ഈന്തൽകായ് ഇന്തുപ്പ് വയമ്പ് ഇവ എല്ലാംകൂടി ആട്ടിൻമൂത്രവും ചേൎത്തു പുകച്ചാൽ ഗ്രഹദോഷം ശമിക്കും.

ധൂപം.

കാർപ്പാസബീജൈശ്ച മയൂരപിഞ്ഛ-
പിണ്ഡീതകത്വഗ്വൃഷദംശവിഡ്ഭിഃ
വചാഹിനിർമ്മോകഗജേന്ദ്രദന്ത-
നൃകേശഗോശൃംഗസഹിതൈശ്ച ധൂപഃ. ൧൨൦
നിർമ്മാല്യമാംസീബ്രഹ്മിസഹിംഗു-
തുല്യൈസ്സമസ്തൈസ്സംയുതൈസ്സ ധൂപഃ
പിശാചരക്ഷോരഗയക്ഷദേവ-
ഗ്രഹാദികാവേശഹരഃ പ്രസിദ്ധഃ. ൧൨൧

പരുത്തിക്കുരു മയിൽപ്പീലി കർപ്പൂരത്തുളസി, ഇലവർങ്ഗം പൂച്ചക്കാഷ്ഠം വയമ്പ് പാമ്പിൻപടം ആനക്കൊമ്പ് തലമുടി കാളക്കൊമ്പ് നല്ലമുളക് ചോനകപ്പുല്ല് മാഞ്ചി ചെറുവഴുതിന കായം ഇവ എല്ലാംകൂടി നെയ്യുചേർത്തു പുകച്ചാൽ പിശാച് രക്ഷസ്സ് സർപ്പയക്ഷദേവഗ്രഹങ്ങൾ മുതലായവയുടെ ആവേശം ശമിക്കും.

വേറൊന്ന്.

ഗജാഹ്വാകണാമൂലധാത്രീഫലാനി
ത്രികംവാകട്ട്വനാം തഥാ സാർഷപാശ്ച
വിഷോഷ്യാഥപിഷ്ടൈസ്സമാജ്ഞാംഗോധാ-
ഭവൈന്നാകുലൈർന്നസ്യധൂമാഞ്ജനാനി. ൧൨൨

അത്തിത്തിപ്പലി തിപ്പലീമൂലം നെല്ലിക്ക ചുക്കു മുളകു തിപ്പലി കടുക് ഇവപൊടിച്ച് പൂച്ച ഉടുമ്പ് കീരി ഇവയുടെ പിത്തം ചേർത്തു യോജിപ്പിച്ച് നസ്യമോ ധൂപമോ അഞ്ജനമോ പ്രയോഗിച്ചാൽ വിഷവും ഉന്മാദവും ശമിക്കും.

വേറൊന്ന്.

സർഷപാശ്വനഖഭൂർജ്ജപത്രകൈർ-
നിംബപത്രഘൃതമിശ്രിതൈരപി
ധൂപിതം ചവചനാസമന്വിതൈർ-
മാനുഷം നഹി വിശന്ത്യസൽഗ്രഹാഃ. ൧൨൩

കടുക് കുതിരനഖം ഭൂർജ്ജപത്രം (പൂതങ്ങക്ക്) വേപ്പില വയമ്പ് ഇവപൊടിച്ച് നെയ്യുകൂട്ടി പുകച്ചാൽ ദുർഗ്രഹബാധയുണ്ടാകയില്ല.

സാരസ്വതചൂർണ്ണം.

ഗദലവണകടുത്രിത്രീണിപാഠാജമോദാ
ജരണയുഗളയുക്താശ്ശംഖപുഷ്പ്യശ്വഗന്ധാഃ

സമലവതുലിതാസ്താസ്സർവ്വതുല്യോഗ്രഗന്ധാ
പുനരപിപുനരേവം ഭാവ്യ ബ്രഹ്മീരസേന. ൧൨൪
മധുഘൃതപരിയുക്തംശ്ലക്ഷ്ണപിഷ്ടം ചലീഢം
വിധിമുഖപരിഗീതം ചൈവ സാരസ്വതാഖ്യാ
അപഹരതിവിശേഷാദുഗ്രമുന്മാദരോഗം
ജനയതിദിവസൈസ്സ്തൈർസപ്തഭിർബ്ബുദ്ധിമുഗ്രാം. ൧൨൫
പാഠേഷുജാഡ്യം മനസോതിശാഠ്യം
തഥൈവജാഡ്യം രസനേതികാർശ്യം
തനൌതുമാന്ദ്യം ജഠരാഗ്നിമാന്ദ്യം
ബുദ്ധേശ്ചമാന്ദ്യം ഹിനിരാകരോതി. ൧൨൬
ഐശ്വര്യം മനസസ്ഥൈര്യമതുലാം
മേധാം പ്രവിന്ദേൽപരാം
ശ്ലോകാനാം ചസഹസ്രമേകദിവസേ
സാർദ്ധം പഠേദ്ധാരയേൽ
ജിഹ്വാഗ്രേപരിനൃത്യതീവസതതം
വാസം ഭജേച്ഛാരദാ
സപ്താഹാൽഖലുസിദ്ധിദം സമുദിതം
ചോന്മാദിനാം സന്തതം. ൧൨൭

കൊട്ടം ഇന്തുപ്പ് ത്രികട്ടു പാടക്കിഴങ്ങ് അയമോദകം ജീരകം കരിഞ്ജീരകം ശംഖുപുഷ്പം അമുക്കുരം ഇവ സമാംശം. വയമ്പ് എല്ലാത്തിനും സമം. എല്ലാംകൂടി പൊടിച്ച് ൨൧ പ്രാവശ്യം ബ്രഹ്മിനീരിൽ ഭാവനചെയ്തു ഉണക്കി മിനുസമായി പൊടിച്ച് തേനും നെയ്യും കൂടിചേർത്തു സേവിക്കുക; വിശേഷിച്ചും ഉഗ്രമായ ഉന്മാദരോഗം നശിക്കും. ഇങ്ങനെ ഏഴുദിവസം സേവിച്ചാൽ വളരെ ബുദ്ധിയുണ്ടാകും. പാഠജാഡ്യം ബുദ്ധിയുടെ ശഠത, നാക്കിന്റെ ജഡത്വം ശരീരകാർശ്യം മന്ദത അഗ്നിമാന്ദ്യം ബുദ്ധിമാന്ദ്യം ഇവ ഇല്ലാതാകും. ഐശ്വര്യം മനോധൈര്യം മഹാധാരണാശക്തി ഇവ ലഭിക്കും. ഒരുദിവസംകൊണ്ട് സഹസ്രം ശ്ലോകം അർത്ഥത്തോടുകൂടി പഠിക്കുന്നതിനും ധരിക്കുന്നതിനും സാമർത്ഥ്യമുണ്ടാകും. സരസ്വതി എല്ലായ്പോഴും ജിഹ്വയിൽ നൃത്തം ചെയ്യും. ഈ സാരസ്വതചൂർണ്ണം ഏഴുദിവസംകൊണ്ട് സിദ്ധിദമാണെന്നു ബ്രഹ്മാവിനാൽ പറയപ്പെട്ടിട്ടുള്ളതാണ്.

നസ്യം.

സുനീലജാഗരുപബീജപഞ്ചകേനപല്പടീ-
ഘൃതേന നാവനേ പ്രയോജയേന്മഹാഭിഷഗ്യദാ
തദാസചോന്മദാൽ ഗദാതുരം വിമോചയേത്തഥാ
ഘനോദവാതുരം വനം യഥാ വനസ്യ വർഷണൈഃ. ൧൨൮

നല്ലമത്തൻകുരു ജീരകം എന്നിവ പൊടിച്ച് പശുവിൻമൂത്രത്തിൽ നസ്യംചെയ്താൽ അപസ്മാരത്താൽ കാഴ്ചയില്ലാതാകുന്നതുപോലെ ഉന്മാദരോഗം ശമിക്കും.

വാരുണി.

വരപത്മമൃണാളനിശാകരപ-
ത്മധരാദേവപത്രനവഗ്രന്ഥികാ
മധുകാമലചന്ദനശാല്മലികാ-
ത്വഗലാമൃഫലാഗുരുയുഗ്ധനികാ.
ജലജാമലകീരശമൂർവ്വകീ-
കദളീഫലദാഡിമഖർജ്ജുരികാ
സകലൈഃ പരിസാധിതവാരുണികാ
ഖലു പിത്തമനോഗദനാശനികാ. ൧൩൮

സുമനഃപരിവാസിതയാ സിതയാ
പരിപീതമിദം ബഹുരോഗഹരം
അപിലോഹിതപിത്തതൃഷാർദ്ദനമാശു
മനോഗദനാശനകാരിപരം.
ജ്വരദാഹജദാരുണകാരണ
വാരണവാരണവാരുണയോഗവരം.
ചരകാദിമുനിപ്രവരാഖിലതന്ത്രഗണാഃ
പ്രഥിതാഃ ഖലു തേഷു വരം. ൧൩൯

ഗുൽഗുലു പതുമുകം താമരവളയം കർപ്പൂരം താമരപ്പൂവ് പനിനീർ ചെമ്പകപ്പൂവ് മുന്തിരിങ്ങാപ്പഴം ഇരട്ടിമധുരം വെൺചന്ദനം ഇലവിൻപശ ഇലവർങം മലങ്കാരയുടെ തൊലി കൊത്തമ്പാലയരി നീർകടമ്പ് നെല്ലിക്ക രാമച്ചം പാടക്കിഴങ്ങ് കദളീഫലം താളിമാതളം ചിറ്റേലം ഇവയെല്ലാം ചേർത്തുണ്ടാക്കിയ വാരുണീമദ്യം പിത്തോന്മാദത്തെ ശമിപ്പിക്കും. ഇതുതന്നെ പിച്ചകപ്പൂവിട്ട വാസനവരുത്തി പഞ്ചസാരയുംചേർത്തു സേവിച്ചാൽ പലരോഗങ്ങളും ശമിക്കും. രക്തപിത്തം, തണ്ണീർദാഹം, ഉന്മാദം ഇവയേയും പനിദാഹങ്ങളെ ഉണ്ടാക്കുന്ന ഹേതുക്കളേയും അതു ശമിപ്പിക്കും. ഈ യോഗം ചരകൻ തുടങ്ങിയ മഹർഷിമാർ നിർമ്മിച്ചിട്ടുള്ള ശാസ്ത്രങ്ങളിൽ പ്രസിദ്ധപ്പെട്ടയോഗങ്ങളിൽ ശ്രേഷ്ഠമാകുന്നു.

വിവിധോന്മാദപ്രതീകാരം.

രേചനവമനപാചനശോധന
ബോധനഭാഷണഭീഷണഭാവൈഃ
ശങ്കരതോഷണഗോദ്വിജപോഷണ
ഹാടകഭൂഷണഭൂമിജദാനൈഃ. ൧൪൦

അഞ്ജനനാവനധൂപനപാവന-
തീർത്ഥനിഷേവണയുഗ്ബലിദാനൈഃ.
ഉന്മദമാനസമാംസവിമാമിഷ-
ഹീനതനും ബിഭൃയാദനുമാനൈഃ. ൧൪൧

വിരേചിപ്പിക്കുക, വെള്ളംകോരിനനയ്ക്കുക, പചിപ്പിക്കുക, വമനാദിശോധനങ്ങൾ നടത്തുക, നല്ലവാക്കുപറക, ഭയപ്പെടുത്തുക, ഇവകൊണ്ടും, ശിവപ്രീതിവരുത്തുക, പശുക്കളെയും ബ്രാഹ്മണരെയും, തൃപ്തിപ്പെടുത്തുക, സ്വർണ്ണാഭരണങ്ങൾ, ഭൂമി, അന്നം, മുതലായവ ദാനം ചെയ്ക, ഇവകൊണ്ടും, അഞ്ജനം, നസ്യം, ധൂപനം (പുകയേല്പിക്കുക) പുണ്യതീർത്ഥസ്നാനം ഇവകൊണ്ടും ബലിഹോമാദി കർമ്മങ്ങളാലും, ശരീരത്തിൽ മാംസമില്ലാതവണ്ണം ശോഷിച്ച ഉന്മാദരോഗിയെ പരിചരിച്ചു രക്ഷിക്കേണ്ടതാകുന്നു.

അപസ്മാരരോഗപ്രാഗ്രൂപം.

ചിന്താശോകാദിഭിർവാ പ്രകുപിതനിചയാ
ദോഷസംഘാഃ പ്രവൃദ്ധാഃ
സ്ഥിത്വാ ഹൃൽസ്രോതസി ദ്രാഗമലതരധിയാം
സംസ്മൃതിം നാശയന്തി
മൂർഛാദ്യൈസ്ത്വാനം പ്രമൈഢ്യം പ്രഭവതി സഹസാ
ശൂന്യതോരഃപ്രകമ്പഃ
സ്വേദഃ കാർശ്യം തൃഷാ വാ പ്രഭവതി വിഹതാ
ജാഗരം പൂർവ്വരൂപേ. ൧൪൨

ചിന്ത, ശോകം മുതലായവയാൽ കുപിതങ്ങളായ ദോഷസംഘങ്ങൾ വർദ്ധിച്ച് ഹൃദയസ്രോതസ്സുകളിൽ സ്ഥിതിചെയ്തിട്ട് വേഗത്തിൽ നിർമ്മലബുദ്ധികളുടെ ഓർമ്മയെ നശിപ്പിക്കുന്നു. ഇതാണ് അപസ്മാരരോഗം. മോഹാലസ്യം, വിഷാദം, മൌഢ്യം, ശൂന്യത്വം, നെഞ്ചിന് വിറയൽ, വിയർപ്പ്, ചടവ്, തണ്ണീർദ്ദാഹം, ഉറക്കമില്ലായ്ക ഇവയെല്ലാം അപസ്മാരരോഗത്തിന്റെ പൂർവ്വരൂപങ്ങളാണ്.

സംരംഭാദിതമഃപ്രവേശനമഹാദോഷോഗ്രരൂപൈഃ സംസ്മൃതേ-
ന്നാശോ യത്രഭവേൽ സ വൈദ്യധരണീപാലൈരപസ്മാരകഃ
ഉക്തസ്തത്ര തു ഭേഷജം രദുദിതം ദോഷാനുമാനേനചോ-
ന്മാദോദേഃ ഖലു യച്ചികിത്സിതമഥാപ്യന്യച്ചവാ ബ്രൂമഹേ. ൧൪൩

സംരംഭം (മനസ്സ് സ്വാധീനമല്ലാതായി ഭ്രമിക്കുക) തമഃപ്രവേ

ശം (കണ്ണിൽ ഇരുട്ടുകേറുക) മുതലായ വികാരങ്ങൾ ദോഷങ്ങളുടെ കോപംനിമിത്തമുണ്ടായിട്ട്, സ്മൃതിയുടെ നാശം സംഭവിക്കുന്നതിനെ അപസ്മാരരോഗം എന്നു വൈദ്യശ്രേഷ്ഠന്മാർ പറയുന്നു. ഉന്മാദചികിത്സിതത്തിൽ അപസ്മാരരോഗത്തിനും ദോഷകോപം അനുസരിച്ച് ചികിത്സകൾ പറഞ്ഞിട്ടുണ്ട്. അതുകൂടാതെ മററു ചികിത്സയും ഇവിടെ പറയാൻപോകുന്നു.

അപസ്മാരചികിത്സ.

ബ്രാഹ്മീരസോവൈമധുനാ ശതാവ്യാ -
രസഃ സദുഗ്ധോ ലശുനസ്സതൈലഃ
ഏകൈകമേകൈകമലംപ്രപീത-
മപസ്മൃതിംഘ്നം ത്രയമേവഗദം ജതം. ൬൩൪

ബ്രാഹ്മീനീരു തേൻചേർത്തും ശതകപ്പയുടെനീരു പാൽചേർത്തും വെള്ളുള്ളിനീര് എണ്ണചേർത്തും സേവിച്ചാൽ അപസ്മാരം ശമിക്കും. ഇങ്ങനെ മൂന്നു യോഗങ്ങൾ പറയപ്പെട്ടു.

പ്രലേപം.

സിദ്ധാർത്ഥകാദ്യൈരപി ചൂർണ്ണിതൈശ്ച
തൽഭക്ഷിതൈരപ്യഥ വാപിതൈശ്ച
ഗോമൂത്രപിഷ്ടൈസ്സകലാംഗലേപ-
വിധിപ്രയുക്തൈഃ സ്മൃതിമാശ്രയാതി. ൬൩൫

സർഷപരജനി ഇത്യാദി യോഗത്തിൽപ്പറഞ്ഞ കടുക മുതലായവ പൊടിച്ചു ഭക്ഷിക്കയോ അല്ലെങ്കിൽ അവ ഗോമൂത്രത്തിലരച്ചു വിധിപ്രകാരം ദേഹമാസകലം തേക്കുകയോ ചെയ്താൽ അപസ്മാരം നശിച്ചു ബോധം ഉണ്ടാകും.

നസ്യവും അഞ്ജനവും

നിർഗ്ഗുണ്ഡിവന്ദാകകൃതാച്ച നസ്യാ-
ദപസ്മൃതിസ്സ്യാതി വിനാശമാശു
മനശ്ശിലാതാർക്ഷ്യകപോതവിഡ്ഭി
കൃതാഞ്ജനാദ്യപസ്മൃതിഹീനദേഹഃ. ൬൩൬

കരിനൊച്ചി ഇത്തിൾക്കണ്ണി ഇവയുടെ നീരുകൊണ്ട് നസ്യമോ മനയോല, രസാഞ്ജനം മാടപ്രാവിൻകാഷ്ഠം ഇവകൊണ്ട് അഞ്ജനമോ ചെയ്താൽ അപസ്മാരം ശമിക്കും.

പഥ്യാന്തരേണ മറെറാരു യോഗംകൂടി.

നിർഗ്ഗുണ്ഡിവന്ദാകഭവംഹി നസ്യ-
മപസ്മൃതിഘ്നം ദ്വയമത്ര ചാന്യൽ

വചാരജോമാക്ഷികസേവനം സൽ
പഥ്യം തു ദുഗ്ദ്ധോദനമത്രഭേദഃ. ൬൩൭

കരിനൊച്ചി ഇത്തിൾക്കണ്ണി ഇവകൊണ്ടുള്ള നസ്യം അപസ്മാരത്തെ ഹനിക്കും എന്നു പറഞ്ഞുവല്ലൊ. കൂടാതെ, വയമ്പിൻപൊടി തേനിൽ കുഴച്ചു സേവിച്ചാലും അപസ്മാരം നശിക്കും. എന്നാൽ ഇതിന് പാൽച്ചോറു പഥ്യമാണ്. എന്നു ഭേദമുണ്ട്.

വേറെ രണ്ടുയോഗം.

ബ്രഹ്മീരസോഗ്രാഗദശംഖപുഷ്പീ
ശൃതംഘൃതംയത്തു ഭജേച്ചയാവൽ
ദൈത്യകീടമേഷൌവിനിഗൃഹ്യബദ്ധാ-
വപസ്മൃതേർന്നൊവഭയംഹിതാവൽ. ൬൩൮

ബ്രഹ്മിനീരിൽ വയമ്പ് കൊട്ടം ശംഖുപുഷ്പത്തിൻവേര് ഇവ കല്ക്കമായി കാച്ചിയ നെയ് സേവിച്ചാൽ, പരസ്പരം യുദ്ധം ചെയ്യുന്ന രണ്ടാട്ടുകളെ പിടിച്ചുകെട്ടിയാൽ അവയിൽ നിന്ന് ഭയം ഉണ്ടാകാതിരിക്കുന്നതുപോലെ അപസ്മാരരോഗത്തിൽനിന്ന് ഭയം ഉണ്ടാകയില്ല.

വാതാപസ്മാരലക്ഷണം.

ദശതിദന്തഗണാൻ ദശനൈർന്നിജൈ-
ർവ്വമതിഫേനമലംത്വസവേപഥുഃ
പരുഷലോഹിതകൃഷ്ണതരാണ്യഥോ
നയനഭോഗ്യകരാണ്യപിവാതജേ. ൬൩൯

പല്ലുകൾ തമ്മിൽ കടിക്കുക. (പല്ലുഞെരിക്കുക) വിറയലോടുകൂടി പത ഛർദ്ദിക്കുക, ഓരോ രൂപങ്ങളെ പരുപരുത്തിട്ടും രക്തവർണ്ണങ്ങളായും കൃഷ്ണവർണ്ണങ്ങളായും കാണുക. ഇവ വാതാപസ്മാരത്തിന്റെ ലക്ഷണമാണ്.

വാതാപസ്മാരചികിത്സ.

മുൽഗാൻ കപിത്ഥമാനഹശാരദാംശ്ച
സോശീരകാംശ്ചാഥയവാൻ ഭജേദ്വാ
വ്യോഷേണചരാഗന്യച മൂത്രവസ്തിം
ദദ്യാദപസ്മാരഗദാഹിദഷ്ടേ. ൬൪൦

ചെറുപയറ് വിളാങ്കായ് മോടൻനെല്ലരി രാമച്ചവെള്ള ഇവ ഉപയോഗിക്കയോ, ആട്ടിന്റെ മൂത്രത്തിൽ വേകിച്ച യവം ഇവ ഭക്ഷിക്കയോ, ചുക്കു മുളക് തിപ്പലി ഇവചേർത്തു വസ്തി എടുത്തു ചികിത്സ ചെയ്താലും വാതാപസ്മാരം നശിക്കും.

പിത്താപസ്മാരലക്ഷണം.

പീതാങ്ഗവക്ത്രോ ƒപി ച പീതരക്തഃ
പീതാക്ഷിരൂപാണ്യപി പീതദർശീ
പീതംതുഫേനം വമതേ (?) തൃഷാർത്തഃ
പിത്തോദ്ഭവോപസ്മൃതിചിഹ്നമേതൽ. ൧൮

ശരീരവും മുഖവും കണ്ണും മഞ്ഞനിറത്തിലിരിക്കുക, രക്തം മഞ്ഞളിക്കുക കാണുന്നതെല്ലാം മഞ്ഞനിറത്തിൽ തോന്നുക, തണ്ണീർദ്ദാഹത്തോടുകൂടി മഞ്ഞനിറത്തിലുള്ള പത ഛർദ്ദിക്കുക, ഇവ പിത്താപസ്മാരത്തിന്റെ ലക്ഷണമാകുന്നു.

പിത്താപസ്മാരചികിത്സ.

ഗോഘൃതംഗോശകൃൽദ്രവധാപിമൂത്രസംയുതം
ഉന്മാദേചാപ്യപസ്മാരേ പൈത്തികേ ച ചതുർത്ഥകേ. ൧൯

പശുവിൻനെയ്യ് പശുവിൻചാണകം പശുവിൻപാൽ പശുവിൻതൈര് ഗോമൂത്രം (പഞ്ചഗവ്യം) ഇവ സമമായി എടുത്ത് കാച്ചി സേവിച്ചാൽ പിത്തോന്മാദം പിത്താപസ്മാരം പിത്തജമായ ചാതുർത്ഥികജ്വരം ഇവ ശമിക്കും.

കഫാപസ്മാരലക്ഷണം

ശുക്ലദൃഷ്ടിശ്ശുക്ലവർണ്ണാംഗവക്ത്രഃ
ശുക്ലംപശ്യത്യേവശീതാർത്തിയുക്തഃ
ഏവംരൂപഃശ്ലേഷ്മജാപസ്മൃതൌ വാ
സോപ്യാസാദ്ധ്യോവൈദ്യവര്യൈഃപ്രദിഷ്ടഃ. ൨൦

ദൃഷ്ടി ശരീരം മുഖം ഇവ ശുക്ലവർണ്ണമായിരിക്കുക, ശീതബാധയോടുകൂടി ശുക്ലമായ രൂപം കാണുക, രോമാഞ്ചമുണ്ടാകുക, തടിച്ചിരിക്കുക ഇവ ശ്ലേഷ്മാപസ്മാരലക്ഷണമാകുന്നു. ഇതു് ചിരകാലസാദ്ധ്യമാണു്.

ശ്ലേഷ്മാപസ്മാരചികിത്സ.

ഭാർങ്ഗീകഷായാനാചിതമാത്രസംയ-
ച്ചൂർണ്ണം രദിക്ഷുജവികാരസഗന്ധിമിഷ്ടം
കംഭേനിധായ ഘനഗൂഢമുപാഷ്യഹന്തിസംസ്ഥ-
മപസ്മൃതിംഹന്തിനിരീതമാശു. ൨൧

ചെറുതേക്കു കഷായംവച്ചു് അതിൽ ശുദ്ധിചെയ്ത ഉരുക്കിൻചൂർണ്ണവും ശർക്കരയുംചേർത്തു് ഒരു കുടത്തിലാക്കി നെല്ലിനകത്തു കുഴിച്ചുവച്ചിരുന്നു് ൧൫ ദിവസം കഴിഞ്ഞു് എടുത്തു സേവിച്ചാൽ കഫാപസ്മാരം ശമിക്കും.

ദ്വിദോഷജംത്രിദോഷോത്ഥം ലക്ഷണംവൽസമീരിതം
തൽപ്രതീകാരമന്യച്ച തഥോന്മാദസമംസ്ഫുടം.

ഈരണ്ടു ദോഷങ്ങൾ കോപിച്ചും മൂന്നു ദോഷങ്ങൾ കോപിച്ചും ഉണ്ടാകുന്ന അപസ്മാരത്തിന്റെ ലക്ഷണം പറയപ്പെട്ടിട്ടുള്ളതും അതിന്റെ ചികിത്സയും മററും ഉന്മാദരോഗത്തിനു പറഞ്ഞിട്ടുള്ളതുപോലെയുമാകുന്നു.

ഗജവക്ത്ര! മാമവതാൽ നിജഭൃത്യനാമവദാത
രവിഷേഘ വിഘ്നദമായ കരമാശുമൂർദ്ധ്നിനിധായ.

അല്ലയോ ശുദ്ധസത്വമൂർത്തിയായ ഗജാനന! അങ്ങു് എന്നെ രക്ഷിക്കണമേ! വിഘ്നശാന്തിക്കായി തൃക്കൈയ് എന്റെ ശിരസ്സിൽവച്ചനുഗ്രഹിച്ചു് എന്നെയും നിന്തിരുപ്പാദദാസനാക്കിച്ചെയ്യണമേ!

ചികിത്സാക്രമകല്പവല്ലിയിൽ ഉന്മാദാധികാരം എന്ന
ഷോഡശസ്തബകം കഴിഞ്ഞു.

അഥ സപ്തദശസ്തബകം.

വാതരോഗചികിത്സിതം.

ശ്രീനീലകണ്ഠാത്മജവക്ത്രതുണ്ഡം
നത്വാപ്രസന്നംസ്വഗുരുംതദുക്തിം
സ്മൃത്വാഥവാതാമയസച്ചികിത്സാം
വക്ഷ്യേനുസാരാശാസ്ത്രമലംവദാവാ. ൧

ശ്രീപരമേശ്വരപുത്രനായ ഗണപതിയേയും പ്രസന്നനായ സ്വഗുരുവിനേയും നമസ്കരിച്ചു് അദ്ദേഹത്തിന്റെ ഉക്തിയെ ഓർത്തു് ശാസ്ത്രാനുസാരേണയും ശാസ്ത്രാർത്ഥത്തെ അനുകരിച്ചും വാതരോഗചികിത്സയെ പറയാൻ പോകുന്നു.

വാതരോഗനിദാനം.

രൂക്ഷാതിശീതാല്പലഘുസൂക്ഷ്മഭോജ്യൈർ-
വ്യായാമചിന്താതിനിഷേവണൈശ്ച
പ്രജാഗരൈർല്ലംഘനശോകരോഗാ-
പകർഷണാദപസ്മൃജാവിമോക്ഷാൽ. ൨

തഥൈവ ചാപരാദേവിഷമാച്ചധാതു-
ക്ഷയാച്ചശ്രൂന്യാന്യാപിതാനിദേഹേ
സ്രോതാംസ്യവാതുല്യകരോതിവായു
സർവ്വാംഗകൈകാംഗസമാശ്രിതാംശ്ച.

അത്യുൽബണസേവാധികസംപ്ലവൈശ്ച
വ്യാധീൻബലിദ്ധോടസ്യ ചപൂർവ്വരൂപം
രൂപം ച സാമാന്യവിശേഷശേഷ-
യുക്തംക്രമേണൈവചതച്ചികിത്സാം.

വക്ഷ്യേനമസ്കൃത്യഗുരുംസചാതാത-
മാദ്യംപുരാണം ശശിശേഖരം ച
സപ്തമാതരംവൈകമലാം പ്രണമ്യ
ധന്വന്തരിംശ്രീഗണനാഥമംബാം.

രൂക്ഷങ്ങളും അതിശീതളങ്ങളും അത്യല്പങ്ങളും അതിലഘുക്കളും ആയ അന്നങ്ങളെ ഭുജിക്കയാലും, അതിവ്യായാമം അതിചിന്ത അതിമൈഥുനം ഉറക്കമില്ലായ്ക പട്ടിണികിടക്കുക ഇവയാലും, ശോകം രോഗം കൊണ്ടു ക്ഷീണിക്കുക രക്തമോക്ഷം പ്രയാസകരമായ പ്രവൃത്തി ധാതുക്ഷയം ഇവയാലും, വളരെ വഴിനടക്കുക വളരെ ചാടുക ഇവയാലും, ബലവാനായ വായു, ശൂന്യങ്ങളായ ദേഹത്തിലെ സ്രോതസ്സുകളിൽ കടന്നുകയറി സർവ്വാംഗങ്ങളെയും ബാധിക്കുന്നതും ഏകാംഗത്തെ ബാധിക്കുന്നതും ആയ വ്യാധികളെ ഉണ്ടാക്കുന്നു.

ഞാൻ ഗുരുവന്ദനപുരസ്സരം അച്ഛനമ്മമാരെയും പാർവ്വതീപരമേശ്വരന്മാരെയും വിഘ്നേശ്വരനെയും, ലക്ഷ്മീദേവിയേയും ശ്രീധന്വന്തരമൂർത്തിയേയും നമസ്കരിച്ചുകൊണ്ട്, ഈ വ്യാധിയുടെ പൂർവരൂപം സ്വരൂപം സാമാന്യവിശേഷലക്ഷണങ്ങൾ ചികിത്സ ഇവയെ പറവാൻ തുടങ്ങുന്നു.

വാതവ്യാധിയുടെ പൂർവ്വരൂപം.

രൂക്ഷാംഗതാജ്ജംഭണഗാത്രപീഡാ-
ലസ്യാദിവൈവർണ്യയുതോമഹേഷ്വ
സ്യാദൈചക്യരിസ്തസ്യച വാതരോഗ-
പുരസ്സരം രൂപമഥാഭിധാസ്യേ.

അംഗത്തിനു രൂക്ഷത കോട്ടുവായിടുക ദേഹപീഡ മടി നിറം കുറയുക വികൃതത്വം ഇവ വാതരോഗത്തിന്റെ പൂർവ്വരൂപമാണ്. ഇനി വാതരോഗത്തിന്റെ രൂപത്തെ (ലക്ഷണത്തെ) പറയാൻ പോകുന്നു.

വാതരൂപം (ലക്ഷണം)

സന്ധാപാർശ്വസംകോചശൂലവാതിചാസ്യ-
വിഭംഗാംഗസുപ്തതാശീതതായുക്താഃ
ഭവേദംഗതോദഃ സ്വരക്ഷാമതാവാ
തദാപൂർണ്ണരൂപം ജഗുർവ്വായുരോഗേ.

വിലാപ്പുറങ്ങൾ ശോഷിക്കയും കുത്തിനോവുകയും ചെയ്യുക. അവയവങ്ങൾ ഇളക്കാൻ പാടില്ലാതവണ്ണം മരവിക്കുക. തണുപ്പ് ദേഹത്തിൽ കുത്തിനോവ് സ്വരക്ഷയം ഇവ വാതരോഗത്തിന്റെ പൂർണ്ണരൂപമാകുന്നു.

വാതരോഗത്തിൽ ശീലിക്കേണ്ടവ.

ശ്യാമാനീവാരമുദ്ഗാഢകിമണകസരീ-
നാദിനിഷ്പാവകാന്താൻ
മാംസല്യം കോദ്രവാംശ്ചാപ്യഹിത്രിപുടമലം
ഹംസകാച്ച്യാൻവിഹായ
വാതേയവായുപ്രകോപപ്രശമനപടുതാൻ സാ-
ഥകൈലത്ഥകാദീൻ
സേവേന്മധ്വാജ്യതൈലാന്യപിച ഗുഡമഥോ
ദാഡിമംശിഗ്രുദുഗ്ധം.

ചാമ, തൃണധാന്യങ്ങൾ, ചെറുപയറ് തൊമര ചണംപയറ് കടല അമര കറുത്തചണംപയറ് വരക്, ത്രിപുടം (ഒരുവകക്കടല)ഹംസകാദിശാലിവിശേഷങ്ങൾ ഇവ വാതരോഗിക്ക് അപത്ഥ്യമാണ്. വായുകോപത്തെ ശമിപ്പിക്കുന്നതായ മുതിര ചെറെള്ള് ഉഴുന്ന് മുതലായവയും തേൻ നെയ്യ് തൈലം ഗുളം താളിമാതളം മുരിങ്ങ പാൽ ഇവയും വാതരോഗിക്ക് പത്ഥ്യമാണ്.

എൺപതു വാതങ്ങൾക്കുമുള്ള സാമാന്യചികിത്സ.

മഹാനാരായണതൈലം.

ചത്വരാഢകസമ്മിതംഭിഷക്
തിലതൈലം സുകടാഹകേക്ഷിപേൽ
പരിശോധ്യ ച പഞ്ചപല്ലവോട്-
ഭവകല്കേന ച ദോഷശാന്തയേ.

തദനന്തരമേവ തൽസമം
സുപയോഗവ്യമഥാജികംതുവാ

സപ്രസം തു ശതാവരീഭവം
പ്രപചേച്ചൈദ്യന്ന പസ്ഥപൂർവ്വവൽ. ൫൦
ദശമൂലബലാ പുനർന്നവാ-
തിബലാ ദർഭ ജടാ പ്രസാരിണീ
അപി നാഗബലാ കരഞ്ജകഃ
ഖദിരശ്ചന്ദനശിഗ്രുലോദ്ധ്രകം. ൫൧
ജലജാമലജാധിമീഫലം
കകുഭൈരണ്ഡകടംഭരോഹിതം
വരുണശ്ശിഖരീ വിഭീതകം
ഹയഗന്ധാസുകുലത്ഥമാഗധീ. ൫൨
യവകോലകുലത്ഥവൃശ്ചികാഃ
സുമനാസപർണ്ണലതാ ച കേതകീ
സഹചാരകപിത്ഥപാടകാ-
ഹയജംബൂഖദിരഭീതകീഫലം. ൫൩
മഹിനീയുഗളം ച നിംബയോ-
രപി ശേഫാലികയാ ച കന്യയാ
സപലാശവിശല്യസിംഹികാ
മുസലീഹംസപദീ സസിംഹികാ. ൫൪
അഥ സാലയുഗം വചാസനം
ബഹു കാർപ്പാസജബീജജാസ്ഥികം
സ്നുഹികാസഹിതാ ചരാസ്നയാ
സമവത്സാദനികാപ്രിയാലകം. ൫൫
വരമശ്വകഭേദമാത്മഗുപ്-
തപനഃ പാരിപരം തു ഭേകം
ത്വഗ്രുദ്ധംബരജം വരാസകം
സഹസംപാകസുപക്വവല്ക്കലം. ൫൬
ആസാംപലാനാം ദശകം തു വൈദ്യ-
ഭ്രുപഃ പയസ്യഷ്ടഗുണേ പചേദ്വൈ
പാദാവശേഷം ശ്രുതവസ്ത്രപൂതം
തേനൈവ തൈലേന ഭിഷക്ക് പചേത്തു. ൫൭
ഖരാഗോഥ മേഷോ ഹരിണശ്ശശശ്ച
വ്യാഘ്രസ്സസിംഹോശ്വവരസ്തഥൈവ
ശല്യശ്ശിവാവാന്യവരാഹഖഡ്ഗി-
ഭല്ലൂകമൂഷാരുരുദർദ്ദുരശ്ച.
ഏണസ്തഥാന്യേ ബഹുശൃംഗകാശ്ച
കപിർബിഡാലോഥ ഖരശ്ച ബഭ്രുഃ

ഗോധാതഥാവൈ മഹിഷോഥലാവ-
സ്സഖഞ്ജരീടോപ്യഥ തിത്തിരിശ്ച. ൫൯
ചാഷശ്ചകോരോപ്യഥ കപോതപാരാ-
വതൌ ചഷംസോ ഗരുഡസ്സചക്രഃ
കാരണ്ഡവഃ കുക്കുടയുഗ്മകം ച
ക്രൌഞ്ചഃ സഗൃദ്ധ്രഃ കളവിങ്കകശ്ച. ൬൦
ഉലൂകഝല്ലീസസർഗ്ഗരസ്ഥ
പികസ്തഥാമദ്ഗുരകോഥവർമിഃ
സരോഹിതാന്യേ ബഹുമത്സ്യസംഘാ-
സ്തഥാ ച മഹാമത്സ്യകകച്ഛപൌ ച. ൬൧
നക്രസ്തഥാന്യശ്ശിശുമാരകശ്ച
സാലംടികാ ചാപ്യഥ ഗോധികാ ച
വിലേശയായേ ച നഭശ്ചരാശ്ച
സ്ഥലേചരായേ ച ജലേചരാസ്യുഃ. ൬൨
മാംസാന്യമീഷാം കഥിതാനി തോയേ
തൈലേന തുല്യാനി ച താനി താനി
ഭിഷക് പചേച്ചൂർണ്ണവിധിം വിധായ
മാത്രായമൈഷാം ച യഥാതഥാവാ. ൬൩
മുരാരാസ്നാരാത്രിദ്വയമിസിധനോശീരകരജാ
വചാമൂർവ്വാപർണ്ണീതഗരശിശിരാരുഷ്കരസമാഃ
മൃണാളം ജീവന്തീനതഗദകണാമേഘസരളം
വരീവൃശ്ചീയഷ്ടീ കനകഹനമാരോല്പലസമാഃ. ൬൪
ലവങ്ഗൈലാദ്രാക്ഷാക്രിമിരിപുകണാമൂലകദളീ
പലാശീകൈവർത്താർജ്ജുനകവചകൈരന്ധ്രീജഗദാഃ
ത്രിവൃൽപർണ്ണീയുഗ്മം നളദഹയഗന്ധാശതാഹ്വാ
ക്ഷീരംഗോക്ഷുരം വൈരജകമരുണാ കേതകകണാ. ൬൫
ജയന്തീത്രായന്തീമൃഗമദനകേസുംഭകുസുമം
നഖംപത്രം ജാതീഫലയുതമഥോ ചാഷ്ടകമലം
വരാനീലംപത്മം ജലധരഭവം വാനരഭവം
സചോരംസൌഗന്ധ്യം ത്വഗുരുസഹിതംപുഷ്കരമഥോ ൬൬
തഥായാഷദ്രോണം തദിദമഖിലംകല്മയുഗളം
പൃഥക്കല്കീഭൂതം ശുഭതരമുഹൂർത്തേ ദ്വിജവരാൻ
ഭിഷഗ്ഭ്രപാൻദത്വാ വിവിധധനവസ്ത്രാദിസകലം
പ്രപൂജ്യാദൌദേവം സകലഭയസംഹാരതരളം. ൬൭

സൂചക്രംശ്രീനാരായണമമൃതൈശ്വര്യമതം
കടാക്ഷം [illegible] സകലം
തഥാതാന്ത്രോൽ [illegible]
ഭിഷഗ് [illegible] ൨൮

അഭ്യഞ്ജനേ നസ്യ [illegible]
വഗാഹനേഷു പ്രയതോ [illegible]
കിംവാബഹുക്തേന [illegible]
[illegible] ൨൯

ശിരോഗദാദ്ദ്രുകടീഷു [illegible]
[illegible]
[illegible]
സജ്വര [illegible] ൩൦

[illegible]
[illegible]
പാദാം [illegible]
[illegible] ൩൧

പ്രയോഗിനാശം [illegible]
ജരാനാശനം [illegible]
[illegible] ൩൨

[illegible]
[illegible]
[illegible]
[illegible] ൩൩

വന്ധ്യാം [illegible]
[illegible]
ഭവന്തിനാന്ത്യേ [illegible]
[illegible] ൩൪

പുരാസുരാണാമസുരോദ് [illegible]
[illegible]
ഭഗ്നാൻവിരോദ്ധ്യാ [illegible]
[illegible] ൩൫
[illegible]
[illegible]

നിയോജ്യതാംസ്ഥാനമരാംശ്ചകാം
ദേവാനാദേവാനസുരാൻവിജേതും. ൩൬

കിംവാബഹുക്തേന [illegible]
[illegible]
ദേവായുഭഗ്നാഃ കിമു [illegible]
നിപീഡിതായേന്യ [illegible] ൩൭

സ്മരണാച്ചതേസ്യശ്രുതി [illegible]
[illegible]
നാരായണനനക്രപ [illegible]
സനാമമാഹാത്മ്യസമന്വിതസ്യ. ൩൮

പതിനാറിടങ്ങഴി എള്ളെണ്ണ ഒരു പാത്രത്തിലൊഴിച്ച് അ[illegible]തിൽ അഞ്ചുകൂട്ടം തളിർ (മാന്തളിർ ഞാവൽതളിർ [illegible] തളിർ മാതളനാരകത്തിൻതളിർ [illegible]) [illegible] പചിച്ച് ശോധിക്കണം. ഇത് [illegible] ണ്. അനന്തരം എണ്ണയോളം [illegible]പാലും (അല്ലെങ്കിൽ [illegible] അട്ടിൻപാൽ) ശതാവരിയുടെ [illegible] പാകംചെയ്യു [illegible] ച്ചുവെയ്ക്കുക. പിന്നീട് ദശമൂലം [illegible] പ്രസാരിണി [illegible] ലിയകുരുന്തോട്ടിവേരു ഭർഭവേരു [illegible] ന്തോട്ടി പൂക്കിൻതൊലി കരിങ്ങാലിക്കാതൽ ചന്ദനം മുരിങ്ങത്തൊലി പാച്ചോറ്റിത്തൊലി [illegible] നെല്ലിക്കാ [illegible] മാതളത്തിൻ [illegible] കായ് നീർമരുതിൻതൊലി [illegible] നീർമാതളം [illegible] വേരു കൊട്ടവേലി [illegible] നീർമാതളം [illegible] വൃശ്ചിക (ഇതിന്റെ [illegible] പഴമുതിര മുല്ല യവം [illegible]) [illegible] തേക്കട എന്ന [illegible] കത്തില ചോനകപ്പുല്ല് തിപ്പലി [illegible] ഞാവൽത്തൊലി ദേവതാ [illegible] കുറുന്തിവേരു [illegible] ഉമ്മത്തിൻ [illegible] ഞാവൽത്തൊലി [illegible] രണ്ടുതരം വേപ്പി ളി ശതാവരി [illegible] രണ്ടുതരം ചെറിയനാ [illegible] റയും തൊലി കരിനൊച്ചി കാട്ടുപാവൽ [illegible] ചെറിയനാ ന്റെയുംതൊലി [illegible] ചെറുപുള്ളടിവേ [illegible] രണ്ടുതരം [illegible] റെയുംതൊലി [illegible] ത് അടലോടകത്തിൻവേരു രണ്ടുതരം [illegible], കള്ളിപ്പാല, [illegible], അമൃത്, [illegible] വേങ്ങക്കാതൽ, പഞ്ഞിക്കുരു, കള്ളിപ്പാല, [illegible], [illegible] കായുടെ മജ്ജ, ഗുല്ഗുലു, കല്ലൂർവഞ്ചി, [illegible] ക്കായുടെ മജ്ജ, ഗുൽഗുലു, കല്ലൂർവഞ്ചി, [illegible] (അല്ലെങ്കിൽ [illegible]മാകാം.) [illegible] ൻവേര്, ദേവതാരം, (അല്ലെങ്കിൽ കാർപോകിരി) വൻകൊന്ന, [illegible] ലി, മേദ, (അല്ലെങ്കിൽ കാർപോകിരി) വൻകൊന്ന, [illegible] തൊലിയും, കല്ലാലിൻതൊലിയും ഇവ പതുപ്പത്തു പലംവീതം. എ-

ല്ലാ മരുന്നുകളുടെയും ഷൾഗുണം വെള്ളത്തിൽ കഷായംവെച്ച് നാലൊന്നാക്കി അലക്കിയ വസ്ത്രത്തിൽ അരിച്ച് മുൻപു ശോധനചെയ്തുവെച്ചിരിക്കുന്ന തൈലത്തോടുകൂടി ചേർത്ത് പാകം ചെയ്യണം. അതിനുശേഷം ആട്, കുറിയാട്, മാൻ, മുയൽ, പുലി, സിംഹം, കുതിര, മുള്ളൻപന്നി, കുറുക്കൻ, കാട്ടുപന്നി, വാലിപ്പുലി, കരടി, എലി, പുള്ളിമാൻ, തവള, കൃഷ്ണമൃഗം മുതലായ മാൻഇനങ്ങൾ, കുരങ്ങ്, പൂച്ച, കഴുത, കീരി, ഉടുമ്പ്, പോത്ത്, ചീവൽപക്ഷി, കരിങ്കോഴി, തിത്തിരിപ്പുള്ള്, കാട്ടുകാക്ക, ഉപ്പൻ, മാടപ്രാവ്, കുറുമ്പാലിപ്രാവ്, അരയന്നം, പരുന്ത്, ചക്രവാകപ്പക്ഷി, കുളക്കോഴി, കാട്ടുകോഴി, നാട്ടുകോഴി, പുള്ളുപക്ഷി, കഴുകൻ, ഊക്കറിൽ, മൂങ്ങ, വാളമത്സ്യം, ശർക്കരമത്സ്യം, കുയിൽ, പെരുങ്കയൽമീൻ, ആരൽമീൻ, രോഹിതമത്സ്യം, മറുവാല മത്സ്യങ്ങൾ, മഹാമത്സ്യം, ആമ, മുതല, ചീങ്കണ്ണി, ചണ്ടികാമത്സ്യം (ഈ മത്സ്യം കിട്ടിയില്ലെങ്കിൽ ഉടുമ്പിൻമാംസം ചേർത്താൽമതി) ഇപ്രകാരം ബിലേശയങ്ങളും ആകാശചരങ്ങളും സ്ഥലചരങ്ങളും ജലചരങ്ങളുമായ ജന്തുക്കളുടെ മാംസങ്ങളും ജലത്തിൽ പാകംചെയ്തു ചേർക്കണം. എന്നാൽ ഈ മാംസരസങ്ങൾ എണ്ണയ്ക്കു തുല്യമായിരിക്കയുംവേണം. (മുൻപറഞ്ഞ മാംസങ്ങൾ എല്ലാം കിട്ടാതിരുന്നാൽ കിട്ടുന്നേടത്തോളം ചേർത്താൽ മതി എന്ന് ഭാവപ്രകാശത്തിൽ പറഞ്ഞിട്ടുണ്ട്.) അപ്രകാരം ചെയ്തതിനുശേഷം ഇനിയും പറയുന്ന മരുന്നുകൾ കല്കമായി ചേർത്തുകൊള്ളണം. മുത്തങ്ങ, അരത്ത, മഞ്ഞൾ, മരമഞ്ഞൾ, ചതകുപ്പ, ദേവദാരം, കോലരക്ക, രാമച്ചം, നാഗപ്പൂവ്, നാകണം, (അല്ലെങ്കിൽ പുലിച്ചുവടി) വയമ്പ്, പെരുംകുരുമ്പവേര്, ഓരിലവേര്, മലങ്കാര, ചന്ദനം, കോഷ്ഠം, താമരവളയം, അടപതിയൻകിഴങ്ങ്, തകരം, തിപ്പലി, മുത്തങ്ങാക്കിഴങ്ങ്, ചരളം, ശതാവരിക്കിഴങ്ങ്, തമിഴാമവേര്, ഇരട്ടിമധുരം, ഉമ്മത്ത്, കണവീരം, ചെങ്ങഴനീർക്കിഴങ്ങ്, ഇലവർങ്ഗം, ഏലത്തരി, മുന്തിരിങ്ങാപ്പഴം, വിഴാലരി, തിപ്പലിമൂലം, കദളിവാഴമാണം, പ്ലാശിൻതൊലി, കഴിമുത്തങ്ങാനീർ, മരുതിൻതൊലി, അമേണകം, കടകപ്പാലയരി, കൊട്ടം, ത്രികോല്പക്കൊന്ന, കാട്ടുഴുന്ന്, കാട്ടുപയറ്, രാമച്ചം, അമുക്കുരം, ചന്ദനം, കന്മദം, വയൽച്ചുള്ളി, ഞെരിഞ്ഞിൽ, പാച്ചോറ്റിപ്പുല്ല്, മഞ്ചട്ടി, പൂക്കൈതവേര്, ജീരകം, പുഴമുഞ്ഞ, ബ്രഹ്മി, കസ്തൂരി, കരുമ്പിൻപൂവ്, അസുരനഖം, പച്ചില, ജാതിക്ക, അഷ്ടവർഗ്ഗം, ത്രിഫല, കരിങ്കുവളക്കിഴങ്ങ്, കൊക്കമന്താരം, നായ്ക്കുരണവേര്, കച്ചോലം, തുരിയാങ്കം, അകില്, പുഷ്കരമൂലം, കൊടിത്തൂവവേര്, കരിന്തുമ്പ ഇവ വെവ്വേറെ ന—ന കഴഞ്ചുവീതം അരച്ചുകലക്കി പാകത്തിൽ അരിച്ചെടുത്ത് ശുഭമുഹൂർത്തത്തിൽ ബ്രാഹ്മണർക്കും വൈദ്യന്മാർക്കും ദക്ഷിണകൊടുത്ത് സകല

ഭയസംഹാരകനും ദേവന്മാരാൽ സ്തുതനും ശ്രീചക്രത്തോടുകൂടിയവനുമായ ശ്രീനാരായണനെ പൂജിച്ചു സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ ചെമ്പുകൊണ്ടോ ഉണ്ടാക്കിയ പാത്രത്തിൽ ആക്കിവെച്ചു സൂക്ഷിക്കുക. അതിനുശേഷം ഈ തൈലം അഭ്യഞ്ജന നസ്യാദികളിൽ ഉപയോഗിക്കുക. എൺപതുവിധത്തിൽ ഉള്ള വാതങ്ങളും ശിരസ്സ് നെററി പുരികക്കൊടി മൂക്ക് ഗണ്ഡപ്രദേശം നേത്രം ചെവി മുഖം നാക്ക് ചുണ്ട് അണ്ണാക്ക് ദന്തമൂലം മുതലായ ഭാഗങ്ങളിലുള്ള രോഗങ്ങളും ബഹിർഗ്ഗതങ്ങളും അന്തർഗ്ഗതങ്ങളുമായ രോഗങ്ങളും നശിക്കും. ജര ഉണ്ടാകയില്ല. ശൈഥില്യം ബുദ്ധിഭ്രമം മുതലായവയും പല്ലിളക്കം അകാലത്തിൽ ഉണ്ടാകുന്ന രോമങ്ങൾക്കുള്ള വെളുപ്പ് ഇവയും നശിക്കും. വെള്ളംകോരി നനച്ച വൃക്ഷത്തിൽ തളിരുണ്ടാകുന്നതുപോലെ സ്ത്രീപുരുഷന്മാർക്ക് ധാതുവൃദ്ധി ഉണ്ടാകും. യോനിരോഗം ലിംഗരോഗം ഇവ ഇല്ലാതാകും. സന്താനവൃദ്ധി ഉണ്ടാകും. ഗർഭസ്രാവം, സൂതികാരോഗം, പ്രദരാദിരോഗങ്ങൾ ഇവയും ശമിക്കും. യുദ്ധത്തിൽ അസുരന്മാരാൽ ഹതന്മാരായ സുരന്മാരെ കണ്ടിട്ട് കൃപാർദ്രനായ ശ്രീനാരായണൻ സ്വനാമമാകുന്ന മന്ത്രൌഷധികളോടു തുല്യവീര്യമായ ഈ നാരായണതൈലത്തെ ആ അസുരന്മാരെ ജയിപ്പാനായിക്കൊണ്ട് നിർമ്മിച്ചതാകുന്നു. ജംഗമങ്ങളായും സ്ഥാവരങ്ങളായും ഗ്രാമവനേചരങ്ങളായും ഇരിക്കുന്നവർക്കുള്ള വാതരോഗങ്ങളും അന്യരോഗങ്ങളും വിഷ്ണുനാമതുല്യമാഹാത്മ്യമുള്ളതും നാരായണനാൽ നിർമ്മിതവുമായ ഈ തൈലത്തിന്റെ സ്മരണത്താൽതന്നെ നശിച്ചു സുഖം പ്രാപിക്കും.

ബലാദ്യം തൈലം (നാരായണതൈലം.)

ബലാശ്വഗന്ധാബൃഹതീദ്വയാനാം
പ്രസാരിണീനിംബശലാടുകാനാം
പുനർന്നവാപാടലികാഗ്നിമന്ഥ-
ശ്യോനാകസപ്തച്ഛദജർജ്ജകാനാം. ൩൯
അന്യാം പലാനാം ദശകം പൃഥക്ച
പചേച്ചതുർദ്രോണജലേവശിഷ്ടേ
പാദേ തഥാ ചാതിബലായുതാനാം
തൈലാഢകേതുല്യശതാവരീജേ. ൪൦
ചതുർഗ്ഗുണേ ഗോപയസാ ച വക്ഷ്യ-
മാണൌഷധീഭിശ്ച പൃഥക് പലൈസ്തു
കല്കീകൃതൈഃ കുഷ്ഠവചാബലാഭിഃ
ശൈലേയസിന്ധൂത്ഥദേവദാരൈഃ. ൪൧

മിസ്യശതഗന്ധേന്ദ്രജമാംസികാഭി-
രാസ്നാ തഥാ പർണ്ണിചതുഷ്ടയൈശ്ച
തഥാഗകാദ്യൈഃ പ്രപചേത്തു തൈലം
നാരായണം നാമമഹാപ്രഭാവം. ൫൨

വസ്തൌ ച നസ്യേഭ്യഞ്ജനേ പാനഹേതൌ
പക്ഷാഘാതേ വാ ഹനുസ്തംഭവാതൌ
മന്യാസ്തംഭേ വാ ഗളഗ്രാഹബാധേ
കുബ്ജേ തഥാൽ ശുക്ലനാശേന്ത്രവൃദ്ധൌ. ൫൩

ബാധിര്യേ ച കടിഗ്രഹേ ക്ഷയഗദേ ഗാത്രസ്യ ശോഷേന്ദ്രിയ-
ധ്വംസേ ചാപി കനണ്ഡകേ ത്വ ശിരസോ വാതേ ച സർവാംഗഗേ
ഏകാംഗാശ്രിതദുഷ്ടവായുജനിതേ വാതേ ച പംഗൌ തഥാ
വന്ധ്യായാം ച പ്രസൂതയേ ച വിദുഷാം ബുദ്ധിപ്രദം സേവനാൽ. ൫൪

ഗതിഭംഗകടിഗ്രഹദന്തഗദേ ജഠരഗ്ലസ്രസികാദി സമസ്തഗദേ
ഭേദഞ്ജനനാമസമാനമിദം ഗദഭഞ്ജനമാശുഭിഷഗ്വിദിതം. ൫൫

കുറുന്തോട്ടിവേര് അമുക്കുരം ചെറുവഴുതിനവേര് വെൺവഴുതിനവേര് പ്രസാരിണി വേപ്പിൻതൊലി കൂവളത്തിൻവേര് തമിഴാമവേര് പാതിരിവേര് മുഞ്ഞവേര് പലകപ്പയ്യാനിവേര് ഞെരിഞ്ഞിൽ വലിയകുറുന്തോട്ടി ഇവ പത്തുപ്പത്തുപലംവീതം നൂറു ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു നാലൊന്നാക്കി നാലിടങ്ങഴി നല്ലെണ്ണയും അത്രയും ശതാവരീനീരും പാലുംചേർത്ത് കൊട്ടം വയമ്പ് കുറുന്തോട്ടിവേര് കന്മദം ഇന്തുപ്പ് ചിറ്റേലം ദേവതാരം ചതകുപ്പ അമുക്കുരം കുറുകപ്പാലയരി മാഞ്ചി അരത്ത കാട്ടുഴുന്ന് കാട്ടുപയറ് കാരില മൂവില ചന്ദനം ഇവ ഓരോപലം അരച്ചുകലക്കി കാച്ചി അരിച്ചെടുക്കുക. ഈ തൈലത്തിനു നാരായണതൈലം എന്നുപേർ. ഇതു വസ്തി നസ്യം അഭ്യഞ്ജനം (തേച്ചുകുളി) പാനാദി ഇവകളിൽ ഉപയോഗിക്കാം. പക്ഷാഘാതം ഹനുസ്തംഭം മന്യാസ്തംഭം ഗളഗ്രഹം ബാഹ്യായാമം കുബ്ജം ശുക്ലനാശം അന്ത്രവൃദ്ധി മുതലായ പല വായുരോഗങ്ങളേയും ശമിപ്പിക്കും. ശേഷം ശ്ലോകാർത്ഥം സ്പഷ്ടമാണ്.

മഹാമാഷതൈലം.

അഥോ മാഷമഷ്ടാഢകം വൈ തുലാർദ്ധം
ദശാംഘ്രേഃ പലം ചാപി ഛാഗസ്യ ത്രിംശൽ
പലാന്യാശു വൈദ്യസ്തു ദ്രോണേംഭസോ വൈ
വിപാച്യാശു പാദാവശിഷ്ടേന തേന. ൫൬
തിലാനാം തു തൈലം ച പ്രസ്ഥപ്രമാണം
ചതുഃപ്രസ്ഥഗോദുഗ്ധയുക്തം വിധിജ്ഞഃ

ശതാഹ്വാത്മജാജീവനീയൈഃ സമസ്തൈഃ
ബലാവ്യാഘ്രകൃഷ്ണാംഘ്രിചവ്യാനലൈശ്ച. ൫൭

ശിവൈരണ്ഡധാത്ര്യാത്മഗുപ്താശതാഹ്വാ
വചാകുഷ്ഠരാസ്നാത്രികണ്ടൈശ്ച ശുണ്ഠ്യാ
തഥാദേവകാഷ്ഠൈഃ പട്ടനാം ത്രയൈശ്ച
സമം കല്പിതൈരക്ഷമാത്രൈഃ പൃഥഗ്വാ. ൫൮

സുസിദ്ധം മഹാമാഷസംജ്ഞം വിശേഷാ-
ദ്ധരേൽ പക്ഷഘാതം ഹനുസ്തംഭമുഗ്രം
ശിരോനേത്രകർണ്ണാമയേ ഗ്രീവരോഗേ
പബാഹൌ ച പംഗൌ ച ഖല്യാം വിമർദ്ദ്യം. ൫൯

ശ്രുതൌ പൂരണേഭ്യഞ്ജനേ നസ്യയോഗേ
തഥാ വസ്തികർമ്മണ്യഥോ പാനയോഗേ
ത്രിദോഷേ ച വാതേ ച സമസ്തേ സമസ്തൈർ-
മുനീശൈരലം തൈലമേതൽപ്രദിഷ്ടം. ൬൦

ഉഴുന്ന് ൨ ഇടങ്ങഴി ദശമൂലം അരത്തുലാം, ആട്ടിൻമാംസം ൩൦ പലം, ഇവ പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു നാലൊന്നാക്കി ഇടങ്ങഴിനല്ലെണ്ണയും നാലിടങ്ങഴി പാലുംചേർത്തു ചതകുപ്പ മഞ്ചട്ടി ജീവനീയഗണങ്ങളെല്ലാം (ശതാവരിക്കിഴങ്ങ് കോവൽക്കിഴങ്ങ് അടപതിയൻകിഴങ്ങ് ജീവകം ഇടവകം കാകോളി ക്ഷീരകാകോളി മേദ മഹാമേദ ഇരട്ടിമധുരം) കുറുന്തോട്ടിവേര് ചുക്ക മുളക തിപ്പലി തിപ്പലീമൂലം കാട്ടുമുളകിൻവേര്, കൊടുവേലിക്കിഴങ്ങ്, ആവണക്കിൻവേര് നെല്ലിക്ക നായ്ക്കുരണവേര് അമുക്കുരം വയമ്പ് കൊട്ടം അരത്ത ഞെരിഞ്ഞിൽ കച്ചോലം ദേവദാരം ഉപ്പുമൂന്ന്. ഇവ മുമ്മൂന്നു കഴഞ്ചുവീതം അരച്ചുകലക്കി കാച്ചിയെടുക്കുക. ഈ മഹാമാഷതൈലം പക്ഷാഘാതം ഹനുസ്തംഭം ശിരോരോഗം നേത്രരോഗം കർണ്ണരോഗം ഗളാംകുരം മുതലായ രോഗങ്ങളേ ശമിപ്പിക്കും. ഈ തൈലം ചെവിക്കകത്തു പൂരണംചെയ്യുന്നതിനും തേച്ചുകുളിക്കുന്നതിനും നസ്യത്തിനും വസ്തിക്കും പാനത്തിനും കൊള്ളാം. ത്രിദോഷകോപത്തിനും സമസ്തവായുരോഗത്തിനും നല്ലതാണ്.

ലഘുമാഷതൈലം-

മാഷാതസീയവബദരകുരുണ്ടകാനാം
ക്ഷുദ്രാംഘ്രിഗോക്ഷുരകമർക്കടികാജടാനാം
പ്രത്യേകമേതദഖിലം ച മുനിപ്രമാണൈഃ
സാകട്ത്വചാഥ പലകൈശ്ച ഭിഷങ്മുഹൂർത്തേ. ൬൧

സംപാച്യ വേദഗുണിതേന ജലേന പാദ-
ശേഷേണ ചാഥ ബദരം ശണബീജകം ച.
കാർപ്പാസകാസ്ഥിസഹിതം ച കുലത്ഥകം ച
വിത്വാപലം ച സകലം ച പൃഥക് പൃഥക് ച. ൪൨

സംപാച്യ പൂർവ്വവിധിനാ ച ജലേന തേന
ഛാഗസ്യ ചാഥ പലലം ച തുലാപ്രമാണം
തദ്വാ തഥൈവ പരിപാച്യ ജലേന തേന
കല്കൈഃ സഹോമിസിബലാമൃത പിപ്പലീനാം. ൪൩

രാസ്നാതുരുഷ്കകടുകാഗദ സാരിബീനാം-
പൌനർന്നവാംഘ്രി ... സികാനാം
കാഥാദിഭിശ്ച ക്രമശഃ പരിപാചനീയം
മൃദ്വഗ്നിനാ തിലജതൈലമിദം ഹി പ്രസ്ഥം. ൪൪

മാഷാദിതൈലമഖിലാൻ വിനിഹന്തി വാത-
വ്യാധീനശേഷശിരഊരുകരപ്രകമ്പാൻ.
പക്ഷപ്രവാതമപി ചാർദ്ദിതവാതരോഗാ-
നാക്ഷേപകാദിസകലാൻ പരിമർദ്ദനേന. ൪൫

ഉഴുന്ന് അരശി യവം മഞ്ഞക്കുറുഞ്ഞി പലകപ്പയ്യാനി കണ്ടകാരിച്ചുണ്ടയുടെവേര് ഞെരിഞ്ഞിൽ നായ്ക്കുരണവേര് ജടാമഞ്ചി ഇവ ൧-൧-പലംവീതം നാലിരട്ടി വെള്ളത്തിൽ കഷായം വച്ച് നാലൊന്നാക്കുക. ലന്തക്കുരു ചണമ്പയറ് പഞ്ഞിക്കുരു മുതിര ഇവ ൧൨/പലം വീതം നാലിരട്ടി വെള്ളത്തിൽ പചിച്ച് നാലൊന്നാക്കുക; ആട്ടിൻമാംസം നൂറു പലം. നൂറു ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് ൧൦ ഇടങ്ങഴിയാക്കുക. ഇവയെല്ലാംകൂടി യോജിപ്പിച്ച് ചതകുപ്പ കുറുന്തോട്ടിവേര് അമൃത് തിപ്പലി അരത്ത ആവണക്കിൻവേര് കടുകരോഹിണി കൊട്ടം പ്രസാരിണി തമിഴാമവേര് ഇന്തുപ്പ് മാഞ്ചി ഇവ മുമ്മൂന്നു കഴഞ്ചുവീതം (ഇതു ഭാവപ്രകാശത്തിൽ പറഞ്ഞിട്ടുള്ളതാകുന്നു) അരച്ചുകലക്കി ഒരിടങ്ങഴി എള്ളെണ്ണയുംചേർത്ത് പാകത്തിൽ കാച്ചിയരിക്കുക; ഈ മാഷതൈലം സർവ്വവാതരോഗങ്ങളേയും ശിരസ്സ് തുട കൈയ് ഈ അംഗങ്ങളുടെ വിറയലിനേയും പക്ഷാഘാതം, അർദ്ദിതം, ആക്ഷേപകാദിവാതം ഇവയേയും നശിപ്പിക്കും.

ബലാദ്യതൈലം.

ബലായാശ്ശതം വൈഗുഡൂച്യാശ്ച പാദ-
സ്ഥഥാദാർവ്വികായാസ്ത്ഥ വസ്വംശകാനി.

ജലസ്യാഢകാനാം ശതം പാച്യ തദ്വി
ശ്ശതം ചാവശിഷ്ടേന നീരേണ യശ്ച. ൪൬

തതശ്ചൈകപാത്രീരേ സുസൂക്ഷ്മേ പചേത്തൈ-
ലമാജ്യാഢകം ചാജദുഗ്ധം പ്രദായ.
ശഠീ ചന്ദനൈലാത്വഗാപത്രമുസ്താ-
ബലാദേവപുഷ്പപ്രിയംഗ്വാദികാനാം. ൪൭

നതവ്യാധികങ്കോലമേദാനഖാനാം
സകാശ്മീര ചാംപേയരാസ്നായുതാനാം.
സമാസം ... പ്രഗന്ധാ-
... ദികാനാം. ൪൮

... കമാത്രാകൃതം കല്കമാസാം
...
... തൈലാഢകം മന്ദവഹ്നൗ
സുപക്വം ബലാദിപ്രസിദ്ധം യഥാർത്ഥം. ൪൯

... ശ്വാസകാസാൻ ക്ഷയം ഛർദ്ദിമുഗ്രാം
ജ്വരം പ്ലീഹശോഫാംശ്ച മൂർച്ഛാം തഥൈവ
അപസ്മാരവാതാൻ സമസ്താനലക്ഷ്മീം
... മർദ്ദ്യം വിശേഷാൽ. ൫൦

കുറുന്തോട്ടിവേര് പലം ൧൦൦ അമൃത് പലം ൨൫, മരമഞ്ഞൾ തൊലി ൧൨/൪ പലം. എല്ലാംകൂടി നാനൂറിടങ്ങഴി വെള്ളത്തിൽ പചിച്ച് നാലൊന്നാക്കി തൈരിൻവെള്ളം ചെറുകരിമ്പിൻനീര് ഇവയും നാലിടങ്ങഴി എണ്ണയും അത്രയും ആട്ടിൻപാലും ചേർത്ത് കച്ചോലം ചന്ദനം ഏലത്തരി മഞ്ചട്ടി താമരക്കിഴങ്ങ് മുത്തങ്ങാ കുറുന്തോട്ടിവേര് ഇലവർങ്ങം ഞാഴൽപ്പൂവ് തകരം കൊട്ടം തക്കോലം മേദ അരയൂന്നവേം പുഷ്കരമൂലിവേര് താമരവല്ലി അരത്ത ഏഴിലമ്പാല തൊലി ... ചന്ദനം കുന്നിക്കുറുന്തോട്ടി ഉലുവാ ... തൊലി മരമഞ്ഞൾ ഇവ ഓരോപലം അരച്ചുകലക്കി പതുക്കെ തീകത്തിച്ചു കാച്ചി എടുക്കുക. ഈ ബലാദിതൈലം ഉപയോഗിച്ചാൽ ശ്വാസം കാസം ക്ഷയം ഛർദ്ദി ജ്വരം പ്ലീഹ ശോഫം മൂർച്ഛ, അപസ്മാരം ഇവയും സകലവാതവും ശമിക്കും. അലക്ഷ്മിയും ഇല്ലാതാകും.

ഭൃംഗരാജതൈലം.

ഭൃംഗരാജകട്ടുതുംബികാരസം
കാഥമത്ര ദശമൂലസംഭവം

നീരമത്രബൃഹല്പല്ലവോദ്ഭവം
മാഷയൂഷസഹിതം കുലത്ഥകം. ൨൧

തക്രജകേന ദധിനാ സമം സമം
തൈലമബ്ധിമിതപൂർവ്വഭാഗതഃ
മന്ദവഹ്നിപരിപാചിതം തതഃ-
ഭ്യംഗതോനിഖിലവാതനാശനം. ൨൨

ശിരഃകർണ്ണശൂലാക്ഷിശംഖഭ്രരോഗാ-
ന്നിഹന്ത്യാശുനസ്യപ്രയോഗപ്രപാനൈഃ
അപസ്മാരപാപഗ്രഹാവേശകമ്പൈ-
സ്തഥാചാതിദോഷമഭ്യഞ്ജനാദേവ സദ്യഃ. ൨൩

കഞ്ഞോന്നിനീര് ചെച്ചുനീര് ദശമൂലംകഷായം കററാർവാഴനീര് ഉഴുന്ന് മുതിര ഇവയുടെ ചാറ് തൈർ തൈര് ഇവ സമമെടുത്ത് എല്ലാംകൂടി യോജിപ്പിച്ച് എണ്ണയും ചേർത്ത് പാകത്തിൽ കാച്ചി എടുക്കുക; എണ്ണ ആദ്യം പറഞ്ഞ മരുന്നിൽ പകുതിയായിരിക്കണം. ഈ തൈലം നിത്യവും തേച്ചുകുളിച്ചാൽ എല്ലാവാതവും ശമിക്കും. തലയ്ക്കുവേദന ചെവിക്കുവേദന കണ്ണിനുവേദന ചെന്നിക്കുത്ത് മുതലായവയെയും നശിപ്പിക്കും. ഇതുകൂടാതെ അപസ്മാരം ഗ്രഹാവേശം ചൊറി ചിരങ്ങ് കമ്പം ഇവയേയും ശമിക്കും. ത്രിദോഷം ഈ എണ്ണതേച്ചാൽ ഉടൻതന്നെ മാറും.

വിഷഗർഭതൈലം.

കടുവപഞ്ചകാരാടകജം രസം
സമലവം ചലൂതേനച കാഞ്ജികം
ദ്രവചാദഹനോത്ഥജമാഢകം
ത്രിലവകംമരിചാച്ചവിഷാന്ത്വ ൨൪

രസലവംകനകസ്യ ച ബീജകം
കടുകതൈലലവം മുനിപിംശതിഃ.
തിലജതൈലമഥോ വിധിമാത്രയാ
സകലതൈലവിധാനനാദരാ. ൨൫

അപിശ്രുതം വിഷഗർഭസമാഹ്വയാ
നിഗദിതം ബഹുമാരുതനാശനം
അപിസദാഗതിജാതരുജസ്തരാ-
തഥവിമർദ്ദനതോ ഹരതി ധ്രുവം. ൨൬

ഉമ്മത്തിൻനീര് അഞ്ഞാഴി, കാടി അഞ്ഞാഴി, കൊട്ടം വയമ്പ് കൊട്ടവേലിക്കിഴങ്ങ് ഇവയുടെ രസം നാഴിടങ്ങഴി, നല്ലമുളക് ന

ലവം വത്സനാഭി ൻ ലവം ഉമ്മത്തിൻകുരു ന ലവം കടുകെണ്ണ പ ലവം എള്ളെണ്ണ അഞ്ഞാഴി ഇവയെല്ലാംകൂടിച്ചേർത്ത് എണ്ണ കാച്ചുന്നരീതിയിൽ കാച്ചി എടുക്കുക; ഈ വിഷഗർഭതൈലം എല്ലാവാതരോഗങ്ങളെശമിപ്പിക്കും. ഈ തൈലം ദേഹത്തിൽ തേച്ചു മർദ്ദിച്ചാൽ വാതരോഗത്തിൽ ഉണ്ടാകുന്ന പീഡകൾ ഇല്ലാതാകും.

പ്രസാരിണീതൈലം.

പ്രസാരിണീക്ഷുണ്ണശതം പലാനി.
ദ്രോണാംഭസാം പാദ്യ ചതുഷ്പാദഹീനം
കഷായംദധികഷീരസുതൈലമല്പാ-
ഢകം തഥാകാഞ്ജികഭാഗയുക്തം. ൨൭

പ്രസാരിണീമൂലപലദ്വയംച്യ
കല്ക്കേന ഭല്ലാതഫലൈശ്ചത്രിംശൽ
രാസ്നാഷനാകഷാരപലത്രയം ച
പലാൽകാശ്മീരയുതംപചേച്ച. ൨൮

മൃദ്വഗ്നിനാകുബ്ജകടിഗ്രഹാദ്യ-
പംഗുത്വഗൃധ്രസിവാതവൃദ്ധിവാതൈഃ
ശ്ലേഷ്മാമയാൻവാതഗദാംസ്തഥൈവ
സ്ത്രീണാംനരാണാമപഹന്തിശീഘ്രം. ൨൯

ബലവർണ്ണാഗ്നിവിവർദ്ധനംനിപീത-
മപിവായുനഖിലാന്നിഹന്തിശീഘ്രം
അപിതൈലംവിധിനാ നിഷേവിതംവൈ
നിയതംഗൃധ്രസികാദിനാശനംഹി. ൩൦

നൂറുപലം പ്രസാരിണി സമൂലം പറിച്ചെടുത്ത് ചെറുതായിനുറുക്കി [illegible] ഇടങ്ങഴിവെള്ളത്തിൽ പാകംചെയ്ത് നാലൊന്നാക്കി ക്കതിൽ പാൽ കാടി എണ്ണ ഇവ രണ്ടിടങ്ങഴിവീതം ചേർത്ത് ചേക്കുരു അരത്ത നല്ലമുളക് ചവക്കാരം ഇവ മൂന്നുപലം ചുവന്നമുൾ [illegible]ത്തിൽ ഭവത് അരപ്പലം ഇവകല്ക്കമായി മന്ദാഗ്നി കത്തിച്ച് കാച്ചി എടുക്കുക; ഈ തൈലം തേച്ചാൽ സ്ത്രീപുരുഷന്മാർക്കുണ്ടാകുന്ന കൂനും അരക്കെട്ടിനുപിടിത്തം, മുടന്ത്, ഗളഗ്രഹം, ഹനുഗ്രഹം, ഗൃധ്രസി ഇവയും കഫരോഗങ്ങളും മററുവാതരോഗങ്ങളും നശിക്കും. പാനംചെയ്താൽ ബലം വർണ്ണം ഇവയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. വിധിയനുസരിച്ച് സേവിച്ചാൽ ഗൃധ്രസി മുതലായ മഹാരോഗങ്ങളേയും കൂടി ശമിപ്പിക്കും.

വിജയഭൈരവതൈലം.

രസംഗന്ധം താലം സമഭാഗമിദം ചാപി ശിലയാ
ശിലാപിഷ്ടം ശ്ലക്ഷ്ണം വസ്ത്രമധിമന്ഥൈണ്ഡശ്ച ബഹുശഃ.
നയം സൂക്ഷ്മം വസ്ത്രം സരസമപരം ഭിത്വാ വസ്തിതോ
വിലിപ്തം തഭാത്തിം സമിതിഭവമതൈലാമഥമഥോഹൽ.

പ്രദീപ്തായാവർത്ത്മമുഖപാതമധഃ കൃത്യ വിഗളൽ
സതൈലം സംമർദ്ദ്യം വിജയപരതോ ഭൈരവമിദം
സമസ്തൈകൈകാംഗാശ്രിതസകലവാതേയാർദ്ദ ചയാൻ
നിഹന്ത്യേവം ഭുക്തം ജഠരഗതവ്യാധിമചിരാൽ.

രസം ഗന്ധകം അരിതാരം മനയോല ഇവ കല്ലിൽവച്ച് ...
രിൻതെളിയിൽ (ഗോതമ്പു കാടിയിൽ എന്നു ... യോഗരത്നാകരത്തി...
കാണുന്നു) നല്ലവണ്ണം മിനുസമായി അരച്ച് എടുത്ത് അതു പല ...
വശ്യം സൂക്ഷ്മവസ്ത്രത്തിൽ തേച്ചുണക്കി അതുകൊണ്ട് തിരിയുണ്ടാക്കി ...
നല്ലെണ്ണയിൽ മുക്കി ശീലപ്പൊട്ടാതെ പിടിക്കുക; അപ്പോൾ അതിന്റെ ...
അടിയിൽ ഒരു പാത്രം വെച്ചു കൊള്ളണം. ഒരു പ്രകാരം കത്തിവരുന്ന ...
ന്നതായ തിരിയിൽനിന്നു ഊറി ആ പാത്രത്തിൽ വീഴുന്ന എണ്ണ ...
ടുത്തു സൂക്ഷിച്ചു വച്ചിരുന്ന് മേലെല്ലാം തേച്ചു തിരുമ്മുക; ഈ വിജ...
ഭൈരവതൈലം ശരീരംമുഴുവനുമോ ഏതെങ്കിലും അവയവത്തിലോ ...
വ്യാപിച്ചിരിക്കുന്ന വാതരോഗത്തെ ശമിക്കും. ഇതു സേവിച്ചാൽ ...
ഉദരത്തിലുള്ള എല്ലാ വ്യാധികളും നശിക്കുകയും ചെയ്യും.

വാതഗജാങ്കുശരസം.

മൃതം സൂതം ലോഹം താമ്രമപി ചതാപ്യം വിഷശിലേ-
സുനിർഗ്ഗുണ്ഡീശൃംഗീത്രികടുകസമാംശഃ ഗണമതോ.
ജയന്ത്യാനിർഗ്ഗുണ്ഡീഭവവിമലമുണ്ഡീഭവരസൈർ-
ദിനംമർദ്ദ്യം വാതദ്വിപദമനം ചാങ്കുശമദഃ.

സന്ധ്യസ്ഥിവാതാദ്യജ്ഞാനശമായ വല്ല-
മസ്യപ്രസേവ്യമപി വാതഗജാങ്കുശസ്യ
ഹന്യാദശീതിമപി വാതഗദാൻ പിപാനാ-
മേകോഗജാങ്കുശ ഇതി പ്രഥിതോജഗത്യാം.

മാരിതവും ശോധിതവുമായ രസം ഉരുക്ക് ഗന്ധകം മാ...
ല്ല് വത്സനാഭി കടുക്ക കരിനൊച്ചി കർക്കടശൃംഗി ചുക്കു മുള...
പ്പലി പൊൻകാരം മുഞ്ഞ ഇവ സമാംശം എല്ലാംകൂടി പൊ...
ശീലപ്പൊടി എടുത്ത് കരിനൊച്ചിനീരിലും ശ്രാവണിയുടെ ന...
ഒരു ദിവസം അരച്ച് ഗുളികയാക്കി വച്ചിരുന്ന് വിഴാലരിപ്...

...ന്നരക്കുന്നിയിട) സേവിക്കുക; ഈ വാതഗജാങ്കുശരസം സന്ധിക
...ളും അസ്ഥികളിലും ഉള്ള വാതത്തെ ശമിപ്പിക്കും. എന്നുമാത്രമല്ല
...രസമാകുന്ന ഒരൊററ തോട്ടികൊണ്ട് എൺപതുപ്രകാരത്തിലുള്ള
വാതരോഗഗജങ്ങളെ അടക്കാൻ സാധിക്കുന്നതാണ്.

രസോനാഷ്ടകം.

രസോനഹിംഗുസിന്ധൂജീരസർജ്ജികാകടുത്രയൈഃ
പ്രപേഷിതൈശ്ചകാഷിതൈഃ പ്രഭക്ഷിതൈസ്സദാഗതേഃ
വിനാശമാശുയാതി വൈ ഭുബൂകതൈലയോഗതഃ
പ്രവൃദ്ധവൈദ്യഭൂമിപാലസുശ്രുതാദിവർണ്ണിതം.

വെളുത്തുള്ളി കായം ഇന്തുപ്പ് ജീരകം തുവർച്ചിലക്കാരം ചുക്കു
... തിപ്പലി ഇവ മുമ്മൂന്നു കഴഞ്ചുവീതം അരച്ച് ഭക്ഷിക്കയും അവ
...ക്കെണ്ണ അനുപാനം ചെയ്കയും ചെയ്താൽ സകല വാതരോഗങ്ങളും
...ശിക്കും. ഈ യോഗം സുശ്രുതാദികൾക്കും സമ്മതമായിട്ടുള്ളതാ
...ണ്. (വെളുത്തുള്ളി തൊലികളഞ്ഞു പിളൎന്നു അതിന്റെ നടുക്കുള്ള
...ളകളൊക്കെയും കളഞ്ഞ്, രാത്രിയിൽ മോരിൽ ഇട്ടിരുന്നുവേണം ഉപ
...യോഗിക്കേണ്ടത്. ഇതു അതിന്റെ ഉഗ്രമായ ഗന്ധം നശിക്കുന്നതി
...നാകുന്നു.)

ഇങ്ങനെ വാതരോഗസാമാന്യചികിത്സ.

അഥ വാതരോഗസംപ്രാപ്തി.

അതിൽ ആദ്യമായി സിരാഗ്രഹം.

യദാരക്തമാശ്രിത്യവായുഃ പ്രകുപ്യാൽ
സിരാരുക്ഷകൃഷ്ണാസ്സപീഡാസ്സമൂർധ്നഃ.
അസാദ്ധ്യശ്ശിരാരുക്ഗ്രഹാന്തസ്സതത്ര
സിരാരുക്രിയാഭ്യംഗതദ്വസ്തയശ്ച.

വായു രക്തത്തെ ആശ്രയിച്ചിട്ട് കഴുത്തിലുള്ള ഞരമ്പുകൾക്ക് ...
... തയും കൃഷ്ണവർണ്ണവും വേദനയും ഉണ്ടാകുന്നു. ഇതാണ് സിരാ
...ത്തിൽ. ഇത് അസാദ്ധ്യമാണ്. ഇതിന്നു ഞരമ്പിനുള്ള ചികിത്സയും
...ഗവും ശിരോവസ്തിയും ചെയ്യണം.

ജൃംഭാ.

യദാനിലശ്ശ്വാസമഥൈകമേവ
നിപീയവേഗാത്ത്യജതിപ്രകാമം
അലസ്യനിദ്രാസഹിതസ്സ ജൃംഭാ-
മസ്യാംസതാംബ്രൂയസുഭോജനാനി.

വായു മടിയോടും ഉറക്കവൈകല്യത്തോടുംകൂടി മുഖശ്വാസത്തെ കോട്ടുവായ് മുറുക്ക് ഉള്ളിലേക്ക് പിടിച്ചിട്ട് ഉറക്കെയെ അതിനെ വെളിയിലേക്കു തള്ളുന്നു. ഇതിനു ജൃംഭ എന്നു പറയുന്നു. വൈറിച്ചതിനു കയോ നല്ലക്ഷോണം കഴിക്കുകയോ ചെയ്താൽ ശമനം കിട്ടും.

ഹനുഗ്രഹം.

ജിഹ്വാവിനിർല്ലേഖനശുഷ്കഭക്ഷ്യ-
സംസേവനാദ്യാവ്യഭിഘാതതശ്ച
ഹനുസ്ഥവായുശ്ച ഹനൂം പ്രഗൃഹ്യ
പ്രസ്രംസയിത്വാ വിവൃതാസ്യതാം വാ.

വാ സംവൃതാസ്യതാമഥൂത്കൃഷ്ടതാൽ
സ്യാച്ചർവ്വണം ഭോജനഭാഷണാദി
കരോത്യതസ്ഥൂച്ഛിബൃംഹുവൈദ്യ-
ഭൂപസ്ഥ സംസേവ്യ വിനാമയേച്ച.

അധികമായി നാക്ക പുറത്തേക്ക വലിക്കുക ഉണങ്ങി കട്ടത്തായ ധനങ്ങളെ ചവയ്ക്കുക; അഭിഘാതം (അടി) ഏല്ക്കുക ഇവയാൽ ഹനുപ്രദേശത്തിൽ ഇരിക്കുന്നവായു കോപിച്ച് ഹനുപ്രദേശത്തെ സ്രംസിപ്പിച്ചിട്ട് (സ്ഥാനത്തുനിന്നു തെറ്റിച്ചിട്ട്) വിവൃതാസ്യതയെയോ (വായതുറന്നിരിക്കുക) അല്ലെങ്കിൽ സംവൃതാസ്യതയെയോ (വായ് അടച്ചിരിക്കുക) ചെയ്യും. അതിനാൽ ചവയ്ക്കുന്നതിനും ഭക്ഷിക്കുന്നതിനും സംസാരിക്കുന്നതിനും വളരെ പ്രയാസം കാണും. ഇതാണ് ഹനുഗ്രഹം. ഇപ്രകാരം ആയാൽ വൈദ്യൻ വിവൃതാസ്യമായ ഹനുഗ്രഹത്തെ താടിയെല്ലിന്റെ സ്ഥാനമുള്ള വിയർപ്പിച്ച് എല്ലു പിടിച്ചുവെത്തി ശരിയാക്കണം.

ഹനുഗ്രഹത്തിനു ചികിത്സ.

കണാർദ്രചവ്യാനി ചതപ്പരോയൈ-
ർന്നിപ്പീഡനാത്തം പ്രഥമം തതസ്തു
രസോനതൈലൈഃ പരിമർദ്ദ്യപശ്ചാൽ
സംസേവ്യതേനൈവ തഥേ വഭോജ്യം.

സസൈന്ധവം മൂർദ്ധ്നി ചതസ്യതൈല-
വസ്തിം വിദദ്ധ്യാന്മൃദുവാഹനിനൈവ
സംസേവ്യ ചിഞ്ചാസുഫലം സുപക്വം
മുഖേ നിദദ്ധ്യാൽ സഗുഡം വിശേഷാൽ.

ഹനുഗ്രഹസ്സാമ്യതി ചാഥ ജിഹ്വാ-
സ്തംഭസ്യ ലക്ഷണമേവ വക്ഷ്യേ.

അത്യം തിപ്പലി ഇഞ്ചി കാട്ടുമുളകുകൊടിവേലി ഇവ കൂട്ടവെള്ളത്തിൽ ചതച്ചിട്ട് കവിൾക്കൊണ്ടു തുപ്പണം. പിന്നീട് വെള്ളുള്ളി ഇട്ടു മൂപ്പിച്ചതൈലംകൊണ്ട് തിരുമ്മി ആ എണ്ണകൊണ്ടുതന്നെ വിയർപ്പിച്ച് അതിനുശേഷം അതുതന്നെ ഭുജിക്കണം. ആ ഉള്ളിതൈലത്തിൽതന്നെ ഇന്തുപ്പും ഇട്ട് മൂപ്പിച്ച് ശിരോവസ്തിചെയ്യുകയും മൃദുവഹ്നികൊണ്ടു വിയർപ്പിച്ച് പഴുത്ത കോൽപുളിയുടെ കായും ശർക്കരയും കൂടി വായിൽ ധരിച്ചുകൊണ്ടിരിക്കയും ചെയ്യണം. എന്നാൽ ഹനുഗ്രഹം ശമിക്കും. ഇനിയും ജിഹ്വാസ്തംഭത്തിന്റെ ലക്ഷണം പറയുന്നു.

ജിഹ്വാസ്തംഭം.

വാഗ്വാഹിനീമാത്രസിരാസ്ഥിതസ്തു
വായുഃസ്ഥിതോ വൈരസനാം വിശേഷാൽ. ൬

സംസ്തംഭയിത്വാന്നവിശോഷപാന-
വാചാമനീശം പുരുഷം കരോതി
ചികിത്സിതം തത്ര തദർദ്ദിതോക്തം
കുര്യാദ്യഥാവസ്ഥമഥാത്രവാതേ ൭

വാഗ്വാഹിനിയായ ഞരമ്പിൽ സ്ഥിതിചെയ്യുന്ന വായു കോപിച്ചിട്ട് രസനയെ (നാക്കിനെ) സ്തംഭിപ്പിക്കുന്നു. ഇതാണ് ജിഹ്വാസ്തംഭം. ഈ രോഗിക്ക ഉണ്ണുന്നതിനും ജലപാനം ചെയ്യുന്നതിനും സംസാരിക്കുന്നതിനും വിഷമമായിരിക്കും. ജിഹ്വാസ്തംഭത്തിന് അർദ്ദിതം എന്ന വാതരോഗത്തിൽ വിധിക്കുന്ന ചികിത്സകളെ അവസ്ഥയനുസരിച്ചു ചെയ്യണം.

രാസ്നാദികഷായം.

രാസ്നാശിവാനാഗരദേവദാരു-
പ്രസാരിണീദീപ്യദുരാലഭാനാം
ശതാവരീപൌഷ്കരവൃദ്ധദാരു-
ബലാശടീഗോക്ഷുരഗുൽഗുലൂനാം. ൮

ദുരാലഭാരഗ്വധപഞ്ചമൂല
പുനർന്നവൈരണ്ഡമൃഗേന്ദ്രവല്ലൈഃ
മുണ്ഡീസമംഗാതിവിഷാശതാഹ്വാ
പീയൂഷശൈലേയശിലോദ്ഭവൈശ്ച ൯

തുല്യൈഃ സമസ്തൈർഹപുഷായുതാനാം
കഷായമേകത്രസ്മിൻമിസിസംയുതാനാം

ഗണ്ഡൂഷസന്ധാരിതമസ്യ ജിഹ്വാ-
സ്തംഭം നിഹന്ത്യാശു ന ചിത്രമത്ര. ൧൧

സന്ധ്യസ്ഥിമജ്ജാഗതവായുരോഗാഃ
സർവ്വാംഗഗാഃ കമ്പസിരാഗ്രഹാദ്യാഃ
പക്ഷാപഘാതാർദ്ദിതജാനുഗ്രഹശ്ച
കടീഗ്രഹാഃ കുബ്ജമുഖാസ്തഥാന്യേ. ൧൨

സാമാ നിരാമാസ്ത്വഥ സപ്തധാതു-
ഗതാശ്ച രോഗാഃ പ്രലയം പ്രയാന്തി
തഥാവൃതേഷ്വന്യവൃതേഷു വാതേ
രാസ്നാദിരാഖ്യാത ഇദം വിധാത്രാ. ൧൩

അരത്ത കടുക്കത്തോടു് ദേവതാരം പ്രസാരിണി കൊത്തമ്പാലയരി കൊടിത്തൂവവേരു് ശതാവരിക്കിഴങ്ങു് പുഷ്കരമൂലിവേരു് മറിക്കുന്നി കുറുന്തോട്ടിവേരു് കച്ചോലം ഞെരിഞ്ഞിൽ ഗുൽഗുലു നായ്ക്കുരണവേരു് കൊന്നത്തൊലി കുമ്പിൾ കൂവളം പാതിരി പലകപ്പയ്യാനി മുഞ്ഞ ഇവ അഞ്ചിന്റെയും വേരു് തമിഴാമവേരു് വെളുത്താവണക്കിൻവേരു് ആടലോടകത്തിൻവേരു് ശ്രാവണി പടച്ചുണ്ട അതിവിടയം അമുക്കുരം അമൃതു് ചെറുവയം കന്ദം അടയ്ക്കാമണിയൻവേരു് ചതകുപ്പ ഇവയെല്ലാം സമാംശമായി എടുത്തു കഷായംവെച്ചു് വായിൽ കവിൾക്കൊണ്ടാൽ ജിഹ്വാസ്തംഭം ശമിക്കും. ഇതു് സേവിച്ചാൽ സന്ധി അസ്ഥി മജ്ജ ഇവയെ പ്രാപിച്ചിരിക്കുന്ന വായുരോഗങ്ങളും സർവ്വാംഗത്തിലുള്ള വാതരോഗവും വിറയൽ സിരാഗ്രഹം പക്ഷാഘാതം (ഒരുവക സ്തംഭനവാതം) അർദ്ദിതം എന്ന വാതരോഗം മുട്ടു് നരിയാണി ഇവ ഈ ഭാഗങ്ങളിൽ പിടിത്തം കുബ്ജം (കൂന്) മുതലായ സർവ്വരോഗങ്ങളും സാമങ്ങളായും നിരാമങ്ങളായും സപ്തധാതുക്കളെ ഗമിച്ചിരിക്കുന്ന രോഗങ്ങളും നശിക്കും.

മൂകവാതം.

ധമനീഃ സ കഫസ്തു വായുരേവ
ബദ്ധ്വാവൃത്യ ച ശബ്ദവാഹിനീഃ
അവതിഷ്ഠതി യസ്യ സോത്ര നൂന-
മഥ മൂകത്വയുതോ നിരന്തരം. ൧൪

വായു കഫത്തിന്റെ സഹായത്തോടുകൂടി ശബ്ദവാഹിനികളായ ഞരമ്പുകളിൽ ബദ്ധപ്രകാരം ആവരണം ചെയ്യുകനിമിത്തം മൂകത്വം ഉണ്ടാകുന്നു.

മൂകത്വചികിത്സ.

ലവണാഞ്ജനലോധ്രധാതകീ-
പലികൈർബ്ബസ്തപയഃപ്രപേഷിതൈഃ
വചയാ ഘൃതപ്രസ്ഥപാചിതൈ-
ർമ്മസാരസ്വതഹവ്യസേവനാൽ. ൧൫

ജഡഗദ്ഗദമൂകമിമ്മിനാഃ
സ്മൃതിമേധാപ്രതിഭാസുവാഗ്ഗുണാഃ
പ്രഭവന്തി ന ചിത്രമത്ര വാ
വരവൈദ്യാധിപതിപ്രഭാഷിതം. ൧൬

സാരസ്വതഘൃതം.

ഓരിലപ്പു് മുഞ്ഞത്തൊലി പാച്ചോററിത്തൊലി താതിരിപ്പൂവു് വയമ്പു് ഇവ ഓരോ പലം വീതം ആട്ടിൻപാലിൽ അരച്ചുകലക്കി ഇടങ്ങഴിനെയ്യു കാച്ചി സേവിച്ചാൽ ജഡം ഗദ്ഗദം മൂകത മിമ്മിനം ഇവ നശിക്കും. സ്മൃതി ധാരണാശക്തി പ്രതിഭ വാക്കിന്നു് സ്ഫുടത ഇവയുണ്ടാകും. ഈ ഘൃതത്തിന്റെ പേരു് സാരസ്വതം എന്നാകുന്നു.

മിമ്മിനാദികൾ.

ധമനീഃ ഖലു ശബ്ദവാഹികാ
യദി ചാക്രമ്യ ച നാസികാശ്രിതഃ
പ്രബലസ്തു പ്രഭഞ്ജനോ തദാ
ഖലു യസ്യാപി സമിമ്മിനം വദേൽ. ൧൭

വായു ശബ്ദവാഹിനികളായ ഞരമ്പുകളെ ആക്രമിച്ചിട്ടു് നാസികയിൽ പ്രവേശിച്ചു് പ്രബലനായിട്ടു് അനുനാസികസഹിതങ്ങളായ വാക്കുകളെ (മൂക്കുകിണുങ്ങലോടുകൂടിയ വാക്കുകളെ) പുറപ്പെടീക്കുന്നു. അതിനെ മിമ്മിനം എന്നു പറയുന്നു.

മിമ്മിനചികിത്സ.

കല്യാണകാവലേഹം.

നിശാവചാകുഷ്ഠകണാജമോദാ-
ബ്രാഹ്മീസലോകാപടുജീരകാണാം
ചൂർണ്ണം സമാനാം മധുകാന്വിതാനാം
ഗോസർപ്പിഷാലോഡ്യ നരോ വിലിഹ്യ. ൧൮

ഘനസ്വനഃ കോകിലനിസ്വനശ്ച
മേധാം സ്മൃതിം ശാസ്ത്രചമൽക്രിയാം ച
ലഭേച്ച വാചസ്പതിതുല്യവാചം
ഏകാധികൈർവിംശതിവാസരൈശ്ച. ൧൯

മഞ്ഞൾ, വയമ്പ്, കൊട്ടം, തിപ്പലി, ശതാവരി, അടലോടകം, ചുക്ക്, ഇന്തുപ്പ്, ജീരകം, ഇരട്ടിമധുരം ഇവ സമാംശമെടുത്തു പൊടിച്ച് പശുവിൻനെയ്യിൽ കുഴച്ചു സേവിച്ചാൽ സ്വരം കുയിലിനു തുല്യമായിത്തീരും. മേധ, സ്മൃതി മുതലായതൊക്കെ ഇവയും ഉണ്ടാകും. ഇരുപത്തിയൊന്നുദിവസം മുടങ്ങാതെ സേവിച്ചാൽ ബൃഹസ്പതി (വ്യാഴ) തുല്യനായിത്തീരും.

ഗദ്ഗദലക്ഷണം.

ധമനീഃ ചലശബ്ദവാഹിനീർ-
യദി ചാക്രമ്യ ഹി താലുസംസ്ഥിതഃ
സകഫോനില ഏവ കേവലം
പ്രതികുര്യാൽ ഖലു ഗദ്ഗദം നരം. ൧൦

വായു, കഫത്തോടുകൂടി ശബ്ദവാഹിനികളായ ധമനികളെ ആക്രമിച്ച് താലു(അണ്ണാക്ക്)വിങ്കൽ സ്ഥിതിചെയ്തിട്ട് നരനെ ഗദ്ഗദനാക്കിച്ചെയ്യുന്നു.

ഗദ്ഗദചികിത്സ.

സാരസ്വതഘൃതം.

കൃമിശത്രുവചാഭയാകടു-
ത്രയബ്രഹ്മീവൃഷശിഗ്രുചിത്രകൈഃ
ലവണോത്തമപണ്ണികാസമൈ-
രഥ ഭാർങ്ഗീസഹിതൈസ്തു പാചയേൽ. ൧൧

സുശ്രുതം ച ഘൃതം ച ഛാഗിനീ-
പയസാ നിലഘതം നിരന്തരം
പ്രഭജൻ ഹി ലഭേത സംശയം
സ്മൃതിമേധാസുവചാംസി ഗദ്ഗദീ. ൧൨

കൃമിശത്രു, വയമ്പ്, കടുക്ക, ചുക്ക്, മുളക്, തിപ്പലി, ബ്രഹ്മി, ആടലോടകത്തിൻവേര്, മുരിങ്ങത്തൊലി, വെള്ളക്കൊടുവേലിക്കിഴങ്ങ്, ഇന്തുപ്പ്, കാട്ടുഴുന്ന്, ചെറുതേക്ക് പാടക്കിഴങ്ങ്, ഇവ അരച്ച് ആട്ടിൻപാലിൽ കലക്കി നെയ്യും ചേർത്ത് കാച്ചി എടുക്കുക; ഈ ഘൃതം സേവിച്ചാൽ സ്മൃതിമേധാദികൾ ഉണ്ടായി ഗദ്ഗദി സ്പഷ്ടാക്ഷരമായി സംസാരിക്കും.

പ്രലാപലക്ഷണം.

സ്വഹേതുതസ്തു കോപമേത്യ വായുരേവ സന്തതം
പ്രലാപമാശു കാരയേദ് വിശേഷതോ ജനസ്തദാ
നിരർത്ഥകം വചോ വദേത് സംശയം തു നിസ്പൃശഃ
സസംഭ്രമം വിലോകയേന്നിവാരിതോƒപി ഭൂരിശഃ. ൧൩

വായു തന്റെ കാരണങ്ങളാൽ കോപിച്ച് പ്രലാപത്തെ ഉണ്ടാക്കുന്നു. അതുനിമിത്തം പ്രലാപരോഗി നിരർത്ഥകമായും അസംബന്ധമായും സംസാരിക്കും. എത്രയൊക്കെ തടുത്താലും സംഭ്രമിച്ചു നോക്കുകയും ചെയ്യും.

പ്രലാപചികിത്സ.

നതാശ്വഗന്ധാ വരതിക്തതിക്താ
ദശാംഘ്രിപാടീമലനാദികാനാം
ഉശീരദ്രാക്ഷായുതശംഖപുഷ്പീ
സഭാരതീരൈവതസംയുതാനാം. ൧൪

കൃതഃ കഷായോ മധുസംയുതശ്ച
പീതോ നിത്യം വരവൈദ്യഭൂപാൽ
ശ്രുത്വാ പ്രലാപപ്രശമായ നൂന-
മദൂരതോ ദൂരതരം വദേദ് വാ. ൧൫

തകരം, അമുക്കുരം, പര്‍പ്പടകപ്പുല്ല്, പുത്തരിച്ചുണ്ടവേര്, ദശമൂലം, ചന്ദനം, മുത്തങ്ങാക്കിഴങ്ങ്, രാമച്ചം, മുന്തിരിങ്ങ, ശംഖുപുഷ്പത്തിൻവേര്, ബ്രഹ്മി, കൊന്നത്തൊലി (അല്ലെങ്കിൽ ഈന്തൽ) ഇവ കഷായം വച്ച് തേൻ മേമ്പൊടി ചേർത്തു സേവിച്ചാൽ പ്രലാപം ക്ഷണത്തിൽ ശമിക്കും.

രസാജ്ഞാനവായു.

ഭുക്താന്നേ ന രസാൻ വേത്തി രസജ്ഞാ രസനാ യദാ
മധുരപ്രഭൃതീനുക്തം രസാജ്ഞാനം തദൈവ ഹി. ൧൬

രസത്തെ അറിയുന്നതായ രസന (നാക്ക്) ഭുജിച്ച അന്നങ്ങളുടെ മധുരാദിരസങ്ങളെ അറിയാൻപാടില്ലാതെ ആയിത്തീരുന്നു എങ്കിൽ അതിനെ രസാജ്ഞാനം എന്നു പറയുന്നു.

രസാജ്ഞാനചികിത്സ.

ത്രികടുകപടുചിത്രകൈരാജികാകൃഷ്ണജീരൈ-
രനലമരിചശുണ്ഠീപിപ്പലീമല്ലികൈശ്ച
രസനമഭിജിഘർഷേജ്ജാതജന്തുഃ കദാപി
പ്രഭവതി ബഹുധാവൈ ഭോജനം ഭോക്തുമീശഃ. ൧൭

ചുക്ക്, മുളക്, തിപ്പലി, ഇന്തുപ്പ്, ചിത്രപ്പാല, കരിങ്കടുക്, കരിഞ്ജീരകം, ഇവയൊ, കൊടുവേലിക്കിഴങ്ങ്, നല്ലമുളക്, ചുക്ക്, കാട്ടുതിപ്പലിവേര് ഇവയോ അരച്ചു നാക്കിൽ തേക്കണം. എന്നാൽ രസാജ്ഞാനം എന്ന രോഗം ശമിക്കും. ഭുജിക്കുന്നതിനു സാമർത്ഥ്യവും ഉണ്ടാകും.

ത്വക്ശൂന്യതാലക്ഷണം.

ത്വചി സ്പൃശ്യമാനോ നശീതോഷ്ണതീവ്ര-
മൃദുത്വമേതി തദാ ത്വചാ ശൂന്യതാ സാ
പ്രസുപ്തം തമേകേ തു വൈദ്യാധിരാജാ
ജഗുഃ പ്രായശോ രക്തദോഷാന്നൃതത്ര. ൨൭

ത്വക്കിൽ സ്പർശിച്ചാൽ തണുപ്പ് ചൂട് കുക്ശേത്വം ഇവ അറിയാൻവയ്യാതെ ഇരിക്കുക, എന്നതു് ത്വക്ശൂന്യതയാകുന്നു. ചില വൈദ്യന്മാർ ഇതിനെ പ്രസുപ്തം (മരവിപ്പ്) എന്നു പറയുന്നു. ഇതിന്നു് മിക്കവാറും രക്തം ദുഷിക്കുകയെന്നാം.

ത്വക്ശൂന്യതാചികിത്സ.

ഏരണ്ഡതൈലം ത്രിഫലാമൃതാശ-
ഗോമൂത്രഗോധാവിഷാണിപക്വാ
സംമർദ്ദയേത്തൈലമിദം ശരീരം
പ്രസുപ്തവാതാത്മദിനക്ഷതോഃ. ൨൮

ത്രിഫല, കൊട്ടവലിക്കഞ്ഞ്, ഗോമൂത്രം നെയ്യ് വത്സനാഭം ഇവ ചേൎത്തു പാകം ചെയ്ത ആവണക്കെണ്ണ ദേഹമാസകലം തേച്ചു മർദ്ദിച്ചാൽ പ്രസുപ്തവാതം ശമിക്കും.

വേറൊരു ധൂപം.

ലവണാഗുരുതൈലൈർഘൃതവിമിശ്രൈർധൂപൈർ
ധൂപിതദേഹോ വ്യപഗതമോഹസ്തനുശുദ്ധിം
ലഭതേ നിഃസുപ്തം ത്വചി ഗ്രസ്തം പരിതശ്ച
മൃദുഖരശീതം തനുപരിനീതം തദ്ബുധിം. ൨൯

ഇന്തുപ്പ് അകിൽ, ഇവ പൊടിച്ചു് എണ്ണയും ചേൎത്തു പുകച്ചാൽ മോഹം നീങ്ങി ദേഹത്തിനു ശുദ്ധിയുണ്ടായി, വായുവിനാൽ മരവിച്ചും തണുത്തുമിരിക്കുന്ന സ്ഥലത്തു് രോഗിക്കു് ഉഷ്ണം മുതലായവ എല്ലാറ്റിനെയും അറിയാറാകയും ചെയ്യും.

അർദ്ദിതവാതം.

ഉച്ചൈർവ്യാഹരതസ്തഥാതി കഠിനാൻസംഖാദതോ ജൃംഭതോ
ഭാരാദ്വാ വിഷമാശനാച്ഛ ഹസതോ മൂർദ്ധ്ന്യാക്ഷിനാസേഷ്ഠഗഃ
വായുർവാ ചിബുകേ ലലാടഫലകേ തൽസന്ധിസന്ധിഷ്വലം
വക്ത്രം വക്രമഥാദ്ധ്മാശ്രുപരീതോ വാ വ്യർദ്ദയേദർദ്ദിതേ. ൩൦

ഗ്രീവാപവർത്തതേ തത്ര വാഗ്ഭംഗഃ ശിരസസ്തഥാ
പ്രകമ്പശ്ചിബുകേ ദന്തഗ്രീവാപാർശ്വേ ച ദുഃഖവേദനാ. ൩൧

ഉറക്കെ സംസാരിക്കുക, കാഠിന്യമുള്ള വസ്തുക്കളെ ചവയ്ക്കുക;

കോട്ടുവായിടുക; ചുമടെടുക്കുക; വിഷമഭക്ഷണം ചെയ്ക; വളരെ ചിരിക്കുക; ഈ കാരണങ്ങളാൽ വായു കോപിച്ചു്, ശിരസ്സ് കണ്ണ് മൂക്ക് ഓഷ്ഠം താടി, നെററി, ഇവയുടെ സന്ധികളെ പ്രാപിച്ചു മുഖത്തിന്റെ പകുതിഭാഗത്തിനു കോട്ടമുണ്ടാകുന്നു. ആ ഭാഗവും ശരീരാർദ്ധവും സ്തംഭിക്കാനും ഇടയാകയുമാം. ഇതിനെ അർദ്ദിതം എന്നു പറയുന്നു. ഈ അർദ്ദിതം വന്നാൽ കഴുത്തു് ഒരുഭാഗത്തേക്കു തിരിഞ്ഞിരിക്കുകയും വാക്കിനു തടസ്സം തലയ്ക്കു വിറയൽ ഇവയും കോടിയ ഭാഗത്തുള്ള താടി പല്ലു് കഴുത്തു് പാർശ്വഭാഗം ഈ സ്ഥാനങ്ങളിൽ വേദനയുമുണ്ടാകുകയും ചെയ്യും.

അർദ്ദിതചികിത്സ.

ദശമൂലരസൈഃ പയോയുതൈ-
സ്തിലതൈലം ച ജീവനീയകൈഃ
ശൃതതൈലമിദം ച മർദ്ദനാ-
ദിഷു പാനാദ്യനുവാസനാദിഷു. ൩൨

ഉദിതം വിഹിതം തഥാത്ര വാ-
ത്യനിലഘ്നാന്യഥ മർദ്ദനാനി ച
അശനാനി ച യാനി താനി വാ-
പ്യുപനാഹാവരധൂപനാനി ച. ൩൩

ദശമൂലം കഷായംവച്ചു് അതിൽ ജീവനീയഗണങ്ങളിലെ ഔഷധങ്ങളും കൽക്കമാക്കി പാലുംചേൎത്തു കാച്ചിയ തിലതൈലം ദേഹത്തിൽ തേച്ചുപിടിപ്പിക്കുകയോ പാനം ചെയ്കയോ ചെയ്താൽ അർദ്ദിതം ശമിക്കും. ഈ തൈലം വസ്തിചെയ്യുന്നതിനും കൊള്ളാം. ഇതുകൂടാതെ വാതഹരങ്ങളായ മർദ്ദനങ്ങളും അശനങ്ങളും ഉപനാഹങ്ങളും (മരുന്നരച്ചുകെട്ടുകയും) ധൂപനങ്ങളും ചെയ്യാം.

വാതാർദ്ദിതലക്ഷണവും ചികിത്സയും.

ലാലാസ്രാവണഹന്വ്യഥാസ്ഫുരണകാസ്തദ്ധ്വംസനോർവൈപരീത്യം
ഗ്രാഹോ വാ ശ്വസ്തഥോഷ്ഠയുഗളേ സ്ഥൈര്യം ച വാതാർദ്ദിതേ
ക്ഷീരം തത്ര ദശാംഘ്രിസംശൃതജലൈർവാ മാതുളുംഗീരസൈർ-
വാ പഞ്ചാംഘ്രിജലൈസ്തഥാപി ബലയാ നിത്യം പിബേദൈപുമാൻ.

ഈത്തൊലിക്കുക; വളരെ വ്യഥ, വിറയൽ, ഹനുഗ്രഹം, വാക്കിനു തടസ്സം, നീരു്, രണ്ടുചുണ്ടിനും തടിപ്പ് ഇതും വാതാർദ്ദിതത്തിന്റെ ലക്ഷണമാണ്. അതിന്നു് ദശമൂലമോ മാതളനാരങ്ങാരസമോ പഞ്ചമൂലമോ കുറുന്തോട്ടിയോ ഇട്ടു കുറുക്കിയ പാൽ മുടങ്ങാതെ കുടിച്ചുകൊണ്ടിരിക്കണം.

വേറൊരു യോഗം.

ഹയ്യംഗവീനേന ച മാഷപിണ്ഡം
ജഗ്ദ്ധ്വാരസൈർമ്മാംസഭവൈശ്ച ദുഗ്ദ്ധം
പീത്വാ ദശാംഘ്രിപ്രഭവം പിബേച്ച
ഭുക്തോപരിഷ്ടാൽ ഘൃതമത്രപേയം. ൩൫

ഉഴുന്നരച്ച് പുതുവെണ്ണയിൽ കുഴച്ചുതിന്നുക; മാംസരസത്തിൽ ചേർത്തു പാൽകാച്ചി കുടിക്കുക; ദശമൂലകഷായം പാനംചെയ്യുക; ഊണു കഴിഞ്ഞതിനുശേഷം നെയ്യ് കുടിക്കുക; ഇവയെല്ലാം വാതാർദ്ദിതത്തിന്റെ ചികിത്സകളാണ്.

വസ്ത്യഭ്യംജനനസ്യാനി സേചനാനി പുനഃ പുനഃ
വാതാർദ്ദിതേ നരോ നിത്യം നിഷേവേച്ച സുഖായവൈ. ൩൬

വസ്തി, അഭ്യഞ്ജനം (തേച്ചുകുളി) നസ്യം സേചനം (വീഴ്ത്തിക്കൽ) ഇവ കൂടെക്കൂടെ ചെയ്താൽ വാതാർദ്ദിതരോഗിക്കു സുഖംകിട്ടും.

പിത്താർദ്ദിതലക്ഷണവും ചികിത്സയും.

പിത്താർദ്ദിതേ പീതമുഖോ ജ്വരാർത്ത-
സ്തൃഷ്ണാതുരോ മോഹയുതസ്സധൂമഃ
തത്രാപി ശീതാംശ്ച ഭജേച്ച തൈലാൻ
വസ്തിം ഘൃതേനൈവ ച സംവിദധ്യാൽ. ൩൭

മുഖത്തിനു മഞ്ഞനിറവും, ജ്വരം, തണ്ണീർദ്ദാഹം, മോഹം, പുകച്ചിൽ ഇവയും പിത്താർദ്ദിതത്തിന്റെ ലക്ഷണമാണ്. പിത്താർദ്ദിതത്തിൽ ശീതഗുണങ്ങളായ തൈലങ്ങളും നെയ്യ്കൊണ്ടു വസ്തിയും ഉപയോഗിക്കണം

പിത്താർദ്ദിതേ പയഃപാനം കേവലം സംപ്രശസ്യതേ
ജിഹ്മീഭൂതാനനേ മൂകേ സദാഹേപ്യഥ വാർദ്ദിതേ. ൩൮
വാതപിത്തപ്രതീകാരം ശിരസോരേചനം ഹിതം
ശിരസോ രക്തമോക്ഷം വാ ദാഹേ പിത്തഘ്നസേവനം. ൩൯

പിത്താർദ്ദിതത്തിൽ പാലു തനിച്ചു കുടിക്കുന്നതു നല്ലതാണ്. മുഖം വളയുക, സംസാരിപ്പാൻ വയ്യാതാകുക, സർവ്വാംഗസന്താപമുണ്ടാകുക, ഈ ലക്ഷണങ്ങളുള്ള അർദ്ദിതത്തിൽ വാതപിത്തഹരങ്ങളായ ചികിത്സകളും ശിരോരേചനവും ശിരസ്സിൽനിന്നു രക്തം കളയുകയും ചെയ്യണം. സർവ്വാംഗസന്താപത്തിൽ പിത്തനാശകരമായ ചികിത്സ ചെയ്യണം.

കഫാർദ്ദിതലക്ഷണം.

ശോഥസ്സഗണ്ഡേ ശിരസസ്സമന്യാ-
സ്തംഭ ഉക്തസ്സ കഫാർദ്ദിതേ ഹി

സതീക്ഷ്ണനസ്യം ച പുരാണഹവ്യ-
പാനം തഥാ ചാത്ര കഫപ്രണാശി. ൪൦

ചെള്ളയ്ക്കു നീര്, ശിരസ്തംഭം, മന്യാസ്തംഭം (പിൻകഴുത്തിലെ ഞരമ്പുകൾ സ്തംഭിക്കുക) ഇവ കഫാർദ്ദിതത്തിൽ ഉണ്ടായിരിക്കും. അതിനു തീക്ഷ്ണമായ നസ്യവും പുരാണഘൃതപാനവും ചികിത്സകളാണ്. ഇതുകൂടാതെ കഫനാശകരമായ ചികിത്സയും ഹിതമാകുന്നു.

കഫാർദ്ദിതചികിത്സ.

കൽക്കം രസോനസ്യ സതൈലമത്ര
പേയം തഥാ മർദ്ദനമത്ര കാര്യം
ഭോജ്യാന്നപാനാനി ച ബൃംഹണാനി
വാതഘ്നമാംസപ്രഭവോദകാനി. ൪൧

വെള്ളുള്ളി അരച്ച് എണ്ണചേർത്തു പാനംചെയ്യുക, തിരുമ്മുക, ബൃംഹണങ്ങളായ (തടിപ്പിക്കുന്ന) അന്നപാനങ്ങളും വാതഹരങ്ങളായ മാംസങ്ങളുടെ രസങ്ങളും ഉപയോഗിക്കുക, ഇത്രയും കഫാർദ്ദിതത്തിന്റെ ചികിത്സകളാണ്

“ദിവാസ്വപ്നാസനസ്ഥാനവിവൃതോർദ്ധ്വനിരീക്ഷണൈഃ
മന്യാസ്തംഭം പ്രകുരുതേ സ ഏവ ശ്ലേഷ്മണാവൃതഃ” ൪൨
മന്യാസ്തംഭേ രോഗ ഉക്തസ്തു തത്ര
സേവ്യഃ കഫഘ്നോ ദിഗ്ജടാസംഭവസ്തു
രൂക്ഷം സ്വേദം ചാപി നസ്യം പ്രയോജ്യം
ക്വാഥം തദ്വൽ പഞ്ചമൂലീശൃതം ച. ൪൩

പകൽ ഉറങ്ങുക, സമനിരപ്പില്ലാത്ത സ്ഥലത്തു കിടക്കുക, മേല്പോട്ടു കണ്ണുതുറന്നുനോക്കുക ഇവ നിമിത്തമായി വായുകോപിച്ചു കഫത്തോടുകൂടി മന്യാസ്തംഭം എന്ന രോഗത്തെ ഉണ്ടാക്കുന്നു. കഴുത്തിന്റെ പുറകിലുള്ള രണ്ടു ഞരമ്പുകളാണ് മന്യകൾ എന്നു ധരിച്ചുകൊൾക.

മന്യാസ്തംഭചികിത്സ.

ഈ മന്യാസ്തംഭത്തിൽ ദശമൂലമോ പഞ്ചമൂലമോ കഷായംവച്ചു സേവിക്കണം. രൂക്ഷമായി വീഴ്ത്തിക്കയും നസ്യംചെയ്കയും വേണം.

വേറൊന്ന്.

കുക്കുടാണ്ഡദ്രവൈരാജ്യസിന്ധൂദ്ഭവൈ-
രുഷ്ണകൈശ്ചാപി ഗ്രീവാം വിമർദ്ദ്യാഥവാ
തൈലഹവ്യൈരഥോ ഭാനുപത്രൈശ്ചലിപ്തൈഃ
സമാവേഷ്ട്യബന്ധൈശ്ച പൂർവ്വോക്തമേവ. ൪൪

കോഴിമുട്ടയുടെ ദ്രവത്തിൽ നെയ്യും ഇന്തുപ്പും ചേർത്തു ചാലിച്ച് ചൂടാക്കി കഴുത്തിൽതേച്ചു പിടിപ്പിക്കയോ എരിക്കിലയിൽ എണ്ണയും

നെയ്യും കൂട്ടി ചൂടുപിടിപ്പിച്ച് കൂട്ടിൽ തെളുകയോ ചെയ്താൽ മന്യാസ്തംഭം ശമിക്കും.

ബാഹുശോഷം.

അംസദേശാശ്രിതോ വായുശ്ശാഖാഭേദം സബന്ധനം
അസംഭേദ്യ ശോഷാൽ സ്യാൽ ബാഹുശോഷസ്സവേദനഃ. ൮൫

തോളിൽ സ്ഥിതിചെയ്യുന്ന വായു കോപിച്ച്, ഞരമ്പുകളെ കോട്ടി, അംസബന്ധത്തിൻ ഭേദവും (പിളർന്നുപോവുക) ശോഷവും ഉണ്ടാക്കും. അതുനിമിത്തം വേദനയോടുകൂടിയ ബാഹുശോഷം എന്ന വാതരോഗം ഉണ്ടാകുന്നു.

ബാഹുശോഷചികിത്സ.

കല്യാണസർപ്പിഃ പ്രപിബേച്ച ഭുക്ത്വാ
ബലാജടാസൈന്ധവപാചിതീരം
ബാഹുപ്രശോഷേ ച കരസ്ഥവാതേ
മന്യാഗതസ്തംഭകരേ ച വായൌ. ൮൬

ഊണിനുശേഷം കല്യാണഘൃതം സേവിക്കയോ, കുറുന്തോട്ടിവേരു കഷായംവച്ച് ഇന്തുപ്പുംചേർത്തു സേവിക്കയോ ചെയ്താൽ ബാഹുശോഷം, കൈക്കുണ്ടാകുന്ന മററു വാതരോഗങ്ങൾ, മന്യാസ്തംഭം ഇവ ശമിക്കും.

അപബാഹുകം.

ബാഹുസ്ഥവായുസ്സ സിരാസ്സുസ്ഥാ-
സ്സംകോച്യ കുര്യാദപബാഹുകം തൽ
ബലാകഷായേന തഥാത്മഗുപ്താ-
രസേന പീതേന ജയേന്നിതാന്തം. ൮൭

വായു കയ്യിൽ പ്രാപിച്ച് കയ്യിലെ സകലഞരമ്പുകൾക്കും സങ്കോചം (കോട്ടം) ഉണ്ടാക്കി അപബാഹുകം എന്ന രോഗത്തെ ഉണ്ടാക്കുന്നു.

അപബാഹുകചികിത്സ.

കുറുന്തോട്ടിവേരോ നായ്ക്കുരണവേരോ കഷായംവച്ചു സേവിച്ചാൽ അപബാഹുകം ശമിക്കും.

നസ്യം തഥോമാരസജംവിശേഷാ-
ന്മാഷൈഃശൃതം സൈന്ധവതൈലമാശു
വാതാരിമൂലോത്ഥരസേന നസ്യ-
യോഗത്രയം വജ്രഭുജം കരോതി. ൮൮

അകത്തിയുടെ നീരുകൊണ്ടോ, ഉഴുന്ന് ഇന്തുപ്പ് ഇവ കൽക്കമായി കാച്ചിയ എണ്ണകൊണ്ടോ, വാതാരിമൂല (പുത്തരിച്ചുണ്ട എന്ന ഭാ

ഷ)ത്തിൻ നീരുകൊണ്ടോ, നസ്യംചെയ്താൽ കൈയ്ക്ക് വജ്രതുല്യമായ ബലമുണ്ടാകും.

വിശ്വാചി.

തലസ്ഥപ്രത്യംഗുലികണ്ഡരായാ
ബാഹോഃ പാസ്ഥ പൃഷ്ഠത അസൌ ചലൂ തത്രബാഹോഃ
കർമ്മക്ഷയം സംവിദധീത, സാ തു
വിശ്വാചികാ വൈദ്യവരൈഃ പ്രതോക്താ. ൮൯

വായു കുപിതനായി, കൈകളുടെ പുറത്തുനിന്നും പുറപ്പെട്ട്, ഉള്ളംകയ്യിൽ കടന്ന്, വിരലുകളുടെ വലിയ ഞരമ്പുകളെ ദുഷിപ്പിച്ചിട്ട് കൈ മടക്കാനും നിവിർക്കാനും വയ്യാതായിത്തീരുന്നു. ഈ വാതപീഡ വിശ്വാചി എന്നു വൈദ്യവര്യന്മാരാൽ പറയപ്പെട്ടിരിക്കുന്നു.

വിശ്വാചിചികിത്സ.

ദശമൂലബലാസമാഷകം പ്രപിബേത്തൈലയുതാഘൃതമുത്തമം
അപിനസ്യവിധൌ തദീരിതം യദിസായന്തനഭോജനാൽപരം. ൯൦

ദശമൂലം കുറുന്തോട്ടിവേരു ഉഴുന്ന് ഇവ കഷായംവച്ച് എണ്ണയും നെയ്യുംചേർത്തു കുടിക്കുകയോ, രാത്രിഭോജനത്തിനുശേഷം ഇതുകൊണ്ടുതന്നെ നസ്യംചെയ്കയോ ചെയ്താൽ വിശ്വാചി ശമിക്കും.

വേറൊരുയോഗം.

മാഷോഗ്രഗന്ധാദശമൂലഹിംഗു-
രാസ്നാബലാനാഗരസൈന്ധവൈശ്ച
തൈലം പചേച്ചാപി ശതാവരീജ-
രസേന തൽപൂർവ്വഭുജാ നരേണ. ൯൧
പീതം തഥാ നസ്യവിധാനമസ്യ
വിശ്വാചികാവ്യാധിവിനാശനായ
സഭാഗതൌ പക്ഷഗതേഽർദ്ദിതേ ച
തഥാപബാഹൌ ബാഹുധാനിയോജ്യം. ൯൨

ഉഴുന്നു വയമ്പു ദശമൂലം കായം അരത്ത കുറുന്തോട്ടിവേരു ചുക്ക ഇന്തുപ്പു ഇവ ശതാവരിനീരിൽ അരച്ചു കാച്ചിയ എണ്ണ ഭോജനത്തിനുശേഷം പാനംചെയ്കയോ നസ്യംചെയ്കയോ ചെയ്താൽ വിശ്വാചി എന്ന വാതരോഗം ശമിക്കും. ഇതുകൂടാതെ പക്ഷവധം അർദ്ദിതം അപബാഹുകം ഇവയിലും പലപ്രകാരത്തിൽ സേവിക്കാം.

ഊർദ്ധ്വവാതം.

വായുഃകഫേനാപിച മാരുതേന
തേനാഹതോധഃ പ്രകരോതിനൂനം

ഉദ്ഗാരബാഹുല്യമതോൎദ്ധ്വവാത-
മാചക്ഷതേ ശാസ്ത്രവിദഃ പുരാണാഃ. ൩൨.

കഫത്താലും അപാനവായുവിനാലും അധോഭാഗത്തിലേക്കാക്കപ്പെട്ട സമാനവായു, വളരെ ഉദ്ഗാരത്തെ (ഏമ്പക്കത്തെ) ഉണ്ടാക്കുന്നു. അതിനെയാണ് ഊൎദ്ധ്വവാതം എന്നു പറയുന്നതു്.

ഊൎദ്ധ്വവാത ചികിത്സ.

ദശഭാഗമിദം ച നാഗരം
സമമേഭിഃ ചലൂവൃദ്ധദാരകം
ശിവനേത്രമിതാഹരീതകീ
ത്രയഭാഗോന്മിതഷ്ടഹിംഗുകം. ൩൩
അനലസ്യ ച ഭാഗമേകമേവ-
മുദിതം സൈന്ധവഭാഗമേകമേവ
അപഹന്തിതഥോൎദ്ധ്വവാതമുഗ്രം
ഗജയൂഥം ച ഹരിസ്തഥൈവമുക്തം. ൩൪

ചുക്കു പത്തുഭാഗം, വൃദ്ധദാരകവും (മറിക്കുന്നിയും) പത്തുഭാഗം, കടുക്കാ മൂന്നുഭാഗം, പൊരിച്ച കായം മൂന്നുഭാഗം, കൊടുവേലിക്കിഴങ്ങു ഇന്തുപ്പു ഇവ പ്രത്യേകം ഓരോഭാഗം, ഇവ എല്ലാംകൂടി പൊടിച്ചു സേവിച്ചാൽ ഊൎദ്ധ്വവാതം ശമിക്കും. (വൃദ്ധദാരകം കിട്ടിയില്ലെങ്കിൽ ത്രികോല്പക്കൊന്ന കൂട്ടിക്കൊള്ളണം.

ആൎദ്ധ്മാനം.

സാടോപമത്യുഗ്രരുജം ച വായു-
നിരോധനാദൈവ ജ്വരം യദൈവ
ആൎദ്ധ്മാതമാൎദ്ധ്മാനമുശന്തിപൂൎവ്വേ
കുക്ഷ്യാദഥാസ്മിൻ ഖലു ലംഘനംപ്രാക്. ൩൫

വായുവിന്റെ തടവുനിമിത്തം പൊട്ടുകയും ഉഗ്രമായ വേദന ഉണ്ടാവുകയും ചെയ്യുന്നതുകൂടാതെ വയറു വീക്കുകയും ചെയ്യും. ഇതാണ് ആൎദ്ധ്മാനം. ഇതിങ്കൽ ആദ്യമായി ലംഘനക്രിയ (പട്ടിണികിടക്കുക) ചെയ്യണം.

ആൎദ്ധ്മാന ചികിത്സ.

കുക്ഷ്യാത്തഥാദീപനപാചനാനി
പ്രയോജയേദ്വൈ ഫലവൎത്തികാദീൻ
വിശോധനം വാചലു വസ്തികൎമ്മ
കുൎയ്യാദ്ഭിഷക് ശാസ്ത്രവിധിം വിചാൎയ്യ. ൩൬

ആൎദ്ധ്മാനത്തിൽ ദീപനപാചനങ്ങളായ ഔഷധങ്ങളും ഫലവൎത്തി മുതലായവയും ശോധനക്രിയയും വസ്തിയും ശാസ്ത്രവിധിപ്രകാരം വൈദ്യൻ പ്രയോഗിക്കണം.

പിപ്പലീചൂൎണ്ണം (നാരായണചൂൎണ്ണം.)

ഉഷ്ണാകൃഷ്ണമിതാ പലോന്മിതത്രിവൃൽതുല്യാതഥാ ശൎക്കരാ
ചൂൎണ്ണീകൃത്യസമസ്തമക്ഷതുവിതാ സംസേവിതാ മാക്ഷികൈഃ
കുഷ്ഠം ഹൈമവതീ ന ദാരുലവണൈൎദ്ദൈൎവ്വചാഹിംഗുഭിർ-
ലേപശ്ചാത്ര വിശേഷതോ നിഗദിതശ്ചാൎദ്ധ്മാനഹാരീദൃശം. ൩൭

തിപ്പലി ൨ കഴഞ്ചു്. ത്രികോല്പക്കൊന്ന ൧ പലം. പഞ്ചസാര പലം ൧. എല്ലാംകൂടി പൊടിച്ചു തേനിൽ കുഴച്ചു് മൂന്നു കഴഞ്ചു വീതം സേവിക്കുക. കൊട്ടം വയമ്പു് ദേവതാരം ഇന്തുപ്പു് ശതാവരി കായം ഇവ പുളിയ്ക്കുകത്തു് അരച്ചു വയിററത്തു തേക്കുക; ആൎദ്ധ്മാനം നശിക്കും.

പ്രത്യാൎദ്ധ്മാനം.

വിമുക്തപാൎശ്വം ഹൃദയം തദേവ-
മാമാശയോത്ഥം പ്രതിപൂൎവ്വമുക്തം.
ആൎദ്ധ്മാനമത്രൈവ കഫോനരുദ്ധ-
മപാടവം ചോദരസംസ്ഥവായോഃ. ൩൮

പാൎശ്വഭാഗങ്ങളെയും ഹൃദയത്തെയും വിട്ടിട്ടു്, ആമാശയത്തിൽനിന്നുണ്ടാകുന്ന ആൎദ്ധ്മാനത്തെ പ്രത്യാൎദ്ധ്മാനമെന്നു പറയുന്നു. പ്രത്യാൎദ്ധ്മാനത്തിൽ വായു കഫത്താൽ രുദ്ധനായിരിക്കും. ജഠരാഗ്നിയ്ക്കു് പചനസാമൎത്ഥ്യം നശിക്കയും ചെയ്യും.

പ്രത്യാൎദ്ധ്മാന ചികിത്സ.

പ്രത്യാൎദ്ധ്മാനേ ഛൎദ്ദനം ലംഘനം പ്രാക്
തദ്വൽ കുൎയ്യാദ്ദീപനം പാചനം ച.
കുൎയ്യാത്തദ്വദ്വസ്തികൎമ്മാഥ വക്ഷ്യേ
പ്രത്യാൎദ്ധ്മാനേ സേവിതവ്യോ നരാചഃ. ൩൯

പ്രത്യാൎദ്ധ്മാനം എന്ന രോഗത്തിൽ ആദ്യം ഛൎദ്ദിപ്പിക്കയും ലംഘനം ചെയ്യുകയും ചെയ്യണം. ദീപനപാചനങ്ങളായ ഔഷധങ്ങളെയും ഉപയോഗിക്കണം. വസ്തിയും ചെയ്യാം. ഇനിയും പറയാൻ പോകുന്ന നാരാചരസം സേവിക്കയും വേണം.

മഹാനാരാചരസം.

ശ്യാമാരഗ്വധദന്തികാമലത്രിവൃൽഭാഗാൻ പലൈകാൻപൃഥക്
പ്രത്യേകം പ്രപചേജ്ജലാഢകയുഗേതദ്വൽസ്നുഹീസംയുതാൻ
തൽപാനീയമഥോഷ്ടമാംശമഖിലം ന ദ്വസ്ത്രപൂതംഭിഷഗ്
നീത്വാനിസ്ഥഷദന്തിബീജപലകം തൽ സൂക്ഷ്മവസ്ത്രേണവേ. ൪൦

ബദ്ധാ തച്ഛിഥിലം പചേദഥപുനസ്സ്വാദേകനംതദ്ഭവേൽ
തന്നീരേഖലു ചലാഗേ പൂനരഥോ മംഗളാഭാഗാന്ക്ഷിപേൽ.
അഷ്ടൌരാഗമിതാശ്ച ലോകതരുഭേഠാദൌപദേപ ശിവാശങ്കരൌ
ഭൈരവാദൌ മരിചാദ്ഥോ ചലപുനസ്സമ്മർദ്ദ്യഗാഢംദൃഢം. ൰൪

നാരാചനാമാരസനായകോയ-
മാധ്മാനമാനാഹസശൂലഗുല്മാൻ.
സർവ്വോദരാൽസ്യാദാനിരാന്യാ
ദാധ്മാനമന്യൽപ്രതിശൂല്യപൂർവ്വം. ൰൫
ഭുഞ്ജീതഗുഞ്ജൈകമിതംസുശീത-
നീരേണരോഗേശമിതേതുതന്നു
ദധ്യോദനംസൈന്ധവസംയുതംവാ
ദദ്ധ്യോദനം ശർക്കരയാസമേതം. ൰൬

കടുക്ക, കൊന്നത്തൊലി, നാഗദന്തിവേര്, നെല്ലിക്ക, ത്രികോല്പക്കൊന്ന, കള്ളിപ്പാല, ഇവ പ്രത്യേകം ഓരോ പലം. ൪ ഇടങ്ങഴി വെള്ളത്തിൽ പചിച്ച് എട്ടിൽ ഒന്നാക്കി നല്ല മുണ്ടിൽ അരിച്ച് ഒരു പലം നേർവാളക്കുരു (ശുദ്ധിചെയ്തത്) ഒരു മുണ്ടിൽ കെട്ടി ആ കഷായവെള്ളത്തിന്റെ മീതേ കെട്ടി പചിച്ച് കഷായജലം വറ്റിക്കട്ടിയാകുമ്പോൾ വാങ്ങി അമ്മിക്കല്ലിൽ ഒഴിച്ച് ൨ ഭാഗം ശുദ്ധിചെയ്ത നേർവാളവും ൧ ഭാഗം ചുക്കും, ഇരണ്ടുഭാഗം ഗന്ധകവും രസവും രണ്ടുഭാഗം നല്ലമുളകും ചേർത്ത് അരച്ച് ഗുളികയാക്കി എടുക്കുക. ഈ രസത്തിന് നാരാചരസം എന്ന പേർ. ഇത് തണുത്തജലത്തിൽ ഒരു കുന്നിപ്രമാണം വീതം സേവിച്ചാൽ ആധ്മാനം, ആനാഹം, ശൂലം ഗുല്മം, ഉദരരോഗങ്ങളെല്ലാം പ്രത്യാധ്മാനം, ഇവ ശമിക്കും. ഇങ്ങനെ രോഗവേഗം ശമിച്ചുകഴിഞ്ഞാൽ ഇന്തുപ്പ് പഞ്ചസാരയോ കൂട്ടി തൈർച്ചോറ് ഉണ്ണണം.

അഷ്ഠീല.

നാഭേരധസ്താദ്ചലശ്ചലോവാ-
പ്യഷ്ഠീലികാവത്തു ഘനോപിഗ്രന്ഥിഃ
ഊർദ്ധ്വായതശ്ചോന്നതഏവജാതാ-
മഷ്ഠീലികാം താം ഭിഷജോവദന്തി. ൰൭
കുഞ്ചാദ്ബഹിർമാർഗനിരോധനാം സാ
ഹിംഗ്വഷ്ടകേനോഷ്ണജലേന നിത്യം
സംസേവിതേനാശുവിനാശമേതി
തന്നാശനാർത്ഥം പരമൌഷധേഷു. ൰൮

നാഭിയ്ക്കുതാഴെ കഴവിയുടെ ആകൃതിയിൽ ഇളകുന്നതോ ഇളകാ

ത്തതോ ആയിട്ട് ഉർദ്ധ്വായതമായും ഉന്നതമായും ഇരിക്കുന്ന ഒരു മുഴ ഉണ്ടാകും. അതിനെ വായുകൊണ്ടുള്ള അഷ്ഠീല എന്ന് വൈദ്യന്മാർ പറയുന്നു. ആ അഷ്ഠീല മലമൂത്രാദികളുടെ വേഗത്തെ തടയുകയും ചെയ്യും. അതിന് ഹിംഗ്വഷ്ടകചൂർണ്ണം ചൂടുവെള്ളത്തിൽ കലക്കി സേവിക്കണം. എന്നാൽ ശമനം ഉണ്ടാകും. ഇതിന് ഇനിയും മററു ചികിത്സയും പറയുന്നുണ്ട്.

അഷ്ഠീലാ ചികിത്സ.

ഹിംഗുഗ്രഗന്ധാവിഡശുണ്ഠ്യജാജീ
ഹരീതകീപുഷ്കരമൂലകുഷ്ഠം
നികുംഭകുംഭപ്രഭവൈശ്ചദന്ത്യാ-
ശ്ചൂർണ്ണൈശ്ചഭാഗോത്തരവർദ്ധിതൈശ്ച. ൰൯
പീതൈശ്ചകോഷ്ണേനജലേനകോഷ്ഠ-
ഹൃജ്ജശ്ചഗുല്മോദരജാഠരായേ
അഷ്ഠീലികാദ്യാഃ പ്രശമം പ്രയാന്തി
സർവ്വേചികിത്സാനിപുണാവദന്തി. ൨൰

കായം വയമ്പ് വിളയുപ്പ് ചുക്ക് ജീരകം കടുക്ക കൊട്ടം നാഗദന്തി ദന്തി താന്നിക്കാ ഞമ കൊട്ടം നാല്പാമര കൊന്ന ത്രികോല്പക്കൊന്ന നാഗദന്തിവേര് ഇവ ഓരോരോ കഴഞ്ചുകൂട്ടി എടുത്ത് പൊടിച്ച് ചൂടുവെള്ളത്തിൽ സേവിക്കുക, വയററുവേദന, ഗുല്മം, ഉദരരോഗം, അഷ്ഠീല മുതലായവ, ശമിക്കും എന്ന് എല്ലാ വൈദ്യന്മാരും പറയുന്നു.

പ്രത്യഷ്ഠീല.

ഏതാമേവരുജാന്വിതാമഥശകൃദ്വാതാംബുസംരോധിനീം
മൂത്രസ്യാപിചതിര്യഗുത്ഥിതതരാംനാനാഗദൈസ്സംയുതാം
അഷ്ഠീലാംപ്രതിപൂർവ്വകാംപരിജഗുർവൈദ്യാശ്ചഹിംഗ്വഷ്ടകം
സേവ്യംതത്രവിലോമമാനതുലിതം തദ്രോഗനാശായഹി. ൨൧

മുൻപറഞ്ഞ അഷ്ഠീലയിൽതന്നെ വേദന, മലബന്ധം വായുരോധം, മൂത്രരോധം, മററു രോഗങ്ങളുടെ ബാധ, ഇവയുണ്ടെങ്കിൽ അതിനെ പ്രത്യഷ്ഠീല എന്നു പറയുന്നു. ഇതിന്റെ നാശത്തിനായിട്ട് ഹിംഗ്വഷ്ടകം സേവിക്കണം. എന്നാൽ ഹിംഗ്വഷ്ടകത്തിന്റെ കണക്ക് മുൻപറഞ്ഞതിന് വിപരീതമായി എടുത്തു കൊള്ളുകയും വേണം.

മൂത്രാവരോധചികിത്സ.

ബലാജടാതച്ചസിതാസുചൂർണ്ണിതംതുകാർഷികം
നിഷേവയേച്ഛ്വാവമർദ്ദമാശ്രുഗാപയോന്വിതം

ഹരീതകീവിഭീതകാമലകാനിവാമൃതായസ-
സ്സചൂർണ്ണിതാനിമാക്ഷികേണമൂത്രരോധശാന്തയേ. ൮

കുറുന്തോട്ടിവേര് മാഞ്ചി ഇലവർങ്ഗം ഇവ തുമ്മുന്നുകഴഞ്ചു് പൊടിച്ചു് അൎദ്ധശരാവം (നാഴി) പാലും ചേൎത്തു സേവിക്കുക. കടുക്ക താന്നിക്ക നെല്ലിക്ക ഇവയുടെ പൊടി ശുദ്ധിചെയ്ത ഉരുക്കുപൊടി ഇവ തേനിൽ സേവിക്കുക; മൂത്രത്തിന്റെ തടവു് ശമിക്കും.

മൂത്രനിഗ്രഹം.

വസ്തിസ്ഥവായുഃകുപിതഃസിരാസു
ശോഫംപ്രകുൎയ്യാദ്യദിനിഗ്രഹഃസ്യാൽ
മൂത്രസ്യതേനേമൃതിസ്തദ്ധകസ്മാൽ
സേവ്യംയവക്ഷാരസിതാസുചൂർണ്ണം. ൯

വായു വസ്തിയിങ്കൽ സ്ഥിതനായി കോപിച്ചു് ഞരമ്പുകളിൽ ശോഫം ഉണ്ടാക്കുന്നു എങ്കിൽ മൂത്രനിഗ്രഹം ഉണ്ടാകും. കുത്തിനോവോടുകൂടി കാരണം കൂടാതെ മൂത്രം പോകുകയും ചെയ്യും. അതിന്നു ചവക്കാരം പഞ്ചസാര ചേൎത്തു് സേവിക്കണം.

മൂത്രനിഗ്രഹചികിത്സ.

കല്കോ നാമലകീഭവേന്നവിധിവൽ കൂശ്മാണ്ഡബീജസ്യ വാ-
കൎക്കട്യാസ്സുസബീജജേന ബൃഹതീവാവസ്തിംപ്രലിമ്പേത്തതഃ
തേനൈകേന ചമൂത്രനിഗ്രഹഗദോനാശംപ്രയാതിധ്രുവം
യോഗാനാംത്രിതയംസുവൈദ്യഭണിതംമൂത്രംബഹിഃസാരയേൽ. ൧൦

നെല്ലിക്കായോ കുമ്പളങ്ങായുടെ അരിയോ വെള്ളരിക്കായുടെ കുരുവോ അരച്ചു വസ്തിയിൽ തേച്ചാൽ മൂത്രത്തിന്റെ തടവു് നശിക്കും. ഇങ്ങനെ മൂന്നുയോഗം.

ഗൃദ്ധ്രസി.

ക്രമാൽസ്ഫിഗ്ഗ്രീവാകടീസംപ്രവൃത്ത-
സജാനുജംഘാപദമാസ്ഥിതോ ഽന്തഃ
ഗൃഹ്ണാതിവായുഃഖലുഗൃദ്ധ്രസീതി
സംസ്തംഭസംസ്പന്ദനതുൽപ്രതോദൈഃ. ൧൧

വായു, ക്രമേണ ആസനം, തുട, അരക്കെട്ടു്, പൃഷ്ഠം, മുട്ടു് കണങ്കാലു്, ഈ സ്ഥാനങ്ങളിൽ പ്രാപിച്ചിട്ടു് സ്തംഭം, സ്പന്ദനം വേദന കുത്തിനോവു് ഇവയോടുകൂടി പിടിച്ചുവലിക്കുന്നതുപോലെയുള്ള വികാരത്തെ ഉണ്ടാക്കുന്നു. ഇതാണു് ഗൃദ്ധ്രസി എന്ന വാതരോഗം.

സ്തംഭതോദാജാനുജംഘോരുസന്ധീനാം സ്ഫുരണംഭൃശം
വായുജായാംഭവേത്തോദോദേഹേചാതീവവക്രതാ. ൧൨

വാതജയായ ഗൃദ്ധ്രസിയിൽ ജാനുജംഘോരുക്കൾക്കു് സ്തംഭതയും സ്ഫുരണവും (വിറയ്ക്കുക) കുത്തിനോവും ദേഹത്തിന്നു് ഏറ്റവും വളവും കാണും.

ഗൃദ്ധ്രസിയുടെ ചികിത്സ.

ഗൃദ്ധ്രസ്യാംപ്രഥമംനരം ച വമനേനൈകേനദീപ്താനലം
ജ്ഞാത്വാവൈദ്യവരോനിരാമമസകൃൽസദ്വസ്തിഭിഃസംയോജയേൽ
നോദ്ധപംശുദ്ധ്യതിയാവദേവമനുജോവസ്തിംനതാവൽച്ചരേൽ-
ഭസ്മന്യേവഹുതംയഥാഭവതിതഥാസ്നേഹോഭവേൽസർവ്വഥാ. ൧൩

ആദ്യംതന്നെ ഗൃദ്ധ്രസീരോഗിയെ ഛർദ്ദിപ്പിച്ചു് അഗ്നിദീപ്തിയെ അറിഞ്ഞു്, ദഹനക്കേടില്ലെങ്കിൽ പലപ്രാവശ്യം വസ്തിചെയ്യണം. ഊൎദ്ധ്വശുദ്ധി ചെയ്തില്ലെങ്കിൽ വസ്തിചെയ്വാൻ പാടില്ല. അതിന്നു വിപരീതമായി വസ്തിചെയ്താൽ ഭസ്മത്തിൽ ഹോമിച്ചതുപോലെ സ്നേഹം നിഷ്ഫലമായിത്തീരും.

വേറൊരുയോഗം

എരണ്ഡബീജാനിനികൃത്യശേഷ
സംപാച്യതൽപായസമേവഭക്ഷ്യാ
ശ്രുവംചകട്യാസ്ഖഗൃദ്ധ്രസീംവാ
ഹന്യാച്ചതൈലാർദ്രകമാതുലുംഗൈഃ. ൧൪

ആവണക്കരി പൊടിച്ചു് പാലിൽ ഇട്ടു് വേവിച്ചു് പായസമാക്കി ഭുജിക്കുകയോ; എണ്ണ ഇഞ്ചി മാതളനാരങ്ങയുടെ അല്ലി ഇവ ഒന്നിച്ചു ചേൎത്തു ഭുജിക്കുകയോ ചെയ്താൽ അരക്കെട്ടിലുണ്ടാകുന്ന വേദന, ഗൃദ്ധ്രസി ഇവ ശമിക്കും.

ഘൃതേന ചുക്രം സഗുഡം പിബേത്തു-
ശ്രോഗസ്യ സംഭാപ്രലയായ നിത്യം
പ്രഗൃദ്ധ്രസീ വാതബലാസജാന്യാ
സാവഹ്നിമാന്ദ്യേന ച ഗൌരവേണ. ൧൫
മുഖപ്രസേകേന ച തന്ദ്രയാ ച
സഭക്തവിദ്വേഷയുതാതുസാസ്യാൽ
രുജ്യൂകതൈലേന ച ധേനുമൂത്രം
സമാഗധീചൂർണ്ണമലം പിബേദ്വാ. ൧൬

മുൻപറഞ്ഞ "തൈലാർദ്രക" എന്ന യോഗംതന്നെ നെയ്യു് ചുക്കപ്പുളി ശൎക്കര ഇവയോടുകൂടി പാനം ചെയ്താലും ഗൃദ്ധ്രസി എന്ന രോഗം ശമിക്കും. വാതംകൊണ്ടും കഫംകൊണ്ടും ഉണ്ടാകുന്ന ഇതു് പ്രഗൃദ്ധ്രസിയാകുന്നു. അതിങ്കൽ അഗ്നിമാന്ദ്യവും വയററിൽ കനവും വായിൽകൂടി വെള്ളം ഒലിക്കയും മടിയും ചോറുവേണ്ടായ്കയും കാണും.

തിപ്പലിപ്പൊടി ഗോമൂത്രവും ആവണക്കെണ്ണയും ചേർത്ത് സേവിച്ചാൽ ഗൃധ്രസി ശമിക്കും.

വേറൊരു യോഗം.

ഗുഗ്ഗുല്വസ്യാദന്തീകഷായേ സ്തുതാര-
ഗ്വധൈരണ്ഡതൈലേന പീതാവിശേഷാൽ
പ്രവൃദ്ധാം പ്രഗൃധ്രസ്യാംനാശമേതി ൨൯
പ്രയാതേ ഗതിം തന്നിരുദ്ധാം ലഭേത.

അടലോടകത്തിൻവേര് നാഗദന്തിവേര് കൊന്നത്തൊലി ഇവ കഷായംവെച്ച് ആവണക്കെണ്ണ ചേർത്ത് സേവിച്ചാൽ ഗൃധ്രസി നശിക്കും. അതിനാൽ തടുക്കപ്പെട്ട ഗതിവൈഷമ്യവും തീരും.

പഞ്ചശൂലിവായു.

ജംഘാപാർശ്വത്രികോരഃപൃഷ്ഠഹൃദി ച ചലിതഃ പൃഷ്ഠദേശേ ച ശൂലം
കുര്യാൽ ബാഹ്യാമലിംഗസ്യ ജനഹൃദി വായുഃ പഞ്ചശൂലീസമാഖ്യഃ
ഭാസ്സ്വന്തർണ്ണാമൃതാഗന്ധസുമനസാം കാഷ്ഠതൈലത്രികണ്ടൈഃ
കഷായൈഃ ഭദ്ര്യാദിഭിശ്ച പഞ്ചശൂലേ ഹ്യുപായൈർവാത്രസേവ്യഃ. ൩൦

കണങ്കാൽ പാർശ്വഭാഗം നട്ടെല്ല് ഉര പൃഷ്ഠദേശം ഈ അഞ്ചു സ്ഥാനങ്ങളിൽ വേദനയെ ചെയ്യുക; അതിന്റെ ചിഹ്നം നീര് ഇവയുണ്ടാകുക; ഇതിനെ പഞ്ചശൂലിവായു എന്നു പറയുന്നു. അരത്ത വെള്ളത്താവണക്കിൻവേര് അമൃത് കൊന്നത്തൊലി ദേവതാരം ഞെരിഞ്ഞിൽ ആരൽപുളിയില ഇവ കഷായംവെച്ച് ചുക്കുപൊടി മേമ്പൊടി ചേർത്ത് സേവിച്ചാൽ പഞ്ചശൂലവാതം ശമിക്കും.

പഞ്ചശൂലിവായു ചികിത്സ പത്ഥ്യാഗുൽഗുലു.

പത്ഥ്യാക്ഷാമലകീഫലത്രികമശതം ഗ്രാഹ്യം ദ്വിഭാഗംപുരഃ
പ്രസ്ഥൈകം ച ജലൈകദ്രോണ ഉഷിതം രാത്രൗ പ്രഭാതേ പുനഃ
ലോഹേ പാത്രവരേ ശ്രുതാർദ്ധമവിരം സപാദസ്രുതംപുനഃ ൩൧
സംപാച്യാനലതോ വതാർദ്ധ്യ ചതതോ ദ്ര്യാണി ചൈതാനിതു.
ജന്തുഘ്നത്രിഫലാമൃതാമഗധജാഗോതീഗ്രിവൃന്നാഗരാൻ
ജന്തുഘ്നത്രിഫലാ ... കല്യാണിലം പ്രക്ഷിപേൽ
സംചൂർണ്യാർദ്ധപലാനി തത്ര മരിചൈഃ കൃത്വാ ... ഭക്തപാകി ച
പാനീയം വ്യശനം യഥേഷ്ടമസകൃൽ പീതാച്ച ഗൃധ്രസീം. ൩൨
ഭക്തോത്ഥതനഖഞ്ജതാം ച ജരാണ്യാപാണ്ഡുതാം
ഗുല്മപ്ലീഹരുജം ഹരേച്ച സഹസാ പാമാസ്രവാതൗതഥാ
പത്ഥ്യാദിപ്രഥിതസ്തു ഗുൽഗുലുവരഃ കന്ത്യാ ച നാഗോപമം
മാനവാം...സബലം ജവേന തുരഗം ദേഹേ ദൃഢം മാനവം ൩൩
നേത്രേ ഗൃധ്രസമേക്ഷതസ്യ സഹസാ സന്ധാനകോ പുഷ്ടിദഃ.

കടുക്കാത്തോട് താന്നിക്കാത്തോട് നെല്ലിക്കാത്തോട് ഇവ ഇരുനൂറുവീതം ഗുൽഗുലു ശുദ്ധിചെയ്തത് ഇടങ്ങഴി, എല്ലാംകൂടി പതിനാറിടങ്ങഴി വെള്ളത്തിൽ ചതച്ചിട്ട് ഒരു രാത്രി വച്ചിരുന്ന്, അടുത്തദിവസം പ്രഭാതത്തിൽ എടുത്ത് ഇരുമ്പുപാത്രത്തിലാക്കി, കുറുക്കി പകുതിയാക്കി അലക്കിയ മുണ്ടിൽ അരിച്ച് എടുത്ത്, പിന്നെയും പചിച്ച് അട്ടപ്പത്തുനിന്ന് വാങ്ങിയതിനുശേഷം, വിഴാലരി, ത്രിഫലത്തോട് അമൃതിന്റെറ്റ് തിപ്പലി നാഗദന്തിവേര് ത്രികോല്പക്കൊന്ന ചുക്ക് നല്ലമുളക് ഇവ അരപ്പലംവീതം പൊടിച്ചിട്ട് ഇളക്കി യോജിപ്പിച്ച് ഇഷ്ടംപോലെ പാനാശനങ്ങളെ ചെയ്തതിനുശേഷം സേവിക്കുക; ഖഞ്ജതാ (മുടന്ത്) ഉദരം പാണ്ഡു ഗൃധ്രസി ഗുന്മം പ്ലീഹ ചൊറിചിരങ്ങ് രക്തവാതം ഇവ ശമിക്കും. ആനയ്ക്കു തുല്യമായ ശക്തി ഉണ്ടാകും. കുതിരയ്ക്കു തുല്യമായ വേഗവും ദേഹത്തിന് ദാർഢ്യവും കണ്ണിനു കഴുകൻ പക്ഷിയെപ്പോലെ കാണുന്നതിനുള്ള ശക്തിയും സിദ്ധിക്കും. ഇവ്രണങ്ങളെ വേഗത്തിൽ ഒന്നിച്ചുചേർക്കും, പുഷ്ടിയേയും ചെയ്യും. ഇതിന് പത്ഥ്യാഗുൽഗുലു എന്നു പേർ.

ഖഞ്ജ (മുടന്തുവാതം.)

കട്യാശ്രിതോ വായുരഥോരുസക്ഥ്നഃ
യഃ കണ്ഡരാം സ്താശ്ച സമാക്ഷിപേച്ച
ഖഞ്ജസ്തദാ ഭവമനുജസ്ത്വൈക-
പാദസ്തഥാ ഹ്യസ്യ ചികിത്സിതംഹി. ൩൪

വായു കടിപ്രദേശത്തിൽ ആശ്രയിച്ച് ഒരു തുടയുടെ വലിയ ഞരമ്പുകളെ വലിച്ചു കുറുക്കുന്നു. അപ്പോൾ മനുഷ്യന്റെ ആ കാലിന് മുടന്തു സംഭവിക്കുന്നു. ഇതാണ് ഖഞ്ജവാതം. ഇനിയും ഇതിന്റെ ചികിത്സയെ പറയുന്നു.

അശോകണ്ഡലിനീവരീസഹപുഷ്പാശ്യാമായവാനീശടീ
രാസ്നാഗോക്ഷുരപീവരീമിസിജഗദ്ദ്രീപൈപ്പസ്സമൈശ്ചൂർണ്ണിതൈഃ
തുല്യം കൗശികമത്രഹാര്യമുപിതം തസ്യാർദ്ധഭാഗംക്ഷിപേ-
ത്ക്ഷൗദ്രാർദ്ധം സുരയാ ച കോഷ്ണപയസാ ക്ഷീരേണ യൂഷൈസ്തഥാ. ൩൫
ഭുക്ത്വാ മാംസരസേന ഭക്ഷ്യമസകൃൽ സാദ്ധ്യസ്ഥിവാതേ തഥാ
മജ്ജാസ്നായുഗതേ കടിക്രോഡയുതേ ബാഹ്വസ്ഥിതേ പൃഷ്ഠഗേ
ഗൃധ്രസ്യാം ച ഹനുസ്ഥിതേ പദയുഗേ ജാനുസ്ഥിതേ വാ കഫേ
വാതേ വാതഗദേ ച യോനിജഗദേ ഭഗ്നാസ്ഥിഖഞ്ജേക്ഷതേ. ൩൬

മഞ്ഞൾ ചിറ്റമൃത് ശതാവരിക്കിഴങ്ങ് അടയ്ക്കാമണിയൻവേര് വലിയ നാല്ക്കോൽപ്പക്കൊന്ന, ജീരകം, കച്ചോലം അരത്ത ഞെരിഞ്ഞില്, വലി

യശതാവരികിഴങ്ങ് ചതകുപ്പ ചുക്ക് അയമോദകം ഇവസമം എല്ലാം
കൂടി ചേർന്നിടത്തോളവും പൂർഗ്ഗുലു ഇതിൽ പകുതിനെയ്യ് എല്ലാം
ടി ചേർത്ത് അരച്ച് അക്ഷാർദ്ധ (താന്നിക്കായിൽ പകുതി) പ്രമാണം
ഗുളികയുരുട്ടി സൂര്യനിൽ ചൂടുവെള്ളത്തിലോ പാലിലോ ചെറുപയ
റിൻചാറിലോ മാംസരസത്തിലോ സേവിച്ചാൽ സന്ധിവാതം അ
സ്ഥിവാതം, മജ്ജയിലും രക്തത്തിലും ഉള്ള വാതം അരക്കെട്ടിന്ന പിടി
ത്തം കയ്യ് പുറവും ഈ സ്ഥാനങ്ങളിൽ ഉണ്ടാകുന്ന വാതം ഗൃധ്രസി
താടിയെല്ല്, കാൽമുട്ട് ഈ സ്ഥാനങ്ങളിലുണ്ടാകുന്ന വാതം, കഫജ
മായ രോഗം വാതരോഗം യോനിരോഗം മുടന്തുവാതം ക്ഷതം ഇവ
ശമിക്കും.

കളായഖഞ്ജം.

നാഭേരധസ്താൽ ഗമനൻ സ കമ്പതേ ചാ പാദാവധി
കളായഖഞ്ജ ഉക്തോƒസൌ മുക്തസന്ധിപ്രബന്ധനഃ.

വായു നാഭിയുടെ കീഴ്ഭാഗത്തു വ്യാപിക്കകൊണ്ട്, നടക്കു
മ്പോൾ പാദംവരെ വിറയ്ക്കുകയും മുടന്തുകയും ചെയ്യുക; സന്ധിബ
ന്ധങ്ങൾ അഴിഞ്ഞതുപോലെ തോന്നുക, ഇവ കളായഖഞ്ജം എന്ന
വാതത്തിന്റെ ലക്ഷണമാണ്.

കളായഖഞ്ജചികിത്സ.

ശൃംഗചർമ്മഖുരവർജ്ജിതമാജം മാംസമേവ ദശമൂലസമേതം
ദ്രോണമാനജലപാചിതപാദക്വാഥമത്ര തിലതൈലസമേതം.
ജീവനീയഗണദ്ദശപസമം തൽ
പ്രസ്ഥമാനതുലിതം ചലയുക്തം
സാധിതം ച സഹസം നവവഹ്നി-
ശ്ഛാഗലാദ്യമഖിലാർത്തിഹരം ഹി.

അർദ്ദിതേ ഗൃധ്രസീകുബ്ജസംജ്ഞേ ഽപതന്ത്രേƒപ-
താനേ ച മൂകതാമിമ്മിണത്വേƒപി
കർണ്ണശൂലേ ച ഖഞ്ജേ ച പംഗുത്വേ തഥാ കർണ്ണബാധി-
ര്യയുക്തേ ച വായൌ സമസ്തേ
തൈലമേതദ്ധൃതം ചാപി സംയോജ്യ പാനീയം വിധി-
നൈഷാ ഭിഷഗ്ഭിർഗ്ഗ്... തൈലേ വാ
ഭോജനാർത്ഥം പരം സർവ്വവാതപ്രശാന്ത്യൈ സമസ്താംഗ-
രാഗേ ദശാദ്യാസ്തു നസ്യം.

കൊമ്പും തോലും കുളമ്പും കളഞ്ഞതായ ആട്ടിൻമാംസം, ദശ
മൂലം, ഇവ ഒന്ന ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് നാലൊന്നാ
ക്കി ജീവനീയഗണം കല്ക്കമായി ചേർത്ത് ഇടങ്ങഴി എണ്ണയും, യുക്തി

പാലെ പാലും ശതാവരീരസവും ചേർത്ത് കാച്ചിയെടുത്തതായ ഈ
ഛാഗലാദ്യംതൈലം സകലരോഗത്തേയും ശമിക്കും അർദ്ദിതം, ഗൃധ്ര
സി, കുബ്ജം (കൂന്) അപതന്ത്രം അപതാനം, മൂകത്വം, മിമ്മി
ണത്വം, ഈ വാതരോഗങ്ങളും കർണ്ണശൂലം ഒററക്കാൽമുടന്തുവാതം പങ്ഗു
(രണ്ടു കാലും മുടന്തുക) വാതം ചെവിടുകേൾക്കായ്ക ഇവയൊക്കെയും
ശമിക്കും. ഈ ഛാഗലാദ്യം തൈലം തന്നെ നെയ്യായിക്കാച്ചി സേ
വിക്കയും ചെയ്യാം. അപ്രകാരം സേവിച്ചാലും സകലവിധ വാത
രോഗങ്ങളും നശിക്കും.

പംഗുവാതം.

സക്ഥ്നഃ കട്യാശ്രിതോ വായുഃ കണ്ഡരാമാക്ഷിപേദ്യദാ
പാദയോശ്ച തദാ ജംഘയോസ്സ പദ്ഭ്യാം പംഗുരുച്യതേ. ൯൧

വായു അരക്കെട്ടിനെ ആശ്രയിച്ച് രണ്ടു തുടകളുടേയും വലിയ
ഞരമ്പിനെ സങ്കോചിപ്പിച്ച് രണ്ടു കാലും മുടന്തുള്ളതാക്കിത്തീർക്കുന്നു.
അതിനെയാണ് "പംഗുവാതം" എന്നു പറയുന്നത്.

പംഗുവാതചികിത്സ.

വ്യോഷാമൃതാകുഷ്ഠശടീവചാഭീ-
രാസ്നാകണാമൂലസുസൈന്ധവൈശ്ച
ദാർവ്വീശതാഗന്ധാമധുകാമരൈശ്ച
കല്കീകൃതൈരക്ഷമിതൈസ്സമസ്തൈഃ. ൯൨

തൈലം പചേന്മന്ദഹുതാശനേന
വാതേഷു സർവ്വേഷു ഹിതം വിശേഷാൽ
ശിരോക്ഷിരോഗതിമിരേർദ്ദിതേƒപി
വാതേ പദാന്തേ ശ്രുതിശൂലരോഗേ. ൯൩

ഹനുഗ്രഹേ പക്ഷഹതേ ച ഖഞ്ജേ
പംഗൌ ച ബാധിര്യ്യഗതേƒപബാഹൌ
ബാഹ്വംഘ്രിഗ്രീവാശിരസാംഗദേ ച
ഹ്യപാനവസ്തൌ ഹ്യഥമർദ്ദനേഷു. ൯൪

ചുക്ക് മുളക് തിപ്പലി അമൃത് കൊട്ടം കച്ചോലം വയമ്പ് അര
ത്ത തിപ്പലിമൂലം ഇന്തുപ്പ് മരമഞ്ഞൾത്തൊലി അമുക്കരം എരട്ടി
മധുരം ദേവതാരം ഇവ മുമ്മൂന്നുകഴഞ്ചുവീതം അരച്ചു കലക്കി മന്ദവ
ഹ്നിയിൽ കാച്ചിയ തൈലം സകല വാതരോഗങ്ങളേയും ശമിക്കും.
വിശേഷിച്ച് ശിരോരോഗം നേത്രരോഗം തിമിരം അർദ്ദിതം അപത
ന്ത്രം ചെവികുത്ത വേദന ഹനുഗ്രഹം പക്ഷവധം ഖഞ്ജം പംഗു ബധി
രത്വം അപബാഹുകം മുതലായ വാതരോഗങ്ങളേയും ഇല്ലാതാക്കും.

ക്രോഷ്ടുശീർഷം.

സന്ധിഗതഃ സ്രോതസ്സ്ഥോ ജാനുമദ്ധ്യേ ബ്ഭൂത് ദാരുണഃ
ക്രോഷ്ടുശീർഷസമഃ സ്ഥൂലോ വാതോ സ്യാൽക്രോഷ്ടുശീർഷകഃ. ൧൯൫

മുട്ടിൻെറ മദ്ധ്യത്തിൽ വാതരക്തങ്ങൾ കോപിക്കുകനിമിത്തം വലിയ വേദനയോടുകൂടി നീക്കെട്ടുണ്ടാകുന്നു. ഇതു് വലുതായാൽ കുറുക്കൻെറ തലയുടെ ആകൃതിയിൽ ഇരിക്കും. ഇതാണു് ക്രോഷ്ടുശീർഷം എന്ന വാതം.

ക്രോഷ്ടുശീർഷ ചികിത്സ.

അമൃതാത്രിഫലാജ്ഞൈലൈഃപുരഃ പുനരന്യൽ പയസാ ഗുഗ്ഗുലുകം
പ്രപിബേദഥ തൈലമേവവാ പ്രഹിതം ചാശ്രിതമൈരാവ്യഥദാത. ൧൯൬

അമൃതു് ത്രിഫല ഇവ കഷായംവെച്ചു് അതിൽ ശുദ്ധിചെയ്ത ഗുൽഗ്ഗുലു സേവിക്കുകയോ ആവണക്കെണ്ണയും പാലും കൂടി സേവിക്കയോ; അല്ലെങ്കിൽ മറിക്കണി സേവിക്കുകയോ ചെയ്താൽ ക്രോഷ്ടുശീർഷകം ശമിക്കും.

മറ്റൊരു യോഗം.

തിത്തിരിപലരസയുക്തം ഗുൽഗ്ഗുലുമഥി
ജംബുകശിരോഗജനാശേ സിംഹമേവവാഹി. ൧൯൭

തിത്തിരിപ്പുള്ളിൻെറ മാംസരസത്തിൽ ഗുഗ്ഗുലു സേവിക്കുന്നതു് ക്രോഷ്ടുകശീർഷവാതത്തിനു് സിദ്ധൌഷധമാകുന്നു.

വാതരക്തഹരമൌഷധമഗ്ര്യം
ക്രോഷ്ടുശീർഷഹരമേവപ്രസിദ്ധം
സുശ്രുതാദിമുനയോ ജഗദുരേസ്ത
വൈദ്യശാസ്ത്രരചനാ ഫെടിതായേ. ൧൯൮

വാതരക്തത്തിനു് വിധിക്കുന്ന സകല ചികിത്സകളും ക്രോഷ്ടുശീർഷത്തിലും നല്ലതാണു് എന്നു് സുശ്രുതാദി മുനികൾ പറഞ്ഞിട്ടുണ്ടു്.

ഖല്ലീവാതം.

ജംഘോരുപാദകരമൂലശിരാവമോട്യ
ഖല്ലീകരോതിസഹസാവമിശ്ശൂലരോഗാൻ
കല്കന്നുകപ്പയുതസൈന്ധവജസ്തതൈല-
യുക്തഃ സുഖോഷ്ണമഭിമർദ്ദ്യനിവാരയേത്താം. ൧൯൯

കണങ്കാൽ തുട കാൽ കക്ഷം ഈ ഭാഗങ്ങളിലുള്ള ഞരമ്പുകളെ പരിവർത്തനം ചെയ്തിട്ടു് ഖല്ലീ എന്ന വാതരോഗം ഛർദ്ദിയേയും ശൂലരോഗത്തെയും പെട്ടെന്നുണ്ടാക്കുന്നു. കൊട്ടവും ഇന്തുപ്പുംകൂടി കല്ക്കമാക്കി കാച്ചിയ തൈലം ചെറുചൂടോടുകൂടി ദേഹത്തിൽ തേച്ചുപിടിപ്പിച്ചാൽ ഖല്ലി എന്ന രോഗം ശമിക്കും.

വേറൊരുയോഗം.

ശ്രോതകുഷ്ഠാമരദാരുസിക്ഥ-
ശുണ്ഠ്യമ്ലതൈലൈശ്ചപടുപ്രയുക്തൈഃ.
കല്കീകൃതൈഃ കോഷ്ണതരൈർവിശേഷാൽ
ഖല്ലീവിജേതാഭിഷജാല്പകാലേ. ൨൦൦

ചതകുപ്പ കൊട്ടം ദേവദാരം അരക്കിരേതു് ചുക്കു് വാളൻപുളി ഇല എന്നിവ ഒലിവെണ്ണ, ഇന്തുപ്പു് ഇവ അരച്ചുകല്ക്കമായി കാച്ചിയ എണ്ണ ചെറുചൂടെ തേച്ചാൽ ഖല്ലി ക്ഷണത്തിൽ ശമിക്കും.

വേറൊരുയോഗം.

അഗ്നിതപ്തവരലോഹശലാകാ-
താപതാപിതപദദ്വയമാശാൽ
ഖല്ലികാഗദസദാഗതിരാശു
സംവിഹായയതു തേ പരിഗന്തും ൨൦൧

അഗ്നിയിൽ ഇട്ട ചുട്ട ഇരുമ്പിൻ കമ്പികൊണ്ടു് രണ്ടു കാലിലും കാച്ചിയാൽ ഖല്ലീ എന്ന വാതരോഗം ശമിക്കും.

വാതകണ്ടകം.

രൂക്ഷാശ്രിതേനവാതേനനതക പാദേ വിഷമേശ്രമാൽ
ന്യസ്തേ വാജ്ഞാമതേ തത്ര വാതകണ്ടകമുച്യതേ. ൨൦൨

പാദം സമമല്ലാത്തസ്ഥലത്തു് വയ്ക്കുകയോ ഊന്നുകയോ ചെയ്ക കൊണ്ടോ ശ്രമം ഏറ്റുവായിട്ടോ വായു ഗുല്ഫത്തെ (നരിയാണിയെ) ആശ്രയിച്ചു് വേദനയുണ്ടാക്കുന്നു. അതിനെയാണു് വാതകണ്ടകം എന്നുപറയുന്നതു്.

വാതകണ്ടകചികിത്സ.

രക്താവസേചനപദദഹനസൂചിദാഹാ-
വേരണ്ഡതൈലപരിപാനമുശന്തി തത്ര.

രക്തം കളയുകയും രണ്ടുകാലിലും സൂചിപഴുപ്പിച്ചു ചൂടുവയ്ക്കയും ആവണക്കെണ്ണ കുടിക്കയും ചെയ്താൽ വാതകണ്ടകം ശമിക്കും.

പാദദാഹം.

വാതസ്സപിത്തരുധിരേണ ച, ചംക്രമാദ്യൈഃ-
പാദദ്വയേ വസതഃ, പ്രകരോതിദാഹം. ൨൦൩

വായു പിത്തത്തോടും കഫത്തോടും കൂടി രണ്ടുകാലിലും ദാഹത്തെ ചെയ്യുന്നു. നടന്നാൽ ഇതു് അധികമാകും. ഇതാണ് പാദദാഹം.

പാദദാഹചികിത്സ.

തംപാദദാഹം ശ്രുതശീതനീര-
സംപേഷിതൈർന്നിംബ,ഷിതൈശ്ചസൂക്ഷ്മൈഃ
സംപേഷ്യപാദദ്വയലേപിതൈസ്സ
സംമാർജ്ജിതൈശ്ചോഷ്ണജലൈർന്നിഹന്യാൽ. ൧൦൪

തിളപ്പിച്ചു് ആററിയ വെള്ളത്തിൽ തൊലികളഞ്ഞ ചണം പയറിൻപരിപ്പു് അരച്ചു് രണ്ടുകാലിലും തേച്ചു് അനന്തരം ഉഷ്ണജലംകൊണ്ടു് തേച്ചുകഴുകിക്കളഞ്ഞാൽ പാദദാഹം നശിക്കും.

വേറൊരുയോഗം.

നവനീതംയദിലിപ്തംപാദതലേഹി
പദതലദാഹവിനാശസ്സത്യമവേഹി. ൧൦൫

കാലിൽ പുതുവെണ്ണതേച്ചാൽ പാദദാഹം ശമിക്കും.

പാദഹർഷം.

വലാസവാതകോപതഃ പ്രഹൃഷ്യതഃ പദദ്വയം
പ്രസുപ്തതാഭവേദ്ധ്രുവം ച പാദഹർഷ ഈരിതഃ.

കഫവായുക്കളുടെ കോപത്താൽ [illegible] തരിപ്പും മരവിപ്പും ഉണ്ടാകുന്നതാണു് പാദഹർഷം എന്ന വാതം.

പാദഹർഷചികിത്സ.

തുമ്പകബിലപകാഷ്മരീബലാശതാഗ്നിമാംശ്രിഭി-
സ്തുലൈകമാനസംമിതൈഃ പൃഥക്പൃഥക്പ്രപേഷിതൈഃ ൧൦൬
ജലൈസ്ത്രൈവ പാദലായുതൈശ്ചതോദശദ്രോണകൈർ-
വിപാചിതൈസ്തുപാദഹീനസംസ്രുതൈഃ കഷായകൈഃ
ശതാവരീനതാമരത്വഗഗ്നിഹിംഗുദന്തികാ-
കൃമിഘ്നസത്രുടീനളംസകംഗ്രന്ഥസംസ്തുതാ. ൧൦൭
സരാസ്നയാചസൈന്ധവൈർവിപക്വമാശുതൈലകം
വിമർദ്ദിതംസദാഗതിം കഫാന്വിതംവിനാശയേൽ
സമസ്തവായുരോഗഹൃൽ സമസ്തപിത്തനാശകം
കഫാപഹംപരംസ്മൃതംച പാദഹർഷനാശനം. ൧൦൮
അഭ്യംഗപാനാവപി വസ്തികർമ്മ
നസ്യംതഥാനേനവിധാനസമ്യക്
യദ്യത്രഭുക്തംചതദേവ തത്ര
വൈദ്യാധിരാജോ വിദധേച്ചരോഗാൻ. ൧൦൯

അടവണക്കിൻവേരു് കൂവളത്തിൻവേരു് കുമ്പിൾവേരു് അമുക്കുരം പാതിരിവേരു് ഇവ ഒരു തുലാം പ്രത്യേകം ചതച്ചു് സരം ഇടങ്ങഴി വെള്ളത്തിൽ പചിച്ചു് നാലൊന്നാക്കി ശതാവരിക്കിഴങ്ങു് തകരം ദേവതാരം ഇലവർങ്ഗം കൊട്ടുവേലിക്കിഴങ്ങു് കായം നാഗദന്തിവേരു് വിഴാലരി കച്ചോലം രാമച്ചം പടർച്ചുണ്ട അരത്ത ഇന്തുപ്പു് ഇവ അരച്ചുകലക്കി കാച്ചിയ എണ്ണതേച്ചുമർദ്ദിച്ചാൽ കഫവാതങ്ങൾ ശമിക്കും. സകല വായുരോഗങ്ങളും പിത്തരോഗങ്ങളും കഫരോഗങ്ങളും നശിക്കും. പാദഹർഷവും ഇല്ലാതാകും. ഈതൈലംകൊണ്ടു് അഭ്യംഗം പാനം വസ്തി നസ്യം ഇവ ചെയ്തതിനുശേഷം ഭുജിച്ചാൽ സകലരോഗങ്ങളേയും ജയിക്കാം.

ആക്ഷേപകവാതം.

ധമനീഃ സകലാഃ പ്രഭഞ്ജനഃ
കുപിതോഭ്യേതിമുഹുർമ്മുഹുശ്ചഃ
തനുമാക്ഷിപതീഹ സർവ്വതോ
ഭിഷജാക്ഷേപകവായുരീരിതഃ. ൧൧൦

വായുകോപിച്ചു് സകലഞരമ്പുകളേയും പ്രാപിച്ചു് പിന്നെയും പിന്നെയും സഞ്ചരിച്ചു് ദേഹമാസകലവും കൂടെക്കൂടെ എടുത്തെറിയുന്നു. ഇതിനെയാണു് ആക്ഷേപകവാതം എന്നുപറയുന്നതു്.

ആക്ഷേപകചികിത്സ.

ആക്ഷേപവാതൌ ച സിരാവിമോക്ഷം
കുര്യാൽസുവൈദ്യസ്തു യഥാക്രമേണ
രാസ്നാംശ്രികൃഷ്ണാബഹുപുത്രബില്വാ-
ഗോകണ്ടകൈഃ സൈന്ധവപുഷ്കരാഭ്യാം. ൧൧൧
സംസേവിതം ചാശ്രുസമംപ്രപാചിതൈസ്തൈർ-
ഘൃതംഹിവാതാർത്തിഹരം വിശേഷാൽ
രാസ്നാദികംവൈദ്യവരൈര്യഥാർത്ഥ-
മുദീര്യം ചശാസ്ത്രേവിദിതംസമസ്തൈഃ. ൧൧൨

അരത്ത, തിപ്പലി, ശതാവരിക്കിഴങ്ങു്, കൂവളത്തിൻവേരു് ഞെരിഞ്ഞിൽ ഇന്തുപ്പു് പുഷ്കരമൂലം ഇവ കല്കമായി കാച്ചിയനെയ്യ് വിശേഷിച്ചും വാതരോഗഹരമാണു് എന്നു് എല്ലാ വൈദ്യവരന്മാരും പറയപ്പെട്ടിരിക്കുന്നു. ഈ ഘൃതത്തിനു് രാസ്നാദി എന്നുപേർ.

ദണ്ഡകാക്ഷേപം.

സ്തംഭനാതിപാണ്യംഘ്രിശിരാംസിപൃഷ്ഠ-
ശ്രോണീംസ്ഥവായുഃ ഖലുദണ്ഡകാദിഃ

ആക്ഷേപകോƒസാദ്ധ്യതമോഭിഷഗ്ഭി-
രാദ്യൈശ്ചികിത്സ്യോനകദാചിദീരിതഃ. ൱൰൩

കൈയ് കാല് ശിരസ്സ് പൃഷ്ഠം അരക്കെട്ട് ഈ ഭാഗങ്ങളെ വായു സ്തംഭിപ്പിക്കുന്നു. ഇതു് ദണ്ഡകാപതാനകം എന്നു്. സകല വൈദ്യവിദ്വാന്മാരും ഈ വാതരോഗം അസാദ്ധ്യതമമാകയാൽ ചികിത്സിക്കേണ്ടാ എന്നുതന്നെ പറയുന്നു.

ദണ്ഡകാപതാനകം.

കഫാവൃതഃപ്രഭഞ്ജനോനരദായമന്യഃസരിതഃ
സദണ്ഡകാപതാനകഃ കരോതിദണ്ഡവത്തനും. ൱൰൪

വായു കഫത്താൽ ചുററപ്പെട്ടവനായി എല്ലാ ഞരമ്പുകളിലും സ്ഥിതിചെയ്തിട്ട് ദേഹത്തെ വടിപോലെയാക്കിത്തീൎക്കുന്നു. ഇതാണ് ദണ്ഡകാപതാനകം എന്നവാതരോഗം.

ദണ്ഡകാപതാനകചികിത്സ.

മഹാബലാതൈലം.

ബലാമൂലകഷായദശഗുണിതഭാഗൈ-
ൎയ്യവകോലകുലത്ഥൈർവസുവസുമിതൈസ്സന്ധവയുതൈഃ
കുലിത്ഥാനാംകഷായൈരപിപയസാംതൈലമമലം
ശ്രുതംതദ്ഭാഗൈകംമധുരഗണകല്ക്യൈൎവ്വിധിനൈഃ. ൱൰൫

നതംകുഷ്ഠംതാലംത്രിദശവരദാരുംമിസിമലം
സപത്രംമഞ്ജിഷ്ഠാഗുരുശതജടാചന്ദനയുതം
തഥോഗ്രാശൈലേയംത്രുടിഹയസുഗന്ധാശ്വസഠം
സകാലാംശ്യാമായാദയമപിപുനർഭ്രൂശ്വശിശിരം. ൱൰൬

സുസിദ്ധംചൈതാഭിഃപ്രഥിതമഖിലവ്യാധിഹരണം
ബലാഖ്യംസത്തൈലംഹരതിസകലസാദ്ധ്യാമയം
സുവൎണ്ണാദ്യേപാത്രേരജതരചിതേവാപ്യസലിലേ
നിധായാഥോതദ്വൈധരണിമണികാചാദിമുനിഭിഃ. ൱൰൭

വിശേഷാൽസംസേവ്യം നൃപതിനൃപമാന്യൈശ്ചധനിഭിഃ
പ്രസൂതാഭിസ്തദ്വൽബലവിപുലസന്താനജനകം
ബലാഖ്യംവന്ധ്യാഭിഃപ്രകൃതിസുകുമാരൈൎപ്രേഹിതം
വിനാശായാക്ഷേപാദികഗദഗണാന്യാശ്ശുനിതരാം. ൱൰൮

ഹിക്കാകാസശ്വാസകാസാധിമാന-
ഭഗ്നാക്ലൈബ്യക്ഷീണവീൎയ്യക്ഷതാദീൻ
ക്ഷീണംവാതംചാന്ത്രവൃദ്ധിംവിശേഷാ-
ദ്ധന്യാൽപീതം നസ്യവസ്തിപ്രയോഗൈഃ. ൱൰൯

കുറുന്തോട്ടിക്കഷായം ൧ ഭാഗം ദശമൂലകഷായം ൧ ഭാഗം യവം ലന്തക്കുരു പഴമുതിര ഇവ എട്ടുഭാഗം പാല് എട്ടുഭാഗം ഇന്തുപ്പ് മധുരഗണം (അടപതിയൻകിഴങ്ങ് കാകോളി ക്ഷീരകാകോളി മേദ മഹാമേദ കാട്ടുഴുന്ന് കാട്ടുപയറ് ജീവകം ഇടവകം എരട്ടിമധുരം) തകരം കൊട്ടം ചെഞ്ചല്യം ദേവദാരം ചന്ദനം പച്ചില മഞ്ചട്ടി അകിൽ ശതാവരിക്കിഴങ്ങ് പതിമുകം ജടാമാഞ്ചി വയമ്പ് കന്മദം കച്ചോലം അമുക്കുരം ചരളം കരിഞ്ജീരകം നറുനീണ്ടിരണ്ടും തമിഴാമവേര് ചന്ദനം ഇവ കല്ക്കമായിച്ചേൎത്ത് എട്ടങ്ങഴി എണ്ണകാച്ചിയരിച്ചെടുത്ത് സ്വൎണ്ണപാത്രത്തിലോ വെള്ളിപ്പാത്രത്തിലോ കുടത്തിലോ മൺഭരണിയിലോ ആക്കി സൂക്ഷിച്ചുവച്ചിരുന്ന് ഉപയോഗിക്കുക; ഈ ബൃഹദ്ബലാതൈലം ആക്ഷേപകവാതത്തെ ശമനിക്കും. ഇതു് രാജാക്കന്മാരാലോ രാജപൂജ്യരായ ധനികന്മാരാലോ പ്രസവിച്ചു കിടക്കുന്ന സ്ത്രീകളാലോ സേവിക്കപ്പെട്ടുവാൻ യോഗ്യവും ആണ്. ബലത്തേയും സന്താനസമൃദ്ധിയേയും ഉണ്ടാക്കും. വന്ധ്യകൾക്കും സുകുമാരശരീരന്മാൎക്കും വിശേഷമാണ്. ആക്ഷേപകവാതത്തെ ശമനിക്കുന്നതുകൂടാതെ ഈ തൈലം മററുരോഗസമൂഹങ്ങളെയും ഇല്ലാതാക്കും. വിശേഷിച്ച് ഇതു് കുടിക്കുകയോ നസ്യം ചെയ്കയോ വസ്തിചെയ്കയോ തേക്കുകയോ ചെയ്താൽ ഇക്കിൾ ചുമ വായുമുട്ടൽ അധിമന്ഥം ഒടിവ് ക്ഷീണം ശുക്ലക്ഷയം അന്ത്രവൃദ്ധി ഇവയേയും ശമിപ്പിക്കും.

അന്തരായാമം.

സൎവ്വാംഗുലീഗുല്ഫസുജാഠരോരോ-
ഹൃദ്കണ്ഠസംസ്ഥസ്തപ്രഭഞ്ജനോƒലം
കണ്ഡരപ്രത്യഥോവേഗതഏവനാഡീഃ
സ്നായൂനിതത്രാശ്രുചിവൃതതനേത്രഃ. ൱൨

കഫംവമൻഭഗ്നസുപാൎശ്വകസ്സം-
സ്തബ്ധപ്രാണംചാന്യാഗ്രൎത്ഥൈവ-
വിനാമയേച്ചാന്തരതോ വിശേഷാൽ
സോഭ്യന്തരായാമ ഉദീരിതസ്തു. ൱൨൰

വായു, അംഗുലികൾ, ഗുല്ഫം (നരിയാണി) ഉദരം, നെഞ്ച്, ഹൃദയം കഴുത്ത്, ഈ സ്ഥാനങ്ങളിൽ ഇരുന്നുകൊണ്ട്, സകലനാഡികളേയും ചെറുഞരമ്പുകളേയും വേഗത്തോടുകൂടി വലിക്കുന്നു. അപ്പോൾ, കണ്ണുകളും താടിയെല്ലും സ്തംഭിക്കയും, പാൎശ്വങ്ങൾ തളരുകയും കഫം വമിക്കയും അചിരേണ അവന്റെ ശരീരം വില്ലുപോലെ അകത്തേക്കു വളഞ്ഞു പോകയുംചെയ്യും. ഇതാണ് അന്തരായാമം എന്ന വാതരോഗം.

അന്തരായാമ ചികിത്സ.

അഥ സദാഗതിശത്രു തുലാംപല ച-
ദപി ച ദ്രോണജലേശൃതശേഷകേ.
സുതിലതൈലമലം ചഗവാംപയോ-
യുതതമംതപഥവേദമിതംഭിഷക്. ൧൨൨

അപി ച സൈന്ധവജീരകരുക് പുനൈ-
സ്ത്രികടുഗർഭശോകസുസർജ്ജരസൈഃ.
അപിപയോപ്രതതീദചമശ്രേന്ദ്രസി
ജടിലയാക്ഷരകേകിജസൈശ്രുതം. ൧൨൩

അപിതഥാക്ഷമിതൈശ്ചപലാംശകൈർ-
വരസിതൈരപിചന്ദനഭവൈരപി. ൧൨൪

അഭ്യംഗനസ്യാദിഷു ഭോജനേഷു
യുക്തഃ സദായാതഗദാപഹാരി
അധോഽപ്യപാനേഷു വിപക്ഷഘാതേ
കുബ്ജേഽപ്യപബാഹുകെ ശിരസ്സോപ്രകമ്പേ. ൧൨൫

സേവ്യഃസദൈവാശുഭിഷക് പ്രണീത-
ശാസ്ത്രോദിതം തൈലമലംവിശേഷാൽ.
അഥോഽന്തരായാമസദാഗതൌ ച
ശിരോക്ഷിരോഗേഽർദ്ദിതവാതജാതേ. ൧൨൬

സകന്ധരാസ്നായുസിരാസുജാതാൻ
രോഗാൻനിഹന്ത്യാശു ച തൈലമേതൽ. ൧൨൭

ഒരു തുലാം കരിങ്കുറുഞ്ഞി പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് നാലൊന്നാക്കി എടങ്ങഴി എണ്ണയും നാലിരട്ടി പാലും ചേർത്ത് കാച്ചുക, ഇന്തുപ്പ്, ജീരകം കൊട്ടം, കൊത്തമ്പാലയരി, ചുക്ക്, മുളക്, തിപ്പലി, പെരുതേക്ക്, ചെഞ്ചല്യം പാൽമുതക്കം കരിമുതക്കം, കട്ടക്കാത്തോട്ട്, മാഞ്ചി, തെങ്ങിന്റെ മയിൽപീലിത്തണ്ട്, ഇരുവേലി, ഇവ മുമ്മൂന്നുകഴഞ്ചുവീതം കല്ക്കമായി ചേർക്കണം. എട്ടുപലം പഞ്ചസാര, എട്ടുപലം ചന്ദനം, ഇവ പാത്രപാകത്തിൽ ഉപയോഗിക്കണം. ഈ തൈലം തേച്ചുകുളി, നസ്യം ഭോജനം, ഇവയിൽ ഉപയോഗിച്ചാൽ സകല വാതരോഗവും നശിക്കും. ഊർദ്ധ്വവാതം പക്ഷാഘാതം കുബ്ജം (കൂന്) അപബാഹുകം തലവിറയിൽ ഈ രോഗങ്ങളിൽ ഈ തൈലം ശാസ്ത്രവിധിയനുസരിച്ച് സേവിക്കണം. വിശേഷിച്ച് അന്തരായാമം ശിരോരോഗം അക്ഷിരോഗം അർദ്ദിതം ഇവയും വലിയ ഞരമ്പുകളിലും ചെറിയ ഞരമ്പുകളിലും ഉണ്ടാകുന്ന സകലരോഗങ്ങളും ഈ തൈലോപയോഗംകൊണ്ട് ശമിക്കും.

ബാഹ്യായാമം.

മന്യാദേഹതുഭിർവാബഹിർവായുരേവ
സിരാഃസ്നായവഃ കന്ധരാഃപൃഷ്ഠഗാശ്ച.
തദൈവാത്രമന്യാസ്സുസംസ്ഥസ്സ ബാഹ്യാ
വിശോഷ്യാഥബാഹ്യേ വിനമ്രീകരോതി. ൧൨൮

സ്ബാഹ്യാഭിരായാമവായുസ്തത്ര
വിമർദ്ദ്യംതുതൈലംവിശേഷേണ ബാഹ്യേ.

പൃഷ്ഠഭാഗത്തിലുള്ള ചെറിയ ഞരമ്പുകളിലും വലിയ ഞരമ്പുകളിലും അപ്രകാരംതന്നെ മന്യകളിലും ബാഹ്യങ്ങളായ സർവ്വ ഞരമ്പുകളിലും സഞ്ചരിച്ചെയ്യുന്ന വായു, തക്ക കാരണങ്ങളാൽ അവയെ ശോഷിപ്പിച്ചിട്ട്, ശരീരത്തെ ബഹിർഭാഗത്തിലേക്ക വളയ്ക്കുന്നു. ഇതാണ് ബാഹ്യായാമം. ഇതിന് ഇനിയും പറയുന്ന തൈലം ശരീരത്തിൽ തേച്ചുപിടിപ്പിക്കണം.

വിഷ്ണുതൈലം.

ദ്വിപഞ്ചിബലാപുത്രിണീവാതശത്രൂർ-
ധനാഢ്യക്ഷാപൂതികവാതാരിമൂലൈഃ. ൧൨൯

ശതാവഹാരസൈഃ കണ്ടകാരീജടാഭിഃ
പലൈകപ്രമാണൈശ്ച പ്രസ്ഥംരിലാനാം.
സുതൈലംപചേൽ പാഥകല്ലേഃ പയോഭിർ-
ഗവാം ഛാഗിനീനാം തഥാവേദഭാഗൈഃ. ൧൩൦

ഗജാശ്വാ നരാ വാതഭഗ്നാശ്ച കേചി-
ത്തഥാ ജന്തവോ ഗോമുഖാ ഏവ സർവ്വേ.
സമസ്താംഗപീഡാവിനിർമ്മുക്തദേഹാഃ
സദായാതരോഗൈസ്സ സർവ്വൈർവ്വിമുക്താഃ. ൧൩൧

തഥാപാനരോഗീ ശൂരീശർക്കരാസു
ക്ഷയേപിത്തരക്തേഽർദ്ദിതവാതരക്തേ
അഥോകാമിലായാം തഥാപാണ്ഡുരോഗേ
സശൂലേഹൃദിപ്രായശോവീര്യഹീനേ. ൧൩൨

വിശേഷാദപിമർദ്ദ്യം ച പീത്വാപി വന്ധ്യാ
ലഭേൽപുത്രികാപുത്രസംഘാൻ ബലാഢ്യാൻ
പരംവിഷ്ണുതൈലം ച വിഷ്ണുപ്രണീതം
ഹരേദ്ബാഹ്യമായാമമേവം പ്രയോഗ്യാഃ. ൧൩൩

കാട്ടുഴുന്ന് കാട്ടുപയറ് ശതാവരിക്കിഴങ്ങ് കരിങ്കുറിഞ്ഞിവേര് കഴഞ്ചിവേര് [illegible] വെള്ളാവണക്കിൻവേര് ചതകുപ്പ കണ്ടകാരിച്ചുണ്ട ഇവ ഓരോപലംവീതം അരച്ചുകലക്കി എട്ടിടങ്ങഴി എള്ളെണ്ണയും എണ്ണയിൽ നാലിരട്ടി പശുവിൻപാലോ ആട്ടിൻപാലോ ഏതെങ്കിലും ചേർത്ത് കാച്ചിയരിക്കുക. ഈ തൈലം വാതരോഗങ്ങളായ അനേകതിര പശു മുതലായ ജന്തുക്കൾക്കുംകൂടി കൊള്ളാം. ഇതുപയോഗിച്ചാൽ സകലശരീരപീഡകളും ഒഴിഞ്ഞ് എല്ലാ വാതരോഗങ്ങളും നശിക്കും. വിശേഷിച്ച് അർസ്സ് അശ്മരി, കല്ലടപ്പ്, ക്ഷയം, രക്തപിത്തം അർദ്ദിതം വാതരക്തം കാമല, പാണ്ഡു ഹൃദയരോഗം, ശുക്ലക്ഷയം ഇവയ്ക്കും വിശേഷമാണ്. പ്രസവിക്കാത്തവൾ ഈ എണ്ണ സേവിച്ചാൽ ബലപൂർണ്ണന്മാരായ പുത്രികപുത്രന്മാരെ പ്രസവിക്കും. ബാഹ്യായാമത്തെയും ഇല്ലാതാക്കും. ഇതിന് വിഷ്ണുതൈലം എന്നു പേർ. ഈ യോഗം വിഷ്ണുവിനാൽ പ്രണീതമാണെന്നു പറയപ്പെട്ടിരിക്കുന്നു.

ധനുസ്തംഭം.

ധനുരിവനമയതിനാംഗസാ
വായുർദ്ദുഷ്ടോയന്ദേഹമനുജാനാം.
തന്മപിസംഗസാകതേ
നതുംസധനുസ്തംഭമാഖ്യാതാവൈ. ൧൩൨

വായു ദുഷിച്ച് ദേഹത്തെ വില്ലുപോലെ വളഞ്ഞതാക്കിച്ചെയ്യുന്നു. അതിനെയാണ് ധനുസ്തംഭം എന്നു പറയുന്നത്.

പ്രസാരിണീതൈലം.

പ്രസാരിണീചരിനതഗാബലാനാ-
മേരണ്ഡദിങ്മൂലശതാവരീണാം
കിരാതവാരാഹശ്രുരീപലാനാം
ശതംശതംകട്വ്ജലാമ്മണോറി. ൧൩൩

വിപാച്യപാദംപരിഗാഹ്യതോ
മാംസോദകംപകാലം ച യുത്യ
ദുഗ്ദ്ധംദധേഷ്ണധയുതം ലൂന്യകം-
മ്ലംതുകാഞ്ജീകഘോദപിഭാഗം ൧൩൪

ശുണ്ഠീവിഷാബ്ദശടീകാത്രിപലകാനി.
നതാരുണാരക്സിതചന്ദനാനി
പലൈകമാനാനിച കല്കിതാനി
പൃഥക്പൃഥക്മേ... നിയോജിതാനി ൧൩൫

രാമോഷനൈണമ്രസ്യഗന്ധയാച
പാഞ്ചാലിമൂലാദിസുഭൃതകേശ്യാ
പ്രസാരിണീചന്ദനജീവനീയൈഃ
കൃഷ്ണാഗ്രുരോഹിണികാദികാഭിഃ. ൧൩൬

പചേച്ഛതൈലംഭിഷഗത്രയുക്ത്യാ-
നിയോജ്യവാതാനിഖിലാനജസ്രം
നിഹന്തിനിത്യംപരിശീലനേന
പ്രായോധനുസ്തംഭഗദംക്ഷണേന. ൧൩൭

അശപാഗജാവാതജരോഗമുക്താ
നരാസ്സമസ്താങ്ഗജപക്ഷഹാദൈഃ.
ഏകാങ്ഗസംസൈഥരഖിലൈശ്ചവാതൈഃ
സംമുക്തദേഹാസ്സുഖിനോഭവന്തി. ൧൩൮

ആത്രേയഭണിതം തൈലം പ്രസാരിണ്യാഃപ്രഭാവതഃ
ധനുസ്തംഭാപതാനൌ ച നിഹന്തിവിനിഷേവിതം. ൧൩൯

പ്രസാരിണി അമൃത് കുറുന്തോട്ടിവേര് ആവണക്കിൻവേര് ദശമൂലം ശതാവരിക്കിഴങ്ങ് നിലവേപ്പ് അമുക്കുരം ഇവ പ്രത്യേകം നൂറീതുപലം ഓരോന്നും വെവ്വേറെ ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് നാലൊന്നാക്കി അതിനോടുകൂടി പാകംചെയ്ത മാംസജലവും പാലും തൈരിൻവെള്ളവും പുളിച്ചകാടിയും എണ്ണക്കിരട്ടി ചേർത്ത്, ചുക്ക് അതിവിടയും മുത്തങ്ങാക്കിഴങ്ങ് കച്ചോലം പച്ചില തകരം മഞ്ചട്ടി, കൊട്ടം വെൺചന്ദനം കാവിമണ്ണ് നല്ലമുളക് മീനാങ്ങാണി തിപ്പലിമൂലം കരിനൊച്ചി പ്രസാരിണി രക്തചന്ദനം ജീവനീയഗണം (അടപതിയൻകിഴങ്ങ് കാകോളി ക്ഷീരകാകോളി മേദ മഹാമേദ, കാട്ടുഴുന്ന് കാട്ടുപയറ് ജീവകം ഇടവകം എരട്ടിമധുരം) രിപ്പലി, അകില് കടുരോഹണി, ഇവ ഓരോപലംവീതം കല്കംചേർത്ത് കാച്ചിയ എണ്ണ യുക്തി അനുസരിച്ച് ഉപയോഗിച്ചാൽ സകലവാതങ്ങളും നശിക്കും. ധനുസ്തംഭം എന്ന വാതം എത്രയും എളുപ്പം നശിക്കും. അശ്വങ്ങളും ഗജങ്ങളുംകൂടി വാതരോഗമുക്തരായിത്തീരും. സർവ്വാങ്ഗജപക്ഷവാതം ഏകാങ്ഗവാതം ഇവയ്ക്കും നല്ലതാണ്. ഈ പ്രസാരിണീതൈലം ആത്രേയഭാഷിതമാണ്. ഇതു സേവിച്ചാൽ ധനുസ്തംഭവും അപതാനവും വിട്ടുമാറും.

കുബ്ജവാതം.

ഹൃൽപൃഷ്ഠമാക്രമ്യ സതക്പ്രകമ്പ്യാ-
ത്തഥോന്നതം യത്ര ച കുബ്ജവായുഃ

തത്രാശ്രുവൈദ്യസ്ഥ പ്രസാരിണീനാം
ശതാ ശതാ കൃത്വാ വ്യഹകാദ്യ:മഷ്ടാ. ൧൭൫

തോയാർമ്മണാ പാച്യ ച പാദശേഷം
തൈലം പയോഭിർദ്ധധികാഞ്ജികാഭ്യാം
പചേദ്ദരിഭാഗൈരവിലൈശ്ച കല്കൈഃ
പലദ്വയൈശ്ചിത്രകപിപ്പലീനാം. ൧൭൬

മൂലൈശ്ച സിന്ധൂത്ഥമൃനാകകാദ്യൈ-
ദാസ്നാകരീണ്ടാ ചപലാബലാഭിഃ
പ്രസാരിണീനാം ച തഥാ ജടാഭിർ-
ല്ലോതകൈമ്മദഹൃതാശനോന.
മിസ്യാതഥൈവമധൂകേന ച കുബ്ജവാതം
ശ്ലേഷ്മാന്വിതാൻ വാതഗദാൻ നിഹന്യാൻ ൧൭൭
നാരീനരാണാമപി വാതജാതാ-
നശീതിമേതദ്വിനിഹന്തിശീഘ്രം. ൧൭൮

ശിരഃപൃഷ്ഠഗ്രീവാഹനുസ്തംഭകുബ്ജ-
സപംഗുത്വഖഞ്ജത്വവാതാർദ്ദിതേഷ്വപി
പരംതൈലമേതദ്വിമർദ്ദ്യം വിശേഷാൽ
പ്രകൃഷ്ടോന്നതം കുബ്ജവാതാന്നിഹന്തി. ൧൭൯

വായു ഹൃദയത്തിന്റെ പിൻപുറത്തെ ആക്രമിച്ച് വേദനയുണ്ടാക്കി ഉന്നതമാക്കിച്ചെയ്യുന്നു. ഇതാണ് കുബ്ജവാതം.

കുബ്ജവാതചികിത്സ.

കുബ്ജപ്രസാരിണീതൈലം.

പ്രസാരിണി നൂറുപലം മീണ്ടാനാഴി നൂറുപലം ഇവ ഓരോന്നും പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് നാലൊന്നാക്കി പാൽ തൈരിൻവെള്ളം കാടി ഇവ എണ്ണയിൽ ഇരട്ടിവീതം ചേർത്ത് അവണക്കിൻവേര് തിപ്പലിമൂലം ഇന്തുപ്പ് ദേവതാരം അരത്ത അത്തിത്തിപ്പലി കുറുന്തോട്ടിവേര് പ്രസാരണിയുടെവേര് ചെക്കര ചതകുപ്പ എരട്ടിമധുരം ഇവ ഈരണ്ടുപലംവീതം കല്ക്കം ചേർത്ത കാച്ചിയ എണ്ണ കുബ്ജവാതത്തെയും കഫവാതത്തെയും ശമിപ്പിക്കും. സ്ത്രീപുരുഷന്മാർക്കുണ്ടാകുന്ന എൺപതുവിധ വാതങ്ങളും ശമിക്കും. ഈ തൈലം ശരീരത്തിൽ തേച്ചുപിടിപ്പിച്ചാൽ ശിരസ്സ് പൃഷ്ഠം കഴുത്ത് ഈ സ്ഥാനങ്ങളിലുണ്ടാകുന്ന രോഗങ്ങളും ഹനുസ്തംഭം കുബ്ജവാതം പംഗുത്വം ഖഞ്ജത്വം അർദ്ദിതം ഇവയും പുറകു ഉന്തിവരുന്ന കുബ്ജവാതവും വിട്ടുമാറും.

അപതന്ത്രവായു.

സൈഃ കോപനൈഃ കോപ്പുപേത്യ വായുഃ
സ്ഥാനാദ്യദോർദ്ധ്വം ച പ്രവർത്തമാനഃ
സംപീഡയൻ വാ ഹൃദയം ച ഗത്വാ
ശിരശ്ച ശംഖൌ വപി പീഡയൻ0ി. ൧൮൧

ഗാത്രാണി നത്രാണി ധനുസ്സമാനി
ചാക്ഷിപ്യമോഹോച്ഛ്വസനാനികുര്യാൽ
തദാജനസ്തബ്ധവിലോചനസ്ഥു
നിമീലകഃ കൂജിതനഷ്ടസംജ്ഞഃ. ൧൮൨

കപോതവദ്യത്രച സോപതന്ത്രോ
നതത്രവസ്തിംവമനം നിരൂഹം
കുര്യാത്തഥാന്യൽ കഫമാരുതാഭ്യാം
പ്രച്ഛ്വാസകോച്ഛ്വാസവഹായതന്ത്യേ. ൧൮൩

വിരേചയേച്ഛാഥ വിധിം വിചാര്യ
യം ശീഘ്രരേകം പ്രവദന്തിതജ്ഞാഃ
അതോƒഭിധാസ്യേ പ്രഥമം പ്രയോഗ-
മല്പേന കാലേന ച രോഗഹാരി. ൧൮൪

വായു നിജകോപഹേതുക്കളാൽ കോപിച്ച് പക്വാശയത്തിൽനിന്ന് ഊർദ്ധ്വഭാഗത്തിലേക്ക വ്യാപിക്കുന്നു. അപ്പോൾ ഹൃദയപീഡയും ശിരസ്സിനും ചെന്നികൾക്കും വേദനയുമുണ്ടാകയും ദേഹം വില്ലുപോലെ വളയുകയും മേൽപോട്ട് എറിയുന്നപോലെയാകുകയും ചെയ്യുന്നു. ഉടൻ മോഹാവസ്ഥ്യം ഉച്ഛ്വാസം മുറുകയും കണ്ണടയുകയും മാടപ്രാവിനെപ്പോലെ കൂവുകയും സംജ്ഞ (ചേതന) നശിക്കയും ചെയ്യും. ഇതിനെ അപതന്ത്രകം എന്നു പറയുന്നു. ഇതിങ്കൽ വമനവും കഷായവസ്തിയും ചെയ്യക്കൂടാ. കഫമാരുതങ്ങളാൽ തടമായിതീരുന്നതുകൊണ്ട് പ്രച്ഛ്വാസവും ഉച്ഛ്വാസവും ചെയ്യുന്ന ഞരമ്പുകളെ വിധിപ്രകാരം വിരേകം ചെയ്യണം. അതിനെ ശീഘ്രവിരേകം എന്നു തജ്ഞന്മാർ പറയുന്നു. അതിനാൽ അല്പകാലംകൊണ്ടു വിട്ടുമാറത്തക്കതായ യോഗത്തെ ആദ്യമായി ഇവിടെ കാണിക്കുന്നു.

ജന്തുഘ്നമാ.ഗീ ചഫണിജ്ജശിഗ്രു-
ബീജാനി പിഷ്ട്വാഖലുനസ്യമേഷാം
പ്രധമ്യമാനം നസി ശീർഷരോഗാ-
ദൈപ്ലൈവിമോചയോപൃഥഗാപതന്ത്രഃ. ൧൮൫

വിഴാലരി നല്ലമുളക് മുരിങ്ങക്കുരു ഇവയെല്ലാംകൂടി പൊടിച്ചു.

കർപ്പൂരത്തുളസിയുടെ നീരിൽ നസ്യം ചെയ്താൽ അപതന്ത്രം വിട്ടുമാറും.

ഹരീതകീവചാംഭ്യൈതൈസ്സൈന്ധവൈശ്ചാമ്ലവേതസൈഃ
സുരാസ്ഥാമാർദ്രകാനിലൈശ്ച പാചിതൈശ്ചതഭാതൈഃ
സുസേവിതൈർവിശേഷതോ ഽപതന്ത്രനാശനം
പ്രകീർത്തിതം ച സുശ്രുതാദിവൈദ്യമുഖ്യവർണ്ണിതം.

കടുക്ക വയമ്പ് ഇന്തുപ്പ് ഞെരിഞ്ഞാമ്പുളിക്കിഴങ്ങു അരത്ത ഇഞ്ചിനീരു ഇവ ചേർത്തു പാകംചെയ്ത നെയ്യ് സേവിച്ചാൽ അപതന്ത്രരോഗം ശമിക്കും.

അപതാനകം.

ദൃഷ്ടിം സംസ്തഭ്യ സംജ്ഞാമപി ച ഹനിതയാ നാശയിത്വാതുകണ്ഠേ
കൂജത്യേവം നരോവൈ ഹൃദി ച നിതരാം മുച്യമാനേപി കിഞ്ചിൽ
ലബ്ധ്വാസ്വാസ്ഥ്യം പുനരപി തതോ യാതി മോഹം സദാവൈ
വാതേനൈവം ജഗുരഥ പുനർവ്വാതജം ചാപതാനം.

ദൃഷ്ടിയെ സ്തംഭിപ്പിച്ച് ചേതനയേയും നശിപ്പിച്ചു കഴുത്തുകൊണ്ടു കൂവുക; വായു നെഞ്ചിൽനിന്നു നീങ്ങുന്ന സമയം അല്പം സ്വാസ്ഥ്യതയുണ്ടാവുക; പിന്നെയും എല്ലായ്പോഴും മോഹിക്കുക; ഇതു വാതംനിമിത്തം ഉണ്ടാകുന്നതും ഭയങ്കരവും ആയ അപതാനകമാണ്.

അപതാനചികിത്സ.

അസ്രുതാക്ഷമവേപനം തന്ത്രമാണമേവമുപാചരേൽ
യാവദാശുന ശസ്ത്രശോണിതാഭ്യാം സ്വതന്ത്രമേവസഃ
താവദേവദശാംഘ്രിസംശ്രുതനീരകൈരപി കേവലം
പായയേന്മഗധാന്വിതം പലലാദിഭക്തമഥോത്തരം.

കണ്ണിൽനിന്നു വെള്ളമൊലിക്കാതെയും വിറയലോടുകൂടാതെയും കട്ടിലിൽ കയററി കിടത്തിയാൽ ഭ്രമിച്ചിളക്കി വീഴാതെയും ഇരിക്കുന്ന അപതാനരോഗിയെ വെട്ടെന്ന് ചികിത്സിക്കണം. ദശമൂലം കഷായം വച്ച് തിപ്പലി പൊടിച്ചു മേമ്പൊടിയും ചേർത്തു കൊടുക്കുക; അനന്തരം മാംസരസവുംകൂട്ടി ചോറുകൊടുക്കുക. ഇതുകൊണ്ടു സുഖമുണ്ടാകും.

വേറെ യോഗം.

സ്വേദസ്തൈലവിമർദ്ദനം ച ശമിതം തീക്ഷ്ണം ച നസ്യം തതഃ
സ്രോതശ്ചാപി വിശോധനം ഘൃതമഥോ പേയം ത്വഭുക്തായ പുനഃ
ദധ്യമ്ലം പരിപീതമാശുമരിചൈഃ സ്നേഹസ്യ വസ്തിഃ പുന-
ർഹന്ത്യസ്തേഷ്വപതാനകം സമലം വാതപ്രഭൂതം സ്ഫുടം.

വിയർപ്പിക്കുക, എണ്ണതേച്ചു തിരുമ്മിപ്പിടിപ്പിക്കുക, തീക്ഷ്ണനസ്യം ചെയ്യുക, സ്രോതോവിശോധനമായ നെയ്യു സേവിക്കുക; ഊണു കഴിഞ്ഞതിനുശേഷം പുളിച്ച തൈരിൽ നല്ലമുളകു ചേർത്തു കുടിക്കുക; സ്നേഹവസ്തി ചെയ്യുക, ഈ ക്രിയകൾകൊണ്ടൊക്കെയും വാതപ്രധാനമായ അപതാനകം നിശ്ചയമായും ശമിക്കും.

പക്ഷാഘാതം.

ഗൃഹീത്വാർദ്ധകായം സിരാസ്നായുശോഷം
വിധായാഥവായുശ്ച പക്ഷം നിഹന്തി
നരം സന്ധിബന്ധാൻ വിമോക്ഷ്യാർദ്ധദേഹം
അകർമ്മക്ഷമം കൃത്സ്നമന്യൽ പ്രകുര്യാൽ.
തമേകാംഗവാതം ച പക്ഷാഘാതം
ജഗുഃ കേചിദന്യേ പുരാണാസ്തു വൈദ്യാഃ
സസന്താപമൂർച്ഛാരായദാഹൈഃ പ്രയുക്തോ
ഭവേൽപിത്തതഃ ശ്ലേഷ്മണാ ശോഫയുക്തഃ.
തഥാ ഗൌരവം ശീതതാ ഗാത്രനിത്യാ-
പ്യഥോ വാതജഃ കേവലം സാദ്ധ്യ ഉക്തഃ
കദാചിൽ സാദ്ധ്യമന്യേന യുക്തസ്തഥാപി
ന സാദ്ധ്യോ ഭവേദ്യഃ ക്ഷയോത്ഥസ്തു തത്ര.

വായു ശരീരാർദ്ധഭാഗത്തെ ആശ്രയിച്ചിട്ട് ഞരമ്പുകളെ ശോഷിപ്പിച്ച് സന്ധിബന്ധങ്ങളെ ശിഥിലീകരിച്ച് ഒരുവശം മുഴക്കെ സ്തംഭിപ്പിക്കുന്നു. അതുനിമിത്തം ശരീരം മുഴുവനും പ്രവൃത്തി ചെയ്യുന്നതിനു ശക്തിയില്ലാതെയായിത്തീരുന്നു. ഇതിനെ ചിലർ ഏകാംഗവാതമെന്നും മററുചിലർ പക്ഷവധം എന്നും പറയുന്നു. പിത്തംകൊണ്ടുണ്ടാകുന്ന പക്ഷവധത്തിനു ദേഹത്തിന്റെ ഉള്ളിൽ ചൂട് മോഹാലസ്യം പുറമെ ചൂട് ഇവ കാണും. കഫകോപത്താലുണ്ടാകുന്ന പക്ഷവധത്തിനു നീരുണ്ടായിരിക്കും. ദേഹത്തിനു കനം എപ്പോഴും തണുപ്പ് ഇവയും കാണും. വാതജം കൃഛ്റസാദ്ധ്യമാണ്. മററുരണ്ടും പ്രായേണ അസാദ്ധ്യമാണ്. ക്ഷയോത്ഥവും അസാദ്ധ്യംതന്നെ.

പക്ഷവധചികിത്സ.

മാഷാദികഷായം.

മാഷാത്മഗുപ്താഖിലവാജിശത്രു-
വാട്യാലമൂലീശൃതനീരമേകം
സസൈന്ധവം ഹിംഗുയുതം വിശേഷാൽ
പക്ഷൈകഘാതം വിനിഹന്തി ശീഘ്രം.

മാഷൈകേഹിംഗുസിന്ധൂത്ഥൈ
മാഷാദ്യാശ്ശ്രാണകാഃ സ്മൃതാഃ. ൧൩൦

ഉഴുന്ന് നായ്ക്കുരണവേര കുറുന്തോട്ടിവേര കുറുന്തോട്ടിവേര ഇവ കഷായംവച്ച് ഇന്തുപ്പും കായവും മേമ്പൊടിചേർത്തു സേവിക്കുക; പക്ഷവധം ശമിക്കും. ഉഴുന്നും ഇന്തുപ്പും കായവും മുക്കാൽ കഴഞ്ചു ചേർക്കണം.

പാഞ്ചാലിമൂലംപാഞ്ചാലീ രാസ്നാ ചോകാഗ്നിസൈന്ധവൈഃ
കല്ക്കിതൈർമ്മാഷനീരൈശ്ച ശൃതംതൈലം വിശേഷതഃ
പക്ഷാഘാതം നിഹന്ത്യാശു വായുർജ്ജവധംനിവ. ൧൩൧

തിപ്പലിമൂലം തിപ്പലി അരത്ത ചുക്ക് കൊടുവേലിക്കിഴങ്ങ് ഇന്തുപ്പ് ഇവ കല്ക്കമായി ഉഴുന്ന് കഷായംവെച്ച് അതിൽ കാച്ചിയ തൈലം വിശേഷിച്ചും പക്ഷവധത്തെ ശമിപ്പിക്കും.

വേറൊരുയോഗം(മാഷതൈലം.)

മാഷബലാരസനാശതപുഷ്പാഃ
സൈന്ധവഗ്രന്ഥിശൃതതിലതൈലം
മാഷബലാശൃതവേദപയോഭിഃ
പക്ഷഹതിം വിനിഹന്തി വിശേഷാൽ. ൧൩൨

ഉഴുന്ന് കുറുന്തോട്ടി ഇവ പതിനാറിലൊന്നായി വറ്റിച്ച കഷായം വരത്തക്കവിധത്തിൽ കുറുക്കി അതിൽ ഉഴുന്ന കുറുന്തോട്ടി ഇവയോട് നാരത്ത ശതാവരിക്കിഴങ്ങ് ഇന്തുപ്പ് നായ്ക്കുരണവേര് ഇവ കല്ക്കമാക്കി കാച്ചിയ എണ്ണ പക്ഷവധത്തെ ശമിപ്പിക്കും.

സർവ്വാങ്ഗവാതം.

സർവ്വാങ്ഗവാതേകുപിതേ ചഗാത്ര-
സംഭഞ്ജനം സംസ്ഫുരണം വിശേഷാൽ
നാസ്സന്ധയസ്തസ്യ ചവേദനാഭിഃ
സ്ഫുടംസ്ഫുടന്തിവചാതശ്ച ശൈലൃഃ. ൧൩൩

സർവ്വാംഗവാതചികിത്സ.

തൈലാവഗാഹേ സമസ്തഗാത്ര-
ജാതംതഥൈകാംഗഗതം വിശേഷാൽ
സിരാവിമോക്ഷൈശ്ച ജയന്തിവൈദ്യാ
വായുഞ്ചധാതുസ്ഥമനേകരൂപം. ൧൩൪

സർവ്വാംഗവാതം കോപിച്ചാൽ ശരീരം മുറിഞ്ഞു നോവുക, തുടിക്കുക, വിശേഷിച്ച് സന്ധികൾ പലതരത്തിലുള്ള വേദനകൾകൊണ്ട് പൊട്ടിപ്പോകുന്നതുപോലെ തോന്നുക, ഇവയുണ്ടാകും. ധാതുകളിൽവസ്ഥമായിരിക്കുന്ന...

ച്ച് സർവ്വാങ്ഗവാതത്തിന് തൈലാവഗാഹക്രിയ ചെയ്യുകയും ഏകാങ്ഗവാതത്തിന് വിശേഷാൽ ഞരമ്പുകീറി രക്തം കളയുകയും ചെയ്യണം. ഇവകൊണ്ട് വായു മോഹങ്ങളെ അറിച്ച് കളയുന്നപോലെ സർവ്വാങ്ഗവാതത്തെയും ഏകാങ്ഗവാതത്തെയും ജയിക്കാം.

പിത്തയുക്തപ്രാണവായു.

പ്രാണേവായൌ പിത്തയുക്തേവാരാണാം
ഛർദ്ദിർദാഹോവേദനാ വാതജന്യാഃ
ജായന്തേവൈ തദ്ധൃദിപ്രായശോഽത്ര
സേവ്യാഛരിനാമോഷ്ണനീരൈശ്ചരിത്രൈഃ. ൧൩൫

പ്രാണവായു പിത്തത്തോടു ചേർന്നു കോപിച്ചാൽ ഛർദ്ദിയും സർവ്വാങ്ഗസന്താപവും ഹൃദയത്തിൽ വാതജങ്ങളായ മറ്റു വേദനകളും ഉണ്ടാകും. ഇതിന് പ്രായേണ അമൃതും നല്പാമരക്കുഴമ്പും കഷായംവച്ച് ചെറുചൂടോടുകൂടി സേവിച്ചാൽ മതിയാകും.

അതിന്റെ ചികിത്സ.

പിബേദ്ഗുഡൂച്യംഭസാ പ്രാതർഗ്ഗുഡയുക്താം വിചക്ഷണഃ
ഹൃദയാനിലനാശായ ചാശേഷവ്യാധാം വിഭിതകം. ൧൩൬

അമൃക്കിരം താന്നിക്കായോടു് ഇവ കഷായംവച്ച് ചെറുചൂടോടേ ശർക്കര ചേർത്ത് പ്രാതഃകാലത്തിൽ സേവിച്ചാൽ ഹൃദയത്തെ ആശ്രയിച്ചിരിക്കുന്ന വായുവിന് ശമനമുണ്ടാകും.

കഫയുക്തപ്രാണവായുലക്ഷണചികിത്സകൾ.

പ്രാണേവാപികഫാന്വിതേ തന്ദ്രിസദനം ദൌർബ്ബല്യതന്ദ്രാന്വിതം
വൈരസ്യം ഹൃദയേരുജശ്ച ബഹുധാ ശ്ലേഷ്മപ്രകോപാദ്ഭവേൽ
ദേവാനാം ച സവിശ്വകാഷ്ഠമസകൃൽ പീതാ സുഖീജായതേ
ഹൃദ്യാതോത്ഥവികാരസംഘരഹിതഃപുഷ്ടിസ്തനോഃസംഭവേൽ. ൧൩൭

പ്രാണവായു കഫത്തോടുകൂടി കോപിച്ചാൽ വളരെ തളർച്ച, ബലമില്ലായ്ക, മടി, വിരസത(രസമറിയാൻവയ്യായ്ക) ഹൃദയവേദന, പലപ്രകാരത്തിലുള്ള കഫകോപം ഇവ സംഭവിക്കും. ഇതിന് ദേവതാരവും ചുക്കുംകൂടി കഷായംവച്ച്, നിത്യവും സേവിച്ചാൽ സൌഖ്യംകിട്ടും; ഹൃദയവേദനകളെല്ലാം മാറും. ശരീരത്തിനു പുഷ്ടിയുണ്ടാകും.

വേറൊരുയോഗം.

അംശുമതീജലദസിദ്ധംഹൃദികഫിതേഹി
കാകോളീംബൃഹതീസിദ്ധം സാമ്ലംദേഹി

ഭിഷക്പ്രയുക്തം വാതേ ശോപയ ഏവ
കഫയുതപ്രാണേ ഗദിതാ രസ്ദായമേവ. ൧൩൮

മൂവിലവേരും കാകോളിയുംകൂടി കഷായംവെച്ച് ഞെരിഞ്ഞാമ്പുളിയുടെ രസംചേൎത്തു സേവിക്കുകയോ; പാൽ തനിച്ച് സേവിക്കുകയോ ചെയ്താൽ കഫയുക്തമായ പ്രാണവായുവിന്റെ കോപം ശമിക്കും.

പിത്തയുക്തനായ അപാനൻ.

അപാനപിത്തകോപതഃ പ്രദഹ്യതേ ഊഷ്മണാ
സമീരകംസ്താമുതം തന്ദുഷ്ണമാശ്രുദേശാപനഃ. ൧൩൯
പിബേദഥോപരംബൃംഹപാഠിത്വാ പ്രസാദിസൽഫലാൽ
സുബീജജാതമജ്ജികാസിതാഢ്യതൈശ്ചഭജ്ജിതാ. ൧൪൦

അപാനൻ പിത്തത്തോടുകൂടി കോപിച്ചാൽ ഊഷ്മാവിനാൽ ദേഹം ദഹിക്കും. പശുവിൻ പാലിൽ മീതേയിട്ടു കാച്ചി പഞ്ചസാരയുംചേൎത്തു ചെറുചൂടോടെ സേവിക്കുകയോ, കാട്ടുവെള്ളരിയരിയും മാതളനാരങ്ങയുടെ മജ്ജയുമെടുത്തു നെയ്യുകൂട്ടി വറുത്തു പഞ്ചസാരയുംചേൎത്തു സേവിക്കുകയോ ചെയ്താൽ പിത്തയുക്തനായ അപാനന്റെ കോപം ശമിക്കും.

കഫയുക്താപാനവായുലക്ഷണ ചികിത്സകൾ.

ശ്ലേഷ്മാപാനേസംയുതേദ്യധശ്ശരീരേ
ശൈത്യംരദൽഗൌരവംതച്ചികിത്സാ
രാസ്നാചവ്യം ചിത്രകംത്രിവൃദ്ദ്രിണീ
സൎജ്ജക്ഷാരംധാന്യകം ജീരകംഗ്ദം. ൧൪൧

താലീസസാഗ്രാപത്രകത്ര്യൂഷണാനി
യാവക്ഷാരംചൈവപട്ടൻചതൈലം
ബിസ്യാദീപ്യംതുംബുരുംചാശഗന്ധാ
ദാഡിമ്യാന്യൽപൌഷ്കരംമത്സ്യഗന്ധാം. ൧൪൨

അമ്ലാതദേവദാരുസം ചൈത്രഫലംച
തുല്യംസൎവ്വംസദ്രസോനംചഖസ്സാൽ
സൎവ്വസ്മാദേഗ്രാഹ്യമേവാത്രവേദ
സംച്ഛ്യോന്മാനംസദ്ഘൃതൈഃപിണ്ഡമിതാ ൧൪൩
ശ്ലേഷ്മാപാനംഹന്തിമംസോദകേന
യദ്വാദൃഗ്ഭിസ്സേവിതംരദാഭേവ
തുന്ദ്യാംഗുല്മേക്രോഷ്ടുശീൎഷകവാതേ
ഭഗ്നേശൂലേവാതയുക്തേവലാസേ. ൧൪൪

സൌഖ്യംതദ്വജ്ജ്വരവൈഷമ്യതായാ-
മാഢ്യേവാതേവാഹനസ്തംഭവായൌ
കാന്ത്യാദ്വൎണ്ണംസവൎണ്ണതുല്യംമനുഷ്യം
ശാസ്ത്രാചൃത്യൈൎഭൃത്യൈസൌഖ്യൈസമേതം. ൧൪൫

അപാനൻ കഫത്തോടുകൂടി കോപിച്ചാൽ കഴുത്തിനുതാഴെയുള്ള ഭാഗത്തു് തണുപ്പും, ദേഹത്തിന് ഗുരുത്വവും ഉണ്ടാകും.

തച്ചികിത്സ.

അരത്ത കാട്ടുമുളകിൻവേര് വെള്ളത്താവണക്കിൻവേര് വാളൻപുളിവേരിന്മേലേത്തൊലി, തുവൎച്ചിലക്കാരം കൊത്തമ്പാലയരി ജീരകം കരിഞ്ജീരകം താലീസപത്രം വയമ്പ് പച്ചില ചുക്ക മുളക തിപ്പലി ചവൎക്കാരം ഉപ്പുകൾ അഞ്ചും മഞ്ഞൾ പതകപ്പ അയമോതകം തുമ്പുനിയുടെ പഴത്തകായ് അമുക്കരം താളിമാതളം പുഷ്കരമൂലം അടയ്ക്കാമണിയൻ ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ആറ്റുവഞ്ചിത്തൊലി, ത്രിഫല ഇവ സമാംശം എല്ലാംകൂടിയതിന്റെ നാലിരട്ടി വെള്ളുള്ളി എല്ലാംകൂടി അരച്ചു നെയ്യിൽകുഴച്ച് ഉരുളയാക്കി സേവിച്ച് മാംസരസമോ പാലോ അനുപാനമായി ഉപയോഗിച്ചാൽ കഫയുക്തനായ അപാനന്റെ കോപം ശമിക്കും അതുകൂടാതെ പ്ലീഹ എന്ന വാതരോഗം ഗുല്മം ക്രോഷ്ടുശീൎഷകവാതം ക്ഷയം ഭഗ്നം (ഒടിവു്) ശൂലം വാതത്തോടുചേൎന്ന കഫത്തിന്റെ കോപം ഇവയും ജ്വരവൈഷമ്യം ആഢ്യവാതം ഹനുസ്തംഭം ഇവയും ശമിക്കും. ശരീരത്തിന് സവൎണ്ണവൎണ്ണം ഉണ്ടാകും. രോഗം നശിച്ച് ഭാൎയ്യാപുത്രഭൃത്യാദികളുടെ സൌഖ്യവും ഉണ്ടാകും.

കഫയുക്തസമാനവായു.

സമാനവായൌകഫസംയുതേച
വിൺമൂത്രരോധസ്തഥ രോമഹൎഷഃ
സ്തബ്ധതാമേവാശ്രുചജ്വരംച-
ത്തസ്യ പ്രതീകാരമഹംബ്രവീമി. ൧൪൬

സമാനവായു കഫത്തോടുകൂടി കോപിച്ചാൽ മലമൂത്രങ്ങൾക്ക് തടവു്, രോമാഞ്ചം വയറുസ്തംഭിക്കുക ഇവയുണ്ടാകും. ഇനി അതിന്റെ ചികിത്സ കാണിക്കുന്നു.

കഫയുക്തസമാന ചികിത്സ.

ചിത്രകേന്ദ്രയവപാഠകകടുകീ-
ഭംഗരാജിഭയാകചഫിതോദ്യയാ
നാഭിജാതകഫരോഗവിനാശേ
രാമബാണസദൃശഃ കഥിതോയം. ൧൪൭

വെളുത്താവണക്കിൻവേര് കടകപ്പാലയരി പാടക്കിഴങ്ങ് പലകപ്പയ്യാനി അരിവിട്ടയം കടുക്ക ഇവ കഷായം വെച്ചു സേവിച്ചാൽ കഫയുക്തസമാനന്റെ കോപം ശമിക്കും.

പിത്തയുക്തസമാനവായു.

മൂർച്ഛാദാഹത്വത്ഭ്രാസേദമോഹൗ സമാനേ
വായൗ പിത്തേനാന്വിതേ തച്ചികിത്സാ
ചോഷ്ട്വാരശർക്കോ വാപ്യശീരപ്രഭൃതഃ
സേവ്യോ നിത്യം ചാപഷൈർന്നെസ്സുർസിതാഭിഃ. ൧൭൪

സമാനൻ പിത്തത്തോടുകൂടി കോപിച്ചാൽ മോഹാലസ്യം, തണ്ണീർദാഹം സ്വേദം സർവ്വാംഗസന്താപം ഇവയുണ്ടാകും കത്തിരിക്കായോ തൊഴുകണ്ണിയോ, രാമച്ചമോ തിപ്പലിയും പഞ്ചസാരയും ചേർത്തു നിത്യവും സേവിക്കുക. പിത്തയുക്തസമാനവായു ശമിക്കും.

സപിത്തോദാനൻ.

ഭ്രമോദാഹോ മൂർച്ഛാക്ലമ അപി സപിത്തേ ഭവതി ചേ-
ദുദാനേ ധാത്രീണാം മരിച സിതയാ ചൂർണ്ണമസകൃൽ
പ്രഭുക്തം തദ്രോഗം ഹരതി സഹസാ മോചനിചയം
യഥാ വായുഃ പാപം ഹരിഭിവസദാധ്യായചരണഃ. ൧൭൫

ഉദാനൻ പിത്തത്തോടുകൂടി കോപിച്ചാൽ തലകറക്കം സർവ്വാംഗസന്താപം മോഹാലസ്യം ക്ഷീണം ഇവയുണ്ടാകും.

താന്നിക്കാത്തോടും നല്ലമുളകും കൂടി പൊടിച്ച് പഞ്ചസാര ചേർത്ത് സേവിച്ചാൽ വായുവേഗത്താൽ മേഘം ഒഴിയുന്നപോലെയും, ശ്രീകൃഷ്ണഭജനത്താൽ പാപം അററുപോകുന്നപോലെയും പിത്തയുക്തോദാനവായുവിന്റെ കോപം ശമിക്കും.

കഫയുക്തോദാനവായു.

അസ്വേദഹർഷൗ ജഡതാഗ്നിമാന്ദ്യം
ശൈത്യം കഫോദാനഗദേ ചരത്ര.
സ്വേദഃ പ്രകാശ്യോ ഗ്രഥയാ തദസ്ത-
ദേശേഷു സർവ്വേഷു വിജാനതാ ച. ൧൭൬
സിദ്ധാത്മമിത്രൈർമ്മദനസ്യ ചൂർണ്ണൈ-
സ്ഥതോപി ശാന്തിം ന വ്രജേൽകദാചിൽ
തദാ മൃദുസ്നേഹവിധാനയോഗൈഃ
സംശോധയേത്താംശ്ച വദാമി ചാഗ്രേ. ൧൭൭

ഉദാനൻ കഫത്തോടുചേർന്നു കോപിച്ചാൽ വിയർപ്പ് രോമാഞ്ചം ഇവയുണ്ടാകുകയില്ല. അഗ്നിമാന്ദ്യം ശൈത്യം (തണുപ്പ്) ഇവയുണ്ടാ

കും. അതിന് ഏതേതുസ്ഥാനങ്ങളിലാണോ വായു ഗ്രസിച്ചിരിക്കുന്നത്, ആ സ്ഥാനങ്ങളിലൊക്കെയും ശാസ്ത്രജ്ഞനായ വൈദ്യൻ മലക്കാരയുടെ ഇലയിൽ എണ്ണ പുരട്ടി കടുകപൊടിവിതറി ചൂടുപിടിപ്പിച്ച് വിയർപ്പിക്കണം. ഈ പ്രയോഗംകൊണ്ട് വായുവിന്റെ പിടിത്തം വിട്ടില്ല എങ്കിൽ സ്നേഹയുക്തമായ യോഗംകൊണ്ട് മൃദുവായി സംശോധിപ്പിക്കണം. ആ യോഗങ്ങളെ അടുത്തു പറയുന്നും ഉണ്ട്.

ഏരണ്ഡതൈലം പയസാഥവാപി
ഘൃതം തഥാ തില്വകസിദ്ധമാശു
സദാ ഘൃതം ശീതളികാദിസിദ്ധം
പിബേദലം ദോഷവിനാശനായ. ൧൭൮

ആവണക്കെണ്ണ പാലുംചേർത്ത് കുടിക്കയോ തില്വകഘൃതമോ ശീതളാദിഘൃതമോ സേവിക്കയോ ചെയ്താൽ ദോഷകോപം ശമിക്കും.

പിത്തയുക്തവ്യാനവായു.

വ്യാനേ പിത്തസമന്വിതേ വേദനൗഗാത്ര-
സ്യവിക്ഷേപണം
തദാ ച്ഛാത്രഭ്രമോദ്വേഗേ യഥാവക്ഷ്യേ-
ചികിത്സാംസ്ഫുടം
ശ്രീമദ്രാമഫലാവിഡംഗബൃഹതീകാശ്മീ-
രരാത്രിദ്വയൈർ-
മുസ്താദാഡിമശാരിബാത്രുടിയുതൈഃ പർണ്ണീ-
ദ്വയൈന്നാഗരൈഃ. ൧൭൯
സൈലാവാലുകകുഷ്ഠദേവതരുഭിർമ്മഞ്ജിഷ്ഠയാമാലതീ-
പുഷ്പൈർദ്വൈബൃഹതീകസേരുസഹിതൈഃ പിപ്പലീവിശാലാന്വിതൈഃ
ദന്തീപങ്കജപത്മകൈർന്നതകഭീപുഷ്പൈസ്സപാടീരകൈഃ
കർഷൈകപ്രമിതൈഃ പൃഥക്പൃഥഗഥോ ഹവ്യം ദ്വിത്രിംശൽപലം. ൧൮൦
തോയൈശ്ചാപി ചതുർഗ്ഗുണൈരഥഭജേൽകല്യാണസംജ്ഞം ഘൃതം
ഭക്തം പീതമലം പ്രമർദ്ദിതരിദം യക്ഷ്മാർശഭേദോനിലാൻ
ശൂലോന്മാദമപസ്മൃതിം ച സകലാൻ ദുർക്കാങ്ശവാതാനപി
തദ്വൽകുണ്ഡലവാതമാശു ശമയേദ്വ്യാനം സപിത്തം തഥാ. ൧൮൧

വ്യാനൻ പിത്തത്തോടുകൂടി കോപിച്ചാൽ ചൂട് വേദന ദേഹം എടുത്തെറിയുക തലകറക്കം ഇവയുണ്ടാകും.

പിത്തയുക്തവ്യാനവായുചികിത്സ

കല്യാണഘൃതം

ത്രിഫല വിഴാലരി ചെറുവഴുതിനവേര് പുറ്റരമൂലിവേര് മ

ഞെരിഞ്ഞിൽ മരമഞ്ഞൾ മുത്തങ്ങാക്കിഴങ്ങ് താളിമാതളത്തോട് നറുനീണ്ടിക്കിഴങ്ങ് ചിറ്റേലം പേരേലം കാട്ടുഴുന്ന് കാട്ടുപയറ് ചുക്ക് ഏലാവാലുകം കൊട്ടം ദേവതാരം മഞ്ചട്ടിപ്പൊടി പിച്ചകപ്പൂവ് വെൺവഴുതിനവേര് കഴിമുത്തങ്ങ കാട്ടുവെള്ളരിവേര് നാഗദന്തിവേര് താമരക്കിഴങ്ങ് പതുമുകം തഗരം നാഗപ്പൂവ് ചന്ദനം ഇവ ൩-൩-കഴഞ്ചുവീതം നാഴിരട്ടിവെള്ളത്തിൽ അരച്ചുകലക്കി ൩൨ പലം (൨ ഇടങ്ങഴി) നെയ്യുംചേർത്തു കാച്ചി എടുക്കുക; ഇതു കല്യാണകഘൃതമാണ്. ഈഘൃതം ചോറിൽകൂട്ടി ഉണ്ണുകയോ സേവിക്കുകയോ ദേഹത്തുതേച്ചു തിരുമ്മിക്കയോ ചെയ്താൽ രാജയക്ഷ്മാവ് ഗർഭാശയദോഷവാതം ശൂലം ഉന്മാദം അപസ്മാരം സർവ്വാംഗവാതം ഏകാംഗവാതം കണ്ഠഗതവാതം പിത്തയുക്തവ്യാനവായുകോപം ഇവ ശമിക്കും.

കഫയുക്തവ്യാനവായു.

വ്യാനേശ്ലേഷ്മാസംയുതേശ്രൂ[illegible]
സ്തംഭസ്തദ്വദ്ദണ്ഡകസ്തച്ചികിത്സാ-
ഹവ്യംപ്രസ്ഥംവേദപ്രസ്ഥൈഃപയോഭിഃ
കല്ക്കൈസ്തദ്വൽപീവരീജൈസ്സുസിദ്ധം.
വൃഷ്യമാശുപലവർദ്ധനമേതദ്-
വാതജാതബഹുരോഗവിനാശി
സേവ്യമേവസകഫേചിലദേഹേ
വ്യാനനാമ്നി വിഷമേബഹുധൈവ.

വ്യാനൻ കഫത്തോടുകൂടി കോപിച്ചാൽ ശൂലം ശോഫം ശരീരസ്തംഭം ദണ്ഡകം എന്ന വാതരോഗം ഇവ ഉണ്ടാകും.

തച്ചികിത്സാ.

ശതാവരിക്കഷായത്തിൽ ശതാവരിക്കിഴങ്ങു കല്ക്കമായി നാലിടങ്ങഴിപ്പാലുംചേർത്തു എട്ടിടങ്ങഴിനെയ്യ് കാച്ചി സേവിക്കുക; ഇതു ശുക്ലത്തെയും മാംസത്തെയും വർദ്ധിപ്പിക്കുന്നതും വാതത്താൽ ഉണ്ടായ പല രോഗങ്ങളെയും വിശേഷിച്ച് കഫത്തോടുകൂടി സകലദേഹത്തിലും വ്യാപിച്ചിരിക്കുന്ന വിഷമമായ വ്യാനവായുവിന്റെ കോപത്തെയും നശിപ്പിക്കുന്നതും ആകുന്നു.

രസഗതവാതം.

ത്വഗ്രൂക്ഷാസ്ഫുടിതാകൃശാസിതതരാസുപ്താസതൃത്തുദ്യതേ
രാഗേണാപിസമന്വിതാച സരുജാവാതേത്വചിതദ്ഗതേ
മർദ്ദ്യംസ്നേഹമഥോത്രവൈധവിഹിതാഃസ്വേദാൻപ്രകുർയ്യാത്സ്ഫുടം
താനഗ്രേപ്രവദാമിവൈദ്യധരണീപാലൈരലംവർണ്ണിതാൻ.

വായു രസധാതുവിൽ വ്യാപിച്ചുകോപിച്ചാൽ ത്വക്ക് രൂക്ഷമായും വിണ്ടുകീറിയും കൃശമായും കൃഷ്ണവർണ്ണമായും മരവിച്ചും ഇരിക്കും. ഇടയ്ക്കിടെ കുത്തിനോവുണ്ടാകയും ചെയ്യും. ചുമപ്പും വേദനയും കൂടി ഉണ്ടാകയോ ചെയ്യും. ഇവിടെ "ത്വഗ്ഗതേ" എന്നതിന് ത്വക്ക് രസധാതുവിനെ മറച്ചിരിക്കുന്നതാകയാൽ 'രസഗതേ' എന്ന് അർത്ഥം ധരിച്ചുകൊള്ളണം. ഇതിങ്കൽ എണ്ണതേച്ചുതിരുമ്മുക വിയർപ്പിക്കുക ഇവ ചെയ്യണം. വിയർപ്പിക്കുന്നതിനുള്ള വിധി അടുത്തുതന്നെപറയുന്നു.

രസഗതവാതചികിത്സ.

രാസ്നൈരണ്ഡസ്യമൂലാമലകതിലയുതൈ-
രഷ്ടവർഗ്ഗേണശുണ്ഠ്യാ
മാംസൈരാനൂപസംജ്ഞൈരമ്ലിസിപടുസുരസൈ-
രമ്ലകൈസ്സ്നേഹജാതൈഃ
ഗോധൂമൈശ്ചണകൈസ്തിലൈശ്ച ഭിഷക്പാചി-
തൈർമ്മാഷബീജൈർ-
ഗോകണ്ടൈസ്ത്യത്തഹോമാസമമഖിലവരൈ-
സ്സാലപർണ്ണീകീർത്തിതോയം.

അരത്ത വെളുത്താവണക്കിൻവേര് നെല്ലിക്ക എള്ള് അഷ്ടവർഗ്ഗം (ജീവകം ഇടവകം മേദ മഹാമേദ കാകോളി ക്ഷീരകാകോളി ഋദ്ധി വൃദ്ധി) ചുക്ക് ആനൂപമാംസങ്ങൾ ചതകുപ്പ ഉപ്പുരസങ്ങൾ പുളിവർഗ്ഗങ്ങൾ എണ്ണകൾ ഗോതമ്പ് മാതളനാരകത്തില ഉഴുന്ന് ഞെരിഞ്ഞിലു് അകത്തിയില ഇവയെല്ലാം കൂടി വെള്ളത്തിൽ ഇട്ടു വെന്തു വിയർപ്പിക്കുക; ഇതിന് "ശാലപർണ്ണ"പോട്ടലീസ്വേദം എന്നുപേർ.

രക്തഗതവാതം.

തീവ്രാരുജശ്ചാരുചിരേവ കാർശ്യം
ചാരൂംഷി ഭുക്തസ്യ ച സംഭവന്തി
സ്തംഭസ്സ വൈവർണ്യമസൃഗ്ഗതേഹി
വാതേ വിശേഷാൽ ബഹുശീതലേപാൻ.

വായു രക്തത്തിൽ വ്യാപിച്ചു കോപിച്ചാൽ കഠിനവേദന; അരുചി, കാർശ്യം, വ്രണങ്ങൾ, വിവർണ്ണത (നിറക്കേറവു്) ഭക്ഷണംകഴിച്ചാലുടനെ ശരീരസ്തംഭം ഇവ സംഭവിക്കും. ഇതിനു ശീതളങ്ങളായ ദ്രവ്യങ്ങൾ അരച്ചു ലേപനം ചെയ്യണം.

രക്തഗതവാതചികിത്സ.

അസൃഗ്ഗതേ സദാഗതൌ വിരേകമാശു കാരയേൽ
തതസ്സിരാവിമോക്ഷണം ചകാരയേദസംശയം.

രക്തത്തിൽ വ്യാപിച്ചു കുപിതനായ വായുവിന്റെ ശമനത്തിനായിട്ട് അത്യമായി വയറിളക്കണം. അതിനുശേഷം അട്ടയെക്കൊണ്ടു രക്തം കളയുകയും വേണം.

വേറൊരുയോഗം.

ഹരനയനമഥവാസുശംഖിനീ ത്രിഫലാ കടുരോഹിണീസംഗതന്തിനീ
കഥിതമല്പതമലംസുധാത്തൃവൃദ്ധിതോയൈഃ പരിപാചിതം നരഃ
അപനയതി പിബൻ വിരേചനാന്നിയതം വായുഗതം ച രക്തഗം.

രുദ്രാക്ഷം ശംഖുപുഷ്പത്തിൻവേര് ത്രിഫല വിഴാലരി നാഗദന്തിവേര് ഇവ കഷായംവെച്ചു അതിൽ അരിച്ച ത്രികോല്പക്കൊന്ന ഇവ അരച്ചുകലക്കി തൈരിൻവെള്ളവും ചേർത്തു കാച്ചി എടുത്ത നെയ്യ സേവിച്ചാൽ നല്ല വിരേചനം ഉണ്ടാകും. അതുനിമിത്തം നിശ്ചയമായും രക്തഗതമായ വാതം ശമിക്കയും ചെയ്യും.

മാംസഗതവാതം.

ദണ്ഡമുഷ്ടിനിഹതം യഥാ തഥാ
തുദ്യതേങ്ഗമഖിലം തഥാ ഗുരു
സ്തബ്ധമാശ്രുഗവരേ ച മാംസഗേ ൯൩
ജായതേസ്തിമിതമേവ വാ യഥാ.

അംഗത്തിൽ എല്ലായിടവും വടികൊണ്ടോ മുഷ്ടികൊണ്ടോ അടിച്ചാലെന്നവിധം വേദന, ഗൌരവം, സ്തബ്ധത ദേഹമിളക്കാൻ വയ്യായ്ക ഇവ മാംസത്തിൽ പ്രാപിച്ചു കോപിച്ച വായുവിന്റെ ലക്ഷണമാകുന്നു.

മാംസഗതവാതചികിത്സ.

ദശമൂലകം മാഷമഥോ ദശാംഘ്രി
തുലാർദ്ധമന്യാർദ്ധമലംബലായാഃ
മൂലം ബലാർദ്ധീകൃതകേതകീനാം
ദക്ഷസ്യമാംസം ത്രയഥികം ച ത്രിംശൽ ൯൪
ഗ്ലൌവം പലം തദന ഫണിങ്കിമാ ച പഞ്ച-
വിംശൽ പലം തുലിതമാ ച ജലദ്രോണേ
സമ്പാച്യ പാദാവഹിതേന ച തേനതൈല-
പ്രസ്ഥം ചതുർഗ്ഗുണപയോദധിലജ്ജീവനീയൈഃ. ൯൫

അഷ്ടവർഗ്ഗൌഷധീഭിരരുണാമഞ്ജിഷ്ഠാ-
രുഞ്ചുകരാസ്നാമഗധാശഠീഭിഃ
ശതാവരീമുസ്തകകുഷ്ഠരാത്രി- ൯൬
[illegible]

ഉഗ്രാ യവാനീ മാഗധാംഘ്രിമാഷ
ത്രപാശഗന്ധാലവണാത്രയൈശ്ച
സിംഹീയുഗേനാപി പുനർന്നവായാ
മൂലേന തദ്വന്മധുകേന സമ്യക്. ൯൭
സുപുഷ്ടൈരെശ്ച ക്ഷമിതൈഃ സമസ്തൈ-
ർവ്വിപാചയേദ്വൈദ്യവരസ്സയുക്ത്യാ
ഹനുഗ്രഹേ മന്ദശ്രുതൌ കഫേ ച-
ഗാത്രസ്യ സർവ്വസ്യ ച പക്ഷഘാതേ. ൯൮

കലായഖഞ്ജേ ഖല്വ കർണ്ണനാദേ
ബാധിര്യകുബ്ജാഢ്യഗദേഷ്വപബാഹൌ
ദണ്ഡാപതാനേഷ്വണ്ഡഗവൃദ്ധിരോഗേ
വിശ്വാചികായാമപി വാതരക്തേ. ൯൯

അന്ത്രപ്രവൃദ്ധൌ ച പ്രസൂതികാനാം
രോഗേഷു മാംസാദിഷു സംഗതേഷു
സേവ്യം സദാ മാംസബലാഗ്നിവൃദ്ധ്യൈ
തച്ച്യം ച വീര്യപ്രദമാശു തൈലം. ൧൦൦

ഉഴുന്നു രണ്ടിടങ്ങഴി ദശമൂലം പലം അൻപത്ത് കുറുന്തോട്ടിവേര പലം ൨൫ പൂക്കൈതവേര പലം പന്ത്രണ്ടര കോഴിമാംസം പലം മുപ്പത്തിമൂന്ന് ശതാവരിക്കിഴങ്ങ പലം ഇരുപത്തഞ്ചു എല്ലാംകൂടി മുപ്പത്തിരണ്ടുഇടങ്ങഴി (നൂററിരുപത്തെട്ട ഇടങ്ങഴി ചേർത്തുകൊള്ളണം.) വെള്ളത്തിൽ കഷായംവെച്ചു എട്ടു ഇടങ്ങഴി (മുപ്പത്തിരണ്ടുഇടങ്ങഴി) യാക്കി നാലിടങ്ങഴി പാലുംചേർത്തു അഷ്ടവർഗ്ഗം, അതിവിടയം നായ്ക്കുരുണപ്പരിപ്പു വെളുത്താവണക്കിൻവേര അരത്ത തിപ്പലിമരക്കച്ചോലം ശതാവരിക്കിഴങ്ങ് മുത്തങ്ങാക്കിഴങ്ങ് കൊട്ടം മഞ്ഞൾ മരമഞ്ഞൾ കമ്പിൾവേര് ചുക്ക് വയമ്പ ജീരകം തിപ്പലിവേര് ഉഴുന്ന് നല്ലമുളക് അമുക്കിരം ഉപ്പുമൂന്നും (വിളയുപ്പ് ഇന്തുപ്പ് തുവച്ചിലയുപ്പ്) കറുത്തചുണ്ടവേര് വെളുത്തചുണ്ടവേര് തഴുതാമവേര് ഇരട്ടിമധുരം പുഷ്കരമൂലം ഇവ മുമ്മൂന്നുകഴഞ്ചു അരച്ചു കലക്കി എട്ടങ്ങഴിഎണ്ണയുംചേർത്തു കാച്ചിഅരിച്ചു വെയ്ക്കുക; ഇതിനെ വൈദ്യൻ യുക്തി അനുസരിച്ചു പ്രയോഗിക്കണം. എന്നാൽ ഹനുഗ്രഹം ചെവിക്കു മന്ദത കഫരോഗം സർവ്വാംഗവാതം പക്ഷവധം കളായഖഞ്ജം എന്ന വാതരോഗം കർണ്ണനാദം (ചെവിമൂളുക) ചെവി കേൾക്കായ്ക കുബ്ജവാതം അപബാഹുകം ദണ്ഡാപതാനം അണ്ഡവൃദ്ധി വിശ്വാചിക വാതരക്തം അന്ത്രവൃദ്ധി പ്രസവിച്ചവർക്കുള്ള രോഗങ്ങൾ ഇവ ശമിക്കും. ഈ തൈലം സേവിച്ചാൽ മാംസം ബലം അഗ്നി ഇവ

യ്യു വർദ്ധനയുണ്ടാകും. തൊലിക്കു തെളിച്ചം വരും. ശുക്ലവൃദ്ധികര വുമാണ്.

മേദോഗതവാതം.

ഗ്രന്ഥീൻ പ്രകുര്യാൽഛല്യ മന്ദപീഡാൻ
വ്രണാംശ്ച മേദോഗതശ്ച വായുഃ
മേദോഗതേ ഹന്തഹേതവേ തു
വിരേചനം വാതനിബർഹണം വാ. ൨൦൧

വായു മേദസ്സിനെ പ്രാപിച്ച് കോപിച്ചാൽ വേദനകുറഞ്ഞ മുഴകൾ വ്രണങ്ങൾ ഇവ ഉണ്ടാകും. മേദോഗതവാതത്തിന്റെ ചികിത്സ പോലെ മേദോഗതവാതത്തിനും വിരേചനം ചെയ്യണം. അല്ലെങ്കിൽ വസ്തിയായാലും മതി.

പ്രസാരിണീതൈലം.

പ്രസാരിണീപീഠശിരോദശാംഘ്രി-
തുലാംപ്രലേപട്ട് ദ്രോണയുഗേജലേ വിരി.
നീരേവശിഷ്ടേഛല്യ തത്തുപാദേ
തൈലാഢകം ചാപി ചതുർഗ്ഗുണേന. ൨൦൨
ദുഗ്ദ്ധേന ദുഗ്ദ്ധേന ച തത്ര ദദ്യാ-
ത്തസ്യാഽർദ്ധഭാഗേന ച കാഞ്ജികേന
ഗ്രന്ഥ്യഘ്രിസിന്ധൂത്ഥപ്രസാരിണീനാം
പലപ്രമാണാനമിതം ച തദ്വൽ. ൨൦൩
ക്ഷാരം സരംഗാ ചവികാഗ്നിമൂലി-
പലം തഥാ ജീവകവർഗ്ഗജാതം
ശുണ്ഠ്യാസ്ത്വചാ ചവ്യ പയസി ത്രിംശൽ
ഭല്ലാതകാനാം ച പ്രസാരിണീനാം ൨൦൪
രസൈഃ പലാനാം ച ശതത്രയേണ
സുവർച്ചലേനാപി പലേന തദ്വൽ
സംസ്കൃത്യ ച സമ്യക് പ്രതാപശ്ലേഷ്മൈർ-
മേദോഗതം വായുഗദം നിഹന്തി. ൨൦൫

പ്രസാരിണി ശതാവരി കിഴങ്ങ് ദശമൂലം ഇവ നൂറീതുപലം ഓരോന്നും നാല ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച് നാലൊന്ന് (൨ ഇടങ്ങഴി) വീതമാക്കി അരിച്ചൊന്നുകൂടി വെള്ളം ഒഴിച്ച് (ഭൈഷജ്യര ത്നാവലിയിൽ നൂറുപലം കുമുകിഴങ്ങ്കൂടി ചേർക്കണം എന്നു കാണുന്നു) നാലിടങ്ങഴി എണ്ണയും എണ്ണയിൽ നാലിരട്ടിപാലും തൈരിൻവെള്ളവും അതിൽ പകുതി കാടിയുംചേർത്ത് കാട്ടുതിപ്പലിവേര് ഇന്തുപ്പ് പ്രസാരിണി ചവക്കാരം ഇവ ഇരണ്ടു പലം മഞ്ചട്ടിപ്പൊടി അ

മുക്കിരം ഇവ ഓരോപലം. ജീവനീയഗണം ഓരോപലം ചുക്ക് ൫ പലം കൊടുവേലിക്കിഴങ്ങ് ൩൦ പലം ത്വക് ചില്ലക്കാരം ൫ പലം ഇരട്ടിമധുരം ൧ പലം ചേർക്കു ൩൦ പലം തുവച്ചിലക്കാരം ൧ പലം ഇരട്ടിമധുരം പലം ഇവ അരച്ചുകലക്കി ൩൦൦ പലം (ഒരു പലം 'കരുതുടമാണ്') പ്രസാരിണിയുടെ രസവും ചേർത്തുകാച്ചി അരിച്ചു ഉപയോഗിക്കുക; മേദസ്സിൽ കോപിച്ചിരിക്കുന്ന വായു ശമിക്കും.

അസ്ഥിഗതവായു.

ഭേദോഽങ്ഗപർവ്വണാംഛല്യ സന്ധിശൂലം
മാംസക്ഷയോ ബലാഹതിസ്സതതം ഹി രുക് ച
അസ്ഥ്യപ്സുഗേഛല്യ ചാസ്ഥിഗതേഹിവാതേ
മജ്ജാഗതേ ചാഭ്യവഹിതമന്തരതശ്ച തൈലം. ൨൦൬

വായു അസ്ഥിയെ പ്രാപിച്ചു കോപിച്ചാൽ മുട്ടുകൾ പിളരുക; സന്ധികളിൽ വേദന മാംസക്ഷയം ബലക്ഷയം സദാസമയവും വേദന ഉറക്കമില്ലായ്ക ഈ ലക്ഷണങ്ങൾ കാണും. അതിന്റെ ശമനത്തിനായി ഉള്ളിൽ എണ്ണ സേവിക്കയും ദേഹത്ത് എണ്ണ തേക്കുകയും ചെയ്യണം. വായു മജ്ജയിൽ പ്രാപിച്ചു കോപിച്ചാലും ഈ ലക്ഷണംതന്നെ. അതിനാൽ അതിന് ഈ ക്രിയകൾചെയ്താൽ മതിയാകും.

× കേതകീതൈലം.

യൽകേതകീനാഗബലാബലാനാം
രസേന തദ്വച്ച ചതുഷ്ഷോഡശേന
തൈലം സുസിദ്ധം ഛല്യ ചാസ്ഥിഗത-
വാതം നിഹന്യാൽ ബഹിരന്തരാ ച. ൨൦൭

പൂക്കൈതവേര് ആനക്കുറുന്തോട്ടിവേര് കുറുന്തോട്ടിവേര് ഇവ കഷായംവച്ച് ഈ മരുന്നുകൾതന്നെ കല്ക്കമാക്കി ഉമി കളയാതെയുള്ള യവംകൊണ്ടുണ്ടാകിയ കാടിയുംചേർത്തു എണ്ണകാച്ചി സേവിക്കയും ദേഹത്തു തേക്കുകയും ചെയ്താൽ അസ്ഥിഗതവാതം ശമിക്കും.

മജ്ജാഗതവാതം.

പീഡാനശാമ്യതി ദാപി ച മജ്ജഗേപി
വായൌ പ്രസേവ്യമഥ ഗുല്ഗുലുമേവനിത്യം
വ്യോഷാഗ്നിഗ്രന്ഥികശിവാജരണദ്വയൈ
ശ്ചവ്യായവാനിവചവദ്ഗുജചരാഗഗന്ധ്യാ. ൨൦൮
ക്ഷാരൌ പടൂനിസകലംച സമംഹിതാഭി-
സ്തുല്യഃപുരോഽത്രപരവേതസമദ്ധപാദം
സർവ്വംഗുടീകൃതമിദം തു വിധാനപൂർവ്വം
ശ്രീകാലപാശഹരപൂജിതയോഗനിംസ്ഥം. ൨൦൯

സന്ധ്യാദിമജ്ജാഭിഗതഞ്ച വാതം
സാമേ ഗുടീവഹ്നിവിവർദ്ധനീയം
ഭഗന്ദരാർശ്ശ്യം പ്രകരോതി നിത്യം
സ്വായംഭുവോ ഗുല്ഗുലുരേഷനാമ്നാ.

വായു മജ്ജാഗതമായി കോപിച്ചാൽ അസ്ഥിഗതവാതത്തിന്റെ ലക്ഷണങ്ങൾ എല്ലാം കാണും. വിശേഷിച്ച് പീഡയ്ക്ക് ഒരിക്കലെ ശമം ഉണ്ടായിരിക്കയില്ല. ഇതിന്ന താഴെപ്പറയുന്നതായ ഗുല്ഗുലു നിത്യവും സേവിക്കണം.

സ്വായംഭുവഗുല്ഗുലു.

ചുക്ക മുളക തിപ്പലി കൊട്ടോലികിഴങ്ങ കാട്ടുതിപ്പലിവേര് കടുക്ക ജീരകം കരിഞ്ജീരകം കാട്ടുമുളക കൊടിവേര് കുറാശാണി വന്പ് കാർപോകിരി അട്ടനാറിവേളവേര ചവക്കാരം തുവച്ചിലക്കാരം ഉപ്പുകൾ ൫ം ഇവ എല്ലാം സമഭാഗം. എല്ലാം കൂടിയിടത്തോളവും ശുദ്ധിചെയ്ത ഗുൽഗുലു തെളിഞ്ഞാമ്പുളിക്കിഴങ്ങ് ഗുൽഗുലുവിന്റെ എട്ടിലൊരംശം എല്ലാമൊന്നിച്ച് ശാസ്ത്രവിധി അനുസരിച്ച ഗുളികയാക്കി സേവിക്കുക; ഇത് വളരെ ദിവ്യമായ ഒരു യോഗമാണ്. സേവിച്ചാൽ സന്ധികളിലും അസ്ഥികളിലും മജ്ജയിലും കോപിച്ചിരിക്കുന്ന വായു ശമിക്കും. ഭഗന്ദരമുണ്ടെങ്കിൽ അതു നശിച്ച് അഗ്നി വർദ്ധിക്കും. ഒ-വിവിനെ ദ്വയ...ക്കും. ഈ ഗുല്ഗുലുവിന്നു സ്വയംഭുവഗുല്ഗുലു എന്നാണ് പേർ.

ശുക്ലഗതവാതം.

ക്ഷിപ്രംമുഞ്ചതിവീർയ്യമേവ ബഹുധാ ചൈച്ച തദ്വൈകൃതിം
കുര്യാല്ലേപയുതാന്നപാനമസൃക് ശുക്ലസ്ഥവായുർദ്ധ്രുവം
ഗർഭസ്യാപിച വൈകൃതിം ച ജനയേത്തന്നാശനംബ്രൂമഹേ
ക്ഷീരസ്യാദകമാത്രമത്രവിനിഹിതം വസ്ത്രാദിപ്രസ്ഥദ്വയം. ൨൫

ആർദ്രോദ്ഭൃതമഥോഹിപ്രസ്ഥകമിതംതൈല-
ന്ത്യപ്രസ്ഥോ...
നാംസീചന്ദനദാരുചന്ദ്രികാനത്രൈരോ-
ബന്ധശൈലേയകൈ
മൂർവ്വാസൈന്ധവനാഗരാംശുമതികാഗോപീ-
ദ്രാക്ഷാശ്ശോഷണൈ-
രാസ്നാഹ്വോടകഗന്ധികാശടിമിസീകഷൈർ-
ബലൈലാദിഭിഃ.

സിദ്ധം സാർഷപതൈലമേതദുദിതംപീതം ഹി മാശ്യമായ ഭേസത്തോട്ട ധാതുസ്ഥംഗളനിഗ്രഹം ഹനുഗതം മന്യാഗ്രഹകമുണ്ടാക്കണം. യുകബ്ജതാംഗളഗണ്ഡകം പ്രണഗരാൻ പംഗുത്വവ... പാമാദദ്രുവിചർച്ചികാ ഭ്രമ ...മാദാ ... വീശ്രവ് ...താൻ.

ശൂലാനി സപ്തദിവിഷാണിമൂർമരാ-
വാതാസ്രവൃദ്ധ്യണ്ഡസമൂഢഗർഭാൻ
വന്ധ്യാത്വരോഗാൻഖിലാനവശ...ശ്യം
വിനാശയത്യേനിഗദാന്... ...മസ്താൻ. ൨൬
കാമലാമസ്വ...ഹത... ...വെദ്യദാത്ര-
രോഗദാരി... ...ൽസകലാമ...
വാല്ധ... ...ഇപ്പിച സുപൈ...കാരി
ശുക്... ...വൃദ്ധി ബലസംസ്മൃതിസാരി. ൨൭
...പനനോൽപാടവ ഗ്രാ...ണേ-
...ഷധവൈപാനേപി...യേമന്ത്രാഃ.
ഹരിഹരഹരിഭിരുദിതാ-
സ്താൻവക്ഷ്യത്രഗുണാഢ്യാ. ൨൮

മന്ത്രം.

ഓംനാരായണായസ്വാഹാ ഇന്ദ്രാത്മ...ശാഭി...പദിരശംകനാ...പനേൽ. ഓംശതാവരീഔഷധീസ്വാഹാ ഓംസർവ്വാശനായനീയേ...സ്വാഹാ (ഇതൊക്കെ പാനമന്ത്രം) ...ദീമിവ...ീയേസ്വാഹാ ഇ...കാഴ്മകൃമന്ത്രം.)

...പഴകിയ ...ശുക്ലത്തെ പ്രാപിച്ച കോപിച്ചാൽ ശുക്ലം വേഗത്തിൽ ...പോകും. അല്ലെങ്കിൽ പോകാതിരിക്കും. ശുക്ലം ദുഷിക്കും. ...പല വികാരങ്ങളുമുണ്ടാകും. അന്നപാനാദികളിൽ പലപ്രാ...ർ രോമാഞ്ചമുണ്ടാകും. സ്ത്രീകൾക്കാണെങ്കിൽ ഗർഭസ്രാവം പ്ര...ഗർഭസ്തംഭം മുതലായ ഉപദ്രവങ്ങളെ ചെയ്യും. അതിന്റെ നാശ...ത്തിനുള്ള ക്രിയയാണ് അടുത്തു പറവാൻപോകുന്നത്.

സിദ്ധാർത്ഥതൈലം.

പാല് നാഴിടങ്ങഴി, ശതാവരിയുടെനീര് രണ്ടിടങ്ങഴി, ഇഞ്ചി...ര് ഒരിടങ്ങഴി, ഇവ യോജിപ്പിച്ച അതിൽ മാഞ്ചി ചന്ദനം ദേവ...രം ഓരിലവേര് തകരം വെള്ളത്താവണക്കിൻവേര് ചേലേയം ...ചരങ്കുരുമ്പവേര് ഇന്തുപ്പ് ചുക്ക് മൂവിലവേര് നറുനീണ്ടിരണ്ടും ...ല്ലമുളക് അരത്ത അമുക്കുരം കച്ചോലം ചതകുപ്പ കുറുന്തോട്ടിവേര് ...ത്തരി ഇവ ൩-൩- കഴഞ്ചുവീതം അരച്ച കലക്കി ഒരിടങ്ങ...ച്ച സേ...

സന്ധ്യസ്കാച്ചി എടുത്തു സൂക്ഷിക്കുക, ഈ തൈലത്തിന് സാമേന്ദ്രം എന്നുപേർ. ഇത് ശരാസം ഉപയോഗിച്ചാൽ ഭഗന്ദര വാതോപദ്രവങ്ങൾ, ഗളനിഗ്രഹം, ഹനുഗ്രഹം, ന്യം (ഞരമ്പുപിടിത്തം) കണ്ഠജതം ഗളഗണ്ഡം വ്രണം ചൊറിചിരങ്ങു മുതലായ ത്വഗ്രോഗങ്ങൾ, വിഷം പംഗുത്വം കമ്പം ജ്വരം തലകറക്കം, മേഹം അപസ്മാരം എന്ന വാതരോഗം ഗുല്മം ശൂലം സപ്പാദിവിഷം രക്തവാതം അണ്ഡവൃദ്ധി, മൂഢഗർഭം, ഗർഭമേൽക്കായ്ക, യോനിരോഗങ്ങൾ, പിത്തകാമല, നേത്രരോഗം, മൂത്രകൃച്ഛ്രം, ശുക്ലവൃദ്ധി ലായ സകല രോഗങ്ങളും നശിക്കും. പുത്രലാഭമുണ്ടാകും. ഈ തൈലത്തിന് അല്പമായി പ്രധാന മൂലികയായ ശതാവരി പറിച്ചെടുക്കണം. അതു പറിച്ചെടുക്കുമ്പോഴും മന്ത്രം ഉച്ചരിക്കേണ്ടതുണ്ട്. അതുപോലെ തൈലം പാനം ചെയ്യുമ്പോഴും മന്ത്രോച്ചാരണം ആവശ്യമാണ്. ആ മന്ത്രങ്ങൾ അടിയിൽ കാണിക്കുന്നു. ഓം നാരായണായസ്വാഹ എന്നു ജപിച്ചു വടക്കോട്ടുതിരിഞ്ഞുനിന്ന് കരിഞ്ഞാലി കരികൊണ്ടുവേണം ശതാവരി കിളയ്ക്കാൻ. ഓം ശതാവരി ഔഷധി സ്വാഹ ഓം സർവ്വാശാസാധനീയേ സ്വാഹ എന്നു ജപിച്ചുകൊണ്ട് പറിച്ചെടുക്കണം. ഓം കുമാരീമീവനീയേസ്വാഹ എന്ന് ജപിച്ചുകൊണ്ടു കുടിക്കണം.

കോഷ്ഠഗതവാതം.

കോഷ്ഠാശ്രിതേ ദുഷ്ടസമീരണേ ച
വിനിഗ്രഹഃ സ്യാന്മലമൂത്രയോശ്ച
ഗുല്മാർശസാം ബ്രധ്നഗദസ്യപാർശ്വ-
ശൂലസ്യ ഹൃദ്രോഗസമുദ്ഭവശ്ച. ൧൦൮

സ്ഥാനാനി ചാമാഗ്നിവിപാചിതാനി
മൂത്രാസ്രയോർയാനി ച താനി വൈദ്യഃ
ഹൃദ്വസ്തിപക്വാശയകോഷ്ഠസംജ്ഞാ-
ന്യുക്താന്യതോ ഽപി വിശേഷകാനി. ൧൦൯

കോഷ്ഠത്തെ പ്രാപിച്ചാൽ മലമൂത്രങ്ങൾ ദുഷിച്ചിരിക്കുന്ന വായു കോഷ്ഠത്തെ പ്രാപിച്ചാൽ മലമൂത്രങ്ങളുടെ തടവ് ഗുല്മം അർശസ്സ് അന്ത്രവൃദ്ധി വാരിപ്പുറത്തു വേദന ഹൃദ്രോഗം ഇവയുണ്ടാകും. ആമാശയം അഗ്ന്യാശയം പാചനാശയം മൂത്രാശയം രക്താശയം ഇവയെല്ലാമാണ് കോഷ്ഠം. ഹൃദ്രോഗം പക്വാശയം ഇത്യാദി ശബ്ദങ്ങൾ കോഷ്ഠത്തിന്റെ പര്യായങ്ങളാണ്.

പാചനീയരസയുക്തൈരന്നൈഃ പാചയേദിഹ മലാനി സുയോഗൈഃ
വ്യദ്ധശ്ചമദ്ധ്യേന യുക്ത്യാ കോഷ്ഠഗേഷു ചലവാതഗദേഷു.

കോഷ്ഠഗതമായ വാതത്തിന് പാചനയോഗ്യമായ രസത്തോടുകൂടിയ യോഗങ്ങൾകൊണ്ട് ദോഷങ്ങൾക്ക് പാകമുണ്ടാക്കണം. യുക്തിയനുസരിച്ച് പശ്ചാത്തിൻപാൽ സേവിക്കയും വേണം.

ആമാശയഗതവാതം.

ഹൃൽപാർശ്വോദരനാഭീഷു
തൃഷ്ണോദ്ഗാരവിഷൂചികാഃ
ആമാശയഗതേ വായൗ
കാസശ്വാസാസ്യശോഷതാഃ. ൧൧൦

വായു ആമാശയത്തിൽ പ്രാപിച്ചുകോപിച്ചാൽ ഹൃദയം പാർശ്വഭാഗം ഉദരം നാഭി ഈ സ്ഥാനങ്ങളിൽ വേദന തണ്ണീർദ്ദാഹം തേട്ടൽ (ഏമ്പക്കം) വിഷൂചിക കാസം ശ്വാസം വായ്വരൾച ഇവ സംഭവിക്കും.

തച്ചികിത്സ.

പ്രാഗ്ലംഘനം പാചനദീപനാനി
പ്രച്ഛർദ്ദനം തീക്ഷ്ണവിരേചനാനി
മുദ്ഗായവാശ്ശാലിയുതാഃ പുരാണാ-
സ്ത്വാമാശയസ്ഥേ ത്വനിലേ ഹിതാനി. ൧൧൧

ആമാശയഗതമായ വായുവിന്റെ കോപത്തിന് ആദ്യംതന്നെ ലംഘനകർമ്മം ചെയ്യണം. പാചനദീപനങ്ങളായ ഔഷധങ്ങൾ കൊടുക്കുക, ഛർദ്ദിപ്പിക്കുക, തീക്ഷ്ണവിരേചനം ചെയ്യുക, ഇവയും പഴകിയ ചെറുപയറ് യവം ചെന്നെല്ല് ഇവയും ഹിതങ്ങളാണ്.

വേറൊരുയോഗം.

പൂതീകപുഷ്കരശടീ ചിത്രകീഭിഃ പ്രപാചിതം
ദാരുവില്വാമൃതാശുണ്ഠ്യഃ പാചിതാസ്തൈല വാഹി. ൧൧൨

ആവിത്തൊലി, പുഷ്കരമൂലം കച്ചോലം കടുക്കാത്തോട് ഇവ കൊണ്ടും; ദേവതാരം കൂവളത്തിൻവേര് അമൃത് ചുക്ക് ഇവകൊണ്ടുമുള്ള കഷായം ആമാശയഗതവായുകോപത്തിന് ഹിതമാണ്.

ഉഗ്രാമൃതാമാഗധികാവിഷാണാം
ക്വാഥത്രയം യുഗ്മവിവർണ്ണിതം ച
വിശേഷതസ്സാമസമീരണേഽപ്പം
പീതം ത്വസദ്ധ്യോമഗദാപഹാരി. ൧൧൩

വയമ്പ് അമൃത് തിപ്പലി അതിവിടയം ഇവ കഷായം വച്ചു സേവിച്ചാലും ആമവായുകോപവും ദഹനക്കേട്ടും നശിക്കും. ഇങ്ങ

ന്നെ മുൻശ്ലോകത്തിലെ രണ്ടുയോഗവും ഈ ശ്ലോകത്തിലെ ഒരു യോഗവും ഉൾപ്പടെ മൂന്നുയോഗം ഇവിടെ കാണിക്കപ്പെട്ടു.

പക്വാശയഗതവായു.

പക്വാശയസ്ഥേ തു അനിലേ ത്വന്ത്രകൂജ-
മാടോപശൂലത്രികവേദനാസ്സ്യുഃ
വിൺമൂത്രകൃച്ഛ്രത്വമഥോത്രിത്വ-
മാനാഹരോഗോപി ചതച്ചികിത്സാ. ൨൨൫

വായു പക്വാശയത്തിൽ കോപിച്ചാൽ കുടലിരച്ചുക വയററിൽ പൊട്ടുപൊടെ പൊട്ടുക, വയററിൽ വേദന നട്ടെല്ലിനുവേദന മലവും മൂത്രവും പണിപ്പെട്ടുപോകുക വയറുവീർപ്പ് ഇവ സംഭവിക്കും. ഇതിൻെറ ചികിത്സയാണിനിപ്പറയുന്നത്.

പക്വാശയഗതവായു ചികിത്സ.

അഗ്നിസന്ദീപനം യദ്യദ്യദുദാവർത്തരോഗഹൃൽ
സ്വേദസ്നേഹവിരേകാദീൻ കുര്യാൽപക്വാശയംഗതേ.

പക്വാശയത്തിൽ കുപിതനായ വായുവിൻെറ ശമനത്തിനായിട്ട് അഗ്നിസന്ദീപനമായും ഉദാവർത്തരോഗത്തെ നശിപ്പിക്കുന്നതായും ഉള്ള ഔഷധത്തെ പ്രയോഗിക്കണം. സ്വേദം സ്നേഹം വിരേചനം മുതലായ ശോധനക്രിയകളും ചെയ്യണം.

ക്ഷാരം ചൂർണ്ണാദികം വഹ്നേർദീപനം വഹ്നിരോചകൈഃ
കോഷ്ണെർക്കടജബ്ബീജൈശ്ച പക്വാശയഗതാമയേൽ. ൨൨൬

വായു പക്വാശയത്തിൽ കോപിച്ചാൽ അഗ്നിവൃദ്ധികരമായ ക്ഷാരവും ചൂർണ്ണവും പ്രയോഗിക്കാം. കൊടുവേലിക്കിഴങ്ങ് ചുക്ക് കടകപ്പാലയരി ഇവപൊടിച്ച് ചൂടുവെള്ളത്തിൽ കലക്കി കുടിക്കുകയുമാകാം.

ഗുദഗതവായു.

വിൺമൂത്രവാതഗ്രഹണം സശൂല-
മാദ്ധ്മാനമശ്മാദിസശർക്കരത്വം സ്യുഃ
ജംഘോരുപാർശ്വത്രികപൃഷ്ഠകാംസ-
രോഗാശ്ച പായൗ കുപിതേഽനിലേഽതി. ൨൨൭

വായു ഗുദത്തിൽ ആശ്രയിച്ച് കോപിച്ചാൽ മലമൂത്രം അധോവാതം ഇവയുടെ തടവ് വയററിൽവേദന വയറുവീർപ്പ് അശ്മരി കല്ലടപ്പ് ഇവയും കണങ്കാല് തുട പാർശ്വഭാഗം നട്ടെല്ല് പുറം തോള് ഈ സ്ഥാനങ്ങളിൽ വേദനയും സംഭവിക്കും.

ഗുദഗതവായുചികിത്സ.

വാതേ പായുഗതേ ഹി വൈദ്യധരണീപാലേന കാര്യം തഥോ-
ദാവർത്തോക്തവിധാനമേവ ത്രികടുവ്യോമത്രിവൃദ്ദന്തിഭിഃ
പാഠാഖ്യാലീജടയാ ഗുഡേന ച സമോദേയശ്ച പായൗഗതേ
വായൗ യോഗവരഃ പ്രഭാതസമയേ ഭോക്തും ഹിതസ്സർവ്വദാ. ൨൨൮

വായു ഗുദത്തിൽ കോപിച്ചാൽ വൈദ്യവര്യൻ ഉദാവർത്തചികിത്സയെ ചെയ്യണം. അതുകൂടാതെ ചുക്ക മുളക തിപ്പലി കൊടുവേലിക്കിഴങ്ങ് ത്രികോല്പക്കൊന്ന നാഗദന്തിവേര് തിപ്പലിവേര ഇവ സമം പൊടിച്ച് ശർക്കരയിൽ കുഴച്ച് പ്രഭാതസമയത്തിൽ സേവിക്കുകയും ചെയ്യാം.

ബലാഗ്നിവഹ്നിവർദ്ധനോ ഗുഡാഷ്ടകസ്മൃതോ ഹി സഃ
സഗുല്മശോഷപാണ്ഡുരുഗ്ഗുദംഗതേഽനിലേ ഹിതഃ. ൨൨൯

മുൻപറഞ്ഞ യോഗത്തിനു ഗുഡാഷ്ടകമെന്നു പേരാണ്. ഇതു ബലത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. ഗുദഗതവാതത്തെ ശമിപ്പിക്കുന്നതുകൂടാതെ ഗുല്മം ശോഷം പാണ്ഡുരോഗം ഇവയ്ക്കും കൊള്ളാം.

ശ്രോത്രാദിഗതവാതം.

ശ്രോത്രാദികേന്ദ്രിയഗതോ വിദധാതി ക്രുദ്ധോ
വായുസ്തദിന്ദ്രിയവധം നഹി ചിത്രമത്ര
സ്നേഹാവഗാഹപരിമർദ്ദനലേപനാനി
കുര്യാദതന്ദ്രിതമതോ വിവിധൗഷധാനി. ൨൩൦

വായു ചെവി മുതലായ ഇന്ദ്രിയങ്ങളെ ആശ്രയിച്ചു കോപിച്ചാൽ അതതിന്ദ്രിയങ്ങൾക്ക് ഗ്രഹണാദിസാമർത്ഥ്യം ഇല്ലാതാകും. ഇതിനു സ്നേഹം അവഗാഹം തിരുമ്മൽ ലേപനം മുതലായവയും പല ഔഷധങ്ങളും ജാഗ്രതയോടുകൂടി ചെയ്യണം.

മന്യാഭ്രൂശംഖനാസാശ്രവണമുഖരദബ്രഹ്മരന്ധ്രാന്തതാലു-
മൂർദ്ധാനേത്രോത്ഥരോഗാനപി ച സകലഗദാൻ നാശയേച്ചാപി പീതാ.
ദിങ്മൂലക്വാഥയുക്താഹരനയനഫലാഖ്യാ ത്വയുക്താഥ തദ്വൽ
പാഠ്യോലീചൂർണ്ണയുക്താ ശമയതി സഹസാ വായുരോഗാനനേകാൻ.

പിടരിഞ്ഞരമ്പ് പുരികം ചെന്നി ചെവി മുഖം പല്ല് ബ്രഹ്മരന്ധ്രം അണ്ണാക്ക് ശിരസ്സ് കണ്ണ് ഈ സ്ഥാനങ്ങളിൽ ഉണ്ടാകുന്ന രോഗങ്ങൾക്ക് ദശമൂലവും ത്രിഫലയും കൂടി കഷായംവെച്ച് അതിൽ തിപ്പലിപ്പൊടി മേമ്പൊടിചേർത്തു സേവിക്കണം. ഈ കഷായം പല വായുരോഗങ്ങളെയും ശമിപ്പിക്കും.

സിരാഗതവാതം.

സിരാഗതശ്ശൂലകരോഫിവാതഃ
കുര്യാൽ സിരാകുഞ്ചനപൂരണാനി
കുബ്ജത്വഖല്വീബഹിരന്തരായാ
വായാമമേവാത്രസിരാംഫിമുഞ്ച്യാൽ. ൨൩൨

വായു ഞരമ്പുകളെ പ്രാപിച്ചു കോപിച്ചാൽ വേദനയുണ്ടാകും. ഞരമ്പുകൾ വളയുകയും വീക്കുകയും ചെയ്യും. കുബ്ജത്വം ഖല്വീ ബഹിരായാമം അന്തരായാമം ഈ രോഗങ്ങളും ഉണ്ടാകും. ഇതിന്നു ഞരമ്പുകീറി രക്തം കളയണം.

സിരാഗതവാതചികിത്സ.

സ്നേഹാഭ്യംഗോപനാഹോപലേപസമ്മർദ്ദനാനി
ക്വാഥൈഃ കൽക്കൈർബലാദ്യൈസ്തൈലമേവാത്രസേവ്യം
കുര്യാദ്രക്തസ്യമോക്ഷം ഛാദിതസ്രോതസാമ്യാ-
സ്സേവ്യം നാഡീഗതേവൈ വാന്യവാതാപഹാരി. ൨൩൩

സ്നേഹം, അഭ്യംഗം, [illegible], തിരുമ്മൽ, ഇവചെയ്ക, കുറുന്തോട്ടിക്കഷായത്തിൽ കുറുന്തോട്ടി കൽക്കമായി കാച്ചിയ തൈലം സേവിക്കുക. ഞരമ്പുകീറി രക്തം കളയുക, വാതനാശകമായ മററു തൈലം സേവിക്കുക; ഈ പ്രയോഗങ്ങൾകൊണ്ടു വായു ഞരമ്പിൽ കോപിച്ചാലുണ്ടാകുന്ന രോഗം ശമിക്കും.

അസ്ഥിസ്നായുഗതവാതം.

ശൂലംകമ്പഃസ്തംഭആക്ഷേപകശ്ച
സ്നായൌവായൌ ജായമാനേഭവന്തി
സ്വേദശ്ചാന്യേവഹ്നികർമ്മപ്രകുര്യാ-
ന്നിത്യം തദ്വദ്ബന്ധനോന്മർദ്ദനാനി. ൨൩൪

വായു ചെറുഞരമ്പിൽ പ്രാപിച്ചു കോപിച്ചാൽ ശൂലം കമ്പം സ്തംഭം, ദേഹം എടുത്തെറിയുക, ഇവ സംഭവിക്കും. ഇതിന്നു സ്വേദം അഗ്നികർമ്മം ഇവയും, നിത്യം വാതഹരദ്രവ്യങ്ങൾ വെച്ചുകെട്ടുക, തിരുമ്മുക ഇവയും ഹിതമാണ്.

സ്നായുഗതവാതചികിത്സ.

കപികച്ഛുശതാവരീബലാ-
സിതവർഷാഭവാമൂലസൈന്ധവൈഃ
അപിരിംഗിണികാതത്രുതൈഃ
സ്വരസൈസ്സമാഷകഷായകൈരപി. ൨൩൫

കടുതൈലമിദംഹിമാഷജൈഃ
ശൃതനീരൈർദശിഗ്രുണൈശ്ചസാധിതം
അപിനസ്യവിധാനവേപനൈർ-
ബഹുധാവാതഗദാൻ വിനാശയേൽ. ൨൩൬

ഉഴുന്നുകഷായത്തിൽ നായ്ക്കുരണവേരു് ശതാവരിക്കിഴങ്ങു് കുറുന്തോട്ടിവേരു് വെള്ളത്തമിഴാമവേരു് ഇന്തുപ്പു് ഇവ കൽക്കമായി ഇരട്ടി കാട്ടുപയറിന്റെ സാറും ചേർത്തു് കാച്ചിയ തൈലം നസ്യംചെയ്കയോ ദേഹത്തു തേക്കുകയോ ചെയ്താൽ പലപ്രകാരത്തിലുള്ള വാതരോഗങ്ങൾ നശിക്കും.

സന്ധിഗതവാതം.

സതതഗതോ യദിസന്ധിഗതശ്ചേ-
ച്ഛ്വയഥുകരോ ബഹുശൂലസമേതഃ
അപിതുനിഹന്ത്യഥ സന്ധിഗണാൻസോ-
നിലവരോദാഹഹതോ വിനിയാതി. ൨൩൭

വായു, സന്ധികളെ പ്രാപിച്ചു കോപിച്ചാൽ വലിയവേദന നീർക്കെട്ടു്, സന്ധികൾക്ക സ്തംഭം വേർപെട്ടു്, മുതലായ പീഡ ഇവയുണ്ടാകും. ആ വായു, സന്ധികളിൽ കൂട്ടിപ്പിടിച്ചാൽ മാറും.

സന്ധിഗതവാതചികിത്സ.

സ്നേഹോപനാഹനമഥോഹി വിദാരികായാ
മൂലം കണാഗ്രന്ധയുതം ഖലുകർഷമേകം
നിർഗ്ഗുണ്ഡികാവരമുഖാച തദൈവതൈലൈർ-
ഭുക്താകടീസിരാസന്ധിഗവാതഹന്ത്രീ. ൨൩൮

സന്ധിഗതവാതത്തിന്നു സ്നേഹം, ഉപനാഹം ഇവചെയ്യണം. കാട്ടുവെള്ളരിവേരു് അരച്ചു തിപ്പലിപ്പൊടിയും ശക്കരയുംകൂടെ ചേർത്തും, കരിനൊച്ചിവേരരച്ചു് തിപ്പലിപ്പൊടിയും ശക്കരയും എണ്ണയും ചേർത്തും മൂന്നു കഴഞ്ചുവീതം സേവിക്കുക; ഇവകൊണ്ടു്, അരക്കെട്ടിലും ഞരമ്പുകളിലും സന്ധികളിലും കോപിച്ചിരിക്കുന്ന വാതം ശമിക്കും.

ഢിംഢിബീവാതം.

ശീതേനേവാകസ്മികോ രോമഹർഷ-
ശ്ചാന്തർവായുസ്സഞ്ചരേദ്വാ പിപീല്യാഃ
തുല്യശ്ശൈത്യോദ്ഭൂതനൈർബല്യജാതോ
വായുശ്ശോക്തോഢിംഢിബീനാമകോയം. ൨൩൯

തണുപ്പുറാലത്തെപ്പോലെ കാരണംകൂടാതെ രോമാഞ്ചം ഉണ്ടാ

കക ഉള്ളിൽ ഉറുമ്പിഴയുന്നതുപോലെ വായു സഞ്ചരിക്കുക; ശൈത്യം ഉണ്ടാവുന്നതിനോടുകൂടി ദാഹമില്ലാതെയും; ഇവ ഡിംഡിണീവാതം കോപിച്ചാൽ ഉണ്ടാകുന്ന ലക്ഷണമാണ്.

ഡിംഡിണീവാതചികിത്സ.

നിഷ്യഹോ ദശമൂലസ്യ പ്രശമയേ-
ഡിംഗ്വാനിതഃ പുഷ്കരൈർ-
വാതം ഡിംഡിണിസംജ്ഞകം
ച ബദ്ധ്വാ പീതോവിശേഷേണ ച.

ദശമൂലവും പുഷ്കരമൂലവുംകൂടി കഷായംവെച്ച് കായം മേമ്പൊടിചേർത്ത് സേവിച്ചാൽ ഡിംഡിണീവാതം ശമിക്കും.

കുക്ഷിഗതവാതം.

വായുഃ കുക്ഷിഗതഃ കരോതി
ബദ്ധ്വാപീഡാംസശബ്ദാംതതഃ
സംചൂർണ്യാഗ്നിജാദികാം
ചമഗധാം സേവേന്മധൂക്താംനരഃ. ൨൭൦

വായു വയററിൽ കോപിച്ചാൽ വയററിൽ പൊട്ടുകയും പലവിധത്തിൽ ഉള്ള പീഡ ഉണ്ടാകുകയും ചെയ്യും. അതിന് അത്തിതിപ്പലിയും ചെറുതിപ്പലിയുംകൂടി പൊടിച്ച് തേനിൽ കുഴച്ച് സേവിക്കണം.

കുക്ഷിഗതവാതചികിത്സ.

ശ്യാമാത്രിവൃന്മധുനിഷേവണതോഽഥ ചൂർണ്ണം
കോല്ലാംബുനാ കടജബീജമഥോ ഗുഡം
വിശ്വാകൃശാനുഫലജം ച തഥൈവമർത്ത്യാ-
മുച്യേച്ച കുക്ഷിഗതവാതവികാരദുഃഖാൽ. ൨൭൧

തിപ്പലി ത്രികോല്പക്കൊന്ന ഇവ പൊടിച്ച് തേനിൽ സേവിക്കുക; കുടകപ്പാലയരിയോ, ചുക്ക് കൊടുവേലിക്കിഴങ്ങ് മുത്തങ്ങാക്കിഴങ്ങ് ഇവയോ പൊടിച്ച് ചൂടുവെള്ളത്തിൽ സേവിക്കുക, കുക്ഷിഗതവാതവികാരം ശമിക്കും.

വൃഷണവാതം.

വൃഷണഗേപവനേശ്വഥുർവ്യഥാ
ഭവേദിതത്ര രസം ഹരി തദാർദ്രജം
പരിപിബേച്ചരണ്ഡതൈലകം
ജയതിവാതഗദം വൃഷണോത്ഥിതം. ൨൭൨

വായു വൃഷണത്തെ പ്രാപിച്ച് കോപിച്ചാൽ, വൃഷണത്തിൽ

നീര്, വേദന, ഇവയുണ്ടാകും. ഇതിന്, ഇഞ്ചിനീരിൽ ആവണക്കെണ്ണ ചേർത്ത് സേവിച്ചാൽ ശമനമുണ്ടാകും.

ഊർദ്ധ്വവാതം.

ആരോഹണാൽ പർവ്വതകാദികസ്യ
യന്ത്യൂർദ്ധ്വമുച്ചൈഃ ശ്വസനം ഭവേച്ച
ഭോജ്യാദിനാത്യന്തശ്രമാദികേന
സ ചോർദ്ധ്വവാതഃ കഥിതോ മുനീന്ദ്രൈഃ. ൨൭൩

പർവ്വതം മുതലായ ഉന്നതപ്രദേശങ്ങളിൽ കയറുകകൊണ്ടും, മററു ശ്രമാദികളെക്കൊണ്ടും അപഥ്യഭക്ഷണാദികൾകൊണ്ടും മേലോട്ട് ഊക്കോടുകൂടിയ ശ്വാസഗതി ഉണ്ടാകും. അതിനെ ഊർദ്ധ്വവാതം എന്നു പറയുന്നു.

ഊർദ്ധ്വവാതചികിത്സ.

വാശാപത്രൈർജയാമൂലം പിബേദ്ഗോധനനിത്യശഃ
ഊർദ്ധ്വവാതവിനാശായ വൈദ്യശ്രേഷ്ഠൈർനിവേദിതം. ൨൭൪

ആടലോടകത്തിലയുടെ നീരിൽ മുഞ്ഞവേര് അരച്ചുകലക്കി പാലുംചേർത്ത് ദിവസവും കുടിക്കുക, ഊർദ്ധ്വവാതം ശമിക്കും.

സുപ്തവാതം.

ത്വചഃസ്പർശനംനൈവ ജാനാതിമർത്ത്യോ
ഭവേൽസുപ്തവാതസ്യയത്രൈവനിത്യം

സുപ്തവാതചികിത്സ.

സിരാമോക്ഷണം വാ ഗൃഹേ ധൂമധൂമൈഃ
പടുംതൈലയുക്തം പിബേത്തസ്യശാന്ത്യൈ. ൨൭൫

തൊലിമേൽ തൊട്ടാൽ സ്പർശം അറിയാതെയിരിക്കുന്നതാണ് സുപ്തവാതം. അതിന് ഞരമ്പിൽനിന്നു രക്തംകളയുകയോ പുകയിറ ഇന്തുപ്പുംചേർത്ത് എണ്ണയിൽ കലക്കി കുടിക്കുകയോ ചെയ്യണം.

അംഗസംകോചം.

സംകോചയത്യംഗമതോ സിരാഗതോ
വാതസ്തത്രൈവ ച മാഷസൈന്ധവൈഃ
തൈലംസുസിദ്ധം പരിമർദ്ദ്യവൈദ്യസു-
രാജസ്യസംകോചഗദം നിഹന്തി ച. ൨൭൬

വായു ഞരമ്പുകളിൽ വ്യാപിച്ചിട്ട് അംഗത്തെ ചുരുക്കുന്നതാണ് അംഗസംകോചം. ഉഴുന്നും ഇന്തുപ്പുംകൂടി കൽക്കമായി കാച്ചിയ

തൈലം ദേഹത്തു തേച്ചു തിരുമ്മിയാൽ അംഗസംകോചരോഗം ശമിക്കും.

ഗർഭശോഷം.

ഗർഭേശുഷ്കേ ബാലകാനാം ചശോഷോ
സിദ്ധം ദുഗ്ദ്ധം കാശ്മരീസൽഫലാനാം
വാതവ്യാധൗ ക്ഷീരകൈഃ പിപ്പലീഭിഃ
പേയം നിത്യംസർസിതാഭിസ്സമേതം. ൨൱൧

ഗർഭം ശുഷ്കിച്ചാൽ കുഞ്ഞുങ്ങൾക്കു ശോഷം ഉണ്ടാകും. അതാണ് ഗർഭശോഷം എന്ന വാതരോഗം. അതിങ്കൽ കുമിഴിൻപഴവും ഇരട്ടിമധുരവും പിപ്പലിയും ഇട്ടു പാൽകാച്ചി പഞ്ചസാരചേർത്തു സേവിക്കണം.

ഗ്രീവാസ്തംഭം.

ഗ്രീവാസ്തംഭേ വായുജാതേ നരാണാം
തൈലംമർദ്യം സാഷ്പം തത്രാജ്യാഃ
കല്കംലിപ്ത്വാ ശൂലമുഗ്രേച്ചർഹ്രദിസ്ഥ-
മായാസംവാസംഹരേന്നാത്രചിത്രം. ൨൱൨

വാതംനിമിത്തം കഴുത്ത് അനക്കാൻവയ്യാതാകുന്നതാണ് ഗ്രീവാസ്തംഭം. അതിങ്കൽ കരിങ്കടുക് കൽക്കമാക്കി കാച്ചിയ എണ്ണയോ കടുകതന്നെ അരച്ചതോ, തേച്ചു മർദ്ദിക്കുന്നതു നല്ലതാണ്. ഇതുകൊണ്ട് ഹൃദയശൂലവും ഹൃദയായാസവുംകൂടി നശിക്കും.

ശീതവാതം.

ത്വഗാശ്രിതേപ്രഭഞ്ജനേ ചശീതതാ തനൗ സദാ
നചാതപെഽഷ്ണ്യമാശ്രുതസ്യശീതവാതഉച്യതേ. ൨൱൩

വായു, രസധാതുവിൽ കോപിച്ചാൽ സദാസമയവും ദേഹത്തിനു തണുപ്പുണ്ടായിരിക്കും. വെയിൽകൊണ്ടാലും ചൂടു തോന്നുകയില്ല; ഇതാണ് ശീതവാതം.

ശീതവാതചികിത്സ.

രസസ്യൈകഭാഗേന ഗന്ധം ദ്വിഭാഗം
പ്രഗൃഹ്യാഥപൌനന്നവൈരഗ്നിനീരൈഃ
രവേശ്ചാപി ദുഗ്ദ്ധൈർവിമർദ്യാഷ്ടഭാഗൈർ-
വിപാച്യാഥചിത്രസ്യനീരൈഃ ക്ഷണം തൽ. ൨൱൪

ഭവേച്ഛീതശത്രുസ്സ വല്ലോസ്യ നീരൈഃ
പിബേദാർദ്രകൈരഖ്യമേവാഥവാപി
ധൃതൈത്രൂഷണൈണ്മാംസഹവ്യൈശ്ചപത്ഥ്യം
മഹാശീതവാതാർത്തിഹാരീരസോഽയം. ൨൱൫

ശുദ്ധിചെയ്ത രസം ഒരുഭാഗം. ഗന്ധകം രണ്ടുഭാഗം, ഇവ നല്ലവണ്ണം പൊടിച്ചു തമിഴാമക്കഷായത്തിലും കൊടുവേലിക്കഷായത്തിലും എരിക്കിൻപാലിലും പ്രത്യേകം അരച്ച് എട്ടുഭാഗം അവണക്കിൻവേരു കഷായംവച്ചു അതിലും അരച്ച് ഗുളികയാക്കി ഒന്നോ അരയോ ഗുളികവീതം ഇഞ്ചിനീരിൽ സേവിക്കുക; നല്ലമുളകും മാംസവും നെയ്യും പത്ഥ്യാഹാരമായി ഉപയോഗിക്കണം. ഈ രസം ശീതവാതത്തെ നശിപ്പിക്കും.

സ്പർശവാതം.

അംഗേഷു തോദനം യത്ര ദാഹസ്പർശംനവിന്ദതി
മംഡലാനി ചദേഹേവൈ സ്പർശവാതസ്സഉച്യതേ. ൨൱൬

അംഗങ്ങളിൽ കുത്തിനോവു്, ദേഹത്തിൽ ചൂടും സ്പർശവും അറിയാൻ വയ്യാതിരിക്കുക; വട്ടപ്പുണ്ണുണ്ടാകുക; ഇതു് സ്പർശവാതത്തിന്റെ ലക്ഷണമാകുന്നു.

സ്പർശവാതചികിത്സ. (സർവേശ്വരരസം)

രസസ്യ കർഷംനഭസഃ പലം ച
ലോഹസ്യ തദ്വദ്യമനസ്യ ഭാനോഃ
പലംപലംനിംബരസൈശ്ചസപ്ത-
വാരാംശ്ച സംമർദ്യ വിഭാവ്യ പശ്ചാൽ. ൨൱൭

ഹേമാക്കനീരൈശ്ചപരോഭിരേവ
സ്നുക്കസിംഹവക്ത്രാദിഹയാരിനീരൈഃ
പിണ്ഡീകൃതം ചാഥ വിഷസ്യ മുഷ്ട്യാ
സംസ്ഥാപ്യയന്ത്രേ ച സുവാലുകാഖ്യേ. ൨൱൮

സംസേചയേദ്ഭസ്മദിനം കനാഖ്യേ
ചർദ്ധേന വിപ്പേണ വിഷസ്യ ചാപി
സംചൂർണ്യഗുഞ്ജാപ്രമിതം ദദീത
സംസ്പർശവായോശ്ച ശമായ നിത്യം. ൨൱൯

സർവ്വേശ്വരസഞ്ജോയം സ്പർശവാതവിനാശനഃ
അന്യാരസവടീധ്യാതാ വക്ഷ്യതേ സാമയാധുനാ. ൨൱൰

ശുദ്ധിചെയ്ത രസം മൂന്നുകഴഞ്ചു്, അഭ്രം ഒ പലം, ഉരുക്ക്, കാന്തം, ഇവയും ഓരോപലം, എല്ലാംകൂടി പൊടിച്ച് വട്ടകപ്പുളി നാരങ്ങയുടെ നീരിൽ ഏഴുദിവസം അരച്ചു പിന്നീട് ഉമ്മത്തിൻനീര് കണവീര എരുക്കിൻകറ കള്ളിപ്പാല് അടലോടകത്തിലയുടെ നീര് ഇവയിലും അരച്ച് ഉരുളയാക്കി ഒരുപലം ശുദ്ധിചെയ്ത ... ത്തിൻനീര് ... വാലുകായന്ത്രത്തിൽവച്ചു വിയവതസാദിയും ചേർത്ത് രണ്ടു ദിവസം ... മൂന്നുകഴഞ്ചു തിപ്പലിപ്പൊടിയും ഒരുപലം ശുദ്ധിചെയ്ത ... ഷ്ഠിരെ ... ു് മൂന്നുകഴഞ്ചു തിപ്പലിപ്പൊടിയും

വിഷവും ചേൎത്തു പൊടിച്ചു കുന്നിപ്രമാണം സേവിക്കുക, ഈ രസം സ്പൎശവാതത്തെ നശിപ്പിക്കും. ഈ രസത്തിനു സൎവ്വേശ്വരരസം എന്നു പേർ. ഇതു കൂടാതെ സ്പൎശവാതശമനത്തിനായിട്ട് രസവടി എന്നൊന്നുകൂടി ഉണ്ട്. അതിനെ അടുത്തുതന്നെ ഇവിടെ പറയും.

രസവടി.

രസൈകഭാഗാൽ ദ്വയഭാഗതാലൈർ-
ജ്ജയാഗ്രധാഭ്യാം വടികാം വിധായ
ദ്വിമാസമാത്രം ച പ്രഭാതകാലേ
നിഷേവ്യതാം സ്പൎശഗദാപഹാരൈ്യ. ൨൯൩

ശുദ്ധിചെയ്ത രസം ഒരുഭാഗം, ഹരിതാലം രണ്ടുഭാഗം, ഇവയും കടുക്കാത്തോടുംകൂടി പൊടിച്ചു ശൎക്കരചേൎത്തരച്ച് വടകമാക്കി രണ്ടുമാസക്കാലം പ്രഭാതത്തിൽ സേവിക്കുക, സ്പൎശവാതം ശമിക്കും.

മണ്ഡലവാതം.

വരടീദംശതുല്യാനി മണ്ഡലാനി ശരീരകേ
ജായന്തേ തോദയുക്താനി മണ്ഡലാഖ്യേ സമീരണേ. ൨൯൪

മണ്ഡലവാതത്തിൽ കടന്തൽ കൊത്തിയാലത്തെപ്പോലെ ശരീരത്തിൽ മണ്ഡലങ്ങൾ (വട്ടത്തിൽഉള്ള പാട്) ഉണ്ടാകും, കുത്തിനോവും ഉണ്ടായിരിക്കും.

മണ്ഡലവാതചികിത്സ.

മൂലംരാജതരോഃ പിബേച്ഛൃതമിദം മാസദ്വയം തേന വാ
ലേപ്യം ചാപി സുചക്രമൎദ്ദകഭവൈർ ബീജൈശ്ച ഗോമൂത്രകൈഃ
അൎക്കക്ഷീരനിശാദ്വയസ്നുഹിപയോ യുക്തൈശ്ച സമ്മൎദ്ദയേ-
ത്തദ്വന്മണ്ഡലവാതനാശനമിദം യോഗത്രയം തത്ത്വതഃ. ൨൯൫

കൊന്നവേരിലെത്തൊലി കഷായംവെച്ചു രണ്ടുമാസം മുടങ്ങാതെ സേവിക്കുകയോ കൊന്നത്തൊലി അരച്ചു ദേഹത്തിൽ തേക്കുകയോ ചെയ്യുക; തകരയരി ഗോമൂത്രത്തിലരച്ചു തേക്കുക; മഞ്ഞളും മരമഞ്ഞളും എരിക്കിൻനീരും കള്ളിപ്പാലനീരും ചേൎത്ത് അരച്ചു തേച്ചു തിരുമ്മുകയോ ചെയ്യുക, ഈ ക്രിയകൾകൊണ്ടു മണ്ഡലവാതം ശമിക്കും.

അസ്പൎശവാതം.

അസ്പൎശവാതേന ജനോപി വാത-
സ്പൎശം ന വേത്ത്യത്ര ചികിത്സിതം ച.
ഗന്ധത്രയം തുത്ഥകമശ്വഗന്ധാം
ഹയാരിഹസ്തിശ്രുതിവായസീനാം. ൨൯൬

മൂലാനി പിഷ്ട്വാ ച കടാഹമദ്ധ്യേ
തൈലേന യുക്താഹി ചതുൎഗ്ഗുണേന
പക്ത്വാക്കപത്രോത്ഥരസൈശ്ച പശ്ചാൽ
വിപാചയേദഷ്ടഗുണൈശ്ച വിദ്വാൻ. ൨൩൦

അസ്പൎശവാതപ്രശമായ തൈലം
പ്രമൎദ്ദയേത്തത്ര ചതുൎയുക്ത്യാ
അഥോ പലാശസ്യ ച ബീജജാതൈ-
രസൈശ്ച സൂതം ത്രിദിനം വിമൎദ്ദ്യ. ൨൩൧

ശുഷ്ണീകൃതേസ്മിൻ വിഷമുഷ്ടിബീജം
സംമൎദ്ദയേൽ ഷോഡശഭാഗികം ച.
മാസത്രയംനിഷ്കമിതം പ്രസേവ്യ-
മസ്പൎശവാതപ്രശമായ പത്ഥ്യം. ൨൩൨

ദേഹത്തിൽ കാററു തട്ടിയാൽകൂടെ അറിയാത്തതാണ് അസ്പൎശവാതം. അതിന്റെ ചികിത്സയാണിനിപ്പറയുന്നത്. ഏലം ഇലവൎങ്ഗം പച്ചില തുത്ത് അമുക്കുരം കണവീരത്തിൻവേര അത്തിത്തിപ്പലി പൂങ്കിൻവേര ഇവ കല്ക്കമായി കല്ക്കത്തിന്റെ നാലിരട്ടി എണ്ണയും ചേൎത്തു ഒരു പാത്രത്തിലാക്കി പചിച്ച് ചളിപാകത്തിൽ എണ്ണയുടെ എട്ടിരട്ടി എരിക്കിലനീരും ചേൎത്തു കാച്ചിയെടുക്കുക; ഈ തൈലം വേണ്ടപോലെ ദേഹത്തു തേച്ചുപിടിപ്പിച്ചാൽ അസ്പൎശവാതം ശമിക്കും.

പ്ലാശിൻബീജത്തിന്റെ രസത്തിൽ ശുദ്ധിചെയ്ത രസം മൂന്നു ദിവസം അരച്ച് ചിന്നസമായി പൊടിച്ച് അതിൽ രസത്തിന്റെ ൧൬ ഭാഗം വേപ്പരി പൊടിച്ചതുംചേൎത്തു നല്ലവണ്ണം മൎദ്ദിച്ച് മൂന്നു കഴഞ്ചുവീതം മൂന്നുമാസം പത്ഥ്യമായി സേവിക്കുക, അസ്പൎശവാതം ശമിക്കും.

ഏകാങ്ഗവാതം.

ബലാല്പതാ വ്യഥാഹിദൈമസ്സമാഗമൈകദേശകേ
ശരീരകേ സകാൎശ്യമേകജാംഗവാത ഈരിതഃ. ൨൩൩

ബലം കുറയുക, ദേഹത്തിൽ വേദന, ശരീരത്തിന്റെ ഏകദേശത്തു തരിപ്പ്, കാൎശ്യം ഇവ ഏകാങ്ഗവാതത്തിന്റെ ലക്ഷണമാണ്.

ഏകാങ്ഗവാതചികിത്സ.

ഭജേൽ പപ്പടീം ഗുല്ഗുലും വക്ഷ്യമാണം
സുമാഷൈകമാനം ച കഷായമാനം

ഘൃതൈരത്ര ചൈകാംഗവാതാപഹൈശ്ച
തുംബുകാമൃതാപഹനിവിശപാകഷായൈഃ. ൨൩൮

ഏകാംഗവാതത്തിന് ഇനിയും പറയാൻ പോകുന്നതായ പഞ്ചടീഗുല്ഗുലു സേവിക്കണം. അത് ഒരു ഉഴുന്നിൻറിടമുതൽ ൪ൽ കഴഞ്ചുവരെ സേവിക്കാം. അതുവണക്കിൻവേര് അമൃത് കൊട്ടവേലിക്കിഴങ്ങ് ചുക്ക് ഇവയുടെ കഷായത്തിൽ ഇവതന്നെ കല്ക്കമായി കാച്ചിയ നെയ്യ് സേവിച്ചാൽ ഏകാംഗവാതം ശമിക്കും.

പഞ്ചടീഗുല്ഗുലു.

ശതാവരീസുധാപത്രാകണ്ടാജഗന്ധി ന്യസ്തമാഃ
ശതാഹ്വായാശ്വഗന്ധികാ സരാസ്നയാ ശശിപ്രഭാ
പുരസ്സമോറഗിതാഭിരത്രമാറിഷാകന്യസംജ്ഞകോ
ഘൃതേനമേള്യമാഷകർഷസമ്മിതാസപഞ്ചടീ
സുഭക്ഷിതാന്നപാനസമ്മിതാത്രിസപ്തഭിർ-
ദ്ദിനൈർദ്ധ്രുവംവിനാശയേൽ പ്രഭഞ്ജനം ബലാന്വിതം.

ശതാവരിക്കിഴങ്ങ് അമൃത് ചിറ്റരത്ത ചതകുപ്പ അമുക്കുരം അരത്ത കച്ചോലം ഇവ സമഭാഗം. പോത്തിൻകണ്ണുപോലെ നിറമുള്ള ഗുല്ഗുലു ശുദ്ധിചെയ്തത് എല്ലാ മരുന്നുകളും കൂടിയിടത്തോളം. എല്ലാംകൂടി പൊടിച്ച് നെയ്യിൽകുഴച്ച് ഒരു ഉഴുന്നിൻറിടമുതൽ ൪ൽ കഴഞ്ചുവരെ സേവിക്കാം. യുക്ത്യനുസരണം ഉള്ള അനുപാനവും ചേർത്തുകൊള്ളണം. ഈ പഞ്ചടി വളരെ ശക്തിയുള്ള ഏകാംഗവാതത്തെയും ശമിപ്പിക്കും.

വേറൊരു തൈലം.

സജ്ജരസം നളികാവരമന്ത്രാ-
ത്തൈലമലംപരിമർദ്ദ്യവിശേഷാൽ
നിർഗ്ഗതമാശ്രുതഹൈമകസമാശ്രിത-
മംഗജവായുഗദം വിനിഹന്തി. ൨൩൯

ചെഞ്ചല്യം ഒരു കുടത്തിലാക്കി പട്ടുകൊണ്ടടച്ച് ശീലമൺചെയ്ത് അടുപ്പത്തുവച്ചു തീ കത്തിക്കുക. ആ കുടത്തിൽ എണ്ണ വെളിക്ക് ഊറി ഇറങ്ങുന്നതിന് ഒരു കുഴൽ വെയ്ക്കണം. ആ കുഴലിൽകൂടി വരുന്ന എണ്ണ എടുത്തു തേച്ചു പിടിപ്പിച്ചാൽ ഏകാംഗവാതം ശമിക്കും.

അർദ്ധാംഗവാതം

നാഭേരൂർദ്ധ്വംചൈകതശ്ചാപ്യധസ്താ-
ദ്വാതസ്ത്വിച്ഛന്ത്യത്രവൈദ്യാസ്സഖേദാഃ

അർദ്ധാംഗാഖ്യശ്ചാംഗജാതോഹിവാത-
സ്തത്രപ്രാജ്ഞസ്താമ്രപപ്പടീ നിഷേവ്യാ. ൨൪൦

നാഭിയുടെ ഊർദ്ധ്വഭാഗത്തിലോ അധോഭാഗത്തിലോ ഒരിടത്ത് വായു കോപിച്ചാൽ അതിനെ വൈദ്യന്മാർ അർദ്ധാംഗവാതം എന്നു പറയുന്നു. അതിന് താമ്രപർപ്പടീരസം സേവിക്കണം.

താമ്രപർപ്പടീരസം.

സൂതം പഞ്ചപലം ച പഞ്ചപലകം ദൈത്യം പലം താമ്രജം
ചൂർണ്ണം ഖല്വവിമർദ്ദിതം തദഖിലം ജംബീരനീരൈർദ്ദിനം
താംബൂലീദളജൈരസൈരപിദിനം സമ്മർദ്ദ്യരുദ്ധ്വാപുടേ
യന്ത്രേഭൂധരകേലവൈ ദഹനകേ പഞ്ചൈവയാമാൻപചേൽ. ൨൪൧

തച്ചൂർണ്ണംകടുകത്രയേണചസമം വല്ലൈകമാനംഭജേ-
ദർദ്ധാംഗം പവനം സകമ്പമഖിലം തൂർണ്ണം വിനാശം നയേൽ
ഖ്യാതസ്താമ്രജപട്ടികാവരരസോ വൈദ്യൈഃ പുരാണൈരപി
ലോകേ വാതഹരഃ പരോനിഗദിതഃ ശ്രീശംഭുനാദൈവ പുരാ. ൨൪൨

രസം ശുദ്ധിചെയ്തത് ൫ പലം ശുദ്ധിചെയ്ത ഗന്ധകം ൫ പലം ചെമ്പു ഭസ്മം ൧ പലം എല്ലാംകൂടി യോജിപ്പിച്ചു ചെറുനാരങ്ങാനീരിലും വെററില നീരിലും ഓരോ ദിവസംവീതം അരച്ച് ഭൂധരയന്ത്രത്തിൽ സ്ഫുടംവച്ച് അഞ്ചുയാമം പാകത്തെ തീയെരിച്ചു പചിക്കുക; അതിനുശേഷം എടുത്തു പൊടിച്ചു ചുക്കു മുളകു തിപ്പലി ഇവയുടെ പൊടിയും കൂടിച്ചേർത്ത് ഒരു വിഴാലരിപ്രമാണം സേവിക്കുക; വിറയലോടുകൂടിയ അർദ്ധാംഗവാതം ശമിക്കും. ശ്രീശംഭുവിനാൽ അദിയിൽ ഉക്തമായ ഈ താമ്രജപട്ടികാരസം പുരാണവൈദ്യന്മാരാൽ വാതഹരമെന്നു പറയപ്പെട്ടിട്ടുള്ളതാണ്.

ഭഗ്നവാതം

കാഷ്ഠാദേരഭിഘാതിതസ്യ ച യഥാസ്ഥാനം മരുൽപീഡനയദ്-
വ്യാനാഖ്യോ രുധിരാന്വിതോ നിഗദിതോ ഭഗ്നാദിവാതസ്തദാ
സേവ്യം രക്തതുംബുകമൂലമസകൃത്തൈലേന കല്കംഖലുവൈ-
ശ്ചാന്യദ്വാതഹരംച സേവ്യമഥവാ യദ്ഭഗ്നവാതാപഹം. ൨൪൩

വടി മുതലായ സാധനങ്ങൾകൊണ്ട് അടിച്ചസ്ഥാനത്തിൽ വ്യാനവായു കോപിച്ച്, രക്തത്തോടുകൂടിച്ചേർന്നു പീഡയുണ്ടാക്കും. അതിനെയാണു ഭഗ്നവാതം എന്നു പറയുന്നത്. ചുവന്നാവണക്കിൻവേരു അരച്ചു മൂന്നു കഴഞ്ചുവീതം എണ്ണയിൽ കലക്കി കുറേനാൾ മുടങ്ങാതെ സേവിച്ചാൽ ഭഗ്നവാതം ശമിക്കും. ഇതുകൂടാതെ വാതഹരങ്ങളായ മററൗഷധങ്ങളും സേവിക്കാം.

കമ്പവാതം.

സർവ്വാംഗകമ്പേ ഖലു കമ്പവാത-
സ്തത്രാശു സൂതം ച മൃതം ച തീക്ഷ്ണം
തിക്താഭ്രവൈമർദ്ദ്യചൂർണപ്രമാണാം
വടീം ച ഖാദേൽ വെറുതൽപ്രശാന്ത്യൈ. ൧൪

സകലദേഹവും വിറയ്ക്കുന്നതാണ് കമ്പവാതം. അതിന്നു മാരിതവും ശോധിതവും ആയ രസം പുത്തരിച്ചുണ്ടക്കഷായത്തിൽ അരച്ചു ഉണക്കി ചൂർണ്ണംപയററിൻപ്രമാണം ഗുളികയുരുട്ടി വിധിപോലെ സേവിക്കണം.

ഊരുസ്തംഭകവാതം.

യദാ വായുപീഡാദികാസേവനാദ്യൈർ-
ഭവേല്ലൂകവാതസ്തദാ വൈദ്യമുഖ്യൈഃ
അലം പാദജാതേന പാതേന പുംസാ
പ്രചാല്യശ്ചലൻയാതി ശാന്തിം വിശേഷാൽ. ൧൫

വിയർപ്പിക്കുക മുതലായ കർമ്മങ്ങൾ വേണ്ടുംപോലെ ചെയ്യായ്കയാൽ അധികമായ വായുപീഡയുണ്ടാകും. അതാണ് ഊരുകവാതം.

ഇതിന്റെ മന്ത്രം.

കല്മഷ കശ്യപ സിംഹവാദാഃ തീക്ഷ്ണസവേണോ ചേദോവ ചലാരേദോദോഃ ഖേലഖേലോ ഏകളലാഹാസ്തീ ഏകളാലാരേലോദാ സാഏജാ വ്രനവൈസലാ ത്രസ്തീ കോണ അവധൂത പീസേഭ്രത ത്രമചേമന്ത്രേകാഹോളഃ വായവേണജാത്യൈ സവേണജായധോ ലവേണജായ പോടവേണജായ ഉസവേണജായഃ. ഏകാംഗവാതം ഉള്ള സ്ഥാനത്തു രോഗഗ്രഹംസങ്കല്പത്തോടുകൂടി തൊട്ടുകൊണ്ടു് ഈ മന്ത്രം ൧൦൮ ഉരു ജപിച്ചതിന്നുമേൽവേണം രോഗിയെ നടത്തുവാൻ. എന്നാൽ ഊരുകവാതം ശമിക്കും.

വാതോപദ്രവങ്ങൾ.

ഭവേദ്ധ്യംഗതാശ്ശൂലശോഫൌ തഥാ ച
തഥാഭേദ ഉക്തസ്തു പൈശാച്യമൂർച്ഛഃ
തഥാ വൃദ്ധതാതോദവീര്യാപഹാരാ-
ദികോപദ്രവാശ്ചേന്ദ്രിയസ്യാപിനാശഃ. ൧൬

മുഖത്തു കറുപ്പുപുള്ളികൾ, വേദന, നീര്, തൊലി ഇളകുക, കണ്ടാൽ പിശാചിനെപ്പോലെ ഇരിക്കുക, വൃദ്ധത്വം, കുത്തിനോവു്, ബലനാശം (ശുക്ലനാശം എന്നുമാകാം) ഇന്ദ്രിയങ്ങൾക്കു ശക്തിയില്ലായ്ക ഇവ വാതോപദ്രവങ്ങളാണ്.

വാതത്തിന്റെ അസാദ്ധ്യത്വം.

ക്ഷീണസ്യ ചൈവാനിമിഷാക്ഷജന്തോഃ
പ്രസക്തകാവ്യക്തവചസ്ത്രിവർഷം
പ്രവേപമാനസ്യ ന സിദ്ധ്യതീഹ
ഗാഢാർത്തിനോ വൈദ്യവ്യാവദന്തി. ൧൭

വളരെ ദേഹം ക്ഷീണിച്ചിരിക്കുക, ഉറക്കമില്ലാതിരിക്കുക, വാക്കു തടയുക, പുറപ്പെടുന്ന വാക്കു വ്യക്തമല്ലാതിരിക്കുക, വിറയ്ക്കുക, വളരെ വേദനയുണ്ടായിരിക്കുക ഇങ്ങനെ മൂന്നുവർഷക്കാലം ശമനം കിട്ടാതെ ഒരേ നിലയിൽ ഇരിക്കുന്ന വാതരോഗം അസാദ്ധ്യമാകുന്നു.

കട്യൂരുവക്ഷഃസ്ഥലഭഞ്ജകോഽയം
ബാഹ്യാദിരായാമഗദസ്ത്വസാദ്ധ്യഃ
വിവർണ്ണസൂതീ ബഹുവൃദ്ധബാല-
ക്ഷീണേഷു മാംക്ഷേഷു രുജശ്ച പക്ഷഃ. ൧൮

രക്താശ്രിതാമൂർദ്ധധരാസ്സിരാശ്ച
കൃഷ്ണാസ്സരുക്ഷാസ്സരുജഃ കരോതി
യത്രാശുവായുശ്ച സിരാഗ്രഹോ വാ
സാദ്ധ്യസ്തു വൈദ്യൈസ്സുഗദാഹൃതശ്ച. ൧൯

അരക്കെട്ടു് തുടകൾ നെഞ്ചു് ഈ സ്ഥാനങ്ങളെ ഇടിച്ചുനുറുക്കുന്നതായ ബാഹ്യായാമവും; സൂതയുള്ള നിറംമാറിയവർ, പ്രസവിച്ചു കിടക്കുന്ന സ്ത്രീകൾ പളരെ വൃദ്ധൻ ബാലൻ ക്ഷീണൻ ദേഹത്തിൽ രക്തമില്ലാത്തവൻ, ഇങ്ങനെയുള്ളവൎക്ക് ഉണ്ടാകുന്നതും, വേദനയില്ലാത്തതും ആയ പക്ഷവധവും; രക്താശ്രിതങ്ങളായും ശിരസ്സിനെ ധരിക്കുന്നവയായും ഇരിക്കുന്ന ഞരമ്പുകൾ കൃഷ്ണവർണ്ണങ്ങളായും രൂക്ഷങ്ങളായും വേദനയുള്ളതായും തീരുന്ന സിരാഗ്രഹവും; അസാദ്ധ്യമാകുന്നു.

വാതരോഗം വിട്ടുമാറിയാലുള്ള ലക്ഷണം.

യഥോചിതാഹാരഗതിർബ്ബലാഢ്യോ
ഭവേൽക്രിയായാഃ കരണേ സമർത്ഥഃ
തദൈവബോദ്ധ്യോ മനുജശ്ച വാത-
രോഗൈർവ്വിമുക്തോ ഭിഷജോ വദന്തി. ൨൦

മുൻപേ ശീലിച്ചിരുന്നതുപോലുള്ള ആഹാരാദികളിൽ അഭിരുചി ബലവർദ്ധനം ക്രിയകൾ ചെയ്യുന്നതിനുള്ള സാമർത്ഥ്യം ഇവയൊക്കെയും വാതരോഗം വിട്ടുമാറിയാലുള്ള ലക്ഷണമാണെന്നു വൈദ്യന്മാർ പറയുന്നു.

ഇയദ് ഗുരൂണാം ച കൃപാകടാക്ഷ-
വിജൃംഭിതാശേഷസരിൽസമുദ്രാൻ
വിലോക്യ ഗ്രന്ഥാൻ വിവിധാൻ വിചിത്രാൻ
തൽ സാധുഭിഃ സാധു നയം വിലോക്യം.

ഗുരുകൃപാകടാക്ഷം നിമിത്തം എനിക്ക് അഭ്യസിക്കാൻ സാധിച്ച വിസ്തൃതങ്ങളായ പല വിചിത്ര വൈദ്യഗ്രന്ഥങ്ങളെയും പരിശോധിച്ച് ഉണ്ടാക്കിയിട്ടുള്ള ഇത് സത്തുക്കളാൽ നീതിയോടുകൂടി ദർശനീയമാകുന്നു.

ചികിത്സാക്രമകല്പവല്ലിയിൽ വാതരോഗാധികാരം
എന്ന ൧൭-ാംസ്തബകം കഴിഞ്ഞു.

—※—

അഷ്ടാദശസ്തബകഃ

അമ്ലപിത്താധികാരം.

നത്വാ ഗുരും ഗണപതിം ശശിശേഖരം ച
വാണീം ശ്രിയം ച കമലാം ച നിജം ച താതം
ആലോക്യ ഗ്രന്ഥനിചയാംശ്ച മുനിപ്രണീതാൻ
കുർവ്വേƒമ്ലപിത്തഗദകാരണലക്ഷണാദീൻ. ൧

ഗുരു, ഗണപതി, ശിവൻ, സരസ്വതി, സമ്പൽസ്വരൂപിണിയായ ലക്ഷ്മി, സ്വതാതൻ ഇവരെ നമസ്കരിച്ച്, സുശ്രുതചരകാദിമുനികളാൽ കൃതങ്ങളായ ഗ്രന്ഥങ്ങളിലെ സാരാംശങ്ങളെയും ക്രോഡീകരിച്ച് അമ്ലപിത്തരോഗത്തിന്റെ ലക്ഷണം മുതലായവയെ പറയാൻ പോകുന്നു.

അമ്ലപിത്തനിദാനം.

യൽ പിത്തകോപിസുവിദാഹി വിരുദ്ധദുഷ്ടാ-
മ്ലാന്യന്നപാനനികരാണി ച പിത്തമുഗ്രം
പൂർവ്വം സ്വഹേതുനിചിതം തു വിദഗ്ദ്ധമമ്ല-
പിത്തത്വമാശു ജനയന്തി നിദാനമേതൽ. ൨

പിത്തത്തെ കോപിപ്പിക്കുന്നവയായും ഉൾപ്പുഴുക്കലുണ്ടാക്കുന്നവയായും വിരുദ്ധങ്ങളായും ദുഷ്ടങ്ങളായും അമ്ലരസങ്ങളായും ഇരിക്കുന്ന അന്നപാനങ്ങൾ ഭുജിക്കയാൽ അത്യം നിജഹേതുക്കൾകൊണ്ട് വർദ്ധിച്ചിരിക്കുന്ന പിത്തം വിദഗ്ദ്ധമായിട്ട് അമ്ലപിത്തം എന്ന രോഗം ഉണ്ടാക്കുന്നു.

പൂർവ്വരൂപം.

അന്നപാകസമയേ നിശി പൂർവ്വം കണ്ഠധൂമയുതകണ്ഠവിദാഹഃ
ജായതേƒമ്ലപരപിത്തഗദസ്യ പൂർവ്വരൂപമഥ രൂപമിദം ഹി. ൩

അന്നം ദഹിക്കുന്ന സമയം രാത്രിയിൽ അത്യം കണ്ഠത്തിൽ പുകച്ചിലുണ്ടാകുക, പിന്നെ തൊണ്ട ഉണങ്ങുക, ഇവ അമ്ലപിത്തത്തിന്റെ പൂർവ്വരൂപമാണ്. ഇനിയും ലക്ഷണം കാണിക്കുന്നു.

ക്ലമോൽക്ലേശതിക്താമ്ലകോദ്ഗാരകണ്ഠ
സദാഹാരുചിർഗൌരവാപാകതാഭിഃ
സഹൃദ്ദാഹയുക്തോƒമ്ലപിത്തഃ പ്രസിദ്ധോ
ഗദശ്ചാസ്യ പത്ഥ്യാദികം ചാപി വക്ഷ്യേ. ൪

ക്ഷീണം, ഉൽക്ലേശം തിക്ത (കയ്പ്) രസമായും അമ്ലരസമായും തികട്ടുക സന്താപം, അരുചി, ഗുരുത്വം, ദഹനമില്ലായ്ക, ഹൃദയസന്താപം ഇവ അമ്ലപിത്തത്തിന്റെ ലക്ഷണമാണ്. ഇനി അമ്ലപിത്തത്തിൽ പത്ഥ്യമായുള്ളവയെ കാണിക്കുന്നു.

പുരാണഗോധൂമയവാന്നലാജ-
സക്തൂനി ശാല്യന്നസിതാമധൂനി
സുതീക്ഷ്ണസംസ്കാരവിവർജ്ജിതാനി
പത്ഥ്യാനി ദ്രാക്ഷാദികശീതളാനി. ൫

പഴകിയ ഗോതമ്പ് യവം മലർപ്പൊടി ചെന്നെല്ലിൻചോറ് പഞ്ചസാര തേൻ തീക്ഷ്ണമായ സംസ്കാരമില്ലാത്ത സാധനങ്ങൾ, മുന്തിരിങ്ങ മുതലായ ശീതളവസ്തുക്കൾ, ഇവയെല്ലാം അമ്ലപിത്തത്തിൽ പത്ഥ്യങ്ങളാണ്.

അമ്ലപിത്തചികിത്സ.

ഖണ്ഡകൂശ്മാണ്ഡം.

കൂശ്മാണ്ഡകസ്യ സ്വരസോ പലാനാം
ശതം ഗവീനാം ച പയസ്തഥൈവ
ധാത്രീഫലാനാം സ്വരജഃ പലാഷ്ട-
മിതം സിതായാശ്ച പലാഷ്ടകം ച.
പലദ്വയം ചാപി ഘൃതം ഗവാം ഹി
മന്ദാഗ്നിനാ പാച്യ സുപിണ്ഡിതം ച ൬

പലാർദ്ധകംവാപിപലൈകമാന-
മമ്ലാദിപിത്താം വിനിഹന്തിഭക്തം. ൭

കുമ്പളങ്ങായുടെ തോട്ടം അരിയും കളഞ്ഞ് പിഴിഞ്ഞെടുത്ത നീര് ൧൦൦ പലം, പശുവിൻപാൽ ൧൦൦ പലം നെല്ലിക്കായുടെ ചൂർണ്ണം ൮ പലം പഞ്ചസാര ൨ പലം പശുവിൻനെയ്യ് ൨ പലം ഇവയെല്ലാംകൂടി മന്ദാഗ്നിയിൽ പചിച്ച് ഉരുളയാകുമ്പോൾ വാങ്ങി സൂക്ഷിച്ചു വച്ചിരുന്ന് ദഹനമനുസരിച്ച്, അരപ്പലമോ ഒരു പലമോ വീതം സേവിക്കുക; അമ്ലപിത്തം ശമിക്കും.

പടോലാദ്യംഘൃതം.

പടോലവിശ്വാമഗധാധനാനാം സജീരകാണാം ശൃതനീരകല്കൈഃ
ഗവാംഘൃതം സാധിതമമ്ലപിത്താരുചീഹരേന്മാക്ഷികസംയുതം ച.

പടവലം ചുക്ക് തിപ്പലി കൊത്തമ്പാലയരി ജീരകം ഇവ കഷായംവച്ച് ഇവതന്നെ കല്ക്കമായി കാച്ചി എടുത്ത പശുവിൻനെയ്യ് തേനുംകൂട്ടി സേവിക്കുക. അമ്ലപിത്തം അരുചി ഇവ ശമിക്കും.

ധാന്യചന്ദനയവാംബുദലേഹാ
മാക്ഷികേണ ഹനിഹന്തിവിശേഷാൽ
അമ്ലപിത്തമരുചിംജ്വരമുഗ്രാം
ഗാംഗനീരമിവ പാതകജാലം.

കൊത്തമ്പാലയരി ചന്ദനം യവം മുത്തങ്ങാക്കിഴങ്ങ് ഇവ പൊടിച്ച് തേനിൽകുഴച്ചു നക്കിയാൽ അമ്ലപിത്തം അരുചി ജ്വരം ഇവ ശമിക്കും.

ചതുസ്സമലൃകമോദം.

ധാത്രീകേശരശതാവരീസമമലം ഖണ്ഡം ലിഹേന്മാത്രയാ
പ്രാതഃശീതപയഃപിബേദനുതഥാട്ടഗ്ധംഘൃതംവാകചചിൽ
ചക്ഷുഷ്യംപലിതാപഹംനിഗദിതം ദാഹഷ്ണമ്ലാദികം
പിത്തംനിത്യനിഷേവണാദ്വിജയതേയോഗശ്ചതുസ്സമലൃകഃ. ൧൦

നെല്ലിക്കാത്തോട് ശതാവരിക്കിഴങ്ങ് ഇവ പൊടിച്ച് കല്ക്കണ്ടപ്പൊടിയും ചേർത്തുയോജിപ്പിച്ച് തേൻകൂട്ടി രാവിലെ സേവിക്കുക; മരുന്നുകൾ തുല്യമായിരിക്കണം. തണുത്ത ജലമോ പാലോ നെയ്യോ അനുപാനമായി ഉപയോഗിക്കാം. ഇതു കണ്ണിന് ഹിതമാണ്. ജരയെ ഹനിക്കും. അയുഷ്കരമാണ് അമ്ലപിത്തം ദാഹവും ഇല്ലാതാക്കും.

നാളികേരാദിപാകം.

നാളികേരകുഡുബംപരിപേഷ്യ താവദേവസിതഖണ്ഡമഹോദ്യത
നാളികേരയുഗഭാഗപയോഭിർഗോദവേന പയസാതദഭാവേ. ൧൧

പാച്യ ധാന്യമഗധാബ്ദചതുർഭിഷ്ടങ്കടങ്കപ്രമിതൈരപിജാതൈഃ
അമ്ലപിത്തഗദനാശകരോയം സേവിതഃ പലമിതോപിപലാദ്ധഃ. ൧൨

പൌരുഷം ച സബലാകിലനിദ്രാം യച്ഛതിക്ഷയഹരഃപ്രഥിതോയം
രക്തശൂലമഥവാ പരിണാമശൂലമാശുജയതീഹന ചിത്രം. ൧൩

നാളികേരത്തിന്റെ അകത്തെ നാഴിമുഴ നല്ലവണ്ണം അരച്ച് അത്രയും കല്ക്കണ്ടവും ചേർത്ത് നാഴിരട്ടി നാളികേരജലത്തിലോ നാളികേരജലം കിട്ടിയില്ലെങ്കിൽ പശുവിൻ പാലിലോ പചിച്ച് പാകമാകുമ്പോൾ കൊത്തമ്പാലയരി തിപ്പലി മുത്തങ്ങാക്കിഴങ്ങ് ഏലം ഇലവർങ്ഗം പച്ചില നാഗപ്പൂവ് ഇവ മുക്കാൽകഴഞ്ചുവീതം പൊടിച്ചു ചേർത്ത് ദഹനമനുസരിച്ച് അരപ്പലമോ ഒരുപലമോ വീതം സേവിക്കുക, അമ്ലപിത്തം ശമിക്കും. പൌരുഷം ബലം ഉറക്കം ഇവയുണ്ടാകും. ക്ഷയം പരിണാമശൂല ഇവയും ശമിക്കും (നാളികേരം നെയ്യുകുത്ത് വറുത്തെടുക്കുകയാണ് പതിവ്. ഇവിടെ "ധാന്യമഗധാബ്ദചതുർഭിഃ-ജാതൈഃ" എന്നുള്ളതിന് ധാന്യവും മഗധയും അബ്ദവും ചതുർജ്ജാതവും എന്നു വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. "ധാന്യകംപിപ്പലീമുസ്തം ചതുർജ്ജാതംവിചൂർണ്ണിതം" എന്നാണ് ഭാവപ്രകാശത്തിൽ കാണുന്നത്.)

രസാമൃതരസം.

ത്രികടുത്രിഫലാവിഡംഗകൈർഘനചിത്രൈശ്ചപലൈഃപലൈരഥ.
അപിശുദ്ധബലേഃ ശിവസ്യ ച പലമർദ്ധംതുതദർദ്ധകംപുനഃ. ൧൪

പരിപേഷ്യസമം ച മാക്ഷികൈർഹവിഷാ ചാഥവിധാലപാദകം
അപിശീതജലേനവാഗവാം പയസാവാപിനിഷേവ്യമാനവഃ. ൧൫

വിനിഹന്തി ഘോരമ്ലപിത്തമുഗ്രമഥമാന്ദ്യംജഠരാനലസ്യ ച
പരിണാമഭവം ച ശൂലമുച്ചൈഃപിശൂലം ച സപാണ്ഡുകാമലാം. ൧൬

ചുക്ക് മുളക് തിപ്പലി ത്രിഫല വിഴാലരി മുത്തങ്ങാക്കിഴങ്ങ് കൊടുവേലിക്കിഴങ്ങ് ഇവ ഓരോ പലംവീതം ശുദ്ധിചെയ്ത ഗന്ധകം അരപ്പലം രസം ൩ കഴഞ്ചു ഇവ എല്ലാംകൂടി അരച്ച് ഗുളികയാക്കി ൩ കഴഞ്ചുവീതം നെയ്യിലോ തേനിലോ സേവിക്കുക; ശീതജലമോ പാലോ അനുപാനമായി ഉപയോഗിക്കണം. അമ്ലപിത്തം അഗ്നിമാന്ദ്യം പരിണാമശൂലം ശൂലം പാണ്ഡു കാമല ഇവയെ ശമിപ്പിക്കും.

ത്രിഫലാദിലേഹം.

ലോഹചൂർണ്ണമനുമാക്ഷിഫലാഭിഃ ശർക്കരാമധുയുതംഖലുലീഢം
അമ്ലപിത്തഗ്രഹണീജഠരാഗ്നി രോഗജാതമഖിലംവിനിഹന്തി. ൧൭

ലോഹഭസ്മം ത്രിഫല ഇവ സമാംശമെടുത്ത് പഞ്ചസാരയും

ചേർത്ത് തേനിൽകുഴച്ചുസേവിച്ചാൽ അമ്ലപിത്തം ഗ്രഹണി ഉദരം അഗ്നിമാന്ദ്യം മുതലായരോഗങ്ങൾ നശിക്കും.

ലീലാവിലാസരസം.

ശുദ്ധംസൂതംലോഹമഭ്രംമൃതം ച
താമ്രംഗന്ധംതുല്യഭാഗംസമസ്തം
യാമംപിഷ്ട്വാമർദ്ദനീയംലഘൌഘൃത-
ഭൃക്ത്യാവൈദ്യസ്സംപുടേസംപചേച്ച ൮

അക്ഷൈർധാത്രീസച്ഛിവാഭിഃക്രമേണ
വൃദ്ധ്യാനീതൈസ്സംശൃതൈസ്തൽപയോഭിഃ
പിഷ്ട്വാപിഷ്ട്വാപഞ്ചവിംശദ്വാരാൻ-
സ്തദ്വദ്ഭാങ്ഗൈർഭൃംഗരാജദ്രവൈശ്ച. ൯

ഭാവ്യംശുഷ്കംവേദഗുഞ്ജാമിതം ച
ലീഢംതദ്വന്മാക്ഷികൈരമ്ലപിത്തം
ഹന്ത്യാന്ത്യാനം ചാഥലീലാവിലാസഃ
ഖ്യാതോലോകേനാമതുല്യോഭിഷഗ്ഭിഃ. ൧൦

ശുദ്ധമായ രസം ലോഹം അഭ്രം താമ്രം ഗന്ധകം ഇവ സമഭാഗം എടുത്ത് ഒരുയാമം അരച്ച് നല്ലവണ്ണം മർദ്ദിച്ച് ലഘുപുടമിടണം. അതിനുശേഷം താന്നിക്കാ നെല്ലിക്കാ കടുക്കാ ഇവ ക്രമപ്രവൃദ്ധമാക്കി എടുത്ത് എട്ടിരട്ടി വെള്ളത്തിൽ കഷായം വച്ച് എട്ടിലൊന്നാക്കി അതിൽ രസമേസ്തം അരയ്ക്കുക. ഇങ്ങനെ ഇരുപത്തി അഞ്ചുതവണ അരയ്ക്കണം. അതിനുശേഷം കയ്യോന്നിനീരിലും ൨൫ തവണ അരച്ച് ഉണക്കി എടുത്ത് നാലുകുന്നിയിടയിതം തേനിൽ സേവിക്കുക; അമ്ലപിത്തം നശിക്കും. ഇതിന് ലീലാവിലാസരസം എന്നുപേർ.

താമ്രപാകരസം.

പലമിതമഥശുദ്ധംചാപിനേപാളശുല്ബം
തനുതനുവരപത്രാണ്യാശുകൃത്വാച്ഛതന്യ
തദനുചലുവിശുദ്ധംസൂതകഷ്ടംതുതസ്മാദ്-
ദ്വിഗുണിതവരഗന്ധംകന്യകാദ്രാവപിഷ്ടം. ൧൧

തദനുമഖിലമേതൽപങ്കിലംപത്രലിപ്തം
ഭവതിചസ്ഥാലീശുഷ്കം‌ഹണ്ഡമദ്ധ്യേനിധായ
തദനുലവണമദ്ധ്യേപിംധികാന്തന്നിധായ-
ഗജപുടപുടിതംതൽതാമ്രപാകാഭിധോƒയം. ൧൨

വമനമഥവിരേകം കാരയിത്വാതുപശ്ചാൽ
സമധുകമധുയുക്തംരക്തികൈകപ്രമാണം

സംഭൃതമഥചതക്രം ചാന്നധാന്യാള്ളകം ച
ഭിഷഗിദമനപാനംജീർണ്ണധാന്യംതുപത്ഥ്യം. ൧൩

യദികഥമപിദദ്യാദമ്ലപിത്തം ചകാസം
ശ്വാസനമപി ചശോഷം കാമലാംപാണ്ഡുരോഗം.
അപഹരതി ചകുഷ്ഠം രക്തപിത്തംതഥാർശോ-
ഗദമഥരുധിരംവാവാതപൂർവ്വംനിഹന്യാൽ. ൧൪

പാലിന്യമേഹതിമിരാംശ്ചവിജിത്യവൃദ്ധ-
ദേഹോപിതാമ്രതനുരശ്രുഭവേന്മനുഷ്യഃ
യോതാമ്രപാകരസമത്തി സമസ്തരോഗൈ-
ർമ്മുക്തസ്സമാശ്ശതമലം പരിജീവതീഹ. ൧൫

നല്ലതുപോലെ ശുദ്ധമായ പാളച്ചെമ്പുതകിട് പലം ൧. ഇതിന്റെ ഇല വളരെ വളരെ നേർക്കെയാക്കി അടിച്ചുപരത്തിയതായിരിക്കണം. ശുദ്ധിചെയ്ത രസം ൧ കഴഞ്ച് ഗന്ധകം ൩ കഴഞ്ച് ഇവ കററാർവാഴപ്പോളയുടെ നീരിൽ അരച്ച് ചെളിപോലെയാക്കി ഏലത്തിൽ തേച്ച് വെയിലത്തുവച്ച് ഉണക്കി ഉപ്പുനിറച്ചശരാവത്തിൽ വച്ച് ഗജപുടമിടുക; ഈപ്രകാരം ഗജപുടമിട്ടെടുത്ത ഈ രസത്തിന് താമ്രപാകരസം എന്നുപേർ. ഇത് വമനവിരേചനാദികൾ കഴിച്ചതിനുശേഷം എരട്ടിമധുരപ്പൊടിയും ചേർത്ത് കുന്നിപ്രമാണം രസം തേനിൽ സേവിക്കുക നെയ്യോ മോരോ അരിക്കാടിയോ അനുപാനമായി ഉപയോഗിക്കണം ഇതിന് പഴകിയധാന്യമാണ് പത്ഥ്യം. അമ്ലപിത്തം കാസശ്വാസം ശോഷം കാമല പാണ്ഡു കുഷ്ഠം രക്തപിത്തം അർശസ്സ് വാതരക്തം കഷണ്ടി പ്രമേഹം തിമിരം ഇവ ശമിക്കും. വൃദ്ധനായവൻ താമ്രസമവർണ്ണനായിത്തീരും. അത്രതന്നെയുമല്ല ഈ രസം സേവിച്ചാൽ സകലരോഗങ്ങളും നീങ്ങി നൂറുവർഷം ജീവിച്ചിരിക്കും.

ഊർദ്ധ്വാമ്ലപിത്തം.

പീതംനീലംരക്തമാരക്തകാഭം
അച്ഛംകൃഷ്ണാപിച്ഛിലം ചേശരിച്ച
ശ്ലേഷ്മായുക്തം ചാഥമാംസോദകാഭം
ഊർദ്ധ്വാമ്ലാദ്യേചാമ്ലപിത്തേവമേച്ച. ൧൬

ഊർദ്ധ്വാമ്ലപിത്തത്തിൽ മഞ്ഞവർണ്ണമായോ നീലമായോ രക്തനിറമായോ ചെമ്പിച്ചോ, വെളുത്തോ കറുത്തോ പച്ചച്ചോ പഴപ്പോട്ടക്കൂടിയോ, മാംസം കഴുകിയവെള്ളംപോലെയോ കഫത്തോടുചേർന്നോ ഇരിക്കുന്ന ജലത്തെ ഛർദ്ദിക്കും.

ഊർദ്ധ്വാമ്ലപിത്തചികിത്സ.

വാന്തംകൃത്വാത്തത്രവാശാപടോല-
പത്രൈസ്തദ്വന്നിംബപത്രപ്രയുക്തൈഃ
യദ്വാക്ഷൌദ്രൈഃസിന്ധുമാദനോത്ഥഫലാനൈഃ
പീതൈരൈതൈശ്ചാമ്ലവാന്തംപ്രകുർവ്വാൽ. ൨൭

ഊർദ്ധ്വാമ്ലപിത്തമുള്ള രോഗിയെ ആടലോടകത്തില പടവലത്തില വേപ്പില ഇവ കൊടുത്തു ഛർദ്ദിപ്പിക്കണം. മഞ്ഞനിറത്തിലും രക്തനിറത്തിലും ഛർദ്ദിക്കുന്നവനെ തേൻ ഇന്തുപ്പ് മലങ്കാരയ്ക്കായുടെ പത ഇവ കൊടുത്തു ഛർദ്ദിപ്പിക്കണം.

യവവൃഷാമലകീത്രിസുഗന്ധിഭിഃ
ക്വഥിതമാശുജലംതുപിബേജ്ജനഃ
മധുയുതംഖലുമുദ്ഗസമുദ്ഭവം
പരിപിബേദ്യദിയൂഷമലംതദാ. ൨൮

യവം ആടലോടകത്തിൻവേര് നെല്ലിക്കാത്തോട് ഏലം ഇലവർങ്ഗം പച്ചില ഇവകൊണ്ടുള്ള കഷായം തേൻചേർത്ത് കുടിക്കുക; ചെറുപയറിൻചാറ് കുടിക്കയും വേണം. എന്നാൽ ഊർദ്ധ്വാമ്ലപിത്തം ശമിക്കും.

അധോഗാമ്ലപിത്തം.

തൃഷാംദാഹംമോഹംഭ്രമമപിചമൂർച്ഛാംചജനയ-
ന്നധോയാത്യച്ഛൈവ്വ വിവിധശദഹ്ളാസസഹിതൈഃ
സകോഠാഗ്നേസ്സാദപ്രമുഖതനുപീതത്വമപിച
ഭവേദംഗേസ്വേദോയദിഭവതി ചാമ്ലാദിതമ്മഗഃ. ൨൯

അധോഗതമായ അമ്ലപിത്തത്തിൽ തണ്ണീർദാഹം ചൂട് മോഹം തലകറക്കം മൂർച്ഛ ഇവയുണ്ടാകും. പലവിധരോഗം, നെഞ്ചുരുക്കം, ഇവയും, വട്ടപ്പുണ്ണ് അഗ്നിമാന്ദ്യം ശരീരത്തിനു മഞ്ഞനിറം വിയർപ്പ് ഇവയും കാണും.

അധോഗാമ്ലപിത്തചികിത്സ.

ത്രിവൃതാമധുനാമലഭ്രൈവരിഹകൃത്വാപിബേചനംബുധഃ
അമൃതാത്രിഫലാപടോലകൈലധ്രണീനിംബസനിംബഭാഗകൈഃ. ൩൦
ക്വഥിതംകവചൈഃസവാസകൈഃപ്രപിബേദ്ഗസംസപിത്തകം
അപിഹന്തിസമാക്ഷികംധ്രുവം ഇദമേവാഗതയമപ്യധോഗതേ. ൩൧

ത്രികോല്പക്കൊന്ന പൊടിച്ച് തേനും ചേർത്ത് നെല്ലിക്കാക്കഷായത്തിൽ ചേർത്തുകൊടുത്തു വയറിളക്കുകയോ; ചിറ്റമൃത് ത്രിഫല പടവലം നിലവേപ്പ് വേപ്പിൻതൊലി കയ്യോന്നി പർപ്പടകപ്പുല്ല് ആടലോ

ടകത്തിൻ വേര് ഇവ കഷായംവച്ച് തേൻ മേമ്പൊടിചേർത്തു കുടിക്കുകയോ; ചെയ്താൽ അധോഗതമായ അമ്ലപിത്തം ശമിക്കും.

രസഗതമായ അമ്ലപിത്തം.

ഭുക്തേഽഭുക്തേചാപിചാന്നേവിദഗ്ദ്ധേ
കുർവ്വാദ്വാന്തിം തിക്തകാമ്ലം കദാപി
ഉദ്ഗാരശ്ചൈവമേവാഥകണ്ഠ-
കുക്ഷേർദ്ദാഹോ മൂർദ്ധ്നിപീഡാ ഹൃദശ്ച. ൩൨

ഭുജിക്കപ്പെട്ട ഉടനെയോ, ഭുജിക്കുന്നതിനു മുമ്പോ അന്നം വിദഗ്ദ്ധമായിരിക്കുമ്പോഴോ, ചിലസമയം ഏമ്പൽ ഉണ്ടായി കയ്പുരസത്തിലും പുളിരസത്തിലും ഛർദ്ദിക്കുക; കഴുത്തിലും കുക്ഷിയിലും ചൂട്, നെഞ്ചിന് വേദന ഇവയുണ്ടാകുക; ഇതു രസഗതമായ അമ്ലപിത്തത്തിന്റെ ലക്ഷണമാകുന്നു.

രസഗതാമ്ലപിത്തചികിത്സ.

പാഠാ ധാത്രീ ചന്ദനം ധാന്യവാശാ-
ശ്യാമാപ്രോക്താ യാദ്വിപാദ്യാ പടോലൈഃ
പത്രൈഃ ക്ഷൌദ്രൈർവ്വൈശിവാഭിർവരാങ്ഗൈഃ
കൃത്വാലേഹം യത്നയുക്തം സിതാഭിഃ. ൩൩
ഭുക്തം ഹന്ത്യാദമ്ലപിത്തം വിശേഷാ-
ദ്വാന്തിം തദ്വന്മോഹദാഹാരുചീംശ്ച
യദ്വാദ്രാക്ഷാം ഭക്ഷയേദ്വൈ ശിവാഭിഃ
ക്ഷൌദ്രൈര്യുക്താം സദ്ഗുഡേനാന്വിതാം ച. ൩൪

പാടക്കിഴങ്ങ്, നെല്ലിക്കാത്തോട്, ചന്ദനം, കൊത്തമ്പാലയരി, ആടലോടകത്തിൻവേര്, അത്തിത്തിപ്പലി, പടവലം, പച്ചില കടുക്കാത്തോട് ഇലവർങ്ഗം ഇവ പൊടിച്ചു തേനും പഞ്ചസാരയും ചേർത്തു ലേഹമാക്കി ഉപയോഗിക്കുക; അമ്ലപിത്തം ഛർദ്ദി മോഹം ദാഹം അരുചി ഇവ ശമിക്കും. കടുക്കാത്തോട് പൊടിച്ച് മുന്തിരിങ്ങാപ്പഴവും തേനും ശർക്കരയും ചേർത്തു ലേഹമാക്കി സേവിച്ചാലും അമ്ലപിത്തം ശമിക്കും.

വേറൊരു യോഗം.

ധാത്രീചൂർണ്ണം ശതപരിമിതാൻ വാസരാംസ്തദ്രസേന
സിക്തം ക്ഷൌദ്രൈസ്സസിതമഥവാ ഹവ്യയുക്തം ഭുനക്തി
ഷണ്ഡോ വൃദ്ധോമേയതിശതം കാമിനീനാം പുരസ്താ-
ദ്ദുഗ്ദ്ധം പീത്വാ തദനുജയതിപ്രായശഃ പിത്തമോഹാൻ. ൩൫

നെല്ലിക്കാത്തോട്, നൂറുദിവസം നെല്ലിക്കായുടെ നീരിൽ ഭാവ

നച്ചെയ്ത ഉണക്കി പൊടിച്ചു തേനും പഞ്ചസാരയും ചേർത്തോ, അ ല്ലെങ്കിൽ പഞ്ചസാരയും നെയ്യും ചേർത്തോ സേവിച്ചാൽ നപുംസക നായാലും വൃദ്ധനായാലും വളരെ സ്ത്രീകളെ രമിപ്പിക്കുന്നതിനു സമ ർത്ഥനായിത്തീരും. ഇതു സേവിച്ചു ദഹിച്ചതിനുശേഷം പാൽ അ ന്നപാനമായി സേവിക്കണം. പിത്തം മോഹം ഇവയും ശമിക്കും.

ത്വഗ്ഗതമായ അമ്ലപിത്തം.

അരുചിർജ്വരതാ കഫപിത്തഭവാ
ദവഥുഃ പ്രചുരഃ കരചരണഗതഃ
പിടകാങ്കിതകണ്ഡുഗദാർത്തതനുഃ
സകലൌഷ്ണ്യമലം ത്വചി ചാമ്ലഗദേ. ന.ന

അമ്ലപിത്തം ത്വക്കിൽ ആശ്രിതമായാൽ അരുചി, കഫപിത്ത ജ്വരം, കൈകാൽ മുതലായ സ്ഥലങ്ങളിൽ വലിയ ചൂട്, ദേഹത്തിൽ പിടകങ്ങൾ ഉണ്ടാകുക, ചൊറിച്ചിൽ എല്ലാഭാഗത്തും ചൂട് ഇവ സംഭവിക്കും.

ത്വഗ്ഗതാമ്ലപിത്തചികിത്സ.

സിംഹാസ്യഖണ്ഡാമൃതവല്ലഭൂതം
ക്വാഥം പിബേന്മാക്ഷികസംപ്രയുക്തം
ശ്വാസം ച കാസം ച വമിം ജ്വരഞ്ച
ഹന്ത്യാദലം ചാമ്ലപരം ച പിത്തം. നൈ

ആടലോടകത്തിൻവേര്, ചെറുവഴുതിനവേര്, അമൃത്, ഇവ കഷായംവച്ചു തേൻ മേമ്പൊടിചേർത്തു സേവിച്ചാൽ ശ്വാസം കാ സം ഛർദ്ദി ജ്വരം അമ്ലപിത്തം ഇവ വിട്ടുമാറും.

വേറൊരു യോഗം.

ശതാവരീമൂലജകല്കസിദ്ധം
പ്രസ്ഥം ഘൃതം പ്രസ്ഥപയസ്സമേതം
ഗവ്യേന ദുഗ്ദ്ധേന ചതുർഗ്ഗുണേന
പക്വാമ്ലപിത്തം വിനിഹന്തി ഭുക്തം. നപ

ഒരിടങ്ങഴി വെള്ളത്തിൽ ശതാവരിയുടെ വേരു അരച്ചു കലക്കി ഒരിടങ്ങഴി നെയ്യും നാലിടങ്ങഴി പാലും ചേർത്തു കാച്ചിയ നെയ്യ് സേ വിച്ചാൽ അമ്ലപിത്തം ശമിക്കും.

വ്യമ്ലാമ്ലപിത്തം.

നൂനം വ്യമ്ലാമ്ലപിത്തേ ജ്വലിതമിവവപുർമ്മൂഢനിപീഡാ പിപാസാ
സ്വേദോമൂർച്ഛാ നിതാന്തം കഫസഹിതവമിഃ ജ്ഞാനഹൃൽകോഷ്ഠദാഹഃ

വൎണ്ണാഭാവശ്ച തസ്മിൻ ജരണമുപഗതേ ചാമ്ലതിക്താംവമേദ്വാ
തിക്താമ്ലോദ്ഗാരകണ്ഡൂ ബഹുവിധപിടകാശ്ചാദ്യശോഷോരസസ്യ.

വ്യമ്ലാമ്ലപിത്തത്തിൽ രസശോഷം നിമിത്തം ശരീരത്തിൽ തീ കത്തുന്നപോലെ തോന്നുക, തലയ്ക്കുവേദന, വെള്ളം കുടിക്കണമെന്നു ള്ള ആഗ്രഹം, സ്വേദം, മൂർച്ഛ, കഫം ഛർദ്ദിക്കുക, കണ്ഠം ഹൃദയം കോഷ്ഠം ഇ സ്ഥാനങ്ങളിൽ പുകച്ചിൽ, നിറം മങ്ങുക, ദഹനത്തിനു ശേഷം പുളിപ്പുരസത്തോടും കയ്പുരസത്തോടുംകൂടി ഛർദ്ദിക്കുക, കയ്പും പുളിപ്പും രസംചേർന്നു ഏമ്പക്കംവിടുക, ചൊറിച്ചിൽ, പലവിധത്തി ലുള്ള കുരുക്കൾ ഈ ലക്ഷണങ്ങൾ ഉണ്ടാകും.

വ്യമ്ലാമ്ലപിത്തചികിത്സ.

(ഖണ്ഡപിപ്പലി)

കണാചൂൎണ്ണം സൂക്ഷ്മം കുഡവതുലിതംഷൾപലമിതം
ഘൃതം പ്രസ്ഥോന്മാനം പയഅഥഗവാം ഖണ്ഡമപിച
തഥാവര്യാനീരം വസുപലമിതം പാച്യ സകലം
ത്രിജാതം ധാന്യാകം ഘനമരിചധാത്രീ ദ്വിജരൈഃ. രഠ

ശിവാ ശുണ്ഠീ വാംശീ ഖദിരസഹിതൈഃ കർഷതുലിതൈഃ
സമേതൈഃ സംസിദ്ധം ത്രിപലമധുനാ സേവിതമലം
തൃഷാം ഛർദ്ദിം ശൂലം ദഹനകൃശതാമമ്ലമപിച
സപിത്തം വാ ഹന്യാദ്ഗദിതമഗദംകാരപടുഭിഃ. രച

നല്ലവണ്ണം പൊടിച്ച തിപ്പലിപ്പൊടി നാഴി (യോഗരത്നാകര ത്തിൽ ഇരുനാഴി എന്നു കാണുന്നു) നെയ്യ് നാഴൂടം പശുവിൻപാൽ ഇടങ്ങഴി, കൽക്കണ്ടം ആറു പലം, ശതാവരീരസം എട്ടു പലം (ഇരു നാഴി) ഇവ എല്ലാംകൂടി ചേർത്തു പചിച്ചു പാകമാകുമ്പോൾ ഏലം ഇലവർങ്ഗം പച്ചില കൊത്തമ്പാലയരി മുത്തങ്ങാക്കിഴങ്ങ് നല്ലമുളക് നെല്ലിക്കാത്തോട് ജീരകം കരഞ്ജീരകം കടുക്കാത്തോട് ചുക്ക് മുളവരി കരിങ്ങാലിക്കാതൽ ഇവ മുമ്മൂന്നു കഴഞ്ചുവീതം പൊടിച്ചുചേർത്തു പാകമാകുമ്പോൾ വാങ്ങി ആറിയാൽ മൂ പലം തേനുംചേർത്തു നെ യ്തേച്ച മയങ്ങിയ കുടത്തിലാക്കി വെയ്ക്കുക; ഇതുപയോഗിച്ചാൽ ത ണ്ണീർദാഹം ഛർദ്ദി ശൂലം അഗ്നിമാന്ദ്യം അമ്ലപിത്തം ഇവ ശമിക്കും.

ശുണ്ഠീഖണ്ഡം.

ശുണ്ഠീചൂൎണ്ണം കുഡവതുലിതം ഗോഘൃതം തദ്ദ്വിഭാഗം
പ്രസ്ഥം ഖണ്ഡസ്യ ച പയഅഥോ രാമപ്രസ്ഥപ്രമാണം
പക്വാ സർവ്വം തദനുജരണം മാഗധീധാന്യമുസ്തൈർ-
ധാത്രീവാംശീത്രിതയമഥവാ ഗന്ധദ്രവ്യം ശിവാഭിഃ. രവ

നാഗം തച്ചമരിചമപിവാ ഷോഡശാംശം ത്രിശാണം
അന്യൽസർവ്വംസഹത്രിഫലയാ കാരവീസംയുതം ച
തസ്മിൻ ശീതേ ത്രിപലമധുനാ സേവിതോ വിശചൂർണ്ണഃ
ശൂലം ഹൃദ്ഗ്രഹരതിവമനം ചാമ്ലപിത്തം വിശേഷാൽ. ൨൫

ചുക്കുപൊടി നാഴി, പശുവിൻനെയ്യ് ഇരുനാഴി, കല്ക്കണ്ടം ഏഴ പലം, പശുവിൻപാൽ മൂന്നിടങ്ങഴി ഇവയെല്ലാംകൂടി പചിച്ച ജീരകം തിപ്പലി കൊത്തമ്പാലയരി മുത്തങ്ങാക്കിഴങ്ങ് താന്നിക്കാത്തോട്ട് കൂവനൂറ് ഏലം ഇലവർങ്ങം പച്ചില കടുക്കാത്തോട്ട് ത്രിഫല കരിഞ്ജീരകം ഇവ രണ്ടേകാലിശ്ശ കഴഞ്ചുവീതം. നാഗപ്പൂവ് നല്ലമുളക് ഇവ ആറ് ഉഴുന്നിൻപ്രമാണം. എല്ലാംകൂടി പൊടിച്ചിട്ട വാങ്ങി അറിയാൽ മൂന്നുപലം തേനുംചേർത്ത നെയ്തേച്ച മയങ്ങിയ കുടത്തിലാക്കി വച്ച സേവിക്കുക, ശൂലം ഹൃദ്രോഗം ഛർദ്ദി അമ്ലപിത്തം ഇവ ശമിക്കും.

വാതാമ്ലപിത്തം.

കമ്പപ്രലാപതനുസാദതമഃപ്രവേശ-
മൂർഛാഭ്രമപ്രബലമോഹസഹർഷശൂലാഃ
ജായന്ത ഏവ ചിമിത്രപുനശ്ശരീരേ
വായുപ്രവൃദ്ധതരമമ്ലകം ച പിത്തം. ൨൬

വിറയൽ, പിച്ചുപറക, ശരീരത്തിന ക്ഷീണം, കണ്ണിൽ ഇരുട്ടുകേറുക, മൂർഛ, തലകറക്കം, പ്രബലമായ മോഹാലസ്യം, രോമാഞ്ചം ശൂലം, ദേഹത്തു ചെറുപ്രാണി ഇഴഞ്ഞു നടക്കുന്നതുപോലെ തോന്നുക ഇവ വാതം വർദ്ധിച്ച അമ്ലപിത്തത്തിന്റെ ലക്ഷണമാണ്.

വാതാമ്ലപിത്ത ചികിത്സ.

ഹിംഗു സപർണ്ണഫലാനി ഹവ്യമപി വാ ചിഞ്ചാതചാ സംപുടേൽ
തദ്ദ്വിശുദ്ധംശമയേച്ച വായുജനിതം സാമ്ലം സപിത്തംഗദം
ഭുക്തം തച്ചയഥോത്തരം ദ്വിഗുണിതം സാമ്ലം ച പഥ്യം ഭജേ-
ദ്ദ്വാശാഖാശ്ച ഘൃതംസതിക്തകഘൃതം ശ്യാമാത്രിവൃന്മാക്ഷികൈഃ. ൨൭

കായം ഉമ്മത്തിൻകായ് നെയ്യ് ഇവ പുളിവേരിന്റെ തൊലിയിൽ സ്ഫുടംചെയ്ത് അത്ര തേച്ചാൽ വായുജമായ അമ്ലപിത്തം ശമിക്കും. മുൻപറഞ്ഞ മരുന്നുതന്നെ ക്രമേണ ദ്വിഗുണമായി വർദ്ധിപ്പിച്ചെടുത്തു സ്ഫുടംചെയ്ത് (കായം ൧ കഴഞ്ച് ഉമ്മത്തുംകായ് ൨ കഴഞ്ച് ഈ ക്രമത്തിൽ) മാതളനാരങ്ങയുംചേർത്ത ഭുജിച്ചാലും വാതാമ്ലപിത്തം നശിക്കും. വാശാഘൃതം തിക്തകഘൃതം ഇവയും ത്രികോല്പ

ക്കൊന്ന തേനിൽ കുഴച്ച സേവിക്കുന്നതും വാതാമ്ലപിത്തത്തിന വിശേഷമാണ്.

കഫാമ്ലപിത്തം.

കഫസ്യ നിഷ്ഠീവനഗൌരവാഭ്യാം
ജാഡ്യാരുചീശീതവമിപ്രലേപൈഃ
കണ്ഡ്വഗ്നിമാന്ദ്യം ബലസാദനിദ്രേ
ശ്ലേഷ്മാമ്ലപിത്തസ്യ ഗദാ ഭവന്തി. ൨൮

കഫംതുപ്പുക ദേഹത്തിന കനം ജഡത അരുചി തണുപ്പ് ഛർദ്ദി തൊണ്ടയ്ക്കുതോ പറ്റിയിരിക്കുന്നപോലെ തോന്നുക ചൊറിച്ചിൽ അഗ്നിമാന്ദ്യം ബലഹാനി സദാ ഉറക്കം ഇവ കഫാമ്ലപിത്തത്തിന്റെ ലക്ഷണമാണ്.

കഫാമ്ലപിത്ത ചികിത്സ.

പിപ്പലീഘൃതം.

കഷായേന കല്കേന ച മാഗധീനാം
സിദ്ധം ഘൃതം ചാത്ര മധുപ്ലുതം ച
വാസാപടോലത്രിഫലാസനാഭിഃ
സനിംബസിദ്ധോപി ഘൃതഃ പ്രശസ്തഃ. ൨൯

തിപ്പലിക്കഷായത്തിൽ തിപ്പലിതന്നെ കല്കമായി കാച്ചിയ നെയ്യ് തേൻചേർത്ത ചാലിച്ച സേവിക്കുന്നതും; ആടലോടകത്തിൻവേര് പടവലം ത്രിഫല വേങ്ങക്കാതൽ വേപ്പിൻതൊലി ഇവകൊണ്ടുള്ള കഷായത്തിൽ ഇവതന്നെ കല്കംചേർത്ത കാച്ചിയെടുക്കുന്ന നെയ്യും കഫാമ്ലപിത്തത്തിന വിശേഷമാണ്.

സംസൃഷ്ടാമ്ലപിത്തം.

ഉഭയതഃ ചല ചിഹ്നമിദം ഭവേൽ
സകഫമാരുതജാതഗദേഽമ്ലകേ
ഉഭയതോപി ഗതിസ്ത്വിഹ ജായതേ
ഭവതി കൃച്ഛ്രതമം ച സപിത്തകം. ൩൦

കഫവും വായുവുംകൂടി കോപിച്ചുണ്ടാകുന്ന അമ്ലപിത്തത്തിൽ കഫാമ്ലപിത്തത്തിന്റെയും വാതാമ്ലപിത്തത്തിന്റെയും ലക്ഷണം കലർന്നുകാണും. പിത്തമാരുതാമ്ലപിത്തത്തിൽ പിത്തവും വായുവുംകൂടി കോപിച്ചാലുള്ള ലക്ഷണം ഉണ്ടായിരിക്കും. ഇതു വളരെ പണിപ്പെട്ടു സാദ്ധ്യമാണ്.

സംസൃഷ്ടാമ്ലപിത്തചികിത്സ.

ഛിന്നാപടോലദളനിംബകൃതഃ കഷായഃ
ക്ഷൌദ്രാന്വിതശ്ച ശമയേൽ ഖലു ഭിന്നരൂപം
ഛിന്നാവൃഷധാത്രികകിരാതകൃതസ്തഥൈവ
കഫാന്വിതാമ്ലപിത്തം വിനാശകരശ്ച ഭവേത്. ൫൯

അമൃതു് പടവലം വേപ്പിൻതൊലി ഇവകൊണ്ടുണ്ടാക്കിയ കഷായം അറിയാൽ തേൻചേർത്തു സേവിക്കുക. അമൃതു് ചുക്ക് മുത്തങ്ങാക്കിഴങ്ങ് പുത്തരിച്ചുണ്ടവേര് ഇവ കഷായംവച്ചു് അറിയാൽ തേൻചേർത്തു സേവിക്കുക; ദ്വന്ദ്വജമായ അമ്ലപിത്തം ശമിക്കും.

ശ്ലേഷ്മപിത്തജമായ അമ്ലപിത്തം.

തമച്ഛർദ്ദിമൂർച്ഛാ ശിരോരുക് പ്രസേകോ-
ഭവേച്ചക്രമാധുര്യമാലസ്യനിദ്രേ
തദാവാദ ചിഃ ശ്ലേഷ്മപിത്താനനാനാം
പടോലൈഃശ്ച വെർധാന്യപാഞ്ചാലികാദിഭിഃ. ൬൦

സധാത്രീഫലൈഃ ക്ഷൌദ്രയുക്തഃ കഷായഃ
പ്രപീതസ്തു സശ്ലേഷ്മപിത്താനിഹന്യാൽ
തഥാ പിപ്പലീഖണ്ഡപാദ്യാകൃതോ മോ-
ദകസ്തദ്ഗുണശ്ചാപ്യുഥാക്തോ മുനീന്ദ്രൈഃ. ൬൧

കണ്ണിൽ ഇരുട്ടുകേറുക, ഛർദ്ദി മൂർച്ഛ തലവേദന വായിൽക്കൂടി വെള്ളം ഒലിക്കുക, വായിൽ മധുരം തോന്നുക, മടി സദാഉറക്കം അരുചി ഇവ ശ്ലേഷ്മപിത്തത്തോടുകൂടിയ അമ്ലപിത്തത്തിന്റെ ലക്ഷണമാണു്.

തച്ചികിത്സ.

പടവലം യവം കൊത്തമ്പാലയരി തിപ്പലി നെല്ലിക്കാത്തോടു് ഇവ കഷായംവച്ചു അറിയാൽ തേൻചേർത്തു സേവിക്കുക; തിപ്പലി കല്ക്കണ്ടം കടുക്കാത്തോടു ഇവകൊണ്ടു മോദകമുണ്ടാക്കി ഭക്ഷിക്കുക; ശ്ലേഷ്മപിത്തജമായ അമ്ലപിത്തം ശമിക്കും.

ജ്വരംബാധിച്ചതുപോലെ ഇരിക്കുന്ന അമ്ലപിത്തം.

ജ്വരാർത്തമാത്മാനമിവാത്ര മന്യേ
യം ചാമ്ലപിത്തേ ഖലു ശോധയേത്തം
നരോ ഭവേദ്വാ വമനം പ്രകുര്യാൽ
കണാഗുഡക്ഷീരഘൃതം പിബേച്ച. ൬൨

ജ്വരാർത്തനെപ്പോലെ കാണുന്ന അമ്ലപിത്തരോഗിക്കു് ശോധനക്രിയ ചെയ്യണം. അമ്ലപിത്തത്തിന്റെ ആദ്യംതന്നെയോ കുറച്ചു പഴകിയതിനുശേഷമോ ആയാലും ഛർദ്ദിപ്പിക്കാം. തിപ്പലിപ്പൊടിയിൽ ശർക്കരയും പാലും നെയ്യുംചേർത്തു് സേവിക്കയും ചെയ്യാം.

വിദഗ്ദ്ധാമ്ലപിത്തം.

അന്നേജീർണ്ണേയൽപ്രകോപോഽമ്ലപിത്ത-
മാഹുർവൈദ്യാസ്തദ്വിദഗ്ദ്ധംവിശേഷാൽ
ഭുക്ത്വാ തത്ര പ്രായശോഹ്യന്തിമേവ
പീത്വാ കോഷ്ണം നീരമാശു പ്രകുര്യാൽ. ൬൩

അന്നം ദഹിച്ചതിനുശേഷം കോപിക്കുന്ന അമ്ലപിത്തത്തെ വിദഗ്ദ്ധാമ്ലപിത്തം എന്നു പറയുന്നു. അതിനു ഊണുകഴിഞ്ഞതിനുശേഷം വാട്ടുവെള്ളം കുടിച്ചു ഛർദ്ദിപ്പിക്കണം.

ആമാന്നാമ്ലപിത്തം.

സർമ്മൂർച്ഛിതാന്നം ച മുഖേന ഹീയതേ
സംഘ്രാണകണ്ഠസ്യ ച ലേപനേന ഹി
വൈരസ്യദന്തഌനിപാതനാനി ച
ഹ്യാമാന്നജാമ്ലേത്ര ഭേദചിഹ്നമൈ. ൬൪

ഭക്ഷിച്ച അന്നം ദഹിക്കാതെ വലിച്ചു ഛർദ്ദിച്ചുപോകുക; മൂക്കിലും കണ്ഠത്തിലും ഏതോ പററിയിരിക്കുന്നപോലെ തോന്നുക, രസം അറിയാൻ വയ്യാതാവുക; പല്ലു കൊഴിയുക; അരുചി ഇവ ആമാന്നാമ്ലപിത്തത്തിന്റെ ലക്ഷണമാണു്.

ആമാന്നാമ്ലപിത്തചികിത്സ.

ഹൃദ്യവസ്തുക്തൈളാന്മുഖാപത്തേ ധാരയേൽഖലു നരോബഹുധാഽത്ര
ഷാഡ്വികാപരമസൂരജസൂപൈഃ പത്ഥ്യമത്രഗദിതം ചകലായൈഃ. ൬൫

ഹൃദയപ്രിയങ്ങളായ ദ്രവ്യങ്ങൾകൊണ്ടുള്ള കബളങ്ങൾ വായിൽ ധരിക്കുക; തുവര ചണംപയറിൻപരിപ്പു്, കടലപ്പരിപ്പു് ഇവയും ആമാന്നപിത്തത്തിൽ ഉപയോഗിക്കാം.

കണ്ഠഗാമ്ലപിത്തം.

പട്ടം ചണ്ഡമാർത്താണ്ഡദുർദ്ധേന ഭാവ്യ-
മഖണ്ഡം സഖണ്ഡം തഥാ വാപിഭുക്തം
ഹരേൽ കണ്ഠഗം പിത്തമുഗ്രം യഥൈവ
ശരോ രാമചന്ദ്രസ്യ രക്ഷോഗണൌഘം. ൬൬

ചുവന്ന അരുളിയുടെയും എരിക്കിന്റെയും കറയിൽ ഭാവന

ചെയ്ത ഇന്തുപ്പ് കല്കത്തോടുകൂടിയോ കൂടാതെയോ സേവിക്കുക; കണ്ഠഗമായ അമ്ലപിത്തം ശമിക്കും.

യവാഷകൈരണ്ഡജടാഗ്നിജൈഃ ശൃതഃ
കഷായൈവരത്ര നിപീത ഏവ ച
സകോഷ്ഠദാഹം സരുജം തഥാമ്ല-
പിത്തം നിഹന്ത്യാശു ന കാപി സംശയഃ. ൨൭

കൊടിത്തൂവവേര് വെളുത്താവണക്കിൻവേര കൊട്ടുവേലിക്കിഴങ്ങ് യവം ഇവ കൊണ്ടുള്ള കഷായം സേവിച്ചാൽ കോഷ്ഠദാഹം വേദന ഇവയോടുകൂടിയ അമ്ലപിത്തം ശമിക്കും.

കണ്ഠദാഹത്തെ ഉണ്ടാക്കുന്ന അമ്ലപിത്തത്തിന്റെ ചികിത്സ.

ഹരീതകീഗോസ്തനികായവാഷാഃ
കണാമധുഭ്യാം സിതയാ സമേതാഃ
നിഘ്നന്തി കണ്ഠസ്യ ച ദാഹമേതാഃ
പിത്തം തഥാ ശ്ലേഷ്മയുതം ന ചിത്രം. ൨൮

കടുക്ക കൊടിത്തൂവവേര് തിപ്പലി ഇവ പൊടിച്ചു മുന്തിരിങ്ങയും തേനും പഞ്ചസാരയും ചേർത്തു സേവിക്കുക; കണ്ഠദാഹം ശ്ലേഷ്മപിത്തം ഇവ ശമിക്കും.

ഛർദ്ദിയെ ഉണ്ടാക്കുന്ന അമ്ലപിത്തത്തിന്റെ ചികിത്സ.

ഗുഡൂചികാരിഷ്ടപടോലപത്രൈഃ
ഫലത്രയേണാപി കൃതഃ കഷായഃ
ക്ഷൗദ്രാന്വിതഃ ഛർദ്ദിഗതം നിഹന്യാ-
ദത്യമ്ലപിത്തപ്രഭവം വിശേഷാൽ. ൨൯

അമൃത് വേപ്പിൻതൊലി പടവലം പച്ചില ത്രിഫല ഇവകൊണ്ടുള്ള കഷായം തേൻചേർത്തു സേവിച്ചാൽ അമ്ലപിത്തോദ്ഭവമായ ഛർദ്ദി ശമിക്കും.

ശീതപിത്തലക്ഷണം.

സ്പർശാച്ച ശീതസ്യ പ്രഭഞ്ജനസ്യ
ദുഷ്ടാവുഭൌ ശ്ലേഷ്മസദാഗതീ ച
വിസപ്പതശ്ചാന്തരതോ ബഹിശ്ച
പിത്തേന ശോഥോ വടീദംശാൽ. ൩൦
തോദേന കണ്ഡൂജ്വരദാഹഛർദ്ദി-
യുക്തഃ സദായാതഭവം വിശേഷാൽ
തം ശീതപിത്തം ച ഗുഡാമലാഭ്യാം
സിതാമധുഭ്യാം ച ജയേന്മനുഷ്യഃ. ൩൧

തണുത്ത കാറേറൽക്കുകയാൽ കഫവും വായുവും ദുഷിച്ച് പിത്തത്തോടുകൂടിച്ചേർന്ന് അന്തർഭാഗത്തിൽ സഞ്ചരിച്ച്, ബാഹിർഭാഗത്തിൽ തൊലിയിലും വ്യാപിച്ചു കടന്നൽ കടിച്ചതുപോലെ നീരുണ്ടാക്കും. കുത്തിനോവു് ചൊറിച്ചിൽ ജ്വരം സന്താപം ഛർദ്ദി ഇവയും ഉണ്ടായിരിക്കും. വിശേഷിച്ചും ഇതിങ്കൽ വാതകോപം അധികമായിരിക്കും.

ശീതപിത്തചികിത്സ.

നെല്ലിക്കാത്തോടുപൊടിച്ചു ശർക്കരയുംചേർത്തു സേവിക്കയോ; തേനും പഞ്ചസാരയും ചേർത്തു സേവിക്കയോ ചെയ്താൽ ശീതപിത്തം ശമിക്കും.

വേറൊരു യോഗം.

പിബേദജായവാനീം ച സക്ഷാരകാം വൈ
തഥാരേഷ്യ ഷഡ്യഷണാം ഹിതദാമനുഷ്യഃ
സസിതാത്രിഫലാപ്രപുന്നാടബീജൈ-
രഥോദ്വർത്തനം സാർഷപൈസ്സിദ്ധതൈലൈഃ. ൩൨

ജീരകവും ചവക്കാരവുംകൂടിയോ ജീരകവും ചുക്കുമുളകുതിപ്പലിയും കൂടിയോ കഷായംവച്ചു കുടിക്കുക. കടുക് മഞ്ഞൾ തകരയരി ഇവ പൊടിച്ചു കടുകെണ്ണയിൽ കുഴച്ചു തിരുമ്മുക; ഇവ ശീതപിത്തത്തിനു നല്ലതാണ്.

ഉദർദ്ദലക്ഷണം.

സോൽസംഗയുക്തൈശ്ച സരാഗകണ്ഡൂ-
യുതൈസ്തഥാ മണ്ഡലകൈരനേകൈഃ
സശൈശിരശ്ചാധികതോ വലാസാ-
ദുദർദ്ദരോഗഃ കഥിതോ മുനീന്ദ്രൈഃ. ൩൩

ചുമപ്പ് ചൊറിച്ചിൽ ഉയർച്ച, ഇവയോടുകൂടിയ മണ്ഡലങ്ങൾ (വട്ടത്തിലുള്ള തടിപ്പ്.) ഉണ്ടാകും. ഇതാണ് ഉദർദ്ദം. ഇതിങ്കൽ കഫകോപം അധികമായിരിക്കും. പ്രായേണ ശിശിരകാലത്തിലാണ് ഇതുണ്ടാകുന്നത്. തണുപ്പേററു കഫം കോപിക്കുന്നതാണു കാരണം.

ഉദർദ്ദചികിത്സ.

സദീപ്യം ഗുഡം മസ്തു നാദ്യസ്തു ചാദേ-
ത്തഥോഷ്ണാന്നഭുക്സപ്തഭിർവാസരൈശ്ച
പ്രമുക്തോ ഭവേച്ചാപ്യുദർദ്ദാഖ്യരോഗാ-
ന്നചിത്രം മഹാവൈദ്യഭൂപപ്രയുക്തം. ൩൪

അജമോദം പൊടിച്ച് ശർക്കരയും ചേർത്തു തൈരിൻവെള്ളത്തിൽ കലക്കി കഴിക്കുകയും ചൂടുള്ള ചോറുണ്ണുകയും ചെയ്താൽ ഏഴ് ദിവസംകൊണ്ടു ഉദർദ്ദരോഗം വിട്ടുമാറും. ഇതു് മഹാവൈദ്യന്മാർ പ്രയോഗിച്ചു ഫലം കണ്ടിട്ടുള്ളതാണ്.

രാസ്നാശഠ്യാദി.

രാസ്നാ ശഠീ ഗന്ധാ ത്രിഫലാ ഉശീരാഭയാ-
യവാനികാവഹിംഗുടിവെരുകകാദ്യൈഃ
ഉദർദ്ദരോഗപ്രശമായപേയഃ
കഷായസ്തുസവേ മുനയോവദന്തി. ൩൪

അരത്ത അമുക്കുരം ത്രിഫല ചതകുപ്പ ജീരകം ദേവതാരം ഇവ കഷായംവെച്ചു കായം മേമ്പൊടിചേർത്തു സേവിച്ചാൽ ഉദർദ്ദരോഗം ശമിക്കും.

കോഠലക്ഷണവും ചികിത്സയും.

അസമ്യഗ്വമനോദീർണ്ണപിത്ത-
ശ്ലേഷ്മാന്നനിഗ്രഹൈശ്ച
തഥാ ചാരനാളൈശ്ച ശുക്തൈഃ പട്ടനാ-
മഥാ ചാമ്ല ശീതസവനെർവർഷകാലേ. ൩൫

ഭവേത്കോഠരോഗാത്രതൈലണ്ഡവാനി
സകണ്ഡൂനിരാഗാനചിതാന്യാശുജാനി
ക്ഷണോൽപ്പത്തിനാശാനി നിംബസ്യപത്രൈർ-
നിഹന്യാദ്ഘൃതേനാത്ര ധാത്രീഫലാദ്യൈഃ. ൩൬

വിസ്ഫോടകോഠകൃമിരോഗസശീതപിത്ത-
കണ്ഡൂംചപിത്തസഹിതാംചകഫംനിഹന്യാൽ
നിംബച്ഛദാമലകയോഘൃതപാനതശ്ച
പ്രായശ്ചവൈദ്യധരണീപതയോവദന്തി. ൩൭

വമനക്രിയ വേണ്ടപ്പോൾ ചെയ്യായ്കകൊണ്ടും, വേണ്ടപോലെ ചെയ്യായ്കകൊണ്ടും, വർദ്ധിച്ചിരിക്കുന്ന കഫപിത്തങ്ങളെ തടുക്കുകകൊണ്ടും, അന്നങ്ങളെ തടുക്കുകകൊണ്ടും, കാടി ചുത്തപ്പുളി ഉപ്പ് ചെങ്കടുക് ഇവ വർഷകാലത്തിൽ സേവിക്കുകകൊണ്ടും കോഠരോഗം ഉണ്ടാകാം. ഈ കോഠരോഗത്തിനു ചൊറിച്ചിൽ ചുവപ്പ് ഇവയോടുകൂടിയ വട്ടത്തിലുള്ള തടിപ്പുകൾ ഉണ്ടായിരിക്കും. ഇവ എളുപ്പം ജനിക്കുകയും നശിക്കുകയുംചെയ്യും. വേപ്പിലയും നെല്ലിക്കാത്തൊലിയുംകൂടി അരച്ചു ദേഹത്തുതേച്ചാൽ വിസ്ഫോടം കോഠം കൃമിരോഗം ശീതപിത്തം ചൊറിച്ചിൽ പിത്തകഫങ്ങൾ ഇവശമിക്കും.

വേപ്പിലയും നെല്ലിക്കയുംകൂടി പൊടിച്ചു നെയ്യിൽ കുഴച്ചു സേവിക്കുന്നതും മുൻപറഞ്ഞ രോഗങ്ങൾക്കു നല്ലതാണ്.

ഉൽകോഠം.

കോഠശ്ചിരസ്ഥശ്ചഭവേന്നിതാന്ത-
മുൽകോഠരോഗഃ കഥിതോമുനീന്ദ്രൈഃ
തത്രാർദ്രകംപ്രസ്ഥമിതംഗവീനാം
ഘൃതംചതദ്വൽകുഡവദ്വയംവഹി. ൩൮

ഗോദുഗ്ദ്ധപ്രസ്ഥദ്വിതയംചഖണ്ഡാ-
മസ്യാർദ്ധഭാഗം മഗധാനലൌച
ശുണ്ഠീവിഡംഗാഭ്രകനാഗജടാഭി-
സ്ത്വൿപത്രകച്ചൂരസനാഗപുഷ്പൈഃ. ൩൯

മാരീചചൂർണ്ണൈശ്ചപലൈഃപലൈശ്ച
വിധായപാകംവിഗുരുക്തയുക്ത്യാ
പ്രാതർഭജേൽകോഠഗദാംസശീത-
പിത്തംതഥോൽകോഠഗദംനിഹന്തി. ൪൦

യക്ഷ്മാഗദം ശ്വാസഗദം സകാസം
ശോഫംകൃമീൻ വാതജഗുല്മമുഗ്രം
തഥാപ്യുദാവർത്തഗദംസരക്ത-
പിത്തം ചകണ്ഡൂന്നപഹന്തിശീഘ്രം. ൪൧

കോഠം വളരെക്കാലം വിടാതെനിന്നാൽ അതു് ഉൽകോഠമാകും. ഇഞ്ചിനീര് ഇടങ്ങഴി; പശുവിൻനെയ്യ് ഇരുനാഴി; പശുവിൻപാൽ രണ്ടിടങ്ങഴി കല്ക്കണ്ടം ഒരിടങ്ങഴി (മന്ദപലം) തിപ്പലി കൊടുവേലിക്കിഴങ്ങ് ചുക്ക് വിഴാലരി മുത്തങ്ങാക്കിഴങ്ങ് തിപ്പലിവേര് ഇലവർങ്ഗം, പച്ചില കച്ചോലം നാഗപ്പൂവ് നല്ലമുളകിൻപൊടി ഇവ ഓരോപലം വീതം എല്ലാംകൂടി യോജിപ്പിച്ച് ഗുരൂപദേശപ്രകാരം പാകംചെയ്ത് അതിരാവിലെ സേവിക്കുക. യക്ഷ്മാവ് ശ്വാസം കാസം നീര് കൃമികൾ വാതഗുല്മം ഉദാവർത്തം രക്തപിത്തം കണ്ഡു ഇവ ശമിക്കും.

കുഷ്ഠംനിംബാശ്വഗന്ധാമരതരുസനാശിഗ്രുധാന്യംസചവ്യം
ചണ്ഡാദൂർവ്വാപടോലൈരപിരജനിയുഗേനാനചിതൈഃസപ്ഷൈശ്ച
അഭ്യാഭിസ്തുംബുരൈശ്ചോന്മഥിതയുതതൈഃപേഷ്യമുദ്വർത്തിതാസ്യം
പൂർവ്വംതൈലാക്തദേഹേ ശമയതിസഹസാകോഠസോൽകോഠശോ-
ഫാൻ. ൪൨

കൊട്ടം വേപ്പിൻതൊലി അമുക്കുരം ദേവതാരം അരത്ത മുരിങ്ങ

ത്തൊലി കൊന്നപ്പാലവരി കാട്ടുമുളകു ചിറ്റരത്ത ചെന്നിനായകം ചെറുകറുക പടവലം മഞ്ഞൾ മരമഞ്ഞൾ കടുക് തുമ്പൂണിഫലം (ഇതിനുപകരം ഞാഴൽപ്പൂവാണ് ചേർക്കുന്നത്) ഇവപൊടിച്ച് മോരിൽ അരച്ച് മുമ്പിൽ എണ്ണതേച്ചിരുന്ന ദേഹത്തിൽ ഉദ്വർത്തനം ചെയ്യണം (തിരുമ്മിപ്പിടിപ്പിക്കണം) കോഠം ഉൽകോഠം ശോഫം ഇവ ശമിക്കും.

പിത്തപ്രകോപം.

കണ്ഡൂമർൽപിടകാന്വിതം ന്യടിഭേദാ രുജാംശ്ചാഭോജനാ-
ദ്യുത്ഥാന്തേനവിളംബകേന സഹാസഹാപിന്നാപ്രകോപാർഭവൽ
തന്നാശായശിവാഫലം സമധിതംധാത്രീഫലാഭവാശിതം
ലേപോഗൈരികതൈലജശ്ച കഥിതപ്രായോമുനീനാംഗണൈഃ. ൭൪

ഭോജനത്തിന് വളരെ താമസം വരികയാൽ പിത്തം കോപിക്കയോ ദേഹത്തിൽ ചൊറിച്ചിലോട്ടുകൂടിയ കുരുക്കൾ ഉണ്ടാകുകയോ ചെയ്താൽ അതിന്റെ ശമനത്തിനായിക്കൊണ്ടു കടുക്കയോ നെല്ലിക്കയോ സമംപഞ്ചസാരചേർത്തു ഭക്ഷിക്കണം. കാവിമണ്ണ് എണ്ണയിൽ കുഴച്ചു തേച്ചാലും മതിയാകുന്നതാണ്.

പിത്താധിക്യലക്ഷണം.

തൃഷ്ണാധിക്യംസ്യാച്ചനിദ്രാധികത്വം
പീതാക്ഷിത്വം സ്യാച്ചരക്താക്ഷികത്വം
ക്രോധാധിക്യാസ്യാൽക്രമാച്ഛീതളേച്ഛാ
പിത്താധിക്യല്ലക്ഷണം ബോധ്യമേതൽ. ൭൫

തണ്ണീർദാഹത്തിന്റെ അധിക്യം വളരെ ഉറക്കം കണ്ണിനു മഞ്ഞനിറമോ ചുവപ്പോ ഉണ്ടാകുക കോപാധിക്യം ക്രമേണ ശീതളവസ്തുവിൽ ആഗ്രഹം ഇവ പിത്തം അധികമായി കോപിച്ചാൽ ഉണ്ടാകുന്ന ലക്ഷണമാണ്.

പിത്താധിക്യചികിത്സ.

തിക്തൈഃ കഷായൈരജനീശശാത്രി-
ശീതാനിലൈർഭ്രഗൃഹയന്ത്രനീരൈഃ
സ്ത്രീഗാത്രസംസ്പർശപയോഘൃതൈശ്ച-
ചരാമാവിരേകൈർവ്യജനാനിലൈശ്ച. ൭൬

സുരസാദിഭിർഭോജനാമേസകമേതൈഃ
പാനൈർവിചിത്രൈരപി രക്തമോക്ഷൈഃ
നാനാലതാവൃക്ഷപ്രസൂനഗന്ധൈഃ
പിത്തപ്രകോപം ചരശേൽ പ്രദേഹൈഃ. ൭൭

തിക്തരസങ്ങളായും ചവർപ്പുരസങ്ങളായും ഇരിക്കുന്ന വസ്തുക്കളെ ഉപയോഗിക്കുക; ചന്ദ്രരശ്മി രാത്രിയിലുള്ള ശീതവായു ഇവ ഏൽക്കുക; ഗൃഹാന്തർഭാഗത്തിലുള്ള ധാരായന്ത്രങ്ങളിൽനിന്നും വരുന്ന വെള്ളത്തുള്ളികളെ ഏൽക്കുക; സ്ത്രീകളുടെ ശരീരസ്പർശം അനുഭവിക്കുക. പാൽ നെയ്യ് ഇവ ശീലിക്കുക തണ്ണീരുകുടിക്കുക, വയറിളക്കുക, വിശറിയുടെ കാറേൽക്കുക, സ്വാദുള്ള ഭോജനങ്ങളെ ഭക്ഷിക്കുക, വെള്ളംകൊണ്ടു പരിഷേകംചെയ്യുക, കാറേൽക്കുക, പലവിധത്തിലുള്ള പാനങ്ങളെ ഉപയോഗിക്കുക, രക്തം ചീറ്റിക്കളയുക, പലവിധത്തിലുള്ള വള്ളികളുടേയും വൃക്ഷങ്ങളുടേയും പൂക്കളുടെ മണം ഏൽക്കുക, പിത്തഹരങ്ങളായ ഔഷധങ്ങളെ ദേഹത്തിൽ തേക്കുക, ഇവകൊണ്ടാകയും പിത്തപ്രകോപം ശമിക്കും.

പിത്താന്തകരസം.

സൂതാഭ്രഗന്ധാക്സ്യശീക്ഷ്ണതാലൈ-
ർമ്മാക്ഷീകതുത്ഥ്യൈരപിലൈർമ്മിതൈശ്ച
തുല്യേനഗന്ധേന സമംവിമർദ്ദ്യ
സപ്തീദ്രാക്ഷാമൃതജാന്തനീരൈഃ. ൭൮

വാശാരസൈസർഗ്ഗോപയസാവിദാരീ-
ദ്രാവൈർത്രിനൈകംച സിതാമധുഭ്യാം.
മാഷപ്രമാണാവടികാപ്രഭക്താ
പിത്തംച പിത്തജ്വരദാഹശോഷാൻ. ൭൯

ക്ഷയംഭ്രമം ചാപിനിഹന്തിപിത്ത-
ജാതാൻവികാരാൻ നിഖിലാനജസ്രം
പിത്താന്തകാനാമരസഃ പ്രസിദ്ധഃ
സദ്വൈദ്യനിരുക്തോവരവൈദ്യമുഖ്യൈഃ. ൮൦

മാരിതവും ശോധിതവുമായ രസം, അഭ്രകം ഇരുമ്പ് താമ്രംകാന്തം ഹരിതാലം ഇവസമം എല്ലാത്തിനും സമംഗന്ധകം എല്ലാംകൂടി മർദ്ദിച്ച് ഇരട്ടിമധുരം മുന്തിരിങ്ങ അമൃത് ഇവയുടെ കഷായത്തിലും ആടലോടകത്തിലയുടെ നീരിലും പാലിലും പാൽമുതക്കിൻ കഷായത്തിലും പ്രത്യേകം ഓരോദിവസം അരച്ച് ഉഴുന്നിൻപ്രമാണം ഗുളികഉരട്ടി നിഴലിലുണക്കി സേവിക്കുക, പിത്തം പിത്തജ്വരം ദാഹം ശോഷം ക്ഷയം തലകറക്കം ഇവയും പിത്തജങ്ങളായ സകലവികാരങ്ങളും നശിക്കും. ഈ രസത്തിനു പിത്താന്തകരസം എന്നുപേർ.

അമ്ലപിത്തോപദ്രവങ്ങൾ.

ക്രോധസ്തമോദർശനവാന്തിശോഷ-
ദാഹാല്പനിദ്രാപലിതഭ്രമാശ്ച
സധൂമകോദ്ഗാരസലോമഹർഷാ-
സ്ത്വാപദ്രവാഃ സ്യുഃ പ്രമിതാസ്തു പിത്തേ. ൧൬

കോപം അന്ധകാരദർശനം ഛർദ്ദി ശോഷം സർവാംഗസന്താപം അല്പനിദ്ര ജരാശൈഥില്യം തലകറക്കം പുകഞ്ഞുതികട്ടുക ഇതുമ്പിന്റെ മണംതോന്നുക ഇങ്ങനെ പത്തുപദ്രവങ്ങൾ അമ്ലപിത്തത്തിൽ ഉണ്ടാകും.

അസാദ്ധ്യലക്ഷണം.

നവാമ്ലപിത്തം ഖലു യത്നസാദ്ധ്യം ജീർണ്ണം ച യാപ്യം ചിരസംസ്ഥിതം ചേൽ
പരം ച മൃത്യുപ്രദമമ്ലപിത്തമിദം പരിസംവത്സരിഷു വദന്തി. ൧൭

ഉണ്ടായിട്ട് അധികം കാലമാകാത്ത അമ്ലപിത്തം പ്രയാസപ്പെട്ട് സാധിക്കാം. പഴകിയ അമ്ലപിത്തം യാപ്യമാകുന്നു. ൧൦. വർഷം കഴിഞ്ഞ അമ്ലപിത്തം മൃത്യുപ്രദമാകുന്നു

അമ്ലപിത്തം വിട്ടുമാറിയാലുള്ള ലക്ഷണം.

തൃപ്തിഃ പിപാസാ ലഘുതാ സുനിദ്രാ
സുഖോദയസ്സ്വത്വസമുദ്ഭവശ്ച
ശാന്താമ്ലപിത്തസ്യ ച ലക്ഷണാനി
ശ്രീസുശ്രുതാദ്യാമുനയോ വദന്തി. ൧൮

സംതൃപ്തി വെള്ളംകുടിക്കണമെന്നുതോന്നുക, ദേഹലാഘവം നല്ല ഉറക്കം സുഖവും ബലവും ഉന്മേഷവുമുണ്ടാകുക, ഇവ അമ്ലപിത്തം ശമിച്ചാലുള്ള ലക്ഷണങ്ങളാകുന്നു.

ആയുർവേദം ദുഗ്ദ്ധസിന്ധും പ്രമത്ഥ്യ-
കാശീനാഥോ യച്ചികിത്സാമൃതം ച
ഉത്താൽ സേവ്യം പിത്തരോഗപ്രശാന്ത്യൈ
വിദ്വദ്വന്ദ്യൈർവൈദ്യമുഖ്യൈഃ പ്രലോഭ്യം. ൧൯

ആയുർവേദമാകുന്ന പാൽക്കടൽ കടഞ്ഞ് കാശീനാഥൻ ചികിത്സയാകുന്ന ഏതൊരു അമൃതിനെ പ്രദർശിപ്പിച്ചിരിക്കുന്നുവോ, വിദ്വദ്വന്ദ്യന്മാരായ വൈദ്യമുഖ്യന്മാരാൽ വിലോഭനീയമായ ആ അമൃതിനെ അമ്ലപിത്തപ്രശാന്തിക്കായിക്കൊണ്ട് സേവിക്കണം.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
അമ്ലപിത്താധികാരം എന്ന
൧൮-ാംസ്തബകം കഴിഞ്ഞു.

ഏകോനവിംശസ്തബകം.

കഫാധികാരം.

ചന്ദ്രാൽ ശേഖരമഹീനവിഭൂഷണാഢ്യ-
മംബാൽ ദേഹമിഭവക്ത്രഷഡാനനാങ്കം
സാംബം ച താതമനിശം ഹി പ്രണമ്യ നമ്യക്
കുർവ്വേ കഫോത്ഥഗദകാരണസച്ചികിത്സാം. ൧

സർപ്പശ്രേഷ്ഠനാകുന്ന അലങ്കാരംകൊണ്ടു പ്രകാശിതനും പാർവ്വതിയ്ക്കു പകുതി ദേഹംകൊടുത്തവനും, ഗണപതിയേയും സുബ്രഹ്മണ്യനേയും മടിയിൽ ധരിച്ചവനും ആയ ശ്രീപരമേശ്വരനേയും; ജനനിയേയും താതനേയും വന്ദിച്ച് കഫരോഗത്തിന്റെ കാരണം ചികിത്സ മുതലായവയെ പറയാൻ പോകുന്നു.

കഫവ്യാധികളുടെ സാമാന്യനിദാനം.

നിശ്ചേഷ്ടിതാദിതദാരാഗ്നികൃശസ്യ ജന്തോഃ
സ്നിഗ്ദ്ധൈരസൈശ്ച ഗുരുഭിർമ്മധുരൈശ്ച ദധ്നഃ
ദ്രാവൈർദിനസ്യ ശയനൈർദ്ധിഭോജനൈശ്ച-
ശ്ലേഷ്മാപ്രകുപ്യതി മധൌ ദിനാദിയാമേ. ൨

ജഠരാഗ്നി കുറഞ്ഞിരിക്കുന്നവനു, ഒരു പ്രവൃത്തിയും എടുക്കാതിരിക്കുക; സ്നിഗ്ദ്ധരസങ്ങളുപയോഗിക്കുക; ഗുരുക്കളും മധുരങ്ങളും ആയ സാധനങ്ങൾ ശീലിക്കുക; പാൽകുടിക്കുക, പകലുറങ്ങുക; തൈരുകുടിക്കുക; ഇവയെല്ലാം കൊണ്ട് വസന്തകാലത്തിലും പകലിന്റെ ആദ്യയാമത്തിലും കഫം കോപിക്കുന്നു.

കഫപൂർവ്വരൂപം.

പ്രസേകോഭവേദാസ്യമാധുര്യമാശു
തഥാ ഗൗരവാലസ്യനിശ്ചേഷ്ടിതാശ്ച.
ബലാസേ ഭവിഷ്യന്ത്യമീ സർവ്വരോഗാഃ
പുരസ്താൽ പ്രകൃഷ്ടാഹ്യഥോ രൂപമസ്യ. ൩

വായിൽക്കൂടി വെള്ളംവരിക, വായ്മധുരിക്കുക; ദേഹത്തിനു കനം തോന്നിക്കുക; മടി, ഒന്നുംതന്നെ പ്രവർത്തിക്കാൻ ഉന്മേഷമില്ലാതാകുക; ഇവ കഫരോഗത്തിന്റെ പൂർവ്വരൂപമാകുന്നു. ഇനിയും കഫരോഗലക്ഷണം പറയപ്പെടുന്നു.

കഫരോഗലക്ഷണം.

അംഗേഷു ഗൗരവമപാകവമന്തരാഗോ-
സ്ഥോദസ്തതോഽഥ ശിരസശ്ച സശൈത്യകാശ്ച

സ്വേദോദ്ഗമഃ കഫഗദസ്യ ച രൂപമേതത്
ശ്ലാനിർഗ്ഗരേപി ച കണ്ഡുഗദസ്തതൈവ. ൪

ദേഹഗൌരവം, അഗ്നിമാന്ദ്യം, കത്തിനോക്കുമ്പോൾ തലയ്ക്കു തണുപ്പ്, വിയൎപ്പ്, തളൎച്ച, ചൊറിച്ചിൽ ഇവ കഫരോഗലക്ഷണങ്ങളാണ്.

കഫരോഗത്തിൽശീലിക്കേണ്ടവ.

രൂക്ഷൈഃ ക്ഷാരൈഃ കഷായൈരശനമപി കരൈർ
നസ്യധൂമോപസേവാ-
വ്യായാമൈർമ്മൈഥുനൈർവ്വാദിനകരകിരണൈഃ
സ്വേദയുദ്ധാംബുകേളീഃ
തൃഡ്ഹാതോജാഗരം വാ സകലദിനമലം
ഛാഗമാംസാശനൈർവ്വാ
പാനാഹാരൈർവ്വിഹാരൈഃ കഫഗദമഖിലം
നൈവ്വൈദ്യൈസ്സുപ്രയുക്താഃ. ൫

രൂക്ഷങ്ങളായും ക്ഷാരങ്ങളായും കഷായരസങ്ങളായും ഉള്ള പദാൎത്ഥങ്ങൾ ഭക്ഷിക്കുക; ഉപവസിക്കുക; ഛൎദ്ദിക്കുക; ധൂമം, പാനം, വ്യായാമം, മൈഥുനം ആദിത്യരശ്മി ഏറ്റുകൊണ്ടുള്ള സ്വേദം, യുദ്ധം, ജലക്രീഡ, ഇവ ചെയ്യുക; തണ്ണീർദാഹം തടുക്കുക; പകലും രാത്രിയിലും ഉറങ്ങാതിരിക്കുക ആട്ടിൻമാംസം ഉപയോഗിക്കുക, കഫരോഗത്തെ കളയുന്ന പാനാഹാരവിഹാരങ്ങളെ ചെയ്യുക, ഇവ കഫരോഗി ശീലിക്കണം.

കഫരോഗചികിത്സ.

ഉഗ്രാഹിംഗുഗ്രന്ഥംജഗച്ചിത്രകശിവാമൂലം സകൃഷ്ണംതഥാ
പിഷ്ടാ ചാഥപരംക്രമോത്തരഗുണംചൂൎണ്ണം ഗുളംഷ്വേചിതം,
രോഗായേബഹുശോവലാസജനിതാഃ പ്രായസ്തതേവിംശതി-
സ്തേഷാംനാശനമത്ര വൈദ്യധരണീ പാലോദിതംതൽക്ഷണാൽ. ൬

വയമ്പ് കായം ശക്കര ചുക്ക് കൊട്ടുവേലിക്കിഴങ്ങ് കടുക്കാത്തൊലി പ്പലിമൂലം ചൊട്ടും ഇവ എല്ലാം ക്രമേണ വൎദ്ധിപ്പിച്ച് എടുത്ത് (വയമ്പ് ൧-കായം-൨-ശക്കര-൩ -ഈക്രമത്തിൽ) അരച്ച് മോരിൽ കലക്കി കുടിക്കുക. കഫജനിതങ്ങളായ സകലരോഗങ്ങളും ക്ഷണത്തിൽ ശമിക്കും.

യവാനീയോഗം.

ബ്രഹ്മദർഭസിന്ധുജീരത്ര്യൂഷണംസമംസമം
പിബേച്ച തക്രയോഗതഃ കഫോത്ഥരോഗനാശനം. ൭

അയമോദകം (കുറാശാണി) ഇന്തുപ്പ് ജീരകം ചുക്ക മുളക തിപ്പലി ഇവ സമാംശം എടുത്തുപൊടിച്ച് മോരിൽ സേവിക്കുക. കഫരോഗം ശമിക്കും.

രസംകാകമാചീഭവം പാപിഷ്ഠാന്യാ
ഗുഡൈഃ പീതമാശു കഫാപഹാരന്യാൽ. ൮

കരിന്തകാളിയുടെനീരും ചുക്കം ശക്കരയും കൂടി സേവിച്ചാൽ കഫരോഗം ശമിക്കും. (കാകമാചിയ്ക്ക് മണിത്തക്കാളി എന്ന് ഔഷധി നിഘണ്ടുവിൽ ഭാഷ കാണുന്നു.)

രാസ്നാചൂൎണ്ണം കർഷമേകംഘൃതേന
പീതം ഹന്യാച്ഛ്വാസരോഗം കഫേന
യദ്വാജീൎണ്ണം മദ്യമേവാശു പീതം
തദ്വൽ കുൎയ്യാജ്ജാഠരാഗ്നേശ്ച ദീപ്തിം. ൯

അരത്തയുടെപൊടി ൩ കഴഞ്ചുവീതം നെയ്യിൽ കുഴച്ചു സേവിച്ചാൽ കഫംകൊണ്ടുള്ള ശ്വാസരോഗം ശമിക്കും. പഴകിയ മദ്യം പാനംചെയ്താൽ ഉദരാഗ്നിക്ക് ദീപ്തിയുമുണ്ടാകും.

വേറൊരുയോഗം

ജന്തുഘ്നിവ്യോഷചിത്രകബാലഹരീതകപിപ്പലീപടുസർജ്ജികാഃ
രാസ്നയാസംയുതാഃ പീതാഃ കഫഘ്ന്യശ്ചാഗ്നിദീപനാഃ. ൧൦

വിഴാലരി ചുക്ക് കാരം തിപ്പലി ഇന്തുപ്പ് തുവർച്ചിലക്കാരം അരത്ത ഇവ പൊടിച്ചു നെയ്യിൽ കുഴച്ചു സേവിക്കുക; കഫരോഗം ശമിക്കും; അഗ്നിയും വൎദ്ധിക്കും.

മറ്റൊരുയോഗം.

ചിരകാലഭവാമദിരാപ്രഥിതാകഫരോഗഹരീപ്രവരാഗദിതാ
സകലാശനപാചനികാ വിദിതാജഠരാഗ്നിവൃദ്ധികരീകഥിതാ. ൧൧

വളരെക്കാലം പഴകിയമദ്യം കഫരോഗഹരണത്തിൽ ശ്രേഷ്ഠമാണ്. സകല ഭക്ഷണസാധനങ്ങളെയും പചിക്കും. അഗ്നിവൃദ്ധിയെ ഉണ്ടാക്കുകയുംചെയ്യും.

അന്യയോഗം.

ബലിംശുദ്ധമേകം ച കർഷപ്രമാണം
ഘൃതൈർവ്വോഷ്ണനീരൈഃ പിബേദ്വാസ്തവിദ്വാൻ
കഫവ്യാധിനാശം ലഭേദാശുനിത്യം
തഥാക്ഷൌദ്രയുക്തോരസഃ പാതുവക്ത്രഃ. ൧൨

ശുദ്ധിചെയ്ത ഗന്ധകം മൂന്നുകഴഞ്ചുവീതം നെയ്യിലോ ചൂടുവെള്ളത്തിലോ സേവിക്കുകയോ ആടലോടകരസവും തേനുംകൂടി സേവിക്കുകയോ ചെയ്താൽ കഫരോഗം ശമിക്കും.

അപരയോഗം.

ദാഹനശൃതംവാ പുടവിധിജംവാ
വൃഷദളനീരം കഫഹരമധികം
വരമധുയുക്തം ഫലതിനിപീതം
ഉഷസികഫോത്ഥം ബഹുഗദയൂഥം. ൫൩

ആടലോടകത്തില വാട്ടിപ്പിഴിഞ്ഞോ പുടപാകരീതിയിലോ നീരെടുത്തു് ചെറുതേനുംകൂട്ടി രാവിലെ സേവിച്ചാൽ കഫരോഗങ്ങളെല്ലാം ശമിക്കും.

മുരാംബുനീരഭാവിതംപടം ഫലത്രയാരകം
സുവർണ്ണപക്വപാസൽഫലേ പുടേ പുടസ്ഥമാഷകം
ഭജേച്ചപർണ്ണമല്പശം റസത്രിപിപ്പലീയുതം
വിചിത്രയോഗ ഈരിതോ ഫലാസകാസനാശനഃ. ൫൪

ഇന്തുപ്പ് വ്യൂധിയുടെനീരിൽ ഏഴുദിവസം ഭാവനചെയ്തു് ഉമ്മത്തിന്റെ പഴുത്ത കായ്ക്കകത്തുവച്ചു് പുടംചെയ്തു് ഉഴുന്നിൻപ്രമാണം തുളസിനീരിൽ സേവിച്ചാൽ കഫരോഗങ്ങൾ ശമിക്കും.

മന്ഥാനഭൈരവരസം.

മൃതംസൂതംതാമ്രം ബലികടുകബാലീഫലികസാധിതം
പട്ടുംതാലംതച്ഛേദമംബരാഭീനവാനരൈഃ.
സുനിർഗ്ഗുണ്ഡീകോശാതകിവനഭവൈസ്തികരസൈ-
ദ്രിനൈകംസംമർദ്യം ഭ്രമരമയംഭൈരവരസഃ. ൫൫

വിരേഹന്മാഷമാത്രം മധുകനിതാന്തം
സമന്ഥാനകം ഭൈരവംത്രിംശിനീരൈഃ
ശ്രുതൈത്ത്വിംശതിശ്ലേഷ്മരോഗാഃ സമസ്താ-
വിനശ്യന്തിസത്വേപി നിത്യം നിഷേവ്യ. ൫൬

മാരിതവും ശോധിതവും ആയ രസം ചെമ്പ് ഗന്ധകം കരിങ്കടുക് കായം ഇന്തുപ്പ് ഹരിതാലം ഭേരാതാളി തഴുതാമവേര് ഇവ പൊടിച്ചു് കരിനൊച്ചി കാട്ടുപീച്ചിൽ ഇവയുടെ നീരിലും മുത്തങ്ങയുടെ രസത്തിലും പടവലത്തിന്റെ നീരിലും ത്രിഫലാകഷായത്തിലും ഓരോ ദിവസം അരച്ചു് ഉഴുന്നിൻപ്രമാണം ഗുളിക ഉരുട്ടി ഉണക്കി തേനിലോ കോവയും കണവീരവുംകൂടിവെച്ച കഷായത്തിലോ ചേർത്തു സേവിക്കുക; ഈ രസത്തിന്റെപേർ മന്ഥാനഭൈരവരസം എന്നാകുന്നു. ഇതു് നിത്യം സേവിച്ചാൽ ഇരുപതുവിധത്തിലുള്ള കഫരോഗങ്ങളും ശമിക്കും.

കഫസംപ്രാപ്തി.

വ്യാനേനസഞ്ചച്ഛിരസിയത്ര കഫോഭിനീത-
സ്തിഷ്ഠത്യലംത്വഭിഷജോ ഗദമാമനന്തി
ശ്ലേഷ്മാണമത്രജഡതാ ച ശിരോഗുരുതാ ച
തൈലേനകട്ഫലരജോ ബഹുധാത്രമർദ്ദ്യം. ൫൭

കഫം വ്യാനവായുവിനാൽ ശിരസ്സിൽ പ്രാപിപ്പിക്കപ്പെടുന്നു. എങ്കിൽ അതിനെ കഫരോഗം എന്നുപറയുന്നു. ആ കഫരോഗത്തിൽ ജാഡ്യം തലയ്ക്കുകനം ഇവകാണും. അതിനു് കുമിഴിൻതൊലി പൊടിച്ചു് എണ്ണയിൽ കുഴച്ചു് തലയിൽ പലപ്രാവശ്യം തിരുമ്മിപ്പിടിപ്പിക്കണം.

പീനസം.

യദാഘ്രാണതോനിർഗ്ഗതോഗാഢതാം ചാ-
പിജാതഃകഫഃ പീനസോസൗ ഗദസ്തു
നിശാചൂർണ്ണപത്രസ്യ സന്നാളികായൂ-
മപാനേന ജേയസ്ത്വഘ്രാണനാത്യന്നിത്യം. ൫൮

കഫം മൂക്കിൽക്കൂടി കട്ടിയായി പുറപ്പെടുന്നതാണ് പീനസരോഗം. മഞ്ഞൾ ചുണ്ണാമ്പു സമുദ്രപ്പച്ച (പച്ചില) ഇവപൊടിച്ചു് ഒരു കുഴലിൽക്കൂടി ധൂമംകുടിച്ചാൽ ആ പീനസരോഗം ശമിക്കും. ഈധൂമം നിത്യമായി പിടിക്കരുതു്.

മറെറാരുയോഗം.

അതസ്യാസ്തൈലനസ്യേന പീനസോനാത്യസംശയം
സർവ്വവൈദ്യമതേനേദം വർണ്ണിതംസേവ്യമന്വഹം. ൫൯

ഒരുകത്തി എണ്ണകൊണ്ടു് നിത്യവും നസ്യംചെയ്താൽ നിശ്ചയമായും പീനസരോഗം ശമിക്കും. ഇതു് എല്ലാവൈദ്യന്മാർക്കും സമ്മതമായ ഒരു യോഗമാണു്.

പീനസോപദ്രവങ്ങൾ.

കണ്ഠേഘുർഘുരതാകൃശാംഗ കൃശതാലസ്യംമുഖേ നിഷ്ഠതാ
ദേഹേവാസ്തിമിതാ ചസേകവിരുചിസ്നിഗ്ദ്ധതാ ചാ നിദ്രേ തഥാ
ധീമാന്ദ്യംനിതരാംഭവന്തി ച കഫവ്യാധേർദ്ദശോപദ്രവാ-
സ്തേഷാംയത്ര ചികിത്സിതം നിഗദിതം തത്തത്ര സേവ്യം തഥാ. ൬൦

കണ്ഠത്തിൽ ഘുറുഘുറാശബ്ദം, അഗ്നിമാന്ദ്യം, മടി, മുഖത്തിലോ ദേഹത്തിലോ ഏതോപററിപിടിക്കുന്നപോലെ തോന്നുക; നിശ്ചലത്വം, വായിൽക്കൂടി വെള്ളംവരിക, അരുചി, സ്നിഗ്ദ്ധത, ഉറക്കം, ബുദ്ധിമാന്ദ്യം, ഇവ കഫരോഗത്തിന്റെ ഉപദ്രവങ്ങളാണു്. ഇവയ്ക്കു് പറഞ്ഞിട്ടുള്ള അതതു ചികിത്സകൾ ചെയ്തുകൊള്ളണം.

കഫരോഗം വിട്ടാലുള്ള ലക്ഷണം.

രേചൽകണ്ണവൈശദ്യമേവാശു നിത്യം
കഫവ്യാധിനാശേതു ലക്ഷ്യം പ്രസിദ്ധം
പരം വിംശതേഃ ശ്വാസകാസാദയോന്യേ-
യഥോക്താസ്തതേ വ്യാധയഃ ശ്ലേഷ്മജാതാഃ. ൨൧

കഫരോഗം വിട്ടുമാറിയാൽ കണ്ണിന്നു് നൈർമ്മല്യമുണ്ടാകും. ഇരുപതിൽപരം ശ്വാസകാസാദിരോഗങ്ങൾ വേറേ പറഞ്ഞിട്ടുണ്ടു്. അതെല്ലാം കഫജങ്ങളാണു്.

ഗുരുപദകഞ്ജം നിജഹൃദി ധൃത്വാ
കഫഗദശാന്ത്യൈ ഗദിതമഥേതേ. ൨൨

ഗുരുപദപത്മത്തെ മനസ്സിൽ ധ്യാനിച്ചു് കഫരോഗശാന്തിയ്ക്കുള്ള ചികിത്സ, ഇവിടെ പറയപ്പെട്ടു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
കഫരോഗാധികാരം എന്ന
൧൯-ാം സ്തബകം കഴിഞ്ഞു.

വിംശസ്തബകം.

വാതരക്താധികാരം.

അർദ്ധേന്ദുമൌലിവിലസൽപഞ്ചാസ്യവക്ത്രം
ഗംഗാസമുല്ലസിതപിംഗലജൂടശോഭം
ഭസ്മാംഗരാഗഗിരിജാർദ്ധതനും പ്രണമ്യ-
വാതാസ്രനാശനചികിത്സിതമത്ര വക്ഷ്യേ. ൧

മൌലിയിൽ അർദ്ധചന്ദ്രനെ ധരിച്ചു് പഞ്ചവക്ത്രങ്ങളോടും ഗംഗയാൽ ശോഭിക്കുന്ന ജടാജൂടത്തോടുംകൂടി ഭസ്മമാകുന്ന അംഗരാഗത്താൽ ശോഭിച്ചിരിക്കുന്ന അർദ്ധനാരീശ്വരനെ നമസ്കരിച്ചു് വാതരക്തനാശനമായ ചികിത്സിതത്തെ ഞാൻ ഇവിടെ പറവാൻ പോകുന്നു.

വാതരക്തനിദാനം.

ലവണാമ്ലസുരാകട്വുഷ്ണൈർവിരുദ്ധശാകൈഃ പലലേക്ഷുഭിസ്തഥാ
ജലജാതവിശുഷ്കമാംസകൈരഥ വാനൂപജജന്തുജൈരപി. ൨
ദധിമൂലകകുലത്ഥമാഷവൃന്ദൈരഥസൌവീരസുരാക്രൈരപി
ബഹുഭിശ്ചതഥൈവ ജാഗരൈശ്ശയനൈശ്ചാത്രദിനാന്ത്യഭോജനൈഃ. ൩

വിപരീതതരൈശ്ച ഭോജനൈർബഹുധാ ക്രോധജഃ വ്യധരൈഃ
സുഖിനാമപി പ്രായശസ്തഥാ ബഹുധാ സ്ഥൂലശരീരിണാമപി. ൪

സുകുമാരതരാംഗശയഷ്ടിനാം ഹയനാഗോഷ്ട്രസുപൃഷ്ഠയായിനാം
സുവിദാഹിസമശ്നതാം പുനഃ വ്യഥവാ ഹാരവിഹാരിണാം മൃഷാ. ൫

പ്രതികുപ്യതി വാതശോണിതം അഥ നിഷ്പാവജശാകസേവനൈഃ.
വിവിധൈരപി മത്സ്യശുഷ്കതക്രാദിദിഭിരന്ന്യൈരഥ പിണ്യാകശനൈഃ. ൬

ക്ഷാരാരനാളൈശ്ശടിതൈശ്ചമാംസൈഃ-
പിണ്യാകഭോജ്യൈരഥവാവിദഗ്ധൈഃ
ഭോജ്യൈരജീർണ്ണൈരഥവാതരക്ത-
മായാതി കോപം ഭിഷജോ വദന്തി. ൭

ലവണരസം അമ്ലരസം, സുരാമദ്യം, കട്വാസം, ഉഷ്ണവസ്തു, പലവിധ ശാകങ്ങൾ, മാംസങ്ങൾ കരിമ്പുകൾ ജലചരജന്തുമാംസങ്ങൾ വെയിലത്തുണക്കിയ മാംസങ്ങൾ, അനൂപദേശജങ്ങളായ ജന്തുക്കളുടെ മാംസങ്ങൾ, തൈരു് മുലവരിക്കിഴങ്ങു് മുതിര ഉഴുന്നു മുതലായവ കാടി മോരു് (നാലിലൊരു ഭാഗം വെള്ളംചേൎന്നതു്) ഇവ ഉപയോഗിക്കുക, രാത്രിയിലുറങ്ങാതിരിക്കുക; പകലുറക്കം, പാലു് മത്സ്യം മുതലായ വിരുദ്ധവസ്തുക്കളെ ഭക്ഷിക്കുക; ഭക്ഷണസാധനങ്ങൾ മാറി ശീലിക്കുക; അസവം സേവിക്കുക; കോപിക്കുക; മലമൂത്രാദിവേഗങ്ങളെ തടുക്കുക; ഈവക കാരണങ്ങളാൽ, സുഖികളായും സ്ഥൂലശരീരന്മാരായും, ഏററവും സുകുമാരശരീരന്മാരായും ഇരിക്കുന്നവൎക്കും കുതിര ആന ഒട്ടകം ഇവയുടെ പുറത്തുകയറി സവാരിചെയ്യുന്നവൎക്കും ഉൾപുഴുക്കമുണ്ടാകുന്ന അന്നത്തെ ഭക്ഷിക്കുക; അഗ്നിക്കു തക്കവണ്ണമല്ലാതെ ഭക്ഷിക്കുകയും, ശക്തിയിൽ കവിഞ്ഞു പ്രവൃത്തിക്കയും ചെയ്ക, അമര, ശാകം, ഇവ ഭക്ഷിക്കുക; പലവിധമത്സ്യങ്ങൾ, ചുരത്തപ്പുളി, മററു നലവുള്ള സാധനങ്ങൾ, ചവക്കാരം മുതലായ ക്ഷാരപദാൎത്ഥങ്ങൾ, അരനാളം (കാടിയുടെ വകഭേദം) ഭീനമായി ചത്ത ജന്തുക്കളുടെ മാംസം പിണ്ണാക്കു്, ഇവ ഉപയോഗിക്കുന്നവൎക്കും വിദഗ്ദ്ധഭോജനം, അജീൎണ്ണഭോജനം, ഇവ ചെയ്യുന്നവൎക്കും വാതവും രക്തവും കോപിച്ചു്, വാതരക്തം എന്ന രോഗം ഉണ്ടാകുന്നു.

വാതരക്തത്തിന്റെ പൂൎവ്വരൂപം.

സ്വേദോഽത്യൎത്ഥം നൈവ കാൎഷ്ണ്യം പ്രകാമം
സ്പൎശാജ്ഞത്വം ചാതിപീഡാക്ഷതേഽപി
കട്യാംസോരുജാനുജംഘാശയാംഘ്രി
സംഗായായാസ്സന്ധയസ്താസ്സുതോദഃ. ൮

സ്പന്ദസ്തബ്ധത്വം മേദോഗ്രഹത്വം
സ്പൃഷ്ടിഃ കണ്ഡൂദാഹതാ ചാസൃജേ ॥
... ... വിനശ്യതി വാത-
രക്ത പൂർവ്വം മണ്ഡലം വർണ്ണഭേദഃ. ൯

പിടകോദ്ഗമമാലസ്യ സദനേ ...
വാതാസ്രപൂർവ്വരൂപം ... ൧൦

വളരെ വിയപ്പ് അല്ലെങ്കിൽ ഒട്ടും വിയപ്പില്ലായ്ക, ശരീരത്തിനു കറുത്തനിറം, ചിലപ്പോൾ തൊട്ടാൽ അറിയാതിരിക്കുക; മുറിഞ്ഞാൽ വളരെ വേദന, അരക്കെട്ട്, തോൾ, തുട, മുട്ട്, കണങ്കാൽ, കൈയ്, കാല്, അംഗസന്ധികൾ ഇവയിൽ കുത്തിനോവ്, പൊരുപൊരുപ്പ്, മേദസ്സിന്റെ ആധിക്യം, മരവിപ്പ് പൊറിച്ചിൽ, ചൂട് വേദന, ഇവ ചിലപ്പോൾ ഇല്ലാതെയും ചിലപ്പോൾ ഉണ്ടായിട്ടും കാണുക, തടിപ്പ് നിറംമാററം, ചൊറിച്ചിൽ ഉണ്ടാകുക; മടി, ക്ഷീണം, ഇവ വാതരക്തത്തിന്റെ പൂർവ്വരൂപമാണ്.

ലക്ഷണം.

പാദേപാദേ വൈശ്യം ... പ്രതാനേ
രക്തസ്യ ... സകലാംഗയന്തൗ
പ്രഭഞ്ജനാസ്രേ പ്രഭവന്തി പൂർണ്ണ
രൂപേ ച ... ൧൧

സന്ധികളിൽ കാരണം കൂടാതെ നീരുണ്ടാകുക, ചൂട്, ശരീരത്തിലെല്ലാം രക്തത്തിന്റെ നിറം വരിക; ഇവ വാതരക്തത്തിന്റെ പൂർണ്ണരൂപമാകുന്നു. ഇനിയും ഉപശയത്തെ പറയുന്നു.

വാതരക്തത്തിൽ ശീലിക്കേണ്ടവ.

ദിവാശയാനേന ബഹുപ്രകാരൈർ
സ്ത്രീസംഗമം ചൈവ ശ്രമം ന കുര്യാൽ
കട്വമ്ലഭിഷ്യന്ദി പടൂഷ്ണരൂക്ഷ-
മന്നം സ്വഥാ പഥ്യതമം ച വിദ്യാത്. ൧൨

പകലുറങ്ങുക; വളരെ കോപിക്കുക; സ്ത്രീസംഗം ചെയ്യുക; ശ്രമപ്പെടുക; എരിവുള്ളവയും കഫദുഷ്ടിയെ ഉണ്ടാക്കുന്നവയും ഉപ്പുരസമുള്ളവയും പുളിരസമുള്ളവയും ഭക്ഷിക്കുക; ഇവയെല്ലാം വാതരക്തമുള്ളവൻ വർജ്ജിക്കണം. ഇനിയും പഥ്യമായുള്ളതിനെ പറയുന്നു.

പഥ്യം.

ഗോധൂമശാലീസവഷഷ്ടികാഭിർ-
യവൈർണ്ണശ്ചാഢക്യന്യൈർവിധീതഭോജ്യം

മുദ്ഗാഢകീഭിശ്ച ... മസൂരൈഃ
കുലത്ഥകൈർവ്വാവിദധീതയൂഷാൻ. ൧൩

വേത്രാഗ്രം കാകമാചീ ... വാസ്തുകോപോദകീ ച
ശാകാർത്ഥം വേദപത്ര... ഹ്യമന്ത്രോദസിതൈഃ
മാംസൈർവ്വാ വിഷ്കിരാണാം പ്രതുദഭവപരൈർവ്വാരസം സംവിദധ്യാൽ
സാത്മ്യായാശ്യ ... വിദധ്യാൻ ... വാതരക്തേ പ്രകുര്യ്യാൽ.

ഗോതമ്പ്, ചെന്നെല്ല്, യവം, ഞവര, പഴയ ധാന്യങ്ങൾ, ഇവകൊണ്ടുള്ള അന്നവും; ചെറുപയറ്, തുവര, ചണംപയറ്, കറുത്തചണംപയറ്, മുതിര, ഇവകൊണ്ടുള്ള ചാറും ചൂരൽതളിര്, കറുത്തകാളി ശതാവരി വാസ്തുച്ചീര ... മുരിങ്ങയിലഇവയും, നെയ്യും; വിഷ്കിരപക്ഷികളുടെ മാംസംകൊണ്ടും പ്രതുദപക്ഷികളുടെ മാംസംകൊണ്ടുമുള്ള രസവും, വാതരക്തത്തിൽ പഥ്യമാകുന്നു. മാംസരസം നെയ്കൂട്ടി ഉപയോഗിച്ചുകൊള്ളണം. കാട്ടുപക്ഷി, ചീവൽപക്ഷി, വേഴാമ്പൽ, തിത്തിരിപ്പുള്ള്, കോഴി, ഉപ്പൻ മുതലായവ "വിഷ്കിര"പക്ഷികളും പച്ചനിറത്തിലും വെള്ളനിറത്തിലും ചിത്രച്ചുത്തോട്ടുകൂടി ഇരിക്കുന്നവയും മാടപ്രാവ്, കരിങ്കിളി, കുയിൽ മുതലായവയും "പ്രതുദ"പക്ഷികളും ആകുന്നു.

വാതരക്തചികിത്സ.

(ലേപനം)

ഗോധൂമപിഷ്ടൈർഘൃതചരാഗിദ്ധൈർ-
ഭ്രഷ്ടൈസ്തിലൈർവ്വാ പയസാതസീഭിഃ
ഭ്രഷ്ടാഭിരേവം ഖലു വദ്ധമാന-
ഫലൈശ്ച ലേപോ ഗദിതോഽസ്രവാതേ. ൧൪

ഗോതമ്പിൻമാവ് നെയ് ചേർത്തു പാലിൽ കുറുക്കിയും; എള്ളു വറുത്ത് പാലിൽ പുഴുങ്ങി അരച്ചും; അകത്തിക്കുരു വറുത്തു പാലിൽ പുഴുങ്ങി അരച്ചും; വെളുത്താവണക്കിൻകുരു പാലിൽ പുഴുങ്ങി അരച്ചും; ലേപനം ചെയ്യുന്നതു രക്തവാതത്തിനു നല്ലതാണ്.

സ്നിഗ്ദ്ധസ്യ വാതാസ്രഗദാതുരസ്യ
രക്തം സിരാമോക്ഷണശൃംഗികാദ്യൈഃ
തുംബീജലൗകാദിഭിരപ്യശങ്ക-
മല്പാല്പദോഷം പരിരക്ഷ്യഹാര്യം. ൧൫

വാതരക്തരോഗിയെ സ്നിഗ്ദ്ധശരീരനാക്കിയതിനുശേഷം ഞരമ്പുകീറിയോ കൊമ്പുവച്ചോ ചുരക്കാകൊണ്ടോ അട്ടയിട്ടോ രക്തം എ

ടുത്തു കളയണം; ഈ രക്തമോക്ഷണത്തിൽ ദോഷത്തെ അല്പാല്പമായിവേണം കളയേണ്ടതു്.

ഉഗ്രാംഗദാഹേഽപ്യഥ രോദഗതെ
ശൂലൌചപിപാടിസ്തംഭവേദനാവ്യാം
രക്തപ്രസേകതപചി വാപി ഖണ്ഡൂ-
ഗദേ ഹരേദ്രക്തമലം ച ശൃംഗൈഃ. ൮൬

ശരീരത്തിന്നു വലുതായ ചുട്ടും കുത്തിനോവും ഉണ്ടെങ്കിൽ അട്ടയിട്ടും; വേദന, രക്തംഒഴിക്കുക, ചൊറിച്ചിൽ ഇവയുണ്ടെങ്കിൽ കൊമ്പുവച്ചും രക്തം എടുത്തുകളയണം.

സിരാദിമോക്ഷൈസ്സകലാംഗദോഷേ
വായുന്ന വദ്ധേച്ച യഥാല്പമല്പം
ത്രുക്ഷസ്യ വാത്മാനത്വരോപദായമേണർ
വാതോത്തരം രക്തമലം ന ഹാര്യം. ൮൭

സകലാംഗദോഷത്തിലും ഞരമ്പുകീറി രക്തം കളയുന്നതിൽ വായുകോപം ഉണ്ടാകാതെ സൂക്ഷിച്ചുകൊള്ളണം. രൂക്ഷശരീരനായും ദേഹം ക്ഷീണിച്ചും ഇരിക്കുന്നവന്നു് ഞരമ്പുകീറി വാതരക്തം കളയരുതു്.

ഗംഭീരംശ്വയഥും സിരാഭവേദൻ ഗ്ലാനിം ച കമ്പം തഥാ
കുബ്ജാദ്യായുരക്ഷിതോപഗദാനന്യാംശ്ചയസ്മാദ് ഭിഷക്
അല്പാല്പം പരിരക്ഷ്യ വായുമസകൃദ്രക്തം ഹരേദന്യഥാ
മൃത്യുഃ സ്യാച്ചയതോ വിചാര്യഭിഷജാകാര്യംസിരാമോക്ഷണം.

ഞരമ്പുകീറുന്നതിൽ വായുവിനെ രക്ഷിക്കാതെയിരുന്നാൽ ഗംഭീരമായ നീരു് ഞരമ്പിലുള്ള രോഗങ്ങൾ തളച്ച വിറയൽ ഇവയും മററുരോഗങ്ങളും ഉണ്ടാകും. അതിനാൽ വായുവിനെ വേണ്ടതുപോലെ രക്ഷിച്ചു് പലതവണയായി കുറേശ്ശേവേണം രക്തം കളയേണ്ടതു്. ഇപ്രകാരമല്ലാതെ ഞരമ്പുകീറിയാൽ മരണം സംഭവിക്കതന്നെ ചെയ്യും. അതിനാൽ രക്തമോക്ഷണം ചെയ്യുന്നതു് വൈദ്യൻ വളരെ മനസ്സിരുത്തി വേണ്ടതാകുന്നു.

പിത്താധികേ്യരേചനം ചാശു കുര്യാൽ
സ്നേഹൈവൈര്യ്യോരേചകൈസ്ത്യോഗമുഖ്യൈഃ
ബാഹ്യാഭ്യാംഗാലേപനാസ്ഥാപനൈശ്ചാ-
പാനൈഃ സ്നേഹസ്യാപിവാലേപനാദൈഃ. ൮൮

പിത്തവൽനയോടുകൂടിയ വാതരക്തത്തിൽ വിരേചനയോഗ്യങ്ങളായ മുഖ്യയോഗങ്ങൾകൊണ്ടു് ക്ഷ്രിയ നെയ്കൊടുത്തു് വിരേചി

പ്പിക്കണം. തേച്ചുകുളി ലേപനം കഷായവസ്തി സ്നേഹപാനം, ഉപനാഹം (മരുന്നുവെച്ചുകെട്ടുക) ഇവയും പിത്തവൽനയോടുകൂടിയ വാതരക്തത്തിൽ ചെയ്യും.

പരിഷേകൈശ്ചയോഗൈശ്ച രേചനൈരപി ചൈവ്യരാട്
ഗംഭീരമാചരേൽപ്രാജ്ഞോ യോഗാനന്യാംശ്ചബ്രുമഹേ. ൮൯

ഗംഭീരമായ (വളരെ കുഴിയുള്ളതായ) വാതരക്തത്തെ വൈദ്യൻ പരിഷേകം (വെള്ളം ഒഴിച്ചുകഴുക) കൊണ്ടും വിരേചനയോഗങ്ങൾകൊണ്ടും ചികിത്സിക്കണം. ഇനിയും മററുയോഗങ്ങളെ കാണിക്കുന്നു.

ഗുഡൂചീയോഗം.

സുധാലതായാഃ സ്വരസംതഥാവാ
ചൂർണ്ണംതുകല്കം ശ്രുതമംബു വാ സ്യാദ്
യസ്സേവതേഗുഗ്ഗുലുനാവിമിശ്രം
നിത്യംഹിവാതാസ്രഗദാൽപ്രമുച്യേൽ.

അമൃതിന്റെ തനിനീരോ ചൂർണ്ണമോ അമൃതു് അരച്ചതോ അമൃതിൻകഷായമോ ശുദ്ധിചെയ്ത ഗുഗ്ഗുലുവിനോടുകൂടി മുടങ്ങാതെ സേവിച്ചാൽ വാതരക്തരോഗം വിട്ടുമാറും.

മഞ്ജിഷ്ഠാദി കഷായം.

മഞ്ജിഷ്ഠാത്രിഫലാവചാമൃതാദാരികാനിശാദാരുഭിർ
നിംബേനാപികൃതഃകഷായവിധിനാപീതസ്തുവാതാസ്രജാ
കപാടോയം "നവകാഷികഃ" പ്രശമയേൽകുഷ്ഠം പാമാംസ്തഥാ
വിസ്ഫോടംചവിസർപ്പകം പ്രശമയേദ്രക്തംഭവംമണ്ഡലം. ൯൦

മഞ്ചട്ടി ത്രിഫല വയമ്പു് അമൃതു് പുത്തരിച്ചുണ്ടവേരു് മഞ്ഞൾ ദേവദാരം വേപ്പിൻതൊലി ഇവ വിധിപോലെ കഷായംവച്ചു സേവിച്ചാൽ വാതരക്തം, കുഷ്ഠം, പാമ, വിസ്ഫോടം വിസർപ്പം, രക്തമണ്ഡലം ഇവ ശമിക്കും. ഇതിന്നു് "നവകാഷികം" കഷായമെന്നുപേർ.

വേറൊരുയോഗം

വൃഷാമൃതൈരണ്ഡകൃതഃകഷായഃ
പീതസ്തഥൈരണ്ഡജതൈലയുക്തഃ
നിഹന്തിവാതാസ്രഗദംവിശേഷാൽ
സർവ്വാംഗജൈകാംഗജമപ്യജസ്രം. ൯൧

ആടലോടകത്തിൻവേരു് അമൃതു് വെളുത്താവണക്കിൻവേരു് ഇവകൊണ്ടുള്ള കഷായം ആവണക്കെണ്ണ ചേർത്തു സേവിച്ചാൽ സർവ്വാംഗജമായും ഏകാംഗജമായും ഇരിക്കുന്ന വാതരക്തം ശമിക്കും.

താലകേശ്വരം.

താലസ്യപത്രാണ്യതിസൂക്ഷ്മകാണി
പുനർന്നവായാഃ സ്വരസൈർദ്ദിനൈകം
വിമർദ്ദ്യതാവച്ച ഘനതന്മേവ-
മായാതികഷ്യാസ്യ ച ചക്രികായാ. ൨൫
സംശോഷ്യ ഭാണ്ഡേ ച പുനർന്നവായാഃ
പഞ്ചാങ്ഗജക്ഷാരചയൈഃ പ്രപൂര്യ
സതാലികാമധ്യഗതാന്നമലംതരസ്ത
തദന്തരാളേ ച നിധായ താംശ്ച. ൨൬
സമാല്യാമുഖം ചാപി ദൃഢം വിമൃദ്യ-
മൃൽപിഷ്ടൈശ്ചാപി വിശോഷ്യ ചുല്ല്യാം
ചുല്ല്യാംനിധായാഗ്നിമനല്പമേവ
ദിവാനിശം പഞ്ചദിനാനി യാവൽ. ൨൭
സംജാതശൈത്യംപശ്ചാദപഗ്ന്യശീത-
മലം സുഭാവേന തു സിദ്ധതാലം.
താലേശ്വരാഖ്യസ്സ ഗുഡൂചികാദി-
കഷായമാർഗ്ഗേണ ജയേമിതോ ദ്വിശോ ദ്വയം. ൨൮
അഷ്ടാദശാപ്യാശു ച കുഷ്ഠരോഗാൻ
വാതാസ്രവിസ്ഫോടവിസർപ്പരോഗാൻ
കണ്ഡൂം ച പാമാമഥമണ്ഡലാനി
ഫിരംഗദേശോത്ഥഗദം നിഹന്തി. ൨൯
കട്വമ്ലലവണാംസ്ത്യക്ത്വാ ഭേഷജം പരിശീലയേൽ
ആതപം വഹ്നിമപ്യത്ര ലവണം സൈന്ധവം ഭജേൽ. ൩൦

ശുദ്ധിചെയ്ത അരിതാരം അതിസൂക്ഷ്മമായി പൊടിച്ചെടുത്തു് തഴുതാമയുടെ നീരിൽ ഒരുദിവസം അരച്ചു് കട്ടിയായാൽ വടകമാക്കി ഉരുട്ടി വെയിലത്തുണക്കി തഴുതാമയുടെ പഞ്ചാംഗക്ഷാരം കഴുത്തുവരെ നിറച്ച ഒരു കലത്തിൽ ആ വടകങ്ങൾ എടുത്തുവച്ചു് വേറൊരു ചട്ടികൊണ്ടടച്ചു് ശീലമൺചെയ്തു് ഉണക്കി ചൂളയിൽവെച്ചു് അഞ്ചു ദിവസം രാവും പകലും അതിയായി തീയെരിക്കുക, അതിനുശേഷം ആറിയാൽ എടുത്തു് മണ്ണ് അടർത്തിക്കളഞ്ഞു് അകത്തിരിക്കുന്ന മരുന്നെടുത്തു് ഗുഡൂച്യാദികഷായത്തിൽ ഒരു കുന്നിപ്രമാണം സേവിക്കുക; പതിനെട്ടുവിധത്തിലുള്ള കുഷ്ഠം വാതരക്തം വിസ്ഫോടം വിസർപ്പം ചൊറിച്ചിൽ പാമ മണ്ഡലകുഷ്ഠം ഫിരംഗരോഗം (പറങ്കിപ്പുണ്ണ്) ഇവ ശമിക്കും. എരിവു് പുളി ഉപ്പു് ഇവ വർജ്ജിക്കണം. വെയിലു് തീയ് ഇവ ഏല്ക്കരുതു്. ഇന്തുപ്പു് കൂട്ടാം ഇതിന്നു് സിദ്ധതാലേശ്വരരസം എന്നു പേർ.

വാതരക്തസംപ്രാപ്തി

(വാതാധികവാതരക്തം)

വാതാധിക്യേശ്ശൂലശോഫൌ ച രൌക്ഷ്യം
തോദസ്പന്ദൌ വേപഥുഃ സുപ്തതാ ച.
ശീതദ്വേഷസ്തംഭരുക് ചാങ്ഗുലീനാം
സ്യാൽസംകോചശ്ചാങ്ഗസന്ധിഗ്രഹോƒപി. ൩൧
തനോഃ ശ്യാവതാ കൃഷ്ണവർണ്ണത്വവൃദ്ധി-
ർഭവേൽകദാപി ഹാനിസ്സദായാതവൃദ്ധൌ
ശതാഹ്വാദയം വൈപ്രിയാലും കശേരും
ഘൃതം സൽസിതാമിഷ്ടയഷ്ടീം പ്രദദ്യാൽ. ൩൨
വിദാരീം ച സംയോജ്യ കുര്യാൽ പ്രദേഹം
പ്രസക്തേ ച വാതാധികേ ചാന്യയോഗഃ.
സരാസ്നാ ഗുഡൂചീ ബലേ ദേവ ച യഷ്ടീ
സുപിഷ്ടാ സജീവർഷഭാ ദുഗ്ദ്ധസിദ്ധഃ. ൩൩
പ്രദേഹോ മധൂകേതാപി നിത്യോസ്രഹാരീ
പ്രസിദ്ധസ്തരാസ്നാദിരത്രോക്തദ്രവ്യൈഃ
പ്രയുക്തം ച യോഗദ്വയം രാമപദ്യൈഃ
പ്രയോജ്യം സുവൈദ്യൈർവ്വിചാര്യാശു നിത്യം. ൩൪

വാതകോപം അധികമുള്ള വാതരക്തത്തിൽ ശൂലം നീരു് സ്നിഗ്ദ്ധതയില്ലായ്ക കുത്തിനോവു് തുടിപ്പു് വിറയൽ മരവിപ്പു് തണുപ്പേൽക്കുന്നതിൽ വിരോധം സ്തംഭം വേദന വിരലുകൾ കോച്ചുക; അംഗസന്ധികൾക്ക് പിടിത്തം ദേഹത്തിനു് കരുവാളിപ്പു് കൃഷ്ണവർണ്ണം ഇവ ചിലപ്പോൾ വർദ്ധിക്കുകയും കുറയുകയും ചെയ്യുക ഈ ലക്ഷണങ്ങൾ കാണും. ഇതിന്നു് ശതകുപ്പ അയമോദകം മൂരൾമരത്തിൻകായ് കഴിമുത്തങ്ങാ ഊറാൻകത്താത്തതായ ഇരട്ടിമധുരം പാൽമുതക്കിൻ കിഴങ്ങ് ഇവപൊടിച്ചു് പഞ്ചസാരയും നെയ്യും ചേർത്തു സേവിപ്പിക്കണം വായുവിന്നു് തടസ്സമുണ്ടെങ്കിൽ മുൻപറഞ്ഞമരുന്നുകളെല്ലാംകൂടി അരച്ചു് നെയ്യിൽ ചാലിച്ചു് ലേപനം ചെയ്യുകയും വേണം.

വേറൊരുയോഗം.

അരത്ത അമൃതു് കുറുന്തോട്ടിയും ആനക്കുറുന്തോട്ടിയും ഇരട്ടിമധുരം ജീവകം ഇടവകം ഇവ പാലിൽ അരച്ചു് തേനും ചേർത്തു ചാലിച്ചു് തേയ്ക്കുകയും ആകാം. ഇങ്ങനെ ൩. ശ്ലോകങ്ങൾകൊണ്ടു് രണ്ടു യോഗം കാണിക്കപ്പെട്ടു. ഇതിനെ വൈദ്യന്മാർ നിത്യവും ആലോചിച്ചു പ്രയോഗിച്ചുകൊള്ളണം.

പിത്താധിക്യമുള്ള വാതരക്തലക്ഷണം.

ദാഹോമോഹഃ സ്വേദമൂർച്ഛാമദശ്ച
തൃഷ്ണാദാഹസ്തഗ്രുതഃപാകശോഫൌ
പിത്താധിക്യേഗാത്രസംസ്പർശനേരുക
തപ്തന്നിത്യംചോഷ്ണതാസർവ്വദേഹേ. ൩൫

പുകച്ചിൽ മോഹം വിയൎപ്പു് മൂർച്ഛ മദം തണ്ണീർദാഹം തൊലി പ്പുറത്തുചൂട്ട് പഴുപ്പു് നീര് ദേഹത്തിൽ തൊട്ടാൽ വേദന ദേഹത്തി ലെല്ലായിടവും ഉഷ്ണം ഇവ പിത്താധികമായ വാതരക്തത്തിന്റെ ലക്ഷണമാകുന്നു.

പിത്താധിക വാതരക്ത ചികിത്സ.

കാശ്മൎയ്യദ്രാക്ഷാമധൂകൈശ്ചദുഗ്ദ്ധം
കാകോളികാ ചന്ദനശർക്കരാഭിഃ
സപിത്തവാതാസ്രഗദസ്യശാന്ത്യൈ
ശൃതംപിബേച്ഛീതജലംമധൂകൈഃ. ൩൬

കുമ്പിൾവേര് മുന്തിരിങ്ങാപ്പഴം ഇരട്ടിമധുരം കാകോളി ചന്ദനം ഇരിപ്പക്കാതൽ ഇവയിട്ടു കാച്ചിയ പാൽകഷായം അറിനാൽ പഞ്ചസാര ചേൎത്തുസേവിക്കുക; പിത്താധികമായവാതരക്തം ശമിക്കും.

വേറൊരുയോഗം.

കടുകരോഹിണീഫലത്രയരോഹിണീ
കഥിതമാശ്രുഗുഡൂചികയാഥവാ
സമധുഖണ്ഡയുതം പ്രപിബേദലം
പ്രബലപിത്തപ്രഭഞ്ജനരക്തകേ. ൩൭

പടവലം ശതാവരിക്കിഴങ്ങ് ത്രിഫല കടുകരോഹിണി അമൃതു് ഇവകഷായംവച്ചു് അറിനാൽ തേനും കല്ക്കണ്ടവുംമേമ്പൊടിചേൎത്തു സേവിക്കുക; പിത്താധിക്യത്തോടുകൂടിയ വാതരക്തം ശമിക്കും.

കഫാധികവാതരക്തലക്ഷണം.

സ്തൈമിത്യശീതത്വഗുരുത്വസുപ്തയഃ
സ്നിഗ്ദ്ധത്വമേവാത്ര കഫേനയുക്തേ
കണ്ഡ്വാശ്ച മന്ദാതിരുജഃ പ്രലേപ്യാ
വാതാസ്രരോഗസ്യ കഫസ്യ ചൈവ. ൩൮

നീരിന്റ് നിശ്ചലത്വം ശീതത്വം ഗുരുത്വം മരവിപ്പു് സ്നിഗ്ദ്ധത്വം ഇവ കഫാധികവാതരക്തത്തിന്റെ ലക്ഷണമാകുന്നു്. അമുക്കരവും എള്ളുംകൂടി പാലിൽപുഴുങ്ങിയരച്ചു് തേച്ചാൽ കഫാധികമായ വാതരക്തംശമിക്കും.

വേറൊരുയോഗം.

സിദ്ധാർത്ഥനിംബപ്രാപിചുമന്ദപത്രൈർ-
ലേപസ്തിലക്ഷാരയുതസ്തഥൈവ
ഘൃതൈശ്ചക്ഷീരൈശ്ച സുരാഭിരത്ര
മൂത്രൈശ്ചതദ്വൽ പരിഷേചകുൎയ്യാൽ. ൩൯

വെൺകടുകു് നറുമാഞ്ഞിവേരു് വേപ്പില എള്ളിൻകൊച്ചില ചുട്ടെടുത്ത ക്ഷാരം ഇവ പാലിൽ അരച്ചുതേക്കുകയോ പാലും സുരയും ഗോമൂത്രവുംകൂടി ചേൎത്തു കാച്ചിയ നെയ്യു് ദേഹത്തുതേക്കുകയോ ഒഴിക്കുകയോ ചെയ്താൽ കഫാധികമായ വാതരക്തം ശമിക്കും. "മൂത്രക്ഷീരസുരാസിദ്ധംഘൃതമഭ്യഞ്ജനേഹിതം, സിദ്ധം സമധുസൂക്തം തു സേകാഭ്യംഗേകഫോത്തരേ" എന്നു് വേറെയും പ്രമാണം ഉണ്ടു്.

ഗൌരസർഷപജഃ കല്കഃ പ്രദേഹോവാകഫാധികേ
വാതരക്തപ്രകുപ്പിതപ്രവദന്തിഭിഷഗ്വരാഃ. ൪൦

വെൺകടുകു് ഗോമൂത്രത്തിലോ പാലിലോ അരച്ചു് തേച്ചാൽ കഫാധികമായ വാതരക്തം ശമിക്കും.

രക്താധികവാതരക്തം.

ശോഫോഽതിരുക്തോദതാമ്രശ്ചാത്ര-
ദേഹശ്ചരക്തേഽഭ്യധികേഭവന്തി
സ്നിഗ്ദ്ധൈർന്നരൂക്ഷൈശ്ചശമം പ്രയാതി
കണ്ഡൂക്ലേദാന്വിതഃ ചിമിചിമായതേ ച. ൪൧

നീർക്കെട്ടു് വളരെ വേദന കുത്തിനോവു് ദേഹംചെമ്പിൻനിറമാകുക; സിദ്ധങ്ങളായും രൂക്ഷങ്ങളായും ഇരിക്കുന്ന പ്രയോഗങ്ങൾകൊണ്ടു് ശമിക്കാതിരിക്കുക; നവു് ചൊറിച്ചിൽ ചെറിയ പ്രാണികൾ ദേഹത്തിൽ ഇഴയുന്നതുപോലെ തോന്നുക; ഇവ രക്താധികമായ വാതരക്തത്തിന്റെ ലക്ഷണമാണു്.

രക്താധികവാതരക്തചികിത്സ.

നളദവാരിഘൃതൈഃ പയസാസമൈർ-
മധുകശാല്മലികല്കസമന്വിതൈഃ
രുധിരവാതഗദാസ്രവിലേപനം
നിഗദിതംബഹുധാജപയോയുതം. ൪൨

ആട്ടിൻപാൽ അല്ലെങ്കിൽ പശുവിൻപാൽ സമം രാമച്ചക്കഷായത്തിൽചേൎത്തു് ഇരിപ്പക്കാതലും ഇലവിൻപശയും അരച്ചുകലക്കി പാലിനുസമം നെയ്യുംചേൎത്തു ലേപനംചെയ്താൽ രക്താധികമായ വാതരക്തം ശമിക്കും.

അക്ഷ്ടോധപരിഷേചനംമൂത്രശ്ചാനുലേപനംതതഃ
സർജ്ജജാതമസ്ഥിശ്രിതൈരൂതൈശ്ചാംബുധൗതഘൃതവിഷാമൂത്രമൂത്രഃ.

കൂട്ടക്കൂടെ എരിക്കിൻപാൽ ഒഴക്കുകയോ ചെഞ്ചല്യം പൊടിച്ച് നെയ്യിൽ ചേർച്ച ദോറത്തു തേക്കുകയോ പതിനാറുപ്രാവശ്യം കടഞ്ഞെടുത്തനെയ്യെടുത്തു ദേഹത്തിൽ തേക്കുകയോ ചെയ്താൽ രക്താധികമായ വാതരക്തം ശമിക്കും.

വാതപിത്താധികവാതരക്തം.

ശോഫഃ സ്വാപോകസ്യം പാകഃ രോമഹർഷശ്ചരീരിണി
കാലം ഗതം വിസ്രവേൽസ്യന്ദനുക്തം
സ്പർശപ്രായശ്ചാസഹത്വം ച വാത-
പിത്താധിക്യേ വാതരക്തേഭവന്തി. ൨൪

നീര്, പുകച്ചൽ, പഴുപ്പ്, സർവാംഗസന്താപം, കരുവാളിപ്പ് ഇവയുണ്ടാകുക, രക്തം ഒഴുകുക, തൊട്ടാൽ സഹിക്കാത്ത വേദന, ഇവ പിത്താധിക്യമുള്ള വാതരക്തത്തിന്റെ ലക്ഷണമാണ്.

വാതപിത്താധികവാതരക്തചികിത്സ.

പീയൂഷപീയൂഷമലം തതഞ്ച-
തൈലംഘൃതതൈലമേതൈരൻവിരേച്യ
വാതോപിത്താധികരക്തപിത്തം
വിസർപ്പകണ്ഡൂതിഗദം നിഹന്യാൽ. ൨൫

അമൃതിന്റെ പച്ചനീരുവിനെന്നൊ ദോശം ചേക്കാതെയോ സേവിച്ചാൽ വാതപിത്താധികമായ വാതരക്തം, വിസർപ്പം, ചൊറിച്ചിൽ ഇവ ശമിക്കും.

വേറൊരു യോഗം.

ത്രിവൃദമൃതാരീക്ഷുരകൈഃ കഷായഃ
കൃതഃ പ്രപീതസ്സതതൈവ നിത്യം
സവാതപിത്താധികവാതരക്തം
നിഹന്തിവൈദ്യക്ഷിതിപാ വദന്തി. ൨൬

ത്രികോല്പക്കൊന്ന പാൽമുതക്ക് ഞെരിഞ്ഞിൽ ഇവ കഷായം വച്ച് നിത്യവും സേവിച്ചാൽ വാതപിത്താധികമായ വാതരക്തം നശിക്കും.

വാതകഫാധികവാതരക്തലക്ഷണം.

തോദശ്ശൈത്യം ഗൌരവം സ്യന്ദമുച്ചൈർ-
വിസ്രാസ്രത്വം ചാംഗുലീപർവ്വജാതഃ
വാതശ്ലേഷ്മാസംയുതേ വാതരക്തേ
സ്യാൽസങ്കോചഃ കാപിപാകശ്ചമിദാ. ൨൭

കുത്തിനോവ് ശൈത്യം ഗുരുത്വം വെള്ളമൊഴുകുക; ചോരയ്ക്ക് ദുർഗ്ഗന്ധമുണ്ടായിരിക്കുക; ചിലപ്പോൾ വിരലിന്റെ മുട്ടുകൾ കോച്ചുക ഇവ വാതകഫയുക്തമായ വാതരക്തത്തിന്റെ ലക്ഷണമാണ്.

വാതകഫാധികവാതരക്തചികിത്സ.

ശിഗ്രുബീജധനികാസമസ്താ പേഷിതാശ്ശുജലേന ചലിപ്താ
വാതരക്തമപിവാതകഫേന ഹന്തി ചാശ്മഭരസൈർസ്സവമൂത്രസികതാ. ൨൮

മുരിങ്ങയരി കൊത്തമ്പാലയരി ചണംപയറ് ഇവ പുളിനീരിൽ അരച്ചുതേച്ച് പുളിയിലയിട്ട വെന്തവെള്ളംകൊണ്ട് വളരെ പ്രാവശ്യം തേച്ചുകഴുകിയാൽ വാതകഫപ്രധാനമായ വാതരക്തം ശമിക്കും.

വേറൊരുയോഗം.

ഗൃഹധൂമവചാനിശാദാരുശ്ശതപന്ഥാഗദപേഷിതൈരലം
പരിലേപിതമാശ്രുനാശയേൽ പ്രബലംവാതകഫോത്ഥാംഗദം. ൨൯

പുകയറ വയമ്പ് മഞ്ഞൾ മരമഞ്ഞൾ തകരം ശതാവരി കൊട്ടം ഇവ അരച്ച് ലേപനം ചെയ്താൽ വാതകഫപ്രധാനമായ വാതരക്തം ശമിക്കും.

വാതരക്താധികവാതരക്തലക്ഷണം.

സ്യന്ദശ്ശോഫോമന്ദകണ്ഡൂതിയുക്തോ
ദേഹേരാഗശ്ചിഞ്ചിമാരക്തസ്രാവഃ
സാല്പാധിക്യാല്പക്ഷ്യതേവാതരക്താ-
ധിക്യേചൈവംലക്ഷണംവാതരക്തേ. ൩൦

വെള്ളം ഒലിക്കുക നീര് അല്പം ചൊറിച്ചിൽ ദേഹത്തിൽ ചെറുപ്രാണികൾ ഇഴയുന്നതുപോലെ തോന്നുക; രക്തം ഒലിക്കുക; ചിലപ്പോൾ കുറവായും ചിലപ്പോൾ കൂടിയും ഇരിക്കുക; ഇവ വാതരക്തപ്രധാനമായ വാതരക്തത്തിന്റെ ലക്ഷണമാകുന്നു.

വാതരക്താധികവാതരക്തചികിത്സ.

പീയൂഷവിശ്വധനികാത്രിതയംത്രികഷ്ടം
സംകാഥ്യപീതമസകൃൽസകലാമയഘ്നം
വാതാസ്രമാശുവിനിഹന്തിചവാതരക്ത-
ദോഷാധികംസകലകുഷ്ഠഗണപ്രണാശി. ൩൧

അമൃത് ചുക്ക് കൊത്തമ്പാലയരി ഇവ ന-ന-കഴഞ്ചുവീതം എടുത്ത് കഷായംവച്ച് പലതവണസേവിച്ചാൽ വാതരക്താധികമായ വാതരക്തം ശമിക്കും.

ഭല്ലാതകലേഹം.

ഭല്ലാതകാനി പ്രസ്ഥമവംമിതുഗ്രം
ഗുഡൂചികാചൈവക്ഷുരാദിപ്രസ്ഥം
ഏകത്രപാത്രേത്രജലേഷ്ടഭാഗ-
പ്രപൂരിതേപാച്യചപാദശേഷേ. ൫൨
സദ്രവ്യപൂതേപിചവക്ഷ്യമാണാ-
ന്യാചൂർണ്ണിതാന്യാശ്രു ചതാനിവക്ഷ്യേ
വിശ്വാമൃതാവാകുചികായവാനീ
ധാത്രീനിശാചന്ദനചക്രമർദ്ദാൻ. ൫൩
നിംബാരുണാമാഗധികാശിവാഭിഃ
കടുത്രയംനിംബധനാമൃതാഭിഃ
ധാത്രീനിശാപപ്പടഗോക്ഷുരാണി
ഗന്ധത്രയംസൈന്ധവബാലചന്ദ്രാൻ. ൫൪
ഉശീരമാരക്തകചന്ദനം ച
പൃഥക്പൃഥക്സംമിതംപലാർദ്ധം
സംചൂർണ്ണിതംപൂർവ്വജലേനവിദ്വാൻ
തത്തൽസമസ്തംസംഘൃതംവിപാച്യ. ൫൫
മധുപ്രയുക്തംചമൃദസ്സുപാത്രേ
നവേഹിസംരക്ഷ്യയഥാബലംഹി
ഭുക്തപാനരോഗസ്തുജലേനവാത-
രക്തംജയേദത്രനകാപിശങ്കാ. ൫൬
യസ്യപ്രകൃത്യാസഹതേനഭല്ലാ-
തകംസതംത്യജ്യ ചഭക്ഷണാത്ഥേ
യോഗേസുരക്തംചലുചന്ദനംതൽ
തത്തൽഗുണൈഃപ്രാഹുരലംപുരാണാഃ. ൫൭

കുഷ്ഠാർശോവാതരക്താദികരുധിരഭവാവായുജാദയ സമസ്താഃ
കണ്ഡൂടൽവിസർപ്പാദികവിവിധഗദാമണ്ഡലാദ്യാഃസമസ്താഃ
നാശംഗച്ഛന്തിസദ്യോവ്യമൃതയുതരസേഷ്വീനകാന്യാദരേണ
പ്രാതർഭുക്തേപലൈകേവിവിധബുധഗണൈർഗ്ഗീയതേസജ്ജനേന.

വ്യായാമമാതപകൃശാനുധീതിവാമ്ല-
സ്വാദുസ്ത്രീയംചപയസാസ്നപനംചതൈലൈഃ
അഭ്യംഗമാശു ന ഹി ധാപരിവർജ്ജനീയ-
മേതൽസമസ്തമപിഭല്ലീയുതപ്രയോഗേ. ൫൮

ചേർക്കുരുതല്ലിച്ചതച്ചത്് ഒരിടങ്ങഴി അമൃത് വയൽചുള്ളിവേ
രിവ ഓരോന്നിടങ്ങഴി എട്ടിരട്ടി വെള്ളത്തിൽ കഷായം വച്ച് നാ

ലൊന്നാക്കി അലക്കിയവസ്ത്രത്തിൽ അരിച്ച് ചുക്ക് അമൃതിൻവേര് കാർകോകിലരി കുറാശാണി നെല്ലിക്ക മഞ്ഞൾ ചന്ദനം തഴുതാമരി വേപ്പിൻതൊലി അതിവിടയം തിപ്പലി കടുക്കാത്തോട് ചുക്ക മുളക തിപ്പലി മുരിക്കിൻതൊലി കൊത്തമ്പാലയരി ചെറുപുന്നയരി താതിരി പൂവ് മരമഞ്ഞൾ പര്പ്പടകപ്പുല്ല് ഞെരിഞ്ഞിൽ ഏലം ഇലവർങ്ഗം പച്ചില ഇന്തുപ്പ് കർപ്പൂരം രാമച്ചം രക്തചന്ദനം ഇവ പ്രത്യേകം അരയരപ്പലം വീതം പൊടിച്ചുചേർത്തു നെയ്യും ഒഴിച്ച് പചിച്ച് പാകമാകുമ്പോൾ വാങ്ങി ആറിയാൽ തേനും ചേർത്ത് മൺപാത്രത്തിലാക്കി സൂക്ഷിച്ചുവച്ചിരുന്ന് ബലമനുസരിച്ച് സേവിക്കുക; നിശ്ചയമായും വാതരക്തം ശമിക്കും. പ്രകൃത്യാതന്നെ ചേർക്കുരു ഇഷ്ടപ്പെടാത്ത ചിലരുണ്ട്. അവർ അതിനുപകരം രക്തചന്ദനം ചേർത്താൽ മതിയെന്നും അതു ചേർക്കുരുവിന്റെ ഫലം ചെയ്യുമെന്നും പുരാതനവൈദ്യവരന്മാർ പറയുന്നു. കുഷ്ഠം അർശസ്സ് വാതരക്തം തുടങ്ങി രക്തഭവങ്ങളും വായുഭവങ്ങളും ആയ സകല രോഗങ്ങളും ചൊറി ചിരങ്ങ് കുഷ്ഠം വിസർപ്പം മണ്ഡലം മുതലായ സകലരോഗങ്ങളും ഇതു സേവിച്ചാൽ നശിക്കും. പ്രഭാതകാലത്തിൽ ഒരുപലം ലേഹം സേവിച്ചാൽ മുൻപറഞ്ഞരോഗങ്ങൾ ശമിക്കും എന്നാണ് വിദ്വാന്മാർ പറയുന്നത്. വ്യായാമം വെയിലുകൊള്ളുക തീയേൽക്കുക തൈർകൂട്ടുക പുളിയുള്ളതും മധുരവും ആയ വസ്തു ഉപയോഗിക്കുക, സ്ത്രീസംഗം ജലസ്നാനം അഭ്യംഗം ഇവയൊക്കെയും ഈ ഭല്ലാതകലേഹം സേവിക്കുമ്പോൾ വർജ്ജിക്കണം.

പിത്തകഫരക്താധികവാതരക്തലക്ഷണം.

സ്പർശാസഹത്വം ചരുജോവിദാഹഃ
സ്നിഗ്ദ്ധത്വമുഷ്ണീദ്യതിശീതതാ ച-
സ്നിഗ്ദ്ധൈന്നശ്രുകൈശ്ശമതാമുപൈതി
ചേച്ഛ്ലേഷ്മപിത്താധികവാതരക്തം. ൬൦

തൊട്ടാൽ സഹിക്കായ്ക, വേദന, പുകച്ചിൽ സ്നിഗ്ദ്ധത്വം, മരവിപ്പ് അതിശീതത്വം, സ്നിഗ്ദ്ധരൂക്ഷങ്ങളായ ഔഷധങ്ങൾ ഉപയോഗിച്ചാൽ ശമിക്കായ്ക, ഇവ കഫവും പിത്തവും അധികമായി കോപിച്ച വാതരക്തത്തിന്റെ ലക്ഷണമാകുന്നു.

* തച്ചികിത്സ.

മഞ്ജിഷ്ഠാദാരുരാത്രിർഹരനയനഫലാ
നിംബപീയൂഷതിക്താ-
ഗ്രാഭിഃക്ഷീരംശൃതംയൽതദനുനിഗദിതാ
ചാങ്കകർഷംചനാമ്നാ

പീതംവാതേനരക്തം ജയതിബഹുവിധം
കുഷ്ഠരോഗം ചപാമാം
കണ്ഡൂവിസ്ഫോടരക്തോദ്ഭവവിവിധവിധാൻ
മണ്ഡലാൻഹന്തിചാന്യാൻ. സ൭

മഞ്ചട്ടി ദേവതാരം മഞ്ഞൾ ത്രിഫല വേപ്പിൻതൊലി അമൃത് പുത്തരിച്ചുണ്ടവേര് വയമ്പ് ഇവകൊണ്ടുള്ള പാൽക്കഷായം സേവിച്ചാൽ വാതരക്തം പലപ്രകാരത്തിലുള്ള കുഷ്ഠരോഗം ചൊറി ചിരങ്ങ് വിസ്ഫോടം (പൊള്ളൽ) രക്തത്തിൽ നിന്നുണ്ടാകുന്ന പലവിധമണ്ഡലങ്ങൾ ഇവ ശമിക്കും. ഈ യോഗത്തിന് അരുകർഷം എന്നുപേർ.

വേറൊരുയോഗം.

സുധാലതാകൽക്കകഷായസിദ്ധം
ഘൃതംനിഹന്ത്യാശുചവാതരക്തം
കുഷ്ഠാൻസമസ്താനപഹന്തിതദ്വ-
ന്നിഷേവിതംചേച്ചചിരംനരേണ. സ൮

അമൃത് കഷായംവച്ച് അതിൽ അമൃതുതന്നെ കൽക്കമായി കാച്ചിയ നെയ്യുസേവിച്ചാൽ വാതരക്തം ശമിക്കും. തുടരെ സേവിച്ചുകൊണ്ടിരുന്നാൽ സകലകുഷ്ഠങ്ങളും ശമിക്കും.

കഫരക്തവാതാധിക വാതരക്തലക്ഷണം.

സ്നിഗ്ദ്ധതാംമലിനാസ്രതാം ശോഷംചിമിചിമായനം
ശോഥശ്ച്ഗുരുതാസുപ്തിർവാതരക്തേകഫാധികേ. സ൯

സ്നിഗ്ദ്ധത ചോരയ്ക്ക് മാലിന്യം കത്തിനോവ് ദേഹത്തിൽ ചെറിയപ്രാണികൾ ഇഴയുന്നതുപോലെ തോന്നുക നീർക്കെട്ട് ഗുരുത്വം മരവിപ്പ് ഇവ വാതവും രക്തവും കഫവും അധികമായി കോപിച്ച വാതരക്തത്തിന്റെ ലക്ഷണമാകുന്നു.

തച്ചികിത്സ.

അമൃതപ്രതതീകടിലാനളക്ഷ്വരകാവരുണാതണചന്ദനകൈഃ
പിബലാമധുകൈർനിശയാതുലയൈഃ പിചുമന്ദപടോലശിവാവരിഭിഃ.
അപിസിംഹമുഖീസഹിതൈരഖിലൈ-
രപി ക്രമിമർദ്ദകമൂലയുതഃ
അമൃതാദിരയം ഹരതേ സകലം
ബഹുവാതഗദം പ്രബലാസ്രയുതം. സ൰

അമൃത് ചോനകപ്പുല്ല് രാമച്ചം വയൽച്ചുള്ളി നീർമരുതിൻ തൊലി രക്തചന്ദനം കുറുന്തോട്ടി ആനക്കുറുന്തോട്ടി ഇരട്ടിമധുരം മ

ഞ്ഞൾ നെല്ലിക്കാത്തോട് വേപ്പിൻതൊലി പടവലം കടുക്കാത്തോട് ശതാവരിക്കിഴങ്ങ് ആടലോടകത്തിൻവേര് തകരവേര് ഇവകൊണ്ടുള്ള കഷായം പ്രബലമായ വാതരക്തത്തെ ശമിപ്പിക്കും.

ഗുഡൂച്യാദി തൈലം.

വേദദ്രോണജലേപചേദഥതുലാം ഛിന്നോദ്ഭവായാഭിഷക്
തൽപാദേനപയോഗവാമഥപചേദ്ദ്രോണപ്രമാണംതതഃ
തൈലസ്യാഢകമത്രവൈദ്യനിപുണോ സംവാകല്പ്യമാണൌഷധൈ-
ർമഞ്ജിഷ്ഠാഗദജീവനീയകഗണൈർമ്മാംസീനതാദീപത്മകൈഃ. ന൰

ഏലാവ്യാഘ്രനഖാമരൈലശതജടാശൃംഗീഹരേണ്വാദിഭിർ-
ബാലോമാകട്ഫലത്രയൈസ്സശിശിരൈഃ പത്മോൽപലൈലാദളൈഃ
മൃദ്വീകാഗരുനാഗപുഷ്പസഹിതൈഃ പർണ്യാഹരിക്രാന്തയാ
ശ്രാവണ്യാപയസാച കൽക്കിതതമൈർവൈദ്യാധിരാജസ്സ്വയം. ന൧

നിർമ്മായസുവിധാനവിച്ചനിയതംതൈലംഗുഡൂച്യാദികം
പാനാഭ്യംഗനിഷേവണാത്മൃദിതം പ്രായോനുവാസാത്മകം
ധന്യംപുംസവനം പരം നിഗദിതം സ്ത്രീണാം തഥാ ഗർഭദം
വാതാസ്രം ശമയേൽ പുരാതനമലം സേദം ച കണ്ഡൂം തഥാ
പിത്തം വാതയുതം ശിരോഗരമഥോകമ്പം തഥാർദ്ദിതം
പാമാനം സഹസാ വിനാശമനയേത്തൈലം ഗുഡൂച്യാദികം. ന൨

ഒരു തുലാം അമൃത് നാല് ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് ഒന്ന ഇടങ്ങഴിയാക്കി ഒന്ന ഇടങ്ങഴി പാലും രു ഇടങ്ങഴി എണ്ണയും ചേർത്ത്, മഞ്ചട്ടി കൊട്ടം ജീരകം ജീവനീയഗണം (ജീവകം ഇടവകം മേദ മഹാമേദ കാകോളി ക്ഷീരകാകോളി കാട്ടുഴുന്ന് കാട്ടുപയറ് അടപതിയൻകിഴങ്ങ് ഇരട്ടിമധുരം) മാഞ്ചി നാകുന്നം പത്മകം ഏലത്തരി പുലിച്ചുവടി നെല്ലിക്കാത്തോട് ശതാവരി കർക്കടകശൃംഗി അരേണു മഞ്ഞൾ അകത്തി ചുക്ക മുളക് തിപ്പലി ചന്ദനം താമരക്കിഴങ്ങ് ചെങ്ങഴിനീർക്കിഴങ്ങ് ചിററേലം പച്ചില മുന്തിരിങ്ങാപ്പഴം അകിൽ നാഗപ്പൂവ് മൂവിലവേര് വിഷ്ണുക്രാന്തി ശ്രാവണി ഇരുവേലി ഇവ കല്ക്കമാക്കി കാച്ചിയതൈലം സേവിക്കുകയോ തേക്കുകയോ വസ്തിചെയ്യുകയോ ചെയ്താൽ വാതരക്തം ശമിക്കും. പുംസവനമാണ്. സ്ത്രീകൾക്ക് ഗർഭമുണ്ടാകും. വിയർപ്പ് ചൊറിച്ചിൽ പിത്തം വാതം തലവിറയ്ക്കുക, അർദ്ദിതം പാമാവ് ഇവയും ശമിക്കും.

രക്തവാതപിത്താധിക വാതരക്തലക്ഷണം.

രുജോധികം സ്യന്ദയുതശ്ച ശോഥ-
തോദോസ്രമാലിന്യമഥാസഹത്വം

സ്പർശാന്യ സംമോഹ അലം സപിത്ത-
വാതാസ്രരോഗേ പ്രവദന്തി ചൈകേ. ൯

അതിയായ വേദന, വെള്ളം ഒലിക്കുക, നീർക്കെട്ട്, കുത്തി നോവു്, രക്തമാലിന്യം, തൊട്ടാൽസഹിക്കായ്ക, മോഹാലസ്യം ഇവ രക്തവാതപിത്തങ്ങൾ കോപിച്ച വാതരക്തലക്ഷണമാണ്.

തച്ചികിത്സ.

ധാത്ര്യാഷ്ണദ്ദശേന ഗവാം ച മൂത്രൈ-
ശ്ശൃതേന ചൂർണ്ണം ച ത്രിവൃദ്ഭവം യഃ
പിത്തേന രക്തേന യുതം ച വാത-
രക്തം നിഹന്ത്യാശു ഭൃശം ച നിത്യം. ൧൦

ത്രികോല്പക്കൊന്നയുടെ പൊടി പശുവിൻപാലും ഗോമൂത്രവും ചേർത്ത് നിത്യവും സേവിച്ചാൽ പിത്തവും വാതവും രക്തവും പ്രധാനമായി കോപിച്ച വാതരക്തം ശമിക്കും

-൪- വേറൊരു യോഗം.

പിച്ചബൽ കോകിലാക്ഷാമൃതാഃ പാഹമേകം
കഷായം ബലേനാനുകൂലം പുമാൻ നഃ
ത്രിസപ്താഹമേകം ച വാതാസ്രരോഗാൽ
പ്രമുച്യേച്ച പിത്താധികാൽ പത്ഥ്യമശ്നൻ. ൧൧

വയൽച്ചുള്ളിവേര് അമൃത് ഇവ കഷായംവച്ച ചെറുചൂടോടെ ബലമനുസരിച്ച് ൨൧ ദിവസം പത്ഥ്യം ദീക്ഷിച്ചു കുടിച്ചാൽ പിത്താധികമായ വാതരക്തം ശമിക്കും.

സർവ്വജമായ വാതരക്തലക്ഷണം.

സർവ്വജം ച രുധിരേണ സംയുതം ഷഡ്ഭവേച്ച ബഹുവേദനാന്വിതം
അംഗസംഘപരിദാരണം യദാ വാരിഗാംഗമപി ശീലയേത്തദാ ൧൨

സന്നിപാതജമായ വാതരക്തത്തിൽ വളരെ വേദനയുണ്ടായിരിക്കും. ശരീരമാസകലം വിള്ളൽ ഉണ്ടാകും. ഇതിന്റെ ശമനത്തിനായി ഗംഗാജലംതന്നെ പാനംചെയ്യണം.

ഉത്താനവാതരക്തലക്ഷണം.

ഗണ്ഡം രക്തം യത്ര പീഡാ ച ഗാഢാ
സ്പർശാജ്ഞാനം നാതികണ്ഡൂതിയുക്തം
ത്വങ്മാംസസ്ഥം വാതപിത്തപ്രകോപാ-
ദുത്താനാഖ്യം രോഗമാഹുഃ പുരാണാഃ. ൧൩

വാതരക്തം ഉത്താനമെന്നും ഗംഭീരമെന്നും രണ്ടുപ്രകാരമുണ്ട്. രക്തം പതുക്കെ പുറപ്പെടുക, പീഡ അല്പമായിരിക്കുക, തൊട്ടാൽ അറിയായ്ക, വളരെ ചൊറിച്ചിലില്ലാതിരിക്കുക ഇവ ഉത്താനവാതരക്തത്തിന്റെ ലക്ഷണമാണ്. ഇതു് ത്വക്കിനേയും മാംസത്തേയും ആശ്രയിച്ചാണുണ്ടാകുന്നതു്.

മധുകാദ്വിഗുണം വരതൈലമലം
പയസാജഭവേന തതോദ്വിഗുണം
പരിപീതമലം ച ബലേന സമം
വിനിഹന്തി സദാഗതിരക്തഗതം. ൧൪

ഇരട്ടിമധുരം അരച്ച് ഇരട്ടിമധുരത്തിൽ ഇരട്ടി നല്ലെണ്ണയും അതിൽ ഇരട്ടി ആട്ടിൻപാലും ചേർത്തുകാച്ചി ബലമനുസരിച്ചു സേവിച്ചാൽ വാതരക്തം ശമിക്കും.

ശതാവരീഘൃതം.

ശതാവരീകല്കിതനീരഭാഗേ പയസ്സമം സാധുഘൃതം വിപക്വം
ഉത്താനസംജ്ഞം ച നിഹന്തി വാതപിത്തപ്രഭൂതം ഖലുവാതരക്തം.

ശതാവരിനീരിൽ ശതാവരി കൽക്കമായി പാലുംചേർത്തു കാച്ചിയനെയ്യു സേവിച്ചാൽ ഉത്താനസംജ്ഞമായ വാതരക്തം ശമിക്കും.

ഗാഢ (ഗംഭീര) വാതരക്തം.

ശരീരാന്തഃപ്രഭേദേന ദുർഗ്ഗന്ധശ്ചിത്തവിഭ്രമഃ
സോയം ധാത്വന്തരഗതോ ഗാഢമുത്താനസംജ്ഞകഃ. ൧൫

ശരീരാന്തർഭാഗത്തെ ദുർഗ്ഗന്ധത്തോടും ചിത്തഭ്രമത്തോടുംകൂടി ധാതുക്കളുടെ അന്തർഭാഗത്തിൽ നിന്നുണ്ടാകുന്നതിനെ ഗാഢ (ഗംഭീര) വാതരക്തമെന്നു പറയുന്നു.

തച്ചികിത്സ.

ശർക്കരാസമഗുല്ഗുലു.

യവാഗ്രജോദേവതരുസ്സൈന്ധവം
മുസ്തായവാനീത്രുടിദീപ്യചിത്രകാഃ
നിശാവിഡംഗം ജരണദ്വയം ച
ഫലത്രികം വ്യോഷവരാസകേസരം. ൧൬

കണാഷ്കമാനം ച സമംസമം ച
പുരസ്തഥാ പഞ്ചപലപ്രമാണം
സർവ്വൈസ്സമാനാസിതശർക്കരാത്ര
സുതാപിതേ സർപ്പിഷി സർവ്വമേവ. ൧൭

പിണ്ഡീകൃതം ഭുക്തമലം നരേണ
നിഹന്തി വാതാസ്രഗദം ക്ഷണേന
യക്ഷ്മോദരപ്ലീഹഗുദാമയാംശ്ച
കൃശാനുമാന്ദ്യപ്രണകോഷ്ഠരോഗാൻ. ൧൯

ചിത്തവിഭ്രമമദാനപഹന്തി ശചിത്രകുഷ്ഠമപി ഗൃദ്ധ്രസികാം ച
അന്നപാനപരിഹാരവിവർജ്ജിതം സേവ്യമാനമിദമേവ രസായനം. ൨൦
അശനിനിർമ്മിതഭിദം സമഖണ്ഡം വായുജാംശ്ച വിനിഹന്തി മഹാന്ധം
വജ്രമിന്ദ്രകരാദിവമുക്തം ശൈലജാതമിവ ദുർജ്ജരഭുക്തം. ൨൧

ഉദരം പ്രദരപ്രദരം ബഹുധാ ഖലുവായുഗദാനപഹന്തി സദാ
പരിസേവിതമാശുഗരക്തഗദാൻ കൃമിനാശമലംദഹനസ്യമദാ ൨൨

ചവക്കാരം ദേവദാരം ഇന്തുപ്പ് മുത്തങ്ങ കറാശാണി ചിറ്റേലം അയമോദകം കൊട്ടവേലിക്കിഴങ്ങ് ഞെരിഞ്ഞിൽ വിഴാലരി ജീരകം കരിഞ്ജീരകം ത്രിഫല ചുക്ക മുളക തിപ്പലി ബ്രഹ്മി നാഗപ്പൂവ് ഇവ മുമ്മൂന്നു കഴഞ്ചുവീതം ഗുൽഗ്ഗുലു ൫ പലം എല്ലാം കൂടിയിടത്തോളവും കൽക്കണ്ടം എല്ലാംകൂടി പൊടിച്ച് നെയ്യ് തടവിയതിൽ ഇട്ട് ഉരുളയാക്കി ഗുളികപ്രമാണത്തിൽ ഉരുട്ടി സേവിക്കുക. വാതരക്തം യക്ഷ്മാവ് ഉദരം പ്ലീഹ അർശസ്സ് അഗ്നിമാന്ദ്യം വ്രണം ഉദാവർത്തറില്ലുള്ള രോഗങ്ങൾ ചിത്തഭ്രമം മദം ശചിത്രം കുഷ്ഠം ഗൃദ്ധ്രസി എന്ന വാതരോഗം ഇവ ശമിക്കും. ഇത് അശനിനിർമ്മിതമായ രസായനമാണ്. ഈ രസായനം വജ്രം ശൈലത്തെ എന്നപോലെ സകല വായുരോഗത്തെയും ശമിപ്പിക്കും. ഇതുകൂടാതെ അജീർണ്ണം ഉദരം പ്രദരരോഗത്തിൽ നിന്നുള്ള ഭേദം ഉപദ്രവേയും ശമിപ്പിക്കും.

ചന്ദ്രപ്രഭാവടി.

ഭൂനിംബസൈന്ധവവചാസുരദാരുയഷ്ടീ
കൃഷ്ണാഭയാക്ഷദഹന ത്രിഫലാത്രിഭാണ്ഡീ
ക്ഷാരദ്വയാംബുദധാന്യാജമോദചവ്യൈശ്ച
ജന്തുഘ്നസൈന്ധവവിഷാത്രികടുപ്രയുക്തൈഃ ൨൩
കർഷാംശകൈരപി പൃഥക് പൃഥഗത്രഗ്രാഹ്യാ
ചവ്യേനചൈകകുഡുബേന പുരേണ സാകം
മുഷ്ടിദ്വയേന ച വിപാച്യ സുലോഹകേന
പ്രസ്ഥാർദ്ധകേന ച ശിലാജതുനാ സമേതം. ൨൪
മാത്സ്യണ്ഡികാകുഡബമേകതമം ദളൈലാ-
ഭൃംഗേനകേസരലവംഗസവംശജാതഃ
ശുക്തദ്വയോന്മിതതമൈശ്ച സമൈഃസമൈസ്തൈ-
ർഹന്ത്യേനസിദ്ധഗുളികാ ചശശിപ്രഭേയം. ൨൫

പ്രാപ്താപ്രസാദ്യഗിരിശംശശിനാക്ഷയാർശഃ
കുഷ്ഠാഗ്നിസാദകുകണ്ണശിരോക്ഷിരോഗാൻ
ഹന്ത്യാശ്രുമേഹജ്വരാനപിമൂത്രവാത-
പ്ലീഹജ്വരപ്രണഭഗന്ദരഛർദ്ദിപാണ്ഡൂൻ. ൨൬
ഭദ്രാഹലീമകസമസ്തവിശിഷ്ടകുഷ്ഠാ-
നാനാഹജന്തുജഗദാൻ സകലാമവാതാൻ
ഉന്മാദപീനസനവാതരക്തമൂഢാ-
ക്ഷേപപാർദ്ദിതോശ്മരിഗദാനപിധാതുസംസ്ഥാൻ. ൨൭

വാതാൻ സ്ഥൂലതരാൻ കൃശാൻ കൃശതരാൻ സ്ഥൂലാനലം കാരയേ-
ദ്ദാഹം ശോഷമഥാശുപിത്തജമഹീസ്രസ്താരതീന്നാശയേൽ. ൨൮

നിലവേപ്പ് ഇന്തുപ്പ് വയമ്പ് ദേവതാരം ഇരട്ടിമധുരം തിപ്പലിവേർ ചിത്രമൂലം ഞെവച്ചിലയുപ്പ് കൊട്ടവേലിക്കിഴങ്ങ് ത്രിഫല ത്രികോല്പക്കൊന്ന ചവക്കാരം തുവച്ചിലക്കാരം മുത്തങ്ങ കാട്ടുഴുന്ന് മഞ്ഞൾ മരമഞ്ഞൾ വിഴാലരി ഇന്തുപ്പ് അതിവിടയം ചുക്ക മുളക തിപ്പലി ഇവ മുമ്മൂന്ന കഴഞ്ച് കാട്ടുതിപ്പലിവേര് കാട്ടുമുളകുകൊടിവേര് ഗുല്ഗുലു ഇവ നാഴി (നാലുപലം) വീതം ലോഹഭസ്മം രണ്ടുപിടി കന്മദവും കർപ്പൂരവും ഇരുനാഴി മീൻകണ്ണി ശർക്കര നാഴി പച്ചില ഏലത്തരി കച്ചോന്നി നാഗപ്പൂവ് ഇലവർങ്ങം വംശരോചന ഇവ അരപ്പലംവീതം എല്ലാംകൂട്ടി അങ്ങാടിമരുന്നുകൾ പൊടിച്ച് ശീലപ്പൊടി എടുത്ത് നെയ്യിൽഅരച്ച് ഗുളികയാക്കിയുരുട്ടി സേവിക്ക; കുഷ്ഠം അഗ്നിമാന്ദ്യം ഗളരോഗം കർണ്ണരോഗം ശിരോരോഗം അക്ഷിരോഗം പ്രമേഹം ജ്വരം മൂത്രത്തടവ് പ്ലീഹ ജ്വരം വ്രണം ഭഗന്ദരം ഛർദ്ദി പാണ്ഡു ഭദ്ര ഹലീമകം സകലകുഷ്ഠം കൃമിരോഗം ആമവാതം ഉന്മാദം പീനസം വാതരക്തം മൂഢവാതം ആക്ഷേപവാതം അർദ്ദിതം അശ്മരി ഈ രോഗങ്ങൾ ശമിക്കും. സ്ഥൂലന്മാരെ കൃശന്മാരാക്കും. പടച്ചവരെ തടിപ്പിക്കും. ഈ ശശിപ്രഭാഗുളിക ശശിയാൽ പരമേശ്വരനെ പ്രസാദിപ്പിച്ച് ലഭിക്കപ്പെട്ടിട്ടുള്ളതാണ്.

തലോദ ഭവം (വിസർപ്പവാതരക്തം.)

സ്ഥിത്വാമൂലം പാദയോർഹസ്തയോർവാ
സർപ്പത്യൈരാഖുദഷ്ടസ്യയദ്വൽ
മന്ദംമന്ദംതദ്വിസർപ്പാഖ്യവാത-
രക്തംഹന്ത്യാന്നോ ചികിത്സ്യദ്വിതീയം. ൨൯

എലി കടിച്ചാലുണ്ടാകുന്നതുപോലെയുള്ള മുഴകൾ കാലുകളുടേയോ കൈകളുടേയോ ചുവട്ടിൽനിന്ന തുടങ്ങി ദേഹമാസകലം പതു

ക്കെ പതുക്കെ വ്യാപിക്കുന്നു. അതിനെ വിസര്പ്പവാതരക്തമെന്നു പറയുന്നു. ഇതു് വേഗത്തിൽ ചികിത്സിച്ചില്ലെങ്കിൽ അസാദ്ധ്യമാണ്.

വിസര്പ്പവാതരക്തചികിത്സ.

ശതാവരീകല്ക്കിതഗർഭമദ്ധ്യ
രസേപി സെവ്യാപി ചതുർഗ്ഗുണേ ച
ക്ഷീരേണ ശുദ്ധ്യേന ഘൃതം പ്രസാദ്ധ്യ
തദ്വോത്ഥവാതാസ്രഗദം പ്രഭഞ്ജൽ. ൯

ശതാവരിയുടെ നീരിൽ ശതാവരിക്കിഴങ്ങു കൽക്കമായി നീരിന്റെ നാലിരട്ടി പാലുംചേർത്തു കാച്ചിയ നെയ്യു സേവിച്ചാൽ തല്ലോദ്ഭവവാതരക്തം നശിക്കും.

ധത്തൂരതൈലം.

കനകേന ശിഖീസമുദ്ഭവൈ-
രപി ക്ഷാരജലൈശ്ച പുഷ്പകൈഃ
പടുസർജ്ജരസൈസ്തിലൈരപി
തിലകല്ക്കശ്ച തിലോത്ഥശുദ്ധതൈലം. ൯

വിനിഹന്തി സുസിദ്ധമേതദേവ
പരിലിപ്തം ശിരസീന്ദ്രലുപ്തവാതം
ബഹുധാ രുധിരേണ സംയുതം
ഭിഷജശ്ചാഥ വദന്തി നിശ്ചയാൽ. ൯

നീലഉമ്മം ചുട്ട ക്ഷാരജലത്തിലോ കൊടുവേലി ചുട്ട ക്ഷാരജലത്തിലോ നാഗപ്പൂവു് ഇന്തുപ്പു് ചെഞ്ചല്യം എള്ളു് ഇവ അരച്ചുകലക്കി കാച്ചിയ നല്ലെണ്ണകൊണ്ടുള്ള തൈലം തേച്ചാൽ ഇന്ദ്രലുപ്തവാതം രക്തവാതം ഇവ ശമിക്കും.

വാതരക്തോപദ്രവങ്ങൾ.

അനിദ്രാരുചിശ്വാസമാംസപ്രപാതാ-
സ്തൃഷാമർമ്മപീഡാജ്വരഃ കമ്പതാംഗേ
ഭേദചക്രതാവ്യംഗുലീകാദ്യനേകേ-
ഷ്വലംസ്ഫോടകോപദ്രവാദിങ്മിതാശ്ച. ൯

ഉറക്കമില്ലായ്ക, അരുചി, ശ്വാസം, മാംസക്ഷയം, തണ്ണീർദ്ദാഹം, മർമ്മങ്ങളിൽ വേദന, ജ്വരം, ദേഹത്തിൽ വിറയൽ, വിരലു മുതലായ പല സ്ഥലങ്ങളിലും വളവു്, ദേഹത്തു പൊള്ളൽ ഇങ്ങനെ പത്തുപദ്രവങ്ങൾ വാതരക്തരോഗത്തിൽ ഉണ്ടാകും.

സാദ്ധ്യാസാദ്ധ്യത്വം.

വാതാസ്രമേഭിഃ പ്രവദന്ത്യസാദ്ധ്യ-
മുപദ്രവൈര്യുക്തമഥാത്ര യാപ്യം
കിയദ്ഭിരേതൈരഥ സാദ്ധ്യമാഹു-
രേതൈർവിഹീനം ച തഥൈകദോഷം. ൯൭

നവം വിശേഷാദ്ദ്വ തഥാ ദ്വിദോഷം
യാപ്യം ത്രിദോഷോത്ഥമഥോപ്യസാദ്ധ്യം
സോപദ്രവംവാ സ്ഫുടിതം പ്രഭിന്നം
സ്രുതം ച സാദ്ധ്യം മുനയോ വദന്തി. ൯൮

മുൻപറഞ്ഞ പത്തുപദ്രവങ്ങളോടുംകൂടിയ വാതരക്തം അസാദ്ധ്യമാണ്. ചില ഉപദ്രവങ്ങളോടുകൂടിയതു യാപ്യവും, ഈ ഉപദ്രവങ്ങളൊന്നും ഇല്ലാത്തതും ഏകദോഷോദ്ഭവവും നവവും ആയതു് സാദ്ധ്യവും ആകുന്നു. വിശേഷിച്ചും ദ്വിദോഷജം യാപ്യമാണ്. ത്രിദോഷോദ്ഭവവും, ഉപദ്രവങ്ങളോടുകൂടിയതും സ്ഫുടിക്കുന്നതും, വെളുത്തു കീറുന്നതും, വെള്ളം ഒലിക്കുന്നതും ആയ വാതരക്തവും അസാദ്ധ്യംതന്നെ ആകുന്നു.

വാതരക്തം വിട്ടുമാറിയാലുള്ള ലക്ഷണം.

വിവർണ്ണശോഫാങ്കസമണ്ഡലാദി
രാഹിത്യമംഘ്രിദ്വയജം ഭവേച്ച
നതോദഭേദൌ ഭവതോ നലോഹ-
ഗന്ധോപ്യപിവാതാസ്രഗദേഗതേഹി. ൯൯

വാതരക്തം വിട്ടുമാറിയാൽ നിറംമാറ്റം, നീരു്, വട്ടപ്പുണ്ണു് ഇവ ഇല്ലാതാകും. കുത്തിനോവു് വിള്ളൽ ലോഹഗന്ധം ഇവ ഉണ്ടാവുകയില്ല.

ഏകദ്വിത്രിയുതന്ത്വസാദ്ധ്യമുദിതം മോഹേനമാംസക്ഷയൈഃ-
പ്രാണാനാമപിസംക്ഷയേണസഹിതം വാതാസ്രരോഗംബുധൈഃ
യാപ്യംചെച്ചിരകാലതോപി ജനയേൽകുഷ്ഠം മഹാദാരുണം
തസ്മാദാശു ചികിത്സയാച ശമയേദ്വാതാസ്രദോഷാന്ബുധൈഃ. ൧൦൦

ഒന്നോ രണ്ടോ മൂന്നോ ദോഷം കോപിച്ചുണ്ടാകുന്ന വാതരക്തം, മോഹം മാംസക്ഷയം പ്രാണക്ഷയം ഇവയോടുകൂടിയിരുന്നാൽ അസാദ്ധ്യമാണെന്നു വിജ്ഞന്മാരാൽ പറയപ്പെട്ടിരിക്കുന്നു. യാപ്യമായ വാതരക്തവും വളരെക്കാലം ചികിത്സിക്കാതെ ഇരുന്നാൽ മഹാഭയങ്കരമായ കുഷ്ഠരോഗത്തെ ഉണ്ടാക്കും. അതിനാൽ വാതരക്തം വളരെ വേഗ

ത്തിൽ ചികിത്സിക്കേണ്ട [illegible] ങ്ങളുടെ ഔ
ന്നം ദേവാച്ചനം മുതലായ സത [illegible] ങ്ങളെ [illegible].

(ആയുർവ്വേദ [illegible]
ശ്രീ [illegible])

ആയുർവ്വേദശാസ്ത്രത്തിൽ [illegible] ശ്രീ [illegible] പറയാൽ
ഇവിടെ ആ രൂപത്തിൽതന്നെ [illegible] ലിഖിതമായി.

ഇങ്ങനെ ചികിത്സാക്രമക്ലൃപ്തിയിൽ
വാതരക്താധികാരം എന്ന
ഇരുപതാമത്തെ സ്തബകം കഴിഞ്ഞു.

അഥ ഏകവിംശസ്തബകഃ.

[illegible]

(നത്വാ ഗുരുപദകഞ്ജം വക്ഷ്യാമ്യ-
ഥവാതവിശദചികിത്സാം സാമവാതസ്യ) ൧

ഞാൻ ഗുരുപാദപത്മം വന്ദിച്ചുകൊണ്ട് ഇനി ആമവാതചി
കിത്സയെ വിശദമായി പറയുന്നു.

നിദാനം.

വിരുദ്ധാശനം ചേഷ്ടിതം യച്ചിതഞ്ച
കരോത്യഗ്നിമാന്ദ്യേഽപി സ്നിഗ്ദ്ധാശനാദ്യാ
[illegible]
പ്രധാവത്യഥോ നിശ്ചലസ്യാപി പുംസഃ. ൨

കഫസ്ഥാനസ്ഥലേഷ്വാശ്രിതേനൈവ ചാമഃ
സമം നാഡികാഭിസ്തതഃ പ്രാപ്യതേസഃ
പുനർവാതപിത്തൈഃ കഫൈർദ്ദൂഷിതോന്ന-
രസശ്ചാപി സ്രോതാംസ്യഭിഷ്യന്ദയേദ്വൈ. ൩

സനാനാവിധോ വർണ്ണഭേദേന നിത്യം
രസാ പിച്ഛിലോഽഗ്നിമാന്ദ്യം കരോതി
സ രോഗാശ്രയോഽന്യാമസം [illegible]
ഹൃദോ ഗൌരവം സംവിധത്തേ വിശേഷാൽ. ൪

അജീർണ്ണാദ്രസസ്സഞ്ചിതോയഃ ക്രമേണ
സ്വിരാ ഗാത്രപീഡാ കരോത്യന്നജാതഃ
[illegible] ഭേദാമസംജ്ഞാം സ ഏവ
[illegible] യോ വൈദ്യമുഖ്യൈരപീരിതഃ. ൫

ക്ഷീരമത്സ്യാദികളായ വിരുദ്ധഭക്ഷണംകൊണ്ടും വിരുദ്ധചേഷ്ട
കൾകൊണ്ടും അഗ്നി മന്ദിച്ചിരിക്കുമ്പോൾ സ്നിഗ്ദ്ധഭോജ്യം ഭക്ഷിക്ക
കൊണ്ടും പിന്നെപ്പോൾ ശ്രമംകൊണ്ടും ഉണ്ടായതായ ആമം വായുവി
ന്റെ പ്രേരണയാൽ പ്രധാവനം ചെയ്ത്, അല്പം വ്യായാമം ഇല്ലാത്തവ
നായ ദേഹിയുടെ കഫസ്ഥാനങ്ങളിൽ (ആമാശയസന്ധ്യാദികളിൽ)
ആ വായുവിനോടുകൂടി പ്രാപിച്ച് നാഡികാമാർഗ്ഗമായി വ്യാപിക്കുന്നു.
അതിനുശേഷം വാതപിത്തകഫങ്ങളാൽ ദൂഷിതമായ അന്നരസവും
ധമന്യാദികളായ സിരകളെ തടുത്ത് സ്രോതസ്സുകളെ ഗുരുക്കളാക്കി
[illegible]. വാതാദികളാൽ ഉണ്ടായ വർണ്ണഭേദത്താൽ നാനാപ്രകാര
ത്തിലായിത്തീരുന്ന ആ ആമം പിച്ഛിലമായിട്ട് അഗ്നിമാന്ദ്യത്തെ ഉ
ണ്ടാക്കുന്നു. ഈ ആമരോഗത്തിൽ വിശേഷിച്ച് ഹൃദയഗൌരവം ഉ
ണ്ടാകും. അജീർണ്ണത്താൽ സഞ്ചിതമായ അന്നരസം ക്രമേണ ത്ര
[illegible]. അജീർണ്ണത്താൽ സഞ്ചിതമായ സ്ഥാനങ്ങളിൽ പീഡയെ ചെയ്യുന്നതായിത്തീ
ന്ന് ശരീരം മുതലായ സ്ഥാനങ്ങളിൽ പീഡയെ ചെയ്യുന്നതായിത്തീ
രുന്നു. പല സ്ഥാനങ്ങളിലും വേദനയും അഗ്നിമാന്ദ്യത്താൽ ആമ
ത്തിനും ആശ്രയമായിരിക്കുന്ന ഈ രോഗത്തെ ആമവാതം എന്നാണ്
വൈദ്യശ്രേഷ്ഠന്മാർ പറയുന്നത്.

അമവാതത്തിന്റെ പൂർവ്വരൂപം.

ത്രികസന്ധിഗതാവിമൌ സമം കുരുതസ്തബ്ധതനും യദാ തദാ
വരവൈദ്യവിവർണ്ണിതസ്ത്വസോ ഗദിതസ്സാമസദാഗതിർഗദഃ. ൬

ആമവായുക്കൾ പൃഷ്ഠാസ്ഥിയുടെ സന്ധിയെ പ്രാപിച്ചിട്ട് ദേഹ
ത്തെ സ്തബ്ധമാക്കിച്ചെയ്യുന്നതാകകൊണ്ട്, ഇതിനെ വൈദ്യവര്യ
ന്മാർ ആമവാതം എന്നുപറയുന്നു.

അമവാതത്തിന്റെ ലക്ഷണം.

ഭവേദംഗമർദ്ദോഽരുചിസ്തർഷയുക്തോ
ജ്വരശ്ശൂനതാംഗേഷ്വലം ഗൌരവം ച
അപാകസ്തഥാലസ്യമേതേ ഭവന്തി
ഗദേഽസ്മിന്നാമവാതേ തു പൂർണ്ണേ വിശേഷാൽ. ൭

ശരീരം നൊന്തുനുറുങ്ങുക, അരുചി, തണ്ണീർദാഹം, ജ്വരം
അംഗങ്ങളിൽ നീര്, ഗുരുത്വം, ദഹനമില്ലായ്ക, മടി ഇവ ആമവാ
തത്തിന്റെ ലക്ഷണമാകുന്നു.

ആമവാതത്തിൽ ശീലിക്കേണ്ടവ.

വാസ്തൂകവൃന്താകപടോലകാരവല്ലീഭസൌഭാഞ്ജനകം പ്രഗൃഹ്യാൽ
യൽസാമ്യമേതേഷു തഥൈവനിത്യം ശുണ്ഠ്യാസ്യമൂലസ്യ തഥൈവയൂഷം.

യവോകോരദൂഷൈരപ്രോഷ്ണികാഭിഃ
പുരാണൈശ്ചലാണൈർവാസ്സതൈശ്ചഭോജ്യം
അഥോ പഞ്ചകോലേന കൌലത്ഥയൂഷം
അതാവായവാഗ്രം പിപാസാർദ്ദിതോയഃ. ൯

പിബേൽ കാഞ്ജികം ചാപി ശുണ്ഠീരജോഭിഃ
സുതികതാന്യലം സൽഫലാന്യത്ര തദ്വൽ
കടൂന്യപ്യഥോസ്വിന്നവാതാർത്തകമേവ
തഥാ ലംഘയേദ്രേചയേൽ സ്നേഹപാനൈഃ. ൧൦

ദീപനാനി കടൂനിരേചനലംഘനാനിസമാചരേൽ
സ്വേദനാനി ച രൂക്ഷകാണി ച വാലുകാപുടകൈസ്തഥാ
വസ്തയോപ്യുപനാഹകർമ്മണി രൂക്ഷമേവനിഷേവയേൽ
സ്നേഹനാനിവിധായപ്രായശോ ഭോജനാനിസമാചരേൽ. ൧൧

വസ്തിച്ചീര വഴുതിനങ്ങ പടവലത്തിൻകായ് പാവൽ ഇവ യിൽ നിത്യവും പരിചയിച്ചിരിക്കുന്നവ എന്നതോ അവയും, ഉണങ്ങിയ മൂലവരിക്കിഴങ്ങിട്ടു പാകപ്പെടുത്തിയ ചാറും, പഴകിയ യവം വരക് ഞവര ചീവൽപക്ഷിയുടെ മാംസം മോര് ഇവയും, പഞ്ചകോലം (തിപ്പലി കാട്ടുതിപ്പലിവേര് കാട്ടുമുളകുകൊടിവേര് കൊടുവേലിക്കിഴങ്ങ് ചുക്ക്)ഇവയിട്ടു പാകമാക്കിയ മുതിരച്ചാറും, ദാഹമുള്ളപ്പോൾ കഞ്ഞിയും ചുക്കുപൊടിയിട്ട കാടിയും കയ്പുരസവും എരിവുരസവും ഉള്ള ഫലങ്ങളും സ്വേദിപ്പിച്ചതായ തക്കാളിവഴുതിനങ്ങയും ആമവാതത്തിൽ പത്ഥ്യങ്ങളാണ്. ഇതുകൂടാതെ ദീപനങ്ങളായും കടുരസങ്ങളായും ഇരിക്കുന്ന വസ്തുക്കളും ലംഘനകർമ്മങ്ങളും മണൽകിഴി കെട്ടിയുള്ള സ്വേദനങ്ങളും രൂക്ഷകർമ്മങ്ങളും, വസ്തികളും രൂക്ഷങ്ങളായ ഉപനാഹകർമ്മങ്ങളും (മരുന്നുവെച്ചുകെട്ടി വിയർപ്പിക്കുക) സ്നേഹനകർമ്മങ്ങളെ ചെയ്തിട്ട് ഭോജനം കഴിക്കുന്നതും പത്ഥ്യമാണ്.

ആമവാതചികിത്സ.

ചിത്രകൈഃകടുകാശിവാമരവല്ലികാജഗതാമലം
ചൂർണ്ണമാശുവിഷായുതം വരകോഷ്ണനീരനിഷേവിതം
ആമവാതഗദാതുരം പരിമോചയേദചിരാദ്ധ്രുവം
സ്നേഹഏവതുജൂകജട ചരിപീയതേയദിനിത്യശഃ. ൧൨

വെളുത്താവണക്കിൻവേര് കടുകുരോഹിണി കടുക്കാത്തോട് അമൃത് ചുക്ക് അതിവിടയം ഇവ പൊടിച്ച് ചൂടുവെള്ളത്തിൽ സേവിക്കയോ നിത്യവും ആവണക്കെണ്ണ സേവിക്കയോ ചെയ്താൽ ആമവാതം ശമിക്കും.

വേറൊരുയോഗം.

ശഠ്യഗ്രഗന്ധാതിവിഷാശിവാഭിഃ
ശുണ്ഠീലതാഭിശ്ചഹിവൌകസാനാം
കാഷ്ഠേനചൂർണ്ണം ച വിധായരൂക്ഷ-
മശ്നൻ ഭവോഷ്ണേനജലേനതദ്വൽ. ൧൩

കച്ചോലം വയമ്പ് അതിവിടയം കടുക്കാത്തോട് ചുക്ക് വെളുത്തനറുനീണ്ടി ദേവതാരം ഇവ പൊടിച്ച് ചൂടുവെള്ളത്തിൽ സേവിച്ചാൽ ആമവാതം ശമിക്കും.

മറെറാരുയോഗം.

ഏരണ്ഡതൈലേന ഹരീതകീം യഃ
ഖാദേദ്വിധാനേന വിമുച്യതേസഃ
ആമാനിലാത്തേരപിഗൃദ്ധ്രസീതോ
വൃദ്ധേസ്തഥാനാത്ര വിചാരണീയം. ൧൪

കടുക്കയും ആവണക്കെണ്ണയുംകൂടി വിധിപ്രകാരം സേവിച്ചാൽ ആമവാതപീഡ, ഗൃദ്ധ്രസി, വൃദ്ധി ഇവ ശമിക്കും.

അന്യയോഗം.

കടുസ്നേഹഭൃഷ്ടാനി പത്രാണിനിത്യം
സഭക്താനിചാരഗ്വധസ്യാപിഖാദേൽ
ജനോമുച്യതേഹ്യാമവാതാഖ്യരോഗാ-
ദലം ശുണ്ഠികാഗോക്ഷുരക്വാഥപാനാം. ൧൫

കൊന്നത്തളിര് കടുകെണ്ണയിൽ വറുത്ത് ചോറോടുകൂടി ഭക്ഷിച്ചാലും ചുക്ക് ഞെരിഞ്ഞിൽ ഇവ കഷായംവെച്ചു കുടിച്ചാലും ആമവാതം ശമിക്കും.

രാസ്നാദികഷായം.

രാസ്നാശടീനാഗരദേവദാരു-
മുസ്താഭയാവത്സകധാന്യകാനാം
കൃഷ്ണാമൃതോഗ്രാചവികാശതാഹ്വാ
വാതാരിവിശ്വാബ്ദഹരീതകീനാം. ൧൬

പുനർന്നവാപീവരികാശഡംഷ്ട്രാ ദുരാലഭാവ്യാധിവിഘാതകാനാം
ബലാമിസീനാമപിവൃദ്ധദാരോഃ കിരാതകസ്യാപിസമാന്യമൂനി. ൧൭

രോഗാനിമാസ്ഥാപ്രഭവാണിത്രീണി
സംകൃത്യകപാല്യം ച തരോരുതം
പിബേൽ കണാനാഗരചൂർണ്ണയുക്തം
മാമാദിവാതേഷ്വഖിലേഷുനിത്യം. ൧൮

പക്ഷാഘാതേപ്യർദ്ദിതേ കുബ്ജവാതേ
കംപേതദ്വഞ്ജാനജംഘാസന്ധിരോഗേ
സന്ധിപ്രാപ്തേചാപി വാതാസ്രരോഗേ
പേയം തദ്വൽ ക്രോഷ്ടുശീർഷേ വിശേഷാൽ. ൧൯

വിശ്വാച്യാമപബാഹുകേ ഭഗന്ദരേസ്ത്രീണാം ചവന്ധ്യാമയേ
പുംസാം ലിംഗഗദേഷുശുക്ലജഗദേഷ്വന്യേഷ്വകവാദിഷു
യേ ചാന്യേപിഹൃദാമയാശ്ച വിനിതാസ്തേഷാംപ്രലംപായയേൽ
പുംസാംപുംസവനം പരം നിഗദിതം സ്ത്രീണാംപരംഗർഭദം. ൨൦

അരത്ത കച്ചോലം ചുക്ക ദേവതാരം മുത്തങ്ങ കുട്ടകൊത്തോട്ട് ക ടകപ്പാലയരി കൊത്തമ്പാലയരി തിപ്പലി അമൃത്ത് വരുമ്പ് കാട്ടുമുളക കൊടിവേര് ചതകുപ്പ കരിങ്കറിഞ്ഞിവേര് അടമ്പാണിയൻവേര് ചെറുവഴുതിനവേര് വെൺവഴുതിനവേര് തഴുതാമവേര് ശതാവരി ക്കിഴങ്ങ് ഞെരിഞ്ഞിൽ കൊടിത്തൂവവേര് കൊന്നത്തൊലി കുറുന്തോ ട്ടിവേര് മാഞ്ചി മറിക്കുന്നി പുത്തരിച്ചുണ്ടവേര് ഇവയെല്ലാം സമഭാ ഗം, വെള്ളരത്ത ൩ ഭാഗം. എല്ലാംകൂടി കഷായംവെച്ച് എട്ടിലൊ ന്നാക്കി തിപ്പലിയും ചുക്കും പൊടിച്ചു മേമ്പൊടിയാക്കി സേവിക്കുക; ആമവാതങ്ങൾ പക്ഷാഘാതം അർദ്ദിതം കുബ്ജവാതം വിറയൽ ജാനുരോഗം ജംഘാരോഗം സന്ധിരോഗം വാതരക്തം ക്രോഷ്ടുശീർഷം വിശ്വാചി എന്ന വാതരോഗം അപബാഹുകം യോനിരോഗം വ ന്ധ്യാരോഗം ലിംഗരോഗം ശുക്ലരോഗം ഹൃദയരോഗം ഇവ ശമിക്കും. ഇത് പുംസവനവും സ്ത്രീകൾക്ക് ഗർഭപ്രദവും ആകുന്നു.

അജമോജാദിചൂർണ്ണവും ഗുളികയും.

പലം ചാജമോദാംമരീചം വിഡംഗ-
കൃശാനംതഥാ ദേവദാരും ശതാഹ്വാം
പലംപിപ്പലീനാം ച തന്മൂലകാനാം
പലൈകംതഥാ സൈന്ധവംസമന്യൽ. ൨൧

പലാനാം ദശ ദികസമ്മിതാനാം ചശുണ്ഠ്യാ-
സ്തഥാവൃദ്ധദാരോശ്ച ഭാഗൈഃപ്രക്ലൃപ്ത
തഥാഭാപലം പഞ്ചകം ചൂർണ്ണമിതാ-
ഗുഡൈസ്സുവ്യത്തുല്യൈർവടീവാവിധേയാ. ൨൨

ഗദാൻവാതജാൻ ദാരുണാൻത്തുനികാദി-
പ്രതൂനീകടീപൃഷ്ഠ പസ്യന്ദകാദീൻ
കവോഷ്ണേനനീരേണ പീതന്തുചൂർണ്ണം
വടീകാപി ചാന്യഹന്ത്യല്ലമ്നിഹന്തി. ൨൩

ജംഘാസ്ഥിസ്ഫുടനം ച ശൂലമപിവാശോഫംതഥാസന്ധിഷു
യേ ചാന്യേപ്യപിഗദാസ്തു വാതജനിതാഃ പ്രായസ്ഥധാമാനപിതാഃ
തേഷാംവൈപ്രശമം പ്രയാതി സഹസാ യോഗ്രധ്രസീകാദയോ
യേനേദംശ്രുതവാദിനാ സമുദിതം ചൂർണ്ണംഗുടീവാശിതാ. ൨൪

അയമോദകം നല്ലമുളക് വിഴാലരി കൊട്ടവേലിക്കിഴങ്ങ് ദേവ താരം ചതകുപ്പ തിപ്പലി തിപ്പലിമൂലം ഇന്തുപ്പ് ഇവ ഓരോ പലം വീ തം. ചുക്ക പലം ൧൦. മറിക്ക നിപലം ൧൦. കട്ടപ്പാപലം ൫. എല്ലാംകൂ ടി പൊടിച്ച് പൊടിയായോ എല്ലാംകൂടിയിടത്തോളം ശർക്കരചേ ത്ത് വടകമായോ ഉപയോഗിക്കാം. ഉപയോഗിക്കുന്നതു കുറുക്കിവററി ച്ച ചൂട്ടവെള്ളത്തിൽ വേണം. ഇതിൻെറ സേവകൊണ്ട് അതിഭ യങ്കരങ്ങളായ തൂനിപ്രതൂനി തുടങ്ങിയ വാതരോഗങ്ങളും കടീസ്യന്ദം പൃഷ്ഠസ്യന്ദം മുതലായവയും ജംഘാസ്ഫുടനം (കണങ്കാൽ വെള്ളകീ റുക) അസ്ഥിസ്ഫുടനം ശൂലം സന്ധികളിലുള്ള നീർക്കെട്ട് ആമ സഹിതങ്ങളായ മററു വാതരോഗങ്ങൾ ഗൃദ്ധ്രസി ഇവയും ശമിക്കും.

ശുണ്ഠീഖണ്ഡം.

വിശ്വൌഷധംവസുപലംകുഡുബംഘൃതസ്യ
ക്ഷീരാഢകണചശതാഖ്യപലൈഃസുഖണ്ഡൈഃ
വ്യോഷത്രിജാതകപലം ചപലം മഹാര-
ഹ്വാപലം ചവിധിനാകൃതവിശ്വഖണ്ഡം. ൨൫

ആമാനപിതം ചബഹുവാതഗദംനിഹന്തി
ഭുക്തംയഥാഗ്നിബലമാശുകരോതിപുഷ്ടിം
ധാതോശ്ചബല്യമസകൃൽപരിസേവിതോദ്യ-
മായുഷ്യമേവ ചവലീപലിതഘ്നമേവ- ൨൬

ചുക്ക പലം ൮. നെയ് നാഴി. പാൽ നാലിടങ്ങഴി. കല്ക്കണ്ടം ൪൦ പലം. ചുക്ക മുളക തിപ്പലി ഏലം ഇലവർങ്ങം പച്ചില വലിയ മുന്തിരിങ്ങ ഇവ ഓരോ പലം. ഇവകൊണ്ട് വിധിപോലെ ഉണ്ടാക്കി യ ഈ ശുണ്ഠീഖണ്ഡം അഗ്നിബലം അനുസരിച്ച് സേവിച്ചാൽ ആമ വാതം ശമിക്കും. പുഷ്ടി ധാതുബലം ഇവ സിദ്ധിക്കും. പലപ്രാവശ്യം ഈ മരുന്നു സേവിച്ചാൽ ആയുസ്സുണ്ടാകും. ജരയെ ഹനിക്കും.

വാതാധികമായ അമവാതം.

ന്ന്യാസാൽപ്രകമ്പത്വഥവാങ്ഗകാന്തി
ശ്ശൂലേƒധികേ ചാധികവാതജ്വാര:
ബാല്ഹീകചാര്യാസ്സവിഡാസ്സലോഷം
കൃഷ്ണാസജീരാഃഖലുപുഷ്കരാന്താഃ. ൧൩

ഭാഗോത്തരാഃ പേഷ്യസുഖാസ്ത്രപൂതാഃ
പീതാഃകവോഷ്ണാംബുയുതാസ്സവാതം
നിഘ്നന്തിവാസാമസദാഗതിം ച
വിശേഷതഃ പത്ഥ്യഭുജോനരസ്യ. ൧൪

വാതാധികമായ അമവാതത്തിൽ ശരീരത്തിന്ന വിറയൽ അധികം വേദന ഇവ ഉണ്ടായിരിക്കും. കായം കാട്ടുമുളകുകൊടിവേരു് വിളയുപ്പു് ചുക്കു് തിപ്പലി ജീരകം പുഷ്കരമൂലം ഇവ ൧-൨. ഈ ക്രമത്തിൽ വൎദ്ധിപ്പിച്ചെടുത്തു് നല്ലപോലെ പൊടിച്ചു് അലക്കിയ വസ്ത്രത്തിൽ അരിച്ചു് ചൂടുവെള്ളത്തിൽ സേവിക്കുക; വാതം അമവാതം ഇവ ശമിക്കും. ഇതു് പത്ഥ്യമായി സേവിക്കണം.

പിപ്പല്യാദ്യംചൂൎണ്ണം.

കണാമൂലംതസ്യാഃ പടുദഹനതാലീസചവികാ-
സ്തഥാജീരംകൃഷ്ണം ദ്വിപവരപ്രസൂനംദ്വിപലികാൻ
സമാൻഭാഗാനേഷാമഥഹരമുഖാംശ്ചാപിപലികാൻ
സുവച്ഛ്യാഃശുണ്ഠ്യാഥോ മരിചജരണേവാദ്വിപലികേ. ൧൫

തഥാവൈദാഡിമ്യാഃ കുഡുബമിഹവാവേതസമലം
യദല്ലംതൽപ്രോക്തം യുഗളപലികംകട്ടിതതമം.
കൃമീൻകണ്ഡൂംഗുല്മാനുദരമരുചിം ചാഥഗ്രഹണീം
സമീരംസൎവംവാഹരതി ശൃതനീരേണനിതരാം. ൧൬

ഭഗന്ദരാർശോഗദസംഘഹാരി കണാദിചൂൎണ്ണംച സുതപ്തവാരി
സമീരണംസാമതമം നിഹന്തിസുരാനുപാനേന ച യേപിബന്തി.

തിപ്പലി കാട്ടുതിപ്പലിവേരു് ഇന്തുപ്പു് കൊടുവേലിക്കിഴങ്ങു് താലീസപത്രം കാട്ടുമുളകുകൊടിവേരു് കരിഞ്ജീരകം അത്തിത്തിപ്പലി നാഗപ്പൂവു് ഇവ ഈരണ്ടുപലംവീതം. തുവൎച്ചിലക്കാരം ൫ പലം. ചുക്കു് നല്ലമുളകു് ജീരകം ഇവ ഈരണ്ടുപലം. മാതളനാരങ്ങാത്തോടു് നാഴി. ഞെരിഞ്ഞാമ്പുളിക്കിഴങ്ങു് ൧ പലം. എല്ലാംകൂടി പൊടിച്ചുപൊടി വെള്ളംകുറുക്കി ചെറുചൂടാക്കി അതിൽ സേവിച്ചാൽ കൃമി ചൊറി ഗുല്മം ഉദരം അരുചി ഗ്രഹണി സകലവായുവികാരം ഭഗന്ദരം

അർശസ്സ് അമവാതം ഇവ ശമിക്കും. സുരാമദ്യം അനുപാനമായി സേവിക്കണം.

പിത്താധികമായ അമവാതം.

തൃഡ്ദാഹരാഗാധികതാ ച പിത്താ-
ധിക്യേ ചവിശ്വാമൃതചേരുകീനാം
കഷായംപിബേൽ കൌശികയുക്തമേകം
സൎപ്പിൎഭുജംഘ്വോരുരുജാഘ്നമേവ. ൧൭

തണ്ണീർദാഹം സൎവാംഗസന്താപം ചുവപ്പു് ഇവയുടെ ആധിക്യം ഉണ്ടാകുന്നതു് പിത്താധികമായ അമവാതത്തിന്റെ ലക്ഷണമാണു്. ചുക്കു് അമൃതു് കടുക്കാത്തോടു് ഇവ കഷായംവച്ചു് ഗുല്ഗുലു വറുത്തുപൊടിച്ചു് മേമ്പൊടിയായി സേവിച്ചാൽ പൃഷ്ഠം കണങ്കാൽ തുട ഈ സ്ഥലങ്ങളിലുള്ളവേദനയും പിത്താധികമായ അമവാതവും ശമിക്കും.

ശുണ്ഠ്യാദികഷായം.

അഥവിശ്വാശടീപ്രഭൃതകല്ക്കൈഃ
ശൃതനീരം ച പിബേൽപുനൎന്നവായാഃ
അപിസപ്തദിനാനി പിത്തയുക്ത-
മിദമാമാദിസദാഗതിം നിഹന്യാൽ. ൧൮

ചുക്കു് കച്ചോലം തമിഴാമവേരു് ഇവ അരച്ചുകലക്കി കുറുക്കിയവെള്ളം പാകത്തിന്ന വററിച്ചു് ഏഴുദിവസം കുടിച്ചാൽ പിത്താധികമായ അമവാതം ശമിക്കും.

കഫാധികമായ അമവാതലക്ഷണം.

സ്തിമിതത്വഗുരുത്വശോഥയുക്തോ
യദിചശ്ലേഷ്മയുതോƒമവാതരോഗഃ
ലശുനൌഷധിസംശൃതംപയോവൈ
സഹശേഫാലികയാ പിബേൽസദാശു. ൧൯

തണുപ്പു് ഗുരുത്വം നീർക്കെട്ടു് ഇവ കഫാധികമായ അമവാതത്തിന്റെ ലക്ഷണമാണു്. വെളുത്തുള്ളി കരിനൊച്ചിവേരു് ഇവ ഇട്ടു കുറുക്കിയ പാൽ സേവിച്ചാൽ കഫാധികമായ അമവാതം ശമിക്കും.

കഫാധികമായ അമവാതചികിത്സ.

പത്ഥ്യാവിശ്വയവാനികാഭവേമല്ലംചൂൎണ്ണം ച തക്രൈഃപിബേൽ
മദ്യേനോഷ്ണജലേനവാഥ ച തഥാസ്യൽകാഞ്ജികേനാപിവാ
സാമംവാതമലം ചപിത്തസഹിതം വാതാനുഗംസംഹരേൽ
ശോഥംപീനസവഹ്നിമാന്ദ്യകസനാൻ ഹൃദ്രോഗമന്നാരുചിം. ൨൦

കടുക്കാ ചുക്ക് ജീരകം ഇവ പൊടിച്ച് മോരിലോ മദ്യത്തിലോ ഉഷ്ണജലത്തിലോ കാടിയിലോ സേവിച്ചാൽ പിത്തവും വാതവും കൂടി ചേൎന്ന ആമവാതം ശോഫം പീനസം അഗ്നിമാന്ദ്യം ചുമ ഹൃദ്രോഗം അരുചി ഇവ ശമിക്കും.

വാതകഫാധികമായ ആമവാതം.

ശൂലേനകാഠിന്യമഥാംഗ്യത്ര കണ്ഡ്വാ
കഫേനവാതാധികതോഭവേച്ചേൽ
രാസ്നാഗ്ലുഡൂചീവ്യാശ്ച സദേവദാരു-
രബ്ദൂകശുണ്ഠീകഥിതം പിബേൽസഃ. ൩൭

കഠിനമായ ശൂല ചൊറിച്ചിൽ ഇവ വാതകഫാധികമായ ആമവാതത്തിൽ സംഭവിക്കും. ഇതിന്ന് വെള്ളരത്ത അമൃത് ദേവതാരം വെളുത്താവണക്കിൻവേര് ചുക്ക് ഇവ കഷായംവച്ചു സേവിക്കണം.

അന്യയോഗം.

കണാകണാമൂലകചവ്യചിത്രൈർ-
വിശ്വാകഷായഃ സമധുന്നിപീതഃ
സശ്ലേഷ്മവാതാധികമാമവാതം
ഗദംനിഹന്യാന്നഹി ചിത്രമത്ര. ൩൮

തിപ്പലി തിപ്പലിമൂലം കാട്ടുമുളകുകൊടിവേര് കൊട്ടവേലിക്കിഴങ്ങ് ചുക്ക് ഇവ കഷായംവച്ച് ആറിയാൽ തേൻ മേമ്പൊടി ചേർത്തു സേവിക്കുക. കഫവാതാധികമായ ആമവാതം ശമിക്കും.

പിത്തകഫാധികമായ ആമവാതലക്ഷണം.

ഭവേൽസ്തബ്ധതാശോഫദാഹൌ ച രാഗോ
വലാസാധികഃപിത്തകാരിപ്രസിദ്ധഃ
ഗദോഹ്യാമ വാതസ്തുവൈദ്യൈർവിജേയോ
യഥാവാതഥാതൽപ്രതീകാരമാഹുഃ. ൩൯

സ്തബ്ധത്വം നീർക്കെട്ട് സർവ്വാംഗസന്താപം ചുവപ്പ് ഇവ പിത്തകഫാധികമായ ആമവാതത്തിന്റെ ലക്ഷണമാണ്. ഇതിനെ വൈദ്യന്മാർക്ക് നിശ്ശേഷം ജയിക്കത്തക്ക ചികിത്സയെ പറയുന്നു.

പിത്തകഫാധികമായ ആമവാതചികിത്സ.

കൃശാനുപാഠാകടുകാകലിംഗ-
മുസ്താഭയോഭംഗുരികാമൃതാനാം
വിശ്വാവിഷാഭ്യാം ച സദേവദാരു-
ചൂർണ്ണംനിഷേവേദിഹചോഷ്ണനീരൈഃ. ൩൪

കൊട്ടവേലിക്കിഴങ്ങ് പാടക്കിഴങ്ങ് കടുകരോഹിണി കുടപ്പാലയരി മുത്തങ്ങാ കടുക്കാ ഞാഴൽപ്പൂവ് അമൃത് ചുക്ക് അതിവിടയം ദേവദാരം ഇവ പൊടിച്ച് ചൂടുവെള്ളത്തിൽ സേവിക്കുക. പിത്തകഫാധികമായ ആമവാതം ശമിക്കും.

അന്യയോഗം.

ശട്യുഗ്രഗന്ധാതിവിഷാഭയാഭിർ-
വിശ്വാമൃതാഭ്യാം ച സദേവകാദ്യൈഃ
പീതഃ കഷായഃകൃതആമവാത-
നാശായ രൂക്ഷാശനമശ്നതസ്തു. ൩൮

കച്ചോലം വയമ്പ് അതിവിടയം കടുക്ക ചുക്ക് അമൃത് ദേവദാരം ഇവകൊണ്ടുള്ള കഷായം ആമവാതത്തെ നശിപ്പിക്കും. രൂക്ഷഭക്ഷണം ചെയ്കയും വേണം.

സന്നിപാതജമായ ആമവാതം.

ഹസ്താംഘ്രിശീർഷേഷു ച ഗുല്ഫയോശ്ച
ത്രികേഽപിജാന്വൂരുകസന്ധിസംഘേ
ശോഫേന ദോഷാസ്സകലാഃ പ്രകുർയ്യു-
ർദ്ദംശേനതുല്യം ഖലു വൃശ്ചികസ്യ. ൪൦

തികൾ കടിച്ചാലത്തെപ്പോലെ കയ്യ്, കാല്, ശിരസ്സ്, ഞരിയാണികൾ, പൃഷ്ഠാസ്ഥി, മുട്ട്, തുട, സന്ധികൾ ഈ സ്ഥാനങ്ങളിൽ നീർക്കെട്ട് ഉണ്ടാകുന്നത് സന്നിപാതജമായ ആമവാതത്തിന്റെ ലക്ഷണമാണ്.

ഉത്സാഹഹാനിർബഹുമൂത്രതാ ച
കുക്ഷൌ ച കാഠിന്യമഥാപി ശൂലം
വൈരസ്യദാഹാന്ത്രവികൂജനാനി
മന്ദാഗ്നിതാനാഹ പ്രസേകമൂർച്ഛാഃ. ൪൧

തൃഡ്വൃദ്ധിവിഡ്ബന്ധസജാഡ്യനിദ്രാ
വിപര്യയൈശ്ചാപി ഭവന്തി ദോഷൈഃ
ത്രിഭിസ്ത്രിദാസാമസദാഗരിവൈ
ജായേത ചോപദ്രവസംഘ ഏഷഃ. ൪൨

ഉത്സാഹമില്ലായ്ക, ബഹുമൂത്രത്വം, വയററിൽ കട്ടി, ശൂലം, രസം അറിയാൻവയ്യായ്ക, സർവ്വാംഗസന്താപം, അന്ത്രകൂജനം, അഗ്നിമാന്ദ്യം, വയറുവീപ്പ്, വായിൽക്കൂടിവെള്ളംവരിക, മൂർഛ, വലിയതണ്ണീർദാഹം, മലബന്ധം, ജഡത, ഉറക്കംവേണ്ടപ്പോൾ ഉറക്കമില്ലായ്ക ഇവയും സന്നിപാതജമായ ആമവാതത്തിന്റെ ലക്ഷണമാണ്.

സന്നിപാതജമായ ആമവാതചികിത്സ.

മേഥീപലാഷ്ടകമിതം ച പലാഷ്ടകം ച-
ചൂൎണ്ണീകൃതം ച ജഗതസ്ത്രഗവാംപയോഭിഃ.
ദ്രോണോന്മിതൈശ്ച പരിപാച്യകൃശാഗ്നിനൈവ
യാവൽഘനത്വമുപഗച്ഛതി താവദാശു. ൫൩

സംപാചയേദഥസിതാഢകസംപ്രയുക്തം
ഹവ്യേനചാഷ്ടപലകേന വിധായപാകം
ശുണ്ഠീകണാമരിച ചിത്രകപത്രമുസ്താ-
ദീപ്യാശടീജരണധാന്യകകാരവീണാം. ൫൪

ജാതീഫലസ്യമഗധാംഘ്രിഭവംതു ചൂൎണ്ണം
സംമിശ്ര്യപാകവിധിനാ ച പലം പലം ച
ത്വക്ചൂൎണ്ണയുക്തമഥ വൈദ്യവിനിൎമ്മിതംതൽ
ഖാദേൽ പലോന്മിതമഥാപി യഥാബലം വാ. ൫൫

സൎവ്വാമവാതാൻ നിഖിലാൻ സമീരാ-
നുന്മാദവാതാസ്രപ്രമേഹപാണ്ഡൂൻ
വൈഷമ്യമാപ്താൻ നിഖിലാൻ ജ്വരാംശ്ച
ഹന്ത്യാദപസ്മാരശിരോരുജാദീൻ. ൫൬

ദൃഗാമയം സൂതിഗദം ദരം ച
ഹന്ത്യാദപുഃപുഷ്ടികരംപരം ച
വീൎയ്യപ്രദംബല്യതരം വിശേഷാ-
ന്മേഥീഭവംപാകമുശന്തിവൈദ്യാഃ. ൫൭

ഉലുവാ പലം ൮. ചുക്ക പലം ൮. ഇവപൊടിച്ച് പന്ത ഇടങ്ങഴി പശുവിൻപാലിൽ കലക്കി മന്ദാഗ്നിയിൽ പചിച്ച് കട്ടിയായാൽ പഞ്ചസാര ഇടങ്ങഴി ൧, നെയ് പലം ൮- ഇവചേൎത്തു പാകമാകമ്പോൾ ചുക്ക് തിപ്പലി നല്ലമുളക് കൊടുവേലിക്കിഴങ്ങ് പച്ചില മുത്തങ്ങ അയമോദകം കച്ചോലം ജീരകം കൊത്തമ്പാലയരി കരിഞ്ജീരകം ജാതിക്ക കാട്ടുതിപ്പലിവേര് ഇലവർങ്ഗം ഇവ ഓരോ പലംവീതം പൊടിച്ചുചേൎത്ത് ഒരുപലംവീതമോ ദേഹബലമനുസരിച്ച് അതിൽ കുറച്ചോ സേവിക്കുക. സകല ആമവാതം സകലവാതവികാരം ഉന്മാദം, വാതരക്തം, പ്രമേഹം, പാണ്ഡു, ജ്വരവൈഷമ്യം, അപസ്മാരം, തലവേദന, നേത്രരോഗം, സൂതികാരോഗം, പ്രദരം ഇവ ശമിക്കും. ദേഹത്തിനു പുഷ്ടിയും ശുക്ലശക്തിയും ദേഹബലവും ഉണ്ടാകും.

ആമവാതത്തിനു തൈലം.

സുസൈന്ധവം ശ്രേയസികാസരാസ്നാ-
ജവാനികോഗ്രാമിസിവിശച്ചീരൈഃ.
കണോഷണേസൎജ്ജിവിഡേ ച കുഷ്ഠം
സൌവച്ചലം പുഷ്കരകാജമോദാഃ. ൫൮

പലാൎദ്ധകാംശാൻ മധുകേനസൎവ്വാ-
നേരണ്ഡതൈലം വിപചേച്ചപ്രസ്ഥം
ദധിപ്രസ്ഥമസ്മൈപ്രയുതം ദധിപ്രസ്ഥ-
സുകാഞ്ജികേനാപിചസിദ്ധമേതൽ. ൫൯

പാനാഭ്യഞ്ജനവസ്തയോഽപി കഥിതാവാമേനനാശാമേതഥാ
വതേശൂലഗദേകടിഗ്രഹഗദേ ജാന്വൂരുസന്ധ്യന്വിതേ
ഹൃൽപാൎശ്വപ്രഭവേഷ്വവംക്ഷണഭവേ ശ്ലേഷ്മാമനേഷുധ്രുവം.
തൈലം ചാഗ്നിബലാനുകൂലമശിതം കയാഗ്നിവൃദ്ധിം ദിശേൽ. ൬൦

ഇന്തുപ്പ് കടുക്കാത്തോട്ട് വെള്ളതൃത്ത കുറാശാണി വയമ്പ് ചതകുപ്പ ചുക്ക് ജീരകം തിപ്പലി നല്ലമുളക് ചവൎക്കാരം വിളയുപ്പ് കൊട്ടം തുവൎച്ചിലയുപ്പ് പുഷ്കരമൂലം അയമോദകം ഇരട്ടിമധുരം ഇവ അരപ്പലംവീതം അരച്ചുകലക്കിഇടങ്ങഴി ആവണക്കെണ്ണയുംരണ്ടിടങ്ങഴി കാടിയുംചേൎത്തു പാകത്തിൽ കാച്ചിയരിക്കുക; ഈ തൈലം കുടിക്കുകയോ ഇതുകൊണ്ട് അഭ്യഞ്ജനം ചെയ്കയോ, വസ്തിചെയ്കയോ ചെയ്താൽ ആമവാതം, ശൂലം, അരയ്ക്കുപിടിത്തം, മുട്ട്, തുട, സന്ധി, ഹൃദയം, പാൎശ്വം, ഈ സ്ഥാനങ്ങളിൽ ഉണ്ടാകുന്ന രോഗം, ഒടിവിന്ന് ഉണ്ടാകുന്ന രോഗം, കഫരോഗം ഇവ ശമിക്കും. ഈ തൈലം അഗ്നിബലം അനുസരിച്ച് ഉപയോഗിച്ചാൽ അഗ്നിവൎദ്ധനയും ഉണ്ടാകും.

കടീവ്യഥയ്ക്കു്.

കടീശൂലമേരണ്ഡതൈലം നിഹന്തി
സുധാവിശ്വനീരം കണാഭിശ്ചപീതം. ൬൧

അമൃത് ചുക്ക് ഇവ കഷായംവച്ച് ആവണക്കെണ്ണയും തിപ്പലിപ്പൊടിയും മേമ്പൊടിചേൎത്തു സേവിക്കുക. കടീശൂലം (അരക്കെട്ടിനുള്ള വേദന) ശമിക്കും.

ഊരുസ്തംഭം.

ന ദ്രവാതശങ്കിഭിരിഹാജ്ഞതയാകൃതേന
സ്നേഹാദിനാഗ്നിസദനം ചഭവേൽപ്രസുപ്തിഃ
കൃച്ഛ്റാൽഭവേൽപദസമുദ്ധരണംസ്ഥിതിശ്ച
പീഡാസദൈവഗമനേയദിചോരുസംസ്ഥഃ. ൬൨

സ്തംഭോഭവേദിഹനവാന്തിവിരേകവസ്തി-
സംസ്നേഹനാനിരുധിരസ്യസ്രുതിംനകുര്യാൽ
യത്തൽകൃതൈസ്സമുപയാതി സദാഗതിസ്ത
കോപംതതോട്ടമനികരാപ്രജ്ഞയേച്ഛതൈഃ. ൩൮

ഊരുസ്തംഭത്തിങ്കൽ വൈദ്യന്മാർ അജ്ഞതനിമിത്തം വാതരോഗമാണെന്ന് വിചാരിച്ച് ചെയ്യുന്ന സ്നേഹാദികൊണ്ട്, അഗ്നിമാന്ദ്യവും മരവിപ്പും കാലുയർത്തുന്നതിനും കാൽവയ്ക്കുന്നതിനും വളരെ പ്രയാസവും ഉണ്ടാകും. നടക്കുമ്പോൾ വലിയ വേദനയും കാണും. ഇതിങ്കൽ ഛർദ്ദി, വിരേചനം, വസ്തി, സ്നേഹനം, രക്തസ്രാവണം മുതലായ കർമ്മങ്ങൾ ചെയ്വാൻ പാടില്ല. ഛർദ്ദിപ്പിക്കുക മുതലായ കർമ്മങ്ങൾ ചെയ്താൽ വായു കോപിക്കും. അതിനാൽ ആമസമൂഹത്തെ രൂക്ഷവിധാനങ്ങൾകൊണ്ട് ജയിക്കയാണു വേണ്ടത്.

അത്രാമവാതകഫസങ്കരതാ വിശേഷാ-
ത്തസ്മാൽകഫംപ്രഥമതോ ഥവിജിത്യപശ്ചാൽ
വാതംജയേദപിഭിഷഗ്ബഹുധാത്രരൂക്ഷ-
ഭോജ്യൈശ്ചപഥ്യമപിരംവിധിനാവിദധ്യാൽ. ൩൯

ഈ ഊരുസ്തംഭത്തിൽ ആമവാതത്തിന്റെയും കഫത്തിന്റെയും സങ്കരത്വം വിശേഷിച്ചും കാണും. അതിനാൽ ആദ്യമായി കഫത്തെ ജയിച്ചിട്ട് പിന്നീട് വാതത്തെ ജയിക്കണം. പലവിധത്തിലും രൂക്ഷങ്ങളായ ഭോജ്യങ്ങൾ ഉപയോഗിക്കുന്നത് പഥ്യമാണ്.

ഊരുസ്തംഭത്തിൽ പഥ്യാചരണം.

യവൈഃപുരാണൈശ്ചണകൈർമ്മകുഷ്ഠൈർ-
മുദ്ഗൈസ്തഥാകോദ്രവശാലിഭിശ്ച
ഗോധൂമകൈർജ്ജാംഗലമാംസശാകൈർ-
വസ്തൂകമുഖ്യൈഃ പടുഹാര്യഹീനൈഃ. ൪൦

പഥ്യം വിദധ്യാദ്ഭിരൂക്ഷപഥ്യാൽ
സദാഗതിഃ കോപമുപേത്യ കുര്യാൽ
നിദ്രാവിനാശാദി തദാ പ്രകുര്യാൽ
സ്നേഹക്രമസ്വേദവിധീ വിശേഷാൽ. ൪൧

പുരാണമായ യവം ചണപ്പയറ് മക്കട്ടപ്പയറ് ചെറുപയറ് കോദ്രവം ചെന്നെല്ല് ഗോതമ്പ് ജാംഗലമാംസം വസ്തുച്ചീര മുതലായവ ഊരുസ്തംഭരോഗത്തിൽ പഥ്യമാണ്. ഈ സാധനങ്ങൾ നെയ്യും ഉപ്പും ചേർക്കാതെ ഉപയോഗിക്കണം. രൂക്ഷപഥ്യം ഹേതുവായിട്ട് വായു കോപിച്ച് നിദ്രാവിനാശാദികളെ ചെയ്യുകയാണെങ്കിൽ അപ്പോൾ വിശേഷിച്ചും സ്നേഹക്രമത്തെയും സ്വേദവിധിയേയും ആചരിക്കണം.

കഫേപ്രവൃദ്ധേപ്യഥശീതനീര-
സ്രോതസ്ഥഥാസൽസരിതോ വിശേഷാൽ
പ്രചാരയേത്തം ജലപത്രകേണ
പുനഃ പുനഃ ശീതജലം സരശ്ച. ൪൨

തതോവിശുഷ്കേ ച കഫേ തതോരു-
ഗ്രഹസ്യ നാശം സമുപൈതി ശീഘ്രം
അംഹ്രിശൃഗന്ധാംഘ്രിദിരക്തമൂലൈർ-
നിംബസ്യമൂലൈരഥദേവകാഷ്ഠൈഃ. ൪൩

സിദ്ധാർത്ഥയുക്തൈർമധുനാ വിമിശ്രൈർ-
വല്മീകമൃത്സാ ച തഥൈവ ഗാഢം,
ഉത്സാദനം വൈദ്യവരഃ പ്രകുര്യാ-
ദൂരുഗ്രഹേ വേദനയാന്വിതേ ച. ൪൪

ഊരുസ്തംഭത്തിൽ കഫം ശോഷിപ്പിക്കുന്നതു നല്ലതാണ്. അതിനാൽ കഫം ശോഷിപ്പിക്കുന്നതിനായി തണുത്ത ജലത്തോടുകൂടിയ പ്രവാഹത്തിൽകൂടിയോ നദികളിൽകൂടിയോ വള്ളത്തിൽകയററി ഊരുസ്തംഭരോഗിയെ സഞ്ചരിപ്പിക്കണം. അപ്രകാരം കഫം ശോഷിച്ചാൽ ഊരുസ്തംഭത്തിന് ശമനമുണ്ടാകും. വേദനയോടുകൂടിയ ഊരുസ്തംഭത്തിന് അമുക്കുരം എരിക്കിൻവേര് വേപ്പിൻവേര് ദേവതാരം കടുക് പുററുമണ്ണ് ഇവ എല്ലാംകൂടി അരച്ചു തേനുംകൂട്ടി കട്ടിയിൽ പൂശണം. എന്നാൽ വേദന ശമിക്കും.

ഊരുസ്തംഭചികിത്സ.

ഫലത്രികം കടുത്രികം സഗ്രന്ഥികാസമന്വിതം
പിബേച്ച മൂത്രസംയുതം വിനാശയേദൂരുഗ്രഹം. ൪൫

ത്രിഫല ചുക്ക മുളക തിപ്പലി കാട്ടുതിപ്പലിവേര് ഇവ അരച്ച് ഗോമൂത്രത്തിൽ കലക്കി കുടിക്കുക. ഊരുസ്തംഭം ശമിക്കും.

വേറൊരുയോഗം.

ശുണ്ഠീശിലാജതുകണാസ്സപുരാനിപീതാ
മൂത്രേണവാഥ ദശമൂലകഷായകേണ
ഊരുഗ്രഹം ഗദമലംവിനിഹന്തി ശീഘ്രം
സാമം കഫാന്വിതസദാഗതിപിത്തജാതം. ൪൬

ചുക്ക് കല്മദം തിപ്പലി ഗുല്ഗുലു ഇവ പൊടിച്ച് ഗോമൂത്രത്ത

ലോ ദശമൂലകഷായത്തിലോ സേവിച്ചാൽ കഫവാതപിത്തജവും ആമത്തോടുകൂടിയതും ആയ ഊരുസ്തംഭം ശമിക്കും.

ആമവാതത്തിലെ ഉപദ്രവങ്ങൾ.

തോദോഥശോഥോഽനിലമാന്ദ്യമത്ര-
കാർശ്യം പ്രസേകാരുചിഗൌരവാണി
ഉത്സാഹഹാനിർബഹുമൂത്രതാ ച
വിഡ്ബന്ധവൈരസ്യമുഖാശ്ചസന്തി. ൩൧

ഉപദ്രവാശ്ചൈതരാസ്തഥൈതേ
ഗദേഽമവാതേ പ്രഭവന്തിയേതൈഃ
വിനൈകദോഷസ്തു സുഖേനസാദ്ധ്യോ
ദ്വിദോഷജോ യാപ്യതരോഽമവാതഃ. ൩൨

സകലദേഹചരോ ബഹുശോഥവാൻ
ദവഥുകഷ്ടയുതോത്തിസമന്വിതഃ
പ്രജതിതോദയുതോയമസന്നിധാ-
വനവവേപനയുക്തമുരുഗ്രഹേ. ൩൩

കുത്തിനോവു്, നീർക്കെട്ടു്, അഗ്നിമാന്ദ്യം, കാർശ്യം, വായിൽകൂടി വെള്ളംവരിക, അരുചി, ഗൌരവം, ഉത്സാഹമില്ലായ്മ, വളരെ മൂത്രംപോകുക, മലബന്ധം, വിരസത, ഈ ഉതിരോഗങ്ങളായ ഉപദ്രവങ്ങൾ ആമവാതത്തിൽ സംഭവിക്കുന്നു. ഈ ഉപദ്രവങ്ങളോടുകൂടാത്തുള്ളതും, ഏകദോഷോദ്ഭവവും ആയ ആമവാതം സുഖസാദ്ധ്യമാണു്. ദ്വിദോഷജമായ ആമവാതം യാപ്യമാണു്. എല്ലാദേഹത്തിലും വ്യാപിച്ചു് വലിയ നീർക്കെട്ടോടും പ്രാദേശിക (അങ്ങുമിങ്ങും) തീവ്രസന്താപത്തോടും വളരെ വേദനയോടും കുത്തിനോവോടും വിറയലോടും കൂടിയ ആമവാതം അസാദ്ധ്യവും ആകുന്നു.

ആമവാതം വിട്ടുമാറിയാലുള്ള ലക്ഷണം.


സമ്യക്ക്ഷുധാമലസൃതിസ്സുഖവാംഗപീഡാ-
നാശോ ഭവേദ്രുചിതകാലഭവോ ച നിദ്രാ
ജായന്ത ഏവവിഗതാമസമീരണേതു
ലക്ഷ്യം വദന്തി ഭിഷജോഽസ്യനിവൃത്തിരേഷാ. ൩൪

നല്ലവണ്ണം വിശപ്പുണ്ടാകുക, മലം ശരിക്കുപോകുക, ദേഹത്തിലുള്ള പീഡകളെല്ലാം മാറുക, വേണ്ടപ്പോൾ ഉറക്കംവരിക, ഇവ ആമവാതം വിട്ടുമാറിയാലുള്ള ലക്ഷണങ്ങളാണു്.

താതോഗുരുർവിജയതേ സ ചസുഖാനുഭൂതിർ
മാത്രാസദാകമലയാ പരയാ യുതസ്സഃ
യസ്യാജ്ഞയാ കൃതമിദം സകലാമവാത-
രോഗപ്രസാദശമനൌഷധിസിദ്ധലക്ഷ്യം. ൩൫

കമലയും അന്യയും ആയ രണ്ടുമാതാക്കളെയൊരുമിച്ചു്, സുഖാനുഭവത്തോടുകൂടിയ താതനാകുന്ന ഗുരു വിജയിക്കുന്നു. ആ ഗുരുവിന്റെ കല്പനയാൽ ഈ ആമവാതരോഗത്തിനുള്ള ലക്ഷണൌഷധാദികൾ എന്നാൽ ഇവിടെ പറയപ്പെട്ടു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ആമവാതാധികാരം എന്ന
൨൧-ാം അദ്ധ്യായം കഴിഞ്ഞു.



ദ്വാവിംശസ്തബകം.

നത്വാഗിരീശതനയാധവമിന്ദുമൌലിം
വജ്രത്രിശൂലവരദാഭയഹസ്തമീശം
താതാജ്ഞയാ ച ക്രിയതേയുഗവേദികാശീ-
നാഥേനശൂലഗദലക്ഷണസച്ചികിത്സാ. ൧

ചന്ദ്രചൂഡനും പാർവ്വതീകാന്തനും വജ്രം ത്രിശൂലം മുതലായ ആയുധം ധരിച്ചു വരദാഭയമുദ്രയോടുകൂടി പ്രകാശിക്കുന്നവനും ആയ പരമശിവനെ നമസ്കരിച്ചു് താതാജ്ഞയാൽ ചതുർവേദജ്ഞനായ കാശീനാഥൻ ശൂലരോഗത്തിന്റെ ലക്ഷണവും ചികിത്സയും പറയാൻ ഭാവിക്കുന്നു.

ശൂലരോഗനിദാനം.

ശ്രമാച്ഛീതനീരാതിപാനാദ്വ്യവായാൽ
തഥാജാഗരാച്ച് ഛവ്യഷ്ണമാംസാശനാച്ച
കളായാഢകീകോരദൂഷാദിമുദ്ഗാ-
ദിഭിർവ്വാന്യരൂക്ഷൈഃ പ്രഭൂതൈരനേകൈഃ. ൨

കഷായൈശ്ചതിക്തൈർവിരുദ്ധാശനൈശ്ച-
തഥാമൂത്രവിട്ശുക്രവായുപ്രരോധാൽ

തഥാശോകതോലംഘനാച്ചാതിഹാസ്യാൽ
തഥാജല്പനാച് ശുഷ്കശാകാശനാച്ച
ഭവേൽ പൃഷ്ഠപാർശ്വത്രികൈകൈകദേശേ
തഥാവസ്തിദേശേപി ശൂലപ്രവൃത്തിഃ. ൩

പ്രദ്വേഷേന വാ വായുനാം പൂർവ്വരൂപ-
മഥോദ്വൈ വിഘോമതാ മൂകതാം ച വായോഃ
തതോ ഗൌരവാടോപകാർശ്യാനി ശൂലേ
ഭവിഷ്യന്ത്യമീ സർവ്വഥൈതേ ഭവന്തി. ൪

ശ്രമം, തണുത്തവെള്ളം അധികം കുടിക്കുക, അതിമൈഥുനം, ഉറക്കം ഒഴിക്കുക, ശുഷ്കമാംസം ഭക്ഷിക്കുക, കടല, തുവര, വരക്, ചെറുപയറ് മുതലായവയും രൂക്ഷഗുണമുള്ളായ മററു പദാർത്ഥങ്ങളും ഭക്ഷിക്കുക, ചവർപ്പുരസവും കയ്പുരസവും ഉള്ള പദാർത്ഥങ്ങൾ ഭക്ഷിക്കുക, വിരുദ്ധാശനം, മൂത്രം മലം ശുക്ലം അധോവായു ഇവയെ തടുക്കുക, ദുഃഖിക്കുക, പട്ടിണികിടക്കുക, വളരെ ചിരിക്കുക, വളരെ സംസാരിക്കുക, ഉണങ്ങിയ ശാകങ്ങൾ ഭക്ഷിക്കുക ഇവയാൽ വായു വർദ്ധിച്ച് പൃഷ്ഠം പാർശ്വഭാഗം പൃഷ്ഠാസ്ഥി വസ്തിപ്രദേശം മുതലായ ഓരോസ്ഥലങ്ങളിൽ വേദനയുണ്ടാകുന്നു. ഇതാണു ശൂലം. വായുവിന്റെ വിപരീതഗതി, വയററിൽ കനം, പൊട്ടൽ, കാർശ്യം ഇവ ശൂലരോഗത്തിന്റെ പൂർവ്വരൂപമാണ്.

ശൂലലക്ഷണം.

അവിച്ഛിന്നാപീഡാഭവതി ജഠരേ തീവ്രകഠിനാ
യദാന്ത്രം തത്രത്യം ബഹിരിവ സമാകൃഷ്യതരമതേ
തദാ ശൂലം വായുർവ്വിവിധവരവൈദ്യപ്രഗദിതം
നതത്രാമ്ലം മദ്യം ന ച ദിവസനിദ്രാം ച ബഹുധാ. ൫

വയററിൽ അതികഠിനമായ വേദന സദാസമയവും ഉണ്ടായിരിക്കുക; എപ്പോൾ അന്ത്രം വെളിയിലേക്കു വലിച്ചെടുക്കുന്നപോലെ തോന്നത്തക്കവണ്ണം ആ വേദനയെ വായുചെയ്യുന്നുവോ അപ്പോൾ അതിനു ശൂലരോഗമെന്നു വൈദ്യന്മാർ സങ്കേതം ചെയ്തിരിക്കുന്നു. ആ ശൂലരോഗത്തിൽ പുളിയുള്ള സാധനം, മദ്യം, പകലുറക്കം ഇവ വർജ്ജിക്കണം.

ദധിദളം ന ച പിച്ഛിലം ദധി
ന ച ദുഗ്ദ്ധം നഹി ശീതളം ഭജേൽ
അഥ ഷഷ്ടികശാലിസൈന്ധവൈ-
രപി സൌവീരസുരാഗുഡൈരപി. ൬

വിദധീത സുപത്ഥ്യമത്ര ശൂലീ
ശതപുഷ്പാജഗന്ധൌഷധൈശ്ച നിത്യം
അഥ സാരസമദ്ഗുക്രൌഞ്ചകൈശ്ച
ശശകാനാം പലലൈശ്ച തിത്തിരൈശ്ച. ൭

ശിംബിധാന്യങ്ങൾ, വഴുവഴുത്ത സാധനങ്ങൾ, തൈര്, പാല്, തണുത്ത പദാർത്ഥം ഇവയെ ശൂലരോഗി ഉപേക്ഷിക്കണം. ഞവര ചെന്നെല്ല് ഇന്തുപ്പ് സൌവീരമദ്യം ഗുളം ചതകുപ്പ ചുക്ക് ഇവയും, വണ്ടാരംകോഴി, കുളക്കോഴി, ക്രൌഞ്ചപക്ഷി, മുയൽ, തിത്തിരിപ്പുള്ള് ഇവയുടെ മാംസവും ശൂലരോഗിക്കു പത്ഥ്യമാണ്.

ശൂലരോഗചികിത്സ.

സ്വേദനൈശ്ച വമനൈശ്ച ലംഘനൈഃ
പാചനൈശ്ച ഫലവർത്തിഭിസ്തഥാ
ക്ഷാരചൂർണ്ണഗുടികാദിഭിസ്തഥാ
ശൂലമൂലമവസാദയേദ് ഭിഷക്. ൮

വിയർപ്പിക്കുക, ഛർദ്ദിപ്പിക്കുക, പട്ടിണിയിടുക, പാചനൌഷധങ്ങൾ കൊടുക്കുക, ഫലവർത്തി, ക്ഷാരചൂർണ്ണം, ക്ഷാരഗുളിക മുതലായവകൊണ്ട് ശൂലരോഗത്തിന്റെ മൂലച്ഛേദനം ചെയ്യണം.

മൃത്തികാസ്വേദം.

സജലാഗ്നിഘനീകൃതംമൃദം സുപടേ പോടലകീകൃതം തഥാ
ശിവശസ്ത്രഗദാതുരം ഭിഷഗന്വൈ ചലം ചതമുഷ്ണമാചരേൽ. ൯

മണ്ണ് വെള്ളത്തിൽ കുഴച്ച് ചൂടുപിടിപ്പിച്ച് കട്ടിയാക്കി മുണ്ടിൽകെട്ടി പോൾട്ടീസ്സുപോലെ ചെറുചൂടോടെ പ്രയോഗിച്ചാൽ ശൂലരോഗം വിട്ടുമാറും.

വേറൊന്ന്.

തിലചടീ ജഠരോപരിഭ്രാമിതാ ഹരതി ശൂലമലം ബഹുധേരിതാ
മദനകാഞ്ജികനാഭിവിലേപനാദചിരതം വിരതം ജഠരേരിതം. ൧൦

എള്ളരച്ചുണ്ടാക്കിയ പിഷ്ടം, വസ്ത്രത്തിലാക്കി വയററിന്റെ മുകളിൽ വട്ടത്തിൽ കിഴിതിരുമ്മിയാലും, മലങ്കാരയ്ക്കാ കാടിയിൽ അരച്ച് നാഭിയിൽ തേച്ചാലും ശൂലരോഗം ശമിക്കും.

മറെറാരുയോഗം.

വിശ്വൌഷധൈരണ്ഡകൃതഃ കഷായോ
ബാല്ഹീകസൌവർച്ചലസംപ്രയുക്തഃ.

കാലേന പീതാ ഹ്യഖിലശൂലഹന്ത്രീ
പത്ഥ്യാശിനോ വഹ്നിവിവൃദ്ധികർത്രീ. ൧൧

ചുക്ക് ആവണക്കിൻവേര് ഇവ കഷായംവെച്ച് കായവും തുവർച്ചിലക്കാരവും മേമ്പൊടി ചേർത്തു പ്രഭാതത്തിൽ സേവിക്കുകയും പത്ഥ്യമായി ഭക്ഷണംകഴിക്കയും ചെയ്താൽ ശൂലരോഗം നശിക്കയും അഗ്നി വർദ്ധിക്കയും ചെയ്യും.

മറ്റൊരു സ്വേദം.

കാർപ്പാസബീജാസ്ഥികുലത്ഥകൈശ്ച
തിലൈർയ്യവൈരെരണ്ഡജടാതസീഭിഃ
വർഷാപ്രഭൂതാശണബീജകൈശ്ച
പടസ്ഥിതൈഃ കാഞ്ജികസിക്തപിണ്ഡൈഃ. ൧൨

സ്ഫിഗ്ജാനുപാദാംഗുലികൂർപ്പരാദ്യു
ഗുൽഫഹൃദ്‌മൂർദ്ധ്നി കടൗ ച ശൂലം
സ്കന്ധോദരോരസ്സു ച വൈ നിഹന്തി
പ്രസ്വേദനാദൈഷ്യനുപാവദന്തി. ൧൩

പഞ്ഞിക്കുരുപ്പരിപ്പ് മുതിര എള്ള് യവം ആവണക്കിൻവേര് അവണക്കിൻവേര് ചകത്തി തമിഴാമവേര് ചണംപയറ് ഇവ കാടിയിൽ അരച്ച് ചൂടുപിടിപ്പിച്ച് മുണ്ടിൽകെട്ടി ആസനം, മുട്ട്, പാദം, അംഗുലി, കൂർപ്പരപ്രദേശം, ഞെരിയാണി, ശിരസ്സ്, അരക്കെട്ട്, സ്കന്ധം, ഉദരം, നെഞ്ച് ഈ സ്ഥാനങ്ങളിൽ ഉഴിഞ്ഞ് വിയർപ്പിച്ചാൽ ശൂലം ശമിക്കും.

ശൂലാന്തകരസം.

രസഭസ്മപലംപലം ചഖന്യ-
ദ്വിപലംതാമ്രഭസ്മഗന്ധകം ച
ദ്വിപലംഹരിതാലമേകകർഷം
വിമലംഹാടകമാക്ഷികംപലാർദ്ധം. ൧൪

ഭുജഗസ്യപലാർദ്ധമേവവംഗം
സമമേതസ്യതഥാജയാഫലിന്യഃ
ത്രിവൃദഗ്നിവസംമിതംസമസ്തം
പരിപേഷ്യാശുവിഭാവ്യഭൃമിധാത്ര്യാഃ. ൧൫

സ്വരസൈർമ്മുനിശശ്ചദന്തികായാഃ
പ്രവിപേഷ്യവടംതുഖലമദ്ധ്യേ
ഇതിശൂലഗദാന്തകോരസോവൈ
പരിസേവ്യംഖലുവല്ലമസ്യ ചാർദ്രൈഃ. ൧൬

സമസ്തശൂലകാന്തകോനിരന്തരംനിഷേവിതഃ
സുശൃംഗിവേരജദ്രവൈരലംസുവല്ല സമ്മിതഃ. ൧൭
ദധിഭക്തമമുംപരിസേവ്യനരഃ
വിദധാതശനംവരബുദ്ധിവരഃ. ൧൮

രസഭസ്മം അഭ്രം ഇവ ഓരോപലം വീതം. താമ്രഭസ്മം ഗന്ധകം ഇവ ഈരണ്ടുപലം. ഹരിതാലം ൩. കഴഞ്ച് ശുദ്ധിചെയ്ത സ്വർണ്ണമാക്ഷികം അരപ്പലം. (൩ കഴഞ്ച്) വത്സനാഭി വംഗഭസ്മം മേന്തോന്നി ഇവ അരപ്പലം വീതം. ത്രികോല്പക്കൊന്ന ൬ പലം. എല്ലാംകൂട്ടിപ്പൊടിച്ച് കീഴാനെല്ലി നാഗദന്തി ഇവയുടെ നീരിൽ ഏഴുദിവസം അരച്ച് വല്ല പ്രമാണം ഇഞ്ചിനീരിലോ ചുക്കിൻകഷായത്തിലോ സേവിച്ചാൽ സകലശൂലകളും നശിക്കും. ഈ രസം സേവിച്ചാൽ പിന്നീട് തൈർകൂട്ടി ചോറു ഉണ്ണുകയാണ വേണ്ടത്.

ശൂലഗജകേസരി.

പലൈകസൂതേന ബലിദ്വയേന
താലത്രയേണാപി വിശുദ്ധകേന
വിധായപിഷ്ടിംത്രിദിനാനിഖല്വേ
സംമർദ്ദ്യപൂർവംതുതതോവിശുദ്ധേ. ൧൯
പലൈകതാമ്രസ്യ ചസംപുടേഹി
താംപിഷ്ടികാമന്തരതോനിധായ
വിമൃദ്യതൽസംപുടകം ച പാത്രേ
പടുപ്രപൂർണ്ണാന്തരഗർഭമദ്ധ്യേ. ൨൦
നിധായസദ്രത്നാശരാവകേന
മുദ്രാദൃഢംലേപ്യവിശോഷ്യഘമ്മേ
പൃടേഗജാഹ്വേപുടയേദ്വിധിജ്ഞോ
രസോഭവേച്ഛൂലഗജേന്ദ്രസിംഹഃ. ൨൧
വല്ലോഽസ്യശൃംഗിവേരാദധിശൃംഗിവേര-
നീരേണശൂലാൻനിഖിലാൻനിഹന്യാൽ
നൈരുജ്യലാഭംനിതരാംപ്രകുര്യാൽ
കായാഗ്നിസന്ദീപനമാശുകുര്യാൽ. ൨൨

ശുദ്ധിചെയ്ത രസം ഒരുപലം. ഗന്ധകം രണ്ടുപലം. ഹരിതാലം മൂന്നുപലം. ഇവ എല്ലാംകൂടി മൂന്നുദിവസം അമ്മിക്കല്ലിൽ അരച്ച് ഉരുളയാക്കി ഒരുപലം ശുദ്ധിചെയ്തചെമ്പുകൊണ്ടുള്ള പാത്രത്തിന്റെ ഉള്ളിൽ ആ ഉരുളവെച്ച് മുദ്രചെയ്ത് അതിനെ ഒരു പാത്രത്തിൽ വെച്ച് അടിയിലും മുകളിലും ഉപ്പുനിറച്ച് വേറൊരു പാത്രംകൊണ്ട്

അടച്ചു ശീലമൺചെയ്തു വെ യിലത്തുണക്കി ഗജപുടം ഇടുക; അതെ ടുത്തു് അറിയാൽ പൊളിച്ചു് അകത്തെ മരുന്നെടുത്തു് വിഴാലരി പ്ര മാണം തെതിരിൻവെള്ളത്തി) ഇഞ്ചിനീരിലോ സേവിക്കുക; സക ല ശൂലങ്ങളും ശമിക്കും. നിയും വധിക്കും. ഈ രസത്തിന്നു് ഗജ കേസരി രസം എന്നു പേർ

ബഡവാ ലരസം.

താലതാപ്യകന്ദടീ ന്നാക്-
സൂ ഗന്ധകസ സമമേതൈഃ
ദീപ്യകംതദഖില സമസ്ത-
തുല്യഭാഗകടുകത്രയ കൈഃ. ൧൩

കജ്ജളീം പബാഹ്ഹ ഷ്യാവിധായ
ഭീമരാക്ഷസസുത നിതൈഃ
സപ്തധാചപരിഭാ ്യദിനാന
സപ്തമാഥനിയത ഉദയന്ത്യാഃ. ൧൪

കാകമാചികരഭൈ ർമ്മനിവാരാൻ
സിന്ധുകസ്യ ച ര സമാചിതദ്വർ
ആർദ്രകസ്യ ച ര സപിസപ്ത-
വാസരാണിപരിമ ്യവിശേഷാൽ. ൧൫

തദചീച മരിച ്സമൈഃ
ശോഷിതാഖലുനി ംവിഹിനാ
ഹന്തിശൂലനികര സൃതാംബു-
സേവിതാഹിബഡ ഡവാനലസംജ്ഞാ. ൧൬

മൂൽപാണ്ഡുംശ്വയഗുംകൃമി ചിതഥാഗുല്മാർശസീനാശയേൽ
കാസംശ്വാസമതീവജ്ഞാഠ കാർശ്യം കൃശാനോരലം
വാതശ്ലേഷ്മഗദംജ്വരംഗ്രഹ ികാംവൈഷമ്യവൃത്തിംക്ഷുധാം
പീതാതപ്തജലനചാശു ബഡവാപൂർവ്വാനലാന്താവടീ. ൧൭

ശുദ്ധിചെയ്ത അരിത ൊന്നിറമുള്ള മാക്കീരക്കല്ലു് മന യോല അഭ്രം താമ്രം രസം ഗന്ധകം ഇവ സമം. ഇവ എല്ലാംകൂടിയി ടത്തോളം അയമോദകം. ല്ലാറ്റിനും തുല്യം ചുക്കു മുളകു് തിപ്പലി. ഇവ എല്ലാംകൂടി പൊ ച്ചരച്ചു് മഷിപോലെയാക്കി ഞെരി ഞ്ഞാമ്പുളിക്കഷായത്തിലും അടവിക്കച്ചോലത്തിൻനീരിലും പുഴമു ഞ്ഞനീരിലും കറന്തകാളി ടനീരിലും കരിനൊച്ചിയുടെ രസത്തി ലും ഇഞ്ചിനീരിലും പ്രത്യേ എഴേഴുദിവസം അരച്ചു് നല്ലമുളകുപ്ര മാണം ഗുളിക ഉരുട്ടി വെയി ൽ കൊള്ളിക്കാതെ (നിഴലിൽ) ഉണക്കി

ചൂട്ടവെള്ളത്തിൽ സേവിക്കുക; ശൂലം മണ്ണുതിന്നിട്ടുണ്ടാകുന്ന പാണ്ഡു നീർകെട്ട് കൃമി ഗുല്മം അർശസ്സ് കാസം ശ്വാസം ഉദരവേദന അ ഗ്നിമാന്ദ്യം വാതകഫരോഗം ജ്വരം ഗ്രഹണി വിഷമാഗ്നി ഇവ ശമ ക്കും. ഈ രസത്തിന്നു് ബഡവാനലരസം എന്നുപേർ.

അഗ്നികുമാരരസം.

രസഗന്ധകയോഃ സമാംശയോർവൈ
ബഹുധാമർദ്ദ്യസുകജ്ജളീംവിധായ
അമൃതാംശകപാദമേകമേവ
ഗ്രഹരാജസ്യസമാനമംശമത്ര. ൧൮

ത്രിദിനാനി ചഹംസപാദികായാഃ
സ്വരസൈഃപരിഷ്യ സുഗോളകംവിധായ
പരിശോഷ്യ ച തീവ്രഘർമ്മമധ്യേ
സികതായന്ത്രവരേക്രമാഗ്നിവൃദ്ധ്യാ. ൧൯

പരിപാച്യദിവാനിശംതതസ്ഥ
പരിപേഷ്യാപി ചശീതളംതദേവ
അമൃതേനപുനസ്സമാംശകേന
പരിമർദ്ദ്യാഥതദാർദ്രകസ്യനീരൈഃ. ൨൦

പരിലേപ്യമൃദസ്സുഭാണ്ഡഗർഭ
പുനരന്യൽപലകാംശകാഷ്ഠകേന
അമൃതേനയുതംസുപാത്രമേക-
മപി സംയോജ്യ മുഖംമൃദോനിരുദ്ധ്യ. ൨൧

പരിലേപ്യദൃഢംമൃദാപിചുല്യാം
പരിപാച്യാശുദൃഢംതദേകയാമം
അനലേനതതഃകരണ്ഡകേന്യേ
നിയതംസ്ഥാപ്യഅസൈകൃശാനബാലഃ. ൨൨

ശൂലംസർവംജ്വരമപിഗദാനഗ്നിമാന്ദ്യം ചപാണ്ഡും
ഗുല്മംകാസാൻകഫബഹുഗദാൻരക്തഗുല്മംവധൂനാം
ശോഫംഷണ്ഡത്വമഥഗുദജാൻവാതജാനന്യരോഗാൻ
ഹന്യാദ്രോഗാനപിബഹുവിധാനഗ്നിബാലോവിശേഷാൽ.

രസം ഗന്ധകം ഇവ സമാംശം എടുത്തു് നല്ലപോലെ മർദ്ദി ച്ചു് മഷിയാക്കി രസത്തിന്റെ നാലിലൊന്നു് വത്സനാഭിയും രസത്തി നു തുല്യം താമ്രഭസ്മവും ചേർത്തു് മൂന്നുദിവസം ചെറുപുള്ളടിരസത്തിൽ അരച്ചു് ഉരുളയാക്കി വലിയ വെയിലത്തുണക്കി വാലുകായന്ത്രത്തിൽ വച്ചു് ഒരു പകലും രാത്രിയും മന്ദാഗ്നിയിൽ പചിച്ചു് തണുത്താൽ എ

ട്ടുത്തു് സമം ശുദ്ധിചെയ്ത വത്സനാഭി ചേൎത്തു് ഇഞ്ചിനീരിൽ പിന്നെയും അരച്ചു് എട്ടുപലം വത്സനാഭിചേൎത്തു് ഒരു ചട്ടിയിൽ വച്ചു് മറെറാരു ചട്ടികൊണ്ടു് അടച്ചു് ശീലമൺചെയ്തു്, അടുപ്പിൽവച്ചു് ഒരുയാമം തീയെരിച്ചു് ആറിയാൽ പുറത്തെടുത്തു് മണ്ണുപൊളിച്ചു് അകത്തെ ഭസ്മം ഒരു പാത്രത്തിലാക്കി വച്ചിട്ടു് സേവിക്കുക. സകല ശൂലം ജ്വരം കുഷ്ഠം വിഷം അഗ്നിമാന്ദ്യം പാണ്ഡു ഗുല്മം കാസം കഫരോഗം രക്തഗുല്മം നീർകെട്ടു് ഷണ്ഡത്വം അർശസ്സ് വാതരോഗങ്ങൾ മററുരോഗങ്ങൾ ഇവ ശമിക്കും. ഇതിന്നു് അഗ്നികുമാരരസം എന്നു പേർ.

വാതശൂലലക്ഷണം.

ജീൎണ്ണദോഷശിശിരാദ്യരപൂഷണാന്നൈ
ശീതകാലമപിഭൂപ്യവിശേഷാൽ
കോപമേത്യബഹുഗാമലമൂത്ര-
സ്തംഭതോദബഹുമദയുതോഽപി. ൩൬

സ്വേദനാദ്രപ്രശാന്തിമലംവാ
വാതജാതശിവശസ്തഗദോഽയം
തൈലമർദ്ദനവിമർദ്ദനകൈർവാ
സ്നിഗ്ദ്ധമുഷ്ണമശനതോഽപിജനസ്യ. ൩൭

ആഹാരം ദഹിക്കുമ്പോഴും സന്ധ്യയിലും വൎഷം ഹേമന്തം ശിശിരം ഈ കാലങ്ങളിലും കോപിച്ചു് പലപ്രകാരത്തിൽ മലമൂത്രസ്തംഭത്തേയും കുത്തിനോവു് ദേഹം വിളരുക ഇവയേയും ചെയ്യും. ഇതാണു് വാതശൂലം. ഈ വാതശൂലം വിയൎപ്പിക്കുക എണ്ണതേച്ചു മർദ്ദിക്കുക തിരുമ്മുക ഇവകൊണ്ടും സ്നിഗ്ദ്ധമായും ഉഷ്ണമായും ഇരിക്കുന്ന സാധനങ്ങളെ ഭക്ഷിക്കുന്നതുകൊണ്ടും ശമിക്കും.

വാതശൂലചികിത്സ.

തുംബുരുണ്യഭയാഹിംഗുകപുഷ്കരംലവണത്രയം
ജാപൃഷാരിസമന്വിതംപരിപീതമാശുവിനാശയേൽ
വാതശൂലസദാഗതിംപലുനാംതന്ത്രകഗുല്മകം
ഗാംഗവാരികണാശനം ച യഥാഖിലസംഹിതാമുച്ചയാൻ. ൩൮

കൊത്തമ്പാലയരി കടുക്കാത്തോടു് കായം പുഷ്കരമൂലം ഉപ്പുമൂന്നും കൊട്ടവേലിക്കിഴങ്ങു് ഇവ കഷായംവച്ചു സേവിച്ചാൽ, ഗംഗാജലം സേവിച്ചാൽ പാപം നശിക്കുന്നപോലെ വാതശൂലം, അപതന്ത്രകം എന്ന വാതരോഗം, ഗുല്മം ഇവ ശമിക്കും.

വാതശൂലാന്തകരസം.

പാരദേനചവിലിപ്യദളാനി
താമ്രകസ്യബലിമാദപിഗ്ഗുണേന
ക്ഷാരകത്രിതയമദ്ധ്യഗതാനി
വസ്ത്രഖണ്ഡനിബദ്ധാനിചപങ്കൈഃ. ൩൯

ലേപിതാനിവിധിനാപുടിതാനി
മർദ്ദിതാനികനകാനലതോയൈഃ
ആർദ്രകസ്യചകടുത്രയയുക്തം
ഷോഡശാംശകസുശുദ്ധവിഷേണ. ൪൦

പേഷിതാനിപലുവല്ലമലംവാ
വാതശൂലരുജിചാസ്യദലീത
വാതശൂലഹരഏഷരസോഽയം
സേവനാന്നയതിശൂലവിനാശം. ൪൧

രസം ഒരുഭാഗം, ഗന്ധകം രണ്ടുഭാഗം. ഇവ അരച്ചു് ചെമ്പിൻതകടിൽ തേച്ചുപിടിപ്പിച്ചു് ചവക്കാരം തുവർച്ചിലക്കാരം പൊൻകാരം ഇവ മൂന്നുംകൂടി അരച്ചു് ഒരു മൂശയുണ്ടാക്കി അതിൽ അതകിട്ടുകൾവച്ചു് വസ്ത്രഖണ്ഡങ്ങളിൽ ചെളി നല്ലവണ്ണം തേച്ചുപിടിപ്പിച്ചു് അവകൊണ്ടു് ചുററിക്കെട്ടി കവചംചെയ്ത സ്ഫുടംവച്ചു് ആറിയാൽ അകത്തെ ഭസ്മംഎടുത്തു് മർദ്ദിച്ചു് ചുക്കു മുളകു തിപ്പലിയും ൧൬-ൽ ഒരംശം ശുദ്ധിചെയ്ത വത്സനാഭിയും ചേൎത്തു് ഉമ്മത്തിൻ നീരിലും കൊട്ടവേലിക്കഷായത്തിലും ഇഞ്ചിനീരിലും പ്രത്യേകം അരച്ചു് വിഴാലരിപ്രമാണം ഗുളികയാക്കി ഉണക്കി സേവിക്ക. വാതശൂലം ശമിക്കും.

പിത്തശൂലലക്ഷണം.

ക്ഷാരതീക്ഷ്ണകടുകാമ്ലരസാനി
തൈലമദ്യരവിതാപവിദാഹൈഃ
ഭോജനൈരപികുലത്ഥകയൂഷൈർ-
യദ്വിദാഹിതിലപിഷ്ടവികാരൈഃ. ൪൨

ക്രോധാനലായാസനിദാഘദാഹൈ-
സ്സൌവീരനിഷ്പാവമഹോഷ്ണഭോജ്യൈഃ
ഗ്രാമ്യാതിയോഗാദപി കോപമേത്യ
പിത്താല്പകുഷ്യാദഥശൂലമുഗ്രം. ൪൩

തൃട്സ്വേദമൂർഛാഭ്രമതോദദാഹൈ-
ൎമ്മദ്ധ്യേദിനേകുപ്യതിവാർദ്ധരാത്രേ

ദിനാദിയാമേ ഘനനാത്യയേ ച ഹി
ശീതേന ശീതൈരുപയാതി ശാന്തിം. ൭൨

ക്ഷാരങ്ങളും തീക്ഷ്ണങ്ങളും എരിവുള്ളതും പുളിയുള്ളതും ആയ രസങ്ങൾ ഉപയോഗിക്കുക; തൈലം മദ്യം ഇവ കുടിക്കുക; വെയിലേൽക്കുക; ഉൾപ്പുഴുക്കുണ്ടാക്കുന്ന സാധനങ്ങൾ ഭക്ഷിക്കുക; മുതിരച്ചാറു കുടിക്കുക; വിദാഹിയായ എള്ളിൻപിണ്ണാക്ക്, പിട്ടുകൊണ്ടുള്ള പലഹാരം ഇവ ഉപയോഗിക്കുക; കോപിക്കുക; തീ കായുക, ആയാസകരങ്ങളായ ജോലിചെയ്യുക; ഉഷ്ണത്താലുള്ള സന്താപമേൽക്കുക; സൌവീരമദ്യം അമര ഇവ ഉപയോഗിക്കുക; ഉഷ്ണഭോജ്യങ്ങൾ ഭക്ഷിക്കുക; അതിമൈഥുനം ചെയ്യുക; ഇവകൊണ്ടു പിത്തം കോപിച്ച് ഭയങ്കരമായ ശൂലരോഗത്തെ ഉണ്ടാക്കും. തണ്ണീർദാഹം വിയർപ്പ് മൂർച്ഛ തലകറക്കം കത്തിനോവ് സർവാംഗസന്താപം ഇവയും ഉണ്ടായിരിക്കും. ഈ ശൂലരോഗം മദ്ധ്യാഹ്നത്തിലും അർദ്ധരാത്രത്തിലും ദിനത്തിന്റെ അർദ്ധയാമത്തിലും ശരൽക്കാലത്തിന്റെ ആദിയിലും ശീതകാലങ്ങളിലും ആണ് ഉണ്ടാകുന്നത്. ഇതു ശീതോപചാരങ്ങൾകൊണ്ട് ശമിക്കുകയും ചെയ്യും.

പിത്തശൂലരോഗചികിത്സ.

ശതാഹ്വാരസംമാക്ഷികൈശ്ചാശു പ്രാതഃ
പിബേദ്ദാഹശൂലോപശാന്ത്യൈ വിശേഷാൽ. ൭൩

ശതകുപ്പയുടെ രസം തേനും കൂട്ടി പ്രഭാതകാലത്തിൽ സേവിച്ചാൽ ദാഹം, ശൂലം ഇവ ശമിക്കും.

സുസ്വാദുശീതൈരപി ഭോജനൈശ്ച
പിത്തം ചിതം ശാന്തിമുപൈതി ശീഘ്രം
സദാഹശൂലോപശമായ ചാന്യ-
യോഗോ മയായം സമുദീര്യതേ ദ്ധ. ൭൪

മധുരമായും ശീതളമായും ഇരിക്കുന്ന ഭോജനങ്ങൾകൊണ്ട് വർദ്ധിച്ചിരിക്കുന്ന പിത്തം ശമിക്കും. ദാഹത്തോടുകൂടിയ ശൂലത്തിന്റെ ശമനത്തിനായിട്ട് മറ്റുയോഗങ്ങളും എന്നാൽ പറയപ്പെടുന്നു.

ബൃഹത്യാഃ സഗോകണ്ടദാശേക്ഷുവാരീ-
കശൈരണ്ഡനീരം പിബേൽ പിത്തശൂലീ
ഭ്രമസ്വേദമൂർച്ഛാനിദാഘപ്രശാന്തിം
ലഭേതാശു തൈരുജ്ജ്വലക്ഷ്മീം വിശേഷാൽ. ൭൫

ചെറുവഴുതിനവേര്, വെൺവഴുതിനവേര് ഞെരിഞ്ഞിൽ ആറുദർഭവേര് ചെറുകരിമ്പിൻവേര് ഇരുവേലി കശവേര് ചെള്ളത്താ

വണക്കിൻവേര് ഇവ കഷായംവച്ചു സേവിക്കുക. പിത്തശൂലം തലകറക്കം വിയർപ്പ് മൂർച്ഛ ഉഷ്ണം ഇവ ശമിക്കും.

കഫശൂലലക്ഷണം.

ആനൂപാംബുജകിലാടദുഗ്ധപലലൈഃ പിഷ്ടേക്ഷുഭിർവാതളൈ-
രന്യൈശ്ശഷ്കുലികാദിഭിശ്ച കൃശരാമുഖ്യൈഃ കഫോൽപാദകൈഃ
ശ്ലേഷ്മാ കോപമുപേത്യ ചാപി കുരുതേ ശൂലം സഹൃല്ലാസകം
കാസാരോചകഗൌരവാമസദനൈഃ പ്രായഃ പ്രസേകാന്വിതം. ൭൬

ഭുക്തേ നാതിരുജം കരോതി ബഹുധാ തൈസ്തൈർമിത്യാമാശയേ-
കോപ്യേ ചാഥ ശിരോഗുരുത്വമഥവാ സൂര്യോദയേ കപ്രതി
പ്രായശ്ചാത്ര വസന്തകേപി ശിശിരേ കാലേ ച തന്നാശകം
വൈദ്യേന്ദ്രൈർവരരോഗജാലഗദിതം യോഗം വയം ബ്രൂമഹേ. ൭൭

ആനൂപമാംസം മത്സ്യമാംസം കിലാടം (അധികം മോരും അല്പം പാലും ചേർത്തുണ്ടാക്കിയ സാധനമാണ് കിലാടം) പാല് മാംസം അരച്ചിട്ടുകൊണ്ടുള്ള സാധനം കരിമ്പ് വാതളങ്ങളായ മറ്റു സാധനങ്ങൾ കഫോൽപാദകങ്ങളായ മറ്റുള്ള് മുതലായവ കൃശര (എൾച്ചോറ്) ഇവ ഉപയോഗിക്കുകയാൽ കഫം കോപിച്ച് ശൂലം ഉണ്ടാകും. നെഞ്ചുരുക്കം ചുമ അരോചകം ഗൌരവം ആമം അഗ്നിമാന്ദ്യം വായിൽകൂടി വെള്ളംവരിക ഇവയും കഫശൂലത്തിൽകാണും. ഊണുകഴിച്ചാൽ വേദനയ്ക്കു അല്പം ശമനം ആമാശയം കോപ്യം ഈ സ്ഥാനങ്ങളിൽ വേദന, തലയ്ക്കുകനം ഇവയും കഫശൂലത്തിന്റെ ലക്ഷണമാണ്. സൂര്യോദയം വസന്തകാലം ശിശിരകാലം ഈ കാലങ്ങളിലാണ് മിക്കവാറും കഫശൂലം ഉണ്ടാകുന്നത്. ഇനിയും അതിന്റെ നാശകരമായ ചികിത്സയെ പറയുന്നു.

പഞ്ചകോലലവണത്രയഹിംഗുചൂർണ്ണമാശു പരിതപ്തജലേന
പീതമാത്രമപി ശൂലവിനാശമാപ്തവൈദ്യകഥിതം കിലകുര്യാൽ. ൭൮

പഞ്ചകോലം (തിപ്പലി തിപ്പലീമൂലം കാട്ടുമുളകുകൊടിവേര് കൊടുവേലിക്കിഴങ്ങ് ചുക്ക്) ഉപ്പുമൂന്നും കായം ഇവ പൊടിച്ച് ചൂടുവെള്ളത്തിൽ കലക്കി കുടിച്ചാൽ കഫശൂലം ശമിക്കും. ഇതു വിശാരദന്മാരായ വൈദ്യന്മാരാൽ പറയപ്പെട്ട യോഗമാണ്.

ഫലംവ്യാഘ്രിസിംഹീഭവം സാശ്വഗന്ധാ-
ശിവാഭീരുഭൂകാംഘ്രിഭാഗദ്വയം ച
യവക്ഷാരയുക്തം ത്രികണ്ടൈഃ കഷായം
പിബേൽ കക്ഷിഹൃൽപാർശ്വശൂലീ കഫേന. ൭൯

കണ്ടകാരിച്ചുണ്ട തക്കാരിവഴുതിന ഇവയുടെ കായ് സമാംശം. അമുക്കുരം കന്മദം ശതാവരികിഴങ്ങ് ആവണക്കിൻവേര് ചവക്കാരം ഞെരിഞ്ഞിൽ ഇവരണ്ടുഭാഗം. ഇവ കഷായംവച്ച് സേവിച്ചാൽ കഫത്താലുണ്ടാകുന്ന കുക്ഷിശൂലം ഹൃദയശൂലം പാർശ്വശൂലം ഇവ ശമിക്കും.

വാതപിത്തജശൂലം.

ദേവദ്രുജാരകാകോട്ടിമേലാരോ
ഗദിതോ വാതയുതസ്സപിത്തശൂലഃ
ബൃഹതീദ്വയവാളകേക്ഷുകാശ-
കുശപാഞ്ചാലിതബൂകമൂലനീരൈഃ. ൩൦

ശ്വദംഷ്ട്രേനചപൂർവ്വപാചിതൈർവാ
മധുനാഖണ്ഡവരേണസംയുതൈശ്ച
അപിജേയതമസ്സവാതപിത്ത-
പ്രഭവഃശൂലഗദസ്സപീതമാത്രൈഃ. ൩൧

ദാഹജ്വരത്തോട്ടുകൂടിയതായ വാതപിത്തശൂലം അതിഭയങ്കരമാണ്. ചെറുവഴുതിനവേര്, വെൺവഴുതിനവേര്, ഇരുവേലി, കരിമ്പിൻവേര്, ആറ്റുദർഭവേര്, കുശവേര്, തിപ്പലിമൂലം ആവണക്കിൻവേര് ഞെരിഞ്ഞിൽ ഇവ കഷായംവച്ച് അരിയാൽ തേനും പഞ്ചസാരയും മേമ്പൊടിചേർത്ത് സേവിക്കുക. വാതപിത്തജമായ ശൂലം ശമിക്കും.

വാതകഫജശൂലം.

വസ്തൗകണ്ഠേഹൃദിചതഥാ പാർശ്വയോർവ്വാതജാതഃ
ശ്ലേഷ്മായുക്തോഭവതിഗദശ്ശൂലശബ്ദാഭിധാനഃ
മാംസദ്രാവംയദിചമദ്യൈഃ പായയേത്തംജ്വരേത്സഃ
പ്രാതർവൈദ്യോനിജതലപ്രാണാചാസ്യസംജ്ഞാംലഭേത.

വസ്തി കണ്ഠം ഹൃദയം പാർശ്വഭാഗം ഈ സ്ഥാനങ്ങളിൽ വേദന ഉണ്ടാകുന്നത് വാതശ്ലേഷ്മശൂലത്തിന്റെ ലക്ഷണമാണ്. മാംസരസം മദ്യത്തിൽചേർത്ത് പ്രഭാതകാലത്തിൽ കുടിച്ചാൽ വാതകഫശൂലത്തെ ജയിക്കാം.

ക്ഷാരോദകമപിപീതംഹന്തിഗുഡേന
സകണ്ഠംവാതകഫോത്ഥം ശൂലമനേന. ൩൨

ചവക്കാരം തെളിച്ചൂററിയ വെള്ളത്തിൽ ശർക്കരയും തിപ്പലിപ്പൊടിയുംചേർത്ത് സേവിച്ചാൽ വാതകഫശൂലം ശമിക്കും.

പിത്തകഫജമായ ശൂലം.

കുക്ഷൗഹൃദിനാഭികടീഷുപിത്ത-
കഫോദ്ഭവശ്ശൂലഗദസ്തതസ്മിൻ
പടോലശംഭക്ഷിഫലാഗദാനാം
കഷായംപിബേന്മാക്ഷികസംയുതന്തു. ൩൩

വയറ് ഹൃദയം നാഭി അരക്കെട്ട് ഇവിടെ വേദനയുണ്ടാകുന്നത് പിത്തകഫോത്ഭവമായ ശൂലത്തിന്റെ ലക്ഷണമാണ്. അതിന്ന് പടോലം ത്രിഫല കൊട്ടം ഇവ കഷായംവച്ച് അരിയാൽ തേൻ മേമ്പൊടിചേർത്ത് സേവിക്കണം.

വേറൊരുയോഗം.

ദിനൈകംസല്ലോഹം ത്രിഫലജജലൈസ്സംഭൃതതമൈർ-
മൃതംപക്വാന്തേതദ്ഗുഡയുതമലം സേവ്യമഥധാഃ
സപിത്തംസശ്ലേഷ്മം ജ്വരദാഹച്ഛർദ്ദിപ്രതിയുതം
നൃണാംശൂലംതീവ്രംജയതി സഹസാവൈദ്യഭണിതം. ൩൪

ശുദ്ധിചെയ്ത ലോഹഭസ്മം ഒരു ദിവസം മുഴുവൻ ത്രിഫലക്കഷായത്തിൽ പചിച്ചെടുത്ത് ശർക്കരകൂട്ടി സേവിച്ചാൽ ജ്വരം സന്താപം ഛർദ്ദി ഇവയോട്ടുകൂടിയ പിത്തകഫശൂലം ശമിക്കും.

സന്നിപാതജശൂലം.

ചേൽസർവ്വദേശേഷു ചസർവ്വലിംഗഃ
ശൂലോഭവേൽസർവ്വജ ഏവവൈദ്യൈഃ
സുകഷ്ടമേനം വിഷവജ്രതുല്യം
ഹൃൽപാർശ്വപൃഷ്ഠത്രികവസ്തിനാഭ്യാം. ൩൫

വാതപിത്തകഫജങ്ങളായ ശൂലത്തിന്റെ ലക്ഷണങ്ങൾ എല്ലാഭാഗങ്ങളിലും ഉണ്ടായിരുന്നാൽ അത് സന്നിപാതജമായ ശൂലരോഗമാണ്. ഹൃദയം പാർശ്വഭാഗം പൃഷ്ഠം പൃഷ്ഠാസ്ഥി വസ്തി നാഭി ഈ പ്രദേശങ്ങളിൽ വിഷവജ്രംകൊണ്ടാലുള്ളതുപോലുള്ള വേദനയോടുകൂടിയ സന്നിപാതശൂലം അതികഷ്ടമെന്ന് വൈദ്യന്മാർ പറയുന്നു.

ത്രികടുഭിഃപടുനാദരചൂർണ്ണകം
യദികവോഷ്ണജലൈഃപരിഷേവിതം
സകലദോഷജശൂലഗദാതുരൈഃ
സുഖമനാതുരതാ ഖലു ലഭ്യതേ. ൩൬

ചുക്ക മുളക തിപ്പലി ഇന്തുപ്പ് ഇവ പൊടിച്ച് ശംഖഭസ്മവും

ചേൎത്തു ചൂടുവെള്ളത്തിൽ സേവിച്ചാൽ വാതപിത്തജമായ ശൂലം ശമിക്കും.

വിദാരികാദാഡിമസംപ്രഭൂതോ രസസ്തു പീതഃ കടുഭിസ്ത്രിഭിശ്ച
സസൈന്ധവഃ ക്ഷൌദ്രയുതോ നിഹന്തി ത്രിദോഷജം ശൂലമുദഗ്രവേഗം.

പാൽമുതക്കിൻകിഴങ്ങിന്റെയും താളിമാതളത്തിൻകായുടെയും നീരിൽ ചുക്കു മുളകു തിപ്പലി ഇവ പൊടിച്ചു് ഇന്തുപ്പും തേനും ചേൎത്തു സേവിച്ചാൽ വളരെ വേഗത്തോടുകൂടിയതായ ത്രിദോഷജശൂലം ശമിക്കും.

ഹൃദയശൂലം.

യദാ മാരുതഃ ശ്ലേഷ്മപിത്താവരുദ്ധോ
രസൈർവർദ്ധിതോ വൈ ഹൃദിസ്ഥഃ പ്രകുപ്യാൽ
മഹാശൂലമുച്ഛ്വാസകൃദ്യാവരോധാ-
ദുദന്ത്യാശുഹൃച്ഛൂലരോഗം വിദഗ്ദ്ധാഃ. ൩൦

അന്നരസങ്ങളാൽ വൎദ്ധിതനായ വായു, കഫപിത്തങ്ങളാൽ തടുത്തിട്ടു് ഹൃദയത്തിൽ സ്ഥിതനായിട്ടു് ശ്വാസം തടയുകനിമിത്തം മഹത്തായ ശൂലത്തെ ചെയ്യുന്നു ഇതാണു് ഹൃദയശൂലം.

ഹൃദയശൂലചികിത്സ.

ശുണ്ഠീരുബൂകാംഘ്രിദശാംഘ്രിഹിംഗു-
പടുത്രയാണാം ച സുപുഷ്കരാണാം
ചൂൎണ്ണം പിബേജ്ജാവജലേന ക്ഷാര-
യുഗ്മേന വിദ്വാംശ്ച ഹൃദഃ പ്രശൂലേ. ൩൧

ചുക്കു് വെളുത്താവണക്കിൻവേരു് ദശമൂലം കായം ഉപ്പുമൂന്നും പുഷ്കരമൂലം ചവൎക്കാരം തുവൎച്ചിലക്കാരം ഇവ പൊടിച്ചു് കോലരക്കിൻ കഷായവെള്ളത്തിൽ കലക്കി സേവിക്കുക. ഹൃദയശൂലം ശമിക്കും.

ശശ്വദ്ധൃദശ്ച കടിപൃഷ്ഠഗ്രഹാദിഗ്രഹേഷു
പക്വാശയാമയരുജാസു ച ഗുല്മശൂലേ
ചൂൎണ്ണം ച ജീരകമഹൌഷധിഹിംഗുജാതം
തദ്വൽ പിബേജ്ജതുജലേന വിഷൂചികാസു. ൩൨

ചുക്കു് ജീരകം കായം ഇവ പൊടിച്ചു് കോലരക്കിൻകഷായത്തിൽ സേവിച്ചാൽ ഹൃദയഗ്രഹം, കടീഗ്രഹം, പൃഷ്ഠഗ്രഹം, പക്വാശയവേദന, ആമാശയവേദന, ഗുല്മശൂലം, വിഷൂചിക ഇവ ശമിക്കും.

പാൎശ്വശൂലം.

വായുഃ കഫം ച വിനിഗൃഹ്യ തു ദൻവിശേഷാൽ
സൂചീസമസ്തു കുരുതേ ഖലു പാൎശ്വയോശ്ച
ആധ്മാനമത്ര നിവസൻ ബഹുശൂലവേഗ-
മുച്ഛ്വാസകാരുചിവിനിദ്രകരം ച പാൎശ്വേ. ൩൩

വായു, കഫത്തെ നിഗ്രഹിച്ചിട്ടു് വിശേഷിച്ചും സൂചികുത്തിനും തുല്യമായി പാൎശ്വഭാഗങ്ങളിൽ വേദനയെ ഉണ്ടാക്കും. വയറുവീൎപ്പു്, അതിവേഗത്തോടുകൂടിയ ശൂലം, ഉച്ഛ്വാസം, അരുചി, ഉറക്കമില്ലായ്ക, ഇവയും കാണും. ഇതു് പാൎശ്വശൂലത്തിന്റെ ലക്ഷണമാണു്.

പാൎശ്വശൂലചികിത്സ.

മാതുലുംഗജരസം മധുനാപി ക്ഷാരയുക്തമഥ വാ ശൃതശിഗ്രോഃ
നീരമാശു ബലപാൎശ്വഭവാഹി വസ്തിഹൃദ്ഭവരുജാം വിനിഹന്തി.

മാതളനാരങ്ങയുടെ നിരെടുത്തു അതിൽ തേനും ചവൎക്കാരവും ചേൎത്തു സേവിക്കയോ, മുരിങ്ങത്തൊലി കഷായംവച്ചു് അതിൽ തേനും ചവൎക്കാരവും ചേൎത്തു സേവിക്കയോ ചെയ്താൽ പാൎശ്വശൂലവും വസ്തി, ഹൃദയം ഈ സ്ഥാനങ്ങളിലുള്ള ശൂലവും ശമിക്കും.

വസ്തിശൂലം.

സംരോധാൽ കുപിതോഽസ്ഥിസംസ്ഥിതസദായാതഃ പ്രകുൎയ്യാദലം
ശൂലം വംക്ഷണവസ്തിസംയുതസിരാസംധിഷു വിൺമൂത്രയോഃ
വായോശ്ചാപി നിരോധനാദപി തദാ വസ്തിപ്രഭൂതശ്ചസഃ
ത്രായന്തീത്രിഫലാഗ്രട്ടുത്രികഫലനൈൎഗ്ഗ്രാമാനപിതൈരൌഷധൈഃ.

സംരോധത്താൽ വായു കോപിച്ചു് അസ്ഥികളിൽ സ്ഥിതനായിട്ടു് കടിപ്പു് വസ്തിപ്രദേശം, സിരാസന്ധികൾ ഈ സ്ഥാനങ്ങളിൽ ശൂലത്തെ ഉണ്ടാക്കും. ഇതാണു് വസ്തിശൂലം. മലമൂത്രങ്ങൾക്കു തടവും വസ്തിശൂലയിൽ ഉണ്ടാകും. ഈ വസ്തിശൂലയിൽ ബ്രഹ്മി ത്രിഫല ചുക്കു മുളകു തിപ്പലി മുത്തങ്ങാക്കിഴങ്ങു് ത്രികോല്പക്കൊന്ന ഈ ഔഷധങ്ങൾ യുക്തിപോലെ കഷായമോ പൊടിയോ ആയി ഉപയോഗിക്കണം.

ഭക്തവാരിവടി.

ശുദ്ധംഗന്ധകപാരദം ച മൃദിതം ഭാഗാൽഭാഗം തഥാ
ലോഹാഭ്രേ ച വിഡംഗമത്ര ഗദിതം ഭാഗൈശ്ച യുഗ്മൈരലം
തൽസൎവം പരിപേഷ്യമൎദ്ദിതതമം ക്വാഥേന ധാത്രീഫലേ
കൃത്വാ തത്സ്യവടീച വസ്തിജമലം ഭക്തപാതുശൂലംഹരേൽ. ൩൪

ഏകാം വടീം പ്രാതരലം മനുഷ്യോ
ഭക്താംബുനാ സേവ്യ ച പക്തിശൂലം
സവാമ്ലപിത്തം ച വമിം ജ്വരം ച
ഏ ച് ശൂലകാസശ്വാസനാശിനീഹന്തി. ൩൭

യകൃൽപ്ലീഹായക്ഷ്മോദരഗുദഗദാൻപാർശ്വവസ്തിപ്രഭൃതം
പ്രഭൃതം ശൂലംവാതാധിരവാകൃതിം ചാപിഗ്രഹണീം
ജ്വരാംസ്തദ്വൽഭക്താ ശമയതിവടീ പൂർവ്വാദിതാട-
നുപാനൈർഭക്തന്യൂശ്രാതവാംജലൈർന്നിത്യമുപചിതൈ. ൩൮

ശുദ്ധിചെയ്ത ഗന്ധകവും രസവും അരബ്ഭാഗംവീതം. ശുദ്ധിചെയ്ത ലോഹഭസ്മം അഭ്രം വിഴാലരി ഇവ മുമ്മുരണ്ടുഭാഗം. എല്ലാംകൂടി പൊടിച്ച് ത്രിഫലക്കഷായത്തിൽ അരച്ച്, ഗുളികമാക്കി ഭുജിച്ചാൽ വസ്തിശൂലം ശമിക്കും. പ്രാതഃകാലത്തിൽ ഈ ഗുളികയിൽ ഒരെണ്ണം, കഞ്ഞിവെള്ളത്തിൽ സേവിച്ചാൽ പക്തിശൂല, അമ്ലപിത്തം, ഛർദ്ദി, ജ്വരം ഹൃദയശൂലം, കാസം, ശ്വാസം, യകൃത്ത്. പ്ലീഹ, രാജയക്ഷ്മാവ്, മഹോദരം, അർശസ്സ്, പാർശ്വശൂലം, വസ്തിശൂലം, രക്തവികാരം, ഗ്രഹണി, ജ്വരങ്ങൾ ഇവയും ശമിക്കും.

ആമശൂല.

ആടോപഗൌരവവമീസകഫപ്രസേകൈ-
രാനാഹനിശ്ചലതനുതാപ്രസന്ന്യചിംനൈഃ
ആമോദ്ഭവം ച ശിവശസ്ത്രമദം വദന്തി
ഏല്ലാസയുക്തമഥമാത്ര ച മദ്യമദ്യാൽ. ൩൯

വയററിൽ പൊട്ടുക, വയററിൽ കനം, ഛർദ്ദി, കഫപ്രസേകം, വയറുവീർപ്പ്, ശരീരം അനക്കാൻ വയ്യാതാവുക, വ്രണത്തിന്റെ അടയാളങ്ങൾ കാണുക, നെഞ്ചുരുക്കം, ഇവ ആമശൂലയുടെ ലക്ഷണങ്ങളാണ്. ഇതിന്റെ ശമനത്തിനായിട്ട് മദ്യം സേവിക്കണം.

മറെറാരു ചികിത്സ.

ആമശൂലശമനക്രിയാം ചരേൽ താം ചയാ ത്തു കഫശൂലഹാരിണീ
സേവ്യമാമഹരസവ്മാശ്രുവൈ വഹ്നിവദ്ധനകരം വിശേഷതഃ. ൪൦

കഫശൂലഹരങ്ങളായ ക്രിയകൾ എല്ലാ ആമശൂലത്തെയും ശമിപ്പിക്കും. ആമഹരമായും അഗ്നിവർദ്ധനമായും ഇരിക്കുന്ന എല്ലാ ഔഷധങ്ങളും ആമശൂലത്തെ ശമിപ്പിക്കുന്നതാകയാൽ അതും സേവിക്കാം.

ഷഡാനനരസം.

സൂതംഭാഗം ഗന്ധഭാഗം ച ശുദ്ധം
തദ്വൽതാമ്രസ്യൈകഭാഗംമൃതം ച.

സൂതാന്മാനം ചാർഥസൌവർച്ചലാഖ്യം ൪൧
ഏതന്മർദ്ദ്യം പക്വജംബീരനീരൈഃ.
തീവ്രേംഘൌമേ തദ്ദിനൈകം സമസ്തം
ശുദ്ധാപാത്രൈഃ കർപ്പരൈർമൃത്തികാഭിഃ.
വൈദ്യൈഃ പാച്യം രാമസംഖ്യൈഃ പുടൈശ്ച ൪൨
ഖ്യാതോ ലോകേഷൺമുഖാഖ്യോ രസോയം
ഹിംഗ്വാർദ്രകണാലവണാനത്രിഗുംജോ
ഹന്ത്യശിതോ ജശൂലമശേഷം
അന്യസമസ്തശിരാസ്തംഭദാനാം ൪൩
നാശകരസ്തു ഷഡാസ്യരസോയം.
ഷഡ്ഭാഗമേരണ്ഡജതൈലമകം
രസാനകം നിസ്തുഷമത്രയോജ്യം
ദിഗ്ഭാഗമപ്യേവ ശുണ്ഠികാന്യ
സിന്ധൂത്ഥഹിംഗോ പ്രസ്ഥത്രയസ്യ. ൪൪
സമ്മർദ്ദ്യസർവം തു ത്രിനിഷ്കമേത-
ത്തദാമശൂലേ ദ്വിപി ഖെദ വിശേഷാൽ
ഷഡാസ്യനാമ്നസ്തു പരാനപാനം ൪൫
സർവ്വേഷുശൂലേഷു ത്രിനിഷ്കമേവം.

ശോധിതവും മാരിതവുമായ രസം, ഗന്ധകം, താമ്രം, തുവച്ചിലയുപ്പ്, ഇവ സമാംശമായി എടുത്ത് പഴുത്ത ചെറുനാരങ്ങാനീരിൽ അരച്ച് വില്ലയാക്കി ഒരുദിവസം കടുത്തവെയിലത്തുണക്കി ചട്ടിയിലാക്കി വേറൊരു ചട്ടികൊണ്ടടച്ച് ശീലമൺചെയ്ത് മൂന്നുദിവസം പുടംചെയ്യ എടുക്കുക; ഈ രസത്തിന് ഷഡാനനരസം എന്നുപേർ. ഈ രസം കായം, ഇഞ്ചി, തിപ്പലി, ഇന്തുപ്പ് ഇവയിൽ ഏതിനോടെങ്കിലും ഒന്നിനോടു ചേർത്ത് മൂന്നുകുന്നിയിടവീതം സേവിച്ചാൽ ആമശൂലവും മററുശൂലകളും ശമിക്കും. ആവണക്കെണ്ണ ആറുഭാഗം. തൊലികളഞ്ഞ വെള്ളുള്ളി മൂ ഭാഗം. പൊരിച്ച പൊൻകാരം പ ഭാഗം ഇന്തുപ്പ് കായം ഇവ മൂന്നുഭാഗം. എല്ലാംകൂടി പൊടിച്ച് മൂന്നുകഴഞ്ചുവീതം ഈ രസം സേവിച്ചതിനുശേഷം അനുപാനമായി സേവിച്ചാൽ സകല ശൂലകളും ശമിക്കും. അനുപാനത്തിനുള്ള ഉൽകൃഷ്ടമാത്ര മൂ കഴഞ്ചാണ്.

സാമവാതശൂല.

വാതാധികസ്ത്വാമസദാഗതിസ്ത
വസ്തിംപ്രയാതോ ഭവതീതിതത്ര.
കൃഷ്ണാഭയാലോഹഭവം ച ചൂർണ്ണം
സപ്പിർമ്മധുഭ്യാം ച ജലേന ചാദ്യാൽ. ൪൬

ആമവായു വസ്തിയെ പ്രാപിച്ച് വസ്തിയിൽ കഠിനവേദനയുണ്ടാക്കുന്നത് ആമവാതശൂലമാണ്. തിപ്പലി കട്ടക്ക ലോഹഭസ്മം ഇവ പൊടിച്ച് തേനിലോ നെയ്യിലോ കുഴച്ച് നക്കുകയോ വെള്ളത്തിൽ കലക്കി സേവിക്കുകയോ ചെയ്താൽ ആമവാതശൂലം ശമിക്കും.

സാമപിത്തശൂല.

നാഭൌശൂലഃസാമപിത്തോദ്ഭവോയ-
സ്തസ്മിൻപേയംസ്നേഹമേരണ്ഡജാതം-
ക്ഷൌദ്രൈഃക്ഷീരൈർവ്വാരസൈർമ്മാംസജാതൈ
സ്തദ്വൽകാഥൈസ്ത്രൈഫലൈർഗ്ഗോപയോഭിഃ. ൭൧

നാഭിയിൽ അതിയായ വേദന ഉണ്ടാക്കുന്നതാണ് സാമപിത്തശൂല. അതിങ്കൽ ആവണക്കെണ്ണ തേൻചേർത്തോ പാലോ മാംസരസമോ അല്ലെങ്കിൽ ത്രിഫലക്കഷായമോ പശുവിൻ പാലോ ചേർത്തോ സേവിപ്പിക്കണം.

സാമപിത്തോദ്ഭവേശൂലേ നാഭൌവാ വിശേഷതഃ
ക്ഷൌദ്രൈഃക്ഷീരൈർവ്വാംമൂത്രൈഃ പ്രദദ്യാൽതൈലംഏരണ്ഡസംഭവം.

ആമപിത്തശൂലയിൽ തേനിലോ പാലിലോ പശുവിൻമൂത്രത്തിലോ അതിന്റെ ഇരട്ടി ആവണക്കെണ്ണ ചേർത്ത് നാഭിയിൽ പിഴിയുന്നതും നല്ലതാണ്. (ഈ ശ്ലോകത്തിൽ 'പ്രദദ്യാൽ' എന്ന ക്രിയ അടുത്ത ശ്ലോകത്തിൽ നിന്നും ചേർത്തന്വയിച്ചുകൊള്ളണം.)

തൈലം.

സസൈന്ധവംഹിംഗുയുതംതുതൈലം
ഗോമൂത്രയുക്തംപരിപാച്യനിദധ്യാൻ
നാഭൌപ്രദദ്യാദ്ധിസാമപിത്ത-
ശൂലംഭവേദ്വേദനയാന്വിതംചേൽ. ൭൨

ഇന്തുപ്പ് കായം ഇവപൊടിച്ച് ആവണക്കെണ്ണയിൽ ഇട്ട് ഗോമൂത്രവും ചേർത്ത് കാച്ചി എടുത്ത് നാഭിയിൽ പിഴിഞ്ഞാൽ വേദനയോടുകൂടിയ ആമപിത്തശൂല ശമിക്കും.

കഫശൂലം.

ഹൃൽപാർശ്വകുക്ഷൌ യുഗപൽ കഫേന
സാമസ്സശൂലഃ പ്രഥിതസ്സ്വയോത്ര
ബാല്ഹീകപഥ്യാവിഡതുംബുരൂണാം
സൌവർച്ചലേനാപിചപൌഷ്കരേണ. ൭൩

ദ്വാവിംശസ്തബകം

സസൈന്ധവം ചൂർണ്ണമലം ദശാംഘ്രി-
യവാംഭസാ പീതതമം വിശേഷാൽ
ഹൃൽപാർശ്വശൂലം സകടീപ്രശൂലം
പൃഷ്ഠസ്യ ത്വന്ത്രാമപതാനകം ച ൭൪

ശ്ലേഷ്മപ്രസേകം ച ഗളാമയം ച
സദ്യോനിഹന്ത്യത്ര ന ചിത്രമസ്തി
ഹിംഗ്വാദിചൂർണ്ണം ജഠരാഗ്നിമുഗ്രം
കരോതി പാകം ച സഭോജിതസ്യ. ൭൫

ഹൃദയം, പാർശ്വഭാഗം, ഉദരം ഈ ഭാഗങ്ങളിൽ ഒരുമിച്ചു വേദനയുണ്ടായാൽ അത് കഫാമശൂലയാണ്. ആ കഫാമശൂലയിൽ കായം കട്ടക്ക വിളയുപ്പ് തുമ്പുണിയുടെ പഴുത്ത കായ്, തുവർച്ചിലയുപ്പ്, പുഷ്കരമൂലം, ഇന്തുപ്പ് ഇവപൊടിച്ചു ദശമൂലവും യവവുംകൂടി കഷായംവച്ച് അതിൽ സേവിക്കണം. ഈ ഹിംഗ്വാദിചൂർണ്ണം ഹൃദ്ശൂലം, പാർശ്വശൂലം, അരക്കെട്ടിൽവേദന, പുറത്തുവേദന, മടി, അപതാനകം, കഫംതുപ്പ്, കണ്ഠരോഗം ഇവയെ ശമിപ്പിക്കും. ജഠരാഗ്നിയെ വർദ്ധിപ്പിക്കും. ഭക്ഷിച്ച അന്നത്തെ പചിപ്പിക്കും.

സാമകഫപിത്തശൂലം.

യസ്സാമലക്ഷണയുതോഭവതീഹശൂലഃ
പ്രായോദ്വിജാത അപിയുഗ്മതനുപ്രദേശേ
നാനാപ്രദേശജനിതസ്ത്വഥ ദോഷസ്ത്രിദോഷ-
ജാതഃക്രമേണ ച ചികിത്സിതമത്രവക്ഷ്യേ. ൭൬

ആമത്തിന്റെ ലക്ഷണത്തോടുകൂടിയ ശൂലം മിക്കവാറും രണ്ടു ദോഷങ്ങൾ കോപിച്ചുണ്ടാകുന്നതാണ്. ആ ശൂലം ശരീരത്തിന്റെ ഈ രണ്ടുപ്രദേശങ്ങളിലായിരിക്കും ഉണ്ടാകുന്നത്. സകല പ്രദേശങ്ങളിലും ഉണ്ടാകുന്ന ശൂലം ത്രിദോഷകോപത്താൽ ഉണ്ടാകുന്നതാണ്. ഇനിയും ക്രമേണ അവയുടെ ചികിത്സയെ ഇവിടെ പറയാൻ ഭാവിക്കുന്നു.

സാമകഫപിത്തശൂലചികിത്സ

ദുരാലഭാപടോലനിംബതിന്ത്രിണീഫലൌഷധൈഃ
സവമ്മഭിഃസശർക്കരസ്തു കല്കഏവസേവിതഃ
സസാമവാതപിത്തജസ്തു ശൂലമേവസത്വരം
വിനാശയത്യസംശയംയദാനിരന്തരംനിഷേവിതഃ. ൭൭

കൊടിത്തൂവവേര്, പടവലം, വേപ്പിൻതൊലി, പുളിവേരിന്മേലെത്തൊലി, മുത്തങ്ങാക്കിഴങ്ങ്, ചുക്ക്, പച്ചടക്കപ്പുല്ല് ഇവ അരച്ച് പഞ്ചസാര

സാരയും ചേൎത്ത് സേവിക്കുക; ആമത്തോടുകൂടിയ വാതപിത്തശൂല ശമിക്കും. ഈ മരുന്ന് നിത്യവും സേവിച്ചാൽ ഉത്സാഹബലമുണ്ട്.

ആമത്തോടുകൂടിയ വാതകഫശൂലചികിത്സ.

ശുണ്ഠീശടീമുണ്ഡനികാകഷായം
സൌവൎച്ചലേനാശു പിബേന്നിതാന്തം
സാമസ്സദാവാതകഫപ്രസൂതാം
ശൂലഃപ്രശാന്തിം ഖലു തസ്യയാതി. ൪൬

ചുക്ക്, കച്ചോലം, ശ്രാവണി ഇവ കഷായംവെച്ച് തുവൎച്ചിലയുപ്പ് മേമ്പൊടിയായി സേവിച്ചാൽ സാമവാതകഫശൂല ശമിക്കും.

അന്യയോഗം.

ദേവദാരുവൃഷനാഗരനീരം നിംബുനാശുലവണൈസ്സിതൈശ്ച
പീതമേവ ഖലു പിത്തകഫേന സാമശൂലജഗദം വിനിഹന്തി. ൪൭

ദേവദാരം, ആടലോടകവേര്, ചുക്ക് ഇവ കഷായംവെച്ച് ചെറുനാരങ്ങാനീരും കറുത്തുപ്പും ചേൎത്തു സേവിച്ചാൽ ആമത്തോടുകൂടിയ പിത്തകഫശൂല ശമിക്കും.

സാമപിത്തകഫശൂലചികിത്സ.

ഗുഡാമൃതൈൎഹരീതകീവലാസപാഠാസംഭവം
ഋജുംശിവാപ്രസൂനസം ഇതകംതു സാമമാശുനാശയേൽ. ൪൮

അമൃതും കടുക്കാത്തോടുംകൂടി കഷായംവെച്ച് ശൎക്കര മേമ്പൊടി ചേൎത്തുസേവിച്ചാൽ കഫപിത്തജമായ ആമശൂലശമിക്കും.

സാമപിത്തവാതശൂലചികിത്സ.

ബ്രഹ്മദ്രുവാരണമഹേന്ദ്രമയൂരവിശ്വാ-
ശ്വാംഘ്രിപ്രാദിഭിഃ ശ്രൃതതമം ച ഗവാംജലേന
പീതം തഥാ പരഭൃതാസഹിതാഗ്നിനാശു
ഹിംസ്രാന്വിതം ത്രിഭവശൂലരുജം നിഹന്തി. ൪൯
വിഡ്ബന്ധഗുല്മജഠരാണി സകാമലാനി
പാണ്ഡുനികാൎശ്യമാലസ്യതഃഖേവഹന്തോഃ

അത്തിത്തൊലി അത്തിത്തിപ്പലി കടകപ്പാലയരി ചെറുകടലാടി ചുക്ക് അമുക്കുരം ഇവ ഗോമൂത്രത്തിൽ കഷായംവെച്ച് സേവിക്കയും കൊടുവേലിയും കായവുംചേൎത്ത് മാടപ്രാവിന്റെ മാംസരസം സേവിക്കയും ചെയ്താൽ ത്രിദോഷശൂല മലബന്ധം ഗുല്മം ഉദരം കാമില പാണ്ഡു, അഗ്നിമാന്ദ്യം, ശരീരകാൎശ്യം ഇവ ശമിക്കും.

ഏരണ്ഡവിദാരിബൃഹതീദ്വയമാതുലുംഗ-
പാഷാണഭേദസഹിതോ ലവണോരുബൂക-
പാഷാണഭേദസഹിതോ ലവണോരുബൂകം- ൫൦
തൈലേനഹിംഗുപ്രതിവാപയുതസ്തു പേയഃ
ക്ഷാരേണമേഢ്രഹൃദയസ്തനകക്ഷുതദ്വ-
ച്ഛ്രോണീരുജഃപ്രശമനസ്ത്രിഭവേപി ശൂലേ.

വെള്ളത്താവണാക്കിൻവേര് കൂവളത്തിൻവേര് ചെറുവഴുതിനവേര് വെൺവഴുതിനവേര് മാതളനാരകത്തിൻവേര് തിപ്പലിവേര് ചുക്ക മുളക തിപ്പലി ഇവ കഷായംവെച്ച് അതിൽ കല്ലൂർവഞ്ചിവേര് ഇന്തുപ്പ് കായം ചവൎക്കാരം ഇവ കല്ക്കമായി കാച്ചിയ ആവണക്കെണ്ണ സേവിച്ചാൽ ത്രിദോഷജമായ ശൂലയിലുണ്ടാകുന്ന ലിംഗവേദന, ഹൃദയം മുല ഈ സ്ഥാനങ്ങളിലുള്ള വേദന, അരക്കെട്ടിനുള്ള വേദന ഇവ ശമിക്കും.

മൂത്രശൂല.

നാഭൌവംക്ഷണപാൎശ്വയോശ്ച സതതം കുക്ഷൌ ച മേഢ്രാന്തഗം
ബന്ധംയഃപ്രകരോതി മൂത്രമഭിതശ്ചാവൃത്യ ഗൃഹ്ണാതി ച
ശൂലോയം പവനായുമൂത്രജനിതഃ സദ്യോ നാശ്യവേഗൈരലം
ശാന്തിംയാതി ചതൽപ്രകാരമധുനാ സദ്യഃപ്രശാന്ത്യൈംബ്രുവേ. ൫൧

നാഭി, ഒടിവുകളുടെ ഇരുഭാഗം, കുക്ഷി, ലിംഗം, ഈ സ്ഥാനങ്ങളിൽ പിടിത്തവും മൂത്രത്തിനുതടസ്സവും ഉണ്ടാകുന്നതാണ് മൂത്രശൂല. ഇതു അമ്ലവൎഗ്ഗങ്ങൾ ഇട്ട് തിളപ്പിച്ചജലംകൊണ്ടു വിയൎപ്പിച്ചാൽ ശമിക്കും. അതിനാൽ തൽക്ഷണം ശമിപ്പിക്കുന്നതായ ആ വിധിയെ പറയുന്നു.

ദാരുഹാടകവരീശദഹിംഗുസൈന്ധവൈശ്ച ശതപാദിസമേതൈഃ,
ആരനാളപരിഷിക്തസമസ്തൈഃ പോട്ടലീകൃതസുപഞ്ചനിംബലൈഃ.
മൂത്രദോഷശമനായവിശേഷാൽ സ്വേദയേദ്ഭിഷഗലം ബഹുധാഗ്നൈഃ,
തത്രതത്ര ഉരുബൂകദളൈൎവാ ഽപരാദ്യവഹ്നിജവികാരവിപാകൈഃ. ൫൨

ദേവതാരം ഉമ്മത്തിവ കൊട്ടം കായം ഇന്തുപ്പ് ശതാവരിക്കിഴങ്ങ് ഇവ കാടിയിൽ അരച്ച് മുന്നിൽ കിഴികെട്ടി പഞ്ചാമ്ലകഷായത്തിൽ ഇട്ട് തിളപ്പിച്ച് വിയൎപ്പിക്കുക; മൂത്രദോഷം ശമിക്കും. നാഭി മുതൽ കീഴ്പ്പോട്ട് വാതഹരമായ തൈലം പുരട്ടി വെള്ളത്താവണാക്കിലചേറിച്ച് മുൻപറഞ്ഞ കിഴി പഞ്ചാമ്ലകഷായത്തിൽ ഇട്ടുതിളപ്പിച്ച് ഊന്നിവിയൎപ്പിക്കുന്നതും മൂത്രശൂലയ്ക്കു നല്ലതാണ്.

വിട്ശൂല.

രൂക്ഷാശിനഃ കോപമുപേത്യ വായുർ-
വാതം ഗുണഃ ശ്ലേഷ്മകഫാപ്യസംസ്ഥഃ
വഹ്നിം കൃശീകൃത്യ ച ശൂലമുച്ചൈഃ
സ്രോതസ്സ്ഥമാവൃത്യ ച ദക്ഷിണം വാ. ൯൩

വാമം ച കുക്ഷാവപി നാഭിമാനം
ഭ്രമം ച സ്വേദസശബ്ദമേവ
മൂർച്ഛാൻഭ്രമം സ്തബ്ധതനുസ്തഥോഽസ്യ-
മുദ്പാദയേച്ചാശു വിഡഃ പ്രസക്തിം. ൯൪

ഉച്ചാരിതോ മൂത്രിത ഏവ ചാപി
ന ശാന്തിമായാതി ശദാപി യത്ര
തം ദാരുണാം ചാപി ഭിഷഗ്വരാസ്തു
വിട്ശൂലമാഹുശ്ചരകാദയശ്ച. ൯൫

രൂക്ഷാഹാരങ്ങളെ ഭക്ഷിക്കകനിമിത്തം കോപ്യാശ്രിതനായ വായു കോപിച്ച് അധോവാതത്തെ തട്ടിത്തു് അഗ്നിയെ മന്ദിപ്പിച്ച് അതികഠിനമായ ശൂലത്തെയും ദക്ഷിണമായോ വാമമായോ ഇരിക്കുന്ന സ്രോതസ്സിനെ ആവരണം ചെയ്തു്, വയറ്റിൽ ഗുല്ലായിടവും വളരെ സംഭ്രമത്തെയും മോഹാലസ്യത്തെയും ഉണ്ടാക്കി ശബ്ദത്തോടുകൂടി സഞ്ചരിക്കും. അപ്പോൾ തണ്ണീർദാഹമുണ്ടാകയും മലം തടയുകയും ചെയ്യും. അഥവാ മലമൂത്രങ്ങൾ വെളിക്കപോയാൽതന്നെയും വേദനെയ്ക്കു് ശമനം സിദ്ധിക്കയില്ല. ഇതിനെ ചരകാദികളായ വൈദ്യവര്യന്മാർ അതിഭയങ്കരമായ വിട്ശൂലയെന്നു് പറയുന്നു.

വിട്ശൂലചികിത്സ.

മാതുലുംഗപയസാ സമന്വിതേന തുംബുരുനിമട്ടകത്രയചിത്രൈഃ
ഹിംഗുനാ ച ശിവയാ സഹ ദീപ്യക്ഷാരസൈന്ധവയുതം വരചൂർണ്ണം.
ഉഷ്ണനീരപരിഷേവിതമാശു മൂത്രവിഡ്ഭവശിവാസ്ത്രഗദസ്യ
വാതജസ്യ കുരുതേ കില നാശം ദീപനം ച ബഹുപാചനമേതൽ. ൧൦൦

മാതളനാരങ്ങയുടെ രസം തുമ്പൂണിയരി ചുക്കു മുളകു തിപ്പലി വെളുത്താവണക്കിൻവേരു് കായം കടുക്ക അയമോതകം ചവക്കാരം ഇന്തുപ്പു് ഇവ പൊടിച്ച് നെയ്യ് ചേർത്ത് ചൂടുവെള്ളത്തിൽ സേവിക്കുക; വാതജമായ മൂത്രശൂലയും വിട്ശൂലയും ശമിക്കും. ഈ ചൂർണ്ണം ദീപനവും പാചനവുമാണു്.

സാടോപശൂല.

ഏരണ്ഡതൈലേന ദശാംഘ്രിവാരി
സൌവർച്ചലേനാപി ച ഹിംഗുയുക്തം

സാടോപശൂലം വിനിഹന്തി പീതം
സദ്യഃ പ്രഭാതേ ഭിഷജോ വദന്തി. ൧൦൧

ദശമൂലം കഷായംവെച്ച് അതിൽ ആവണക്കെണ്ണയും തുവർച്ചിലക്കാരവും കായവും ചേർത്തു പ്രഭാതത്തിൽ സേവിച്ചാൽ സാടോപശൂല ശമിക്കും.

അന്യയോഗം.

കംബളാവൃതതനോശ്ച നരസ്യ
പ്രാണമാശു ച വിഹായ തഥൈവ
സൂക്ഷ്മപുത്രനഗരീം പ്രതിയാന്ത-
മാശു സകതുകടുതൈലവിധൂപൈഃ. ൧൦൨

ധൂപവൈദ്യധരണീശതനേത്രൈഃ
പോഷ്യ ഏവ പരിരക്ഷ്യ ഹഠേന
ശാസ്ത്രമർമ്മഗതബുദ്ധിവിചാരൈഃ
സമ്യഗാശു ച പരീക്ഷ്യ തു ജംഘൈ. ൧൦൩

സാടോപശൂലയാൽ മരണാവസ്ഥയിൽ എത്തിയ രോഗിയേ ശാസ്ത്രമർമ്മജ്ഞന്മാരായ വൈദ്യവര്യന്മാർ നല്ലവണ്ണം പരീക്ഷിച്ചറിഞ്ഞതിനു ശേഷം കമ്പിളംകൊണ്ട് ശരീരംമൂടി മലർപൊടിയും കടുകെണ്ണയും കൂടി ചേർത്തു പുകച്ചാൽ അവൻ ആ രോഗത്തിൽനിന്നും മോചിക്കും.

പ്ലീഹശൂല.

പ്ലീഹാഭിവൃദ്ധ്യാ പരിവർദ്ധതേ യഃ
പ്ലീഹാഭവശ്ശൂല ഉദാഹൃതോഽസൌ
ബാല്ഹീകമഗ്നിം പടുമാതുലുംഗ-
നീരേണ കംകുഷ്ഠകയാ വചാശു തൈഃ. ൧൦൪

ഭക്തം തഥൈരണ്ഡജബീജപൂര-
ഗോകണ്ടരാസ്നാസുബലാപലാനി
പഞ്ചൈവ പ്രസ്ഥം ച തതോ യവാനാം
ദ്രോണേന നീരേണ ശൃതം ശൃതാനി. ൧൦൫

പാദാവശേഷേണ ജലേന താവൽ
പ്രസ്ഥം ഘൃതസ്യാപി സതുംബുരൂണാം
സൌവർച്ചലസ്യാപി ച ഹിംഗുനശ്ച-
വിഡഃ പടുവ്യോഷഹരീതകീനാം. ൧൦൬

സസ്വർജ്ജികാനാം ച സയാവശൂകൈഃ
കല്കേന ചൈവാക്ഷമിതേന താസാം
അമ്ലസ്യ തദ്വൽ ഖലു വേതസസ്യ
പ്രസ്ഥദ്വയേനാപി ച മസ്തുനാ ച. ൧൦൭

സിദ്ധം യകൃൽപ്ലീഹരുജം നിഹന്തി
ശൂലം ത്രിദോഷോത്ഥമഥോപി ദാഹയോഃ
ശ്രീയാജ്ഞവല്ക്യേന മുനീശ്വരേണ
സംഭാഷിതം ദീപനപാചനാർത്ഥം. ൧൦൮

പ്ലീഹ എന്ന അവയവം വർദ്ധിച്ചിട്ടുണ്ടാകുന്ന ശൂലയാണ് പ്ലീഹശൂല. അതിങ്കൽ കായം കൊട്ടവേലിക്കിഴങ്ങ് ഇന്തുപ്പ് ശോധിതമായ കക്കട്ടം ചവക്കാരം ഇവ പൊടിച്ച് മാതളനാരങ്ങയുടെ നീരിൽ സേവിക്കുക, പ്ലീഹശൂല ശമിക്കും.

ബിജപൂരാദ്യംഘൃതം.

വെളുത്താവണക്കിൻവേര് മാതളനാരകത്തിൻവേര് ഞെരിഞ്ഞിൽ അരത്ത കുറുന്തോട്ടിവേര് ഇവ ഓരോപലംവീതം. നവം ഇടങ്ങഴി ൫. ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് ൪ ഇടങ്ങഴിയാക്കി ഇടങ്ങഴിനെയ്യുംചേർത്ത് തുമ്പൂണലരി തുവച്ചിലക്കാരം കായം വിളയുപ്പ് ഇന്തുപ്പ് ചുക്ക മുളക തിപ്പലി കടുക്ക സ്വർജ്ജിക്ഷാരം ചവക്കാരം ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ മുമ്മൂന്നുകഴഞ്ചുവീതം കല്കവും ൨. ഇടങ്ങഴി തൈരിൻവെള്ളവും ചേർത്തു കാച്ചി സേവിക്കുക; പ്ലീഹശൂല ത്രിദോഷജമായ ശൂല ഇവ ശമിക്കും. ഈ ഘൃതം ദീപനവും പാചനവുമാണ്. ശ്രീയാജ്ഞവൽക്യൻ നിർമ്മിച്ചിട്ടുള്ളതുമാകുന്നു.

ആവർത്തശൂല.

നിദാനൈഃ സ്വൈഃ പൂർവ്വം സമധികുപിതോ വായുരുദരേ
പ്രകുർവ്വാദാവർത്തക്രമയുതമലംശൂലമസകൃൽ
വസംസ്ഥേനാവർത്ത പ്രഥിതശിവശസ്ത്രാഭിധാഃ
പ്രഗീതഃസദ്ഭിശ്ചൈത്യേശ്ചരകമുനിഭേദാദിനികരൈഃ. ൧൦൯

പൂർവ്വം നിജങ്ങളായ കോപകാരണങ്ങളാൽ കുപിതനായ വായു ഉദരത്തിൽ ആവർത്തത്തോടുകൂടിയ ശൂലയെ ഉണ്ടാക്കും. ഇതിനെ ചരകാദിമഹർഷികൾ ആവർത്തശൂലയെന്നു പറയുന്നു.

ആവർത്തശൂലയുടെ ചികിത്സ.

അവല്ഗുശിംബീജഗദൌഷധാഭ്യാം
തച്ചാതദാഡിമികാഫലസ്യ

ജീരം പടുംശാനമിതം പൃഥക്ച
മാത്രൈകഭൃഷ്ടേന തു ഹിംഗുനാ ച. ൧൧൦

സംപേഷിതം ദധിപലേന നരോവിലിഹ്യ
സാവർത്തശൂലമപഹന്തി ചരാജികാപി
കല്ക്കീകൃതാ ഘൃതപലേന ഗവാംമിളേദ്വാ
യാമേന ശൂലശമനായ ഭിഷക്പ്രദിഷ്ടാ. ൧൧൧

അധികം ഇളയതും അധികം മൂത്തതും അല്ലാത്ത അമരയ്ക്കാ, ചുക്ക്, മാതളനാരങ്ങാത്തോട്, ജീരകം, ഇന്തുപ്പ് ഇവ മുക്കാൽ കഴഞ്ചുവീതം. ഒരു ഉഴുന്നിന്റെ ഘനം പൊരിച്ച കായം. എല്ലാംകൂടി പൊടിച്ച് ദഹനത്തിനനുസരിച്ചെടുത്ത് ഒരുപലം തൈരിൽ ചേർത്ത് നക്കിയാൽ ആവർത്തശൂല ശമിക്കും. മൂന്നുകഴഞ്ചു കരിങ്കടുക പൊടിച്ച ഒരുതുടം പശുവിൻനെയ്യിൽ ചേർത്തു കുറേശ്ശ സേവിച്ചാലും ഒരു യാമംകൊണ്ട് ആവർത്തശൂല ശമിക്കും.

രക്തശൂല.

ചിഹ്നാനി പിത്തജനിതാനി ഭവന്തി രക്ത-
വാന്തിശ്ച ദാഹ അപിയത്ര ഭവേച്ച മൂർഛാ
ശ്വാസവ്യഥേ ച പലുയത്ര തഥാ ഭവേതാം
ശൂലസ്ത രക്തജനിതസ്തു സകാസശൂലഃ. ൧൧൨

പിത്തശൂലയുടെ ലക്ഷണങ്ങളും രക്തഛർദ്ദിയും സർവ്വാംഗസന്താപവും മൂർഛയും ശ്വാസവും വ്യഥയും ചുമയും ഉണ്ടായിരുന്നാൽ അത് രക്തശൂലയാണ്.

രക്തശൂലചികിത്സ.

കുലകനിംബജംബീജരസം ഗുഡൈ-
ര്ഹരതി ശൂലമലം രുധിരോദ്ഭവം
അപിച ശോഷഗദവ്രണമവ്രണം
പ്രകുരുതേ കുരുതേ സ്യ ച പാചനം. ൧൧൩

പടവലം വേപ്പില മാതളനാരങ്ങ ഇവയുടെ രസമെടുത്ത് ശക്കരയുംചേർത്തു സേവിച്ചാൽ രക്തശൂല ശമിക്കും. അതുകൂടാതെ രക്തശൂലനിമിത്തം ഉണ്ടായിട്ടുള്ള ശോഷം, വ്രണം ഇവയും ശമിക്കും. പാചനവുമാണ്.

അന്യചികിത്സ.

സിതശാലിസമുദ്ഭവാശ്ചലാജാഃ
സിതയാക്ഷൌദ്രപയോന്വിതാഃ പ്രപീതാഃ
അപിദാഹരുജം സരക്തഛർദ്ദിം
ശമയന്ത്യാശ്വഥ രക്തജാതശൂലം. ൧൧൪

വെളുത്ത ചെന്നെല്ലിൻെറ മലരുപൊടിച്ച് പഞ്ചസാരയോ തേനോ ചേർത്തോ പാലിൽ കലക്കിയോ സേവിച്ചാൽ സർവ്വാംഗസന്താപം, രക്തച്ഛർദ്ദി, ഇവയോടുകൂടിയ രക്തശൂല ശമിക്കും.

പരിണാമശൂലം.

സ്വനിദാനപ്രകോപിതസ്തു വായുഃ
കഫപിത്തേനിഹിതഃ കരോതിശൂലം
അശനേപരിജീര്യതീഹനിത്യം
പരിണാമാഭിരസൌ പശ്ചാദുക്തഃ. ൧൭

വായു, നിജങ്ങളായ കാരണങ്ങളാൽ [illegible] കോപിച്ച് കഫപിത്തങ്ങളാൽ സമാവൃതനായിട്ട് ഭക്ഷിച്ച അന്നം ദഹിച്ചതിനുശേഷം നിത്യവും ശൂലയെ ഉണ്ടാക്കും. ഇതാണ് പരിണാമശൂല.

പ്രഥമമത്ര മലംഗമനായ ചഭോദ്
വമനരേചനവസ്തിവിധിംക്രമാൽ
തദലമശനവചാകപഥിതേനവാ-
പ്യഥരസേനമലീമ്ളചകസ്യവാ. ൧൮

കൃസരയാപിചഷഷ്ടികമുദ്ഗയാ-
രഥതഥാട്യഗളമാശുപയഃപിബേൽ
മദനസംശൃതനീരയുതംതഥാ
വമനമാശുചരംശ്ചവിധാനതഃ. ൧൯

പൌണ്ഡ്രസ്യ കാന്താരകകോശകാര-
രസസ്യപാനൈർവ്വമനംപ്രകുര്യാൽ
വിശേഷതഃപക്തിജശൂലവഹ്ന്യൈ
ശംബൂകഭസ്മോഷ്ണജലൈഃ പിബേദ്വാ. ൨൦

പരിണാമശൂലയിൽ ആദ്യം വമനവും പിന്നെ ക്രമേണ വമനവിരേചനങ്ങളും ചെയ്യണം. അമുക്കരം വയമ്പ് ഇവ കഷായം വച്ചുകൊടുത്തോ കച്ചോലത്തിൻനീരുകൊടുത്തോ എരിഞ്ചോറ്, ഞവരയുടെയും ചെറുപയറിൻെറയും രസം ഇവകൊടുത്തോ മലങ്കാരയ്ക്കാ കഷായംവച്ച് അതും പാലുംകൂടി [illegible] പാനം ചെയ്യിച്ചോ പരിണാമശൂലയുള്ളവനെ വിധിപ്രകാരം ഛർദ്ദിപ്പിക്കണം. ഇതുകൂടാതെ പുണ്ഡരീകക്കരിമ്പ്, കാന്താരക്കരിമ്പ്, കാട്ടുപീച്ചം ഇവയുടെ ഏതിൻെറ എങ്കിലും രസംകൊടുത്തും ഛർദ്ദിപ്പിക്കാം. ചക്കാനീററിയ ഭസ്മം ചൂടുവെള്ളത്തിൽകലക്കിക്കൊടുത്താലും പരിണാമശൂല ശമിക്കും. കക്കാനീററി ഭസ്മമാക്കുന്നത് കവിടി നീററുന്നതുപോലെയാണ്.

വേറൊരുവിധി.

തുമ്പൂകശംബൂകകൃശാനുവഷ്ഠാ
ഭ്രാമകണ്ഠാനപിസംവിദഗ്ധാൻ
മിഥസ്ഥമാതചന്തഃതോവിധൂമാൻ
പക്തിപ്രശൂല്യുഷ്ണജലേനഭുങ്ക്യാൽ ൨൧

പരിണാമശൂല സ്പഷ്ടമായി പ്രകാശിച്ചിരിക്കുന്ന രോഗിക്ക് വെളുത്താവണക്കിൻവേര്, ശുദ്ധിചെയ്ത കക്കാഭസ്മം, കൊടുവേലിക്കിഴങ്ങ്, തമിഴാമവേര്, കൊട്ടം, മലങ്കാരയ്ക്കാ ഇവ അന്തർധൂമമായി പാകംചെയ്തെടുത്തു ഉഷ്ണജലത്തിൽ കൊടുക്കണം.

വാതികപരിണാമശൂല.

വിൺമൂത്രബന്ധാരതിവേപനാനി
ചാധ്മാനമാടോപയുതംഭൃശംയത്ര
സ്നിഗ്ദ്ധോഷ്ണൈർവ്വാശമിതോപിപക്തി-
ശൂലസ്സവാതപ്രഭവോനിരുക്തഃ ൨൨

മലബന്ധം, മൂത്രത്തിനുതടസ്സം, ഒന്നിലും താല്പര്യമില്ലായ്ക, വിറയൽ, വയറുവീർപ്പ്, വയററിൽ പൊട്ടൽ ഇവയോടുകൂടിയിരിക്കുന്നതും സ്നിഗ്ദ്ധങ്ങളായും ഉഷ്ണങ്ങളായും ഇരിക്കുന്ന ഔഷധങ്ങൾകൊണ്ട് മിക്കവാറും ശമിക്കുന്നതും ആയ ശൂലയെ വാതപരിണാമശൂലയെന്നു പറയുന്നു.

വാതികപരിണാമശൂലചികിത്സ.

ശംബൂകവടീ.

കണാഗുഡക്ഷാരഹൃതാനിദഗ്ദ്ധ്വാ
ഗവാംചമൂത്രേണചഗോപയോഭിഃ
ചതുർഗ്ഗുണൈസ്സാകമലംപ്രപാച്യ
യാവദ്ഘനം ചൂർണ്ണസമം സമസ്തം. ൨൩

ശംബൂകചൂർണ്ണേനചതുർഗ്ഗുണേന
പൂർവ്വോക്തഭാഗാദഥശർക്കരാഭിഃ
സമാഭിരാഭിർമ്മധുനാഥതദ്വൽ
ത്ര്യൂഷണകര്യാദഥമോദകാനി. ൨൪

താൻഭക്ഷയേദർശ്ശൂലഗദേചഗുല്മേ
ഹൃദാമയേപക്തിഭവേചശൂലേ
ശോഥേചപാണ്ഡ്വാദുദരേഭ്രമേപി
ദുർന്നാമനികാസേപ്യപി ച മൂത്രകൃച്ഛ്രേ

മേഹാശ്മരീവൃദ്ധിഷു വഹ്നിമാന്ദ്യേ
ഭ്രംശേസ്മൃതേഃ പീനസകേƒശ്ശീഷേ
ശംബൂകവട്യാസ്സദൃശോന്യയോഗഃ
വ്യാതോനശൂലാദിഗദാപഹർത്താ. ൧൨൮

തിപ്പലിപ്പൊടി ശർക്കര ചവർക്കാരം നെയ്യ് തൈര് ഗോമൂത്രം ഇവ സമാംശം. ഇവയുടെ നാലുഗുണം പശുവിൻപാൽ. എല്ലാംകൂടി അടുപ്പത്തുവച്ചു പചിച്ചു കട്ടിയാകുമ്പോൾ എല്ലാററിൻെറയും നാലിരട്ടി കക്കാഭസ്മവും തിപ്പലിമുതൽ ഗോമൂത്രംവരെയുള്ള മരുന്നുകൾക്കു സമം പഞ്ചസാരയും പഞ്ചസാരയ്ക്കുതുല്യം തേനും ചേർത്തു മോദകമാക്കി സേവിക്കുക. ശൂലം, ഗുല്മം, ഹൃദ്രോഗം, പരിണാമശൂല, നീർക്കെട്ട്, പാണ്ഡു, മഹോദരം, തലകറക്കം, അർശസ്സ്, ചുമ, മൂത്രകൃച്ഛ്റം, പ്രമേഹം, അശ്മരി, വൃദ്ധി, അഗ്നിമാന്ദ്യം, സ്മൃതിഭ്രംശം, പീനസം, അശ്ശീഷം ഇവ ശമിക്കും.

പൈത്തികപരിണാമശൂലലക്ഷണം.

തൃഷ്ണാരതിഭ്രംശവിദാഹപീനസൈഃ
ശീഷാശ്ഛഭേദേനസപിത്തകസ്തു സഃ
സ്വേദാമ്ലകൈശ്ചാപി പടൂത്തരൈരപി
പ്രായശ്ശമംയാതികടുപ്രഭൂജ്യ ച. ൧൨൭

തണ്ണീർദാഹം അരതി, ഉൾപുഴുക്ക്, പീനസം, ശിരസ്സിൻെറ പകുതിഭാഗം പിളരുക, ഇവ പിത്തജമായ പരിണാമശൂലയുടെ ലക്ഷണങ്ങളാകുന്നു. ഇന്തുപ്പുചേർത്തുള്ള അമ്ലസേവംകൊണ്ടും, എരിവുള്ള പദാർത്ഥങ്ങളെ ഭക്ഷിക്കുന്നതുകൊണ്ടും ഇതു് മിക്കവാറും ശമിക്കുകയും ചെയ്യും.

പൈത്തികപരിണാമശൂലചികിത്സ.

ദന്തീശ്യാമാത്രിവൃദഥതഥാ നാഗരം കണ്ണികാ ച
തിക്താ വൈലാനമമഥ തഥാദ്രാഗ്രജശ്ചാപിതാസാം
പീതം തൈലൈർഹരതി ബഹുധാ നിത്യമേരണ്ഡജാതൈർ-
വിഷ്ണുക്രാന്താഭവമഥജടാകല്കദുഗ്ദ്ധം സഖണ്ഡം. ൧൨൮

ഹന്ത്യെവസ്ഥ ഭേഷജരതിനിതരാം പിത്തജംപക്തിശൂലം
യോഗദ്വന്ദ്വം നിഗദിതമലം വൈദ്യവൃന്ദൈർന്നിതാന്തം
ഭുക്തംനിത്യം യദിബഹുവിധാഃ ശൂലരോഗാദയോയേ
നശ്യന്ത്യേതേ നിഖിലസുഖദം തന്യദേഹേതദാഹി. ൧൨൯

നാഗദന്തിവേര് കടുക്ക ത്രികോല്പക്കൊന്ന ചുക്ക് മുഞ്ഞ പുത്തരിച്ചുണ്ടവേര് ചിററലം ഇവ എല്ലാംകൂടി പൊടിച്ച് ആവണക്കെണ്ണയിൽ സേവിക്കുകയോ വിഷ്ണുക്രാന്തിയുടെ വേരരച്ച് കല്ക്കണ്ടവും നെയ്യും ചേർത്ത് പാലിൽ സേവിക്കുകയോ ചെയ്താൽ പിത്തജമായ പരിണാമശൂല ശമിക്കും. ഇങ്ങനെ രണ്ടു യോഗം വൈദ്യവര്യന്മാരാൽ കല്പിക്കപ്പെട്ടിരിക്കുന്നു. ഈ രണ്ടുയോഗവും സകലവിധ ശൂലകൾക്കും കൊള്ളാം. ഇതിൻെറ സേവകൊണ്ട് ശരീരത്തിന്നു വളരെ സുഖവും കിട്ടും.

കഫപരിണാമശൂല.

യദാസപല്ലരുക്ഛർദ്ദിഹൃല്ലാസമോഹൈ-
സ്സ്തിമിതശ്ശാന്തിമായാതിതിക്തോഷ്ണശീതൈഃ
വലാസാത്മകഃ പക്തിശൂലോനരാണാം
കടുപ്രായശശ്ചാശ്നതാമാശുനശ്യേൽ. ൧൨൯

വേദന കുറഞ്ഞിരിക്കുക ഛർദ്ദി നെഞ്ചുരുക്കം മോഹം ഇവയുണ്ടാകുക, തിക്തരസങ്ങളായും ശീതഗുണങ്ങളായും ഉള്ള ഔഷധം കൊടുത്താൽ ശമനം സിദ്ധിക്കുക ഇവ കഫപരിണാമശൂലയുടെ ലക്ഷണങ്ങളാണ്. മിക്ക കഫപരിണാമശൂലയും കടുരസയുക്തമായ ഔഷധസേവയാൽ ശമിക്കുകതന്നെ ചെയ്യും.

തച്ചികിത്സ.

നാഗരഗുഡതിലകല്കം ശൃതപയസാഹി
പീതം പരിണതിശൂലം ഹരതിതദാഹി. ൧൨൯

ചുക്ക് ശർക്കര എള്ള് ഇവ അരച്ച്, കാച്ചിയ പാലിൽസേവിച്ചാൽ പരിണാമശൂല ശമിക്കും.

അന്യയോഗം.

ശംബൂകപഞ്ചലവണത്രികടുപ്രഭൂതാ
യുക്താകളംബകരസേനകൃതാവടീസാ
സദ്യഃപ്രഭാതസമയേപ്യഥഭോജനേവാ
ഭുക്താ നിഹന്തികഫജം ബലുപക്തിശൂലം. ൧൩൦

ശോധിതവും മാരിതവുമായ കക്കാ പഞ്ചലവണം ചുക്ക് മുളക് തിപ്പലി ഇവ പൊടിച്ച് കടമ്പിൻപൂവിൻെറ നീരിൽ അരച്ചു വടകമാക്കി ഉണക്കി പ്രഭാതത്തിലോ ഉണ്ണുമ്പോഴോ സേവിക്കുക. കഫജമായ പരിണാമശൂല ശമിക്കും.

വാതപിത്തപരിണാമശൂല.

ആദ്ധ്മാനച്ഛർദ്ദിതൃഷ്ണാഭിർവാതപിത്തസമുദ്ഭവഃ
പക്തിശൂലസ്സമാഖ്യാതസ്തച്ചികിത്സാംബ്രുവേ മതേ. ൧൩൧

വയറുവീപ്പ്, ഛർദ്ദി, തണ്ണീർദാഹം ഇവ മുണ്ടായിരുന്നാൽ അത് വാതപിത്തജ പരിണാമശൂലയാണ്. ഇനിയും അതിനുള്ള ചികിത്സയെ പറയുന്നു.

തച്ചികിത്സ.

വിഡംഗദന്ത്യഗ്നികടുത്രയാണാം
ത്രിവൃദ്ഗുഡാഭ്യാം ച വടീർവിധായ
താം ഉഷ്ണനീരേണ നരഃ പ്രഭാതേ
ഭുഞ്ജീത യൂഷേണ കുളത്ഥസക്തൂൻ. ൩൨

വിഴാലരിപ്പരിപ്പ്, നാഗദന്തിവേര്, കൊടുവേലിക്കിഴങ്ങ്, ചുക്ക, മുളക, തിപ്പലി, ത്രികോല്പക്കൊന്ന ഇവ പൊടിച്ച് ശർക്കര ചേർത്ത് അരച്ച് വടകമാക്കി ചൂടുവെള്ളത്തിൽ സേവിക്കുക. പഴകിയ മലങ്കുടലയുടെ പൊടി ചെറുപയറിൻ ചാററിൽ അന്നപാനമായി ഉപയോഗിക്കയും വേണം. എന്നാൽ വാതപിത്തജമായ പരിണാമശൂല ശമിക്കും.

വാതകഫജപരിണാമശൂല.

വിൺമൂത്രസംഗാടോപൈശ്ച ശൂലഃ
പ്രായസ്സവാതേന കഫേന യുക്തഃ
പക്തിപ്രഭൂതശ്ചലുതശ്ച സോഽപി
ചികിത്സിതം തൽകഥയാമി ചാഗ്രേ. ൩൩

മലമൂത്രങ്ങൾക്കു തടസ്സം, അല്പവേദന ഇവ വാതകഫജമായ പരിണാമശൂലയുടെ ലക്ഷണങ്ങളാണ്. അതിന് സേവിക്കേണ്ടതായ ഔഷധമാണ് ഇനിയും പറയുന്നത്.

തച്ചികിത്സ.

ശക്രേന്ദ്രയവഗ്നികശൃങ്ഗിവേര-
ക്ഷാരദ്വയൈശ്ചാപി കണാസമേതൈഃ
ഗോമൂത്രഭാഗാഷ്ടശൃതഃ കഷായോ
മണ്ഡൂരയുക്തോഽത്ര ച പേയ ഉക്തഃ. ൩൪

ലന്തക്കുരുപ്പരിപ്പ്, കാട്ടുതിപ്പലിവേര്, ചുക്ക്, ചവൾക്കാരം, തുവർച്ചിലക്കാരം, തിപ്പലി ഇവ എട്ടിരട്ടി ഗോമൂത്രത്തിൽ കഷായംവച്ച് കുറുക്കി ശുദ്ധിചെയ്ത പുരാണകിട്ടവുംചേർത്ത് സേവിക്കുക. വാതകഫജമായ പരിണാമശൂല ശമിക്കും.

അന്യയോഗം.

വചാലോഹചൂർണ്ണം ഘൃതൈർമ്മാക്ഷികേണ
പ്രഭുക്തം ദ്രുതം പക്തിശൂലം ക്ഷിണോതി. ൩൫

വയമ്പ് പൊടിച്ച് ശുദ്ധിചെയ്ത ഉരുക്കിൻപൊടിയുംചേർത്ത് തേനും നെയ്യുംകൂട്ടി സേവിക്കുക; വാതപിത്തജമായ പരിണാമശൂല ശമിക്കും.

കഫപിത്തജമായ പരിണാമശൂല.

ഹൃല്ലാസമോഹദാഹഗുരുത്വഭിശ്ച
ശൂലസ്സപിത്തകഫജഃ പരിണാമകാലേ
തസ്മിൻസതീഃ പരശീഷഫവാന്തരാള-
ദഗ്ധം പടുപ്രശമയേച്ചയദി പ്രഭൂതം. ൩൬

നെഞ്ചുരുക്കം, മോഹാലസ്യം, ദേഹത്തിൽ അങ്ങുമിങ്ങും ചൂട്, വിയർപ്പ് ഇവ കഫപിത്തജമായ പരിണാമശൂലയുടെ ലക്ഷണങ്ങളാണ്. വെള്ളമുള്ളതും ഉണങ്ങിയതും ആയ നാളികേരഫലത്തിന്റെ ഉള്ളിൽ ഇന്തുപ്പു നിറച്ച് അതിന്റെ വായടച്ച് ശീലമൺചെയ്ത് അഗ്നിയിൽ ഇട്ടു സ്വേദംവച്ച് അറിയാൽ ആ മണ്ണുപൊളിച്ച് അതിനകത്തിരിക്കുന്ന ഉപ്പ് എടുത്ത് സേവിക്കുക; കഫപിത്തജമായ ശൂല ശമിക്കും.

വേറൊരു യോഗം.

ലോഹജകിട്ടപലാഷ്ടകമുക്തം
ഗോഭവമൂത്രപലാഷ്ടകസിദ്ധം
ഗോപയസാ ദ്വിഗുണേന വിപക്വം
ഹന്തി ച പിത്തബലാസജശൂലം. ൩൭

എട്ടുപലം പുരാണകിട്ടമെടുത്ത് എട്ടുപലം ഗോമൂത്രത്തിൽ ഇട്ടു ശുദ്ധിചെയ്ത്, ഇരട്ടി (ഇടങ്ങഴി) പാലിൽ പചിച്ച് സേവിക്കുക. പിത്തകഫജമായ പരിണാമശൂല ശമിക്കും.

സന്നിപാതജശൂല.

ത്രിദോഷജസ്ത്രിദോഷൈശ്ചലക്ഷണൈഃ പ്രലക്ഷിതം
ഹരീതകീജഗദ്രജഃ സുലോഹചൂർണ്ണസംയുതം
പ്ലുതം ഘൃതേന മാക്ഷികേണ ചാശു സന്നിപാതജം
നിഷേവിതന്തു പക്തിശൂലനാശനം ഭിഷഗ്ജിതം. ൩൮

വാതകഫപിത്തജങ്ങളായ ശൂലകളുടെ ലക്ഷണങ്ങൾ എല്ലാം കണ്ടാൽ അത് ത്രിദോഷജമായ ശൂലയാണ്. കടുക്കാത്തോടും ചുക്കുംകൂടി പൊടിച്ച് ഉരുക്കിൻപൊടിയും ചേർത്ത് തേനും നെയ്യുംകൂട്ടി കുഴച്ചു സേവിച്ചാൽ ത്രിദോഷജമായ ശൂല ശമിക്കും.

ചതുസ്സമലോഹം.

രസംലോഹംതാമ്രം പലംപലമിതംഗന്ധമപി ച
ഘൃതൈർദ്ദ്വശൈദ്ധരാജൈഃ പലപരിമിതൈർ ദ്വാദശയുതൈഃ
ഗവാംദുഗ്ദ്ധംതദ്വൽ ത്രികടുകവനചൂർണ്ണം ത്രിഫലയാഃ
വിഡംഗാഗ്നീസവം ദ്രുതമലമിദംസിദ്ധമസകൃൽ. ൧൩൯

ഗുരുംനത്വാതദ്വൽ രവിമപി ച ഋഞ്ചീരൌമസാ
തഥാവിശ്വാമിത്രപ്രഭവഫലപാനീയനികരൈഃ
സുജീർണ്ണംശാല്യന്നം സിതതരസുഖണ്ഡനസഹിതം
സമാംസം മുദ്ഗാന്നം സമശിതമലംശൂലശമനം. ൧൪൦

നകൃൽപ്ലീഹാശ്രുഘം ശ്വാസനകസനം പാണ്ഡുരിഗദം
ക്ഷയം കുഷ്ഠം പാർശ്വപ്രഭവമപി ഏഷ്ഠശ്ശൂലമപി ച
തഥാമൃത്രേകൃച്ഛ്രേ ജഠരദഹനസ്യാപികൃശതാം
ചതുസ്തുല്യംലോഹം ഹരതിവസുമാഷാന്തമശിതം. ൧൪൧

ശോധിതവും മാരിതവുമായ രസം, ലോഹം, താമ്രം, ഗന്ധകം ഇവ ഓരോ പലം. എല്ലാംകൂടി യോജിപ്പിച്ച് പന്ത്രണ്ടു പലം വീതം ആട്ടിന്റെയും പശുവിന്റെയും നെയ്യും പാലും ചേർത്ത് പലപ്രാവശ്യം പാകംചെയ്ത് കൊഴുക്കുമ്പോൾ ചുക്ക് മുളക് തിപ്പലി ത്രിഫല വിഴാലരി കൊടുവേലിക്കിഴങ്ങ് ഇവ ഓരോ പലംവീതം പൊടിച്ചിട്ട്, വാങ്ങി സൂക്ഷിച്ചുവച്ചിരുന്ന് ഒരു ഉഴുന്നിടമുതൽ എട്ട് ഉഴുന്നിട വരെ സേവിക്കുക. പാലും വരണ്ടനാളികേരജലവും കുടിക്കാം. പഴകിയ ചെന്നെല്ലിൻചോറ്. പഞ്ചസാര, മാംസരസം, ചെറുപയറിൻചാറ്, ഇവ ആഹാരമായി ഉപയോഗിക്കാം. ഈ രസം സേവിക്കുന്നതിന്നു ഗുരുവിനെയും ആദിത്യനെയും പൂജിച്ചിട്ടു വേണ്ടതാണ്. ഈ ഔഷധം സേവിച്ചാൽ സകലവിധ ശൂലകളും ശമിക്കുന്നതുകൂടാതെ ശ്വാസം, കാസം, അശ്മരി, ക്ഷയം, കുഷ്ഠം, പാർശ്വശൂല, മൂത്രകൃച്ഛ്രം, അഗ്നിമാന്ദ്യം ഇവയും ശമിക്കും.

അന്നദ്രവജശൂല.

ജീർണ്ണേƽജീർണ്ണേ ജീര്യതിപ്രായശോയഃ
പത്ഥ്യേƽപത്ഥ്യേ ഭോജനേƽഭോജനേ വാ
നോവാശാന്തിം യാതിസോന്നദ്രവാഖ്യഃ
ശൂലഃപ്രോക്തശ്ശാന്തിമായാതിവാന്തൈഃ. ൧൪൨

ദഹിച്ചതിനുശേഷവും, ദഹിക്കാതിരിക്കുമ്പോഴും, ദഹിച്ചുകൊണ്ടിരിക്കുന്ന സമയത്തിലും മിക്കവാറും ഉണ്ടാകുന്ന ശൂലമാണ് അന്നദ്രവജശൂലം. അത് പത്ഥ്യമായിരുന്നാലും അപത്ഥ്യമായിരുന്നാലും

ഉണ്ടാലും ഉണ്ടില്ലെങ്കിലും ശമിക്കയില്ല. അതിനാൽ അസാദ്ധ്യവുമാണ്. എങ്കിലും ഛർദ്ദിപ്പിച്ചാൽ ഒരുപക്ഷേ ശമിച്ചു എന്നും വരാം. (തച്ചസാദ്ധ്യംനിത്യതാദൃശംവൈദ്യവിശാരദൈഃ) എന്ന് വേറെയും പ്രമാണമുണ്ട്.

തച്ചികിത്സ.

താവൽപീതാകട്ടുകമസകൃദ്വാവമേദ്വാ
കുത്സാരത്തസ്മിന്നപി ചബന്ധാ ദഗ്ദ്ധപിത്തോക്തകർമ്മ
പിത്താന്താവാ വമനമഥവാ രേചനംവാ കഫാന്ത-
മിത്ഥംചാമാശയഗതമലം പാദ്യപക്വാശയേഹി. ൧൪൩

കയ്പൻപടവലത്തിന്റെ രസം പലപ്രാവശ്യം കുടിച്ചിട്ട് അമ്ലരസം ഛർദ്ദിക്കുന്നതുവരെ ഛർദ്ദിപ്പിക്കണം. ദഗ്ദ്ധപിത്തത്തിനു വിധിച്ചിട്ടുള്ള ചികിത്സ പലതുംചെയ്കയും വേണം. അല്ലെങ്കിൽ പിത്തവെള്ളം ഛർദ്ദിക്കുന്നതുവരെ ഛർദ്ദിപ്പിക്കുകയോ കഫം അതിസരിക്കുന്നതുവരെ വിരേചിപ്പിക്കുകയോ ചെയ്ത്, ആമാശയശുദ്ധിയും പക്വാശയശുദ്ധിയും വരുത്തണം. എന്നാൽ അന്നദ്രവശൂല ശമിക്കും.

വേറൊരുയോഗം.

ധാത്രീചൂർണ്ണംലോഹചൂർണ്ണം ചയുക്തം
ക്ഷൌദ്രൈരസ്ത്വദ്ദ്യഷ്ടികാചൂർണ്ണയുക്തം
ശ്യാമാസിദ്ധം പായസംകോദ്രവൈർവാ
സിദ്ധം പത്ഥ്യം വാ പ്രിയംഗോശ്ചഭോജ്യം. ൧൪൪

ശുദ്ധിചെയ്ത ലോഹചൂർണ്ണവും നെല്ലിക്കാത്തോടിൻപൊടിയും കൂടി ചേർത്ത് തേനിൽ സേവിക്കുകയോ, ലോഹചൂർണ്ണവും ഇരട്ടിമധുരത്തിൻപൊടിയുംകൂടി ചേർത്തു തേനിൽ കുഴച്ചു സേവിക്കുകയോ, ചാമയരി വരകരി തിനയരി ഇവകൊണ്ടു പായസമുണ്ടാക്കി സേവിക്കുകയോ ചെയ്താൽ അന്നദ്രവശൂല ശമിക്കും.

മറെറാരുയോഗം.

ഗൌഡികം ച വരസൂരണകന്ദം
ലാജജാതസസീതാനപിസക്തൂൻ
ക്ഷേയേച്ചസഗുഡാനപിസക്തൂൻ
തദ്വദേവചണകൈസ്സകലായൈഃ. ൧൪൫

ശക്കരകൊണ്ടു സംസ്കരിച്ച അന്നമോ, ശുദ്ധിചെയ്ത കാട്ടുചേനയോ, മലർപൊടിയും പഞ്ചസാരയുംകൂടിയോ, ചണംപയറിന്റെയോ

മലംകടലയുടെയോ വറുത്ത പൊടി ശക്കരചേർത്തു സേവിച്ചാൽ അന്നദ്രവശൂല ശമിക്കും.

അപരയോഗം.

കോദ്രവൌദനമഥോ സുമനോഭിഃ
സാധിതാനപി ച മണ്ഡവിശിഷ്ടാൻ
സപ്പിഷാസസിതശീതപയോഭിഃ
പത്ഥ്യമത്രകഥിതംവരവൈദ്യൈഃ. [illegible]

വരകിൻചോറുണ്ണുകയോ ഗോതമ്പുകൊണ്ടുള്ള കഞ്ഞിയിൽ നെയ്യും, പഞ്ചസാരയിട്ട തണുത്ത പാലുംചേർത്തു സേവിക്കുകയോ ചെയ്താൽ അന്നദ്രവശൂല ശമിക്കും.

[illegible]റൊന്ന്.

കുലത്ഥസക്തൂൻ ദധിനാഥഭുഞ്ജ്യാ-
ദ്ബാദാധികംകേതം [illegible]റാശുഭോജ്യം
കുര്യാൽജ്വരൽപി[illegible]
പാനാന്നമാത്രാല്ല[illegible]രായമാസ്യാൽ. [illegible]

മുതിര വറുത്തുപൊടിച്ച് [illegible]പാടി തൈരുചേർത്തോ, തൈർ ചേർത്തു സംസ്കരിച്ച ചോറോ ഉണ്ണി[illegible]യാൽ അന്നദ്രവശൂല ശമിക്കും. അന്നപാനമാത്രകൾ അല്പതരങ്ങളാ[illegible]യിരിക്കണം.

ഗു[illegible]മണ്ഡൂരം.

പത്ഥ്യാഗുഡാമല[illegible] ചൂർണ്ണമലംതഥൈവ
പ്രത്യേകശഃപല[illegible]ഗം ത്രിപലം ചകിട്ടം
ലോഹസ്യമാക്ഷി[illegible]ല്ലതൈരനവേലമദ്യാ-
ദാദ്യന്തമദ്ധ്യമശ[illegible]ഷു യഥാക്ഷമാത്രം. [illegible]

അന്നദ്രവം ചാശു ജരൽപ്രപിത്ത-
മമ്ലാഖിപിത്തം പരിണാമശൂലം
സംവത്സരോത്ഥം ച നിഹന്തിഭുക്തം
ഗുഡാദിമണ്ഡൂരമലംസുപത്ഥ്യൈഃ. [illegible]

കടുക്ക, ശക്കര, നെല്ലിക്ക, ഇവയുടെപൊടി ഓരോപലംവീതം. പുരാണകിട്ടം മൂന്നു പലം. എല്ലാംകൂടി പൊടിച്ചു ചേർത്ത് തേനും നെയ്യും കൂട്ടി യോജിപ്പിച്ച് ദിവസംതോറും ഭക്ഷണത്തിന്റെ ആദിയിലും മദ്ധ്യത്തിലും അവസാനത്തിലും മുമ്മൂന്നുകഴഞ്ചുവീതം സേവിക്കുക. ജീർണ്ണപിത്തം, അമ്ലപിത്തം, പരിണാമശൂല ഇവ പഴകിയതായാലും ശമിക്കും.

ശൂലോപദ്രവങ്ങൾ.

തൃഷാമൂർഛാനാഹഭ്രമവിരുചികാർശ്യാഗ്നിഗുരുത്
ജ്വരോദ്രേകസ്തദ്വദ്ബലഹതിരുജോദിങ്മിതതമാഃ
സമാഖ്യാതാഘോരാനിഖിലശിവശസ്ത്രാഭിധരുജാം
മഹോൽപാതാസ്തേഷാമപി ബഹുചികിത്സാത്രവിദിതാ.

തണ്ണീർദാഹം, മൂർഛാ, വയറുവീർപ്പ്, തലകറക്കം, അരുചി, ചടപ്പ്, വയററിൽ കനം, ജ്വരാധിക്യം, ബലനാശം, അതിയായ വേദന ഇങ്ങനെ പത്ത് ഉപദ്രവങ്ങൾ ശൂലരോഗത്തിന് പറയപ്പെട്ടിരിക്കുന്നു. അവയ്ക്കു ചികിത്സകളും അവിടവിടെ വിധിച്ചിട്ടുണ്ട്.

ശൂലത്തിന്റെ അസാദ്ധ്യലക്ഷണം.

ഏകദോഷജഹസാദ്ധ്യതേസദാ
ദ്വന്ദ്വജസ്തുഖലുയാപ്യ ഉച്യതേ
യസ്ത്രിദോഷജനിതോബഹുവൈദ്യൈ-
ശ്ചാപ്യസാദ്ധ്യഭണിതോബഹുദോഷഃ. [illegible]

ഏകദോഷജമായ ശൂലം നിശ്ചയമായും സാദ്ധ്യമാണ്. ദ്വിദോഷജമായ ശൂലം യാപ്യവും ത്രിദോഷജമായ ശൂലം ബഹുദോഷമിശ്രമാകയാൽ അസാദ്ധ്യവും ആകുന്നു എന്നാണ് പല വൈദ്യന്മാരുടെയും അഭിപ്രായം.

ശൂലം വിട്ടുമാറിയാലുള്ള ലക്ഷണം.

ഉദ്ഗാരശുദ്ധിശ്ച മലപ്രവൃത്തിഃ
കോഷ്ഠേഷുവാതസ്യ പരിഭ്രമോപി
ഉപദ്രവാണാം ച നിവൃത്തിപൂർവ്വം
നിവൃത്തിരസ്യാശുഭിഷഗ്ഭിരുക്താ. [illegible]

ഏമ്പക്കം വിശുദ്ധമാകുക, മലം വേണ്ടപോലെ പോകുക, വായു കോഷ്ഠത്തിൽ സഞ്ചരിക്കുക, ഉപദ്രവങ്ങളില്ലാതാകുക ഇവയെല്ലാം ശൂലരോഗം വിട്ടുമാറിയാലുള്ള ലക്ഷണമാകുന്നു.

ശ്രീമദ്ഗുരുർവിജയതേ ജനനീദ്വയേന
താതോനിജശ്ചവരവൈദ്യധുരീണവര്യഃ
യസ്യാജ്ഞയാ ചയുഗവേദവിദേഷകാശീ-
നാഥശ്ചകാരശിവശസ്ത്രരുജാം ചികിത്സാം. [illegible]

ശ്രീമാനായ എന്റെ ഗുരുവും വൈദ്യശാസ്ത്രവിദഗ്ദ്ധനും ആയ

ജനകൻ രണ്ടമ്മമാരോടുകൂടി വിജയിക്കുന്നു. ആ ജനകൻെറ അനുജ്ഞയാൽ ചതുർവേദജ്ഞനായ ഈ കാശിനാഥൻ ജനോപകാരത്തിനായി ശൂലരോഗചികിത്സയെ നിർമ്മിച്ചു.

ചികിത്സാക്രമകല്പവല്ലിയിൽ
ശൂലാധികാരം എന്ന
൨൨-ാം സ്തബകം കഴിഞ്ഞു.

ത്രയോവിംശസ്തബകം.

ഉദാവർത്തചികിത്സിതം.

നത്വാഗണേശാംബശിവാംസ്വതാതം
ശ്രീമദ്ഗുരോഃപാദസരോജയുഗ്മം
ശ്രീകാശിനാഥഃ പ്രകരോതിസോദാ-
വർത്തസ്യകല്യാണകരീം ചികിത്സാം. ൧

ഗണപതി, പാർവ്വതി, പരമേശ്വരൻ, സ്വജനകൻ ഇവരെ നമസ്കരിച്ച് ഗുരുപാദഭക്തനായ ശ്രീ കാശിനാഥൻ ഉദാവർത്തചികിത്സയെ പറയുന്നു.

ഉദാവർത്തനിദാനം.

വിൺമൂത്രജൃംഭാശ്രുസമീരണാനാം
തഥൽക്ഷവോദ്ഗാരവമീന്ദ്രിയാണാം
ക്ഷുത്തർഷനിദ്രാശ്വസനാദികാനാം
ധൃത്യാഉദാവർത്തഗദപ്രവൃത്തിഃ. ൨

മലം, മൂത്രം, കോട്ടുവാ, കണ്ണുനീര്, അധോവായു ഇവയേയും; തുമ്മൽ, ഏമ്പക്കം, ഛർദ്ദി, ശുക്ലം, ഇവയേയും; വിശപ്പ്, തണ്ണീർദാഹം, ഉറക്കം, ശ്വാസം ഇവയേയും തടുക്കുകയാലാണ് ഉദാവർത്തം എന്ന രോഗം ഉണ്ടാകുന്നത്.

ഉദാവർത്തപൂർവ്വരൂപം.

ആദ്ധ്മാനംഹൃദയോപരോധനശിരഃപീഡാപ്രതിശ്യായകാഃ
ശൂലഃകാസഗളഗ്രഹൌ ശ്വസനകംഹിക്കാ ച പൂർവ്വംസദാ
യത്രൈതേപ്രഭവന്തിരോഗനിചയാഃയസ്മിൻഭവിഷ്യത്യമീ
സോദാവർത്തഗദസ്യപൂർവ്വമുദിതംരൂപംഭിഷഗ്ഭിഃസദാ. ൩

വയറുവീർപ്പ്, നെഞ്ചിൽ എന്തോ തടഞ്ഞിരിക്കുന്നപോലെ തോന്നുക, തലവേദന, പീനസം, ശൂലം, കാസം, ഗളഗ്രഹം, ശ്വാസം, ഇക്കിൾ ഇവയെല്ലാം ഉദാവർത്തരോഗത്തിൻെറ പൂർവ്വരൂപമാണ്.

ഉദാവർത്തലക്ഷണം.

യദാവർത്തഊർദ്ധ്വംസമീരസ്യഗച്ഛേ-
ദുദാവർത്തരോഗഃപ്രഭുസ്തത്രവായുഃ ൪

വായുവിൻെറ ഗതി മേൽപോട്ടായിവന്നാൽ അതു് ഉദാവർത്തത്തിൻെറ ലക്ഷണമാണ്. ഉദാവർത്തരോഗത്തിൽ വായുവിനാണ് പ്രാധാന്യം.

ഉദാവർത്തത്തിൽ ശീലിക്കേണ്ടതു്.

ഗോധൂമമുദ്ഗഷഷ്ടീനാംപഥ്യംവാതാപഹംച യൽ
ഉദാവർത്തേപ്രയോക്തവ്യമായുർവേദവിശാരദൈഃ. ൫

ഗോതമ്പ്, ചെറുപയറ്, ഞവര ഇവയും വാതനാശകങ്ങളായ ഔഷധങ്ങളും ഉദാവർത്തത്തിൽ പഥ്യമാണ്.

ഉദാവർത്തചികിത്സ.

ചൂർണ്ണംശിവാപീലുനികാത്രിവൃദ്ഭിഃ
സയാവശൂകം സുഘൃതേനപീതം
നിഹന്ത്യുദാവർത്തഗദംയവേന
ശ്ലക്ഷ്ണീകൃതംപഥ്യഭുജോനരസ്യ. ൬

കടുക്ക പെരുംകുരുമ്പവേര് ത്രികോല്പക്കൊന്ന ചവർക്കാരം ഇവ പൊടിച്ച് നെയ്യായി പൊടിച്ച യവപ്പൊടി ചേർത്ത് നെയ്യിൽ കുഴച്ച് സേവിക്കുക; ഉദാവർത്തരോഗം ശമിക്കും. അപഥ്യാഹാരങ്ങൾപാടില്ല.

വേറൊന്ന്.

ഹിംഗുവചാഗദസർജ്ജിവിഡാനാം
ഭാഗയുതോത്തരമാശ്രുച പിഷ്ടം
ചൂർണ്ണമിദംവരമദ്യനിപീതം
ഊർദ്ധ്വഗവായുവിവർത്തഹരംസ്യാൽ. ൭

കായം വയമ്പ് കൊട്ടം ചവർക്കാരം വിളയുപ്പ് ഇവ ഈരണ്ടു ഭാഗം വർദ്ധിപ്പിച്ച് എടുത്തു പൊടിച്ച് മദ്യത്തിൽ സേവിക്കുക; ഉദാവർത്തം ശമിക്കും.

മറ്റൊന്ന്.

ശ്യാമാദന്തീസപ്തലാശംഖിനീനാം
ഹേമക്ഷീരീതില്വകമ്പില്ലകാനാം

ശ്രേതാശ്യാമാരാജവൃക്ഷദ്രവന്തീ-
പീയൂഷാണാംഹാദ്യതൈലൈർഗണോദയം. ൧൮

കമ്പില്ലൈഃ ശല്യൈർവ്വാസനീയൈരനേകൈർ-
യോഗൈരന്യൈസ്സേവിതശ്ചേത്തദാശു
ആനാഹോദാവർത്തഗുല്മോദരാദ്യാ
നശ്യന്ത്യേവംയേവിഷോത്ഥാശ്ചരോഗാഃ. ൧൯

തിപ്പലി നാഗദന്തിവേര് ചമ്മലത്ത ശംഖുപുഷ്പത്തിൻവേര് മലയമുക്കി പാച്ചോററിത്തൊലി കമ്പിപ്പാല വയമ്പ് ത്രികോല്പക്കൊന്ന കൊന്നത്തൊലി വലിയദന്തി അമൃത് ഈ ഗണം കഷായമായോ, എണ്ണയോ തൈലമോ ആയി കാച്ചിയോ, പൊടിയായോ ഉപയോഗിക്കുക. വയറുവീപ്പ്, ഉദാവർത്തം, ഗുല്മം, ഉദരം ഇവയും വിഷജങ്ങളായ രോഗങ്ങളും ശമിക്കും.

വേറൊരു യോഗം.

സിദ്ധാർത്ഥകക്ഷാരക്ഷീരഹരിതകൈശ്ച
മൂത്രൈർഗവാംപേഷ്യവിപാച്യലിപ്താഃ
നിഹന്ത്യുദാവർത്തഗദംചവേന
വാല്യാച്ചയൂഷേണകണാംബ്ലിയുക്തം. ൨൦

കരിങ്കടുക് കഴഞ്ചിക്കുരു ഇരുവർങ്ങത്തൊലി ഇവ ഗോമൂത്രത്തിൽ അരച്ചു തിളപ്പിച്ച് വയററത്തു തേച്ചാൽ ഉദാവർത്തരോഗം ശമിക്കും. യവംകൊണ്ടുണ്ടാക്കിയ യൂഷത്തിൽ കാട്ടുതിപ്പലിവേരരച്ചു ചേർത്തു പചിച്ച് സേവിക്കയുമാകാം.

നാരാചചൂർണ്ണം.

ഖണ്ഡപലേനയുതാമുപകല്യാം
കർഷമിതാംത്രിവൃതാപിതഥൈവ
പ്രാഗശനസ്യ ച മാക്ഷികയുക്താ-
മോത്തുപദേനമിതാപിചഭക്താ. ൨൧

ഗാഢപൂരീഷയുതേപി ചപിത്തേ
ശ്ലേഷ്മജവായുവിവർത്തജരോഗേ
ചൂർണ്ണമിദംതു നരാചവിസംജ്ഞം
സാദ്ധ്യയുതംവരഭേപനിഷേവ്യം. ൨൨

കല്ക്കണ്ടം പലം ൧. തിപ്പലി ത്രികോല്പക്കൊന്ന ഇവ മുമ്മൂന്നുകഴഞ്ചു്. എല്ലാംകൂടി പൊടിച്ച്, ഊണിനുമുമ്പ് മൂന്നുകഴഞ്ചുവീതം സേവിക്കുക. മലബന്ധത്തോടുകൂടിയതും വാതപിത്തകഫജമായും ഇ

രിക്കുന്ന ഉദാവർത്തം ശമിക്കും. വളരെ ശ്രേഷ്ഠമായ ഈ ചൂർണ്ണം രാജാക്കന്മാർക്കുകൂടിയും സേവിക്കാൻ യോഗ്യമാണ്.

ഗുഡാഷ്ടകചൂർണ്ണം.

വ്യോഷമാഗധജടാത്രിവൃന്താഭിർ-
വഹ്നിനാപിസമഭാഗയുതാഭിഃ
അഷ്ടഭാഗമിതശുഭ്രഗുഡേന
ഭക്ഷ്യമഷ്ടഗുണചൂർണ്ണമഥോദ്യത. ൨൩

ചുക്ക് മുളക് തിപ്പലി തിപ്പലിമൂലം ത്രികോല്പക്കൊന്ന കൊടുവേലിക്കിഴങ്ങ് ഇവ സമം പൊടിച്ച് ഇവയുടെ എട്ടുഭാഗം വെള്ളശ്ശർക്കര ചേർത്ത് സേവിക്കുക. ഉദാവർത്തം ശമിക്കും.

മൂലകാദിഘൃതം.

ശുഷ്കമൂലകയുതം ഖലുവർഷാ-
ജാതമൂലവരപഞ്ചകമാർദ്രം
അപ്സുപാച്യഘൃതമാശുതഥാവാ
രേവതസ്യതുഫലേന ച പേയം. ൨൪

ഉണങ്ങിയ മൂലവാരിക്കിഴങ്ങ് പച്ചയായ തമിഴാമവേര് മഹൽപഞ്ചമൂലം ഇവയോ കൊന്നയുടെ കായുടെപശയോ കല്ക്കമായി നെയ് കാച്ചി സേവിച്ചാൽ സകല ഉദാവർത്തരോഗങ്ങളും ശമിക്കും.

സപർണ്ണികാദിദിഗ്ജടാപുനർനവാകരഞ്ജകൈഃ
സഹിംഗുഭിഃ പൃഥക് പൃഥക് പലദ്വയൈശ്രുതൈജ്ജലൈഃ
ഘൃതം ച പ്രസ്ഥമാശ്രുവൈദ്യപാചിതം നരസ്സദാ
പിബേച്ചബദ്ധവാതതഃ പ്രമുച്യതേഭൃശം തദാ. ൨൫

ദശമൂലം തമിഴാമവേര് പൂങ്കിൻതൊലി കായം ഇവ ഈരണ്ടുപലംവീതം കഷായംവച്ച് നാലൊന്നാക്കി ഇടങ്ങഴി നെയ്യും ചേർത്ത് കാച്ചിയരിച്ചു സേവിക്കുക. വായുവിൻെറ തടസ്സം ഇല്ലാതാകും.

അപാനനിരോധജമായ ഉദാവർത്തം.

വിൺമൂത്രയോശ്ചാപി സമീരണസ്യ
സംഗസ്തഥാദ്ധ്മാനശിരോരുജശ്ച
സ്യുർജ്ഞാഠരായേ ബഹുവാതരോഗാ
ഹ്യപാനവായോഃ പ്രതിരോധനാച്ച. ൨൬

അപാനവായുവിൻെറ തടസ്സംനിമിത്തം മലമൂത്രബന്ധം, അധോവായുവിൻെറ തടസ്സം, വയറുവീപ്പ്, തലവേദന ഇവയും ജഠരസംബന്ധമായ മററുവളരെ വാതരോഗങ്ങളും ഉണ്ടാകും.

അധോവായൌ രുദ്ധേപ്രഭവതിരഥോൎദ്ധ്വം ഗതിശ്ശിഹ
സമായാതാവർത്തഃപിബപിബ തൈലസ്നേഹമസകൃൽ
സസിന്ധൂത്ഥം ഹിംഗ്വു മധുമഥിതയുതം വർത്തിമതുലാം
ഗുദേദദ്യാഃ പ്രക്ഷാമപഹരതിവാതഃ സഹതനാ. ൮

അധോവാതം തടഞ്ഞാൽ വായുവിൻെറഗതി മേല്പോട്ടാകും. അതിൻെറ ശാന്തിക്കായി പലപ്രാവശ്യം സ്നേഹം പാനംചെയ്യണം. ഇന്തുപ്പ് കായം ഇവ പൊടിച്ച് തേനും നെയ്യുംകൂട്ടി തിരിയാക്കി ഗുദത്തിൽ പ്രവേശിപ്പിക്കണം. ആ തിരിയോടുകൂടി മലം വെളിക്കപോകുകയും വായുവിൻെറഗതി നേരെയാകുകയും ചെയ്യും.

വേറൊന്ന്.

സ്വേദനാമത്രവിശേഷവിദാപി
വസ്തിമഥോപ്യനുലോമനമാശു
യേനഭവേൽഖലുതത്തു വിധേയം
വൈദ്യവരേണചികിത്സിതമുഗ്രം. ൯

അധോവായുവിൻെറ ഊൎദ്ധ്വഗതിയെ തടുക്കുന്നതിന്ന് സ്വേദകൎമ്മവും വസ്തിയും ഏററവും ഹിതമാണ്. അതിൽ വാതാനുലോമനം ഏതുകൊണ്ടു സാധിക്കുമോ അതിനെ ചെയ്യുകൊള്ളണം.

മലരോധജമായ ഉദാവർത്തം.

ആടോപശൂലയുക്തഃ പ്രഭവതിവദനാ-
ദ്വാപുരീഷംനിരേതി
സംഗംവായോഃ പുരീഷസ്യ ച ഭവതിതഥാ
പായുപ്രാകൎത്തികാ ച
ഊൎദ്ധ്വംഗച്ഛത്യധോനോനിരവധിഗതികോ
യത്രവാതാദ്വിവർത്തോ
വേഗരുദ്ധേമലസ്യപ്രഗദിതഇഹതൈ
വിൺനിരോധപ്രഭൂതഃ ൧൦

വയററിൽ പൊട്ടൽ, ശൂലം, വായിൽകൂടി മലം വരിക, വായുവിന്നും മലത്തിന്നും തടവു, ഗുദത്തിൽ അരിഞ്ഞുനോവു്, വായുവിൻെറ ഗതി മേല്പോട്ടുതന്നെ ഇരിക്കുക, ഒരിക്കലും മലം കീഴ്പ്പോട്ടുപോകാതിരിക്കുക ഈ ലക്ഷണങ്ങളോടുകൂടി വായുരോധത്താൽ മലം തടയുമ്പോൾ പലവിധത്തിൽ ഉദാവർത്തം ഉണ്ടാകും.

തച്ചികിത്സ.

വർത്ത്യഭ്യംഗാവഗാഹൈരഥ ഖലുബഹുവിരേച്യൈർ-
ഭേദനൈർവ്വാമലന്യ
മാരൈശ്ശ്യാമാഗദാനാം യവഭസിതഭവൈഃ
സക്ഷപ്തൈരുഗ്രയാ ച
വർത്തിഃ കാന്ത്യാവിശേഷാദ് ഗുഡമധുയുതൈർ
ലേപ്യപായൌ പ്രദേയാ
ശീഘ്രംവർത്ത്യാനസാകം പ്രചരതിമലമധോ
യാഫലാദ്യാസ്മരന്ത്യ ൧൧

മലരോധംകൊണ്ടുണ്ടായ ഉദാവർത്തത്തിന് മലത്തെ വെളിക്കകളയുന്നതായ വർത്തികൾ അഭ്യംഗം (തേച്ചുകുളി) അവഗാഹം (വെള്ളത്തിൽ ഇരുത്തുക) മലത്തെ ഇളക്കുന്നതായ ഔഷധങ്ങൾ ഇവ പ്രയോഗിക്കണം.

ഫലവർത്തി.

മലങ്കാരയ്ക്ക തിപ്പലി കൊട്ടം വെൺകടുക് വയമ്പ് ഇവ പൊടിച്ച് അവണക്കെണ്ണയും തേനുംകൂടിചേർത്ത് വർത്തി(തിരി) യുണ്ടാക്കി ഗുദത്തിൽ കയററണം. ആ തിരി വെളിക്കോട്ട് എടുക്കുന്നതിനോടുകൂടി മലം കീഴ്പ്പോട്ടുപോകുകയും ചെയ്യും.

മൂത്രനിരോധജമായ ഉദാവർത്തം.

ശൂലംഭവേന്മേഹനവസ്തയോശ്ച
മൂത്രേതികൃച്ഛ്രം ച ശിരോരുജശ്ച
സവംക്ഷണാനാഹവിനാമയുക്താ
മൂത്രസ്യവേഗേƒഭിഹതേ ഭവന്തി. ൧൨

ലിംഗത്തിലും വസ്തിപ്രദേശത്തും വേദന, പണിപ്പെട്ടു മൂത്രംപോകുക, തലവേദന, ഒടിവിനു വീപ്പ്, പിടിത്തം ഇവ മൂത്രരോധജമായ ഉദാവർത്തത്തിൻെറ ലക്ഷണമാണ്.

തച്ചികിത്സ.

മൂത്രാവരോധാജ്ജനിതേ വിശേഷാൽ
വചാംപിബേദ് ദുഗ്ദ്ധജലൈർമ്മനുഷ്യഃ
ദൂസ്പർശജാതം സ്വരസം പിബേദ്വാ
തഥാകഷായം കകുഭസ്യ തത്ര. ൧൩

മൂത്രരോധജമായ രോഗത്തിൽ വയമ്പ് പാലിലോ വെള്ളത്തി

ലോ അരച്ചു സേവിക്കുകയോ; കൊടിത്തൂവയുടെനീര് പിഴിഞ്ഞെടു ത്തു് കുടിക്കയോ; നീർമരുതു് കഷായംവെച്ചു കുടിക്കയോ ചെയ്യണം.

ഉര്വാരുബീജം ലവണീകൃതേന
നീരേണവാപീക്ഷുരസംസിതാഭിഃ
ദ്രാക്ഷാരസം വാസിതയാ സമേതം
പിബേച്ഛയച്ഛാശ്മരിമൂത്രകൃച്ഛ്രേ. ൧൩

വെള്ളരിക്കായുടെ അരി ഉപ്പുനീരിൽ അരച്ചുകുടിക്കുകയോ, കരിമ്പിൻനീരോ മുന്തിരിങ്ങാരസമോ പഞ്ചസാരചേർത്തു് സേവിക്കയോ ചെയ്താൽ അശ്മരി, മൂത്രകൃച്ഛ്രം ഇവയോടുകൂടിയ ഉദാവർത്തം ശമിക്കും.

ജൃംഭാനിരോധജമായ രോഗം.

മന്യാഗളസ്തംഭശിരോരുജഃ സ്യുർ-
വാതാത്മകായേ ബഹവസ്തരോഗഃ
തഥാക്ഷിനാസാ ശ്രുതിവക്ത്രകേഷു
ജൃംഭാദിഘാതാല്പ്രഭവേ നരാണാം. ൧൪

ജൃംഭാ (മൂരി) രോധജമായ ഉദാവർത്തത്തിൽ പിടലിഞരമ്പിനും കണ്ഠത്തിനും സ്തംഭം, തലവേദന, വാതാത്മകങ്ങളായ പലരോഗങ്ങൾ, അക്ഷിരോഗം, നാസാരോഗം, കർണ്ണരോഗം, വദനരോഗം ഇവയുമുണ്ടാകും.

തച്ചികിത്സ.

സ്നേഹം സ്വേദം യോജയേത്തത്രവിദ്വാൻ
യാവദ്വാതവ്യാധി സംഹാരയോഗാൻ
പായൌ യദ്വാസിന്ധുതൈലാഗ്ലഗേഹ-
ധൂമം ദദ്യാൽ ക്ഷുണ്ണമൂലദ്രവൈർവ്വാ. ൧൫

ജൃംഭാരോധജമായ ഉദാവർത്തത്തിൽ സ്നേഹസ്വേദങ്ങൾ പ്രയോഗിക്കണം. അതുകൂടാതെ വാതഹരങ്ങളായ എല്ലായോഗങ്ങളും പ്രയോഗിക്കുന്നതു് നല്ലതാണ്. ഇന്തുപ്പ്, അമ്ലം, പുകയറ ഇവ അരച്ച് എണ്ണയുംചേർത്തു് ചെറുതായി നറുക്കിയ കാട്ടുചേനയുടെ കഷായത്തിൽ കലർത്തി ഗുദത്തിൽ പ്രയോഗിക്കയുംചെയ്യാം.

വേറൊരുയോഗം.

സചിന്നഗുദേനിർഗ്ഗുണ്ഡിജപത്രം
ക്ഷണമേവം വാവർത്തിസമാനം
ദേയമധസ്താദ്വാതവിവർത്തം
കഷതിചൈവം നോ ബഹുചിത്രം. ൧൬

ഗുദം നല്ലവണ്ണം വിയർപ്പിച്ചു് അതിൽ തിരിപോലെയാക്കിയ കരിനൊച്ചിയുടെ ഇലയോ ഏലത്തരി അരച്ചു തിരിപോലെയാക്കിയോ പ്രവേശിപ്പിക്കുക. വാതോദാവർത്തം ശമിക്കും.

അശ്രുനിരോധജമായ ഉദാവർത്തം.

ഹർഷവിഷാദജനേത്രജവാരി-
പ്രാപ്തമമുഞ്ചതി യത്ര നരോഹി
തസ്യശിരോഗുരുതാക്ഷിരുജഃ സ്യുഃ
പീനസമാഹര നേത്രജലാനി. ൧൭

സന്തോഷംകൊണ്ടോ വിഷാദംകൊണ്ടോ ഉണ്ടാകുന്ന കണ്ണുനീര് കളയാതെയിരുന്നാൽ തലയ്ക്കുകനം, നേത്രരോഗം, പീനസം ഇവയുണ്ടാകും. അതിങ്കൽ കണ്ണുനീരുകളകയാണ് ഒന്നാമതായി ചെയ്യേണ്ടതു്.

തച്ചികിത്സ.

അശ്രുനിരോധേऽശ്രുജലാനിവിമുഞ്ചേൽ
സ്വാപമസൌഖ്യസുഖേന വിദധ്യാൽ
യാശ്ചകഥാസ്സുഖദാഃ ഖലുയസ്യ
താഃ കഥനീയാഃ ശ്രുതിഗാശ്ച വിശേഷാൽ. ൧൮

അശ്രുനിരോധജമായ രോഗത്തിൽ കണ്ണുനീരുകളയുകയും സുഖമായി ഉറങ്ങുകയും ചെയ്യണം. വിശേഷിച്ചു് മനോഹരങ്ങളും സുഖപ്രദങ്ങളും ആയ കഥകൾ പറഞ്ഞുകേൾക്കുന്നതും നല്ലതാണ്.

ത്രികടുവർത്തി.

ത്രികടുസൈന്ധവസർഷപമന്മഥൈഃ
സദനധൂമഗുഡൈർമ്മധുനാഥവാ
ഗദയുതൈരചിതാംഗുലിവർത്തികാ
ജയതിപായുഗതാ ജഠരാമയാൻ ൨൦

ചുക്ക് മുളക് തിപ്പലി ഇന്തുപ്പ് കടുക് മലങ്കാരയ്ക്ക പുകയറ ശർക്കര തേൻ കൊട്ടം ഇവകൊണ്ടു് തിരിയുണ്ടാക്കി ഗുദത്തിൽ പ്രവേശിപ്പിക്കുക. ഉദരാമയങ്ങൾ നശിക്കും.

ഇക്കിൾ തടുത്താൽ ഉണ്ടാകുന്ന ഉദാവർത്തം

മന്യാസ്തംഭശിരോതിശൂലപ്രമുഖാ
ശ്ശീർഷാദ്ഭേദോർദ്ദിതൌ
സ്യുഃ സ്യാതാം ച തഥൈവയത്രക്രമിമാ സ
വേന്ദ്രിയാണാം പൃഥക്

ഹിക്കാവേഗവിധാരണാദപിതഥാ
പ്രായഃക്ഷുതംകാദയേ-
ന്നസ്യൈസ്തീവ്രതരൈശ്ചസൂക്ഷ്മനയനൈ-
ർവ്വാ സ്നേഹനം സംചരേൽ. ൩൨

പിടലിഞരമ്പ് സ്തംഭിക്കുക, തലവേദന മുതലായവ, സകലേന്ദ്രിയങ്ങൾക്കും കാർശ്യം, ഇവ ഇക്കിൾ തട്ടുത്താൽ ഉണ്ടാകുന്ന രോഗങ്ങളാണ്. ഇതിന്ന് നല്ല വൈദ്യന്മാരെക്കൊണ്ട്, തീവ്രമായ നസ്യംചെയ്ത് തുമ്മിപ്പിക്കുകയോ സ്നേഹനമായ ക്രിയ ചെയ്യിക്കയോ വേണം.

തച്ചികിത്സ

ഹിംഗുഗ്രഗന്ധാഗദജന്തുശത്രു
സുവർച്ചികാനാം ദ്വിഗുണോന്നിതാനാം
ചൂർണ്ണംസുമദ്യേന ജലേനപീതം
ഗുന്മോദരാനാഹഗദാൻ നിഹന്തി. ൩൩

കായം വയമ്പ് കൊട്ടം വിഴാലരി തുവർച്ചിലക്കാരം ഇവ ദ്വിഗുണമായി വർദ്ധിപ്പിച്ചെടുത്ത് മദ്യത്തിലോ ജലത്തിലോ കലക്കി സേവിക്കുക. ഗുല്മം, ഉദരം, ആനാഹം ഇവ ശമിക്കും.

ഏമ്പക്കം തട്ടുത്താലുണ്ടാകുന്ന ഉദാവർത്തം.

പൂർണ്ണത്വമാസ്യഗളയോശ്ച തഥാതിതോദഃ
കൂജൻസദാഗതിപ്രവൃത്തിരധോപിയത്ര
ഉദ്ഗാരവേഗവിഗ്രഹധാരണതോ നൃണാംസ്യുർ-
വാതപ്രഭൂതബഹുരോഗഗണാഃ ഉൽകാമം. ൩൪

വായ്ക്കകത്തും കഴുത്തിലും ഏതോ നിറഞ്ഞിരിക്കുന്ന പോലെ തോന്നുക, കഠിനമായ കുത്തിനോവ്, വായു ശബ്ദത്തോടുകൂടി അധോഭാഗത്തിലേക്കു പുറപ്പെടുക ഇവ ഏമ്പക്കം തട്ടുത്താൽ ഉണ്ടാകുന്ന രോഗങ്ങളാണ്. ഇതുകൂടാതെ വായുജങ്ങളായ പല രോഗങ്ങളും സംഭവിക്കുകയും ചെയ്യും.

തച്ചികിത്സ

ഊർദ്ധ്വഗവായുനിരോധേ സ്നേഹയുതോന-
ധൂപനമത്രപ്രശസ്തം യോഗ്യതമേന. ൩൫

ഏമ്പക്കം തട്ടുത്താൽ ഉണ്ടാകുന്ന രോഗത്തിൽ യോഗ്യതമനായ വൈദ്യനെക്കൊണ്ട് സ്നേഹംചേർന്നുള്ള ധൂപനം ചെയ്യിപ്പിക്കുന്നതു നല്ലതാണ്.

ഛർദ്ദി തട്ടുത്താലുണ്ടാകുന്ന ഉദാവർത്തം.

കണ്ഡൂകോഠവ്യംഗവിസർപ്പകുഷ്ഠാ
ശോഥഃ പാണ്ഡുർവ്വേപഥുർജ്ജ്വരാദ്യാഃ
വാന്ത്യൌരുദ്ധേ സംഭവന്തിപ്രകാമം
വാന്തിം കുര്യാത്തത്രവൈരേചനം ച. ൩൬

ചൊറിച്ചിൽ, വട്ടപ്പുണ്ണ്, കരിമുഖം, വിസർപ്പം, കുഷ്ഠം, നീര്, പാണ്ഡു, വിറയൽ, ജ്വരാദികൾ ഇവ ഛർദ്ദി തട്ടുത്താൽ ഉണ്ടാകുന്ന രോഗങ്ങളാണ്. ഇതിങ്കൽ ഛർദ്ദിപ്പിക്കുകയോ വിരേചിപ്പിക്കയോ ചെയ്യണം.

തച്ചികിത്സ.

പയഃ പയോഭിശ്ച ചതുർഗ്ഗുണൈശ്ച
വ്യാവാരിനാശം കഥിതാ വശേഷാൽ
വാന്തിപ്രരോധാജ്ജനിതാംശ്ച രോഗാ-
നാകണ്ഠപീതാ വമിതം നിഹന്ത്യാൽ. ൩൭

നാലിരട്ടി വെള്ളം ചേർത്തു ആ വെള്ളം എല്ലാം വററിച്ച് കാച്ചിയ പാൽ കണ്ഠംവരെ പാനംചെയ്യിച്ച് ഛർദ്ദിപ്പിച്ചാൽ ഛർദ്ദി തടഞ്ഞതുകൊണ്ടുണ്ടായ സകലരോഗങ്ങളും ശമിക്കും.

വാന്തിനിരോധനരോഗേലംഘനമേവഹി
കുര്യാത്തദ്വിപരീതം തച്ച വിധേഹി. ൩൮

ഛർദ്ദി തട്ടുത്തുണ്ടാകുന്ന രോഗത്തിൽ ലംഘനം (പട്ടിണികിടക്കുക) ഹിതമാണ്. വിരേചിപ്പിക്കുന്നതും കൊള്ളാം.

ശുക്ലം തട്ടുത്താലുണ്ടാകുന്ന ഉദാവർത്തം.

ഗുദേമുഷ്കയോശ്ചാപി മൂത്രാശയേഥ
രുജശ്ശോഫഃ ശുക്ലാശ്മരീതൽസ്രവാണി
ഭവേന്മൂത്രരോധോപിവീര്യസ്യവേഗ
ഹതേശുക്ലജാലപ്രവൃത്തൌ ഭവന്തി. ൩൯

ശുക്ലം തടഞ്ഞുണ്ടാകുന്ന ഉദാവർത്തത്തിൽ ഗുദം, വൃഷണങ്ങൾ, മൂത്രാശയം ഈ സ്ഥാനങ്ങളിൽ വേദന, ശുക്ലാശ്മരി, ശുക്ലസ്രവണം, മൂത്രത്തിന്റെ തടസ്സം, ഇവയുണ്ടാകും.

തച്ചികിത്സ.

ദ്വിജരാജമുഖീ ദ്വിപകംഭയുഗ-
സ്തനയുഗ്മയുതാ ഹരിമധ്യകടീ

രമിത്വാ വനിതാ ഹരതി പ്രസഭം
ബഹുധാശുക്രവിഷ്ടംഭവിവർത്തനതിം. ൨൦

ചന്ദ്രമുഖിയും, ഗജമസ്തകംപോലെയുള്ള കുചയുഗത്തോടുകൂടിയവളും സിംഹമദ്ധ്യംപോലെ ഇരിക്കുന്ന കടിപ്രദേശംഉള്ളവളും ആയ സ്ത്രീയോടുകൂടി രമിച്ചാൽ ശുക്ലംതടഞ്ഞതിനാൽ ഉണ്ടായ രോഗങ്ങൾ ശമിക്കും.

വേറൊന്ന്.

അഭ്യംഗമൈഥുനമദ്യാനി പയോനിരൂഹാഃ
സ്നേഹാവഗാഹചരണായുധശാലിപത്ഥ്യാഃ
സേവ്യാശ്ച ശുക്രജവിവർത്തഗതാമയാഢ്യം
പ്രായോഭിഷഗ്ഭിരുദിതാ ബഹുയോഗസംഘാഃ. ൨൧

തേച്ചുകുളി, മൈഥുനം, മദ്യംസേവിക്കുക, പാൽകുടിക്കുക, കഷായവസ്തിചെയ്യുക, സ്നേഹനം, അവഗാഹം, കുക്കുടമാംസംഭക്ഷിക്കുക, ചെന്നെല്ലിൻചോറുണ്ണുക ഇവ, ശുക്ലത്തിന്റെ ഉദാവർത്തിയെ തടുത്താലുണ്ടാകുന്ന രോഗത്തിന്റെ ചികിത്സയാണ്. ഇതു കൂടാതെ പലയോഗങ്ങളും ഇതിന് പറയപ്പെട്ടിട്ടുണ്ട്.

വിശപ്പുതടഞ്ഞാലുണ്ടാകുന്ന ഉദാവർത്തം,

ഭവേദംഗമർദ്ദോരുചിർഗ്ലാനിതന്ദ്രാ
ഭ്രമഃ ക്ഷുദ്വിഘാതപ്രഭൂതേ തഥൈവ
ഉദാവർത്തരോഗേത്ര സുസ്നിഗ്ധമുഷ്ണം
ലഘുസ്വാദുഭോജ്യം സുപുഷ്പം സുഗന്ധി. ൨൨

അംഗമർദ്ദം, അരുചി, മടി, തലകറക്കം ഇവ വിശപ്പുതടുത്താൽ ഉണ്ടാകുന്ന ലക്ഷണങ്ങളാണ്. ഇതിങ്കൽ സുസ്നിഗ്ധമായും ഉഷ്ണമായും ലഘുവായും രുച്യമായും ഇരിക്കുന്ന ഭോജ്യം ഭക്ഷിക്കുകയും, സുഗന്ധിയായ പുഷ്പത്തിന്റെ വാസന ഏൽക്കുകയും ചെയ്യണം.

തൃഷ്ണതടുത്താലുണ്ടാകുന്ന ഉദാവർത്തം.

ഭവേൽ കണ്ഠദേശേമുഖേ ചാപി ശോഷഃ
ശ്രുതേശ്ചാവരോധോവ്യഥാ ചേതസശ്ച
തദാതൃഡ്വിഘാതപ്രഭൂതേ ƒതിശീതോ
വിധിശ്ചന്ദ്രയുക്താനിപാനീയമിസേവേൽ. ൨൩

കണ്ഠശോഷം, മുഖശോഷം, ചെവികേൾക്കായ്ക, ഹൃദയവ്യഥ, ഇവ തൃഷ്ണതടഞ്ഞാൽ ഉണ്ടാകും. ഇതിൽ അതിശീതമായ വിധി ചെയ്യുകയും, കർപ്പൂരം ഇട്ടവെള്ളം സേവിക്കുകയും ചെയ്യണം.

ശ്വാസം തടുത്താലുണ്ടാകുന്ന ഉദാവർത്തം.

ഭവേച്ഛ്രാന്തദേഹസ്യ ച ശ്വാസരോധേ
മഹാമോഹഹൃദ്രോഗഗുല്മാ നിതാന്തം
വിശേഷേണ വിശ്രാമമസ്മൈഹിതായ
പലോതൈരസൈസ്തണ്ഡുലാന്യാശുസേവേൽ ൨൪

ദേഹം ക്ഷീണിച്ചവന് ശ്വാസം തടുത്താൽ മോഹം, ഹൃദ്രോഗം, ഗുല്മം ഇവയുണ്ടാകും. ഇവനെ വിശേഷിച്ചും വിശ്രമിപ്പിക്കണം. മാംസരസങ്ങളും ചോറും കൊടുക്കയും വേണം.

നിദ്രതടുത്താലുണ്ടാകുന്ന ഉദാവർത്തം.

ഭവേജ്ജൃംഭണം ചാംഗമർദ്ദോത്തിതന്ദ്രാ-
ശിരോനേത്രജാഡ്യം ച നിദ്രാവിഘാതാൽ
ഉദാവർത്തരോഗേത്ര പര്യങ്കനിദ്രാ
സിതാഢ്യാഃ പയാംസി സേവ്യാശ്ച ഗാഥാഃ. ൨൫

കോട്ടുവായിടുക, അംഗമർദ്ദം, അംഗവേദന, മടി, ശിരോമാന്ദ്യം, നേത്രജാഡ്യം ഇവ നിദ്രതടുത്താൽ ഉണ്ടാകുന്നഉദാവർത്തത്തിന്റെ ലക്ഷണമാണ്. ഇതിങ്കൽ കട്ടിലിൽ കിടന്നുറങ്ങുക, പഞ്ചസാര ചേർത്ത പാൽ കുടിക്കുക, നല്ലകഥകൾ കേൾക്കുക ഇവ ചെയ്യണം.

രൂക്ഷഭക്ഷണജമായ ഉദാവർത്തം.

യദാകോഷ്ഠവായുശ്ച രൂക്ഷൈഃ കഷായൈഃ
കടുസ്വാദുയുക്തൈശ്ച തിക്തൈരനേകൈഃ
പ്രഭൂതൈഃ പ്രകോപം സമാഗത്യ കുര്യാ-
ദുദാവർത്തരോഗം ഭവേദപ്യ തദാശു. ൨൬

പുരീഷസ്യ വായോശ്ച മൂത്രസ്യ തദ്വൽ
കഫസ്യാശ്രുണോ മേദസഃ സ്രോതസാം ച
ഉദാവർത്തനം സംപ്രകുര്യാദശേഷാ-
ദുദാവർത്തയേദാമലം മൂത്രമുച്ചൈഃ.
സഹൃദ്വസ്തിശൂലേന ഹൃല്ലാസയുക്തഃ. ൨൭

തഥാവാരതിർമ്മൂത്രവിഡ്വായുവേഗഃ
സ്വകൃച്ഛ്രേണയായാത്തഥാശ്വാസകാസൈഃ
പ്രതിശ്യായദാഹശ്രമേർവിഭ്രമൈർവാ
ശിരോരോഗഹിക്കാമനോവിഭ്രമൈർവാ. ൨൮

വഹ്നിമോഹതൃഷ്ണാജ്വരാദ്യൈരനേകൈശ്ച
വാതപ്രകോപോത്ഥരോഗൈസ്തഥാ ചാത്ര

നിത്യംഗുദേക്ഷേപണീയാഃ ഫലവർത്ത്യാശ്ച
യാവന്നയഃപൂർവ്വമുക്താസ്ത്വഥൈവ. ൯

രൂക്ഷന്നങ്ങളായും കഷായരസങ്ങളായും കട്ടുരസങ്ങളായും മധുരരസങ്ങളായും തിക്തരസങ്ങളായും ഇരിക്കുന്ന ഭക്ഷണങ്ങൾകൊണ്ട് കോഷ്ഠവായു കോപിച്ച് മലം, അധോവാതം, മൂത്രം, കഫം, കണ്ണനീര്, മേദസ്സ് ഇവയെ വഹിക്കുന്ന സ്രോതസ്സുകളെ ആവരണംചെയ്തിട്ട്, മലത്തെയും മൂത്രത്തെയും ശോഷിപ്പിച്ചു മേല്പോട്ടാക്കി ഉദാവർത്തരോഗത്തെ ഉണ്ടാക്കും. അതിനാൽ ഹൃദയശൂലം വസ്തിശൂലം നെഞ്ചുരുക്കം, അരതി ഇവയുണ്ടാകും. മലമൂത്രങ്ങളും അധോവാതങ്ങളും കഷ്ടപ്പെട്ടു വെളിക്കപുറപ്പെടും. ശ്വാസം, കാസം, പീനസം, സർവ്വാംഗസന്താപം, കാതടപ്പ്, ശിരോരോഗം, ഇക്കിൾ, മനോവിഭ്രമം, ഛർദ്ദി, മോഹം, തൃഷ്ണ, ജ്വരം, വാതകോപജങ്ങളായ പലരോഗങ്ങൾ ഇവയും ഉണ്ടാകും. ഈ രൂക്ഷാന്നജരോഗത്തിന്റെ ശാന്തിക്കായിട്ട്, മുൻപുപറയപ്പെട്ട ഫലവർത്തി ഗുദത്തിൽ പ്രവേശിപ്പിക്കണം.

നാരാചചൂർണ്ണം ച ഗുഡാഷ്ടകം ച
രൂക്ഷാന്നസംജാതഗദാപഹാരി
തഥാ ച സുസ്നിഗ്ദ്ധസുപഥ്യഭോജ്യ-
മിഷ്ടം തു യദ്യസ്യ തദേവ ഭോജ്യം. ൧൦

നാരാചചൂർണ്ണവും ഗുഡാഷ്ടകവും രൂക്ഷാന്നജമായ ഉദാവർത്തരോഗത്തെ സംഹരിക്കുന്നതാണ്. അപ്രകാരംതന്നെ സുസ്നിഗ്ദ്ധമായും സുപഥ്യമായും ഇഷ്ടമായും ഉള്ള ഭോജ്യവും ഭക്ഷിക്കണം.

ആനാഹനിദാനം.

ശകൃദാമം ചിതം ക്രമേണ ഭൂയോ
നിബദ്ധം വിഗുണാനിലേന പക്വാഃ
പ്രവർത്തി യഥാ സ്വവേഗനമാനാ-
ഹഗദം, തസ്യ പ്രവർത്തനം ഭവേന്ന. ൧൧

ദഹിക്കാത്ത മലം ക്രമേണ വർദ്ധിച്ച് അനുകൂലമല്ലാത്ത വായുവിനാൽ തടഞ്ഞ്, വേണ്ടപോലെ പ്രവർത്തിക്കാതെയിരുന്നാൽ അതിനെ ആനാഹരോഗം എന്നുപറയുന്നു.

ആനാഹരോഗചികിത്സ.

ത്രിവൃൽശിവാശ്യാമയുതാഃ സ്നുഹീനാം
പയോഭിരാമർദ്ദ്യ വടീകൃതാസ്തു
ഗോമൂത്രപീതാഃ ഖലു താശ്ച സദ്യോ
ഹ്യാനാഹനാശായ ഭിഷക്പ്രദിഷ്ടാഃ. ൧൨

ത്രികോല്പക്കൊന്ന കടുക്ക തിപ്പലി അമരത്ത ഇവ കള്ളിപ്പാലിലരച്ച് ഗുളികയാക്കി ഗോമൂത്രത്തിൽ സേവിച്ചാൽ ആനാഹം എന്ന രോഗം ശമിക്കും.

വേറൊന്ന്.

മദനമാഗധികാഗദസാഷ്പൈ-
രപിചശൌരതൈലേശ്ചയവാഗ്രജൈഃ
ഗുഡയുതൈരചിതാ സ്മരവർത്തികാ
ഗുദഗതാ ഹരതി പ്രസഭം മലം ൧൩

മലങ്കാരയ്ക്കാ തിപ്പലി കൊട്ടം വെൺകടുക് ചവർക്കാരം ശർക്കര ഇവകൊണ്ടുണ്ടാക്കിയ വർത്തി ഗുദത്തിൽ പ്രവേശിപ്പിച്ചാൽ മലം വേഗത്തിൽ ഇളകിപ്പോകും.

ആമജാനാഹം.

ആനാഹേ ചാമജാതേ പ്രഭവതി ച തൃഷാ
ശൂലമാമാശയേ ച
ഹൃൽസ്തംഭം, ചാത്ര നിത്യം പൃഥു പരിഗുരുതാ ചാ
പ്യഥോദ്ഗാരരോധോ
ഭക്തൈസ്സംസർഗസിദ്ധൈഃ ക്രമശ ഉപഹിതൈഃ
പാചനീയൈർവിശേഷാ-
ദ്യോഗൈരന്യൈർവിഷൂചീഗദഹരണപരൈ-
ർരേചനൈശ്ചാപി ജേയഃ. ൧൪

ആമജമായ ആനാഹത്തിൽ തണ്ണീർദാഹം; ആമാശയത്തിൽ ശൂലം, ഹൃദയസ്തംഭം, വയറിൽകനം, ഏമ്പക്കത്തിന്നുതടവ്, ഇവയുണ്ടാകും. പചനയോഗ്യങ്ങളും സാധാരണ ഉപയോഗിക്കുന്നവയും ആയ അന്നങ്ങൾകൊണ്ടും, വിഷൂചീരോഗത്തെ നശിപ്പിക്കുന്നതിനു യോഗ്യങ്ങളായ യോഗങ്ങൾകൊണ്ടും വിരേചനംകൊണ്ടും ആമജാനാഹത്തെ ജയിക്കണം.

മലംവർദ്ധിച്ചുണ്ടാകുന്ന ആനാഹം.

കടീപൃഷ്ഠേ മൂത്രേ ശകൃതി ച യദാ സ്തംഭ അഥ ച
ഭവേന്മൂർച്ഛാ ശ്വാസാവപി ച ശകൃതോ വാന്തിരസകൃൽ
ഭവേന്ന്യതേ പക്വാശയഗതരുജി പ്രാലസഗദേ
പ്യഥോ ചിഹ്നം കൃഷ്ണാഹരതി ശിവയാ സദ്ഗുഡയുതാ.

പക്വാശയത്തിൽ മലംവർദ്ധിച്ചുണ്ടാകുന്ന ആനാഹത്തിൽ കടീസ്തംഭം, പൃഷ്ഠസ്തംഭം, മൂത്രം മലം ഇവയ്ക്ക് തടവ്, മോഹം, ശ്വാസം, മലം ഛർദ്ദിക്കുക ഇവയും അലസകഗദത്തിന്റെ ചിഹ്നങ്ങളും

ഉണ്ടായിരിക്കും. ഇതിങ്കൽ തിപ്പലിയും കടുക്കയുംകൂടി പൊടിച്ച് ശക്കരചേർത്തു സേവിക്കണം.

ഉദാവർത്തരോഗത്തിലുണ്ടാകുന്ന
ഉപദ്രവങ്ങൾ.

ശൂലാദ്ധ്മാനശിരോരുജോ ഗളഗ്രഹഃ
ശ്വാസശ്ച കാസസ്തഥാ
തന്ദ്രാമൂർച്ഛനമാശു വൈദ്യഭണിതാ
ഹൃദ്രോഗപാദ്യാസ്തഥാ
ഘോരോപദ്രവസംഘഭൃതസ്ഥിതഃ
പ്രായഃ പ്രതിശ്യായകാ
യസ്ത്വേതൈരഖിലൈശ്ചകൈശ്ചരഹിതഃ
സാദ്ധ്യസ്തദാസൌഗദഃ. ൫൬

ശൂലം, വയറുവീപ്പ്, തലവേദന, ഗളഗ്രഹം, ശ്വാസം, കാസം, മടി, മൂർച്ഛ, ഹൃദ്രോഗം, പീനസം ഇവ ഉദാവർത്തരോഗത്തിൽ ഉണ്ടാകുന്ന ഘോരോപദ്രവങ്ങളാണ്. ഈ ഉപദ്രവങ്ങൾ എല്ലാമോ ഏതാനുമോ ഇല്ലാത്തതായ ഉദാവർത്തം സുഖസാദ്ധ്യമാണ്.

അസാദ്ധ്യലക്ഷണം.

തൃഷ്ണാർദ്ദിതം ക്ഷീണതരം ച ശൂലൈ-
രുപദ്രുതക്ലിഷ്ടമലം സുവൈദ്യഃ
ശകൃദ്വമന്തം മതിമാൻ വിശേഷാൽ
ദൂരം ത്യജേൽ സംയമിനീം പ്രഗന്തും. ൫൭

തൃഷ്ണാപീഡിതനും അതിക്ഷീണനും ശൂലോപദ്രവത്താൽ ക്ലേശിച്ചവനും മലം ഛർദ്ദിക്കുന്നവനും ആയ ഉദാവർത്തരോഗി, കാലവശനാണെന്ന് അറിഞ്ഞ് അവനെ മതിമാനായ വൈദ്യൻ ഉപേക്ഷിക്കണം.

ഉദാവർത്തം മാറിയാലുള്ള ലക്ഷണം.

ആദ്ധ്മാനശൂലാപഗമഃ പ്രവൃത്തി-
രപാനവായോഃ ശ്വസനസ്യ സമ്യക്
ഗതിസ്തദാ വൈദ്യനുപാവഹന്തി
പ്രായോഹ്യുദാവർത്തനിവൃത്തിചിഹ്നം. ൫൮

വയറുവീപ്പ്, ശൂലം ഇവ ഇല്ലാതാവുക, അപാനവായു തടവുകൂടാതെ പ്രവർത്തിക്കുക, ശ്വാസത്തിന്റെ ഗതി വേണ്ടപോലെയാവുക ഇവ ഉദാവർത്തരോഗം വിട്ടുമാറിയാലുള്ള ലക്ഷണങ്ങളാണ്.

ശ്രീവൈദ്യഭൂമീന്ദ്രഗുരുർദ്ദ്വിമാതാ
സോമം ജയത്യാശു സമപ്രവൃത്തിഃ
യേനോപദിഷ്ടാഗമമർമ്മവേത്തോദ-
ദാവർത്തരോഗസ്യ ചികിത്സിതേദ്യ ഭൂൽ. ൫൯

വൈദ്യഗുരുവായ എന്റെ പിതാവ് രണ്ടു മാതാക്കന്മാരോടുകൂടി സമദൃഷ്ടിയായിട്ടു ജയിക്കുന്നു. അദ്ദേഹത്തിനാൽ ഉപദിഷ്ടമായ ശാസ്ത്രമർമ്മമനുസരിച്ച് ഉദാവർത്തരോഗത്തിന്റെ ചികിത്സ എന്നാൽ പറയപ്പെട്ടു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ഉദാവർത്താധികാരം എന്ന
൨൩-ാം സ്തബകം കഴിഞ്ഞു.

ചതുർവിംശസ്തബകം.

ഗുല്മചികിത്സിതം.

നത്വാ ശ്രീനിജതാതം ഗുല്മഗദസ്യ
കുർവേ വിശദചികിത്സാം ഘോരതരസ്യ. ൧

മദ്ഗുരുഭൂതനായ താതനെ വന്ദിച്ച് അതിഘോരമായ ഗുല്മരോഗത്തിന്റെ ചികിത്സയെ ഞാൻ വിശദമായി പറയാൻപോകുന്നു.

ഗുല്മനിദാനം.

ദുഷ്ടാസ്തു വാതാദയ ഏവ നിത്യം
മിത്ഥ്യാശനാഹാരവിഹാരതോഽപി
കുർവന്തി കോഷ്ഠാന്തരഗ്രന്ഥിരൂപ്യം
സ്ഥാനേഷു ചാപം പഞ്ചസു ഗുല്മരോഗം. ൨

വാതാദിദോഷങ്ങൾ വിരുദ്ധങ്ങളായ ആഹാരവിഹാരങ്ങളാൽ ദുഷിച്ച് കോഷ്ഠാന്തർഭാഗത്തിൽ അഞ്ചു സ്ഥാനങ്ങളിൽ മുഴപോലെ ഗുല്മരോഗത്തെ ഉണ്ടാക്കുന്നു.

ഹൃന്നാഭിപാർശ്വദ്വയവസ്തയസ്തു
സ്ഥാനാനി ഗുല്മസ്യ ച വൈദ്യഭൂപൈഃ
പഞ്ചൈവ ചോക്താനി ച തസ്യ പൂർവം
രൂപം തദ്ഗോദാപ്രിയതേ മയാദ്യ. ൩

ഹൃദയം, നാഭി, പാർശ്വഭാഗങ്ങൾ, വസ്തി ഇങ്ങനെയാണ് ഗുല്മത്തിന് അഞ്ചു സ്ഥാനങ്ങൾ.

ഗുല്മത്തിന്റെ പൂർവ്വരൂപം.

ബഹ്വുദ്ഗാരവിഡ്ബന്ധതൃഷാസഹതൈവ-
ഽന്ത്രസ്യ സംകൂജനൈശ്ചാഥപക്തേഃ
അശക്തിസ്തഥായേപി ചാദ്ധ്മാനമുച്ചൈർ-
ഭവിഷ്യത്യമീ ഗുല്മരോഗേ ഭവന്തി. ൮

വളരെ ഏമ്പക്കം, മലബന്ധം, വെള്ളംകുടിച്ചാൽ അസംതൃപ്തി, അന്ത്രകൂജനം, പാചനശക്തി, ആധ്മാനം ഇവ ഗുല്മരോഗത്തിന്റെ പൂർവ്വരൂപങ്ങളാണ്.

ഗുല്മത്തിൽ പത്ഥ്യാപത്ഥ്യം.

ദ്വിദളം ച വിവർജ്ജയേദലം
ശയനം ചാപി ദിവാപി മൈഥുനം
മദിരാമപി പിച്ഛിലം ദധി
ഘൃതദുഗ്ദ്ധേ ച തഥാ ച പിച്ഛിലേ. ൯

ഉഴുന്നു മുതലായ ദ്വിദള(രണ്ടായി പിളരുന്ന)ധാന്യം, പകലുറക്കം, സംഭോഗം, മദ്യം, പിച്ഛിലമായ തൈര്, നെയ്യ്, പാല് ഇവയെല്ലാം ഗുല്മരോഗിക്ക അപത്ഥ്യമാണ്.

മധുരദ്രവ്യാണി ദ്വീനിചാ-
പ്യശിതുമത്ര ച ലോഹിതശാലയഃ
അഥ ച ഷഷ്ടികശാലയ ഏവ വാ
പരമഹോ വരധാന്യജതണ്ഡുലം. ൧൦

സമുചിതാ ച തഥാ ശതപുഷ്പികാ-
ന്യദപി പത്രജശാകമലം ഭജേൽ
അപി തദൂകജതൈലമലം പിബേ-
ദവിരതം വിരതം പരിമർദ്ദയേൽ. ൧൧

വൃന്താകവാസ്തുകസുതണ്ഡുലീയ-
ശാകാനി മുദ്ഗാഢകയൂഷകാനി
സ്വല്പംഘൃതം ഭോജ്യമലം തഥാപി
ചികിത്സിതം ഗുല്മഗദസ്യ വക്ഷ്യേ. ൧൨

മധുരദ്രവ്യങ്ങളായ കല്ലുണ്ടം മുതലായവ, പാല്, നെയ്യ്, തൈര്, ചെന്നെല്ല്, ഞവര, ശ്രേഷ്ഠമായ മററു ധാന്യങ്ങൾ, യഥോചിതാ പാകംചെയ്ത ശതകുപ്പ. പത്രശാകം, ആവണക്കെണ്ണ, ആവണക്കെണ്ണകൊണ്ടുള്ള മർദ്ദനം, തക്കാരിവഴുതിനങ്ങ, വസ്തുച്ചീര, ചെറുചീര, സ്വല്പം നെയ്യുകൂട്ടിയ ചെറുപയറിന്റെയും തുവരയുടെയും ചാറുകൾ ഇവയെല്ലാം ഗുല്മരോഗിക്ക പത്ഥ്യമാണ്. ഇനിയും ഗുല്മചികിത്സയെ പറയുന്നു.

ഗുല്മചികിത്സ.

വംഗേശ്വരരസം.

വംഗംപലൈകം ച പലൈകസൂതം
ഭസ്മീകൃതം താമ്രമഥോ ബലിശ്ച
പ്രത്യേകമേതച്ചപലപ്രമാണ-
മർക്കസ്യദുഗ്ദ്ധേന ദിനം വിമർദ്യ. ൧൩

തദ്ഗോളകീകൃത്യപുടൈകപാകാൽ
വംഗേശ്വരോ വല്ലമിതോ ഘൃതേന
ഗുല്മോദരപ്ലീഹഗദാന്നിഹന്തി
പീതോഗവാം മൂത്രപുനർന്നവാഭിഃ. ൧൪

സിതവർഷാഭവമൂലം ധേനുജലേന
നിഷ്ക്കം രജോനിശായാഃ പൂർവ്വജലേന.
വംഗേശ്വരാനുപാനം യുക്തമനേന
ഗുല്മഗദാതുരദേഹേ ക്ഷേമമനേന. ൧൫

വംഗഭസ്മം രസഭസ്മം താമ്രഭസ്മം ഗന്ധകം ഇവ പ്രത്യേകം ഓരോ പലംവീതം. എരുക്കിൻപാലിൽ ഒരുദിവസം (൬൦ നാഴിക) അരച്ചു ഗുളികയാക്കി, ഒരു പുടംചെയ്തെടുത്ത് വിഴാലരിപ്രമാണം നെയ്യിൽ സേവിക്കുക. ഒരുകഴഞ്ചു വെളുത്ത തമിഴാമയുടെ വേരോ മഞ്ഞൾ പ്പൊടിയോ ഗോമൂത്രത്തിൽ അനുപാനമായി സേവിക്കയുംവേണം. ഈ വംഗേശ്വരരസം ഗുല്മം ഉദരം പ്ലീഹ ഇവയെ ശമിപ്പിക്കും.

ത്രിലവണാദ്യം ചൂർണ്ണം.

ത്രിലവണത്രികടുത്രിഫലാവചാ-
യവനികംഭധനാമിസിചിത്രകൈഃ
രുചകപുഷ്കരദാഡിമതിന്ത്രിണീ-
ദഹനജാതിയവാഗ്രജടങ്കണൈഃ. ൧൬

ഗജകണാചരശാകയവാനികാ-
ത്രിദശദാരുവിഡംഗലനാളകൈഃ
മഗധജാംഘ്രിവദീഹപുഷാവിഷാ-
ജരണസർജ്ജിശടീവിപുഷാസകൈഃ. ൧൭

അപി ശരാക്ഷിജടാവരദീപ്യകൈ-
രപി സവേതസചരാഗലഗന്ധിഭിഃ
ഇഹ സുതുമ്പുരുഹിംഗുരപാഠികാ-
ഭുജഗഭുഗ്ഭിരലം പരിചൂർണ്ണിതം. ൧൫

അസകൃദാർദ്രരസൈരപി ലുംഗജൈഃ
പ്ലുതമിദം പരിഭാവ്യ വിശോഷ്യ ച
അശിശിരേണ ജലേന ച മസ്തുനാ
മദിരയാ ജരയാപി പിബേദലം. ൧൬

കോലാംഭസാ മാതുലുംഗപയോഭിരേനം
കൌലത്ഥയൂഷേണ ച ദാഡിമാനാം
നീരേണ സേവേദഥവാ ഘൃതം ച
സംപാചിതം ചൈഭിരലം തഥാ സ്യാൽ. ൧൭

യകൃൽപ്ലീഹഗുദഹൃദാശ്രിതം ശൂലമുച്ചൈ-
സ്തഥാ ഗുല്മവിഷ്ടംഭദുർന്നാമകൃച്ഛ്രാൻ
തഥാ ജാഠരാൻ ശ്വാസകാസാൻ നിഹന്തി
പ്രഭുക്തം സമസ്തം ച ജീർണ്ണം കരോതി. ൧൮

അരുചിം ഹന്ത്യതിദീപയേദലം
ജഠരാഗ്നിം ദൃഷദോപ്യപി പാചനം
കുരുതേ ഫലമസ്യ കാ കഥാ
ത്രികടൂനാം ച രജോനിഷേവണാൽ. ൧൯

ഇന്തുപ്പ് വിളയുപ്പ് മരക്കലയുപ്പ് ത്രിഫല വയമ്പ് കുറാശാണി ത്രികോൽപ്പക്കൊന്ന കൊത്തമ്പാലയരി ചതകുപ്പ വെളുത്താവണക്കിൻവേര് മാതളത്തോട് പുഷ്കരമൂലം താളിമാതളം കോൽപുളി കൊട്ടവേലിക്കിഴങ്ങ് ജാതിക്ക ചവക്കാരം പൊൻകാരം അത്തിത്തിപ്പലി ചെറുതേക്ക ജീരകം ദേവതാരം വിഴാലരി മുത്തങ്ങാക്കിഴങ്ങ് പുളിവേരിൻതൊലി തിപ്പലിമൂലം ശതാവരി അടയ്ക്കാമണിയൻവേര് അതിവിടയം വലിയജീരകം സർജ്ജിക്ഷാരം കച്ചോലം കാട്ടുവെള്ളരിവേര് അയമോദകം ഞെരിഞ്ഞാംപുളി അട്ടനാറിവേള തുമ്പൂണലരി കായം പാടക്കിഴങ്ങ് ചെറുകടലാടി ഇവയെല്ലാംകൂടി പൊടിച്ച് ഇഞ്ചിനീരിലും മാതളനാരങ്ങാനീരിലും, പലതവണ ഭാവനചെയ്ത്, ഉണക്കി ചൂടുവെള്ളത്തിലോ തൈരിൻവെള്ളത്തിലോ, പഴകിയ മദ്യത്തിലോ, ലന്തക്കുരുക്കഷായത്തിലോ മുതിരച്ചാറിലോ താളിമാതളങ്ങയുടെ നീരിലോ സേവിക്കുക. അല്ലെങ്കിൽ ഈ മരുന്നുകൾ കല്കമായി നെയ്യുകാച്ചി സേവിക്കുക. യകൃൽപ്ലീഹാഗുദഹൃദാശ്രിതമായശൂലം, ഗുല്മം, മലബന്ധം, അർശസ്സ്, മൂത്രകൃച്ഛ്രം മഹോദരം, ശ്വാസം,

കാസം. ഈ രോഗങ്ങൾ ശമിക്കും. ഈ മരുന്ന് ജഠരാഗ്നിയെ ദീപിപ്പിക്കുന്നതും കല്ലുപോലും ദഹിക്കുന്നതും ആകുന്നു. ഈ മരുന്ന സേവിച്ചതിനുശേഷം ഒരു പലം ചുക്ക് മുളക് തിപ്പലി ഇവയുടെ പൊടികൂടി സേവിച്ചാൽ ദഹനശക്തിയെപ്പററി എന്താണ് പറയാനുള്ളത്.

വചാദിചൂർണ്ണം.

വചാശിവാഹിംഗുയവാഗ്രജാനാം
യവാനികാസൈന്ധവസംയുതാനാം
സൌവർച്ചസാമ്ലം പരിതപ്തതോയൈ-
ർഭിനത്തി ഗുല്മാനപി ചൂർണ്ണമേതൽ. ൨൦

സപ്തദിനാനി നിപീതം തപ്തജലേന
ഗുല്മഗദാനപഹരതേ മദ്യമദേന. ൨൧

വയമ്പ്, കടുക്ക, കായം, ചവക്കാരം, കുറാശാണി, ഇന്തുപ്പ്, ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ പൊടിച്ച് ചൂടുവെള്ളത്തിലോ പുരാണമദ്യത്തിലോ ഏഴുദിവസം സേവിക്കുക. ഗുല്മം ശമിക്കും.

ബിന്ദുഘൃതം.

ത്രിവൃൽസ്നുഹീക്ഷീരധനാപലാംശൈഃ
പലൈകകമ്പില്ലപലാശ്മസിന്ധും
ചതുഃപലം ഗോഘൃതമപ്സു സിദ്ധം
പലാർദ്ധമാത്രം ഘൃതബിന്ദുസംജ്ഞം. ൨൨

വിസ്രംസനം ഗുല്മവിദാഹഹാരി
നിഷേവിതം സോഷ്ണജലം ച പാനം
തസ്യാനുപീതാച്ചുളുകസ്യ യാവദ്-
ബിന്ദൂൻ വിരിച്യേന്നതു ചിത്രമത്ര. ൨൩

ത്രികോൽപ്പക്കൊന്ന, കള്ളിപ്പാലയുടെകറ, കൊത്തമ്പാലയരി, കമ്പിപ്പാലയുടെതൊലി, ഇവ ഓരോപലംവീതം. ഇന്തുപ്പ് അരപ്പലം. പച്ചവെള്ളത്തിൽ അരച്ചുകലക്കി നാഴിനെയ്യുംചേർത്തു കാച്ചി അരപ്പലംവരെ ദഹനമനുസരിച്ചു സേവിക്കുക; ഗുല്മം ശമിക്കും. ചൂടുള്ള നെയ്യ് അനുപാനമായിക്കൂടിസേവിച്ചാൽ വയറിളക്കുകയുംചെയ്യും.

ഗുല്മാന്തകം.

രസംഭാഗമേകം തഥാ ഗന്ധകസ്യ
ദ്വിഭാഗന്തു സിന്ധോസ്തഥാ ടങ്കണസ്യ
ചതുർഭാഗതുത്ഥം നരാടസ്യ ചാത്ര-
കുമാര്യാസ്യഭാഗാനചിതം ശാലമത്ര. ൨൪

തഥാസപ്തുല്യം ചമാരീച ചൂർണ്ണം
സമസ്തം ചതദ്വഹ്നിജാതൈഃ കഷായൈഃ
ത്രിധാഭാവയേദ്വൃക്ഷരാജാക്ഷിനീരൈ-
രഥാർദ്രസ്യനീരൈസ്ത്രിധാസംവിഭാവ്യ. ൧൫

പ്രഭുക്തം ചശാണാദ്ധമാനം വിശേഷാൽ
നിഹന്ത്യാശു പഞ്ചൈവഗുല്മാനശംകം
ക്ഷയംശ്വാസരോഗാംശ്ചമന്ദാഗ്നിമുച്ചൈ-
രയംഗുല്മശത്രുഃപ്രസിദ്ധസ്തു ലോകേ. ൧൬

ശോധിതവും മാരിതവും ആയ രസം ഒരുഭാഗം. ഗന്ധകം ഒരു ഭാഗം. ഇന്തുപ്പ് പൊൻകാരം ഇവ ഈരണ്ടുഭാഗം. തുത്ഥംശംഖഭസ്മം, ഇവ അയ്യഞ്ചുഭാഗം. എല്ലാംകൂടിയിടത്തോളം നല്ലമുളകിൻപൊടി. ഇവ കൊട്ടവേലിക്കഷായത്തിലും കഴഞ്ചിക്കുരുവിൻ കഷായത്തിലും ഇഞ്ചിനീരിലും മുമ്മൂന്നപ്രാവശ്യംവീതം അരച്ച് മുക്കാൽപണമിടവീതം സേവിക്കുക. അഞ്ചുവിധമുള്ള ഗുല്മം, ക്ഷയം, ശ്വാസം, അഗ്നിമാന്ദ്യം, ഇവ ശമിക്കും. ഈ രസത്തിന് ഗുല്മശത്രു എന്നാണുപേര്.

കാങ്കായനവടി.

ത്രിവൃതായാശ്ചപലംത്രികർഷഹിംഗു-
പലമേകംലവണത്രൃജസ്യ ചാഥ
യവജക്ഷാരപലംപലദ്വയം ച
ശടികാപുഷ്കരമൂലചിത്രകാണാം. ൧൭

ജഗദപ്ലാദികവേതസേ തഥാ ച
ദ്വിപലേസപ്മിതം ച ദന്തിനീഭിഃ
ഗിരികർണ്ണിമരീചിമാഗധീഭി-
രുചകാമ്ലാനലദീപ്യദീപ്യകാഭിഃ. ൧൮

അപി കർഷദ്വയ സമ്മിതാഭിരാഭിർ-
ദ്വിപലേചാപിവിഡംഗദാഡിമേത്ര
ദ്വിപലം ച ഹരീതകീ സമസ്തം
സമമേകത്ര ച മാതുലുംഗനീരൈഃ. ൧൯

പരിഭാവ്യവടീശ്ചകാരയേദൈ
ഗുടികൈകാദ്വിതയം തഥൈവ ഭുക്താ
ത്രിതയം വ്യാപ്യ ഗുല്മഭേദം ഹി
മുനികാങ്കായനാവർണ്ണിതാനിതാന്തം. ൨൦

കഫഗുല്മഹരാഗവാം ജലൈഃ
പയസാപിത്തജഗുല്മഹാരിണീ

കഫവാതഭവാ ചമദ്യകൈ-
സ്ത്രിഫലാമൂത്രയുതാത്രിഭിർയ്യുതം. ൨൧

ഹരതേ രുധിരോദ്ഭവം ച വൈ
യുവതീനാം കരഭീസുദുഗ്ധകൈഃ
ഗുദരോഗഹരാ ചസേവിതാ
ഗ്രഹണീഹൃൽകൃമിരോഗനാശികാ. ൨൨

ത്രികോല്പക്കൊന്ന പലംമൂന്ന്. കായം-കഴഞ്ചുമൂന്ന്. ഉപ്പുകൾ അഞ്ചുംകൂടി ഒരുപലം. ചവക്കാരം പലം൧. കച്ചോലം പുഷ്കരമൂലം വെളുത്താവണക്കിൻവേര് ചുക്ക് ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ ഈരണ്ടുപലം. നാഗദന്തിവേര് കൊടിത്തൂവവേര് നല്ലമുളക് തിപ്പലി മാതളനാരങ്ങാത്തോട് പുളിവേരിൻതൊലി കൊട്ടവേലിക്കിഴങ്ങ് പെരുംജീരകം കുറാശാണി ഇവ അറാറുകഴഞ്ചുവീതം. വിഴാലരി താളിമാതളത്തോട് ഇവഈരണ്ടുപലം. കടുക്കാരണ്ടുപലം. എല്ലാംകൂടി മാതളനാരങ്ങാനീരിൽ അരച്ച് ഗുളികയാക്കി ഒന്നോ രണ്ടോ മൂന്നോ ഗുളികവീതം ദഹനമനുസരിച്ചും രോഗമനുസരിച്ചും സേവിക്കുക. കഫഗുല്മത്തിന് ഗോമൂത്രത്തിലും പിത്തഗുല്മത്തിന് പശുവിൻപാലിലും കഫവാതഗുല്മത്തിന് മദ്യത്തിലും ത്രിദോഷഗുല്മത്തിന് ത്രിഫലകഷായത്തിൽ ഗോമൂത്രംചേർത്ത് അതിലും സേവിക്കണം. സ്ത്രീകൾക്ക് രക്തഗുല്മത്തിന് ഒട്ടകപ്പാലിലാണ് സേവിക്കേണ്ടത്. അർശസ്സ്, ഗ്രഹണി, കൃമിരോഗം ഇവക്കും ഈചൂർണ്ണം വളരെ വിശേഷമാണ്.

ദാധികഘൃതം.

വിഡാഗ്നിസൌവർച്ചലസിന്ധുചുക്രൈ-
രമ്ലാദികൈർവേതസബീജപൂരൈഃ
രസൈശ്ചതുർഭാഗമിതൈശ്ചതദ്വദ്
ഘൃതം ചതുർഭാഗദധിപ്രയുക്തം. ൨൩

സദാഡിമം ഹിംഗുകടുത്രയൈശ്ച
സജീരകം ദാധികസിദ്ധഹവ്യം
ഹൃൽപ്ലീഹഗുല്മാനപിഹന്തി സദ്യോ
ഭുക്തം പ്രഭുക്തം ജായത്യാവശ്യം. ൨൪

വിളയുപ്പ് കൊട്ടവേലിക്കിഴങ്ങ് തുവർച്ചിലയുപ്പ് ഇന്തുപ്പ് ചുക്കപ്പുളി ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് താളിമാതളത്തോട് കായം ചുക്ക് മുളക് തിപ്പലി ജീരകം ഇവ കല്ക്കമായി നെയ്യിൽ നാലിരട്ടി മാതളനാരങ്ങാനീരും തൈരുംചേർത്ത് നെയ്കാച്ചി സേവിക്കുക. ഹൃദ്രോഗം പ്ലീഹ ഗുല്മം ഇവ ശമിക്കും. ദഹനവും ഉണ്ടാകും. ഇതിന് ദാധികഘൃതം എന്നുപേർ.

വചാദിഗുടിക.

വചാഭയാക്ഷാരധനാജമോദ-
ഹിംഗ്വഗ്നിപഥ്യാവിഡസൈന്ധവാനാം
അജാജികാപുഷ്കരമൂലരിന്ദ്രി-
ണീകാജഗന്ധാഹപുഷാശടീനാം. ൩൫
പാഠാകണാമൂലസുവർച്ചികാനാം
സൌവർച്ചലസ്യാപി കടുത്രയാണാം
അമ്ലാദികസ്യാപ്യഥ വേതസസ്യ
ചൂർണ്ണംഹിജംബീരരസേനസാധ്യം. ൩൬
പുനഃ പുനർമ്മൃദ്യ തഥാക്ഷമാത്രാ
വസ്ത്രേവിധായാന്യ പതാശ്ചഭുക്താഃ
പ്രാതശ്ചഗുല്മാനപി പാണ്ഡുകാസാൻ
ശ്വാസാംശ്ചതൃന്നിപ്രതിതൃന്നികാദീൻ. ൩൭
പാർശ്വസ്യവസ്തേരപിശൂലമാശ്വ-
ഹ്യാദ്ധ്മാനമേവം ഖലുമൂത്രകൃച്ഛ്രം
ആനാഹപായുപ്രഭവാംശ്ചരോഗാൻ
പ്ലീഹാമയാംശ്ചാപി നിരാകരോതി. ൩൮

വയമ്പ് തുവർച്ചിലക്കാരം കൊത്തമ്പാലയരി അയമോദകം കായം കൊടുവേലിക്കിഴങ്ങ് കടുക്കാതൊണ്ട് വിളയുപ്പ് ഇന്തുപ്പ് ജീരകം പുഷ്കരമൂലം കോൽപുളി അട്ടനാറി വേളവേര് അടയ്ക്കാമണിയൻവേര് കച്ചോലം പാടക്കിഴങ്ങ് തിപ്പലിമൂലം തുവർച്ചിലയുപ്പ് തുവർച്ചിലക്കാരം ചുക്ക് മുളക് തിപ്പലി ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ പൊടിച്ച് പിന്നെയുംപിന്നെയും ചെറുനാരങ്ങാനീരിൽ അരച്ച് ഉണക്കി പൊടിച്ച് ശീലപ്പൊടിഎടുത്ത് പ്രാതഃകാലത്തിൽ സേവിക്കുക. ഗുല്മം, പാണ്ഡു, കാസം, ശ്വാസം, തൃന്നി, പ്രതൃന്നി, പാർശ്വശൂലം വസ്തിശൂലം, ആധ്മാനം. മൂത്രകൃച്ഛ്രം, ആനാഹം, അർശസ്സ്, പ്ലീഹ ഇവ ശമിക്കും.

വാതഗുല്മസംപ്രാപ്തി.

രൂക്ഷാണാംചാതിപാനം വിഷമമപിരഥാ
ഭോജനം, വേഗരോധഃ
ശോകശ്ചേഷ്ടാപഹാരോ വിലയമഥ ഭവേ-
ച്ചേന്മലസ്യ പ്രവൃത്തിഃ
ഹേതുർഗ്ഗുല്മസ്യനിത്യംപ്രഭവതിബഹുധാ
ചാപിനിദ്രാവിനാശോ
വാതോത്ഥസ്യാത്രവൈദ്യൈർന്നിഗദിതമനിശം
തദ്വിശേഷം ച വക്ഷ്യേ. ൩൯

യൽസ്ഥാനംതദ്വികല്പ്യാദ്രുജ അപിചതഭാവാ
യുവിട്സംഗശോഷാ
വക്ത്രസ്യാപ്യത്രതദ്വൽ തനുഗളവദനേ
ശ്യാവതാ വാരുണത്വം
ഹൃൽകുക്ഷൌ പാർശ്വയോർവ്വാ ശിരസിപുരുജഃ
ശ്ചാംസയോഃ സംഭവന്തി
യോജീർണ്ണേചാപികൃത്യഥ ച ബഹുതഥാ
ഭോജനേ ശാന്തിമേതി. ൪൦

തദ്വച്ഛീതജ്വരത്വം പ്രഭവതിനിതരാം
വാതഗുല്മേനരാണാം
രൂക്ഷംതിക്തംകഷായംകടു ച ബഹുവിധം
നോപസേവേതതത്ര
ലോകാഗ്നീചോഷ്ണദുഗ്ദ്ധേതിലഗുഡസഹിതേ
പായയേദ്വാതഗുല്മേ
ഗുല്മോദാവർത്തരോഗാനഥചഭഗഭവംശൂ
ലമുച്ചൈർന്നിഹന്യാൽ. ൪൧

രൂക്ഷാന്നഭോജനം, രൂക്ഷപാനം, വിഷമഭക്ഷണം, വേഗരോധം, ദുഃഖം, ചേഷ്ടാനാശം, മലസംഗം, നിദ്രാക്ഷയം ഗുല്മസ്ഥാനങ്ങളിൽ മാറിമാറി വേദന, വാതസംഗം, കണ്ഠശോഷം, മുഖശോഷം, ശരീരത്തിൽകരുവാളിപ്പ്, അല്ലെങ്കിൽ ചുവപ്പ്, ഹൃദയം കുക്ഷി പാർശ്വഭാഗം തോൾ ഈ സ്ഥാനങ്ങളിൽ കഠിനവേദന, ദഹനത്തിൻശേഷം വേദനഉണ്ടാകുക, ഭക്ഷണം കഴിച്ചാൽ വേദനശമിക്കുക, ശീതജ്വരം ഇവയെല്ലാം വാതഗുല്മങ്ങളുടെ ഹേതുക്കളാണ്. ഇതിന് രൂക്ഷങ്ങളായും കൈപ്പ്, ചവറ്റ്, എരിവ് ഇവയുള്ളതായും ഉദിക്കുന്ന പദാർത്ഥങ്ങൾ ഭക്ഷിക്കരുത്. ചുക്ക് കൊടുവേലിക്കിഴങ്ങ് ചൂടുള്ളപാല് എള്ള് ശർക്കര ഇവ ഒന്നിച്ച് പാകംചെയ്ത് സേവിക്കണം. ഗുല്മം ഉദാവർത്തം, യോനിശൂല ഇവ ശമിക്കും.

ശുണ്ഠ്യാദി.

പലാർദ്ധകം പലദ്വയം പലം പലം ചതുഷ്പലം
സവിശ്വമത്ര ചിത്രകം തിലംഗുഡംപയഃ സ്രുതം
സവാതഗുല്മനാശനംതുയോനിശൂലഹാരകം. ൪൨

ചുക്ക് അരപ്പലം. കൊടുവേലിക്കിഴങ്ങ് ൨ പലം. എള്ള് ഒരു പലം. ശർക്കര ഒരു പലം. പാൽ നാലു പലം. എല്ലാംകൂടി യോജിപ്പിച്ച് പചിച്ച് സേവിക്കുക. വാതഗുല്മം യോനിശൂല ഇവ ശമിക്കും.

(ഈ യോഗം, "ലോകാഗ്നീചോഷ്ണദൃശേധ" എന്ന പൂർവ്വശ്ലോകത്തിൽ പറയപ്പെട്ടതാണെങ്കിലും അവിടെ അതിന്റെ പാനക്രമം പറയായ്കയാൽ രണ്ടാമത് എടുത്തുപറഞ്ഞതാണ്.)

വേറൊന്ന്.

സ്വർജ്ജികാഗദസമം ച കേതകീ-
ക്ഷാരമത്ര തിലതൈലസംയുതം
വാതഗുല്മശമനായ പായയേ-
ദ്വൈദ്യഭൃദ്ഭൂപതിസമാജ്ഞയാ ധ്രുവം. ൨൩

സ്വർജ്ജികാക്ഷാരം കൊട്ടം കൈതക്ഷാരം ഇവ പൊടിച്ച് എള്ളെണ്ണയിൽകുഴച്ച് സേവിക്കുക. വാതഗുല്മം ശമിക്കും.

പിത്തഗുല്മം.

കടുദന്തശഠാഗ്നിരതീക്ഷ്ണരൂക്ഷ-
മധുഭിർദ്ദാഹകരൈശ്ച ക്രോധമാദ്യൈഃ
അമ്ലചാമവിഘാതതോ ഽഥദുഷ്ട-
രുധിരൈഃ പിത്തജഗുല്മസംഭവോ ഽത്ര. ൨൪

എരുവും പുളിയും ഉള്ള സാധനങ്ങളും തീക്ഷ്ണങ്ങളായും രൂക്ഷങ്ങളായും ഉൾപ്പുഴുക്കുണ്ടാക്കുന്നതായും ഇരിക്കുന്ന സാധനങ്ങളും ഭക്ഷിക്കുക, തീകൊള്ളുക, മദ്യപാനം ചെയ്യുക ഇവയെല്ലാം പിത്തഗുല്മകോപത്തിന്റെ ഹേതുക്കളാണ്.

ജ്വരസ്വേദസ്തൃഷ്ണാസദനമപിരാഗോ ഽപിലതനൌ
ഭവേച്ഛൂലംജീർണ്ണത്യപിസാശിതേസ്വേദഭേദപി ച.
വ്രണസ്പർശേയദ്വൽ പ്രഭവതിമഹാരുക് ചദവഥു-
സ്ഥ്രാപൈത്തേഗുല്മേത്രിഫലജജലൈശ്ചാപിത്രിവൃതഃ. ൨൫

സുചൂർണ്ണം കമ്പില്ലംസമശിതമലംമാക്ഷികയുതം
വിരേകായ ദ്രാക്ഷാവാമധുകശിശിരേഗോസ്തനികയാ
പയോമിശ്രേപീതേമധുകമഥവാതണ്ഡുലജലൈർ-
മധുത്ഥംപിത്തോത്ഥംഹരതിനിയതംഗുല്മനിചയം. ൨൬

ജ്വരം, സ്വേദം, തൃഷ്ണ, അഗ്നിമാന്ദ്യം, ശരീരത്തിലെല്ലാം ചുവപ്പ്, ദഹനത്തിനുശേഷം വേദന, വിയർപ്പ്, വ്രണത്തിൽ തൊട്ടാലത്തെപ്പോലെ ഗുല്മമുള്ളസ്ഥലത്തു തൊട്ടാൽ അധികമായ വേദന, ദേഹത്തിൽ അങ്ങുമിങ്ങും ചൂട് ഇവ പിത്തഗുല്മത്തിന്റെ ലക്ഷണങ്ങളാണ്. ഇതിന്ന് വിരേചനത്തിനായി ത്രികോല്പക്കൊന്നയും കമ്പിപ്പാലയുംകൂടിപൊടിച്ച് ത്രിഫലക്കഷായത്തിൽ കലക്കി തേനുംചേർത്ത് സേ

വിക്കുകയോ ഇരട്ടിമധുരം ചന്ദനം മുന്തിരിങ്ങാപ്പഴം ഇവകഷായം വച്ച് പാലുംചേർത്ത് സേവിക്കുകയോ ഇരട്ടിമധുരംപൊടിച്ച് തേനും ചേർത്ത് അരിക്കാടിയിൽ സേവിക്കുകയോ ചെയ്യണം. എന്നാൽ പിത്തഗുല്മം ശമിക്കും.

കഫഗുല്മത്തിന്റെ ഹേതുവും ലക്ഷണവും.

ഗുരുസ്നിഗ്ദ്ധംശീതംദിവസശയനംസ്ഥൈര്യമഥവാ
ഭവേൽചൂർണ്ണംസർവ്വംകഫകരമലംയച്ഛനിതരാം
കഫോദ്ഭൂതേഹേതുസ്തനുസദനഹൃല്ലാസകസനൈർ-
ഗുരുത്വംസ്നിഗ്ദ്ധത്വംജ്വരശിശിരതാചാന്നവിരുചിഃ. ൨൭

ഗുരുവും സ്നിഗ്ദ്ധവും ശീതവുമായ സാധനങ്ങൾ ഉപയോഗിക്കുക, പകലുറക്കം, അനങ്ങാതിരിക്കുക, തൃപ്തിയായി ഭക്ഷണം കഴിക്കുക, കഫകരങ്ങളായ വസ്തുക്കൾ ഉപയോഗിക്കുക ഇവയെല്ലാം കഫഗുല്മത്തിന്റെകാരണങ്ങളാകുന്നു. ശരീരത്തിനു തളർച്ച, ഓക്കാനം, ചുമ, ഗുരുത്വം, സ്നിഗ്ദ്ധത്വം, ജ്വരം, തണുപ്പ്, അരുചി ഇവ കഫഗുല്മത്തിന്റെ ലക്ഷണങ്ങളാണ്.

തച്ചികിത്സ.

തിലൈരണ്ഡസിദ്ധാർത്ഥകോമാജബീജൈഃ
പ്രലിപ്യാഥഗുല്മോപരിഷ്ടാദ്വിശേഷാൽ
സുഖോഷ്ണൈശ്ചസംസ്വേദയേല്ലോഹപാത്രൈ-
ർഭിഷക്ശ്ലേഷ്മഗുല്മപ്രണാശായനിത്യം. ൨൮

എള്ള് ആവണക്കിൻവേര് കടുക് അകത്തിക്കുരു ഇവ അരച്ച് ഗുല്മംഉള്ള സ്ഥലത്ത് ഉപരിഭാഗത്തിൽതേച്ച് ഇരുമ്പുപാത്രംകൊണ്ട് ചെറുചൂടോടെ നിത്യവും വിയർപ്പിക്കണം. എന്നാൽ കഫഗുല്മം ശമിക്കും.

ഭല്ലാതകഘൃതം.

ഭല്ലാതകാനാംദ്വിപലം ച പഞ്ച-
മൂലീപലൈകം ച വിദാരിഗന്ധൈഃ
നീരാഢകേപാച്യ ച പാദശേഷേ
കണാംവചാംനാഗരകം വിഡംഗം. ൨൯

യവാഗ്രജൈഃ സൈന്ധവചിത്രരാസ്നാ-
ബാഹ്ലീകകച്ചൂരവിഡാംസ്തഥൈവ
കർഷോന്മിതാന്യേഷ്വപൃഥക്പൃഥക് ച
ദ്വൈദ്ധകപ്രസ്ഥേനഘൃതസ്യപ്രസ്ഥം.
സംപാചയേദ്വൈദ്യമധുകേനസാർദ്ധം ൩൦

ശ്ലേഷ്മോദ്ഭവോംഗുല്മരുജം ച പാണ്ഡും
പ്ലീഹാമയംശ്വാസരുജം തഥൈവ
പീതം നിഹന്യാദ്ഗ്രഹണീവികാരം. ൫൭

ചക്കര പലം ൨. ബൃഹൽപഞ്ചമൂലം ഓരോപലം. മൂവില ഒരു പലം. ഇവ എല്ലാം കൂടി ൧൬ ഇടങ്ങഴി വെള്ളത്തിൽ പാകം ചെയ്ത് നാലൊന്നാക്കി അതിൽ തിപ്പലി വയമ്പ് ചുക്ക് വിഴാലരി ചവൾക്കാരം ഇന്തുപ്പ് വെളുത്താവണക്കിൻവേര് അയമോദകം കച്ചോലം വിളയുപ്പ് ഇരട്ടിമധുരം ഇവ മുമ്മൂന്നുകഴഞ്ചുവീതം അരച്ചുകലക്കി ഇടങ്ങഴി നെയ്യും ഇടങ്ങഴിപാലും ചേർത്ത് കാച്ചുക. ഈഘൃതം ശ്ലേഷ്മഗുല്മം, പാണ്ഡു, പ്ലീഹ, ശ്വാസം ഗ്രഹണി ഇവയെ ശമിപ്പിക്കും.

വാതപിത്തജഗുല്മം.

ജീര്യത്യന്നേ ശൂലമേവാശു ജീർണ്ണേ
ചേച്ഛാഞ്ചല്യം ചാപി പീഡാവിശേഷാൽ
ഭുക്തേദാഹോ ചാന്യഥാ ശൈത്യമത്ര
ഗുല്മേപ്രായോവാതപിത്തപ്രഭൂതേ. ൫൮

അന്നം ദഹിച്ചുകൊണ്ടിരിക്കുമ്പോഴും ദഹിച്ചുകഴിഞ്ഞതിനുശേഷവും ശൂലം, ഗുല്മത്തിന് ഇളക്കം, പീഡ, ഊണുകഴിഞ്ഞാൽ മിക്കവാറും സർവാംഗസന്താപം, അല്ലെങ്കിൽ ശൈത്യം ഇവ വാതപിത്തഗുല്മലക്ഷണങ്ങളാണ്.

വാതപിത്തഗുല്മചികിത്സ.

ദ്രാക്ഷായവക്ഷാരശിലാജതൂനാം
ഭാഗേന തുല്യേന തഥാശിവാനാഃ
ചൂർണ്ണം ച പഞ്ചാംഗ്രിജലേന പീതം
ഗുല്മം നിഹന്ത്യാശു ച വാതപൈത്തം. ൫൯

മുന്തിരിങ്ങ ചവൾക്കാരം കന്മദം ഇവയൊക്കെക്കൂടിയിടത്തോളം കടുക്കാ. എല്ലാം കൂടി പൊടിച്ച് ബൃഹൽപഞ്ചമൂലം കഷായം വച്ച് അതിൽ സേവിക്കുക; വാതപിത്തഗുല്മം ശമിക്കും.

വേറൊന്ന്.

ത്രായമാണപ്രസൃതിം ദശഭാഗ
നീരസിദ്ധമിഹപഞ്ചമഭാഗം
വസ്ത്രപൂതമഥ കർഷികകല്കൈഃ
രോഹിണീത്രികടുധാന്യധനാനാം. ൬൦

ചന്ദനോൽപലകൃശാനുവിഡംഗ-
ത്രായമാണത്രിഫലാനളദാനാം

ഗോസ്തനസ്യ ചവികാ കടുകാനാം.
രക്തവാസ്തുകസയാഷ യുതാനാം. ൬൧

ധാത്രികാഫലരസാഷ്ടപലേന
തദ്വദേവ പയസാതുഘൃതം ദ്രാക്-
സാധിതം സമശിതം ഖലു വാത-
പിത്തഗുല്മശമനായ ച പീതം. ൬൨

നാലുപലം ബ്രഹ്മി പത്തിരട്ടിവെള്ളത്തിൽ കഷായംവച്ച് അഞ്ചുഭാഗമാക്കി അരിച്ചെടുത്ത് കടുകരോഹിണി ചുക്കു മുളക് തിപ്പലി, കൊത്തമ്പാലയരി മുത്തങ്ങാക്കിഴങ്ങ് ചന്ദനം ചെങ്ങഴിനീർക്കിഴങ്ങ് കൊടുവേലിക്കിഴങ്ങ് വിഴാലരി ബ്രഹ്മി ത്രിഫല രാമച്ചം മുന്തിരിങ്ങാ കാട്ടുമുളകുകൊടിവേര് കടുക് ചുവന്നവസ്തുച്ചീര കടിത്തൂവവേര് ഇവ മുമ്മൂന്നുകഴഞ്ചുവീതം അരച്ചുകലക്കി, ഇരുനാഴി പച്ചനെല്ലിക്കാനീരും ഇരുനാഴി പാലും ഇടങ്ങഴിനെയ്യും ചേർത്തുകാച്ചുക. ഈ നെയ്യ് സേവിച്ചാൽ വാതപിത്തഗുല്മം ശമിക്കും.

വാതകഫജഗുല്മം.

മന്ദം വിസർപ്പതിയദാ ജഠരേ ചമന്ദ-
പീഡശ്ചഗൌരവയുതഃ ശിശിരശ്ചഗുല്മഃ
ഹൃല്ലാസകൃച്ചഖലു വാതകഫപ്രഭൂത-
സ്തസ്യോപ ചാരമധുനാത്രവിചാര്യ വക്ഷ്യേ. ൬൩

ജഠരത്തിൽ മന്ദമായി വ്യാപിക്കുക, പീഡകുറഞ്ഞിരിക്കുക, വയറ്റിൽ കനം, തണുപ്പ്, നെഞ്ചുരുക്കം ഇവ വാതകഫഗുല്മത്തിന്റെ ലക്ഷണങ്ങളാണ്. അതിനുള്ള ചികിത്സയെയാണ് ഇനിയും പറയാൻ പോകുന്നത്.

മിശ്രകസ്നേഹം.

ദഹനസിന്ധുധനാഹപുഷ്കരാ-
ത്രികടുകത്രിഫലാദശമൂലകൈഃ
മഗധജാംഘ്രിത്രിവൃദ്ഭിരലംതഥാ
വരയവാനികയാ ഖലുദന്തിനീ. ൬൪

അപി ചദാഡിമചവ്യസുജാതികാഃ
പലമിതാശ്ചചലൈശ്ചപലൈഃ പൃഥക്
പയസിവേദഗുണേ ച ശൃതാസ്സമം
ശൃതതമേ ചജലേപദശേഷിതേ. ൬൫

ഘൃതരുബൂകജതൈലപയാംസിവൈ
വരഭിഷക്പരിപാച്യ ച മിശ്രകം

സമധുവാതകഫോദ് ഭവേഗുല്മിനേ
പരിദദീതതഥൈവച കുഷ്ഠിനേ. ൨൦

യോനിശൂലമുദരാഗ്നിനാശയേൽ
കുഷ്ഠഗുല്മഗുദശൂലദാനലം
പ്ലീഹരോഗമഥമിശ്രകസ്സദാ
സ്നേഹഏഷപരിപീയതേ യദാ. ൨൧

കൊട്ടവേലിക്കിഴങ്ങ് ഇന്തുപ്പ് കൊത്തമ്പാലയരി അടയ്ക്കാമണിയൻവേര് മേദ ചുക്ക മുളക തിപ്പലി ത്രിഫല ദശമൂലം തിപ്പലിമൂലം ത്രികോല്പക്കൊന്ന ജീരകം നാഗദന്തിവേര് താളിമാതളത്തോട് ജാതിക്ക ഇവ ഓരോ പലം. അടവിക്കച്ചോലം പലം ഒന്ന്. എല്ലാ മരുന്നുകളുടെയും നാലിരട്ടി വെള്ളത്തിൽ കഷായം വച്ച് നാലൊന്നാക്കി, നെയ്യ് അവണക്കെണ്ണ, പാൽ ഇവ ചേർത്തുകാച്ചി, തേൻകൂട്ടി സേവിക്കുക, വാതകഫഗുല്മം, കുഷ്ഠം, യോനിശൂലം, മഹോദരം, ശൂലം, പ്ലീഹരോഗം, ഇവ ശമിക്കും. ഇതിന് മിശ്രകഘൃതം എന്നു പേർ.

ഹിംഗ്വചാദി.

ഹിംഗ്രുഗന്ധാഹപൂഷാഭയാനാം
പാഠാജമോദാഗ്നികനാശടീനാം
ദ്വിക്ഷാരചവ്യദ്വിപട്ടത്രയാണാം
കടുത്രയാണാമജഗന്ധികായാഃ. ൨൨

തിന്തീഡികാദാഡിമപൌഷ്കരാണാ-
മജാജികാമ്ലാദികവേതസാനാം
ചൂർണ്ണം ചമദ്യേനതതോഷ്ണനീരൈഃ
സശ്ലേഷ്മവാതപ്രഭവേതുഗുല്മേ. ൨൩

ഹൃദ്വസ്തിപാർശ്വപ്രഭവേപിശൂലേ
പായുപ്രഭൃതേപിചയോനിശൂലേ
പാണ്ഡ്വാമയേ പ്ലീഹഗദേട്രുചൌച
ഹിക്കാഗദേശ്വാസഗളഗ്രഹേച. ൨൪

അർശോവികാരേഗ്രഹണീഗദേചാ-
പ്യരോചിബന്ധേ വിധിവൽപ്രദേയം
വാജീജപൂരദ്രവഭാവിതസ്യ
യഥേഷ്ടഭാഗേന ച തസ്യ കല്ക്കഃ. ൨൫

ഹിക്കാസുദേയാശ്ചഭിഷഗ്ഭിരത്ര
ഹിംഗ്വാദിചൂർണ്ണം ച തഥാവടീവാ

ഭുക്താഗ്നിമാന്ദ്യപ്രഭവാനനേകാൻ
വ്യാധീംശ്ചസദ്യോഹനിരാകരോതി. ൨൬

കായം വയമ്പ് അടയ്ക്കാമണിയൻവേര് കടുക്കാത്തോട് പാടക്കിഴങ്ങ് അയമോദകം കൊട്ടവേലിക്കിഴങ്ങ് കൊത്തമ്പാലയരി കച്ചോലം ചവക്കാരം തുവർച്ചിലക്കാരം കാട്ടുമുളകുകൊടിവേര് ഇന്തുപ്പ് വിളയുപ്പ് തുവർച്ചിലയുപ്പ് ചുക്ക മുളക തിപ്പലി ആട്ടുനാറിവേള പുളിവേങ്ങിൻതൊലി മാതളത്തോട് പുഷ്കരമൂലം ജീരകം ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ പൊടിച്ച് മദ്യത്തിലോ ചൂടുവെള്ളത്തിലോ സേവിക്കുക. കഫവാതഗുല്മം, ഹൃദയശൂലം, വസ്തിശൂലം, പാർശ്വശൂലം, ഗുദശൂലം, യോനിശൂലം, പാണ്ഡു, പ്ലീഹ, അരുചി, ഇക്കിൾ, ശ്വാസം, ഗളഗ്രഹം, അർശസ്സ്, ഗ്രഹണി, ഉദരാബന്ധം, ഇവ ശമിക്കും. ഈ ചൂർണ്ണം മാതളനാരങ്ങാനീരിൽ അരച്ച് വടകമാക്കി ഇക്കിളിനു കൊടുത്താൽ ദൃഷ്ടഫലമാണ്. അതുകൂടാതെ അഗ്നിമാന്ദ്യംകൊണ്ടുണ്ടായിട്ടുള്ള സകല രോഗങ്ങളെയും ഹനിക്കും.

പിത്തകഫജഗുല്മം.

ജ്വരഃ സപീഡോ വ്രണവദ്വിദാഹ-
ശൈത്യേയദാവംക്ഷണയോർഭവേതാം
തഥാശരൈർജ്ജീർണ്ണതിയച്ചപിത്ത-
ശ്ലേഷ്മോദ്ഭവേ സ്വേദജലം ചഗുല്മേ. ൨൭

പീഡയോടുകൂടിയജ്വരം, വ്രണത്തിൽ ഉണ്ടാകുന്നതുപോലെ ഒടിവുകളിൽ ചൂടും തണുപ്പും ഉണ്ടാകുക, ദഹനംതുടങ്ങുമ്പോൾ വിയർപ്പ് ഇവ പിത്തകഫജമായ ഗുല്മത്തിന്റെ ലക്ഷണമാണ്.

പിത്തകഫജഗുല്മചികിത്സ.

വിദാരീശടീക്ഷീരകാകോളികാഭിർ-
ധനാദേവദാരുത്രയൈരൂഷണൈശ്ച
സമധ്വാജ്യയഷ്ടീകഷായം സചവ്യം
സസിന്ധും സഖണ്ഡം ച മധ്വാന്വിതം ച. ൨൮

സപിത്തം വലാസപ്രഭൃതം ചഗുല്മം
നിഹന്ത്യാശുപീതം കൃതം വൈദ്യധുര്യൈഃ
തഥാന്യന്നളാദിപ്രഭൃതം കഷായം
സപിത്തേവലാസോത്തരേഗുല്മരോഗേ. ൨൯

പാൽമുതക്കിൻകിഴങ്ങ് കച്ചോലം ക്ഷീരകാകോളി കൊത്തമ്പാലയരി ദേവതാരം ചുക്ക മുളക തിപ്പലി ഇരട്ടിമധുരം കാട്ടുമുളകുകൊടിവേരു ഇവകഷായംവച്ച് തേൻ നെയ്യ് ഇന്തുപ്പ് കല്ക്കണ്ടം മദ്യം ഇവ

ഏതെങ്കിലും അനുപാനമായി സേവിക്കുക. കഫപിത്തജമായ ഗുല്മം ശമിക്കും. ഇതുകൂടാതെ വേഴപ്പുല്ല് കഷായംവച്ചു മുൻപറഞ്ഞ അനുപാനം ഏതെങ്കിലും ചേർത്തു സേവിച്ചാലും കഫപിത്തഗുല്മം ശമിക്കും.

വേറൊന്ന്.

നളവഞ്ജുളകാശകശേരുകമൂലം
ശൃതമംബുവല്ലൂത്തമകംബുയുതം
സയവാഗ്രജമാശു ച ഗുല്മമലം
ബഹുപിത്തവലാസഭവം തു ഹരേൽ. ൧൦

വേഴപ്പുല്ലിൻവേര് അശോകത്തൊലി ആറ്റുദർഭവേര് കുശവേര് കരിമ്പിൻവേര് കച്ചോലം ചവർക്കാരം ഇവ കഷായംവച്ച് സേവിക്കുക; പിത്തകഫജമായ ഗുല്മം ശമിക്കും.

ത്രിദോഷജഗുല്മം.

ഉപദ്രവൈശ്ച സകലൈഃ സമേതോ
ഗുല്മസ്ത്രിദോഷപ്രഭവോ ഹി ലിംഗൈഃ
ദോഷൈസ്ത്രിഭിശ്ചാശു ത്രിഭിരുപായൈഃ
സാദ്ധ്യഃ സമാപ്യോ ഭവതീത്യഥാശു. ൧൧

ഓരോ ദോഷങ്ങളും കോപിച്ചാലുള്ള ലക്ഷണങ്ങൾ എല്ലാം കൂടി ഒന്നിച്ച് ഉണ്ടായിരുന്നാൽ അതു ത്രിദോഷഗുല്മമാണ്. ഇതിനു ഓരോ ദോഷകോപത്തിനും പറഞ്ഞിട്ടുള്ള ചികിത്സകൾ എല്ലാം ഒന്നിച്ചു ചെയ്യണം. എന്നാൽ അത് സാദ്ധ്യമായിത്തീരും.

ത്രിദോഷഗുല്മചികിത്സ.

ക്ഷാരാഷ്ടകം.

പലാശവജ്രീതിലനാളചിഞ്ചാ-
കേകീയവസ്വർജ്ജികടങ്കണാനാം
ക്ഷാരാനഥോക്ത്യസ്യ ച കന്യകായാം
മാംസേന ഗോഹവ്യയുതം ച ചൂർണ്ണം. ൧൨

വ്യോഷാഭയാസിന്ധുഭവം വിശേഷാൽ
സുധൂളിതം യസ്തു ഗിളേദനന്തഃ
ത്രിജാതഗുല്മം ചശിവാസ്യരോഗ-
മജീർണ്ണമാശു ക്ഷാരാഷ്ടകമേവ ഹന്തി. ൧൩

പ്ലാശിൻതൊലി കള്ളിപ്പാലവേരിൻതൊലി എള്ളിൻകോച്ചിൽ ചെറുകടലാടി യവം സർജ്ജീക്ഷാരം പൊൻകാരം എരിക്കിൻവേര്

ഇവ ഒരു കലത്തിൽ ഇട്ട് ആ കലത്തിന്റെ വായ് ചട്ടികൊണ്ട് മൂടി ശീലമൺചെയ്ത് അടിക്ക് തീയെരിച്ച് ക്ഷാരമാക്കി എടുത്ത്, കററാർവാഴയുടെ മാംസവും നെയ്യും ചേർത്ത് സേവിക്കുക. വിശേഷിച്ച് ഈ ക്ഷാരത്തിന്റെകൂടെ ചുക്ക മുളക തിപ്പലി കടുക്ക ഇന്തുപ്പ് ഇവ പൊടിച്ച പൊടിയുംകൂടി ചേർത്തുകൊള്ളണം. ത്രിദോഷഗുല്മം, ശൂലം, അജീർണ്ണം ഇവ ശമിക്കും.

വജ്രക്ഷാരം.

സാമുദ്രസൈന്ധവസുവർച്ചിലടങ്കണാനാം
സുസർജ്ജികാസമയവാഗ്രജസംയുതാനാം
ചൂർണ്ണം സവജ്രിരവിദുഗ്ദ്ധവിഭാവിതം പ്രാഗ്-
ദ്രോധാർക്കപത്രപരിലിപ്തവിദഗ്ദ്ധമന്തഃ. ൧൪

ക്ഷാരം ഫലത്രയകടുത്രയവഹ്നിജീര-
ക്ഷാരം ഫലത്രയകടുത്രയവഹ്നിജീരം
ദീപ്യാസമം സമശിതം ഖലു ടങ്കയുഗ്മം
ഗുല്മോദരേഷു ശിവശസ്ത്രഗദേഷ്വജീർണ്ണ-
മന്ദാഗ്നിരോഗനികരേഷു തഥോഷ്ണവാതേ. ൧൫

വാതേऽധികേ കോഷ്ണജലൈർഘൃതേന
പിത്തേ കഫേ വാപി ഗവാം മനീരൈഃ
സൽകാഞ്ജികേനാപി ച സന്നിപാത-
കോപേ സ്വയം ഭൃംഗഗദിതം വിശേഷാൽ. ൧൬

പ്ലീഹോദരേ ക്ഷാരമിദം ച വജ്ര-
ശബ്ദാദികം സേവ്യമലം മനുഷ്യൈഃ
യഥാനുപാനം വരവൈദ്യഭൃത്യാ-
സമാജ്ഞയാ നിത്യസുപഥ്യമശ്നൻ. ൧൭

കടലുപ്പ് ഇന്തുപ്പ് തുവർച്ചിലക്കാരം പൊൻകാരം സർജ്ജിക്ഷാരം ചവർക്കാരം ഇവ പൊടിച്ച് കള്ളിപ്പാലയുടേയും എരിക്കിന്റേയും പാലിൽ മൂന്നുതവണ അരച്ച് ഒന്നാക്കി, പൊടിച്ച് ആ പൊടി എരിക്കിലയിൽ തേച്ചുപിടിപ്പിച്ച് ഒരു കുടത്തിൽ ഇട്ട് ആവി വെളിയിൽപോകാതെ, പാകംചെയ്ത് ക്ഷാരമാക്കി അതിൽ ത്രിഫല ചുക്ക മുളക തിപ്പലി കൊടുവേലിക്കിഴങ്ങ് ജീരകം അയമോദകം ഇവ സമം എടുത്ത് ക്ഷാരത്തിൽ പകുതി ചേർത്ത് യോജിപ്പിച്ച് ...ൽ കഴഞ്ചുവീതം സേവിക്കുക; ഗുല്മം, ഉദരം, ശൂലം, അജീർണ്ണം, ഊഷ്ണവാതം ഇവ ശമിക്കും. വാതാധിക്യത്തിൽ ചൂടുവെള്ളത്തിലും, പിത്താധിക്യത്തിൽ നെയ്യിലും, കഫാധിക്യത്തിൽ ഗോമൂത്രത്തിലും, സന്നിപാതഗുല്മത്തിൽ കാടിയിലും സേവിക്കണം. പ്ലീഹോദരത്തിന് ഈ

ക്ഷാരം സിദ്ധഫലമാണ്. ഇതുകൂടാതെ ദക്ഷനായ വൈദ്യന്റെ അഭിപ്രായപ്രകാരം യുക്താനുപാനത്തിൽ ഈ ക്ഷാരം നിത്യവും സേവിച്ചാൽ എല്ലാരോഗങ്ങൾക്കും നല്ലതാണ്. ഇതിന്നു വജ്രക്ഷാരം എന്നുപേർ.

ആർത്തവഗുല്മം.

യദാനവപ്രസൂതികാകുപഥ്യപാനാശാലിനീ
തഥാമഗർഭമോക്ഷിണീ ഋതൗ തഥൈവ വിശേഷതഃ
പരിം ...നോഗതം വ്യഥാതദാത്താപ്രഗൃഹ്യവൈ
കരോതിഗർഭലക്ഷണം സദാഗതിസ്സഗുല്മകം. ൧൮

തദാസ്യന്ദതേപിണ്ഡിതഏവ പൈത്ത-
സമംലിംഗമേതന്ത്യശൂലേനയുക്തം
സഗുല്മോഭവേദ്ദൌധിരോമാസധീഭിഃ
പരംസഃപരീക്ഷ്യ പ്രതീകാര്യ്യ ഏവ. ൧൯

പ്രസവിച്ചുകിടക്കുമ്പോൾ അപഥ്യാഹാരങ്ങൾ ഭക്ഷിക്കുക; ഗർഭം പൂർണ്ണമാകാതെ അലസിപ്പോകുക; ഋതുവായിരിക്കുമ്പോൾ ഭർത്തൃസംഗമംചെയ്ക; ഈ കാരണങ്ങൾകൊണ്ട് വായു കോപിച്ച് ആർത്തവരക്തത്തെ പിടിച്ച് ഗർഭാകൃതിയിൽ ഗുല്മത്തെ ഉണ്ടാക്കും. ആ ഗുല്മം പിണ്ഡാകാരം ആയിട്ട് ഇളകും. പിത്തഗുല്മത്തിന്റെ ലക്ഷണവും ശൂലവും ഉണ്ടായിരിക്കും. ഇതാണ് രക്തഗുല്മം. ഇത് പത്തുമാസം കഴിഞ്ഞതിനുശേഷം പരീക്ഷിച്ചറിഞ്ഞിട്ടുവേണം ചികിത്സിക്കേണ്ടത്.

യഥാവായഥാജീർണ്ണതാചാസ്യസാദ്ധ്യ-
സ്തഥാസൈവസ്തഥാസംചികിത്സ്യസ്തവൈദ്യൈഃ
തദാക്ഷാരതോയൈഃ പലാശസ്യ...
ഭിഷക്പായയേന്നഷ്ടശുദ്ധാകൃതിശ്ചേൽ. ൨൦

രക്തഗുല്മത്തിൽ അജീർണ്ണം വരാതിരിക്കത്തക്കവിധം വേണം വൈദ്യൻ ചികിത്സിക്കേണ്ടത്. രക്തഗുല്മമുള്ള വർക്ക് മുലയിൽനിന്നും പാൽ വരുന്നില്ല എങ്കിൽ പലാശക്ഷാരം വെള്ളത്തിൽ കലക്കി തെളിച്ച് എടുത്ത് അതിൽ നെയ്യുകാച്ചി കൊടുക്കണം.

സ്തനേഗർഭവത്യാസ്സമാനംപ്രവക്ഷ്യ
വിശേഷേണ ഫേനോദ്ഗമംസംപരീക്ഷ്യ
തിലവ്യോഷഭാർങ്ഗീഗുഡകാഥമദ്യൈ-
ര്ല്ലതൈർവൈദ്യഭ്രൂപോപിഭ്രൂപാജ്ഞയൈവ. ൨൧

ഉദീതപ്രകർഷേണമൂഢശ്ച ഗർഭോ
പതത്യാശ്രുകേശാസ്ഥിഹീനോപ്യസദ്യഃ
തഥാനഷ്ടപുഷ്പാപി വ്യോഷസ്യപാനാ-
ല്ലഭേനഷ്ടപുഷ്പം വിശേഷേണ ...ൽ. ൨൨

രക്തഗുല്മിനിയ്ക്ക് മുലക്കണ്ണു കറുക്കുക, മുലയിൽ പാൽ ഊറുക മുതലായ ഗർഭിണിയുടെ ചിഹ്നം കണ്ടാൽ വിശേഷിച്ചും മുലയിൽനിന്ന് പത പുറപ്പെടുന്നുണ്ടെങ്കിൽ എള്ളു ചുക്കു മുളക് തിപ്പലി ചെറുതേക്ക് ഇവ കഷായംവച്ച് ശർക്കരയും നെയ്യും അനുപാനം ചേർത്ത് കൊടുക്കണം. എന്നാൽ കേശം അസ്ഥി ഇവയൊന്നും ഇല്ലാതെ മൂഢഗർഭം പതിക്കും. ഋതുവാകുമ്പോൾ രജസ്സ് ഇല്ലാത്തവൾക്ക്, ചുക്കു മുളകു തിപ്പലി ഇവ പൊടിച്ച് ചൂടു വെള്ളത്തിൽ കലക്കി കൊടുത്താൽ രജസ്സ് ഉണ്ടാകും.

ഗുല്മോപദ്രവങ്ങൾ.

ശിരോരുഗ്ജ്വരഃ പാർശ്വപീഡാ ചദാഹ-
സ്തൃഷാശീതതാനിശ്ചലത്വം ചകാസഃ
തഥാശൈത്യവാന്ത്യേ ...
ദശോപദ്രവാഗുല്മരോഗസ്യ നിത്യം. ൨൩

തലവേദന, ജ്വരം, പാർശ്വപീഡ, സർവാങ്ഗസന്താപം തണ്ണീർദാഹം തണുപ്പ്, ഗുല്മത്തിന് ഇളക്കമില്ലായ്ക, ചുമ, വയററിൽ കനം നെഞ്ചുരുക്കം ഇങ്ങനെ പത്ത് ഉപദ്രവങ്ങൾ ഗുല്മരോഗത്തിൽ ഉണ്ടായിരിക്കും.

ഗുല്മത്തിന്റെ അസാദ്ധ്യലക്ഷണം.

അതിദവഥുപരീതമശ്മതുല്യം
ബഹുരുജമുന്നതശീഘ്രദാഹിതീവ്രം
ത്രിദോഷമഥതൈജവഗുന്മരോഗം
ബലജഠരാനലഹാരികം ത്വസാദ്ധ്യം. ൨൪

അതിയായ സന്താപം, കല്ലുപോലെ കാഠിന്യം, അതിവേദന, ഇവയുണ്ടായിരിക്കുക; പൊങ്ങിയും, ശീഘ്രദാഹിയായും തീവ്രമായും ഇരിക്കുക; ഇങ്ങനെയുള്ള ഗുല്മവും ത്രിദോഷോദ്ഭവവും ബലക്ഷയം അഗ്നിമാന്ദ്യം ഇവയെ ഉണ്ടാക്കുന്നതുമായ ഗുല്മവും അസാദ്ധ്യമാണ്.

ക്രമശഃ കൃതവസ്ഥപരിഗ്രഹണം
ശിവശസ്ത്രയുതം ബഹുതഷ്ടകരം
ജ്വരവേപഥുഛർദ്ദിവിരേകരുജം
ശ്വാസനശ്വയഥുപ്രയുതം ച ഖരം. ൨൫

അചിക്രമസമോന്നതമേവസിരാ-
പരിണദ്ധമലം യദിഗുല്മഗദം
ശയനാഭിപദേഷു ഹൃദിശ്വയഥുർ-
യദിഗുല്മഗദേന്നരുചേർ വികൃതിഃ. ൨൩

യദികാർശ്യമലം ചതനൌ ഭവതി
പ്രസഭം ജ്വരസ്യ ച ഗ്രന്ഥിഗതം
അതിമൂഢതമത്വമസൌവ്രജതി
ധ്രുവമേവയമസ്യ നികേതമലം. ൨൪

ക്രമേണ വളരെസ്ഥലത്ത് വ്യാപിക്കുക, ശൂലം, വലിയ തണ്ണീർ ദാഹം, ജ്വരം, വിറയൽ, ഛർദ്ദിക്കുമ്പോഴും വയറിളകുമ്പോഴും വേദന, ശ്വാസം, നീര്, പറുപറുപ്പ്, ആമയുടെ ആകൃതിയിൽ ഇരിക്കുക, ഉദരം ഞരമ്പുകൾകൊണ്ടു മൂടിയിരിക്കുക, കയ്യ്, നാഭി, പാദം, ഹൃദയം, ഈ സ്ഥാനങ്ങളിൽ നീര്, അരുചി, ശരീരത്തിനു വളരെ ചടപ്പ്, മുഴയുണ്ടായി പെട്ടെന്നുമായുക, അതിമൂഢത്വം ഈ ലക്ഷണങ്ങൾ ഉള്ള ഗുല്മവും നിശ്ചയമായും അസാദ്ധ്യമാണ്.

ഗുല്മം വിട്ടുമാറിയാലുള്ള ലക്ഷണം.


അനുപലബ്ധിരലം ലഘുതാരഥാ
ക്രമതഃഎവതു കോഷ്ഠവിഹീനതാ
അധികഭോജനപാനയഥേച്ഛതാ
വിഗതഗുല്മഗദസ്യഹി ലക്ഷണം. ൨൫

ഗുല്മം ഇല്ലാതാകുക; കനക്കുറവ്, വയററിൽ ഒന്നുംഇല്ല എന്നു തോന്നുക; ഉണ്ണുന്നതിനും ജലപാനത്തിനും അധികമായ ആഗ്രഹം, ഇവ ഗുല്മം വിട്ടുമാറിയാലുള്ള ലക്ഷണമാണ്.

ശ്രീമൽഗുരോഃ പാദസരോജഭൃംഗ-
ശ്രീകാശിനാഥാഖ്യചികിത്സകേന
ശ്രീതാതവൈദ്യാധിപവർണ്ണിതംയൽ
കൃതന്തുഗുല്മസ്യ ചികിത്സിതം തൽ. ൨൬

ഗുരുപാദാബ്ജഭക്തനായ കാശിനാഥൻഎന്ന വൈദ്യവര്യൻ ഭിഷഗ്വരനായ സ്വതാതനാൽ നിർമ്മിക്കപ്പെട്ട പല ശാസ്ത്രങ്ങളും നോക്കി അതിനെ അനുസരിച്ച് ഈ ഗുല്മചികിത്സയും ഇവിടെ കാണിച്ചിരിക്കുന്നു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ഗുല്മരോഗാധികാരം എന്ന ൨൪-ാം അദ്ധ്യായം കഴിഞ്ഞു.



പഞ്ചവിംശസ്തബകം.

ഹൃദ്രോഗാധികാരം.

താതംനിജം മാതൃയുഗം ഗുരും സ്വം
നത്വാവിലോക്യാപിച സുശ്രുതാദീൻ
കുർവേ ചികിത്സാം തുഹൃദാമയസ്യ
ശ്രീവൈദ്യഭൂപാനുമതേന സമ്യക്. ൧

നിജജനകൻ, രണ്ടമ്മമാർ, സ്വഗുരു ഇവരെ വന്ദിച്ച് 'സുശ്രുതാദി, മഹാഗ്രന്ഥങ്ങളും പരിശോധിച്ചുനോക്കി വൈദ്യവര്യന്മാരുടെ അഭിപ്രായമനുസരിച്ച് ഞാൻ ഹൃദ്രോഗചികിത്സയേ പറയുന്നു.

ഹൃദ്രോഗനിദാനം.

അത്യുഷ്ണം ച കഷായമമ്ലംഗുരുതിക്താഭജേന്മാനവ-
ശ്ചിന്താവേഗവിധാരണശ്രമമഹാഘാതൈശ്ചഭോജ്യൈരലം
ഹൃദ്രോഗഃഖലു വൈമനസ്യജനിതഃ പുംസസ്സമുജ്ജൃംഭതേ
പൂർവം രൂപമഥസ്വരൂപമപിസംപ്രാപ്ത്യംച നസ്യബ്രുവേ. ൨

അത്യുഷ്ണമായും കഷായരസം അമ്ലരസം തിക്തരസം ഇവയോടും, ഗുരുത്വത്തോടുകൂടിയതായും ഇരിക്കുന്ന സാധനങ്ങൾ ഭക്ഷിക്കുകകൊണ്ടും, ചിന്ത മലമൂത്രാദിവേഗധാരണം ശ്രമം അഭിഘാതം (അടി ഇടി മുതലായ ഹേമം) അദ്ധ്യശനം, ഇവകൊണ്ടും ആണ് ഹൃദ്രോഗം ഉണ്ടാകുന്നത്. ഹൃദ്രോഗിയുടെ വൈമനസ്യവും കാരണമായിരിക്കാം. ഇനിയും ക്രമേണ, ഹൃദ്രോഗത്തിൻെറ പൂർവ്വരൂപം, രൂപം, പത്ഥ്യാചരണം മുതലായവയെ പറയുന്നു.

ഹൃദ്രോഗത്തിൻെറ പൂർവ്വരൂപം.

ഭവേൽ കണ്ഠദാഹസ്തു ഭുക്തേന്നപാകോ
ഭവേന്നൈവസമ്യക് പ്രസേകസ്തഥാച.
ഭവേൽസ്തംഭജൃംഭേച ഹൃദ്രോഗപൂർവ
ഭവിഷ്യത്യലം സർവ്വതോഭവന്തി. ൩

ഭുജിച്ചാൽ കണ്ഠദാഹം, ഭക്ഷിക്കുന്ന അന്നം വേണ്ടപോലെ പാകം വരാതിരിക്കുക; വായിൽകൂടി വെള്ളംവരിക; സ്തംഭം, മുരിവിടുക, ഇവ ഹൃദ്രോഗത്തിൻെറ പൂർവ്വരൂപമാണ്.

ഹൃദ്രോഗസംപ്രാപ്തി.

വിഗുണദോഷചയാഹൃദയം ഗതാ-
രസമലംപരിദൂഷ്യഹൃദിതഥ്വരം

കിമപി ബാധമറേറാഗികന്തേ
ഹൃദയരോഗമസൌ പരികീർത്തിതഃ. ൪

ദോഷങ്ങൾ ദുഷ്ടങ്ങളായിത്തീൎന്ന് രസത്തെ ദുഷിപ്പിച്ച് ഹൃദയത്തിൽ ചെന്നുചേൎന്ന് അവിടെ പീഡയെ ഉണ്ടാക്കുന്നു. ഇതാണ് ഹൃദ്രോഗത്തിന്റെ സംപ്രാപ്തി.

ഹൃദ്രോഗത്തിൽ ശീലിക്കേണ്ടവ.

മധുരപാചകരോചകവാതഹൃ-
ന്മനസി ചേഷ്ടതമം ഖലു യസ്യ യൽ
ഹൃദയരോഗജുഷാം പരിശീലിതാം
ബഹുപരീക്ഷ്യ തഥാഹിതിഷങ് മതാം. ൫

മധുരവും പചനശക്തിയും രുചിയും ഉള്ളതും, വാതഹരവും മനസ്സിന് ഹിതവും ആയ വസ്തുക്കൾ നല്ലവണ്ണം പരീക്ഷിച്ച് ഹൃദ്രോഗി ശീലിക്കണം.

ഹൃദ്രോഗചികിത്സ.

ഘൃതദുഗ്ധഗുഡാംബുഭിഃ ക്രമാൽ
കകുഭത്വക്പരിചൂൎണ്ണിതം ഭജേൽ
ഹൃദയസ്യ രുജാസ്തു ജീൎണ്ണകേ
ബഹുധാ ലോഹിതപിത്തനാശനം. ൬

നീർമരുതിൻതൊലി ഉണക്കിപ്പൊടിച്ച് നെയ്യ് പാൽ ശൎക്കര ജലം ഇവയിൽ ക്രമേണ സേവിക്കുക. ഹൃദ്രോഗം, ജീൎണ്ണജ്വരം, രക്തപിത്തം ഇവ ശമിക്കും.

വേറൊരുയോഗം.

ഹരീതകീമാഗധികാവചാനാം
രാസ്നാശഠീനാഗരപുഷ്കരാണാം
ചൂൎണ്ണം ച ഹൃദ്രോഗഹരം വിശേഷാൽ-
സേവ്യം തദാവൈദ്യനൃപാവദന്തി. ൭

കടുക്കാത്തോട് തിപ്പലി വയമ്പ് അരത്ത കച്ചോലം ചുക്ക് പുഷ്കരമൂലം, ഇവ പൊടിച്ച് യുക്തമായ അനുപാനത്തിൽ സേവിക്കുക; ഈ ചൂൎണ്ണം ഹൃദ്രോഗത്തിന് വളരെ വിശേഷമാണ്.

അന്യയോഗം.

ചൂൎണ്ണം ച പുഷ്കരജടാപ്രഭവം മധുക്തം
തദ്വച്ച വല്ലൂലഭവം കകുഭസ്യ ചൂൎണ്ണം
ഹൃച്ഛൂലകാസശമനായ ച സേവ്യമാശു
ശ്വാസഘ്നമേതദുദിതം വരയോഗയുഗ്മം. ൮

പുഷ്കരമൂലിവേരു് പൊടിച്ച് തേനിൽകുഴച്ചുസേവിക്കുക; അല്ലെങ്കിൽ നീർമരുതിൻതൊലിപൊടിച്ച് തേനിൽ സേവിക്കുക. ഹൃദ്രോഗം, ശൂലം, കാസം, ശ്വാസം ഇവ ശമിക്കും. ഇങ്ങനെ രണ്ടു യോഗം.

മറെറാരുയോഗം.

പുടദഗ്ധം ച കുരംഗശൃംഗം
പിഷ്ടം ച ഗവ്യേന ഘൃതേന പീതം
ഹൃൽപൃഷ്ഠശൂലം വിനിഹന്തി സദ്യഃ
ശ്രീവൈദ്യഭൂമീപതയോ വദന്തി. ൯

മാൻകൊമ്പ് ശരാവസ്പുടം ചെയ്ത് പൊടിച്ചെടുത്ത് പശുവിൻനെയ്യിൽ സേവിക്കുക; ഹൃദയശൂലം, പൃഷ്ഠശൂലം, ഇവ ശമിക്കും.

വേറൊരുയോഗം.

ഹിംഗുഗ്രാവിഡവിശ്വകുഷ്ഠമഗധാചൂ-
ൎണ്ണം ശിവാ ചിത്രകൈർ-
യുക്തം ചാപി യവാഗ്രജേന തുരഗാ
സൌവർച്ചലേനാന്വിതം
പീതം പുഷ്കരമൂലസംയുതമലം നി-
ത്യം യവാനീജലൈർ-
ഹൃദ്രോഗം ശിവശസ്ത്രസംയുതമിമം
സദ്യോ നിഹന്തി ധ്രുവം. ൧൦

കായം വയമ്പ് വിളയുപ്പ് ചുക്ക് കൊട്ടം തിപ്പലി കടുക്കാത്തോട് വെള്ളത്താവണക്കിൻവേരു് ചവക്കാരം തുവച്ചിലക്കാരം പുഷ്കരമൂലം ഇവ പൊടിച്ച് ജീരകവെള്ളത്തിൽ സേവിക്കുക; ഹൃദ്രോഗം, ശൂലം ഇവ ശമിക്കും.

യഷ്ട്യാദിഘൃതം.

മധുകാഹിബലാൎജ്ജുനകൽക്കശൃതം
ഘൃതമാശു ച തൽകഥിതൈസ്തു സമം
ഹൃദയോത്ഥരുജം ഹരതി പ്രസഭം
കിലസം ചരലോഹിതരോഗഹരം. ൧൧

ഇരട്ടിമധുരം ആനക്കറുന്തോട്ടി നീർമരുതിൻതൊലി ഇവ കഷായം വെച്ച് ഇവതന്നെ കല്ക്കമായി കാച്ചിയനെയ്യ് സേവിക്കുക; ഹൃദ്രോഗം, വാതരക്തം ഇവ ശമിക്കും.

ദശമൂലാദികഷായം.

ദശാംഘ്രിനീരം ലവണീകൃതം ച
ക്ഷാരേണ യുക്തം തു പിബേന്മനുഷ്യഃ

ശ്വാസം ച കാസം ച ഹൃദ്രോഗം ച
ഗുല്മാനിഹന്ത്യാശ്രു ന ചിത്രമത്ര. ൬൨

ദശമൂലം കഷായം വച്ച് ഇന്തുപ്പും ചവക്ഷാരവും മേമ്പൊടി ചേൎത്തു സേവിക്കുക; ശ്വാസം കാസം, ഹൃദ്രോഗം ഗുല്മം ഇവ ശമിക്കും.

അന്യയോഗം.

ഗോധൂമപാൎത്ഥതരുചൂൎണ്ണമലം ഗുഡാജ്യ-
തൈലൈൎവിപകമശിതം ചഗവാംപയോഭിഃ
ഹൃൽകണ്ഠജാം രുജമരോഗവിനിഹന്തി ശീഘ്രം
പുംസഃ പ്രഭാതസമയേപിഭിഷഗ്വരേണ. ൬൩

ഗോതമ്പും നീൎമരുതിൻതൊലിയുംകൂടി പൊടിച്ചു വൈദ്യന്റെ അഭിപ്രായം അനുസരിച്ച് നെയ്യ്, ശൎക്കര എണ്ണ ഇവയിൽ പചിച്ച് പ്രഭാതസമയത്തിൽ പശുവിൻ പാലിൽ സേവിച്ചാൽ പുരുഷനുണ്ടാകുന്ന ഹൃദ്രോഗം കണ്ഠരോഗം ഇവ ശമിക്കും.

വാതഹൃദ്രോഗത്തിന്റെ സംപ്രാപ്തി.

ആയമ്യതേ തുദ്യത ഏവയത്ര
വിപാട്യതേ സ്ഫോട്യത ഏവനിത്യം
തദ്വാതജേപൎപടികൈകമാഷാ
സമാക്ഷികൈശ്ചാപിഹൃതൈശ്ചസേവ്യാ. ൬൪

ഹൃദയത്തിന് ആയാമം, കുത്തിനോവ്, ഹൃദയം പിളൎക്കുന്നവെന്നും അരിഞ്ഞുനുറുങ്ങുന്ന എന്നും തോന്നുക, ഇവ വാതജഹൃദ്രോഗത്തിന്റെ ലക്ഷണമാണ്. ഇതിന് ശുദ്ധിചെയ്ത തുവരിമണ്ണ് ഒരു ഉഴുന്നിൻറിടയോളം എടുത്ത് തേനും നെയ്യും കൂട്ടിച്ചേൎത്തു സേവിക്കുക.

അന്യയോഗം.

സനാഗരം ദാഡിമമമ്ലവേതസം
സുവൎച്ചലേനാപി ചഹിംഗു യുക്തം
കഷായമാനം ഭിഷജോ വദന്തി
തസ്യാനുപാനം കഥിതം മുനീന്ദ്രൈഃ. ൬൫

ചുക്ക്, താളിമാതളത്തോട്, തൈരിന്താമ്പുളിക്കിഴങ്ങ്, തുവൎച്ചിലക്കാരം കാരീയം, ഇവ പൊടിച്ച് കൽ കഴഞ്ചു പൊടിവീതം യുക്തമായ അനുപാനത്തിൽ സേവിക്കുക; വാതഹൃദ്രോഗം ശമിക്കും. (ഫലധാന്യാമ്ലകൌലത്ഥദധിമദ്യാസവാദിഭിഃ എന്ന് വേറെ പ്രമാണമുണ്ടാകയാൽ ഈ ചൂൎണ്ണം കാടി മുതിരച്ചാറ് തൈര് മദ്യം, ആസവം ഇവയിൽ ഏതിലെങ്കിലും അനുപാനമായി സേവിക്കാവുന്നതാണ്.)

വേറൊരുയോഗം.

കണാവചാസൈന്ധവഹിംഗുശുണ്ഠീ-
സൌവൎച്ചലൈലായവജാഗ്രജാനാം
ധാന്യാജമോദാമ്ലകസംയുതാനാം
ചൂൎണ്ണം ച മദ്യേന പിബേച്ചതൈലൈഃ. ൬൬

തിപ്പലി വയമ്പ് ഇന്തുപ്പ് കായം ചുക്ക് തുവൎച്ചിലക്കാരം ഏലത്തരി, ചവൎക്കാരം, കൊത്തമ്പാലയരി അയമോദകം ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ പൊടിച്ച് മദ്യത്തിലോ എണ്ണയിലോ സേവിക്കുക; വാതഹൃദ്രോഗം ശമിക്കും (യോഗരത്നാകരത്തിലുള്ള ഈ യോഗത്തിൽ അമ്ലകം കാണുന്നില്ല.)

പിത്തഹൃദ്രോഗം.

തൃഷ്ണോഷ്ണദാഹമുഖശോഷസചോഷമൂൎച്ഛാ
ധൂമായനം ഗളഗതം ഹൃദയക്ലമശ്ച
ശോഷോമുഖസ്യച ഭവന്തിയദൈവസവേ
പിത്തപ്രഭൃതഹൃദയസ്യരുജം വദന്തി. ൬൭

തണ്ണീർദാഹം, ഉഷ്ണം, സൎവാംഗസന്താപം, ദേഹത്തിൽ നിന്നും ചൂടുപോലുള്ള പീഡ; മൂൎച്ഛ, കണ്ഠത്തിൽനിന്നും ചൂഷണം ചെയ്യുന്നതു പോലുള്ള പീഡ; മൂൎച്ഛ, ഹൃദയത്തിന് തളൎച്ച മുഖശോഷം ഇവയെല്ലാം പിത്തഹൃദ്രോഗത്തിന്റെ ലക്ഷണമാണ്.

തച്ചികിത്സ.

ശ്രീപൎണ്ണികാഗുഡസിതാമധുകാക്ഷതാദിഭിഃ
ക്ഷൌദ്രാന്വിതൈൎവമനമാശുവദേ പ്രകുൎയ്യാൽ
പിത്താപസൃഷ്ടഹൃദയമധുരൈഃ ശൃതം ച
ഭോജ്യം ച പഥ്യമസകൃദ് ഹൃദിശീതമിഷ്ടം. ൬൮

ചെറുകുമിഴിൻവേര് ഇരട്ടിമധുരവും കൂടി കഷായം വച്ച് അതിൽ ശൎക്കരയും പഞ്ചസാരയും തേനും ചേൎത്തു കൊടുത്തു ഛൎദ്ദിപ്പിക്കയും മധുരദ്രവ്യങ്ങളിട്ടു കുറുക്കിയ ഭോജ്യപദാൎത്ഥങ്ങൾ കൊടുക്കയും ചെയ്താൽ പിത്തഹൃദ്രോഗം ശമിക്കും. ഇതുകൂടാതെ വളരെ തണുപ്പുള്ളവ എല്ലാം പിത്തഹൃദ്രോഗത്തിന് പഥ്യമാണ്.

രസം.

ശുദ്ധപാരദസമം പരിശുദ്ധം
ഗന്ധകം ച പരിഭാവ്യ ദിനൈകം
ധാത്രികാഫലരസേന ച ദ്രാക്ഷാ-
സംശ്രുതേനച ജലേന ദിനൈകം. ൬൯

യഷ്ടികാശൃതജലേന ചവർദ്ധ്-
രോത്ഥസംശൃതജലേനദിനൈകം
പഞ്ചസാരരസമാഷമിതോയം
ധാത്രികാഫലസിതാഭിരലം സഃ. ൧൦

ഭുഞ്ജതേ ച ലഘു പിത്തഭവം ഹി
രോഗമാശുജയതേ ഹൃദയസ്യ. ൧൧

ശുദ്ധമായ രസവും ഗന്ധകവും സമമെടുത്ത് നെല്ലിക്ക, മുന്തിരിങ്ങ ഇരട്ടിമധുരം ചിററീന്തലിൻവേര് ഇവയുടെ എല്ലാം കഷായത്തിൽ ഓരോദിവസം വീതം പ്രത്യേകം അരച്ച് ഉണക്കി പൊടിച്ച് ഒരു മാഷപ്രമാണംവീതം നെല്ലിക്കാനീരും പഞ്ചസാരയും ചേർത്തുസേവിക്കുക; പിത്തഹൃദ്രോഗം ശമിക്കും.

കഫഹൃദ്രോഗം.

ഗൌരവാരുചികഫസ്രവയുക്താ
വഹ്നിമാന്ദ്യമധുരാസ്യകതാഢ്യാഃ
സ്തംഭമാർദ്ദവയുതാഃ ഖലു യത്ര
തദ്രുജം ച ഹൃദയസ്യ കഫോത്ഥം. ൧൨

ഹൃദയത്തിന് കനം, അരുചി, കഫസ്രവണം, അഗ്നിമാന്ദ്യം, വായ്ക്കുമധുരരസം, സ്തംഭം, അംഗമാർദ്ദവം, ഇവയെല്ലാം കഫഹൃദ്രോഗത്തിന്റെ ലക്ഷണമാണ്.

ഹൃദയാർണ്ണവരസം.

ശിവാശിവൌ തുല്യതമൌ പ്രസിദ്ധൌ
തയോസ്സമഃ ശുദ്ധദിവാകരശ്ച
ഫലത്രയദ്രാവയുതം ദിനൈകം
സകാകമാചിസ്വരസൈർവിമർദ്യ. ൧൩

വടീം ചണാഭാം ച വിധായ തസ്യ
സകാകമാചീത്രിഫലാകഷായൈഃ
പ്രസ്ഥദ്വയോന്മാനജലാഷ്ടശേഷൈഃ
പിബേൽ കഫോദ്ഭൂതഹൃദാമയേഹി. ൧൪

രസം ഗന്ധകം ഇവ തുല്യാംശം അവരണ്ടും കൂടിയിടത്തോളവും താമ്രഭസ്മം, എല്ലാംകൂടി യോജിപ്പിച്ച് ഒരു ദിവസം ത്രിഫലക്കഷായത്തിലും ഒരുദിവസം കറന്തകാളീരസത്തിലും അരച്ച് ചണംപയററിൻ പ്രമാണം ഗുളികയുരുട്ടി ഉണക്കി കറന്തകാളിയും ത്രിഫലയും കൂടി രണ്ടിടങ്ങഴിവെള്ളത്തിൽ കഷായംവച്ച് എട്ടിലൊന്നാക്കി അ കഷായത്തിൽ സേവിക്കുക; കഫഹൃദ്രോഗം ശമിക്കും.

വാന്തം വചാനിംബകഷായപാനൈഃ
കുര്യാൽ കഫോത്ഥം ഹൃദയസ്യ സംഗം
വാ വാതസംജാതഹൃദാമയോക്ത-
ചൂർണ്ണം ച സേവേന്മഗധാദികം ച. ൧൫

കഫഹൃദ്രോഗിയെ വയമ്പും വേപ്പിൻതൊലിയും കൂടി കഷായം വച്ചുകൊടുത്ത് ഛർദ്ദിപ്പിക്കണം. വാതഹൃദ്രോഗത്തിൽ പറഞ്ഞിരിക്കുന്ന മഗധാദിചൂർണ്ണവും കഫഹൃദ്രോഗിയെ സേവിപ്പിക്കാം.

വാതപിത്തജഹൃദ്രോഗം.

സതോദദാഹോ ഹൃദയേ ച വാത-
പിത്തപ്രഭൂതേ ഹൃദയസ്യ രോഗേ
ദ്രാക്ഷാപരൂഷൌഷധിസംസ്കൃതം ച
ജലം പിബേന്മാക്ഷികഖണ്ഡയുക്തം. ൧൬

ഹൃദയത്തിൽ കുത്തിനോവ്, സന്താപം, ഇവ വാതപിത്തജമായ ഹൃദ്രോഗത്തിന്റെ ലക്ഷണമാണ്. ഇതിന്ന മുന്തിരിങ്ങാപ്പഴവും ചിററീന്തലിൻവേരുംകൂടി കഷായംവച്ച് തേനും പഞ്ചസാരയും(അല്ലെങ്കിൽകൽക്കണ്ടം) മേമ്പൊടി ചേർത്ത് സേവിക്കണം.

അന്യയോഗം.

ലുംഗാമ്ലീകടീമധുയഷ്ടികാനാം
ഹരീതകീനാഗരപുഷ്കരാണാം
ക്ഷാരാമ്ലശുണ്ഠീലവണാന്വിതം ച
ക്വാഥം പിബേദ്വാതയുതേ ച പിത്തേ. ൧൭

മാതളനാരകത്തിൻവേര് പലകപ്പയ്യാനിവേര് ഇരട്ടിമധുരം കടുക്കാത്തോട് പെരുമുത്തങ്ങ പുഷ്കരമൂലം ചവക്കാരം ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ചുക്ക് ഇന്തുപ്പ് ഇവ കഷായംവച്ച് അരിയാൽ തേൻ മേമ്പൊടി ചേർത്ത് സേവിക്കുക; വാതപിത്തജമായ ഹൃദ്രോഗം ശമിക്കും.

വാതകഫജഹൃദ്രോഗം.

അരുചിശ്ച സമീരകഫപ്രഭവേ
ഹൃദയസ്ഫുടനം ഹൃദയസ്യ രുജി
ത്രുടിമാഗധികാംഘ്രി പിബേദ്ധപുഷാ-
സഹിതം ഖലു തത്രഗദേ സഹസാ. ൧൮

വാതകഫജമായ ഹൃദ്രോഗത്തിൽ അരുചി, ഹൃദയം വെണ്ടുകീറുക; ഇവയുണ്ടാകും. ഇതിന്ന് ഏലത്തരി തിപ്പലിമൂലം അടയ്ക്കാമണിയൻവേര് ഇവ കഷായംവച്ചു സേവിക്കണം.

തൈലം.

കുംഭീശരീപുഷ്കരമൂലരാസ്നാ-
ശൃങ്ഗീശിവാപഞ്ചജടായവാനാം
കുലത്ഥരാസ്നാബദരാമരാണാം
പുനർന്നവാവില്വഫലാന്വിതാനാം. ൫൯
കഷായേ ച തൈലം ഖലു സിദ്ധമേതൽ
സമീരജം ശ്ലേഷ്മയുതം നിഹന്തി
ഹൃദ്രോഗമാശു പ്രവദന്തി ഗുല്മ-
രോഗം ച വൈദ്യാശ്ച സുസാദ്ധ്യമേതേ. ൬൦

കുമിഴിൻവേര് കച്ചോലം പുഷ്കരമൂലം കരിനൊച്ചി ചുക്ക് കടുക്കാത്തോട് ബ്ബൃഹൽപഞ്ചമൂലത്തിൻവേര് അയമോദകം വെള്ളരത്ത ലന്തക്കുരുപ്പരിപ്പ് ദേവതാരം തഴുതാമവേര് കൂവളത്തിൻകായുടെ മജ്ജ ഇവ കഷായംവച്ച് അതിൽ ഈ മരുന്നുകൾതന്നെ കല്ക്കമാക്കി എണ്ണകാച്ചി തേക്കുക; വാതകഫജമായ ഹൃദ്രോഗം ഗുല്മം ഇവ ശമിക്കും.

പിത്തകഫജമായ ഹൃദ്രോഗം.

ഔഗർന്ധ്യാഗൌരവവമ്യാസവിദാഹയുക്തോ
ഹൃദ്രോഗപിത്തകഫജഃ ഖലു തത്ര പേയം
ദുഗ്ദ്ധം സനാഗബലയാ കകുഭത്വചശ്ച
സദ്യഃ സപിത്തകഫജേ ഹൃദയസ്യ രോഗേ. ൬൧

കഫത്തിന്റെ ദുർഗന്ധം, ഹൃദയഗൗരവം, കഫത്തിന്റെ വിദാഹം, ഇവ പിത്തകഫജമായ ഹൃദ്രോഗത്തിന്റെ ലക്ഷണമാണ്. ഇതിന്ന് അനക്കുറുന്തോട്ടിവേര് (ഊരകത്തിൻവേര്) നീർമരുതിൻതൊലി ഇവയിട്ട് പാൽകാച്ചിക്കുടിക്കണം.

വേറൊരു യോഗം.

ഹരീതകീനാം ച ശതാഖ്യകേന
സൌവർച്ചലസ്യാപി പലദ്വയേന
പക്വം ഘൃതം ഗുല്മഹൃദാമയേഷു
ഹൃല്ലാസകേ ജാഠരവാതരോഗേ. ൬൨

൫൦ കടുക്കാത്തോടും രണ്ടുപലം തുവര്‍ച്ചിലക്കാരവും അരച്ചു കല്ക്കമായി നെയ്യുകാച്ചി സേവിക്കുക; ഗുന്മം ഹൃദ്രോഗം നെഞ്ചുരുക്കം ഉദരത്തിലുണ്ടാകുന്ന വാതരോഗം ഇവ ശമിക്കും. (ഈ ഘൃതത്തിൽ നെയ്യിൽ നാലിരട്ടി പാലുംകൂടി ചേർക്കണം എന്ന് യോഗരത്നാകരത്തിൽ കാണുന്നു.)

ത്രിദോഷജമായ ഹൃദ്രോഗം.

വിദ്യാത്ത്രിദോഷജനിതേ ട്വപി ഹൃദാമയേഽപി
സർവ്വാണി ലിംഗനിവഹാനി ച തത്ര വിദ്വാൻ

പാഠസ്യ വല്ലുലജകല്ക്കരസേന സിദ്ധം
സേവേദ് ഘൃതം ത്രിഭവഹൃദ്ഗദജിന്നിത്യമേവ. ൬൩

ത്രിദോഷജനിതമായ ഹൃദ്രോഗത്തിൽ മൂന്നു ദോഷങ്ങളും കോപിച്ചാലുള്ള ലക്ഷണങ്ങൾ ഉണ്ടായിരിക്കും. അതിന്ന് നീർമരുതിൻതൊലി കല്ക്കമായി കാച്ചിയ നെയ്യു സേവിക്കണം.

അന്യയോഗം.

ശ്വദംഷ്ട്രാ സാരിവാ വർജ്ജനാസം ശ്രുതൈ-
രപി ജീവനൈരരുണോമധുകന്യൈവൈ
ബഹുളമേപേക്ഷിതകല്ക്കയുതം ഭിഷ-
ഗ്ഘൃതമിദം പരിപാച്യ ച പാചയേൽ. ൬൪

ഹൃദയരുക്ഷു ച ശൂലഗദേഷു വാ
രുധിരപിത്തഗദേ ക്ഷതജേഽപി വാ
അപി സമീരണരക്തഗദേഷ്വപി വാ
കസനകേപി ത്രിജാതഉരോഗദേ. ൬൫

അനക്കുറുന്തോട്ടിവേര് കുറുന്തോട്ടിവേര് നീർമരുതിൻതൊലി ഇരട്ടിമധുരവും കല്ക്കമായി ഇവ കഷായംവച്ച് വെളുത്ത കന്നിവേരും ഇരട്ടിമധുരവും കല്ക്കമായി നെയ്യുകാച്ചി സേവിക്കുക; ഹൃദയവേദന ശൂലരോഗം രക്തപിത്തം ക്ഷതം വാതരക്തം ചുമ ത്രിദോഷജമായ ഹൃദ്രോഗം ഇവ ശമിക്കും.

കൃമിജമായ ഹൃദ്രോഗം.

ത്രിദോഷജേയോ ഹൃദയസ്യ രോഗേ
മൂർഖസ്തിലക്ഷീരഗുഡാംശ്ച ഭുഞ്ജ്യാൽ
മർമ്മൈകദേശേ ഖലു തസ്യ ഗ്രന്ഥിഃ
സംജായതേ ക്ലേദരസശ്ച തത്ര. ൬൬

സംഗച്ഛതേസ്മിംശ്ച രസേ കൃമീണാം
സമുദ്ഭവേസ്തത്ര ഭവന്തി ചൈതേ
ഉൽക്ലേദനിഷ്ഠീവനതോദശൂലാ-
സ്തമോരുചിശ്വാസഹൃദശോഷരോഗാഃ. ൬൭

ശ്യാവാക്ഷിതാ ചാപി ഭവന്തി തത്ര
മൂത്രം വിഡംഗാമൃതസംയുതം ച
സ്നിഗ്ദ്ധം കൃമിഘ്നം പിശിതാശനം ച
സുഗന്ധിഭിർവ്വാലവണൈശ്ച ഭോജ്യം. ൬൮

ത്രിദോഷജമായ ഹൃദ്രോഗത്തിൽ അജ്ഞാനം നിമിത്തം എള്ള് പാല് ശർക്കര ഇവ ഭക്ഷിക്കകൊണ്ട് മർമ്മഭാഗങ്ങളിൽ മുഴയുണ്ടാകും.

അവിടെ നല്ലവും കാണും. ഈ ഗ്രന്ഥികൾ ഉണ്ടാകുന്ന സ്ഥാനത്തു് കൃമികൾ ഉണ്ടാകുകയും ചെയ്യും. ഇതാണു് കൃമിജമായ ഹൃദ്രോഗം. ഉൽക്ലേദം (ഉള്ളിൽ നലവു്) കഫം തുപ്പുക കുത്തിനോവു് ശൂലം കണ്ണിൽ ഇരുട്ടുകേറുക അരുചി വിറയൽ ശോഷം കണ്ണിനു കരുവാളിപ്പു് ഇവയും കൃമിജഹൃദ്രോഗത്തിൽ ഉണ്ടായിരിക്കും. വിഴാലരിക്കാമ്പും കൊട്ടവുംകൂടി പൊടിച്ചു ഗോമൂത്രത്തിൽ കലക്കുന്നതും സ്നിഗ്ദ്ധമായ മാംസം ചതുർജ്ജാതവും ഇന്തുപ്പുംകൂട്ടി ഭക്ഷിക്കുന്നതും കൃമിജഹൃദ്രോഗത്തിനു നല്ലതാണു്.

സപട്ടജീരകശർക്കരയോഗകൈ-
രപിവിഡംഗധനാഗ്യഹൈസ്തഥാ
സമശിതൈർഹൃദയസ്യകൃമീൻ ജയേൽ
പരിപതന്തിവിചിത്രവിരൂപിണഃ. ൩൯

ഇന്തുപ്പു് ജീരകം പഞ്ചസാര വിഴാലരി കൊത്തമ്പാലയരി തെരിഞ്ഞാമ്പുളിക്കിഴങ്ങു് ഇവ പൊടിച്ചു് നെയ്യിൽ സേവിച്ചാൽ ഹൃദയത്തിലുള്ള പലതരം കൃമികൾ താഴെ വീഴും.

അപിയവാന്നഭവംസവിഡംഗകം
കൃമിരുചിപ്രഥിതം ലിഖിതം ച നൽ
തദഖിലം ലഘുപത്ഥ്യമസൌ ഭജേൽ
കൃമികുലൈർവികലസ്സനരോഭവേൽ. ൪൦

യവംകൊണ്ടുണ്ടാക്കിയ ചോറിൽ വിഴാലരിക്കാമ്പിൻപൊടി ചേർത്തു ഭക്ഷിച്ചാലും കൃമികൾ നശിക്കും. മുൻപറഞ്ഞ യോഗങ്ങളെല്ലാം പത്ഥ്യമായി ഭക്ഷിച്ചാൽ കൃമികുലങ്ങളുടെ ബാധനീങ്ങി ബലവാനായിത്തീരുകയും ചെയ്യും.

ഉരോഗ്രഹനിദാനം

അഭിഷ്യന്ദിഗുർവ്വന്നശുഷ്കാതിപൂതി-
പലാദ്യാശനാൽസാന്ദ്രമാംസാദ്യതൈവ
യകൃൽപ്ലീഹവൃദ്ധിം ഹൃദാസംഗതംവാ
ഹൃദ്രോഗ്രസ്തമിത്ഥം ച കുക്ഷൌ യദാസ്യാൽ. ൪൧

കഫോമാരുതേനാപി യുക്തഃ കരോതി
തതസ്തംഭപീഡാശ്ച ജംഘോരുമദ്ധ്യേ
തഥാതൌക്ഷ്യമുച്ചൈശ്ച സംസ്പർശരുഗ് വാ
ഭവേച്ചാപിഹൃൽകുക്ഷിശോഫസ്തഥാവാ,
തഥാധ്മാനതന്ദ്രേ രുചിഃശൂലരോഗാ
നിരോധോവിശശ്ചാപിമൂത്രസ്യ തദ്വൽ.

പ്രകുര്യാച്ചസംശോധനം തത്രയത്നാ
സിരാമോക്ഷണം പായസംസ്ത്രീപ്രദാനം. ൪൨
ക്രമാല്ലംഘനംപൂർവ്വജീവസ്യശ്രേ-
സ്തഥാസൂക്ഷ്മകാവത്കസ്യാപിനിത്യം
ബലായാരസശ്ചൈകമേശേഷമേചാണ്ണം
തുവ്വൽപഞ്ചമൂലനാപിതദൽപട്ടനാം, ൪൪
പിബേദ്വർധിഗ്ഗ്രനാസദ്ഗ്ഗണൈഃകല്കിതംവൈ
യഥാലാഭമേതൽപ്രകാമം മനുഷ്യഃ
തുവ്വൽസംയുതംവാപുർഗ്ഗദഗ്രസ്തമുച്ചൈഃ
ഘൃതക്ഷസംപ്രകുര്യാദ്ഗദ ദൂരമാശു. ൪൫

കഫസ്രുതികാരിയും ഗുരുവും ആയ അന്നം ഭക്ഷിക്കുക; ദുർഗന്ധിയും ശുഷ്കവും ആയ മാംസം ഭക്ഷിക്കുക; ഇവയാൽ മാംസം രക്തത്തോടുകൂടി, യകൃത്തിലും പ്ലീഹയിലും വർദ്ധിക്കാനിടയാകും. അതിനാൽ കഫവായുക്കൾ കുക്ഷിയിൽ തടഞ്ഞു് ഉരോഗ്രഹം എന്ന രോഗത്തെ ഉണ്ടാക്കുന്നു. കണങ്കാലിന്റെയും തുടയുടെയും മദ്ധ്യത്തിൽ സ്തംഭം, പീഡ, രൂക്ഷത തൊട്ടാൽ വേദന ഇവയും ഹൃദയത്തിലും വയററിലും നീരു്, വയറുവീർപ്പു്, തന്ദ്ര(മടി) അരുചി, ശൂലം, മലമൂത്രബന്ധം, ഇവ ഒന്ന് ഉരോഗ്രഹത്തിൽ കാണും. ഇതിന്നു് ക്രമേണ വിയർപ്പിക്കുക; ഞരമ്പുകീറി രക്തം കളയുക; വസ്തിചെയ്യുക; ലംഘിപ്പിക്കുക; ഇവ യുക്തിയനുസരിച്ചു് പ്രയോഗിക്കണം.

പുത്തിലഞ്ഞിത്തൊലി, മുരിങ്ങത്തൊലി, തൊഴുകണ്ണിവേരു്, കുറുന്തോട്ടിവേരു്, ഇവയിൽ ഓരോന്നിന്റേയോ ഇൗരണ്ടിന്റേയോ രസം എടുത്തു് കായം ചേർത്തു സേവിക്കുകയോ; ത്രികോല്പക്കൊന്ന കഷായംവച്ചു് ഉപ്പുകൾ അഞ്ചും കായവും ചേർത്തു് സേവിക്കുകയോ ചെയ്യണം. ഈ പറഞ്ഞ മരുന്നുകളിൽ ഏതാണോ കിട്ടുന്നതു് അതും ത്രികോല്പക്കൊന്നയുംകൂടി കഷായംവച്ചു് സേവിച്ചാലും മതിയാകുന്നതാണു്. ഈ പ്രയോഗംകൊണ്ടു് ഉരോഗ്രഹം ശമിക്കും.

അന്യയോഗം.

ചവ്യാമ്ലവേതസയവാഗ്രജദാഡിമാനാം
ചൂർണ്ണംസചിത്രമഥതൈലസുരാസവൈർവാ
പീതംനിഹന്തിഹൃദയഗ്രഹമാശുനിത്യ-
മത്രാരനാളസഹിതം ച സദാമനുഷ്യഃ. ൪൬

കാട്ടുമുളകുകൊടിവേരു്, തെരിഞ്ഞാമ്പുളിക്കിഴങ്ങു്, ചവർക്കാരം കായം വെള്ളത്താവണക്കിൻവേരു്, ഇവ പൊടിച്ചു്, എണ്ണ, സുരാമദ്യം, ആസവം, കാടി, ഇവയിൽ ഏതിലെങ്കിലും സേവിക്കുക; ഉരോഗ്രഹം ശമിക്കും.

ഹൃദ്രോഗത്തിലുണ്ടാകുന്ന ഉപദ്രവങ്ങൾ.

ഓജസ്സാദഃശോഷഹൃല്ലാസമൂർച്ഛാ
വക്ത്രസ്രവാരോചകഭ്രാന്തികാസാഃ
വഹ്നേർമ്മാന്ദ്യംശ്വാസരോധോ[illegible]ഘോരഃ
പ്രോക്താശ്ചൈതേഹൃദ്ഗദോ[illegible]ഭൂതാഃ. ൨൭

ഓജഃക്ഷയം, ശോഷം, നെഞ്ചുരുക്കം, മോഹാലസ്യം, വായിൽകൂടി വെള്ളം ഒലിക്കുക, അരുചി, തലകറക്കം, ചുമ, അഗ്നിമാന്ദ്യം, ശ്വാസരോധം, ഇവയെല്ലാം ഹൃദ്രോഗത്തിലെ ഉപദ്രവങ്ങളാണ്.

ഹൃദ്രോഗത്തിൻെറ അസാദ്ധ്യലക്ഷണം.

ഉപദ്രവാണാംയുഗപൽപ്രവൃത്തിഃ
കുക്ഷ്യാദധോവായുനിരോധമുച്ചൈഃ
തദേവഹൃദ്രോഗമുശന്തിവൈദ്യാ-
ഹ്യസാദ്ധ്യമേവംത്രിഭവംവിശേഷാൽ. ൨൮

ഉപദ്രവങ്ങൾ ഒരുമിച്ചു പ്രവൃത്തിക്കുക; അധോവായുവിന് തടവ്, ഇവയുള്ള ഹൃദ്രോഗവും, വിശേഷിച്ച് ത്രിദോഷജമായ ഹൃദ്രോഗവും അസാദ്ധ്യമാണ്.

ഹൃദ്രോഗം വിട്ടുമാറിയാലുള്ള ലക്ഷണം.

ആടോപകോദ്ഗാരനിവൃത്തിപൂർവ്വ-
മപാനവായോശ്ചപ്രവർത്തനംചൽ
വിക്രീഡവാന്തിസ്തുഹൃദാമയസ്യ
നിവൃത്തിരേഷാകഥിതാമുനീന്ദ്രൈഃ. ൨൯

വയററിലെ സംഭ്രമം, ഏമ്പക്കം ഇവയില്ലാതാകുക; അപാനവായു ശരിയായി സഞ്ചരിക്കുക ക്രിമികൾ ഛർദ്ദിക്കുന്നരില്ലാതാകുക; ഇവയെല്ലാം ഹൃദ്രോഗം വിട്ടുമാറിയാലുള്ള ലക്ഷണമാണ്.

ജയന്തിതേവൈഗുരവോമദീയാ
യദംഘ്രിരക്താംബുജഷട്പദേന
ശ്രീകാശിനാഥാഖ്യഭിഷഗ്വരേണ
കൃതം ച ഹൃദ്രോഗചികിത്സിതംപ്രാക്. ൩൦

എൻെറ ഗുരുഭൂതന്മാർ സർവ്വോൽകർഷേണ വർത്തിക്കുന്നു. അവരുടെ പാദഭക്തനായ കാശിനാഥൻഎന്ന വൈദ്യശ്രേഷ്ഠനാൽ ഹൃദ്രോഗചികിത്സയും ഇവിടെ പറയപ്പെട്ടിരിക്കുന്നു.

ഇങ്ങനെ ചികിത്സാക്രമകല്പവല്ലിയിൽ
ഹൃദ്രോഗാധികാരം എന്ന ൨൭-ാം അദ്ധ്യായം കഴിഞ്ഞു.

പൂർവ്വാർദ്ധം സമാപ്തം.